

# വാസിഷ്ഠസുധ

## യോഗവാസിഷ്ഠസാരം

പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

# വാസിഷ്ഠസുധ

## യോഗവാസിഷ്ഠസാരം

പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ

digitized by www.sreyas.in

# ആമുഖം

ഭാരതീയ ദർശനശാസ്ത്രത്തിൽ സവിശേഷപ്രാധാന്യം അർഹിക്കുന്ന ഒരു കൃതിയാണ് യോഗവാസിഷ്ഠം. വേദാന്തത്തിന്റെ വിശദീകരണം യുക്തിയുക്തമായി നിർവഹിക്കുന്ന മഹത്തായ ഒരു ക്ലാസിക്കാണിത്. ആത്യന്തിക യാഥാർത്ഥ്യത്തെ പ്രത്യക്ഷീകരിക്കാനാണ് ഈ കൃതി ശ്രമിക്കുന്നത്. തത്വചിന്തയും കവിതയും ഇടകലർന്ന് ഗുരുമുഖത്തുനിന്നും ശിഷ്യനിലേക്ക് പ്രവഹിക്കുന്ന ഭാഷണധാരയാണിത്. ചോദ്യങ്ങളും ഉത്തരങ്ങളും ചേർന്ന സംവാദഘടന ആത്മതത്വത്തെ വിശദീകരിക്കുവാനും അനുഭവിപ്പിക്കുവാനും സഹായകമാകുന്നു. ഈ കൃതിയുടെ സമ്പൂർണമായ ഭാഷാന്തരണമാണ് "വാസിഷ്ഠസുധ-യോഗവാസിഷ്ഠസാരം". വേദാന്തപണ്ഡിതൻ, വ്യാഖ്യാതാവ് എന്നീ നിലകളിൽ മലയാളഭാഷയ്ക്കും വേദാന്ത ദർശനശാഖയ്ക്കും ഗണ്യമായ സംഭാവനകൾ നൽകിയ പ്രൊഫ.ജി.ബാലകൃഷ്ണൻ നായരാണ് ഈ ഗ്രന്ഥം രചിച്ചത്. അദ്ദേഹത്തിന്റെ വേർപാട് ഈ മൂന്നാം പതിപ്പിന്റെ ഘട്ടത്തിൽ വേദനയോടും ആദരവോടും കൂടി ഞങ്ങൾ സ്മരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസ്ഥാനത്രയ ഭാഷ്യം, ശ്രീനാരായണഗുരദേവകൃതികൾ-സമ്പൂർണ വ്യാഖ്യാനം, ഭാഷ്യപ്രദീപം, രണ്ടു മലയാള മാമറകൾ തുടങ്ങിയ കൃതികളും ഭാഷാഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വായനക്കാരുടെ ആവശ്യപ്രകാരമാണ് ഈ മൂന്നാം പതിപ്പ് ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നാം പതിപ്പിനുവേണ്ടി ഡോ.സുകുമാർ അഴീക്കോട് എഴുതിയ ശ്രദ്ധേയമായ അവതാരിക മൂന്നാം പതിപ്പിലും എടുത്തു ചേർത്തിട്ടുണ്ട്. ഭാരതീയദർശനത്തിൽ തൽപ്പരരായ സാധാരണക്കാർക്കും വേദാന്ത വിദ്യാർഥികൾക്കും പ്രയോജനകരമായ ഈ പുസ്തകത്തിന്റെ പുതിയ പതിപ്പും വായനക്കാർ സ്വീകരിക്കുമെന്ന് ഞങ്ങൾ കരുതുന്നു.

തിരുവനന്തപുരം,
ഡിസംബർ 2011

ഡോ.എം.ആർ.തമ്പാൻ
സി.അശോകൻ

digitized by www.sreyas.in

# ഒന്നാം പതിപ്പിന്റെ ആമുഖം

"ആധുനികശാസ്ത്രം ഭാരതീയ ദർശനങ്ങളോട് അടുത്തുകൊണ്ടിരിക്കുകയാണ്. ഈ നൂറ്റാണ്ടിൽ തന്നെ ശാസ്ത്രം ദ്വന്ദ്വാവസ്ഥകൾക്ക് അറുതി വരുത്തിയേക്കാം." ഭാരതീയ ദർശനത്തിലേക്ക് ശ്രദ്ധ ആകർഷിച്ചുകൊണ്ട്, നൊബേൽ സമ്മാനം നേടിയ ആളും പ്രമുഖ ഭൗതിക-രസതന്ത്രജ്ഞനും ആയ പ്രൊഫ. ഇലിയ പ്രജോഗിൻ ഈയിടെ തിരുവനന്തപുരത്തുവച്ച് പറഞ്ഞു. "ശാസ്ത്രം മുമ്പ് സ്ഥിരതയ്ക്കും സന്തുലനത്തിനും മാത്രമാണ് ഊന്നൽ നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ അത് അസ്ഥിരതകളിലേക്കും വ്യതിയാനങ്ങളിലേക്കും വഴിമാറിയിരിക്കുന്നു. മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഐക്യത്തെ എടുത്തുകാട്ടുന്ന ഭാരതീയ ദർശനത്തോട് നാം അടുത്തുകൊണ്ടിരിക്കുകയാണ്." സമയത്തിൽ അധിഷ്ഠിതമായ ഭൗതിക രസതന്ത്ര ഗവേഷണങ്ങളിൽ വ്യാപൃതനായിരിക്കുന്ന ശാസ്ത്രകാരനാണ് പ്രൊഫ. ഇലിയ പ്രജോഗിൻ. വേദാന്തത്തിൽ അതീവ തൽപ്പരനും പ്രമുഖ സൈദ്ധാന്തിക ഭൗതികജ്ഞനുമായ ഡോ. ഇ.സി.ജി. സുദർശനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

ബ്രഹ്മസൂത്രം, ദശോപനിഷത്തുകൾ, ഭഗവദ്ഗീത ഇവ കഴിഞ്ഞാൽ ഭാരതീയ ദർശന ഗ്രന്ഥങ്ങളിൽ അഗ്രിമ സ്ഥാനം വഹിക്കുന്ന ഒന്നാണ് യോഗവാസിഷ്ഠം. മുപ്പത്തീരായിരം പദ്യങ്ങളിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥത്തിന്റെ കർത്തൃത്വം വാത്മീകിയിലാണ് ആരോപിതമായിരിക്കുന്നത്. വാത്മീകിയുടെ കാലത്തിനു ശേഷമാണ് ഇതു രചിക്കപ്പെട്ടത് എന്നാണ് വിദഗ്ധ മതം. ആധികാരികതയ്ക്കുവേണ്ടിയോ കർത്തൃത്വഭാവ നിരാകരണത്തിനു വേണ്ടിയോ ആയിരിക്കാം ഗ്രന്ഥം വാത്മീകിയുടേതാണെന്നു വിശേഷിപ്പിക്കപ്പെട്ടുപോന്നത്. പ്രപഞ്ചത്തിന്റെ നെടുംതൂണുകളായ ദേശകാലങ്ങളുടെ അനിശ്ചിതത്വത്തെയും സാപേക്ഷതയെയും വ്യക്തമാക്കുന്ന നിരവധി ഉപാഖ്യാനങ്ങൾ ഇതിലുണ്ട്. അവയൊക്കെ ഇതിൽ പ്രതിപാദിക്കുന്നത് അദ്വൈതമായ വസ്തുതത്വം വെളിവാക്കുന്നതിനുള്ള മാർഗങ്ങളായാണ്. സാധാരണക്കാർക്കു യുക്തിഹീനങ്ങളായ കെട്ടുകഥകളെന്നു തോന്നാവുന്നവയാണ് ഇവയിൽ

digitized by www.sreyas.in

പലതും. പക്ഷേ, ജ്ഞാനപ്രതിപാദനത്തിനുള്ള മാധ്യമങ്ങളെന്ന നിലയിൽ അവ അത്യന്തം സഫലങ്ങളാണ്.

അതി ബൃഹത്തായ ഈ സംസ്കൃത ഗ്രന്ഥത്തെ ആറായിരം പദ്യങ്ങളിൽ ചുരുക്കിയത് കാശ്മീര പണ്ഡിതനായിരുന്ന അഭിനന്ദനാണ്. അദ്ദേഹം രചിച്ച സംഗ്രഹം ലഘുയോഗവാസിഷ്ഠം എന്നും ജ്ഞാനവാസിഷ്ഠം എന്നും അറിയപ്പെടുന്നു. ഇതിന് പലതരത്തിലുള്ള വിവർത്തനങ്ങളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട് എങ്കിലും വ്യാഖ്യാന സഹിതമുള്ള സമ്പൂർണമായ ഭാഷാന്തരണം ഇപ്പോൾ മാത്രമാണുണ്ടാകുന്നത്. എല്ലാ പദ്യങ്ങളുടെയും ഗദ്യവിവർത്തനം ചേർത്തിട്ടുള്ളതിനു പുറമെ ആവശ്യമെന്നു തോന്നിയ ഭാഗങ്ങളിൽ വ്യാഖ്യാനവും ചേർത്തിട്ടുണ്ട്. പ്രധാന പദ്യങ്ങൾക്ക് പദം പിരിച്ച് അർഥം പറഞ്ഞിരിക്കുന്നു. ആവശ്യമെന്നു തോന്നിയ മറ്റു പദ്യങ്ങൾ ഉദ്ധരിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ സമ്പൂർണമായ ഒരു ലഘു യോഗവാസിഷ്ഠ വ്യാഖ്യാനം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് ആദ്യമാണ്.

ശ്രീമദ് ഭഗവദ് ഗീത ശിവാരവിന്ദം മഹാഭാഷ്യം (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) ശ്രീ നാരായണ ഗുരുദേവകൃതികളുടെ സമ്പൂർണ വ്യാഖ്യാനം (ശിവഗിരി) എന്നിവ രചിച്ചിട്ടുള്ള പ്രൊഫ. ജി. ബാലകൃഷ്ണൻനായരാണ് "വാസിഷ്ഠ സുധ-യോഗവാസിഷ്ഠസാരം" എന്ന ഈ ഗ്രന്ഥത്തിന്റെയും കർത്താവ്. തിരക്കിനിടയിലും കൈയെഴുത്തു പ്രതി പൂർണമായി വായിച്ച് ശ്രദ്ധേയമായ ഒരു അവതാരിക എഴുതിത്തന്ന അഭിവന്ദ്യനായ ഡോ. സുകുമാർ അഴീക്കോടിനോട് ഞങ്ങൾ അതീവ കൃതജ്ഞരാണ്. ഈ ഗ്രന്ഥത്തിന്റെ രചനാവേളയിലും പ്രസിദ്ധീകരണ സമയത്തും ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകർക്കു പുറമെ പലരും ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ലെക്സിക്കണിലെ ശ്രീ പി.പി. സൗഹൃദൻ, മെഡിക്കൽകോളെജ് സർജറി വിഭാഗത്തിലെ ഡോ. പി.ആർ. സാജു, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ കെ. ജയകുമാർ എന്നിവരുടെ പേര് എടുത്തു പറയേണ്ടതുണ്ട്.

'ദർശനമാല' എന്ന ഗ്രന്ഥ പരമ്പരയിൽപെടുത്തിയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. ഭാരതീയ ദർശനത്തിൽ താൽപ്പര്യമുള്ള സാധാരണക്കാർക്കും വേദാന്ത വിദ്യാർഥികൾക്കും ഈ ഗ്രന്ഥം പ്രയോജനപ്പെടും. കഥാരൂപത്തിലാണ് ആഖ്യാനമെന്നതിനാൽ കുട്ടികൾക്കുപോലും ഈ ഗ്രന്ഥം ആസ്വാദ്യമായിരിക്കും.

തിരുവനന്തപുരം
15-3-1996

ഡോ. എം.ആർ. തമ്പാൻ
കെ. രാമചന്ദ്രൻ

digitized by www.sreyas.in

# അവതാരിക

വേദം, ഉപനിഷത്ത്, ഗീത എന്നീ മൂലഗ്രന്ഥങ്ങളെ മാറ്റിനിർത്തിയാൽ ഭാരതീയചിന്തകന്മാർ രചിച്ച വേദാന്തപ്രതിപാദകങ്ങളായ തത്വശാസ്ത്രഗ്രന്ഥങ്ങളിൽ എന്തുകൊണ്ടും അഗ്രൃസ്ഥാനത്തിന് അർഹമായ കൃതിയാണ് യോഗവാസിഷ്ഠം. സംസ്കൃതത്തിൽ എഴുതിയ ഏറ്റവും നല്ല കൃതികളിൽ ഒന്ന് എന്നുവരെ ഡി.എൽ. ആത്രേയ ഇതിനെക്കുറിച്ച് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ കൃതിയിൽ എവിടെനിന്ന് പത്ത് പദ്യം തെരഞ്ഞ് വായിച്ചാലും ഈ മതിപ്പ് വായനക്കാരിൽ ഉളവാക്കാൻ അത് മതിയാവും. അത്രയ്ക്ക് രചനാശ്രേഷ്ഠത അതിൽ സർവവ്യാപിയായിരിക്കുന്നു. തത്വചിന്തകനും കവിയും മാത്രമല്ല അനുഭൂതിധന്യനായ ഒരു ഋഷിയും പ്രബോധനപടുവായ ഒരു ഗുരുവും ഈ കൃതിയിൽ ഏറ്റവും സാമഞ്ജസ്യത്തോടെ സമ്മേളിച്ചിരിക്കുന്നു. പിൽക്കാലത്തു വന്ന വേദാന്തകൃതികളെ വളരെയേറെ സ്വാധീനിക്കാനും അതിനുകഴിഞ്ഞു. പഞ്ചദശി, ഹഠയോഗപ്രദീപിക, ശിവസംഹിത, രാമഗീത, വേദാന്തമുക്താവലി എന്നിവ ഉദാഹരണങ്ങൾ. മധുസൂദനസരസ്വതി ഗീതയുടെ വ്യാഖ്യാനത്തിൽ യോഗവാസിഷ്ഠത്തിൽ നിന്ന് ഉദ്ധരിച്ചുകാണുന്നു.

ഇന്ത്യയിലെ ചിന്തകർക്കിടയിൽ ഈ കൃതി അന്യാദൃശമായ പ്രാമുഖ്യത്തോടെ വിലസുമ്പോഴാണ് ആധുനിക പാശ്ചാത്യ മനീഷികളിൽ അഗ്രഗണ്യനായ ആൽഡസ് ഹക്സ്‌ലി യോഗവാസിഷ്ഠത്തിൽ നിന്ന് ഒരു പദ്യം തന്റെ വിശ്രുതമായ "സനാതന ചിന്ത" (Perennial Philosophy) എന്ന ഗ്രന്ഥത്തിൽ എടുത്തു ചേർത്തത്. അനശ്വരത എന്തെന്നു പ്രതിപാദിക്കുന്ന അധ്യായത്തിലാണ് ഈ ഉദ്ധരണം ചേർത്തിട്ടുള്ളത്. സനാതനമായ ചൈതന്യത്തിൽ പങ്കാളിയാകലാണ് അനശ്വരത എന്നു വിവരിക്കുകയായിരുന്നു ഹക്സ്‌ലി. കടൽ ക്ഷോഭിച്ചാലും ശാന്തമായാലും കടലായി നിൽക്കുന്നതു പോലെ മുക്തന്റെ മനസ്സ് അചഞ്ചലമായി നിൽക്കുന്നു എന്ന ആശയമാണ് ഹക്സ്‌ലി ഗദ്യത്തിൽ അവതരിപ്പിച്ചത്. ഇതോടെ യോഗവാസിഷ്ഠം വിശ്വദർശനങ്ങളുടെ ഇടനാഴികളിലും മുഴങ്ങിത്തുടങ്ങി.

digitized by www.sreyas.in

ഞാൻ വളരെ ചെറുപ്പത്തിൽ യോഗവാസിഷ്ഠം എന്ന പേരുകേൾക്കുകയും അതിലെ പല പദ്യങ്ങളും മനപ്പാഠമാക്കി വയ്ക്കുകയും ചെയ്തിരുന്നു. അച്ഛൻ (വിദ്വാൻ പി. ദാമോദരൻ) പറഞ്ഞുകേട്ടതും ജ്ഞാനവാസിഷ്ഠം എന്നായിരുന്നു. വാഗ്ഭടാനന്ദഗുരുവിന്റെ ആത്മവിദ്യ എന്ന വേദാന്തോപന്യാസ സമാഹാരം അച്ഛന്റെ ഗ്രന്ഥാലയത്തിലെ എണ്ണം പറഞ്ഞ ഒരു ഗ്രന്ഥമായിരുന്നു. ഞാൻ അത് ചെറുപ്പത്തിൽ തന്നെ തിരിച്ചും മറിച്ചും നോക്കി പരിചയപ്പെട്ടിരുന്നു. വേദാന്തഗ്രന്ഥങ്ങളിൽ നിന്ന് മണിസമാനങ്ങളായ പദ്യങ്ങൾ ഔചിത്യപൂർവം ഉദ്ധരിച്ചിരുന്ന ഗുരുദേവൻ എന്നെപ്പോലുള്ളവർക്ക് ഭാരതീയ ചിന്തയുടെ ആഴങ്ങൾ, അന്ന് അവ വേണ്ടത്ര മനസ്സിലായില്ലെങ്കിലും കാട്ടിത്തന്നു. പഞ്ചദശി, വിവേകചൂഡാമണി, നൈഷ്കർമ്യസിദ്ധി തുടങ്ങിയ അനേകം കൃതികളിൽ നിന്നും ഉദാരമായി ഉദ്ധരിച്ചിരുന്ന ഗുരു എപ്പോഴും ആശ്രയിച്ചുപോന്ന ഒരു ഗ്രന്ഥമായിരുന്നു അത്. ജ്ഞാനം എന്തെന്നു വിവരിക്കുന്ന പ്രബന്ധത്തിൽ ജ്ഞാനവാസിഷ്ഠത്തിൽ നിന്ന് ധാരാളം പദ്യങ്ങൾ വാഗ്ഭടാനന്ദൻ എടുത്തുചേർത്തിട്ടുണ്ട്. അവയ്ക്കിടയിൽ എന്നെ വല്ലാതെ ഇളക്കിമറിച്ച ഒരു ഭാവന ഉണ്ടായിരുന്നു - ആത്മജ്ഞാനമില്ലാത്തവൻ ശവമാണ്; എന്ന ആശയം. മനസ്സിന്റെ വിചിത്ര ശക്തികൾ ചൂണ്ടിക്കാണിക്കുന്ന ആ പദ്യം ഞാൻ മനപ്പാഠമാക്കി.

"ഏക ഏവ മനോ ദേവോ
ജ്ഞേയസ്സർവ്വാർഥ സിദ്ധിതഃ
അന്യത്ര വിഫലഃ ക്ലേശഃ
സർവ്വേഷാം തജ്ജയം വിനാ."

ഗുരുദേവൻ പദ്യത്തിന് അർഥം നൽകിയിരുന്നുവെങ്കിലും അന്ന് സംസ്കൃതാനഭിജ്ഞനായിരുന്ന കുട്ടിയായ എനിക്കുപോലും ഏറെക്കുറെ, അന്യസഹായമെന്യേ അർഥം മനസ്സിലാക്കാൻ പറ്റുന്ന പദ്യങ്ങളായിരുന്നു യോഗവാസിഷ്ഠത്തിൽ നിന്നുള്ള ഉദ്ധരണങ്ങൾ.

വാസിഷ്ഠം എടുത്തുകാട്ടുന്ന ഏകദേവസിദ്ധാന്തത്തെ ഗുരുദേവൻ അടിവരയിട്ട് ഉപദേശിച്ചു. ഭിന്നദേവന്മാരില്ലെന്നും എല്ലാ ദേവന്മാരും ആത്മാവിന്റെ ഏകതയിലാണ് നിലകൊള്ളുന്നതെന്നും ഈ ഗ്രന്ഥം നിശ്ശങ്കം പ്രബോധിപ്പിക്കുന്നു.

"യോ ഹി വിഷ്ണുസ്സ ഏവാത്മാ
യോ ഹ്യാത്മാസ മഹേശ്വരഃ
വിഷ്ണ്വാത്മശബ്ദൗ പര്യായൗ
യഥാവിടപിപാദപൗ
ആത്മൈവ ദേവോ ഭഗവാൻ
ശിവഃപരമ കാരണഃ"

കോപത്തോടാണു കോപിക്കേണ്ടതെന്നും കുറ്റം ചെയ്ത ആളോടല്ലെന്നും വാസിഷ്ഠത്തിൽ ഒരിടത്തു പറഞ്ഞിട്ടുണ്ട്. ഏകദൈവ വാദത്തിൽ ശ്രീനാരായണനുപോലും പുരോഗാമിയായി നിൽക്കുന്ന യോഗവാസിഷ്ഠകാരൻ ഇവിടെ ഗാന്ധിജിക്ക് പുരസ്കർത്താവായി പ്രവർത്തിക്കുന്നു.

'അപകാരിണി കോപശ്ചേത്
കോപേ കോപം കഥം നുതേ.'

digitized by www.sreyas.in

ചിന്തയുടെയും യുക്തിയുടെയും പ്രാധാന്യത്തെ ഭാരതീയ ധിഷണ എത്ര മാത്രം വിലമതിച്ചിരുന്നുവെന്ന് ആദ്യമായി ഞാൻ ഗ്രഹിച്ചതും വാഗ്ഭടാനന്ദന്റെ വാസിഷ്ഠോദ്ധരണത്തിൽ നിന്നാണ്. "ചളിയിൽ തവളയായോ മലത്തിൽ പുഴുവായോ ഇരുൾ മാളത്തിൽ പെരുമ്പാമ്പായോ ജീവിക്കുന്നത്; വിചാരശൂന്യനായി ജീവിക്കുന്നത്ര മോശമല്ല" എന്ന ഭാഗം വാഗ്ഭടാനന്ദൻ പലപ്പോഴും ഉദ്ധരിച്ചിട്ടുണ്ട്-പ്രബന്ധങ്ങളിലും പ്രഭാഷണങ്ങളിലും.

യോഗവാസിഷ്ഠത്തിലെ ഏറ്റവും പ്രചാരമാർന്ന പദ്യവും സംസ്കൃത സാഹിത്യത്തിൽ തന്നെ ഏറ്റവും പ്രശസ്തമായ പദ്യങ്ങളിലൊന്നും ഞാൻ ആദ്യം മനസ്സിലാക്കിയത് വാഗ്ഭടാനന്ദന്റെ എഴുത്തിൽ നിന്നാണ്.

യുക്തിയുക്തമുപാദേയം
വചനം ബാലകാദപി
അന്യത്തൃണമിവ ത്യാജ്യം
അപ്യുക്തം പദ്മജന്മനാ

എന്റെ ഈ ചെറിയ ബാല്യസ്മൃതികളിൽ നിന്നുതന്നെ ഈ ഗ്രന്ഥത്തിന്റെ ബാഹ്യരൂപം തെളിഞ്ഞു വരുന്നുണ്ട്. സ്വന്തമായ ഒരു ചിന്താരീതിയും ചിന്തിതവും അടങ്ങിയ കൃതിയാണ് ഇത്. ഭഗവദ്ഗീതയെപ്പോലെ നാടകീയമായ ഒരു മുഹൂർത്തത്തെ ഉപയോഗപ്പെടുത്തിയ ഒരു കവിയാണ് ഇതിന്റെ കർത്താവ്. കവി എന്നു പറഞ്ഞതുകൊണ്ട് പരമ്പരയാ വിശ്വസിച്ചു വരുന്നതുപോലെ ഇത് രാമായണ കർത്താവായ വാൽമീകി മഹർഷി രചിച്ചതാണ് എന്നു കരുതുന്നത് ശരിയല്ല. ആ വിചാരത്തിന്റെ ബലത്തിന്മേൽ 'യോഗവാസിഷ്ഠ രാമായണം' എന്ന് ഈ കൃതി അറിയപ്പെടുന്നുണ്ട്. രാമായണത്തിന്റെ അനുബന്ധമെന്നും ഖ്യാതിയില്ലാതില്ല. പക്ഷേ വാൽമീകിയുടെ ആർഷശൈലിയല്ല വാസിഷ്ഠത്തിന്റേത്. ഇതിന്റെ ലാളിത്യവും കാവ്യഭംഗിയും രാമായണത്തിനോട് കിടപിടിക്കുന്നതല്ല.

വാൽമീകി മഹർഷിയോട് ശിഷ്യനായ ഭരദ്വാജൻ രാമന്റെ ലൗകിക ജീവിതം എങ്ങനെയിരുന്നുവെന്ന് അന്വേഷിക്കുകയുണ്ടായി. ലൗകിക ലക്ഷ്യങ്ങളിൽ അസംതൃപ്തനായി കഴിയുകയായിരുന്നു രാജകുമാരൻ. രാമന്റെ ശങ്കകൾക്കും പരിഭ്രമങ്ങൾക്കും ചിന്താപരമായ സമാധാനം വസിഷ്ഠൻ നൽകുന്നു.

ഗീതാസന്ദർഭം പോലെ ഉൽക്കടമല്ല എങ്കിലും, മാനസികമായ സംഘർഷം ഇവിടെയും ചിത്രീകരിച്ചിരിക്കുന്നു. കൃതിയിൽ ഉടനീളം അതിന്റെ സ്പന്ദനം കേൾക്കാം. രാമകഥയിലെ കുരുക്ഷേത്രമാണ് ഇവിടെ നാം കാണുന്നത്. ഗീതയിൽ 18 അധ്യായം, വാസിഷ്ഠത്തിൽ 6 പ്രകരണം - വൈരാഗ്യം, മുമുക്ഷു വ്യവഹാരം, ഉൽപ്പത്തി, സ്ഥിതി, ഉപശമം, നിർവാണം. ഓരോന്നും സർഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആകെ 46 സർഗങ്ങൾ. മുപ്പതിനായിരത്തിൽ പരം പദ്യങ്ങൾ.

"ഇതി ശ്രീ വാൽമീകീയേ" എന്നു പറഞ്ഞാണ് ഓരോ അധ്യായവും അവസാനിക്കുന്നത് എങ്കിലും ഈ കൃതി വളരെക്കാലം കഴിഞ്ഞ് രചിക്കപ്പെട്ടതാണ്. ശങ്കരനു മുമ്പാണെന്നും, പിമ്പ് പതിനൊന്നും പതിമൂന്നും നൂറ്റാണ്ടുകൾക്കിടയിലാണെന്നും, രണ്ടു ഭിന്ന കാലഗണന പണ്ഡിതന്മാർക്കിടയിൽ നിലനിൽക്കുന്നു. എങ്കിലും യോഗവാസിഷ്ഠം എന്ന പേരിലോ മറ്റോ ഒരു

digitized by www.sreyas.in

ഗ്രന്ഥം നേരത്തെ ഉണ്ടായിരുന്നില്ലെന്നു പറയാനാവില്ല. ശങ്കരൻ ഭാഷ്യങ്ങളിൽ വസിഷ്ഠന്റെ ചില ഗ്രന്ഥങ്ങളെ പരാമർശിക്കുകയും വാസിഷ്ഠയോഗശാസ്ത്രത്തിൽനിന്ന് ഉദ്ധരിക്കുകയും ചെയ്തുകാണുന്നു. ഒൻപതാം നൂറ്റാണ്ടുകാരനായ അഭിനന്ദൻ എന്ന കാശ്മീരവിദ്വാൻ ഒരു ലഘുയോഗവാസിഷ്ഠം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂലകൃതി ഉപലഭ്യമല്ലെങ്കിലും യോഗവാസിഷ്ഠമല്ലെങ്കിൽ മറ്റൊരു പൂർവകൃതിയെ അനുമാനിക്കേണ്ടി വന്നിരിക്കുന്നു.

ഉള്ളിലും പുറത്തും എങ്ങും എന്നും നിറഞ്ഞു നിൽക്കുന്ന സത്ത ഒന്നു മാത്രമാണ്-ആത്മതത്വം. അത് പലതാണെങ്കിൽ സത്ത എന്നത് ഇല്ലാതാകും. അതുകൊണ്ട് ഗ്രന്ഥത്തിലെ വന്ദന ശ്ലോകത്തിൽ തന്നെ ആ സത്യത്തെ 'സർവാത്മാവ്' എന്നും വിളിച്ചിരിക്കുന്നു. വാസനാമയവും സങ്കൽപ്പശക്തിയുള്ളതുമായ മനസ്സ് ആയി അത് വ്യക്തികളിൽ പ്രതിഭാസിക്കുന്നു. ഈ ഉപാധികളിൽ നിന്നുള്ള മോചനമാണ് ആത്മാവിന്റെ സ്വതന്ത്രാവസ്ഥയായ നിർവാണം. മുക്തിയുടെ ഈ വിചാരമാണ് മനുഷ്യനെ ഇതര ജീവജാലങ്ങളിൽ നിന്നു വേർതിരിക്കുന്നത്.

"തരവോ/പി ഹി ജീവന്തി
ജീവന്തി മൃഗപക്ഷിണഃ
സ ജീവതി മനോ യസ്യ
മനനേനൈവ ജീവതി"

മനുഷ്യന്റെ ഉൽക്കർഷം മനനശക്തിയാണെന്ന് ശങ്കരൻ 'വിവേകചൂഡാമണി'യിൽ വ്യക്തമാക്കുന്നുണ്ട്. ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ഞാൻ ഉണ്ട്' എന്ന ദെക്കാർത്തെയുടെ ചിന്ത യോഗവാസിഷ്ഠകാരന്റെ കൂടെ കാണാം. യുക്തിവിചാരം ചെയ്യാനാവാത്ത കുട്ടിക്ക് വളർത്തമ്മ പറഞ്ഞു കൊടുക്കുന്ന മുത്തശ്ശിക്കഥ പോലെ സങ്കൽപ്പഫലമായ സംസാര ജീവിതം തുടർന്നുപോകുന്നു. പൂമണം ആകാശത്തെയെന്നപോലെ സങ്കൽപ്പമുക്തമായ ചിത്തം ആത്മ ചൈതന്യത്തെ തേടുന്നു. ഇവിടെ എത്തിയവർ പുറമേ കർമങ്ങളിൽ മയിൽപ്പീലിപോലെ ചലിച്ചാലും അകമേ മേരു പർവതം പോലെ അചഞ്ചലമായി കഴിയുന്നു. സൂര്യൻ തണുത്തുറഞ്ഞാലും ചന്ദ്രൻ ചൂടു പിടിച്ച് ജ്വലിച്ചാലും തീ തല കീഴായി ആളിയാലും ജീവന്മുക്തന്റെ ഈ അവസ്ഥ മാറില്ല. കാലദേശാദികൾക്കപ്പുറമുള്ള ഈ ശാന്തമായ ചിന്മയത്വമാണ് ബ്രഹ്മം എന്നു വിളിക്കപ്പെടുന്നത്. ഈ അവസ്ഥ നിർവാണമാണ്. ഉള്ളിൽ എന്നും നിറഞ്ഞുനിൽക്കുന്ന കുളിർമയാണ് അത്. ഈ പരമാനുഭൂതിയുടെയും അതിന്ന് വാഹനമായ ജീവിതത്തിന്റെയും സത്യം പല പല ഉപാഖ്യാനങ്ങളിലൂടെ ചാരുതയോടെ ഈ കൃതിയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ശബ്ദത്തിന്റെയും അർഥത്തിന്റെയും രമണീയത ഏതാണ്ട് അങ്ങോളമിങ്ങോളം കാണാം. ജീവിതത്തിലെ മഹാർഹമായ ഒരു അനുഭവത്തെ വർണിക്കുന്ന ഒരു പദ്യം ഉദ്ധരിക്കട്ടെ.

"രസായനമയീ ശാന്തി
പരമാനന്ദ ദായനീ
നാനന്ദയതി കം നാമ
സാധു സംഗമ ചന്ദ്രികാ"

digitized by www.sreyas.in

നല്ലവരുമായി കൂടിക്കഴിയുന്നതിന്റെ ആനന്ദപരത ഇതിലേറെ സൗകുമാര്യത്തോടെ വർണിക്കുക എളുപ്പമല്ല. ഇന്ന് തത്വചിന്തകന്മാർ അസംബന്ധം എന്നു വിളിക്കുന്ന ജീവിതത്തിന്റെ യുക്തിഹീനത, കയറിക്കയറിപ്പോകുന്ന ഭാവനയിലൂടെ അവതരിപ്പിക്കപ്പെടുന്നു.

"ദീർഘ സ്വപ്നമിമം വിദ്ധി
ദീർഘം വാ ചിത്തവിഭ്രമം
ദീർഘം വാപി മനോരാജ്യം
സംസാരം രഘുനന്ദന"

മലയാളത്തിൽ യോഗവാസിഷ്ഠം സുപരിചിതമാണ്. പല രൂപത്തിൽ അതിവിടെ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. 20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഈ കൃതി തന്റേതാക്കാൻ മലയാളം പ്രയത്നിച്ചു തുടങ്ങി. അകത്തൂട്ട് ദാമോദരൻ കർത്താവ് 1904-ൽ കിളിപ്പാട്ടു രൂപത്തിൽ യോഗവാസിഷ്ഠം അവതരിപ്പിക്കാൻ ശ്രമിച്ചു. സുബ്രഹ്മണ്യ ശാസ്ത്രികളുടെ വിവർത്തനവും അതേ കാലത്തു വന്നു. ആദ്യത്തേതു കൊല്ലത്തു നിന്നും രണ്ടാമത്തേതു പാലക്കാട്ടു നിന്നും. കുട്ടമത്തും കൂട്ടുകാരായ കവികളും വാസിഷ്ഠത്തിന്റെ പല പ്രകരണങ്ങൾ വൃത്താനുവൃത്തമായി തർജമ ചെയ്ത് കണ്ണൂരിൽ നിന്ന് പ്രസിദ്ധീകരിച്ചു. 'ജ്ഞാനവാസിഷ്ഠം' എന്ന പേരിൽ ലഘുയോഗവാസിഷ്ഠത്തിന്റെ പരിഭാഷയും പുറത്തു വന്നിരുന്നു. വേറെയും തർജമകളും സംക്ഷേപങ്ങളും ഉണ്ടായിരിക്കണം.

ഈ 'വാസിഷ്ഠസുധ' വാസിഷ്ഠത്തിന്റെ സമ്പൂർണമായ ഗദ്യ വിവർത്തനവും സമഗ്രമായ വ്യാഖ്യാനവുമാണ്. വ്യാഖ്യാതാവ് സുവിദിതനായ പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ. പാണ്ഡിത്യവും ഭക്തിയും ഒത്തു ചേർന്ന ഈ വ്യാഖ്യാനം ജ്ഞാനവും അനുഭവവും പ്രാപ്തമാക്കാൻ പര്യാപ്തമാണ്. അയത്ന സുന്ദരമായ ഭാഷ, ഗാംഭീര്യം നിറഞ്ഞ വിവരണം, ചിന്തയുടെ പ്രസന്നത, ഉപാഖ്യാന വിവരണത്തിൽ തെളിയുന്ന പുരാണാവഗാഹം എന്നിവ ഈ വ്യാഖ്യാനത്തിന്റെ സവിശേഷതകളാണ്.

യോഗവാസിഷ്ഠത്തിന്റെ ഹൃദയം അറിയാനുള്ള ദൈവയോഗം ഇപ്പോഴാണ് കൈരളിക്ക് ലഭിച്ചത്. വ്യാഖ്യാതാവിനെയും പ്രസാധകരെയും അനുമോദിച്ചുകൊള്ളുന്നു.

തൃശൂർ — ഡോ. സുകുമാർ അഴീക്കോട്

3-1-96

digitized by www.sreyas.in

# യോഗവാസിഷ്ഠം

**ഗ്രന്ഥമഹത്വം**

നിലനിൽപ്പിന്റെ സത്യം സംശയരഹിതമായി യുക്തിയുക്തം വെളിപ്പെടുത്തിത്തരുന്ന ഒരു ശാസ്ത്രഗ്രന്ഥമാണ് യോഗവാസിഷ്ഠം. മുപ്പത്തീരായിരം സംസ്കൃത ശ്ലോകങ്ങളുള്ള ഒരു ബൃഹദ്ഗ്രന്ഥമാണിത്. കാശ്മീരിലാണീ കൃതി രചിക്കപ്പെട്ടത്. ഗ്രന്ഥത്തിൽത്തന്നെ ഇതിനെക്കുറിച്ച് വ്യക്തമായ സൂചനയുണ്ട്.

തതഃ സിദ്ധൈരയോദ്ധ്യായാം സ്തുത്യൈതദവതാരിതം
കാശ്മീരമണ്ഡലസ്യാന്തർ ഭൂതാനാമനുകമ്പയാ

ല-യോ-6-16-16

രാമവാസിഷ്ഠ സംവാദം മുഴുവൻ സിദ്ധന്മാർ ശ്രദ്ധയോടെ കേട്ടു ഗ്രഹിച്ചു. എന്നിട്ട് സംസാര ദുഃഖത്തിൽപ്പെട്ടുഴലുന്ന ജീവികളോട് കരുണ തോന്നി അതതേപടി കാശ്മീര രാജ്യത്തുകൊണ്ടുപോയി പ്രകാശനം ചെയ്തു എന്നു ഗ്രന്ഥത്തിൽ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഗ്രന്ഥകാരന്റെ നാമധേയത്തെക്കുറിച്ചോ ജീവിതത്തെക്കുറിച്ചോ ഇതേവരെ ഒന്നും അറിയാൻ കഴിഞ്ഞിട്ടില്ല.

ഗ്രന്ഥത്തിന്റെ രചനാകാലം ആറാം ശതകമാണെന്നു ചിലർ ഊഹിക്കുന്നു. ആറാം ശതകത്തിനുശേഷം ജീവിച്ചിരുന്ന മഹാന്മാരായ സത്യദർശികളുടെ ജീവിതത്തിലും ഗ്രന്ഥരചനയിലും യോഗവാസിഷ്ഠം അസാധാരണമായ സ്വാധീനം ചെലുത്തിയിട്ടുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ വാസിഷ്ഠം ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത പ്രൊഫ. ബി.എൽ. ആത്രേയ ചില ഊഹാപോഹങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ശ്രീ ശങ്കരന്റെ ഗുരുവിന്റെ ഗുരുവായ ഗൗഡപാദർ, ശങ്കരൻ, ശങ്കരശിഷ്യനായ സുരേശ്വരാചാര്യർ എന്നിവർ ആറാംശതകത്തിനുശേഷം ജീവിച്ചിരുന്ന മഹാന്മാരായ സത്യദർശികളാണ്. ശ്രീ ഗൗഡപാദരുടെ കൃതിയാണു മാണ്ഡൂക്യകാരിക. ശ്രീ ശങ്കരന്റെ കൃതിയാണു വിവേകചൂഡാമണി. ശ്രീ ശങ്കരന്റെ ദക്ഷിണാമൂർത്തി സ്തോത്രത്തിനു വ്യാഖ്യാനമായി ശ്രീ സുരേശ്വരാചാര്യർ ശ്ലോക

digitized by www.sreyas.in

രൂപത്തിൽ രചിച്ചിട്ടുള്ള കൃതിയാണു മാനസോല്ലാസം. ഈ ദിവ്യ വേദാന്ത കൃതികൾ വാസിഷ്ഠവുമായി താരതമ്യം ചെയ്യുമ്പോൾ അവയിലൊക്കെ വാസിഷ്ഠത്തിന്റെ അതിയായ സ്വാധീനശക്തി കാണ്മാനുണ്ടെന്നാണ് പ്രൊഫ. ആത്രേയയുടെ അഭിപ്രായം. ഭർത്തൃഹരിയുടെ വൈരാഗ്യശതകം, വാക്യപദീയം തുടങ്ങിയ കൃതികളിലും വാസിഷ്ഠത്തിന്റെ സ്വാധീനം വേണ്ടുവോളം കാണ്മാനുണ്ടെന്നാണ് പ്രൊഫ. ആത്രേയ അഭിപ്രായപ്പെടുന്നത്. ശ്രീ ശങ്കര പരമ്പരയിൽപെട്ട മറ്റൊരു വലിയ വേദാന്തിയും ഗ്രന്ഥകാരനുമാണ് പതിനാലാം ശതകത്തിൽ ജീവിച്ചിരുന്ന ശ്രീ വിദ്യാരണ്യമാധവാചാര്യർ. അദ്ദേഹത്തിന്റെ സുപ്രസിദ്ധ കൃതിയായ ജീവന്മുക്തിവിവേകത്തിൽ വാസിഷ്ഠത്തെ ഒരു പരമപ്രമാണഗ്രന്ഥമായിത്തന്നെ അംഗീകരിച്ചിട്ടുണ്ട്. ഏതാണ്ട് ഇരുന്നൂറ്റി അൻപത്തിമൂന്ന് ശ്ലോകങ്ങൾ വാസിഷ്ഠത്തിൽ നിന്നും അതിൽ ഉദ്ധരിച്ചു ചേർത്തിട്ടുമുണ്ട്. ഇക്കാര്യം വാസിഷ്ഠസാരം എന്ന കൃതി ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച പ്രൊഫ. ബി. കുപ്പുസ്വാമി അതിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. മാത്രമല്ല അധുനാതനങ്ങളായ പല ഉപനിഷത്തുക്കളും ഏറെക്കുറെ വാസിഷ്ഠ പദ്യങ്ങളെ ആശ്രയിച്ചു രചിക്കപ്പെട്ടവയാണെന്നും അദ്ദേഹം വേർതിരിച്ചുകാണിക്കുന്നു. മഹാ ഉപനിഷത്തിൽ ഒന്നാമധ്യായമൊഴിച്ചാൽ മറ്റെല്ലാ അധ്യായങ്ങളിലും കൂടിയുള്ള അഞ്ഞൂറ്റി മുപ്പത്തഞ്ചോളം പദ്യങ്ങൾ വാസിഷ്ഠത്തിലുള്ളവയാണ്. അതുപോലെ അന്നപൂർണ ഉപനിഷത്തിൽ ആരംഭത്തിലെ അൽപ്പഭാഗമൊഴിച്ചാൽ ബാക്കി എല്ലാ അധ്യായങ്ങളും വാസിഷ്ഠ ഭാഗങ്ങൾ തന്നെയാണ്. മുന്നൂറ്റിമുപ്പത്തേഴു ശ്ലോകങ്ങളാണതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വാസിഷ്ഠം ഹിന്ദി, ഉറുദു, കന്നട, മലയാളം തുടങ്ങിയ ദേശീയ ഭാഷകളിൽ സംഗ്രഹരൂപത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

### ലഘുയോഗവാസിഷ്ഠം

യോഗവാസിഷ്ഠം മൂലഗ്രന്ഥം മുപ്പത്തീരായിരം ശ്ലോകങ്ങളടങ്ങുന്നതാണല്ലോ. ഈ ബൃഹദ്ഗ്രന്ഥത്തെ സംഗ്രഹിച്ചതാണു ലഘുയോഗവാസിഷ്ഠം. ആറായിരം ശ്ലോകങ്ങൾ തിരഞ്ഞെടുത്തു സംഗ്രഹിച്ചത്. കാശ്മീര പണ്ഡിതനായ അഭിനന്ദനാണ് സംഗ്രഹകർത്താവ്. സംഗ്രഹണകാലം ഒൻപതാം ശതകമാണെന്നു കരുതപ്പെടുന്നു. ഇന്നധികവും പ്രചാരത്തിലുള്ളത് ഈ ലഘുയോഗ വാസിഷ്ഠമാണ്. അധികം ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ളതും ഈ ഗ്രന്ഥം തന്നെ. മലയാളത്തിൽ ശ്രീ വരവൂർ ശാമുമേനോൻ കിളിപ്പാട്ടായി ഈ കൃതി വിവർത്തനം ചെയ്യുകയുണ്ടായി. കേരളത്തിൽ ഈ വിവർത്തനത്തിനു നല്ല പ്രചാരവും ലഭിച്ചിട്ടുണ്ട്. മലയാളത്തിൽ ഗദ്യമായി വേറെയും വിവർത്തനങ്ങളുണ്ടായിട്ടുണ്ട്. മൂലഗ്രന്ഥത്തിലുള്ള ആറു പ്രകരണങ്ങളും അതേപടി ലഘുയോഗവാസിഷ്ഠത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മഹാരാമായണം, ഉത്തരരാമായണം, വാസിഷ്ഠരാമായണം, ജ്ഞാനവാസിഷ്ഠം എന്നിങ്ങനെ പലപേരുകളിലും ഈ ഗ്രന്ഥം ഇപ്പോൾ അറിയപ്പെട്ടുപോരുന്നു.

### ശാസ്ത്രമഹത്വം

യോഗവാസിഷ്ഠം, നിലനിൽപ്പിന്റെ സത്യം യുക്തിയുക്തം വേർതിരിച്ചു കാട്ടിത്തരുന്ന ഒരു ശാസ്ത്രഗ്രന്ഥമാണ്. വേദാന്തമെന്നറിയപ്പെടുന്ന ഉപനിഷത്തുകൾ വെളിപ്പെടുത്തിയിട്ടുള്ളതുതന്നെയാണാസത്യം. ബ്രഹ്മമാണു

digitized by www.sreyas.in

പ്രപഞ്ചസത്യമെന്നുപനിഷത്തുകൾ ഘോഷിക്കുന്നു. പ്രപഞ്ചമായി പെരുകിക്കാണപ്പെടുന്ന വസ്തു എന്നാണു ബ്രഹ്മപദത്തിനർഥം. എന്നാൽ ബ്രഹ്മത്തിന്റെ സ്വരൂപമെന്തെന്നു വിചാരം ചെയ്തറിയാൻ കഴിയാത്തതുകൊണ്ട് അധികമാളുകൾക്കും ഈ സത്യം എന്താണെന്നു പിടികിട്ടിയില്ല. വാസിഷ്ഠം വായിച്ചു പഠിക്കുന്നവർക്കീ കുറവു പൂർണമായും പരിഹരിച്ചു കിട്ടുന്നതാണ്. ബ്രഹ്മസ്വരൂപം ആവർത്തിച്ചു വെളിപ്പെടുത്തിത്തരുന്ന ഇതുപോലൊരു ഗ്രന്ഥം വെറെയുണ്ടെന്നു തോന്നുന്നില്ല. ഈ മേന്മകൊണ്ടു തന്നെയാവണം സ്വയം ഗ്രന്ഥം തന്റെ മഹത്വം ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നത്:

കിഞ്ചിത് സംസ്കൃതബുദ്ധീനാം ശ്രുതം ശാസ്ത്രമിദംയഥാ
മൗർഖ്യാപഹംതഥാ ശാസ്ത്രമന്യദസ്തി നകിഞ്ചന

ല-യോ-2-1-56

ബുദ്ധിക്കൽപ്പം പാകത വന്ന ഒരാൾക്കു കേട്ടുധരിക്കുമെങ്കിൽ ഈ ശാസ്ത്രം പോലെ അജ്ഞതയകറ്റാൻ പറ്റുന്ന മറ്റൊരു ശാസ്ത്രം ഇല്ലതന്നെ. നിലനിൽപ്പിന്റെ സത്യമായ ബ്രഹ്മത്തിന്റെ സ്വരൂപവും അതിൽ ഈ ജഗത്തിന്റെ സാംഗത്യവും വെളിപ്പെട്ടുകിട്ടുന്നതാണല്ലോ അജ്ഞത മാറൽ. ആദ്യന്തരഹിതവും അഖണ്ഡവും നിശ്ചലവുമായ ബോധമാണു ബ്രഹ്മസ്വരൂപം. അതിൽ നാനാത്വബുദ്ധിയുളവാക്കുന്ന പ്രപഞ്ചം വെറുമൊരു ഭ്രമമാണ്. പുറമേ നിന്നു വിലയിരുത്താൻ ശ്രമിക്കുന്ന ഒരാൾക്കു പ്രപഞ്ചത്തിനു യുക്തി കണ്ടെത്താൻ ഒരിക്കലും സാധ്യമല്ല. അന്തർമുഖമായി സത്യം തിരഞ്ഞു അഖണ്ഡബോധം ബുദ്ധിക്ക് തെളിയുന്നതോടെ പ്രപഞ്ചമായിക്കാണപ്പെടുന്നതാവസ്തുതന്നെയാണെന്ന് അനുഭവിച്ചറിയാൻ കഴിയും. അദ്വയബോധവസ്തുവിന്റെ അനുഭവത്തോടെ ഇങ്ങനെ ജിജ്ഞാസ പൂർണമായും ശമിക്കും. ഈ അറിവിന്റെ അനിഷേധ്യമായ ശാസ്ത്രീയതയും അനുഭവസ്വരൂപവും വാസിഷ്ഠസുധ വായിച്ചു വ്യക്തമായി ധരിക്കുക. സത്യം ഇങ്ങനെ ബുദ്ധിക്കു ശാസ്ത്രീയമായും വ്യക്തമായും കണ്ടെത്താമെന്നിരിക്കേ അതിനുവേണ്ടി യത്നിക്കാത്ത ജീവിതം അധന്യം തന്നെ. വാസിഷ്ഠത്തിന്റെ പ്രഖ്യാപനം നോക്കുക:

ബുദ്ധ്യാലോകനസാദ്ധ്യേ*f*സ്മിൻ വസ്തുന്യസ്തമിതാപദി
പ്രവർത്തിതേനയോ മോഹാത് തംധിഗസ്തു നരാധമം.

ല-യോ-6-13-11

ബുദ്ധികൊണ്ടൽപ്പം ആലോചിച്ചാൽ കണ്ടെത്താവുന്നതേയുള്ളൂ സത്യവസ്തു. സത്യം തെളിയുന്നതോടെ ജീവിതത്തിലെ എല്ലാ ആപത്തുകളും വഴിമാറും. നിരന്തരമായ ആനന്ദം അനുഭവിക്കാറാകും. ആ സ്ഥിതിക്ക് മോഹം കൊണ്ടുമാത്രം സത്യത്തെ സമീപിക്കാതിരിക്കുന്ന വ്യക്തി മനുഷ്യനല്ല. മനുഷ്യാധമനാണ്. അവനെ അടുപ്പിക്കാനേ പാടില്ല. ജീവിതം എല്ലാതരത്തിലും ധന്യമാക്കുന്ന ഈ സത്യത്തെ ചിന്തിച്ചറിയാതെ അജ്ഞതയുടെ കൂരിരുട്ടിൽ പെട്ടു പതിക്കുന്നതിനെ വാസിഷ്ഠം ശക്തിയായ ഭാഷയിൽ അപലപിച്ചിരിക്കുന്നതു നോക്കുക:

വരംശരാവഹസ്തസ്യ ചാണ്ഡാലാഗാര വീഥിഷു
ഭിക്ഷാർഥമടനം രാമ, നമൗർഖ്യം ഹതജീവിതം

ല-യോ-2-1-57

digitized by www.sreyas.in

അജ്ഞതയിൽപ്പെട്ടു പിടഞ്ഞു ജീവിതം കഴിച്ചുകൂട്ടുന്നതിനേക്കാൾ നല്ലത് ഭിക്ഷാപാത്രവുമേന്തി ചണ്ഡാലത്തെരുവിൽ ഭിക്ഷതെണ്ടി നടക്കുന്നതാണ്. സുലഭമായ സത്യാനുഭവം നേടാനുള്ള ശക്തമായ ഒരു പ്രേരണയായി ഈ പ്രസ്താവത്തെ കണക്കാക്കിയാൽ മതി.

**പ്രതിപാദനരീതി**

മിക്കവാറും ഉപനിഷത്തുകളുടെ സമ്പ്രദായം അവലംബിച്ചു ഗുരുശിഷ്യ സംവാദരൂപത്തിലാണു ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഗുരുവായ വാൽമീകിയും ശിഷ്യൻ ഭരദ്വാജനും തമ്മിലുള്ള സംഭാഷണമാണാദ്യന്തം. മംഗളാചരണവും ശാസ്ത്രാധികാര നിർദേശവും കഴിഞ്ഞ് ഭരദ്വാജൻ ഗുരുവിനോടു ചോദ്യമാരംഭിക്കുന്നു. ഗുരുവായ വസിഷ്ഠൻ ശിഷ്യനായ രാമനുപദേശിക്കുന്നതായിട്ടാണു വാത്മീകി വിവരിക്കുന്നത്. അങ്ങനെ വസിഷ്ഠരാമ സംഭാഷണം കടന്നുവരുന്നു. ഇടയ്ക്ക് വിശ്വാമിത്രൻ, രാമൻ, ഉപാഖ്യാനങ്ങളിലെ മറ്റു കഥാപാത്രങ്ങൾ ഇവരുടെയൊക്കെ സംഭാഷണങ്ങൾ കോർത്തിണക്കപ്പെട്ടിരിക്കുന്നു. സത്യാന്വേഷണമാർഗത്തിൽ ഉന്നയിക്കപ്പെടാവുന്ന എല്ലാ ചോദ്യങ്ങളും സംഭാഷണത്തിലൂടെ പൊന്തിവരികയും അവയ്ക്കെല്ലാം ശാസ്ത്രീയമായ ഉത്തരം നൽകപ്പെടുകയും ചെയ്തിട്ടുണ്ട്. ഗ്രന്ഥം അനായാസം വായിച്ചു പോകാനും തത്വം എളുപ്പത്തിൽ ഗ്രഹിക്കാനും ഈ സംഭാഷണ ശൈലി അത്യന്തം ഉപകരിച്ചിട്ടുണ്ടെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

തത്വപ്രതിപാദനമാണ് ഗ്രന്ഥത്തിലെ മുഖ്യവിഷയം. അഖണ്ഡബോധരൂപമായ ബ്രഹ്മമാണു തത്വം. തുടക്കമായ മംഗളാചരണം മുതൽ ഒടുക്കം വരെ പല പ്രകാരത്തിലും ആവർത്തിച്ചാവർത്തിച്ചുറപ്പിക്കുക എന്നതാണു തത്വപ്രതിപാദനരീതി. ഏതു വേദാന്തശാസ്ത്രത്തിന്റെയും പ്രതിപാദനരീതി ഇതാണ്. സത്യവിവരണത്തിൽ ആവർത്തനം ദോഷമല്ലെന്നു മാത്രമല്ല ഗുണകരമാണുതാനും. സത്യം ഒന്നേയുള്ളൂ. അതുകൊണ്ട് മാറിമാറി പുതിയ സത്യം വിവരിക്കുക സാധ്യമല്ലല്ലോ. മാത്രമല്ല ആവർത്തിച്ചുകേട്ടാൽ മാത്രമേ സത്യം ബുദ്ധിയിൽ ഉറച്ചുകിട്ടൂ. സത്യം ഉറപ്പു വരുംതോറും ബുദ്ധിക്കു പ്രസന്നതയും സുഖവും വർധിക്കും. അതുകൊണ്ട് ആത്മാർഥതയുള്ള ഒരു സത്യാന്വേഷിക്ക് സത്യസ്വരൂപ വിവരണം ആവർത്തിച്ചു കേൾക്കുംതോറും വിരസതയല്ല, പ്രത്യുത അധികമധികം ആനന്ദമാണ് അനുഭവപ്പെടുക. വിശേഷിച്ചും കർമരംഗത്ത് എവിടെ നിൽക്കുന്ന ആർക്കും സത്യം വിചാരം ചെയ്തനുഭവിക്കാനുള്ള മാർഗങ്ങൾ സവിസ്തരം ചർച്ചചെയ്യുന്ന വാസിഷ്ഠം പോലുള്ള ദിവ്യഗ്രന്ഥങ്ങളിലെ ആവർത്തനങ്ങൾ ഒരു യഥാർഥ സത്യാന്വേഷിക്ക് അമൃതപാനം പോലെ ആസ്വാദ്യങ്ങളാണ്.

സത്യസ്വരൂപവർണനം പോലെതന്നെ പ്രപഞ്ചത്തിന്റെ അനിർവചനീയതയും ഇതിൽ ആവർത്തിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. പുറമേനിന്നും പ്രപഞ്ചരഹസ്യം തിരയുന്ന ഒരാൾക്ക് അന്തിമ രഹസ്യം ഒരിക്കലും പിടികിട്ടാൻ പോകുന്നില്ല. വേദാന്തശാസ്ത്രത്തിന്റെ സുനിശ്ചിതമായ പ്രഖ്യാപനമാണിത്. ഇതാണ് പ്രപഞ്ചത്തിന്റെ അനിർവചനീയത. ഇക്കാര്യം നല്ലവണ്ണം ഓർമിച്ചുകൊണ്ടുവേണം സൃഷ്ടിസ്ഥിതി സംഹാരവിവരണങ്ങളൊക്കെ വായിക്കാൻ. ഈ വിവരണങ്ങളൊക്കെ അദ്വൈതവസ്തുതത്വം ഉറപ്പിക്കാനുള്ള വെറും ഉപായങ്ങൾ മാത്രം.

ഇടയ്ക്കിടയ്ക്ക് കഥാരൂപത്തിലുള്ള നീണ്ട ഉപാഖ്യാനങ്ങൾ ചേർത്തിരി

digitized by www.sreyas.in

ക്കുന്നതാണു പ്രതിപാദനത്തിലെ മറ്റൊരു സവിശേഷത. തത്വചിന്തയിൽപെടുന്ന മനസ്സിന്റെ മടുപ്പ് കുറച്ച് ഇടയ്ക്കിടയ്ക്കൽപ്പം ലാഘവം ഉണ്ടാക്കാനുദ്ദേശിച്ചിട്ടുള്ളവയാണ് കഥാകഥനങ്ങൾ. തത്വം സ്പഷ്ടമാക്കാനും ജഗത്തിന്റെ മായാമയത്വം ഉറപ്പിക്കാനും അവ ഉപകരിക്കുന്നു. ഒരു സാധാരണ ബുദ്ധിക്കു കഥകളിൽ തോന്നാവുന്ന യുക്തിഹീനത പ്രപഞ്ചത്തിന്റെതന്നെ യുക്തിഹീനതയോടു തട്ടിച്ചു നോക്കി ഗ്രഹിക്കേണ്ടതാണ്. ഒന്നുകിൽ പ്രപഞ്ചത്തിൽ എല്ലാം യുക്തിഹീനം, അല്ലെങ്കിൽ ഒന്നുംതന്നെ യുക്തിഹീനമല്ല; ഇതാണു പ്രപഞ്ചഗതി. ഇക്കാര്യങ്ങളൊക്കെ അവിടവിടെ വാസിഷ്ഠസുധയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സാഹിത്യമേന്മയിലും വാസിഷ്ഠം ഒരദ്വിതീയമായ കാവ്യമാണ്. വാസിഷ്ഠം വായിക്കുമെങ്കിൽ നമ്മുടെ യുവകവികൾക്ക് നവനവോന്മേഷശാലിനിയായ പ്രതിഭ ദിനംപ്രതി വികസിക്കുമെന്നുള്ളതിൽ സംശയമേ വേണ്ട. ലളിതവും പ്രസന്ന മധുരവുമായ ഭാഷ, സരളങ്ങളായ വർണ്ണനകൾ, സുന്ദരങ്ങളായ അലങ്കാരങ്ങൾ, വിചിത്രങ്ങളായ കൽപ്പനകൾ, മനസ്സിനു വിജ്ഞാനം പകരുന്ന ലോകതത്വ പ്രഖ്യാപനങ്ങൾ എന്നിവകൊണ്ടു നിറഞ്ഞ ഒരു മനോഹരകാവ്യമാണു യോഗവാസിഷ്ഠം.

വരമുനിവചനാളീ രത്നമാലാവിചിത്രാ
നിഖില കവികുലാനാം യോഗിനാം സേവ്യരൂപാ.

ല-യോ-6-18-82

വസിഷ്ഠമുനിയുടെ ദിവ്യവചനങ്ങളാകുന്ന രത്നങ്ങൾ കോർത്തിണക്കിയ ഒരു വിചിത്രഹാരമാണു വാസിഷ്ഠം. ലോകത്തുള്ള എല്ലാ കവികൾക്കും യോഗിമാർക്കും മാറിലണിഞ്ഞുല്ലസിക്കാവുന്നത്. വാസിഷ്ഠം തന്നെ സ്വയം പ്രഖ്യാപിക്കുന്നതാണിക്കാര്യം. സത്യം കൈയിലെ നെല്ലിക്കപോലെ കാട്ടിത്തരുന്ന ഇതുപോലൊരു ഗ്രന്ഥം സൂര്യനു താഴെ വേറെ രചിക്കപ്പെട്ടിട്ടില്ലെന്നാണു രാമതീർഥ സ്വാമികൾ വാസിഷ്ഠത്തെക്കുറിച്ചു പ്രഖ്യാപിക്കുന്നത്.

**വാസിഷ്ഠസുധ**

ലഘുയോഗവാസിഷ്ഠത്തിന്റെ ലളിതമായ ഭാഷാവിവർത്തനമാണു വാസിഷ്ഠസുധ. ഇതിൽ ഒരുവാക്കുപോലും വിടാതെ സ്വതന്ത്രമായി ആശയവിവർത്തനം നിർവഹിക്കപ്പെട്ടിരിക്കുന്നു. ഭാഷയുടെയും വാക്യങ്ങളുടെയും ലാളിത്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. വായനക്കാർക്കവിടവിടെ വരാവുന്ന സംശയങ്ങൾ ദൂരീകരിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. അൽപ്പം ഭാഷാപരിചയം നേടിയിട്ടുള്ള ആർക്കും അനായാസം വായിച്ചുപോകാവുന്നതാണു ഭാഷാ ശൈലി. നൂറ്റിഇരുപത്താറ് പദ്യങ്ങൾ പദാർഥം, ഭാവാർഥം, വിശദമായ വിവരണം ഇവ ചേർത്ത് പൂർണമായി വ്യാഖ്യാനിച്ചിട്ടുണ്ട്. ഇരുന്നൂറ്റിമുപ്പത്തിനാല് പദ്യങ്ങൾ ഉദ്ധരിച്ചു ഭാവാർഥം നൽകിയിട്ടുണ്ട്. ഒരീശ്വര നിർദേശമായി പൂർത്തിയാക്കപ്പെട്ട ഈ വിവർത്തനം വാസിഷ്ഠസുധ ആസ്വദിക്കാനാഗ്രഹിക്കുന്നവർക്ക് ഭഗവദനുഗ്രഹമായി അനുഭവപ്പെടുമെന്നു തന്നെ പ്രതീക്ഷിക്കുന്നു.

*ഓം ശാന്തിഃ ശാന്തിഃ ശാന്തി*

തിരുവനന്തപുരം — ജി. ബാലകൃഷ്ണൻ നായർ

15-3-1995

digitized by www.sreyas.in

# ഉള്ളടക്കം

ആമുഖം

അവതാരിക

യോഗവാസിഷ്ഠം

**1. വൈരാഗ്യപ്രകരണം**

1. വൈരാഗ്യോൽപ്പത്തി പ്രതിപാദനം 1
2. ജഗദ്ദോഷപ്രകാശ വർണ്ണനം 12
3. വൈരാഗ്യ വർണ്ണനം 27

**2. മുമുക്ഷു വ്യവഹാരപ്രകരണം**

1. മുമുക്ഷു വ്യവഹാരവർണ്ണനം 33

**3. ഉൽപ്പത്തിപ്രകരണം**

1. ഉൽപ്പത്തിപ്രകരണാർഥദർശനം 46
2. മണ്ഡപോപാഖ്യാനേ ലീലോപാഖ്യാനം 56
3. സൂച്യുപാഖ്യാനം 73
4. ഐന്ദവോപാഖ്യാനം 82
5. ഇന്ദ്രോപാഖ്യാനം 85
6. ചിത്തോപാഖ്യാനം 86
7. ബാലകാഖ്യായികോപാഖ്യാനം 89
8. ശാംബരികോപാഖ്യാനം 92
9. ലവണോപാഖ്യാനം 97

**4. സ്ഥിതിപ്രകരണം**

1. ഭാർഗവോപാഖ്യാനം 110
2. ദാമാദ്യുപാഖ്യാനം 117
3. ഭീമാദ്യുപാഖ്യാനം 122
4. ദാശൂരോപാഖ്യാനം 126
5. ഉപദേശാഖ്യാനം 145

digitized by www.sreyas.in

5. ഉപശമപ്രകരണം

1. ജനകോപാഖ്യാനം 149
2. പുണ്യപാവനോപാഖ്യാനം 167
3. ബല്യുപാഖ്യാനം 182
4. പ്രഹ്ലാദോപാഖ്യാനം 189
5. ഗാധിവൃത്താന്തകഥനം 207
6. ഉദ്ദാലകോപാഖ്യാനം 214
7. സുരഘൂപാഖ്യാനം 233
8. ഭാസവിലാസസംവാദഃ 244
9. വീതഹവ്യോപാഖ്യാനം 247
10. ആകാശഗത്യഭാവാദിനിരൂപണം 269

6. നിർവാണപ്രകരണം

1. ഭൂശുണ്ഡോപാഖ്യാനം 287
2. ദേവപൂജോപാഖ്യാനം 309
3. ബില്വോപാഖ്യാനം 324
4. ശിലോപാഖ്യാനം 326
5. അർജുനോപാഖ്യാനം 327
6. ശതരുദ്രോപാഖ്യാനം 332
7. വേതാളോപാഖ്യാനം 336
8. ഭഗീരഥോപാഖ്യാനം 339
9. ശിഖിധ്വജോപാഖ്യാനം 343
10. കചോപാഖ്യാനം 388
11. മിഥ്യാപുരുഷോപാഖ്യാനം 392
12. ഭൃംഗീശോപാഖ്യാനം 395
13. ഇക്ഷ്വാകൂപാഖ്യാനം 399
14. മുനിവ്യാധോപാഖ്യാനം 408
15. യോഗസപ്തഭൂമികോപാഖ്യാനം 412
16. ശാസ്ത്രഗ്രഹണഫലനിർദേശം 421
17. ഭരദ്വാജാനുശാസനം 423
18. വസിഷ്ഠരാമസംവാദഃ 429


digitized by www.sreyas.in

# 1

# വൈരാഗ്യപ്രകരണം

സർഗം 1

## വൈരാഗ്യോൽപ്പത്തി പ്രതിപാദനം

**മംഗളാചരണം**

1. ദിവി ഭൂമൗ തഥാകാശേ ബഹിരന്തശ്ച മേ വിഭുഃ
യോ വിഭാത്യവഭാസാത്മാ തസ്മൈ സർവാത്മനേ നമഃ

ദിവി-സ്വർഗത്തിലും അഥവാ തേജോമയമായ സൂക്ഷ്മ ശരീരത്തിലും; ഭൂമൗ – ഭൂമിയിലും അഥവാ ജഡരൂപമായ സ്ഥൂലശരീരത്തിലും; ആകാശേ-ആകാശത്തിലും അഥവാ അവ്യക്തരൂപമായ കാരണ ശരീരത്തിലും; ബഹിഃ അന്തഃ ച-പുറത്തും അകത്തും; വിഭു-സർവവ്യാപിയായി; അവഭാസാത്മാ-ബോധസ്വരൂപനായി; യഃ വിഭാതി-ആരു നിറഞ്ഞു വിളങ്ങുന്നുവോ; സർവാത്മനേ തസ്മൈ-എല്ലാ പ്രപഞ്ചഘടകങ്ങളുടെയും സ്വരൂപമായി വർത്തിക്കുന്ന ആ ഈശ്വരന്; മേ നമഃ-എന്റെ പ്രണാമം.

സ്വർഗത്തിലും അഥവാ തേജോമയമായ സൂക്ഷ്മ ശരീരത്തിലും ഭൂമിയിലും അഥവാ ജഡരൂപമായ സ്ഥൂലശരീരത്തിലും ആകാശത്തിലും അഥവാ അവ്യക്തരൂപമായ കാരണ ശരീരത്തിലും പുറത്തും അകത്തും സർവവ്യാപിയായി ബോധസ്വരൂപനായി ആരു നിറഞ്ഞു വിളങ്ങുന്നുവോ എല്ലാ പ്രപഞ്ചഘടകങ്ങളുടെയും സ്വരൂപമായി വർത്തിക്കുന്ന ആ ഈശ്വരന് എന്റെ പ്രണാമം.

**സർവാത്മനേ നമഃ**

വന്ദനശ്ലോകത്തിൽ തന്നെ വാസിഷ്ഠം ഈശ്വരനാരാണ്, ജഗത്തിൽ അദ്ദേഹത്തിന്റെ സ്ഥിതിയെന്താണ് എന്നു സ്പഷ്ടമായി വെളിപ്പെടുത്തിയിരിക്കുന്നു. ബോധമാണ് ഈശ്വരൻ. ബോധം അവഭാസാത്മാവാണ്; സ്വയം പ്രകാശിച്ചു വിളങ്ങുന്നവനാണ്. എന്താണു സ്വയം പ്രകാശിക്കൽ? 'ഉണ്ട്' എന്ന സ്വാനുഭവമാണു സ്വയം പ്രകാശിക്കൽ. ഈ ജഗത്തിൽ 'ഉണ്ട്' എന്നു സ്വയം അനുഭവിക്കുന്ന ഒരേ ഒരു വസ്തുവേയുള്ളൂ. അതാണു ബോധം. ഇക്കാരണത്താൽ തന്നെ ഉള്ളത് അതായതു സത്യം ബോധം മാത്രമാണെന്നു സ്പഷ്ടം. ഉണ്ടെന്നു സ്വയം അനുഭവമില്ലാത്തത് ഇല്ലാത്തതാണ്.

digitized by www.sreyas.in

ഇല്ലാത്തതെങ്ങനെ സത്യമാകും? അപ്പോൾ ബോധമുണ്ടോ പ്രപഞ്ചമുണ്ട്, ബോധമില്ലേ പ്രപഞ്ചമില്ല, അതുകൊണ്ട് പ്രപഞ്ചമായി കാണപ്പെടുന്നതെല്ലാം ബോധം തന്നെ. സ്വർണമുണ്ടോ ആഭരണങ്ങളുണ്ട്; സ്വർണമില്ലേ ആഭരണ ങ്ങളില്ല; അതുകൊണ്ട് ആഭരണങ്ങളെല്ലാം സ്വർണം തന്നെ. ബോധം സർവ വ്യാപിയാണ്. അത് സ്വർഗത്തും ഭൂമിയിലും ആകാശത്തുമെല്ലാം അകവും പുറവും നിറഞ്ഞുനിൽക്കുന്നു. സൂക്ഷ്മസ്ഥൂല കാരണ ശരീരങ്ങളിലെല്ലാം വ്യാപിച്ചു നിൽക്കുന്നു. എന്തിനേറെ, എല്ലാ പ്രപഞ്ചഘടകങ്ങളുടെയും സ്വരൂപം ബോധം തന്നെ. ജഗത്തിലെ അദ്വൈത സത്യമാണു ബോധം. 'ഉണ്മ അഥവാ സത്' ബോധത്തിന്റെ പര്യായമാണ്. ചിത്, ആനന്ദം എന്നിവയും ബോധത്തിന്റെ പര്യായങ്ങളാണ്. ശുദ്ധമായ ഉണ്മ തന്നെ ശുദ്ധമായ ബോധം; ശുദ്ധമായ ബോധം തന്നെ ശുദ്ധമായ ആനന്ദം. സത്, ചിത്, ആനന്ദം ഇവ കൂടിച്ചേർന്നതാണല്ലോ ബ്രഹ്മസ്വരൂപം. 'ബ്രഹ്മ' പദത്തിനു പ്രപഞ്ചമായി പെരുകിക്കാണപ്പെടുന്ന ബോധം എന്നാണർഥം.

അന്തഃകരണം അഥവാ മനസ്സ്; അതാണു സൂക്ഷ്മശരീരം. പുറമേ കാണ പ്പെടുന്ന ജഡമാണു സ്ഥൂലശരീരം. ഉറക്കത്തിൽ അനുഭവപ്പെടുന്ന ഇരുണ്ട മറയാണു കാരണശരീരം അഥവാ അവ്യക്തം.

### ശാസ്ത്രപഠനത്തിനധികാരി

'എനിക്കു ബന്ധമുണ്ട്, മോചിക്കണം' എന്നു വിചാരമുള്ളയാളാണു വാസി ഷ്ഠശാസ്ത്രപഠനത്തിനധികാരി. ഈ വിചാരമുള്ള ആൾ സത്യം കണ്ടവ നല്ല എന്നാൽ തീരെ അജ്ഞനുമല്ല. ബന്ധമുണ്ടെന്ന തോന്നലുണ്ടല്ലോ; അതു കൊണ്ടാണു തീരെ അജ്ഞനല്ല എന്നു പറഞ്ഞത്.

### വാല്മീകിയും ഭരദ്വാജനും

സത്യദർശിയായ വാല്മീകി മഹർഷിയുടെ ശിഷ്യനാണു ഭരദ്വാജൻ. ഒരു ദിവസം ഭരദ്വാജൻ ഗുരുവിനെ വണങ്ങി ഇങ്ങനെ ചോദിച്ചു. "പ്രഭോ, ക്ലേശ ഭൂയിഷ്ടമായ സംസാരരംഗത്ത് രാമൻ എങ്ങനെയാണു കഴിച്ചുകൂട്ടിയത്? ദയവായി അതെനിക്കു വെളിപ്പെടുത്തിത്തരണം." വാല്മീകി പറഞ്ഞു: "കുഞ്ഞേ, നീ ഇതു ചോദിച്ചതു നന്ന്. ഈ ചോദ്യത്തിനുത്തരം കേട്ടാൽ നിന്റെ മാനസിക മോഹം അകന്നുകിട്ടുന്നതാണ്."

2. ഭ്രമസ്യ ജാഗതസ്യാ സ്യ ജാതസ്യാകാശവർണവത്
അപുനഃസ്മരണം സാധോ മന്യേവിസ്മരണം വരം.

സാധോ-അല്ലയോ ഭരദ്വാജ; ആകാശവർണവത് ജാതസ്യ-ആകാശ നീലിമ പോലെ വെറുതേ ഉണ്ടെന്നു തോന്നുന്ന; ജാഗതസ്യ അസ്യ ഭ്രമസ്യ-ജഗത് സംബന്ധിയായ ഈ ഭ്രമത്തെ; അപുനഃസ്മരണം വിസ്മരണം-വീണ്ടും ഓർമിക്കാൻ ഇടവരാത്തവണ്ണം മറക്കുന്നതാണ്; വരം-ജീവിതം ധന്യമാ ക്കാനുള്ള ശ്രേഷ്ഠമായ ഉപായം.

അല്ലയോ ഭരദ്വാജ, ആകാശനീലിമ പോലെ വെറുതേ ഉണ്ടെന്നു തോന്നുന്ന ജഗത് സംബന്ധിയായ ഈ ഭ്രമത്തെ വീണ്ടും ഓർമിക്കാൻ ഇടവരാത്തവണ്ണം മറക്കുന്നതാണ് ജീവിതം ധന്യമാക്കാനുള്ള ശ്രേഷ്ഠമായ ഉപായം.

### മന്യേ വിസ്മരണം വരം

ആകാശത്തിൽ കാണപ്പെടുന്ന നീല മേൽക്കട്ടിപോലെ ഈ ജഗത്ത് ഒരു

digitized by www.sreyas.in

ഭ്രമമാണ്. ഇതെവിടെനിന്നുണ്ടാകുന്നുവെന്നോ എവിടെ ലയിക്കുന്നുവെന്നോ ആർക്കും നിശ്ചയമില്ല. തുടക്കവും ഒടുക്കവും ബോധ്യപ്പെടാതെ ഇടക്കാലത്തു മാത്രം ഉണ്ടെന്നുതോന്നുന്നതാണ് ഭ്രമം. എന്തിനുണ്ടാകുന്നു എന്തിനുമറയുന്നു എന്നും ആർക്കും അറിഞ്ഞുകൂടാ. പ്രയോജനരഹിതമായ കാഴ്ച ഭ്രമമാണ്. ആകാശത്തിലെ മേൽക്കട്ടി അടുത്തുചെന്നന്വേഷിച്ചാൽ ഇല്ലാതായി മറയും. അതുപോലെ അന്തർമുഖമായി സങ്കൽപ്പങ്ങളെ കൈവെടിഞ്ഞു ജഗത്തിനെ അന്വേഷിക്കുന്നവർക്ക് അതില്ലാതായി മറയും. അതുകൊണ്ടും ഇത് ഭ്രമമാണെന്നു തീരുമാനിക്കാം. ഭ്രമദുഃഖത്തിൽ നിന്നും രക്ഷപ്പെടാൻ എന്താണുമാർഗം? വീണ്ടും ഓർമിക്കാൻ ഇടവരാത്ത വണ്ണം ഭ്രമാനുഭവത്തെ മറക്കുക; അതാണുമാർഗം.

അങ്ങനെയാണെങ്കിൽ ജഗത് ഭ്രമത്തെ മറക്കാനുള്ള ഉപായമെന്താണ്? ഈ ചോദ്യത്തിന് മറുപടി പറയുന്നു:

3. ദൃശ്യം നാസ്തീതി ബോധേന മനസോ ദൃശ്യമാർജനം
സമ്പന്നം ചേത്തദുൽപ്പന്നാ പരാനിർവാണ നിർവൃതിഃ

ദൃശ്യംനാസ്തി-കാണപ്പെടുന്ന കാഴ്ച ഇല്ലാത്തതാണ്; ഇതിബോധേന - എന്നു ചിന്തിച്ചറിഞ്ഞ്; മനസഃ -മനസ്സിൽനിന്നും; ദൃശ്യമാർജനം സമ്പന്നം ചേത്-കാഴ്ചയെ തുടച്ചുമാറ്റാമെങ്കിൽ; തത്-അതുതന്നെയാണ്; ഉൽപ്പന്നാ പരാ നിർവാണനിർവൃതിഃ-സ്വരൂപാനുഭവമായി തെളിയുന്ന അതിരറ്റ മോക്ഷ സുഖം.

കാണപ്പെടുന്ന കാഴ്ച ഇല്ലാത്തതാണ് എന്നു ചിന്തിച്ചറിഞ്ഞ് മനസ്സിൽനിന്നും കാഴ്ചയെ തുടച്ചുമാറ്റാമെങ്കിൽ അതുതന്നെയാണ് സ്വരൂപാനുഭവമായി തെളിയുന്ന അതിരറ്റ മോക്ഷസുഖം.

### പരാനിർവാണ നിർവൃതി

ആര് എവിടെ എന്തനുഭവിച്ചാലും അത് രണ്ടു ഘടകങ്ങളായി വേർതിരിയുന്നു. ആ രണ്ടു ഘടകങ്ങളാണ് ദൃക്കും ദൃശ്യവും; അതായത് കാഴ്ചക്കാരനും കാഴ്ചയും. കാഴ്ചക്കാരൻ ബോധം; കാഴ്ച ജഡം. ദൃക്കായ ബോധം കാഴ്ചയായ ജഡത്തെ കൈവെടിഞ്ഞാൽ പിന്നെ ജഡം ഇല്ലേ ഇല്ല. അനുഭവപ്പെടാത്തതൊന്നും ഉള്ളതാവുകയില്ല. ബോധത്തിനു ജഡത്തെ എങ്ങനെ കൈവെടിയാൻ കഴിയും? ദൃക്ക് എവിടെയും ദൃശ്യത്തെ അനുഭവിക്കുന്നതു സങ്കൽപമെന്ന മാധ്യമത്തിലൂടെയാണ്. ദൃക്കായ ബോധം കുടം ഉണ്ടെന്നനുഭവിക്കുന്നു എന്നിരിക്കട്ടെ. 'കുടം ഉണ്ട്' എന്നു സങ്കൽപ്പിച്ചിട്ടാണ് കുടത്തെ അനുഭവിക്കുന്നത്. അപ്പോൾ ബോധം, സങ്കൽപ്പം, അനുഭവം ഇതാണെവിടെയും ദൃശ്യാനുഭവസ്വരൂപം. സങ്കൽപ്പം ബോധത്തിന് അംഗീകരിക്കുകയോ മാറ്റിമറിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാവുന്ന ഒരു പ്രതിഭാസമാണ്. 'കുടം ഉണ്ട്' എന്ന സങ്കൽപ്പം അംഗീകരിക്കുന്നതിന് മുൻപ് ശുദ്ധബോധം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്ങനെയറിയാം? ആ സങ്കൽപ്പം ഉപേക്ഷിച്ചാൽ ശുദ്ധബോധം അവശേഷിക്കും. അങ്ങനെയറിയാം. ഇനി കുടത്തിന്റെ സ്ഥാനത്ത് മണ്ണിനെ സങ്കൽപ്പിച്ചാൽ മണ്ണിനെ അനുഭവിക്കാൻ കഴിയും. അങ്ങനെ സങ്കൽപ്പത്തെ വേണമെങ്കിൽ മാറ്റിമറിക്കുകയും ചെയ്യാം. അപ്പോൾ ദൃശ്യങ്ങളെ തുടച്ചുമാറ്റാനുള്ള വഴി സ്പഷ്ടം. ആദ്യമായി ദൃശ്യങ്ങൾ ഭ്രമാനുഭവങ്ങളാണെന്നു ശാസ്ത്രീയമായി ചിന്തിച്ചുറപ്പിക്കുക. എന്നിട്ട് ദൃശ്യസ

digitized by www.sreyas.in

ങ്കൽപ്പങ്ങളെ പുറം തള്ളുക. അതോടെ ദൃശ്യങ്ങളും സങ്കൽപ്പങ്ങളും ഇല്ലാതാകും. ശുദ്ധബോധം അവശേഷിക്കും. ഇതുതന്നെയാണ് അനന്തമായ മോക്ഷസുഖം. ഇനി ദൃശ്യമാർജനത്തിനു മറ്റൊരുപായവുമാകാം. കുടത്തിനെ മണ്ണായി സങ്കൽപ്പിച്ചതുപോലെ ദൃശ്യങ്ങളെയെല്ലാം അതിന്റെ പരമ കാരണമായ ബോധസത്യമായി സങ്കൽപ്പിക്കുക. പലതരം ആഭരണങ്ങൾ നിരന്നിരിക്കുന്നതു കണ്ടിട്ട് ഒരാൾ അവയിലെ നാമരൂപങ്ങൾ പുറംതള്ളി അവയിലൊക്കെ കനകത്തെ സങ്കൽപ്പിക്കുകയാണെങ്കിൽ അയാൾ *കനകൈക മഹാബുദ്ധി* അനുഭവിക്കാനിടവരുന്നു. അതുപോലെ ദൃശ്യങ്ങളിലെ നാമരൂപസങ്കൽപ്പങ്ങൾക്കു പകരം ആ സ്ഥാനത്ത് അവയിൽ അകവും പുറവും നിറഞ്ഞു നിൽക്കുന്ന ബോധസത്യത്തെ സങ്കൽപ്പിക്കുന്നയാൾക്ക് എല്ലാ ദൃശ്യങ്ങളിലും ബോധൈകമഹാബുദ്ധി അഥവാ ബ്രഹ്മൈകമഹാബുദ്ധി അനുഭവിക്കാൻ കഴിയും. ഈ നിലയിലും ദൃശ്യമാർജനം സമ്പന്നമാക്കാം. ഇതിലേതുപായം അംഗീകരിച്ചായാലും ദൃശ്യമാർജനം സമ്പന്നമാക്കിയാൽ അതുതന്നെയാണു പരാനിർവാണനിർവൃതി.

ഈ ദൃശ്യമാർജനം അനുഭവപ്പെടുത്താതെ ശാസ്ത്രഗർത്തങ്ങളിൽ മുങ്ങിപ്പൊങ്ങിയതുകൊണ്ടു മാത്രം വിശേഷമൊന്നുമില്ല. അനേകകൽപ്പം ശാസ്ത്രചർച്ച ചെയ്താലും ഇതു സാധിക്കുന്നില്ലെങ്കിൽ അജ്ഞാനം അവശേഷിക്കും. അതിരിക്കട്ടെ. ഈ ദൃശ്യാനുഭവഭ്രമം ഉണ്ടാകാനെന്താണു കാരണം. കാരണമറിഞ്ഞാൽ ആ കാരണത്തെത്തന്നെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കാമല്ലോ. പറയാം;

4. അശേഷേണ പരിത്യാഗോ വാസനാനാം യ ഉത്തമഃ
മോക്ഷ ഇത്യുച്യതേ സദ്ഭിഃ സ ഏവ വിമലക്രമഃ

വാസനാനാം അശേഷേണ-വാസനകളെ പൂർണമായും; പരിത്യാഗഃയഃ -പരിത്യജിക്കുന്നതാണ്; ഉത്തമഃ മോക്ഷഃ-ഉത്തമമായ മോക്ഷം; ഇതി സദ്ഭിഃ ഉച്യതേ-എന്നു സജ്ജനങ്ങൾ പറയുന്നു; സഃഏവ-അതുതന്നെയാണ്; വിമലക്രമഃ-മോക്ഷത്തിനുള്ള രാജപാത.

വാസനകളെ പൂർണമായും പരിത്യജിക്കുന്നതാണു ഉത്തമമായ മോക്ഷം എന്നു സജ്ജനങ്ങൾ പറയുന്നു. അതുതന്നെയാണ് മോക്ഷത്തിനുള്ള രാജപാത.

**സ ഏവ വിമലക്രമഃ**

വാസനകളെ പൂർണമായും പരിത്യജിക്കുന്നതാണു മോക്ഷത്തിനുള്ള രാജപാത. എന്താണു വാസന? മുൻപിൻ വിചാരമില്ലാതെ ദൃശ്യങ്ങളെ സത്യമെന്നു കണക്കാക്കുന്നതാണ് വാസന. അതിന്റെ ഫലമായി രൂപംകൊള്ളുന്ന രാഗദ്വേഷങ്ങളാണ് വാസനയുടെ പ്രകടരൂപങ്ങൾ. നമ്മുടെ മുൻപിൽ ഒരു കുടം ഇരിക്കുന്നു എന്നു കരുതുക. കുടത്തെ മുൻപിൻ വിചാരം ചെയ്തു നോക്കിയാൽ അതു ദൃക്കായ ബോധത്തിലെ തന്നെ രൂപമാണെന്ന് കാണാൻ കഴിയും. ബോധത്തിൽ കുടം എന്ന സങ്കൽപ്പം ഉണ്ടാകുന്നതിനുമുൻപ് കുടം ഇല്ലായിരുന്നു. ബോധം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇനി ബോധത്തിൽ കുടമെന്ന സങ്കൽപ്പം വിട്ടു പോയാൽ കുടം ഇല്ലാതാവുകയും ചെയ്യും. ബോധം മാത്രം അവശേഷിക്കും. അപ്പോൾ മുൻപും പിൻപും ഉണ്ടായിരുന്നതു ബോധം മാത്രം. അതുകൊണ്ട് സങ്കൽപ്പം ഹേതുവായി ഇടയ്ക്കുവന്നു

digitized by www.sreyas.in

ചേർന്ന കുടത്തിന്റെ അനുഭവം ബോധത്തിന്റെ തന്നെ രൂപാന്തരമാണ്. മൂന്നു കാലത്തും ഉള്ളതു ബോധം മാത്രം. എന്തുകൊണ്ട്? ബോധമില്ലേ കുടമില്ല. കുടമില്ലെങ്കിലും ബോധം അവശേഷിക്കുകയും ചെയ്യുന്നു. പ്രാണസ്പന്ദനമാണ് കുടത്തിന്റെ രൂപത്തിൽ കാണപ്പെടുന്നത്. എങ്ങും നിറഞ്ഞുനിൽക്കുന്ന അഖണ്ഡനിശ്ചലബോധത്തിൽ നിന്നാണു പ്രാണൻ സ്പന്ദിക്കുന്നതെന്ന് വേദാന്തശാസ്ത്രം ശ്രുതിയുക്ത്യനുഭവങ്ങളിലൂടെ സംശയാതീതമായി തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. അപ്പോൾ ബോധം തന്നെയാണ് പ്രാണരൂപവും തുടർന്ന് കുടരൂപവും കൈക്കൊണ്ടിരിക്കുന്ന സത്യവസ്തു. ഇങ്ങനെ വിശകലനം ചെയ്തു വിചാരം ചെയ്യുമ്പോൾ പലതായിക്കാണപ്പെടുന്ന ദൃശ്യങ്ങൾ ഒരേ വസ്തുതന്നെയെന്നു തെളിയും. പലത് അസത്യം. ഒന്ന് സത്യം. വസ്തുതയിതാണെങ്കിൽ പലതു സത്യമെന്നു തോന്നുന്നതുകൊണ്ടുണ്ടാകുന്ന രാഗദ്വേഷങ്ങൾ അജ്ഞതയുടെ ഫലമാണ്. ഇക്കാര്യമുറപ്പിച്ച് രാഗദ്വേഷങ്ങൾ വെടിഞ്ഞ് എല്ലാ ദൃശ്യങ്ങളിലും ഏകവസ്തുവായ ബ്രഹ്മത്തെ അഥവാ ബോധത്തെ വിചാരം ചെയ്തുറപ്പിക്കുന്നതാണ് അശേഷേണയുള്ള വാസനാ പരിത്യാഗം. ഈ അദ്വൈതബോധത്തിൽ ബുദ്ധിക്കുറപ്പുവരുന്നതോടെ ചിത്തം രാഗദ്വേഷവിമുക്തമായി അസാധാരണമായ ശാന്തിയും സുഖവും അനുഭവിക്കും. തുടർന്നു താനും ജഗത്തും ആനന്ദസ്വരൂപമായ ഒരഴിവുമില്ലാത്ത ഒരേഒരു ബ്രഹ്മം തന്നെയാണെന്ന് സൂര്യതുല്യം തെളിയും. ഈ അനുഭവം തന്നെയാണ് മോക്ഷം.

വാസന എത്രവിധമാണ്. അവയെങ്ങനെയൊക്കെയാണ് ജീവിതത്തെ നിയന്ത്രിക്കുന്നത്; കേട്ടോളൂ:

5. വാസനാ ദ്വിവിധാ പ്രോക്താ ശുദ്ധാ ച മലിനാ തഥാ
മലിനാ ജന്മനോ ഹേതുഃ ശുദ്ധാ ജന്മവിനാശിനീ

വാസനാ ദ്വിവിധാ പ്രോക്താ-വാസന രണ്ടു വിധമുണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്; ശുദ്ധാതഥാമലിനാച-ശുദ്ധവാസനയെന്നും മലിനവാസനയെന്നും; മലിനാജന്മനഃ ഹേതുഃ-മലിനവാസന വീണ്ടും ജനനമരണങ്ങൾക്കു കാരണമായി ഭവിക്കുന്നു. ശുദ്ധാജന്മവിനാശിനീ-ശുദ്ധവാസന എന്നെന്നേയ്ക്കുമായി ജനനമരണഭ്രമം ഇല്ലാതാക്കിത്തീർക്കുന്നു.

വാസന രണ്ടുവിധമുണ്ടെന്നു തീരുമാനിച്ചിട്ടുണ്ട്; ശുദ്ധവാസനയെന്നും മലിനവാസനയെന്നും. മലിനവാസന വീണ്ടും ജനന മരണങ്ങൾക്കു കാരണമായി ഭവിക്കുന്നു. ശുദ്ധവാസന എന്നെന്നേയ്ക്കുമായി ജനനമരണഭ്രമം ഇല്ലാതാക്കിത്തീർക്കുന്നു. അടുത്ത രണ്ടു പദ്യങ്ങൾ ഇവയുടെ വ്യത്യാസം വെളിപ്പെടുത്തുന്നവയാണ്:

6. അജ്ഞാന സുഘനാകാരാ ഘനാഹംകാര ശാലിനീ
പുനർജന്മകരീ പ്രോക്താ മലിനാ വാസനാ ബുധൈഃ

7. പുനർജന്മാങ്കുരാംസ്ത്യക്ത്വാ സ്ഥിതാ സംഭ്രഷ്ട ബീജവത്
ദേഹാർഥം ധ്രിയതേ ജ്ഞാത ജ്ഞേയാ ശുദ്ധേതി ചോച്യതേ

അജ്ഞാനസുഘനാകാരാ-പലതുസത്യമെന്നു തോന്നിപ്പിക്കുന്ന അജ്ഞാനം നല്ലപോലെ കട്ടിപിടിച്ചതും; ഘനാഹങ്കാരശാലിനീ-ഞാൻ, ഞാൻ എന്ന അഹങ്കാരഭാവം വളരെ ശക്തിപ്പെട്ടതും; പുനർജന്മകരീ-അക്കാരണങ്ങളാൽ ആവർത്തിച്ചുള്ള ജനനമരണ ഭ്രമത്തിനിടയാക്കുന്ന

digitized by www.sreyas.in

തുമാണ്; മലിനാവാസനാ-മലിനവാസനയെന്നു; ബുധൈഃ പ്രോക്താ - അറിവുള്ളവർ പറയുന്നു; പുനർജന്മാങ്കുരാൻത്യക്ത്വാ-ജനനമരണഭ്രമത്തെ പാടെ പുറംതള്ളുന്നതും; ജ്ഞാതജ്ഞേയാ-അറിയേണ്ട അദ്വൈതസത്യത്തെ അറിഞ്ഞതും; സംഭ്രഷ്ടബീജവത്സ്ഥിതാ-വറുത്ത വിത്തുപോലെ അവശേഷിക്കുന്നതുമായ വാസനയെ; ശുദ്ധാഇതി ഉച്യതേ-ശുദ്ധയായും കണക്കാക്കുന്നു; ദേഹാർഥം ധ്രിയതേ-തത്കാലശരീരയാത്ര തുടരാൻ മാത്രം അതുപയോഗപ്പെടുന്നു.

പലതു സത്യമെന്നു തോന്നിപ്പിക്കുന്ന അജ്ഞാനം നല്ലപോലെ കട്ടിപിടിച്ചതും ഞാൻ, ഞാൻ എന്ന അഹങ്കാരഭാവം വളരെ ശക്തിപ്പെട്ടതും, അക്കാരണങ്ങളാൽ ആവർത്തിച്ചുള്ള ജനനമരണഭ്രമത്തിനിടയാക്കുന്നതുമാണു മലിനവാസനയെന്നും അറിവുള്ളവർ പറയുന്നു. ജനനമരണഭ്രമത്തെ പാടെ പുറം തള്ളുന്നതും, അറിയേണ്ട അദ്വൈതസത്യത്തെ അറിഞ്ഞതും വറുത്ത വിത്തുപോലെ അവശേഷിക്കുന്നതുമായ വാസനയെ ശുദ്ധയായും കണക്കാക്കുന്നു. തത്കാലശരീരയാത്ര തുടരാൻമാത്രം അതുപകാരപ്പെടുന്നു.

## മലിനവാസനയും ശുദ്ധവാസനയും

മുൻപിൻ വിചാരംകൂടാതെ ദൃശ്യങ്ങളെ സത്യമെന്നു കരുതുന്നതാണു വാസന. രാഗദ്വേഷങ്ങളാണു വാസനയുടെ പ്രകടരൂപങ്ങൾ. ഇക്കാര്യങ്ങൾ കൂടുതൽ ശക്തിപ്രാപിക്കുന്തോറും വാസന മലിനയാകും. ശക്തികുറയുന്തോറും വാസന ശുദ്ധയാകും. ദൃശ്യങ്ങളെ സത്യമെന്നു കരുതുന്നതാണ് അജ്ഞാനം. മലിനവാസനയിൽ ഈ അജ്ഞാനം കൂടുതൽ കട്ടിപിടിക്കും. പലതു കാണുന്നതു ഭ്രമമാണ്, വസ്തു ഒന്നേയുള്ളൂ എന്നു ബോധ്യപ്പെട്ടു വരുന്തോറും വാസന ശുദ്ധയാവും. ജഡദൃശ്യങ്ങൾ സത്യമെന്നു തോന്നിയാൽ സുഖത്തിനുവേണ്ടി അവ കൂടുതൽ സംഭരിക്കാനുള്ള ആഗ്രഹങ്ങൾ പെരുകിവരും. അങ്ങനെ രാഗദ്വേഷങ്ങൾ വളരും. മരണവേളയിലും ആഗ്രഹങ്ങളും രാഗദ്വേഷങ്ങളും ബാക്കിവന്നാൽ അവ അനുഭവിക്കാനായി വീണ്ടും ജനിക്കാതെ തരമില്ലല്ലോ. അപ്പോൾ മലിനവാസന ജനനമരണഭ്രമം ആവർത്തിക്കാനിടയാക്കും. ജഡദൃശ്യങ്ങൾ സത്യമല്ല. വസ്തു ഒന്നേയുള്ളൂ എന്നുറപ്പുവന്നാൽ രാഗദ്വേഷങ്ങൾ കുറയും. ആത്മാനന്ദം തെളിയും, വസ്തു ഒന്നേയുള്ളൂവെങ്കിൽ ആരു ജനിക്കാൻ? ആരു മരിക്കാൻ? അങ്ങനെ ശുദ്ധവാസന ജനനമരണഭ്രമം ക്രമേണ ഒഴിവാക്കും. ജഡദൃശ്യങ്ങൾ സ്വായത്തമാക്കി കർമരംഗത്തു വർത്തിക്കുന്നിടത്തോളം ഞാൻ, എന്റേത് എന്ന അഹന്താ മമതാമോഹം പെരുകിക്കൊണ്ടേയിരിക്കും. ഇതാണു ഘനാഹങ്കാരശാലിത്വം. ഇതു സത്യാനുഭവത്തെ പാടെ മറച്ചുകളയും. അദ്വൈതബോധം അഹന്താ മമതാമോഹത്തെ അനുനിമിഷം കുറയ്ക്കും. മോഹം കുറയുന്തോറും അദ്വൈതബോധസത്യം കൂടുതൽ തെളിയും. അങ്ങനെ ശുദ്ധവാസന ജ്ഞാതജ്ഞേയയായി ഭവിക്കും; അറിയേണ്ടതറിഞ്ഞതായി ഭവിക്കുമെന്നു താൽപ്പര്യം. ശുദ്ധവാസന വറുത്ത വിത്തു പോലെയാണ്. വറുത്ത വിത്തു വേണമെങ്കിൽ പാകം ചെയ്തു ഭക്ഷിക്കാം; എന്നാൽ അതു മുളയ്ക്കുകയില്ല. അതുപോലെ ശുദ്ധവാസന പ്രാരബ്ധം ക്ഷയിപ്പിക്കാനുള്ള ദേഹയാത്രയ്ക്കുപകരിക്കും; എന്നാൽ വീണ്ടുമുള്ള ജന്മത്തിന് കാരണമായി ഭവിക്കുന്നില്ല. ശുദ്ധവാസനയാൽ ജന്മത്തിന്റെ മുളപ്പുകളെല്ലാം ക്രമേണ നഷ്ടമാകുന്നു. മലിനവാസന

digitized by www.sreyas.in

പ്രവൃത്തിമാർഗത്തെ ശക്തിപ്പെടുത്തുന്നു. ശുദ്ധവാസന നിവൃത്തിമാർഗത്തിൽ വഴിതെളിക്കുന്നു. മലിനവാസനയാണവിദ്യ; ശുദ്ധവാസന വിദ്യ. മലിനവാസന പ്രേയോമാർഗം; ശുദ്ധ വാസന ശ്രേയോമാർഗം. മലിനവാസന ആസുരീസമ്പത്ത്. ശുദ്ധവാസന ദൈവീസമ്പത്ത്. മലിനവാസന സംസാരചക്രത്തിൽ തിരിഞ്ഞുകൊണ്ടേയിരിക്കും; ശുദ്ധവാസന ജീവബ്രഹ്മൈക്യത്തിലെത്തി അവസാനിക്കും.

ജീവിച്ചിരിക്കുമ്പോൾ തന്നെ ശുദ്ധവാസന വളർന്നു വികസിച്ചാൽ ഒരാൾ ആരായി ഭവിക്കും; എന്തു പ്രയോജനമുണ്ടാവും? ഭരദ്വാജനു തോന്നാവുന്ന ഈ സംശയത്തിന് വാല്മീകി മറുപടി പറയുന്നു:

8. യേ ശുദ്ധവാസനാ ഭൂയോ ന ജന്മാനർഥഭാജനം.
ജ്ഞാത ജ്ഞേയാസ്ത ഉച്യന്തേ ജീവന്മുക്താ മഹാധിയഃ

യേ-ആരാണോ; ശുദ്ധവാസനാഃ-ശുദ്ധവാസന വളർത്തി; ജ്ഞാത ജ്ഞേയാഃ-അറിയേണ്ടതറിഞ്ഞവരായിത്തീരുന്നത്; തേ ഭൂയഃ-അവർ വീണ്ടും; ജന്മാനർഥഭാജനം ന-ജനനമരണരൂപമായ അനർഥത്തിന് പാത്രമായിത്തീരുന്നില്ല; മഹാധിയഃ തേ-പരമസത്യം ഉറപ്പുവന്ന അവർ; ജീവൻമുക്താഃ ഉച്യന്തേ-ജീവന്മുക്തൻമാരെന്നറിയപ്പെടുന്നു.

ആരാണോ ശുദ്ധവാസന വളർത്തി അറിയേണ്ടതറിഞ്ഞവരായി തീരുന്നത് അവർ വീണ്ടും ജനനമരണ രൂപമായ അനർഥത്തിന് പാത്രമായി തീരുന്നില്ല, പരമസത്യം ഉറപ്പുവന്ന അവർ ജീവന്മുക്തൻമാരെന്നറിയപ്പെടുന്നു.

### തേ ജീവന്മുക്താ മഹാധിയഃ

സംസാരബന്ധത്തിനു കാരണം വാസനയാണ്. വാസന പൂർണമായും വിട്ടു പോകുന്നതാണു ജീവന്മുക്തി. വാസനാനദി രണ്ടു കൈവഴികളായി പിരിഞ്ഞാണൊഴുകുന്നത്; മലിനവാസന, ശുദ്ധവാസന. ജീവന്മുക്തി കൊതിക്കുന്നയാൾ ആദ്യം പൗരുഷത്തോടെ മലിനവാസനയകറ്റി ശുദ്ധവാസന അഭ്യസിക്കണം. തുടർന്ന് മനസ്സിനെ സർവത്ര ബ്രഹ്മഭാവന അഭ്യസിപ്പിച്ച് ശുദ്ധവാസനയേയും പുറംതള്ളണം. ബുദ്ധിക്ക് സർവത്ര അദ്വൈത വസ്തു ഉറപ്പുവരുന്നതാണു ജീവന്മുക്തി. അറിയേണ്ടതറിഞ്ഞു; നേടേണ്ടതു നേടി. ഇനിയൊന്നും അറിയാനില്ല; ഒന്നും നേടാനുമില്ല; ഇതാണു ജീവന്മുക്തന്റെ സംതൃപ്തി.

### രാമന്റെ വൈരാഗ്യം

ക്ലേശഭൂയിഷ്ഠമായ സംസാരരംഗത്ത് രാമൻ എങ്ങനെ വർത്തിച്ചു എന്നായിരുന്നല്ലോ ഭരദ്വാജൻ ചോദിച്ചത്. വാല്മീകി തുടർന്നു.

"ഗുരുകുല വാസം കഴിഞ്ഞു രാമൻ കൊട്ടാരത്തിൽ താമസമായി. ലീലാവിലാസമയനായി നിർഭയനായി കാലം കഴിച്ചുകൂട്ടി. കാലം കടന്നുപോയി. ശുദ്ധവാസനാമയനായ രാമന് തീർഥസ്ഥാനങ്ങളും പുണ്യാശ്രമങ്ങളും കാണാൻ കൗതുകം തോന്നി. അച്ഛനെ സമീപിച്ചു കാൽക്കൽ വണങ്ങി അനുവാദം ചോദിച്ചു. രാമൻ പറഞ്ഞു: "പിതാവേ, ദിവ്യതീർഥങ്ങളും പുണ്യക്ഷേത്രങ്ങളും തപോവനങ്ങളും മുനിവാടങ്ങളും കാണാൻ എന്റെ മനസ്സു കൊതിക്കുന്നു. അതിനായി അനുവദിച്ചനുഗ്രഹിക്കണം: ആചാര്യനായ വസിഷ്ഠനുമായാലോചിച്ചു പിതാവ് അനുമതി നൽകി. നല്ല നക്ഷത്രത്തിൽ ശുഭദിവസം നോക്കി രാമൻ സഹോദരന്മാരോടുകൂടി തീർഥയാത്ര പുറപ്പെട്ടു. കോസ

digitized by www.sreyas.in

ലമണ്ഡലം കടന്നു യാത്രയായി. സ്നാനം, ദാനം, ജപം, ധ്യാനം എന്നിവ യഥായോഗ്യം അനുഷ്ഠിച്ചു മുന്നോട്ടു നീങ്ങി. പുണ്യനദികൾ, പവിത്ര തീർഥങ്ങൾ, തപോവനങ്ങൾ, ദിവ്യാശ്രമങ്ങൾ, വനമധ്യങ്ങൾ, പർവതപ്രാന്തങ്ങൾ, സാഗരതീരങ്ങൾ ഇവയെല്ലാം കണ്ടു കൗതുകമാർന്നു.

അവിടവിടെ ജനങ്ങളാൽ ബഹുമാനിതനായി എല്ലാ ദിക്കിലും സഞ്ചരിച്ചുമടങ്ങി. ശിവൻ കൈലാസത്തിലെന്നപോലെ അയോധ്യയിൽ തിരിച്ചെത്തി. ഇന്ദ്രപുത്രനായ ജയന്തനെ സ്വർഗവാസികളെന്നപോലെ രാമനെ പൗരജനങ്ങൾ പുഷ്പവൃഷ്ടിചൊരിഞ്ഞെതിരേറ്റു. തീർഥയാത്രയുടെ മധുരാനുഭവങ്ങൾ ആസ്വദിച്ചും പറഞ്ഞുകേൾപ്പിച്ചും കാലം പിന്നെയും കടന്നുപോയി. കാലത്തേ എഴുന്നേറ്റു സന്ധ്യാവന്ദനം കഴിച്ചു സഭാതലത്തിലെത്തി ഇന്ദ്രതുല്യനായി വിളങ്ങുന്ന പിതാവിനെ വണങ്ങും. അവിടെ പിതാവിനോടൊപ്പം ആചാര്യവസിഷ്ഠനുമായി അറിവിന്റെ അമൂല്യരത്നങ്ങൾ നിറഞ്ഞ വിചിത്ര സംഭാഷണങ്ങളിൽ കുറേനേരം കഴിച്ചുകൂട്ടും. ചിലപ്പോഴൊക്കെ സേനാസമേതനായി വനാന്തർഭാഗങ്ങളിലെത്തി മൃഗയാവിനോദത്തിലേർപ്പെടും. നായാട്ടുകഴിഞ്ഞു മടങ്ങിയെത്തി സ്നാനാശനാദി നിർവഹിച്ചു രാത്രി കഴിച്ചുകൂട്ടും. ഇതായിരുന്നു രാമന്റെ ദിനചര്യ. രാജ്യകാര്യങ്ങളിലേർപ്പെട്ടും സജ്ജനഹൃദയങ്ങളിൽ ചന്ദ്രികാശീതളത പകർന്നും അമൃതനിഷ്യന്ദിയായ ദിനചര്യയോടുകൂടി രാമനങ്ങനെ കാലം കഴിച്ചു. മലിനവാസന നിശ്ശേഷം മാറി രാമഹൃദയം ശുദ്ധവാസനയുടെ ദീപ്തിയാൽ ജ്വലിച്ചു നിന്നു എന്നു താൽപ്പര്യം.

പതിനാറു വയസ്സുതികഞ്ഞിരുന്നില്ല രാമന്റെ പ്രായം. എന്നാൽ തീർഥയാത്ര കഴിഞ്ഞുവന്നതിൽപിന്നെ രാമന്റെ ദേഹം ശരത്കാലസരസ്സെന്നപോലെ അനുദിനം ശോഷിച്ചു കാണപ്പെട്ടു. വിശാലങ്ങളായ കണ്ണുകളോടുകൂടിയ മുഖം ക്രമേണ വിളറിവെളുത്തുവന്നു. വണ്ടുകൾ പറ്റിയ താമരപ്പൂവ് ദിവസം ചെല്ലുന്തോറും വാടിവെളുക്കുന്നതുപോലെ. ക്രമേണ ദിനകൃത്യങ്ങളൊക്കെച്ചുരുങ്ങി. കവിളിൽ കൈയും കൊടുത്ത് അധികസമയവും ചിന്തയിലാണ്ടിരിപ്പായി. ദേഹം മെലിഞ്ഞ് ചിന്താമഗ്നനായി മുഖം വാടി മനസ്സു തളർന്നു കാണപ്പെട്ടു. ആരോടും ഒന്നും മിണ്ടാതായി. പലപ്പോഴും, ചിത്രത്തിലെന്നപോലെ നിശ്ചലനായി വർത്തിച്ചു. പരിജനങ്ങളുടെ നിർബന്ധത്തിനു വഴങ്ങിമാത്രം ചിലപ്പോൾ ചില ദിനചര്യകൾ നിർവഹിച്ചുപോന്നു. അതും വാടിയ മുഖാംബുജത്തോടുകൂടി. ദശരഥൻ പലപ്പോഴും മകനെ മടിയിലിരുത്തി ആശ്ലേഷിച്ചുകൊണ്ടു ദുഃഖകാരണമാരാഞ്ഞു. അപ്പോഴൊക്കെ ഒന്നുമില്ലെന്നു പറഞ്ഞു രാമൻ ഒഴിഞ്ഞുമാറുകയാണു ചെയ്തത്.

### വിശ്വാമിത്രാഗമനം

ഇക്കാലത്താണൊരിക്കൽ വിശ്വാമിത്രമുനി ദശരഥനെ കാണാനായി അയോധ്യയിലെത്തിയത്. ബ്രഹ്മതേജസിന്റെ പരിവേഷമണിഞ്ഞ മഹാമുനിയെ ദശരഥൻ സന്തോഷപൂർവം എതിരേറ്റു പൂജിച്ചു സുവർണ പീഠത്തിൽ ഉപവിഷ്ടനാക്കി. അർഘ്യപാദ്യാദിയും വിലപിടിപ്പുള്ള ഉപഹാരങ്ങളും സമർപ്പിച്ചു. കൈകൂപ്പി രാജാവ് മഹർഷിയോടിങ്ങനെ പറഞ്ഞു: ഒരു തേജഃപുഞ്ജമെന്നപോലെ അപ്രതീക്ഷിതമായുണ്ടായ അങ്ങയുടെ ദർശനം കൊണ്ടു ഞാൻ അതീവ അനുഗൃഹീതനായിരിക്കുന്നു. സൂര്യനെക്കണ്ട താമരപ്പൊയ്കയെന്നപോലെ. ബ്രഹ്മാനന്ദം തന്നെ കിട്ടിയ തോന്നലാണെനിക്ക്.

digitized by www.sreyas.in

അമൃതം കിട്ടിയാലെന്നപോലെ, കൊടും വേനലിൽ മഴകിട്ടിയാലെന്നപോലെ, കുരുടനു കണ്ണു കിട്ടിയാലെന്നപോലെ എന്റെ ഹൃദയം ആനന്ദം കൊണ്ടുനിറയുന്നു. മരിച്ചയാൾ ആകാശം വഴി തിരിച്ചെത്തിയാലെന്നപോലെ അങ്ങയുടെ വരവ് എന്നിൽ അദ്ഭുതവും സന്തോഷവുമുളവാക്കുന്നു; അങ്ങേക്ക് ഹൃദയം നിറഞ്ഞുകവിയുന്ന സ്വാഗതം. എന്താണങ്ങയുടെ വരവിന്റെ ലക്ഷ്യം? അങ്ങയുടെ ഏതു നിർദേശവും നടപ്പാക്കാൻ ഞാൻ ഒരുക്കമാണ്. അങ്ങൊരു ദിവ്യതീർഥമാണ്; പരമധാർമികനാണ്. ഞാൻ സ്വയം ഗംഗാജലം കൊണ്ടഭിഷിക്തനായ പോലെ തോന്നുന്നു. എന്റെ ഉള്ളിൽ നിന്ന് ആഗ്രഹം, ഭയം, കോപം, രാഗം, ദ്വേഷം ഇവയൊക്കെ ഒഴിഞ്ഞു മാറിയപോലെ തോന്നുന്നു.; ഉള്ളിൽ അന്തഃശീതളത പെരുകിനിറയുന്നു. അങ്ങ് എന്നെ ഇങ്ങോട്ടന്വേഷിച്ചുവന്നു എന്നത് ഒരത്ഭുതമാണ്. അങ്ങേക്ക് എന്താണ് വേണ്ടത്; അത് നിറവേറ്റപ്പെട്ടുകഴിഞ്ഞു എന്നു കരുതിയാലും.

സിംഹവിക്രമനായ ദശരഥന്റെ ആശ്ചര്യഗംഭീരങ്ങളായ വാക്കുകൾ വിശ്വാമിത്രമഹർഷിയെ രോമാഞ്ചമണിയിച്ചു. തേജോമയനായ മഹാമുനി പ്രതിവചിച്ചു: 'രാജാവേ, ഈ വീരവാണി അങ്ങേക്ക് യോജിച്ചതുതന്നെ, മഹത്തായ സൂര്യവംശത്തിൽ പിറന്ന വസിഷ്ഠനു വശവർത്തിയായി കഴിയുന്ന പുണ്യശാലിയല്ലേ അങ്ങ്. അല്ലയോ ധീരാത്മൻ, ഞാൻ ലോകനന്മയ്ക്കായി ചില യജ്ഞകർമങ്ങൾ അനുഷ്ഠിച്ചുപോരുന്നു. പക്ഷെ ദുർബുദ്ധികളായ രാക്ഷസൻമാർ അതിനു പലരൂപത്തിലും തടസമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ അങ്ങയുടെ മുൻപിൽ ശരണാർഥിയാണ്; എന്നെ രക്ഷിച്ചാലും. അങ്ങയുടെ മകനില്ലേ, ശാർദൂലവിക്രമനായ രാമൻ; വീര്യപരാക്രമങ്ങളിൽ ഇന്ദ്രതുല്യൻ; രാക്ഷസവംശവിനാശനൻ; അങ്ങനെയുള്ള ആ മൂത്ത പുത്രനെ എന്നൊടൊപ്പമയയ്ക്കാൻ കരുണ കാണിക്കൂ. എന്റെ തേജസ്സു കൊണ്ടവനെ കാത്തുകൊള്ളാം. വിഘ്നകാരികളായ രാക്ഷസൻമാരുടെ തല കൊയ്യാൻ രാമൻ സമർഥനാണ്. ഇക്കാര്യത്തിൽ എന്റെ പുത്രൻ, എന്ന മമതാഭാവം അങ്ങയെ തടയാൻ ഇടയാകരുത്. മഹാത്മാക്കൾക്ക് അർഥികൾക്കു നൽകാൻ കഴിയാത്ത യാതൊന്നും ഈ ലോകത്തില്ല. ഞാൻ പ്രതിജ്ഞ ചെയ്യുന്നു; രാമനെ എന്റെ കൂടെ അയയ്ക്കുമെങ്കിൽ ആ രാക്ഷസൻമാർ നിശ്ചയമായും കൊല്ലപ്പെട്ടതായി അങ്ങു തീരുമാനിച്ചുകൊള്ളൂ. എന്നെപ്പോലെയുള്ള സത്യദർശികൾ സംശയാസ്പദങ്ങളായ കാര്യങ്ങളിൽ മുൻകൈയെടുക്കാറില്ല. രാജീവനേത്രനും മഹാത്മാവുമായ രാമൻ ആരെന്നെനിക്കു നല്ല പോലെ അറിയാം. ബ്രഹ്മനിഷ്ഠനായ വസിഷ്ഠനും മറ്റു സത്യദർശികളും രാമനെ വേണ്ടപോലെ അറിയുന്നു. ധർമം, മഹത്വം, കീർത്തി എന്നിവയിൽ അങ്ങേക്കുറപ്പുണ്ടെങ്കിൽ എനിക്ക് ഹിതകരനായ രാമനെ തരാൻ അങ്ങു തയാറാകണം.' ധർമാത്മാവും മഹാതേജസ്വിയുമായ വിശ്വാമിത്രമുനി നിശ്ചയദാർഢ്യത്തോടെ തന്റെ വാക്കുകൾ പറഞ്ഞുനിർത്തി.

## ദശരഥന്റെ പരിഭ്രാന്തി

മഹർഷിയുടെ വാക്കു കേട്ട് പരാക്രമശാലിയായ ദശരഥൻ അൽപ്പനേരം ചലനമറ്റിരുന്നു പോയി. എന്നിട്ട് വ്യാകുലചിത്തനായി ഇങ്ങനെ പറഞ്ഞു; 'പ്രിയദർശനനായ രാമനു പ്രായം പതിനാറു തികഞ്ഞിട്ടില്ല. രാക്ഷസൻമാരെ യുദ്ധ

digitized by www.sreyas.in

ത്തിൽ നേരിടാൻ അവനു കഴിയുമെന്നു തോന്നുന്നില്ല. വലിയൊരക്ഷൗഹിണി സൈന്യം എനിക്കധീനമായുണ്ട്; ഞാനാ സൈന്യത്തിന്റെ അധിപനാണ്; ആ സേനയോടൊപ്പം രാക്ഷസന്മാരെ യുദ്ധത്തിൽ ഞാൻ തന്നെ നേരിടാം. രണാങ്കണത്തിലെ ബലാബലങ്ങളൊന്നും കുമാരനായ രാമനു നിശ്ചയമില്ല. അന്തഃപുരമല്ലാതെ രാമൻ യുദ്ധക്കളം കണ്ടിട്ടില്ല. അല്ലയോ വിശ്വാമിത്രാ, ഞാൻ ജനിച്ചിട്ടു വളരെ നാളായി, ഈ വാർധക്യദശയിൽ വളരെ ക്ലേശിച്ചാണു നാലു പുത്രന്മാരെ സമ്പാദിച്ചത്. പ്രിയപ്പെട്ട രാമൻ അവരിൽ ജ്യേഷ്ഠനാണ്; രാമനില്ലെന്നു വന്നാൽ മറ്റു മൂന്നു പേരും പിന്നെ ജീവിക്കയില്ല. ആ രാമനെയാണ് അങ്ങു ഘോരരാക്ഷസന്മാരുടെ മുൻപിലേക്കു കൊണ്ടു പോകാനാഗ്രഹിക്കുന്നത്. രാമൻ പോയാൽ ആ നിമിഷം ഞാനും മരിച്ചു എന്നു തീരുമാനിച്ചു കൊള്ളൂ. ഇനിയും രാവണനാണോ അങ്ങേക്ക് തടസ്സമുണ്ടാക്കുന്നത്? എങ്കിൽ ആ ദുരാത്മാവിനെ ചെറുക്കാൻ ഞങ്ങളാരും തന്നെ ശക്തരല്ല. ചില പ്രത്യേക കാലങ്ങളിൽ മഹാബലവാൻമാരായി ഭൂമിയിൽ ചിലർ പിറക്കുന്നു. അവരെ ക്ഷയിപ്പിക്കാനും കാലത്തിനു മാത്രമേ കരുത്തുള്ളൂ. ഇപ്പോൾ അങ്ങനെയൊരു ബലവാനാണു രാവണൻ. അവനെ നേരിടാൻ ഞങ്ങൾ കരുത്തരല്ല. ഇതു നിയതിയുടെ നിശ്ചയമാണ്; അതു ലംഘിക്കാൻ ആർക്കും കഴിയില്ല. സജ്ജനങ്ങൾക്കു ശക്തിക്ഷയം സംഭവിച്ചിരിക്കുന്ന കാലമാണിത്. അഹോ, രഘുവംശചക്രവർത്തിയായ ദശരഥൻപോലും വാർധക്യത്തിലെ ജീർണതകൊണ്ടു ദൈന്യനായി ഭവിച്ചിരിക്കുന്നു!

### വിശ്വാമിത്രന്റെ കോപം

മമതാവിവശമായ രാജവചനം വിശ്വാമിത്രനെ അത്യന്തം ക്രുദ്ധനാക്കി. അദ്ദേഹം പ്രവചിച്ചു: 'രാജാവേ, പ്രതിജ്ഞ ചെയ്തകാര്യം ഭവാൻ വിട്ടൊഴിയാൻ ശ്രമിക്കുന്നു. സിംഹമായി അഭിനയിച്ചിട്ട് ഒരു മാൻ കിടാവായി മാറാനാണങ്ങയുടെ ആഗ്രഹം. പറഞ്ഞതു നിറവേറ്റാൻ കഴിവില്ലെങ്കിൽ ഞാനിതാ വന്നതുപോലെ തിരിച്ചുപോകുന്നു. സൂര്യകുലജാതനായ ദശരഥാ, പ്രതിജ്ഞയിൽ നിന്നും പിൻവാങ്ങി ബന്ധുക്കളോടൊപ്പം സുഖിച്ചു കഴിഞ്ഞോളൂ'. വിശ്വാമിത്രന്റെ മുഖം കോപംകൊണ്ട് ജ്വലിച്ചപ്പോൾ ഭൂമിദേവി വിറകൊണ്ടു; ദേവൻമാർ ഭയചകിതരായി. മഹാമുനിയുടെ കോപം കണ്ട് ലോകസുഹൃത്തായ വസിഷ്ഠ മഹാമുനി ധൈര്യമവലംബിച്ച് ഇങ്ങനെ പറഞ്ഞു: "അല്ലയോ ദശരഥ മഹാരാജാവേ, അങ്ങ് ഇക്ഷ്വാകു വംശത്തിൽ ജനിച്ച ധീരനല്ലേ? അങ്ങുതന്നെ വാക്കുപാലിക്കുന്നില്ലെങ്കിൽ മറ്റുള്ളവരുടെ സ്ഥിതിയെന്താകും? ലോക കാര്യങ്ങളിൽ നിങ്ങളെപ്പോലെയുള്ള ശ്രേഷ്ഠൻമാരെയല്ലേ മറ്റുള്ളവർ പിൻതുടരുന്നത്. അതുകൊണ്ട് അങ്ങൊരിക്കലും മര്യാദാലംഘനം നടത്താൻ പാടില്ല. ഗരുഡൻ സൂക്ഷിക്കുന്ന അമൃതം വേറൊരാൾക്കു കൈക്കലാക്കാൻ പറ്റുമോ? അതുപോലെ യുദ്ധവിശാരദനാകട്ടെ; അല്ലാതിരിക്കട്ടെ; വിശ്വാമിത്രന്റെ രക്ഷാകവചമണിഞ്ഞ രാമനെ ആർക്കെന്തുചെയ്യാൻ കഴിയും?''

### രാമാഗമനം

വസിഷ്ഠവചനം ദശരഥമനസ്സിനെ മോഹവിമുക്തമാക്കി. രാമൻ എവിടെയുണ്ടെന്നും എന്തു ചെയ്യുന്നുവെന്നും അദ്ദേഹം ഭൃത്യരോടാരാഞ്ഞു. രാമന്റെ തൽക്കാലസ്ഥിതി ഭൃത്യർ രാജാവിനെയും മുനിമാരെയും അറിയിച്ചു. തീർഥ

digitized by www.sreyas.in

യാത്ര കഴിഞ്ഞു മടങ്ങിയ ശേഷം രാമൻ സദാ വ്യാകുലചിത്തനായിട്ടാണു കാണപ്പെടുന്നത്. മറ്റുള്ളവർ നിർബന്ധിച്ചാൽ ദിനകൃത്യങ്ങളൊക്കെ നടത്തിയെന്നും നടത്തിയില്ലെന്നും വരുത്തിത്തീർക്കും. എന്തുസമ്പത്ത്; എന്താപത്ത്; എന്തുവീട്; എന്തിനീ ആഗ്രഹങ്ങൾ; എല്ലാം നിഷ്ഫലം എന്നു പറഞ്ഞു സദാ മൗനിയായി ഏകാകിയായി കഴിച്ചുകൂട്ടുന്നു. വസ്ത്രധാരണം, ആഹാരം തുടങ്ങിയവയിൽ പോലും ഉദാസീനനായി സംന്യാസിയായ ഒരു തപസ്വിയെപ്പോലെ കാലം കഴിക്കുന്നു. അഭിമാനമില്ല; രാജത്വം വേണമെന്നില്ല, സുഖദുഃഖങ്ങളിൽ സന്തോഷമോ മ്ലാനതയോ പ്രകടമാക്കാറില്ല. അനായാസമായി നേടാവുന്ന നിർവാണ പദത്തിനു ലേശം പോലും ഉപകരിക്കാത്ത കർമചലനങ്ങളിലൂടെ ആയുസ്സിനെ എന്തിനു വൃഥാ നഷ്ടപ്പെടുത്തുന്നു എന്നിങ്ങനെ ചോദ്യമുന്നയിക്കുന്ന മൃദുധ്വനികൾ കൂടെക്കൂടെ പുറപ്പെടുവിച്ചുകൊണ്ടേയിരിക്കുന്നു. എല്ലാ ആപത്തുകൾക്കും ഇരിപ്പിടമായ ധനം എന്തിനു കൊതിക്കണം എന്നു ധ്വനിപ്പിക്കുമാറ് സർവസ്വവും അർഥികൾക്കു ദാനം ചെയ്യുന്നു. ഈ മാനസിക ഭാവത്തിൽ വർത്തിക്കുന്ന രാജകുമാരനെ എങ്ങനെ പരിചരിക്കണമെന്നു ഭൃത്യന്മാർക്കൊരു നിശ്ചയവുമില്ല. ഇങ്ങനെ ഒരു വിരക്തബുദ്ധി ഭൂതലത്തിൽ വേറെ കാണുകയില്ല. പ്രാകൃതമായ ലോകവ്യവഹാരത്തിന് അദ്ദേഹത്തെ പ്രേരിപ്പിക്കാൻ ആർക്കു കഴിയും? ഇത്രയും കേട്ടതോടെ സത്യബുദ്ധിയായ രാമന്റെ മാനസികസ്ഥിതി വിശ്വാമിത്രനു നല്ലപോലെ ബോധ്യമായി. രാമനെ വേഗം പിതൃസന്നിധിയിലേക്ക് കൂട്ടിക്കൊണ്ടുവരാനായി പരിചാരകന്മാർക്കു നിർദേശം നൽകി. വീണ്ടും വിശ്വാമിത്രനറിയിച്ചു. ആപത്തിനെ ഭയന്നോ എന്തിലെങ്കിലുമുള്ള പ്രിയം കൊണ്ടോ ഉണ്ടായതല്ല രാമന്റെ ഈ മാനസികസ്ഥിതി. വിവേകവൈരാഗ്യങ്ങൾ കൊണ്ടുണ്ടായ മനസ്സിന്റെ ഉണർവും ഉയർച്ചയുമാണിത്. ഈ വൈരാഗ്യമോഹം യുക്തികൊണ്ടു തുടച്ചു മാറ്റുമെങ്കിൽ നമ്മുടെയെന്ന പോലെ രാമന്റെ മനസ്സും പരമപദത്തിലെത്തി അനന്തശാന്തി അനുഭവിക്കും. ആ അനന്തശാന്തിയിൽ ഉറച്ചുനിന്നുകൊണ്ടു തന്നെ പ്രാകൃതമായ ഈ ലോകവ്യവഹാരം വിട്ടുവീഴ്ച കൂടാതെ അനുഷ്ഠിക്കുകയും ചെയ്യും. അവരിങ്ങനെ സംസാരിച്ചു കൊണ്ടിരിക്കവേ തന്നെ അച്ഛനെ വണങ്ങാനായി രാമൻ അവിടെയെത്തിച്ചേർന്നു. ആദ്യം അച്ഛനെ വണങ്ങി. തുടർന്നു അഭിവന്ദ്യരായ മുനിമാരെയും ബ്രാഹ്മണരെയും ബന്ധുക്കളെയും ഗുരുക്കന്മാരെയും നമസ്കരിച്ചു. സദസ്സിലുണ്ടായിരുന്ന സാമന്തരാജാക്കന്മാരുടെ അഭിവന്ദനം തലകുനിച്ചംഗീകരിച്ചു. പരിജനങ്ങൾ വിരിച്ച വിരിപ്പിൽ തറയിൽ തന്നെ ഇരിപ്പുമായി. ദശരഥൻ പറഞ്ഞു: "മകനേ, നീ വിവേകിയാണ്; എല്ലാ മംഗളങ്ങൾക്കും ഇരിപ്പിടവുമാണ്. അതുകൊണ്ട് ജീർണിക്കുന്ന ജഡബുദ്ധി കൈക്കൊണ്ട് ആത്മാവിനെ ദുഃഖത്തിൽ അകപ്പെടുത്തരുത്. അറിവുള്ള വൃദ്ധന്മാരും ബ്രാഹ്മണരും ഗുരുക്കന്മാരും പറയുന്നതനുസരിക്കൂ. ആലസ്യമോഹമുപേക്ഷിച്ചു മനസ്സിനെ ദിവ്യപദത്തിലെത്തിക്കൂ. അജ്ഞാന മോഹമുപേക്ഷിക്കുന്ന നിമിഷം സംസാരസങ്കടങ്ങളെല്ലാം ദൂരെ ഓടി ഒളിക്കും." തുടർന്നു വസിഷ്ഠൻ അരുളിച്ചെയ്തു: "അല്ലയോ രാജകുമാരാ, നീ മഹാശൂരനാണ്. ഒഴിച്ചുമാറ്റാൻ പ്രയാസമുള്ളവയും നിരന്തരം ദുഃഖത്തെ തന്നെ വർധിപ്പിച്ചുകൊണ്ടിരിക്കുന്നവയുമായ വിഷയശത്രുക്കളെ നീ അനായാസം ജയിച്ചിരിക്കുന്നു. എന്നാൽ ആ പരമസത്യത്തെ അറിയാത്തവനെപ്പോലെ ജഡത്വപൂർണവും രാഗദ്വേഷകല്ലോല

digitized by www.sreyas.in

ങ്ങളെ കൊണ്ടിളകി മറിയുന്നതും അജ്ഞന്മാരുടേതുമായ മോഹസമുദ്ര ത്തിൽ എന്തിനിങ്ങനെ മുങ്ങിപ്പോകുന്നു". തുടർന്നു വിശ്വാമിത്രൻ ചോദിച്ചു: "കുമാരാ; നിന്റെ മനസിന്റെ ആധികൾ എന്തിനെ ആശ്രയിച്ചുള്ളവയാണ്; അവയുടെ കാരണങ്ങളെന്തൊക്കെയാണ്, അവ എന്തുമാത്രമുണ്ട്. എലികൾ വീടു തുരന്നു നശിപ്പിക്കുന്നതുപോലെ അവ നിന്റെ മനസ്സിനെ കാർന്നു തിന്നു ന്നുവല്ലോ. എല്ലാം ഒരു മടിയും കൂടാതെ തുറന്നു പറയൂ. അവയിനിയൊരി ക്കലും നിന്നെ ക്ലേശിപ്പിക്കാത്ത വിധം വേണ്ടതൊക്കെ നിനക്കു വന്നുചേരും" അല്ലയോ ഭരദ്വാജാ, സന്ദർഭോചിതവും അർഥഗർഭവുമായ ഗുരുവചനം ശ്രവിച്ച് രാമൻ ഖേദം വെടിഞ്ഞു സന്തുഷ്ടനായി. ഇടിനാദം കേട്ട മയിലെ ന്നപോലെ അഭീഷ്ടം സാധ്യമാകുമെന്നുറപ്പു വന്നതോടെ ഉത്സാഹഭരിത നായി ഭവിച്ചു.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ വൈരാഗ്യപ്രകരണേ*
*വൈരാഗ്യോൽപ്പത്തി പ്രതിപാദനം നാമ*
*പ്രഥമഃസർഗഃ*

### സർഗം 2

## ജഗദ്ദോഷ പ്രകാശവർണനം

വാല്മീകി പറഞ്ഞു: "ഇപ്രകാരം മുനിവാക്കുകേട്ടു ശാന്തനായ രാമൻ തന്റെ ആശയം പൂർണമായി വെളിപ്പെടുത്തിക്കൊണ്ടു പറഞ്ഞു തുടങ്ങി." രാമൻ പറഞ്ഞു:

"ഭഗവൻ, ഞാൻ എല്ലാം തുറന്നു പറയാം. എനിക്കൊന്നുമറിഞ്ഞുകൂടാ; എങ്കിലും സജ്ജനവാക്കു ലംഘിക്കരുതല്ലോ. ഈ കൊട്ടാരത്തിൽ ഞാനി ങ്ങനെ ജനിച്ചു; ക്രമേണ വളർന്നു; പഠിച്ചു. സദാചാരപരനായി തീർഥയാത്ര നടത്തി ഭൂമണ്ഡലമൊക്കെ ചുറ്റിത്തിരിഞ്ഞു. ഇത്രയും കൊണ്ടുതന്നെ ഈ ജീവിതം എനിക്കു മതിയായി. എന്റെ മനസ്സിൽ ഇങ്ങനെയൊരുവിചാരം കട ന്നുകൂടി. ഈ സംസാര യാത്രയിൽ സുഖമെന്നു പറയുന്നതെന്താണ്? മരി ക്കാനായി ജനിക്കുന്നു; ജനിക്കാനായി മരിക്കുന്നു. ചരാചരമായി കാണപ്പെ ടുന്ന ജഗത്തിൽ എല്ലാം തന്നെ അസ്ഥിരം. ഐശ്വര്യകാരണങ്ങളായി കാണ പ്പെടുന്നവയെല്ലാം പാപപങ്കിലങ്ങളും ആപത്തുകളുടെ ആവാസസ്ഥാന ങ്ങളും. രാഗദ്വേഷവാസനകളെ വർധിപ്പിക്കുന്നു എന്നതാണു പാപപങ്കിലത്വം. ജീർണിച്ചു സദാ നശിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതുകൊണ്ടാണു ആപ ത്തിനിരിപ്പിടങ്ങളാകുന്നത്. യഥാർഥത്തിൽ ഇവിടെ ഒന്നും പരസ്പര ബദ്ധ മല്ല. സങ്കൽപ്പിച്ചു ബന്ധിപ്പിക്കുന്നു അത്രേയുള്ളൂ; നോക്കുക:

9. അയഃശലാകാ സദൃശാഃ പരസ്പരമസംഗിനഃ
ശ്ലിഷ്യന്തേ കേവലംഭാവാഃ മനഃകൽപ്പനയാ സ്വയാ

അയഃശലാകാസദൃശാഃ-ഇരുമ്പുകമ്പിത്തുണ്ടുകൾ പോലെ; പരസ്പരം അസംഗിനഃ-അന്യോന്യം വേർപ്പെട്ടുനിൽക്കുന്ന; ഭാവാഃ-കാഴ്ചകൾ; കേവലം സ്വയാമനഃ കൽപ്പനയാ-വെറും സ്വന്തം മനഃസങ്കൽപ്പം കൊണ്ടു

digitized by www.sreyas.in

മാത്രം; ശ്ലിഷ്യന്തേ - ബന്ധപ്പെട്ടവപോലെ ആയിത്തീരുന്നു.

ഇരുമ്പു കമ്പിത്തുണ്ടുകൾ പോലെ അന്യോന്യം വേർപെട്ടുനിൽക്കുന്ന കാഴ്ചകൾ വെറും സ്വന്തം മനഃസങ്കൽപ്പം കൊണ്ടുമാത്രം ബന്ധപ്പെട്ടവ പോലെ ആയിത്തീരുന്നു.

**മനഃകൽപ്പനയാ സ്വയാ**

അദ്ഭുതകരമായ ഒരു ജീവിതരഹസ്യമാണു രാമൻ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. എല്ലാ ബന്ധങ്ങളും മനഃകൽപ്പന കൊണ്ടുണ്ടാകുന്നവയാണ്. ഇവിടത്തെ ഭാവങ്ങൾ ഞാൻ, ഞാൻ എന്നനുഭവപ്പെടുന്ന ജീവന്മാരും അവയ്ക്കുണ്ടെന്നു തോന്നുന്ന ജഡദൃശ്യങ്ങളുമാണ്. സ്വയം ഉണ്ടെന്നനുഭവമില്ലാത്ത ജഡദൃശ്യങ്ങൾ സ്വയം ഇല്ലാത്തവയാണെന്നു നാം നേരത്തേ കണ്ടുവല്ലോ. സ്വയം ഇല്ലാത്തവ പരസ്പരം ബന്ധിക്കുന്ന പ്രശ്നമുദിക്കുന്നില്ല. ജീവന്മാർക്കുള്ള പരസ്പരബന്ധം, അതുപോലെ ജീവന്മാർക്കും ജഡദൃശ്യങ്ങൾക്കുമുള്ള പരസ്പരബന്ധം; അതാണിവിടത്തെ ബന്ധം. ജീവന്മാർക്കുള്ള പരസ്പരബന്ധമാണു കുടുംബബന്ധങ്ങളും ശത്രുമിത്രാദിബന്ധങ്ങളും. ജീവന്മാരെല്ലാം ഇരുമ്പുകമ്പിക്കഷണങ്ങൾപോലെ പരസ്പരം ഒട്ടിപ്പിടിക്കാതെ വേർപെട്ടുനിൽക്കുന്നവയാണെന്നു സ്പഷ്ടം. എന്റെ ഭാര്യ, എന്റെ ഭർത്താവ്, എന്റെ ബന്ധു, എന്റെ ശത്രു എന്നു തുടങ്ങിയ സങ്കൽപ്പങ്ങളാണു ജീവന്മാരെ പരസ്പരം ബന്ധിപ്പിക്കുന്നത്. സങ്കൽപ്പം മാറിയാൽ ബന്ധം തന്നെ മാറിവരാം. സങ്കൽപ്പമേ ഇല്ലെങ്കിൽ ബന്ധമേയില്ല. ജീവന്മാർക്കും ജഡദൃശ്യങ്ങൾക്കും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ചിന്തിച്ചാൽ ഇതു കുറേക്കൂടി തെളിയും. ഓരോ ജീവനും വേർപെട്ടുനിൽക്കുന്ന ജഡസാമഗ്രികളോടു സങ്കൽപ്പിച്ചു ബന്ധപ്പെടുകയാണല്ലോ ചെയ്യുന്നത്. എന്റെ വീട്, എന്റെ പണം, എന്റെ കാറ് എന്നിങ്ങനെ സങ്കൽപ്പിച്ചാണല്ലോ അവയോടൊക്കെ ബന്ധപ്പെടുന്നത്. സത്യദർശികൾ പറയുന്നതു ജീവനു സ്വശരീരത്തോടുള്ള ബന്ധം പോലും സങ്കൽപ്പാത്മകമാണെന്നാണ്. ഞാൻ ഉണ്ട്, ഉണ്ട് എന്നിങ്ങനെ സ്വയം ഉണ്മയനുഭവിക്കുന്ന ജീവൻ വാസ്തവത്തിൽ അഖണ്ഡബോധസ്വരൂപമായ ബ്രഹ്മമാണ്. ഞാൻ ബോധമാണ് എന്നു സങ്കൽപ്പിച്ചുറപ്പിക്കാമെങ്കിൽ പാലിൽ നിന്നു വെണ്ണ വേർതിരിയുന്നപോലെ ജഡത്തിൽ നിന്നും ബോധം വേർതിരിയും. ജഡവുമായി തനിക്കൊരു ബന്ധവുമില്ലെന്നു അനുഭവിക്കാനും കഴിയും.

പ്രപഞ്ചാരംഭം മുതൽ സത്യദർശികൾ പരീക്ഷിച്ചുറപ്പിച്ചുപോരുന്ന വസ്തുസ്ഥിതിയാണിത്. ചുരുക്കത്തിൽ ബന്ധവും മോക്ഷവും സൃഷ്ടിയും എല്ലാം മനഃസങ്കൽപ്പമാണ്. വസ്തു ഒന്നേയുള്ളൂ. സൃഷ്ടി ഉണ്ടെന്നു സങ്കൽപ്പിച്ചാൽ സൃഷ്ടി. ബന്ധം ഉണ്ടെന്നു സങ്കൽപ്പിച്ചാൽ ബന്ധം. മോക്ഷം വേണമെന്നു സങ്കൽപ്പിച്ചാൽ മോക്ഷം. സങ്കൽപ്പമെല്ലാം പോയാൽ അഖണ്ഡനിശ്ചല ബോധം അഥവാ ബ്രഹ്മം. ഇതാണു ജീവിതനിയമം. മോക്ഷനിയമം മാത്രമേ ഇനി രാമനു വ്യക്തമായി തെളിയേണ്ടതുള്ളൂ.

രാമൻ തുടർന്നു: "എനിക്കെന്തിനീ രാജ്യം: എന്തിനീ സുഖഭോഗങ്ങൾ? ഞാനാര്, എന്തിനിവിടെവന്നു; ഈ ജഗത്തെന്ത്? ഞാനുൾപ്പെടെ എല്ലാം നേരത്തെ ഇല്ലായിരുന്നു; ഇടയ്ക്കുവച്ചുണ്ടായി; ഇനി ഇല്ലാതാവുകയും ചെയ്യും. ആദിയും അവസാനവും എന്തെന്നു നിശ്ചയമില്ലാത്ത കാഴ്ചകൾ വെറും തോന്നലുകൾ മാത്രം. മിഥ്യാ പ്രതിഭാസങ്ങൾ മിഥ്യയായിത്തന്നെ

digitized by www.sreyas.in

യിരുന്നോട്ടെ. ഇതുകൊണ്ടാർക്കെന്തു പ്രയോജനം? ഇങ്ങനെ വിചാരം ചെയ്തുറപ്പുവന്നപ്പോൾ എനിക്ക് ജഗദ്ഭാവങ്ങളോടൊന്നും അഭിരുചിയില്ലാതായി. ദാഹിച്ചുവലഞ്ഞാൽപോലും ഒരു വഴി യാത്രക്കാരന് മരുഭൂമിയിൽ കാണുന്ന കാനൽ ജലത്തിൽ താൽപ്പര്യമില്ലാതാകുന്നതുപോലെ. എന്റെ ഈ വിരക്തിദുഃഖം എങ്ങനെ ശമിക്കുമെന്നോർത്തു ഞാൻ ചിന്താകുലനാണ്. ജീർണിച്ച വൃക്ഷത്തിന്റെ പോട്ടിലെ അഗ്നിശിഖയെന്നപോലെ ഈ ചിന്ത എന്നെ തപിപ്പിച്ചുകൊണ്ടിരിക്കുന്നു. സംസാരദുഃഖമാകുന്ന കട്ടിപിടിച്ച പാറക്കല്ല് കടന്നുകയറി എന്റെ ഹൃദയത്തെ ഇടിച്ചു തകർക്കുന്നു. ബന്ധുജനങ്ങളെ ഭയന്നുമാത്രമാണു ഞാൻ കണ്ണീരൊഴുക്കി കരയാതിരിക്കുന്നത്.

അനന്തമായ ഐശ്വര്യസമ്പത്ത് അധീനതയിലില്ലേ; അതനുഭവിച്ചു ദുഃഖം തീർത്തുകൂടെ എന്നു തോന്നാം. ഒട്ടേറെ സന്താനങ്ങളെ പ്രസവിച്ച ഒന്നിലധികം ഭാര്യമാരുടെ മധ്യത്തിൽ രോഗം ദാരിദ്ര്യം മുതലായ ആപത്തുകളിൽ പെട്ടുഴലുന്ന ഒരു ഗൃഹസ്ഥന്റെ സ്ഥിതിയാണെന്റേത്. ഐശ്വര്യസമൃദ്ധിയുടെ മധ്യത്തിൽ മുൻപറഞ്ഞ ചോദ്യങ്ങൾക്കുത്തരം കാണാതെ എന്റെ മനസ്സുഴറുന്നു. ഐശ്വര്യ ദേവതയായ ലക്ഷ്മി; സംസാരരംഗത്ത് അത്യാകർഷണീയ; എന്നാൽ അതീവദുർബല; അസ്ഥിരാ; കേവലം മനോമോഹിനി. ദുഃസാധ്യയായ ഇവൾ ഗുണദോഷ ചിന്തകൂടാതെ ഒരു ഭരണാധികാരിയെപ്പോലെ അടുക്കുന്നവരെ ആശ്ലേഷിക്കുന്നു. ധർമാധർമ ചിന്തകൂടാതെയുള്ള കർമങ്ങൾകൊണ്ടിവൾ പെരുകുന്നു; പാമ്പിൻ വിഷം പാലുകൊണ്ടു പെരുകുന്നതുപോലെ. കൊടുങ്കാറ്റിൽ പെടുന്ന ഹിമം പരുഷമാകുന്നതുപോലെ സമ്പദ്സമൃദ്ധി മനുഷ്യനെ അത്യന്തം ദുരഭിമാനിയാക്കിത്തീർക്കുന്നു. പണ്ഡിതന്മാർ, ശൂരന്മാർ, ഉപകാരസ്മരണയുള്ളവർ, വിനയാന്വിതന്മാർ, മൃദുസ്വഭാവികൾ ഇക്കൂട്ടരൊക്കെ ലക്ഷ്മീസ്പർശമേൽക്കുന്നതോടെ പൊടികൊണ്ടു മൂടിയ രത്നമെന്നപോലെ പരുഷമതികളായി ഭവിക്കുന്നു:

10. ശ്രീമാനജനനിന്ദ്യശ്ച ശൂരശ്ചാപ്യവികത്ഥനഃ
സമദൃഷ്ടിഃപ്രഭുശ്ചേതി ദുർലഭാഃപുരുഷാസ്ത്രയഃ

ജനങ്ങളാൽ നിന്ദിക്കപ്പെടാത്ത ധനാഢ്യൻ, ആത്മപ്രശംസ നടത്താത്ത ശൂരൻ, സമദൃഷ്ടിയായ പ്രഭു ഈ മൂന്നു കൂട്ടരും ദുർലഭന്മാരാണ്. മനസ്സിനെ മോഹിപ്പിച്ചാകർഷിക്കുന്നവൾ, ഹീനവൃത്തികൾ കൊണ്ടുമാത്രം ഇണക്കി നിർത്താൻ പറ്റുന്നവൾ, ഏതു നിമിഷവും വിട്ടുപോകാവുന്നവൾ; ഇവളാണു ലക്ഷ്മി; പൂക്കൾ വിടർന്നുനിൽക്കുന്ന ലത; പക്ഷെ ചെളി നിറഞ്ഞ കുണ്ടിൽ കിളിർത്തതും പാമ്പിൻ കൂട്ടം ചുറ്റിപ്പിണഞ്ഞതും; അതാണു ലക്ഷ്മി. ഈ സമ്പന്നതയോട് എന്റെ മനസ്സിണങ്ങുന്നില്ല.

ഇനിയും ജീവിച്ചിരുന്നാലല്ലേ സമ്പത്തനുഭവിക്കാൻ പറ്റൂ. ആയുസ്സിന്റെ കഥ എത്ര അനിശ്ചിതം. തളിർത്തുമ്പിൽ പറ്റിനിൽക്കുന്ന ജലബിന്ദുപോലെ അതീവ ക്ഷണഭംഗുരമാണായുസ്സ്. ഒരു ഭ്രാന്തനെപ്പോലെ ഏതുനിമിഷവും ശരീരം വിട്ടെറിഞ്ഞു കടന്നുകളഞ്ഞു എന്നുവരും. ഇനിയും കുറെനാൾ ജീവിതം നീണ്ടുപോയി എന്നുതന്നെയിരിക്കട്ടെ. ജഡവിഷയങ്ങളാകുന്ന സർപ്പങ്ങളുടെ വിഷമേറ്റു ജീർണിക്കുന്ന മനസ്സോടുകൂടിയവരും അവിവേകികളുമായ മനുഷ്യർക്കു ദീർഘായുസ്സ് ക്ഷീണം വർധിപ്പിക്കാൻ മാത്രമേ ഉപകരിക്കൂ. ഈ കൊച്ചു മനുഷ്യശരീരത്തിൽ ഒതുങ്ങിനിൽക്കുകയാണെ

digitized by www.sreyas.in

ങ്കിലും ജഡപ്രപഞ്ചത്തെക്കുറിച്ച് ഇങ്ങനെ വ്യക്തമായ കാഴ്ചപ്പാടുള്ള എനിക്ക് സംസാരമേഘത്തിൽ മിന്നൽപ്പിണർ പോലെ തെളിയുന്ന ആയുസ്സിൽ നിർവൃതനാകാൻ കഴിയുന്നില്ല. വായുവിനെ ചുരുട്ടിയെടുക്കാനാഗ്രഹിക്കാം; ആകാശത്തെ കഷണങ്ങളായി മുറിച്ചു തള്ളാനാഗ്രഹിക്കാം. തിരമാലകളെ കോർത്തിണക്കാൻ ശ്രമിക്കാം; പക്ഷേ ആയുസ്സിൽ ആഗ്രഹം വയ്ക്കുന്നതുചിതമാവില്ല. ശരത്കാലത്തെ കൊച്ചുമേഘംപോലെ, എണ്ണ വറ്റിയ ദീപം പോലെ, ഇളകുന്ന തിരപോലെ ആയുസ്സു പൊയ്ക്കഴിഞ്ഞതായിത്തന്നെ കരുതാം. മനസ്സിനു വിശ്രമമില്ലാത്തവരാണു ശൂന്യമായ ദീർഘായുസ്സുകൊതിക്കുന്നവർ. കുതിരയിൽ നിന്നും കഴുത ഗർഭം ധരിക്കുന്നതു പോലെ അതു ദുഃഖത്തിലേ കലാശിക്കൂ. കുതിരയിൽ നിന്നും ഗർഭം ധരിക്കുന്ന കഴുത കുഞ്ഞിനെ പ്രസവിക്കുന്നതോടെ സ്വയം മൃത്യുവിനിരയാകുന്നു.

11. പ്രാപ്യംസംപ്രാപ്യതേയേന ഭൂയോയേന നശോച്യതേ
പരായാഃ നിർവൃതേഃ സ്ഥാനംയത്തത് ജീവിതമുച്യതേ

ഏതൊന്നുകൊണ്ട് എത്തേണ്ടിടത്തെത്തി എന്നു തൃപ്തി വരുന്നുവോ എന്തു നേടിയാൽ പിന്നെയൊരിക്കലും ദുഃഖിക്കാനിടവരുന്നില്ലയോ ഏതു സ്ഥാനത്തെത്തിയാൽ അനന്തമായ ആനന്ദം അനുഭവിക്കാറാകുമോ അതാണു ജീവിതം.

12. തരവോപിഹിജീവന്തി ജീവന്തി പശുപക്ഷിണഃ
സജീവതി മനോയസ്യ മനനേനൈവ ജീവതി

വൃക്ഷങ്ങളും ചെടികളും ജീവിക്കുന്നുണ്ട്; മൃഗങ്ങളും പക്ഷികളും ജീവിക്കുന്നുണ്ട്, എന്നാൽ ആരാണോ ഞാനാര്, ജഗത്തെന്ത് എന്ന ചോദ്യങ്ങളെക്കുറിച്ചു ശാസ്ത്രീയമായി വിചാരം ചെയ്തു ജീവിക്കുന്നത് അവനാണു ജീവിക്കുന്നവൻ. സത്യദർശികളെ സമീപിച്ചും വേദാന്തം പഠിച്ചും വേണം ഈ മനനം തുടരാൻ.

13. ജാതാസ്ത ഏവ ജഗതി ജന്തവഃ സാധുജീവിതാഃ
യേ പുനർന്നേഹജായന്തേ ശേഷാജരഠ ഗർദഭാഃ

ആരാരൊക്കെയാണോ ജനിച്ചിട്ടു ഇനി മേലൊരിക്കലും ജനിക്കുകയില്ല എന്നുറപ്പുവരുത്തുന്നത് അവരാണീലോകത്തിൽ വേണ്ടപോലെ ജീവിച്ചവർ. മറ്റുള്ളവർ ജീർണിച്ചു നശിക്കുന്ന കഴുതകളാണെന്നേ പറയേണ്ടൂ.

14. ഭാരോ ƒവിവേകിനഃശാസ്ത്രം ഭാരോ ജ്ഞാനം ച രാഗിണഃ
അശാന്തസ്യ മനോഭാരോ ഭാരോƒനാത്മവിദോവപുഃ

സത്യം തിരിച്ചറിയാത്തവനു ശാസ്ത്രം ഭാരമാണ്; രാഗദ്വേഷങ്ങൾ ശമിക്കാത്തവർക്കു ജ്ഞാനം ഭാരമാണ്. അശാന്തനു മനസ്സു ഭാരമാണ്; ആത്മാവിനെ അറിയാത്തവനു ദേഹം ഭാരമാണ്. സൗന്ദര്യം, ആയുസ്, മനസ്, ബുദ്ധി, അഹങ്കാരം, പ്രത്യേക അഭിരുചി എന്നിവയെല്ലാം തന്നെ ഭാരം ചുമക്കുന്നവനെന്നപോലെ മൂഢബുദ്ധികൾക്കും ദുഃഖാസ്പദമാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ പരിചയപ്പെട്ടിട്ടു സജ്ജനങ്ങൾ ദുർജനങ്ങളെയെന്നപോലെ യൗവനം ശരീരത്തെ വിട്ടുപോകുന്നു. ഒരിക്കലും സ്ഥിരസുഖം തരാത്തതും അത്യന്ത നിസ്സാരവും സദാ മരണഭീതികൊണ്ടു നിറഞ്ഞതു

digitized by www.sreyas.in

മായ ഈ ആയുസ്സിനെപ്പോലെ കൊള്ളരുതാത്ത മറ്റൊന്നും ലോകത്തില്ല തന്നെ.

ഇനിയും ആയുസ് നീട്ടിക്കിട്ടി എന്നുതന്നെ ഇരിക്കട്ടെ; ഈ അഹങ്കാരം ആരെയെങ്കിലും സുഖിക്കാനനുവദിക്കുമോ? വൃഥാ തലയുയർത്തി വൃഥാ മോഹിച്ച് അങ്ങുമിങ്ങും ചുറ്റിത്തിരിയുന്ന മിഥ്യാപുരുഷനല്ലേ അഹങ്കാരം. ഈ ദുരഹങ്കാരവൈരിയെ ഞാൻ വല്ലാതെ ഭയപ്പെടുന്നു. അഹങ്കാരംകൊണ്ടാണാപത്ത്, അഹങ്കാരംകൊണ്ടാണാധികൾ, അഹങ്കാരംകൊണ്ടാണാഗ്രഹം; അഹങ്കാരത്തെക്കവിഞ്ഞു മറ്റൊരു ശത്രുവില്ല. പരമശത്രുവായ ഈ അഹങ്കാരത്തിനുവഴങ്ങി ഞാൻ ഭക്ഷണം കഴിക്കയില്ല; വെള്ളം കുടിക്കയില്ല; പിന്നെയാണോ ഭോഗങ്ങൾ ഭുജിക്കുക. അഹങ്കാരത്തെ മുറുകെപ്പിടിച്ചുകൊണ്ടു ഞാൻ എന്തൊക്കെ അനുഭവിച്ചുവോ, എന്തൊക്കെ നേടിയോ എല്ലാം ശൂന്യം. അഹങ്കാരം ഒഴിഞ്ഞു പോകുന്നിടത്താണ് ഉള്ളതനുഭവപ്പെടുക. അഹങ്കാരമേഘം പരക്കുമ്പോഴാണു തൃഷ്ണയാകുന്ന കടമ്പു പൂക്കുന്നത്. എനിക്കഹങ്കാരമില്ല; അജ്ഞതനിമിത്തം ഞാൻ ദുഃഖിക്കുന്നു. ഇതിനെന്താണു പ്രതിവിധി; അരുളിയാലും. ആപത്തുകൾക്കൊക്കെ ഇരിപ്പിടവും, അസ്ഥിരവും, ദേഹത്തിനുള്ളിൽ ഇരിപ്പുറപ്പിച്ചതുമായ ഈ അഹങ്കാരത്തെ ഞാൻ കൈവെടിഞ്ഞിരിക്കുന്നു. ഇനി ഒരിക്കലും ആശ്രയിക്കുകയില്ല. അഹങ്കാരത്തിനു ചുറ്റും ദുഃഖം നൃത്തം ചെയ്തു നിൽക്കുന്നു. എനിക്കിനിയതു വേണ്ട. ഞാനെന്താണിനി ചെയ്യേണ്ടത് പറഞ്ഞാലും.

ഇനിയും മനസ്സ്, ചിത്തം എന്നൊക്കെ പറയുന്ന വസ്തുവുണ്ടല്ലോ. അതിന്റെ കാര്യം എന്തു പറയാൻ. രാഗദ്വേഷ ദോഷങ്ങളിൽപ്പെട്ടു സദാ ജീർണിക്കുന്നു. സത്യദർശന കാര്യത്തിൽ ഒരു താൽപ്പര്യവുമില്ല. അങ്ങനെയുള്ള മനസ്സ് കാറ്റിൽപ്പെട്ട മയിൽപ്പീലിപോലെ സദാ ചലിച്ചുകൊണ്ടിരിക്കുന്നു. അങ്ങിങ്ങ് ഒരു കാര്യവുമില്ലാതെ വ്യഗ്രതയോടെ ഓടിനടക്കുന്നു. പട്ടി ഗ്രാമങ്ങൾ തോറും ഓടിനടക്കുന്നതുപോലെ ദൂരെദൂരെ ചുറ്റിത്തിരിയുന്നു. ഒരിടത്തുനിന്നും കാര്യമായി ഒന്നും കിട്ടുന്നില്ല. ഇനി എന്തൊക്കെ കിട്ടിയാലും തൃപ്തിപ്പെടുന്നുമില്ല. മുളങ്കുഴലിൽ വെള്ളമൊഴിക്കുംപോലെ എല്ലാം കടന്നുപോകുന്നു. അവിവേകം കൊണ്ട് നിരന്തരം ജഡത്വത്തിലേക്കു പതിക്കുന്നു. തൃഷ്ണയാകുന്ന ഭാര്യയുടെ പിന്നാലെ സദാ പറ്റിക്കൂടുന്നു. മഹർഷേ, പട്ടി ശവത്തെയെന്നപോലെ മനസ്സെന്നെ കാർന്നുതിന്നുന്നു. ഉയർച്ചയിൽ നിന്നും താഴ്ചയിലേക്ക് പിടിച്ചു തള്ളുന്നു. കൊടുങ്കാറ്റ് പുൽക്കൊടിയെ എന്നപോലെ ചലിപ്പിക്കുന്നു. പക്ഷിമൃഗാദി ശൂന്യജഡജീവിതങ്ങളിൽ ചുറ്റിത്തിരിയാൻ വഴിയൊരുക്കുന്നു. ചിലപ്പോൾ പാതാളത്തിൽ നിന്ന് ഭൂമിയിലെത്തുന്നു. മറ്റു ചിലപ്പോൾ ഭൂമിയിൽ നിന്ന് പാതാളത്തിലേക്ക് വഴുതിവീഴുന്നു. നിരർഥകങ്ങളായ മനോരാജ്യങ്ങളിൽപ്പെട്ട് ഒരു കുട്ടി പിശാചഭ്രമത്തിൽ പെട്ട് കുരുങ്ങുന്നതുപോലെ ഞാൻ കുരുങ്ങുന്നു. മനോഭൂതം അഗ്നിയേക്കാൾ ചൂടുള്ളത്, പർവതത്തെക്കാൾ കടുപ്പമുള്ളത്, വജ്രത്തേക്കാൾ ഉറപ്പുള്ളത്:

15. അപ്യബ്ധിപാനാന്മഹതഃ സുമേരൂന്മൂലനാദപി
അപിവഹ്ന്യശനാത്സാധോ വിഷമശ്ചിത്തനിഗ്രഹഃ

മറുകര കാണാനില്ലാത്ത സമുദ്രം കുടിച്ചു വറ്റിക്കാം; സുമേരുപർവതത്തെ വേരോടെ പിഴുതെറിയാം; അഗ്നിയെ ഭക്ഷിക്കാം; പക്ഷേ ചിത്തത്തെ കീഴട

digitized by www.sreyas.in

ക്കുക പ്രയാസം.

16. ചിത്തംകാരണമർഥാനാം തസ്മിൻ സതിജഗത് ത്രയം
തസ്മിൻ ക്ഷീണേ ജഗത്ക്ഷീണം തദ്ചികിത്സ്യം പ്രയത്നതഃ

പല പദാർഥങ്ങളുണ്ടെന്നു തോന്നിക്കുന്നതു ചിത്തമാണ്. ചിത്തമുണ്ടോ ജഗത്തുണ്ട്. ചിത്തം ക്ഷയിച്ചോ ജഗത്തു ക്ഷയിച്ചു. എന്തു പ്രയത്നം ചെയ്തും ചിത്തരോഗത്തെയാണ് ചികിത്സിച്ചു ശമിപ്പിക്കേണ്ടത്. പർവതത്തിൽ കാടുകൾ കിളിർക്കുന്നതുപോലെ ചിത്തത്തിലാണു സുഖദുഃഖശതങ്ങൾ വിടരുന്നത്. സത്യബോധംകൊണ്ടതു പാകപ്പെടുമെങ്കിൽ എല്ലാ ക്ലേശങ്ങളും സമർഥമായി പരിഹരിക്കപ്പെടുന്നതാണ്.

ആരാണ് ഇങ്ങനെ ചിത്തത്തെ നെട്ടോട്ടമോടിക്കുന്നത്? തൃഷ്ണ. എന്താണു തൃഷ്ണ? ലൗകികസുഖങ്ങളിൽ ഒരിക്കലും മതിവരാത്ത ദുരാഗ്രഹമാണ് തൃഷ്ണ. ദുരന്തയായ ഈ തൃഷ്ണ ഹൃദയത്തെ ഇരുട്ടുകൊണ്ട് മൂടുന്ന രാത്രിയാണ്. ഈ ഇരുട്ടിൽ ദോഷങ്ങളാകുന്ന മൂങ്ങകൾ അണിനിരക്കുന്നു. നിസ്സംഗഭാവത്തോടെ ഏതേതു ഗുണങ്ങളെ ഞാനാശ്രയിക്കുന്നുവോ അവയെ എലി വീണക്കമ്പികളെ കരണ്ടു മുറിക്കുന്നതുപോലെ തൃഷ്ണ മുറിച്ചു തള്ളുന്നു. ആനന്ദനിദാനമായ ആത്മപദത്തിലെത്തിച്ചേരാൻ അസമർഥ ബുദ്ധിയായ എന്നെ പക്ഷികളെ കാട്ടാളനെന്നപോലെ തൃഷ്ണ വല വീശി അകപ്പെടുത്തുന്നു. തൃഷ്ണയെന്ന തീജ്വാലയിൽ ഞാൻ കത്തിയെരിയുന്നു; അമൃതവർഷം കൊണ്ടുപോലും ഇതുപശമിക്കുമെന്നു തോന്നുന്നില്ല. ധൈര്യം കൊണ്ട് ആശയെ അടക്കുന്ന എന്നെ തൃഷ്ണ ഭീഷണിപ്പെടുത്തുന്നു. വിവേകം കൊണ്ട് വിചാരവാനാകാൻ ശ്രമിക്കുന്ന എന്നെ തൃഷ്ണ അന്ധനാക്കിത്തീർക്കുന്നു. ശാന്തനാകാനാഗ്രഹിക്കുന്ന എന്നെ അസ്വസ്ഥനാക്കുന്നു തൃഷ്ണ. ഇരുളടഞ്ഞ രാത്രിപോലെ ഭീഷണയാണ് തൃഷ്ണ. ചിത്തത്തിനു താൽപ്പര്യമില്ലെങ്കിൽ പോലും സജ്ജനദുർജന ഭേദമന്യേ തൃഷ്ണ സകലരേയും ഒരു വൃദ്ധകാമുകിയെപ്പോലെ പിൻതുടരുന്നു. കാര്യമായ പ്രയോജനമൊന്നും ഉണ്ടാകുന്നുമില്ല. അസാധ്യമായ കാര്യത്തിൽപോലും തൃഷ്ണ താണ്ഡവനൃത്തം ചെയ്തടുക്കുന്നു; ആടിരസിപ്പിക്കാൻ കഴിവില്ലെങ്കിൽ പോലും നൃത്തം ചെയ്യാനൊരുമ്പെടുന്ന വൃദ്ധനർത്തകിയെപ്പോലെ ചെല്ലാൻ പാടില്ലാത്തിടത്തു പോലും ചെന്നുകയറുന്നു, ഫലം ലഭിച്ചാൽ പോലും വിട്ടുപോകുന്നില്ല. ഒരു ചപലയായ പെൺകുരങ്ങിനെപ്പോലെ ഒരിടത്തും ഉറച്ചു നിൽക്കാതെ ഓടി നടക്കുന്നു. ക്ഷണം കൊണ്ടു പാതാളത്തിലേക്കെടുത്തു ചാടുന്നു, ക്ഷണം കൊണ്ട് ആകാശം മുട്ടെ ഉയർന്നു പൊങ്ങുന്നു. ഹൃദയപങ്കജത്തിലെ ഈ ഭ്രമരി പത്തുദിക്കുകളിലും കറങ്ങിത്തിരിയുന്നു. നീണ്ട നീണ്ട ദുഃഖത്തിനു വഴിതെളിക്കുന്ന സംസാരദോഷങ്ങൾക്കെല്ലാം ഹേതു ഈ തൃഷ്ണയാണ്. കൊട്ടാരങ്ങളിലെ അന്തഃപുരങ്ങളിൽ സുഖസമൃദ്ധിയിൽ കഴിയുന്നവരെപ്പോലും തൃഷ്ണ ദുഃഖസമുദ്രത്തിൽ ആഴ്ത്തുന്നു.

17. ലോകോ*f*യമഖിലം ദുഃഖം ചിന്തയോജ്ഝരിതയോജ്ഝരതി
തൃഷ്ണാ വിഷൂചികാ മന്ത്രശ്ചിന്താത്യാഗോഹി കഥ്യതേ

ചിന്ത ഉപേക്ഷിച്ചാൽ ലോകത്തിനു ദുഃഖം മാറിക്കിട്ടുമെന്നു ചിലർ പറയുന്നു. അതു പൂർണമായും ശരിയല്ല. ചിന്താത്യാഗത്തിലൂടെ തൃഷ്ണയെ ത്യജിക്കാൻ കഴിഞ്ഞാലേ ദുഃഖം മാറിക്കിട്ടൂ. തൃഷ്ണയെന്ന വിഷൂചികാ

digitized by www.sreyas.in

രോഗത്തെ ശമിപ്പിക്കാനുള്ള ദിവ്യ മന്ത്രമാണു ചിന്താത്യാഗം. ഭൗതികവിഷയങ്ങൾ രമണീയങ്ങളാണെന്ന ചിന്തയാണു തൃഷ്ണയെന്ന പ്ലേഗിനെ ജനിപ്പിക്കുന്നത്. ആ വിഷയ ചിന്ത വെടിയുകയാണ് ഈ മഹാമാരിക്കുള്ള ഉത്തമമായ ചികിത്സ. അംഗനാതൃഷ്ണ അഥവാ ലൈംഗിക തൃഷ്ണ; അതാണു തൃഷ്ണയുടെ അത്യന്തഭീഷണമായ രൂപം. സൂര്യകിരണങ്ങൾ താമരപ്പൂവിനെയെന്നപോലെ ഏതു ഗംഭീരനെയും അതു പിടിച്ചു കുലുക്കി വിടർത്തി മലർത്തുന്നു. അല്ലയോ മഹർഷേ, ഉള്ളിലൊളിഞ്ഞിരിക്കുന്ന ഈ തൃഷ്ണ വാൾമുനയെക്കാളും ഇടിത്തീയെക്കാളും ചുട്ടുപഴുത്ത ഇരുമ്പുകഷണങ്ങളെക്കാളും തീക്ഷ്ണയാണ്. ഈ തൃഷ്ണ മേരുപർവതം പോലെ ഉറപ്പുള്ള പണ്ഡിതനും ശൂരനുമായ ഉത്തമപുരുഷനെപ്പോലും നിമിഷം കൊണ്ടു തൃണതുല്യനാക്കിമാറ്റുന്നു.

ദേഹത്തെ ചൊല്ലിയാണല്ലോ ഈ കോലാഹലങ്ങളെല്ലാം. എന്താണീ ദേഹമഹത്വം? നനഞ്ഞു കുതിർന്ന സിരാതന്തുക്കൾ ഇടതിങ്ങിയതും സദാ പരിണമിച്ചു പരിതപിക്കുന്നതുമായ ദേഹം കേവലം ദുഃഖിക്കാൻ വേണ്ടി മാത്രം രൂപംകൊണ്ടതല്ലേ. അൽപകാര്യം മതി സന്തോഷിക്കാൻ, അൽപകാര്യം മതി സന്തപിക്കാൻ. ദേഹം പോലെ ഗുണലേശമില്ലാത്ത ഒരു ശോച്യവസ്തു മറ്റൊന്നുമില്ല തന്നെ. അഹങ്കാരഗൃഹസ്ഥന്റെ മഹാഗൃഹമായ ഈ ദേഹം നശിക്കുകയോ ഇരിക്കുകയോ ചെയ്യട്ടെ. എനിക്കതിനോടൊരു സംഗവുമില്ല. നിരന്നുനിൽക്കുന്ന ഇന്ദ്രിയങ്ങളാകുന്ന പശുക്കൾ; അത്യന്ത ചഞ്ചലമായ തൃഷ്ണയാകുന്ന കുടുംബിനി, ചിത്തമാകുന്ന ഭൃത്യന്റെ പരിചരണം ഇവയോടുകൂടിയ ദേഹഗൃഹം എനിക്കു വേണ്ടേ വേണ്ട. നാവാകുന്ന പെൺകുരങ്ങു കീഴടക്കിവച്ചിരിക്കുന്നതും പല്ലുകളാകുന്ന എല്ലിൻ ശകലങ്ങൾ പുറമേ പ്രദർശിപ്പിക്കുന്നതുമായ വദനദ്വാരം കൊണ്ടു ഭീഷണമായ ഈ ദേഹഗേഹം എനിക്കു വേണ്ടേ വേണ്ട. എന്തിനീ ഐശ്വര്യം, എന്തിനീ രാജ്യം, എന്തിനീ ദേഹം, എന്തിനീ ദുരാഗ്രഹം; എല്ലാം ഏതാനും ദിവസങ്ങൾക്കുള്ളിൽ കാലത്തിന്റെ പിടിയിലമരുന്നവ. രക്തമാംസമയമായ ഈ ദേഹം അകവും പുറവും സദാ ജീർണിച്ചുകൊണ്ടിരിക്കുന്നു; മഹാമുനേ, ഇതിൽ രമ്യമായി എന്താണുള്ളത്; പറയൂ. ജരാനരകൾക്കു സമയമായാൽ ജരാനരകളെത്തി; മരണത്തിനു സമയമായാൽ മരണമെത്തി. ഐശ്വര്യ സമ്പന്നനും പട്ടിണി പാവത്തിനും ദേഹഗതി തുല്യം.

18. തഡിത്സുശരദഭ്രേഷു ഗന്ധർവനഗരേഷുച
സ്ഥൈര്യംയേന വിനിർണീതം സവിശ്വസതു വിഗ്രഹേ

മിന്നൽപ്പിണറിനും, ശരത്കാലമേഘത്തിനും, ഇന്ദ്രജാലനഗരത്തിനും സ്ഥിരതയുണ്ടെന്നു വിശ്വസിക്കുന്നവർ ശരീരസ്ഥിരതയിലും വിശ്വസിക്കട്ടെ.

ഇനിയും ശരീരം ചിരകാലം ഉള്ളതായിരുന്നു എന്നു തന്നെയിരിക്കട്ടെ. ഒന്നിനൊന്ന് മാറി മാറി വരുന്ന ശരീരാവസ്ഥകളിൽ എന്തു സുഖമാണുള്ളത്? കർമപ്രവാഹരൂപമായ സംസാരനദിയിൽ ദേഹം ലഭിച്ചു എന്നു തന്നെയിരിക്കട്ടെ; ബാല്യകാലം അതീവ ദുഃഖപ്രദമല്ലേ? കഴിവില്ലായ്മ, ആപത്തുകൾ, ആഗ്രഹങ്ങൾ, പറയാൻ വയ്യായ്ക, ബുദ്ധിഹീനത, നിർബന്ധം, ഉറപ്പില്ലായ്മ, പരവശത ഇവയൊക്കെ ഒരുമിച്ചു ചേർന്നതല്ലേ ബാല്യം. മനസ്സ് സ്വതേ ചഞ്ചലം, അതുപോലെ ബാല്യം അത്യന്തചഞ്ചലം; രണ്ടും ഒരുമിച്ചു ചേർന്നാ

digitized by www.sreyas.in

ലുള്ള കഥ, മഹർഷേ, പിന്നെപ്പറയാനുണ്ടോ? കാമിനിമാരുടെ കടക്കണ്ണു കളും മിന്നൽപിണരുകളും, അഗ്നിജ്വാലകളും, ചെറുകല്ലോലങ്ങളും ചേർന്നാണോ ബാല്യകാലമനസ്സിനെ ചഞ്ചലത പഠിപ്പിച്ചത്? അൽപ്പം കൊണ്ടു തുള്ളിക്കളിക്കുന്നു; അൽപ്പം കൊണ്ടു നിലവിളിക്കുന്നു; നായ്ക്കെന്നപോലെ മലത്തിലാണ് മനോഹരത്വം; ഇതല്ലേ ബാല്യകാലം. കാണുന്നതൊക്കെ ഭക്ഷിക്കാൻ കൗതുകം, ആകാശത്തുനിന്നും ചന്ദ്രനെ പിടിച്ചെടുക്കാൻ വെമ്പൽ; ഈ മൂർഖത എന്തു സുഖം തരാനാണ്. ബാല്യത്തിൽ ഗുരുവിനെ പേടി, അമ്മയെ പേടി, അച്ഛനെ പേടി, ആളുകളെ പേടി, മൂത്ത കുട്ടികളെ പേടി; ബാല്യം പേടിക്കിരിപ്പിടം. അറിവില്ലായ്മയുടെ ആവാസഭൂമിയായ ബാല്യത്തിനു സ്വന്തം വീടുപോലും ദുഃഖസങ്കേതമാണ്. ഈ ബാല്യം ആരെ എന്തു സുഖിപ്പിക്കാനാണ്?

ബാല്യം കഴിഞ്ഞു; കാമാദിദോഷങ്ങൾകൊണ്ട് ഇരുണ്ടുകൂടിയ മനസ്സുമായി മനുഷ്യൻ യൗവനത്തിലേക്കു കടക്കുന്നു; മിക്കവാറും പതിക്കാനായി. തുടർന്ന് അനേകതരം വിഭ്രമങ്ങൾക്കു വഴിയൊരുക്കാനായി തന്റെ ഹൃദയസങ്കേതത്തിൽ ഒളിച്ചിരിക്കുന്ന കാമപ്പിശാചിന്റെ കരുത്തുറ്റപിടിയിൽപെട്ടു നട്ടം തിരിയാനും തുടങ്ങുന്നു. ബുദ്ധി എത്ര വിശാലമായാലും പ്രസന്നമായാലും പരിശുദ്ധമായാലും യൗവനം അതിനെ കലക്കിമറിക്കുന്നു; നദിയെ വർഷകാലമെന്നപോലെ. ദേഹമാകുന്ന മരുഭൂമിയിലെ യൗവനമാകുന്ന കാനൽ ജലത്തിന്റെ പിന്നാലേ മനസ്സുകളാകുന്ന മാൻകിടാങ്ങൾ ഓടിയടുക്കുന്നു; ഒടുവിൽ വിഷയക്കുണ്ടിൽ വീണുനശിക്കാനുമിടവരുന്നു. യൗവനം അഭിവൃദ്ധി പ്രാപിക്കുന്തോറും കാമതാപമുൾക്കൊണ്ടു നശിക്കാൻ വേണ്ടി മാത്രം ചുറ്റിത്തിരിയുന്നു. മഹർഷേ, യൗവനക്ലേശം സുഖമായി കടന്നുപോകുന്നവരാണ് ഈലോകത്തിൽ വന്ദ്യന്മാരും മഹാന്മാരുമായ പുരുഷന്മാർ. സജ്ജനസമ്പത്തായ വിനയം കൊണ്ടലംകൃതവും കരുണ കൊണ്ടുജ്ജ്വലവും ഗുണസമ്മിളിതവുമായ മംഗളയൗവനം ഈലോകത്ത് ആകാശകാനനം പോലെ ദുർലഭമെന്നേ പറയേണ്ടു.

ലൈംഗികകാമമാണല്ലോ യൗവനത്തെ പ്രധാനമായും നാശഗർത്തത്തിലാഴ്ത്തുന്നത്. പുരുഷനെ മോഹിപ്പിക്കുന്നത് സ്ത്രീ ശരീരമാണ്. സ്ത്രീ ശരീരത്തിനെന്തു മോഹകതയാണുള്ളത്? നാഡിഞരമ്പുകളും എല്ലുകളും കൂട്ടിക്കെട്ടി മാംസത്തിൽ പൊതിഞ്ഞ കളിപ്പാവപോലുള്ള അത്യന്ത ചഞ്ചലമായ സ്ത്രീ ശരീരത്തിൽ ശോഭനമായി എന്തുണ്ട്? സ്ത്രീദൃഷ്ടിയിൽ പുരുഷശരീരത്തെയും ഇങ്ങനെ വിശകലനം ചെയ്തു നോക്കാവുന്നതാണ്. കടാക്ഷവിക്ഷേപമാണല്ലോ സ്ത്രീ പുരുഷന്മാരെ പരസ്പരം ആകർഷിക്കുന്നത്. തൊലിയും മാംസവും രക്തവും കണ്ണുനീരും പ്രത്യേകം പ്രത്യേകം വേർതിരിച്ചു നോക്കിക്കാണൂ. രമ്യമായി ഒന്നുമില്ലെങ്കിൽ പിന്നെ എന്തിനാണീ മോഹം. സ്വർണപർവത ശൃംഗങ്ങളുടെ തടങ്ങളിൽ ഗംഗയുടെ ചെറുചാലുകളൊഴുകുന്നതുപോലെ മുലത്തടങ്ങളിലെ മണിമാലകളുടെ പ്രഭാപ്രസരണമാണല്ലോ മറ്റൊരാകർഷണം. ചുടുകാടുകളുടെ പ്രാന്തപ്രദേശങ്ങളിൽ അതേ മുലക്കട്ടികൾ തന്നെ രുചികരങ്ങളായ ചോറുരുളകൾ പോലെ പട്ടികൾ കടിച്ചുവലിച്ചാസ്വദിക്കുന്നതു കാണാറില്ലേ. പുകപോലെ തലമുടി പാറിച്ച് കാണാൻ കൊള്ളാവുന്നവയും തൊട്ടാൽ പൊള്ളിക്കുന്നവയുമായ തീ ജ്വാലകൾ പോലെ നാരിമാർ നരതൃണങ്ങളെ എരിച്ചു ചാമ്പലാക്കുന്നു. അങ്ങക

digitized by www.sreyas.in

ലെയാണെങ്കിലും നരകാഗ്നികളെ കത്തിജ്വലിപ്പിക്കുന്ന മനോഹരമെന്നു തോന്നിക്കുന്ന ഭയാനകമായ വിറകാണു രസമുള്ളവരെന്നു തോന്നുന്നെങ്കിലും രസമില്ലാത്തവരായ നാരിമാർ. അജ്ഞരായ പുരുഷപ്പക്ഷികളെപ്പിടിക്കാൻ കാമകിരാതൻ വീശിയിരിക്കുന്ന വലകളാണു സ്ത്രീകൾ. ജീവിതമാകുന്ന പൊയ്കയിൽ ചിത്തമാകുന്ന ചെളിയിൽ കിടക്കുന്ന പുരുഷമത്സ്യങ്ങളെ വാസനയാകുന്ന ചൂണ്ടയാൽ കോർത്തുപിടിക്കാനുള്ള ഇരക്കഷണങ്ങളാണു സ്ത്രീകൾ. ദോഷരത്നങ്ങളെല്ലാം സൂക്ഷിച്ചുവച്ചിരിക്കുന്ന മനോഹരമായ ഒരു ചെപ്പാണു സ്ത്രീ. ഈ ദുഃഖച്ചങ്ങലയായ സ്ത്രീ എനിക്കു വേണ്ടേ വേണ്ട. ഇതാ മാംസം, ഇതാ രക്തം, ഇതാ അസ്ഥി എന്നിങ്ങനെ ഓരോന്നും വേർപെട്ട് അൽപ ദിവസങ്ങൾക്കുള്ളിൽതന്നെ സ്ത്രീ താറുമാറായി ഭവിക്കുന്നു.

19. യസ്യ സ്ത്രീ തസ്യ ഭോഗേച്ഛാ നിസ്ത്രീകസ്യ ക്വഭോഗഭൂഃ
സ്ത്രീയം ത്യക്ത്വാ ജഗത് ത്യക്തം ജഗത് ത്യക്ത്വാസുഖീ ഭവേത്

സ്ത്രീസംഗമുള്ളവനാണു ഭോഗേച്ഛ; സ്ത്രീസംഗമില്ലാത്തവനെന്തു ഭോഗേച്ഛ? സ്ത്രീയെ ത്യജിച്ചാൽ ജഗത്തിനെ ത്യജിച്ചു; ജഗത്തിനെ ത്യജിച്ചാൽ സുഖം അനുഭവിക്കാം.

ഭൗതികസുഖത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലാണല്ലോ ലോകജീവിതം. ഒറ്റനോട്ടത്തിൽ സുഖാവഹങ്ങളാണെന്നു തോന്നുന്നവയും അകപ്പെടുത്തി ദുഃഖിപ്പിക്കുന്നവയുമാണ് ഭൗതികഭോഗങ്ങൾ. വണ്ടിൻ ചിറകുപോലെ ചലിക്കുന്ന അത്തരം ഭോഗങ്ങളിൽ എനിക്കു കൗതുകമില്ല. അല്ലയോ മഹർഷേ, മരണം, രോഗം, ജരാനര എന്നിവയെ ഭയന്ന് ഞാൻ അവയിൽ നിന്നും പിന്മാറുന്നു. ഒരു സത്യസ്ഥാനമുണ്ടെങ്കിൽ അവിടെയെത്താൻ കൊതിക്കുന്നു.

ബലഹീനമായ ബാല്യത്തെ യൗവനം വിഴുങ്ങുന്നു. യൗവനത്തെയാകട്ടെ അതിവേഗം ജരാനര ആക്രമിച്ചു കീഴടക്കുന്നു. അവയുടെ പരസ്പര സ്പർധ എത്ര കർക്കശം. അനായാസമായി ദുഃഖം സംഭാവന ചെയ്യുന്നവളാണു ജര. ജരയുടെ ആക്രമണത്തോടെ സപത്നിയുടെ അടികൊണ്ടോടുന്ന അംഗനയെപ്പോലെ ബുദ്ധി വിട്ടൊഴിഞ്ഞു പോകുന്നു. ജരാനരപൂണ്ടു വിറയ്ക്കുന്ന വൃദ്ധനെ ഒരു ഭ്രാന്തനെയെന്നപോലെ ഭൃത്യന്മാരും പുത്രന്മാരും സ്ത്രീകളും ബന്ധുക്കളും സുഹൃത്തുക്കളും എല്ലാം കണ്ടു ചിരിക്കുന്നു. കാഴ്ചയിൽ വെറുപ്പു തോന്നിക്കുന്നവനും ജീർണിച്ചവനും ദയാപാത്രവും ഗുണപരാക്രമങ്ങൾ നഷ്ടപ്പെട്ടവനുമായ വൃദ്ധനെ വൃക്ഷത്തെ കഴുകനെന്നപോലെ ഇന്ദ്രിയങ്ങളിൽ രുചി കടന്നുപിടികൂടുന്നു. വാർധക്യത്തിൽ നീണ്ടു നീണ്ടു പോകുന്ന വിഷയാശ ആപത്തുകൾക്കെല്ലാം ഏക സഖിയായി അനുകമ്പാർഹനാക്കിത്തീർത്തുകൊണ്ട് വൃദ്ധഹൃദയത്തെ സദാതപിപ്പിക്കുന്നു. പരലോകത്ത് ഇനി എന്തൊക്കെയാണോ ദുഃഖം വരാനിരിക്കുന്നത്; എനിക്കെന്തു ചെയ്യാൻ കഴിയും എന്നിങ്ങനെ പ്രതിവിധിയില്ലാത്ത ഭയം വളർന്നുകൊണ്ടേയിരിക്കും. സംഭ്രമത്തോടൊപ്പം ഇന്ദ്രിയാഭിരുചി കൂടുന്നു; അനുഭവിക്കാൻ കഴിവുമില്ല; ശക്തിയില്ലായ്മയിൽ ഹൃദയം ദഹിക്കാനുമിടവരുന്നു. പഴുത്തു പാകമായ കുമ്പളങ്ങപോലെ നരച്ചുവെളുത്ത ശിരസിനെ ജരയും കാർന്നു തിന്നാൻ തുടങ്ങുന്നു. മനുഷ്യൻ തികച്ചും കാലത്തിന്റെ കൈയിലെ കളി

digitized by www.sreyas.in

പ്പാട്ടമല്ലേ. മരണരാജാവിനകമ്പടിക്ക് വെളുത്ത ചാമരവുമായി പുറപ്പെട്ടിരിക്കുകയാണു ജര. ആധിവ്യാധി പതാകകളുമേന്തി അവൾ രാജാവിനു മുന്നോടിയായി എത്തിച്ചേരുന്നു. ജരയാകുന്ന കുമ്മായം പൂശി വിളറിയ ദേഹാന്തഃപുരത്തിൽ അശക്തി, ആർത്തി, ആപത്ത് എന്നീ അംഗനമാർ സുഖമായി താമസമുറപ്പിക്കുന്നു. ജരാനരബാധിച്ചിട്ടും ജീവിതം നീട്ടിക്കിട്ടാനാഗ്രഹിക്കുന്നു. ബഹുയാതനാമയമായ ജീവിതംകൊണ്ടെന്തു നേടാനാണ്? ഈ ജഗത്തിൽ ജര അജയ്യയാണ്; ജനങ്ങളുടെ എല്ലാ സുഖാഭിലാഷങ്ങളെയും അവൾ തകർക്കുന്നു.

ഇനി ഈ ജഗത്തിൽ ആർക്കെങ്കിലും അൽപ്പം സുഖാനുഭവം സാധ്യമായെന്നു തന്നെയിരിക്കട്ടെ. എലി നൂലിനെയെന്ന പോലെ കാലം അതിനെ കരണ്ടുതിന്നുന്നു. സർവം ഭക്ഷകനായ കാലത്തിന്റെ പിടിയിൽപെടാത്തയാതൊന്നും തന്നെ ഇവിടെയില്ല. സമുദ്രത്തെ ബഡവാഗ്നിയെന്നപോലെ ജഗത്തിനെ മുഴുവൻ അതുവിഴുങ്ങുന്നു. അവസരമെത്തിയാൽ മഹാത്മാക്കളുടെ കാര്യത്തിൽ പോലും കാലം ഒരു നിമിഷം കാത്തുനിൽക്കുന്നില്ല. വിശ്വത്തെ മുഴുവൻ വിഴുങ്ങി സ്വയം വിശ്വരൂപിയായിമാറുന്നു കാലം. സൗന്ദര്യമൂർത്തികൾ, ശുഭകർമികൾ, സുമേരുപോലെ ഗൗരവശാലികൾ; ഇവരെയൊക്കെ കാലം ഗരുഡൻ പാമ്പുകളെയെന്ന പോലെ വിഴുങ്ങി അകത്താക്കുന്നു. പുല്ലെന്നോ മൃഗമെന്നോ ഇന്ദ്രനെന്നോ സ്വർണപർവതമായ സുമേരുവെന്നോ ഇലയെന്നോ പാത്രമെന്നോ ഒരു ഭേദവുമില്ല. തന്റെ വയറുവീർപ്പിക്കാനായി എല്ലാം തന്നിൽ ലയിപ്പിച്ചു ചേർക്കാൻ മുതിരുന്നു കാലം. അനേകതരം ജീവജാലങ്ങളാകുന്ന കൊതുകുകൾ വന്നുപറ്റി ശബ്ദായമാനങ്ങളായ ബ്രഹ്മാണ്ഡങ്ങളെന്ന കായ്കളോടുകൂടിയ ജഗത്തെന്ന വലിയ അത്തിമരത്തിന്റെ വിത്ത് കാലമല്ലാതെ മറ്റെന്താണ്. കാലം ഈ അത്തിമരത്തെ കിളിർപ്പിക്കുന്നു ലയിപ്പിക്കുന്നു വീണ്ടും കിളിർപ്പിക്കുന്നു ലയിപ്പിക്കുന്നു. സൂര്യനാകുന്ന കണ്ണുകൊണ്ട് രാപകലെന്നരൂപത്തിൽ ഇമവെട്ടി ഈ കാലം പ്രപഞ്ചമാകുന്ന ജീർണ കാനനത്തിലെ പഴുത്തു പാകംവന്ന കനികളെപ്പോലെ ലോകപാലന്മാരെ തിന്നുതീർക്കുന്നു. പ്രപഞ്ചമാകുന്ന ഇടിഞ്ഞുപൊളിഞ്ഞ കുടിലിന്റെ മുറ്റത്തു ചിതറിക്കിടക്കുന്ന സജ്ജനങ്ങളാകുന്ന രത്നങ്ങളെ ഈ കാലം ഉഗ്രമായ വിടവുള്ള മരണച്ചെപ്പിൽ ഓരോന്നോരോന്നായി പെറുക്കി സൂക്ഷിക്കുന്നു. ലോകങ്ങളാകുന്ന രത്നങ്ങളെ മായാഗുണങ്ങളാകുന്ന ചരടുകളിൽ കോർത്തിണക്കി സ്വയമണിഞ്ഞിട്ടു ഈ കാലം വീണ്ടും വീണ്ടും നിർദയം ദൂരെ വലിച്ചെറിയുന്നു. ജഗത്താകുന്ന കൊടുംകാട്ടിൽ മോഹബദ്ധരായി ജീർണിക്കുന്ന ജീവജാലങ്ങളാകുന്ന മാൻകൂട്ടങ്ങളെ നിർദയം വേട്ടയാടി രസിക്കുന്ന ക്രൂരകിരാതനാണു കാലം. കൽപാന്തത്തിൽ കാലം പ്രളയ സമുദ്രമാക്കി മാറ്റുന്ന ഈ ലോകം ഒരു ഭാഗത്തു ബഡവാഗ്നിയാകുന്ന താമര വികസിച്ചുനിൽക്കുന്ന കളിപ്പൊയ്കയാണ്. ഏതു നിമിഷവും വറ്റിവരണ്ടുപോകാം. പലതരം സ്വഭാവങ്ങളുള്ള ജീവജാലങ്ങളോടുകൂടിയ ജഗത്ത് എരിയും കവർപ്പും പുളിപ്പും ഇടകലർന്നതും പാലും തൈരും പാനീയമായിട്ടുള്ളതുമായ ഭക്ഷണപദാർഥമാണ് കാലത്തിന്ന്. നീണ്ടു നിലനിന്ന് ചളിച്ചുപുളിക്കുന്ന ഈ ഭക്ഷണ പദാർഥം കാലത്തിന് വെറും പ്രാതൽ മാത്രം. സംസാര കാനനത്തിൽ വേട്ടയാടി നടക്കുന്ന കാലകിരാതന്റെ നായാട്ടുപട്ടികളുടെ നേതൃസ്ഥാനത്തു വിരാജിക്കുന്ന വലിയ പെൺപട്ടിയാണ് ജര. അവൾ

digitized by www.sreyas.in

മറ്റു നായ്ക്കളോടൊപ്പം ഈ കാട്ടിൽ സമർത്ഥമായി ചുറ്റിത്തിരിഞ്ഞ് എല്ലാ മൃഗസഞ്ചയത്തെയും ഇളക്കി മറിച്ച് കാലകാട്ടാളന്റെ മുൻപിൽ കൊണ്ടെത്തിക്കുന്നു. കാലമദ്യപന്റെ കൈയിലെ മദ്യം നിറച്ച പാനപാത്രമാണ് ഭൂമി. അത് മദ്യസൗരഭ്യത്തിനുവേണ്ടി താമര, കരിംകൂവളം, സൗഗന്ധികം തുടങ്ങിയ പൂക്കൾ കോർത്തിണക്കിയ മാലയാൽ അലംകൃതമായിരിക്കുന്നു. ഘോരഘോരം അലറിയടുക്കുന്നതും കൈകൾ കൊണ്ടു കഴുത്തിലും മുതുകിലുമടിച്ചൊച്ചപ്പാടാക്കുന്നതും സടാവികട ഭീഷണവുമായ നരസിംഹം കാലകിരാതന്റെ കൈക്കൂട്ടിലെ തേജസ്സുറ്റ കളിപ്പക്ഷിമാത്രം. ചുരക്കുടുക്കകൊണ്ടുള്ള വീണപോലെ മധുരധ്വനി പുറപ്പെടുവിക്കുന്നവനും. ശരത്കാലാകാശം പോലെ നീലവർണത്തോടു കൂടിയവനും രുദ്രാനുചരനുമായ മഹാകാലൻ കാലക്കാട്ടാളന്റെ വെറും കളിക്കുയിൽ. സദാ കുലച്ചുപിടിച്ചിരിക്കുന്നതും ദുഃഖസമൂഹമാകുന്ന അമ്പുകളെ തുടരെ തുടരെ എയ്തുവിടുന്നതും ചുറ്റും തിരിഞ്ഞുകാണപ്പെടുന്നതുമായ ഇല്ലായ്മയാണ് ഈ കാലനായാടിയുടെ പടവില്ല്. കൽപാന്തകാലത്ത് കാലരൂപിയായ ഈ പരമേശ്വരൻ സ്വയം കാളരാത്രിയായി ഭവിച്ചിട്ട് വിവിധ ദേവലോകങ്ങളാകുന്ന ആഭൂഷണങ്ങളണിഞ്ഞു താണ്ഡവനൃത്തമാടുന്നു. അന്ന് ഈ ദേവൻ പാതാളമാകുന്ന പാദത്തിൽ പാപച്ചരടിൽ കോർത്തിണക്കി കളകള കോലാഹല ബഹുലമായി അണിയുന്ന കാൽചിലങ്കകളുടെ കൂട്ടമാണു നരകലോകങ്ങൾ. ഈ ദേവന്റെ ഒരു കാതിലെ നീളം കൂടിയ അസ്ഥി മുദ്രികയാണു ഹിമവാൻ, മറുകാതിലെ സ്വർണ കർണാഭരണമാണു സുമേരു. അതേ കാതുകളിലണിഞ്ഞു കവിൾത്തടങ്ങളിൽ നിഴലിച്ചിളകുന്ന കുണ്ഡലങ്ങളാണു ചന്ദ്രസൂര്യൻമാർ. ഈ ദേവൻ അരക്കെട്ടിലണിഞ്ഞിരിക്കുന്ന അരഞ്ഞാണാണ് ഇളകിമറിയുന്ന അനന്തലോകാലോകങ്ങൾ. കാളരാത്രിയായി മാറി താണ്ഡവമാടുന്ന കാലപരമേശ്വരന്റെ കരാളരൂപം അതീവഭീഷണമെന്നേ പറയേണ്ടൂ. ആ നൃത്തത്തിൽ ലോകപാലകന്മാരായ ദേവന്മാരെല്ലാം ചിന്നിച്ചിതറി താറുമാറാകുന്നു. വിശ്വരൂപം കൈക്കൊണ്ടു ലോകങ്ങളെ മുഴുവൻ സംഹരിക്കാനൊരുമ്പെടുന്ന കാല പരമേശ്വരനാണിവിടെ പ്രത്യക്ഷപ്പെടുന്നത്. വിശ്വരൂപനിൽ എല്ലാം അസംഖ്യമാണ്. ശ്രീ സുബ്രഹ്മണ്യന്റെ വാഹനങ്ങളായ മയിലുകൾ പരിഭ്രമം കൊണ്ട് പ്രാണൻ വെടിഞ്ഞ് ആ സംഹാരമൂർത്തിയുടെ പുറകിൽ പറ്റിപ്പിടിച്ചു തൂങ്ങിക്കിടക്കുന്നു. മൂന്നു കണ്ണുകളുടെയും വിസ്തൃതങ്ങളായ വിടവുകളിൽ വായുപ്രവാഹം ഇരച്ചുകയറി ഭീഷണമായ ഝംകാരനാദം പുറപ്പെടുവിക്കുന്നു. തൂങ്ങിക്കിടന്നിളകുന്ന ജടകളിൽ ചന്ദ്രിക പരത്തിക്കൊണ്ട് ശിവശിരസ്സുകൾ ചിതറിക്കാണപ്പെടുന്നു. മന്ദാര പുഷ്പങ്ങളണിഞ്ഞു ശോഭിക്കുന്ന ഗൗരീകബരഭാരങ്ങൾ ചലിക്കുന്ന ചാമരങ്ങളെപോലെ എങ്ങും കാണപ്പെടുന്നു. പൊങ്ങിച്ചാടുന്ന താണ്ഡവനൃത്തത്തിൽ പർവതാകാരങ്ങളായ ഭൈരവോദരങ്ങൾ കുമ്പളങ്ങകൾ പോലെ പ്രകടമാകുന്നു. നൂറുനൂറു ദ്വാരങ്ങളോടു കൂടി ശബ്ദായമാനങ്ങളായി ചിന്നിച്ചിതറിക്കിടക്കുന്ന ഇന്ദ്രദേഹങ്ങൾ ഭിക്ഷാടനത്തിനുള്ള തലയോട്ടികളായി ചിതറി കാണപ്പെടുന്നു. ഒരു മഞ്ചത്തിന്റെ ഒടിഞ്ഞു പൊളിഞ്ഞ കഷണങ്ങൾ പോലെയുള്ള ഉണങ്ങി വരണ്ട എല്ലുകളെക്കൊണ്ട് ആകാശം നിറച്ച് സർവസംഹാരകാരിണിയായ കാളരാത്രി സ്വയംതന്നെത്തന്നെ ഭയചകിതയാക്കിത്തീർക്കുന്നു. വിശ്വരൂപന്റെ അനന്തശിരസുകളെ കോർത്തിണക്കിയ താമരമാലയണിഞ്ഞു കൽപാന്ത

digitized by www.sreyas.in

ങ്ങളിൽ ഈ കാളരാത്രി താണ്ഡവനൃത്തം ചെയ്തു വിളയാടുന്നു. കാലത്തിന്റെയും മറ്റും ഈ കരാളതയുടെ നടുവിൽ മഹാമുനേ, എന്നെപ്പോലുള്ളവർക്കു സംസാരയാത്രയിൽ എന്തു കൗതുകമുണ്ടാവാനാണ്?

ജീവിതത്തിലെ യഥാർഥ ശത്രുക്കൾ ഇന്ദ്രിയങ്ങളാണ്. അവ സത്യമായ ബോധത്തെ അസത്യ ജഡമാക്കി മാറ്റിയിരിക്കുന്നു. മനസ്സ് സ്വയം തന്നെത്താൻ പ്രഹരിച്ചുകൊണ്ടിരിക്കുന്നു. മനസ്സാണു മനസ്സിന്റെ ശത്രു. എന്താണീ ശത്രുത്വം?

20. *വസ്ത്വവസ്തുതയാജ്ഞാതം ദത്തം ചിത്തമഹംകൃതൗ*
*അഭാവ വേധിതാഭാവാ ഭാവാന്തോനോപലഭ്യതേ.*

വസ്തു-മനസ്സ് പരമസത്യത്തെ; അവസ്തുതയാജ്ഞാതം-ദൃശ്യങ്ങളായി കണക്കാക്കുന്നു; ചിത്തം അഹംകൃതൗ ദത്തം-തിരിഞ്ഞു നോക്കി സത്യത്തെകാണാതെ ചിത്തം അഹങ്കാരത്തിന്റെ പിന്നാലേ പറ്റിക്കൂടുന്നു; ഭാവാഃ അഭാവവേധിതാഃ-ദൃശ്യപദാർഥങ്ങളാകട്ടെ അനിത്യങ്ങളാണെന്നു സ്പഷ്ടം; ഭാവാന്തഃന ഉപലഭ്യതേ-പുറമേനോക്കിയിട്ടു ഈ ദൃശ്യങ്ങൾ എവിടെ തുടങ്ങുന്നു, എവിടെ ഒടുങ്ങുന്നു എന്നു പിടികിട്ടുന്നുമില്ല.

മനസ്സ് പരമസത്യത്തെ ദൃശ്യങ്ങളായി കണക്കാക്കുന്നു. തിരിഞ്ഞുനോക്കി സത്യം കാണാതെ ചിത്തം അഹങ്കാരത്തിന്റെ പിന്നാലേ പറ്റിക്കൂടുന്നു. ദൃശ്യങ്ങളാകട്ടെ അനിത്യങ്ങളാണെന്നു സ്പഷ്ടം. പുറമേ നോക്കിയിട്ടു ഈ ദൃശ്യങ്ങൾ എവിടെ തുടങ്ങുന്നു, എവിടെ ഒടുങ്ങുന്നു എന്നു പിടികിട്ടുന്നുമില്ല.

**ഭാവാന്തോ നോപലഭ്യതേ**

വിചാരശീലന്മാരായ വിവേകികൾ തനിയേ എത്തിച്ചേരുന്ന ഒരു വിഷമഘട്ടത്തിൽ രാമൻ എത്തിനിൽക്കുകയാണ്. ഇവിടെയാണ് സത്യദർശിയായ ഗുരുവിന്റെ സഹായം ആവശ്യമായിവരുന്നത്. പുറമേ കാണുന്ന ദൃശ്യങ്ങൾ മിഥ്യാ പ്രതിഭാസങ്ങളാണെന്നു രാമനു നല്ല പോലെ ബോധ്യപ്പെട്ടു. മുൻപില്ലായിരുന്നു; പിൻപില്ലാതാവുകയും ചെയ്യും. ഇടയ്ക്കുമാത്രം ഉള്ളതായി തോന്നുന്നു. ഇത്തരം കാഴ്ചകളാണു മിഥ്യ. ഈ മിഥ്യാനിർവചനം രാമൻ സ്വയം ചിന്തിച്ചു തന്നെ ഉറപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അഹങ്കാരത്തിന്റെ പിന്നാലെ വിഷയസുഖത്തിനുവേണ്ടി ചുറ്റിത്തിരിയുന്ന ചിത്തത്തിനു വഴങ്ങി കൊടുക്കാൻ രാമൻ സന്നദ്ധനല്ല. എന്നാൽ പുറമേ യഥാർഥ സത്യം തിരയാം. പുറമേ തിരഞ്ഞാൽ പരമസത്യം പിടികിട്ടുകയില്ലെന്നും രാമൻ സ്വയം ചിന്തിച്ചുറപ്പിച്ചിരിക്കുന്നു. 'ഭാവാന്തോനോപലഭ്യതേ' എന്ന ഭാഗം കൊണ്ട് അക്കാര്യമാണ് വെളിപ്പെടുത്തിയിരിക്കുന്നത്. ഈ ദൃശ്യപരമ്പര ഏതിൽനിന്നു പൊന്തിവരുന്നോ ഏതിൽ തിരിച്ചു ലയിക്കുന്നോ അതായിരിക്കണം പരമസത്യം. അങ്ങനെ ഒന്നിനെ പുറമേ അന്വേഷിക്കുന്ന ആർക്കും ഒരിക്കലും കണ്ടെത്താൻ സാധിക്കയില്ല. മനസ്സിന്റെ ഈ ദുർഘടാവസ്ഥയ്ക്കുള്ള ഒരേ ഒരു പോംവഴിയാണ് ബ്രഹ്മവിദ്യ. രാമൻ ബ്രഹ്മവിദ്യ അഥവാ ഉപനിഷദ്വിദ്യ എങ്ങനെ നേടുന്നു എന്നു നമുക്കു വഴിയേകാണാം.

രാമൻ തുടർന്നു. ഇതൊക്കെ ചിന്തിച്ചു ബുദ്ധി വ്യാകുലമായി തപിക്കുന്നു. രാഗരോഗം സർവത്ര പടർന്നു പിടിച്ചിരിക്കുന്നു. വിരക്ത പുരുഷന്മാർ ദുർലഭമായേ കാണപ്പെടുന്നുള്ളൂ. യത്നബഹുലമായി യൗവനം കടന്നുപോകുന്നു. യൗവനത്തിൽ സജ്ജനസമ്പർക്കം അതിവിദൂരം. പോംവഴിയൊന്നും കാണു

digitized by www.sreyas.in

ന്നില്ല. സത്യസ്വരൂപം എങ്ങും കാണ്മാനുമില്ല. മനസ്സു മോഹബദ്ധം. സന്തോഷം അകന്നകന്നു പോകുന്നു. പ്രകാശം പരത്തുന്ന കരുണ ഉള്ളിലുദയം ചെയ്യുന്നില്ല. എവിടെനിന്നോ ഓടിയെത്തി നീചത ചിത്തത്തെ കീഴടക്കുന്നു. അസംതൃപ്ത മനസ്സുകളുടെ മധ്യത്തിൽ ധീരത അധീരതയായി മാറുന്നു. അൽപ്പത്തിൽ തുള്ളിച്ചാടിയും അൽപ്പത്തിൽ കണ്ണുനീർ വാർത്തും ജനങ്ങൾ കടന്നുപോകുന്നു. ദുർജ്ജന സൗഹൃദം സുലഭം; സജ്ജന സംഗമം വിരളം. പ്രപഞ്ചദൃശ്യങ്ങൾ വന്നും പോയുമിരിക്കുന്നു. അവയെ ഭാവന ചെയ്താൽ സംസാരബന്ധം. ജീവജാലം എങ്ങോട്ടെന്നില്ലാതെ ചലിച്ചുകൊണ്ടേയിരിക്കുന്നു. ദാനവന്മാർ പോലും പിളർക്കപ്പെടുന്നു. ഉറപ്പുറ്റതുപോലും തുണ്ടു തുണ്ടാകുന്നു. അമരന്മാർ പോലും മരണപ്പെടുന്നു. എന്നെപ്പോലുള്ളവർക്ക് എന്തു സ്ഥിരത? ദിക്കുകൾ ദിക്കുകളല്ലാതായി മാറുന്നു. ദേശങ്ങൾ വിദേശങ്ങളായിത്തീരുന്നു. പർവതങ്ങൾ പോലും താറുമാറായിത്തകരുന്നു. എന്നെപ്പോലുള്ളവർക്കെന്തു സ്ഥിരത? സ്വർഗംപോലും ഇല്ലായ്മയിൽ മറയുന്നു. ഭുവനമാകെത്തന്നെ ഭുജിക്കപ്പെടുന്നു. ഭൂമണ്ഡലം പോലും ജീർണിച്ചു നശിക്കുന്നു. എന്നെപോലുള്ളവർക്കെന്തു സ്ഥിരത? സമുദ്രങ്ങൾ പോലും വറ്റി വരളുന്നു. നക്ഷത്രങ്ങൾപോലും പൊടിഞ്ഞു തകരുന്നു. സിദ്ധന്മാർ പോലും മൃത്യുവിന്നിരയാകുന്നു. എന്നെപ്പോലുള്ളവർക്കെന്തു സ്ഥിരത? ബ്രഹ്മാവു പോലും വിലീനനാകുന്നു. അജനായ ഹരിപോലും ഹരിക്കപ്പെടുന്നു. ഭവൻ പോലും അഭാവത്തിൽ വിലയമാകുന്നു. എന്നെപ്പോലുള്ളവർക്ക് എന്തു സ്ഥിരത? കാലം പോലും ലയിക്കുന്നു. നിയതിപോലും നിർമാർജനം ചെയ്യപ്പെടുന്നു. ആദ്യന്തരഹിതമായ ആകാശം പോലും അന്തർധാനം ചെയ്യുന്നു. എന്നെപ്പോലുള്ളവർക്ക് എന്തു സ്ഥിരത?

21. അശ്രാവ്യാവാച്യതത്വേന ദുർദർശ ജ്ഞാനമൂർതിനാ
ഭുവനാനിവിഡംബ്യന്തേ കേനചിദ്ഭ്രമദായിനാ.

അശ്രാവ്യാവാച്യതത്വേന-കേൾക്കാനോപറയാനോ പറ്റാത്ത പരമകാരണവും, ദുർദർശജ്ഞാനമൂർത്തിനാ-കണ്ടെത്താൻ വിഷമമുള്ള ബോധസ്വരൂപവുമായ, കേനചിത്ഭ്രമദായിനാ-ഏതോ ഒരൈന്ദ്രജാലികനാൽ; ഭുവനാനിവിഡംബ്യന്തേ-ലോകങ്ങളാകുന്ന മായാദൃശ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു.

കേൾക്കാനോ പറയാനോ പറ്റാത്ത പരമകാരണവും കണ്ടെത്താൻ വിഷമമുള്ള ബോധസ്വരൂപവുമായ ഏതോ ഒരൈന്ദ്രജാലികനാൽ ലോകങ്ങളാകുന്ന മായാദൃശ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു.

**ഭുവനാനി വിഡംബ്യന്തേ**

ഉണ്ടായിമറയുന്ന പ്രപഞ്ചദൃശ്യങ്ങൾക്ക് ഉണ്ടാകാനും മറയാനും ഒരു പരമകാരണം ഉണ്ടായേ പറ്റൂ. ആ പരമകാരണം ബോധമാണെന്നും നിശ്ചയം. എങ്ങനെ? അന്വയവ്യതിരേകയുക്തി കൊണ്ട്. ബോധമുണ്ടോ പ്രപഞ്ചമുണ്ട്; ഇതാണന്വയയുക്തി. ബോധമില്ലേ പ്രപഞ്ചമില്ല; ഇതാണു വ്യതിരേകയുക്തി. അതുകൊണ്ടു പ്രപഞ്ചമായി കാണപ്പെടുന്നതൊക്കെ ബോധം തന്നെ. ബോധം പരമകാരണമായതുകൊണ്ട് അതു ജനിച്ചതോ മരിക്കുന്നതോ ആകാൻ പറ്റുകില്ല. കാരണം കാര്യരൂപങ്ങളിലെല്ലാം നിറഞ്ഞുണ്ടായേ പറ്റൂ എന്നുള്ളതുകൊണ്ട് അതു സർവവ്യാപിയായേ പറ്റൂ. കാര്യരൂപങ്ങളിൽ കാണ

digitized by www.sreyas.in

പ്പെടുന്ന കഴിവുകളും അറിവുകളുമെല്ലാം കാരണത്തിന്റേതു തന്നെയായിരിക്കുമെന്നുള്ളതുകൊണ്ടു അതു സർവശക്തനും സർവജ്ഞനും ആയേ പറ്റൂ. ഇത്രയുമായാൽ സത്യത്തെക്കുറിച്ചു നമുക്കു ചില തീരുമാനങ്ങളിലെത്താം. ജഗത്തിന്റെ പരമകാരണമാണ് സത്യം; അതു ബോധമാണ്; അതു സർവവ്യാപിയാണ്; സർവജ്ഞനാണ്; സർവശക്തനാണ്; ഇങ്ങനെയൊരു പരമകാരണമുണ്ടെങ്കിൽ അതിൽനിന്നും ഭിന്നമായ മറ്റൊരുവസ്തു യഥാർഥത്തിൽ ഉണ്ടാകാനേ പറ്റില്ല. സർവവ്യാപിയായ പരമകാരണം ഇല്ലാത്തിടത്തല്ലേ ഒരു ഭിന്നവസ്തു ഉണ്ടാകാൻ പറ്റൂ. അങ്ങനെയൊരിടമില്ലല്ലോ. ഭിന്നമെന്നു തോന്നുന്ന വസ്തുവിൽ പരമകാരണം നിറഞ്ഞു നിൽക്കുകയാണെങ്കിൽ ഭിന്നതയെവിടെ. പിന്നെ പലതു കാണപ്പെടുന്നതോ? പരമകാരണത്തിൽ തന്നെ വസ്തുഭേദമില്ലാതെ കാണപ്പെടുന്ന വെറും നാമരൂപങ്ങൾ മാത്രം. മരുഭൂമിയിലെ കാനൽ ജലം പോലെ ബോധത്തിൽ ഉണ്ടെന്നു തോന്നുന്ന ഇത്തരം നാമരൂപങ്ങളെയാണു മായാദൃശ്യങ്ങൾ എന്നുപറയുന്നത്. അപ്പോൾ ബോധമാകുന്ന ഐന്ദ്രജാലികൻ ഉണ്ടാക്കിമറയ്ക്കുന്ന വെറും മായാദൃശ്യങ്ങളാണു പ്രപഞ്ചം. ഇത്രയും കാര്യങ്ങൾ രാമൻ തന്നെ സ്വയം വിചാരം ചെയ്തു കണ്ടെത്തിയിരിക്കുന്നു. രാമൻ സത്യാനുഭവത്തിന്റെ വക്കിലെത്തി നിൽക്കുന്നു എന്നു താൽപ്പര്യം. പക്ഷെ മായാദൃശ്യങ്ങളുടെ മോഹതമസ്സിന്റെ പിടിയിൽ നിന്നും എങ്ങനെ രക്ഷപ്പെടാൻ കഴിയും? അതിനുള്ള സാങ്കേതികവിദ്യ മാത്രമേ ഇനി രാമനറിയേണ്ടതായുള്ളൂ. ഇവിടെയാണു സത്യനിഷ്ഠനായ ഗുരുവിന്റെ സഹായം ആവശ്യമായിത്തീരുന്നത്. എന്താണാസാങ്കേതികവിദ്യ; രാമനതു ഗുരുവിൽ നിന്നു എങ്ങനെ ലഭിച്ചു എന്ന കാര്യങ്ങൾ നമുക്കു വഴിയേ കാണാം.

രാമൻ തുടർന്നു. ഇന്നുത്സവദിവസമാണ്, ഇതിന്ന ഋതുവാണ്, ഇതൊരു വിശിഷ്ടാനുഭവമാണ്, ഇവർ ബന്ധുക്കളാണ് എന്നിങ്ങനെ വൃഥാ അനേകതരം വികൽപ്പങ്ങളെ താലോലിച്ച് അത്യന്ത ചഞ്ചലമായ ദുർബലമനസുമായി മനുഷ്യൻ ഒടുവിൽ കൂരിരുട്ടിൽപെട്ടു മറയുന്നു. പുത്രന്മാർ, ഭാര്യമാർ, ധനം എല്ലാം അത്യന്ത സുഖാവഹമെന്നു ബുദ്ധി കരുതുന്നു.. എന്തു സുഖമാണ്? അന്ത്യസമയമാകുമ്പോൾ ഇവയൊക്കെ വിഷം കഴിച്ചു മോഹാലസ്യപ്പെടുന്നതുപോലെ സുഖാവഹമാണ്. ശത്രുക്കളെല്ലാം ഓടിയൊളിച്ചു; സമ്പദ്സമൃദ്ധി കുന്നുകൂടി; മുൻപറഞ്ഞതെല്ലാം സുഖാവഹമായി തോന്നി; അപ്പോഴേയ്ക്കും എവിടെനിന്നോ വാർധക്യവും രോഗവും മരണവും ഓടിയെത്തുകയായി. ഒരു യാത്ര പുറപ്പെടാൻ തീരുമാനിച്ചവർ പല സങ്കേതങ്ങളിൽ നിന്നായി ഒരു സ്ഥലത്തൊത്തുകൂടി അവരവരുടെ ഭാവാനുഭവങ്ങളുമായി യാത്ര തുടർന്നു. യാത്ര കഴിഞ്ഞു സ്വസങ്കേതങ്ങളിലേക്കു മടങ്ങി. ഇത്രയല്ലേയുള്ളൂ മായാമയമായ കുടുംബവ്യവഹാരം. കാലഗതിയിൽ അനന്തകൽപ്പങ്ങളെ ഗണിച്ചു നോക്കുമ്പോൾ ഒരു കൽപ്പമായി കരുതുന്ന ക്ഷണനേരം മാത്രം ജീവിക്കുന്നവരാണ് ബ്രഹ്മാവു തുടങ്ങിയ ദേവമൂർത്തികൾ പോലും. അതുകൊണ്ടു കാലപ്രവാഹത്തിൽ അൽപ്പായുസ്സ്, ദീർഘായുസ്സ് എന്നൊക്കെ പറയുന്നതുപോലും വെറും ഭ്രമം മാത്രം. ജനങ്ങൾ കാമകാമികളായി എന്തൊക്കെയോ വികൃതികൾ കാട്ടിക്കൂട്ടുന്നു. ഈ ലോകത്തു വിവേകികളായ സജ്ജനങ്ങൾ അതീവദുർലഭം. എല്ലാ കർമങ്ങളും വേർപാടിന്റെ ദുഃഖം കൊണ്ടു മലീമസം. ഈ ജീവിതയാത്ര എങ്ങനെയാണു തുടരേണ്ട

digitized by www.sreyas.in

തെന്ന് എനിക്കൊരുപിടിയും കിട്ടുന്നില്ല. ഗംഭീരദിവസങ്ങൾ, വിശിഷ്ടസമ്പത്തുകൾ, കോലാഹലകർമപരിപാടികൾ അവസാനം എല്ലാം ഓർമയിൽ മാത്രം. ബ്രഹ്മാവ്, വിഷ്ണു, ശിവൻ തുടങ്ങി സകലജീവവർഗവും ബഡവാഗ്നിയിൽ ജലകണങ്ങളെന്നപോലെ നാശത്തിലേക്കു തന്നെ കുതിച്ചുകൊണ്ടിരിക്കുന്നു. ക്ഷണം കൊണ്ട് ആപത്തുകളെത്തുന്നു; ക്ഷണംകൊണ്ട് സമ്പത്തുകൾ, ക്ഷണം കൊണ്ടു ജന്മം, ക്ഷണംകൊണ്ടു മരണം, മഹർഷേ ക്ഷണികമല്ലാത്തതെന്തുണ്ട്? ഭീരു ധീരനെ കൊല്ലുന്നു; ഒരാൾ അനേകം പേരെ കൊല്ലുന്നു; വെറും പ്രാകൃതന്മാർ പ്രഭുക്കന്മാരായി മാറുന്നു; ജഗത്തുമുഴുവൻ വെറും ആവർത്തനം.

രാമൻ തുടർന്നു. ദോഷദർശനമാകുന്ന കാട്ടുതീയിൽ എന്റെ മനസ്സെരിഞ്ഞുകൊണ്ടിരിക്കുന്നു. കാനൽ ജലത്തിൽ കൊതിവരാത്തതുപോലെ ലോകഭോഗങ്ങളിൽ എനിക്കു താൽപ്പര്യമേ തോന്നുന്നില്ല. മരണത്തിലോ ജീവിതത്തിലോ എനിക്കു കൗതുകമില്ല. അന്നന്നു കണ്ടതുപോലെ ജീവിക്കുന്നു. ഒന്നിലും പരിഭ്രമമില്ല. എന്റെ രോഗം സത്യബുദ്ധികൊണ്ട് ഇപ്പോൾ ചികിത്സിക്കപ്പെടുന്നില്ലെങ്കിൽ ഇനിപ്പിന്നെ എപ്പോഴാണതിനവസരം കിട്ടുക.

22. വിഷം വിഷയവൈഷമ്യം നവിഷംവിഷമുച്യതേ
ജന്മാന്തരഘ്നാഃവിഷയാഏകദേഹഹരംവിഷം

വിഷയങ്ങളിലുണ്ടാകുന്ന രാഗദ്വേഷ വൈഷമ്യമാണു വിഷം; വിഷം വിഷമല്ല. വിഷയവൈഷമ്യം അനേകജന്മങ്ങളെ ഹനിക്കുന്നു. വിഷം ഒരു ശരീരത്തെ മാത്രമേ ഹനിക്കുന്നുള്ളൂ. സുഖങ്ങളോ ദുഃഖങ്ങളോ, മിത്രങ്ങളോ ബന്ധുക്കളോ, ജീവിതമോ മരണമോ ഒന്നും തന്നെ സത്യം അനുഭവിക്കുന്ന ചിത്തത്തിനു ബന്ധമായി ഭവിക്കുന്നില്ല. കൊടുങ്കാറ്റിൽ ചിന്നിച്ചിതറുന്ന മേഘഖണ്ഡത്തിലെ വെള്ളത്തുള്ളികൾപോലെ ആയുസ്സു ക്ഷണഭംഗുരം. ഭോഗങ്ങൾ മേഘപടലത്തിന്റെ നടുവിൽതെളിയുന്ന മിന്നൽപിണർ പോലെ ചഞ്ചലം. ഒഴുകിമറയുന്ന യൗവനസുഖമാകുന്ന ജലപ്രവാഹം സങ്കൽപതരംഗങ്ങൾ കൊണ്ടു വ്യാകുലം. തൽക്കാലം ഞാൻ ശാന്തി കിട്ടാൻ വേണ്ടി എന്റെ ചിത്തത്തെ വൈരാഗ്യമുദ്രവച്ചു പൂട്ടി ഉറപ്പിച്ചിരിക്കുകയാണ്. പതിദേവതയായ ഭാര്യ ഭർതൃഗൃഹത്തിലെന്ന പോലെ ഈശ്വരാർപ്പിതമായ ബുദ്ധി ഉള്ളിൽ സ്വേച്ഛാവൃത്തിയിലേർപ്പെടുന്നില്ല; പുറമേ സ്വൈരസഞ്ചാരത്തിനു പുറപ്പെടുന്നുമില്ല; ഇതാണിപ്പോഴത്തെ സ്ഥിതി. തുച്ഛമല്ലാത്തതും ആയാസരഹിതവും മനസ്സെന്ന ഉപാധിയെ ആശ്രയിക്കാത്തതും സംശയരഹിതവുമായ ഒരു സുഖസ്ഥാനം, മഹർഷേ, ഉണ്ടോ; ഉണ്ടെങ്കിൽ കാട്ടിത്തരാൻ പറ്റുമോ? വാസനാമയമായി കത്തി ജ്വലിക്കുന്ന സംസാരാഗ്നിയിൽ എടുത്തുചാടിയാൽ പോലും തീയിൽ രസമെന്ന പോലെ ദഹിച്ചുപോകാത്ത എന്തുപായമാണ്, ധീരമാമുനേ, എനിക്കു സ്വായത്തമാക്കാവുന്നത്? സമുദ്രത്തിൽ വെള്ളമുണ്ടാവരുത് എന്നു പറയുന്നതുപോലെ അസാധ്യമാണ് ദുഃഖമയമായ ഈ സംസാരരംഗത്ത് ലോകവ്യവഹാരം കൂടാതെ കഴിച്ചുകൂട്ടണം എന്നുപറയുന്നത്. ഇവിടെ ഗംഭീരമായി വ്യവഹരിക്കവേ തന്നെ സ്ഥിരസുഖമനുഭവിക്കുവാൻ വല്ലവഴിയുമുണ്ടോ എന്നതാണു പ്രശ്നം. നിങ്ങളൊക്കെ ദുഃഖത്തിന്റെ സീമ കടന്നവരാണല്ലോ. എനിക്ക് അതു പ്രായോഗികമാകത്തക്കവണ്ണം പറഞ്ഞുതന്നാലും. ഇനിയും അങ്ങനെയൊരു വഴിയില്ലെന്നു വരുമോ? ഉണ്ടെങ്കിൽ

digitized by www.sreyas.in

തന്നെ എനിക്കതു സ്പഷ്ടമായി ഉപദേശിച്ചുതരാൻ പറ്റുകയില്ലെന്നു വരുമോ? ആ അഴിവില്ലാത്ത വിശ്രാന്തിസ്ഥാനത്തെത്തിച്ചേരാൻ സ്വയം എനിക്കു കഴിഞ്ഞില്ലെന്നുമിരിക്കട്ടെ. അങ്ങനെ വന്നാൽ സംശയമേ വേണ്ടാ; അഹങ്കാരമെല്ലാമുപേക്ഷിച്ചു ഞാൻ ഭക്ഷണം കഴിക്കുകയില്ല; വെള്ളം കുടിക്കുകയില്ല; വസ്ത്രം മാറ്റുകയില്ല; സ്നാനദാനാദിവ്യവഹാരമൊന്നും തന്നെ അനുഷ്ഠിക്കുകയില്ല. സമ്പത്തിലും ആപത്തിലും ഞാൻ ഒന്നും ചെയ്യാനാഗ്രഹിക്കുന്നില്ല. ദേഹത്യാഗമല്ലാതെ ഞാൻ മറ്റൊന്നുമഭിലഷിക്കുന്നില്ല. എനിക്കാശങ്കയൊന്നുമില്ല. ആരോടും മമതയുമില്ല; മത്സരവുമില്ല. ഞാനൊരിടത്തു ചിത്രത്തിലെന്നപോലെ മൗനമായി കഴിഞ്ഞുകൊള്ളാം!

മഹത്തരമായ വിവേകം കൊണ്ടു വികസിതചിത്തനായ രാമൻ ചന്ദ്രികാപരിവേഷ്ടിതനായ ശീതാംശുവിനെപ്പോലെ ഇത്രയുംപറഞ്ഞ് ആ മഹാത്മാക്കളുടെ മുൻപിൽ മൗനമവലംബിച്ചിരിപ്പായി. കേകാരവം പുറപ്പെടുവിച്ചു തളർന്ന മയൂരം കാർമേഘങ്ങളുടെ മുൻപിൽ നിശ്ശബ്ദമാകുന്നതുപോലെ.

*ഇതി ശ്രീ വാത്മീകീയേ മോക്ഷോപായേ വൈരാഗ്യപ്രകരണേ*
*ജഗദ്ദോഷ പ്രകാശോനാമ*
*ദ്വിതീയഃ സർഗഃ*

**സർഗം. 3**

# വൈരാഗ്യവർണ്ണനം

വാല്മീകി പറഞ്ഞു: രാജകുമാരനായ രാമന്റെ വിഷയമഹാമോഹം അകറ്റുന്ന വാക്കുകേട്ട് അവിടെയുണ്ടായിരുന്നവരെല്ലാം അത്ഭുതപരതന്ത്രരായി; രോമാഞ്ചകഞ്ചുകിതരായി. മുനിമാരുടെ മറുപടി കേൾക്കാൻ മുഖമുയർത്തി ശ്രദ്ധാലുക്കളായി. സിദ്ധൻമാർ സാധുവാദം മുഴക്കി. ആകാശത്തുനിന്നു ദേവന്മാർ പുഷ്പവൃഷ്ടി ചൊരിഞ്ഞു. മുഹൂർത്തംകൊണ്ടു പുഷ്പവൃഷ്ടി നിലച്ചതോടെ സിദ്ധസംവാദം സ്പഷ്ടമായി കേൾക്കാൻ തുടങ്ങി. കൽപ്പാരംഭം മുതൽ സിദ്ധരായി സഞ്ചരിക്കുന്നവർക്ക് ഇതുപോലൊരമൃതവാണി കേൾക്കാൻ കഴിഞ്ഞിട്ടില്ല. ശാന്തിസുന്ദരമായ വചനം. ആദരവോടുകൂടി സ്വയം സ്വീകരിച്ച അത്ത്യുത്തമഭാവം. രഘുനന്ദനവചനം സിദ്ധന്മാരെപ്പോലും പിടിച്ചുകുലുക്കി ഉണർത്തിവിട്ടു.

ഭരദ്വാജൻ ചോദിച്ചു: മഹാത്മാക്കളായ മുനിമാർ രാമന്റെ വാക്കുകേട്ടുവല്ലോ. അവരെന്തുമറുപടി നൽകി? ഗുരോ, അതുകേൾക്കാൻ എന്റെ മനസ്സു വെമ്പുന്നു.

വാല്മീകി പറഞ്ഞു: തുടർന്ന് ഒരു മുനിപരമ്പര തന്നെ ആകാശത്തുനിന്നും ദശരഥസഭാമണ്ഡപത്തിലേക്ക് ഇറങ്ങിവന്നു. ഇറങ്ങിവരുന്ന സിദ്ധസമൂഹത്തെക്കണ്ട് മുനിമാരുൾപ്പെടെയുള്ള ദശരഥസഭ ഒന്നടങ്കം എഴുന്നേറ്റു വണങ്ങി. വസിഷ്ഠനും വിശ്വാമിത്രനും സിദ്ധന്മാരെ പൂജിച്ചു; സിദ്ധന്മാർ തിരിച്ച് അവരെയും. അതിരറ്റ ആദരവോടുകൂടി ദശരഥൻ സിദ്ധന്മാരെ പൂജിച്ചു.

സിദ്ധന്മാർ രാജാവിനോടു കുശലമാരാഞ്ഞു. മുൻപിൽ പ്രണാമമർപ്പിച്ചു

digitized by www.sreyas.in

നിന്ന രാമനെ ചുറ്റുംനിന്ന സകലരും വാക്കുകൊണ്ടും, പുഷ്പവർഷം കൊണ്ടും പ്രശംസകൊണ്ടും സമാദരിച്ചു.

മുനിമാർ അരുളിച്ചെയ്തു. അത്ഭുതം, അത്ഭുതം. കുമാരനായ രാമൻ മംഗളം നിറഞ്ഞുതുളുമ്പുന്നതും, വിശാലാശയമുൾക്കൊള്ളുന്നതും, വൈരാഗ്യരസപൂർണവുമായ അഭിപ്രായമാണു പ്രകടമാക്കിയത്. അചിന്ത്യമായ കർമഗതിയിൽ രൂപംകൊണ്ട ദുഃഖഭൂയിഷ്ഠമായ ഈ സംസാരഭ്രമത്തിൽ സാരമായി ഒന്നും തന്നെയില്ല. സകലലോകസുഖങ്ങളും സ്വായത്തമായ രാമമനസ്സിനു പോലും ഇക്കാര്യം സമ്മതമാണെങ്കിൽ ഇനിയും അതുപൂർണമായി ഉറപ്പുവന്നിട്ടില്ലാത്ത നമ്മൾ ഹതബുദ്ധികളെന്നേ പറയേണ്ടൂ! മഹാജനം ഇങ്ങനെ അരുളിച്ചെയ്യവേ നമ്രശിരസ്കനായി മുമ്പിൽ നിൽക്കുന്ന രാമനെ നോക്കി വിശ്വാമിത്രൻ പറഞ്ഞു: ഹേ, രഘുനന്ദനാ, നിനക്കിനി കൂടുതലായി ഒന്നുംതന്നെ അറിയാനില്ല. നീ സ്വയം സൂക്ഷ്മബുദ്ധിയിൽ എല്ലാം അറിഞ്ഞവനായിത്തീർന്നിരിക്കുന്നു. വ്യാസപുത്രനായ ശുകനെപ്പോലെ നീ അറിയേണ്ടതൊക്കെ അറിഞ്ഞിരിക്കുന്നു. ശുകനെപ്പോലെതന്നെ ഉള്ളിൽ ചിത്തവിശ്രാന്തി മാത്രമാണിനി ആവശ്യം.

രാമൻ ചോദിച്ചു: ഭഗവൻ, വ്യാസപുത്രനായ ശുകന് അറിയേണ്ടതറിഞ്ഞിട്ടും ചിത്തവിശ്രാന്തി ലഭിച്ചില്ലെന്നോ; അതെങ്ങനെ? പിന്നെ വിശ്രാന്തി നേടിയതെങ്ങനെ?

വിശ്വാമിത്രൻ പറഞ്ഞു: രാമാ, പറയാം, കേട്ടോളൂ. നിന്റെ കഥയ്ക്കു തുല്യമാണു ശുകന്റെയും കഥ. അതു കേൾക്കുന്നതോടെ ജനനമരണ ഭ്രമം അകന്നുകിട്ടും. ദുരന്തമായ ലോകയാത്രയെക്കുറിച്ചു നിന്നെപ്പോലെ തന്നെ ശുകനും സ്വയം ഗാഢമായി ചിന്തിച്ചു. വിവേകം ഉദയം ചെയ്തു. സത്യം ചിന്തിച്ചുയർന്നു കുതിച്ച ശുക മനസ്സ് യുക്തിയുക്തമായി വിചാരം ചെയ്തു സത്യത്തിലെത്തി. എങ്കിലും സ്വയം വിചാരം ചെയ്തെത്തിയതല്ലേ. ഇതു തന്നെയാണോ പരമസത്യം എന്നു പൂർണമായും ഉള്ളിൽ ഉറപ്പുവന്നില്ല. ചഞ്ചലമായ മനസ്സ് ക്ലേശഭൂയിഷ്ഠങ്ങളായ ലോകഭോഗങ്ങളിൽ നിന്ന് മഴവെള്ളത്തിൽ നിന്നു ദാഹം ശമിച്ച വേഴാമ്പലെന്നപോലെ പിൻമാറി. തുടർന്ന് ഒരിക്കൽ മേരുപർവത പ്രാന്തത്തിൽ ഏകാകിയായി വിശ്രമിക്കുന്ന പിതാവായ വ്യാസന്റെ മുൻപിലെത്തി ഭക്തിപൂർവം വണങ്ങി ഇങ്ങനെ ചോദിച്ചു: 'മുനേ, ഈ സംസാര കോലാഹലം പൊന്തിക്കാണപ്പെടുന്നതെങ്ങനെ? ഇതെങ്ങനെ ശമിക്കും? ഇതെന്തുമാത്രമുണ്ട്; ആർക്ക് എപ്പോഴാണിതു ശമിക്കുക? മകന്റെ ചോദ്യംകേട്ടു സത്യദർശിയായ പിതാവ് സംശയങ്ങൾക്കെല്ലാം വേണ്ടപോലെ ഉത്തരം നൽകി. അച്ഛൻ പറഞ്ഞ കാര്യങ്ങളൊക്കെ നേരത്തേ തന്നെ സ്വയം തനിക്കു ബോധ്യപ്പെട്ടവയായതുകൊണ്ട് അവയിൽ സംശയം വീണ്ടും അവശേഷിച്ചു. മകന്റെ മനശ്ചാഞ്ചല്യം ഗ്രഹിച്ച പിതാവ് ഇങ്ങനെ നിർദേശിച്ചു: കാര്യം പൂർണമായും തനിക്കു പിടിയില്ല. വിദേഹ രാജ്യത്തു ജനകചക്രവർത്തി രാജ്യം ഭരിച്ചുപോരുന്നു. അറിയേണ്ടതറിഞ്ഞയാളാണദ്ദേഹം. അദ്ദേഹത്തെ സമീപിച്ചാൽ സംശയമെല്ലാം തീർന്നു കിട്ടും. ശുകൻ നേരേ ജനകന്റെ കൊട്ടാരത്തിലെത്തി. വ്യാസപുത്രനായ ശുകൻ കോട്ടയ്ക്കു പുറത്തു വാതിൽക്കൽ വന്നു നിൽക്കുന്നതായി പാറാവുകാർ ജനകനെ അറിയിച്ചു. അനാദരവോടു കൂടി 'അവിടെ നിൽക്കട്ടെ' എന്നു പറഞ്ഞു ജനകൻ മൗനം

digitized by www.sreyas.in

ഭജിച്ചു. ശുകൻ ഏഴു ദിവസം കോട്ടയ്ക്കു പുറത്തു വാതിൽക്കൽ സ്ഥിതി ചെയ്തു. തുടർന്നു ശുകനെ കൊട്ടാരത്തിന്റെ അങ്കണത്തിൽ കടത്തിയിരുത്താൻ ജനകൻ നിർദേശം നൽകി. വീണ്ടും ഏഴുദിവസം അവിടെ അങ്ങനെയിരുന്നു. ശുകനെ അതുകഴിഞ്ഞ് അന്തഃപുരത്തിനകത്തു പ്രവേശിപ്പിച്ച് ഏഴുദിവസം അവിടെയിരുത്തി. അപ്പോഴും രാജാവിനെ കാണാൻ കഴിഞ്ഞില്ല. ജനകൻ ചന്ദ്രകാന്തി ചൊരിയുന്ന മുഖത്തോടു കൂടിയ ശുകനെ സൗന്ദര്യമൂർത്തികളായ തരുണിമാരെക്കൊണ്ടും രുചികരങ്ങളായ ഭക്ഷണപദാർഥങ്ങളെക്കൊണ്ടും വേണ്ടുവോളം ഉപചരിപ്പിച്ചു. ഇരിപ്പിടത്തിൽ പർവതം പോലെ അചലനായി സ്ഥിതി ചെയ്ത വ്യാസപുത്രനെ ആ ഭോഗസാമഗ്രികളോ ക്ലേശങ്ങളോ ലേശം പോലും ഇളക്കിമറിച്ചില്ല. അദ്ദേഹം അത്യന്തം ശാന്തനും നിഷ്കളങ്കനും മൗനിയും സന്തുഷ്ടചിത്തനും ആയി പൂർണചന്ദ്രനെപ്പോലെ വിരാജിച്ചു. ജനകനു ശുകനെ നല്ലപോലെ മനസ്സിലായി. മുൻപിൽ വിളിച്ചു വരുത്തി പ്രസന്നവദനനായ അദ്ദേഹത്തെ നമസ്കരിച്ചു. ഈ ജഗത്തിലിനി ഒരു കർമവും അവശേഷിച്ചിട്ടില്ലാത്തവനും നേടേണ്ടതൊക്കെ നേടിയവനുമായ അങ്ങേക്ക് ഇനിയെന്താണാവശ്യം എന്നു സ്വാഗതപൂർവം ചോദിച്ചു. ശുകൻ ആരാഞ്ഞു: ഈ സംസാരകോലാഹലം എങ്ങനെ പൊന്തിക്കാണപ്പെടുന്നു; ഇതെങ്ങനെ ശമിക്കും? യാഥാർഥ്യം പറഞ്ഞു തരൂ! നേരത്തേ മഹാത്മാവായ പിതാവ് എന്തൊക്കെ പറഞ്ഞു കേൾപ്പിച്ചോ അതൊക്കെത്തന്നെ ജനകനും ആവർത്തിച്ചു. ശുകൻ പറഞ്ഞു: അങ്ങീപറഞ്ഞതൊക്കെ ഞാൻ സ്വന്തം ചിന്തകൊണ്ടു തന്നെ കണ്ടെത്തിയ കാര്യമാണ്. ഈ ചോദ്യം ഞാൻ ചോദിച്ചപ്പോൾ അച്ഛനും ഇതൊക്കെത്തന്നെയാണു വിവരിച്ചു തന്നത്, അങ്ങും അതേ കാര്യം തന്നെ പറയുന്നു. ശാസ്ത്രങ്ങളും ഇതുതന്നെ വെളിപ്പെടുത്തുന്നു എല്ലാറ്റിന്റെയും സാരം ഇത്രയല്ലേയുള്ളൂ.

23. യഥായം സ്വവികല്പോത്ഥഃ സ്വവികൽപ്പ പരിക്ഷയാത്
ക്ഷീയതേ ദഗ്ദ്ധ സംസാരോ നിഃസാരഇതിനിശ്ചയഃ

അയം-ഈ സംസാര കോലാഹലം, യഥാസ്വവികല്പോത്ഥഃ-ബോധസ്വരൂപമായ ആത്മാവിൽ സ്വന്തം സങ്കൽപ്പങ്ങളിലൂടെ പൊന്തിക്കാണപ്പെടുന്നതായതുകൊണ്ട്; സ്വവികൽപ്പ പരിക്ഷയാത്-സ്വന്തം സങ്കൽപ്പങ്ങൾ ശമിച്ചാൽ; ക്ഷീയതേ-ശമിക്കുകയും ചെയ്യും; ദഗ്ധ സംസാരോ നിഃസാരഃ-ഈ സംസാരഭ്രമം ഒരു കഴമ്പുമില്ലാത്തതാണ്; ഇതിനിശ്ചയഃ-തീരുമാനിക്കപ്പെട്ട ശാസ്ത്ര സത്യമാണിക്കാര്യം.

ഈ സംസാരകോലാഹലം ബോധസ്വരൂപമായ ആത്മാവിൽ സ്വന്തം സങ്കൽപ്പങ്ങളിലൂടെ പൊന്തിക്കാണപ്പെടുന്നതായതു കൊണ്ട് സ്വന്തം സങ്കൽപ്പങ്ങൾ ശമിച്ചാൽ അവ ശമിക്കുകയും ചെയ്യും. ഈ സംസാരഭ്രമം ഒരു കഴമ്പുമില്ലാത്തതാണ്. തീരുമാനിക്കപ്പെട്ട ശാസ്ത്രസത്യമാണിക്കാര്യം.

**ഇതിനിശ്ചയഃ**

ഈ കാര്യം നിശ്ചയിച്ചുറപ്പിക്കപ്പെട്ട ശാസ്ത്രസത്യമാണ്. ഏതു കാര്യം? ബോധത്തിൽ സങ്കൽപ്പങ്ങളുളവാക്കുന്ന വെറും ഭ്രമമാണ് ദൃശ്യ പ്രപഞ്ചം എന്ന കാര്യം. എന്താണു ദൃഷ്ടാന്തം? മങ്ങിയ വെളിച്ചത്തിൽ കയറിൽ സർപ്പ

digitized by www.sreyas.in

ഭ്രമമുളവാക്കുന്നതു തന്നെ ദൃഷ്ടാന്തം. കയറ്, സർപ്പസങ്കൽപ്പം, സർപ്പഭ്രമം ഇതല്ലേ നിയമം. അതുപോലെ ബോധം, ദൃശ്യസങ്കൽപ്പം, ദൃശ്യഭ്രമം ഇതാണു പ്രപഞ്ചാനുഭവത്തിന്റെയും നിയമം. ഇതെങ്ങനെ ശാസ്ത്ര സത്യമാകും? പരീക്ഷണം കൊണ്ടുറപ്പിക്കാം. സർപ്പസങ്കൽപ്പം വെടിയൂ; സർപ്പഭ്രമം പോകും; കയറു മാത്രം ശേഷിക്കുകയും ചെയ്യും. അതുപോലെ ദൃശ്യസങ്കൽപ്പമുപേക്ഷിക്കൂ. ദൃശ്യഭ്രമം പോകും; ബോധം മാത്രം അവശേഷിക്കുകയും ചെയ്യും. പ്രപഞ്ചത്തിൽ ഒരാൾ സൂര്യനെ അനുഭവിക്കുന്നു എന്നിരിക്കട്ടെ. ഏതിലാണനുഭവം? ബോധത്തിൽ. ഇതു സൂര്യനാണ് എന്ന സങ്കൽപ്പമാധ്യമമില്ലാതെ ബോധത്തിൽ സൂര്യാനുഭവം സാധ്യമാകുമോ? സംശയമുള്ളവർ ഇതു സൂര്യനാണ് എന്ന സങ്കൽപ്പം ഉപേക്ഷിച്ചിട്ട് സൂര്യനെ ഒന്നനുഭവിച്ചുനോക്കട്ടെ. ഒരാൾ അനുഭവിക്കുന്നില്ലെങ്കിലും മറ്റുള്ളവർ അനുഭവിക്കുന്നുണ്ടല്ലോ? എന്തു വിഢ്ഢിത്തം നിറഞ്ഞ സംശയമാണിത്. അനുഭവത്തിനുള്ള മാധ്യമമുള്ളിടത്തോളം ആരും അനുഭവിക്കും. മാധ്യമമില്ലാത്തിടത്തനുഭവപ്പെടുന്നുണ്ടോ എന്നതാണു നമ്മുടെ പരീക്ഷണം. രണ്ടുപേർ പച്ചക്കണ്ണാടി വച്ച് പ്രപഞ്ചത്തെ പച്ചയായി ഭ്രമിക്കുന്നു എന്നു കരുതുക. ഒരാൾ പച്ചക്കണ്ണാടി മാറ്റി. അയാൾക്കു പ്രപഞ്ചം പച്ചയാണെന്നുള്ള ഭ്രമം മാറി. എങ്കിലും മറ്റേയാൾ അനുഭവിക്കുന്നണ്ടല്ലോ എന്ന ചോദ്യം അറിവില്ലായ്മയല്ലേ? ഇനിയും സങ്കൽപ്പ മാധ്യമം മാറിയാൽ പ്രപഞ്ചാനുഭവം ആകെ മാറും. പച്ചക്കണ്ണാടിക്കു പകരം ചുവന്ന കണ്ണാടിവച്ചാൽ പ്രപഞ്ചം ചുവപ്പാണെന്നു ഭ്രമിക്കേണ്ടി വരും. മനുഷ്യന് അനുഭവപ്പെടുന്ന പ്രപഞ്ചമല്ല മൃഗങ്ങൾക്കനുഭവപ്പെടുന്നത് എന്നാണല്ലോ ജന്തുശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുള്ളത്. എന്താണു കാരണം? മനുഷ്യരുടെ സങ്കൽപ്പങ്ങളല്ല ജന്തുക്കളുടെ സങ്കൽപ്പങ്ങൾ. ഓരോ ജീവിക്കും അനുഭവപ്പെടുന്ന പ്രപഞ്ചം സങ്കൽപ്പഭേദമനുസരിച്ച് ഭിന്നമായിരിക്കുന്നതു തന്നെ പ്രപഞ്ചം സങ്കൽപ്പഭ്രമമാണെന്നുള്ളതിനു വ്യക്തമായ തെളിവല്ലേ? മനുഷ്യനിലായാലും മൃഗത്തിലായാലും അനുഭവിക്കുന്നയാൾ ബോധമാണെന്നുള്ളത് നിശ്ചയവുമാണ്. ഇനിയും മനുഷ്യനിൽ തന്നെ ബ്രഹ്മ സങ്കൽപ്പം ഉറപ്പുവന്നാൽ 'സർവം ബ്രഹ്മമയ'മായി കാണാൻ കഴിയുമെന്ന അനുഭവം ചിരകാലമായി പരീക്ഷിച്ചുറപ്പിക്കപ്പെട്ടു പോന്നിട്ടുള്ളതുമാണല്ലോ.

അതു ശരി; ഈ സങ്കൽപ്പത്യാഗം എങ്ങനെ നേടാൻ കഴിയും? രണ്ടുവിധത്തിൽ നേടാൻ കഴിയും. ഒന്ന് നേരിട്ടു തന്നെ സങ്കൽപ്പങ്ങളെ നിരോധിക്കുക. ഇതാണ് ചിത്തവൃത്തിനിരോധരൂപമായ രാജയോഗം. ചിത്തവൃത്തികൾ നിരോധിക്കപ്പെട്ടാൽ ദ്രഷ്ടാവായ ബോധം ശുദ്ധരൂപത്തിൽ ബാക്കി നിൽക്കും. ചിരകാലമായി പരീക്ഷിച്ചുറപ്പിക്കപ്പെട്ടു പോരുന്ന ഈ ശാസ്ത്ര സത്യം പതഞ്ജലി തന്റെ യോഗസൂത്രത്തിന്റെ തുടക്കത്തിൽ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. പക്ഷെ സദാ കർമരംഗത്തിൽ വ്യാകുലചിത്തവൃത്തികളായി കഴിയുന്നവർക്ക് ഈ യോഗാഭ്യാസം അത്ര എളുപ്പമല്ല. തിരക്കുപിടിച്ച കർമരംഗത്തു കഴിയുന്നവർക്കു ക്രമേണ സങ്കൽപ്പത്യാഗം സാധ്യമാക്കാൻ വേണ്ടിയാണ് ഭഗവാൻ ഗീതയിൽ പുതിയൊരു യോഗമാർഗം നിർദേശിച്ചിരിക്കുന്നത്. ആദ്യമായി യുക്തിചിന്ത ചെയ്തു ബ്രഹ്മസത്യം ബുദ്ധിക്കുറപ്പാക്കണം. തുടർന്ന് 'സർവം ബ്രഹ്മ മയം' എന്ന വസ്തുസ്ഥിതി ഓർമി

digitized by www.sreyas.in

ച്ചുകൊണ്ട് കർമരംഗത്തു വന്നു ചേരാവുന്ന വിഷമവേളകളിലെല്ലാം മനസ്സിനെ സമനില അഭ്യസിപ്പിക്കണം. സന്തോഷരൂപത്തിലോ സന്താപരൂപത്തിലോ ക്ഷോഭിക്കാതിരിക്കലാണു മനസ്സിന്റെ സമനില. സമനില ഉറപ്പ് വരുംതോറും സങ്കൽപ്പവൈവിധ്യം കുറയും. ബ്രഹ്മാനുഭവം കൂടും. ഈ യോഗം ആർക്കും അഭ്യസിക്കാം. കാലദേശാദിവ്യവസ്ഥകളൊന്നും ഇതിനു ബാധകമല്ല. ഒരു ജന്മം കൊണ്ടു തന്നെ പൂർത്തിയായില്ലെങ്കിൽ പോലും ഭയപ്പെടാനില്ല. ഈ ജന്മത്തിൽ നേടിയ പാകതയുമായി അടുത്ത ജന്മം തുടങ്ങാം. വാസിഷ്ഠം ഇക്കാര്യമെല്ലാം ഇനിമേൽ വളരെ വിശദമായി ചർച്ച ചെയ്യാൻ പോകുന്നു. ഭ്രമാനുഭവങ്ങളിലൊന്നും ചിന്തിച്ചാൽ ഒരു കഴമ്പുമില്ലെന്നുള്ളതു തീർച്ചയാണല്ലോ. ഉണർന്നു കഴിഞ്ഞാൽ സ്വപ്നാനുഭവങ്ങളിൽ എന്തു കഴമ്പാണുള്ളത്. അതുകൊണ്ടാണു ശുകൻ 'ദഗ്ധസംസാരോ നിസ്സാരഃ' എന്നു പ്രഖ്യാപിച്ചത്.

ശുകൻ തുടർന്നു'മഹാരാജാവേ, ഞാനെത്തിച്ചേർന്ന ഈ തീരുമാനം ശരിയാണോ; എനിക്കുറപ്പുതരൂ. ജഗത്ഭ്രമത്തിൽ അൽപ്പം ചഞ്ചലമായിരിക്കുന്ന എന്റെ മനസ്സിന് പൂർണ വിശ്രമം കിട്ടാൻ ഇനി അങ്ങയുടെ ഉറപ്പു മാത്രം മതിയാകും; ജനകൻ പറഞ്ഞു: മുനേ, ഇതിൽ കവിഞ്ഞു മറ്റൊരുനിശ്ചയവും ഇനിയില്ല; അങ്ങു സ്വയം ഈ നിശ്ചയത്തിലെത്തിച്ചേർന്നു; ഗുരുവിൽ നിന്നും അതുതന്നെ ഗ്രഹിക്കാൻ കഴിഞ്ഞു. അഖണ്ഡബോധ സ്വരൂപമായ ഒരീശ്വര സത്ത മാത്രമേ ഇവിടെ നിലവിലുള്ളൂ. സ്വന്തം സങ്കൽപ്പമാണു ബന്ധകാരണം. സങ്കൽപ്പരാഹിത്യമാണു മോക്ഷം. അറിയേണ്ട സത്യം അങ്ങു വ്യക്തമായി അറിഞ്ഞിരിക്കുന്നു. സത്യമറിഞ്ഞ ജീവന്മുക്തനു സകലപ്രപഞ്ചദൃശ്യങ്ങളിലും വന്നുചേരുന്ന നിസംഗത്വവും അങ്ങു നേടിയിരിക്കുന്നു. ബ്രഹ്മസത്യം നിറഞ്ഞുതുളുമ്പുന്ന പൂർണമനസ്സിൽ അങ്ങു നേടേണ്ടതൊക്കെ നേടിയിരിക്കുന്നു. ഒരു പ്രപഞ്ചദൃശ്യവും അങ്ങയെ പ്രലോഭിപ്പിക്കുന്നില്ല. അല്ലയോ ബ്രഹ്മൻ, അങ്ങു മുക്തനായി കഴിഞ്ഞിരിക്കുന്നു; സംശയമേ വേണ്ട". മഹാത്മാവായ ജനകനിൽ നിന്നും ഈ ഉറപ്പുകിട്ടിയതോടെ ശുകൻ സ്വസ്വരൂപമായ പരമപദത്തിലെത്തി പൂർണശാന്തി കൈവരിച്ചു. ശോകം ഭയം ശ്രമം ഒക്കെ അദ്ദേഹത്തെ വിട്ടൊഴിഞ്ഞു. ആഗ്രഹം പൂർണമായി അകന്നു; സംശയം ലേശവും അവശേഷിച്ചില്ല. നിരന്തരമായ ബ്രഹ്മാനന്ദത്തിൽ ആമഗ്നനാകാനായി അദ്ദേഹം മേരുശിഖരം നോക്കി നടകൊണ്ടു. അവിടെ അനേകായിരം വർഷം നിർവികൽപ്പ സമാധിയിൽ ആണ്ടിരുന്നശേഷം എണ്ണ വറ്റിയ ദീപം പോലെ ബ്രഹ്മവുമായി ഏകീഭവിച്ചു. സങ്കൽപ്പത്തിന്റെ കണികപോലും അവശേഷിച്ചില്ല; സ്വയം ശുകൻ പരമപാവനമായ സ്വരൂപലാഭം കൈവരിച്ചു. വാസനകളെല്ലാം ഒഴിഞ്ഞു മാറി വെള്ളത്തുള്ളി സമുദ്രത്തിലെന്നപോലെ പരമാത്മാവിൽ അഭേദമായി ലയിച്ചു. വിശ്വാമിത്രൻ തുടർന്നു: "സ്വയം വിചാരം ചെയ്തു വസ്തുസ്ഥിതി ധരിച്ച വ്യാസപുത്രന് മനസ്സിന്റെ ചെറിയൊരു വികൽപ്പമേ മാർജ്ജനം ചെയ്യപ്പെടേണ്ടതായുണ്ടായിരുന്നുള്ളൂ. അല്ലയോ രാമാ, നിന്റെയും സ്ഥിതി അതു തന്നെയാണ്. ബുദ്ധി അറിയേണ്ടതറിഞ്ഞു എന്നതിന്റെ പ്രധാന ലക്ഷണമെന്താണ്? ലോകഭോഗങ്ങളിൽ വന്നുചേരുന്ന വിരക്തി തന്നെയാണു പ്രധാനലക്ഷണം. അസത്യജഡദൃശ്യങ്ങളിലുള്ള ഭോഗഭാവനയാണ് ബന്ധത്തെ വളർത്തുന്നത്. അതു ശമിച്ചാൽ സംസാര ബന്ധത്തിന്റെ കട്ടികുറഞ്ഞുവരും. ജഡദൃശ്യങ്ങൾ സത്യമെന്നു തോന്നിപ്പി

digitized by www.sreyas.in

ക്കുന്ന വാസനയുടെ ശക്തികുറയുന്നതു തന്നെയാണു മോക്ഷം. പദാർഥ വാസനയ്ക്കു ശക്തി കൂടുന്നതാണു ബന്ധം. പേര്, പെരുമ മുതലായ കാര്യങ്ങളിൽ മനസ്സു ചെന്നുപറ്റാതെ ലോകഭോഗങ്ങളിൽ ആരു നിസംഗനായി വർത്തിക്കുന്നുവോ അയാളാണു ജീവന്മുക്തൻ. സത്യനിഷ്ഠന്മാരുടെ മുഖത്തുനിന്നും 'സത്യം ഉണ്ട്' എന്നു കേൾക്കുന്ന മാത്രയിൽ തന്നെ ബുദ്ധിശാലികൾ ചിത്ത വിശ്രാന്തി കണ്ടെത്തുന്നു. അതുകൊണ്ട് ഇവിടെ രാമന് ചിത്ത വിശ്രാന്തിക്കായി ഭഗവാൻ വസിഷ്ഠൻ തന്നെ യുക്തി ഉപദേശിക്കട്ടെ. രഘുവംശ രാജാക്കൻമാർക്കെല്ലാം സർവഥാ ആദരണീയനായ കുലഗുരുവാണല്ലോ ശ്രീമാൻ വസിഷ്ഠൻ. മൂന്നുകാലത്തും ബ്രഹ്മത്തെതന്നെ കണ്ട് സർവജ്ഞനും സർവസാക്ഷിയുമായി വർത്തിക്കുന്ന കുലഗുരു. അല്ലയോ വസിഷ്ഠമഹർഷേ, അങ്ങോർക്കുന്നുണ്ടോ, നാം തമ്മിലുള്ള മത്സരം ഒഴിവാക്കാനും നമ്മുടെ രണ്ടുപേരുടെയും ശ്രേയസ്സിനുമായി പദ്മസംഭവനായ അങ്ങയുടെ പിതാവ് ജ്ഞാനോപദേശം ചെയ്തകാര്യം. അതേജ്ഞാനം അങ്ങയുടെ അന്തേവാസിയായ രാമനുപദേശിക്കൂ. വിരക്തനും വിവേകിയുമായ ശിഷ്യനുപദേശിക്കപ്പെടുന്ന ജ്ഞാനമാണു ജ്ഞാനം; ശാസ്ത്രാർഥമാണ് ശാസ്ത്രാർഥം. അതു വിദഗ്ധവും സംപൂർണവുമായി അംഗീകരിക്കപ്പെടും. നേരെമറിച്ച് അവിവേകിയും വിഷയലോലുപനുമായ വ്യക്തിക്കുപദേശിക്കപ്പെടുന്ന ജ്ഞാനം പട്ടിത്തോൽ കൊണ്ടുള്ള സഞ്ചിയിലൊഴിക്കുന്ന പശുവിൻ പാൽ പോലെ കളങ്കപ്പെട്ടു പോകും." ഉത്കണ്ഠാകുലരായി ആദരവോടെ കാത്തുനിന്ന മുനിമാരെല്ലാം വിശ്വാമിത്രന്റെ അരുളപ്പാടിനെ അനുമോദിച്ചു.

ഇത്രയുമായപ്പോഴേക്കും ദശരഥന്റെ അടുത്തായി ബ്രഹ്മാവെന്നപോലെ ഉപവിഷ്ഠനായിരുന്ന മഹാതേജസ്വിയായ ഭഗവാൻ വസിഷ്ഠമുനി ഇങ്ങനെ അരുളി: "അല്ലയോ മുനേ, അങ്ങയുടെ നിർദേശം ഞാനിതാ ശിരസാവഹിക്കുന്നു. കഴിവുണ്ടെങ്കിൽ പോലും മഹാത്മാക്കളുടെ വാക്കു ലംഘിക്കാൻ ആർക്കാണു കഴിയുക? പണ്ടു നിഷധാദ്രിയിൽവച്ചു സംസാരഭ്രമം ശമിച്ചു കിട്ടാൻ പിതാവെനിക്കുപദേശിച്ച ജ്ഞാനമെല്ലാം ഞാൻ അതേപടി ഓർക്കുന്നു." ഇപ്രകാരം പറഞ്ഞ് മഹാത്മാവായ വസിഷ്ഠൻ ഉപദേശകനായ ഗുരുവിനുണ്ടായിരിക്കേണ്ട തേജോമയമായ മനഃസാന്നിധ്യം അംഗീകരിച്ച് രാമന്റെ അൽപ്പമായ ചിത്തമലം അകറ്റാനായി പരമമായ ഏകസത്യത്തെ മറനീക്കി തെളിയിക്കുന്ന ഈ ഉപദേശം ഇങ്ങനെ ആരംഭിച്ചു.

സത്യം കാട്ടിത്തരുന്ന ശാസ്ത്രത്തിന്റെ പാതയെ അനുസരിക്കുന്നത്, അശാസ്ത്രീയമായ അസത്യത്തിന്റെ പാതയെ അനുസരിക്കുന്നത് എന്നിങ്ങിനെ പൗരുഷം രണ്ടുവിധമുണ്ട്. അവയിൽ അശാസ്ത്രീയമായ അസത്യത്തിന്റെ പാതയെ അനുസരിക്കുന്ന പൗരുഷം അനർഥത്തിനേ ഉപകരിക്കു; ശാസ്ത്രിതം പരമാർഥമായ-സത്യം കാട്ടിത്തരുന്ന ശാസ്ത്രത്തിന്റെ പാതയെ അനുസരിക്കുന്ന പൗരുഷം പരമാനന്ദത്തിനു വഴിതെളിക്കും.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ വൈരാഗ്യപ്രകരണേ*
*വൈരാഗ്യവർണനം നാമ തൃതീയഃ സർഗഃ*
*വൈരാഗ്യപ്രകരണം സംപൂർണം*

digitized by www.sreyas.in

# 2

# മുമുക്ഷു വ്യവഹാര പ്രകരണം

സർഗം 1

## മുമുക്ഷു വ്യവഹാരവർണനം

വസിഷ്ഠൻ പറഞ്ഞു: "ഹേ രഘുനന്ദന, ഈ സംസാരഗതിയിൽ വിവേകപൂർവമായ പൗരുഷം കൊണ്ട് ആർക്കും എന്തും നേടാൻ കഴിയും."

24. ഉച്ഛാസ്ത്രം ശാസ്ത്രിതം ചേതിദ്വിവിധം പൗരുഷം സ്മൃതം
തത്രോച്ഛാസ്ത്രമനർഥായ പരമാർഥായ ശാസ്ത്രിതം.

ഉച്ഛാസ്ത്രം ശാസ്ത്രിതം ച-സത്യം കാട്ടിത്തരുന്ന ശാസ്ത്രത്തിന്റെ പാതയെ അനുസരിക്കുന്നത്, അശാസ്ത്രിതമായ അസത്യത്തിന്റെ പാതയെ അനുസരിക്കുന്നത്, ഇതി പൗരുഷം ദ്വിവിധം സ്മൃതം-എന്നിങ്ങനെ പൗരുഷം രണ്ടുവിധമുണ്ട്. തത്രഉച്ഛാസ്ത്രം അനർഥായ-അവയിൽ അശാസ്ത്രീയമായ അസത്യത്തിന്റെ പാതയെ അനുസരിക്കുന്ന പൗരുഷം അനർഥത്തിനേ ഉപകരിക്കൂ; ശാസ്ത്രിതം പരമാർഥായ-സത്യം കാട്ടിത്തരുന്ന ശാസ്ത്രത്തിന്റെ പാതയെ അനുസരിക്കുന്ന പൗരുഷം പരമാനന്ദത്തിനു വഴിതെളിക്കും.

സത്യം കാട്ടിത്തരുന്ന ശാസ്ത്രത്തിന്റെ പാതയെ അനുസരിക്കുന്നത്, അശാസ്ത്രീയമായ അസത്യത്തിന്റെ പാതയെ അനുസരിക്കുന്നത് എന്നിങ്ങനെ പൗരുഷം രണ്ടുവിധമുണ്ട്. അവയിൽ അശാസ്ത്രീയമായ അസത്യത്തിന്റെ പാതയെ അനുസരിക്കുന്ന പൗരുഷം അനർഥത്തിനേ ഉപകരിക്കൂ. സത്യം കാട്ടിത്തരുന്ന ശാസ്ത്രത്തിന്റെ പാതയെ അനുസരിക്കുന്ന പൗരുഷം പരമാനന്ദത്തിനു വഴിതെളിക്കും.

**പരമാർഥായ ശാസ്ത്രിതം**

ജീവിതസത്യം ശാസ്ത്രീയമായി സൂര്യതുല്യം തെളിഞ്ഞിട്ടുണ്ട്. അതു കണ്ടെത്തി അനുഭവിക്കാനുള്ള വഴിയും സ്പഷ്ടമായി വെളിപ്പെട്ടിട്ടുണ്ട്. മനുഷ്യനു ലഭിച്ചിട്ടുള്ള ഈശ്വരീയമായ ഒരനുഗ്രഹമാണ് പൗരുഷം. അപ്പോൾ ആ പൗരുഷത്തെ മനുഷ്യൻ സത്യമാർഗത്തിൽ മുന്നേറാനുള്ള പ്രയത്നത്തിനായി ഉപയോഗിക്കണം. അതാണ് ശാസ്ത്രിതം പൗരുഷം. നേരേമറിച്ചു അസത്യമാർഗത്തിലേക്കു പതിക്കാനായി അതുപയോഗപ്പെടുത്തിയാൽ

digitized by www.sreyas.in

അതാണ് ഉച്ഛാസ്ത്രംപൗരുഷം. ശാസ്ത്രീയമായ അദ്വൈതസത്യം മനസിനെ പഠിപ്പിച്ച് അതു നിരന്തരം ഓർമിക്കാൻ പൗരുഷത്തോടെ അഭ്യസിക്കണം. ഇന്ദ്രിയങ്ങളെ പൗരുഷത്തോടെ വിഷയങ്ങളിൽനിന്നു പിൻവലിച്ചു സത്യം കാണാൻ പഠിപ്പിക്കണം. കർമരംഗത്ത് പൗരുഷത്തോടെ മനസിന്റെ സമനില ശീലിക്കണം. ഭൗതികമോഹം പൗരുഷത്തോടെ ദിനംപ്രതി കുറഞ്ഞുവരണം. ഇതൊക്കെയാണു ശാസ്ത്രിതമായ പൗരുഷപ്രയോഗം. ഇതിനുവിപരീതമായതൊക്കെ ഉച്ഛാസ്ത്രം. ഉച്ഛാസ്ത്രം ജീവിതത്തെ പതിപ്പിക്കും. ശാസ്ത്രിതം ജീവിതത്തെ സത്യത്തിൽകൊണ്ടെത്തിച്ചു സുഖിപ്പിക്കും.

25. ആബാല്യാദലമഭ്യസ്തൈഃ ശാസ്ത്രസത്സംഗമാദിഭിഃ
ഗുണൈഃ പുരുഷയത്നേന സ്വാർഥഃ സംപ്രാപ്യതേഹിതഃ

കുട്ടിക്കാലം മുതൽതന്നെ വേണ്ടത്ര വേദാന്തശാസ്ത്രപരിചയവും സത്സംഗവും നേടണം. ശുദ്ധവാസനവളർത്തണം. ഇതിനൊക്കെവേണ്ടി പൗരുഷത്തോടെ യത്നിക്കുമെങ്കിൽ സത്യാനുഭവമെന്ന ജീവിതലക്ഷ്യം നേടി ധന്യനാകാൻ കഴിയും. ഇതാണു ശാസ്ത്രിതമായ പൗരുഷപ്രയോഗം.

ഇത്രയുമായപ്പോൾ രാമന്റെ മനസ്സിൽ ഒരു സംശയമുയർന്നു: "മുൻപേതന്നെ ശേഖരിച്ചുവച്ചിരിക്കുന്ന വാസനാജാലം എന്നെ എങ്ങോട്ടുപിടിച്ചുവലിക്കുന്നുവോ ഞാൻ അവശനായി അങ്ങോട്ടുനീങ്ങുന്നു. അനുകമ്പാർഹനായ ഞാൻ ഇക്കാര്യത്തിൽ അസ്വതന്ത്രനാണ്. എനിക്കെന്തുചെയ്യാൻ കഴിയും?"

വസിഷ്ഠനരുളി: "ഹേ രാമാ ഈ അസ്വാതന്ത്ര്യം മാറ്റിയെടുക്കാൻ തന്നെയാണു പൗരുഷം പ്രയോഗിക്കേണ്ടത്. പൗരുഷം ഈശ്വരാനുഗ്രഹമാണ്; അതു ദുരുപയോഗപ്പെടുത്താനുള്ളതല്ല. സ്വപ്രയത്നം കൊണ്ടല്ലാതെ ഈ അടിമത്തം എങ്ങനെമാറും? വാസന ശുഭവാസനയെന്നും അശുഭവാസനയെന്നും രണ്ടുവിധം. ചിലരു രണ്ടും നേരത്തേകുറെയൊക്കെ സഞ്ചയിച്ചിരിക്കും. ചിലർ ഏതെങ്കിലും ഒന്നായിരിക്കും പ്രാധാന്യേന സഞ്ചയിച്ചത്. ശുഭവാസനയാണു കൂടുതൽ സഞ്ചയിച്ചതെങ്കിൽ ക്രമേണ ശാശ്വതമായ സത്യത്തെ പ്രാപിക്കാൻ കഴിയും. ഇനിയും അശുഭവാസനയാണു സഞ്ചയിച്ചിരിക്കുന്നതെങ്കിൽ അവിടെയാണു പൗരുഷത്തോടെയുള്ള പ്രയത്നം ആവശ്യമായിത്തീരുന്നത്."

26. ശുഭാശുഭാഭ്യാം മാർഗാഭ്യാം വഹന്തീവാസനാനദീ
പൗരുഷേണപ്രയത്നേന യോജനീയാശുഭേപഥി

ശുഭാശുഭാഭ്യാംമാർഗാഭ്യാം-ശുഭവാസനയെന്നും അശുഭവാസനയെന്നും രണ്ടു കൈവഴികളിലായിപിരിഞ്ഞു; വഹന്തീ-ഒഴുകുന്നു; വാസനാനദീ-വാസനാനദി; പൗരുഷേണപ്രയത്നേന-പൗരുഷത്തോടുകൂടി പ്രയത്നിച്ച്; ശുഭേപഥിയോജനീയാ-സുഖകരമായ സത്യമാർഗത്തിലേയ്ക്കുകൂട്ടി യോജിപ്പിക്കപ്പെടേണ്ടതാണ്.

ശുഭവാസനയെന്നും അശുഭവാസനയെന്നും രണ്ടുകൈവഴികളായി പിരിഞ്ഞ് ഒഴുകുന്ന വാസനാനദി പൗരുഷത്തോടുകൂടി പ്രയത്നിച്ച് സുഖകരമായ സത്യമാർഗത്തിലേക്കു കൂട്ടി യോജിപ്പിക്കപ്പെടേണ്ടതാണ്.

**യോജനീയാശുഭേപഥി**

സത്യമാർഗത്തിൽ സഞ്ചരിക്കുന്ന ഒരാൾ ആദ്യമായി അശുഭവാസനയെ

digitized by www.sreyas.in

പുറംതള്ളി ശുഭവാസന അംഗീകരിക്കണം. തുടർന്നു ശുഭവാസനയും പുറംതള്ളി സ്വരൂപമായ ബോധം സാക്ഷാത്കരിക്കണം; ഇതാണുക്രമം. നാം മുൻപുചർച്ചചെയ്ത മലിനവാസനതന്നെയാണ് അശുഭവാസന; ശുദ്ധവാസന ശുഭവാസനയും. ഭഗവത്ഗീതയിൽ പറയുന്ന ആസുരീസമ്പത്താണ് അശുഭവാസന; ദൈവീസമ്പത്ത് ശുദ്ധവാസനയും. ആസുരീസമ്പത്ത് ബന്ധം വളർത്തും; ദൈവീസമ്പത്ത് മോക്ഷത്തിനു വഴിതെളിക്കും. താൻ വലിയ ധർമരക്ഷകനാണെന്നുള്ള ഭാവം, കുലം, ധനം, സ്ഥാനമാനങ്ങൾ ഇവയെ ചൊല്ലിയുള്ള അഭിമാനം, തന്നെ കവിഞ്ഞു പൂജ്യനില്ലെന്നുള്ള ദുരഭിമാനം, എന്തിലും കോപിക്കുന്ന സ്വഭാവം, പെരുമാറ്റത്തിൽ സദാ പരുഷത, സത്യബോധമില്ലായ്മ ഇവയൊക്കെയാണ് അശുഭവാസനകൾ. ഭയമില്ലായ്മ, അന്തഃകരണശുദ്ധി, വസ്തു ഒന്നേയുള്ളൂ എന്ന അടിയുറച്ച വിശ്വാസം, അർഹതയുള്ളവരുമായി സമ്പത്തുപങ്കിടാനുള്ള മഹാമനസ്കത, ഇന്ദ്രിയനിഗ്രഹം, ഈശ്വരാർപ്പണമായ കർമാനുഷ്ഠാനം, വേദാന്തശാസ്ത്രപഠനം, ഏകാഗ്രതാപരിശീലനം, കപടമില്ലായ്മ, ആരോടും ദ്രോഹബുദ്ധിയില്ലായ്മ, സർവത്ര ഈശ്വരബുദ്ധി നിലനിറുത്തുക, ആരോടും കോപിക്കായ്ക, എന്റേതെന്ന ഭാവമില്ലായ്മ, മനസ്സിന്റെ അടക്കം, പരദോഷം കാണായ്ക, ജീവികളോടെല്ലാം കാരുണ്യം, ഒന്നിലും കൊതിയില്ലായ്മ, മൃദുവായ പെരുമാറ്റം, അധർമാചരണത്തിൽ ലജ്ജ, ഇളക്കമില്ലായ്മ, മനസിന്റെ ബലം, എന്തുംസഹിക്കാനുള്ള കഴിവ്, ധൈര്യം, ശുചിത്വം, അന്യർക്കുപദ്രവം ചെയ്യായ്ക, ദുരഭിമാനമില്ലായ്മ ഇവയൊക്കെയാണു ശുഭവാസനകൾ.

ദുഃഖമോചനമെന്നമോക്ഷം കൊതിക്കുന്നയാൾ ആദ്യമായി പൗരുഷം കൊണ്ട് അശുഭവാസനകളെ പുറംതള്ളി ശുഭവാസനകളെ വളർത്തേണ്ടതാണ്.

### മനോനിയന്ത്രണം

വസിഷ്ഠൻ തുടർന്നു: പൗരുഷശാലിയായ അല്ലയോ രാമ, അശുഭവാസനകളിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന സ്വന്തം മനസിനെ ദുഃഖമോചനമെന്ന പുരുഷാർഥം നേടാനായി ബലമായി പിടിച്ചുതിരിച്ച് ശുഭവാസനകളുമായി ബന്ധിപ്പിക്കണം. മനസ്സ് ചഞ്ചലമാണ്. അതു ശുഭാശുഭവാസനകളിൽ മാറിമാറി ചലിച്ചു എന്നുവരും. മനുഷ്യമനസ് ഒരു കുട്ടിയെപ്പോലെയാണ്. അതുകൊണ്ടതിനെ അൽപ്പം ബലമായിത്തന്നെ ശുഭവാസനകളിൽ പിടിച്ചുനിറുത്തണം. പെട്ടെന്നു വേണമെന്നല്ല; പതുക്കെപ്പതുക്കെ. ചിലപ്പോൾ നല്ലവാക്കുപറഞ്ഞും ചിലപ്പോൾ ഇഷ്ടപ്പെട്ടതുകാട്ടി പ്രലോഭിപ്പിച്ചും നിശ്ചയദാർഢ്യത്തോടെ പ്രയത്നിച്ച് ഒരു കുട്ടിയെ ലാളിച്ചുമെരുക്കുംപോലെ ചിത്തത്തെ ശുഭവാസനയിൽ തങ്ങിനിൽക്കാൻ പ്രേരിപ്പിക്കണം. ഏതു വാസനയായാലും അഭ്യാസം കൊണ്ടല്ലേ മനസ്സ് മുൻപു വാസനാബദ്ധമായത്. അതുകൊണ്ടുതന്നെ അഭ്യാസം ഫലിക്കുമെന്നു തീർച്ച. സംശയദശയിൽപോലും ശുഭവാസന അഭ്യസിക്കുക; ശുഭവാസനവളരുന്നത് എന്തുകൊണ്ടും നല്ലതാണ്. വ്യക്തമായ വസ്തുബോധം വരാത്തിടത്തോളം ഗുരുവും ശാസ്ത്രവും നിർണയിച്ച് എന്തു പറയുന്നുവോ അതനുഷ്ഠിക്കേണ്ടതാണ്. ക്രമേണ മനസു പാകമായി അറിയേണ്ടതറിഞ്ഞു കഴിഞ്ഞാൽ ശുഭവാസനയേയും പുറംതള്ളാം. അത്യന്തസുഖാവഹവും സജ്ജനങ്ങൾ സദാ അനുവർത്തിക്കുന്നതുമായ ശുഭമാർഗത്തിൽ സന്തോഷപൂർവം സഞ്ചരിച്ച് ശോകലേശമില്ലാത്ത സ്ഥാനത്തെത്തി

digitized by www.sreyas.in

ച്ചേരൂ. തുടർന്ന് ശുഭവാസനയും വെടിഞ്ഞ് ആനന്ദമഗ്നനായി നിലകൊള്ളൂ. വീണ്ടും അംഗീകരിക്കാൻ ഇടവരാത്തവണ്ണം സംസാരവാസനയെ പുറംതള്ളി വിശാലമായ ബുദ്ധിയിൽ പൂർണമായ ശാന്തിയും സന്തോഷവും ഉറപ്പുവരുത്തൂ. സിദ്ധാന്തപരങ്ങളും അനുഭവപരങ്ങളുമായ വാക്യങ്ങൾ വിചാരം ചെയ്തുറപ്പിച്ച് വസ്തുഗ്രഹണം നേടി നിരന്തരമായ ആത്മാനുസന്ധാനത്തോടെ മനസ്സിനെ സമരസമാക്കി നിറുത്തൂ. സർവദുഃഖങ്ങളും ഒഴിച്ച് മാറ്റുന്നതും പരമശാന്തി പ്രദാനം ചെയ്യുന്നതുമായ ജ്ഞാനം പിതാവായ ബ്രഹ്മാവ് എനിക്കുപദേശിക്കുകയുണ്ടായി. ഞാനതു പറയാം കേട്ടോളൂ.

തുടർന്നു രാമൻ ചോദിച്ചു: "ബ്രഹ്മൻ, പിതാവ് എന്തുകാരണത്താലാണത് മുൻപുപദേശിച്ചത്; അങ്ങ് അതെങ്ങനെ സ്വീകരിച്ചു? വിശദമായി പറഞ്ഞുതന്നാലും" വസിഷ്ഠൻ തുടർന്നു: "എണ്ണമറ്റ പ്രപഞ്ചദൃശ്യങ്ങളുടെ തോന്നലുളവാക്കിക്കൊണ്ട് ബോധാകാശം വിലസുന്നു. അതുനാശമില്ലാത്തതാണ്; അത് എല്ലാറ്റിനും ആശ്രയമാണ്; അത് എല്ലായിടത്തും നിറഞ്ഞു നിൽക്കുന്നു. സ്വയം ഉണ്മ അനുഭവമായുള്ള ആ സത്യമാണ് ഒരു വിളക്കെന്നപോലെ എല്ലാറ്റിനെയും ഉള്ളതാക്കി പ്രകാശിപ്പിക്കുന്നത്. ആ നിശ്ചല ബോധസത്യത്തിൽ നിന്നും ചലനവും നിശ്ചലതയും തുല്യമായി അനുഭവിക്കുന്ന വിഷ്ണു ഉദയം ചെയ്തു. സാത്വിക പ്രാണനാണു വിഷ്ണു. സർവത്ര വ്യാപിച്ചു നിൽക്കുന്നവൻ എന്നാണു വിഷ്ണുശബ്ദതാൽപ്പര്യം. സാത്വിക പ്രാണനിൽ നിശ്ചലബോധാനുഭവവും ചലനപ്രാണാനുഭവവും ഒരുപോലെ ഉള്ളതുകൊണ്ട് വിഷ്ണുവിനെ സ്പന്ദാസ്പന്ദസ്വരൂപൻ എന്നു പറയുന്നു. വിഷ്ണുവിന്റെ ഹൃദയപത്മത്തിൽ നിന്നും ബ്രഹ്മാവ് ഉണ്ടായി. വിശ്വമനസ്സാണു ബ്രഹ്മാവ്. മനസ്സ് സ്വപ്നദൃശ്യങ്ങളെ സൃഷ്ടിക്കുംപോലെ വിശ്വമനസ്സ് പ്രപഞ്ചമായിക്കാണപ്പെടുന്ന ബാഹ്യജഡരൂപങ്ങളെയെല്ലാം സൃഷ്ടിച്ചു. മനസ്സിന്റെ അടുത്ത പരിണാമഘട്ടമാണു ജഡം. (ബോധം; പ്രാണൻ; മനസ്സ്; ജഡം ഇതാണു പ്രപഞ്ചാവിർഭാവ ക്രമമെന്നു താൽപ്പര്യം, ഇങ്ങനെ സൃഷ്ടിക്കപ്പെട്ട ജഗത്തിനെ ബ്രഹ്മാവ് ഒന്നുറ്റുനോക്കി. ജഗത്തു മുഴുവൻ നാനാവ്യസന സങ്കുലമായി കാണപ്പെട്ടു. എല്ലാ ലോകത്തിന്റെയും സ്രഷ്ടാവായ അദ്ദേഹത്തിന്റെ ഹൃദയം പുത്രദുഃഖം നിമിത്തം പിതാവിന്റെ ഹൃദയമെന്നപോലെ കാരുണ്യം കൊണ്ട് നിറഞ്ഞു. ആശയും ആയുസ്സും നഷ്ടപ്പെടുത്തുന്ന ഇവരുടെ ദുഃഖത്തിന് എന്താണു പോംവഴിയെന്ന് ക്ഷണനേരം അദ്ദേഹം ഏകാഗ്രചിത്തനായി ചിന്തിച്ചു.

27. തപോദാനം ജപസ്തീർഥം നാത്യന്തം ദുഃഖശാന്തയേ
തത്താവദ് ദുഃഖ മോക്ഷാർഥം ജ്ഞാനം പ്രകഥയാമ്യഹം

തപസ്സ്, ദാനം, ജപം, തീർഥാടനം ഇവയൊന്നും തന്നെ ദുഃഖത്തിനു കാര്യമായ ശമനം വരുത്തുന്നതായിക്കാണുന്നില്ല. ജ്ഞാനം ഒന്നുകൊണ്ടുമാത്രമേ ദുഃഖം ഒഴിവായിക്കിട്ടൂ. ഇവിടെ ബോധസ്വരൂപമായ ഒരു വസ്തുമാത്രമേ നിലവിലുള്ളൂ; പലതായിക്കാണപ്പെടുന്നതൊക്കെ ആ ബോധത്തിലെ വെറും മായാപ്രകടനങ്ങൾ എന്ന അറിവാണു ജ്ഞാനം; ഈ ജ്ഞാനം ഞാൻ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നുണ്ട്; പദ്മസംഭവനായ ദേവൻ ഇങ്ങനെ തീരുമാനിച്ചു. മനസ്സാ സങ്കൽപ്പിച്ച് എന്നെ രൂപപ്പെടുത്തി. അദ്ദേഹത്തിന്റെ ഇരിപ്പിടമായ താമരയിൽ തന്നെ കമണ്ഡലുവും രുദ്രാക്ഷമാലയും ധരിച്ചു

digitized by www.sreyas.in

ഞാൻ പിതാവിനെ വണങ്ങി നിലകൊണ്ടു. എന്നെ അടുക്കൽ വിളിച്ചു മുക ളിലുള്ള ഒരു താമര ദളത്തിൽ പിടിച്ചിരുത്തി ഇങ്ങനെ പറഞ്ഞു: മകനേ, വെള്ളത്തുള്ളികൾ പറ്റിയിരിക്കുന്ന കണ്ണാടിപോലെ അൽപ്പനേരത്തേക്കു നിന്റെ ചിത്തം അജ്ഞാനത്തിന്റെ ആവേശം കൊണ്ടു വാനര ചഞ്ചലമായി ഭവിക്കട്ടെ; പിതാവിന്റെ ഈ ശാപത്തെത്തുടർന്നു അത്യന്ത നിർമലമായ എന്റെ സ്വരൂപം ഞാൻ പൂർണമായും മറന്നു. അതിരറ്റ ദൈന്യം എന്നെപിടി കൂടി. ബുദ്ധിയുടെ ഉണർവൊക്കെ നഷ്ടപ്പെട്ടു. ദുഃഖവും ശോകവും എന്നിൽ കടന്നുകയറി. ഞാനൊരധമപുരുഷനെന്നപോലെയായിത്തീർന്നു. അച്ഛൻ എന്നോടു പറഞ്ഞു. എന്താ മകനേ നീ ദുഃഖിക്കുന്നോ; ദുഃഖനിവൃത്തി എങ്ങനെ നേടാമെന്നെന്നോടു ചോദിക്കൂ; നീ എന്നെന്നേക്കുമായി സുഖവാ നായി ഭവിക്കും. തുടർന്നു ഞാൻ അച്ഛനോടു സംസാരരോഗത്തിനുള്ള മരു ന്നെന്താണെന്നു ചോദിച്ചു. എങ്ങനെയാണു മഹാദുഃഖമയമായ ഈ സംസാരം വന്നുചേർന്നത്? എങ്ങനെ ഇതു ക്ഷയിച്ചുകിട്ടും? അനന്തരം മഹാ നായ പിതാവ് എനിക്കു ജ്ഞാനം ഉപദേശിച്ചു. എന്റെ മനസ്സിന്റെ ചഞ്ചലതമാറി ഞാൻ സുഖിയായി ഭവിക്കുകയും ചെയ്തു. അറിയേണ്ടത റിഞ്ഞു സ്വപ്രകൃതി വീണ്ടുകിട്ടിയ എന്നോട് സൃഷ്ടികർത്താവായ അദ്ദേഹം സംഭവിച്ചതിന്റെയൊക്കെ കാരണം എന്താണെന്നറിയിച്ചു. ഞാൻ നിന്നെ ശപിച്ച് അറിവില്ലാത്തവനാക്കിത്തീർത്തിട്ടു ചോദ്യകർത്താവാക്കി മാറ്റി. എന്തി നെന്നോ, ഈ ജ്ഞാനസാരം ലോകത്തിനു മുഴുവൻ തെളിഞ്ഞു കിട്ടണം. നീയിപ്പോൾ ശാപവിമുക്തനായി പരമസത്യം അനുഭവിക്കുന്നു. കുഞ്ഞേ, ലോകാനുഗ്രഹത്തിനുവേണ്ടി നീ ജംബു ദ്വീപിലുള്ള ഭാരതവർഷത്തിലെ ത്തിച്ചേരണം. അവിടെ ബുദ്ധിമാന്മാരായവർപോലും ഇപ്പോൾ കർമ കാണ്ഡ ത്തിലെ ക്രിയാമാർഗങ്ങളിൽ മുഴുകി ജീവിക്കുകയാണ്. കർമരംഗത്തു മുങ്ങി നിൽക്കവേ തന്നെ ചിത്തോപശമം നേടി വിഷയ വിരക്തന്മാരും സത്യബു ദ്ധികളുമായിത്തീരാൻ കഴിയുമെന്ന് ജ്ഞാനോപദേശത്തിലൂടെ നീയവരെ ബോദ്ധ്യപ്പെടുത്തണം. അതവർക്ക് അനന്തമായ ആനന്ദം പകർന്നു നൽകും. പദ്മസംഭവനായ പിതാവിന്റെ ഈ നിർദേശം ശിരസാവഹിച്ചുകൊണ്ടാണു ഞാനിന്നിവിടെ നിൽക്കുന്നത്. ജീവ പരമ്പര നിലവിലുള്ളിടത്തോളം ഞാനി വിടെയുണ്ടാവും. എനിക്കിവിടെ ചെയ്യാൻ കടപ്പെട്ടതായി യാതൊന്നുമില്ല. ഇവിടെയുണ്ടാകണം എന്നു തീരുമാനിച്ചതുകൊണ്ടു മാത്രം ഞാനിവിടെ നിൽക്കുന്നു. പ്രശാന്തമായ അഹങ്കാരരഹിതമായ ചിത്തവൃത്തിയിലൂടെ ഞാൻ കാര്യങ്ങൾ നിറവേറ്റുന്നു; വാസ്തവത്തിൽ ഞാൻ ഒന്നുമേ ചെയ്യുന്നില്ല.

**മോക്ഷകവാടം**

വസിഷ്ഠൻ തുടർന്നു: "അറിയേണ്ട കാര്യത്തിൽ ഉപദേഷ്ടാവായ ഗുരു വിന്റെ അറിവും അറിവില്ലായ്മയും വേണ്ടപോലെ വിലയിരുത്തിയിട്ടു ചോദ്യം ചോദിക്കുന്നയാളാണു ബുദ്ധിമാനായ ചോദ്യകർത്താവ്. ഉദ്ദേശ്യശുദ്ധിയോടെ ഗുരുവിന്റെ മുൻപിൽ വാക്യങ്ങളെ വേണ്ടപോലെ വിചാരം ചെയ്തു ഗ്രഹി ക്കാൻ കഴിവുള്ള ഉത്തമശിഷ്യനെ വേണം പ്രാജ്ഞനായ ഗുരു ഉപദേശി ക്കേണ്ടത്. മൃഗതുല്യനായ അധമനോടു തത്വോപദേശം ചെയ്തിട്ടു കാര്യമില്ല.

മോക്ഷ കവാടത്തിൽ നാലു കാവൽക്കാരുണ്ട്. ശമം, വിചാരം, സന്തോഷം, സാധുസംഗമം ഇവരാണാ കാവൽക്കാർ. ഇവരെ പ്രീതിപ്പെടുത്തിയാലേ അക

digitized by www.sreyas.in

ത്തുകടക്കാൻ പറ്റൂ. ഇവരിൽ നാലുപേരെയുമോ അല്ലെങ്കിൽ രണ്ടോ മൂന്നോ പേരെയെങ്കിലുമോ പ്രയത്നിച്ചു വശത്താക്കണം. വശത്തായാൽ ഒരു രാജ കൊട്ടാരത്തിലേക്കെന്നപോലെ അവർ മോക്ഷത്തിന്റെ വാതിൽ തുറന്നു തരും. കുറഞ്ഞ പക്ഷം ഒരാളെയെങ്കിലും എന്തു വിലകൊടുത്തും വശത്താക്കുക. ഒരാൾ വശത്തായാൽ നാലുപേരും വശത്തായതായിത്തന്നെ കരുതാം.

ആരംഭത്തിൽ സംസാരദുഃഖമോചനത്തിനായി വേദാന്ത ശാസ്ത്രചർച്ച, സജ്ജന സംസർഗം, ഏകാഗ്രത, ഇന്ദ്രിയനിയന്ത്രണം എന്നിവയിലൂടെ വിചാരബുദ്ധി വളർത്തിയെടുക്കണം. അസഹനീയമായ ഈ സംസാരരോഗവിഷൂചിക പരിശുദ്ധമായ യോഗമെന്ന ഗാരുഡമന്ത്രം കൊണ്ടു ശമിച്ചുകിട്ടുന്നതാണ്. ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയെന്ന ദൃഢമായ ഉറപ്പാണുയോഗം. ശാസ്ത്രചർച്ചയും സജ്ജന സംസർഗവും കൊണ്ട് സംശയാതീതമായി ഇതു നേടാൻ കഴിയും. വിഷയ വിഷമേറ്റുണ്ടാകുന്ന മോഹമാകുന്ന പ്ലേഗ് വേണ്ടപോലെ ചികിത്സിച്ചില്ലെങ്കിൽ പടർന്നു പിടിച്ചു സർവനാശത്തിൽ കൊണ്ടെത്തിക്കും. നരക സമൂഹങ്ങളാകുന്ന നഗരങ്ങൾക്ക് അതു രൂപം നൽകും. പ്രതിവിധികളൊക്കെ എത്ര സമർഥങ്ങളായാലും പാറമേൽ പതിക്കുന്ന മൂർച്ചയുള്ള വാൾത്തലകൾ പോലെ തീർത്തും നിഷ്ഫലങ്ങളായിപ്പോകും. ദുഃഖപരമ്പര സുഖമെന്ന പോലെ അംഗീകരിക്കേണ്ടി വരും. അഗ്നിദാഹം ഹിമസേചനം പോലെ, അവയവച്ഛേദനം ചന്ദനം പുരട്ടൽ പോലെ, ശിരച്ഛേദം ജലധാരാ വർഷംപോലെ, വായ്മൂടിക്കെട്ടുന്നതു സുഖനിദ്രപോലെ. ഇങ്ങനെ സുഖാനുഭവങ്ങൾക്കു പകരം തുടരെത്തുടരെ ദുഃഖാനുഭവങ്ങൾ വന്നുകൊണ്ടേയിരിക്കും. അതുകൊണ്ടു 'രാമാ, വിഷയങ്ങളെ നാടകത്തിലെന്ന പോലെ വെറും ലീലയായി മാത്രമേ അംഗീകരിക്കാവൂ. ശാസ്ത്രീയമായ അദ്വൈത സത്യം ഉറപ്പുവന്നാലേ ഇതു സാധ്യമാവൂ. അതിനുവേണ്ടി വേദാന്ത ശാസ്ത്രം നല്ലപോലെ വിചാരം ചെയ്യണം. വസ്തുസ്ഥിതി സംശയാതീതമായി ഗ്രഹിച്ചുറപ്പുവരുത്തണം. ആരിലാണോ അനുഭവവും ശാസ്ത്രസിദ്ധാന്തവും ഗുരൂപദേശവും അഭ്യാസംകൊണ്ട് ഒത്തിണങ്ങി തെളിയുന്നത് അയാൾ സദാസർവത്ര ആത്മദർശനം നേടി ധന്യനായി ഭവിക്കുന്നു.

28. കിഞ്ചിത്സംസ്കൃതബുദ്ധിനാം ശ്രുതം ശാസ്ത്രമിദംയഥാ
മൗർഖ്യാപഹം തഥാശാസ്ത്രമന്യദസ്തി നകിംചന

മനസ്സൽപ്പമൊന്നു പാകപ്പെട്ടു ബുദ്ധി തെളിഞ്ഞയാൾക്ക് ഈ വേദാന്ത ശാസ്ത്രശ്രവണം പോലെ അജ്ഞാനമൂർഖതമാറിക്കിട്ടാൻ മറ്റൊരു ശാസ്ത്രം ലോകത്തില്ല തന്നെ. ഈ ശാസ്ത്രം ജീവിത സത്യം സൂര്യതുല്യം കാട്ടിത്തന്നു വ്യവഹാരം അത്യന്തം സുഖപ്രദമാക്കിത്തീർക്കുന്നു.

29. വരം ശരാവഹസ്തസ്യ ചാണ്ഡാലാഗാരവീഥിഷു
ഭിക്ഷാർഥമടനം രാമനമൗർഖ്യം ഹതജീവിതം.

ഹേ രാമാ, അജ്ഞാനമൂർഖതയിൽ ജീവിതം കഴിച്ചുകൂട്ടുന്നതിനേക്കാൾ ഭിക്ഷാപാത്രവുമേന്തി ചണ്ഡാലത്തെരുവിൽ പിച്ചതെണ്ടിനടക്കുന്നതാണു നല്ലത്. ധനങ്ങളോ സുഹൃത്തുക്കളോ ബന്ധുക്കളോ രാപകലുള്ള കർമമോ വിദേശസഞ്ചാരമോ ഒന്നും ആരെയും രക്ഷിക്കയില്ല. ശരീരത്തെക്ഷീണിപ്പിച്ചുള്ള തപസ്സോ തീർഥയാത്രയോ ജീവിതത്തെ സുഖപ്രദമാക്കുകയില്ല.

digitized by www.sreyas.in

സത്യം പഠിപ്പിച്ചു മനസ്സിനെ സത്യം അനുഭവിപ്പിക്കുക. അതൊന്നുകൊണ്ടു മാത്രമേ ജീവിതം ധന്യമാവൂ.

മോക്ഷകവാടത്തിലെ നാലുകാവൽക്കാരെക്കുറിച്ചു നേരത്തേ പറഞ്ഞുവല്ലോ. അവരെപ്പറ്റി ക്രമമായി കേട്ടോളൂ. അവരിൽ ഒരാളെങ്കിലും വശമായാൽ മോക്ഷത്തിന്റെ വാതിൽ തുറക്കപ്പെടും. മനസ്സിന്റെ ശാന്തിയാണു ശമം. എല്ലാദുഃഖങ്ങളും ദുഃസഹമായ തൃഷ്ണയും തുടർന്നുണ്ടാകുന്ന ആധികളും മനസ്സുവശത്തായാൽ സൂര്യോദയത്തിൽ ഇരുട്ടെന്നപോലെ അകന്നുപോകുന്നു. ശമമുണ്ടോ മൃദുക്കളും ക്രൂരങ്ങളുമായ എല്ലാ ജീവജാലങ്ങളും സന്താനങ്ങൾ അമ്മയിലെന്ന പോലെ വിശ്വാസമുള്ളവയായി ഭവിക്കുന്നു. ശമം കൊണ്ടു വന്നുചേരുന്ന സുഖം രസായനപാനം കൊണ്ടോ ഐശ്വര്യദേവതയുടെ ആലിംഗനം കൊണ്ടോ വന്നുചേരുന്നതല്ല. ശുഭമോ അശുഭമോ കേട്ടാലും തൊട്ടാലും കണ്ടാലും കഴിച്ചാലും മണത്താലും ആരുടെ മുഖമാണോ വിടരുന്നില്ല വാടുന്നുമില്ല അയാളാണു ശാന്തൻ. മരണത്തിലും ഉത്സവത്തിലും യുദ്ധത്തിലും ആരുടെ മുഖം പൂർണചന്ദ്രനെപ്പോലെ നിരാകുലമായി വർത്തിക്കുന്നുവോ അയാളാണു ശാന്തൻ.

30. തപസ്വിഷു ബഹുജ്ഞേഷു യാജകേഷു നൃപേഷുച
ബലവത്സുഗുണാഢ്യേഷു ശമവാനേവരാജതേ.

തപസ്വികളിലും പണ്ഡിതന്മാരിലും യാജ്ഞികന്മാരിലും രാജാക്കന്മാരിലും ബലവാന്മാരിലും ഗുണവാന്മാരിലും ഒക്കെമേലെയാണു ശമവാൻ. ഹേ രാമ; മഹാനുഭാവന്മാർ സജ്ജനങ്ങൾ കാത്തുസൂക്ഷിച്ചു കൊണ്ടുനടക്കുന്നതും അമൃതതുല്യവും ശ്രേഷ്ഠവുമായ ശമം വശത്താക്കിയാണു മോക്ഷപദത്തിലെത്തിച്ചേർന്നിട്ടുള്ളത്. നീയും ആത്മസിദ്ധിക്കായി ആ ക്രമം തന്നെ അനുസരിക്കൂ.

സത്യം അറിഞ്ഞേ അടങ്ങൂ എന്ന നിശ്ചയത്തോടുകൂടി ശാസ്ത്രചർച്ചയിലൂടെ ബുദ്ധിയെ ശുദ്ധമാക്കി പ്രപഞ്ചത്തിന്റെ പരമകാരണം കണ്ടെത്തി സദാ ആത്മവിചാരത്തിലേർപ്പെടണം. ആത്മസ്വരൂപമായ ബോധമാണല്ലോ പ്രപഞ്ചത്തിന്റെ പരമകാരണം. യുക്തിനിഷ്ഠമായ ശാസ്ത്രപഠനം ഇക്കാര്യം സൂര്യതുല്യം തെളിയിക്കും.

31. വിചാരതീക്ഷ്ണതാമേത്യധീഃപശ്യതിപരംപദം
ദീർഘസംസാര രോഗസ്യ വിചാരോഹി മഹൗഷധം

വിചാരതീക്ഷ്ണതാം ഏത്യ-ശാസ്ത്രവിചാരത്തിൽ ശ്രദ്ധയോടെ മുഴുകുന്ന; ധീഃ-ബുദ്ധി; പരംപദം പശ്യതി-പരമ സത്യം കണ്ടെത്തുന്നു; ദീർഘസംസാരരോഗസ്യ-ജനനമരണങ്ങളിലൂടെ നീണ്ടു നീണ്ടു പോകാനിടയുള്ള സംസാരരോഗത്തിന്; വിചാരഃ ഹി മഹൗഷധം-ശാസ്ത്രവിചാരം തന്നെയാണു വിലപ്പെട്ട മരുന്ന്.

ശാസ്ത്രവിചാരത്തിൽ ശ്രദ്ധയോടെ മുഴുകുന്ന ബുദ്ധി പരമസത്യം കണ്ടെത്തുന്നു. ജനനമരണങ്ങളിലൂടെ നീണ്ടു നീണ്ടു പോകാനിടയുള്ള സംസാരരോഗത്തിന് വിചാരംതന്നെയാണു വിലപ്പെട്ട മരുന്ന്.

### വിചാരോഹി മഹൗഷധം

പരമസത്യം കണ്ടെത്താനും അനുഭവിക്കാനുമുള്ള അനേകം വിചാരമാർഗങ്ങൾ ശാസ്ത്രത്തിൽ പ്രസിദ്ധങ്ങളായുണ്ട്. ദൃഗ്ദൃശ്യവിചാരം, അവസ്ഥാ

digitized by www.sreyas.in

ത്രയവിശകലനം, അന്തർമുഖമായ അനുഭവവിശകലനം, പദാർഥ വിശകലനം ഇവയൊക്കെയാണ് അവയിൽ ചിലത്. ഇവയിൽ ദൃഗ്ദൃശ്യവിചാരം മൂന്നാമത്തെ പദ്യത്തിന്റെ വ്യാഖ്യാനം നോക്കിയറിയുക. മനുഷ്യന്റെ ലോകാനുഭവങ്ങളെല്ലാം മൂന്നവസ്ഥകളിൽ ഒതുങ്ങുന്നു; അവയാണു ജാഗ്രത്, സ്വപ്നം, സുഷുപ്തി. ഉണർന്നിരുന്ന് ഇന്ദ്രിയങ്ങൾ വഴി ബാഹ്യപ്രപഞ്ചത്തെ അനുഭവിക്കുന്നതാണു ജാഗ്രത്. ഇവിടെ അനുനിമിഷം അനുഭവങ്ങൾ മാറി വരുന്നു. എന്നാൽ അനുഭവിച്ചയാളിനുമാറ്റമില്ല. എല്ലാം അനുഭവിച്ചതു ഞാൻ തന്നെ എന്നാണല്ലോ എല്ലാവരുടെയും അനുഭവം. ഈ ഞാൻ 'ഞാൻ ഉണ്ട്' എന്നിങ്ങനെ സ്വയം ഉണ്മ അനുഭവിക്കാൻ കഴിവുള്ള ബോധമാണെന്നു എടുത്തു പറയേണ്ടതില്ലല്ലോ. അപ്പോൾ ജാഗ്രത്തിൽ മാറിമാറിവരുന്ന അനുഭവങ്ങളിൽ മാറ്റമില്ലാതെ നിന്ന അനുഭവം ബോധം. അതുകൊണ്ട് ബോധം സത്യം മറ്റെല്ലാം അസത്യം. മാറ്റമില്ലാത്തതു സത്യം; മാറിപ്പോകുന്നത് അസത്യം; ഇതാണു സത്യാസത്യനിർവചനം. സ്വപ്നാനുഭവത്തെയും ഇതുപോലെ വിശകലനം ചെയ്യുക. സ്വപ്നം കഴിഞ്ഞുണരുമ്പോൾ സ്വപ്നത്തിൽ കണ്ടതെല്ലാം അസത്യം. കാഴ്ചക്കാരനായിരുന്ന ഞാൻ മാത്രം സത്യം. ഗാഢനിദ്രയാണു സുഷുപ്തി. സുഷുപ്തിയിലെ അനുഭവവും ഉണരുമ്പോൾ ഇല്ലാതാകുന്നു. പക്ഷെ അനുഭവിച്ച ഞാൻ ബാക്കിനിൽക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ഉണർവ്, സ്വപ്നം, ഉറക്കം എന്നീ അനുഭവങ്ങളിൽ മാറ്റമില്ലാതെ നിൽക്കുന്ന ഒരേ ഒരു സത്യം 'ഞാൻ' എന്നബോധം മാത്രമാണെന്ന് ആർക്കും കണ്ടെത്താൻ കഴിയും. മനസ്സിന്റെ രാഗദ്വേഷങ്ങൾ അകന്നാൽ ഈ ഞാൻ വിശ്വമെങ്ങും വ്യാപിച്ചുനിൽക്കുന്ന അഖണ്ഡാനന്ദബോധമാണെന്ന് ആർക്കും അനുഭവിക്കാനും കഴിയും. അതുതന്നെയാണ് ബ്രഹ്മാത്മൈക്യാനുഭവം അഥവാ തുരീയാനുഭവം.

ഇനിയും അന്തർമുഖമായി അനുഭവങ്ങളെ വിശകലനം ചെയ്താലും അനുഭവങ്ങളുടെയെല്ലാം പരമകാരണം ബോധമാണെന്നു തെളിയും. പ്രപഞ്ചം ഒരനുഭവമാണ്. അനുഭവമില്ലാത്തിടത്തു പ്രപഞ്ചമില്ല. ഈ അനുഭവത്തിനടിസ്ഥാനമായി വർത്തിക്കുന്ന കാരണത്തെക്കുറിച്ചുള്ള അന്വേഷണമാണു സത്യാന്വേഷണം. അനുഭവത്തിലെ കാര്യകാരണ ശൃംഖലയെ പിൻതുടർന്നാൽ പരമകാരണത്തെ കണ്ടെത്താൻ കഴിയുമെന്നുള്ളത് നിർവിവാദമാണല്ലോ. ഈ ശൃംഖലയിലെ ആദ്യത്തെ കണ്ണിയാണ് അനുഭവിക്കുന്നയാളിന്റെ ദേഹമുൾപ്പെടെയുള്ള ബാഹ്യവിഷയങ്ങൾ. ഈ ബാഹ്യവിഷയങ്ങളെ അനുഭവിക്കുന്ന കരണമോ? ഇന്ദ്രിയങ്ങളാണ്. ഇന്ദ്രിയങ്ങളില്ലെങ്കിൽ ബാഹ്യവിഷയങ്ങൾ ആർക്കും അനുഭവപ്പെടുകയില്ല. അനുഭവപ്പെടുന്ന വിഷയങ്ങളിൽ വ്യാപിച്ചു നിന്നുകൊണ്ട് അവയുടെ അനുഭവത്തിനു കാരണമായി വർത്തിക്കുന്നതിനാൽ വിഷയങ്ങളെന്ന കാര്യങ്ങളുടെ കാരണം ഇന്ദ്രിയങ്ങളാണ്. ഇന്ദ്രിയങ്ങളുടെ കാരണമോ? മനസ്സാണ്. മനസ്സില്ലെങ്കിൽ ഇന്ദ്രിയങ്ങളില്ല. എല്ലാ ഇന്ദ്രിയങ്ങളിലും വ്യാപിച്ചുനിന്നുകൊണ്ട് ഇന്ദ്രിയാനുഭവങ്ങൾക്കു കാരണമായിവർത്തിക്കുന്നതിനാൽ ഇന്ദ്രിയങ്ങളെന്നകാര്യങ്ങളുടെ കാരണം മനസ്സാണ്. മനസ്സിന്റെ കാരണമായി വർത്തിക്കുന്നതാണു ബുദ്ധി. സങ്കൽപ്പവികൽപ്പാത്മകമാണു മനസ്സ്. സങ്കൽപ്പവികൽപ്പങ്ങളെ ഏകീഭവിപ്പിച്ച് നിശ്ചയത്തിലെത്തുന്ന അന്തഃകരണസ്ഥിതിയാണ് ബുദ്ധി. ആ ബുദ്ധിയിൽ നിന്നും സങ്കൽപ്പവികൽപ്പാത്മകമായി പെരുകുന്നതാണു മനസ്സെന്നു കാണുവാൻ

digitized by www.sreyas.in

ബുദ്ധിയുള്ളവർക്കു പ്രയാസമില്ല. അപ്പോൾ ബുദ്ധിയില്ലെങ്കിൽ മനസ്സില്ല. മനസ്സിൽ സർവത്ര വ്യാപിച്ചുനിന്നുകൊണ്ട് മനസ്സിന്റെ അനുഭവത്തിനു കാരണമായി വർത്തിക്കുന്നതിനാൽ മനസ്സെന്ന കാര്യത്തിന്റെ കാരണമാണു ബുദ്ധി. ബുദ്ധിയുടെ കാരണമോ? ബോധമാണ്. ബോധമില്ലെങ്കിൽ ബുദ്ധിയില്ല. ബുദ്ധിയിൽ വ്യാപിച്ചുകൊണ്ട് ബുദ്ധിക്കുകാരണമായി വർത്തിക്കുന്നതിനാൽ ബുദ്ധിയെന്ന കാര്യത്തിനു കാരണം ബോധമാണ്. ആ ബോധം തന്നെയാണ് എല്ലാവരിലും 'ഞാൻ, ഞാൻ' എന്നിങ്ങനെ സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്നത്. ബോധത്തിലെത്തിച്ചേരുന്നതോടെ കാരണാന്വേഷണം നിലയ്ക്കുന്നു. ബോധത്തിന്റെ പിന്നിൽ അതിനു കാരണമായി മറ്റൊന്നും കാണ്മാനില്ല. അതുകൊണ്ട് ബോധം എല്ലാ കാര്യങ്ങളുടെയും പരമകാരണമാണെന്നു തീരുമാനിക്കാം. ബോധത്തിന് ഉള്ളതാവാൻ മറ്റൊന്നിന്റെ സഹായം വേണ്ടതാനും. 'ഞാൻ ഉണ്ട്' എന്നിങ്ങനെ ബോധം സദാ സ്വയം പ്രകാശിച്ചു വിളങ്ങുന്നു. ബോധമാണു പരമസത്യമെന്നുള്ളതിന് ഇതിലപ്പുറം എന്തു തെളിവാണു വേണ്ടത്.

ഇനിയും പദാർഥങ്ങളെ നേരിട്ടു വിശകലനം ചെയ്തു വിചാരം ചെയ്താലും പരമകാരണം ബോധമാണെന്നു തെളിയും. പഞ്ചഭൂതങ്ങളെ വിശകലനം ചെയ്തു പരമകാരണം കണ്ടെത്താം. ഭൂമിയുടെ കാരണം ജലം; ജലത്തിന്റെ കാരണം തേജസ്സ്, തേജസ്സിന്റെ കാരണം വായു, വായുവിന്റെ കാരണം ആകാശം; ആകാശത്തിന്റെ കാരണം ബോധം. ആകാശം ആകാശത്തെ ഉണ്ടെന്നനുഭവിക്കുന്ന ബോധത്തിൽ നിൽക്കുന്നു. ബോധത്തിലെ വെറും ഒരു സങ്കൽപ്പ ദൃശ്യമാണ് ആകാശം. ഇനിയും ജഡദൃശ്യങ്ങളെ വിശകലനം ചെയ്യൂ. പരമാണുക്കളാണു ജഡത്തിന്റെ കാരണം. പരമാണുക്കളുടെ കാരണം പ്രാണൻ. പ്രാണൻ എവിടെ സ്പന്ദിക്കുന്നു. ബോധത്തിൽ. പ്രാണസ്പന്ദനത്തിന്റെ ഉറവിടമാണ് ഭാരതീയരായ ഋഷീശ്വരന്മാർ അന്തർമുഖമായി കണ്ടെത്തിയ അഖണ്ഡബോധം അഥവാ ബ്രഹ്മം. ഇങ്ങനെ ഏതുവിചാരമാർഗം അവലംബിച്ചു ചിന്തിച്ചാലും പരമകാരണം ബോധമാണെന്നു തെളിയും.

ഇനിയും ഈ പരമകാരണത്തെ അനുഭവിക്കാനുള്ള വിചാരമാർഗമെന്താണ്? വിചാരം ചെയ്തു മനസ്സിനെ ഭാവാദ്വൈതം പഠിപ്പിക്കലാണു പരമകാരണത്തെ അനുഭവിക്കാനുള്ള രാജപാത. കാരണം തന്നെയാണ് എവിടേയും കാര്യരൂപത്തിൽ കാണപ്പെടുന്നത്. മുണ്ടിന്റെ കാരണം നൂലാണ്. നൂലിന്റെ ഒരു പ്രത്യേക സംവിധാനം മുണ്ടെന്ന കാഴ്ചയുളവാക്കി; അത്രേയുള്ളൂ. അറിവുള്ളവർ മുണ്ടിൽ മനസ്സു കൊണ്ട് നൂലു തന്നെ കാണും. അതുപോലെ വിചാരം ചെയ്തു പ്രപഞ്ചമായി കാണുന്ന കാഴ്ചകളിലെല്ലാം പരമകാരണമായ ബോധത്തെ തന്നെ മനസ്സാ കണ്ടെത്തുക. ഇതാണു 'സർവം ബ്രഹ്മമയം' എന്ന ഭാവന ഉറപ്പിക്കൽ. ഈ ഭാവാദ്വൈത പരിശീലനം തുടർന്നാൽ മനസ്സ് രാഗദ്വേഷ വാസനകളകന്നു ശുദ്ധമാവും. ശുദ്ധമായ മനസ്സിന് അകത്തും പുറത്തും ആനന്ദ സ്വരൂപമായ ബോധത്തെ അനുഭവിച്ചറിഞ്ഞു ധന്യമാകാം. ഈ അറിവും അനുഭവവും മുൻനിർത്തിയാണ് ദീർഘസംസാരരോഗത്തിന് വിചാരമാണു മഹൗഷധമെന്നു വസിഷ്ഠൻ പ്രഖ്യാപിച്ചത്. വാസിഷ്ഠം തുടർന്നു വായിക്കുന്നയാൾക്ക് വിചാരമാർഗത്തിന്റെ മഹിമ സംശയമെന്യേ തെളിയുന്നതാണ്.

digitized by www.sreyas.in

വസിഷ്ഠൻ തുടർന്നു:" ഞാനാരാണ്; ഈ സംസാരബന്ധം ആർക്കാണ്? ഒരു ബുദ്ധിമാൻ ഇത്തരം ചോദ്യങ്ങൾക്കുത്തരം കണ്ടെത്താനും ദുഃഖങ്ങൾക്കു ശാസ്ത്രീയമായ പരിഹാരം സാധ്യമാക്കാനും സദാ യത്നിക്കേണ്ടതാണ്.

32. അനഷ്ടമന്ധകാരേഷു ബഹുതേജഃസ്വജിഹ്മിതം
പശ്യത്യപി വ്യവഹിതം വിചാരശ്ചാരുലോചനം

വിചാരം ഒരസാധാരണമായ കണ്ണാണ്. കൂരിരുട്ടിലും അതു വെളിച്ചം കാണും. അതിരറ്റ പ്രകാശത്തിലും അതു മയങ്ങിപ്പോവുകയില്ല. കണ്ടാലും ഒന്നിലും പറ്റിപ്പിടിക്കുകയില്ല. എന്താണു വിചാരം? ഈ സംസാരദോഷം എങ്ങനെ വന്നുചേർന്നു? ഞാനാരാണ്? ഇത്തരം ചോദ്യങ്ങൾക്ക് യുക്തിയുക്തം ശാസ്ത്രീയമായി ഉത്തരം കണ്ടെത്താനുള്ള ചിന്താസരണിയാണു വിചാരം.

സന്തോഷമാണ് അങ്ങേയറ്റത്തെ ജീവിതസാഫല്യം. സന്തോഷമാണു സുഖം. മനസ്സിന്റെ പരമശാന്തി സന്തോഷമാണ്. സന്തോഷമാകുന്ന അമൃതം പാനം ചെയ്തു ശാന്തിയും തൃപ്തിയും അനുഭവിക്കുന്നവർക്ക് ഒരിടത്തു മൊടുങ്ങാത്ത ഈ ഭൗതിക സമ്പദ്സമൃദ്ധി വിഷം പോലെ മാത്രമേ അനുഭവപ്പെടൂ. കിട്ടാത്ത കാര്യത്തിൽ ആഗ്രഹം കൈവെടിഞ്ഞ് കിട്ടിയതിൽ സംതൃപ്തിയോടുകൂടി പോരായ്മയിലോ സമൃദ്ധിയിലോ കുണ്ഠിതമോ അഹങ്കാരമോ കൂടാതെ കഴിയുന്നയാളാണു സന്തുഷ്ടൻ. ആശാവൈവശ്യത്തിൽ വിവശമായി സന്തോഷം നഷ്ടപ്പെടുന്ന ചിത്തത്തിൽ അഴുക്കുപുരണ്ട കണ്ണാടിയിൽ മുഖമെന്ന പോലെ സത്യം തെളിയുകയില്ല. കിട്ടാത്തതിൽ കൊതിയില്ല. കിട്ടിയതു തൃപ്തിയോടെ അനുഭവിക്കുന്നു; സൗമ്യമായ പെരുമാറ്റം ഇവയൊക്കെയാണു സന്തുഷ്ടന്റെ ലക്ഷണങ്ങൾ. ഗുണശാലികൾക്കു ഭൂഷണമായ സമബുദ്ധി കൈക്കൊണ്ടു വിരാജിക്കുന്ന പുരുഷ ശ്രേഷ്ഠനെ രാജാക്കൻമാരും മഹാമുനിമാരും പോലും ആദരിച്ച് വണങ്ങുന്നു.

മോക്ഷകവാടത്തിലെ നാലാമത്തെ ദ്വാരപാലകനാണല്ലോ സാധുസംഗമം. സംസാരസമുദ്രം കടക്കാൻ മറ്റെന്തിനെക്കാളുമധികം എവിടെയും സത്സംഗം സഹായിക്കുന്നു. സത്സംഗത്തിൽ ശൂന്യം സമൃദ്ധിയുടെ ഇടമായി മാറുന്നു; മൃത്യുപോലും അമൃതമായി പരിണമിക്കുന്നു; ആപത്തും സമ്പത്തായി ത്തീരുന്നു. സത്സംഗത്തിന്റെ ശീതധാരകൊണ്ടഭിഷിക്തനാകുന്നയാൾക്കു പിന്നെ ദാനമെന്തിന്, തീർഥമെന്തിന്, തപസെന്തിന്, യജ്ഞമെന്തിന്?

33. വിച്ഛിന്ന ഗ്രന്ഥയസ്തജ്ഞാഃ സാധവഃ സർവ സമ്മതാഃ
സർവോപായേന സംസേവ്യാസ്തേഹ്യുപായാഃ ഭവാംബുധൗ.

ഞാൻ, എന്റേത് എന്നീ അഹന്താ മമതാ ബന്ധങ്ങൾ പൊട്ടിച്ചെറിഞ്ഞവർ, സത്യസ്വരൂപം വ്യക്തമായി ധരിച്ചവർ, സർവസമ്മതരായ സമദർശികൾ; അവരാണു സജ്ജനങ്ങൾ. എന്തുവില കൊടുത്തും അവരുമായി ബന്ധപ്പെടണം. അവരാണു സംസാര സമുദ്രത്തിലെ കപ്പിത്താൻമാർ.

ഇവ നാലും സംസാരദുഃഖം ഒഴിവാക്കാനുള്ള പവിത്രങ്ങളായ ഉപായങ്ങളാണ്. ഇവ വശത്തായാൽ മോഹജലം തുളുമ്പിനിൽക്കുന്ന ഭവാർണവം കടന്നതു തന്നെ. രാമാ നിനക്കീ ഗുണലക്ഷ്മി ഇപ്പോൾ തന്നെ വിട്ടുപോകാതെ വശത്തായിക്കഴിഞ്ഞിരിക്കുന്നു. ഇനിയും മോഹത്തെ പൂർണ

digitized by www.sreyas.in

മായും ഒഴിവാക്കാൻ വേണ്ടി ഞാൻ പറയാൻ പോകുന്ന മോക്ഷോപായം ശ്രദ്ധയോടെ കേൾക്കൂ. ഇതു കേൾക്കുന്നവർക്കു വേണ്ടെങ്കിൽ പോലും ബലാൽ ബോധസത്യം തെളിഞ്ഞു കിട്ടും. ലോഭം, മോഹം തുടങ്ങിയ ചിത്ത ദോഷങ്ങൾ കുറഞ്ഞ് ശരത്കാല സരസ്സെന്നപോലെ അന്തഃകരണം പ്രസന്നമാകും. ദൈന്യം, ദാരിദ്ര്യം തുടങ്ങി വേദനിപ്പിക്കാനായി കാത്തു നിൽക്കുന്ന ദൃഷ്ടി ദോഷങ്ങൾ യുദ്ധക്കളത്തിൽ കവചമണിഞ്ഞു നിൽക്കുന്ന പടയാളിയുടെ ശരീരത്തിൽ കൂരമ്പുകളെന്നപോലെ നിഷ്ഫലമായി ഭവിക്കും. ഭീമങ്ങളായ ജീവിതഭയങ്ങൾ ഹൃദയത്തെ സ്പർശിക്കാതാവും. മന്ദരപർവതം വിട്ടകന്ന പാൽക്കടൽ പോലെ ചിത്തം സമനില പ്രാപിച്ചു പ്രകാശിക്കും.

34. സമുദ്രസ്യേവഗാംഭീര്യം സ്ഥൈര്യം മേരോരിവസ്ഥിതിഃ
അന്തഃശീതളതാചേന്ദോരി വോദേതി വിചാരിണഃ

വിചാരം ചെയ്തു സത്യം ഗ്രഹിച്ചയാളിന്റെ മനസ്സ് സമുദ്രം പോലെ ഗംഭീരവും മേരു പർവതം പോലെ സ്ഥിരമായ ഉറപ്പുള്ളതും പൂർണചന്ദ്രനെപ്പോലെ അന്തഃശീതളത നിറഞ്ഞതും ആയി ഭവിക്കുന്നു. അന്തഃപുരത്തിൽ കഴിയുന്ന സാധ്വിയെപ്പോലെ ആ മനസ്സ് ശാസ്ത്രത്തിനും സജ്ജനങ്ങൾക്കും സമ്മതങ്ങളായ കർമങ്ങളിൽ സന്തോഷപൂർവം രമിക്കുന്നു. ആ മനസ്സിൽ സാവധാനം ജീവന്മുക്ത്യവസ്ഥ പാകപ്പെട്ടു പൂർണമാകുന്നു. എല്ലാ വിശേഷകാര്യങ്ങളും അസ്തമിച്ചു ശാന്തമായ ആ സ്ഥിതി വാക്കുകൾ കൊണ്ടു വിവരിക്കാവുന്നതല്ല. അപ്പോഴപ്പോൾ വന്നുചേരുന്ന കാര്യങ്ങളിൽ ഒരു സാധാരണ ലൗകികനെപ്പോലെതന്നെ ഒരു ജീവന്മുക്തനും പെരുമാറുന്നു. എന്നാൽ ഇഷ്ടാനിഷ്ട പ്രാപ്തിയിൽ ഹൃദയം കൊണ്ടൊരിക്കലും അദ്ദേഹം പരാജിതനായി ഭവിക്കുന്നില്ല; അതായത് ഇഷ്ടം വരുമ്പോൾ തുള്ളിച്ചാടി അഹംകരിക്കുകയോ അനിഷ്ടം വരുമ്പോൾ കണ്ണുനീർവാർത്തു കരയുകയോ ചെയ്തു മനസ്സിന്റെ സമനില തെറ്റിക്കുന്നില്ലെന്നു താൽപ്പര്യം. യഥാവിധി വന്നുചേരുന്ന ലോകസുഖങ്ങൾ സന്തോഷത്തോടുകൂടിത്തന്നെ അനുഭവിക്കുന്നു; എന്നാൽ അവയ്ക്കായി സദാചാരവിരുദ്ധമായി ഒന്നും പ്രവർത്തിക്കുന്നില്ല. കാലവും സ്ഥലവും വേണ്ടപോലെ അറിഞ്ഞു സുഖിക്കുന്നു; സത്യബോധം കൈവിടാതെ; ഇതാണു മോക്ഷക്രമം.

അദ്വൈതബോധം ഉറപ്പുവന്നയാളിനു സംസാരഭ്രമം ശമിക്കുന്നു. അമ്മയുടെ ഗർഭപാത്രത്തിൽക്കിടന്നു വേദനിച്ചു പുറത്തുവരുന്ന ജനനപീഢ അദ്ദേഹത്തിനു പിന്നീടൊരിക്കലും അനുഭവിക്കേണ്ടി വരുന്നില്ല. ഈ സത്യവിചാരത്തെ ഭയപ്പെട്ടു ലോകഭോഗങ്ങളിൽ തന്നെ തൃഷ്ണാബദ്ധരായി മുഴുകുന്നവർ മാതൃമലത്തിലെ കൃമികൾ പോലെ അധമന്മാരാണ്. അവരുടെ കാര്യം പറഞ്ഞിട്ടേ പ്രയോജനമില്ല. ധർമാധർമങ്ങൾ ആർജിക്കാനുള്ള ക്രിയാകലാപങ്ങളൊന്നും ആരും പൊടുന്നനെ ഉപേക്ഷിക്കേണ്ട. അവയുമായി ശാസ്ത്രചർച്ച, മനോനിയന്ത്രണം, സത്യബോധം, സത്സംഗം ഇവ കൂട്ടിച്ചേർത്താൽ മതി. എത്രകാലം ഈ വിചാരണ തുടരണം?

35. താവദ്വിചാരയേത് പ്രാജ്ഞോയാവദ്വിശ്രാന്തിമാത്മനി
സംപ്രയാത്യപുനർനാശാം ശാന്തിം തുര്യപദാഭിധാം

അപുനർനാശാം ശാന്തിം-ഒരിക്കലും വിട്ടുപോകാത്ത ശാന്തിസുഖരൂപമായ; തുര്യപദാഭിധാം-തുരിയാനുഭവമെന്നു പേരുള്ള, ആത്മനിവിശ്രാന്തിം-ജീവ

digitized by www.sreyas.in

ബ്രഹ്മൈക്യമെന്ന പൂർണവിശ്രമം; യാവത് സംപ്രയാതി - സംശയാതീത മായി എപ്പോൾ വന്നുചേരുന്നുവോ; താവത്-അപ്പോൾ വരെ; പ്രാജ്ഞഃവി ചാരയേത്-ജിജ്ഞാസു സത്യ വിചാരം തുടരേണ്ടതാണ്.

ഒരിക്കലും വിട്ടുപോകാത്ത ശാന്തി സുഖ രൂപമായ തുരീയാനുഭവമെന്നു പേരുള്ള ജീവബ്രഹ്മൈക്യമെന്ന പൂർണ വിശ്രമം സംശയാതീതമായി എപ്പോൾ വന്നുചേരുന്നുവോ അപ്പോൾവരെ ജിജ്ഞാസു സത്യ വിചാരം തുടരേണ്ടതാണ്.

## താവദ്വിചാരയേത്

സത്യവിചാരം എപ്പോൾ വരെ തുടരണം? ജീവബ്രഹ്മൈക്യരൂപമായ തുരീയ്യാനുഭവമുണ്ടാകുന്നതുവരെ തുടരണം. അതെപ്പോഴുണ്ടാകും? ഓരോരുത്തരുടെയും കർമവാസനയുടെ കൂടുതലും കുറവുമനുസരിച്ചാണ് സമയപരിധി തീരുമാനിക്കപ്പെടുന്നത്. ജന്മാന്തരത്തിലെ വിചാരപാകതകൊണ്ട് ശക്തി കുറഞ്ഞ വാസനയുമായിട്ടാണ് വന്നു ജനിക്കുന്നതെങ്കിൽ കുറച്ചു സമയം കൊണ്ടുതന്നെ തുരീയാനുഭവം. സാധ്യമാകും. വാസനയുടെ ശക്തി കൂടുതലാണെങ്കിൽ ചിലപ്പോൾ ഒന്നിലധികം ജന്മങ്ങൾ തന്നെ വേണ്ടിവരും. അതു കൂട്ടാക്കേണ്ടതില്ല. ഒരു ജന്മത്തിൽ വന്നുചേരുന്ന പാകത അൽപ്പം പോലും നഷ്ടപ്പെടുകയില്ല. അടുത്ത ജന്മത്തിൽ ബാക്കി വിചാരം ചെയ്തു നേടിയാൽ മതി. സത്യവിചാരം ആരംഭിക്കാൻ കഴിയുന്നതു തന്നെ വലിയൊരു നേട്ടമാണ്. ജനനമരണരൂപമായ സംസാരചക്രത്തിൽ മനുഷ്യജന്മത്തിൽ നിന്നുള്ള പതനം ഒഴിവാക്കാൻ കഴിയുന്നു എന്നുള്ളതുതന്നെ വലിയൊരു നേട്ടമല്ലേ. തുടർന്ന് ഈ ജന്മത്തിലെ പാകതയുമായി മനുഷ്യനായിത്തന്നെ അടുത്തജന്മം തുടരുകയും ചെയ്യാം. തുരീയാനുഭവം ഉണ്ടാകുന്നതോടെ ജനനമരണഭ്രമം അവസാനിക്കുകയും ചെയ്യും. ജീവബ്രഹ്മൈക്യാനുഭവമാണു തുരീയാനുഭവം. തുരീയ ശബ്ദത്തിനു നാലാമത്തേത് എന്നാണർഥം. സാധാരണ ലൗകികന്മാരുടെ അനുഭവം ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നു മൂന്നവസ്ഥകളിൽ ഒതുങ്ങുന്നതാണെന്നു നാം നേരത്തേ കണ്ടുവല്ലോ. ആ അനുഭവങ്ങളിലെ സ്ഥിരഘടകം ഞാൻ എന്ന ജീവബോധമാണെന്നും കണ്ടു. സത്യവിചാരം ചെയ്തു കർമവാസന കുറയുംതോറും ഈ ജീവബോധം വിശ്വവ്യാപിയായ അഖണ്ഡബോധമായി വികസിക്കും. കർമവാസന ഒടുങ്ങിയാൽ ജീവബോധവും അഖണ്ഡബ്രഹ്മബോധവും ഒന്നു തന്നെയെന്നനുഭവിക്കുമാറാകും. ദുഃഖങ്ങളെല്ലാം അകലും. അദ്വൈതബോധം അവശേഷിക്കും. ഈ അനുഭവം തന്നെയാണു തുരീയാനുഭവം. ജാഗ്രത് സ്വപ്നസുഷുപ്തികളെന്ന മൂന്നനുഭവങ്ങൾക്കുമുപരി നാലാമത്തെ അനുഭവമായതുകൊണ്ട് ഇതിനെ തുരീയാനുഭവമെന്നു പറയുന്നു.

വസിഷ്ഠൻ തുടർന്നു: "സംസാരസമുദ്രത്തോടു തീർത്തും മുഖം തിരിച്ചുനിൽക്കുന്ന തുരീയാനുഭവസമ്പന്നൻ ദേഹയാത്ര തുടരട്ടെ തുടരാതിരിക്കട്ടെ, ഗൃഹസ്ഥനായിരിക്കട്ടെ സന്യാസിയായിരിക്കട്ടെ, അദ്ദേഹത്തിന് ഇവിടെ കർമം ചെയ്താലും ചെയ്തില്ലെങ്കിലും ലാഭമോ നഷ്ടമോ ഒന്നും വരാനില്ല. ശ്രുതിസ്മൃതിവിഭ്രമങ്ങളൊന്നും അദ്ദേഹത്തെ ബാധിക്കുന്നില്ല. അദ്ദേഹത്തിന്റെ ശരീരം കർമം ചെയ്താലും ഇല്ലെങ്കിലും മനസ് മന്ദര

digitized by www.sreyas.in

പർവതം ഒഴിഞ്ഞുമാറിയ നിശ്ചലസമുദ്രം പോലെ സദാ നിശ്ചലബ്രഹ്മനിഷ്ഠയിൽതന്നെ വർത്തിക്കും.

ഹേ രാമാ, ബുദ്ധിക്കു തന്നെ ഉറപ്പുവരുത്താവുന്ന ജ്ഞാനം വിശദമായി ഞാൻ നിന്നോടു പറയാം; കേട്ടോളൂ. ഒരു കുട്ടി പറഞ്ഞാൽ പോലും യുക്തിയുക്തമായ വാക്കു ചെവിക്കൊള്ളണം. ബ്രഹ്മാവു പറഞ്ഞാൽപോലും യുക്തിക്കു ചേരുന്നതല്ലെങ്കിൽ പുല്ലുപോലെ തള്ളിക്കളയണം. വസ്തുത വിശദമാക്കാൻ ഞാൻ പറയുന്ന ദൃഷ്ടാന്തങ്ങളൊന്നും അപ്പടി അംഗീകരിക്കരുത്. കാരണകാര്യഭ്രമത്തിനകത്തുനിന്നാണു ദൃഷ്ടാന്തങ്ങൾ. കാര്യകാരണശൃംഖലയിൽപെടാത്ത അദ്വൈതവസ്തുവിനെയാണു തെളിയിക്കേണ്ടത്. അതുകൊണ്ട് ദൃഷ്ടാന്തങ്ങളൊന്നും ബ്രഹ്മത്തിൽ പൂർണമായി യോജിപ്പിക്കാൻ പറ്റുകയില്ല. ചില പ്രത്യേക അംശങ്ങൾ സമർഥിക്കാൻ മാത്രമേ ദൃഷ്ടാന്തങ്ങൾ ഉപകരിക്കൂ. നിരാകാരമായ ബ്രഹ്മം എങ്ങനെ ആകാരം കൈക്കൊണ്ടു എന്നൊക്കെ ബുദ്ധിഭ്രമമുളവാക്കുന്ന വാദങ്ങൾ മുഴക്കിയതുകൊണ്ടു കാര്യമില്ല.

36. നനുതാർക്കികതാമേത്യനാശനീയാപ്രബുദ്ധതാ
അനുഭൂത്യപലാപാന്തൈരപവിത്രൈർവികൽപ്പിതൈഃ

കുയുക്തികളുപയോഗിച്ച് മനസിന്റെ സത്യോന്മുഖമായ ഉണർവിനെ തടയേണ്ട കാര്യമുണ്ടോ. തർക്കമറ്റ അനുഭവമാണു സത്യാനുഭവം. ആ അനുഭവത്തെ അപലപിച്ചുതള്ളുന്ന അപവിത്രങ്ങളായ കുതർക്കങ്ങളിൽ ഒരു സത്യാന്വേഷിയുടെ ബുദ്ധി ചെന്നുതങ്ങാൻ പാടില്ല. രണ്ടു താമരപ്പൊയ്കകളെന്നപോലെ മുൻവിവരിച്ച ശമാദിഗുണങ്ങൾ ജ്ഞാനത്തെയും ജ്ഞാനം ശമാദിഗുണങ്ങളെയും അന്യോന്യം സദാ പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ രണ്ടും ഒരുപോലെ ഒരേസമയത്തഭ്യസിക്കാതെ ഏതെങ്കിലും ഒന്നിനെ മാത്രം സ്വീകരിക്കുന്നതുകൊണ്ട് സത്യാനുഭവം സാധ്യമാകുകയില്ല. ജ്ഞാനം യശസും ആയുസും വർധിപ്പിച്ചു മോക്ഷപുരുഷാർഥം നേടിത്തരും. നിന്റെ ബുദ്ധി അത്യന്തം നിഷ്കളങ്കമായതുകൊണ്ട് കേൾക്കുന്ന മാത്രയിൽ തന്നെ അതനുഭവത്തിലെത്തിച്ചേരും. അറിയേണ്ടതറിഞ്ഞ മുനിമനസ് പ്രേരണകൂടാതെ തന്നെ പരമസത്യത്തെ പ്രാപിക്കുന്നു. അനുഭവം നിറഞ്ഞുനിൽക്കുന്നതും ദേശകാലപരിമിതികളൊന്നുമില്ലാത്തതും ഏകവുമായ ആ സത്യം അങ്ങനെ അനുഭവപ്പെട്ടാൽ പിന്നെ അതൊരിക്കലും ഇല്ലാതാകുന്നില്ല."

***ഇതി ശ്രീ വാല്മീകീയെ മോക്ഷോപായേ മുമുക്ഷുവ്യവഹാര പ്രകരണേ***
***മുമുക്ഷു വ്യവഹാര വർണനം നാമ പ്രഥമഃ സർഗഃ***
***മുമുക്ഷു വ്യവഹാര പ്രകരണം സമാപ്തം.***

digitized by www.sreyas.in

# 3
# ഉൽപത്തി പ്രകരണം

സർഗം. 1

## ഉൽപ്പത്തി പ്രകരണാർഥ ദർശനം

വസിഷ്ഠൻ പറഞ്ഞു: "ഹേ രാമാ, മുമുക്ഷു വ്യവഹാരം ഞാൻ നിന്നെ വിവരിച്ചു കേൾപ്പിച്ചു. ഇനി ഈ ജഗത്തിന്റെ വിചിത്രമായ ഉൽപ്പത്തി എങ്ങനെയെന്ന് വിവരിച്ചു കേൾപ്പിക്കാം:

37. അനുഭൂതേർ വേദനസ്യ പ്രതിപത്തേർയഥാഭിധം
പ്രത്യക്ഷമിതി നാമേഹകൃതം ജീവഃ സ ഏവ നഃ

യഥാ അഭിധം-പല പേരുകളിൽ അറിയപ്പെടുന്ന; അനുഭൂതേഃ - അനുഭവത്തിനും, വേദനസ്യ-അറിവിനും; പ്രതിപത്തേഃ - പ്രതിപത്തിക്കും; ഇഹ- ഈ ലോകത്ത്; പ്രത്യക്ഷം ഇതി-പ്രത്യക്ഷമെന്ന്; നാമകൃതം-പേരുനൽകപ്പെട്ടിരിക്കുന്നു; സഃഏവ-അവൻ തന്നെയാണ്; നഃജീവഃ-നമ്മുടെ ജീവനായി വർത്തിക്കുന്നത്.

പല പേരുകളിൽ അറിയപ്പെടുന്ന അനുഭവത്തിനും അറിവിനും പ്രതിപത്തിക്കും ഈ ലോകത്ത് പ്രത്യക്ഷം എന്ന് പേരു നൽകപ്പെട്ടിരിക്കുന്നു. അവൻ തന്നെയാണ് നമ്മുടെ ജീവനായി വർത്തിക്കുന്നത്.

**ജീവഃ സ ഏവ നഃ**

പ്രപഞ്ചത്തിന്റെ പരമകാരണം ബ്രഹ്മമാണ്. ബ്രഹ്മപദത്തിന്റെ താൽപ്പര്യം വേണ്ടപോലെ പിടികിട്ടാത്തതാണ് പലപ്പോഴും സത്യാന്വേഷണ മാർഗത്തിലെ പ്രധാന തടസം. പ്രസ്തുത പദ്യം മാത്രം നല്ലപോലെ മനനം ചെയ്താൽ ആ തടസം മാറിക്കിട്ടും. അനുഭവമാണ് ബ്രഹ്മം. അനുഭവത്തെ അങ്ങനെ നിർവചിക്കാൻ പറ്റില്ല. അനുഭവം എല്ലാവർക്കും അനുഭവമല്ലേ. അനുഭവത്തിൽ സംശയമില്ലല്ലോ. അനുഭവമില്ലാതെ എന്തെങ്കിലും ഉള്ളതാകുമോ? അപ്പോൾ അനുഭവമാണ് ഉണ്മ. ഉണ്മ മാത്രമേ ഉള്ളതാകാൻ പറ്റൂ. അതുകൊണ്ട് അനുഭവം മാത്രമാണ് ഉണ്മ എന്നുപറഞ്ഞാൽ അനുഭവം മാത്രമേ ഇവിടെ ഉള്ളൂ എന്ന് താൽപ്പര്യം. ഇതുതന്നെയാണ് അദ്വൈതം. പിന്നെ പലതനുഭവപ്പെടുന്നതോ? ചോദ്യം തന്നെ ഒരു കാര്യം വ്യക്തമാ

digitized by www.sreyas.in

ക്കുന്നു. പലത് അനുഭവമാണ്; അതായത് അനുഭവം പലതായി കാണപ്പെടുന്നു. വസ്തു ഒന്ന്; പലതു വെറും തോന്നൽ. ഇതു തന്നെയാണ് സത്യസ്ഥിതി. അനുഭവത്തെ പലതാക്കി തോന്നിപ്പിക്കുന്ന ഘടകങ്ങളാണ് സങ്കൽപ്പങ്ങളും ബാഹ്യദൃശ്യങ്ങളും. അനുഭവത്തിന്റെ പര്യായമാണ് ബോധം. ബോധം, സങ്കൽപ്പങ്ങൾ, ബാഹ്യദൃശ്യങ്ങൾ ഇതാണ് ക്രമം. സങ്കൽപ്പങ്ങൾ പോയാൽ ബാഹ്യ ദൃശ്യങ്ങൾ മറയും. ശുദ്ധബോധം അഥവാ ശുദ്ധാനുഭവം അദ്വയമായി ബാക്കി നിൽക്കും. അതു തന്നെയാണ് ബ്രഹ്മം. ഇരുപത്തിമൂന്നാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കുക. സങ്കൽപ്പങ്ങൾ പാടേ പോയാൽ അനുഭവം തന്നെ പൊയ്പോകില്ലേ എന്നാണ് ചിലർക്കു സംശയം. ഇവിടെയാണ് പരീക്ഷണമാവശ്യം. ബോധപൂർവം സങ്കൽപ്പങ്ങളെ പുറം തള്ളി നോക്കൂ. ബോധം അഥവാ അനുഭവം നഷ്ടമാകുമോ ഇല്ലയോ എന്നറിയാമല്ലോ. നഷ്ടമാവുകയില്ലെന്നു മാത്രമല്ല അനുഭവം അഥവാ ബോധം ശുദ്ധമായി പൂർണമായി ആനന്ദസ്വരൂപമായി ബാക്കി നിൽക്കും. ആയിരമായിരം കൊല്ലങ്ങളായി പരീക്ഷിച്ചുറപ്പിക്കപ്പെട്ടുപോരുന്ന വസ്തു സ്ഥിതിയാണിത്. യുക്തിക്കു പോലും ഇതു നിരക്കുമല്ലോ. ഉണ്ടായി മറയുന്നതായി തോന്നുന്ന സങ്കൽപ്പങ്ങൾക്കു അവ പൊന്തി വരുന്നതിനു മുമ്പും മറഞ്ഞതിനു ശേഷവും; ആദ്യവും അവസാനവും അനുഭവം ഉണ്ടായാലല്ലേ പറ്റൂ. അപ്പോൾ സങ്കൽപ്പരഹിതമായ ശുദ്ധമായ അനുഭവം അഥവാ ബോധം ബ്രഹ്മം, സങ്കൽപ്പങ്ങളോടുകൂടിയ ബോധം അഥവാ അനുഭവം പ്രപഞ്ചം. ബ്രഹ്മത്തിന്റെ ഏറെക്കുറെ ശുദ്ധമായ അംശാനുഭവം തന്നെയാണ് ജീവൻ. ഞാൻ, ഞാൻ എന്നിങ്ങനെ എല്ലാവരിലും ജീവാനുഭവം കാൺമാനുണ്ടല്ലോ.

'ഞാൻ ഉണ്ട്' എന്നിങ്ങനെ സ്വയം ഉണ്മ അനുഭവിച്ചു പ്രകാശിക്കുന്നതുകൊണ്ടാണ് ഏറെക്കുറെ ശുദ്ധമായ ബ്രഹ്മാംശമാണു ജീവൻ എന്നുപറയപ്പെടുന്നത്. 'ഞാൻ' എന്ന സങ്കൽപ്പാംശം കൂടിക്കലരുന്നതുകൊണ്ടാണ് ഏറെക്കുറെ എന്നു പറയേണ്ടിവരുന്നത്. രാഗദ്വേഷസങ്കൽപ്പങ്ങളകറ്റി ശുദ്ധീകരിക്കപ്പെടുന്ന ഹൃദയത്തിൽ ഈ 'ഞാൻ' തന്നെ ക്രമേണ ബ്രഹ്മരൂപം കൈക്കൊണ്ട് ആനന്ദ സ്വരൂപമായി തെളിയും; ഇതാണ് നിയമം.

### ബ്രഹ്മപര്യായങ്ങൾ

അനുഭവം, അറിവ്, പ്രതിപത്തി, പ്രത്യക്ഷം എന്നൊക്കെയുള്ള പദങ്ങൾ ബ്രഹ്മ പര്യായങ്ങൾ തന്നെയാണ്. സത്ത്, ചിത്ത്, ആനന്ദം ഇവയും ബ്രഹ്മ പര്യായങ്ങളാണ്. സത്ത് എന്നുപറഞ്ഞാൽ ഉണ്മയെന്നാണർഥം. ഉണ്മയും അനുഭവവും ഒന്നുതന്നെ. അനുഭവിക്കാത്തിടത്ത് ഉണ്മ സാധ്യമല്ല. അനുഭവമില്ലേ എല്ലാം ശൂന്യം എന്നു ചിന്തിച്ചറിയേണ്ടതാണ്. ചിത്ത് എന്ന പദത്തിനു ബോധം എന്നർഥം. സങ്കൽപ്പരഹിതമായ ശുദ്ധചിത്തിന്റെ സ്വരൂപം ആനന്ദമാണ്. അതുകൊണ്ട് ആനന്ദപദവും ബ്രഹ്മപര്യായം തന്നെ. ഉപനിഷത്തുകൾ ജ്ഞാനം, പ്രജ്ഞാനം, വിജ്ഞാനം ഇത്യാദി പദങ്ങളും ബ്രഹ്മ പര്യായങ്ങളായി പ്രയോഗിക്കുന്നു. ഈ നിലയിലെല്ലാം ബ്രഹ്മപദം വിചാരം ചെയ്തറിയുമെങ്കിൽ ഇതിൽ കവിഞ്ഞൊരു ജഗത് സത്യം ഇനി ആരും ഒരിക്കലും കണ്ടെത്താൻ പോകുന്നില്ലെന്നു സംശയാതീതമായി തെളിയും.

### ജീവൻ

വസിഷ്ഠൻ തുടർന്നു: ജീവനായി അറിയപ്പെടുന്നത് ശുദ്ധബോധസ്വരൂ

digitized by www.sreyas.in

പമായ ബ്രഹ്മം തന്നെ. ജീവൻ പുരുഷനാമം കൈക്കൊണ്ട് ഞാൻ, ഞാൻ എന്നിങ്ങനെ അഹങ്കാരരൂപനായി അറിയപ്പെടുന്നു. പുരം പോലുള്ള ശരീരത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടാണ് പുരുഷനെന്ന പേരുകിട്ടിയത്. പുരത്തിൽ ശയിക്കുന്നവൻ പുരുഷൻ എന്നാണു പുരുഷപദ താൽപ്പര്യം. ഈ പുരുഷൻ തുടർന്ന് അന്തഃകരണമെന്ന സങ്കൽപ്പവലയം സൃഷ്ടിച്ച് അതിലകപ്പെടുന്നു. അന്തഃകരണം ജീവന്റെ സൃഷ്ടിയാണ്. ജീവന് അതുകൊണ്ടു നടക്കുകയോ വേണമെങ്കിൽ ഉപേക്ഷിക്കുകയോ ചെയ്യാം; ഉപേക്ഷിച്ചാൽ ജീവൻ ബ്രഹ്മവുമായി ഏകീഭവിക്കും. ഈ സങ്കൽപ്പവലയം തന്നെയാണ് മനസ്സ്, ചിത്തം, ബുദ്ധി എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നത്. സങ്കൽപ്പവലയം അഥവാ മനസ്സ് പുറമേ നാനാതരം പദാർഥദൃശ്യങ്ങളെ പ്രകടമാക്കുന്നു. മനസ്സ് സങ്കൽപ്പ വികൽപ്പങ്ങളിലൂടെ നാനാതരം ദൃശ്യങ്ങളായി പുറമേ പ്രത്യക്ഷപ്പെടുന്നതു തന്നെയാണ് പ്രപഞ്ചമായി അനുഭവപ്പെടുന്നത്. സങ്കൽപ്പമെങ്ങനെയോ ലോകാനുഭവം അങ്ങനെ. മനുഷ്യസങ്കൽപ്പമാണെങ്കിൽ മനുഷ്യലോകം. മൃഗസങ്കൽപ്പമാണെങ്കിൽ മൃഗലോകം. ദേവസങ്കൽപ്പമാണെങ്കിൽ ദേവലോകം; ചുരുക്കത്തിൽ ജലരാശിയിൽ തരംഗമെന്നപോലെ ആവിർഭവിക്കുന്ന സങ്കൽപ്പതരംഗങ്ങളാണ് എല്ലാ ലോകവും. ബോധം അഥവാ ബ്രഹ്മം പരമകാരണമാണ്. പരമകാരണത്തിൽ ഭ്രമരൂപത്തിലല്ലാതെ സങ്കൽപ്പങ്ങൾക്കോ ദൃശ്യപ്രപഞ്ചത്തിനോ രൂപം കൊള്ളാൻ കഴിയുകയില്ല. പരമകാരണചിന്ത ഇരുപത്തൊന്നാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കിയറിയുക. പരമകാരണത്തിനു പിന്നിൽ ഒരു കാരണമുണ്ടാവുക വയ്യ. അപ്പോൾ കാരണമില്ലാതെ സദാ സർവത്ര സ്വയം പ്രകാശിച്ചു വിളങ്ങുന്ന പരമകാരണമാണ് ബ്രഹ്മം അഥവാ ബോധം. ആ പരമകാരണത്തിൽ ഒരു ലീല പോലെ സൃഷ്ടി ആരംഭിക്കുന്നതാണു ജീവന്റെ തുടക്കം. തുടർന്ന് ആ ജീവൻ സൃഷ്ടിക്കു മുഴുവൻ കാരണമായി ഭവിക്കുന്നു. എല്ലാം സംഭവിക്കുന്നതു പരമകാരണമായ അനുഭവത്തിനകത്തു തന്നെ.

38. രൂപാലോകമനസ്കാരപദാർഥവ്യാകുലം ജഗത്
വർതതേവേദനസ്യാന്തർവാതാന്തഃസ്പന്ദനം യഥാ

പുറമേയുള്ള ദൃശ്യങ്ങളുടെ കാഴ്ച; അതിനു പിന്നിൽ സങ്കൽപ്പാത്മകമായ മനസ്സിന്റെ സ്ഥിതി ഇങ്ങനെ സ്ഥൂല സൂക്ഷ്മപദാർഥങ്ങളെക്കൊണ്ട് ഇളകി മറിയുന്ന പ്രപഞ്ചം പ്രാണനുള്ളിൽ സ്പന്ദനമെന്നപോലെ ബ്രഹ്മത്തിനുള്ളിൽ അഥവാ അനുഭവത്തിനുള്ളിൽ ആണനുഭവപ്പെടുന്നത്. പ്രാണനില്ലേസ്പന്ദനമില്ല; അതുപോലെ അനുഭവമില്ലേ പ്രപഞ്ചമില്ല. സങ്കൽപ്പങ്ങളുൾപ്പെടെ പ്രപഞ്ചത്തെ പുറംതള്ളാമെങ്കിൽ അനുഭവം ആനന്ദസ്വരൂപം കൈക്കൊണ്ടു ബാക്കി നിൽക്കുകയും ചെയ്യും. ഇതാർക്കും പരീക്ഷിച്ചു നോക്കാവുന്നതാണ്. 'സർവം ബ്രഹ്മമയം' എന്ന ഭാവാദ്വൈതം ഭാവനചെയ്തുറപ്പിച്ചാൽ ദേശകാലങ്ങൾക്കൊക്കെ അതീതമായി നിൽക്കുന്ന കേവലാനുഭവത്തിൽ മനസ്സിനെത്തിച്ചേരാൻ കഴിയും. പിന്നെയെന്താണിങ്ങനെ പലതുകാണുന്നത്? സങ്കൽപ്പത്തിലൂടെ ആ പരമസത്യത്തെ ആര് എവിടെ എങ്ങനെ അനുഭവിക്കാനാഗ്രഹിക്കുന്നുവോ അത് അയാൾക്കവിടെ അങ്ങനെ അനുഭവപ്പെടുന്നു; ഇതാണു നിയമം. എന്തിനിങ്ങനെ ഒരു ജഗത്സൃഷ്ടി? സൃഷ്ടിക്കു കാരണമൊന്നും പറയാനില്ല; അതു വസ്തുസ്വഭാവമാണ്.

digitized by www.sreyas.in

ബോധപരമകാരണത്തിലാണീ സൃഷ്ടിയെല്ലാമെന്നതിനു തെളിവ് അനുഭവരൂപമായ പ്രത്യക്ഷ പ്രമാണം തന്നെയാണ്; ബോധാനുഭവമല്ലേ സൃഷ്ടി? അനുമാനാദി പ്രമാണങ്ങളൊക്കെ പ്രത്യക്ഷത്തിന്റെ ഭാഗങ്ങൾ മാത്രം. ദൃശ്യാനുഭവമാണു ബന്ധം; ദൃശ്യാനുഭവം വിട്ടാൽ ബന്ധം തീർന്നു. എങ്ങനെയാണു ദൃശ്യാനുഭവം വിടുക? കേട്ടോളൂ. സ്ഥാവരജംഗമദൃശ്യങ്ങളായി ജഗത്തിൽ എന്തൊക്കെ കാണപ്പെടുന്നുണ്ടോ എല്ലാം സ്വപ്നം ഗാഢനിദ്രയിലെന്നപോലെ കൽപ്പാവസാനത്തിൽ വിലയം പ്രാപിക്കുന്നു. തുടർന്നെന്തു ശേഷിക്കും?

39. തതസ്തിമിതഗംഭീരം ന തേജോനതമസ്തതം
അനാഖ്യമനഭിവ്യക്തം സത്കിഞ്ചിദവശിഷ്യതേ.

തുടർന്ന് ശുദ്ധമായ ഉണ്മ അനുഭവരൂപമായി ശേഷിക്കും; ചലനമില്ലാത്ത അതി ഗംഭീരമായ അനുഭവം; അതിനെ വെളിച്ചമെന്നോ ഇരുട്ടെന്നോ പറയുകവയ്യ; അതു വാക്കുകൊണ്ടു വിവരിക്കപ്പെടാവുന്നതല്ല; ഇന്ദ്രിയങ്ങൾക്ക് അനുഭവിക്കാവുന്നതല്ല. സങ്കൽപ്പങ്ങളെ പൂർണമായി ഒഴിച്ചുമാറ്റിയാൽ ആർക്കും ഇതനുഭവപ്പെടുന്നതാണ്. ഈ അനുഭവരൂപമായ സത്തിനാണ് സത്യദർശികൾ സത്യം, ഋതം, ആത്മാവ്, പരബ്രഹ്മം എന്നിങ്ങനെ പല പേരുകൾ നൽകിയിരിക്കുന്നത്. ആ മഹാസത്യത്തിനു നൽകപ്പെട്ടിരിക്കുന്ന പേരുകളെല്ലാം ചർച്ചയ്ക്കുവേണ്ടി കൽപ്പിക്കപ്പെട്ടവ മാത്രം. ഈ ആത്മാവുതന്നെയാണു ഭാവിബന്ധഭ്രമങ്ങൾക്കെല്ലാം ഹേതുവായി ജീവരൂപം കൈക്കൊണ്ടു പ്രത്യക്ഷപ്പെടുന്നത്. ദ്വൈതരൂപമായ മായാഭ്രമത്തിന്റെ തുടക്കമാണു ജീവനെന്നു താൽപ്പര്യം. ജീവനാകട്ടെ സങ്കൽപ്പങ്ങൾക്കു രൂപം നൽകി അവയിൽകൂടി പെരുകി മനസ്സിനെ ഉണ്ടാക്കുന്നു. മനസ്സ് അതാതു ജീവശരീരങ്ങളുൾപ്പെടെയുള്ള ബാഹ്യദൃശ്യങ്ങൾക്കു രൂപം നൽകുന്നു. ഇങ്ങനെ സർവവ്യാപിയായ പരമാത്മാവിൽ നിന്നു സമുദ്രത്തിൽനിന്നു തിരയെന്നപോലെ സ്ഥിരത്തിൽ നിന്ന് അസ്ഥിരമായ മനസ്സുണ്ടായപോലെ പ്രത്യക്ഷപ്പെടുന്നു. ആ മനസ്സു തുടർന്നു ഒരു വിശ്രമവുമില്ലാതെ സങ്കൽപ്പങ്ങളിലേർപ്പെടുന്നു. അങ്ങനെ ഇന്ദ്രജാലരൂപമായ ഈ ജഗത്ത് ആവിർഭവിക്കുന്നു. വളയെന്ന പേര് വളയെ ഒരിക്കലും സ്വർണമല്ലാതാക്കിത്തീർക്കുന്നില്ല. സ്വർണത്തിൽനിന്നു വളയെ വേർപെടുത്തുന്നുമില്ല. അതുപോലെ പ്രപഞ്ചമെന്നപേര് ഒരിക്കലും പ്രപഞ്ചത്തെ അഖണ്ഡബോധമല്ലാതാക്കുന്നില്ല; അഖണ്ഡബോധത്തിൽ നിന്നു പ്രപഞ്ചത്തെ വേർപെടുത്തുന്നുമില്ല.

40. അസതൈവസതീ താപനദ്യേവലഹരീചലാ
മനസൈവേന്ദ്രജാല ശ്രീർജാഗതീ പ്രവിതന്യതേ.

ഇല്ലാത്ത മനസ് ഉള്ളതുപോലെ തോന്നിക്കുന്ന ജഗത്തിനെ സൃഷ്ടിക്കുന്നു. നട്ടുച്ചയ്ക്ക് മരുഭൂമിയിൽ അലയടിച്ചുയരുന്ന മരീചിക സരിത്തിനെ സൃഷ്ടിക്കുംപോലെ. എവിടെനിന്നുവരുന്നുവെന്നോ എങ്ങോട്ടൊഴിഞ്ഞുപോകുന്നുവെന്നോ നിശ്ചയമില്ലാത്ത സങ്കൽപ്പപരമ്പരയാണു മനസ്. അതുകൊണ്ടതും ഇല്ലാത്തതുതന്നെ. ഈ ഇന്ദ്രജാലശ്രീയുടെ മറ്റുപേരുകളാണ് അവിദ്യ, സംസൃതി, മോഹം, ബന്ധം, മായ, തമസ് എന്നിവയെല്ലാം. സത്യം പൂർണമായി കണ്ടെത്തിയവരാണ് സങ്കൽപ്പസമൂഹത്തിനു ഈ പേരുകൾ

digitized by www.sreyas.in

കൽപ്പിച്ചു നൽകിയിരിക്കുന്നത്. ബന്ധമെന്താണെന്നു ഞാൻ പറയാം. അതു മനസിലായാൽ മോക്ഷമെന്താണെന്നും തെളിയും

41. ദ്രഷ്ടുർദൃശ്യസ്യ സത്താംഗ ബന്ധഇത്യഭിധീയതേ
ദ്രഷ്ടാദൃശ്യവശാദ്ബദ്ധോദൃശ്യാഭാവേ വിമുച്യതേ.

ദ്രഷ്ടാവിനു തന്നിൽ നിന്നും ഭിന്നമായി ദൃശ്യമുണ്ടെന്നുള്ള തോന്നലാണു ബന്ധം. ദൃശ്യം ഹേതുവായി ദ്രഷ്ടാവു ബദ്ധനായി ഭവിക്കുന്നു. തന്നിൽ നിന്നു ഭിന്നമായി ദൃശ്യമില്ലെന്നു ബോദ്ധ്യമാകുന്നതോടെ ദ്രഷ്ടാവു മുക്ത നാകുന്നു. ദ്രഷ്ടാവ് സങ്കൽപിച്ചു തന്നെത്തന്നെ മറ്റൊന്നായി കാണുന്ന താണു ദൃശ്യം. (ഈ ആശയത്തിന്റെ വിശദാംശം മൂന്നാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കി ധരിക്കേണ്ടതാണ്) ജഗത്ത്, നീ, ഞാൻ എന്നുതുടങ്ങിയ ഭേദഭാവനയാണു ദൃശ്യം. ഈ ഭേദഭാവന നിലനിൽക്കുന്നിടത്തോളം മോക്ഷം സാധ്യമല്ല. നീലനിറത്തിൽ പടർന്നു പന്തലിക്കുന്ന വള്ളികളോടുകൂടിയ ഒരു താമരക്കൂട്ടം മുഴുവൻ താമരയുടെ വിത്തിൽ ഒതുങ്ങിയിരിക്കുന്നതുപോലെ ദൃശ്യപ്രപഞ്ചം മുഴുവൻ ദ്രഷ്ടാവിൽ ഒതുങ്ങിയിരിക്കുന്നു എന്നു കാണേ ണ്ടതാണ്. വിത്തിനുള്ളിൽ ഒതുങ്ങുന്ന മുളപ്പ് ദേശകാലങ്ങൾക്കനുസരണ മായി ശാഖോപശാഖമായ വലിയ മനോഹരവൃക്ഷമായി പ്രത്യക്ഷപ്പെടുന്ന തുപോലെ ദ്രഷ്ടാവിൽ ഒളിഞ്ഞിരുന്ന ശക്തി തന്നെയാണു ദൃശ്യപ്രപഞ്ച മായി പ്രത്യക്ഷപ്പെടുന്നത്. ബീജത്തിനുള്ളിൽ മനുഷ്യ പക്ഷി മൃഗ വൃക്ഷ ലതാദി വിചിത്ര രൂപങ്ങൾ ഒളിഞ്ഞിരിക്കുന്നതുപോലെ ബോധമാത്രരൂപനായ ദ്രഷ്ടാവിൽ അനന്തകോടി ബ്രഹ്മാണ്ഡങ്ങളുൾപ്പെടുന്ന ഈ ജഗത്ത് ഒളി ഞ്ഞിരിക്കുന്നു. വിത്തിന്റെ സ്വയംഭവിക്കലാണു വൃക്ഷം. അതുപോലെ ദ്രഷ്ടാ വായ ബോധത്തിന്റെ സ്വഭാവമാണ് അഥവാ സ്വയം ഭവിക്കലാണു ജഗത്ത്.

**ബ്രഹ്മാവ്:**

രാമാ, ഞാനൊരു കഥ പറയാം. ആകാശജന്റെ കഥയാണ്. കേൾക്കാൻ കൊള്ളാവുന്ന കഥ. അതുകേട്ടാൽ സൃഷ്ടി രഹസ്യം തെളിഞ്ഞുകിട്ടും. പണ്ട് ആകാശജൻ എന്നുപേരുള്ള ധാർമികനായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. ജനഹിതം അനുവർത്തിച്ചു ധ്യാനനിഷ്ഠനായി അദ്ദേഹം കാലം കഴിച്ചു പോന്നു. അദ്ദേഹം ചിരംജീവിയായി തുടരുന്നതുകണ്ട് മൃത്യുവിനു സംശയ മായി. 'നിയമക്രമമനുസരിച്ചു ഞാൻ എല്ലാവരെയും ഭക്ഷിക്കുന്നു; ഈ ആകാശജനെയും എന്തുകൊണ്ട് ഭക്ഷിച്ചുകൂടാ? വാൾത്തല പാറപ്പുറത്തെ ന്നപോലെ ഇയാളിൽ എന്റെ ശക്തി ഫലിക്കാതെ വരുമോ?' ഇങ്ങനെ ചിന്തിച്ചു മൃത്യു നേരെ ആകാശജന്റെ വീട്ടിലെത്തി. ചിലർ ചിലതു തീരുമാ നിച്ചാൽ അതു നടപ്പാക്കാതെ പിൻമാറുകയില്ല. വീട്ടിൽ പ്രവേശിക്കാൻ ഭാവിച്ച മൃത്യുവിനെ പ്രളയാഗ്നിപോലുള്ള തീജ്വാലകൾ ദഹിപ്പിക്കാൻ തുടങ്ങി. വളരെ പണിപ്പെട്ടു തീജ്വാലകളെ ഭേദിച്ചു മൃത്യു അകത്തുകടന്നു. ദ്വിജനെ കണ്ട മാത്രയിൽ മൃത്യു കൈ നീട്ടിപ്പിടിക്കാൻ ശ്രമിച്ചു. മുൻപിൽ നിൽക്കുന്ന ബ്രാഹ്മണനെ ബലവാനായ മൃത്യുവിന് ആയിരം കൈകൾ നീട്ടി ശ്രമിച്ചിട്ടും പിടിക്കാൻ പറ്റിയില്ല. ഒരാൾക്ക് ഒരു സങ്കൽപപുരുഷനെ പിടിക്കാൻ പറ്റാ ത്തതുപോലെ. മൃത്യു നേരെ തന്റെ പ്രഭുവായ യമന്റെയടുക്കലെത്തി കഴി വില്ലായ്മയുടെ കാരണമാരാഞ്ഞു. യമൻ പറഞ്ഞു 'മരണമേ, നിനക്കാരേയും തനിയേ കൈക്കലാക്കാൻ പറ്റുകില്ല. ഒരുവന്റെ കർമങ്ങളാണ് അയാളെ

digitized by www.sreyas.in

നിന്റെ കൈയ്യിൽ കൊണ്ടെത്തിക്കുന്നത്; അല്ലാതെ മറ്റാരുമല്ല. അതുകൊണ്ട് ആ ബ്രാഹ്മണന്റെ കർമങ്ങളെന്തൊക്കെയാണെന്നന്വേഷിക്കൂ. അവയുടെ സഹായത്തോടെ നിനക്കദ്ദേഹത്തെ പിടികൂടാൻ പറ്റിയേക്കും. ഇതുകേട്ടു മൃത്യു ആകാശജന്റെ കർമങ്ങൾ കണ്ടുപിടിക്കാനായി പലയിടങ്ങളിലും ചുറ്റി ത്തിരിഞ്ഞു. ദേശദേശാന്തരങ്ങൾ, ദിഗന്തങ്ങൾ, സരസുകൾ, സരിത്തുകൾ ഇങ്ങനെ ഭൂമണ്ഡലം മുഴുവൻ കറങ്ങി. എത്ര പ്രയത്നിച്ചിട്ടും ആകാശജന്റെ കർമങ്ങൾ ഒരിടത്തും കണ്ടെത്തിയില്ല. വീണ്ടും യമധർമന്റെ അടുക്കലെത്തി. ഏതുകാര്യത്തിലും ഭൃത്യൻമാർക്കാശ്രയം പ്രഭുവാണല്ലോ. മരണം പ്രഭുവി നോടു ചോദിച്ചു. "പ്രഭോ, ആകാശജന്റെ കർമം എവിടെയാണിരിക്കുന്നത്". ധർമരാജൻ കുറേനേരം ഗൗരവമായി ചിന്തിച്ചിട്ടു മറുപടി പറഞ്ഞു. "മര ണമേ ആകാശജനു കർമമൊന്നും തന്നെയില്ല. ഈ വിപ്രൻ നേരിട്ടു വെറും ആകാശത്തു നിന്നുതന്നെ ജനിച്ചയാളാണ്. ആകാശത്തുനിന്നു ജനിച്ചവൻ നിർമലമായ ആകാശം തന്നെയാണ്; കാര്യം കാരണത്തിൽ നിന്നും ഭിന്നമാ വുക വയ്യ. ആകാശജന്റെ ജനനത്തിന് ആകാശമല്ലാതെ കൂട്ടുകാരണങ്ങൾ മറ്റൊന്നും തന്നെയില്ല. കൂട്ടുകാരണങ്ങളൊന്നുമില്ലാതെ ഒരു കാരണ ത്തിൽനിന്നും ജനിക്കുന്ന കാര്യം അതല്ലാതെ മറ്റൊന്നുമാകാൻ സാധ്യമല്ല. ആകാശത്തെ പിടികൂടാൻ നിനക്കു കഴിയില്ലല്ലോ. അതുകൊണ്ട് ഈ ബ്രാഹ്മ ണനെ കൈക്കലാക്കാനുള്ള ശ്രമം ഉപേക്ഷിക്കൂ." പ്രഭുവിന്റെ വാക്കുകേട്ടു മരണം ആശ്ചര്യത്തോടെ സ്വന്തം വാസസ്ഥലത്തേക്കു മടങ്ങി.

രാമൻ ചോദിച്ചു. 'സ്വയം പൊന്തിവന്നയാളും അദ്വയബോധാനുഭവത്തോ ടുകൂടിയയാളുമായ ബ്രഹ്മദേവനെയല്ലേ അങ്ങ് ആകാശജനായി ചിത്രീകരി ച്ചത്; അങ്ങയുടെ പിതാവും എന്റെ പ്രപിതാമഹനും!'

വസിഷ്ഠനരുളി: 'അതെ രാമാ; ബ്രഹ്മാവിന്റെ കഥ തന്നെയാണു ഞാൻ നിന്നെ കേൾപ്പിച്ചത്. പണ്ടു മൃത്യു യമനുമായി ബ്രഹ്മാവിനെക്കുറിച്ചു ചർച്ച ചെയ്യുകയുണ്ടായി. ഒരു മന്വന്തരം കഴിയുമ്പോൾ സർവംഭക്ഷകനായ മൃത്യു പ്രപഞ്ചഘടകങ്ങളെയെല്ലാം വിഴുങ്ങി അകത്താക്കുന്നു. അക്കൂട്ടത്തിൽ ബ്രഹ്മാവിനെയും ആക്രമിച്ചകത്താക്കാൻ മുതിർന്നു. അന്നു ധർമരാജാവായ യമനാൽ മൃത്യു ശാസിക്കപ്പെട്ടു. ചിദാകാശസ്വരൂപനായ ബ്രഹ്മാവിനെ എങ്ങനെ പിടിച്ചടക്കാൻ കഴിയും? ആകാശത്തിൽ പ്രകടമാകുന്ന സങ്കൽപ്പ പുരുഷനെപ്പോലെയാണു ബ്രഹ്മാവ്. പൃഥിവി തുടങ്ങിയ സ്ഥൂലഭൂതങ്ങളു മായി ഒരു ബന്ധവുമില്ലാതെയാണു സ്വയംഭൂവായ ബ്രഹ്മാവു വിളങ്ങുന്നത്. ബോധത്തിൽ വിശ്വമനസ്സിന്റെ ആവിർഭാവമാണു ബ്രഹ്മാവ്. ബോധത്തിൽ സ്വയം രൂപംകൊള്ളുന്നതാണു സങ്കൽപ്പരൂപമായ മനസ്സ്. വിശ്വമനസ്സിൽ പ്രതിബിംബിക്കുന്ന ബോധത്തിനു താൻ ബ്രഹ്മമാണെന്നുള്ള സ്പഷ്ടമായ അനുഭവം നിലനിൽക്കുന്നു. അതുകൊണ്ടാണു നേരത്തേ ബ്രഹ്മാവിനെ വിജ്ഞാനാത്മാവെന്നു വിശേഷിപ്പിച്ചത്. മനുഷ്യശരീരത്തോടെ ഇരിക്കുന്ന ജീവന്മുക്തനു പോലും മരണം തന്നെ സമീപിക്കില്ലെന്ന് ഉറപ്പുണ്ട്. അപ്പോൾ സൂക്ഷ്മശരീരി മാത്രമായ ബ്രഹ്മാവിന്റെ കഥ പറയേണ്ടതില്ലല്ലോ. ബ്രഹ്മാവ് ഏകവും അനാദിമധ്യാന്തവുമായ ചിദാകാശം തന്നെയാണ്. തികഞ്ഞ ബ്രഹ്മാ നുഭവത്തോടെ സ്വയം പൊന്തി വന്നു വിളങ്ങുന്ന പ്രപഞ്ച മനസാണ് ബ്രഹ്മാവ്. രൂപമുള്ളതുപോലെ, ജീവനുള്ളതുപോലെ തോന്നും. വാസ്തവ ത്തിൽ മലടിയുടെ മകനെപ്പോലെ ബ്രഹ്മാവിനു ദേഹമേ ഇല്ല. ഹേ രാമാ,

digitized by www.sreyas.in

ബ്രഹ്മാവിന് ആതിവാഹികമെന്ന ഒരു ദേഹമേയുള്ളൂ. മറ്റു ജീവികൾക്കുള്ള തുപോലെ ആധിഭൗതിക ദേഹം ബ്രഹ്മാവിനില്ല. മനോമയമായ സൂക്ഷ്മദേഹമാണ് ആതിവാഹികദേഹം. ഈ ദേഹത്തിന് അന്തരീക്ഷത്തിലെവിടെയും ചുറ്റി നടക്കാൻ കഴിയും. സ്ഥൂല ദേഹം മരണത്തിന് വഴങ്ങുമ്പോൾ അതിനെ അതിജീവിച്ചു പുറത്ത് വരാനും പുതിയൊരു സ്ഥൂലദേഹത്തെ പ്രാപിക്കാനും കഴിയും. അതുകൊണ്ടാണിതിനെ ആതിവാഹികദേഹം എന്ന് പറയുന്നത്. ആതിവാഹികദേഹത്തിനു മരണമില്ല. മോക്ഷത്തിൽ മാത്രമേ അതു നഷ്ടമാകുന്നുള്ളു. ഏതെങ്കിലും ഒരു പ്രത്യേക ലോകത്തിന്റെ അതിർത്തിക്കുള്ളിൽ മാത്രം വ്യവഹരിക്കാൻ കഴിയത്തക്കവിധം സ്ഥൂല പഞ്ചഭൂതങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന ദേഹമാണ് ആധിഭൗതികം. മരിക്കുന്നതും ജനിക്കുന്നതുമൊക്കെ ആധിഭൗതികദേഹമാണ്. ഭൂതങ്ങളെ അധികരിച്ചുണ്ടാകുന്നത് എന്നാണ് ശബ്ദതാൽപ്പര്യം. ജഗത്തെന്ന പ്രത്യേക കാരണത്തെ ആശ്രയിച്ചു രൂപം കൊള്ളുന്ന മറ്റെല്ലാ ജീവികൾക്കും രണ്ടു ദേഹങ്ങളുണ്ട്; ആതിവാഹികവും ആധിഭൗതികവും. ബ്രഹ്മാവാകട്ടെ കാരണമൊന്നുമില്ലാതെ സ്വയംഭൂവായതുകൊണ്ട് അദ്ദേഹത്തിന് ആതിവാഹികമെന്ന ഒരു ദേഹമേയുള്ളു. ബ്രഹ്മാവ് പഞ്ചഭൂതങ്ങളുമായൊന്നും ബന്ധപ്പെടാത്ത സങ്കൽപ്പപുരുഷനാണ്; ചിത്തമാത്രസ്വരൂപി. ഈ വിശ്വമനസ്സാണ് ജഡജഗത്തിനെ ഉണ്ടെന്നു തോന്നിക്കുന്നത്. ബ്രഹ്മാവു പ്രപഞ്ചം സൃഷ്ടിച്ചു എന്നു പുരാണങ്ങൾ ഘോഷിക്കുന്നത് ഈ പ്രപഞ്ചസൃഷ്ടി രഹസ്യമാണ്. സ്വയംഭൂവും മനോരൂപിയുമായ ബ്രഹ്മാവു പ്രപഞ്ചം സൃഷ്ടിക്കുന്നു. മനസ്സങ്കൽപ്പങ്ങളോടു ചേർന്നല്ലാതെ ബാഹ്യജഡപ്രപഞ്ചത്തിനു നിലനില്പേ ഇല്ലെന്നു ചിന്തിക്കുന്നവർക്കു സ്പഷ്ടമായും തെളിയും; മനോമയമാണു വിശ്വം."

ഇത്രയുമായപ്പോൾ രാമൻ ചോദ്യമുന്നയിച്ചു: "ഭഗവൻ, മനസ്സിന്റെ സ്വരൂപമെന്താണ്? ജഗത്തെന്ന ഈ വലിയ ദോഷത്തിന് കാരണമായി വർത്തിക്കുന്ന മനസ്സിനെ സ്പഷ്ടമായി വെളിപ്പെടുത്തിതന്നാലും."

**മനസ്സ്:**

വസിഷ്ഠൻ മനസ്സിന്റെ സ്വരൂപം വിവരിക്കാൻ തുടങ്ങി. ശൂന്യജഡാകൃതിയായ ആകാശത്തിൽ പൊന്തിവരുന്ന കുറെ ശബ്ദങ്ങളെന്നതിൽ കവിഞ്ഞ് മനസ്സിനു വേറെ പ്രത്യേക രൂപമൊന്നും കാണ്മാനില്ല. ഉള്ളിലോ പുറത്തോ മനസ്സിനു സ്ഥിരമായ രൂപമൊന്നും കാണ്മാനില്ല. ആകാശമെന്നപോലെ അതു സർവത്ര നിറഞ്ഞുനിൽക്കുന്നു. ഉള്ളതായാലും ഇല്ലാത്തതായാലും ഏതു നിമിത്തമാണോ പുറമേ പദാർഥങ്ങൾ അനുഭവഗോചരമാകുന്നത് അതാണു മനസ്സ്. പദാർഥാനുഭവത്തിനു നിമിത്തമാണു മനസ്സ്; അതല്ലാതെ മനസ്സെന്നു പറയാൻ മറ്റൊന്നും ഒരിടത്തും കാണ്മാനില്ല. സങ്കൽപ്പിക്കലാണു മനസ്സ്, സങ്കൽപ്പവും മനസ്സും രണ്ടല്ല; എവിടെ സങ്കൽപ്പമുണ്ടോ അവിടെ മനസ്സുണ്ട്; മനസ്സു തന്നെ അവിദ്യ, മനസ്സു തന്നെ സംസാരം, മനസ്സുതന്നെ ബന്ധം, മനസ്സുതന്നെ തമസ്സ്; എല്ലാം സങ്കൽപ്പജാലങ്ങളുടെ പല പേരുകൾ. ഈ സങ്കൽപ്പജാലങ്ങൾ മാറിക്കിട്ടിയാൽ സ്വരൂപമായ ശുദ്ധബോധം അവശേഷിക്കും. അതുതന്നെ മോക്ഷം. ബന്ധമോക്ഷങ്ങളുണ്ടാക്കുന്ന ഐന്ദ്രജാലികനാണു മനസ്സ്. ദേശകാലപഞ്ചഭൂതാദി സങ്കൽപ്പങ്ങളൊക്കെ മാറിയാൽ എന്തവശേഷിക്കുമോ അതാണ് സ്വയം പ്രകാശരൂപമായ ശുദ്ധബോധം. മൂന്നു

digitized by www.sreyas.in

ലോകവും, ഞാൻ, നീ എന്നിത്യാദിഭാവങ്ങളും ഒഴിഞ്ഞു മാറിയാൽ കേവല മായി എന്തവശേഷിക്കുമോ അതാണു ശുദ്ധമായ ആത്മാവ് അഥവാ ദ്രഷ്ടാ വായ ബോധം. നഗരങ്ങളും പർവതങ്ങളുമൊക്കെ പ്രതിബിംബിച്ചു നിന്ന കണ്ണാടിയിൽ ആ പ്രതിബിംബങ്ങളൊക്കെ മാറിയാൽ അതിന്റെ സ്ഥിതി എന്തായിരിക്കും അതുപോലെയാണു ദൃശ്യങ്ങളൊക്കെ ഒഴിഞ്ഞുമാറിയ ആത്മസ്ഥിതി.

42. മനോദൃശ്യമയം ദോഷം തനോതീമം ക്ഷയാത്മകം
അസദേവസദാകാരം സ്വപ്നഃ സ്വപ്നാന്തരം യഥാ.

ജഗത്തെന്ന ഈ ദോഷം മനസ്സുണ്ടാക്കിക്കാണുന്ന വെറും കാഴ്ച, മന സ്സുക്ഷയിച്ചാൽ ഈ കാഴ്ചയും ക്ഷയിക്കും. ഇല്ലാത്ത മനസ്സ്; ഇല്ലാത്ത ജഗത്ത്; രണ്ടും ഉള്ളതുപോലെ പ്രകാശിക്കുന്നു; സ്വപ്നത്തിൽ രൂപം കൊള്ളുന്ന മറ്റൊരു സ്വപ്നം പോലെ. ഉപേക്ഷിക്കപ്പെട്ടാൽ എവിടുന്നു വന്നു വെന്നോ എങ്ങോട്ടു പോയി മറഞ്ഞെന്നോ ആർക്കും നിർണയിക്കാൻ കഴി യുകയില്ല. ഇതുതന്നെയാണു മായ. മനസ്സ്; ഉണ്ടെന്നു തോന്നുന്നു, ചുറ്റിക്ക റങ്ങുന്നതായി തോന്നുന്നു, വരുന്നതായി തോന്നുന്നു, പോകുന്നതായി തോന്നുന്നു, പലതും ആവശ്യപ്പെടുന്നതായി തോന്നുന്നു, ഓടിനടക്കുന്നു, മറയുന്നു, സംഹരിക്കുന്നു, നീചഭാവം കൈക്കൊള്ളുന്നു; ഒരേ മനസ്സ് സദാ ചലിച്ചു കൊണ്ടേയിരിക്കുന്നു.

**ബ്രഹ്മം:**

മനസ്സുൾപ്പെടെയുള്ള എല്ലാ ദൃശ്യങ്ങളും ഒഴിഞ്ഞുമാറി ആത്യന്തികപ്ര ളയം വന്നാൽ എന്തവശേഷിക്കും? ശാന്തഗംഭീരമായ ഉണ്മ അവശേഷിക്കും. അസ്തമിക്കാത്ത അദ്വൈതബോധസൂര്യൻ, ജനിക്കാത്ത, ദുഃഖത്തിന്റെ നിഴൽപോലുമില്ലാത്ത ദേവൻ, എപ്പോഴും എല്ലാമായിക്കാണപ്പെടുന്ന മഹേ ശ്വരനായ പരമാത്മാവ് അവശേഷിക്കും. വാക്കിനെത്തിച്ചേരാൻ കഴിയാതെ മടങ്ങുന്ന ഇടം, മുക്തന്മാർ സൂര്യതുല്യം അനുഭവിക്കുന്ന സത്യം. ആത്മാവ് തുടങ്ങി അതിനു നൽകിയിരിക്കുന്ന പേരുകളെല്ലാം കൽപ്പിതങ്ങൾ. സാംഖ്യ ന്മാരുടെ പുരുഷൻ, വേദാന്തികളുടെ ബ്രഹ്മം, വിജ്ഞാനവാദികളായ ബൗദ്ധ ന്മാരുടെ വിജ്ഞാനം, ശൂന്യവാദികളുടെ ശൂന്യം. സൂര്യചന്ദ്രന്മാരെപ്പോലും പ്രകാശിപ്പിക്കുന്ന വസ്തു. ജീവികളിൽ സംസാരിക്കുന്ന സത്യം, ചിന്തിക്കുന്ന സത്യം, കർമഫലം അനുഭവിക്കുന്ന സത്യം, കാണുന്നയാൾ, സ്മരിക്കുന്ന യാൾ, ഇല്ലാത്ത ജഗത്തിൽ ഉള്ളവൻ, ദേഹത്തിൽ സ്ഥിതിചെയ്യുന്നെങ്കിലും ദേഹമില്ലാത്തവൻ, സൂര്യനിൽ നിന്നും പ്രകാശമെന്നപോലെ അറിവിന്റെ കിര ണങ്ങൾ വിതറുന്നവൻ. പ്രകൃതിലതയാകുന്ന ആകാശത്തിൽ അനന്തകോടി ബ്രഹ്മാണ്ഡങ്ങളാകുന്ന കായ്കനികളെ പാകപ്പെടുത്തുന്നവൻ: പ്രകൃതി ലതയാകട്ടെ ചിത്തമാകുന്ന വേരിൽ കിളിർത്ത് ഇന്ദ്രിയങ്ങളാകുന്ന ഇലക ളോടുകൂടി പ്രാണവായുവിനാൽ സദാ ചലിച്ചുകൊണ്ടിരിക്കുന്നു. അതേ പരമാ ത്മദേവൻ തന്നെ ചിദംശങ്ങളായ ജീവമണികളായി വ്യക്തിദേഹങ്ങളാകുന്ന ചെപ്പുകളിൽ പ്രകാശിക്കുന്നു. പ്രാരബ്ധകർമസഞ്ചയങ്ങളാകുന്ന സൂക്ഷ്മ ശരീരങ്ങളെ അങ്ങുമിങ്ങും കൊണ്ടുനടക്കുന്നു. ശുദ്ധബോധസ്വരൂപനായ ആ ദേവൻ ആകാശത്തെ ഭാവന ചെയ്യുന്നവർക്ക് ആകാശമായിക്കാണപ്പെടുന്നു;

digitized by www.sreyas.in

ബാഹ്യ വസ്തുക്കളെ സങ്കൽപ്പിക്കുന്നവർക്ക് ബാഹ്യ പദാർഥങ്ങളായിക്കാണപ്പെടുന്നു. ഉണ്ടായി മറയുന്ന ലോകകല്ലോലങ്ങൾ മരുഭൂമിയിൽ കാനൽ ജലമെന്നപോലെ ആ ദേവനിൽ പ്രതിഭാസിക്കുന്നു. അനന്തകോടി ബ്രഹ്മാണ്ഡങ്ങളെ ഉണ്ടാക്കിയഴിക്കുന്നുണ്ടെങ്കിലും ആ ദേവൻ ഒരിക്കലും ഒന്നും ചെയ്യുന്നില്ല. സങ്കൽപ്പരഹിതമായ അനാദ്യനന്തബോധസ്വരൂപമായി ഏകനായി ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യാതെ ആ ദേവൻ സദാ സർവത്ര പരിലസിക്കുന്നു. എല്ലാമായ ആ ദേവനെ ഒന്നുകാണാൻ കഴിഞ്ഞാൽ അഹന്താമമതാഗ്രന്ഥികൾ ചിന്നിച്ചിതറും. സംശയങ്ങളെല്ലാം തീരും കർമങ്ങളെല്ലാം അതോടെ ഒടുങ്ങിക്കിട്ടും."

## ജീവന്മുക്തനും വിദേഹമുക്തനും

ഇത്രയുമായപ്പോൾ രാമൻ പറഞ്ഞു: "മഹാമുനേ, അനന്തകോടി ബ്രഹ്മാണ്ഡങ്ങൾ ഉൾക്കൊള്ളുന്ന ഈ വലിയ ജഗത്ത് തീരെ ഇല്ലെന്നുപറഞ്ഞാൽ എങ്ങനെ വിശ്വസിക്കാൻ കഴിയും? കടുകുമണിക്കുള്ളിൽ മേരുപർവതം സ്ഥിതി ചെയ്യുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാൻ പറ്റുമോ?''

വസിഷ്ഠൻ മറുപടി നൽകി: ''ഹേ രാമാ, സത്യം കണ്ട മഹാത്മാക്കളെ സമീപിച്ചു വേദാന്തം ചർച്ച ചെയ്യൂ. ഏതാനും ദിവസങ്ങൾക്കുള്ളിലോ ഏതാനും മാസങ്ങൾക്കുള്ളിലോ ഈ വസ്തുത നിനക്കു നല്ലപോലെ തെളിഞ്ഞുകിട്ടും. സകല ഇതിഹാസങ്ങളുടെയും സാരമിതാണ്. ഇതുകേട്ടുറപ്പുവന്നാൽ ജീവന്മുക്തി സ്വയം ഉള്ളിൽ തെളിയും. ആത്മാർഥതയോടെ സത്യവിചാരപരനായാൽ ഈ ജഗത്ത് കാനൽ ജലം പോലെ ഉണ്ടായിരിക്കവേ തന്നെ ഇല്ലാതാകും. കാനൽ ജലം ഉണ്ടെന്നു തോന്നുമ്പോഴും ഇല്ലെന്നാണല്ലോ അനുഭവം. വിചാരം ചെയ്തു ജ്ഞാനനിഷ്ഠ ഉറപ്പുവരുന്ന ഒരാൾക്കു ജീവന്മുക്തിയും തുടർന്നു വിദേഹമുക്തിയും കൈവരുന്നു." ഇത്രയുമായപ്പോൾ ജീവന്മുക്തിക്കും വിദേഹമുക്തിക്കും എന്താണു ഭേദമെന്നറിയാൻ രാമൻ ആഗ്രഹം പ്രകടിപ്പിച്ചു. വസിഷ്ഠൻ തുടർന്നു: ''ഈ ജഗത്ത് മുൻപോലെ തന്നെ കാണപ്പെടുന്നുണ്ട്; ലോകവ്യാപാരങ്ങളിലൊക്കെ ഏർപ്പെടുന്നുമുണ്ട്; എങ്കിലും ജഗത്തില്ല, ചിദാകാശം മാത്രമേയുള്ളൂ എന്നാരനുഭവിക്കുന്നുണ്ടോ അദ്ദേഹമാണു ജീവന്മുക്തൻ. സുഖത്തിലും ദുഃഖത്തിലും മുഖത്തിലെ പ്രസന്നത ആർക്കും കൂടുതൽ തിളങ്ങുകയോ മങ്ങുകയോ ചെയ്യുന്നില്ല; അദ്ദേഹമാണു ജീവന്മുക്തൻ. ജനങ്ങൾ ഉണ്ടെന്നു കരുതുന്ന വിഷയങ്ങൾ ആർക്കില്ലെന്നനുഭവപ്പെടുന്നുവോ ജനങ്ങൾ ഇല്ലെന്നു കരുതുന്ന ബ്രഹ്മം ആർക്കുള്ളതായി ഭവിക്കുന്നുവോ അദ്ദേഹമാണു ജീവന്മുക്തൻ. ആരുടെ ബോധാനുഭവത്തിൽ യാതൊരു കർമവാസനയും അവശേഷിക്കുന്നില്ലയോ അദ്ദേഹമാണ് ജീവന്മുക്തൻ. പുറമേ രാഗദ്വേഷഭയങ്ങളൊക്കെ അഭിനയിക്കുന്നുണ്ടെങ്കിലും ആരുടെ ഹൃദയം സദാ നിർമലാകാശംപോലെ കളങ്കമറ്റതായിരിക്കുന്നുവോ അദ്ദേഹമാണ് ജീവന്മുക്തൻ. ആർക്കാണോ അഹങ്കാരം ലേശംപോലുമില്ലാത്തത്, കർമം ചെയ്താലും ഇല്ലെങ്കിലും ആരുടെ ബുദ്ധി കർതൃഭാവം അംഗീകരിക്കുന്നില്ലയോ അദ്ദേഹമാണ് ജീവന്മുക്തൻ. ആരു നിമിത്തം ലോകത്തിന് ഒരു വ്യാകുലതയും ഉണ്ടാകുന്നില്ലയോ ലോകം നിമിത്തം ആർക്ക് ഒരു വ്യാകുലതയും സംഭവിക്കുന്നില്ലയോ അദ്ദേഹമാണ് ജീവന്മുക്തൻ. ഒരു ജീവന്മുക്തൻ ലൗകികങ്ങളായ സന്തോഷം, സന്താപം,

digitized by www.sreyas.in

ഭയം എന്നിവയിൽ നിന്ന് എപ്പോഴും തികച്ചും മുക്തനായിരിക്കും. പലതു ണ്ടെന്നു തോന്നുമാറ് പെരുമാറുമ്പോഴും ജീവന്മുക്തനു ദ്വൈതകല്ലോലം പൂർണമായി അടങ്ങിയിരിക്കും. ചിന്താപരനെപ്പോലെ കാണപ്പെട്ടാലും അദ്ദേഹം തികച്ചും ചിന്താരഹിതനാണ്. എവിടെ എങ്ങനെ വ്യവഹരിച്ചാലും മമത അദ്ദേഹത്തെ സ്പർശിക്കുന്നതേയില്ല; അതുകൊണ്ട് ഒരു ജീവന്മുക്തൻ സദാ അന്തഃശീതളനായിരിക്കും.

ഇങ്ങനെ ജീവന്മുക്തി അനുഭവിച്ചു ധന്യനായി ദേഹമുപേക്ഷിക്കുന്ന തോടെ കാറ്റ് സ്പന്ദനം നിർത്തിയാലെന്നപോലെ ജീവന്മുക്തൻ വിദേഹമു ക്തനായി ഭവിക്കുന്നു. വിദേഹമുക്തൻ ഉദിക്കുന്നില്ല, അസ്തമിക്കുന്നില്ല, ഇല്ലാ താകുന്നില്ല, സത്തെന്നോ അസത്തെന്നോ പറകവയ്യ, ദൂരത്തല്ല അടുത്തു മല്ല, നിശ്ചലഗംഭീരം, പ്രകാശവുമല്ല ഇരുട്ടുമല്ല, പറഞ്ഞറിയിക്കാൻ കഴിയാത്ത അനുഭവരൂപമായ ഉണ്മ. ശൂന്യമല്ല, എന്നാൽ രൂപമില്ല, കാഴ്ചയല്ല കാണലു മല്ല, ഉണ്ടായിക്കാണപ്പെടുന്ന ഒരു വസ്തുവുമല്ല; എന്നാൽ ആദ്യന്തരഹിത മായ ഉണ്മ, വിവരിക്കാൻ കഴിയാത്ത ഉണ്മ. പൂർണത്തിലും പൂർണം, സത്തെന്നോ അസത്തെന്നോ സദസത്ഭാവമെന്നോ ഒന്നും പറകവയ്യ. സങ്ക ൽപ്പരഹിതമായ കേവല ബോധം, അനന്തം, അജം, അജരം, ശിവം, അനാ ദിമധ്യാന്തം, ശോകമില്ല, ദുഃഖമില്ല, കാഴ്ചക്കാരൻ, കാഴ്ച, കാണൽ ഇവയെ മധ്യത്തിൽ നിന്നുകൊണ്ടു കൂട്ടിയിണക്കുന്ന സത്യം. രാമാ, അതെന്താ ണെന്നു ശ്രദ്ധിക്കു: അതുതന്നെയാണു വിദേഹമുക്തൻ ചെന്നെത്തുന്ന ഇടം."

### സത്യസ്വരൂപം

രാമൻ വീണ്ടും ചോദിച്ചു; അനന്തബോധസ്വരൂപമായ സത്യത്തിന്റെ സ്ഥിതി ഒരിക്കൽക്കൂടി വേണ്ടപോലെ എനിക്കു വിവരിച്ചുതരണം; ആവർത്തിച്ചു കേട്ടാലേ മനസ്സിനുറപ്പുവരൂ;

വസിഷ്ഠൻ തുടർന്നു: എല്ലാ കാഴ്ചകളും മറയുന്ന ആത്യന്തിക പ്രളയ ത്തിൽ പിന്നെ എന്തുശേഷിക്കും? ദൃശ്യങ്ങളുടെ എല്ലാം പരമകാരണം ശേഷിക്കും; അതായത് ഉണ്ടായിമറയുന്ന ദൃശ്യങ്ങൾ ഏതിലുണ്ടായോ ഏതിൽനിലനിന്നോ ഏതിൽ തിരിച്ചുലയിച്ചോ ആ കാരണവസ്തു അവശേ ഷിക്കും. ആ പരമകാരണമാണു ബ്രഹ്മം; അതിനെ ഞാൻ വിവരിക്കാം, കേട്ടോളൂ. മനസ്സ് സ്വസങ്കൽപ്പങ്ങളെയെല്ലാം ശമിപ്പിച്ചു സ്വയം കെട്ടടങ്ങി യാൽ 'ഉണ്ട്' എന്ന അനുഭവത്തോടുകൂടി ശുദ്ധബോധം അവശേഷിക്കും. വാക്കുകൊണ്ടു വിവരിക്കാൻ കഴിയാത്ത ആ ബോധാനുഭവം തന്നെയാണു ബ്രഹ്മസ്വരൂപം. വ്യക്തികളിൽ 'ഞാനുണ്ട്' എന്നിങ്ങനെ വ്യക്തമായി അനു ഭവപ്പെടുന്ന ജീവൻ സങ്കൽപ്പങ്ങൾ കൈവെടിഞ്ഞാൽ നിർമലവും ശാന്തവു മായ ശുദ്ധബോധമായി ഭവിക്കും. അതുതന്നെയാണു പരമാത്മ സ്വരൂപം. ഉഷ്ണം ശീതം തുടങ്ങിയവ ദേഹത്തെ സ്പർശിച്ചാൽപോലും അവ അനു ഭവിക്കാതെ ചിത്തം കേവലബോധരൂപം കൈക്കൊള്ളുമെങ്കിൽ അതുതന്നെ യാണു ബ്രഹ്മസ്വരൂപം. സ്വപ്നംകാണാതെ ജഡമറയില്ലാതെ ഒടുങ്ങാത്ത സ്വാനുഭവത്തോടെ ഒരു ദീർഘനിദ്ര അനുഭവപ്പെടുമെങ്കിൽ അതുതന്നെ യാണു പരമാത്മസ്വരൂപം. മനസ്സിനെ, സൂര്യചന്ദ്രാദിതേജസ്സുകളെ, ദൃശ്യപ്ര പഞ്ചത്തെ, അജ്ഞാനത്തെ ഇവയൊക്കെ അറിയുന്ന ബോധമേതാണോ അനാദിയും അനന്തവുമായ ആ ബോധം തന്നെയാണു സത്യം. കോലാഹ

digitized by www.sreyas.in

ലമയമായ പ്രപഞ്ചപ്രവർത്തനം നടക്കുമ്പോഴും പാറപോലെ നിശ്ചലമായതും ആകാശമില്ലാതെ ആകാശത്തിന്റെ തോന്നലുളവാക്കുന്നതുമായ അനന്ത ബോധമാണു സത്യസ്വരൂപം. കാഴ്ച, കാണൽ, കാണുന്നവൻ എന്നീ മൂന്നും ഏതിലാണോ സദാ ഉണ്ടായിമറഞ്ഞുകൊണ്ടിരിക്കുന്നത് ആ അദ്വയബോധ മാണു സത്യസ്വരൂപം. ജഡദൃശ്യമയമായിക്കാണപ്പെടുന്ന ജഗത്തുമുഴുവൻ മനസ്സും ബുദ്ധിയുമൊന്നുമില്ലാതെ ബോധമയമായി മാറി എന്നു കരുതുക. അതാണു ബ്രഹ്മരൂപം. ബ്രഹ്മാവ്, സൂര്യൻ, വിഷ്ണു, ശിവൻ, ഇന്ദ്രൻ എല്ലാം പോയിമറഞ്ഞാൽ അപ്പുറം പരമശാന്തവും മംഗളസ്വരൂപവുമായി ഏതു ബോധം അവശേഷിക്കുമോ, ഉപാധികളെല്ലാം വിട്ടുമാറി സങ്കൽപ്പലേശമി ല്ലാതെ ചൈതന്യ മാത്രമായി പ്രപഞ്ചസംഗം പൂർണമായി ഉപശമിച്ചു നിൽക്കുന്ന ആ ശുദ്ധബോധമാണു സത്യസ്വരൂപം.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തി പ്രകരണേ*
*ഉൽപ്പത്തി പ്രകരണാർഥദർശനം നാമ*
*പ്രഥമഃ സർഗഃ*

**സർഗം 2**

# മണ്ഡപാഖ്യാനേ ലീലോപാഖ്യാനം

## സൃഷ്ടി രഹസ്യം

ഇല്ലാത്ത എന്തും ഉണ്ടാക്കിക്കാണിക്കാൻ കഴിവുള്ളവളാണ് മായ. ഒരേ മണ്ഡപത്തിനകത്ത് വേണമെങ്കിൽ സങ്കൽപഭേദമനുസരിച്ചു പല സാമ്രാ ജ്യങ്ങൾ പ്രവർത്തിക്കുന്നതായി ഭിന്ന വ്യക്തികൾക്കനുഭവിക്കാൻ കഴിയും. അതുപോലെയാണ് ഒരേ ബോധത്തിൽ ദേശകാലഭേദങ്ങളും അനന്തകോടി ബ്രഹ്മാണ്ഡങ്ങളും അനുഭവിക്കപ്പെടുന്നത്. ഇതിനൊന്നും പുറമെനിന്നു യുക്തി അന്വേഷിച്ചാൽ കിട്ടുകയില്ല. ഇതുതന്നെയാണു മായാവൈഭവം. അല്ലയോ രാമാ, ഞാൻ വിവരിക്കുവാൻ പോകുന്ന മണ്ഡപാഖ്യാനം ശ്രദ്ധിച്ചു കേൾക്കൂ. നിന്റെ സംശയമെല്ലാം തീരും.

പണ്ട് കുലത്തിനു ഭൂഷണമായി 'പദ്മ'നെന്ന രാജാവ് ജീവിച്ചിരുന്നു. വിവേ കിയായ അദ്ദേഹത്തിന് അനേകം സന്താനങ്ങളുമുണ്ടായിരുന്നു. സദ്ഗുണ ഹംസങ്ങൾക്കു മാനസസരസ്സും ദോഷതൃണങ്ങൾക്കു തീജ്വാലയുമായിരുന്നു അദ്ദേഹം. ആപത്തുകൾ സൂര്യന്റെ മുൻപിൽനിന്നും ഇരുട്ടെന്നപോലെ അദ്ദേ ഹത്തിന്റെ മുൻപിൽ നിന്നും ഒഴിഞ്ഞുപോയി. മര്യാദയുടെ അതിരുകൾ ലംഘിക്കാതെ അദ്ദേഹം രാജ്യഭാരം നടത്തി. ഭൂമിയിലവതരിച്ച ലക്ഷ്മീദേവി യാണോ എന്നു തോന്നുമാറ് സർവസൗഭാഗ്യവതിയായ ലീല അദ്ദേഹത്തിന്റെ ധർമപത്നീസ്ഥാനം അലങ്കരിച്ചു. ഭർത്താവിന്റെ മനസ്സ് വ്യാകുലമായാൽ ലീലയുടെ മനസ്സും വ്യാകുലമാകും; സന്തോഷിച്ചാൽ സന്തോഷിക്കും; ഇള കിമറിഞ്ഞാൽ ഇളകിമറിയും. ഭർത്താവ് കോപിച്ചാൽ കേവലം ഭയചകിത യാവും. ഇങ്ങനെ കഴിയവേ സ്നേഹവിവശയായ അവൾ ഒരു ദിവസം

digitized by www.sreyas.in

ചിന്തിച്ചു. ഭർത്താവ് എനിക്ക് പ്രാണനേക്കാൾ പ്രിയപ്പെട്ടവനാണ്. യൗവന സുഭഗതയിൽ തിളങ്ങി നിൽക്കുന്ന ഇദ്ദേഹത്തെ ജരാനരബാധിക്കാതിരിക്കാൻ എന്താണു വഴി. എനിക്ക് അനേകായിരം വർഷം ഇദ്ദേഹത്തോടൊരുമിച്ചു രമിച്ചു കഴിയണം. മനുഷ്യർക്കു മരണമൊഴിവാക്കാൻ എന്താണ് വഴിയെന്നു ജ്ഞാനവൃദ്ധന്മാരും തപോവൃദ്ധന്മാരുമായ ബ്രാഹ്മണരോടാലോചിക്കുക തന്നെ. ഇങ്ങനെ ചിന്തിച്ചു ലീല ബ്രാഹ്മണരെ വിളിച്ചു വരുത്തി മരണമൊഴിവാക്കാൻ എന്താണു വഴിയെന്നു വീണ്ടും വീണ്ടും ചോദിച്ചു. ബ്രാഹ്മണരുടെ മറുപടി ഇപ്രകാരമായിരുന്നു. 'ജപതപാദികൊണ്ട് എന്തെല്ലാം സിദ്ധിവേണമോ നേടാം, പക്ഷേ മരണമൊഴിവാക്കാൻ മാർഗമില്ല.' ബ്രാഹ്മണരുടെ മറുപടി കേട്ട് സ്വബുദ്ധിയിൽ പ്രിയവിയോഗം ഭാവനചെയ്ത് ലീല ഭയപരവശയായി ഭവിച്ചു. വിധിവശാൽ തന്റെ മരണം നേരത്തേ സംഭവിക്കുമെങ്കിൽ അതുമാത്രമാണാശ്വാസമെന്നവൾ കരുതി. ഇനിയും വളരെനാൾ കഴിഞ്ഞു ഭർത്താവാണാദ്യം മരിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ ജീവൻ വീടുവിട്ട് പുറത്തുപോകാതിരിക്കത്തക്കവണ്ണം വേണ്ടതുചെയ്യുന്നുണ്ട്. അങ്ങനെയായാൽ ഈ ഗൃഹമണ്ഡപത്തിൽ ഭർത്താവിനാൽ വീക്ഷിക്കപ്പെട്ടുകൊണ്ടു തന്നെ എനിക്കെന്നും സുഖമായി ജീവിക്കാമല്ലോ. അതിനായി ജ്ഞാനദേവതയായ സരസ്വതിയെ ജപോപവാസാദി വ്രതമനുഷ്ഠിച്ചു സന്തോഷിപ്പിക്കുക തന്നെ. ഇങ്ങനെ ചിന്തിച്ചു ലീല ഭർത്താവിനെ അറിയിക്കാതെ തന്നെ നിയമമനുസരിച്ചു കഠിനമായ വ്രതാനുഷ്ഠാനത്തിലേർപ്പെട്ടു. മുമ്മൂന്നു രാത്രി കഴിയുമ്പോൾ എന്തെങ്കിലും ആഹരിക്കും. ദേവന്മാരെ, ബ്രാഹ്മണരെ, ബ്രഹ്മവിത്തുകളെ, വിദ്വാന്മാരെ, ഗുരുക്കന്മാരെ ഒക്കെ നിരന്തരം ഭജിക്കും. ദാനം, സ്നാനം, തപസ്സ്, ധ്യാനം എന്നിവയിൽ മുഴുകും. ഈശ്വരപരമായി എന്തൊക്കെ ആചരിക്കാമോ അതൊക്കെ ആചരിക്കും. ഇങ്ങനെ നിയമാനുസരണം ക്ലേശകരമായ തപസ്സിലൂടെ മുന്നൂറോളം രാത്രികൾ കടന്നുപോയി. ദീർഘമായ ഈ വ്രതാനുഷ്ഠാനം കൊണ്ടു സന്തുഷ്ടയായ ദേവി മുൻപിൽ പ്രത്യക്ഷപ്പെട്ടു ചോദിച്ചു. കുഞ്ഞേ, ഭർതൃഭക്തിയാൽ പ്രേരിതയായ നിന്റെ നിരന്തര തപസ്സുകൊണ്ടു ഞാൻ പ്രീതയായി ഭവിച്ചിരിക്കുന്നു. എന്തു വരമാണു വേണ്ടത്? ചോദിച്ചോളൂ. രാജ്ഞി പ്രതിവചിച്ചു. 'ജനനമരണജരാതാപത്തിൽപെട്ടു ചുട്ടുപൊരിയുന്ന ലോകത്തിനു ചന്ദ്രികാ ശീതളിമ പകരുന്ന അമ്മേ, അവിടുന്നു ജയിച്ചാലും. ഹൃദയത്തിൽ നിറഞ്ഞു തിങ്ങുന്ന അജ്ഞാനാന്ധകാരത്തിനു സൂര്യപ്രഭയായി വിളങ്ങുന്ന അമ്മേ, ജയിച്ചാലും. ലോകമാതാവായ അമ്മേ, അനുകമ്പാർഹയായ ഇവൾക്കു രക്ഷനൽകിയാലും. ഞാൻ രണ്ടു വരങ്ങൾ ചോദിക്കുന്നു; അവ തന്നനുഗ്രഹിച്ചാലും. ഒന്നാമത് എന്റെ ഭർത്താവു മരിച്ചാൽ ജീവൻ ഈ അന്തഃപുരമണ്ഡപത്തിൽ നിന്നും എന്നെ വിട്ടു പുറത്തുപോകരുത്. രണ്ടാമത്തേത് ഞാൻ എപ്പോഴെപ്പോഴൊക്കെ ആഗ്രഹിക്കുന്നുവോ അപ്പോഴൊക്കെ അമ്മ എനിക്കു ദർശനം തന്നനുഗ്രഹിക്കണം.' ലീലയുടെ രണ്ടു വരങ്ങളും അതുപോലെ ഫലിക്കുമെന്നനുഗ്രഹിച്ചിട്ട് ജഗന്മാതാവായ ദേവി തിരസമുദ്രത്തിലലിഞ്ഞു മറയുന്നതുപോലെ അവിടെ നിന്ന് അപ്രത്യക്ഷയായി. ഇഷ്ടദേവതയുടെ പ്രസാദം നേടി രാജ്ഞി അമൃതവർഷമേറ്റാലെന്നപോലെ ആനന്ദത്തിൽ മുഴുകി കാലം കഴിച്ചു. പക്ഷം, മാസം, ഋതു എന്നിവ കൂടിച്ചേർന്ന വലയവുമായി ദിവസങ്ങളാകുന്ന ആര

digitized by www.sreyas.in

ക്കാലുകൾ ചേർത്തുവച്ച് വർഷമാകുന്ന അച്ചുതണ്ടിൽ നിമിഷമാകുന്ന കേന്ദ്ര ത്തെച്ചുറ്റി സ്പന്ദമയമായ കാലചക്രം കറങ്ങിക്കൊണ്ടേയിരുന്നു. അങ്ങനെ ഒരുദിവസം ലീലയുടെ ഭർത്താവിന്റെ ജീവൻ ദേഹം വെടിഞ്ഞു യാത്രയായി. രാജാവിന്റെ വിയോഗത്തിൽ ദുഃഖാർത്തയായ ലീല വെള്ളം വറ്റിയ താമര ത്തണ്ടുപോലെ വാടിക്കുഴഞ്ഞു. ചിലപ്പോൾ വാവിട്ടു നിലവിളിച്ചും ചിലപ്പോൾ മൗനമൂകയായും മരണത്തെ നേരിടുന്ന ഒരു ചക്രവാകിയെപ്പോലെ അവൾ പരവശയായി ഭവിച്ചു. അത്യന്തം ശോകവിവശയായ അവളുടെ മുൻപിൽ ഉണങ്ങിവരണ്ട സരസ്സിലെ ചെറുമത്സ്യത്തിന്റെ മുൻപിൽ ആദ്യവർഷമെന്ന പോലെ ആകാശത്തുനിന്നും കരുണാമയിയായ ദേവി ആവിർഭവിച്ചു. ദേവി പറഞ്ഞു: 'കുഞ്ഞേ, നീ എന്നെ സ്മരിച്ചോ; എന്തിനിത്ര ശോകപാരവശ്യം? ഭർത്താവിന്റെ ശരീരം പുഷ്പംകൊണ്ടുമൂടി ഇവിടെ സൂക്ഷിക്കൂ; വീണ്ടും പതിസംഗമം സാധ്യമായിവരും. പൂവുകൾ വാടുകില്ല. ഭർതൃശരീരം ജീർണി ക്കുകയില്ല; നീ വീണ്ടും ഭർതൃമതിയായി ഭവിക്കും. ആകാശംപോലെ നിർമ ലമായ പ്രിയജീവൻ ഈ അന്തഃപുരമണ്ഡപം വിട്ടുപോവുകയില്ല'. ദേവിയുടെ അരുളപ്പാടനുസരിച്ചു ലീല ഭർതൃദേഹം പൂവിൽപൊതിഞ്ഞു സൂക്ഷിച്ചു. എന്നിട്ട് ദേവിയെ സമീപിച്ച് ഇങ്ങനെ ചോദിച്ചു. 'ദേവീ, എന്റെ പ്രിയതമൻ ഇപ്പോൾ എവിടെയാണ്, എന്തുചെയ്യുന്നു, എന്താണദ്ദേഹത്തിന്റെ രൂപം?' ദേവി മറുപടി നൽകി: ചിത്താകാശം, ആകാശം, ചിദാകാശം എന്നിങ്ങനെ ആകാശം മൂന്നുവിധമുണ്ട്. ഇവയിൽ ചിത്താകാശം സങ്കൽപ്പങ്ങൾ കൊണ്ടും വെറും ആകാശം പ്രപഞ്ചദൃശ്യങ്ങൾകൊണ്ടും വ്യാകുലമാണ്. ചിദാകാശ മാകട്ടെ അത്യന്തം നിർമലമായ സത്യവസ്തുവാണ്. മനസ്സ് ഒരു വിഷയസ ങ്കൽപ്പം വിട്ട് മറ്റൊരു വിഷയസങ്കൽപ്പം അംഗീകരിക്കുന്നതിനിടയ്ക്ക് നിമിഷ നേരത്തേക്ക് ശ്രദ്ധിച്ചാൽ ആർക്കും ചിദാകാശം തെളിഞ്ഞുകിട്ടും. ദൃശ്യസ ങ്കൽപ്പങ്ങളെ മാറ്റിനിർത്തി ആ ശുദ്ധബോധാനുഭവത്തിൽ ഉറപ്പുകിട്ടുമെങ്കിൽ ശാന്തമായ പരമസത്യപദത്തിൽ സംശയമെന്യേ എത്തിച്ചേരാൻ കഴിയും. സങ്കൽപ്പങ്ങളെ വെടിഞ്ഞ് ഒരാൾ പൂർണമായും പ്രപഞ്ചാനുഭവത്തിൽ നിന്നു മോചിച്ചാലേ ഇതുസാധ്യമാവൂ. ഇതുമാത്രം എന്റെ വരം കൊണ്ടു സമ്പാദി ക്കാൻ പറ്റുന്നതല്ല. നീ ഈ നേട്ടം കൈവരിക്കുമെങ്കിൽ നേരത്തേ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം സ്വയം ഉത്തരം കണ്ടെത്താൻ കഴിയും.' ഇപ്രകാരം പറഞ്ഞു ദേവിമറഞ്ഞു.

ലീലയാകട്ടെ ലീലയായിത്തന്നെ നിർവികൽപ്പസമാധി വശമാക്കി. നിമിഷം കൊണ്ട് അന്തഃകരണപഞ്ജരമുപേക്ഷിച്ച് കൂടുവിട്ട പക്ഷിപോലെ ദേഹം വിട്ടു സ്വതന്ത്രയായി. താൻ നിൽക്കുന്ന ആകാശഗൃഹത്തിൽതന്നെ ഭർത്താ വിനെ കണ്ടെത്തി; എങ്ങനെ? സാമന്തരാജാക്കന്മാരാൽ ചുറ്റപ്പെട്ട് ആസ്ഥാന മണ്ഡപത്തിൽ സിംഹാസനാരൂഢനായി. മണ്ഡപത്തിന്റെ കിഴക്കുഭാഗത്ത് നിര വധി മുനിമാരും ബ്രഹ്മർഷിമാരും ഇരിപ്പുണ്ട്; പടിഞ്ഞാറുഭാഗത്തു സാമന്ത രാജാക്കന്മാർ അണിനിരന്നിരിക്കുന്നു; വടക്ക് തേരുകളും ആനകളും കുതി രകളും നിൽപ്പുണ്ട്, തെക്ക് അസംഖ്യം സുന്ദരിമാരെ കാണ്മാനുണ്ട്. ലീല സൂക്ഷ്മശരീരിണിയായി നേരെ സഭാമധ്യത്തിൽ ഇറങ്ങി നിലകൊണ്ടു. ലീല മുൻപുകണ്ടിട്ടുള്ളവരായ അനേകം ദേശവാസികൾ, സ്തുതിപാഠകന്മാർ, ആചാരപ്രകടനങ്ങൾ ഒക്കെ അവിടെ കാണ്മാനുണ്ട്. വേറേയും അപൂർവപ ണ്ഡിതന്മാർ സുഹൃത്തുക്കൾ; പല നഗരപ്രാന്തങ്ങളിലും നദീതടങ്ങളിലും

digitized by www.sreyas.in

ശൈലസാനുക്കളിലും മുൻപു കണ്ടു പരിചയിച്ചിട്ടുള്ളവർ. രാജാവാകട്ടെ പതിനാറുവയസുമാത്രം പ്രായമുള്ള കോമളയുവാവ്, നേരത്തേ കണ്ടിരുന്ന ജരാനരയൊന്നും കാണ്മാനേ ഇല്ല. ഇതൊക്കെ കണ്ടു രാജ്ഞിയുടെ ഹൃദയം അത്ഭുതപരതന്ത്രമായി. അവൾ ആകാശത്തേക്കുയർന്നു വീണ്ടും സ്വന്തം അന്തഃപുരത്തിലെത്തി. ജ്ഞാനദേവതയായ സരസ്വതിയെ സ്മരിച്ചു; ദേവി മുൻപിൽ പ്രത്യക്ഷപ്പെട്ടു. ദിവ്യമായ ഇരിപ്പിടത്തിൽ ഉപവിഷ്ടയായ ദേവിയോടു ലീല ചോദിച്ചു: "അമ്മേ, സ്ഥൂലശരീരം വിട്ടുപോയ ഭർത്താവിനെ അത്ഭുതകരമായ മറ്റൊരു സൃഷ്ടിഭ്രമത്തിൽ എനിക്കിങ്ങനെ കാണാൻ സാധിച്ചത് എങ്ങനെയാണ്? ഈ ജഗദ്ഭ്രമം എന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തിയിരിക്കുന്നു."

ദേവി മറുപടി നൽകി: "ലീലേ, നീ ഇപ്പോൾ അനുഭവിക്കുന്ന ഈ ലോകവും പരിതഃസ്ഥിതികളും എങ്ങനെയുണ്ടായി? ആലോചിച്ചാൽ വല്ല പിടിയും കിട്ടുമോ? ഇതിനൊരുത്തരമേയുള്ളൂ. നിന്റെ പൂർവജന്മസ്മരണകൾ നിനക്കു ഭ്രമാത്മകമായ ഇപ്പോഴത്തെ ലോകം സൃഷ്ടിച്ചുതന്നു. നിന്റെ ഭർത്താവിന് ഒരു പുതിയ ലോകം സൃഷ്ടിച്ചുകൊടുത്തതും ഇതേ നിയമം തന്നെയാണ്. ഞാനിതു വിശദമായി പറഞ്ഞുതരാം. ചിദാകാശത്തിൽ എവിടെയോ സംസാരമണ്ഡപം സ്ഥിതിചെയ്യുന്നു; എവിടെയാണെന്ന് ആർക്കു കണ്ടെത്താൻ കഴിയും? മേരുപർവതമാണാമണ്ഡപത്തിന്റെ തൂണ്. ആ തൂണിൽ പാർക്കുന്ന ഇന്ദ്രാദിലോകപാലന്മാരുടെ ഭാര്യമാരാകുന്ന കളിപ്പാവകൾ ആ മണ്ഡപത്തെ അലങ്കരിക്കുന്നു. അതിന്റെ ഒരു കോണിൽ ജീവജാലങ്ങളാകുന്ന ചിതൽപ്പുറ്റുകൊണ്ടു നിറഞ്ഞ പർവതങ്ങളാകുന്ന മൺകട്ടകൾ കാണാം. മരീചി തുടങ്ങിയ പ്രജാപതികൾ അനേകം സന്താനങ്ങളോടുകൂടി ജരാനരബാധിച്ചു ജീർണിച്ച് അതിൽ താമസിച്ചുപോരുന്നു. ആ മണ്ഡപത്തിൽ വായുമാർഗമെന്നറിയപ്പെടുന്ന വലിയ മുളന്തണ്ടിൽ പറ്റിപ്പിടിച്ച് വൈമാനികന്മാരാകുന്ന കീടങ്ങൾ ഇഴഞ്ഞുനടക്കുന്നു. ആകാശചാരികളായ സിദ്ധഗന്ധർവന്മാരാകുന്ന കൊതുകുകളുടെയും ഈച്ചകളുടെയും മൂളലുകൾ അതിൽ സദാ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. ദേവാസുരന്മാരെന്ന ദുഷ്ടക്കുട്ടികളുടെ കളകളകോലാഹലം കൊണ്ട് അതു സദാ മുഖരിതമാണ്. അതിൽ ഏതോ കോണിലുള്ള ഒരുള്ളറയിലെ പർവതപ്രാന്തത്തിലായി ഗിരിഗ്രാമം എന്നുപേരുള്ള താഴ്ന്ന പ്രദേശം കാണാം. നദികൾകൊണ്ടും പർവതങ്ങൾകൊണ്ടും വനങ്ങൾകൊണ്ടും ചുറ്റപ്പെട്ടതാണാ പ്രദേശം. അവിടെ പണ്ഡിതനും അതിഥിസൽക്കാരപ്രിയനും ധർമനിഷ്ഠനും ഗോധനനുമായ ഒരു ബ്രാഹ്മണൻ കുടുംബസമേതം വൈദികാചാരങ്ങളനുഷ്ഠിച്ചു താമസിച്ചിരുന്നു. സമ്പത്തിലും പ്രായത്തിലും കർമവിദ്യാവിഭവാചാരങ്ങളിലും ഏറെക്കുറെ വസിഷ്ഠതുല്യനായിരുന്ന ആ ബ്രാഹ്മണന്റെ പേരും വസിഷ്ഠൻ എന്നുതന്നെയായിരുന്നു. വസിഷ്ഠന് അരുന്ധതി എന്നപോലെ അദ്ദേഹത്തിന്റെ ഇന്ദുസുന്ദരിയായ ഭാര്യയുടെ പേരും അരുന്ധതി എന്നുതന്നെ.

ഒരു ദിവസം വസിഷ്ഠൻ പർവതത്തിന്റെ താഴ്വരയിലെ മനോഹരമായ പുൽത്തകിടിയിൽ പ്രകൃതിസൗന്ദര്യം കണ്ടു മനംകുളിർത്തിരിക്കുകയായിരുന്നു. അപ്പോഴേക്കും താഴത്തായി പരിവാരസമേതം ഒരു മഹീപാലൻ മൃഗയാവിനോദതൽപ്പരനായി വിഹരിക്കുന്നതുകണ്ടു. വസിഷ്ഠന്റെ മനസ്സ് ചിന്താ

digitized by www.sreyas.in

കുലമായി. സർവസൗഭാഗ്യങ്ങളും നിറഞ്ഞ രാജപദവി എത്ര മനോഹരമാണ്? ഞാൻ എന്നാണിനി ദിഗന്തങ്ങളിൽ സ്വൈരമായി വിഹരിക്കാൻ കഴിവുള്ള ഒരു ഭൂപാലനായിത്തീരുന്നത്? കാലാൾപട, രഥങ്ങൾ, ആനകൾ, കുതിരകൾ, കൊടിക്കൂറകൾ, കുടകൾ, ചാമരങ്ങൾ ഇവയാൽ അകമ്പടി സേവിക്കപ്പെട്ട് എന്നാണെന്റെ ജീവിതം ധന്യമാകുന്നത്? സുഗന്ധപുഷ്പങ്ങളുടെ സൗരഭ്യമകരന്ദങ്ങൾ കൊണ്ടു നിറഞ്ഞ അന്തഃപുരാന്തരീക്ഷത്തിൽ സുന്ദരിമാരായ ഭാര്യമാരുമായുള്ള രതിക്രീഡയിൽ മുഴുകാൻ എനിക്കെന്നാണു ഭാഗ്യമുണ്ടാവുക? ഈ സങ്കൽപങ്ങൾ ബ്രാഹ്മണഹൃദയത്തിൽ ശക്തിപ്രാപിച്ചു. സ്വധർമനിരതനായി ജീവിക്കവേതന്നെ രാജസങ്കൽപങ്ങൾ മരണം വരെ വിട്ടുമാറാതെ പിൻതുടർന്നു. ഹിമപാതം താമരപ്പൂവിനെയെന്നപോലെ ശരീരത്തെ വാർദ്ധക്യം പിടികൂടി. ചിന്താകുലനായ ആ ബ്രാഹ്മണനെ ജര കടന്നാക്രമിച്ചു. മരണശയ്യയിൽ നിരാലംബനായി കിടന്ന ഭർത്താവിനെ നോക്കിയിരുന്നു ഭാര്യ വ്യാകുലചിത്തയായി. അന്നവൾ നിന്നെപ്പോലെ എന്നെ ആരാധിച്ചു. മരണമൊഴിവാക്കാൻ സാദ്ധ്യമല്ലെന്നറിഞ്ഞു മരിച്ചശേഷം ഭർതൃജീവൻ മണ്ഡപം വിട്ടുപോകാതെ അടുത്തുണ്ടായിരിക്കണമെന്ന വരം അവളും വരിച്ചു. ബ്രാഹ്മണൻ മരണമടഞ്ഞു; എന്നാൽ ജീവൻ ആ ഗൃഹാകാശത്തിൽതന്നെ തങ്ങിനിന്നു. പൂർവജന്മസങ്കൽപശക്തികൊണ്ട് ആ ജീവൻ സ്വയംശക്തിശാലിയായ രാജാവായി ഭവിച്ചു. ഭർത്താവിന്റെ മരണം ബ്രാഹ്മണിയെ ശോകവിവശയാക്കി. ഭർത്താവിനെ ദഹിപ്പിച്ച ചിതയിൽതന്നെ സ്വയം സ്ഥൂലശരീരത്തെ ചാമ്പലാക്കി. ബ്രാഹ്മണിയുടെ ആതിവാഹിക ദേഹം ഭർത്താവിനെ പിൻതുടർന്നു. ആ ബ്രാഹ്മണനും ബ്രാഹ്മണിക്കും പുത്രന്മാരുണ്ട്, സ്ഥാവരജംഗമസ്വത്തുക്കളുണ്ട്. ഗിരിഗ്രാമത്തിൽ അവർ മരിച്ചിട്ടിന്ന് എട്ടാം ദിവസമാണ്. ലീലേ, ആ ബ്രാഹ്മണനാണ് നിന്റെ ഭർത്താവായി രാജാവായി ഭവിച്ചത്. നീ തന്നെയാണു ബ്രാഹ്മണന്റെ ഭാര്യ അരുന്ധതി. ചക്രവാകങ്ങളെ പോലെ ഇണപിരിയാതെ നിങ്ങൾ രണ്ടുപേരും ദമ്പതികളായി ത്തന്നെ വന്നു ജനിച്ചു. നിന്റെ പൂർവജന്മകഥയാണു ഞാൻ വിവരിച്ചത്. ചിദാകാശത്തിലെ വെറും ഭ്രമദർശനമാണു സൃഷ്ടി.

ലീല പറഞ്ഞു: 'അമ്മേ, അമ്മ ഈ പറയുന്നതൊക്കെ വെറും കള്ളം. എട്ടു ദിവസത്തിനുമുൻപുമരിച്ച ബ്രാഹ്മണദമ്പതിമാരെവിടെ; ഈ ഞങ്ങളെവിടെ? ആ പ്രത്യേക ലോകം, ആ ഭൂപ്രദേശം, ആ പർവതങ്ങൾ, ആ ദിക്കുകൾ അവയെല്ലാം ഞങ്ങൾ നിൽക്കുന്ന ഈ വീടിനുള്ളിലാണെന്നു പറയുന്നത് എന്തൊരസംബന്ധം. മത്തനായ ഐരാവതം ഒരു കടുകിൻ മണിയിൽ തളയ്ക്കപ്പെട്ടുവെന്നോ? പരമാണുദ്വാരത്തിൽ ഒരു കൊതുകും അനേകം സിംഹങ്ങളും തമ്മിൽ യുദ്ധം ചെയ്തുവെന്നോ? താമരയല്ലിയിൽ പ്രതിഷ്ഠിക്കപ്പെട്ട മേരുപർവതത്തെ ഒരു വണ്ടിൻ കുഞ്ഞു വിഴുങ്ങിക്കളഞ്ഞെന്നോ?'

ദേവി പറഞ്ഞു: 'ഞാൻ പറഞ്ഞതു കള്ളമല്ല. ജഗത്ഭ്രമത്തിന്റെ പ്രവർത്തനക്രമം നമ്മെപ്പോലുള്ളവർക്ക് ഒരിക്കലും പിടികിട്ടുകയില്ല. ആ ഗിരിഗ്രാമത്തിലെ ജീവാത്മാവ് അതേ വീട്ടിൽ ചിദാകാശത്തെത്തന്നെ ഭൂമണ്ഡലമായും രാഷ്ട്രമായും ഒക്കെ ചിദാകാശസ്വരൂപിയായിത്തന്നെ നിന്നുകാണുന്നു. അതാണു നിങ്ങൾ. പൂർവജന്മസ്മരണ നിങ്ങൾക്കു നഷ്ടമായിരിക്കുന്നു. ഒരു പുതിയ സ്മരണ വന്നുചേർന്നിരിക്കുന്നു. സ്വപ്നം പ്രപഞ്ചം സൃഷ്ടിച്ചനുഭ

digitized by www.sreyas.in

വിക്കുന്നത് ഇതിനുദൃഷ്ടാന്തമാണ്. ഒരേ ഹൃദയത്തിൽ ജാഗ്രത് സ്മൃതി നഷ്ടമായി. പുതിയ ദേശകാലങ്ങളും പദാർത്ഥജാലങ്ങളും അനുഭവപ്പെടുന്നു. ഇതിനെന്താണുയുക്തി? ഇതുപോലെതന്നെയാണ് സൃഷ്ടിഭേദങ്ങളും. ബോധാകാശത്തിൽ സങ്കൽപ്പങ്ങളുണ്ടാക്കുന്ന ഭ്രമാനുഭവമാണു സൃഷ്ടി. ബോധാകാശം ഒന്നേയുള്ളൂ. അതുകൊണ്ട് എല്ലാ സൃഷ്ടിഭേദങ്ങളും സംഭവിക്കുന്നതൊരിടത്തുതന്നെ. കണ്ണാടിയിൽ പ്രതിബിംബമെന്നപോലെ എല്ലാ ബാഹ്യദൃശ്യങ്ങളും ഉള്ളിൽ സ്ഥിതി ചെയ്യുന്നു. ചിദാകാശത്തിലെ അന്തഃകരണ ഗുഹയിലാണു സ്ഥലകാലങ്ങളുൾപ്പെടെ എല്ലാം സ്ഥിതി ചെയ്യുന്നത്. പരമാണുപ്രായമായ ജീവകോശത്തിൽ ഉള്ളിലുള്ളിലായി ഭ്രമാത്മകങ്ങളായ അനന്തകോടി ബ്രഹ്മാണ്ഡങ്ങൾ സ്ഥിതിചെയ്യുന്നു എന്നതാണു വസ്തുത'.

ലീല ചോദിച്ചു: 'എങ്കിലും അമ്മേ, ആ ബ്രാഹ്മണൻ മരിച്ചിട്ട് ഇന്നെട്ടു ദിവസമല്ലേ ആയിട്ടുള്ളൂ. ഞങ്ങൾ ജീവിക്കാൻ തുടങ്ങിയിട്ടു വർഷങ്ങൾ തന്നെ കടന്നുപോയില്ലേ? അപ്പോൾ ആ ബ്രാഹ്മണദമ്പതികളാണു ഞങ്ങളെന്നു പറയുന്നത് എങ്ങനെ ശരിപ്പെടാനാണ്?

ദേവി പറഞ്ഞു : 'ഹേ സുന്ദരി, ബോധസത്യത്തിൽ സങ്കൽപ്പമുണ്ടാക്കുന്ന വെറും തോന്നലാണു കാലദേശങ്ങളും അവയുടെ കൂടുതൽ കുറവുകളും. കുഞ്ഞേ, ഇതിന്റെ ക്രമം കേട്ടോളൂ. ജീവനു മരണമാകുന്ന മറവി ക്ഷണം കൊണ്ടു സംഭവിക്കുന്നു. അതോടെ കഴിഞ്ഞതൊക്കെ മറക്കുന്നു. പുതിയ പല ഭാവങ്ങളും ഉദയം ചെയ്യുന്നു. പുതിയ ദേഹത്തിൽ അഭിമാനം കൊള്ളുന്നു; ഞാൻ ഇതാണ്, ഇതൊക്കെ എന്റേതാണ് എന്നിങ്ങനെ അഹന്താമമതാ ബന്ധങ്ങളും വന്നുചേരുന്നു. ഞാൻ ഈ അച്ഛന്റെ മകനാണ്, എനിക്കിത്രവർഷം ആയുസ്സു കഴിഞ്ഞിരിക്കുന്നു, ഇവരൊക്കെ എന്റെ ബന്ധുക്കളാണ്, ഇതെന്റെ വീടാണ്. മരണാനന്തരം ഇങ്ങനെ പുതിയ ഭ്രമപരമ്പര തന്നെ ഉദയം ചെയ്യുന്നു'. ദേവി പറഞ്ഞതൊക്കെ ശരിയാണെന്നു ലീലയ്ക്കു ബോധ്യമായി, ബ്രാഹ്മണ ദമ്പതിമാരുടെ ജീവിത സ്ഥലം കാണാൻ കൗതുകം തോന്നി.

ദേവി പറഞ്ഞു: 'ലീലേ, നിനക്കീ ശരീരത്തോടുകൂടി അതുകാണാൻ കഴിയുകയില്ല. ഈ ദേഹം വിട്ടു സങ്കൽപ്പരഹിതമായ ശുദ്ധ ബോധസ്വരൂപം കൈക്കൊള്ളൂ. അങ്ങനെയായാൽ മഹാസൃഷ്ടിയോടൊപ്പം ബ്രാഹ്മണദമ്പതിമാരുടെ ജീവിതസ്ഥലവും നിനക്കു കാണാൻ കഴിയും. അതൊക്കെ കാണാനുള്ള മാർഗത്തിൽ നിന്റെ ഈ ദേഹമാണു തടസ്സമായിനിൽക്കുന്നത്. ഈ ലോകങ്ങളൊക്കെ സൂക്ഷ്മങ്ങളാണ്. ഭ്രമം കൊണ്ടു സ്ഥൂലങ്ങളായി കാണപ്പെടുന്നു. മരുഭൂമിയിൽ കാനൽ ജലം കാണുംപോലെ. അഭ്യാസം കൊണ്ട് നിന്റെ സ്വരൂപം ഇനിയും പൂർണമായി ബ്രഹ്മാകാരം കൈക്കൊണ്ടിട്ടില്ല. ഇപ്പോഴും സങ്കൽപ്പാംശം ബാക്കിയുണ്ട്. ഞങ്ങളെപ്പോലെ ബ്രഹ്മസ്വരൂപത്തിൽ ഉറപ്പുകിട്ടണം. അഭ്യാസംകൊണ്ട് ബ്രഹ്മസ്വരൂപത്തിൽ ഉറപ്പുവന്ന ഞങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഇതൊക്കെ കാണാൻ കഴിയും. നിങ്ങളൊക്കെ ആതിവാഹികമായ സൂക്ഷ്മ ശരീരത്തെ സങ്കൽപ്പാഭ്യാസത്തിലൂടെ ആധിഭൗതികമാക്കി അനുഭവിക്കുകയാണ്. അഭ്യാസം കൊണ്ടു വാസനയ്ക്കു നല്ലപോലെ കട്ടി കുറഞ്ഞാൽ നിങ്ങളുടെ ആതിവാഹികദേഹം തെളിയും. വാസന കുറഞ്ഞു ശുദ്ധ സത്വഗുണം അംഗീകരിക്കുന്നതോടെ സൂക്ഷ്മശ

digitized by www.sreyas.in

രീരം, മഞ്ഞുകട്ടി ഉരുകി വെള്ളമാകുന്നതുപോലെ ആതിവാഹികഭാവം കൈക്കൊള്ളും. അതുകൊണ്ട് അല്ലയോ രാജ്ഞീ, വാസനയുടെ കട്ടി കുറയ്ക്കാൻ യത്നിക്കൂ. അതു സാദ്ധ്യമായാൽ ജീവന്മുക്തയായിത്തീരും. അപ്പോൾ സ്ഥൂലദേഹത്തിലിരിക്കവേതന്നെ സൃഷ്ടി മുഴുവൻ കാണാൻ കഴിയും. ഇപ്പോൾ വിപ്രദമ്പതികളുടെ ജീവിതസ്ഥലം കാണണമെങ്കിൽ സ്ഥൂല ശരീരത്തെ ഇവിടെ ഇട്ടിട്ടു സൂക്ഷ്മശരീരവുമായി പുറത്തുവരൂ. നമുക്കൊരുമിച്ചുപോയി ആ സ്ഥലം കാണാം. ജീവന്മുക്ത പദം നേടാനുള്ള അഭ്യാസം കൂടെ പറഞ്ഞുതരാം.

43. തച്ചിന്തനം തത്കഥനമന്യോന്യം തത്പ്രബോധനം
ഏതദേകപരത്വം ച തദഭ്യാസം വിദുർബുധാഃ

സദാ മനസ്സുകൊണ്ടു ബ്രഹ്മവിചാരം തുടരുക, ബ്രഹ്മത്തെക്കുറിച്ചു മറ്റുള്ളവരോടു സംസാരിക്കുക, പരസ്പരം ചർച്ചചെയ്യുക, സർവത്ര ബ്രഹ്മത്തെത്തന്നെ കാണാൻ പഠിപ്പിച്ചു ചിത്തത്തെ ബ്രഹ്മാകാരമാക്കി മാറ്റുക ഇതൊക്കെയാണ് വാസനയെ പൂർണമായി പുറംതള്ളി ജീവന്മുക്തനാകാനുള്ള അഭ്യാസം. ബ്രഹ്മാഭ്യാസത്തിൽ നിശ്ചയദാർഢ്യത്തോടെ മുൻപോട്ടു നീങ്ങുന്നവരുടെ ഹൃദയം ഔദാര്യം, സൗന്ദര്യം, വൈരാഗ്യരസം എന്നിവ തിങ്ങി ആനന്ദം കവിഞ്ഞൊഴുകുന്നതായി ഭവിക്കും. ജ്ഞേയമായ ദൃശ്യത്തെ ഉള്ളിൽനിന്നും പൂർണമായി തുടച്ചുമാറ്റാൻ യുക്തികളിലൂടെ ആരൊക്കെയാണോ നിരന്തരം യത്നിക്കുന്നത് അവരാണു ബ്രഹ്മാഭ്യാസികൾ. ഞാൻ, ഈ ജഗത്ത് എന്നിങ്ങനെ അറിയപ്പെടുന്ന ഭിന്നദൃശ്യങ്ങൾ സൃഷ്ടിയുടെ ആരംഭം മുതലേ ഇല്ലാത്തവയാണ്, ജ്ഞാതാവായ ബോധം മാത്രമേ നിലവിലുള്ളൂ എന്നിങ്ങനെ ഉള്ളിലുറപ്പിക്കുന്നവരാണ് ബോധാഭ്യാസികൾ. ദൃശ്യങ്ങളില്ലെന്നറിഞ്ഞു രാഗദ്വേഷങ്ങൾ കുറയുന്നതോടെ ആരുടെ ഉള്ളിലാണോ നിരപേക്ഷമായ ആനന്ദം ബലാൽ ഉദയം ചെയ്യുന്നത് അവരാണ് അഭ്യാസികൾ. ദൃശ്യം ഇല്ലെന്നുള്ള അനുഭവം തന്നെയാണ് ജ്ഞാനവും ജ്ഞേയവും എല്ലാം. അതഭ്യസിച്ചുറപ്പുവരുത്തുന്നതുതന്നെയാണ് നിർവാണം. അതുതന്നെയാണ് മോക്ഷപുരുഷാർഥം.

വസിഷ്ഠൻ തുടർന്നു: ഇങ്ങനെ സംഭാഷണം അവസാനിപ്പിച്ചിട്ട് അവർ രണ്ടുപേരും സമാധി സ്ഥാനത്തെത്തി നിലയുറപ്പിച്ചു. അവരുടെ ദേഹങ്ങൾ നിശ്ചലങ്ങളായി. ജ്ഞാനദേവത തന്റെ ബാഹ്യദേഹം വിട്ട് വിജ്ഞാനദേഹവുമായി പുറപ്പെട്ടു. ലീലയാകട്ടെ തന്റെ മനുഷ്യദേഹം വിട്ട് ബോധപൂർവം സൂക്ഷ്മ ശരീരിണിയായി പുറപ്പെട്ടു. രണ്ടുപേരും ചിദാകാശ സ്വരൂപിണികളായി ഭവിച്ചു. സുന്ദരിമാരായ അവർ രണ്ടുപേരും ലീലാലോലകളായി ദൂരഗമനം സങ്കൽപ്പിച്ചു യാത്രയായി. അങ്ങനെ ഒഴുകി ഒഴുകി പൊയ്ക്കൊണ്ടിരിക്കേ ഒരനന്തമഹാസമുദ്രം പോലെ നീല വർണാഭമായ അന്തരീക്ഷം അവർക്കു ദൃഷ്ടി ഗോചരമായി. വായുവിന്റെ ഗമനാഗമനങ്ങളെപ്പോലും അതിശയിക്കുന്ന മനോവേഗതയോടുകൂടി മന്ദമാരുതസ്പർശമേറ്റു സുഖിച്ചുകൊണ്ടവർ പാഞ്ഞുപോയി. നഭസിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള കൂഷ്മാണ്ഡമണ്ഡലം രക്ഷോമണ്ഡലം പൈശാചമണ്ഡലം എന്നിവ കടന്നു. നൃത്തം ചെയ്യുന്ന ഗ്രഹനക്ഷത്രമണ്ഡലങ്ങളെക്കൊണ്ട് ആകാശം തിരയടിച്ചിളകുകയാണോ എന്നുതോന്നി. പട്ടി, കാക്ക, ഒട്ടകം, കഴുത എന്നിവയുടെ മുഖങ്ങ

digitized by www.sreyas.in

ളുള്ള യോഗിനീസംഘങ്ങൾ നൂറുയോജനയോളം ദൂരം വെറുതെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്നതു കാണാറായി. വായുമാർഗത്തിലെ വലിയ കുഴികളിൽ പലയിടത്തും ഗംഗാജലം നിറഞ്ഞു തുളുമ്പുന്നതു കണ്ടു. ചിലയിടത്ത് ചുവരില്ലാത്ത വീടുകളിൽ നാരദൻ തുമ്പുരു തുടങ്ങിയ ഋഷിമാർ വീണ വായിച്ചു രസിക്കുന്നതു കണ്ടു. ചിത്രത്തിൽ വരച്ചപോലെ പലയിടങ്ങളിലും കൽപ്പാന്തമേഘങ്ങൾ നിശബ്ദങ്ങളായി നിറഞ്ഞു നിന്നിരുന്നു. ചിലയിടങ്ങളിൽ വരിവരിയായി ഉന്മത്ത നൃത്തത്തിലേർപ്പെട്ടിരുന്ന ദേവീമണ്ഡലം കാണപ്പെട്ടിരുന്നു. ചിലേടത്ത് ലക്ഷം യോജനയോളം ദൂരം അടുക്കാൻ പറ്റാത്തവിധമുള്ള വിവിധ ജീവജാലങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. വേറെ ലക്ഷം യോജനയോളം ദൂരം വെറും ഇരുട്ടു കൊണ്ടു മൂടപ്പെട്ടിരുന്നു. അതും കഴിഞ്ഞ് അനേകം യോജന കൊടുംപാറക്കൂട്ടം മാത്രം കാണാമായിരുന്നു. പിന്നെയും അതിദൂരം സൂര്യാഗ്നിതേജസ്സുകൾ ഇടകലർന്നു പ്രകാശമയമായി വിരാജിച്ചിരുന്നു. അത്തിക്കായിൽ ഈച്ചകൾ പറ്റിയിരിക്കുന്നതുപോലെ ജീവികളെക്കൊണ്ടു നിറഞ്ഞ ജഗത്രയമെന്ന ഭ്രമത്തെകടന്നു രണ്ടുപേരും ഉയർന്ന ആകാശമണ്ഡലത്തിൽ നിന്നുവീണ്ടും ഭൂമണ്ഡലത്തിലേക്കുതാണിറങ്ങി.

അങ്ങനെയവർ രണ്ടുപേരും ബ്രഹ്മാണ്ഡമണ്ഡലങ്ങളെ താണ്ടി ബ്രാഹ്മണദമ്പതിമാരുടെ വാസസ്ഥലത്തെത്തിച്ചേർന്നു. ആ സിദ്ധവനിതകൾ മറ്റാരുടെയും കണ്ണിൽപ്പെടാതെ ബ്രാഹ്മണഗൃഹവും പരിസരവും നോക്കിക്കണ്ടു. ദാസിമാരൊക്കെ ചിന്താവ്യാകുലരായിരുന്നു. സ്ത്രീജനങ്ങളുടെ മുഖത്തുനിന്ന് അപ്പോഴും കണ്ണുനീർക്കണങ്ങൾ ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. ഇടിമിന്നലേറ്റു കരിഞ്ഞമരംപോലെ വീടാകെ താറുമാറായിക്കിടന്നിരുന്നു. ചിരകാലത്തെ ജ്ഞാനാഭ്യാസം കൊണ്ട് സത്യസങ്കൽപ്പയും, സത്യകാമയുമായി ഭവിച്ചിരുന്ന ലീല താനും ദേവിയും രണ്ടു സാമാന്യസ്ത്രീകളെന്നപോലെ ബന്ധുക്കൾക്കു കാണാൻ ഇടവരട്ടെ എന്നു സങ്കൽപ്പിച്ചു. തുടർന്നു ലക്ഷ്മീപാർവതിമാരെപ്പോലെ വീടിനെ തേജോമയമാക്കിക്കൊണ്ട് രണ്ട് സുന്ദരിമാർ ഗൃഹജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ബ്രാഹ്മണപുത്രന്മാരിൽ ജ്യേഷ്ഠൻ ദേവിമാരെ വണങ്ങി പുഷ്പാർച്ചന ചെയ്തു; മറ്റു ഗൃഹജനങ്ങളും അദ്ദേഹത്തോടൊപ്പം കൂടി. അവർ പറഞ്ഞു: 'ദേവിമാരേ, അതിശ്രേഷ്ഠരായ ബ്രാഹ്മണദമ്പതിമാരുടെ വീടായിരുന്നു ഇത്. അതിഥിപൂജാ തൽപ്പരരായി കുലമഹിമ വളർത്തി ബ്രാഹ്മണവർഗത്തിന്റെ നെടുംതൂണുകളായി അവർ ശോഭിച്ചിരുന്നു. അവർ രണ്ടുപേരും പുത്രന്മാരെയും, ബന്ധുക്കളെയും വീടും സമ്പത്തുമെല്ലാം വെടിഞ്ഞു സ്വർഗത്തേക്കു യാത്രയായി. ഞങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ട പ്രതീതി. ദേവിമാർ ഞങ്ങളെ ഈ ദുഃഖത്തിൽനിന്ന് മോചിപ്പിക്കണം. മഹത്തുക്കളുടെ ദർശനം ഒരിക്കലും നിഷ്ഫലമാവുക വയ്യ. ഇങ്ങനെ പറഞ്ഞ പുത്രനെ ആ അമ്മ തലയിൽ കൈവച്ചാശ്വസിപ്പിച്ചു. അമ്മയുടെ സ്പർശനമേറ്റതോടുകൂടി വർഷകാലത്തിന്റെ വരവോടെ വേനലിന്റെ ചൂടകലുന്നതുപോലെ അയാളുടെ ദുഃഖമെല്ലാമകന്നു. അവിടെയുണ്ടായിരുന്ന മറ്റുള്ളവർക്കും ശോകം വിട്ടകന്നു. ആ പർവതപ്രാന്തത്തിൽ ആ ഗ്രാമത്തിൽ ആ മുറിയിൽ തന്നെ ആ സിദ്ധവനിതമാർ മറയുകയും ചെയ്തു.

ദേവി പറഞ്ഞു: 'ലീലേ, ഇപ്പോഴെല്ലാം ദൃഷ്ടാന്തസഹിതം ബോധ്യമാ

digitized by www.sreyas.in

യല്ലോ. ഇതാണു ബ്രഹ്മത്തിലെ മായാപ്രകടനം. ഇനി നിനക്കെന്താണു ചോദിക്കാനുള്ളത് പറയൂ'.

ലീല ചോദിച്ചു: 'മരണമടഞ്ഞ എന്റെ ഭർത്താവ് രാജാവായി ജനിച്ചു രാജ്യം ഭരിക്കുന്ന ഇടത്തു ഞാൻ ചെന്നപ്പോൾ അദ്ദേഹത്തിനെന്നെ കാണാൻ കഴിഞ്ഞില്ല. ഇവിടെ മുൻജന്മത്തിലെ എന്റെ പുത്രന് എന്നെ കാണാൻ കഴിഞ്ഞു. ഇതെന്തുകൊണ്ട്?'

ദേവി മറുപടി നൽകി: 'അദ്വൈതവസ്തുവിന്റെ പൂർണമായ ഉറപ്പിൽ ഏതു സങ്കൽപ്പവും ഉടൻ ഫലിക്കും. ആ ഉറപ്പിന്റെ കൂടുതൽ കുറവനുസരിച്ച് സങ്കൽപ്പങ്ങൾ ഫലിക്കുന്നതിന്റെ കാലയളവിനും വ്യത്യാസം വരും. കുട്ടീ, മുൻപു നീ ഭർതൃസന്നിധിയിലെത്തിയപ്പോൾ അഭ്യാസക്കുറവുകൊണ്ട് അദ്വൈത ബോധം പൂർണമായും ഉറച്ചിരുന്നില്ല. ദ്വൈതബോധം കുറെയൊക്കെ ബാക്കിയുണ്ടായിരുന്നു. ഞാൻ ലീലയാണെന്ന ചിന്തയും അവശേഷിച്ചിരുന്നു. അതുകൊണ്ട് സത്യസങ്കൽപ്പയാകാൻ കഴിഞ്ഞിരുന്നില്ല. ഇന്ന് ആ സ്ഥിതി മാറി നീ സത്യസങ്കൽപ്പയായി ഭവിച്ചിരിക്കുന്നു. അതുകൊണ്ട് 'പുത്രൻ എന്നെ കാണാൻ ഇടവരട്ടെ' എന്ന സങ്കൽപ്പം ഫലിക്കാനിടയായി. ഇനിയും നീ ഭർതൃസമീപത്തിലെത്തുകയാണെങ്കിൽ അദ്ദേഹവുമായി ലോകവ്യവഹാരത്തിലേർപ്പെടാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല.

ലീല പറഞ്ഞു: 'അമ്മേ, ആശ്ചര്യമെന്നേ പറയേണ്ടു. അദ്വൈതാനുഭവത്തിന്റെ ഉറപ്പിൽ എനിക്കിതാ എല്ലാം ഓർമവരുന്നു. ഇപ്പോഴത്തെ എന്റെ ഈ ജന്മം രാജസമാണ്; താമസമോ സാത്വികമോ അല്ല. പ്രപഞ്ചമനസ്സെന്ന ബ്രഹ്മാവിൽനിന്നു വേർപെട്ടപോലെ വ്യക്തിമനസ്സുമായി ജനനമരണ ചക്രത്തിൽ കറങ്ങാൻ തുടങ്ങിയ എനിക്ക് പല യോനികളിലായി എണ്ണൂറുജന്മങ്ങൾ കടന്നുപോയിരിക്കുന്നു; എല്ലാം ഞാനിതാ വ്യക്തമായി കാണുന്നു. ദേവീ മുൻപൊരിക്കൽ ഞാൻ പല ലോകങ്ങളിലും താമരപൂക്കളിൽ വണ്ടെന്നപോലെ ചുറ്റിനടന്നിരുന്ന ഒരു വിദ്യാധരസുന്ദരിയായിരുന്നു. അതുകഴിഞ്ഞു ദുർവാസനകൊണ്ടു കലുഷിതമായ ഒരു മനുഷ്യസ്ത്രീയായി ഞാൻ ജനിച്ചു. പിന്നൊരിക്കൽ വൃക്ഷലതാനിബിഡമായ കാട്ടിൽ ഇഴഞ്ഞു നടന്ന ഒരു സർപ്പിണിയായി കഴിഞ്ഞുകൂടി. ഇലകൾ കൂട്ടിക്കെട്ടി വസ്ത്രമണിഞ്ഞു ശ്യാമനിറമുള്ള ഒരു ശബരസ്ത്രീയായും കുറെക്കാലം ജീവിച്ചു. പക്ഷിണിയായി പിറന്ന് നീചവാസനയെന്നപോലെ കാട്ടാളന്മാരുടെ വലയിൽ കുടുങ്ങിയും കഷ്ടപ്പെടേണ്ടിവന്നു. താമരമൊട്ടിന്റെ ഉള്ളിൽ അല്ലിയുടെ മധ്യത്തായി വണ്ടിനോടൊപ്പം താമരവല്ലിയുടെ ബീജമായി ചിരകാലം ഞാൻ വിശ്രമിച്ചു. പുരുഷജന്മത്തിനുപരി പാകതവന്ന കർമങ്ങളുടെ ഫലമായി ഒരു നൂറുകൊല്ലം സുരാഷ്ട്രത്തിൽ രാജാവായി രാജ്യം ഭരിച്ചു. പുൽക്കൊടികളുടെ മുകളിൽ പറ്റിപ്പറന്ന് ഒരാൺകൊതുകിനോടൊപ്പം ഭാര്യാപദവിയിൽ പെൺകൊതുകായി മൂളി നടന്നു. എന്തിനേറെ, കൊടുങ്കാറ്റിൽപ്പെട്ട ഒരു വള്ളം ആടിയുലഞ്ഞു ഇളകി മറിയുന്നതുപോലെ ഈ സംസാരനദിയിലെ പൊങ്ങിമറിയുന്ന തിരകളിൽ ദുഃഖം ഇടതിങ്ങിയവയും അനേകതരത്തിലുള്ള പരിണാമഗതികളോടുകൂടിയവയുമായ നിരവധി ജന്മങ്ങളിൽ ഞാൻ കറങ്ങിത്തിരിഞ്ഞു'.

വസിഷ്ഠൻ പറഞ്ഞു : 'ഇങ്ങനെ സംഭാഷണം തുടർന്നുകൊണ്ടു സുഭഗമാരായ അവർ യോഗകൗശലത്തോടെ ആകാശത്തേക്ക് അതിദൂരം ഉയർന്നുപോയി. ആ സൃഷ്ടിഭ്രമം വിട്ടകന്നു മറ്റൊരു സൃഷ്ടിഭ്രമമായ രാജകൊട്ടാര

digitized by www.sreyas.in

ത്തിലെ അന്തഃപുരത്തിൽ വീണ്ടും എത്തിച്ചേർന്നു. അവിടെ അവർ പൂക്കൾകൊണ്ടു പൊതിഞ്ഞു സൂക്ഷിച്ചിരിക്കുന്ന മഹാരാജാവിന്റെ മഹാശവം അൽപ്പനേരം നോക്കിനിന്നു. യോഗബലംകൊണ്ട് അവിടെനിന്നും നിർഗമിച്ചു ലീല ദേവിയോടൊപ്പം ഭർത്താവിന്റെ രാജഭരണരംഗത്തെത്തി. അപ്പോഴേയ്ക്കും സാമന്തന്മാരുടെ അകമ്പടിയോടുകൂടി മറ്റൊരു മഹാരാജാവ് ആ രാജധാനിയിലെത്തിച്ചേരുന്നത് അവർ കണ്ടു. രണ്ടാമതൊരാകാശമെന്ന പോലെ തോന്നിക്കുന്ന വിശാലമായ ഒരു ഭൂപ്രദേശത്ത് സൗമ്യ സമുദ്രങ്ങൾപോലെ അണിനിരന്നിരിക്കുന്ന രണ്ടു സേനാവിഭാഗങ്ങൾ അവരുടെ കണ്ണിൽപ്പെട്ടു. മധ്യത്തു നിൽക്കുന്ന രണ്ടു രാജാക്കന്മാരാൽ നിയന്ത്രിക്കപ്പെട്ട് അവ രണ്ടും ജ്വലിക്കുന്ന അഗ്നിപോലെ യുദ്ധസജ്ജമായി കാണപ്പെട്ടു. ലീലയും ദേവിയും ആകാശത്തു നിന്നുകൊണ്ടു തന്നെ എല്ലാം നോക്കിക്കണ്ടു. പെട്ടെന്നു ശാന്തത അസ്തമിച്ചു. രണ്ടു സേനാവിഭാഗങ്ങളും പ്രളയ സമുദ്രങ്ങളുടെ വേഗതയോടുകൂടി തീജ്വാലകൾ പാറിച്ചുകൊണ്ട് ആയുധ പ്രയോഗം ആരംഭിച്ചു. തലയറ്റുവീഴുന്ന മദയാനകൾ സ്ഥലജലങ്ങളെയൊക്കെ കിടുകിടെ വിറപ്പിച്ചു. യന്ത്രങ്ങളിൽ നിന്നും പുറപ്പെടുന്ന പാറക്കൂട്ടങ്ങളും ചക്രസമൂഹങ്ങളും കണ്ട് ആകാശത്തുനിലയുറപ്പിച്ചിരുന്ന ദേവന്മാർപോലും ദൂരെ ഓടി പിൻവാങ്ങി. ഉയർന്നു തിളങ്ങുന്ന ഖഡ്ഗഖണ്ഡങ്ങൾ ആകാശത്തിൽ നക്ഷത്രശോഭ പരത്തി. വജ്രംപോലെ ഉറപ്പുള്ള മുഷ്ടിപ്രയോഗം കൊണ്ട് ഭടന്മാരുടെ കവചങ്ങൾ തവിടുപൊടിയായി പാറിപ്പറന്നു. അതിദാരുണമായ രണസംഭ്രമം കൽപ്പാന്തകാലം പോലെ ഭീഷണമായി ഭവിച്ചു. പേമാരിപോലെ കൂരമ്പുചൊരിയുന്ന വീരഭടന്മാർ കൽപ്പാന്ത മേഘങ്ങളെപ്പോലെ കാണപ്പെട്ടു. തലയില്ലാത്ത ഉടലുകൾ മയൂരങ്ങളെപ്പോലെ നൃത്തമാടി. പർവതസമൂഹംപോലെ ആനപ്പട യുദ്ധഭൂമിയെ വലയംചെയ്തുനിന്നു. ഇങ്ങനെ കോലാഹലമയമായ യുദ്ധം നടന്നുകൊണ്ടിരിക്കെ പകലിന്റെ എട്ടിലൊരു ഭാഗംമാത്രം അവശേഷിപ്പിക്കുന്ന മധുരാകൃതിയായ സൂര്യന് ആയുധങ്ങളുടെ അടിയേറ്റ ഭടനെന്നപോലെ ശക്തികുറഞ്ഞുവന്നു. രണ്ടു സേനാവിഭാഗങ്ങളിലേയും ദൂതൻമാർ യുദ്ധം നിറുത്താമെന്ന സന്ദേശം പരസ്പരം കൈമാറി. യുദ്ധവിരാമം സൂചിപ്പിച്ചുകൊണ്ടു പെരുമ്പറകൾ മുഴങ്ങി. രണ്ടു കൂട്ടരുടേയും സൈന്യങ്ങൾ രണാങ്കണത്തിൽ നിന്നും പിൻമാറാൻ തുടങ്ങി. രക്തരൂക്ഷിതനായ പടയാളിയെപ്പോലെ അരുണാഭനായ അർക്കൻ അകന്നു മറഞ്ഞു. കൂരിരുട്ടിന്റെ സേനാപതിയായ രാത്രി കടന്നുവന്നു.

ലീലാപതിയായ രാജാവ് അൽപ്പം വ്യാകുലചിത്തനായി രാജ്യകാര്യ വിചക്ഷണന്മാരായ മന്ത്രിമാരോട് അടുത്ത ദിവസത്തെ കാര്യപരിപാടി ചർച്ച ചെയ്തു. എന്നിട്ട് ചന്ദ്രകാന്തിതിങ്ങുന്ന തന്റെ ഉറക്കറയിലെത്തി അൽപ്പമൊന്നു വിശ്രമിക്കാൻ ഒരുങ്ങി. ഈ സന്ദർഭം നോക്കി രണ്ടു ദേവിമാരും നിർമല സൗഗന്ധ്യം പരത്തുന്ന മന്ദമാരുതന്റെ പ്രസരസുഖം നിറഞ്ഞ രാജഗൃഹത്തിലേക്കു കടന്നു; തുടർന്നു യോഗശക്തിയിലൂടെ രാജാവിന്റെ ഹൃദയാങ്കണത്തിലേയ്ക്കും. ചന്ദ്രികപോലെ ശീതളമായ അവരുടെ ദേഹകാന്തി പ്രസരമേറ്റ് അമൃത വർഷമേറ്റതുപോലെ ആനന്ദിതനായി രാജാവ് ഉണർന്നു. തന്റെ മുറിയിൽ രണ്ടിരിപ്പിടങ്ങളിലായി വിരാജിച്ചരുളുന്ന ദേവിമാരെ അദ്ദേഹം കണ്ടു. അദ്ദേഹത്തിന്റെ മനസ്സ് അത്ഭുത പരതന്ത്രമായി. സാക്ഷാദ് വിഷ്ണു അനന്തശയനത്തിൽ നിന്നു എഴുന്നേൽക്കുന്നതു പോലെ അദ്ദേഹം കിടക്ക

digitized by www.sreyas.in

യിൽ നിന്നെഴുന്നേറ്റു. വിടർന്ന പൂക്കൾ കൊണ്ടു കുസുമാഞ്ജലി അർപ്പിച്ചു. ശുദ്ധമായ വെറും തറയിൽ പദ്മാസനസ്ഥനായി രാജാവിരുന്നു. 'ജനങ്ങളുടെ ദുഃഖാന്ധകാരത്തിനു പൂനിലാവായി വിളങ്ങുന്ന ദേവിമാരേ, ജയിച്ചാലും. അകത്തും പുറത്തുമുള്ള ഇരുട്ടു മുഴുവൻ നിങ്ങളുടെ സാന്നിധ്യത്തിൽ ഓടി മറയുന്നു'. ഇങ്ങനെ പറഞ്ഞു രാജാവ് വീണ്ടും അവരുടെ പാദങ്ങളിൽ പുഷ്പാഞ്ജലിയർപ്പിച്ചു. സരസ്വതീദേവി അരികിൽ നിന്ന മന്ത്രിയോട് ആംഗ്യഭാഷയിൽ രാജാവിന്റെ ജന്മകഥ മുഴുവൻ ലീലയെ പറഞ്ഞു കേൾപ്പിക്കാൻ ആവശ്യപ്പെട്ടു. മന്ത്രി ദേവിമാരെ വണങ്ങി രാജപാദങ്ങളിൽ വണങ്ങി അവരുടെ മുൻപിലായി നിലകൊണ്ടു. ദേവി രാജാവിനോടു ചോദിച്ചു. "അല്ലയോ രാജാവേ, അങ്ങ് ആരുടെ മകനാണ്, ജനിച്ചിട്ടിപ്പോൾ എത്ര കാലമായി". ചോദ്യത്തിനു മന്ത്രിയാണു മറുപടി നൽകിയത്. "ദേവിമാരേ, നിങ്ങളുടെ സാന്നിദ്ധ്യത്തിൽ സംസാരിക്കാൻ അവസരം കിട്ടിയതു മഹാഭാഗ്യമായി കരുതുന്നു. എന്റെ പ്രഭുവിന്റെ കഥ ഞാൻ കേൾപ്പിക്കാം. ഇക്ഷ്വാകു വംശത്തിൽ പിറന്ന പ്രഭാവശാലിയായ കുന്ദരഥൻ എന്നു പേരുള്ള ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രക്ഷാകവചം അവനിയെ എല്ലാവിധത്തിലും സുരക്ഷിതയാക്കിത്തീർത്തിരിക്കുന്നു. കുന്ദരഥന്റെ ചന്ദ്രസദൃശനായ മകനായിരുന്നു ഭദ്രരഥൻ. അദ്ദേഹത്തിന്റെ പുത്രൻ മനോരഥൻ, മനോരഥ പുത്രൻ വിഷ്ണരഥൻ, വിഷ്ണരഥ പുത്രൻ ബൃഹദ്രഥൻ. ബൃഹദ്രഥ പുത്രൻ സിന്ധുരഥൻ, സിന്ധുരഥ പുത്രൻ ശൈലരഥൻ, ശൈലരഥ പുത്രൻ കാമരഥൻ, കാമരഥപുത്രൻ മഹാരഥൻ. ഞങ്ങളുടെ ഈ പവിത്രമൂർത്തിയായ പ്രഭു മഹാരഥപുത്രനാണ്. അദ്ദേഹത്തിന്റെ വിദൂരഥനെന്ന നാമം പുണ്യത്തിന്റെ പര്യായമായി ഇന്നു ലോകപ്രസിദ്ധമായിത്തീർന്നിട്ടുണ്ട്. പാർവതീ ദേവിക്ക് സുബ്രഹ്മണ്യനെന്ന പോലെ സുമിത്രാദേവിക്കു ജനിച്ച മകനാണ് ഞങ്ങളുടെ വിദൂരഥ മഹാരാജാവ്. അദ്ദേഹത്തിനു പത്തുവയസ്സു പ്രായമായപ്പോൾത്തന്നെ അച്ഛൻ രാജ്യഭാരം ഏൽപ്പിച്ചു തപസ്സിനായി കാട്ടിൽപോയി. അന്നുമുതൽ തികഞ്ഞ ധർമനിഷ്ഠയോടെ അദ്ദേഹം രാജ്യം ഭരിച്ചു പോരുന്നു". മന്ത്രി ഇത്രയും പറഞ്ഞു വിരമിച്ചു. അപ്പോഴും കൈകൂപ്പി പദ്മാസനത്തിൽ തന്നെ ഇരിക്കുകയായിരുന്നു രാജാവ്. ദേവി സരസ്വതി അദ്ദേഹത്തിന്റെ തലയിൽ കൈവച്ച് ഏകാഗ്രതയോടെ സ്വന്തം പൂർവജന്മം ഓർമിക്കാനാവശ്യപ്പെട്ടു.

രാജാവിന്റെ ഹൃദയത്തിലെ ഇരുട്ടുമാറി. മുൻപിൽ കാണുന്നതുപോലെ അദ്ദേഹത്തിനു തന്റെ പൂർവ ജന്മം ഓർമവന്നു. മുൻജന്മത്തിലെ രാജത്വവും ലീലയുടെ ഭർതൃപദവിയിൽ കഴിഞ്ഞതും എല്ലാം. ആ സംസാരമായ ബോധ്യമായതോടെ വിദൂരഥൻ ഇങ്ങനെ ചോദിച്ചു: "ദേവീ, ഇതെന്തൊരദ്ഭുതം; നിങ്ങളുടെ കാരുണ്യംകൊണ്ട് എനിക്കെല്ലാം തെളിഞ്ഞു. ഞാൻ മരിച്ചിട്ട് ഇന്നൊരുദിവസമല്ലേ കഴിഞ്ഞിട്ടുള്ളൂ. ഞാനിതാ ഇവിടെ ജനിച്ചിട്ട് ഇന്ന് വർഷം പതിനേഴുകഴിഞ്ഞിരിക്കുന്നു. മുൻജന്മത്തിലെ അനേകകർമങ്ങളും മിത്രബന്ധുപരിവാരങ്ങളും സുഖസാമഗ്രികളും എല്ലാം ഞാനിതാ മുൻപിൽകാണുന്നു. ഇതെങ്ങനെ?

ദേവിപറഞ്ഞു: "രാജാവേ, മരണമാകുന്ന മഹാമോഹാലസ്യം അങ്ങയെ ബാധിച്ചു. തുടർന്ന് അങ്ങ് ജീവിച്ച അതേ ലോകത്തിൽതന്നെ മരിച്ച അതേ ദിവസംതന്നെ ആ വീട്ടിൽതന്നെ മറ്റൊരു വലിയ സൃഷ്ടിഭ്രമം അങ്ങയെ

digitized by www.sreyas.in

പിടികൂടി. അങ്ങയുടെ ഉള്ളിൽ നിർമലമായ ബോധാകാശത്തിൽ, വ്യവഹാരഭ്രമം നിറഞ്ഞുതിങ്ങുന്ന ഒരു പുതിയ ഭാവനാവിലാസം. എനിക്ക് പതിനേഴുവയസ്സു കഴിഞ്ഞിരിക്കുന്നു; സ്വപ്നത്തിൽ ഒരു നിമിഷം നൂറുസംവത്സരമായി അനുഭവപ്പെടുന്നില്ലേ. അതുപോലൊരു ഭ്രമമാണ് മായാവിലാസം കൊണ്ട് അങ്ങേയ്ക്കും സംഭവിച്ചത്.

44. വസ്തുതസ്തുനജാതോസിനമൃതോസികദാചന
ശുദ്ധവിജ്ഞാന രൂപസ്ത്വം ശാന്ത ആത്മനി തിഷ്ഠസി.

രാജാവേ, ഇവിടെ ശുദ്ധബോധസ്വരൂപമായ ഒരു വസ്തുമാത്രമേ നിലവിലുള്ളൂ. പലതായികാണുന്നതെല്ലാം അതിലെ വെറും സങ്കൽപ്പഭ്രമം. ഭ്രമത്തിനുവേറെ കൃത്യമായ നിയമമൊന്നുമില്ല. സങ്കൽപ്പമെങ്ങനെ ഭ്രമമങ്ങനെ; ഇതു മാത്രമാണു നിയമം. വാസ്തവത്തിൽ അങ്ങ് ഒരിക്കലും ജനിച്ചില്ല; മരിച്ചുമില്ല. ശുദ്ധബോധസ്വരൂപനായ അങ്ങ്, ശാന്തനായി അങ്ങനെതന്നെ സ്ഥിതി ചെയ്യുന്നു. അങ്ങ് എന്തൊക്കെയോ കാണുന്നു; എന്നാൽ ഒന്നും കാണുന്നില്ല. എന്തെന്നാൽ സർവാത്മകമായ ഒരേ വസ്തു തന്നെ ഈവിധമെല്ലാം പ്രകാശിക്കുന്നു. അദ്വൈതവസ്തുബോധത്തിൽ ഉറപ്പുവരാത്ത മന്ദബുദ്ധിക്ക് വജ്രംപോലെ പൊട്ടിച്ചെറിയാൻ കഴിയാത്ത ഈ ജഗത്ത് ഉണ്ടെന്നു തോന്നുന്നു; വാസ്തവത്തിൽ ഇതില്ലാത്തതാണ്; സ്വപ്നജഗത്തുപോലെ. നിഴലിലെ വേതാളഭ്രമം കുട്ടിയെ സദാ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇല്ലാത്തത് ഉണ്ടെന്നു തോന്നുന്ന വേതാളഭ്രമം പോലെയാണ് മൂഢമതിക്ക് ഈ പ്രപഞ്ചം. മരുഭൂമിയിലെ കാനൽ ജലം ഇല്ലാത്തതാണ്; എങ്കിലും മൃഗങ്ങൾ അതിന്റെ പിന്നാലെ വെള്ളം കുടിക്കാൻ ഓടിയടുക്കുന്നു; അതുപോലെയാണു മൂഢമതിക്ക് ഈ പ്രപഞ്ചം. അറിവില്ലാത്തവൻ സ്വർണവളയെ വളയായി മാത്രം കണക്കാക്കുന്നു; സ്വർണമായി കാണുന്നതേയില്ല; അതുപോലെ മന്ദബുദ്ധി ഈ ജഗത്തിനെ ജഡമായി മാത്രമേ കാണുന്നുള്ളൂ; ബോധമായി കാണുന്നതേയില്ല. പട്ടണങ്ങൾ, ഭവനങ്ങൾ, പർവതങ്ങൾ, ആനകൾ എന്നീ ദൃശ്യങ്ങളെക്കൊണ്ടു നിറഞ്ഞ ജഗത്ത് തത്ത്വം ഗ്രഹിച്ച ജ്ഞാനിക്ക് ദൃഗ്രൂപമായ ബോധം മാത്രം; ഇതാണു സംശയാതീതമായ സത്യം. സങ്കൽപ്പമാത്രങ്ങളായ അഹന്ത, ചിത്തം ഇവയോടുകൂടിയ ഈ വിശ്വം വെറും നീണ്ട ഒരു സ്വപ്നം. സ്വപ്നത്തിൽ സ്വപ്നപുരുഷൻ മറ്റുവ്യക്തികളെയും പദാർഥങ്ങളേയും അനുഭവിക്കുന്നതുപോലെ ജാഗ്രത്തിൽ ജാഗ്രത് പുരുഷൻ അനുഭവിക്കുന്ന കാഴ്ചകളെല്ലാം വെറും മിഥ്യാഭ്രമം.

45. അസ്തി സർവഗതം ശാന്തം പരമാർഥഘനം ശുചി
അചേത്യചിന്മാത്രവപുഃ പരമാകാശമാതതം.

സർവത്ര നിറഞ്ഞുതിങ്ങുന്ന പരമകാരണമായ ചിദാകാശം മാത്രമേ ഇവിടെ നിലവിലുള്ളൂ. അതു ശാന്തവും സത്യഘനവുമാണ്. കളങ്കം പുരളാത്തതും സങ്കൽപ്പരഹിതവുമാണ്. അതു ശുദ്ധബോധസ്വരൂപമാണ്. അതു സർവ വ്യാപിയാണ്, സർവ ശക്തിമത്താണ്, സർവാത്മകമാണ്, സ്വയം സർവവുമാണ്. എവിടെ എവിടെ സങ്കൽപ്പമെങ്ങനെയോ അവിടെയവിടെ അതങ്ങനെ. രാജാവേ, ഈ ലോകവ്യവഹാരം വെറും ഒരു കളിയാണെന്നുറപ്പിക്കാൻ വേണ്ടിയാണീസത്യം ഇങ്ങനെ വിവരിച്ചത്. അങ്ങേക്കു മംഗളം ഭവിക്കട്ടെ. കണ്ടതും കണ്ടിട്ടില്ലാത്തതും ഒക്കെ അറിയാവുന്ന ഞങ്ങളിതാ സ്ഥലം

digitized by www.sreyas.in

വിടുന്നു. വിദൂരഥനരുളിച്ചെയ്തു: "ദേവീ, എന്തുകാര്യവും നേടിത്തരാൻ കഴിവുള്ള അവിടത്തെ ദർശനം എനിക്കു വൃഥാവിലാകരുതല്ലോ. ഞാൻ ഈ ദേഹംവെടിഞ്ഞ് പദ്മനാമമുള്ള എന്റെ പൂർവദേഹത്തെ എന്നാണു പ്രാപിക്കാൻ ഇടവരുക"? അതെനിക്കു വ്യക്തമായി പറഞ്ഞുതരുക. ദേവി പറഞ്ഞു: ''രാജാവേ, ഈ യുദ്ധത്തിൽ അങ്ങേയ്ക്കുടനേ മരിക്കേണ്ടിവരും". തുടർന്നു പൂർവദേഹം പ്രാപിക്കാനും പൂർവരാജ്യം ഭരിക്കാനും ഇടവരും. അവരിങ്ങനെ മധുരസംഭാഷണം തുടർന്നുകൊണ്ടിരിക്കവേ സംഭ്രാന്തനായ ഒരാൾ കടന്നുവന്ന് ഇങ്ങനെ പറഞ്ഞു: "ദേവ, പട്ടിശം, ചക്രം, വാള്, പരിഘം, ഗദ എന്നീ ആയുധങ്ങളൊക്കെ വർഷിച്ചുകൊണ്ട് ഇതാ ഒരു മഹാസമുദ്രം ഇരമ്പിവരുന്നതുപോലെ ശത്രുസൈന്യം എത്തിക്കഴിഞ്ഞു. നഗരത്തിലാകമാനം പടർന്നുപിടിച്ച അഗ്നിജ്വാലകൾ പ്രാന്തപ്രദേശങ്ങളിലേക്കു വ്യാപിച്ചുകൊണ്ടിരിക്കുന്നു. പടർന്നുപിടിക്കുന്ന അഗ്നി ചട ചടാ സ്ഫോടനശബ്ദത്തോടുകൂടി മഹാ ഭവനങ്ങളെ നിലംപതിപ്പിച്ചുകൊണ്ടിരിക്കുന്നു. കൽപ്പാന്തമേഘങ്ങളെപ്പോലെ ആകാശം പുകപടലംകൊണ്ടു നിറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഗരുഡനെപ്പോലെ പുകക്കൂട്ടം അങ്ങിങ്ങു പറന്നുനടക്കുന്നു. സംഭ്രമത്തോടുകൂടി ആ പുരുഷൻ ഇങ്ങനെ പറഞ്ഞുനിൽക്കേ വെളിയിൽ പുരുഷൻമാരുടെ ആരവകോലാഹലം ദിഗന്തങ്ങളെ ഞെട്ടിച്ചുകൊണ്ടു മാറ്റൊലിക്കൊണ്ടു. നീട്ടിവലിച്ചു ശരവർഷംനടത്തുന്ന വില്ലുകളുടെ ഞാണൊലികൾ, കുതിച്ചുചാടിവരുന്ന മദയാനകളുടെ ഗർജനങ്ങൾ, കത്തിയെരിഞ്ഞുപൊങ്ങുന്ന അഗ്നിജ്വാലകളുടെ ചട ചട ധ്വനികൾ, തീയിൽ വെന്തെരിയുന്നവരുടെയും ബന്ധുക്കളുടെയും ഹാഹാ നിനാദങ്ങൾ എന്നിവകൊണ്ട് അന്തരീക്ഷം മുഴങ്ങി. ദേവിമാരും മന്ത്രിയും രാജാവായ വിദൂരഥനും ജനാലകളിൽകൂടി ശബ്ദായമാനമായ നഗരാന്തർഭാഗത്തേയ്ക്കു കണ്ണോടിച്ചു. പ്രളയക്കൊടുങ്കാറ്റുതട്ടി ഏഴു സമുദ്രങ്ങളും ഒന്നായി ഇളകിമറിഞ്ഞുവരുംപോലെ അവർക്കുതോന്നി. കൽപ്പാന്തമേഘങ്ങളെപ്പോലെ ശത്രുസൈന്യം നഗരത്തെവളഞ്ഞിരിക്കുന്നു. ആ മഹാനഗരം ആകാശംമുട്ടെയുയരുന്ന കൽപ്പാന്തവഹ്നിജ്വാല തട്ടി ഇളകിമറിയുന്ന മേരുപർവതംപോലെയോ മന്ദരപർവം പോലെയോ കാണപ്പെട്ടു. ഇടിനാദങ്ങൾപോലെയുള്ള ആർപ്പുവിളികളാലും ശത്രുസൈന്യങ്ങളുടെ കട്ടിപിടിച്ച പോർവിളികളാലും നഗരം ഭീഷണമായി അനുഭവപ്പെട്ടു. ഉയർന്നുപൊങ്ങുന്ന തീക്കൊള്ളികളാൽ ആകാശം ഇളകിമറിയുന്ന നക്ഷത്രങ്ങളെകൊണ്ടു നിറഞ്ഞതുപോലെ കാണപ്പെട്ടു. തീക്കനലുകളുടെ മധ്യത്തുചെന്നുവീഴുന്ന സ്ത്രീപുരുഷന്മാരുടെ ദീനരോദനം എങ്ങും മുഴങ്ങിക്കേട്ടു. ഇതിനിടയിൽ യൗവനമദം തുളുമ്പിനിൽക്കുന്ന രാജമഹിഷി സഖിമാരോടൊപ്പം ഭയവിഹ്വലയായി മുറിക്കകത്തുകടന്നുവന്നു. സഖിമാരിൽ ഒരുവൾ രാജാവിനെ അറിയിച്ചു: 'ദേവാ, ദേവി അന്തഃപുരത്തിൽ നിന്നും രക്ഷപ്പെട്ട് ഇതാഇവിടെ ഓടിയെത്തിരിക്കുന്നു. ആയുധമേന്തിയ ശത്രുഭടന്മാർ അന്തഃപുരത്തിലെ കാവൽക്കാരെയൊക്കെ അടിച്ചവശരാക്കിക്കഴിഞ്ഞു. ദൂരെനിന്നും തടവുകൂടാതെ എത്തിച്ചേർന്ന ശത്രുസൈന്യം നമ്മുടെ കൊട്ടാരത്തെ കീഴ്പ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു'. ഇതുകേട്ടു രാജാവ് യുദ്ധത്തിനു പുറപ്പെടാനൊരുങ്ങി. ദേവിമാരെനോക്കി ഇങ്ങനെ പറഞ്ഞു: 'ദേവിമാരേ, എന്റെ ഈ ഭാര്യയെ ഞാൻ നിങ്ങളെ ഏൽപ്പിക്കുന്നു; രക്ഷിച്ചാലും. ഒരുവണ്ടു താമരപ്പൂവിനെയെന്നപോലെ നിങ്ങളുടെ പാദപദ്മങ്ങളെ ഇവൾ ആശ്രയിക്കുന്നു'. ഇങ്ങനെപ

digitized by www.sreyas.in

റഞ്ഞ് കോപാകുലിതലോചനനായ രാജാവ് മദയാനകൾ അടിച്ചുതകർത്ത കാട്ടിൽ നിന്നും സിംഹമെന്നപോലെ കൊട്ടാരത്തിൽനിന്നും യുദ്ധക്കളത്തിലേയ്ക്കുപാഞ്ഞു. ലീല തികച്ചും തന്നെപ്പോലെ രൂപസാമ്യമുള്ള മറ്റൊരു ലീലയെ മുൻപിൽകണ്ടു. സുന്ദരിയായ തന്നെത്തന്നെ കണ്ണാടിയിൽ പ്രതിബിംബിച്ചു കാണുംപോലെ. പഴയലീല ദേവിയോടു ചോദിച്ചു: 'ദേവി, ഇതെന്താശ്ചര്യമാണു പറയൂ. ഇവൾ ഞാൻ തന്നെയല്ലേ? മുൻപു ഞാനായി ജനിച്ച ഞാൻ ഇപ്പോഴെങ്ങനെ ഇവളായി?'.

ദേവി അരുളി ചെയ്തു: 'ലീലേ, നിന്റെ ഭർത്താവു മരിക്കുമ്പോൾ ഉള്ളിൽ ഏതേതു സങ്കൽപ്പങ്ങൾ പുലർത്തിയിരുന്നുവോ അതാതു സങ്കൽപ്പങ്ങൾക്കനുരൂപങ്ങളായ കാഴ്ചകൾ തുടർന്നുള്ള ശരീരത്തിൽ അദ്ദേഹം കാണാനിടയായി. സംശയമില്ലാതെ നേരത്തെ ആവർത്തിച്ചുറപ്പിച്ചു വച്ചിരുന്ന രൂപങ്ങൾ എന്തൊക്കെയാണോ അവതന്നെ തുടർന്നുള്ള ജന്മത്തിൽ ചിത്തമാകുന്ന കണ്ണാടിയിൽ പ്രതിബിംബിക്കാനിടയായി. വ്യവഹാരവേളയിൽ സംശയമില്ലാതെ അനുഭവിക്കുന്നവ കൽപ്പിതങ്ങളാണെന്നെങ്ങനെ പറയാൻ കഴിയും? കഴിയുമല്ലോ. സ്വപ്നത്തിൽ സംശയമില്ലാതെ അനുഭവിച്ചത് ജാഗ്രത്തിൽ ഇല്ലാതാകുന്നല്ലോ. ജാഗ്രത്തിൽ സംശയമില്ലാതെ അനുഭവിച്ചത് സ്വപ്നത്തിൽ ഇല്ലാതാകുന്നല്ലോ. മരണത്തിനുമുൻപു സംശയമില്ലാതെ അനുഭവിച്ചത് വീണ്ടുമുള്ള ജനനത്തിൽ ഇല്ലാതാകുന്നല്ലോ. ജനനത്തിൽ സംശയമില്ലാതെ അനുഭവിച്ചത് മരണത്തോടെ ഇല്ലാതാകുന്നല്ലോ. ദൃശ്യങ്ങൾ കൽപ്പിതങ്ങളാണെന്നുള്ളതിന് ഈ അനുഭവങ്ങളെല്ലാം സ്പഷ്ടമായ തെളിവല്ലേ. അതുകൊണ്ട് ഈ ജഗദ്ദൃശ്യങ്ങളെ ഉള്ളതെന്നോ ഇല്ലാത്തതെന്നോ പറയുകവയ്യ. ചിലപ്പോൾ സംശയമില്ലാതെ അനുഭവിക്കുന്നതു കൊണ്ടു തീരെ ഇല്ലാത്തതെന്നും പറയുകവയ്യ. അൽപ്പം കഴിഞ്ഞ് ഇല്ലാതാകുന്നതുകൊണ്ട് ഉള്ളതെന്നും പറയുകവയ്യ. ഇങ്ങനെയുള്ള അനുഭവങ്ങളെയാണു വെറും ഭ്രമങ്ങളെന്നു പറയുന്നത്. ചിലതൊക്കെ നേരത്തേയുള്ള അനുഭവങ്ങളുടെ തുടർച്ചയായിരിക്കും. പുതിയ സങ്കൽപ്പങ്ങൾക്കനുസരണമായി ചിലതൊക്കെ പുതിയ അനുഭവങ്ങളായിരിക്കും. ചിലതൊക്കെ തുല്യാനുഭവങ്ങൾ; ചിലതൊക്കെ ഭിന്നാനുഭവങ്ങൾ. സങ്കൽപ്പമെങ്ങനെയോ ഭ്രമം അങ്ങനെ; ഇതാണു ഭ്രമനിയമം. കണ്ടില്ലേ, നിന്റെ ഭർത്താവിന്റെ സങ്കൽപ്പമനുസരിച്ചു നിന്നെപ്പോലെയുള്ള ഈ പുതിയ ലീല പ്രതിബിംബം പോലെ രൂപം കൊണ്ടത്. നിനക്കുതുല്യമായ ശീലം, തുല്യമായ ആചാരം, തുല്യമായ കുലം, തുല്യമായ ദേഹം, തുല്യമായ ഭർതൃപ്രേമം; എല്ലാം തുല്യം. അല്ലയോ സുന്ദരീ, നിന്റെ ഭർത്താവായ ഈ വിദൂരഥൻ ഇപ്പോഴത്തെ യുദ്ധത്തിൽ ഈ ശരീരം വെടിയും. തുടർന്നു നീ അന്തഃപുരത്തിൽ സൂക്ഷിച്ചിരിക്കുന്ന ദേഹത്തിൽ പ്രവേശിക്കും. അങ്ങനെ വീണ്ടും പത്മനൃപതിയായി ഭവിക്കും.'

ഇത്രയുമായപ്പോഴേയ്ക്കും പുതിയ ലീല ദേവിയുടെ മുൻപിൽ കൂപ്പുകൈയോടെ വിനയാന്വിതയായിനിന്നു അഭ്യർഥിച്ചു: 'ദേവി, ഞാൻ ജ്ഞാനദേവതയെ ഭക്തിപൂർവം ദിവസേന അർപ്പിച്ചു പ്രസാദിപ്പിക്കുകയുണ്ടായി. ഞാൻ ഏതു ദേവിയെയാണോ കണ്ടത് അതേ ദേവി തന്നെയാണല്ലോ അവിടുന്ന്. അതുകൊണ്ട് അനുകമ്പാർഹയായ എനിക്ക് കാരുണ്യപൂർവം അമ്മ ഒരു വരം തരണം. ഈ യുദ്ധത്തിൽ ദേഹം വെടിഞ്ഞു എന്റെ ഭർത്താവ് എവിടെയെത്തുമോ അവിടെ അദ്ദേഹത്തിന്റെ ഭാര്യയായി എനിക്കും എത്തി

digitized by www.sreyas.in

ച്ചേരാൻ കഴിയണം'. 'അങ്ങനെയാവട്ടെ' എന്നു ദേവി അനുവദിച്ചു. ഉടനെ പഴയ ലീല ചോദിച്ചു: 'അമ്മേ, ഗിരിഗ്രാമത്തിൽ ഞാൻ ഒരു ബ്രഹ്മണപത്നിയായിരുന്നല്ലോ. ആ ശരീരത്തോടുകൂടിത്തന്നെ ഞാൻ എന്തുകൊണ്ട് ഇവിടെ വീണ്ടും വന്നുചേർന്നില്ല?'.

ദേവി മറുപടി നൽകി: 'അല്ലയോ സുന്ദരീ, ഞാൻ ഒന്നും എന്റെ ഇഷ്ടമനുസരിച്ചല്ല നടത്താറ്. എല്ലാം ഓരോരുത്തർക്കും അവരവരുടെ സങ്കൽപ്പമനനുസരിച്ചു സംഭവിക്കുന്നു. ഗിരിഗ്രാമത്തിൽ വച്ചു നിന്റെ ഭർത്താവും നീയും രാജപദവി സങ്കൽപ്പിച്ചു. അങ്ങനെ പദ്മരാജാവും ലീലയുമായി പിറന്നു. തുടർന്നു നീ എന്നോടു മുക്താവസ്ഥ സങ്കൽപ്പിച്ചു ചോദിച്ചു. ഞാൻ അതിനു വഴിതെളിച്ചു. ഇതാ ഇവിടെ ഈ ലീല ഇങ്ങനെ ചോദിക്കുന്നു. അവൾക്കതു നൽകി. നമ്മുടെ അനുഗ്രഹം മനുഷ്യരിൽ ഇങ്ങനെയാണു ഫലപ്രദമാകുന്നത്.

വസിഷ്ഠൻ തുടർന്നു: 'വിദൂരഥൻ കൊട്ടാരത്തിൽ നിന്നും പരിവാരസമേതനായി രത്നാഭരണവിഭൂഷിതനായി രണാങ്കണത്തിലേക്കു പുറപ്പെട്ടു. പർവതശൃംഗം പോലെ വിളങ്ങുന്ന രത്നവിഭൂഷിതമായ ഒരുത്തമ രഥത്തിൽ ആരൂഢനായി. തുടർന്നു ഉച്ചത്തിലുള്ള ഇടിനാദം പോലെ പർവതഭിത്തികളിൽ ചെന്നുതട്ടി പ്രതിധ്വനിക്കുന്ന പെരുമ്പറഘോഷം മുഴങ്ങി. കിങ്കിണി ജാലങ്ങളുടെ മുഴക്കം, ആയുധ സംഘട്ടനങ്ങളുടെ ടംകാരനാദം, വില്ലുകളുടെ ഞാണൊലി, അമ്പുകളുടെ സീൽക്കാരശബ്ദം, ഭടൻമാരുടെ പോർവിളി, ബന്ദികളുടെ മുറവിളി ഇവ ഇടതിങ്ങി അന്തരീക്ഷം പാറപോലെ ഘനീഭവിച്ചു. പത്തു ദിഗന്തങ്ങളിലും മാറ്റൊലിക്കൊണ്ട ശബ്ദഘോഷം കൈകൊണ്ടു പിടിച്ചെടുക്കത്തക്കവണ്ണം കട്ടിപിടിച്ചതായിരുന്നു. ആകാശത്തെ മൂടിമറച്ചുകൊണ്ടു പൊടിപടലം ഇളകി ഉയർന്നു. മൂർഖതയ്ക്ക് യൗവനം കൊണ്ടെന്നപോലെ പൊടിപടലം കൊണ്ട് ഇരുട്ടിനു കട്ടികൂടി.

മന്ദരപർവതം പാലാഴിയിലേക്കു കടന്നു ചെല്ലും പോലെ വിദൂരഥൻ ശത്രുസൈന്യത്തിലേക്കു കടന്നുചെന്നു. ആയുധസംഘട്ടനങ്ങളിലെ തീജ്വാലകൾ തീക്കൊള്ളികൾ പോലെ ജ്വലിച്ചു. ബാണവർഷങ്ങൾ ചൊരിഞ്ഞു വീരവാരിദങ്ങൾ ഇടിമുഴക്കങ്ങളുതിർത്തു. കഴുകന്മാരെപ്പോലെ ആയുധങ്ങൾ വീരശരീരങ്ങളിൽ ചെന്നുപതിച്ചു. ആയുധങ്ങളുടെ കൂട്ടിയുരുമ്മലുകൾ അന്തരീക്ഷത്തിൽ പടപടാരവം ഉയർത്തി. കബന്ധങ്ങൾ അടർക്കളത്തിൽ നൃത്തമാടി. പൊടിപടലമുണ്ടാക്കിയ ഇരുട്ട് ആയുധ സംഘട്ടനങ്ങളിൽ നിന്നുമുണ്ടായ തീജ്വാലകളിൽ ഒഴിഞ്ഞുമാറി. മരണം നിശ്ചയിച്ചുറച്ചു കൊണ്ടു യുദ്ധത്തിൽ മാത്രം ഏകാഗ്രപ്പെട്ട വീരഭടന്മാർ ശബ്ദകോലാഹലം അവസാനിപ്പിച്ചു സംഭ്രമമില്ലാതെ യുദ്ധമാരംഭിച്ചു. സീൽകാരശബ്ദത്തോടെ ശരങ്ങൾ ചീറിപ്പാഞ്ഞു. ആയുധ വിശേഷങ്ങൾ ഏറ്റുമുട്ടുന്ന ടകിടകി ധ്വനികളും കണകണ നാദങ്ങളും എങ്ങും മുഴങ്ങിക്കേട്ടു. ആ ഘോരസമരസമുദ്രം ദുസ്തരമെന്നേ പറയേണ്ടൂ.

സമരം നടന്നുകൊണ്ടിരിക്കേ രണ്ടു ലീലമാരും ചേർന്നു ദേവിയോടിങ്ങനെ ചോദിച്ചു: 'അമ്മേ, ആനകൾ വിരണ്ടോടുന്ന ഈ രണസമുദ്യമത്തിൽ അമ്മയുടെ കാരുണ്യം കൊണ്ടു യാദൃച്ഛികമായി ഞങ്ങളുടെ ഭർത്താവു ജയിക്കാനിടയായാലോ?'

ദേവി മറുപടി നൽകി: 'അതു സാദ്ധ്യമല്ല. പുത്രിമാരേ, വിദൂരഥശത്രു

digitized by www.sreyas.in

വിജയം വാഞ്ഛിച്ചുകൊണ്ട് എന്നെ ചിരകാലം ആരാധിച്ചു. വിദൂരഥൻ അങ്ങനെ ചെയ്തിട്ടില്ല. അതുകൊണ്ടു ശത്രു തന്നെ ജയിക്കും. വിദൂരഥനു ജയം സാദ്ധ്യമല്ല. വിദൂരഥനാകട്ടെ എന്നിൽ നിന്നും മോക്ഷമാണു കൊതിച്ചത്. അതുകൊണ്ടു ക്രമേണ അയാൾക്കതുകിട്ടും. ആർക്കെന്തു സങ്കൽപ്പമോ അതുഫലിക്കും. വിദൂരഥന്റെ ഈ ശത്രു ജയിച്ചു രാജ്യം ഭരിക്കും.'

വസിഷ്ഠൻ തുടർന്നു: 'ആശ്ചര്യകരമായ മഹായുദ്ധം കാണാൻ കൊതിച്ചിട്ടെന്ന പോലെ ഉദയാചലത്തിൽ സൂര്യഭഗവാൻ പ്രത്യക്ഷപ്പെട്ടു. നീലാഞ്ജന സമുദ്രത്തിൽ നിന്നും പൊക്കിയെടുത്തതു പോലെ ലോകം വിരാജിച്ചു. സ്വർണക്കമ്പികൾ വന്നുപതിക്കുന്നതുപോലെ രവികിരണങ്ങൾ ഭൂമണ്ഡലത്തെ തഴുകി. ഇതിനിടയിൽ മിക്കവാറും സൈനികർ മരിച്ചു കഴിഞ്ഞിരുന്നു. രണാങ്കണം അൽപ്പസൈനികരെക്കൊണ്ടു ശൂന്യം പോലെ കാണപ്പെട്ടു. വിദൂരഥൻ തലയുയർത്തി നിൽക്കുന്ന തന്റെ ശത്രുവായ സിന്ധു രാജാവിനെ ഞാണൊലി മുഴക്കുന്ന വില്ലുകുലച്ചു സമീപിച്ചു. മേരുപർവത സാനുവിൽ പ്രളയക്കൊടുങ്കാറ്റു വന്നടിക്കും പോലെ വിദൂരഥൻ ശത്രുവിനു നേരേ ആഞ്ഞടിച്ചു. തുളച്ചുകയറാൻ കരുത്തുള്ള മൂർച്ചയേറിയ അമ്പുകൾ തുരുതുരെ തൊടുത്തുവിട്ടു. സിന്ധുരാജാവാകട്ടെ അതിലാഘവത്തോടെ പ്രതിശരങ്ങളയച്ച് അവയെ പരാജയപ്പെടുത്തി. ഇങ്ങനെ സമരരംഗത്ത് അൽപ്പനേരത്തെ കളികളിച്ചശേഷം മഹാബാഹുവായ സിന്ധുരാജാവ് ബാണവർഷം കൊണ്ടു വിദൂരഥനെ വിവശനാക്കി. കൊടിമരം മുറിഞ്ഞു താഴെ വീണു, രഥം ഛിന്നഭിന്നമായി, കുതിര കുഴഞ്ഞുവീണു, സാരഥി തളർന്നു നിലംപതിച്ചു, വില്ല് ഒടിഞ്ഞു നഷ്ടമായി, കവചം കീറിമുറിഞ്ഞു, ദേഹം മുഴുവൻ മുറിപ്പെട്ടു. വിസ്താരമേറിയ പാറപ്പുറം പോലെ ഉറപ്പുറ്റ മാർവിടത്തിൽ വജ്രസമാനങ്ങളായ ബാണങ്ങളെയ്തു സിന്ധുരാജാവ് വിദൂരഥനെ നിലംപതിപ്പിച്ചു. 'ശത്രു നമ്മുടെ രാജാവിനെ വധിച്ചു; എന്നു നിലവിളി മുഴങ്ങി. രാജ്യവാസികളാകെ ദുഃഖാർത്തരായി. അവശേഷിച്ച ഭാണ്ഡങ്ങളും ഉപകരണങ്ങളും പേറി സൈനികർ വാഹനങ്ങളിൽ തിരിഞ്ഞോടി. നഗരവാസികൾ പുത്രകളത്രാദികളുമൊരുമിച്ചു നിലവിളിച്ചു കൊണ്ടോട്ടം തുടങ്ങി. ഇതിനിടയിൽ രാജ്ഞി ലീല ദേവിയോടിങ്ങനെ പറഞ്ഞു: അമ്മേ, ഭർത്താവിതാ അന്ത്യശ്വാസം വലിക്കുന്നു. അദ്ദേഹം ഉടനെ ശരീരം വിടുമെന്നു തീർച്ച. ഞാനുമിതാ ഭർത്താവിനെ പിൻതുടരുന്നു. ദേവി എന്നിൽ പ്രസന്നയാകണം. ഇങ്ങനെ പറഞ്ഞ് ദേവിയെ ധ്യാനിച്ചുകൊണ്ട് അവൾ ഒരു പക്ഷിണിയെപ്പോലെ ആകാശത്തേക്കു പറന്നുയർന്നു. മേഘമാർഗം, വായുമാർഗം, നക്ഷത്രമാർഗം ഇവ പിന്നിട്ടു ബ്രഹ്മാവിന്റെ ലോകവും കടന്ന് ബ്രഹ്മാണ്ഡത്തിന്റെ മേൽക്കൂരയിലെത്തി. ബ്രഹ്മാണ്ഡത്തിന്റെ മേൽക്കൂര ഭേദിച്ച് ജലമയമായ ഒരാവരണം വഴി പുറത്തുകടന്നു. മറുകര കാണാനില്ലാത്ത മഹാബോധാകാശം. നൂറുനൂറു കോടി കൽപ്പങ്ങൾ കൊണ്ടു ഗരുഡനുപോലും പറന്നെത്താൻ കഴിയാത്ത വണ്ണം അനന്തകോടി ബ്രഹ്മാണ്ഡങ്ങളെക്കൊണ്ട് നിറഞ്ഞു തിങ്ങുന്ന മഹാചിദ്ഗഗനം. ഒരു മഹാവനത്തിലെ കായ്കൾ പോലെ ബ്രഹ്മാണ്ഡങ്ങൾ പരസ്പരം അറിയാതെ വർത്തിക്കുന്നു. അവിടെ ഒരു നഗരത്തിൽ വലിയൊരു മറപൊളിച്ച് അകത്തു കടന്നതോടെ പദ്മരാജാവിന്റെ കൊട്ടാരത്തിലെത്തിച്ചേർന്നു. ദേവിയുടെ പ്രസാദംകൊണ്ടനുഗൃഹീതമായ ലീല അവിടെ ഒരു മുറിയിൽ പൂവിൽ പൊതിഞ്ഞു വച്ചിരിക്കുന്ന മൃതശരീരം

digitized by www.sreyas.in

കണ്ടെത്തി അതിനരികിൽ നിലയുറപ്പിച്ചു. അപ്പോഴേയ്ക്കും ഹൃദയത്തിൽ വ്യക്തമായി ഇങ്ങനെ ഒരു ചിന്ത സ്ഫുരിച്ചു. ഇദ്ദേഹമായിരിക്കും എന്റെ വീരാഗ്രണിയായ പതിയാകാൻ പോകുന്നത്. ദേവിയുടെ അനുഗ്രഹം കൊണ്ട് എനിക്കു നേരത്തെ ഇവിടെ എത്തിച്ചേരാൻ കഴിഞ്ഞു. ഇങ്ങനെ ചിന്തിച്ച് യൗവനലോലയായ ലീല അടുത്തിരുന്ന ചാമരമെടുത്തു രാജശരീരത്തെ വീശാൻ തുടങ്ങി. രാമാ, ഇതൊക്കെ യുക്തിയുക്തമാണോ എന്നു ചോദിക്കരുത്. ഇവിടെ പുറമേ നോക്കി എത്ര വലിയ ചിന്തകനും ഒരു മണൽ തരിയുടെ എങ്കിലും രഹസ്യം യുക്തികൊണ്ടു കണ്ടെത്താൻ കഴിയുമോ? ഭ്രമരൂപമായ ജഗത്തിൽ ഭ്രമാത്മകമായി എന്തും അനുഭവപ്പെടാം. ഇവിടെ അനുഭവം തന്നെയാണ് യുക്തി. ഭ്രമം പോയാൽ ശുദ്ധാനുഭവം. അതു സത്യം.

ഇതിനിടയിൽ യുദ്ധക്കളത്തിൽ മരിച്ചുവീണ രാജാവിന്റെ ജീവൻ ആകാശത്തേക്കുയർന്നു പോകുന്നതു ദേവിമാർ കണ്ടു. തുടർന്നു ആ ജീവകലയും രണ്ടു ദേവിമാരും ആകാശം വഴി ശീഘ്രഗതിയിൽ യാത്രയാരംഭിച്ചു. ജീവനു ദേവിമാരെ കാണാൻ കഴിയുമായിരുന്നില്ല. ജീവനെ പിൻതുടർന്നു അവരെല്ലാം പല സൃഷ്ടിമണ്ഡലങ്ങൾ കടന്ന് പദ്മരാജാവിന്റെ കൊട്ടാരത്തിലെത്തി ലീലയുടെ അന്തഃപുരമണ്ഡപത്തിലേക്കു കടന്നു. ദേവിമാർ നേരത്തേ തന്നെ എത്തി ശവമഞ്ചത്തിന്റെ അരികിലായി സ്ഥാനമുറപ്പിച്ചിരുന്ന ലീലയെ ദർശിച്ചു. സരസ്വതീദേവി വിദൂരഥ ജീവനെ അൽപ്പനേരത്തേക്കു ശവശരീരത്തിലേക്കു കടക്കാൻ അനുവദിക്കാതെ സങ്കൽപ്പംകൊണ്ടു നിരോധിച്ചു. പദ്മപത്നിയായ പഴയ ലീലയാകട്ടെ തന്റെ ശരീരം അവിടെയെങ്ങും കണ്ടില്ല. ശരീരം എന്തുചെയ്തു എന്നവർ ദേവിയോടു ചോദിച്ചു. ദേവി പറഞ്ഞു: കേട്ടോളൂ; നീ ഭർത്തൃസമീപത്തേക്കു പോകാൻ വേണ്ടി സമാധിയിൽ ലീനയായി. ജീവൻ ശരീരത്തിൽ നിന്നും വേർപെട്ടു. ഉണങ്ങിയ തളിരുപോലെ ദേഹം ജീവനില്ലാതെ നിലംപതിച്ചു. തടിക്കഷണംപോലെ അതു തണുത്തു മരവിച്ചു. തുടർന്നു മന്ത്രിമാരെത്തി രാജ്ഞി മരിച്ചുപോയി എന്നു തീരുമാനിച്ചു. ചിതകൂട്ടി ചന്ദനവിറകിട്ടു നെയ്യൊഴിച്ചു ദഹിപ്പിച്ചു. ഇപ്പോൾ അവർ നിന്നെ ഇവിടെ ദേഹത്തോടു കൂടി കാണുകയാണെങ്കിൽ നീ പരലോകത്തുനിന്നും വന്നിരിക്കുകയാണെന്നു കരുതി വിസ്മയഭരിതരാകും. നിനക്കിപ്പോൾ സങ്കൽപ്പമാത്രരൂപമായ ആതിവാഹിക ദേഹം മാത്രമേയുള്ളൂ. പക്ഷെ നീ സങ്കൽപ്പിച്ചാൽ യോഗബലം കൊണ്ടു നിന്നെ മറ്റുള്ളവർക്കു കാണാൻ കഴിയും. വാസന ശമിച്ചതുമൂലം നിനക്കിനി ആതിവാഹിക ദേഹത്തിൽ തന്നെ തുടർന്നു വർത്തിക്കാൻ കഴിയും. സങ്കൽപ്പം കൊണ്ട് ആധിഭൗതികദേഹം മറ്റുള്ളവരുടെ മുൻപിൽ പ്രദർശിപ്പിക്കാനും കഴിയും. ലീലേ, വരൂ സങ്കൽപ്പം കൊണ്ടു നമുക്കു നമ്മെ ഇവിടെ പ്രകടമാക്കാം. ഈ ലോകവ്യവഹാരലീല തുടരട്ടെ. ഞങ്ങളെ ഈ ലീല ഇവിടെ പ്രത്യക്ഷമായി കാണുമാറാകട്ടെ എന്ന് ജ്ഞാനദേവത സങ്കൽപ്പിച്ചു. അവരെ കണ്ടമാത്രയിൽതന്നെ വിദൂരഥപത്നിയായ ലീല സംഭ്രമത്തോടെ എണീറ്റു നമസ്കരിച്ചു. എല്ലാവരും ആസനങ്ങളിൽ ഇരിപ്പുറപ്പിച്ചു.

ജ്ഞാനദേവത പറഞ്ഞു: 'ലീലമാരേ, നമുക്കു രാജാവിനെ ശവതൽപ്പത്തിൽ നിന്നും എഴുന്നേൽപ്പിക്കാം! ഇങ്ങനെ പറഞ്ഞു ദേവി തടസ്സം മാറ്റി ജീവനെ നിയോഗിച്ചു. പ്രാണബിന്ദുവായി ചലിച്ചിരുന്ന ജീവൻ നേരെ മൃതശരീരത്തിന്റെ നാസാദ്വാരത്തെ സമീപിച്ചു. ഒരു മുളങ്കുഴലിൽ കാറ്റുകടക്കു

digitized by www.sreyas.in

ന്നതുപോലെ ജീവൻ നാസാദ്വാരത്തിൽ പ്രവേശിച്ചു. ജീവൻ അകത്തുകട ന്നതോടെ രാജാവിന്റെ മുഖം പ്രകാശമയമായി. അവയവങ്ങൾക്കെല്ലാം പുതിയ ശോഭ പകർന്നു. സാവധാനം മനോഹരങ്ങളും മൃദുക്കളുമായ അവ യവങ്ങൾ ചലിച്ചു തുടങ്ങി. രാജാവു കണ്ണു രണ്ടും തുറന്നു ചുറ്റും നോക്കി, വിന്ധ്യപർവതം ഉയർത്തെഴുന്നേല്ക്കുന്നതുപോലെ ദേഹമുയർത്തി രാജാ വെഴുന്നേറ്റു. 'ആരവിടെ' എന്നു ഘനഗംഭീരസ്വരത്തിൽ ചോദിച്ചു. രണ്ടു ലീല മാരും അടുത്തുചെന്ന് 'എന്താണു വേണ്ടത്' എന്നാരാഞ്ഞു. അവരെ നോക്കി യിട്ട് 'നീയാര്, ഇവളാര്' എന്നിങ്ങനെ രാജാവു ചോദ്യമാരംഭിച്ചു. അദ്ദേ ഹത്തോടു ലീല പറഞ്ഞു: ദേവാ, ഞാൻ ലീല, അങ്ങയുടെ ആദ്യ ഭാര്യ. ഇവൾ അങ്ങയുടെ ദ്വിതീയ ഭാര്യ, ലീല, ഞാൻ തന്നെ അങ്ങേക്കുവേണ്ടി പ്രതിബിംബരൂപം കൈക്കൊണ്ടെത്തിയവളാണിവൾ. അങ്ങയുടെ തലയ്ക്കൽ സ്വർണാസനത്തിലിരിക്കുന്നത് ത്രൈലോക്യ ജനനിയായ ദേവി സരസ്വതി; ഇതുകേട്ടു രാജാവു ചാടിയെണീറ്റു ദേവിയുടെ പദാബ്ജങ്ങൾ വണങ്ങി. ദേവി രാജാവിനെ കൈകൊണ്ടു സ്പർശിച്ചിട്ടിങ്ങനെ പറഞ്ഞു: 'എല്ലാ ആപത്തു കളും പാപചിന്തകളും നിങ്ങളിൽനിന്നു വിട്ടു പോകാനിടവരട്ടെ; അനന്ത സുഖം വന്നു ചേരട്ടെ; നിത്യ സന്തോഷം നിലനിൽക്കുമാറാകട്ടെ; പ്രജകൾ സ്ഥിരബുദ്ധികളായി ഭവിക്കട്ടെ; മഹാന്മാർ എന്നും കൂട്ടിനുണ്ടാകട്ടെ; ഇങ്ങനെ ആശംസിച്ചിട്ടു ദേവി മറഞ്ഞു. ജയജയഘോഷം സർവത്ര മാറ്റൊലിക്കൊണ്ടു. സന്തോഷവും സമൃദ്ധിയും രാജകൊട്ടാരത്തിൽ കളിയാടി. മന്ത്രിമാരും ബ്രാഹ്മണരും സാമന്തന്മാരും ചേർന്നു പദ്മനെ രാജാവായി അഭിഷേകം ചെയ്തു. രണ്ടു ലീലമാരും രാജാവും ക്രമേണ ജീവന്മുക്തരായി ഭവിച്ചു. പൂർവ കഥകൾ പറഞ്ഞും രമിച്ചും ആനന്ദത്തോടെ ദിവസങ്ങൾ കഴിച്ചു കൂട്ടി. പൂർണ ജ്ഞാനിയായി ഉണർവുറ്റ രാജാവ് രണ്ടു ലീലമാരോടും കൂടി അങ്ങനെ എണ്ണൂറു കൊല്ലം രാജ്യം ഭരിച്ചു. ജീവന്മുക്താവസ്ഥ വെടിഞ്ഞു ശുദ്ധബോധ സ്വരൂപികളായി അവർ വിദേഹമുക്തിയെ പ്രാപിച്ചു. രാമാ, ശുദ്ധബോധ സ്വരൂ പമായ അദ്വയ സത്യം അനുഭവിച്ചറിയുന്നതുവരെ പുറമേ നിന്നന്വേഷിക്കുന്ന ആർക്കും ഈ പ്രപഞ്ചാനുഭവത്തിന്റെ രഹസ്യം യുക്തിക്കു പിടികിട്ടുകയേ ഇല്ല. സത്യം അനുഭവപ്പെട്ടു കഴിയുമ്പോൾ പിന്നെ അതുമാത്രമേയുള്ളു; പ്രപഞ്ചം ഇല്ല. അതുകൊണ്ടുതന്നെ പ്രപഞ്ച രഹസ്യം അറിയേണ്ട ആവ ശ്യവും വരുന്നില്ല. ഇതാണു ലീലോപാഖ്യാനം വെളിപ്പെടുത്തുന്ന വിസ്മയ കരമായ സത്യസ്ഥിതി.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തി പ്രകരണേ*
*ലീലോപാഖ്യാനം നാമ*
*ദ്വിതീയഃ സർഗഃ*

### സർഗം. 3

## സൂച്യുപാഖ്യാനം

വസിഷ്ഠൻ തുടർന്നു: 'രാമാ, ദൃശ്യം സത്യമാണെന്ന തോന്നലാണു ദുഃഖ മുണ്ടാക്കുന്ന മനോദോഷം. അതു മാറിക്കിട്ടാനാണു ഞാൻ ലീലോപാഖ്യാനം

digitized by www.sreyas.in

വിവരിച്ചത്; ജഗത്തു സത്യമെന്ന ചിന്ത ഉപേക്ഷിക്കൂ. തടിച്ചുകാണപ്പെടുന്ന ഇല്ലാത്ത ജഗത്തിനെ ഉണ്ടെന്നു തോന്നിപ്പിക്കുന്ന നിർമലമായ ബോധം അഥവാ ബ്രഹ്മം മാത്രമേ ഇവിടെ നിലവിലുള്ളൂ. വായു, അഗ്നി, സൂര്യൻ, യമൻ, ഇന്ദ്രൻ തുടങ്ങിയ ലോകപാലകന്മാർ പോലും ബോധസ്വരൂപനായ ആ ദേവനെ ഭയന്നാണു സ്വകൃത്യങ്ങൾ ശ്രദ്ധാപൂർവം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നിലയിൽ ആ ദേവൻ ഭീഷണനാണ്. എന്നാൽ നേരിട്ടു കണ്ടെത്തിയിട്ടുള്ളവർക്ക് ആ ദേവൻ കേവലാനന്ദസ്വരൂപമാണ്.

46. തസ്യ യത് സമമാപൂർണം ശുദ്ധ സത്യമചിഹ്നിതം
തദ്വിദാമപ്യ നിർദേശ്യം തച്ഛാന്തം പരമം പദം.

തസ്യ-സത്യം അനുഭവിക്കുന്നയാളിന്; യത്-യാതൊന്നാണോ; സമം ആപൂർണം-തുല്യമായി സർവത്ര നിറഞ്ഞിരിക്കുന്നത്; ശുദ്ധസത്യം-ശുദ്ധ ഉണ്മയായി അനുഭവപ്പെടുന്നത്; അചിഹ്നിതം-ഒരു കളങ്കവും പുരളാത്തത്; തദ്വിദാം അപി അനിർദേശ്യം-അനുഭവിക്കുന്നവർക്കുപോലും പറഞ്ഞറിയിക്കാൻ പറ്റാത്തത്; തത്-ആ സത്യം; ശാന്തം പരമം പദം-ശാന്തമായ പരമപദമായി അനുഭവപ്പെടുന്നു.

സത്യം അനുഭവിക്കുന്നയാളിനു യാതൊന്നാണോ തുല്യമായി സർവത്ര നിറഞ്ഞിരിക്കുന്നത്, ശുദ്ധ ഉണ്മയായി അനുഭവപ്പെടുന്നത്, ഒരു കളങ്കവും' പുരളാത്തത്, അനുഭവിക്കുന്നവർക്കുപോലും പറഞ്ഞറിയിക്കാൻ പറ്റാത്തത് ആ സത്യം ശാന്തമായ പരമപദമായി അനുഭവപ്പെടുന്നു.

**തച്ഛാന്തം പരമം പദം**

ബ്രഹ്മാനുഭവം സുലഭമാണ്, എളുപ്പമാണ്. ലൗകികമായ സ്വധർമാചരണത്തിൽ ഏർപ്പെട്ടിരിക്കവേ തന്നെ ആർക്കും ഇതുനേടാം. കർമത്തോടൊപ്പം ബ്രഹ്മസ്വരൂപ വിചാരം കൂടി കൂട്ടിച്ചേർത്താൽ മതി. അതെങ്ങനെ? പറയാം. മനുഷ്യജീവിതത്തിൽ നേടിയെടുക്കേണ്ട പരമലക്ഷ്യമാണു ബ്രഹ്മം; അതാണു പരമപദം. ആദ്യമായി ഈ ലക്ഷ്യം മറക്കാതെ ഓർമിക്കുക. തുടർന്നു ബ്രഹ്മസ്വരൂപം വിചാരം ചെയ്യുക. ബ്രഹ്മം അത്യന്തം ശാന്തമാണ്. മനസ്സിന്റെ ചഞ്ചലത കുറയുന്നതാണു ശാന്തി. ശാന്തമാകുന്ന മനസ്സ് സ്വതേ തന്നെ ബ്രഹ്മത്തിലെത്തും; ഇതാണു നിയമം. കർമരംഗത്തു നിൽക്കുമ്പോൾ എങ്ങനെയാണു മനസ്സിനെ ശാന്തമാക്കുക? ഫലചിന്തയുടെ സ്ഥാനത്ത് ഈശ്വരചിന്ത ഉറപ്പിക്കുക. ഫലം അനുകൂലമായാലും പ്രതികൂലമായാലും മനസ്സിന്റെ സമനിലയെന്ന യോഗം അഭ്യസിക്കുക. കർമരംഗത്തു മനസ്സിനെ ശാന്തമാക്കാനുള്ള പ്രധാനാനുഷ്ഠാനങ്ങൾ ഇവ രണ്ടുമാണ്. ഇവയ്ക്കു സഹായകമായി ബ്രഹ്മസ്വരൂപം സദാവിചാരം ചെയ്തുറപ്പിക്കുക. എന്താണു ബ്രഹ്മസ്വരൂപം? സർവത്ര സമമായി നിറഞ്ഞുനിൽക്കുന്ന നിഷ്കളങ്കമായ ശുദ്ധബോധമാണു ബ്രഹ്മം. വാസ്തവത്തിൽ ആ സത്യം മാത്രമേ നിലവിലുള്ളൂ. പലതു കാണുന്നതു വെറും ഭ്രമം. ഈ വിചാരം ഉറപ്പു വരുന്തോറും മനസ്സു രാഗദ്വേഷവിമുക്തമാകും. തുടർന്നു സമനില അഭ്യസിക്കൽ എളുപ്പമായും ഭവിക്കും. സമനില ഉറപ്പു വരുന്തോറും ചിത്തം ബ്രഹ്മസ്വരൂപമായ ആനന്ദം കൂടുതൽ കൂടുതൽ അനുഭവിച്ചു തുടങ്ങും. ഇതനുഭവിക്കുന്നവർക്കുപോലും അതു വിവരിച്ചു ബോധ്യപ്പെടുത്താൻ എളുപ്പമല്ല. അനുഭവമേതും അതനുഭവിച്ചിട്ടുള്ള മറ്റുള്ളവർക്കു മാത്രമേ വിവരിച്ചാൽ മനസ്സിലാവൂ. പഞ്ചസാരയുടെ മധുരം അനുഭവിച്ചിട്ടില്ലാത്ത ഒരാളിനെ എങ്ങനെ പറഞ്ഞു മന

digitized by www.sreyas.in

സ്സിലാക്കാനാണ്? ഇതു തന്നെയാണ് ബ്രഹ്മാനന്ദത്തിന്റെയും കഥ. മനസ്സ് സത്യമറിഞ്ഞാനന്ദിച്ചാൽ ലോകം മുഴുവൻ ആനന്ദം കൊണ്ടു നിറഞ്ഞിരിക്കുന്നതായി അനുഭവിക്കാറാകും. അതുകൊണ്ടു ബ്രഹ്മാനന്ദം സുലഭമാണ്. ബ്രഹ്മവിചാരം വളരെ എളുപ്പവുമാണ്. അതിനു പണച്ചിലവില്ല, സ്ഥലകാല വ്യവസ്ഥയില്ല, വ്യക്തിഭേദനിയമമില്ല; യാതൊരു പ്രത്യേക വ്യവസ്ഥയുമില്ല. മനസ്സ് 'സർവം ബ്രഹ്മമയം' എന്ന സത്യ ബോധത്തിൽ ഉണർന്നു വർത്തിക്കണം; അത്രേ വേണ്ടൂ. കാറ്റിൽപെട്ടിളകാത്ത സമുദ്രമോ, കാറ്റിൽപെട്ടിളകാത്ത ദീപമോ അൽപ്പമൊന്നു ചലിച്ചാലെന്നപോലെ നിശ്ചലമായ ബോധബ്രഹ്മത്തിൽ ഉണ്ടെന്നു തോന്നുന്ന ചലനമാണു ജീവൻ. ജീവൻ തുടങ്ങി ഭ്രമദൃശ്യമാണെന്നു താൽപ്പര്യം.

വസിഷ്ഠൻ തുടർന്നു: ആ ജീവൻ തന്നെ വിറകിട്ടാൽ തീ കൂടുതൽ പ്രകാശിച്ചെരിയുന്നതുപോലെ സങ്കൽപ്പത്തിന്റെ കട്ടികൊണ്ട് അഹങ്കാരമായി മാറുന്നു. വീണ്ടും സങ്കൽപ്പങ്ങളെ മുന്നോട്ടു നയിക്കുന്നതോടെ അഹങ്കാരം തന്നെ ചിത്തമായി പെരുകുന്നു. ചിത്തത്തിന്റെ മറ്റു പേരുകളാണ് ചേതസ്സ്, മനസ്സ്, മായാ, പ്രകൃതി എന്നെല്ലാം. പരമമായ ശുദ്ധബോധത്തിൽ നിന്ന് ഇങ്ങനെ ആദ്യമായി രൂപം കൊള്ളുന്ന മനസ്സ് തുടർന്ന് സങ്കൽപ്പങ്ങളെ വളർത്തി ഈ പ്രപഞ്ച ഭ്രമത്തിനു രൂപംകൊടുക്കുന്നു. ശുദ്ധബോധ സമുദ്രത്തിൽ ഇങ്ങനെ ആദിയോ അന്തമോ കാണാനില്ലാതെ അലയടിക്കുന്ന സങ്കൽപ്പതരംഗങ്ങൾ തന്നെയാണു പ്രപഞ്ചരൂപത്തിൽ പെരുകിക്കാണുന്നത്. മനസ്സുണ്ടാക്കിക്കാണിക്കുന്ന ഒരു നീണ്ട സ്വപ്നം മാത്രമാണു സംസാരം. വസ്തുവെന്തെന്നു നിശ്ചയമില്ലാത്തതുകൊണ്ട് മരക്കുറ്റിയിലെ ഭൂതദർശനം പോലെ ഇതു സത്യമെന്നു ഭ്രമിക്കാനിടവരുന്നു. ബോധവും ജീവനും രണ്ടല്ല; ജീവനും ചിത്തവും രണ്ടല്ല; അതുപോലെ ചിത്തവും ബാഹ്യദൃശ്യങ്ങളും രണ്ടല്ല. സത്യമറിയുന്നയാൾക്ക് എല്ലാം ബോധസ്വരൂപമായ ബ്രഹ്മം.

രാമാ, ഇവിടെ ഞാൻ പണ്ടുകേട്ടിട്ടുള്ള ഒരു രാക്ഷസിയുടെ കഥ പറയാം. രാക്ഷസി എല്ലാ കാര്യങ്ങളുമുൾക്കൊള്ളുന്ന വലിയ കുറെ ചോദ്യങ്ങൾ ചോദിച്ചു. നീലപർവതത്തിലെ വലിയൊരു കളിപ്പാവപോലെ ഹിമവാന്റെ താഴ്വരയിൽ കർക്കടി എന്നൊരു രാക്ഷസി ജീവിച്ചിരുന്നു. സ്ഥിരങ്ങളായ മിന്നൽപ്പിണറുകൾപോലുള്ള കണ്ണുകൾ, ഈത്തമരം പോലുള്ള കാൽമുട്ടുകൾ, വൈഡൂര്യം കൊണ്ടു നിർമിച്ചപോലെ തിളങ്ങുന്ന അഗ്രനഖങ്ങൾ, ഞരമ്പുകളും എല്ലുകളും അവിടവിടെ മുഴച്ചു നിൽക്കുന്ന ദേഹം ഇതാണു കർക്കടിയുടെ രൂപം. ദേഹവലിപ്പം നിമിത്തവും നരമാംസാദി ഭക്ഷണത്തിന്റെ ദൗർലഭ്യം കൊണ്ടും അവളുടെ ജഠരാഗ്നി സമുദ്രത്തെ വറ്റിക്കുന്ന ബഡവാഗ്നിപോലെ ഒരിക്കലും തൃപ്തിയടഞ്ഞതായി ഭവിച്ചില്ല. ആ മഹോദരി ഭക്ഷണകാര്യത്തിൽ തീരെ തൃപ്തിവരാതെ ഒരിക്കൽ ഇങ്ങനെ ചിന്തിച്ചു. ജംബുദ്വീപിലെ എല്ലാ ആളുകളെയും നദികളെ സമുദ്രമെന്നപോലെ ഞാൻ ഇടവിടാതെ വിഴുങ്ങി അകത്താക്കുന്നുണ്ട്. മേഘവർഷംകൊണ്ടു കാനൽ ജലം അടങ്ങിക്കിടക്കുന്നതുപോലെ അങ്ങനെ എന്റെ വിശപ്പടങ്ങിക്കിട്ടും. അതിനവസരമുണ്ടാക്കാനായി മടുക്കാത്തമനസ്സോടെ ഞാൻ തപസ്സനുഷ്ഠിക്കുന്നതാണ്. ഇപ്രകാരം സകലരെയും ഭക്ഷിക്കാനുള്ള കൗതുകത്തോടെ തപസ്സുചെയ്യാനായി ജന്തുക്കളൊന്നും കടന്നു ചെല്ലാത്ത പർവതപ്രദേശത്തവളെത്തിച്ചേർന്നു. കുളികഴിഞ്ഞു സൂര്യചന്ദ്രന്മാരിൽതന്നെ ദൃഷ്ടിപതിപ്പിച്ചു

digitized by www.sreyas.in

കൊണ്ട് ഒറ്റക്കാലിൽ നിന്നവൾ തപസ്സാരംഭിച്ചു. ക്രമേണ ദിവസങ്ങളും പക്ഷങ്ങളും മാസങ്ങളും കടന്നുപോയി. തണുപ്പും ചൂടും വകവയ്ക്കാതെ അവൾ പർവതംപോലെ ഉറച്ചുനിന്നു. എണ്ണായിരം കൊല്ലം അങ്ങനെ കടന്നുപോയി. ഒടുവിൽ ബ്രഹ്മാവു പ്രത്യക്ഷപ്പെട്ടു. നീചന്മാർപോലും സിദ്ധിക്കായി ദാരുണമായ തപസ്സനുഷ്ഠിക്കുക സ്വാഭാവികമാണ്. ബ്രഹ്മാവിനെ മനസാവണങ്ങി അവൾ ആലോചിച്ചു. വിശപ്പടക്കാനായി എന്തുവരമാണു ചോദിക്കേണ്ടത്? ഞാൻ ഇരുമ്പല്ലെങ്കിലും ജീവന്മാരെ കോർത്തെടുക്കാൻ കഴിവുള്ള ഒരിരുമ്പുസൂചികപോലെ ആയിത്തീരാൻ ആഗ്രഹിക്കുന്നു എന്ന വരം ചോദിക്കാം എന്നവൾ തീരുമാനിച്ചു. അങ്ങനെയായാൽ ഇഷ്ടംപോലെ സകലരെയും വിഴുങ്ങാൻ കഴിവുണ്ടാകും. വിശപ്പടങ്ങുന്നതാണല്ലോ ഏറ്റവും വലിയസുഖം. സൂചിരൂപത്തിൽ ഞാൻ സകലജീവികളുടെയും ഉള്ളിൽ പ്രവേശിക്കും. ഇങ്ങനെ ചിന്തിച്ചുനിൽക്കവേ ബ്രഹ്മാവ് അവളോടു ചോദിച്ചു. രാക്ഷസകുലമാകുന്ന പർവതത്തിനു മേഘമാലയായി വിളങ്ങുന്ന അല്ലയോ പുത്രി കർക്കടികേ, ഞാൻ സന്തുഷ്ടനാണ്, ഇഷ്ടമുള്ള വരം ചോദിച്ചോളൂ. രാക്ഷസി പറഞ്ഞു: ‘വിധേ, അങ്ങു വരം തരാനൊരുക്കമാണെങ്കിൽ ഈ വരമാണെനിക്കു വേണ്ടത്; ഞാൻ ഇരുമ്പല്ലെങ്കിലും ഇരുമ്പുകൊണ്ടുണ്ടാക്കിയപോലുള്ള ഒരു സൂചികയായി ഭവിക്കണം’. ബ്രഹ്മാവു വരം നൽകി; കർക്കടി സൂചികയാകാൻ ആഗ്രഹിച്ചു; തീക്ഷ്ണമായ ആഗ്രഹം കണക്കിലെടുത്ത് അവൾ ‘വിഷൂചിക’യായി ഭവിക്കും എന്നു ബ്രഹ്മാവനുഗ്രഹിച്ചു. ബ്രഹ്മാവു തുടർന്നു: ‘ദുഷിച്ച ആഹാരം കഴിക്കുന്നവരും ദുഷ്ടപ്രവൃത്തികൾ ചെയ്യുന്നവരും, ശുചിത്വമില്ലാത്തവരും, മലിനപ്രദേശങ്ങളിൽ താമസിക്കുന്നവരും മൂർഖന്മാരുമായ ദുഷ്ടന്മാരെ നീ ഭക്ഷിക്കാൻ ഇടവരും. പ്രാണലേഖയായി നീ മനുഷ്യശരീരത്തിനുള്ളിൽ കടന്ന് പദ്മം പ്ലീഹ തുടങ്ങിയ ശരീരാവയവങ്ങളെ ബാധിക്കുന്ന വിഷൂചികാ രോഗമായി ഭവിക്കും. നല്ലവരെയും ദുഷ്ടന്മാരെയും നീ പിടികൂടും. എന്നാൽ ഏതെങ്കിലും ദിവ്യമായ ഈശ്വരമന്ത്രം ചൊല്ലി തലോടി ചികിത്സിക്കുകയാണെങ്കിൽ നല്ലവരിൽ നിന്നും നീ ഒഴിഞ്ഞുമാറും. മന്ത്രമുദ്ഗരം കൊണ്ടു മർദിക്കപ്പെട്ടാൽ നിനക്കവിടം വിട്ടുപോകേണ്ടിവരും. ശുദ്ധമായ സത്യത്തെ സ്മരിച്ച് അന്തഃകരണം പാകപ്പെടുത്തുന്നവരെ നിന്നെപ്പോലുള്ള വ്യാധികൾക്ക് അടുക്കാൻ കഴിയില്ല’ ഇങ്ങനെ പറഞ്ഞു ബ്രഹ്മാവ് അവിടെത്തന്നെ മറഞ്ഞു. കർക്കടി തന്റെ സ്ഥൂലരൂപം വെടിഞ്ഞ് ചുരുങ്ങാൻ തുടങ്ങി; ക്രമേണ വിരൽ പ്രായയായി, ഉഴുന്നിന്റെ തൊലിപോലെ ചുരുങ്ങി; ഒടുവിൽ സൂചീരൂപം കൈക്കൊണ്ടു. തളർന്നുക്ഷീണിച്ചുവിളറിയദേഹത്തിൽ പ്രാണസൂചീരൂപം കൈക്കൊണ്ട് അകത്തുകടന്നിട്ട് അവൾ മഹാമാരിയായ വിഷൂചികയായി ഭവിക്കുന്നു. ദുർബലനിലും ദുഃഖിതനിലും കടന്നുകൂടി അവൾ പടർന്നു പിടിക്കുന്നു. ഇങ്ങനെ അനേകം പ്രാണികളുടെ ജീവനപഹരിച്ചു തന്റെ രണ്ടാം ദേഹവുമായി അവൾ സ്വൈരം വിഹരിച്ചു. കാലം കടന്നുപോയതോടെ ആ വനരാക്ഷസിയുടെ ഹൃദയത്തിനു സ്വന്തം പ്രവൃത്തിയിൽ മടുപ്പു തോന്നി: ‘കഷ്ടം, ഞാനെന്താണീചെയ്യുന്നത്. ഞാൻ സൂചിയായി ഭവിച്ചു; ഈ സൂചി എത്ര നിസ്സാരം. രക്തമാംസങ്ങളുടെ കണിക കൊണ്ടുതന്നെ ഇതു നിറയ്ക്കപ്പെടുന്നു. എന്നാൽ എന്റെ ഉള്ളിലെ തൃഷ്ണസൂചി ഒരിക്കലും നിറയ്ക്കപ്പെടുന്നില്ല. ബുദ്ധിഹീനയായ എന്റെ ശരീരത്തിന്റെ വിശാലങ്ങളായ അവയവങ്ങളൊക്കെ എങ്ങോട്ടുപോയി. കാളമേ

digitized by www.sreyas.in

ഘലംപോലെ തടിച്ചിരുന്ന അവയൊക്കെ ഉണങ്ങിയ ഇലകൾപോലെ കൊഴിഞ്ഞുപോയി. ഹതാശയായ എനിക്കു സൂചിരൂപം കൈക്കൊണ്ടിട്ടും സ്വാദുള്ള മാംസത്തിലും രക്തത്തിലും കൊഴുപ്പിലും ഒന്നും അശേഷം തൃപ്തിവരുന്നില്ല. ഇങ്ങനെ ചിന്തിച്ച് ജീവിവധചിന്തയിൽ നിന്നും അവൾ വിരമിച്ചു. ഹിമവാന്റെ അതേ കൊടുമുടിയിൽതന്നെ തപസ്സനുഷ്ഠിക്കാൻ തീരുമാനിച്ചു. എല്ലാ സങ്കൽപ്പങ്ങളിൽ നിന്നും ചിത്തത്തെ പിൻതിരിപ്പിച്ചു വൈരാഗ്യരസം ആസ്വദിച്ചുകൊണ്ടു കഠിനമായ തപസ്സിലേർപ്പെട്ടു. സങ്കൽപ്പങ്ങളില്ല; ഭക്ഷണമില്ല; ചിത്തചാഞ്ചല്യമില്ല. ആയിരം വർഷം അങ്ങനെ കടന്നുപോയി. അവൾ പരമമായ സത്യാനുഭവത്തിൽ എത്തിച്ചേർന്നു. സൂചി കർമവാസന മുഴുവൻ ഒടുങ്ങി നിർമലയായി അറിയേണ്ടതറിഞ്ഞവളായി ഭവിച്ചു. അവൾ സ്വയം അവളെ ഉദ്ധരിച്ചു. ഈ സംസാരം പൂർണമായും ഉപേക്ഷിക്കപ്പെടേണ്ടതാണെന്നുറപ്പിച്ചുകൊണ്ട് ചിരകാലം നിർവികൽപ്പാവസ്ഥയിൽ തന്നെ കഴിഞ്ഞുകൂടി. കർക്കടിയുടെ സത്യാനുഭവരഹസ്യം മനസ്സിലാക്കിയ ബ്രഹ്മാവ് അവളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു; 'പുത്രി കർക്കടികേ, പഴയദേഹം തന്നെ സ്വീകരിച്ചുകൊണ്ട് ലോകത്തു സഞ്ചരിച്ചോളൂ. നീ ജീവന്മുക്തയായി ഭവിച്ചിരിക്കുന്നു; നിന്റെ അജ്ഞാനം മുഴുവൻ അകന്നുപോയിരിക്കുന്നു. സത്യമറിയാത്ത മൂഢന്മാർ, ദുഷ്ടകർമങ്ങളിലേർപ്പെടുന്നവർ, മൂർഖന്മാർ, സ്വയം പതിച്ചവർ, ദുഃസംസർഗം ചെയ്യുന്നവർ ഇവരെയൊക്കെ യഥേഷ്ടം ഭക്ഷിച്ചുകൊണ്ടു സുഖമായി കാലം കഴിക്കൂ'. ഇപ്രകാരം പറഞ്ഞു ബ്രഹ്മാവു മറഞ്ഞു. കർക്കടി ഉള്ളിൽ പൂർണചിന്മയിയായി ഭവിച്ചു. ദേഹചലനം നിലച്ചു. വീണ്ടും നിർവികൽപ്പസമാധിയിൽ ലീനയായി. ചിരകാലം അങ്ങനെ കഴിഞ്ഞുപോയി. അവളുടെ ചിത്തം വീണ്ടും സ്പന്ദിച്ചു. ബാഹ്യചിത്തവൃത്തി രൂപംകൊണ്ടു. അവൾ പഴയ വിശപ്പിനെ ഓർമിച്ചു. പ്രാണൻ ദേഹത്തിലുള്ളിടത്തോളം അതു സ്വഭാവം കൈവെടിയുന്നതല്ല. തനിക്കുപറ്റിയ ഭക്ഷണമെന്താണെന്നവൾ ചിന്തിച്ചു. ബ്രഹ്മാവിന്റെ നിർദേശം ഓർമിച്ചു. ഇങ്ങനെ ചിന്തിച്ച് അവിടെ നിന്നു പർവതശൃംഗത്തിന്റെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന കിരാതജനമണ്ഡലത്തിലെത്തിചേർന്നു; അവിടെ ഒരു മഹാവനത്തിൽ താമസവുമുറപ്പിച്ചു.

ഒരിക്കൽ ആ കിരാതജനമണ്ഡലത്തിൽ കൊകൊണ്ടു പിടിച്ചെടുക്കാവുന്ന മട്ടിൽ കട്ടികൂടിയ ഇരുട്ടുള്ള ഒരു രാത്രി വന്നുചേർന്നു. ആ ഭീമനിശീഥിനിയിൽ വിക്രമിയും വിവേകിയുമായ മണ്ഡലചക്രവർത്തി മന്ത്രിയോടൊപ്പം വീരചര്യയ്ക്കായി ആ കാട്ടിലെത്തി. വേതാളങ്ങളെ തിരഞ്ഞുനടക്കുന്ന അവരെ രണ്ടുപേരെയും കർക്കടി കാണാനിടയായി. അവൾ ചിന്തിച്ചു. എനിക്കു നല്ല ഭക്ഷണം കിട്ടി. ആത്മബോധമില്ലാത്ത മൂഢന്മാരാണിവർ. ശരീരം ഇവർക്കു ഭാരമാണ്. ഇഹത്തിലും പരത്തിലും മൂഢൻ ദുഃഖിക്കാനായി ജീവിക്കുന്നു. അതിനാൽ പാപികളായ ഇവരെ ഭക്ഷിക്കുന്നതുകൊണ്ടു ദോഷമില്ല. ബ്രഹ്മാവുതന്നെ നേരത്തേ ഇതനുവദിച്ചിട്ടുമുണ്ട്; ആത്മജ്ഞാനികളല്ലാത്ത ദുഷ്ടന്മാരായ മൂഢന്മാരെ ഭക്ഷിക്കാം എന്ന്. അതുകൊണ്ട് മുൻപിലെത്തിയ ഇവർ ഇന്ന് എന്നാൽ ഭക്ഷിക്കപ്പെടേണ്ടവർ തന്നെ. സ്വയം അടുക്കൽ എത്തിച്ചേരുന്ന അർഥത്തെ തള്ളിക്കളയുന്നവർ മടയരാണ്. പക്ഷെ ഇവർ ഒരിക്കലും ഗുണശാലികളല്ലെന്നുറപ്പു വരുത്തിയിട്ടു വേണം ഇതൊക്കെ

digitized by www.sreyas.in

ചെയ്യാൻ. ഗുണശാലികൾക്കു ദോഷംവരുത്തുന്നത് ഇന്നത്തെ എന്റെ സ്വഭാവത്തിനു ചേർന്നതേയല്ല. അതുകൊണ്ട് ഇവർ ഗുണവാന്മാരോ എന്ന് ഒന്നു പരീക്ഷിച്ചു നോക്കുകതന്നെ. ഗുണവാന്മാരാണെങ്കിൽ ഞാൻ ഇവരെ ഒരിക്കലും ഭക്ഷിക്കുകയില്ല; ഗുണികളെ ഇനി ഹിംസിക്കാനേ സാധ്യമല്ല. മാത്രമല്ല, അകൃത്രിമമായ സുഖവും കീർത്തിയും ആയുസ്സും ആഗ്രഹിക്കുന്ന ഗുണികൾ എല്ലാവിധത്തിലും പൂജിക്കപ്പെടേണ്ടവരാണ്. ഞാൻ വിശപ്പുകൊണ്ടു മരിക്കാനിടയായാൽപ്പോലും ഗുണവാന്മാരെ ഭക്ഷിക്കുകയില്ല. സജ്ജനങ്ങൾ ജീവിച്ചിരിക്കുന്നതുതന്നെ മറ്റുള്ളവരുടെ മനസ്സിനെ കുളിർപ്പിക്കുന്നു. ജീവൻകൊടുത്തും സജ്ജനങ്ങളെ പരിപാലിക്കേണ്ടതാണ്. സജ്ജനസംസർഗത്തിൽ മരണം പോലും സുഹൃത്തായി ഭവിക്കുന്നു. രാക്ഷസിയായ എനിക്കുപോലും സജ്ജനങ്ങളോടിത്ര സ്നേഹാദരങ്ങൾ; അപ്പോൾ മറ്റുള്ളവരുടെ കഥ പറയാനുണ്ടോ. അവർ സജ്ജനങ്ങളെ പൂമാലപോലെ മാറിലണിയും. ഔദാര്യഗുണസമ്പന്നന്മാരായി വിഹരിക്കുന്ന സജ്ജനങ്ങൾ ഭൂശശാങ്കന്മാരെപ്പോലെ സർവത്ര ശീതളിമ പരത്തുന്നു. ഗുണവാന്മാരെ തിരസ്ക്കരിക്കുന്നതാണു മരണം, അവരെ ആശ്രയിക്കുന്നതാണു ജീവിതം. സ്വർഗവും മോക്ഷവുമെല്ലാം സജ്ജനസംഗം കൊണ്ടു ലഭ്യമാകുന്നു. അതുകൊണ്ടു ഞാനിവരെ ഒരു പ്രശ്നാവലി ലീലയിലൂടെ പരീക്ഷിക്കും; ഈ സുമുഖന്മാരുടെ അറിവ് എത്രമാത്രമുണ്ടെന്ന് അപ്പോഴറിയാം.:

ഇങ്ങനെ തീരുമാനിച്ചുകൊണ്ട് ആ രക്ഷഃ കുലകാനനമഞ്ജരി ഇരുട്ടിൽ ഇടിനാദംപോലെ ഒന്നു ഗർജിച്ചു. അലർച്ചയെ തുടർന്ന് ഇടിനാദത്തിനുശേഷം ആലിപ്പഴം പൊഴിയുന്നതുപോലെ ഹുംകാരപരുഷമായി ഇങ്ങനെ പറഞ്ഞു: 'ഹേ, ഹേ, ഘോരകാനനമാകുന്ന നഭഃസ്ഥലത്തിലെ ചന്ദ്രസൂര്യന്മാരേ, മഹാമായയുടെ ഇരുട്ടാകുന്ന പാറയിലെ പൊത്തിൽ മിനുങ്ങുന്ന മിന്നാമിനുങ്ങുകളേ, നിങ്ങൾ രണ്ടുപേരും ആരാണ്? സദ്ബുദ്ധികളാണോ കുബുദ്ധികളാണോ, ഭക്ഷണരൂപത്തിൽ എന്റെയടുത്തെത്തിയിരിക്കുന്ന നിങ്ങൾ ഉടൻതന്നെ മരണത്താൽ വിഴുങ്ങപ്പെടുമല്ലോ?

രാജാവു പറഞ്ഞു: 'ഹേ, ഹേ, ഭൂതക, നീയെന്താണ്, എവിടെ നിൽക്കുന്നു. നിന്റെ രൂപമൊന്നു കാണിക്കൂ. ഈ പെൺവണ്ടിന്റെ മൂളൽകേട്ട് ആരു ഭയപ്പെടാനാണ്?' രാജവചനം കേട്ടു കർക്കടി മനസാ അഭിനന്ദിച്ചു. തന്നെ കാട്ടിക്കൊടുക്കാനായി ഒന്നലറി, ഒന്നട്ടഹസിച്ചു. ശബ്ദംകൊണ്ടു ദിങ്മുഖങ്ങളെ പൂരിപ്പിക്കുന്നവളും അട്ടഹാസത്തിന്റെ പ്രഭാരൂപത്തിൽ തെളിഞ്ഞ ആകൃതിയോടുകൂടിയവളുമായ അവളെ രാജാവും മന്ത്രിയും ദർശിച്ചു. പ്രളയകാലത്തെ ഇടിത്തീപോലെ ഗർജനംകൊണ്ട് അദ്രിതടത്തെ മാറ്റൊലിക്കൊള്ളിപ്പിക്കുന്ന അവളെ നോക്കി ആ മഹാവീരന്മാർ ലേശവും പരിഭ്രാന്തരാകാതെ അങ്ങനെ തന്നെ നിന്നു.

മന്ത്രി പറഞ്ഞു : 'ഹേ മഹാരാക്ഷസി, വെറുതെ എന്തിനാണീ കോപം, കാര്യം അത്യന്തം ലഘു. ലഘുവായ കാര്യത്തിലും ഇത്രമാത്രം സംഭ്രമമോ? കോപത്തോടുകൂടിയുള്ള നിന്റെയീപുറപ്പാട് അത്ര ശോഭനമല്ല. കാര്യം നേടാൻ കൊതിക്കുന്ന ബുദ്ധിമാന്മാർ വേണ്ടതു ചെയ്യുന്നു എന്നല്ലാതെ ബഹളം കൂട്ടാറില്ല. നിന്നെപ്പോലുള്ള ആയിരമായിരം കൊതുകുകൾ ഞങ്ങളുടെ ധീരതയാകുന്ന ചുഴലിക്കാറ്റിൽ കരിഞ്ഞ ഇലകൾപോലെ പറന്നുപോയിട്ടുണ്ട്.

47. സംരംഭജ്വരമുത്സൃജ്യസമയാ സ്വച്ഛയാ ധിയാ

digitized by www.sreyas.in

യുക്ത്യാ ച വ്യവഹാരിണ്യാ സ്വാർഥഃ പ്രാജ്ഞേന സാധ്യതേ

വിവേകികൾ കോപിക്കാറില്ല. അവർ സത്യബോധമുള്ള സമബുദ്ധി കൈവിടാറില്ല. ലോകകാര്യങ്ങളിൽ സത്യബുദ്ധിയോടെ യുക്തിപൂർവം പെരുമാറും. അങ്ങനെ നേടേണ്ടതു നേടും. പറയൂ, നിനക്കെന്താണു വേണ്ടത്. എന്തെങ്കിലും അപേക്ഷിക്കുന്നവർ ഞങ്ങളുടെ മുമ്പിൽനിന്നു സ്വപ്നത്തിൽപോലും അതു കിട്ടാതെ മടങ്ങിയിട്ടില്ല.

ഇതുകേട്ടു രാക്ഷസി ചിന്തിച്ചു: 'ആശ്ചര്യം, എത്ര നേർബുദ്ധിയുള്ള പെരുമാറ്റം; ഈ സിംഹവിക്രമന്മാർ സാധാരണക്കാരല്ല. ഇവരുടെ പ്രകടനം അതിവിചിത്രം തന്നെ; അവരുടെ വാക്കും മുഖവും നോട്ടവും എല്ലാം മഹത്വവും നിശ്ചയദാർഢ്യവും വിളിച്ചറിയിക്കുന്നു. ഒരുവന്റെ വാക്കും മുഖവും നോട്ടവും നദീജലം ഒഴുകി ഒന്നാകുന്നതുപോലെ ധർമ്മബുദ്ധിയിൽ ഒഴുകി ഒന്നുചേരുന്നു. എന്റെ ഭാവം മിക്കവാറും ഇവർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. നാശമില്ലാത്ത സത്യത്തിലെത്തി അവിനാശികളായി നിൽക്കുന്ന ഇവരെ നശിപ്പിക്കാൻ പാടില്ല. അതുകൊണ്ട് ഞാൻ എന്റെ ചില സന്ദേഹങ്ങൾ ഇവരുടെ മുമ്പിൽ സമർപ്പിക്കാം. സത്യദർശികളെ കണ്ടാൽ സംശയം ചോദിച്ചു തീർക്കാത്തവർ നരാധമന്മാരാണ്' ഇപ്രകാരം ചിന്തിച്ച് അകാലത്തിലുണ്ടായ മേഘഗർജനം പോലുള്ള അട്ടഹാസത്തെ നിയന്ത്രിച്ചു കർക്കടി ഇങ്ങനെ ചോദിച്ചു: 'ധീരന്മാരും സത്യദർശികളുമെന്നപോലെ കാണപ്പെടുന്ന നിങ്ങൾ രണ്ടുപേരും ആരാണ്? പറഞ്ഞാലും?' മന്ത്രി മറുപടി നൽകി: 'ഇദ്ദേഹം കിരാതന്മാരുടെ രാജാവാണ്; ഞാൻ അദ്ദേഹത്തിന്റെ മന്ത്രി. നിങ്ങളെപ്പോലെ ലോകത്തെ ഭയപ്പെടുത്തുന്നവരെ കണ്ടെത്തി നിഗ്രഹിക്കാനാണു ഞങ്ങളീ രാത്രിയിൽ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. ദുഷ്ടഭൂതങ്ങളെ വധിച്ചു ധർമം നിലനിർത്തുകയെന്നതാണു രാവും പകലും രാജകർത്തവ്യം'.

രാക്ഷസി പറഞ്ഞു: 'രാജാവേ, ഉത്തമനായ മന്ത്രിയോടുകൂടിയവനാണങ്ങ്; ഉത്തമനായ മന്ത്രിയില്ലാത്ത രാജാവു രാജാവല്ല. ഉത്തമനായ രാജാവിനോടു ചേരാത്ത മന്ത്രി മന്ത്രിയുമല്ല. ഉത്തമനായ രാജാവും ഉത്തമനായ മന്ത്രിയുമുണ്ടെങ്കിൽ രാജ്യം സ്വർഗതുല്യം. അതുകൊണ്ടു രാജാവ് എപ്പോഴും ഉത്തമനായ മന്ത്രിയെ തിരഞ്ഞെടുക്കണം. 'യഥാരാജാ തഥാപ്രജാ' ഇതല്ലേ നിയമം. ഏതു രാജാവിനും പ്രഭുത്വവും സമദൃഷ്ടിയും രാജവിദ്യയായ ബ്രഹ്മവിദ്യകൊണ്ടേ ലഭിക്കുകയുള്ളൂ. ബ്രഹ്മവിദ്യ ആരറിയുന്നില്ലയോ അവൻ രാജാവുമല്ല; അവൻ മന്ത്രിയുമല്ല. നിങ്ങൾ രണ്ടുപേരും ബ്രഹ്മവിദ്യാ വിഭൂഷിതന്മാരാണെന്നു ഞാൻ കാണുന്നു. അങ്ങനെയാണെങ്കിൽ നിങ്ങൾക്കു ശ്രേയസ്സു നിശ്ചയം. അല്ലെങ്കിൽ അനർഥം വരും; ഞാൻ നിങ്ങളെ ഭക്ഷിക്കും. കുട്ടികളേ, എന്റെ മുമ്പിൽ നിന്നു രക്ഷപ്പെടാൻ ഒറ്റമാർഗമേയുള്ളൂ. ഞാൻ ചില ചോദ്യങ്ങൾ ചോദിക്കും; അതിനുത്തരം പറയണം'.

ഇങ്ങനെ പറഞ്ഞു രാജാവിന്റെ സമ്മതത്തോടുകൂടി ചോദ്യങ്ങൾ ചോദിച്ചു: "ഏതൊരണുവിന്റെ ഉള്ളിലാണു സമുദ്രത്തിൽ കുമിളകളെന്നപോലെ അനന്തകോടി ബ്രഹ്മാണ്ഡങ്ങൾ ലയിച്ചുകിടക്കുന്നത്? ഏതാകാശമാണ് ആകാശമല്ലാതെ സ്ഥിതിചെയ്യുന്നത്? ഏതൊന്നാണ് ഒന്നുമല്ലാതിരിക്കേ എല്ലാമായിരിക്കുന്നത്? പോകാതെ പോകുന്നതാരാണ്? നിൽക്കാതെ നിൽക്കുന്നതാരാണ്? ആരാണുചേതനനാണെങ്കിലും പാറപോലെ അനങ്ങാതിരിക്കുന്നത്? ആരാണ് ആകാശത്തിൽ ചിത്രങ്ങൾ വരയ്ക്കുന്നത്? വിത്തിൽ

digitized by www.sreyas.in

വൃക്ഷമെന്നപോലെ ഏതണുവിലാണ് ജഗത്തെല്ലാം അടങ്ങിയിരിക്കുന്നത്? വെള്ളത്തിലെ ചലനംപോലെ ഏതിലാണ് ഒന്നും വേർപെടാതെ നിൽക്കുന്നത്? രണ്ടെന്ന തോന്നൽപോലും ഏതിൽ മാറിപ്പോകാതെ തുടരുന്നു? ആലോചിച്ച് ഈ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറയണം. അതല്ലെങ്കിൽ എന്റെ ജഠരാഗ്നിക്കു വിറകായി തടസ്സംപറയാതെ വേഗം എനിക്കു ഭക്ഷണമായിത്തീരണം".

ആ വലിയ രാത്രിയിൽ കൊടുംകാട്ടിൽ മഹാരാക്ഷസകന്യക ഇങ്ങനെ വലിയ ചോദ്യങ്ങളുന്നയിച്ചപ്പോൾ മഹാമന്ത്രി ഉത്തരം നൽകി: 'ഒരു ബ്രഹ്മജ്ഞാനിക്കു മാത്രം അനുഭവിച്ചറിയാൻ പറ്റുന്ന പരമാത്മാവിനെക്കുറിച്ചാണ് അല്ലയോ സ്ത്രീരത്നമേ, നീ വിചിത്രവാക്കുകളായ ചോദ്യങ്ങളുന്നയിച്ചിരിക്കുന്നത്. വാക്കുകൊണ്ടു വിവരിക്കാൻ കഴിയാത്തതും മനസ്സുൾപ്പെടെ ആറിന്ദ്രിയങ്ങൾക്കും അനുഭവിച്ചറിയാൻ കഴിയാത്തതുമായ കേവലബോധവസ്തു ആകാശത്തെക്കാൾ സൂക്ഷ്മമായതുകൊണ്ട് അണുവാണ്. പരമകാരണമായ ആ ബോധാണുവിലാണ് അനന്തകോടി ബ്രഹ്മാണ്ഡക്കുമിളകൾ ശക്തി പ്രഭാവംകൊണ്ട് ഉണ്ടായി നിലനിന്നു ലയിക്കുന്നത്. ആ ബോധം പുറമേ കാണാനില്ലാത്തതുകൊണ്ട് ആകാശംപോലെ ശൂന്യമാണ്, എന്നാൽ അനുഭവസ്വരൂപമായ ചിത്തായതുകൊണ്ട് ആകാശമല്ലാതെ സ്ഥിതിചെയ്യുന്നു. വിവരിക്കാൻ കഴിയാത്തതുകൊണ്ട് അതൊന്നുമല്ലാത്തപോലെയാണ്, എന്നാൽ ജഗത്തിന്റെ മുഴുവൻ പരമകാരണമായ ബോധമായതുകൊണ്ട് അതെല്ലാമാണ്. സ്വയം അനുഭവരൂപമായതുകൊണ്ട് ചേതനനാണ്, അനുഭവപ്പെടാൻ മറ്റൊന്നില്ലാത്തതുകൊണ്ട് പാറപോലെ അനക്കമില്ലാത്തതാണ്. നിർമലമായ ചിദാകാശസ്വരൂപത്തിൽ ജഗത്തിന്റെ തോന്നലുളവാക്കുന്നതുകൊണ്ട് ആകാശത്തിൽ ചിത്രം വരയ്ക്കുന്നയാളാണ് 'വിത്തിൽ വൃക്ഷ'മെന്നപോലെ അണുബോധത്തിൽ എല്ലാ ജഗത്തും അടങ്ങിയിരിക്കുന്നു. ബോധം തന്നെ ജഗത്തായിക്കാണപ്പെടുന്നതുകൊണ്ട് ഒന്നും അതിൽ നിന്നും വേർപെടുന്നില്ല. ജഗദ്ഭേദംപോലും ചിത്തിന്റെ അനുഭവമായതുകൊണ്ട് അതിൽ മാറാതെ തുടരുന്നു. ജഗത്ത് ചലിക്കുന്നതായി തോന്നുന്നതുകൊണ്ട് ആ സത്യം പോകുന്നതായി തോന്നുന്നുണ്ടെങ്കിലും അതു സർവവ്യാപിയായതുകൊണ്ട് എങ്ങോട്ടും പോകുന്നില്ല. വേറെ ഒന്നിനെയും ആശ്രയിക്കാത്തതുകൊണ്ട് അതു നിൽക്കുന്നില്ലെന്നു പറയാം; എല്ലാറ്റിനും ആശ്രയമായതുകൊണ്ട് അതു നിൽക്കുന്നു എന്നു പറയാം.' മന്ത്രിയുടെ ഉത്തരം കേട്ടു രാക്ഷസി പറഞ്ഞു: 'മന്ത്രിയുടെ വാക്കുകൾ ശുദ്ധസത്യമുൾക്കൊള്ളുന്ന പാവനവചനങ്ങളാണ്; കൊള്ളാം. ഇനി സുമുഖനായ ഈ രാജാവ് ഉത്തരം പറയട്ടെ' രാജാവ് പറഞ്ഞു: 'ഉണർന്നിരിക്കുന്നവനു പുറമേ കാണാനില്ലാത്തതും എന്നാൽ ജഡദൃശ്യങ്ങൾക്കൊക്കെയപ്പുറം സ്വയം 'ഉണ്ട്' എന്ന അനുഭവത്തോടുകൂടി വിളങ്ങുന്നതുമായ ബോധമാണ് ബ്രഹ്മം. സങ്കൽപ്പങ്ങളെല്ലാം വെടിയുന്ന ബുദ്ധിക്ക് ആ സത്യം സ്വാഭാവികമായി തെളിയുന്നു. അതിന്റെ സങ്കോചവും വികാസവുമാണ് പ്രളയവും സൃഷ്ടിയും. എല്ലാ വേദാന്തവാക്യങ്ങളും ആ സത്യത്തെ വെളിപ്പെടുത്തുന്നവയാണ്; എന്നാൽ അതു വാക്കുകൾ കൊണ്ടു വിവരിക്കപ്പെടാവുന്നതല്ല. അതു സാപേക്ഷമായ ദ്വൈതമോ അദ്വൈതമോ അല്ല; എങ്കിലും ദ്വൈതവും അദ്വൈതവും അതിൽ സമന്വയിക്കുന്നു. ചരാചരമായ ജഗത്തു മുഴുവൻ അതിലെ വെറും സങ്കൽപ്പലീല. അത് ഈ ദ്വൈത

digitized by www.sreyas.in

പ്രപഞ്ചത്തെ പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ അഖണ്ഡതയ്ക്ക് അണുപോലും കോട്ടമില്ല. അങ്ങനെ ശുദ്ധമായ ഉണ്മ അനുഭവസ്വരൂപമായുള്ള ബ്രഹ്മത്തെക്കുറിച്ചാണ്, ഭദ്രേ, നിന്റെ ചോദ്യങ്ങളെല്ലാം' രാജാവിന്റെ ഈ ഉത്തരം കേട്ട് വനമർക്കടിയായ കർക്കടി ബ്രഹ്മാനന്ദാനുഭവ ലീനയായി ഭവിച്ചു; മത്സരചാപല്യം ഉപേക്ഷിച്ചു. ഹൃദയം അന്തഃശീതളതകൊണ്ടു നിറഞ്ഞ് അനന്തവിശ്രാന്തിയിൽ മുഴുകി മഴമേഘം കണ്ട മയിൽപേടപോലെ, അമ്പിളിപ്രഭ കണ്ട ആമ്പൽപ്പൊയ്കപോലെ.

രാക്ഷസി പറഞ്ഞു: 'നിങ്ങളുടെ വിജ്ഞാനം പവിത്രം; ഒരിക്കലുമണയാത്ത ബോധാനുഭവം കൊണ്ടു വികസിതം. നിങ്ങളെപ്പോലുള്ളവർ ലോകത്തിനുമുഴുവൻ സംപൂജ്യരും സംസേവ്യരുമാണ്. മഹാന്മാരുമായുള്ള കൂട്ടുകെട്ട് എന്നെന്നേക്കുമായി ദുഃഖത്തെ ഇല്ലാതാക്കുന്നു. കൈയിൽ വിളക്കുള്ളവനെ ഇരുട്ടെങ്ങനെ ബാധിക്കും? എന്റെ വാസസ്ഥാനമായ ഈ കാട്ടിലെത്തിയ സൂര്യതുല്യരായ നിങ്ങളെ ഞാൻ മനസ്സാ പൂജിക്കുന്നു. നിങ്ങൾക്കെന്താണഭീഷ്ടം? അറിയിക്കുവിൻ!

രാജാവറിയിച്ചു: 'ഹേ രക്ഷഃകുലകാനനമഞ്ജരീ, ഞങ്ങൾക്കൊരപേക്ഷയേയുള്ളൂ. ഭവതി ഇനിയൊരിക്കലും ഒരു പ്രാണിയെയും ഹിംസിക്കരുത്.' തുടർന്നു വനമർക്കടിയായ കർക്കടി അറിയിച്ചു. 'പ്രഭോ, ഇന്നുമുതൽ ഞാൻ ഇനിയൊരിക്കലും ഒരു പ്രാണിയെയും ഉപദ്രവിക്കുകയില്ല; തീർച്ചയായും ഞാൻ ഹിംസിക്കാൻ പാടില്ല തന്നെ.' രാജാവു ചോദിച്ചു: 'അല്ലയോ സ്നേഹമയീ, ഭവതി പരദേഹൈകഭോജനയാണല്ലോ, എന്റെ ഇഷ്ടം നടപ്പിലാക്കിയാൽ ഭവതിക്ക് ഈ ദേഹയാത്ര എങ്ങനെ തുടരാൻ കഴിയും?' രാക്ഷസി അറിയിച്ചു: 'ഞാൻ അധികസമയവും സമാധിയിൽ ആണ്ടിരിക്കുകയാണ് പതിവ്. ചിരകാലത്തെ സമാധികഴിഞ്ഞ് ഉണരുമ്പോൾ മാത്രമാണ് എനിക്ക് ഭക്ഷണകൗതുകം സംജാതമാകുന്നത്. അതുസാരമില്ല; ഞാനതുവകവയ്ക്കാതെ കഴിഞ്ഞുകൂടാം. ഇനിയുമിപ്പോൾ ഞാൻ പഴയ പർവതശിഖരത്തെത്തന്നെ പ്രാപിച്ചു ധ്യാനനിശ്ചലയായി ഇച്ഛയ്ക്കൊത്തു ജീവിക്കുന്ന ഒരു കളിപ്പാവപോലെ വർത്തിക്കാം. മരണംവരെ ശരീരത്തെ ഞാൻ ധാരണകൊണ്ടു നിലനിർത്തിക്കൊള്ളാം. കാലമെത്തുമ്പോൾ സസുഖം ഉപേക്ഷിക്കുകയും ചെയ്യാം. ഞാൻ എങ്ങും നിറഞ്ഞുനിൽക്കുന്ന മംഗളസ്വരൂപമായ സത്യത്തെ സദാ കണ്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ദേഹം വെടിയുന്നതുവരെ ഇനി ഒരു ജീവിയെയും ഉപദ്രവിക്കുന്നതല്ല'; ഇങ്ങനെ സൗഹാർദപൂർണമായ അന്തരീക്ഷത്തിൽ പിരിഞ്ഞുപോകാൻ ഭാവിച്ച കർക്കടിയോട് രാജാവു പറഞ്ഞു: 'നമ്മുടെ ഈ ഗാഢസൗഹൃദം ഇങ്ങനെ വിഫലമാകാൻ പാടില്ല. സജ്ജനങ്ങളുടെ സൗഹാർദം കാഴ്ചകൊണ്ടുതന്നെ അനുനിമിഷം വളരുന്ന ഒന്നാണ്. സുഭഗവും മനോഹരവുമായ ഒരു ചെറുരൂപം കൈക്കൊണ്ടു ഞങ്ങളോടൊപ്പം വരൂ; സുഖമായി എന്റെ കൊട്ടാരത്തിൽ താമസിക്കൂ'; കർക്കടി പ്രതിവചിച്ചു: 'ഒരു മുഗ്ധവനിതയായി കൊട്ടാരത്തിലെത്തിയാൽ എനിക്കു ഭക്ഷണം തരാൻ അങ്ങേയ്ക്കു പ്രയാസമുണ്ടാവില്ല. എന്തുഭക്ഷണം കൊണ്ടാണങ്ങെന്നെ തൃപ്തിപ്പെടുത്താൻ പോകുന്നത്? എനിക്കു സാധാരണ ജനങ്ങളുടെ ഭക്ഷണം മതിയാകയില്ല. രാക്ഷസജാതിയുടെ ഭക്ഷണമേ എനിക്കു തൃപ്തി നൽകൂ. രാക്ഷസദേഹത്തിൽ ഉറച്ചുപോയ സ്വഭാവം ആ ദേഹം വീഴുന്നതുവരെ വിട്ടുപോവുകയില്ല'. രാജാവറി

digitized by www.sreyas.in

യിച്ചു: 'സ്വർണമാലയണിഞ്ഞു സുന്ദരിയായ സ്ത്രീരൂപം പേറി എന്റെ കൊട്ടാരത്തിൽ താമസിക്കൂ. രാജ്യത്ത് ദുർമാർഗികളും കള്ളന്മാരും കൊള്ള ക്കാരുമായ ജനങ്ങളെ നൂറുകണക്കിനു ഞാൻതന്നെ ശേഖരിച്ചു ഭവതിയുടെ അടുത്തെത്തിക്കാം. സുന്ദരരൂപം വെടിഞ്ഞ് അവരെയുംകൊണ്ടു ഹിമവാന്റെ കൊടുമുടിയിലെത്തി യഥേച്ഛം ഭക്ഷിക്കാം. വലിയ ഭക്ഷണം വേണ്ടവർക്കു തനിയേയിരുന്നു തിന്നുന്നതാണു സുഖം. അങ്ങനെ അൽപ്പമൊന്നു തൃപ്തി യടഞ്ഞിട്ടു സമാധിനിഷ്ഠയാവൂ. സമാധി വിട്ടുണരുമ്പോൾ സുന്ദരിയായി വീണ്ടും കൊട്ടാരത്തിലേക്കു വരിക. അപ്പോഴേക്കും മറ്റൊരുകൂട്ടം ദുർമാർഗി കളെ ഞാനവിടെ സമാഹരിച്ചിരിക്കും. അവരെ വീണ്ടും ഭക്ഷണത്തിനായി കൊണ്ടുപോകാം. ധർമമായ ഹിംസ ഹിംസയല്ല. ധർമരൂപത്തിലുള്ള ഹിംസ വാസ്തവത്തിൽ കാരുണ്യപ്രകടനമാണ്. സമാധി വിട്ടിരിക്കുമ്പോൾ ചില പ്പോൾ ഞാൻതന്നെ ഭവതിയെ വന്നുകണ്ടു കൊള്ളാം. ഗാഢസൗഹാർദം അസജ്ജനങ്ങളിൽപ്പോലും വിട്ടുപോകുന്നതല്ലല്ലോ?' രാക്ഷസി പറഞ്ഞു: 'രാജാവേ, അങ്ങു പറയുന്നത് അഭിനന്ദനീയം. ഞാനതനുസരിക്കാം. സ്നേഹം നിറഞ്ഞ നിർദേശത്തെ ആരാണഭിനന്ദിക്കാത്തത്'.

ഇങ്ങനെ പറഞ്ഞു കർക്കടി വിലാസിനിയായ ഒരു മഹിളാമണിയുടെ രൂപം കൈക്കൊണ്ടു. രാജാവും മന്ത്രിയും മുന്നിൽ നടന്നു; സുന്ദരിയായ കർക്കടി അവരെ അനുഗമിച്ചു. അവർ മൂവരും കൊട്ടാരത്തിലെത്തി പലതും പറഞ്ഞു രാത്രി കഴിച്ചുകൂട്ടി. നേരം പുലർന്നതോടെ കർക്കടി ഒരുത്തമ കുടുംബിനി യുടെ മട്ടിൽ കാര്യങ്ങളിലേർപ്പെട്ടു കഴിഞ്ഞുകൂടി. രാജാവും മന്ത്രിയും സ്വധർമാചരണത്തിലും മുഴുകി. ആറു ദിവസത്തിനുള്ളിൽ തന്നെ രാജാവ് തന്റെ രാജ്യത്തുനിന്നും സാമന്തരാജ്യങ്ങളിൽനിന്നുമായി വധ്യന്മാരായ മൂവാ യിരം പേരെ സംഗ്രഹിച്ചു കർക്കടിക്കു നൽകി. രാത്രിയിൽ അവളൊരു കൃഷ്ണരാക്ഷസിയായി മാറി. അവരെയെല്ലാം തന്റെ കൈക്കുള്ളിലൊതു ക്കിക്കൊണ്ട് രാജാവിന്റെ അനുവാദം വാങ്ങി ഹിമഗിരിശൃംഗത്തിലെത്തി ച്ചേർന്നു. അന്നുമുതൽ സമാധികഴിഞ്ഞു കൂടെക്കൂടെ കിരാതമണ്ഡലത്തി ലെത്തി ഇന്നും ദുർമാർഗികളെ സമാഹരിച്ചു ഭക്ഷണം തുടർന്നുകൊണ്ടേ യിരിക്കുന്നു.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തി പ്രകരണേ*
*സൂച്യുപാഖ്യാനം നാമ*
*തൃതീയഃ സർഗഃ*

**സർഗം 4**

# ഐന്ദവോപാഖ്യാനം

വസിഷ്ഠൻ തുടർന്നു : 'രാമാ, ഇങ്ങനെ സൂചീകഥാകഥനത്തിലൂടെ സൃഷ്ടി രഹസ്യം മുഴുവൻ ഞാൻ നിനക്കു വെളിപ്പെടുത്തിത്തന്നു. ഇതിലു പരി ഒരു സൃഷ്ടിരഹസ്യം ഇനി ആരും കണ്ടെത്താൻ പോകുന്നില്ല. ഇവിടെ ബോധസ്വരൂപമായ ആത്മസത്യം മാത്രമേ വാസ്തവത്തിലുള്ളൂ. ഈ സംസാ

digitized by www.sreyas.in

രദൃഷ്ടിയെല്ലാം വെറും ഭ്രമം. സൃഷ്ടിരൂപത്തിൽ പുറമേ കാണുന്നതെല്ലാം മനസ്സിന്റെ വെറും ഇന്ദ്രജാലപ്രകടനം. ഞാൻ കേൾക്കാൻ കൊള്ളാവുന്ന മറ്റൊരു കഥ പറയാം; ഐന്ദവോപാഖ്യാനം. സൃഷ്ടിരഹസ്യം അതോടെ കുറെക്കൂടി തെളിയും.

ബോധസത്യത്തിന്റെ ശക്തിയുടെ സമുല്ലാസമാണു സൃഷ്ടി. ചിന്തിച്ചറിയാൻ കഴിയാത്ത കൊച്ചുകുട്ടി നിഴലിനെ ഭൂതമായി ഭ്രമിക്കുന്നു. അതുപോലെ ചിത്തബാലൻ ആലോചനകൂടാതെ അഖണ്ഡബോധസത്യത്തെ ജഗത്താകുന്ന ഭൂതമായി തെറ്റിദ്ധരിക്കുന്നു. കാര്യം പറഞ്ഞുബോധ്യപ്പെടുത്തിയാൽ സ്വന്തം സത്യസ്ഥിതി അറിഞ്ഞ് ആ കുട്ടി ദുഃഖത്തിൽ നിന്നെല്ലാം മോചിക്കും.

48. ചിത്തമേവഹി സംസാരോ രാഗാദിക്ലേശദൂഷിതം
തദേവതൈർവിനിർമുക്തം ഭവാന്ത ഇതികഥ്യതേ

രാഗദ്വേഷ ക്ലേശങ്ങൾകൊണ്ടു നിറഞ്ഞ ചിത്തംതന്നെയാണു സംസാരം. രാഗദ്വേഷവിമുക്തമായ ചിത്തംതന്നെ സംസാരമോക്ഷം. അതുതന്നെ ആത്മാവ്.

ഒരിക്കൽ പകലിന്റെ അവസാനം ബ്രഹ്മാവ് സൃഷ്ടിയെല്ലാം തന്നിൽ വിലയിപ്പിച്ചശേഷം രാത്രി ഉറക്കമാരംഭിച്ചു. വെളുപ്പിനുണർന്നു സന്ധ്യാവന്ദനമൊക്കെക്കഴിച്ചശേഷം പ്രജാസൃഷ്ടിക്കായി ഒരുമ്പെട്ടു. വിശാലമായ അന്തരീക്ഷത്തിൽ ദൃഷ്ടിപതിപ്പിച്ചു. മനസ്സുകൊണ്ട് അനന്താകാശത്തെ പരിശോധിച്ചപ്പോൾ ഒരു തടസ്സവുമില്ലാതെ അനേകം മഹാസൃഷ്ടിസമാരംഭങ്ങൾ പുതുതായി കാണാനിടയായി. അവയെ കണ്ട് പരമാത്മധ്യാനനിഷ്ഠമായ അദ്ദേഹത്തിന്റെ മനസ്സ് അൽപ്പമൊന്നു വിസ്മയിച്ചു. എന്താണിങ്ങനെ? അൽപ്പനേരം ആലോചിച്ചിരുന്ന ശേഷം ആ പുതിയ പ്രപഞ്ചസമൂഹത്തിൽ നിന്നും ഒരു സൂര്യനെ അടുക്കൽ വിളിച്ചു വരുത്തി ഇങ്ങനെ ചോദിച്ചു: 'നീയാരാണ്, ഈ പുതിയ ലോകങ്ങളൊക്കെ എങ്ങനെയുണ്ടായി; കുഞ്ഞേ, അറിയാമെങ്കിൽ പറയൂ;' ഈ ചോദ്യംകേട്ട് ആ സൂര്യദേവൻ വിനയാന്വിതനായി ഭക്തിപുരസ്സരം ബ്രഹ്മാവിനെ വണങ്ങി സാവധാനം ഇങ്ങനെയറിയിച്ചു: 'ഭഗവൻ, ഈ ദൃശ്യപ്രപഞ്ചത്തിനു മുഴുവൻ എന്നും അങ്ങാണല്ലോ കാരണക്കാരൻ; അങ്ങേക്കറിയാൻ വയ്യാത്ത കാര്യമാണോ എന്നോടുചോദിക്കുന്നത്. സർവത്രനിറഞ്ഞിരിക്കുന്ന ഭഗവൻ, ഇനിയും ഒരു നേരമ്പോക്കിനുവേണ്ടിയാണു ചോദിക്കുന്നതെങ്കിൽ എന്റെ ഉൽപ്പത്തിരഹസ്യം ഞാൻ അങ്ങയെ കേൾപ്പിക്കാം; കേട്ടാലും. കൈലാസപർവതത്തിന്റെ താഴ്വരയിൽ ജംബുദ്വീപിന്റെ ഒരു കോണിൽ അങ്ങയുടെ മക്കളായ മരീചി പ്രമുഖന്മാരാൽ സ്ഥാപിക്കപ്പെട്ട സുവർണതടമെന്ന ഒരു രാജ്യമുണ്ട്. സമൃദ്ധമായ ഐശ്വര്യവും സുഖവുംകൊണ്ടു സുന്ദരമായ ഒരു രാജ്യം. അവിടെ ഇന്ദു എന്നു പേരുള്ള ബ്രഹ്മനിഷ്ഠനായ ഒരു ബ്രാഹ്മണൻ പാർത്തിരുന്നു. അദ്ദേഹം കശ്യപകുലത്തിൽ ജനിച്ച ധർമാത്മാവും അതിശാന്തനുമായ ബ്രാഹ്മണനായിരുന്നു. പ്രാണതുല്യം പ്രിയപ്പെട്ട ഭാര്യയും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ മരുഭൂമിയിൽ മരമെന്നപോലെ അവർക്കു മക്കളൊന്നും ഉണ്ടാകാൻ ഇടയായില്ല. ആ ദമ്പതിമാർ ദുഃഖിതരായി സന്താനലാഭത്തിനായി തപസ്സു തുടങ്ങി. ശുചിവ്രതമനുഷ്ഠിച്ച് കൈലാസപർവതത്തിൽ ഏകാന്തമായ ഒരു സ്ഥലത്തെത്തി ആഹാരവും ജലപാനവും ഒക്കെവെടിഞ്ഞ് അവർ തപസ്സുചെയ്തു.

digitized by www.sreyas.in

തുടർന്നു ഭഗവാൻ ചന്ദ്രക്കലാധരൻ പ്രസന്നനായി അവരുടെ മുമ്പിലെത്തി ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളാൻ നിർദേശിച്ചു. ബ്രാഹ്മണൻ പറഞ്ഞു: 'ഭഗവൻ, എനിക്കു ബുദ്ധിശാലികളായ പത്തു പുത്രന്മാർ ജനിക്കണം. ഇനി ഒരിക്കലും പുത്രന്മാരില്ലാത്ത ദുഃഖം എന്നെ ബാധിക്കരുത്!' വരം, അനുഗ്ര ഹിച്ചു നൽകിയിട്ടു ഭഗവാൻ മറഞ്ഞു. സന്തുഷ്ടരായ ബ്രാഹ്മണദമ്പതികൾ വീട്ടിലേക്കു മടങ്ങി. കാലം കടന്നുപോയി. അവർക്കു ഗുണവാന്മാരായ പത്തു പുത്രന്മാരുണ്ടായി. വീണ്ടും കാലം കടന്നുപോയി. വൃദ്ധരായ ദമ്പതിമാർ ദേഹം വെടിഞ്ഞു സ്വർഗം ഗമിച്ചു. അച്ഛനമ്മമാർ പോയതോടെ പത്തുപുത്ര ന്മാരും അത്യന്തം ദുഃഖിതരായി ഭവിച്ചു. അവർ വീടുവിട്ടു കൈലാസപർവ തത്തിലെത്തി. ദുഃഖിതരായ അവർ ഒരുമിച്ചാലോചിച്ചു. ദുഃഖമില്ലാത്ത ശ്രേയ സ്കരമായ ജീവിതമേതാണ്? ജനങ്ങളുടെ ഐശ്വര്യം മെച്ചമെന്നു പറക വയ്യ. അവരൊക്കെ സാമന്തരാജാവിന്റെ ചൊൽപ്പടിക്കാരാണ്. സാമന്തരാജാ ക്കന്മാരോ പ്രധാന രാജാവിനു വഴങ്ങേണ്ടവരാണ്. പ്രധാന രാജാവ് ചക്ര വർത്തിയുടെ അടിമയാണ്. ചക്രവർത്തിയുടെ സമ്പത്ത് ഇന്ദ്രന്റെ സ്വർഗസ മ്പത്തുമായി തട്ടിച്ചുനോക്കുമ്പോൾ അതിനിസ്സാരം. പ്രജാപതിയുടെ ജീവി തത്തിലെ ഒരു മുഹൂർത്തം മാത്രമാണ് ഇന്ദ്രന്റെ ജീവിതം. പ്രജാപതിയും കൽപ്പാന്തത്തിൽ ഇല്ലാതാകും. ഇത്രയുമായപ്പോൾ ജ്യേഷ്ഠപുത്രൻ അരു ളിച്ചെയ്തു. 'കൽപ്പാന്തത്തെയും കടന്നു നിൽക്കുന്ന ഐശ്വര്യം ബ്രഹ്മാവി നേയുള്ളൂ. അതുകൊണ്ടു നമുക്കു ബ്രഹ്മാവിന്റെ പദവി നേടാൻ യത്നിക്കാം.' എല്ലാവരുമതു സമ്മതിച്ചു. ഇനി ദുഃഖങ്ങളെല്ലാം ഒഴിഞ്ഞുമാറുന്ന ബ്രഹ്മാ വിന്റെ പദവിനേടാൻ എന്താണു മാർഗം? അതിനായി പദ്മാസനത്തിലിരുന്ന്. 'ഞാൻ തേജോമയനായ ബ്രഹ്മാവാണ്, ഞാൻ സൃഷ്ടി ചെയ്യും, സൃഷ്ടി പിൻവലിക്കും' എന്നിങ്ങനെ ചിരകാലം ധ്യാനം അഭ്യസിക്കാൻ അവർ തീരു മാനിച്ചു. എല്ലാവരും മനസ്സിനെ ഏകാഗ്രപ്പെടുത്തി ചിത്രത്തിൽ എഴുതപ്പെട്ട വരെപ്പോലെ നിശ്ചലരായിരുന്നു ധ്യാനമാരംഭിച്ചു. മനസ്സിനെ അന്തർമുഖ മാക്കി ആദരവോടെ അവർ ചിന്തിച്ചുറപ്പിച്ചു. 'ഞാൻ ജഗത്തിന്റെ സൃഷ്ടി കർത്താവും ഭോക്താവുമായ മഹേശ്വരനാണ്; ലോകപാലന്മാരോടൊപ്പം പതി നാലു ലോകങ്ങളും നിർമിക്കുന്നതു ഞാനാണ്. ആ ലോകങ്ങളുടെ ഉള്ളിൽ ഞാൻ സ്ഥിതിചെയ്യുന്നു.' ഇങ്ങനെ ബ്രഹ്മാത്മഭാവനയിൽ പൂർണമായും മന സ്സേകാഗ്രപ്പെട്ടതോടെ പൂർവഭാവനകൾകൊണ്ടു നിറഞ്ഞ പൂർവശരീരങ്ങളെ അവർ വിസ്മരിച്ചു. കാലംകൊണ്ട് അവരുടെ ശരീരങ്ങൾ ചൂടേറ്റും കാറ്റുത ട്ടിയും ഉണങ്ങിവരണ്ട് ശുഷ്കിച്ച് കരിഞ്ഞ ഇലകൾ പോലെ നിലംപതിച്ചു. അവർ പത്തുപേരും പത്തു പുതിയ സൃഷ്ടിമണ്ഡലങ്ങളായി ഭവിച്ചു. ഭാവനാ പരിപാകത്താൽ അവർ പത്തു ബ്രഹ്മാക്കളായി. ചിദാകാശത്തിൽ സങ്കൽപ്പ ത്തിലെ പ്രകടരൂപങ്ങളായി അവർ നില കൊണ്ടു. ആ സൃഷ്ടികളിൽപെട്ട ഒരു സൂര്യനാണു ഞാൻ'. ഇത്രയും പറഞ്ഞ് ആ സൂര്യൻ സ്വസ്ഥാനത്തേക്കു മടങ്ങി. ബ്രഹ്മാവും സ്വന്തം വ്യാപാരത്തിൽ ഏർപ്പെട്ടു. ഹേ, രാമാ, എണ്ണമറ്റ ബ്രഹ്മാണ്ഡങ്ങൾ ഉൾപ്പെട്ട ഈ ജഗത്ത് ചിദാകാശസ്വരൂപിയായ ബ്രഹ്മ ത്തിലെ വെറും സങ്കൽപ്പ ദൃശ്യങ്ങളാണ്. ഇതാണു സൃഷ്ടിരഹസ്യം.

***ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തി പ്രകരണേ***
***ഐന്ദവോപാഖ്യാനം നാമ***
***ചതുർഥഃസർഗഃ***

digitized by www.sreyas.in

സർഗം. 5

# ഇന്ദ്രോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു:

49. മനോഹി ജഗതാംകർത്യ മനോഹിപുരുഷഃപരഃ
മനഃകൃതംകൃതംലോകേ നശരീരകൃതംകൃതം.

മനസ്സാണു ജഗത്തിനെ സൃഷ്ടിക്കുന്നത്. സമനില പ്രാപിച്ച മനസ്സുതന്നെയാണു പരമപുരുഷനായ പരമാത്മാവ്. മനസ്സു ചെയ്തതാണു ചെയ്തത്; ശരീരം ചെയ്തതല്ല ചെയ്തത്. വെറും ബ്രാഹ്മണരായി ജീവിച്ചിരുന്ന ഇന്ദുപുത്രന്മാർ മനോഭാവനകൊണ്ടു ബ്രഹ്മാക്കളായി തീർന്നില്ലേ; നോക്കൂ മനസ്സിന്റെ ശക്തി. മനസ്സു ഭാവന ചെയ്താൽ ജീവൻ ദേഹത്തോടുകൂടിയവനായി ഭവിക്കുന്നു; മനസ്സു ദേഹഭാവന ഉപേക്ഷിച്ചാൽ ദേഹധർമങ്ങൾ പിന്നെ ബന്ധിക്കുന്നതേയില്ല. പൂർണമായും അന്തർമുഖമാകുന്ന യോഗിമനസ്സ് പ്രിയാപ്രിയങ്ങൾ അറിയുന്നതേയില്ല. ഇന്ദ്രന് അഹല്യയുമായുള്ള ബന്ധം ഇതിനുത്തമ ദൃഷ്ടാന്തമാണ്.

രാമൻ ചോദിച്ചു: 'ഭഗവൻ, ആരാണീ അഹല്യ, അങ്ങു സൂചിപ്പിച്ച ഇന്ദ്രനാരാണ്? അവരുടെ കഥ എന്റെ മനസ്സിനെ ശുദ്ധമാക്കുമെങ്കിൽ അതു കേൾക്കട്ടെ?'

വസിഷ്ഠൻ തുടർന്നു: 'രാമാ, പണ്ടു മഗധരാജ്യത്തിൽ പ്രസിദ്ധനായ ഇന്ദ്രനു തുല്യനായി ഇന്ദ്രദ്യുമ്നനെന്ന ഒരു രാജാവു രാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിനു ചന്ദ്രനു രോഹിണിയെന്നപോലെ ഇന്ദുബിംബംകണക്കു ശോഭയുള്ളവളും കമലലോചനയുമായ അഹല്യ ഭാര്യയായി ഭവിച്ചു. ആ നഗരത്തിൽ തന്നെ നഗരനാരിമാർക്കു പ്രിയങ്കരനായി ഇന്ദ്രനെന്നു പേരുള്ള ഒരു വിടശിരോമണി പാർത്തിരുന്നു. ഗൗതമപത്നിയായ അഹല്യയ്ക്കു പണ്ട് ഇന്ദ്രനുമായുണ്ടായ ബന്ധം പുരാണങ്ങളിൽ വായിച്ചറിഞ്ഞ അഹല്യ ഇന്ദ്രനോട് അനുരാഗവതിയായി ഭവിച്ചു. അഹല്യയുടേയും ഇന്ദ്രന്റെയും പരസ്യമായ അനുരാഗപ്രകടനങ്ങൾ ക്രമേണ രാജാവിന്റെ ചെവിയിലെത്തി. അവരുടെ അതിയായ പരസ്പര പ്രേമഭാവംകണ്ട് അതു തടയാൻ രാജാവു പല ഉപായങ്ങളും പ്രയോഗിച്ചു. അവരെ രണ്ടുപേരെയും വലിയ ജലാശയത്തിൽ വീഴ്ത്തി നോക്കി. അവർക്കതിൽ ഖേദമുണ്ടായില്ലെന്നു മാത്രമല്ല അവരവിടെ കളിച്ചുരസിച്ചുല്ലസിച്ചു. ആനകളെക്കൊണ്ടു ചവിട്ടിച്ചു നോക്കി; അതുകൊണ്ടും അവർ തളർന്നില്ല. ചാട്ടവാറുകൊണ്ടടിപ്പിച്ചു; അവർ ദുഃഖിതരായി കണ്ടില്ല. തീയിലിട്ടു നോക്കി; അഗ്നിജ്വാലകൾക്കവരെ ദഹിപ്പിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ സർവാതിശായിയായ ഈ സന്തോഷത്തിനു കാരണമെന്താണെന്നവരോടു തന്നെ രാജാവാരാഞ്ഞു. അവർ സന്തോഷത്തോടെ രാജാവിനോടു പറഞ്ഞു: 'ഞങ്ങൾ ഒരാൾ മറ്റൊരാളുടെ മുഖകാന്തി ഗാഢമായി ധ്യാനിച്ചു സ്വയം മറന്നു പോകുന്നു; അങ്ങനെ ഞങ്ങൾ അന്യോന്യം തന്മയീഭവിക്കുന്നു. രാജാവേ, ആ നിമിഷത്തിൽ ഞങ്ങളുടെ അവയവങ്ങളിൽ എന്തു സംഭവിച്ചാലും ഞങ്ങളറിയുന്നില്ല. ഇഷ്ടകാര്യത്തിൽ മനസ്സുകൊണ്ടു തന്മയീഭവിക്കുന്ന ഒരു ധീരനെ തുടർന്നു ദേഹഭാവങ്ങൾക്കൊന്നും പീഡി

digitized by www.sreyas.in

പ്പിക്കാനേ കഴിയുകയില്ല. മഹീപതേ, തീവ്രവേഗതയോടെ പരസ്പരം തന്മയീഭവിക്കുന്ന ഞങ്ങളുടെ മനസ്സിനും ശരീരത്തിനും നേരിടുന്ന വേദനകളൊന്നും അറിയാനേ കഴിയുന്നില്ല; ദേഹകർമമൊന്നും ഞങ്ങൾ കാണുന്നേയില്ല; മുനിശാപാദികാര്യങ്ങൾപോലും ഞങ്ങൾക്കു പ്രശ്നമല്ല. തീവ്രവേഗതയോടെ ഒന്നിലേകാഗ്രപ്പെടുന്ന മനസ്സിനെ ചലിപ്പിക്കുവാൻ ലോകത്തൊരുശക്തിക്കും സാദ്ധ്യമല്ല; അങ്ങനെയുള്ള മനസ്സ് എന്തൊക്കെ തിരിച്ചടികളുണ്ടായാലും മേരുപർവതം പോലെ ഉറച്ചുതന്നെ നിൽക്കും. രാജാവേ, ശരീരചേഷ്ടകൾ വെറും പ്രകടനങ്ങൾമാത്രം, ഈ ശരീരങ്ങൾക്കൊക്കെ കാരണം മനസ്സാണ്. കാട്ടിലെ എത്ര വള്ളികൾ ചതച്ചുരസമെടുത്താലും അവയിൽ മുഖ്യമായുള്ളതു വെള്ളമാണ്, അതുപോലെ മുഖ്യശരീരം മനസ്സാണെന്നറിയൂ. ബാഹ്യദേഹം ഒരു കേടുമില്ലാതിരിക്കവേതന്നെ ഈ മനസ്സ് സ്വപ്നത്തിൽ നിരവധി പുതിയ ദേഹങ്ങൾ സൃഷ്ടിക്കുന്നതായി കാണുന്നില്ലേ? ചിത്തം കേടില്ലാത്തതാണെങ്കിൽ ശരീരത്തിനു ഒരു കേടും വരുത്താൻ കഴിയുന്നതല്ല. അതുകൊണ്ട് എന്തു പ്രയത്നം ചെയ്തും ചിത്തരത്നത്തെ കാത്തുസൂക്ഷിക്കേണ്ടതാണ്.'

വസിഷ്ഠൻ തുടർന്നു: അവരിങ്ങനെ പറയുന്നതുകേട്ട് ഇന്ദ്രദ്യുമ്ന മഹാരാജാവ് അടുത്തിരുന്ന ഭരതമുനിയെ അറിയിച്ചു: 'അല്ലയോ, സർവധർമജ്ഞ, ഇവർ പറയുന്നതു പരമസത്യം. കാമാന്ധന്മാരുടെപോലും സത്യവാക്കുകൾ ചേതസ്സിനെ അത്യന്തം സുഖിപ്പിക്കുന്നു. ശാസ്ത്രാർഥം ഉള്ളതുപോലെ വിവരിക്കുന്ന ഇവരെ ഞാനിതാ സ്വതന്ത്രരാക്കുന്നു. യഥേഷ്ടം അവർ ജീവിക്കട്ടെ!' ഇങ്ങനെ പറഞ്ഞു രാജാവ് അവരെ വിട്ടയച്ചു.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തിപ്രകരണേ*
*ഇന്ദ്രോപാഖ്യാനം നാമ*
*പഞ്ചമോധ്യായഃ*

**സർഗം. 6**

# ചിത്തോപാഖ്യാനം

വസിഷ്ഠൻ തുടർന്നു: 'ഹേ രാമാ, കഥാകഥന ലീലയിൽകൂടി ഞാൻ ചിത്തരഹസ്യം നിനക്കു വെളിപ്പെടുത്തിത്തന്നു. ഈ ജഗത്തിൽ എല്ലാ ജീവികൾക്കും രണ്ടു ശരീരങ്ങളുണ്ട്. ഒന്ന് എന്തും അതിവേഗം സാധിച്ചുതരുന്നതും ചഞ്ചലവുമായ മനഃശരീരം. മറ്റേതു കാര്യമായി ഒന്നിനും പ്രയോജനപ്പെടാത്ത മാംസനിർമിതമായ ബാഹ്യശരീരം;' രാമൻ ചോദിച്ചു: 'മഹർഷേ, ജഡവും ആകൃതിയൊന്നുമില്ലാത്തതും സങ്കൽപ്പ പ്രധാനവുമായുള്ള ഈ മനസ്സിന്റെ കാര്യം അൽപ്പംകൂടി വിസ്തരിച്ചു പറഞ്ഞുതന്നാൽ ഉപകാരമായി.' വസിഷ്ഠൻ പറഞ്ഞു:

50. അനന്തസ്യാത്മതത്വസ്യ സർവശക്തേർമഹാത്മനഃ
സംകൽപ്പശക്തിഖചിതം യദ്രൂപംതന്മനോവിദുഃ

ബോധസ്വരൂപമായ ആത്മതത്വം അനന്തമാണ്, സർവശക്തിമത്താണ് സർവവ്യാപിയാണ്. അതിന്റെ സങ്കൽപ്പശക്തി രൂപംകൊള്ളുന്നതാണു മനസ്സ്.

digitized by www.sreyas.in

ഉണ്ട്, ഇല്ല എന്നിങ്ങനെ ഉണ്മയുടെയും ഇല്ലായ്മയുടെയും അനുഭവങ്ങളുടെ മധ്യേ ഓടിനടക്കുന്ന ചഞ്ചലമായ ഒരു പദാർഥമമാണ് മനസ്സ്. ചിലത് ഉണ്ടെന്നനുഭവിക്കുമ്പോൾതന്നെ അതു പലതും ഇല്ലെന്നനുഭവിക്കുന്നു. ഈ അനുഭവങ്ങളോടു കൂടി എല്ലാം സൃഷ്ടിക്കുന്ന പദാർഥമാണു മനസ്സ്. ബോധസത്യത്തിൽ എവിടെനിന്നോ കേറിവരുന്ന ഈ ചിത്തം എന്തോ ഒന്നാണ്; നിഷ്കൃഷ്ടമായി എന്താണെന്നുപറയാൻ അസാധ്യം. അങ്ങനെയുള്ള മനസ്സിൽ നിന്നും ആത്മാവിനെ മുക്തമാക്കാനായി യുക്തികളിൽകൂടി നിത്യം യത്നിക്കേണ്ടതാണ്. അതിനായി ചിത്തത്തിന്റെ കഥ നിനക്കു ഞാൻ പറഞ്ഞുതരാം. മുൻപ് പിതാവായ ബ്രഹ്മാവാണ് എനിക്കീകഥ പറഞ്ഞുതന്നത്. അതിവിസ്താരമേറിയ ഒരു മഹാവനം, അതിഭീഷണം ശൂന്യം; നൂറുനൂറു യോജനകൾ. അതിൽ വെറും ഒരു കോണു മാത്രം. ഈ വനത്തിൽ ഒരു പുരുഷൻ; അയാൾക്ക് ആയിരം കൈകൾ ആയിരം കണ്ണുകൾ; സദാവ്യാകുലഹൃദയൻ, വികൃതമായ ആകൃതി. അയാൾ തന്റെ ആയിരം കൈകളിലും ഇരുമ്പുലക്കയെടുത്തിട്ടു സ്വയം മുതുകത്തടിക്കുന്നു; എന്നിട്ടോടുന്നു. ഉറക്കെത്തന്നെ മുതുകത്തടിച്ചിട്ടു നൂറുനൂറുയോജന ദൂരം ഓട്ടം തുടരുന്നു. നിലവിളിച്ചുകൊണ്ട് വളരെദൂരം ഓടിയശേഷം ക്ഷീണിച്ചുവിവശനായി അവയവങ്ങളൊക്കെ തളർന്നു വലിയ ഒരന്ധകൂപത്തിൽ ചെന്നുവീഴുന്നു; കൂരിരുട്ടുകൊണ്ടുനിറഞ്ഞ ആകാശംപോലെ വിസ്താരമുള്ള അന്ധകൂപം. അങ്ങനെ കുറേക്കാലം അതിൽകിടന്നശേഷം അതിൽനിന്നും പുറത്തുവരുന്നു. പുറത്തെത്തിയാൽ ഉടൻ തന്നെ പഴയപോലെ മുതുകത്തടിച്ചിട്ടു വീണ്ടും ഓടുന്നു. വീണ്ടും അതിദൂരം ഓടിഓടി പച്ചിലച്ചെടികൾ കൊണ്ടുനിറഞ്ഞ ഒരു കാട്ടിലെത്തിച്ചേരുന്നു. തീയിൽ ഈയാംപാറ്റ പോലെ മുള്ളുകൊണ്ടു നിറഞ്ഞ ആ കാട്ടിൽ വെന്തുവെന്തു കുറേനാൾ കഴിച്ചുകൂട്ടുന്നു. ആ കാട്ടിൽനിന്നും പുറത്തുവന്നാൽ ഉടൻതന്നെ വീണ്ടും മുതുകത്തടിക്കുന്നു ഓടുന്നു. വളരെദൂരം ഓടിയിട്ടു ചന്ദ്രികാചർച്ചിതമായ കദളീവനത്തിൽ ചിരിച്ചുകൊണ്ടു കടന്നുകയറുന്നു. അവിടെ നിന്നു പുറത്തുവന്നാൽ പഴയപടി മുതുകത്തടിക്കുന്നു, ഓടുന്നു. ഓടിത്തളർന്നു പണ്ടത്തെ അതേ അന്ധകൂപത്തിൽ വീണ്ടും ചെന്നുവീഴുന്നു. അന്ധകൂപത്തിൽനിന്നു കരകയറി വീണ്ടും കദളീവനത്തിൽ. കദളീവനത്തിൽനിന്നു വീണ്ടും പച്ചിലക്കാട്ടിൽ. പച്ചിലക്കാട്ടിൽ നിന്നും വീണ്ടും അന്ധകൂപത്തിൽ. അന്ധകൂപത്തിൽ നിന്നു വീണ്ടും കദളീവനത്തിൽ. ഇങ്ങനെ മുതുകത്തടിച്ചും ഓടിയും ചെന്നു വീണും ആ പുരുഷൻ സ്വവ്യാപാരം തുടരുന്നു. ഇപ്രകാരം തുടർന്നുകൊണ്ടിരിക്കുന്ന ഈ വ്യാപാരം കണ്ട് ഒരു വിവേകപുരുഷൻ അയാളെ വഴിക്കുതടഞ്ഞുനിറുത്തി ചോദിച്ചു നീയാരാണ്, എന്താണീ കാണിക്കുന്നത്, എന്തിനാണിതൊക്കെ? നിനക്കെന്താണാഗ്രഹം; ക്ഷീണിതനായി എന്തിനിങ്ങനെ ചുറ്റിയോടുന്നു? ഇങ്ങനെ ചോദ്യം ചെയ്യപ്പെട്ടപ്പോൾ അയാൾ പറഞ്ഞു– 'മുനേ ഞാനാരുമല്ല, ഇതൊന്നുമല്ല, ഞാനെന്തോ ചെയ്യുന്നു. നിങ്ങളെന്നെ എന്തിനുതടഞ്ഞു നിറുത്തി; നിങ്ങളെന്റെ ശത്രുവാണ്, നിങ്ങളെന്നെ കണ്ടുപിടിച്ചുകളഞ്ഞു, ഞാൻ നശിച്ചു; എനിക്കു ദുഃഖവും സുഖവും ഉണ്ടാക്കാൻ കഴിയും' ഇങ്ങനെ പറഞ്ഞു വാടിക്കുഴഞ്ഞ തന്റെ അവയവങ്ങളെ നോക്കി ദീനദീനം മഴയ്ക്കു മുൻപുള്ള മേഘത്തിനുതുല്യം ഉറക്കെ നിലവിളിക്കാൻ തുടങ്ങി. അൽപ്പം കഴിഞ്ഞു കരച്ചിലൊക്കെ മതിയാക്കി തളർന്നുവീഴാറായ തന്റെ അവയവങ്ങളെനോക്കി പൊട്ടിച്ചിരിച്ചു. പൊട്ടിച്ചിരിക്കുശേഷം വിവേ

digitized by www.sreyas.in

കപുരുഷന്റെ മുൻപിൽ വച്ചുതന്നെ സംഭ്രമത്തോടുകൂടി അയാൾ തന്റെ അവയവങ്ങളെ ഓരോന്നോരോന്നായി ദൂരെ വലിച്ചെറിയാൻ തുടങ്ങി. ആദ്യം അതിദാരുണമായ അയാളുടെ തല വീണു. അതിനുശേഷം ആ കൈകൾ, മാറിടം, വയറ് എല്ലാം നിലംപതിച്ചു. ഇങ്ങനെ അതിവേഗം ഓരോന്നോരോന്നായി തന്റെ അവയവങ്ങളെ ഉപേക്ഷിച്ചിട്ടു നിയതിയെ പിൻതുടർന്ന് അയാൾ എങ്ങോട്ടോ പോയ്മറഞ്ഞു. മറ്റൊരിക്കൽ ആ വിവേകപുരുഷൻ അതുപോലെ തന്നെ സ്വയം പ്രഹരിച്ചു പര്യാകുലമതിയായി കറങ്ങി ഓടുന്ന മറ്റൊരു പുരുഷനെ കണ്ടു. അവനെയും അദ്ദേഹം മുൻപെന്നപോലെ തടഞ്ഞുനിറുത്തി ചോദിച്ചു. അവനും ക്രമേണ കരഞ്ഞുചിരിച്ചു അവയവങ്ങളെ ഓരോന്നോരോന്നായി ഉപേക്ഷിച്ച് എങ്ങോപോയി മറഞ്ഞു. പിന്നൊരിക്കൽ ആ വിവേകപുരുഷൻ അതുപോലെ തന്നെ അന്ധനായി ഓടി ഓടി അന്ധകൂപത്തിൽ ചെന്നുവീണ മറ്റൊരു പുരുഷനെ കാണുകയുണ്ടായി. അവിടുന്നെണീറ്റുവരുന്ന അവനെ കാണാനായി അദ്ദേഹം വളരെനേരം അവിടെ പ്രതീക്ഷിച്ചു നിന്നു. വളരെ പ്രതീക്ഷിച്ചിട്ടും ആ ശഠൻ ആ കൂപത്തിൽ നിന്നും കരകയറിയതായി കണ്ടില്ല. വീണ്ടുമതുപോലെ ഓടിഓടിപ്പതിക്കുന്ന മറ്റൊരുവനെ കണ്ടു. അവനെയും തടഞ്ഞുനിർത്തി അദ്ദേഹം വേണ്ടപോലെ ചോദ്യം ചെയ്തു. അവനാകട്ടെ വിവേകപുരുഷനെ അധിക്ഷേപിച്ചു വഴിയിൽ നിന്നും തള്ളിമാറ്റി അവന്റെ പതിവുകർമപരിപാടി തന്നെ തുടർന്നു. ഇങ്ങനെ ആ കൊടുങ്കാട്ടിൽ അനേകമനേകം പുരുഷന്മാർ പരിഭ്രാന്തരായി വീണും എണീറ്റും ഇന്നും സഞ്ചരിക്കുന്നതു കാണ്മാനുണ്ട്; ആ മഹാവനം ഇപ്പോഴും അങ്ങനെതന്നെ സ്ഥിതിചെയ്യുന്നു. ആ കാട് അതിഭീഷണമാണ്; പലതരം മുള്ളും കുണ്ടും കുഴിയും കൊണ്ടുനിറഞ്ഞതാണ്. ആ ഘോരകാനനം കൂരിരുട്ടുകൊണ്ടു നിറഞ്ഞതാണ്. പുരുഷന്മാർ അവിടെയെത്തി വിവേകവിജ്ഞാനം കൊണ്ടു നിർവൃതരാകാതെ അതൊരു പൂന്തോട്ടമാണെന്നു തെറ്റിധരിച്ചു അവിടെത്തന്നെ കഴിഞ്ഞുകൂടുന്നു.'

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'അല്ലയോ ബ്രഹ്മൻ, ആ കൊടുങ്കാടേതാണ്; എവിടെയാണ്. ആ പുരുഷന്മാരാരാണ്; എന്തുനേടാനാണവരുടെ യത്നം?'

വസിഷ്ഠൻ അറിയിച്ചു: 'വീരനായ ഹേ രഘുനാഥാ' ഞാൻ എല്ലാം പറയാം, കേട്ടോളൂ, ആ കൊടുംകാടോ അതിലെ പുരുഷന്മാരോ ദൂരത്തല്ല. അനന്തവും അഗാധവുമായ ബോധാകാശത്തിലെ ശൂന്യമായ സംസാരകോലാഹലം തന്നെയാണ് ആ മഹാവനം. അവിടെ വലിയ ആകൃതി കൈക്കൊണ്ട് ഓടി നടന്നു ദുഃഖത്തിലാണ്ടുഴലുന്ന പുരുഷന്മാർ മനസ്സുകളല്ലാതെ മറ്റാരുമല്ല. വിവേകമാണ് അവരെ പിടിച്ചു നിറുത്തി ചോദ്യം ചെയ്ത വിവേക പുരുഷൻ. വിവേകം മനസ്സുകളെ ചിന്തിപ്പിച്ചു ജ്ഞാനമാർഗത്തിലേക്കു തിരിച്ചുവിടുന്നു. അല്ലയോ രാമാ, വിവേകത്തിന്റെ ഫലമായി ചില മനസ്സുകൾക്ക് ബോധോദയമുണ്ടായി അവ ഉപശമിക്കുന്നു. ചില മനസ്സുകൾ വിവേകത്തെ തീരെ ഗണിക്കുന്നതേ ഇല്ല. വിവേകത്തെ തിരസ്കരിക്കുന്നതു നിമിത്തം അവ വീണ്ടും വീണ്ടും അന്ധകൂപങ്ങളിൽ തന്നെ പതിക്കുന്നു. അന്ധകൂപങ്ങൾ നരകങ്ങളാണ്; കദളീവനം, സ്വർഗം, പച്ചിലക്കാടുകളാകട്ടെ മനുഷ്യലോകമാണ്. മഹാപാതകമനുഷ്ഠിക്കുന്ന മനസ്സുകൾക്കു പലപ്പോഴും നരകത്തിൽ തന്നെ ചിരകാലവാസം വേണ്ടിവരുന്നു. ഭർതൃപുത്രകളത്രാദി ബന്ധങ്ങൾ കൊണ്ട് ഏഷണാദൂഷിതമായ മനുഷ്യജീവിതം ദുഃഖമായതു

digitized by www.sreyas.in

കൊണ്ട് മുള്ളുനിറഞ്ഞ പച്ചിലക്കാടിനു തുല്യമെന്നു പറയേണ്ടതില്ലല്ലോ. വിവേകപുരുഷനെ ദുഷ്ടബ്രാഹ്മണനെന്നു പറഞ്ഞു തിരസ്കരിക്കുന്ന പുരുഷന്മാർ ആത്മജ്ഞാനത്തിനു പുറം തിരിഞ്ഞു സ്വവിവേകത്തെത്തന്നെ തിരസ്കരിക്കുന്ന മനസ്സുകളാണ്. 'എന്നെ കണ്ടുകളഞ്ഞു, ഞാൻ നഷ്ടമായി, നീ എന്റെ ശത്രുവാണ് എന്നൊക്കെപറഞ്ഞു വിവേകപുരുഷനെ നിന്ദിച്ചത് മമതാബദ്ധമായ മനസ്സിന്റെ സംശയം നിറഞ്ഞ പരിദേവനങ്ങളാണ്. പുരുഷന്റെ നിലവിളിയും മറ്റും ലോകഭോഗങ്ങൾ വിട്ടുപോകുമ്പോഴുള്ള മനസ്സിന്റെ രോദനങ്ങളാണ്. വിവേകം പൂർണമാകാതെ, വ്യക്തമായ വസ്തുബോധം വരാതെ ലോകഭോഗങ്ങൾ വിടേണ്ടിവരുന്ന മനസ്സിന് ഈ രോദനം സ്വാഭാവികമാണ്. വ്യക്തമായ വസ്തുബോധം വന്ന മനസ്സിന്റെ സന്തോഷപ്രകടനമാണു ചിരിയും ആനന്ദവും.

51. പരിപ്രാപ്തവിവേകസ്യ ത്യക്തസംസാരസംസ്ഥിതേഃ
ചേതസസ്ത്യജതോരൂപമാനന്ദോഹിവിവർധതേ

വ്യക്തമായ വസ്തുബോധം നേടി സംസാരഭ്രമം കൈവെടിയുന്ന മനസ്സ് സങ്കൽപ്പാത്മകമായ സ്വരൂപം വിട്ടകലന്നു. തുടർന്നു ഉള്ളിൽ ആത്മാനന്ദം പെരുകി വരുന്നു. ഈ ഭ്രമപുരുഷനെ വിവേകപുരുഷൻ തടഞ്ഞുനിറുത്തി ചോദ്യം ചെയ്തു എന്നു പറഞ്ഞാൽ നിരർഥകമായ സംസാരക്ലേശത്തിൽ മുഴുകുന്ന മനസ്സ് ബലാൽ വിവേകം അംഗീകരിക്കുന്നു എന്നു താൽപ്പര്യം. പുരുഷൻ ആയിരമായിരം കൈകൾ കൊണ്ടുമുതുകത്തടിക്കുന്നു എന്നു പറഞ്ഞാൽ മനസ്സു തന്നെ സ്വയം അനേകം ഭ്രമസങ്കൽപ്പങ്ങളിൽ പെട്ടുഴലുന്നു എന്നർഥം. കൽപ്പനകളിൽ കൂടി സ്വയം ഭ്രമിച്ചു സ്വവാസനാനുരൂപമായി നരകമോ സ്വർഗമോ മനുഷ്യലോകമോ ഒക്കെ ഉണ്ടാക്കി അനുഭവിക്കുന്നു. അതാണ് അന്ധകൂപങ്ങളിലും കദളീവനങ്ങളിലും പച്ചിലക്കാടുകളിലുമൊക്കെയുള്ള ഭ്രമപുരുഷന്റെ പതനം. മനസ്സ് സ്വയം സങ്കൽപ്പങ്ങളെയും വാസനകളെയും ഉണ്ടാക്കി തന്നത്താൻ ബന്ധമുണ്ടാക്കുന്നു. പട്ടുനൂൽപുഴു തനിക്കു ചുറ്റും ഒരു വലയം സൃഷ്ടിച്ചു സ്വയം ബന്ധനസ്ഥനാകുന്നതു പോലെയാണു മനസ്സിന്റെയും ലീലാമയങ്ങളായ ഈ ബന്ധങ്ങൾ. വിചിത്രമായ ചിത്തോപാഖ്യാനമിതാണ്. ഇതു നല്ലപോലെ വിചിന്തനം ചെയ്തു ചിത്തത്തെ ഉപശമിപ്പിക്കാൻ പ്രയത്നമാരംഭിക്കൂ.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തി പ്രകരണേ*
*ചിത്തോപാഖ്യാനം നാമ*
*ഷഷ്ഠഃ സർഗഃ*

സർഗം. 7

# ബാലകാഖ്യായികോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു:

52. പ്രബുദ്ധനാംമനോരാമ ബ്രഹ്മൈവേദംഹിനേതരത്
സർവശക്തിപരം ബ്രഹ്മനിത്യമാപൂർണമവ്യയം

ഹേ രാമാ, വസ്തുബോധം വന്നുണർന്ന മനസ്സ് ബ്രഹ്മം തന്നെയാണ്;

digitized by www.sreyas.in

അവിടെ ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ല. ബ്രഹ്മമോ സർവശക്തിമത്ത്, ജനന മരണങ്ങളില്ലാത്ത ബോധം; എങ്ങും നിറഞ്ഞു നിൽക്കുന്ന അനന്തബോധം; ഒരിക്കലും ഒരഴിവുമില്ലാത്തത്. നിറഞ്ഞുനിൽക്കുന്ന ആ ബോധവസ്തുവിൽ ഇല്ലാത്തതായി യാതൊന്നും തന്നെയില്ല. ബ്രഹ്മശക്തിയിൽ സങ്കൽപ്പം എന്തുണ്ടാക്കി കാണാൻ ആഗ്രഹിക്കുന്നുവോ അതവിടെ ഉള്ളതായി ഭവിക്കുന്നു. ശരീരങ്ങളിൽ കാണുന്ന ജീവശക്തി ആ ബ്രഹ്മം തന്നെയാണ്. വായുവിൽ സ്പന്ദശക്തി, പാറയിൽ ദാർഢ്യശക്തി, ആകാശത്തിൽ ശൂന്യശക്തി, നശിപ്പിക്കുന്നതിൽ നാശശക്തി ഇങ്ങനെ എല്ലാറ്റിന്റെയും എല്ലാ ശക്തികളും ബോധശക്തികളാണെന്നറിയൂ. മയിലിന്റെ മുട്ടയുടെ അകത്തുള്ള ജലത്തിൽ വിചിത്രമായ മയിൽ അടങ്ങിയിരിക്കുന്നതുപോലെ ബോധശക്തിയിൽ എല്ലാം അടങ്ങിയിരിക്കുന്നു. ഇലകൾ, കായ്കൾ, വള്ളികൾ, പൂക്കൾ, ചെറുചില്ലകൾ, ശാഖകൾ, വേരുകൾ തുടങ്ങി ഒരു വൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളും വിത്തിൽ അടങ്ങിയിരിക്കുന്നതുപോലെ ബ്രഹ്മത്തിൽ പ്രപഞ്ചമായി കാണപ്പെടുന്ന എല്ലാം അടങ്ങിയിരിക്കുന്നു. അവിടവിടെ അപ്പോഴപ്പോൾ ദേശകാലഭേദമനുസരിച്ചു ഭൂമിയിൽ സസ്യങ്ങൾ പ്രകടമാകുന്നതുപോലെ ബോധത്തിൽ വിവിധ ദൃശ്യങ്ങൾ പ്രകടമാകുന്നു. സദാസർവത്ര പരിപൂർണമായി വിളങ്ങി നിൽക്കുന്ന അഖണ്ഡബോധ സത്യം അൽപ്പമൊന്നു സങ്കൽപ്പോന്മുഖമായാൽ അതാണു മനസ്സെന്നറിയപ്പെടുന്നത്. ആദ്യം മനസ്സ്, പിന്നെ ബന്ധമോക്ഷ ചിന്ത, തുടർന്ന് ഭുവനമെന്നറിയപ്പെടുന്ന പ്രപഞ്ചം; ഇങ്ങനെ ഈ കാണപ്പെടുന്നതെല്ലാം വളർത്തമ്മ ഉറക്കാനായി കുട്ടിയെ കേൾപ്പിച്ച കഥപോലെ നിലവിൽ വന്നു എന്നു കാണേണ്ടതാണ്.'

രാമൻ ചോദിച്ചു : 'മുനേ, എന്താണാ ബാലകഥ? സൃഷ്ടിരഹസ്യം തെളിയാനായി അരുളിച്ചെയ്താലും?' വസിഷ്ഠൻ തുടർന്നു – 'ഒരു കൊച്ചു കുട്ടി ഒരിക്കൽ തന്റെ വളർത്തമ്മയോട് രസകരമായ ഒരു കഥ പറയാൻ ആവശ്യപ്പെട്ടു. വളർത്തമ്മ കുഞ്ഞിനെ ലാളിച്ചു സന്തോഷിപ്പിച്ചുകൊണ്ടു മധുരമായി കഥ പറയാൻ ആരംഭിച്ചു. ഒരിക്കൽ ഒരിടത്തു വളരെ നല്ലവരായ മൂന്നു രാജകുമാരന്മാർ ഉണ്ടായിരുന്നു. ധാർമികന്മാരും അത്യന്തശൂരന്മാരുമായിരുന്ന ആ രാജകുമാരന്മാർ തീരെ നിലവിലില്ലാതിരുന്ന ഒരു കൊട്ടാരത്തിലാണ് ഉണ്ടായിരുന്നത്. അവരിൽ രണ്ടുപേർ ജനിച്ചിട്ടേയില്ല; ഒരാൾ ഗർഭത്തിലേക്കു തന്നെ കടന്നിട്ടില്ല. എങ്കിലും ശുഭകാര്യസാധ്യത്തിനായി ഉത്തമന്മാരായ ആ മൂന്നു പേരും അവരുടെ ശൂന്യനഗരത്തിൽ നിന്ന് ഒരു യാത്ര പുറപ്പെട്ടു. യാത്രയ്ക്കിടയിൽ അവർ ആകാശത്തിൽ കായ്കനികൾ നിറഞ്ഞ വൃക്ഷങ്ങൾ നിൽക്കുന്നതായി കണ്ടു. അവർ അവയുടെ ചുവട്ടിൽ വിശ്രമിച്ചു മധുര ഫലങ്ങളും ഭക്ഷിച്ചു യാത്ര തുടർന്നു. തുടർന്ന് തിരയടിച്ചിളകുന്ന മൂന്നു പൊയ്കകളുടെ കരയിൽ അവരെത്തിച്ചേർന്നു. അതിലൊരു പൊയ്ക തീരെ വരണ്ടു കിടക്കുകയായിരുന്നു. മറ്റു രണ്ടെണ്ണത്തിലും ഒരുതുള്ളി വെള്ളംപോലും ഉണ്ടായിരുന്നില്ല. വരണ്ടു കിടന്ന പൊയ്കയിലിറങ്ങി അവർ സസുഖം കുളിച്ചു. കുറേനേരം അവർ ജലക്രീഡ കഴിഞ്ഞ് അതിൽ നിന്നു അമൃതതുല്യമായ ജലം പാനം ചെയ്തു. യാത്ര തുടർന്നു സന്ധ്യയായതോടെ അവർ

digitized by www.sreyas.in

ഭാവിയിൽ ഉണ്ടാകാനിരിക്കുന്ന ഒരു നഗരത്തിൽ എത്തിച്ചേർന്നു. കളകള കോലാഹലത്തോടെ തുള്ളിച്ചാടി രസിക്കുന്ന പൗരാവലിയെക്കൊണ്ടു നിറഞ്ഞതായിരുന്നു ആ പട്ടണം. അവിടെയവർ മനോഹരങ്ങളായ മൂന്നു വീടുകൾ കണ്ടെത്തി. ഒന്നിനു ചുവരോ തൂണുകളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മറ്റു രണ്ടു വീടുകൾ കെട്ടിയിട്ടേയില്ല. ചുവരും തൂണുമില്ലാത്ത വീട്ടിൽ ആ മൂന്നു രാജകുമാരന്മാരും പ്രവേശിച്ചു. അവരവിടെ തിളങ്ങുന്ന സ്വർണം കൊണ്ടു നിർമിച്ച മൂന്നു പാത്രങ്ങൾ കണ്ടെത്തി. അവയിൽ രണ്ടെണ്ണം പൊട്ടിച്ചിതറി ഓടുകളായി കിടക്കുകയായിരുന്നു. മൂന്നാമത്തേതു തവിടുപൊടിയായും. ആ ശുദ്ധബുദ്ധികൾ തവിടുപൊടിയായിക്കിടന്ന പാത്രം കൈയിലെടുത്തു. അതിൽ മൂന്നിടങ്ങഴിയരിയിൽ നിന്നും മൂന്നിടങ്ങഴിയരി കുറച്ചിട്ട് പാകം ചെയ്തു. ആ ചോറ് ഭക്ഷണപ്രിയന്മാരും വായില്ലാത്തവരുമായ ബ്രാഹ്മണരെ ഭുജിപ്പിച്ചു. ബ്രാഹ്മണരെ ഊട്ടിയിട്ടു ബാക്കി വന്നത് ആ രാജകുമാരന്മാരും ഭക്ഷിച്ചു. ഭാവിയിൽ രൂപം കൊള്ളാൻ പോകുന്ന ആ നഗരത്തിൽ മൂന്നു രാജകുമാരന്മാരും മൃഗങ്ങളെ വേട്ടയാടി കുറച്ചുകാലം കഴിച്ചു കൂട്ടി. അല്ലയോ രാമാ, വളർത്തമ്മ പറഞ്ഞ ഈ കഥ യുക്തിചിന്ത ചെയ്യാൻ കഴിയാത്ത ബാലൻ സത്യമായി തന്നെ കരുതി. ഇതാണു ഞാൻ കേൾപ്പിക്കാമെന്നു പറഞ്ഞ ബാലകാഖ്യായിക.'

53. ഇയം സംസാരരചനാ വിചാരോത്ധിതചേതസാം
ബാലകാഖ്യായികാ ചേത്ഥമവസ്ഥിതിമുപാഗതാ.

ഈ സംസാരഗതി യുക്തി വിചാരം ചെയ്യാൻ കഴിവില്ലാത്ത മന്ദബുദ്ധികൾക്ക് വളർത്തമ്മ കുട്ടിക്കു പറഞ്ഞുകൊടുത്ത കഥപോലെ കടന്നുപോകുന്നു. കഥയുടെ ആരംഭത്തിൽ തന്നെ കുട്ടി ജനിക്കാത്ത രാജകുമാരന്മാർ ഉണ്ടായിരുന്നതെങ്ങനെ എന്ന ചോദ്യം ചോദിച്ചിരുന്നെങ്കിൽ കഥ അവിടെ അവസാനിക്കുമായിരുന്നു. അതിനു കഴിവില്ലാത്ത കുട്ടി അസംബന്ധങ്ങളായ കഥാഭാഗങ്ങളെല്ലാം കേൾക്കുകയും സത്യമെന്നു കരുതുകയും ചെയ്തു. അതുപോലെ ഈ ജഗത്തിനെക്കുറിച്ച് എവിടെ, എപ്പോൾ, എന്തിന് എന്നു മൂന്നു ചോദ്യങ്ങൾ ചോദിക്കുന്നയാൾക്ക് ഒരിക്കലും അവയ്ക്കുത്തരം കിട്ടുകയില്ലെന്നു ബോധ്യപ്പെടുന്നതോടുകൂടി ഇതുവെറും ഭ്രമമാണെന്നു തെളിയും. ചോദ്യം ഉന്നയിക്കാൻ കഴിവില്ലാത്ത മന്ദബുദ്ധികൾ ദുഃഖശോകങ്ങൾക്കു വശപ്പെട്ടു നിരാശയുടെ കൂരിരുട്ടിൽ ജീവിതം അവസാനിപ്പിക്കും. അല്ലയോ രാമാ, സങ്കൽപ്പസ്വരൂപിയായ മനസ്സിന്റെ വെറുമൊരു ഭ്രമാനുഭവമാണു ജഗത്ത്. സങ്കൽപ്പമാണു മനസ്സ്. സങ്കൽപ്പത്തെ മാത്രം ഒന്നു പുറംതള്ളി നോക്കൂ. ബോധത്തെ നിർവികൽപ്പമാക്കൂ. സങ്കൽപ്പത്തെ പുറംതള്ളുന്ന ബോധം അഖണ്ഡാനന്ദസമുദ്രമായി ബാക്കി നിൽക്കും. ജീവിതം അതിരറ്റ ശാന്തി കണ്ടെത്തി ധന്യമാവുകയും ചെയ്യും.

***ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തിപ്രകരണേ***
***ബാലകാഖ്യായികോപാഖ്യാനം നാമ***
***സപ്തമഃ സർഗഃ***

digitized by www.sreyas.in

### സർഗം. 8

# ശാംബരികോപാഖ്യാനം

വസിഷ്ഠൻ തുടർന്നു:

54. സ്വസങ്കൽപ്പവശാന്മൂഢോ മോഹമേതിനപണ്ഡിതഃ
ധിയാ വിചാരധർമിണ്യാ മോഹസംരംഭഹീനയാ.

സംസാരയാത്രയിൽ മൂഢൻ സ്വയം സങ്കൽപ്പിച്ചു മോഹിക്കുന്നു. സത്യമറിഞ്ഞ ആത്മജ്ഞാനിക്ക് ഒരു മോഹവുമില്ല. വിചാരം ചെയ്തു സത്യം തെളിച്ചറിയുന്ന ബുദ്ധി ഈ ദൃശ്യപ്രപഞ്ചം മനസ്സിന്റെ വെറും ഭ്രമമാണെന്നു നല്ലപോലെ ധരിക്കുന്നു. അതുകൊണ്ട് മോഹവും അതിന്റെ ഫലങ്ങളായ കാമക്രോധാദി വികാരങ്ങളും അദ്ദേഹത്തെ അലട്ടുന്നതേയില്ല. (വിചാരമാർഗത്തെക്കുറിച്ചറിയാൻ മുപ്പത്തൊന്നാം ശ്ലോകത്തിന്റെ വ്യാഖ്യാനം നോക്കുക.) സത്യമേത് അസത്യമേതെന്നു ശാസ്ത്രീയമായി വിചാരം ചെയ്യൂ. മനസ്സുകൊണ്ട് അസത്യത്തെ ഉപേക്ഷിച്ചിട്ടു സത്യത്തെ സ്വീകരിക്കൂ. സ്വയം ബദ്ധനല്ലാതിരിക്കേ വെറുതേ ബദ്ധനെന്നു പറഞ്ഞ് എന്തിനു ദുഃഖിക്കുന്നു. അനന്തബോധസത്തയായി വിളങ്ങുന്ന സത്യത്തെ എന്ത് എങ്ങനെ ബന്ധിക്കാനാണ്. സങ്കൽപ്പങ്ങളൊന്നുമില്ലാത്ത ബോധാനന്ദ സ്വരൂപമായ അദ്വയസത്യത്തിൽ രണ്ടാമതൊന്നില്ലാതിരിക്കേ ആരു ബദ്ധനാകാൻ, ആരു മുക്തനാകാൻ. മനസ്സുപെരുകുന്നതാണു ബന്ധം; മനസ്സിന്റെ ഉപശമമാണു മോക്ഷം. ഈ മനസ്സ് വെറുതെ സങ്കൽപ്പിച്ച് പശുവിൻ കുളമ്പടിയെ മഹാസമുദ്രമാക്കി മാറ്റുന്നു; കൽപ്പത്തെ ക്ഷണമാക്കുന്നു; ക്ഷണത്തെ കൽപ്പമാക്കുന്നു.

ഇക്കാര്യത്തിൽ ഞാൻ നല്ലൊരു കഥ പറയാം. ജഗത്തെന്ന ഈ ഇന്ദ്രജാലം പുറത്തല്ല, ചിത്തത്തിലാണെന്ന് ഈ കഥ കൊണ്ടു തെളിയും. ഈ ഭൂമണ്ഡലത്തിൽ ധാരാളം വനപ്രദേശങ്ങൾ കൊണ്ടു നിറഞ്ഞ ഉത്തരപാണ്ഡവമെന്ന വിസ്താരമേറിയ ഒരു രാജ്യമുണ്ട്. ഒരിക്കൽ ലവണൻ എന്നു പേരുള്ള പരമധാർമികനായ ഒരു രാജാവ് അവിടം ഭരിച്ചിരുന്നു. ഹരിശ്ചന്ദ്രന്റെ വംശത്തിൽ ജനിച്ച അദ്ദേഹം ഭൂമിയിലെ സൂര്യനെപ്പോലെ തേജോമയനായിരുന്നു. അദ്ദേഹത്തിന്റെ കീർത്തി കുസുമങ്ങളിലെ പൂമ്പൊടി തട്ടി വെളുത്ത ശിഖരങ്ങളോടുകൂടിയ പർവതങ്ങൾ പവിത്രഹാരങ്ങളെപ്പോലെ ശോഭിച്ചിരുന്നു. വക്രത എന്തെന്നദ്ദേഹത്തിനറിഞ്ഞേകൂടാ. ലോഭം അദ്ദേഹത്തെ സ്പർശിച്ചതേയില്ല. വാക്കിലും പ്രവൃത്തിയിലും ഉദാരനായിരുന്നു. ഒരിക്കൽ ധർമനിഷ്ഠനായ അദ്ദേഹം ആസ്ഥാനസഭാമധ്യത്തിൽ സിംഹാസനാരൂഢനായി സസുഖം സ്ഥിതി ചെയ്തു. അപ്പോഴേക്കും ഒരൈന്ദ്രജാലികൻ ആടോപത്തോടുകൂടി സഭയിൽ കടന്നുവന്നു. അയാൾ തലകുനിച്ചു രാജാവിനെ വണങ്ങി. തലയുയർത്തിനോക്കിയ രാജാവിനോട് താമരയോടു വണ്ടെന്നപോലെ അയാൾ മന്ത്രിച്ചു: 'പ്രഭോ, സിംഹാസനത്തിലിരുന്നുകൊണ്ടു തന്നെ ഭൂമിയിലേക്കു ചന്ദ്രനിറങ്ങി വരുന്നതുപോലെ ആശ്ചര്യകരമായ ഒരിന്ദ്രജാലം കണ്ടാലും'. ഇപ്രകാരം പറഞ്ഞിട്ട് അയാൾ പരമാത്മമായയെപ്പോലെ അദ്ഭുതങ്ങൾ പലതും കാണിക്കാൻ കരുത്തുള്ള ഒരു മയിൽപ്പീലി കയ്യിലെടുത്തു വട്ടത്തിൽ ചലിപ്പിച്ചു. പ്രകാശകണങ്ങൾ ചുറ്റുപാടും വിതറിയ ആ മയിൽപ്പീ

digitized by www.sreyas.in

ലിയെ രാജാവ് ഉറ്റുനോക്കി. പെട്ടെന്ന് സൈന്ധവദേശത്തെ സാമന്തരാജാവ് സഭാമധ്യത്തിലേക്ക് കടന്നുവന്നു. അദ്ദേഹത്തോടൊപ്പം അതിശീഘ്രം സഞ്ചരിക്കാൻ കഴിവുള്ള ഒരു കുതിരയും. സാമന്തൻ കുതിരയെ രാജാവിന്റെ സമീപം കൊണ്ടുനിറുത്തിയിട്ട് ഇങ്ങനെ പറഞ്ഞു: “മഹാരാജാവേ, ഇത് ഉച്ചൈഃശ്രവസ് എന്നു പേരുള്ള അശ്വരത്നമാണ്. എന്റെ പ്രഭു ഇത് ചക്രവർത്തിക്കു സമ്മാനമായി നൽകാൻ തന്നയച്ചിരിക്കുകയാണ്. വിലപ്പെട്ട വസ്തുക്കൾ മഹത്തുക്കൾക്കർപ്പിക്കുമ്പോഴാണവയുടെ ശോഭ കൂടുന്നത്.' ഇത്രയുമായപ്പോൾ ഐന്ദ്രജാലികൻ പറഞ്ഞു 'പ്രഭോ, ഈ കുതിരപ്പുറത്തു കയറി ലോകത്തൊക്കെ ഒന്നു കറങ്ങിവരൂ!' ഐന്ദ്രജാലികൻ ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ രാജാവ് കുതിരയെ ഒന്നുനോക്കി. രാജാവിന്റെ കണ്ണുകളിൽ ഇമവെട്ടൽ നിലച്ചു. അദ്ദേഹം ചിത്രത്തിലെഴുതിയപോലെ നിശ്ചലനായിരുന്നു. കുതിരയെ കണ്ടമാത്രയിൽ അദ്ദേഹം നിശ്ചലനായി. അൽപ്പനേരം ധ്യാനനിഷ്ഠനെപ്പോലെ അങ്ങനെയിരുന്നു. സദസ്യരെല്ലാം ആശ്ചര്യപരതന്ത്രരായി മിഴിച്ചിരുന്നു. മന്ത്രിമാർ സംശയസമുദ്രത്തിൽ മുങ്ങിനിലയായി. സദസ്സിലെ ശബ്ദമെല്ലാം നിലച്ചു. എല്ലാവരും ആശ്ചര്യസ്തബ്ധരായി. ഭയവും മോഹവും വിഷാദവും കൊണ്ടു മുഖങ്ങൾ വാടി. രാജാവിന്റെ കണ്ണുകൾ നിശ്ചലമായപ്പോൾ കൂമ്പിയ താമരകളുടെ ഒരു വനംപോലെ സഭ മങ്ങി മ്ലാനത പരന്നു.

ഏതാനും നിമിഷം കഴിഞ്ഞു രാജാവുണർന്നു. ഉണർന്നു കഴിഞ്ഞ രാജാവു സിംഹാസനത്തിലിരുന്നു വിറപൂണ്ടു. അടുത്തുണ്ടായിരുന്നവർ രാജാവിനെ താങ്ങിപ്പിടിച്ചെങ്കിലും അദ്ദേഹം അത്യന്തം വ്യാകുലചിത്തനായി കാണപ്പെട്ടു. അതുകണ്ടു സദസ്യരും മന്ത്രിമാരും അദ്ദേഹത്തോടു ചോദിച്ചു. 'മഹാരാജാവേ, അങ്ങ് അതീവ നിർമലചിത്തനാണല്ലോ; പിന്നെ ഈ സംഭ്രമം എങ്ങനെ സംഭവിച്ചു. മഹത്വം പ്രാപിച്ച മനസ്സ് മോഹത്തിൽ അകപ്പെടാറില്ലല്ലോ!' ഇതുകേട്ടു രാജാവ് കണ്ണുതുറന്നു. ശാന്തനായി സദസ്യരെ അറിയിച്ചു. 'പ്രിയസദസ്യരേ, പറയാം; ആശ്ചര്യകരമായ കഥ കേട്ടോളൂ. ഈ കപടമാന്ത്രികൻ എന്നെ മയിൽപ്പീലി കാണിച്ചില്ലേ; പെട്ടെന്നെന്റെ മനസ്സു ഭ്രമിച്ചു. ഞാനാകുതിരപ്പുറത്തുകയറി ഒറ്റയ്ക്ക് അതിവേഗത്തിൽ നായാട്ടിനായി പുറപ്പെട്ടു. ഭോഗാഭ്യാസംകൊണ്ടു ജഡീഭവിച്ച മനസ്സ് അജ്ഞനായ മോഹബദ്ധനെയെന്നപോലെ വേഗതയുള്ള ആ കുതിര എന്നെ വളരെ ദൂരം നയിച്ചു. തുടർന്നു പ്രളയാഗ്നിയിൽ ദഹിച്ചു ചാമ്പലായിക്കിടക്കുന്നതുപോലെ ഭയാനകമായ ഒരു വനപ്രദേശത്തു ഞാൻ എത്തിച്ചേർന്നു. മഞ്ഞുമൂടിക്കിടക്കുന്ന അവിടെ പക്ഷികളില്ല, വൃക്ഷങ്ങളില്ല, കുടിക്കാൻ വെള്ളമില്ല. എന്റെ കുതിരയും നല്ലപോലെ ക്ഷീണിച്ചുകഴിഞ്ഞിരുന്നു. അവിടെയെത്തിക്കഴിഞ്ഞപ്പോൾ സൂര്യാസ്തമയം വരെ സവാരിചെയ്തു ക്ഷീണിച്ച എന്റെ മനസ്സും വല്ലാതെ, വാടിക്കുഴഞ്ഞുപോയിരുന്നു. ഒരു വിവേകി സംസാരകാനനം കടക്കുന്നതുപോലെ വളരെ പണിപ്പെട്ടു കഷ്ടിച്ചു ഞാനാവനപ്രദേശം താണ്ടി മറ്റൊരു കാട്ടിലെത്തി. ഞാറമരങ്ങളും കടമ്പുവൃക്ഷങ്ങളുംകൊണ്ടു നിറഞ്ഞ ആ കാട്ടിൽ പക്ഷികളുടെ കളകളാരവം വഴിയാത്രക്കാർക്കു ബന്ധുക്കളുടെ സ്വാഗതവചനങ്ങൾ പോലെ എനിക്കാശ്വാസമരുളി. ഞാനൊരുകൂട്ടം നാരകമരങ്ങളുടെ തണലിൽ അഭയം പ്രാപിച്ചു. അവയിലൊന്നിന്റെ കൊമ്പിൽ

digitized by www.sreyas.in

ചാഞ്ഞുകിടന്നിരുന്ന ഒരു വള്ളിയിൽ പിടിച്ചു ഞാൻ അൽപ്പം നിൽക്കാൻ ശ്രമിച്ചു. അപ്പോഴേക്കും വള്ളിയിൽ തൂങ്ങിക്കിടന്ന എന്നെ ഉപേക്ഷിച്ചിട്ട് കുതിര ഓടിമറഞ്ഞു; ഗംഗയിൽ പിടിച്ചുപറ്റിയ മനുഷ്യനെ ഉപേക്ഷിച്ചു പാപ സമൂഹം ഓടിമറയുംപോലെ. വളരെ ദൂരം യാത്രചെയ്തു ക്ഷീണിച്ച ഞാൻ അവിടെത്തന്നെ വിശ്രമിച്ചു. മോഹത്തിൽ മുഴുകിപ്പോയ എനിക്കു 'ആ രാത്രി ഒരു കൽപ്പംപോലെ കടന്നുപോയി. ആപത്തിന്റെ കൊടുമുടിയിൽ കയറിപ്പ റ്റിയ എനിക്ക് കുളിക്കാൻ പറ്റിയില്ല. സന്ധ്യാവന്ദനം ചെയ്യാൻ പറ്റിയില്ല. ആഹാരം കഴിക്കാൻ പറ്റിയില്ല. കടുത്ത തണുപ്പുതട്ടി വിറച്ചുതമ്മിലുരുമ്മുന്ന പല്ലുകളുടെ ടങ്കാരശബ്ദത്തോടും ഇരുട്ടിന്റെ കൂട്ടങ്ങളോടുമൊപ്പം രാത്രി കട ന്നുപോയി. ഞാനെണീറ്റു വിസ്തൃതമായ ആ പ്രദേശം ചുറ്റി നടന്നു നോക്കി. ആ ജീർണ വനത്തിൽ ആരെയും കാണാനുണ്ടായിരുന്നില്ല; ദുഷ്ട ശരീര ത്തിൽ ഗുണത്തിന്റെ കണികപോലും കാണാനില്ലായിരിക്കുന്നതു പോലെ. ശങ്ക കൂടാതെ അങ്ങിങ്ങു പറന്നു നടന്നിരുന്ന പക്ഷികളുടെ ചികു ചികു ശബ്ദം മാത്രം കേൾക്കാമായിരുന്നു. ഏതാണ്ടു സൂര്യൻ ആകാശത്തിന്റെ കാൽഭാഗം വരെ ഉയർന്നു കഴിഞ്ഞപ്പോൾ ചോറു പൊതിയുമേന്തി ഒരു യുവതി നടന്നു വരുന്നതു കാണാറായി. ചഞ്ചല നേത്രയും കറുമ്പിയും മലിന വസ്ത്രം ധരിച്ചവളുമായ അവളെ ശർവരിയെ ശശാങ്കനെന്ന പോലെ ഞാൻ കണ്ടുമുട്ടി. ഞാനവളോടു പറഞ്ഞു: 'കുട്ടീ, ആ ചോറ് വിശന്നു വലയുന്ന എനിക്കു തരൂ. ദീനന്മാരുടെ ആർത്തിയെ ഹരിക്കുന്ന സമ്പത്ത് അഭിവൃദ്ധിയെ പ്രാപിക്കുന്നു. തീരെ അടക്കാൻ വയ്യാത്തവിധം വിശപ്പെനിക്കു വർധിച്ചിരി ക്കുന്നു!' എത്ര പ്രാർഥിച്ചാലും ധനം നൽകുന്ന കാര്യത്തിൽ ദുരാചാരിക ളോടു ലക്ഷ്മി കനിയാതിരിക്കുന്നതുപോലെ അവൾ എന്നോടും കനിഞ്ഞില്ല. ഞാനവളുടെ പുറകേതന്നെ പോയി. ഒരു നിഴൽപോലെ എന്നെ പിന്നിലാ ക്കിക്കൊണ്ട് അവൾ പല പ്രദേശങ്ങളും കടന്നു മുന്നോട്ടു നീങ്ങി. അവൾ പറഞ്ഞു: 'രാജാവേ, ഞാൻ മാലയും വളയുമണിഞ്ഞ ഒരു ചണ്ഡാലിയാണ്; യാചിച്ചതുകൊണ്ടു മാത്രം അങ്ങേക്കെന്നിൽ നിന്നും ആഹാരം കിട്ടുകയില്ല!' ഇങ്ങനെ പറഞ്ഞുകൊണ്ട് ഓരോ കാൽവയ്പിലും ചലിച്ചിളകി അവൾ മുന്നോട്ടു നീങ്ങി. ഇടയ്ക്കിടയ്ക്കുള്ള വള്ളിക്കൂട്ടങ്ങളിൽ നിന്നു പഴങ്ങളും പറിച്ചുതിന്നവൾ ഒരു ലീലാലോലയായി യാത്ര തുടർന്നു. കുറേ ദൂരം ചെന്ന പ്പോൾ അവൾ പറഞ്ഞു: 'അങ്ങെന്റെ ഭർതൃപദം അംഗീകരിക്കുമെങ്കിൽ ഞാൻ ഭക്ഷണം തരാം. ചണ്ഡാലനായ എന്റെ പിതാവ് ഇവിടെയടുക്കൽ നിലമു ഴുതു ക്ഷീണിച്ചു നിൽക്കുകയാണ്. അദ്ദേഹത്തിനാണു ഞാനീ ഭക്ഷണം കൊണ്ടുപോകുന്നത്. ഭർത്താവായാൽ ഇതുതരാം. പ്രാണൻ കൊടുത്തും സംപൂജ്യനായ ഭർത്താവു രക്ഷിക്കപ്പെടേണ്ടയാളാണല്ലോ;' ഞാൻ പറഞ്ഞു : 'ധർമിഷ്ഠേ, ഞാൻ നിന്റെ ഭർതൃപദം സ്വീകരിക്കാം; ആപത്തിൽ വർണ ജാതികുല ക്രമങ്ങളൊക്കെ ആരു ചിന്തിക്കാൻ?' തുടർന്ന് അവൾ ആ ചോറിൽ പകുതി എനിക്കു തന്നു; ഞാറപ്പഴച്ചാറും കുടിക്കാൻകിട്ടി; അങ്ങനെ ചണ്ഡാലഭോജനം എന്നാൽ ഭുജിക്കപ്പെട്ടു. മോഹമുഗ്ധമായ മനസ്സോടുകൂടി ഞാനവിടെ അൽപ്പം വിശ്രമിച്ചു. പുറത്തുനിൽക്കുന്ന പ്രാണനെപ്പോലെ കരുതി എന്നെ കൈക്കുപിടിച്ചു അവൾ കൂടെക്കൊണ്ടു പോയി. തരംഗാകു

digitized by www.sreyas.in

ലമല്ലാത്ത ദുഃഖം പോലെ തടിച്ചുകൊഴുത്തവനും ദുരാകൃതിയും ദുരാചാരനുമായ അവളുടെ അച്ഛന്റെയടുക്കൽ ഞങ്ങൾ എത്തിച്ചേർന്നു. കൂടെച്ചെന്ന എന്നെ അവൾ അച്ഛനു പരിചയപ്പെടുത്തി: 'പിതാവേ, ഇദ്ദേഹം എന്റെ ഭർത്താവാകാൻ പോകുന്നു; അങ്ങ് അനുവദിച്ചാലും.' അച്ഛൻ സമ്മതം മൂളി. സമയം സന്ധ്യയായി; യമൻ സ്വഭടന്മാരെ കയറൂരിവിടുന്നതു പോലെ പുക്കസ്സൻ കാളകളെ മോചിപ്പിച്ചു. സന്ധ്യാകാല മേഘങ്ങളെക്കൊണ്ട് പൊടിപടലം നിറഞ്ഞാലെന്നപോലെ ആകാശകാന്തി മങ്ങി. ഭൂതാവാസകേന്ദ്രമായ ആ വനസ്ഥാനത്തുനിന്നും ഞങ്ങൾ സാവധാനം യാത്രയായി. നീണ്ട വനമാർഗം താണ്ടി അധികം താമസിയാതെ ഞങ്ങൾ ചണ്ഡാലഗൃഹത്തിലെത്തി. അവിടെ പന്നി, കുതിര, കുരങ്ങ്, കോഴി, കാക്ക എന്നിവയെയൊക്കെ പലതരത്തിൽ കഷണിച്ചുകൂട്ടിയിരുന്നു. ഉണങ്ങാനായി ചിതറിയിട്ടിരുന്ന നനവുള്ള കുടലുകളുടെ കൂട്ടങ്ങളിൽ പക്ഷികൾ പറന്നുപറ്റുന്നുണ്ടായിരുന്നു. കുട്ടികളുടെ കൈയിലിരിക്കുന്ന ഇറച്ചിക്കഷണങ്ങളിൽ ഈച്ചകൾ പറന്നുപറ്റി ശബ്ദം പുറപ്പെടുവിച്ചിരുന്നു. പെട്ടെന്ന് ഒരു വാഴയിലക്കഷണം എന്റെ മുമ്പിൽ കൊണ്ടിട്ടു. എന്റെ പുതിയ അമ്മാവന്റെ വീട്ടിൽ ഞാനതിന്മേൽ ആസനസ്ഥനായി. ആ ചുവന്ന കണ്ണുകളോടുകൂടിയ ചണ്ഡാലൻ കേകരാക്ഷിയെന്നു പേരുള്ള തന്റെ ഭാര്യയ്ക്ക് 'ഇതു നിന്റെ മരുമകനാണെ'ന്നിങ്ങനെ എന്നെ പരിചയപ്പെടുത്തി. അവളതഭിനന്ദിച്ചു. എന്തിനധികം; ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞങ്ങളുടെ വിവാഹം സാഘോഷം കൊണ്ടാടപ്പെട്ടു. കറുത്ത ചണ്ഡാലനാൽ കുമാരിയും ഭയദായിനിയുമായ കറുത്തചണ്ഡാലകന്യക ദുഷ്കർമത്തിനാൽ യാതനയെന്നപോലെ എനിക്കു നൽകപ്പെട്ടു. മദ്യങ്ങളും ആസവങ്ങളും പാനം ചെയ്തു ശ്വപാകന്മാർ തുള്ളിച്ചാടി. നൃത്തവിലാസത്തോടെ വാദ്യഘോഷങ്ങൾ മുഴക്കപ്പെട്ടു. ദുഷ്കർമ സമൂഹത്തിന്റെ ഇളകിമറിച്ചിൽ പോലെ ഉത്സവം കൊണ്ടാടപ്പെട്ടു.

ഞാൻ അവിടെയൊരു കേമൻ ചണ്ഡാലനായി മാറി. ഏഴുദിവസം അങ്ങനെ പൊടിപൂരമായി കടന്നുപോയി. ക്രമേണ മാസം എട്ടുകഴിഞ്ഞു. ചണ്ഡാലകുമാരി ഋതുമതിയായി ഗർഭിണിയായി. ആപത്ത് ദുഃഖക്രിയയെ എന്നപോലെ അവൾ ദുഃഖപ്രദയായ ഒരു പെൺകുട്ടിയെ പ്രസവിച്ചു. മൂർഖനിൽ ചിന്തയെന്നപോലെ ആ കുട്ടി അവിടെ തടിച്ചു കൊഴുത്തുവളർന്നു. മൂന്നാം വർഷത്തിൽ അവൾ അമംഗളരൂപനായ ഒരു പുത്രനെയും പ്രസവിച്ചു. ദുർബുദ്ധിക്ക് ആശാപാശങ്ങളെയുളവാക്കുന്ന അനർഥമെന്നപോലെ അവൾ വീണ്ടും ഒരു മകനെ പ്രസവിച്ചു. ഞാനവിടെ അവളുമായി അനേകവർഷം കഴിച്ചുകൂട്ടി. യൗവനം കടന്നുപോയി. ശീതവാതാതപക്ലേശങ്ങൾ എന്നെ വിവശനാക്കി. കളത്രപുത്ര ചിന്ത കൊണ്ട് എന്റെ മനസ്സു നീറി. ഭാവികഷ്ടപ്പാടിനെക്കുറിച്ചുള്ള ചിന്തകൾ കൊണ്ട് ദിക്കുകൾ പോലും വെന്തുനീറുന്നതായി എനിക്കു തോന്നി. കാലം കടന്നുപോയതോടെ ദേഹം ജരാനര പിടിച്ചു ജീർണിക്കാൻ തുടങ്ങി. പുല്ലിൽ പിടിപെട്ട തീ നാളങ്ങൾ പോലെ തലമുടികൾ വെളുത്തു. അങ്ങനെയിരിക്കേ നാട്ടിൽ പുല്ലുകളെപ്പോലും ഉണക്കിവരട്ടിക്കളയുന്ന വിധം ക്ഷാമം പിടിപെട്ടു. അനവസരത്തിൽ മരണം ചണ്ഡാലമണ്ഡലത്തെ വിഴുങ്ങാൻ തുടങ്ങി. ആ വനപ്രദേശം ആഹാരമി

digitized by www.sreyas.in

ല്ലാതെ, പുല്ലില്ലാതെ, ഇലയില്ലാതെ, വെള്ളമില്ലാതെ ശൂന്യസ്ഥലമായി മാറി. മഴയില്ലാതെ ജനങ്ങൾ ചത്തൊടുങ്ങി. കാറ്റ് അഗ്നികണങ്ങൾ ചിതറി കാടുകൾ കാട്ടുതീയിൽ എരിഞ്ഞു ചാമ്പലായി. പുല്ലുകൾപോലും കരിഞ്ഞുചാമ്പലായി. ഇങ്ങനെ ഭയാനകമായ വിധി വിപര്യയം ആ പ്രദേശത്തെ പിടികൂടിയപ്പോൾ പലരും ബന്ധുജനങ്ങളോടൊപ്പം നാടുവിട്ടുപോയി. ചിലർ അവിടെ പിടിപെട്ട തീയിൽതന്നെ ചാടി ജീവനൊടുക്കി. ചിലർ വലിയ കുഴിയിൽ ചാടി മരിച്ചു. ചിലർ മരിക്കാൻ കാമിച്ചുകൊണ്ടവിടെത്തന്നെ പാർത്തു. ഞാൻ ഭാര്യയെയും മൂന്നു സന്താനങ്ങളെയും കൂട്ടി സ്ഥലം വിടാൻതന്നെ തീരുമാനിച്ചു പുറപ്പെട്ടു. നടന്നുനടന്നു ആ പ്രദേശത്തിന്റെ അതിർത്തിയിലെത്തി ഒരു പനമരത്തിന്റെ ചുവട്ടിൽ അൽപ്പം വിശ്രമിച്ചു. കടുത്ത അനർഥങ്ങളെയെന്നപോലെ കുട്ടികളെ തോളിൽ നിന്നും താഴത്തിറക്കി നിറുത്തി. രൗരവനരകത്തിൽ നിന്നും പുറത്തുവന്ന പ്രതീതിയോടെ അവിടെ അൽപ്പം വിശ്രമിച്ചു. എന്റെ ഭാര്യയായ ചണ്ഡാലി രണ്ടു കുഞ്ഞുങ്ങളെയും കെട്ടിപ്പിടിച്ചു പനമരച്ചുവട്ടിൽ കിടന്നുറക്കമായി. ഞങ്ങൾക്കു വളരെ പ്രിയപ്പെട്ടവനായ ഇളയ പുത്രൻ പൃച്ഛൻ എന്റെ മുൻപിൽ തന്നെ ഇരിക്കുകയായിരുന്നു. അവൻ കണ്ണുനീർവാർത്തു ദുഃഖിതനായി എന്നോടിങ്ങനെ ചോദിച്ചു: ‘അച്ഛാ, എനിക്കു വല്ലാതെ വിശക്കുന്നു; കഴിക്കാൻ മാംസവും കുടിക്കാൻ രക്തവും തരൂ! അവനിതുതന്നെ വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടേയിരുന്നു. അങ്ങനെ ചോദിച്ചു കരഞ്ഞുകരഞ്ഞു അവൻ ഏതാണ്ടു മരണത്തിന്റെ വക്കിലെത്തി. അവന്റെ ആർത്തി കണ്ട് എന്റെ ദുഃഖം പെരുകി. അശക്തനും മനസ്സു തളർന്നവനുമായ എനിക്ക് ആ ദുഃഖം സഹിക്കാനേ കഴിഞ്ഞില്ല. അവസാനം ഞാൻ ഉറ്റ മിത്രമായ മരണത്തെത്തന്നെ പുൽകാൻ തീരുമാനിച്ചു. വിറകുകൾ ശേഖരിച്ച് അവിടത്തന്നെ ചിതകൂട്ടി. എനിക്കു പ്രിയപ്പെട്ട ആ ചിത ചടപട ശബ്ദത്തോടെ കത്തിക്കാളാൻ തുടങ്ങി. ഞാനാചിതയിൽ ചാടാൻതന്നെ മുന്നോട്ടു നീങ്ങി. അപ്പോഴേക്കും പെട്ടെന്നു ഞാനീ സിംഹാസനത്തിൽ ചലിച്ചിളകി. തുടർന്നു വാദ്യഘോഷവും ജയശബ്ദവും എന്നെ ഉണർത്തി. ഈ ഐന്ദ്രജാലികനാണ് എന്നിലീ മോഹം ജനിപ്പിച്ചത്; അജ്ഞാനം ജീവനു മാറിമാറി വരുത്തുന്ന നൂറുനൂറ് അവസ്ഥാവിശേഷങ്ങൾപോലെ!’ രാജാവിങ്ങനെ പറഞ്ഞു തീരുന്നതിനുമുൻപ് ഐന്ദ്രജാലികൻ അവിടെനിന്നും മറഞ്ഞു. അതുകൊണ്ട് ആശ്ചര്യഭരിതരായ സദസ്യർ ഇങ്ങനെ പറഞ്ഞു: ‘ദേവ, ഇവൻ വെറുമൊരിന്ദ്രജാലക്കാരനാണെന്നു തോന്നുന്നില്ല; അവനു പണത്തിലാശയില്ലല്ലോ. സംസാരസ്ഥിതി വെളിപ്പെടുത്തിത്തരാനെത്തിയ ഏതോ ഒരു ദൈവമായയാണിത്. ഈ മായയിൽ നിന്നും സംസാരം മനസ്സിന്റെ വെറും വിവർതഭ്രമമാണെന്നു തെളിയുന്നുണ്ടല്ലോ. സർവശക്തനായ പരമാത്മാവിന്റെ സങ്കൽപ്പവിലാസമല്ലേ മനസ്സ്?’

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തി പ്രകരണേ*
*ശാംബരികോപാഖ്യാനം നാമ*
*അഷ്ടമഃസർഗഃ*

digitized by www.sreyas.in

## സർഗം. 9

# ലവണോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു:

55. യത്കൃതംമനസാ നാമതത്കൃതംവിധിരാഘവ
യത്ത്യക്തംമനസാ താവത്തത്ത്യക്തം വിധിരാഘവ.

'അല്ലയോ രാമാ, മനസ്സുകൊണ്ടെന്തു ചെയ്തോ അതു ചെയ്തതായി കരുതിക്കോളൂ; മനസ്സുകൊണ്ട് എന്തുപേക്ഷിച്ചോ അതുപേക്ഷിച്ചതായി കരുതിക്കോളൂ. ആരുടെ മനസ്സ് ചിന്തവെടിഞ്ഞ് അചഞ്ചലമായിത്തീരുന്നുവോ അയാൾ ഏകാഗ്രത വഴി സത്യത്തെ സമീപിക്കുന്നു. മന്ദരപർവതം ചലിക്കാതായാൽ പാലാഴി നിശ്ചലമാകും. അതുപോലെ മനസ്സടങ്ങിയാൽ സംസാരഭ്രമം ശാന്തമായി നിശ്ചലബോധസത്യം തെളിയും. ലൗകികസുഖഭോഗസങ്കൽപ്പങ്ങൾ എന്തൊക്കെയാണ്, അവയാണു മനോവൃത്തികൾ; സംസാരവൃക്ഷത്തിന്റെ എണ്ണമറ്റ മുളപ്പുകൾ അവ തന്നെയാണ്. ഈ ചിത്തമഹാരോഗത്തിനുള്ള ഏറ്റവും നല്ല മരുന്നെന്തെന്നു കേട്ടോളൂ, പറയാം. അതെല്ലാവരുടെയും കൈയിലുണ്ട്; എളുപ്പം സേവിക്കാം, നല്ല രുചിയുള്ളത്, രോഗം ശമിപ്പിക്കുമെന്നു തീരുമാനപ്പെട്ടത്.

56. ത്യജന്നഭിമതം വസ്തു യസ്തിഷ്ഠതി നിരാമയഃ
ജിതമേവമനസ്തേന ബാഹ്യം പ്രസരമുത്ധതാ.

ഇഷ്ടമുള്ളതെന്നു തോന്നുന്ന പദാർഥത്തെ മനസ്സുകൊണ്ടുപേക്ഷിക്കുക; എന്നിട്ടു വ്യാകുലതയില്ലാതെ സ്വവ്യാപാരത്തിലേർപ്പെടുക. ഇതു സാധിച്ചാൽ മനസ്സു ജയിക്കപ്പെട്ടു. ഇതു ശീലിക്കുന്ന മനസ്സു പുറമേ വിഷയങ്ങളെ തെണ്ടിത്തിരിയാതെ അന്തർമുഖമായി ആത്മനിഷ്ഠ കൈവരിക്കുന്നു. കർമഫലം കിട്ടാനുള്ളതാണെങ്കിൽ കിട്ടും, നഷ്ടപ്പെടാനുള്ളതാണെങ്കിൽ നഷ്ടപ്പെടും. രണ്ടായാലും മനസ്സു സമനില ഉപേക്ഷിക്കയില്ല, സമനില ഉറപ്പുവരും തോറും ആത്മാനന്ദം, ഇതാണുനിയമം. ആത്മാനന്ദം നേടാനുള്ള ഈ ഉപായം എല്ലാർക്കും സ്വായത്തമാണ്. ഇതു ജീവിതത്തെ ധന്യമാക്കുന്നു. മനസ്സുകൊണ്ടുള്ള ഈ ഇഷ്ടത്യാഗം പ്രയാസമെന്നാരു കരുതുന്നുവോ അവന്റെ ജീവിതം നഷ്ടപ്പെട്ടതായി കരുതാം. അവൻ പുഴുക്കളെപ്പോലെ ജീവിച്ചുപിടഞ്ഞു മരിക്കാനിടയാകുന്നു. മനസ്സുകൊണ്ടു മനസ്സിനെ മുറിച്ചുതള്ളണം. മനസ്സിന്റെ ഒരു ഭാഗത്തിനെ മൂർച്ചയുള്ള ഒരിരുമ്പുകത്തിയാക്കി മാറ്റണം. വേദാന്തശാസ്ത്രവിചാരം കൊണ്ടു അതിന്റെ മൂർച്ച കൂട്ടണം. വിചാരമാകുന്ന തീയിലിട്ടു പഴുപ്പിച്ചു കരുത്തുനൽകണം. ആ കത്തികൊണ്ടു വിഷയലോലുപമായ മനസ്സിന്റെ മറ്റേഭാഗത്തെ മുറിച്ചുതള്ളണം. ഇങ്ങനെ ഇഷ്ടത്യാഗമെന്ന ഉപായം പൗരുഷംകൊണ്ട് ആർക്കും നേടാവുന്നതാണ്. മനസ്സുപശമിക്കാതെ സത്യമാർഗത്തിൽ മുന്നേറാൻ ആർക്കും സാധ്യമല്ല.

57. സർവംസർവഗതംശാന്തം ബ്രഹ്മസംപദ്യതേതദാ
അസങ്കൽപ്പനശസ്ത്രേണ ഛിന്നംചിത്തംഗതംയദാ.

എല്ലാമായി സ്ഥിതിചെയ്യുന്നതും സർവത്ര നിറഞ്ഞുനിൽക്കുന്നതും ശാന്ത

digitized by www.sreyas.in

വുമായ ബ്രഹ്മം എപ്പോൾ തെളിഞ്ഞുകിട്ടും? സങ്കൽപ്പത്യാഗമെന്ന ആയുധം കൊണ്ടു ഛിന്നഭിന്നമായി ചിത്തം മാറിക്കിട്ടുമ്പോൾ, ആ മഹത്തായ സത്യാനുഭവത്തിലെത്തി ചിത്തത്തെ ചിത്തിനുഭക്ഷണമാക്കിത്തീർക്കണം. അപ്പോൾ സ്വയം ചിത്തത്തിനപ്പുറമുള്ള സത്യമായി ഭവിക്കും. ബുദ്ധിക്ക് അദ്വൈതസത്യസ്ഥിതി ഉറപ്പുവരുത്തി നോക്കുന്നിടത്തൊക്കെ ആ സത്യത്തെത്തന്നെ ഭാവന ചെയ്തു മുക്തനായി ഭവിക്കൂ. ക്രമേണ ചിത്തം ബോധമയമായിത്തീർന്നു സ്വയം ശമിക്കും. തുടർന്ന് അതിനപ്പുറമുള്ള അഖണ്ഡബോധസത്യം തെളിയും. പൗരുഷമവലംബിച്ചു ചിത്തത്തെ ചിന്മയമാക്കൂ. എന്നിട്ടാ ശാശ്വത ശാന്തിസ്ഥാനത്തെത്തിച്ചേരൂ. അവിടെ നീയില്ല; മറ്റൊന്നുമില്ല. അഖണ്ഡാനന്ദസ്വരൂപമായ ബ്രഹ്മം മാത്രം. തിടുക്കവും തിരക്കും വേണ്ട; സാവകാശം പൗരുഷത്തോടെ യത്നിക്കണം. സ്ഥിരമായ പരിശ്രമമാണു വിജയഹേതു. മനസ്സിനെ ജയിച്ചാൽ ത്രിലോകജയം പിന്നെ തൃണസമാനം. ഹൃദയാകാശത്തിലെ ബോധതത്വത്തിൽ ജ്ഞാനമാകുന്ന ചക്രായുധംകൊണ്ടു മനസ്സിനെ സംശയംകൂടാതെ മുറിച്ചുമാറ്റണം. അങ്ങനെയായാൽ ആധികളൊന്നും പിന്നെ അകത്തേക്കു കടക്കുകയില്ല. ലോകത്ത് അസുന്ദരമെന്ന് തോന്നുന്നതൊക്കെ ബ്രഹ്മഭാവനയിൽകൂടി സുന്ദരമെന്ന് കാണാനുള്ള കരുത്തുനേടിയാൽ ചിത്താവയവങ്ങളൊക്കെ ഛേദിക്കപ്പെട്ടു എന്നു തീരുമാനിക്കാം. അവൻ മോശം, ഞാൻ കേമൻ, അതെന്റേത് എന്നിത്യാദി ചിന്തകളാണു മനസ്സ്. അദ്വൈതഭാവനയിലൂടെ ഈ ഭേദകൽപ്പനകൾ വെടിയണം. ഭേദഭാവനാ ത്യാഗമെന്ന ഈ കത്തികൊണ്ട് മനസ്സ് സമൂലം മുറിച്ചു തള്ളപ്പെടും. ശരത്കാലത്ത് കാറ്റുതട്ടി മേഘങ്ങൾ ആകാശത്തു ഛിന്നഭിന്നങ്ങളായി മറയുന്നു. അതുപോലെ സങ്കൽപ്പിക്കാതിരിക്കൽ എന്ന കാറ്റുതട്ടി മനസ്സാകുന്ന മേഘം ചിദാകാശത്തിൽ ഛിന്നഭിന്നമായി ലയിക്കുന്നു. കൽപ്പകാലത്തെ കൊടുംകാറ്റ് ആഞ്ഞടിക്കട്ടെ; സമുദ്രങ്ങളെല്ലാം ഒത്തുചേർന്നു ലോകത്തെ മുക്കിക്കളയട്ടെ; ദ്വാദശാദിത്യന്മാർ ഒരുമിച്ച് ഭുവനത്തെ തപിപ്പിക്കട്ടെ; മനസ്സടങ്ങി സത്യം തെളിഞ്ഞവന് അതുകൊണ്ടൊന്നും ഒരു നാശവും വരാനില്ല. സങ്കൽപ്പിക്കാതിരിക്കൽകൊണ്ട് ഈ ലോകത്തു നേടേണ്ടതൊക്കെ നേടാം. അതുകൊണ്ട് രാമാ, സങ്കൽപ്പം വെടിഞ്ഞ് ചിത്തത്തെ അഖണ്ഡബോധവസ്തുവിൽ പിടിച്ചുനിറുത്തി ബ്രഹ്മസാമ്രാജ്യത്തിന്റെ അധിപനായിത്തീരൂ. മനസ്സിന്റെ ഭിന്നസങ്കൽപ്പങ്ങൾ മാത്രമാണു നിന്റെ ശത്രു. ആ ശത്രു വിവിധദൃശ്യങ്ങളുടെ മായാജാലം കാട്ടി നിന്നെ കീഴ്പ്പെടുത്തിയിരിക്കുന്നു. ഉള്ളിൽ ആശകൾ വെടിഞ്ഞു ആനന്ദം മാത്രം തെളിച്ചനുഭവിച്ച് മനസ്സിനെ കീഴ്പ്പെടുത്തി നിത്യസുഖം അനുഭവിക്കൂ. ഈ ബ്രഹ്മാനുഭവസ്ഥാനം പരമപാവനമാണ്, ഹിമശീതളമാണ്, ആത്മജ്ഞാനികൾക്കൊക്കെ സമ്മതമായ മനസ്സിന്റെ പൂർണസ്ഥിതിയാണ്. അഹങ്കാരം ശമിച്ച് സത്യം മാത്രം അവശേഷിക്കുന്ന ജനനമരണരഹിതമായ അനുഭവസ്ഥാനമാണ്.

58. നഹി ചഞ്ചലതാഹീനം മനഃക്വചനവിദ്യതേ
ചഞ്ചലത്വം മനോധർമോവഹ്നേർധർമോ യഥോഷ്ണതാ.

ചഞ്ചലമല്ലാത്ത മനസ്സ് ഒരിടത്തുമില്ല. ചൂട് തീയുടെ ധർമമായിരിക്കുന്നതു പോലെ ചഞ്ചലത മനസ്സിന്റെ ധർമമാണ്. ചഞ്ചലയായ ഈ സ്പന്ദനശക്തി ബോധസത്യത്തിലുള്ളതാണ്. ബോധത്തിന്റെ സ്പന്ദനശക്തിയാണു മനഃ

digitized by www.sreyas.in

ശക്തിയെന്നറിയൂ. ഈ സ്പന്ദനശക്തിയാണു ജഗദാഡംബരത്തെ ഉണ്ടാക്കി കാണിക്കുന്നത്.

59. യത്തുചഞ്ചലതാഹീനംതന്മനോ ऽമൃതമുച്യതേ
തദേവചതപഃശാസ്ത്രം സിദ്ധാന്തോമോക്ഷഉച്യതേ.

ചഞ്ചലത പോയ മനസ്സുതന്നെയാണ് അമൃതസത്യം. അതുതന്നെയാണ് തപസ്സ്, ശാസ്ത്രം, അന്തിമമായി നേടേണ്ട മോക്ഷം. രാമാ, മനസ്സിന്റെ ചഞ്ചലതയാണ് അവിദ്യ; അതിന്റ മറ്റൊരു പേരാണു വാസന. സത്യവിചാരംകൊണ്ടു ചഞ്ചലത ഒഴിച്ചുമാറ്റൂ. അവിദ്യാരൂപത്തിൽ, വാസനാരൂപത്തിൽ ഉള്ളിൽ ചിത്തമെന്നറിയപ്പെടുന്ന ഈ സ്പന്ദശക്തി ലയിച്ചുകിട്ടുമെങ്കിൽ അതു തന്നെയാണു പരമമായ ശ്രേയസ്സ്. ഉണ്മയുടെയും ഇല്ലായ്മയുടെയും ബോധത്തിന്റെയും ജഡത്തിന്റെയും ഇടയ്ക്ക് ഒരൂഞ്ഞാൽ പോലെ ആടിക്കൊണ്ടിരിക്കുന്ന പ്രതിഭാസമാണു മനസ്സ്. ജഡത്തെ അനുസന്ധാനം ചെയ്യുന്ന മനസ്സ് ദൃഢാഭ്യാസം ഹേതുവായി ജഡരൂപമായി പെരുകി ജാഡ്യം അനുഭവിക്കാൻ ഇടവരുന്നു. അതുപോലെ ബോധതത്വത്തെ പിൻതുടരുന്ന മനസ്സ് ദൃഢാഭ്യാസംകൊണ്ടു ബോധമായി പെരുകി അതുമായി ഏകീഭവിക്കുന്നു. വിവേകികൾ പൗരുഷത്തോടുകൂടി പ്രയത്നിച്ച് അഭ്യാസം ദൃഢമാക്കി മനസ്സിനെ ബോധപദവിയിൽ കൊണ്ടെത്തിക്കുന്നു. അതുകൊണ്ട് പൗരുഷത്തെ ആശ്രയിച്ച് ചിത്തത്തെ ചിത്തംകൊണ്ടുതന്നെ ആക്രമിച്ചുകീഴടക്കി ശോകരഹിതമായ ഇടത്തെത്തി വ്യാകുലത വെടിഞ്ഞ് അവിടെ സ്ഥിരപ്രതിഷ്ഠനായി ഭവിക്കൂ. മനസ്സിനെ ദൃഢമായി നിഗ്രഹിക്കാൻ മനസ്സിനു മാത്രമേ കഴിയൂ. രാജാവിനെ നിഗ്രഹിക്കാൻ രാജാവിനല്ലാതെ മറ്റാർക്കു കഴിയും. സംസാരസമുദ്രത്തിൽ വീണു തൃഷ്ണയാകുന്ന മുതലയുടെ പിടിയിൽപ്പെട്ട് ജനനമരണചുഴികളിൽ മുങ്ങിയും പൊങ്ങിയും കഴിയുന്നവർക്ക് കരപറ്റാൻ സ്വന്തം സത്യം ഗ്രഹിച്ച മനസ്സുതന്നെയാണു കപ്പൽ. മുറുകെ ബന്ധിച്ചിരിക്കുന്ന അഹന്താമമതാപാശത്തോടുകൂടിയ മനസ്സിനെ സത്യബോധത്താൽ നിസ്സംഗമായ മനസ്സുകൊണ്ടറുത്ത് സംസാരസങ്കടത്തിൽ നിന്നും സ്വയം കരകയറ്റൂ; മറ്റാർക്കും ഇതു നേടിത്തരാൻ കഴിയുകയില്ല. രാഗദ്വേഷവാസനകൾകൊണ്ടു നിറംപിടിച്ച മനോവൃത്തികൾ പൊന്തിവരുമ്പോൾ സത്യജിജ്ഞാസു വിവേകം കൊണ്ട് അപ്പോഴപ്പോൾ തന്നെ അവയെ പരിഹരിക്കാൻ നോക്കണം. അങ്ങനെയായാൽ ക്രമേണ അവിദ്യ ക്ഷയിച്ചു കിട്ടുന്നതാണ്. ഭോഗവാസന ഉപേക്ഷിച്ചിട്ട് ഭേദവാസന ഉപേക്ഷിക്കണം. സർവം ഈശ്വരമയമായി ഭാവനചെയ്ത് ജനനമരണവാസനകളെ പുറംതള്ളണം. അങ്ങനെ നിർവികൽപ്പമായ ബോധാനുഭവത്തിൽ എത്തിച്ചേരണം. ഇതുതന്നെയാണു മനോനാശം; ഇതുതന്നെയാണ് അവിദ്യാനാശം. ഭിന്നമായി എന്തെന്തൊക്കെ ഉണ്ടെന്നു തോന്നുന്നുവോ ഭാവാദ്വൈതാഭ്യാസം കൊണ്ടവയെ കൈവിടണം. വിശേഷിച്ചൊന്നിലും പ്രീതിയില്ലാതിരിക്കുകയാണു നിർവാണം; വിശേഷിച്ചു പലതിലും പ്രീതിവരുന്നതാണു ദുഃഖം. അനാസ്ഥ ഉറപ്പുവന്നാൽ ക്ഷണംകൊണ്ടു ബ്രഹ്മാനുഭവത്തിലെത്താം. അവിദ്യ വാസ്തവത്തിലില്ലാത്തതാണ്. വസ്തു ഗ്രഹിക്കാത്തവർക്കാണവിദ്യ. കയറിനെ കാണാത്തവർക്കാണു പാമ്പ്. വസ്തുബോധംവന്നവർക്ക് അവിദ്യ ഇല്ലേ ഇല്ല; കയറിനെ കണ്ടയാൾക്കു പാമ്പ് ഇല്ലേ ഇല്ല.

digitized by www.sreyas.in

ഇത്രയുമായപ്പോഴേക്കും രാമൻ ചോദിച്ചു : 'ഭഗവൻ, അവിദ്യ ഉണ്ടാക്കി ക്കാണിക്കുന്ന ഇന്ദ്രജാലവിഭവങ്ങളിൽ കുടുങ്ങി വ്യക്തിക്കു വന്നുചേരുന്ന ഈ കടുത്ത അജ്ഞാനാന്ധകാരം എങ്ങനെ ഇല്ലാതാക്കും? വീണ്ടും വ്യക്ത മായി പറഞ്ഞു തന്നാലും!'

വസിഷ്ഠൻ തുടർന്നു: 'ഹേ രാമാ, കടുത്ത ദുഃഖങ്ങളാകുന്ന മുൾവൃക്ഷ ങ്ങളെക്കൊണ്ടുനിറഞ്ഞ സംസാരസാനുക്കളിൽ അവിദ്യ നിലനിൽക്കുന്നിട ത്തോളം ജീവനു ചുറ്റിത്തിരിയേണ്ടിവരുന്നു. സ്വയം ആത്മാന്വേഷണ തൽപ്പ രത ഉണ്ടായാൽ മോഹക്ഷയം വന്ന് അവിദ്യ വിട്ടുപോകും. അവിദ്യ ആത്മാ ന്വേഷണമാരംഭിക്കുന്നതോടെ വിദ്യയായി മാറുന്നു. പൂർണമായും ആത്മാ വിനെ കാട്ടിത്തന്നു വിദ്യയും വിട്ടുപോകുന്നു. തുടർന്നു സർവത്രബോധസ്വ രൂപമായ വസ്തുമാത്രം തെളിഞ്ഞനുഭവിക്കാറാകുന്നു. ഭൗതികമായ ആഗ്രഹം മാത്രമാണവിദ്യ; അതു വിട്ടുപോയാൽ മോക്ഷം. സങ്കൽപ്പങ്ങൾ കൈവെടിയുന്നതോടെ ഇതു സാധ്യമാകും. മനസ്സാകുന്ന ആകാശത്തിൽ വാസനാരാത്രിക്ക് അൽപ്പമെങ്കിലും കുറവുണ്ടായാൽ ഇരുട്ടുകുറഞ്ഞുവരും; ചിദാദിത്യൻ പ്രകാശിക്കാൻ തുടങ്ങും.'

രാമൻ ചോദിച്ചു: 'പുറമേ ദൃശ്യങ്ങൾ നിലവിലുള്ളിടത്തോളം അവിദ്യ എങ്ങനെ ക്ഷയിക്കാനാണ്? ആത്മഭാവനകൊണ്ടു ക്ഷയിക്കുമെന്നാണല്ലോ പറയുന്നത്. ആത്മാവിനെ എങ്ങനെയാണു ഭാവനചെയ്യേണ്ടത്?'

വസിഷ്ഠൻ തുടർന്നു: 'സങ്കൽപ്പസ്പർശമില്ലാത്തതും സമമായി സർവത്ര നിറഞ്ഞുനിൽക്കുന്നതും വാക്കുകൊണ്ടു വിവരിക്കാൻ കഴിയാത്തതുമായ ബോധവസ്തുവാണ് ആത്മാവ്; അതുതന്നെയാണ് ജഗദീശ്വരൻ; അതുത ന്നെയാണ് ബ്രഹ്മം. ഇക്കാണപ്പെടുന്നതൊക്കെ ബ്രഹ്മം തന്നെ; നിത്യമായ ബോധവനം; ഒരിക്കലും ഒരഴിവുമില്ലാത്തത്. മനസ്സെന്ന മറ്റൊരു തത്ത്വമു ണ്ടെന്നു തോന്നുന്നതു വെറും കൽപ്പന; അങ്ങനെയൊന്നില്ലേ ഇല്ല. മൂന്നു ലോകത്തിലും ഒന്നും ജനിക്കുന്നില്ല; ഒന്നും മരിക്കുന്നില്ല; വസ്തുവിനു വികാരം ഒരിക്കലും സംഭവിക്കുക സാധ്യമല്ല'.

60. കേവലം കേവലാഭാസം സർവസാമാന്യമക്ഷയം
ചേത്യാനുപാതരഹിതം ചിന്മാത്രമിഹവിദ്യതേ.

കേവല-ബോധം മാത്രം; കേവലാഭാസം-സ്വയം ഉണ്മ അനുഭവരൂപമായി വിളങ്ങുന്നത്, സർവസാമാന്യം-സർവത്ര തുല്യമായി നിറഞ്ഞുനിൽക്കു ന്നത്. അക്ഷയം-ഒരിക്കലും ഒരു കുറവും വരാത്തത്; ചേത്യാനുപാതര ഹിതം-സങ്കൽപ്പത്തിന്റെ നിഴൽപോലും ഏശാത്തത്. ചിന്മാത്രം-ഇങ്ങനെ യെല്ലാമുള്ള ബോധം മാത്രമാണ്; ഇഹവിദ്യതേ-ഇവിടെ നിലവിലുള്ളത്.

ബോധം മാത്രം. സ്വയം ഉണ്മ അനുഭവരൂപമായി വിളങ്ങുന്നത്, സർവത്ര തുല്യമായി നിറഞ്ഞുനിൽക്കുന്നത്. ഒരിക്കലും ഒരു കുറവും വരാത്തത്, സങ്കൽപ്പത്തിന്റെ നിഴൽപോലും ഏശാത്തത്. ഇങ്ങനെയെല്ലാമുള്ള ബോധം മാത്രമാണ് ഇവിടെ നിലവിലുള്ളത്.

### ചിന്മാത്രമിഹ വിദ്യതേ

ഇവിടെ ബോധംമാത്രമേ നിലവിലുള്ളൂ. എന്തുകൊണ്ട്; ബോധം പ്രപ ഞ്ചത്തിന്റെ പരമകാരണമായതുകൊണ്ട്. തൽക്കാലം എന്തെല്ലാം കാര്യരൂ

digitized by www.sreyas.in

പങ്ങളുണ്ടെന്നുതോന്നിയാലും അവയുടെ പരമകാരണം കണ്ടെത്തിയാൽ അതല്ലാതെ പിന്നെ മറ്റൊന്നും യഥാർഥത്തിൽ ഉണ്ടായിരിക്കാൻ പറ്റില്ലെന്നു ബോധ്യമാകും. ഉണ്ടായി നിലനിന്നുമറയുന്ന പ്രപഞ്ചദൃശ്യങ്ങൾ ഏതിൽനിന്നുണ്ടായി ഏതിൽ നിലനിൽക്കുന്നു ഏതിൽ തിരിച്ചുമറയുന്നു എന്നുള്ള അന്വേഷണമാണു പരമകാരണാന്വേഷണം. ഈ പരമകാരണത്തെ കണ്ടെത്തുന്നതുവരെ പ്രപഞ്ചരഹസ്യം ആർക്കും പിടികിട്ടുന്നതല്ല. പരമകാരണം മറ്റൊന്നിൽനിന്നു ജനിച്ചതാകാൻ പറ്റുകയില്ല. ജനിച്ചതായാൽ അതിനെ ജനിപ്പിച്ച മറ്റൊന്നാകും പരമകാരണം. അപ്പോൾ പരമകാരണം അജമായിരുന്നേ പറ്റൂ. ജനിക്കാത്തതു മരിക്കുകയില്ല. അപ്പോൾ പരമകാരണം അമരമായിരുന്നേ പറ്റൂ. ജനനവും മരണവുമില്ലാത്തതാണെന്നു വന്നാൽ പിന്നെ മറ്റൊരു വികാരവും സംഭവിക്കുകവയ്യ. അതുകൊണ്ടു പരമകാരണം നിർവികാരമാണ്. കാര്യരൂപങ്ങൾ കാണുന്നിടത്തൊക്കെ പരമകാരണം ഉണ്ടായേ പറ്റൂ. അതുകൊണ്ടതു സർവവ്യാപിയാണ്. ഇങ്ങനെയെല്ലാമുള്ള ഒരു പരമകാരണത്തിൽനിന്നും മറ്റൊരുകാര്യവും യഥാർഥത്തിൽ ജനിക്കാനേ പറ്റുകയില്ല. അപ്പോൾ ഒരു പരമ കാരണത്തെ കണ്ടെത്തിയാൽ പിന്നെ കാര്യരൂപങ്ങളെല്ലാം അതിലെ വെറും വിവർതഭ്രമങ്ങളെന്നേ കരുതാൻ പറ്റൂ. കാരണത്തിന് ഒരു ചലനവും വരുത്താതെ അതിൽ ഉണ്ടെന്നു വെറുതേ തോന്നുന്ന കാഴ്ചകളാണു വിവർതഭ്രമങ്ങൾ. മരുഭൂമിയിൽ കാനൽജലം തോന്നുന്നതുപോലെ. പ്രപഞ്ചത്തിന്റെ പരമകാരണം അഖണ്ഡബോധമാണ്. കാര്യരൂപങ്ങളെല്ലാം വിവർതഭ്രമങ്ങളാണെങ്കിൽ യഥാർഥത്തിൽ ഉള്ളതു കാരണം മാത്രം. അതുകൊണ്ടാണു ബോധം മാത്രം എന്നുപറഞ്ഞിരിക്കുന്നത്. സ്വയം ഉണ്ടെന്നനുഭവമുള്ള വസ്തുവും ബോധം മാത്രമാണ്; അതാണുകേവലാഭാസം. പരമ കാരണമായതുകൊണ്ടു ബോധം സർവത്രതുല്യമായി നിറഞ്ഞുനിൽക്കുന്നു; അതാണു സർവസാമാന്യസ്ഥിതി. പരമകാരണമായതുകൊണ്ട് അതിനൊരിക്കലും കേടു സംഭവിക്കുന്നില്ല; അതാണ് അക്ഷയസ്ഥിതി. സങ്കൽപ്പങ്ങൾപോലും അതിലെ വിവർതഭ്രമങ്ങൾ; അതുകൊണ്ടതു ചേത്യാനുപാതരഹിതമാണ്.

പരമകാരണരൂപത്തിലുള്ള വേദാന്തത്തിന്റെ ഈ കണ്ടുപിടിത്തം സനാതനസത്യമാണ്. ചിന്മാത്രമിഹ വിദ്യതേ.

വസിഷ്ഠൻ തുടർന്നു: 'ആ ബോധമാത്രസത്യം നിത്യമാണ്, സർവവ്യാപിയാണ്, ശുദ്ധമാണ്, നിരുപദ്രവമാണ്, ശാന്തമാണ്, സർവത്രതുല്യമാണ്, നിർവികാരമാണ്, സദാ അനുഭവസ്വരൂപമാണ്. അതിൽ മേൽപ്പറഞ്ഞ സ്വഭാവങ്ങളെ അതിക്രമിച്ചുകൊണ്ട് സങ്കൽപ്പം ഉദയം ചെയ്യുന്നു. വ്യക്തമായ സങ്കൽപ്പം ചിന്തയാരംഭിക്കുന്നതോടെ മനസ്സെന്നറിയപ്പെടുന്നു. സർവത്ര നിറഞ്ഞു നിൽക്കുന്നതും സർവശക്തിമത്തുമായ ഈ മനോദേവനിൽനിന്നും സമുദ്രത്തിൽനിന്നു തിരകളെന്നപോലെ ഭേദകൽപ്പനകൾ രൂപംകൊള്ളുന്നു. അപ്പോൾ സങ്കൽപ്പംകൊണ്ടു രൂപംകൊള്ളുന്ന ഭേദഭാവനകൾ സങ്കൽപ്പം കൊണ്ടുതന്നെ ഇല്ലാതാകണം. എന്തുകൊണ്ടുണ്ടായോ അതുകൊണ്ടുതന്നെ അതു നശിക്കണം. കാറ്റുതട്ടി ജ്വലിക്കുന്ന തീനാളം കാറ്റുകൊണ്ടുതന്നെ അണയണം.

61. നാഹം ബ്രഹ്മേതി സങ്കൽപ്പാത് സുദൃഢാത്ബധ്യതേ മനഃ
സർവം ബ്രഹ്മേതി സങ്കൽപ്പാത് സുദൃഢാന്മുച്യതേമനഃ

digitized by www.sreyas.in

ഞാൻ ബ്രഹ്മമല്ലെന്ന ഉറച്ച സങ്കൽപ്പം നിമിത്തം മനസ്സു ബന്ധത്തിലക പ്പെടുന്നു; ഞാൻ ബ്രഹ്മമാണെന്ന ഉറച്ച സങ്കൽപ്പം കൊണ്ടു മനസ്സു ബന്ധ ത്തിൽ നിന്നും മോചിക്കുന്നു; ഇതാണു നിയമം. ഞാൻ മെലിഞ്ഞവനാണ്, അതിദുഃഖിയാണ്, ബദ്ധനാണ്, കയ്യുംകാലുമുള്ളവനാണ് എന്നീ ഭാവങ്ങ ളോടുകൂടി ലോകകാര്യങ്ങളിലേർപ്പെടുമ്പോൾ ബന്ധം വന്നു ചേരുന്നു. ഞാൻ ദുഃഖിയല്ല, ഞാൻ ദേഹമല്ല, ആത്മാവിന് ഒരു ബന്ധവുമില്ല എന്നീ ഭാവങ്ങളോടുകൂടി കാര്യങ്ങളിലേർപ്പെട്ടാൽ ബന്ധമുണ്ടാകുന്നില്ല. ഞാൻ മാംസമല്ല, ഞാൻ എല്ലുകളല്ല, ദേഹത്തെ കടന്നുനിൽക്കുന്ന ബോധമാണു ഞാൻ എന്നിങ്ങനെ ഉള്ളിൽ നിശ്ചയിച്ചുറപ്പിക്കുന്നയാളിന് അവിദ്യ മാറിക്കിട്ടും; അവിദ്യ മാറിയാൽ ബന്ധമോചനം. ആത്മാവല്ലാത്ത ജഡങ്ങളിൽ ആത്മഭാ വന പുലർത്തി കൽപ്പിച്ചുണ്ടാക്കുന്നതാണവിദ്യ. അജ്ഞാനിക്കാണവിദ്യ; ജ്ഞാനിക്ക് അവിദ്യയില്ല. മനസ്സെന്തിനെ പിൻതുടരുന്നുവോ ഇന്ദ്രിയങ്ങൾ അതു സാധ്യമാക്കുന്നു. രാജാവിന്റെ ആജ്ഞയെ മന്ത്രി അനുസരിക്കുന്ന തുപോലെ. സത്യബോധമുൾക്കൊണ്ട് പൗരുഷത്തോടുകൂടി ലൗകിക സുഖ ഭോഗചിന്ത മനസ്സിൽ നിന്നു പൂർണമായും പുറത്താക്കൂ. എന്റെ മക്കൾ, എന്റെ ധനം, ഞാൻ കേമൻ, ഇതെന്റേത് എന്നിവയൊക്കെ മായാമോഹങ്ങളാണ്; അജ്ഞാനംകൊണ്ടുള്ള വാസനയുടെ കളി. ഇല്ലായ്മ കൈവെടിയൂ; എല്ലാം ഒരുണ്മയായി അംഗീകരിക്കൂ; അങ്ങനെ സംസാരവാസനയെ നശിപ്പിക്കൂ. ആത്മാവല്ലാത്ത ദേഹാദിനശ്വരജഡങ്ങളിൽ ആത്മഭാവം പുലർത്തി എന്തി നജ്ഞനെപ്പോലെ കരയുന്നു. ജഡവും നിശ്ശബ്ദവുമായ ദേഹം എങ്ങനെ നീയാകും? ആ ദേഹത്തെച്ചൊല്ലിയുള്ള സുഖദുഃഖ ഭാവന കൊണ്ടല്ലേ നീ ഖേദിക്കുന്നത്. പരമസത്യമായ ബ്രഹ്മത്തെ ലോകം മറക്കുന്നു. ആശ്ചര്യം. അവിദ്യാരൂപമായ ജഡത്തെ മുൻപിൽകണ്ടു ഭ്രമിക്കുന്നു. രാമാ, കർതവ്യ കർമങ്ങളിൽ മുഴകിയിരിക്കവേ തന്നെ മനസ്സിനെ രാഗദ്വേഷങ്ങൾ കൊണ്ടു നിറംപിടിപ്പിക്കാതിരിക്കൂ. പ്രതിബിംബങ്ങൾ സ്വീകരിക്കുന്ന കണ്ണാടിപോലെ ശുദ്ധനായിരിക്കൂ.

വസിഷ്ഠന്റെ വാക്കുകൾ കേട്ടു രാമന്റെ അന്തഃകരണം പ്രകാശിച്ചു. രാമൻ ചോദിച്ചു: 'ആശ്ചര്യമാശ്ചര്യം, താമരനൂലുകൾകൊണ്ടു പർവതങ്ങൾ ബന്ധി ക്കപ്പെട്ടിരിക്കുന്നു. ഇല്ലാത്ത അവിദ്യകൊണ്ടു വിശ്വം ശൂന്യമാക്കപ്പെട്ടരിക്കുന്നു. ലോകത്തിൽ പുല്ലു വജ്രം പോലെ കഠിനമാക്കപ്പെട്ടിരിക്കുന്നു. ഇല്ലാത്ത അവിദ്യ യുടെ സൃഷ്ടി ചങ്ങലക്കെട്ടായി മാറിയിരിക്കുന്നു. മുനേ, എനിക്കൊരു സംശയം കൂടിയുണ്ട്; ലവണമഹാരാജാവിന്റെ കഥ പിന്നെയെന്തായി?'

വസിഷ്ഠൻ പറഞ്ഞു: 'ലവണന്റെ കഥ അത്യത്ഭുതം; മനസ്സിന്റെ വെറും ഭ്രമം നിമിത്തം ലവണൻ എങ്ങനെ ചണ്ഡാലനായി എന്നു കേട്ടോളൂ. കർമം ചെയ്യുന്നതു മനസ്സാണ്; ഫലം അനുഭവിക്കുന്നതും മനസ്സാണ്; ശരീരമല്ല. ലവണന്റെ കഥ കേട്ടാൽ ഇക്കാര്യം തെളിയും. ഹരിശ്ചന്ദ്രകുലത്തിൽ ജനിച്ച രാജാവാണു ലവണൻ. ഒരിക്കൽ ഏകാന്തത്തിലിരുന്നു അദ്ദേഹം ഇങ്ങനെ ചിന്തിച്ചു. മഹാനായ എന്റെ പിതാമഹൻ പണ്ടു രാജസൂയയാഗം നടത്തിയി ട്ടുണ്ട്. അദ്ദേഹത്തിന്റെ കുലത്തിൽ ജനിച്ച ഞാനും മനസ്സിൽ ഒരു രാജസൂ യയാഗം നടത്തുന്നുണ്ട്. ഇങ്ങനെ തീരുമാനിച്ചു രാജാവ് രാജസൂയയാഗത്തി നുള്ള ഒരുക്കങ്ങളെല്ലാം മനസ്സാ സംഭരിച്ചു രാജസൂയയാഗദീക്ഷയിൽ പ്രവേ ശിച്ചു. ദേവന്മാരെ മുൻനിറുത്തി ഋത്വിക്കുകളെ വിളിച്ചുവരുത്തി. ഹോമ

digitized by www.sreyas.in

കുണ്ഡം ജ്വലിപ്പിച്ചു. കൊട്ടാരത്തിലെ ഉപവനത്തിൽ ഏകാന്തസ്ഥാനത്തിരുന്ന് ഇപ്രകാരം ദേവർഷിമാരുടെയും ബ്രാഹ്മണരുടെയും പൂജ ചെയ്തും മനോരാജ്യത്തിൽ അദ്ദേഹത്തിന് ഏതാണ്ട് ഒരു സംവത്സരം കടന്നുപോയി. ബ്രാഹ്മണർക്കും മറ്റുള്ളവർക്കുമായി അദ്ദേഹം മനസ്സാ സർവസ്വവും ദക്ഷിണയായി നൽകി. നേരം വൈകിയതോടെ അദ്ദേഹം മാനസിക രാജസൂയത്തിൽ നിന്നും ഉണർന്നു. ഇങ്ങനെ ലവണമഹാരാജാവ് രാജസൂയം ചെയ്തവനായി ഭവിച്ചു. അതിന്റെ ഫലവും അദ്ദേഹത്തിനു കിട്ടി. അതുകൊണ്ട് സുഖദുഃഖങ്ങളനുഭവിക്കുന്നതെല്ലാം ചിത്തമാണെന്നറിയൂ. അതറിഞ്ഞു ചിത്തത്തെ നിരന്തരം സത്യഭാവനയിൽ നിരതമാക്കൂ. അതു ജീവിതത്തെ ധന്യമാക്കിത്തീർക്കും. രാമാ, ഇനിയും ഐന്ദ്രജാലികന്റെ കഥകേൾക്കൂ. അയാൾ ലവണസഭയിൽ എങ്ങനെ വന്നുചേർന്നു. ഞാനപ്പോൾ അവിടെയുണ്ടായിരുന്നു. എല്ലാം നേരിട്ടു കണ്ടു. ഐന്ദ്രജാലികൻ പോയശേഷം രാജാവു നടന്നതെല്ലാം സദസ്യരെ വിവരിച്ചുകേൾപ്പിച്ചല്ലോ. അതെല്ലാം കണ്ടും കേട്ടും കാര്യമെന്താണെന്നു ഞാൻ ചിന്തിച്ചറിഞ്ഞു. രാജാവിനോടതു പറയുകയും ചെയ്തു. അതുപറയാം കേട്ടോളൂ: 'രാജസൂയയജ്ഞം നടത്തുന്നവർ ആദ്യം ഒരു പന്ത്രണ്ടു കൊല്ലം പല രൂപത്തിലും അതിദുഃഖം അനുഭവിക്കേണ്ടി വരുമെന്നാണു നിയമം. ലവണനും അതു വേണ്ടി വരുമെന്നറിഞ്ഞു ദേവേന്ദ്രൻ അദ്ദേഹത്തിന്റെ അടുക്കലേക്ക് ഒരു ദേവദൂതനെ അയച്ചു. ആ ദേവദൂതനാണ് ഐന്ദ്രജാലിക വേഷം ധരിച്ച് അവിടെയെത്തിയത്. രാജസൂയ കർമം നടത്തിയ രാജാവിനെ വലിയൊരാപത്തനുഭവിപ്പിച്ചിട്ട് ഐന്ദ്രജാലിക വേഷം ധരിച്ച ദേവദൂതൻ അവിടെ നിന്നു മറഞ്ഞു; അയാൾ ആകാശം വഴി നേരേ ദേവലോകത്തേക്കു പോയി.

## ഏഴ് അജ്ഞാന ഭൂമികകൾ

വസിഷ്ഠൻ തുടർന്നു: 'രാമാ, ഇനി ഞാൻ പറഞ്ഞു തരാം; കേട്ടോളൂ. അജ്ഞാനത്തിന് ഏഴു ഭൂമികകളുണ്ട്; ജ്ഞാനത്തിനുമുണ്ട് ഏഴു ഭൂമികകൾ. രണ്ടെണ്ണത്തിനും പരസ്പരം അസംഖ്യം ഭൂമികകളുണ്ട്; എങ്കിലും ഏഴേഴെണ്ണം പ്രധാനം. ഓരോ ഭൂമികയിലും വേരുറച്ചു ഇവ മുന്നോട്ടു നീങ്ങുന്നു. ബോധത്തിന്റെ സ്വരൂപ സ്ഥിതിയാണ് മുക്തി; അതിൽ നിന്നുള്ള ഭ്രംശമാണ് ഞാൻ, ഞാനെന്ന ഭേദാനുഭവം. ജ്ഞാനാജ്ഞാനങ്ങളുടെ ചുരുക്കമിതാണ്. ഇതറിയുന്നയാളാണ് ജ്ഞാനി. ശുദ്ധബോധാനുഭവ രൂപമായ സ്വരൂപത്തിൽ നിന്നും ആരു ചലിച്ചു പോകുന്നില്ലയോ അവർക്ക് രാഗദ്വേഷാദിവാസനകളില്ല. രാഗദ്വേഷാദിവാസനകൾ അജ്ഞാനഫലങ്ങളാണ്. സങ്കൽപ്പിത വിഷയത്തിൽ മനസ്സുമുഴുകിപ്പോകുന്നതാണ് സ്വരൂപ വിഭ്രംശം. ഇതിൽ കവിഞ്ഞൊരു മോഹം ഇതിനുമുൻപുണ്ടായിട്ടില്ല; ഇനിയുണ്ടാവുകയുമില്ല. ഒരു സങ്കൽപ്പിത വിഷയത്തിൽ നിന്നും മനസ്സ് മറ്റൊരു സങ്കൽപ്പിത വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പ് ഇടയ്ക്കുണ്ടാകുന്ന സങ്കൽപ്പരഹിതമായ ശുദ്ധബോധ സ്ഥിതിയാണ് സ്വരൂപസ്ഥിതി.

62. സംശാന്തസർവസങ്കൽപ്പാ യാ ശിലാവദവസ്ഥിതിഃ
ജാഡ്യനിദ്രാവിനിർമുക്താ സാ സ്വരൂപസ്ഥിതിഃ സ്മൃതാ.

സംശാന്തസർവസങ്കൽപ്പാ-എല്ലാ സങ്കൽപ്പങ്ങളും ഒഴിഞ്ഞുമാറി; ശിലാവദവസ്ഥിതിഃ-പാറപോലെ നിശ്ചലമായി കട്ടിപിടിച്ചതും; ജാഡ്യനിദ്രാവിനിർ

digitized by www.sreyas.in

മുക്താ-ജഡമോ ഉറക്കമോ അല്ലാത്തതുമായ; യാസ്ഥിതിഃ-ശുദ്ധബോധസ്ഥിതിയാണ്; സ്വരൂപസ്ഥിതിഃ സ്മൃതാ- സ്വരൂപസ്ഥിതിയായി കരുതപ്പെടുന്നത്.

എല്ലാ സങ്കൽപ്പങ്ങളും ഒഴിഞ്ഞുമാറി പാറപോലെ നിശ്ചലമായി കട്ടിപിടിച്ചതും ജഡമോ ഉറക്കമോ അല്ലാത്തതുമായ ശുദ്ധബോധ സ്ഥിതിയാണ് സ്വരൂപസ്ഥിതിയായി കരുതപ്പെടുന്നത്.

## സാ സ്വരൂപസ്ഥിതിഃ സ്മൃതാ

അതാണു സ്വരൂപ സ്ഥിതി. ഏത്? ജഡമോ ഉറക്കമോ അല്ലാത്ത ഗംഭീരമായ ബോധാനുഭവസ്ഥിതി. ബോധം സങ്കൽപ്പങ്ങൾ ഇതാണല്ലോ ക്രമം. സങ്കൽപ്പങ്ങൾ പൊന്തുന്നതിനുമുൻപ് എന്തുണ്ടായിരുന്നു; ബോധം. സങ്കൽപ്പങ്ങൾ ഒഴിഞ്ഞുമാറിയാൽ എന്തു ശേഷിക്കും; ബോധം. സങ്കൽപ്പങ്ങളില്ലാത്ത ബോധമാണ് ശുദ്ധബോധം. ശുദ്ധബോധം പാറപോലെ ഘനീഭവിച്ചതും നിശ്ചലവുമാണ്. വ്യക്തികളിലെ ജീവബോധം ചലിച്ചു വികാരപ്പെടുന്നതായി തോന്നുന്നുണ്ട്. അഖണ്ഡബോധമായ ബ്രഹ്മത്തിന്റെ അന്തഃകരണത്തിലെ പ്രതിബിംബമാണ് ജീവബോധം. അന്തഃകരണത്തിന്റെ വികാരവും ചലനവും പ്രതിബിംബബോധത്തിൽ ആരോപിക്കുന്നതു കൊണ്ടാണു ജീവബോധത്തിൽ ചലനമുണ്ടെന്നു തോന്നുന്നത്. ഒരു ജലപാത്രത്തിൽ സൂര്യൻ പ്രതിബിംബിക്കുന്നു എന്നു കരുതുക. പ്രതിബിംബത്തിനാശ്രയമായ ജലത്തിന്റെ ചലനവും കലങ്ങലുമൊക്കെ പ്രതിബിംബസൂര്യനും ഉണ്ടെന്നുതോന്നും. ജലം നിശ്ചലവും ശുദ്ധവുമായാൽ പ്രതിബിംബസൂര്യനും നിശ്ചലവും ശുദ്ധവുമായിരിക്കും. പ്രതിബിംബത്തിലെ ഈ ചലനവും കലങ്ങലുമൊന്നും ബിംബസൂര്യനെ ഒരിക്കലും അണുപോലും ബാധിക്കുന്നില്ല. അതുപോലെ അന്തഃകരണം നിശ്ചലവും ശുദ്ധവുമായാൽ പ്രതിബിംബമായ ജീവബോധവും നിശ്ചലവും ശുദ്ധവുമാവും. ഇനിയും പ്രതിബിംബത്തിലെ ചലനമോ വികാരമോ ഒരിക്കലും ബിംബമായ അഖണ്ഡബോധത്തെ സ്പർശിക്കുന്നതേയില്ല. ജലപാത്രത്തിലെ വെള്ളമൊഴിച്ചു കളഞ്ഞാൽ പ്രതിബിംബം സൂര്യനായി മാറുമെന്നു പറയേണ്ടതില്ലല്ലോ. അതുപോലെ സങ്കൽപ്പരൂപമായ അന്തഃകരണം ഒഴിഞ്ഞുമാറിയാൽ പ്രതിബിംബമായ ജീവബോധം അഖണ്ഡബോധ സ്വരൂപമായ ബ്രഹ്മമാകുമെന്നും തീർച്ചയാണല്ലോ. ഈ ബോധസ്ഥിതിയാണ് പാറപോലെ നിശ്ചലവും കട്ടിപിടിച്ചതുമായ ബോധസ്ഥിതി. പാറപോലെ നിശ്ചലവും കട്ടിപിടിച്ചതുമെന്നു കേട്ടാൽ ചിലർ അതു ജഡമോ നിദ്രയോ ഒക്കെയാണെന്നു തെറ്റിദ്ധരിച്ചേക്കും. ആ ധാരണയകറ്റാനാണ് 'ജാഡ്യനിദ്രാവിനിർമുക്താ' എന്നു പറഞ്ഞിരിക്കുന്നത്. ബോധാനുഭവം എങ്ങനെ ജഡമോ നിദ്രയോ ആകും. ശുദ്ധബോധാനുഭവം ബോധാനന്ദങ്ങൾ ഘനീഭവിച്ച അനുഭവമാണ്. ഇതുതന്നെയാണു സ്വരൂപാനുഭവസ്ഥിതി അഥവാ മോക്ഷം.

വസിഷ്ഠൻ തുടർന്നു: 'അഹങ്കാരം ശമിച്ചു; ഭേദചിന്ത പോയി ചിത്തം അചഞ്ചലമായി; ബോധതത്ത്വം ജഡസ്പർശമില്ലാതെ തെളിഞ്ഞു ഇതാണു സ്വരൂപം. ബീജജാഗ്രത്, ജാഗ്രത്, മഹാജാഗ്രത്, ജാഗ്രത്സ്വപ്നം, സ്വപ്നം, സ്വപ്നജാഗ്രത്, സുഷുപ്തി എന്നിവയാണ് ഏഴ് അജ്ഞാനഭൂമികകൾ. ഇവ തന്നെയാണു മോഹം. ഇവ അന്യോന്യം കൂടിച്ചേർന്നു അജ്ഞാനതലങ്ങൾ അസംഖ്യങ്ങളാകാം. ഏഴ് അജ്ഞാനതലങ്ങളുടെയും ലക്ഷണം പറയാം.

digitized by www.sreyas.in

കേട്ടോളൂ. ആദ്യം ശുദ്ധബോധത്തിൽ നിന്നും ജീവനെന്നു പേരുള്ള ഞാൻ, ഞാൻ എന്ന അനുഭവം പൊന്തിവരുന്നു. ഇതു തന്നെയാണു ബീജജാഗ്രത്. ഇതാണു ബോധത്തിന്റെ പുതിയ മുളപ്പ്. ഞാൻ ദേഹമാണ് ഇതെന്റേതാണ് എന്നിങ്ങനെ സങ്കൽപ്പങ്ങൾ പെരുകുന്നതോടെ ബീജജാഗ്രത്ത് ജാഗ്രത്തായി വിടരുന്നു. ഈ ജാഗ്രത്താണു രണ്ടാമത്തെ അജ്ഞാനഭൂമിക. തുടർന്നു ജന്മാന്തര സംസ്കാരങ്ങളുമായി കൂടിച്ചേർന്നു ഞാൻ ഇന്ന ജാതി, ഇന്ന മതം, പുത്രകളത്രധനധാന്യാദിയെല്ലാം എന്റേത് എന്നിങ്ങനെ അന്തഃകരണം പെരുകുന്ന ജാഗ്രത് മഹാജാഗ്രത്തായി വികസിക്കുന്നു. മഹാജാഗ്രത്താണു മൂന്നാമത്തെ അജ്ഞാനഭൂമിക. മഹാജാഗ്രത് സങ്കൽപ്പങ്ങൾ ഉറച്ചു; ജീവൻ അവയുമായി തന്മയീഭവിച്ചു; സദാ അവയുടെ സുരക്ഷയ്ക്കും വളർച്ചയ്ക്കുമായുള്ള മനോരാജ്യങ്ങളിൽ മുഴുകുന്നു. ഇതാണു ജാഗ്രത് സ്വപ്നമെന്ന നാലാമത്തെ ഭൂമിക. ഒരേ ചന്ദ്രനെ നേത്രദോഷം നിമിത്തം രണ്ടായിക്കാണും പോലെ, ചിപ്പിയെ വെള്ളിയായി ഭ്രമിക്കും പോലെ, കാനൽ ജലത്തിൽ തൃഷ്ണ വരും പോലെ പകൽ മുഴുവൻ പലവിധ മനോരാജ്യങ്ങളിൽപെടുന്ന മനസ്സ് രാത്രി പല സ്വപ്നങ്ങളും കാണാൻ ഇടവരുന്നു. ഉണരുമ്പോൾ ഇവയൊക്കെ സത്യമാണോ എന്ന സംശയവും' ഇതാണു സ്വപ്നമെന്നറിയപ്പെടുന്ന അഞ്ചാംഭൂമിക. ചിരകാലമായി സഫലമാകാതെ തുടരുന്നതും എന്നാൽ വിട്ടുപോകാതെ ചിത്തത്തെ പിടികൂടിയിരിക്കുന്നതുമായ സങ്കൽപ്പ ദുഃസ്ഥിതിയാണു സ്വപ്നജാഗ്രത്തെന്ന ആറാംഭൂമിക. ജാഗ്രത്തിലും വിട്ടുപോകാതെ സ്വപ്നം പോലെ തുടരുന്നതുകൊണ്ടാണിതിനു സ്വപ്നജാഗ്രത്തെന്നു പേരിട്ടിരിക്കുന്നത്: ആറവസ്ഥകളിലും പെടാതെ ജീവനു വന്നുചേരുന്ന ജഡാവസ്ഥയാണു സുഷുപ്തി അഥവാ ഗാഢനിദ്ര. ഭാവി ദുഃഖങ്ങൾ ഒട്ടേറെ അവിടെ ലയിച്ചു കിടക്കുന്നു. സുഷുപ്തിയാണ് ഏഴാമത്തെ അജ്ഞാനഭൂമിക. സുഷുപ്തിയിൽ ലോകം മുഴുവൻ കൂരിരുട്ടിൽ ലയിക്കുന്നു. ഈ ഏഴും ബോധത്തിലെ സ്വപ്നാവസ്ഥയാണ്. ഇവ കൂടിച്ചേർന്നു നൂറുകണക്കിനിയും അജ്ഞാനാവസ്ഥകൾ വേർതിരിയാം.

### ഏഴു ജ്ഞാന ഭൂമികകൾ

വസിഷ്ഠൻ തുടർന്നു: 'രാമാ, അജ്ഞാനഭൂമികകൾ പോലെ തന്നെ ജ്ഞാനഭൂമികകളും ഏഴുണ്ട്. ഇവ വ്യക്തമായി ധരിച്ചാൽ പിന്നെ മോഹക്കുണ്ടിൽ വീഴാൻ ഇടവരുകയില്ല. ജ്ഞാനികൾ ജ്ഞാന ഭൂമികകളെ പലവിധത്തിലും വിവരിക്കുന്നുണ്ട്. എങ്കിലും എനിക്കഭിമതമായിട്ടുള്ളവ ഞാൻ വെളിപ്പെടുത്താം. ശുദ്ധബോധാനുഭവമാണു ജ്ഞാനം. ഏഴു തലങ്ങളിലൂടെയാണനുഭവം പൂർണതയിലെത്തുന്നത്. ഓരോ ഭൂമികയും കടന്നുപോകുമ്പോൾ തേടേണ്ടതു മുക്തിയാണ്. ശുഭേച്ഛാ, വിചാരണാ, തനുമാനസാ, സത്വാപത്തി, അസംസക്തി, പദാർഥാഭാവനീ, തുര്യഗാ ഇവയാണ് ഏഴു ജ്ഞാനഭൂമികകൾ. ഇവയുടെ അവസാനമാണു മുക്തി. അവിടെയെത്തിയാൽ പൂർണമായ ദുഃഖമോചനം. യഥാക്രമം ഇവയുടെ ലക്ഷണം ഞാൻ വിവരിക്കാം; കേട്ടോളൂ. ഞാൻ എന്തിനിങ്ങനെ മൂഢനായി ജീവിക്കുന്നു; സജ്ജനങ്ങളുമായി ബന്ധപ്പെട്ടു വേദാന്തശാസ്ത്രം പഠിച്ചു സത്യം തിരയുകതന്നെ. ലൗകികജീവിതത്തിൽ മനസ്സു മടുത്തു, ഇങ്ങനെ ചിന്തയാരംഭിക്കുന്നതാണു ശുഭേച്ഛയെന്ന ഒന്നാമത്തെ ഭൂമിക. ശാസ്ത്രവും സജ്ജനങ്ങളുമായി ബന്ധ

digitized by www.sreyas.in

പ്പെട്ടു; വൈരാഗ്യവും അഭ്യാസവും ആരംഭിച്ചു; സത്യാനുഭവത്തിനുതകുന്ന മട്ടിൽ ശുഭകർമങ്ങളാചരിക്കാൻ തുടങ്ങി; ഇത്രയുമായാൽ വിചാരണയെന്ന രണ്ടാമത്തെ ജ്ഞാനഭൂമിക. ശുഭേച്ഛയും വിചാരണയും മുന്നേറിയതോടെ ഇന്ദ്രിയവിഷയങ്ങളിൽ മടുപ്പുതോന്നിത്തുടങ്ങി; വിഷയസങ്കൽപ്പങ്ങൾ കുറഞ്ഞുതുടങ്ങി; ഈ സ്ഥിതിയാണു തനുമാനസയെന്ന മൂന്നാം ഭൂമിക. ഭൂമികാത്രയം അഭ്യസിച്ചുറച്ചതോടെ രാഗദ്വേഷങ്ങൾ കുറഞ്ഞ മനസ്സു പ്രസന്നമായി പ്രകാശമയമായ സത്വഗുണം ഉള്ളിൽ പെരുകി. ഇതാണ് സത്വാപത്തിയെന്ന നാലാമത്തെ ജ്ഞാനഭൂമിക. ഈ നാലുഭൂമികകളിലും അഭ്യാസം ഉറപ്പുവന്നതോടെ കർമഫലസംഗം വെടിഞ്ഞ് ബോധാനന്ദം അനുഭവിക്കാൻ തുടങ്ങുന്നു. ചിത്തത്തിന്റെ ഈ നിലയാണ് അസംസക്തിയെന്ന അഞ്ചാം ഭൂമിക. ഭൂമികാപഞ്ചകം അഭ്യസിച്ചുറച്ചതോടെ ആത്മ സുഖാനുഭവത്തിൽ മുഴുകുന്ന ചിത്തം ഉള്ളിലും പുറത്തും ജഡപദാർഥങ്ങളെക്കുറിച്ചുള്ള ഭാവന കൈവെടിയുന്നു. എവിടെയും ബ്രഹ്മസത്യം നിറഞ്ഞുനിൽക്കുന്നതായി ചിത്തത്തിനു ബോധ്യം വരുന്നു. ഈ ആറാമത്തെ ജ്ഞാനഭൂമികയാണു പദാർഥാഭാവനാ. ഇവിടെയെത്തിയാൽ പലപ്പോഴും അന്യർ ഓർമിപ്പിച്ചാലേ ലോകകാര്യങ്ങളിൽ പ്രവർത്തിക്കൂ. ഈ ആറുതലത്തിലുള്ള അനുഭവം ഉറച്ചു ഭേദഭാവന നിശേഷം മാറി സദാ സഹജമായ ബ്രഹ്മനിഷ്ഠ ഉറപ്പുവരുന്നതാണു തുര്യഗാ എന്ന ഏഴാമത്തെ ജ്ഞാനഭൂമിക. ജീവന്മുക്തന്മാരുടെ തുര്യാവസ്ഥ ഇതുതന്നെയാണ്. ശരീരം ഉപേക്ഷിക്കുന്നതോടെ അവർ തുര്യാതീതന്മാരായി ഭവിക്കുന്നു.

63. യേഹിരാമ മഹാഭാഗാഃ സപ്തമീംഭൂമികാംഗതാഃ
ആത്മാരാമാ മഹാത്മാനസ്തേമഹൽപ്പദമാഗതാഃ

ഹേ രാമാ, ആരൊക്കെയാണോ ഈ ഏഴാമത്തെ ഭൂമികയിലെത്തി നിൽക്കുന്ന മഹാഭാഗ്യശാലികൾ അവരാണ് ആത്മാരാമന്മാരായ മഹാത്മാക്കൾ. അവർ പരമസത്യപദത്തിൽ എത്തിയവരാണ്. അങ്ങനെയുള്ള ജീവന്മുക്തന്മാർ ലൗകിക സുഖദുഃഖങ്ങളിലൊന്നും സംഗബദ്ധരായിത്തീരുന്നില്ല. ലോകസംഗ്രഹത്തെ മാത്രം ലക്ഷ്യമാക്കി പ്രാരബ്ധവശാൽ എന്തെങ്കിലും ചെയ്തെന്നുംവരും ചെയ്തില്ലെന്നും വരും. അന്യരുടെ ഇച്ഛയ്ക്കു വശംവദരായി ആചാരക്രമങ്ങൾ ലംഘിക്കാതെ മാനസികമായ തികഞ്ഞ നിസ്സംഗതയോടു കൂടി ഒരു മനഃക്ലേശവും അനുഭവിക്കാതെയായിരിക്കും അവർ കർമരംഗത്തു നിൽക്കുക. അതിസൂക്ഷ്മ ബുദ്ധികൾക്കു മാത്രമേ ഈ ഏഴാമത്തെ ഭൂമികയിലെത്തി നിൽക്കാൻ കഴിയൂ. ഇവിടെയെത്താൻ കഴിഞ്ഞാൽ അവർ മൃഗങ്ങളോ മ്ലേച്ഛന്മാരോ ആരുമാകട്ടെ, ദേഹമുള്ളവരോ ദേഹമില്ലാത്തവരോ ആരുമാകട്ടെ മുക്തന്മാർതന്നെയാണ്; സംശയമേ വേണ്ട. ഞാൻ, എന്റേത് എന്ന കെട്ടുകളറുന്നതാണു ജ്ഞാനം; അവയറ്റാൽ മോക്ഷം, ഇതാണു നിയമം. ഈ കെട്ടുകളറുന്നതോ, കാനൽജലത്തിലെ ജലഭ്രാന്തി ഇല്ലാതാകുന്നതുപോലെ മാത്രം. കട്ടിപിടിച്ച ഈ മോഹത്തെ കടന്നവരാണു സത്യദർശികൾ. സ്വാത്മലാഭം കൊതിച്ചുമുന്നേറുന്ന അത്തരം സത്യദർശികർ ഭൂമികകളെ കടന്നു പരമപദം കൈവരിക്കുന്നു. ഈ ഭൂമികകൾ കടന്നുവരുന്ന മഹാത്മാക്കൾ ജീവിത വിജയം നേടുന്ന വന്ദ്യപുരുഷന്മാരാണ്. അവർ ഇന്ദ്രിയങ്ങളാകുന്ന ശത്രുക്കളെ പൂർണമായും ജയിച്ചവരാണ്. അവരുടെ മുൻപിൽ

digitized by www.sreyas.in

ചക്രവർത്തി പദത്തിനോ ഇന്ദ്രപദവിക്കോ പുല്ലുവില പോലുമില്ല. ജീവിതത്തിൽ എത്തേണ്ടിടത്തെത്തിയത് അവർമാത്രം.

രാമാ, മനസ്സിനെ ശാന്തമാക്കാനുള്ള ഉപായമാണു യോഗമെന്നു പറയപ്പെടുന്നത്. ഈ ഉപായത്തിന്റെ ഏഴ് അനുഭവതലങ്ങളാണു ഞാൻ നിനക്കു വിവരിച്ചുതന്നത്. ഈ ഭൂമികകളിൽ കൂടി കടന്ന് എത്തിച്ചേരുന്ന സത്യമാണു ബ്രഹ്മം. നീയെന്നോ ഞാനെന്നോ അന്യനെന്നോ ഉള്ള യാതൊരു ഭേദചിന്തയും അവിടെ അവശേഷിക്കുന്നില്ല. ഉണ്ടെന്നോ ഇല്ലെന്നോ ഉള്ള സാപേക്ഷാനുഭവങ്ങളൊക്കെ അവിടെ അവസാനിക്കുന്നു. അവിടെ എല്ലാം ശാന്തം; നിരാലംബവും ആകാശതുല്യവുമായ അനുഭവം, ശാശ്വതമംഗളം, ദുഃഖത്തിന്റെ നിഴൽപോലുമില്ല. ഞാനെന്ന ചിന്തയില്ല; തികച്ചും അകാരണമായ ആനന്ദം. സത്തില്ല, അസത്തില്ല, ആദിയില്ല, മധ്യമില്ല, അന്തമില്ല, ഒന്നും ഇല്ല, എന്നാൽ എല്ലാം ഉണ്ട്. മനസ്സുകൊണ്ടോ വാക്കുകൊണ്ടോ ആ അനുഭവം അളന്നുകുറിക്കാൻ പറ്റുകയില്ല. ശൂന്യത്തേക്കാളും ശൂന്യം; സുഖത്തേക്കാളും സുഖം. മാറിനിന്നുകൊണ്ടുള്ള അറിവല്ല; ആശകളൊന്നുമില്ല; ആത്മാവു സ്വയം അറിയുന്നു; സർവവ്യാപിയായ ശുദ്ധബോധം.

വസിഷ്ഠൻ തുടർന്നു: 'രാമാ, ജ്ഞാനത്തിന്റെ ഏഴനുഭവതലങ്ങൾ ഞാൻ നിനക്കു വിവരിച്ചുതന്നല്ലോ. അവിദ്യയുടെ അത്ഭുതകരമായ മാഹാത്മ്യം ഇനിയും കേട്ടോളൂ. ആ ലവണമഹാരാജാവ് മനസ്സിന്റെ വിചിത്രമായ ഭ്രമം അനുഭവിച്ചല്ലോ. അടുത്തദിവസം ചണ്ഡാലകുലം പാർത്തിരുന്ന മഹാവനം കണ്ടെത്താനായി അദ്ദേഹം യാത്ര പുറപ്പെട്ടു: 'ഞാൻ ദുഃഖമനുഭവിച്ച ആ കൊടുങ്കാട് എനിക്കു നല്ല ഓർമ വരുന്നു. എന്റെ ചിത്തത്തിൽ അതിപ്പോഴും വ്യക്തമായി പ്രതിബിംബിക്കുന്നു. വിന്ധ്യപർവതപ്രാന്തത്തിൽ എവിടെയോ അതുണ്ടാകാം! ഇങ്ങനെ തീരുമാനിച്ചുകൊണ്ടദ്ദേഹം ദക്ഷിണപഥം നോക്കി യാത്രയായി. ദിഗ്വിജയത്തിനായി വിന്ധ്യപർവതപ്രാന്തങ്ങളിലേക്കു പോകുന്നു എന്ന വ്യാജേന കിഴക്കും തെക്കും പടിഞ്ഞാറുമുള്ള വനപ്രദേശങ്ങളിലൊക്കെ ചുറ്റിക്കറങ്ങി; സൂര്യൻ ആകാശപ്രദേശങ്ങളെ വലയം വയ്ക്കും പോലെ. അങ്ങനെ സഞ്ചരിക്കവേ മുൻപേ പോകുന്ന തന്റെ ചിന്തയെപ്പോലെ ഒരിടത്ത് ആ വനപ്രദേശം കണ്ടെത്തി. ഒരു പരലോകസ്ഥലം പോലെ അതു ഭീഷണമായിരുന്നു. അവിടെ ചുറ്റിനടന്നപ്പോൾ താൻ അനുഭവിച്ച കാര്യങ്ങളൊക്കെ അവിടെ തെളിഞ്ഞുകണ്ടു. പലരോടും ചോദിച്ചു, അറിഞ്ഞു; അത്യധികം ആശ്ചര്യപ്പെട്ടു. പല വ്യാധന്മാരെയും ചണ്ഡാലന്മാരെയും തിരിച്ചറിഞ്ഞു. ആശ്ചര്യഭരിതനായി സംഭ്രമത്തോടുകൂടി വീണ്ടും അവിടെയൊക്കെ ചുറ്റിക്കറങ്ങി. ആ മഹാവനത്തിന്റെ പ്രാന്തപ്രദേശത്തെത്തി. പുക മൂടിയ പോലുള്ള ചണ്ഡാലഗ്രാമം കണ്ടെത്തി. എവിടെയാണോ അദ്ദേഹം ഒരു തടിച്ചു കൊഴുത്ത ചണ്ഡാലനായി കാലം കഴിച്ചുകൂട്ടിയത്; അവിടെ അന്നുണ്ടായിരുന്ന അതേ ആളുകൾ, സ്ത്രീകൾ, കുടിലുകൾ ഒക്കെ കണ്ടെത്തി. വൃദ്ധന്മാരായ ചണ്ഡാലികൾ വൃദ്ധരായ ഭർത്താക്കന്മാരോടും കൂടി കരഞ്ഞു കരഞ്ഞു കാര്യങ്ങൾ വർണിക്കുന്നു. ബന്ധുക്കളൊക്കെ ചിന്നിച്ചിതറി നാനാവിധമായവർ. ദീനദീനം നിലവിളിച്ചു കരയുന്നവർ. വൃദ്ധരായ തന്റെ ഭാര്യാപിതാക്കളെയും അവിടെ കണ്ടു. കുടുംബാംഗങ്ങളെയൊക്കെ നഷ്ടപ്പെട്ട അവർ ദയനീയമായി പരിദേവനം ചെയ്യുന്നു : 'എന്റെ കുട്ടികളേ നിങ്ങളൊക്കെ

digitized by www.sreyas.in

ഞങ്ങളെ വിട്ടെങ്ങുപോയി? എന്റെ പ്രിയ പുത്രീ, കുന്നിക്കുരു മാലയണിഞ്ഞ നിന്നെ ഞങ്ങളിൽനിന്നും അതിദൂരം ആ ദുർവിധി അകറ്റിക്കളഞ്ഞല്ലോ രാജ കുമാരനെപ്പോലെ ചന്ദ്രകാന്തി പരത്തുന്ന നിന്റെ ഭർത്താവും അന്തഃപുര സുന്ദരിയെപ്പോലെ വിലാസിനിയായിരുന്ന നീയും ഇപ്പോഴെവിടെയാണ്. എന്റെ മകൾ ആ കാമദേവനു രതി തന്നെയായിരുന്നു. അവളും നഷ്ടമായി. സംസാരനദി തരംഗഭംഗങ്ങളുളവാക്കി സദാ വിലസുന്നു. ഈ പ്രവാഹപ രിഭാസത്തിൽ തുച്ഛമായി മറയാത്ത എന്തുണ്ട്? ചണ്ഡാലകന്യകയെ രാജാവു വേളികഴിച്ചു. അവർ രണ്ടുപേരും പോയി മറഞ്ഞു.' ഇങ്ങനെ വിലപിക്കുന്ന വൃദ്ധയെ കണ്ടിട്ടു രാജാവവരെ സമാശ്വസിപ്പിച്ചിട്ടിങ്ങനെ ചോദിച്ചു: 'ഇവിടെ എന്തു സംഭവിച്ചു; നീയാരാണ്; നിന്റെ മകളാരാണ്; നിന്റെ കുഞ്ഞുങ്ങളാ രൊക്കെയാണ്' ഈ ചോദ്യങ്ങൾ കേട്ട് കണ്ണീരൊലിപ്പിച്ചുകൊണ്ട് ആ വൃദ്ധ മറുപടി പറഞ്ഞു: 'പുക്കസപോഷം എന്ന ഗ്രാമമാണിത്. ഇവിടെ ചണ്ഡാല ന്മാരുടെ നേതാവായ എന്റെ ഭർത്താവു ജാതനായി. അദ്ദേഹത്തിന് എന്നിൽ ചന്ദ്രകാന്തയായ ഒരു മകളുണ്ടായി. ഭാഗ്യവശാൽ ഇവിടെയെത്തിച്ചേർന്ന ഇന്ദ്ര തുല്യനായ ഒരു രാജാവ് അവളെ വിവാഹം കഴിച്ചു. അവൾ ചിരകാലം അദ്ദേ ഹവുമായി കഴിഞ്ഞുകൂടി. ഒരു മകളും രണ്ടു പുത്രന്മാരും അവൾക്കുണ്ടായി. അല്ലയോ രാജാവേ, ഒരിക്കലിവിടെ മഴയില്ലാതെ അതിരൂക്ഷമായ ക്ഷാമം പിടിപെട്ടു. മനുഷ്യരൊക്കെ ചത്തൊടുങ്ങി. അതിദാരുണമായ ദുഃഖം സഹി ക്കവയ്യാതെ അനേകംപേർ നാടുവിട്ടു പോയി. ദുഃഖിതരായി ഞങ്ങൾ മാത്രം ഈ ശൂന്യസ്ഥലത്ത് അവശേഷിച്ചു. പോയവരെക്കുറിച്ചു ദുഃഖിച്ചു ദുഃഖിച്ചു കരഞ്ഞുകരഞ്ഞു ഞങ്ങളിതാ ഇവിടെ കഴിയുന്നു; ആ വൃദ്ധയുടെ വാക്കു കൾ കേട്ട് രാജാവ് അത്ഭുതപരതന്ത്രനായി. മന്ത്രിമാരുടെ മുഖത്തുനോക്കി ചിത്രത്തിൽ ആലേഖനം ചെയ്യപ്പെട്ടവനെപ്പോലെ സ്തംഭിച്ചു നിന്നുപോയി. അനേകം ദാനങ്ങളും സമ്മാനങ്ങളും ആ വൃദ്ധദമ്പതിമാർക്കു നൽകി അവരെ അൽപ്പമൊന്നാശ്വസിപ്പിച്ച ശേഷം ലവണ മഹാരാജാവു കൊട്ടാരത്തിലേക്കു മടങ്ങി. അവിദ്യയെന്തെന്നു ബോധ്യമായതോടെ അദ്ദേഹം ജ്ഞാനിയായി ഭവിച്ചു. രാമാ, ഈ അവിദ്യ വലിയ ഭ്രമം ഉളവാക്കുന്നവളാണ്; ഉള്ളതിനെ ഇല്ലാതാക്കുന്നു; ഇല്ലാത്തതിനെ ഉള്ളതാക്കുന്നു.

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'ഭഗവൻ ലവണ മഹാരാജാവിന്റെ സ്വപ്നം സത്യമായതെങ്ങനെ? എത്ര ചിന്തിച്ചിട്ടും എനിക്കീ സംശയത്തിനു പരിഹാരം കിട്ടുന്നില്ല.'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, അവിദ്യയിൽ ഇങ്ങനെ എന്തും സംഭവിക്കാം. അവിദ്യാപ്രകടനങ്ങൾക്കൊന്നിനും യുക്തി ചിന്തിച്ചാൽ കിട്ടുകയില്ല. ഇനി മേൽ നിനക്കു ഞാൻ ഗാധി വൃത്താന്തം വിവരിക്കുന്നുണ്ട്; അപ്പോൾ ഇക്കാര്യം കൂടുതൽ വെളിപ്പെടും. കാക്ക വന്നു പനമ്പഴവും വീണു; ഇവ രണ്ടും യാദൃച്ഛികമാണ്. ഇവയ്ക്കു കാര്യകാരണബന്ധമൊന്നുമില്ല. ഈ കാക താലീയന്യായം പോലെയാണു മനസ്സിന്റെ പ്രവർത്തനങ്ങൾ. വാസനാനി ബദ്ധമായ മനസ്സ് വിചിത്രമെന്നു തോന്നുന്ന വ്യവഹാരങ്ങൾ ആരംഭിക്കുന്നു. അവയെ പരസ്പരം ബന്ധിപ്പിക്കുന്നു. ചണ്ഡാല ഗ്രാമത്തിൽ രാജാവു നട ന്നതായി കണ്ട കാഴ്ച. അടുത്ത ദിവസം ഐന്ദ്രജാലിക പ്രഭാവം കൊണ്ടു രാജാവിനനുഭവപ്പെട്ടു. ലവണൻ കണ്ട അതേ സ്വപ്നവിഭ്രമം വിന്ധ്യാചല

digitized by www.sreyas.in

സാനുവിൽ നടന്നതായി തോന്നി. രണ്ടും അവിദ്യയുളവാക്കിയ ഭ്രമം തന്നെ. ലവണ മനസ്സിനുണ്ടായ ഭ്രമം ചണ്ഡാല മനസ്സിലെത്തി; ചണ്ഡാല മനസ്സിലെ ഭ്രമം ഭൂപതി മനസ്സിലും എത്തി. മനസ്സു വിശ്വവ്യാപിയായ ഒരവിദ്യാപ്രതിഭാസമാണ്. എന്തും എവിടെയും കൂടിക്കലരാം. വ്യവഹാരഗതിയിൽ ഓരോരുത്തരുടെ തോന്നലാണ് ഉള്ളതായിത്തീരുന്നത്. തോന്നലിൽ കവിഞ്ഞൊരുണ്മ ലോകപദാർഥങ്ങൾക്കൊന്നിനുമില്ല.

64. സംബന്ധേ ദ്രഷ്ടൃ ദൃശ്യാനാം മധ്യേ ദ്രഷ്ടരിയദ്വപുഃ
ദ്രഷ്ടൃ ദർശന ദൃശ്യാദി വർജിതം തദിദം പരം.

ദ്രഷ്ടാവു ദൃശ്യവുമായി ബന്ധപ്പെടുന്നതിനിടയിൽ അനുഭവപ്പെടുന്നതാണു ദ്രഷ്ടാവായ ബോധത്തിന്റെ ശുദ്ധരൂപം. അവിടെ ദ്രഷ്ടാവെന്നോ ദർശനമെന്നോ ദൃശ്യമെന്നോ യാതൊരു ഭേദവുമില്ല; അതാണു പരമസത്യം. ചിത്തം ഒരു ദൃശ്യരൂപം വിട്ടിട്ടു മറ്റൊരു ദൃശ്യരൂപം കൈക്കൊള്ളുന്നതിനു മുൻപുള്ള സങ്കൽപ്പരഹിതമായ സ്ഥിതി; അതാണു ജഡസ്പർശമില്ലാത്ത ബോധാനുഭവസ്ഥിതി. രാമാ, എപ്പോഴും അതായി ഭവിക്കൂ; അവിടെ ജാഗ്രത്തില്ല; സ്വപ്നമില്ല; നിദ്രയില്ല; അതാണു സനാതനമായ നിന്റെ സത്യരൂപം. അതിനെ ചേതനമെന്നോ ജഡമെന്നോ പറയുക വയ്യ. അതായിത്തീരാൻ യത്നിക്കൂ. മൺകട്ടയുടെ സ്വരൂപമാണു ജഡത്വം; അതുപേക്ഷിക്കണം. അതേ അവസരത്തിൽ സങ്കൽപ്പ രൂപമായ മനസ്സിനെയും കൈവെടിയണം. ശേഷിക്കുന്നതെന്തോ സദാസമയവും അതായി നിലകൊള്ളാൻ ശ്രമിക്കൂ. ചിത്തം ദൂരെ വെടിഞ്ഞാൽ നീയെന്തായിത്തീരും; അതാണു ശുദ്ധബോധം. ഭാവന വെടിഞ്ഞു സദാ അതായി വർത്തിക്കൂ. ഘോരസംസാരമാകുന്ന ഈ റാട്ടിനെ കീഴ്മേൽ ഭ്രമിപ്പിക്കുന്ന കയറാണു വാസന. അദ്വൈതസത്യബോധം കൊണ്ട് ആ വാസനാരജ്ജുവിനെ മുറിച്ചെറിയൂ. പരമാത്മതത്ത്വത്തിൽ നിന്നും ആദ്യം സങ്കൽപ്പ രൂപമായ മനസ്സുത്ഭവിക്കുന്നു. ആ മനസ്സ് സങ്കൽപ്പഭേദങ്ങളിൽ കൂടി വിസ്തൃതമായ ഈ ജഗത്തിന്റെ തോന്നലുളവാക്കുന്നു. ശൂന്യത്തിലും ശൂന്യമായ ആകാശത്തിൽ സുന്ദരമായ നീലമേൽക്കട്ടി കാണപ്പെടുന്നില്ലേ; അതുപോലെ. സങ്കൽപ്പങ്ങൾ പോയാൽ ചിത്തമില്ലാതാകും; അതോടെ സംസാരമാകുന്ന മൂടൽമഞ്ഞ് ഉരുകിമറയും. തുടർന്ന് ശരത്കാലത്തിൽ ആകാശം തെളിയുന്നപോലെ ഉള്ളിൽ ശുദ്ധബോധം തെളിയും; തെളിഞ്ഞാൽ പിന്നെ അതുമാത്രമേയുള്ളൂ; അതു ജനിച്ചതല്ല; അതുമാത്രമേ ഉണ്ടായിരുന്നുള്ളു. അതൊരിക്കലും ഒടുങ്ങുകയുമില്ല.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉൽപ്പത്തി പ്രകരണേ*
*ലവണോപാഖ്യാനം നാമ നവമഃ സർഗഃ*
*ഉൽപ്പത്തി പ്രകരണം*
*സമാപ്തം*

digitized by www.sreyas.in

# 4

# സ്ഥിതിപ്രകരണം

സർഗം. 1

## ഭാർഗവോപാഖ്യാനം

വസിഷ്ഠൻ തുടർന്നു: ഹേ രാമാ, എന്താണീ ജഗദ്ദൃശ്യം? ആരും വരയ്ക്കാത്ത ഒരു ചിത്രം; കാൻവാസില്ലാതെ വരച്ചിരിക്കുന്ന ഒരു ചിത്രം; ശൂന്യമായ ആകാശത്തിൽ പൊന്തിക്കാണപ്പെടുന്ന ഒരു ചിത്രം; കാണാനുമാരുമില്ല; അതിലെ ചിത്രങ്ങൾതന്നെ ആ ചിത്രത്തെ അനുഭവിക്കുന്നു. ഉറങ്ങാതെ കാണുന്ന ഒരു സ്വപ്നം.

65. സാക്ഷിഭൂതേ സമേ സ്വച്ഛേ നിർവികല്പേ ചിദാത്മനി
നിരർഥം പ്രതിബിംബന്തി ജഗന്തി മുകുരേയഥാ.

സാക്ഷിഭൂതേ-ഒന്നിനോടും പറ്റിച്ചേരാതെ സാക്ഷിഭാവത്തിൽ ദൃശ്യങ്ങളെ പ്രകാശിപ്പിക്കുന്ന; സമേ-സർവത്ര തുല്യമായി നിറഞ്ഞുനിൽക്കുന്ന; സ്വച്ഛേ-നിർമലമായ; നിർവികല്പേ-സങ്കൽപ്പരഹിതമായ; ചിദാത്മനി-ബോധസ്വരൂപത്തിൽ; ജഗന്തി-പ്രപഞ്ചദൃശ്യങ്ങൾ; മുകുരേയഥാ- കണ്ണാടിയിലെന്നപോലെ; നിരർഥം-ഒരു പ്രയോജനവുമില്ലാതെ; പ്രതിബിംബന്തി-പ്രതിഫലിച്ചുകാണുന്നു.

ഒന്നിനോടും പറ്റിച്ചേരാതെ സാക്ഷിഭാവത്തിൽ ദൃശ്യങ്ങളെ പ്രകാശിപ്പിക്കുന്ന, സർവത്ര തുല്യമായി നിറഞ്ഞുനിൽക്കുന്ന, നിർമലമായ, സങ്കൽപ്പരഹിതമായ ബോധസ്വരൂപത്തിൽ പ്രപഞ്ചദൃശ്യങ്ങൾ കണ്ണാടിയിലെന്നപോലെ ഒരു പ്രയോജനവുമില്ലാതെ പ്രതിബിംബിച്ചു കാണുന്നു.

**നിരർഥം പ്രതിബിംബന്തി**

ശുദ്ധബോധത്തിൽ പ്രതിബിംബിച്ചു കാണപ്പെടുന്നവയാണു ജഗദ്ദൃശ്യങ്ങൾ. ഒരു നഗരം കണ്ണാടിയിൽ പ്രതിബിംബിച്ചു കാണപ്പെടുംപോലെ. എന്താണിതിന്റെ പ്രത്യേകത? കണ്ണാടി നഗരദൃശ്യങ്ങളെ പ്രകാശിപ്പിക്കുന്നു. എന്നാൽ ആ നഗരദൃശ്യങ്ങൾ കണ്ണാടിക്ക് ഒരു കളങ്കവും വരുത്തുന്നില്ല. അതുപോലെ ബോധം സാക്ഷിഭാവത്തിൽ മാത്രമേ പ്രപഞ്ചദൃശ്യങ്ങളെ പ്രകാശിപ്പിക്കുന്നുള്ളു. ബോധം സദാ സർവത്ര നിർമലമായി തുല്യമായി

digitized by www.sreyas.in

വിളങ്ങി നിൽക്കുന്നു. ജഗദ്ദൃശ്യങ്ങൾ അഖണ്ഡബോധത്തിന് ഒരു കളങ്കവും ചേർക്കുന്നില്ല. ബോധത്തിന്റെ ഈ സാക്ഷിഭാവത്തെ നാടകരംഗത്തെ വിളക്കിനോടാണു സത്യദർശികൾ ഉപമിക്കുന്നത്. നാടകരംഗത്തിലെ ദീപം രംഗത്തെയും വേഷങ്ങളെയും ഒക്കെ പ്രകാശിപ്പിക്കുന്നു. എന്നാൽ രംഗവൈവിധ്യമോ വേഷവൈവിധ്യമോ ഒന്നും ആ വിളക്കിന്റെ നൈർമല്യത്തിന് ഒരു കുറവും വരുത്തുന്നില്ല. അതുപോലെയാണു ബോധം പ്രപഞ്ചദൃശ്യങ്ങളെ പ്രകാശിപ്പിക്കുന്നത്. ഇതാണു ബോധത്തിന്റെ സാക്ഷിഭാവം. പ്രകാശിപ്പിക്കുന്നു എന്നു പറഞ്ഞാൽ ഉള്ളതാക്കിത്തീർക്കുന്നു എന്ന് അർഥം. സങ്കൽപ്പങ്ങൾപോലും ബോധത്തെ കളങ്കപ്പെടുത്തുന്നില്ല. ബോധം ശുദ്ധരൂപത്തിൽ നിർവികൽപ്പമാണ്. അപ്പോൾ എന്തിനാണീ പ്രപഞ്ചദൃശ്യങ്ങൾ ഇങ്ങനെ പ്രതിബിംബിക്കുന്നത്? ആത്യന്തികമായി സൃഷ്ടിക്ക് യാതൊരു പ്രയോജനവും കാണ്മാനില്ല. വ്യക്തികളുടെ അൽപ്പസ്വൽപ്പമായ സുഖാനുഭവമോ ദുഃഖാനുഭവമോ ആണു സൃഷ്ടിയുടെ പ്രയോജനമെന്നു കരുതുന്നതു ശരിയാവില്ല. അനന്തകോടി സൗരയൂഥങ്ങൾ ഉണ്ടാകുന്നു, നിലനിൽക്കുന്നു, മറയുന്നു വീണ്ടുമുണ്ടാകുന്നു, നിലനിൽക്കുന്നു, മറയുന്നു ഇതാണു സൃഷ്ടി. പല ചിന്തകന്മാരും സൃഷ്ടിയെ പലതരത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. അഖണ്ഡബോധസ്വരൂപനായ ദേവൻ സ്വയം പലതായി കാണപ്പെടുന്നതാണു സൃഷ്ടി എന്നൊരു കൂട്ടർ പറയുന്നു. എങ്ങനെ ദേവൻ പലതായി കാണപ്പെട്ടു. സ്വപ്നം പോലെ, ഇന്ദ്രജാലം പോലെ എന്നാണു മറ്റു ചിലരുടെ വിവരണം. പരിപൂർണനായ ഭഗവാൻ എന്തിനു സ്വപ്നം കാണാനും ഇന്ദ്രജാലം കാണിക്കാനും പുറപ്പെടണം? ബ്രഹ്മത്തിൽ കാലമാണു സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നതെന്നാണു മറ്റൊരു കൂട്ടരുടെ വാദം. കാലത്തെ എന്തിനു സൃഷ്ടിച്ചു? ഓ, ഇതൊക്കെ ഈശ്വരന്റെ ഇച്ഛ എന്നു വേറെ ചിലർ ഒഴിഞ്ഞുമാറുന്നു. ആനന്ദസ്വരൂപനായ ഈശ്വരൻ എന്തിനുവേണ്ടി ഇച്ഛിക്കുന്നു? ലോകഭോഗങ്ങൾക്കുവേണ്ടിയെന്നു ചിലർ, കളിക്കാൻവേണ്ടിയെന്നു വേറെ ചിലർ. പരിപൂർണനായ ഈശ്വരങ്കൽ ഇതൊന്നുമുണ്ടാവുക വയ്യ. അതുകൊണ്ടാണ് 'നിരർഥം പ്രതിബിംബന്തി' എന്നു പറഞ്ഞിരിക്കുന്നത്. കഷ്ടിച്ചുപറയാവുന്ന ഒരേ ഒരുത്തരം ഇതൊക്കെ വസ്തു സ്വഭാവം എന്നുമാത്രമാണ്. വസ്തുപൂർണമായി കണ്ടവർക്ക് അതുമാത്രമേയുള്ളു; സൃഷ്ടിയുമില്ല, സ്ഥിതിയുമില്ല, സംഹാരവുമില്ല. വസ്തു ഒന്നേയുള്ളുവെങ്കിൽ ആരു സൃഷ്ടിക്കാൻ, എന്തു സൃഷ്ടിക്കാൻ?

വസിഷ്ഠൻ തുടർന്നു: 'അല്ലയോ രാമാ, ഇതു വ്യക്തമായി ധരിച്ചോളൂ, ബ്രഹ്മത്തിലെ ഈ പ്രപഞ്ച പ്രദർശനത്തിനു കാര്യകാരണഭാവമൊന്നും കണ്ടെത്താൻ ഒരിക്കലും കഴിയുകയില്ല. എല്ലാം വെറും സങ്കൽപ്പദൃശ്യങ്ങൾ. മനസ്സിന്റെ ചാഞ്ചല്യം കുറഞ്ഞുകിട്ടാൻ ഒരു വഴിയേ ഉള്ളു; ഇക്കാണുന്നതെല്ലാം ബോധാകാശസ്വരൂപമായ ഒരേ ഒരു ബ്രഹ്മം മാത്രമാണെന്നു ധീരമായി മനസ്സിനെ പഠിപ്പിക്കുക; ആ വസ്തു സ്ഥിതി ഭാവനചെയ്തുറപ്പിക്കുക. ഒരു വലിയ പാറ, അതിൽ രേഖോപരേഖകൾ കൊണ്ടു നിരവധി ചിത്രങ്ങൾ കൊത്തിയിരിക്കുന്നു എന്നു കരുതുക. വാസ്തവത്തിൽ പാറയല്ലാതെ മറ്റെന്തെങ്കിലും അവിടെയുണ്ടോ? ബ്രഹ്മത്തിലെ പ്രപഞ്ചസ്ഥിതിയും ഇതുപോലെയാണ്. ത്രിലോകങ്ങളും ബ്രഹ്മത്തിൽ കാണപ്പെടുന്ന വെറും രൂപങ്ങൾ മാത്രം. വസ്തു ബോധസ്വരൂപമായ ബ്രഹ്മം. ബ്രഹ്മമല്ലാതെ പ്രപഞ്ചത്തിനു

digitized by www.sreyas.in

മറ്റൊരു കാരണവുമില്ല. വേറെ കാരണമില്ലാത്തതുകൊണ്ടുതന്നെ പ്രപഞ്ചം ഉണ്ടായിട്ടില്ലെന്നു ധരിച്ചോളൂ. ബ്രഹ്മത്തിൽ സങ്കൽപ്പങ്ങളിലൂടെയുള്ള ഒരിന്ദ്രജാല പ്രദർശനം മാത്രമാണ് പ്രപഞ്ചം. ഞാൻ ഭാർഗവ കഥ വിവരിക്കാം. അതുകേട്ടാൽ ഇല്ലാത്ത പ്രപഞ്ചം ചിത്തം സൃഷ്ടിച്ചനുഭവിക്കുകയാണെന്ന കാര്യം നിനക്കുതെളിഞ്ഞു കിട്ടും.

പണ്ട് മന്ദരപർവതത്തിന്റെ താഴ്വരയിൽ വിടർന്ന പൂക്കളെക്കൊണ്ടു നിറഞ്ഞ ഒരു പ്രദേശത്തു ഭഗവാൻ ഭൃഗു ഘോരതപസ്സിൽ ഏർപ്പെട്ടിരുന്നു. ചന്ദ്രപ്രഭ ചൊരിയുന്നവനും തേജസ്വിയുമായ പുത്രൻ ശുക്രൻ പ്രകാശം സൂര്യനെയെന്നപോലെ അടുത്തുനിന്നദ്ദേഹത്തെ പരിചരിച്ചിരുന്നു. എന്നാൽ ശുക്രന്റെ മനസ്സ് സത്യബോധത്തിൽ ഉറപ്പു വന്നതായിരുന്നില്ല. ആകാശത്തിനും ഭൂമിക്കുമിടയ്ക്കു ത്രിശങ്കുവിനെപ്പോലെ അയാൾ വിദ്യക്കും അവിദ്യക്കുമിടയ്ക്ക് ഊഞ്ഞാലാടി വർത്തിക്കുകയായിരുന്നു. തപസ്സു ചെയ്തു പിതാവായ ഭൃഗു നിർവികൽപ്പസമാധിയിലാണ്ടു. അക്കാലത്തൊരിക്കൽ ശുക്രൻ കർത്തവ്യമൊന്നുമില്ലാതെ ഏകാന്തമായ ഒരിടത്ത് ശത്രുജയം നേടിയ രാജാവിനെപ്പോലെ വിശ്രമിക്കുകയായിരുന്നു. അപ്പോഴേക്കും കൽപ്പവൃക്ഷപ്പൂക്കളുടെ പുതുമാലയണിഞ്ഞ് മന്ദമാരുതനിൽ കുറുനിരകൾ ചലിപ്പിച്ചു കൊണ്ട് ആകാശമാർഗത്തിലൂടെ കടന്നുപോകുന്ന ഒരപ്സരസ്സ് അയാളുടെ കണ്ണിൽ പെട്ടു. സുന്ദരിയായ അവളെക്കണ്ട് അയാളുടെ മനസ്സ് കാമതരളമായി. കണ്ണുമടച്ച് അവളെത്തന്നെ ധ്യാനിച്ചുകൊണ്ട് അവിടെ അങ്ങനെയിരുന്നു. ആ ഭൃഗുപുത്രൻ ഇങ്ങനെ മനോരാജ്യത്തിലേർപ്പെട്ടു: 'ഇവൾ സ്വർഗ സുന്ദരിയാണ്. ഞാനിതാ ആലോലസുഖസുന്ദരമായ സ്വർഗത്തിലെത്തിക്കഴിഞ്ഞു. കാമദേവകലാവിഭവങ്ങളായ ഇവരൊക്കെയാണ് സ്വർഗലോകസുന്ദരിമാർ. വനത്തെ വനലതകളെന്നപോലെ ഇവർ ദേവേന്ദ്രനെ പരിചരിക്കുന്നു. ഈ സ്വർഗത്തിൽ ആസ്ഥാനമണ്ഡപത്തെ അലങ്കരിക്കുന്ന ശുക്രനെ മറ്റൊരു സൃഷ്ടികർത്താവെന്നപോലെ ഞാൻ സമീപിച്ചു വണങ്ങുന്നുണ്ട്; ഇങ്ങനെ ചിന്തിച്ചു ശുക്രൻ മനസ്സുകൊണ്ട് ഇന്ദ്രനെ വണങ്ങി. മറ്റൊരു ഭൃഗുവിനെ മുൻപിൽ കണ്ടതുപോലെ ഇന്ദ്രൻ സാദരം എണീറ്റു ശുക്രനെ സ്വാഗതം ചെയ്തു; പൂജിച്ചു. സ്വർഗവാസികളാൽ അഭിനന്ദിതനായി അയാൾ അവിടെ വിഹരിക്കാൻ തുടങ്ങി. അവിടെ ദേവസുന്ദരിമാരുടെ മധ്യത്തിൽ അയാൾ നേരത്തേകണ്ട സുരാംഗനയെ കണ്ടെത്തി. അയാളെക്കണ്ടവളും പ്രേമപരവശയായി ഭവിച്ചു. അവർക്ക് സൂര്യനും പദ്മിനിക്കുമെന്നപോലെ അന്യോന്യാനുരാഗം പെരുകി ശോഭവർധിച്ചു. ശുക്രൻ സങ്കൽപ്പിക്കുന്നതു നേടാൻ കഴിവുള്ള സിദ്ധനായിരുന്നു. തന്നിൽ അനുരക്തയായ ദേവസുന്ദരിയെ കണ്ട മാത്രയിൽ ശിവൻ സംഹാരം സങ്കൽപ്പിക്കുന്നതുപോലെ അയാൾ ഇരുട്ടു സങ്കൽപ്പിച്ചു. ഇരുട്ടു വ്യാപിച്ചു ജീവജാലങ്ങളൊക്കെ അകന്നു. ആ സ്വർലോകസുന്ദരി പെൺമയിൽ മേഘത്തെയെന്നപോലെ ശുക്രനെ പ്രാപിച്ചു. അവർ രണ്ടുപേരും ഒരു കൽപ്പലതാനികുഞ്ജത്തിൽ വിശ്രമിച്ചു. കടാക്ഷിച്ചും പറഞ്ഞും കേട്ടും ചിരിച്ചും ചിത്തവിലാസത്തോടെ അവിടെ കഴിച്ചുകൂട്ടി. പ്രണയചേഷ്ടകളിലൂടെ ആ സമാഗമം ഭാർഗവനു സന്തോഷത്തിനു വകയൊരുക്കി. അങ്ങനെ അയാൾ അവളുമായി കുറേക്കാലം സ്വർഗത്തു താമസിച്ചു. എട്ടു ചതുർയുഗങ്ങൾ ആ മദിരേക്ഷണയുമായി അങ്ങനെ കഴിഞ്ഞു. പുണ്യം ക്ഷയിച്ചതോടുകൂടി വീണ്ടും ഭൂമിയി

digitized by www.sreyas.in

ലേക്കു പതിച്ചു. സൂക്ഷ്മശരീരം ജലമയമായി ഭൂമിയിൽ വീണു. അതു നെല്ല് എന്ന ധാന്യമായി രൂപംമാറി. ആ നെല്ല് അരിയായി ചോറായി ദശാർണദേശത്തുള്ള ഒരു ബ്രാഹ്മണന്റെ ഭക്ഷണമായി. അങ്ങനെ ശുക്രൻ ബ്രാഹ്മണശുക്ലമായി ബ്രാഹ്മണഭാര്യയുടെ ഗർഭപാത്രത്തിലെത്തി മകനായി പിറന്നു. വളർന്നു മുനിമാരുടെ സമ്പർക്കത്തിലൂടെ ബ്രാഹ്മണ ബാലൻ ഉഗ്രതപസ്സിലേർപ്പെട്ടു. ഒരു മന്വന്തരത്തോളം മേരുപർവതത്തിന്റെ താഴ്‌വരയിൽ അങ്ങനെ കഴിഞ്ഞു. അവിടെ അയാൾക്ക് ഒരു മാൻപേടയിൽ മനുഷ്യപ്രജ ജനിച്ചു. അവനിലുള്ള മമതാബന്ധം നിമിത്തം വീണ്ടും മോഹബദ്ധനായി. എന്റെ മകനു സമ്പത്തുവേണം, ഗുണങ്ങൾ വേണം, ആയുസ്സു നീണ്ടുകിട്ടണം എന്നിങ്ങനെ സദാ ചിന്തിച്ചു ചിന്തിച്ചു സത്യസ്ഥിതിയിൽ നിന്നും അതിദൂരം അകന്നു. പുത്രനുവേണ്ടിയുള്ള ഭോഗചിന്തയിൽ ധർമമെല്ലാം ഭ്രംശിക്കപ്പെട്ടു. ആയുസ്സു ക്ഷയിച്ച അയാളെ സർപ്പം കാറ്റിനെയെന്ന പോലെ മരണം വിഴുങ്ങി. ഭോഗൈക ചിന്തയോടുകൂടി ദേഹം വിട്ടുപുറത്തു വന്ന ദേഹി മദ്രരാജാവിന്റെ മകനായി പിറന്നു ക്രമേണ മദ്രമഹീപതിയായിത്തീർന്നു. ഇങ്ങനെ അയാൾക്കു പലപല ജന്മങ്ങൾ കടന്നുപോയി. ഒടുവിലയാൾ ഗംഗാതീരത്തുള്ള ഒരു തപസ്വിയുടെ മകനായി ജനിച്ചു; മുനിയായിത്തീർന്നു.

ഇനിയും ഭൃഗുപുത്രനായ ശുക്രന്റെ ശരീരത്തിന് എന്തു സംഭവിച്ചു എന്നു നോക്കാം. ഭൃഗ്വാശ്രമത്തിൽ ആ ദേഹം കാറ്റും ചൂടും തട്ടി ജീർണിച്ചു നിലം പതിച്ചു. ഭൃഗ്വാശ്രമപരിസരം രാഗദ്വേഷ വിഹീനമായതുകൊണ്ടും ഭൃഗുവിന്റെ മഹാതപസ്സുനിമിത്തവും ആ ദേഹത്തെ പക്ഷിമൃഗാദി ഭക്ഷിക്കാനിടയായില്ല. ദിവ്യമായ ആയിരം സംവത്സരം കഴിഞ്ഞു ഭൃഗു നിർവികൽപ്പസമാധിയിൽ നിന്നും ഉണർന്നപ്പോൾ വിനയാന്വിതനായി മുൻപിൽ വണങ്ങി നിൽക്കാറുള്ള മകനെ കണ്ടില്ല. ഗുണമഹിമകൊണ്ടു പുണ്യം തന്നെ മൂർത്തീകരിച്ചപോലുള്ള തന്റെ മകന്റെ അഭാവം ഭൃഗുവിനെ കുണ്ഠിത ചിത്തനാക്കി. ചുറ്റും നോക്കിയപ്പോൾ മുൻപിലായി മകന്റെ അസ്ഥിപഞ്ജരം കിടക്കുന്നതാണു ഭൃഗു കണ്ടത്. ദുർഭാഗ്യം ദേഹം പൂണ്ടുകിടക്കും പോലെ, ദാരിദ്ര്യം അവതരിച്ചതുപോലെ. ദേഹത്തിൽ അവിടവിടെയുണ്ടായ വിള്ളലുകളിൽ കൊച്ചുകുരുവിപ്പക്ഷികൾ കൂടുകെട്ടിയിരിക്കുന്നതായും കണ്ടു. ഉണങ്ങിവരണ്ട ഉദരഗുഹാഭാഗങ്ങളിലെ നിഴലുകളിൽ തവളകൾ വിശ്രമിക്കുന്നതായും കണ്ടു. ദുഃഖമാകുന്ന ആനയുടെ ലായംപോലെ മകന്റെ ഉണങ്ങിയ അസ്ഥികൂടം ഭൃഗുവിനെ നിമിഷനേരത്തേക്ക് അവിവേകിയാക്കിത്തീർത്തു. മുൻപിൻ ചിന്തകൾക്കു വഴങ്ങാതെ ഭൃഗു ചാടി എഴുന്നേറ്റു. പുത്രൻ മരിച്ചുപോയി എന്നു കണ്ടു ഭൃഗു കാലനുനേരേ അതിരൂക്ഷമായി കോപിച്ചു. അകാലത്തിൽ എന്റെ മകനെ അപഹരിച്ചതിനു ഞാൻ പകരം വീട്ടുന്നുണ്ട് എന്ന ഭാവത്തിൽ കാലനെ ശപിക്കാനായി ഭാവിച്ചു. അപ്പോഴേക്കും ജീവജാലങ്ങളെ വിഴുങ്ങുകതൊഴിലായി അംഗീകരിച്ചിട്ടുള്ള കാലൻ ആധിഭൗതികദേഹം അംഗീകരിച്ചു മഹർഷിയുടെ മുൻപിൽ പ്രത്യക്ഷനായി. വാളും കയറുമേന്തി കുണ്ഡലമണിഞ്ഞു കവചം ധരിച്ചു ആറുകയ്യോടും ആറുമുഖത്തോടും കൂടി കിങ്കരന്മാരാൽ പരിസേവിതനായി കോപിഷ്ഠനായ മഹാമുനിയുടെ മുൻപിൽ കാലനെത്തി. കൽപ്പകാലസമുദ്രം പോലെ ഇളകിമറിഞ്ഞു ഗംഭീരനായിനിൽക്കുന്ന മുനിയെ സാന്ത്വനപ്പെടുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: 'മഹർഷേ, അങ്ങു മഹാതപസ്വി. ഞാനോ ചെയ്യേണ്ടതുചെയ്യുന്ന ഒരു നിയതിപാലകൻ. അതു

digitized by www.sreyas.in

കൊണ്ടു ഞാൻ അങ്ങയെ ബഹുമാനിക്കുന്നു; മറ്റൊരു ചിന്തയും എനിക്കില്ല. ബുദ്ധിയില്ലാതെ അങ്ങു വെറുതേ തപസ്സു ക്ഷയിപ്പിക്കരുത്. കൽപ്പകാലമ ഹാവഹ്നിക്കുപോലും എന്നെ ദഹിപ്പിക്കാൻ കഴിയുകയില്ല; പിന്നെയാണോ അങ്ങയുടെ ശാപത്തിന്.

66. ബ്രഹ്മാണ്ഡാവലയോ ഗ്രസ്താ നിഗീർണാരുദ്രകോടയഃ
ഭുക്താനി വിഷ്ണുവൃന്ദാനി ക്വന ശക്താ വയം മുനേ.

ബ്രഹ്മാണ്ഡങ്ങളുടെ കൂട്ടങ്ങൾ എന്നാൽ വിഴുങ്ങപ്പെട്ടിട്ടുണ്ട്. കോടിക്ക ണക്കിനു ശിവന്മാരെ ഞാൻ അകത്താക്കിയിട്ടുണ്ട്; വിഷ്ണു സമൂഹങ്ങളെ ചവച്ചരച്ചു ഭക്ഷിച്ചിട്ടുണ്ട്; മുനേ, എനിക്കു കഴിയാത്തതായി ഈ ലോകത്തെ ന്തുണ്ട്. ഞാനെന്നും ഭക്ഷിക്കുന്നവനാണ്; നിങ്ങളൊക്കെയാണ് എന്റെ ഭക്ഷണം, ഇതു ലോകനിയമം; എന്റെയോ അങ്ങയുടെയോ ഇച്ഛയല്ല.

67. നേഹകർതാ ന ഭോക്താസ്തി ദൃഷ്ട്യാ നഷ്ടകളങ്കയാ
ബഹവശ്ചേഹ കർതാരോ ദൃഷ്ട്യാ ദൃഷ്ടകളങ്കയാ.

സത്യം ദർശിച്ച ശുദ്ധമായ കണ്ണുകൊണ്ടു നോക്കിയാൽ ഇവിടെ കർത്താ വുമില്ല; ഭോക്താവുമില്ല. അവിദ്യകൊണ്ടു കളങ്കപ്പെട്ട കണ്ണുകൊണ്ടു നോക്കി യാൽ ഇവിടെ അനേകം കർത്താക്കളുണ്ട് ഭോക്താക്കളുമുണ്ട്. മരങ്ങളിൽ പൂക്കൾ വിടരുന്നു കൊഴിയുന്നു; വീണ്ടും വിടരുന്നു; കൊഴിയുന്നു. അതു പോലെ പ്രപഞ്ചവൃക്ഷത്തിൽ കർമഗതിയനുസരിച്ചു കൽപ്പം തോറും ബ്രഹ്മാ ണ്ഡകുസുമങ്ങൾ വിടരുന്നു; കൊഴിയുന്നു; വീണ്ടും വിടരുന്നു; കൊഴിയുന്നു.

68. ക്വാസൗ ജ്ഞാനമയി ദൃഷ്ടിഃക്വമഹത്വം ക്വധീരതാ
മാർഗേ സർവ പ്രസിദ്ധേƒപി കിമന്ധ ഇവമുഹ്യസി.

ഈ ജ്ഞാനമയിയായ ദൃഷ്ടിയെവിടെ; അങ്ങയുടെ മഹത്വമെവിടെ; ധീര തയെവിടെ. ഈ സത്യമാർഗം എല്ലാവർക്കും അറിവുള്ളതല്ലേ. പിന്നെയെ ന്താണങ്ങ് ഒരന്ധനെപ്പോലെ മോഹിക്കുന്നത്. അങ്ങേക്കും അങ്ങയുടെ മകനും സ്വകർമപരിപാകം കൊണ്ടുവന്നു ചേർന്നതാണീ സ്ഥിതി. സർവ ജ്ഞനായ അങ്ങ് അക്കാര്യം വിചാരം ചെയ്തറിയാതെ ഒരു മൂർഖനെപ്പോലെ എന്നെ ശപിക്കാനൊരുമ്പെട്ടാലോ.

ചിത്തമാണു പുരുഷൻ; ചിത്തം എന്തു ചെയ്യുന്നോ അതു ചെയ്തതായി ഭവിക്കുന്നു. ജീവന്റെ ജീവൻ മനസ്സാണ്; അതേതെങ്കിലും തീരുമാനത്തി ലെത്തുമ്പോൾ ബുദ്ധിയെന്നറിയപ്പെടുന്നു; അത് ഏതിലെങ്കിലും അഭിമാനം കൊണ്ടാൽ അഹങ്കാരമായിത്തീരുന്നു; ഇങ്ങനെ ചിത്തം സ്വയം പലതായി ഭവിക്കുന്നു. അങ്ങു സമാധിയിലാണ്ടിരുന്നപ്പോൾ അങ്ങയുടെ മകന്റെ മനസ്സ് സ്വശരീരം വിട്ടു സ്വർഗം പ്രാപിച്ചു. അവിടെ വിശ്വാചിയെന്ന ദേവസുന്ദരിയു മായി ബന്ധപ്പെട്ടു കഴിഞ്ഞുകൂടി. തുടർന്നു ദശാർണത്തിൽ ബ്രാഹ്മണനായി കോസലത്തിൽ രാജാവായി. പിന്നെ ഒരു വനപ്രദേശത്തു മുക്കുവനായി; ഗംഗാതീരത്തിൽ അരയന്നമായി. സൂര്യവംശത്തിൽ പൗണ്ഡ്ര രാജാവ്, ശാല്വ ദേശത്തു പുരോഹിതൻ, ഒരു കൽപ്പകാലത്തോളം സുന്ദരനും ഐശ്വര്യ സമ്പന്നനുമായ വിദ്യാധരൻ ഇങ്ങനെ പോകുന്നു അങ്ങയുടെ മകന്റെ രൂപ ഭേദങ്ങൾ. സൗവീരദേശത്തു സാമന്തൻ, ത്രിഗർത്തത്തിൽ ശൈവപുരോഹി തൻ, കിരാതത്തിൽ മുളങ്കാട്, മറ്റൊരു കാട്ടിലൊരു കലമാൻ, പനമരക്കൂട്ട

digitized by www.sreyas.in

ത്തിനിടയിൽ ഓന്ത്, പച്ചിലക്കാട്ടിൽ കാട്ടുകോഴി, വാസനാവശഗനായി ഇങ്ങനെ വിചിത്ര വിചിത്രജന്മങ്ങൾ. അങ്ങയുടെ പുത്രൻ വിഷമകരങ്ങളായ അനേകജന്മങ്ങൾ ഇങ്ങനെ കടന്നുപോയി. ഇപ്പോൾ വാസുദേവനെന്ന പേരിൽ ഒരു ബ്രാഹ്മണന്റെ മകനായി ജനിച്ചിരിക്കുകയാണ്. സമംഗാനദി യുടെ കരയിൽ തപസ്സു ചെയ്തുകഴിഞ്ഞു കൂടുന്നു. ജടവളർത്തി രുദ്രാക്ഷ മാല ധരിച്ച് ഇന്ദ്രിയഭ്രമങ്ങളെ കീഴടക്കി അവിടെ തപസ്സിലേർപ്പെട്ടിട്ട് ഇപ്പോൾ എണ്ണൂറു വർഷം കഴിഞ്ഞിരിക്കുന്നു. സ്വപ്നതുല്യമായ ആ മനോവിഭ്രമം കാണണമെന്നുണ്ടെങ്കിൽ, മഹർഷേ, അങ്ങയുടെ ജ്ഞാനദൃഷ്ടി ഒന്നു തുറന്നു നോക്കൂ!' ജഗദീശനായ കാലദേവൻ ഇത്രയും പറഞ്ഞു കഴിഞ്ഞ പ്പോൾ മുനി തന്റെ ജ്ഞാന നേത്രം തുറന്ന് പുത്രകഥ അവലോകനം ചെയ്തു. ക്ഷണം കൊണ്ടു തന്റെ ബുദ്ധിയാകുന്ന കണ്ണാടിയിൽ പ്രതിഫ ലിച്ച ആ ഭാവനാകഥ മുഴുവൻ കണ്ടറിഞ്ഞു. കാലദേവനെ മുൻനിറുത്തി സമംഗാ നദീതീരത്തെത്തി സ്വപുത്രനെ കണ്ടശേഷം ഭൃഗുചിത്തം വീണ്ടും മന്ദര സാനുവിലുള്ള തന്റെ ദേഹത്തിൽ തിരിച്ചെത്തി. ആശ്ചര്യഭരിതമായി തിളങ്ങുന്ന ദൃഷ്ടിയോടെ കാലദേവനെ നോക്കി മമതാഹീനനായ മുനി മമ താഹീനമായിതന്നെ ഇങ്ങനെ പറഞ്ഞു: 'കഴിഞ്ഞതും വരാനുള്ളതുമൊക്കെ നിയമനം ചെയ്തുപോരുന്ന അല്ലയോ ഭഗവൻ, ഞങ്ങളൊക്കെ അറിവില്ലാത്ത കുട്ടികളാണ്. നിങ്ങളെപ്പോലുള്ളവരുടെ ബുദ്ധിയാണു ത്രികാലവസ്തു സ്ഥിതിയും ധരിച്ച ബുദ്ധി? ഇതുകേട്ട് പ്രപഞ്ചഗതിയായ ഭഗവാൻ കാലൻ ഒന്നു പൊട്ടിച്ചിരിച്ചു. എന്നിട്ട് സൂര്യൻ ചന്ദ്രനെയെന്നപോലെ ഭൃഗുവിനെ കൈക്കുപിടിച്ചു യാത്രയായി. രണ്ടുപേരും മന്ദരാചലസാനുവിൽ നിന്നും സമംഗാ നദീതീരത്തേക്കു തിരിച്ചു. ക്ഷണം കൊണ്ടവരവിടെ എത്തി. അവിടെ ഒരിടത്തു ഭൃഗുതനയനെ കണ്ടെത്തി. ഇന്ദ്രിയങ്ങളെ കീഴടക്കി മനോ മൃഗത്തെ നിശ്ചലമാക്കി സമാധിസ്ഥനായി നിലകൊള്ളുന്ന ഭൃഗുതനയനെ കണ്ടമാത്രയിൽ കാലൻ ഇങ്ങനെ സങ്കൽപ്പിച്ചു: 'ഇവൻ സമാധിയിൽ നിന്നും ഉണരട്ടെ.' ഭൃഗുപുത്രൻ സമാധിവിട്ടുണർന്നു. കണ്ണുതുറന്നു നോക്കിയപ്പോൾ മുൻപിൽ കാലനും ഭൃഗുവും നിൽക്കുന്നതായി കണ്ടു. കടമ്പിന്റെ വള്ളി കൾകൊണ്ടു കെട്ടിയുണ്ടാക്കിയ പീഠത്തിൽ നിന്നു എണീറ്റ് അവരെ നമിച്ചു. പരസ്പരം കുശലങ്ങൾ കൈമാറിയശേഷം എല്ലാവരും പാറപ്പുറത്ത് ഉപവി ഷ്ടരായി. തുടർന്നു ശുക്രൻ ശാന്തമായി ഇങ്ങനെ പറഞ്ഞു: 'നിങ്ങളെ കണ്ട തുകൊണ്ടു ഞാൻ നിർവൃതനായിരിക്കുന്നു. ശാസ്ത്രം കൊണ്ടും തപസ്സു കൊണ്ടും ജ്ഞാനംകൊണ്ടും വിദ്യകൊണ്ടും വിട്ടുപോകാത്ത എന്റെ മനോ മോഹം നിങ്ങളെ കണ്ടതോടെ എങ്ങോപോയിമറഞ്ഞിരിക്കുന്നു. മഹത്തു ക്കളുടെ ദർശനം മനസ്സിനെ സുഖിപ്പിക്കുന്നതുപോലെ അമൃതവൃഷ്ടിപോലും മനസ്സിനു സുഖപ്രദമാണെന്നു തോന്നുന്നില്ല. സൂര്യചന്ദ്രന്മാർ ആകാശത്തെ യെന്നപോലെ ഈ ദേശത്തെ പാദസ്പർശം കൊണ്ടു പവിത്രമാക്കിത്തീർത്ത തേജോമയന്മാരായ നിങ്ങൾ രണ്ടുപേരും ആരാണ്?' ഇങ്ങനെ ചോദിച്ച തന്റെ ജന്മാന്തരം പ്രാപിച്ച പുത്രനോടു ഭൃഗു പ്രതിവചിച്ചു: 'കുട്ടീ, നിന്റെ കഴിഞ്ഞ കാലം ഒന്നോർമ്മിക്കൂ; നീയിന്നജ്ഞനല്ല; സത്യം കണ്ടുണർന്നവനാണ്; ഭൃഗു വിനാൽ ഇങ്ങനെ ഉണർത്തപ്പെട്ട ശുക്രൻ തന്റെ ജന്മാന്തരസ്ഥിതി ധ്യാനനി മീലിതലോചനനായി ക്ഷണം കൊണ്ടു കണ്ടറിഞ്ഞു. അയാളുടെ മുഖം വിസ്മയം കൊണ്ടും പുഞ്ചിരികൊണ്ടും പ്രഭാമയമായി. സന്തോഷംകൊണ്ടു

digitized by www.sreyas.in

നിറഞ്ഞ മനസ്സോടെ ഇപ്രകാരമുണർത്തിച്ചു: 'ആശ്ചര്യം, മനസ്സിന്റെ ഭ്രമദൃഷ്ടി ഒന്നുമാത്രമാണ് അനവധി ദൃശ്യപരമ്പരയുൾപ്പെട്ട ഈ പ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്നത്. അറിയേണ്ടതൊക്കെ അറിഞ്ഞിരിക്കുന്നു; കാണേണ്ടതൊക്കെ ഒരു കേടുമില്ലാതെ കണ്ടെത്തിയിരിക്കുന്നു. അന്വേഷിച്ചു ക്ഷീണിച്ച എന്റെ മനസ്സ് പൂർണവിശ്രമം അനുഭവിക്കുന്നു. ശുദ്ധബോധവസ്തുവല്ലാതെ മറ്റൊന്നും ഇവിടെയില്ല. പിതാവേ, എഴുന്നേൽക്കൂ; നമുക്കു മന്ദരസാനുവിലേക്കു മടങ്ങാം; അവിടെ എന്റെ ശരീരം ഒന്നു കാണാം; നിയതിയുടെ നിശ്ചയങ്ങളിൽ കൗതുകത്തോടെ ഇനിയും വിഹരിക്കാം. എനിക്ക് ഒന്നിലും താൽപ്പര്യമില്ല; താൽപ്പര്യമില്ലാതെയുമില്ല.'

വസിഷ്ഠൻ തുടർന്നു: 'തത്വജ്ഞന്മാരായ അവർ ഇങ്ങനെ വിചിത്ര ജഗത്തിന്റെ മായാഗതിവിചിന്തനം ചെയ്തു സമംഗാനദിയുടെ കരയിൽനിന്നു ക്ഷണം കൊണ്ടു മന്ദരപർവതസാനുവിൽ എത്തിച്ചേർന്നു. അവിടെ ഭാർഗവൻ തന്റെ പൂർവജന്മദേശം കണ്ടെത്തി. അദ്ദേഹം പിതാവിനോടു പറഞ്ഞു: 'പിതാവേ, ഈ ദേഹം ഉണങ്ങി വരണ്ടു പോയല്ലോ. പണ്ട് സുഖസംഭോഗങ്ങളിൽകൂടി അങ്ങ് ലാളിച്ചു പോഷിപ്പിച്ച ദേഹമല്ലേ ഇത്. നോക്കൂ, ഒരു സംശയവുമില്ല, ഒരു കൗതുകവുമില്ല, ഒരു സങ്കൽപ്പവുമില്ല; എത്ര സുഖമായി അതീ വനപ്രദേശത്തു കിടന്നു. ആശകളാകുന്ന മോഹജ്വരം ഉണ്ടാക്കിത്തീർക്കുന്ന മൂടൽമഞ്ഞിന്റെ മറയിൽ നിന്നും രക്ഷപ്പെടാൻ ചിത്തത്തെ ശമിപ്പിക്കലല്ലാതെ മറ്റൊരു വഴിയും ഇല്ലതന്നെ. ആരൊക്കെയാണോ മനസ്സിനെ ഒഴിച്ചുമാറ്റി സത്യം കണ്ടവർ അവർ തന്നെയാണ് 'മഹാബുദ്ധിശാലികൾ'; അവർ തന്നെയാണ് ആനന്ദത്തിന്റെ പരമകാഷ്ഠ കണ്ടെത്തിയവർ. ഇവിടെ ശരീരം എല്ലാ ദുഃഖങ്ങളെയും അതിക്രമിച്ചിരിക്കുന്നു; ഒരു ചിന്തയുമില്ല; ഒരു പരിഭ്രമവുമില്ല; ചിത്തമില്ലാത്തിടത്തു ദുഃഖമില്ല; ഭാർഗവവചനം കേട്ടുനിന്ന കാലദേവൻ ഇങ്ങനെ നിർദ്ദേശിച്ചു: 'ഹേ സാധോ', നഗരിയിലേക്കു ഒരു പൗരനെന്നപോലെ ഈ ദേഹത്തിനുള്ളിലേക്കു കടക്കൂ. ഈ ദേഹത്തിനുള്ളിലിരുന്ന് അസുരഗുരുവായി അങ്ങേക്കു ചിരകാലം കർത്തവ്യമനുഷ്ഠിക്കേണ്ടതായുണ്ട്. അങ്ങേക്കു മംഗളം ഭവിക്കട്ടെ. നാമിതാ നമുക്കഭിമതമായ ദേശത്തേക്കു മടങ്ങുന്നു, പിതാവും മകനും കണ്ണുനീർവാർത്തു നിൽക്കവേ ഇങ്ങനെ പറഞ്ഞു കാലദേവൻ മറഞ്ഞു. കാലൻ മറഞ്ഞുകഴിഞ്ഞപ്പോൾ നിയതിക്കു വഴങ്ങി ഭാർഗവൻ സമംഗാതടബ്രാഹ്മണഭാവം വെടിഞ്ഞു ശുക്രദേഹത്തിൽ പ്രവേശിച്ചു. ജീവനകത്തുകടന്നതോടെ മഹാമുനി മന്ത്രമുച്ചരിച്ച് ആ ദേഹത്തിൽ കമണ്ഡലുജലം തളിച്ചു. അതിൽ നാഡികളെല്ലാം പുഷ്ടിപ്രാപിച്ചു സ്പന്ദിച്ചു. തുടർന്നു ശ്വാസോച്ഛ്വാസം ചെയ്തുകൊണ്ടു ശുക്രൻ ഉണർന്നെണീറ്റു. മുൻപിൽ നിന്ന പാവനാകൃതിയായ പിതാവിനെ വണങ്ങി. അങ്ങനെ ആ പരിശുദ്ധ വനപ്രദേശത്ത് ഭൃഗുഭാർഗവന്മാർ രണ്ടുപേരും മനനമുക്തരായി ഓളമില്ലാത്ത കുളങ്ങൾപോലെ ആനന്ദലീനരായി കാലംകഴിച്ചു. രാമാ, ഇപ്രകാരമാണു ഭാർഗവാഖ്യാനം; ഇതു നല്ലപോലെ വിചാരംചെയ്തുറപ്പിച്ചിട്ടു നിനക്കെങ്ങനെ തോന്നുന്നുവോ അങ്ങനെ ജീവിതം നയിക്കൂ;

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ സ്ഥിതിപ്രകരണേ*
*ഭാർഗവോപാഖ്യാനം നാമ*
*പ്രഥമഃസർഗഃ*

digitized by www.sreyas.in

സർഗം 2

# ദാമാദ്യുപാഖ്യാനം

വസിഷ്ഠൻ തുടർന്നു: 'ശാസ്ത്രസജ്ജന സംസർഗത്തിലൂടെ ബോധ സത്യം വിചാരം ചെയ്തുറപ്പിക്കണം. അദ്വൈതസത്യം ബുദ്ധിക്കുറപ്പു വരുന്നതോടെ മനസ്സിന്റെ രാഗദ്വേഷസങ്കൽപ്പങ്ങൾ ഓരോന്നായി വിട്ടുപോകും. സങ്കൽപ്പങ്ങൾ കുറയുംതോറും മനസ്സിന് ആഹ്ലാദകരമായ ഒരു പ്രത്യേക പാകതവന്നുചേരും. ദൃശ്യസങ്കൽപ്പങ്ങളകലുമ്പോൾ ഉള്ളിൽ നേടേണ്ട ആത്മ തത്വം തെളിയും. ദ്രഷ്ടാവായ ബോധം തെളിഞ്ഞുകാണപ്പെടും. ജഡമായ ദൃശ്യം ഉള്ളിൽ അനുഭവപ്പെടാതാകും. അറിയേണ്ട പരമാത്മ തത്വത്തിൽ മനസ്സുണർന്നു വർത്തിക്കും. ജഡദൃശ്യങ്ങൾപോലും നോക്കുന്നിടത്തൊക്കെ ബ്രഹ്മമയമായി അനുഭവിക്കാറാകും. വൈരാഗ്യം പാകപ്പെട്ടു ലോകരംഗത്തു രസമുള്ളവയും രസമില്ലാത്തവയും ഒരുപോലെ സുഖപ്രദങ്ങളായിത്തീരും. എലി വല കരണ്ടുമുറിച്ചു ദൂരെത്തള്ളുന്നതുപോലെ മനസ്സിന്റെ സമഭാവന രാഗദ്വേഷവാസനകളെ മുറിച്ചു ദൂരെത്തള്ളും. അങ്ങനെ ഞാൻ, എന്റേത് എന്ന ഹൃദയഗ്രന്ഥികൾ ഭേദിക്കപ്പെടും. തുടർന്നു തേറ്റാമ്പരൽപൊടി അഴുക്കുമാറ്റി വെള്ളത്തെ ശുദ്ധമാക്കുന്നതുപോലെ സത്യബോധം ഹൃദയത്തെ ശുദ്ധമാക്കും. തത്ത്വംതെളിഞ്ഞു സ്വഭാവം അത്യന്തം പ്രസന്നമായി ഭവിക്കും.

69. നീരാഗം നിരൂപാസംഗം നിർദ്വന്ദ്വം നിരുപാശ്രയം
വിനിര്യാതി മനോമോഹാദ്വിഹഗഃ പഞ്ജരാദിവ

രാഗദ്വേഷങ്ങളില്ലാത്ത മനസ്സ്, എന്റേതെന്ന മമതാമോഹം വിട്ടുപോയ മനസ്സ്, ഞാൻ, നീ എന്ന ഭേദചിന്ത അകന്നുപോയ മനസ്സ്, സുഖത്തിനായി മറ്റൊന്നിനെയും ആശ്രയിക്കാത്ത മനസ്സ് കിളി, കൂട്ടിൽ നിന്നും രക്ഷപ്പെടുന്നതുപോലെ സംസാരമോഹത്തിൽ നിന്നും രക്ഷപ്രാപിക്കും. സംശയത്തിന്റെ മൂടുപടം പൂർണമായി അകന്നു കൗതുകവിഭ്രമം ഒഴിഞ്ഞ് ആനന്ദം കൊണ്ടു നിറഞ്ഞ മനസ്സ് പൂർണചന്ദ്രനെപ്പോലെ ശോഭിക്കും.

70. വിചാരേണ പരിജ്ഞാത സ്വഭാവസ്യോദിതാത്മനഃ
അനുകമ്പ്യാ ഭവന്തീഹ ബ്രഹ്മവിഷ്ണ്വിന്ദ്ര ശങ്കരാഃ

വിചാരം ചെയ്ത് ആത്മസ്വഭാവം ഗ്രഹിക്കണം. എന്താണാത്മസ്വഭാവം. ആത്മാവ് ശുദ്ധബോധമാണ്, അതു നിശ്ചലമാണ്, അതാനന്ദസ്വരൂപമാണ് എന്നു ഗ്രഹിക്കണം. തുടർന്ന് ഉദിതാത്മാവാകണം; അതായതു സ്വയം ആത്മ സ്വഭാവം അനുഭവിക്കണം. അങ്ങനെയുള്ള ജ്ഞാനിയുടെ മുൻപിൽ ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ, ശിവൻ തുടങ്ങിയവർപോലും അനുകമ്പാർഹരായി ഭവിക്കുന്നു. ഒരു ജ്ഞാനിയുടെ ജീവിതധന്യത ത്രിമൂർത്തികളുടെയും മറ്റും ജീവിതധന്യതയെക്കാൾ മെച്ചപ്പെട്ടതാണെന്നു താൽപ്പര്യം. ഞാനാര്, ഈ ജഗത്തെങ്ങനെ എന്നു ഗാഢമായി വിചാരം ചെയ്തറിയാത്തിടത്തോളം കൂരിരുട്ടു പോലെ ഈ സംസാരകോലാഹലം തുടരുകതന്നെ ചെയ്യും. തനിക്കുമന്യനും യാതൊരു ഭേദവുമുണ്ടെന്നു കരുതാതെ സർവം ബോധമയം എന്നാരു കാണുന്നവോ അവനാണു കാണുന്നവൻ. ബോധസത്യം എല്ലാ

digitized by www.sreyas.in

ശക്തിയുമുൾക്കൊള്ളുന്നു; ആദ്യന്തരഹിതമായ സത്യമാണ്; എല്ലാ കാഴ്ചകളിലും ആ സത്യം നിറഞ്ഞു തിങ്ങുന്നു; ബോധം ഒന്നു മാത്രമേ ഇവിടെയുള്ളൂ. എന്നുള്ളിലാരു കാണുന്നുവോ അവനാണു കാണുന്നവൻ. ഞാനുമില്ല, മറ്റൊന്നുമില്ല; ആനന്ദമയമായ ബ്രഹ്മം മാത്രമേയുള്ളൂ എന്നിങ്ങനെ ആപേക്ഷികമായ സത്തിനുമസത്തിനുമുപരി സത്യത്തെമാത്രം ആരും കാണുന്നുവോ അവനാണു കാണുന്നവൻ. യത്നമൊന്നുമില്ലാതെ പ്രപഞ്ചദൃശ്യങ്ങൾ കണ്ണിനു കാണപ്പെടുന്നതുപോലെ ഒരു ധീരനായ സത്യാന്വേഷി മനസ്സിനു യാതൊരു മുറുക്കവും കൂടാതെ ലോകകാര്യങ്ങളിൽ ചരിക്കുന്നു.

71. പരിജ്ഞായോപഭുക്തോഹി ഭോഗോ ഭവതിതുഷ്ടയേ
വിജ്ഞായ സേവിതശ്ചൗരോ മൈത്രീമേതിനചൗരതാം

ലോകഭോഗങ്ങളുടെ നിസ്സാരത അറിഞ്ഞുകൊണ്ടവ അനുഭവിച്ചാൽ സന്തോഷത്തിനേ വകയുണ്ടാവൂ. അതല്ലെങ്കിൽ ദുഃഖിക്കേണ്ടിവരും. കള്ളനാണെന്നറിഞ്ഞുകൊണ്ടു കള്ളനെ സ്നേഹിച്ചാൽ അവനിൽനിന്നും ചോരകർമത്തിനു പകരം സ്നേഹം ലഭിച്ചെന്നു വരും. വഴിയാത്രക്കാർ സംശയം കൂടാതെ വഴിമധ്യേയുള്ള ഗ്രാമങ്ങൾ കടന്നുപോകുന്നു; അതുപോലെ ഒരു ജ്ഞാനി പ്രാരബ്ധത്തിൽ വന്നുചേരുന്ന ലോകഭോഗങ്ങളെ അനായാസം അനുഭവിച്ചു കടന്നുപോകുന്നു. സത്യാനുഭവം നേടി ഉപശമിച്ച മനസ്സ് അൽപ്പങ്ങളായ ലൗകികസുഖങ്ങളിൽ പോലും അതിരറ്റ തൃപ്തി കണ്ടെത്തുന്നു. ബന്ധനസ്ഥനായ രാജാവ് ഒരുരുള ചോറുകിട്ടിയാൽ സന്തോഷിക്കുന്നു. ശത്രുക്കളില്ലാതെ സ്വതന്ത്രനായിരിക്കുന്ന രാജാവ് സാമ്രാജ്യങ്ങൾ കീഴടക്കിയാലും തൃപ്തനായി ഭവിക്കുന്നില്ല. കൈ കൈകൊണ്ടമർത്തിയും പല്ലു പല്ലിന്മേൽ ഉരുമ്മിയും അവയവങ്ങളെ തമ്മിൽ തമ്മിൽ ഏറ്റുമുട്ടിച്ചും അങ്ങനെ എന്തുചെയ്തും ആദ്യം മനസ്സിനെ ജയിക്കണം. മനസ്സിനെ ജയിക്കാതെ സംസാരസമുദ്രത്തിൽ വഴികണ്ടെത്താൻ കഴികയില്ല. ഈ ഭൂമണ്ഡലത്തിൽ ആരൊക്കെ മനസ്സിന്റെ അടിമകളല്ലയോ അവരാണു ഭാഗ്യവാന്മാർ; അവരാണു സജ്ജനങ്ങൾ; അവരാണു കീർത്തിക്കപ്പെടേണ്ടവർ. വിഷമയമായ മനോസർപ്പം ഹൃദയമാകുന്ന പൊത്തിൽ ചുരുണ്ടുകൂടിക്കിടക്കുന്നു. ആ സർപ്പത്തെ പുകച്ചുപുറത്താക്കി വിരാജിക്കുന്ന ദിവ്യപുരുഷനെ ഞാൻ സദാ വണങ്ങുന്നു.

രാമാ, മഹാനരക സാമ്രാജ്യത്തിൽ കൂത്താടിനടക്കുന്ന മദയാനകളാണ് ദുഷ്കൃതങ്ങൾ. അവയിൽ കയറിനടക്കുന്ന ഇന്ദ്രിയശത്രുക്കൾ ആശകളാകുന്ന മൂർച്ചയേറിയ അമ്പുകൾ സദാ തൊടുത്തുവിട്ടുകൊണ്ടിരിക്കുന്നു. അഹങ്കാരം വെടിഞ്ഞ് ഇന്ദ്രിയശത്രുക്കളെ ജയിക്കുന്ന മഹാത്മാവിനു ഭോഗവാസനകൾ മഞ്ഞുകാലത്തെ താമരപ്പൊയ്കകൾപോലെ ക്ഷയിക്കാൻ തുടങ്ങുന്നു.

72. താവന്നിശീഥവേതാളാ വല്ഗന്തിഹൃദിവാസനാഃ
ഏകതത്ത്വദൃഢാഭ്യാസാദ്യാവന്ന വിജിതംമനഃ

അദ്വൈതബോധതത്വം ദൃഢമായി അഭ്യസിച്ചുറപ്പിച്ചു സർവം ബ്രഹ്മമയമെന്നു മനസ്സിനെ സദാ പഠിപ്പിക്കണം. അങ്ങനെ മനസ്സിനെ ജയിക്കണം. ഈ നിലയിൽ മനസ്സു ജയിക്കപ്പെടുന്നതുവരെ രാത്രിയിലെ പിശാചുക്കളെപ്പോലെ വാസനകൾ ഹൃദയത്തിൽ ചുറ്റിപ്പറ്റി നടക്കുകതന്നെ ചെയ്യും. രാഗ

digitized by www.sreyas.in

ദ്വേഷ സങ്കൽപ്പങ്ങളാണു വാസനകൾ. ഭേദചിന്തയാണതിനു കാരണം. ഏക തത്വദൃഢാഭ്യാസം കൊണ്ടുവേണം ഭേദചിന്തയകലാൻ. ഭേദചിന്തയാകുന്ന അജ്ഞാനാന്ധകാരത്തിലെ പിശാചുക്കളാണു രാഗദ്വേഷവാസനകൾ. അദ്വൈതസത്യം ഉറപ്പ് വന്നവരുടെ മനസ്സ് ഭൃത്യനെപ്പോലെ ഇഷ്ടം നേടി ത്തരുന്നു. മന്ത്രിയെപ്പോലെ നല്ല കാര്യങ്ങൾ കാട്ടിത്തരുന്നു; സാമന്തനെ പ്പോലെ ഇന്ദ്രിയശത്രുക്കളെ കീഴ്പെടുത്താൻ സഹായിക്കുന്നു; ഗുരുവിനെ പ്പോലെ അറിവു പകർന്നു തരുന്നു; പ്രിയതമയായ ഭാര്യയെപ്പോലെ ലാളിച്ചു സുഖിപ്പിക്കുന്നു; ഒരച്ഛനെപ്പോലെ രക്ഷിച്ചു വളർത്തുന്നു; ഒരു സുഹൃത്തി നെപ്പോലെ വിശ്വാസപാത്രമായി വർത്തിക്കുന്നു. ശാസ്ത്രദൃഷ്ടിയിൽ കൂടി നോക്കിക്കാണുകയും സ്വാനുഭവത്തിലൂടെ ലക്ഷ്യനിശ്ചയം വരുത്തുകയും ചെയ്യുന്ന മനസ്സ് സ്വരൂപം വെടിഞ്ഞു ബ്രഹ്മരൂപം കൈക്കൊണ്ടു പരമപദ ത്തിലെത്തിച്ചേരുന്നു. സത്യം കാണുന്ന മനസ്സ് ദൃഢമായി, നിർമലമായി തേജോമയമായി, ഉണർവുറ്റതായി, വിലപ്പെട്ടതായി ഉള്ളിൽ ഒരുജ്ജ്വലരത്നം പോലെ തിളങ്ങിനിൽക്കും.

73. ഏവംമനോമണിം രാമബഹുപങ്കകളങ്കിതം
വിവേകവാരിണാസിദ്ധ്യൈ പ്രക്ഷാള്യാ ലോകവാൻഭവ.

അല്ലയോ രാമാ, രാഗദ്വേഷമാകുന്ന കട്ടിപിടിച്ച ചെളികൊണ്ടു മൂടികറു ത്തിരിക്കുന്ന മനസ്സാകുന്ന രത്നത്തെ ജ്ഞാനമാകുന്ന വെള്ളംകൊണ്ടു കഴുകി ശുദ്ധമാക്കൂ. അങ്ങനെ മോക്ഷമെന്ന സിദ്ധി നേടാനായി സത്യംകാ ണുന്നവനായി ഭവിക്കൂ. വിവേകപൂർവം ബുദ്ധികൊണ്ടു പരമസത്യം കണ്ടെത്തി ഇന്ദ്രിയശത്രുക്കളെ ജയിച്ചു സംസാര സമുദ്രം തരണം ചെയ്യൂ. ഞാൻ, എന്റേത് എന്ന ബുദ്ധി വൃഥാ. സത്യബുദ്ധികൊണ്ടതിനെ പുറംതള്ളൂ. സർവം ബ്രഹ്മമയമെന്നുറപ്പിക്കൂ. എന്നിട്ടു നടക്കൂ, ഭക്ഷണം കഴിക്കൂ, ലോക കാര്യങ്ങളൊക്കെ അനുഷ്ഠിക്കൂ. മനസ്സില്ലെങ്കിൽ ബന്ധമേ ഇല്ല.

രാമാ, നീ ഒരിക്കലും ദാമവ്യാളകടന്മാരെപ്പോലെ ആയിത്തീരരുത്. നേരേ മറിച്ചു ഭീമഭാസദൃഢന്മാരെപ്പോലെ പൂർണമായും ശോകത്തെ കടന്നവനാ യിത്തീരണം.

ഇതുകേട്ടു രാമൻ ചോദിച്ചു: 'മഹർഷേ ആരാണു ദാമവ്യാളകടന്മാർ? ഭീമ ഭാസദൃഢന്മാർ എങ്ങനെയാണു പൂർണമായും ശോകത്തെ കടന്നത്? സംസാരതാപം കുറയാനായി അതു വിശദമാക്കിയാലും.'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ദാമവ്യാളകടന്യായവും ഭീമഭാസദൃഢസ്ഥി തിയും ഞാൻ വിശദമായി വിവരിക്കാം. അതു വേണ്ടപോലെ ധരിച്ചു പിന്നെ ഇഷ്ടംപോലെ ചെയ്യൂ. സർവൈശ്വര്യ സമന്വിതനായ പാതാളലോകത്ത് മായാവിദ്യാവിശാരദനായ ശംബരൻ എന്നൊരസുരൻ ജീവിച്ചിരുന്നു. ഭീഷ ണാകൃതിയായ ആ അസുരചക്രവർത്തിക്ക് ദേവന്മാരെ നശിപ്പിക്കാൻ കഴി വുള്ള വലിയൊരസുരസൈന്യവും ഉണ്ടായിരുന്നു. ശംബരൻ ഉറങ്ങിക്കിട ക്കുമ്പോഴും മറുനാടുകളിൽ യാത്രചെയ്യുമ്പോഴും തക്കം നോക്കി ദേവൻമാർ അസുരൻമാരെ കൊന്നൊടുക്കുക പതിവായിരുന്നു. ഇതിനൊരു പരിഹാര മായി ശംബരൻ മുണ്ഡികാങ്കൻ, ദ്രുമൻ തുടങ്ങിയ മന്ത്രി സാമന്തൻമാരെ അസുരസേനയുടെ രക്ഷയ്ക്കായി നിയോഗിച്ചു. അവസരം നോക്കി ദേവൻമാർ ഭയാനകന്മാരായ അവരേയും വധിച്ചു. ഒടുവിൽ കോപിഷ്ഠനായ ശംബരൻ തന്നെ നേരിട്ട് സ്വർഗത്തെത്തി ആക്രമണമാരംഭിച്ചു. ശംബരന്റെ

digitized by www.sreyas.in

മായാബലം പേടിച്ചു സുരൻമാർ ഓടി ഒളിച്ചു. ഭയംകൊണ്ടു വിറച്ച് അവർ മേരുപർവതത്തിലെ ഒരു കാട്ടിൽ അഭയം തേടി. സ്വർഗത്തിൽ അവശേഷിച്ച പാവപ്പെട്ട കുറേ ദേവൻമാരും ദേവാംഗനമാരും കണ്ണുനീർവാർത്തു നിലവിളിച്ചുകരഞ്ഞു. സ്വർഗം കൽപ്പാന്തത്തിൽ നാശമടഞ്ഞ ഒരു പ്രദേശം പോലെ കാണപ്പെട്ടു. കൈയൂക്കിന്റെ ബലംകൊണ്ട് മദമത്തനായ ശംബരൻ അവിടെയൊക്കെ ചുറ്റി നടന്നു കോപം സഹിക്കാതെ ആ ലോകപാലപുരിയെ ചുട്ടെരിച്ചിട്ട് സ്വഭവനത്തിലേക്ക് മടങ്ങി. ഇങ്ങനെ ദേവാസുര കലഹം വർധിച്ചതോടെ ദേവൻമാർ സ്വർഗമുപേക്ഷിച്ച് ദിഗന്തങ്ങളിൽ പോയിമറഞ്ഞു. എന്നാൽ ശംബരൻ അപ്പോഴപ്പോൾ നിയോഗിക്കുന്ന സേനാപതിമാരെയെല്ലാം ദേവന്മാർ തക്കം നോക്കി വധിച്ചുകൊണ്ടേയിരുന്നു. ഇതുകണ്ടു കോപം സഹിക്കാതെ ശംബരൻ തന്റെ മായാശക്തികൊണ്ടു മൂന്നു പ്രത്യേകതരം ഘോര സേനാപതിമാരെ സൃഷ്ടിച്ചു. മായാനിർമിതന്മാരായ അവർ പറന്നുനടക്കുന്ന പർവതങ്ങളെപ്പോലെ ഭീമന്മാരായിരുന്നു. ദാമൻ, വ്യാളൻ, കടൻ എന്നുപേരോടുകൂടിയ ആ മായാവികൾ ഉയർന്നുപൊങ്ങി ദേവൻമാരെ നേരിട്ടു. ജനിച്ചപ്പോൾ അവർക്കു വാസനാരൂപത്തിലുള്ള രാഗദ്വേഷങ്ങൾ തീരെയില്ലാതായിരുന്നു. ശത്രുക്കളെ നേരിടുന്നുവെന്നോ ശത്രുക്കൾ നേരിട്ടുവരുന്നെന്നോ ഓടി ഒളിക്കണമെന്നോ ഒരു വിചാരവും അവർക്കില്ലായിരുന്നു. ജീവിതത്തെക്കുറിച്ചോ മരണത്തെക്കുറിച്ചോ യുദ്ധത്തിൽ ജയാപജയങ്ങളെക്കുറിച്ചോ അവർ ചിന്തിച്ചിരുന്നില്ല. എതിരാളികളെ മുൻപിൽ കണ്ടാൽ അവർ കൊല്ലാൻ ഓടിയടുക്കും, അത്രതന്നെ. ശംബരനിതുകണ്ടു സന്തോഷമായി. ഇഷ്ടാനിഷ്ടങ്ങളില്ലാത്ത ഇവർ ദേവൻമാരുടെ ആക്രമണത്തിൽ ഭയന്നോടുകയില്ലെന്നയാൾ തീരുമാനിച്ചു. ഇങ്ങനെ തീരുമാനിച്ചുകൊണ്ടു ദാമവ്യാളകടന്മാരുടെ നേതൃത്വത്തിൽ വലിയൊരസുരസൈന്യത്തെ ദേവന്മാരെ നേരിടാനായി നിയോഗിച്ചു. രണ്ടുസൈന്യങ്ങളും ഒളിസ്ഥലങ്ങളിൽനിന്നെല്ലാം സായുധരായി പുറത്തുവന്ന് ഏറ്റുമുട്ടി. ഘോരമായ ദേവാസുരയുദ്ധം തന്നെ നടന്നു. കൽപ്പാന്തകാലത്തിലെന്നപോലെ അകാലത്തിലുണ്ടായ യുദ്ധം ലോകത്തെയാകെ ഇളക്കിമറിച്ചു. ദേഹാവയവങ്ങൾ അറ്റുവീണു, ആയുധങ്ങൾ ദൂരെത്തെറിച്ചു, രക്തനദികൾ ഒഴുകി. ഒഴുകിവരുന്ന ജലം വാർന്നുപോകുന്നതുപോലെ ദേവസൈന്യം പിൻതിരിഞ്ഞോടി. ദാമവ്യാളകടന്മാർ അധികസമയവും മറഞ്ഞുനിന്നാണു യുദ്ധം ചെയ്തത്. എങ്കിലും പുറംതിരിഞ്ഞോടിയ ദേവൻമാരെ അവർ പിൻതുടർന്നു; അഗ്നിജ്വാലകൾ വിറകുകളെ പിൻതുടരുന്നതുപോലെ. പിൻതുടർന്നിട്ടും കാണാൻ പറ്റാത്തവിധം ദേവൻമാർ ഓടിമറഞ്ഞു. ദാമവ്യാളകടന്മാർ ദേവന്മാരെ കാണായ്ക നിമിത്തം പാതാളലോകത്തേക്കു തിരിച്ചുപോയി സന്തോഷപൂർവം പ്രഭുവിനെ കാര്യങ്ങൾ ധരിപ്പിച്ചു. ദേവന്മാർ വിഷണ്ണരായി കുറച്ചുകാലം കഴിച്ചുകൂട്ടി. ഒടുവിൽ ലോകനിയന്താവായ ബ്രഹ്മാവിനെ ശരണം പ്രാപിച്ചു. രക്തവർണാഭനായി പദ്മാസനാരൂഢനായ ബ്രഹ്മദേവൻ അവരുടെ മുൻപിൽ ആവിർഭവിച്ചു. ദേവന്മാർ വീണുവണങ്ങി ശംബരകഥ മുഴുവൻ അദ്ദേഹത്തെ അറിയിച്ചു. ദാമവ്യാളകടന്മാരുടെ യുദ്ധരീതികളും വിവരിച്ചു കേൾപ്പിച്ചു. എല്ലാം ശ്രദ്ധിച്ചുകേട്ടു അൽപ്പസമയം ആലോചിച്ചശേഷം ബ്രഹ്മദേവൻ ദേവന്മാരോട് ഇങ്ങനെ ആശ്വാസവചനം അരുളി: ദേവന്മാരെ, ആയിരം കൊല്ലം കഴിയുമ്പോൾ അസു

digitized by www.sreyas.in

രസൈന്യത്തെ നിങ്ങൾക്കു ജയിക്കാൻ കഴിയും. അതുവരെ കാത്തിരിക്കുവിൻ. നിങ്ങൾ ദാമവ്യാളകടന്മാരെ യുദ്ധത്തിൽ നേരിടണം; യുദ്ധമധ്യത്തിൽ പിൻതിരിഞ്ഞോടണം. കുറേകഴിഞ്ഞു വീണ്ടും അവരെ നേരിടണം; വീണ്ടും പിൻതിരിഞ്ഞോടണം. ഈ യുദ്ധാവർത്തനം കൊണ്ട് കണ്ണാടിയിൽ ജലകണം പറ്റുമ്പോലെ അവരുടെ ഉള്ളിൽ അഹങ്കാരചമത്കാരം പ്രതിബിംബിക്കും. ഇങ്ങനെ ഉള്ളിൽ ഞാൻ, എന്റേത് എന്ന വാസന രൂപം കൊള്ളുന്നതോടെ വലയിൽ വീണ പക്ഷികളെപ്പോലെ നിങ്ങൾക്കവരെ കീഴടക്കാൻ കഴിയും. മനസ്സ് 'ഇതുകിട്ടിയാൽ കൊള്ളാം' എന്നിങ്ങനെ വിഷയങ്ങളോടു പറ്റിക്കൂടുന്നതാണ് ആസ്ഥ. എല്ലാ ദുഃഖങ്ങൾക്കും കാരണം ഈ ആസ്ഥയാണ്. ചുറ്റുപാടുമുള്ള കാര്യങ്ങളിൽ അനാസ്ഥ വരാമെങ്കിൽ അതുതന്നെയാണു സകല സുഖങ്ങൾക്കുമിരിപ്പിടം. വാസനയാകുന്ന കയറിൽ ബന്ധിക്കപ്പെട്ടു ലോകം ചുറ്റിക്കറങ്ങുന്നു. രാഗദ്വേഷ വാസന വളർന്നാൽ അതിദുഃഖം; അതു കുറഞ്ഞാൽ സുഖം; ഇതാണു നിയമം.

74. ധീരോപ്യതിബഹുജ്ഞോപി പ്രബുദ്ധോപി മഹാനപി
തൃഷ്ണയാ ബധ്യതേ ജന്തുഃ സിംഹഃ ശൃംഖലയാ യഥാ.

ധീരനാണ്, ഒരുപാടു കാര്യങ്ങളറിയാം, ബുദ്ധിമാനാണ്, മഹാനാണ്; എങ്കിലും സിംഹം ചങ്ങലകൊണ്ടു ബന്ധിക്കപ്പെടുന്നതുപോലെ മനുഷ്യൻ തൃഷ്ണകൊണ്ടു ബദ്ധനായി ഭവിക്കുന്നു. ഇത്രയും പറഞ്ഞു ബ്രഹ്മാവു മറഞ്ഞു. സുരന്മാർ സ്വസ്ഥാനത്തേക്കു മടങ്ങി. പ്രളയകാലത്തെ ഇടിമുഴക്കംപോലെ അവർ പെരുമ്പറ മുഴക്കി. പാതാളലോകത്തുനിന്നു അസുരന്മാരും വന്നെത്തി. കാലയാപനത്തിനായുള്ള ഘോരയുദ്ധം വീണ്ടുമാരംഭിച്ചു.

ദേവന്മാർ യുദ്ധം ചെയ്യും തിരിഞ്ഞോടും; വീണ്ടും യുദ്ധം ചെയ്യും തിരിഞ്ഞോടും. ഇങ്ങനെ അസുരമനസ്സിൽ വ്യാമോഹമുദിപ്പിക്കാനായി സമയം പോക്കാനായി പല ഉപായങ്ങളും ദേവന്മാർ കൈക്കൊണ്ടു. കാലം നീണ്ടുപോയതോടെ ദാമാദികളുടെ മനസ്സ് ദൃഢാഭ്യാസത്തിലൂടെ അഹങ്കാരം വളർത്തി. മോഹവാസന സംസാരവാസനയ്ക്കു ശക്തികൂട്ടി. ആശാപാശങ്ങളിൽ കുടുങ്ങി അവർ അനുകമ്പാർഹരായി ഭവിച്ചു. ശരീരം അരോഗമായി തുടരണം, സുഖിക്കാൻ സമ്പത്തുവേണം. ഇങ്ങനെ അവരുടെ മനസ്സു മോഹബദ്ധമായതോടെ ധൈര്യം വിട്ടുപോയി. അങ്ങനെ മരിച്ചുപോയേക്കാം. മരിച്ചുപോയേയ്ക്കാമെന്ന ചിന്ത നിമിത്തം യുദ്ധത്തിൽ അവർ സംശയബുദ്ധികളായി ഭവിച്ചു. അവരുടെ ചിത്തം ചിന്തകൊണ്ടു മ്ലാനമായി; എതിരാളിയുടെ മുൻപിൽ ഉറച്ചു നിൽക്കാൻ കഴിയാതെയായി. വിറകില്ലാതെ മങ്ങുന്ന അഗ്നിക്കു ഹോമദ്രവ്യത്തെ എരിക്കാൻ കഴിയാത്തതുപോലെ ദേവന്മാരുടെ മുന്നിൽ അവർ അശക്തരായി. എന്തിനധികം; മരണത്തെ ഭയന്നു ദേവസേനയുടെ മുൻപിൽ നിന്നും അവർ പിൻതിരിഞ്ഞോടി. രാമാ, ഈ പ്രധാന കാര്യം നിന്നെ ഓർമിപ്പിക്കാൻ വേണ്ടിയാണു ഞാൻ ദാമ വ്യാള കട ന്യായം നിന്റെ മുൻപിൽ അവതരിപ്പിച്ചത്. അവിവേകത്തെ പിൻതുടരുന്ന മനുഷ്യചിത്തം നീണ്ടുനീണ്ടുപോകുന്ന സംസാരദുഃഖമനുഭവിക്കാനായി ഇത്തരം ചിന്താ മോഹങ്ങളിൽ അറിയാതെ ചെന്നു വീഴുന്നു.

രാമൻ ചോദിച്ചു: 'ഭഗവൻ, അഹന്താ മമതാ മോഹങ്ങളില്ലാതെ നിസ്സംഗരായിട്ടാണ് ആദ്യം ദാമവ്യാളകടന്മാർ പിറന്നത് എന്നങ്ങുപറഞ്ഞുവല്ലോ.

digitized by www.sreyas.in

അതെങ്ങനെയാണ്? അൽപ്പംകൂടി ഒന്നു വിശദമാക്കിയാൽ കൊള്ളാം!

വസിഷ്ഠനരുളി: 'രാമാ, എപ്രകാരമാണോ ദാമാദികൾ ശംബരന്റെ സങ്കൽപ്പത്തിൽ രൂപംകൊണ്ടു കാണപ്പെട്ടത് അതുപോലെ നമ്മളെല്ലാം തന്നെ വാസ്തവത്തിൽ സങ്കൽപ്പസ്വരൂപികളാണ്. സങ്കൽപ്പം കൊണ്ടു പുറത്തുണ്ടെന്നു തോന്നുന്നു എന്നല്ലാതെ വാസ്തവത്തിൽ നാമാരും പുറത്തു ജീവിച്ചിരിപ്പില്ല. ഹേ രാഘവാ, വാസ്തവത്തിൽ നീയില്ല, ഞാനില്ല; വെറും തോന്നൽ, അതുപോലെതന്നെ ദാമവ്യാളകടന്മാർ ഉണ്ടെന്നു തോന്നിയതും വെറും തോന്നൽ. ശംബരധ്യാനപ്രക്രിയയിലൂടെ ശുദ്ധബോധവസ്തുവിൽ ഏതുരൂപം പ്രദർശിപ്പിക്കാനും കഴിവുള്ള ജീവശക്തി ദാമാദിമൂന്നു വിചിത്ര രൂപങ്ങൾ തോന്നിച്ചു അത്രേയുള്ളൂ. ഏതുജീവനും ഉദ്ഭവസമയത്ത് അഹന്താമമതാ ദോഷങ്ങൾ പറ്റാത്തതായിരിക്കും. തുടർന്നു വന്നുചേരുന്നവയാണ് അഹന്താ മമതാ ദോഷങ്ങൾ. ഈ നമ്മളോ ദാമാദികളോ ഒരിക്കലും സത്യമല്ല. സത്യം അനുഭവസ്വരൂപവും ശുദ്ധവുമായ ബോധം ഒന്നുമാത്രം. അതിൽ ഒരു കളങ്കവുമില്ല. അതു സർവത്ര നിറഞ്ഞത്; ശാന്തം, ഉദയാസ്തമനങ്ങളില്ലാത്തത്; അതിന്റെ ശക്തിയുടെ ഒരിന്ദ്രജാലപ്രകടനം മാത്രമാണു പ്രപഞ്ചം. നമ്മളനുഭവിക്കുന്ന എല്ലാം എല്ലായിടത്തും ഉള്ളതു തന്നെ. എന്നാൽ ഒന്നും ഒരിടത്തുമില്ല; നാമനുഭവിക്കുന്നുമില്ല. ശാന്തമായ അനുഭവരൂപമായ ഉണ്മ മാത്രം എങ്ങും നിറഞ്ഞു വിലസുന്നു; ഭേദബുദ്ധി വെറും ഭ്രമം. ഇക്കാര്യത്തിൽ സംശയമുപേക്ഷിച്ചു ധീരമായി മുന്നോട്ടുപോകൂ.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ സ്ഥിതിപ്രകരണേ*
*ദാമാദ്യുപാഖ്യാനം നാമ*
*ദ്വിതീയഃസർഗഃ*

### സർഗം 3

## ഭീമാദ്യുപാഖ്യാനം

വസിഷ്ഠൻ തുടർന്നു: "മഹാബുദ്ധിമാനായ രാമാ, എനിക്കിതുവേണം, എനിക്കിതുവേണം, എന്ന ചിന്ത; ഈ ദൗർഭാഗ്യചിന്തയാണു സത്യത്തെ അകറ്റി നിർത്തിക്കളയുന്നത്. ത്രൈലോക്യത്തെയും ജഡമെന്നറിഞ്ഞു തൃണം പോലെ കരുതി ആരു മാറ്റിനിറുത്തുന്നുവോ അയാളെ എല്ലാ ആപത്തുകളും ഉണക്കപ്പുല്ലിനെ മൃഗങ്ങളെന്നപോലെ വിട്ടൊഴിഞ്ഞു പോകുന്നു.

75. പരിസ്ഫുരതി യസ്യാന്തർനിത്യം സത്യചമത്കൃതിഃ
ബ്രാഹ്മമണ്ഡമിവാഖണ്ഡം ലോകേശാഃ പാലയന്തിതം

യസ്യ അന്തഃ-ആരുടെ ഉള്ളിലാണോ; നിത്യംസത്യചമത്കൃതി-സദാസർവം ബ്രഹ്മമയം എന്ന സത്യാനുഭവം; പരിസ്ഫുരതി-തെളിഞ്ഞു പ്രകാശിക്കുന്നത്; തം-മഹാപുരുഷനെ; ലോകേശാഃ-ലോകപാലൻമാർ; അഖണ്ഡം ബ്രാഹ്മം അണ്ഡം ഇവ-മുഴുവൻ ബ്രഹ്മാണ്ഡത്തെയുമെന്ന പോലെ; പാലയന്തി-കാത്തു സൂക്ഷിക്കുന്നു.

digitized by www.sreyas.in

ആരുടെയുള്ളിലാണോ സദാസർവം ബ്രഹ്മമയമെന്ന സത്യാനുഭവം തെളിഞ്ഞു പ്രകാശിക്കുന്നത് ആ മഹാപുരുഷനെ ലോകപാലകന്മാർ മുഴുവൻ ബ്രഹ്മാണ്ഡത്തെയുമെന്നപോലെ കാത്തു സൂക്ഷിക്കുന്നു.

**ലോകേശാഃ പാലയന്തിതം**

ഈശ്വര ഭജനത്തിലേർപ്പെടുന്നവരെ ഭഗവാൻ രക്ഷിക്കുമെന്നാണല്ലോ പ്രസിദ്ധി. ഇതു വെറും ഒരു പ്രസിദ്ധി മാത്രമല്ല. സത്യാധിഷ്ഠിതമായ പ്രപഞ്ചപ്രവർത്തനത്തിലെ അലംഘനീയമായ ഒരു നിയമമാണ്. എന്താണാനിയമത്തിന്റെ വ്യക്തമായ രൂപം. സത്യം സുഖിപ്പിക്കും അസത്യം ദുഃഖിപ്പിക്കും; ഇതാണു ലളിതമായ ആ നിയമം. അപ്പോൾ സത്യബോധം എത്രകണ്ടു കൂടുമോ അത്രകണ്ട് സുഖം കൂടും; എത്രകണ്ടു കുറയുമോ അത്രകണ്ടു സുഖം കുറയും. സുഖം കുറയുന്നതാണ് ദുഃഖം. ശാസ്ത്രീയമായ പ്രപഞ്ചസത്യമാണീശ്വരൻ. അതുകൊണ്ട് ഈശ്വരഭജനം പലതരത്തിലാകാം. സത്യം വ്യക്തമായും ദൃഢമായും ഗ്രഹിച്ച് ഈശ്വരനെ ഭജിക്കാം. അന്ധമായി ഏതെങ്കിലും ഒരു രൂപത്തിൽ ഈശ്വരബുദ്ധിപുലർത്തി ഈശ്വരഭജനം നടത്താം. സത്യംപൂർണമായി അനുഭവപ്പെട്ടു ദുഃഖമോചനമെന്ന മോക്ഷം ലക്ഷ്യമാക്കി ഈശ്വരഭജനം നടത്താം. ഏതെങ്കിലുമൊരു ലൗകികകാര്യം നേടാൻ വേണ്ടി മാത്രമായി ഈശ്വരഭജനത്തിലേർപ്പെടാം. ശുദ്ധബോധസ്വരൂപമായ ഈശ്വരതത്ത്വം സർവജ്ഞനും സർവശക്തനുമാണ്. ഭക്തൻ എങ്ങനെ ഭജിച്ചാലും ഭഗവാനതറിയും. അനുരൂപമായ ഫലം കൊടുക്കുകയും ചെയ്യും. പക്ഷേ ഇതിനൊരു നിയമമുണ്ട്. ആരു ഭഗവാനെ ഏതു ലക്ഷ്യം മുൻനിറുത്തി സമീപിക്കുന്നുവോ ആ ലക്ഷ്യം അയാൾക്കു കിട്ടും. ഇതാണ് നിയമം. അപൂർണഭജനങ്ങൾക്ക് അപൂർണഫലം. പൂർണഭജനത്തിനു പൂർണഫലം. എന്താണു പൂർണ ഭജനം? ബോധസ്വരൂപനായ ഒരു ഈശ്വരൻ മാത്രമേ ഇവിടെ നിലവിലുള്ളൂ, പലതുകാണുന്നതൊക്കെ വെറും ഇന്ദ്രജാലം എന്നതാണല്ലോ ശാസ്ത്രീയമായ സത്യസ്ഥിതി. ഇക്കാര്യം വിചാരം ചെയ്തുറപ്പിച്ചുകൊണ്ട് പൂർണമായ ദുഃഖമോചനം ലക്ഷ്യമാക്കി 'ഈശാവസ്യമിദംസർവം' എന്നു ഭാവനചെയ്തു ഭജിക്കുന്നതാണു പൂർണമായ ഭജനം. ഇതുതന്നെയാണ് ഉള്ളിലുള്ള നിത്യമായ സത്യചമത്കൃതി. ആരിലാണോ ഈ സത്യാനുഭവം ഉറച്ചുറച്ചു വരുന്നത് അവരെ ബ്രഹ്മാണ്ഡം പോലെ കാത്തുസൂക്ഷിക്കാൻ ലോകപാലകന്മാർ കടപ്പെട്ടവരായിത്തീരുന്നു. അനന്യചിന്തയോടെ എന്നെ സമീപിക്കുന്നവരുടെ ലൗകികമായും ആധ്യാത്മികമായുള്ള യോഗക്ഷേമം ഞാൻ നോക്കുമെന്നിങ്ങനെ ഭഗവാൻ ഗീതയിൽ ആവർത്തിച്ചു പ്രതിജ്ഞ ചെയ്തിട്ടുള്ളതും ഈ നിയമത്തിന്റെ പ്രഖ്യാപനം തന്നെയാണ്. അപൂർണമായ ഭജനം നടത്തുന്നവർക്ക് അപൂർണമായ ഫലാനുഭവം കൊണ്ടു തൃപ്തിപ്പെടേണ്ടിവരും. അവിടെ ദുഃഖം പൂർണമായി മാറിക്കിട്ടുകയില്ല.

വസിഷ്ഠൻ തുടർന്നു: 'ശാസ്ത്ര സജ്ജന സമ്പർക്കത്തിലൂടെ സത്യം ഗ്രഹിച്ചു മനസ്സിനെ ഗുണസമ്പന്നമാക്കി സന്തോഷപൂർവം സത്യമാർഗത്തിൽ മുന്നേറുന്നവരാണു മനുഷ്യർ. മറ്റുള്ളവരെ മനുഷ്യരൂപം ധരിച്ച മൃഗങ്ങളെന്നേ കരുതാൻ പറ്റൂ. ആപത്തിലും വിഷമതയിലും മനസ്സു ക്ഷോഭിച്ചു അക്രമം കാട്ടുന്നതുകൊണ്ടു പ്രയോജനമില്ല. രാഹുവിന് അമൃതം കുടിച്ചിട്ടുപോലും അക്രമം കാണിച്ചതുകൊണ്ടു മരിക്കേണ്ടിവന്നു. സത്യനിഷ്ഠനായി സദ്ഗു

digitized by www.sreyas.in

ണങ്ങളിലൂടെ കീർത്തി നേടുന്നയാൾക്കു ദുഷ്ടന്മാർപോലും വശപ്പെടുന്നു; ആപത്തുകൾ അകന്നു പോകുന്നു; അക്ഷയമായ ശ്രേയസ്സു കൈവരുന്നു. പൗരുഷത്തോടുകൂടി നല്ലകാര്യങ്ങൾക്കായി യത്നിച്ചു ശാസ്ത്രമാർഗമംഗീകരിച്ചു സമചിത്തതയോടെ മുന്നേറുന്നയാൾക്കു സിദ്ധി കൈവശമാകുന്നു. ശാസ്ത്രമാർഗമവലംബിച്ചു ജീവിതം നയിക്കുന്നയാൾ സിദ്ധിക്കു തിടുക്കം കൂട്ടരുത്; കാലഗതിക്കനുസരിച്ചു പാകപ്പെട്ടുവരുന്ന സിദ്ധി നിശ്ചയമായും ഫലമുളവാക്കുക തന്നെ ചെയ്യും.

76. വീതശോക ഭയായാസമഗർധമപയന്ത്രണം
വ്യവഹാരോ യഥാശാസ്ത്രം ക്രിയതാം മാവിനശ്യതാം.

ശോകം, ഭയം, തളർച്ച, ആകാംക്ഷ, വക്രത ഇവയൊക്കെ ദൂരെ വലിച്ചെറിഞ്ഞ് ശാസ്ത്രമാർഗവലംബിച്ചു ലോകകാര്യങ്ങൾ വിട്ടുവീഴ്ച കൂടാതെ നടത്തുക. വാസനാക്ഷയം വരാതെ പൊടുന്നനെ ലോകകാര്യങ്ങളുപേക്ഷിച്ച് അലസനാവുന്നതും അപക്വമായ സന്യാസം സ്വീകരിക്കുന്നതുമൊക്കെ നാശത്തിനേ വഴിതെളിക്കൂ. സത്യബോധമില്ലാത്ത സമ്പദ്‌വൃദ്ധി അനർഥത്തെ വിളിച്ചുവരുത്തും; നിയന്ത്രണമില്ലാത്ത ലൗകികസുഖാനുഭവം കടുത്ത സംസാരരോഗത്തിനു കാരണമാകും; സത്യജിജ്ഞാസുവിന് ആപത്തുകൾപോലും സമ്പത്തുകളാണ്; സത്യമുൾക്കൊണ്ട മനസ്സുകൊണ്ടു ജഡപ്രപഞ്ചത്തെ അനാദരിക്കുന്നിടത്താണ് വിജയം. സർവം ബ്രഹ്മമയം എന്ന ഭാവനയിൽ മനസ്സുറപ്പിച്ചുകൊണ്ട് ലോകാചാരങ്ങളനുസരിച്ച് സുഖദുഃഖദശകളിൽ ആകാംക്ഷപ്പെടാതെ വ്യവഹാരമാർഗത്തിൽ ചരിക്കുന്നയാൾക്ക് ആയുസ്സ്, കീർത്തി, ഗുണങ്ങൾ, ഐശ്വര്യം എന്നിവയെല്ലാം വസന്തകാല ലതയ്ക്കു സത്ഫലങ്ങളെന്നപോലെ വികസിക്കാനിടവരുന്നു.

സജ്ജനങ്ങളിൽ നിന്നു സത്യം ഗ്രഹിക്കാതെ തപസ്സോ തീർഥങ്ങളോ ശാസ്ത്രങ്ങളോ ജപങ്ങളോ ഒന്നും സംസാരസമുദ്രം കടക്കാൻ ഉപകാരപ്രദങ്ങളാവുകയില്ല. ശാസ്ത്രമനുസരിച്ചു കർമ മാർഗത്തിൽ ചരിക്കവേതന്നെ കാമക്രോധലോഭമോഹങ്ങൾ ആർക്കു കുറഞ്ഞു കുറഞ്ഞു വരുന്നോ അവരാണു സജ്ജനങ്ങൾ. അറിയാത്തിടത്തോളം ചിദാകാശത്തിൽ 'ഞാൻ' എന്ന ജീവസ്ഫുരണം ഒരു കളങ്കമാണ്. അറിഞ്ഞുകഴിഞ്ഞാൽ ചിദാകാശത്തിൽ 'ഞാൻ' എന്ന ജീവസ്ഫുരണം ചിദാകാശം തന്നെയാണ്. ബോധചന്ദ്രിക അഹങ്കാരമാകുന്ന മേഘം കൊണ്ടു മറയ്ക്കപ്പെട്ടിരിക്കുന്നിടത്തോളം സത്യമാകുന്ന ആമ്പൽ പൊയ്ക വികാസം പ്രാപിക്കുന്നില്ല. ജനനമരണ വൃക്ഷങ്ങളുടെ അഴിവില്ലാത്ത മുളപ്പാണ് അഹങ്കാരം; അതു മമതാഭാവം കൈക്കൊണ്ടു ശാഖോപശാഖമായി പെരുകിയാൽ നിരന്തരം ദുഃഖഫലങ്ങളെ ഉളവാക്കിക്കൊണ്ടേയിരിക്കും.

രാമൻ ചോദിച്ചു: 'പ്രഭോ, എന്താണീ അഹങ്കാരത്തിന്റെ സ്വരൂപം? എങ്ങനെയാണഹങ്കാരത്തെ ത്യജിക്കുക? ദേഹമുള്ളപ്പോഴോ ഇല്ലാത്തപ്പോഴോ അഹങ്കാരത്തെ ഉപേക്ഷിച്ചാൽ എന്തു സംഭവിക്കും?

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ലോകത്ത് അഹങ്കാരം മൂന്നു വിധമാണ്. അവയിൽ രണ്ടെണ്ണം ശ്രേഷ്ഠങ്ങളാണ്. മൂന്നാമത്തേതാണുപേക്ഷിക്കപ്പെടേണ്ടത്. വിശദമായി പറയാം; കേട്ടോളൂ: ഈ വിശ്വം മുഴുവൻ ഞാൻ തന്നെ; ഞാൻ ഒരഴിവുമില്ലാത്ത പരമാത്മാവാണ്; ഞാനല്ലാതെ മറ്റൊന്നും നിലവിലില്ല; ഈ അഹങ്കാരം ഏറ്റവും ശ്രേഷ്ഠം. ഇതു ബന്ധകാരണമല്ല. ഇതാണു

digitized by www.sreyas.in

ജീവന്മുക്തന്റെ അഹങ്കാരം. ഞാൻ ഒരു തലമുടിയുടെ അറ്റത്തേക്കാൾ സൂക്ഷ്മമാണ്. മറ്റെല്ലാറ്റിൽ നിന്നും വേർപെട്ടതാണ്. ഈ ശുദ്ധ ബോധാനുഭവമാണു രണ്ടാമത്തെ അഹങ്കാരം. ഇതും ശ്രേഷ്ഠമാണ്. ഇതു മോക്ഷത്തെ തരുന്നു; ബന്ധകാരണമല്ല. ഇതും ഒരു ജീവന്മുക്തന്റെ അഹങ്കാരമാണ്. കൈയും കാലുമൊക്കെയുൾപ്പെട്ട ഈ ദേഹമാണു ഞാൻ; ഈ തീരുമാനമാണു മൂന്നാമത്തെ അഹങ്കാരം. ലൗകികന്റെ അതിതുച്ഛമായ അഹങ്കാരമാണിത്. ഇതു സംസാര സന്താനത്തിന്റെ മുളപ്പാണ്; അതുകൊണ്ടുപേക്ഷിക്കപ്പെടേണ്ടതാണ്. ഈ അഹങ്കാരം ശക്തിപ്രാപിച്ചാൽ ജീവനുപിന്നെ തുടർന്നുള്ള അധോഗമനമാണു ഫലം. സത്യഭാവനകൊണ്ട് ഈ ദുരഹങ്കാരത്തെ പുറംതള്ളണം. എന്നിട്ടു ശ്രേഷ്ഠങ്ങളായ രണ്ടെണ്ണമുള്ളതിൽ ഒന്നംഗീകരിക്കണം. അതുമുക്തിക്കു വഴി തെളിക്കും. ലൗകികബന്ധങ്ങൾക്കപ്പുറം നിൽക്കുന്ന ആദ്യത്തെ രണ്ടഹങ്കാരങ്ങളും അംഗീകരിച്ചുകൊണ്ട് മൂന്നാമത്തേതിനെ ഉപേക്ഷിക്കണം; ദുഃഖത്തെയുണ്ടാക്കുന്നതാണു മൂന്നാമത്തേത്. ദുഃഖപ്രദമായ മൂന്നാമത്തെ അഹങ്കാരത്തെ ത്യജിച്ചുത്യജിച്ചു മുന്നോട്ടുപോകുന്തോറും മുക്തി അടുത്തടുത്തുവന്നുചേരുന്നു. ആദ്യം പറഞ്ഞ രണ്ടഹങ്കാരങ്ങളും ഭാവന ചെയ്തുമുന്നോട്ടു പോകുന്തോറും മനുഷ്യൻ സത്യത്തോട് അടുത്തുചെല്ലുന്നു. ഒടുവിൽ ആ അഹങ്കാരങ്ങളെയും കൈവെടിഞ്ഞു. അഹങ്കാരലേശമില്ലാത്ത പൂർണബോധാനുഭവത്തിൽ എത്തിച്ചേരുന്നു. ദുരഹങ്കാരമുപേക്ഷിച്ചിട്ടു മനുഷ്യദേഹത്തോടെ കഴിയാനിടയാകുന്നതിനേക്കാൾ വലിയൊരുപുണ്യം വേറെവരാനില്ല. അതു തന്നെയാണ് അങ്ങേയറ്റത്തെ ശ്രേയസ്സ്. പരമമായ ജീവിതവിജയം.

ഇനിയും ശംബരനെന്തു ചെയ്തു എന്നു കേട്ടോളൂ. രാഗദ്വേഷബദ്ധരായി ദാമാദികൾ യുദ്ധരംഗത്തുനിന്നും ഓടിരക്ഷപ്പെട്ടു. ദേവന്മാർ വിജയിച്ചു. അഹങ്കാരിയും മായാവിയുമായ ശംബരൻ ആലോചിച്ചു. 'ദേവന്മാരെ വധിക്കാൻ ഇനിയെന്താണുപായം? ദേവസൈന്യത്തെ ജയിക്കാനാണു ഞാൻ ദാമവ്യാളകടന്മാരെ നിർമിച്ചത്. പക്ഷേ അവർ മോഹംനിമിത്തം അഹങ്കാരികളായി ഭവിച്ചു. ഇനിയും ഞാൻ മായകൊണ്ട് വേറെ ഉത്തമന്മാരായ ചില അസുരന്മാരെ നിർമിക്കുന്നുണ്ട്. അവരെ ഞാൻ ആത്മതത്ത്വം പഠിപ്പിച്ചു വിവേകികളാക്കി യുദ്ധരംഗത്തേക്കയയ്ക്കുന്നുണ്ട്. തത്ത്വമറിഞ്ഞാൽ അവർ മിഥ്യാഭാവനകൾക്കു വഴങ്ങുകയില്ല; അവരെ അഹങ്കാരം ബാധിക്കുകയില്ല; അവർ ദേവന്മാരെ ജയിക്കും! ഇങ്ങനെ തീരുമാനിച്ച് ശംബരൻ മായാശക്തികൊണ്ട് സമുദ്രം കുമിളകളെ ഉണ്ടാക്കുന്നതുപോലെ ബുദ്ധിഭാവനയിലൂടെ അത്തരം അസുരന്മാരെ നിർമിച്ചു. എല്ലാം അറിയുന്നവർ, രാഗദ്വേഷങ്ങളില്ലാത്തവർ, അറിയേണ്ടതറിഞ്ഞവർ, വാസനാരഹിതർ, ആത്മാനുഭവത്തോടുകൂടി അപ്പോഴപ്പോൾ വന്നുചേരുന്ന കാര്യങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നവർ, ഉത്തമന്മാർ. ഭീമൻ, ഭാസൻ, ദൃഢൻ എന്നു പേരുള്ള മൂന്നുപേർ. മൂന്നുലോകത്തെയും തൃണസമാനം നിസ്സാരമായി കരുതുന്ന മഹാശയന്മാർ, ശംബരാജ്ഞ ശിരസാവഹിച്ചുകൊണ്ടവർ സ്വർഗത്തെ വളഞ്ഞു. അനേകവർഷം ദേവന്മാരുമായി പോരാടി. അവരുടെ ഉള്ളിൽ ഞാൻ, എന്റേത് എന്ന വാസന ഉദയം ചെയ്യുമ്പോഴൊക്കെ ഈ 'ഞാൻ' എന്താണെന്നവർ ചിന്തിക്കാൻ തുടങ്ങും. തുടർന്ന് അഹന്താമമതകൾ എങ്ങോപോയിമറയും. അവർക്ക് അഹങ്കാരമില്ല; ജരാമരണഭയമില്ല; വന്നുചേരുന്ന കാര്യങ്ങൾ സ്വീകരിക്കും,

digitized by www.sreyas.in

വർത്തമാനകർമങ്ങൾ കൃത്യമായി പിൻതുടരും; രാഗദ്വേഷങ്ങളില്ല; സർവത്ര സമദൃഷ്ടി. ഇപ്രകാരമെല്ലാമുള്ള ഭീമ ഭാസ ദൃഢന്മാരാൽ ദേവസൈന്യം അന്നഭക്ഷണമെന്നപോലെ മുറിക്കപ്പെട്ടു, ഭുജിക്കപ്പെട്ടു, നശിപ്പിക്കപ്പെട്ടു, ദഹിപ്പിക്കപ്പെട്ടു. ഭീമഭാസദൃഢന്മാരാൽ ഇങ്ങനെ ഛിന്നഭിന്നമാക്കപ്പെട്ട ദേവസൈന്യം ഹിമവാനിൽനിന്നു കീഴ്പോട്ടൊഴുകുന്ന ഗംഗപോലെ രണാങ്കണത്തിൽ നിന്നും നാലുവശത്തേക്കും പലായനം ചെയ്തു. കാറ്റടിച്ചുപറത്തുന്ന മേഘമാല പർവതത്തെയെന്നപോലെ ആ ദേവസൈന്യം പാലാഴിയിൽ പള്ളി കൊള്ളുന്ന വിഷ്ണുദേവനെ ശരണം പ്രാപിച്ചു. തുടർന്നു വിഷ്ണുഭഗവാൻ ചക്രാഗ്നി ജ്വാലയിൽ അസുരന്മാരെ മുഴുവൻ ദഹിപ്പിച്ചു വിഷ്ണുപുരിയിൽ ലയിപ്പിച്ചു. അതുകൊണ്ടു രാമ, വാസനാബദ്ധമായ മനസ്സ് ബദ്ധം, വാസനാമുക്തമായ മനസ്സ് മുക്തം; നീയും മനസ്സിനെ വിവേകം കൊണ്ട് നിർവാസനമാക്കിമാറ്റൂ. സത്യം വേണ്ടപോലെ കണ്ടറിഞ്ഞാൽ മനസ്സു നിർവാസനമായി ലയിക്കും; അങ്ങനെ എണ്ണ വറ്റിയ ദീപം പോലെ ചിത്തം ശമിച്ചു പരമപദം അനുഭവിക്കാറാകും.

*ഇതി ശ്രീ വാല്മികീയേ മോക്ഷോപായേ സ്ഥിതിപ്രകരണേ*
*ഭീമാദ്യുപാഖ്യാനം നാമ*
*തൃതീയഃസർഗഃ*

**സർഗം 4**

# ദാശൂരാഖ്യാനം

വസിഷ്ഠൻ തുടർന്നു:

77. അസ്യ സംസാരദുഃഖസ്യ സർവോപദ്രവ കാരിണഃ
ഉപായ ഏക ഏവാസ്തിമനസഃ സ്വസ്യനിഗ്രഹഃ

സർവോപദ്രവകാരിയായ ഈ സംസാരദുഃഖം നശിപ്പിക്കാൻ ഒരൊറ്റ ഉപായമേയുള്ളൂ. അവനവന്റെ മനസ്സിനെ കീഴടക്കൽ. രാമാ, ജ്ഞാനസർവസ്വം എന്തെന്നു കേട്ടോളൂ; കേട്ടുവിചാരം ചെയ്തുറപ്പിക്കൂ. ലൗകികഭോഗേച്ഛ ഒന്നുമാത്രമാണു ബന്ധം; അതുകൈവെടിയുന്നതാണ് മോക്ഷം. കൂടുതൽ ശാസ്ത്രങ്ങൾ ചർച്ച ചെയ്തിട്ടെന്തു കാര്യം; പറ്റുമെങ്കിൽ ഇതു സാധ്യമാക്കൂ. ഏതേതു വിഷയങ്ങൾ ഈ ലോകത്ത് ആസ്വാദ്യങ്ങളായി തോന്നുന്നുവോ അതൊക്കെ വിഷാഗ്നിയാണെന്നുകണ്ട് ഒഴിവാക്കൂ. ആവർത്തിച്ചു വിചാരം ചെയ്തു വിഷയങ്ങളെ വിഷമാനുഭവങ്ങളായിക്കണ്ടു മനസാമാറ്റി നിറുത്തണം; എന്നിട്ടു പുറമേ ഇഷ്ടംപോലെ കൈകാര്യം ചെയ്യണം; അങ്ങനെയായാൽ വിഷയങ്ങൾ പോലും അത്യന്തം സുഖിപ്പിക്കും. മനസ്സു പെരുകുന്നതാണ് നാശം; മനസ്സു ക്ഷയിക്കുന്നതാണ് അഭ്യുദയം. ജ്ഞാനിയുടെ മനസ്സു ക്ഷയിക്കുന്നു; അജ്ഞന്റെ മനസ്സ് കടുത്ത കെട്ടുചങ്ങലയാണ്. ജ്ഞാനിയുടെ മനസ്സ് ആനന്ദമല്ല, നിരാനന്ദമല്ല; ചഞ്ചലമല്ല, നിശ്ചലമല്ല; ഉള്ളതല്ല, ഇല്ലാത്തതല്ല; ഇവയുടെയെല്ലാം നടുക്കാണ്.

രാമൻ ചോദിച്ചു: 'മഹാമുനേ, ഈ ജഗത്ത് ജഗത്തിനപ്പുറമുള്ള ബോധ

digitized by www.sreyas.in

വസ്തുവിലാണ് സ്ഥിതിചെയ്യുന്നതെന്നങ്ങു പറഞ്ഞുവല്ലോ. ബോധമുറയ്ക്കാനായി അതൊന്നുകൂടി വിവരിച്ചു തന്നാൽ കൊള്ളാം.'

വസിഷ്ഠൻ തുടർന്നു: 'ആകാശം സർവത്ര നിറഞ്ഞുനിൽക്കുന്നതാണെങ്കിലും അത്യന്തം സൂക്ഷ്മമായതുകൊണ്ട് കാണാൻ പറ്റുന്നില്ല. അതുപോലെ അംശങ്ങളില്ലാതെ സമമായി സർവത്ര നിറഞ്ഞുനിൽക്കുന്ന ബോധത്തെയും സൂക്ഷ്മമായതുകൊണ്ട് കാണാൻ പറ്റുന്നില്ല. ശുദ്ധബോധത്തിൽ സങ്കൽപ്പമൊന്നുമില്ല; അതിനുപേരൊന്നുമില്ല; ചിത്ത്, ബോധം, നാശമില്ലാത്തത്, ആത്മാവ് എന്നൊക്കെ നാം നൽകുന്ന പേരുകളാണ്. ആകാശത്തേക്കാൾ നൂറിരട്ടി സൂക്ഷ്മമാണത്. ജ്ഞാനികൾ കളങ്കമില്ലാത്ത ശുദ്ധാനുഭവമായി അതിനെ കണ്ടെത്തുന്നു. സകല സംസാരവും ഏകരൂപമായി ബോധാകാരമായി ജ്ഞാനികൾക്കു തെളിയുന്നു. തിര, കുമിള എന്നിങ്ങനെ സമുദ്രജലം പലതായി പെരുകും പോലെ കാണപ്പെടുന്നില്ലേ; വാസ്തവത്തിൽ സമുദ്രജലമല്ലാതെ വല്ലതും പുതുതായുണ്ടോ? ബോധസമുദ്രത്തിൽ ഞാൻ, നീ എന്നിങ്ങനെ പെരുകുന്നതൊക്കെ അത്രേയുള്ളൂ; ഒരേ ബോധം ഇങ്ങനെ പലതുപോലെ കാണപ്പെടുന്നു. അജ്ഞൻമാർക്ക് ജഡരൂപമായ ഉഗ്രസംസാരഗണമായി അതു പെരുകി കാണപ്പെടുന്നു. ജ്ഞാനിക്കു പ്രകാശരൂപമായ ഒരേ ഒരു ബോധം തന്നെയെല്ലാം. അനുഭവരൂപത്തിൽ കർമങ്ങളെയെല്ലാം അതു പ്രകാശിപ്പിക്കുന്നു. ലൗകികസുഖങ്ങളിൽ മുഴുകുന്നവർക്ക് ഭാവനയിലൂടെ അതുസർവഭാവങ്ങളെയും സ്വാദുള്ളതാക്കിത്തീർക്കുന്നു. അനുഭവരൂപമായ ബോധമില്ലെങ്കിൽ കർമങ്ങളോ ലോകഭോഗങ്ങളോ ഒന്നും ഉണ്ടായിരിക്കയില്ലെന്നു തീർച്ചയല്ലേ. ബോധം ഒരിടത്തുനിന്നും പുതുതായി ഉദയം ചെയ്യുന്നതല്ല. അതൊരിടത്തും പോയി അസ്തമിക്കുന്നുമില്ല. അത് എഴുന്നേൽക്കുകയോ ഒരിടത്തിരിക്കുകയോ ചെയ്യുന്നില്ല. അതു വരുകയോ പോവുകയോ ചെയ്യുന്നില്ല. അതിവിടെയോ അവിടെയോ എന്നു പറയാൻ പറ്റില്ല; സ്ഥലകാലപരിമിതികളൊന്നും അതിനു ബാധകമല്ല; അതഖണ്ഡവും നിർവികാരവുമാണ്. ഈ നിർമലമായ ചിത്ത് സ്വയം തന്നിൽതന്നെ വിലസുന്നു. ഹേ രാമാ, ഈ ചിത്തു തന്നെയാണ് ജഗത്തെന്ന പേരിൽ ഇങ്ങനെ പെരുകിക്കാണപ്പെടുന്നത്. സർവത്ര സമമായ സദാ പ്രകാശിച്ചുനിൽക്കുന്ന ബോധം പ്രകാശത്തിൽ ഇരുട്ടുകലർന്നതുപോലെയും അംശമില്ലാത്തതിൽ അംശങ്ങൾ ഉണ്ടായപോലെയും ജഗത്തായി പെരുകുന്നു. സങ്കൽപ്പം നിമിത്തം അനന്തമായ ബോധം തന്റെ അനന്തത ഉപേക്ഷിച്ചപോലെ 'ഞാനിതാണ്' എന്ന ഭാവത്തിൽ ചുരുങ്ങി അറിയപ്പെടാൻ തുടങ്ങുന്നു. സംസാരബന്ധത്തോടൊപ്പം പലതിന്റെ തോന്നലിങ്ങനെ ആവിർഭവിക്കുന്നതോടെ ഉണ്മയും ഇല്ലായ്മയും ഇടകലർന്ന അനുഭവസ്ഥിതി വന്നുചേരുന്നു. തുടർന്നു പുര്യഷ്ടകമെന്നറിയപ്പെടുന്ന സൂക്ഷ്മ ശരീരം രൂപം കൊള്ളുന്നതായിതോന്നുന്നു. എട്ടുപുരങ്ങൾ ഒരുമിച്ചുചേർന്നതുപോലെ രൂപം കൊള്ളുന്നതുകൊണ്ടാണു സൂക്ഷ്മശരീരത്തിനു പുര്യഷ്ടകം എന്ന പേരുണ്ടായത്. എന്തൊക്കെയാണോ എട്ടു പുരങ്ങൾ? ജ്ഞാനേന്ദ്രിയ പഞ്ചകം, കർമേന്ദ്രിയ പഞ്ചകം, പ്രാണപഞ്ചകം, അന്തക്കരണ ചതുഷ്ടയം, പഞ്ചഭൂതപഞ്ചകം, അവിദ്യ, കാമം, കർമം എന്നിവയാണ് പുര്യഷ്ടകത്തിലെ എട്ടുപുരികൾ. ഇപ്രകാരം സ്ഥിരബലത്തോടുകൂടിയ സംസാരവലയങ്ങൾ ബ്രഹ്മത്തിൽ നിന്നു സ്വാഭാവികമായി രൂപം കൊള്ളുന്നു. മരുഭൂമിയിൽ കാനൽ ജലം പോലെ ജീവബോധത്തിൽ സ്വസ

digitized by www.sreyas.in

ങ്കൽപ്പം നിമിത്തം വന്നുചേരുന്ന ഭ്രമങ്ങൾ മാത്രമാണിവയെല്ലാം; ബോധതത്ത്വത്തിലെ വെറും സൃഷ്ടിദൃഷ്ടികൾ. മദ്യസേവകൊണ്ട് മദിച്ചവനു പൂർവാവസ്ഥവിട്ടു താൻ മറ്റെന്തോ ആയിത്തീർന്നു എന്നു ഭ്രമം വരുന്നില്ലേ അതുപോലെയാണ് അവിദ്യനിമിത്തം ബോധസത്യത്തിൽ ജഗദ്ഭ്രമം വന്നു ചേരുന്നത്. വാസ്തവത്തിൽ വസ്തുവിനു മാറ്റമൊന്നും വരുന്നില്ല. വ്യക്തിയിൽ ഏതൊരു ബോധമാണോ പ്രത്യേകം പ്രത്യേകം ഇന്ദ്രിയങ്ങളെന്ന ഉപകരണങ്ങളെ ആശ്രയിച്ച് ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവയൊക്കെ അനുഭവിക്കുന്നത് ആ ബോധം തന്നെയാണ് ബ്രഹ്മം; അത് എല്ലാ പ്രപഞ്ചദൃശ്യങ്ങളിലും അകവും പുറവും നിറഞ്ഞുവർത്തിക്കുന്നു എന്നറിയൂ. ഒരേ ബ്രഹ്മമാണു പലപേരിൽ ജഗത്തായി കാണപ്പെടുന്നത്; ലേശംപോലും മറ്റൊന്നുമില്ല. സമുദ്രജലം എത്രവലിയ തിരകളുണ്ടാക്കി ഇളകിമറിഞ്ഞാലും സമുദ്രജലമല്ലാതാകുമോ? രാമാ, രണ്ടുണ്ടെന്നതു വെറും തോന്നൽ. അഗ്നിയും ചൂടും രണ്ടാകാൻ പറ്റുമോ; അഗ്നിയിൽ ചൂടല്ലാതെ മറ്റെന്താണുള്ളത്?

ഒരു ഗുരു ആദ്യം മനോനിയന്ത്രണരൂപമായ ശമവും ഇന്ദ്രിയനിയന്ത്രണരൂപമായ ദമവും ശിഷ്യനുപദേശിക്കണം. തുടർന്ന് ഇക്കാണുന്നതെല്ലാം ബ്രഹ്മമാണെന്നും നീ ശുദ്ധമായ ആ ബ്രഹ്മം തന്നെയാണെന്നും ഉപദേശിക്കണം. അജ്ഞനോടോ അൽപ്പമാത്രം ഉണർവുവന്നവനോടോ പൊടുന്നനെ 'സർവം ബ്രഹ്മമയം' എന്നുപദേശിച്ചാൽ അതവനെ നരകത്തിലേക്കു പിടിച്ചു തള്ളുന്നതിനു തുല്യമായിരിക്കും. വസ്തുബോധം വന്നുണർന്നവനും ലൗകിക സുഖേച്ഛ ക്ഷയിച്ചവനും മാത്രമേ ബ്രഹ്മതത്വം വ്യക്തമായി ഗ്രഹിക്കാൻ കഴിയൂ. അവനു ഭൗതികമായ അനുഗ്രഹമൊന്നുമാവശ്യമില്ലാത്തതുകൊണ്ട് അവിദ്യ വിട്ടുമാറി സത്യം കാണാൻ പ്രയാസമുണ്ടാവില്ല. ദീപമുണ്ടെങ്കിൽ വെളിച്ചമുണ്ട്, സൂര്യനുണ്ടെങ്കിൽ പകലുണ്ട്, പൂവുണ്ടെങ്കിൽ മണമുണ്ട്, അതുപോലെ ബോധമുണ്ടെങ്കിൽ ജഗത്തുണ്ട്; അതുകൊണ്ട് ബോധത്തിൽ നിന്നുവേർപെട്ട് ഒരു ജഗത്തില്ലേയില്ല.

രാമൻ അറിയിച്ചു: 'ഭഗവൻ, പാലാഴിയുടെ മധ്യംപോലെ അങ്ങയുടെ ശീതളാമലവാണികൾ ഉള്ളിൽ പ്രസന്നത പകരുന്നു. അങ്ങയുടെ ഈ ഗംഭീരവചനങ്ങൾ എന്നെ പ്രബുദ്ധനാക്കിയിരിക്കുന്നു. ചിലപ്പോൾ ഹൃദയം ഇരുട്ടുകൊണ്ടും ചിലപ്പോൾ പ്രകാശം കൊണ്ടും നിറയുന്നതുപോലെ തോന്നുന്നു; ചൂടും തണുപ്പും നിറഞ്ഞ മഴക്കാലമേഘം പകലിനെ ഇരുട്ടും വെളിച്ചവും കൊണ്ടു നിറയ്ക്കുന്നതുപോലെ. ബ്രഹ്മം അനന്തമാണ്, അപ്രമേയമാണ്, എല്ലാറ്റിലും ഒന്നായി നിറഞ്ഞുനിൽക്കുന്നു, 'സ്വയം ഉണ്മ അനുഭവിച്ചു സദാ പ്രകാശിക്കുന്നു, ഒരിക്കലും മങ്ങൽ തട്ടുന്നില്ല. അങ്ങനെയുള്ള ബ്രഹ്മത്തിൽ ഈ സൃഷ്ടിഭ്രമം എങ്ങനെ വന്നു ചേർന്നു?'

വസിഷ്ഠൻ മറുപടി നൽകി: 'രാമാ, ഞാൻ പറഞ്ഞതെല്ലാം വാസ്തവകഥനങ്ങളാണ്. അർഥമില്ലാത്തവയോ പൂർവാപര വിരോധം കൊണ്ടു വിരൂപാർഥങ്ങളോ അല്ല. നിന്റെ ജ്ഞാനദൃഷ്ടി വികസിച്ചു സർവത്ര ബോധതത്ത്വം അനുഭവപ്പെടുന്നതോടെ സ്വരൂപം തെളിയുന്ന നിനക്ക് എന്റെ വാക്കുകളുടെ സത്യസ്ഥിതി പൂർണമായും ബോധ്യപ്പെടും. സ്വയം തന്നെത്തന്നെ പുറംതള്ളാൻ മുതിർന്നു മുന്നേറുന്ന ഉത്തമയായ അവിദ്യ എല്ലാ ദോഷങ്ങളേയും ഒഴിച്ചുമാറ്റി വിദ്യാരൂപം കൈക്കൊണ്ടു നിന്നെ അനുഗ്രഹിക്കുമ്പോൾ എല്ലാം തെളിച്ചനുഭവിക്കാറാകും. അസ്ത്രത്തെ അസ്ത്രംകൊണ്ടുതന്നെ

digitized by www.sreyas.in

നേരിട്ടു ശത്രു ജയിക്കപ്പെടണം; അഴുക്കിനെ അഴുക്കുകൊണ്ടുതന്നെ കഴുകിമാറ്റണം; വിഷം വിഷംകൊണ്ടു ശമിപ്പിക്കപ്പെടണം; ശത്രുവിനെ ശത്രു തന്നെ നേരിടണം.

78. ഇദൃശീഭൂതമായേയം യാ സ്വനാശേന ഹർഷദാ
ന ലക്ഷ്യതേ സ്വഭാവോസ്യാഃപ്രേക്ഷ്യമാണൈവനശ്യതി.

ഇയംഭൂതമായാ-പലതുണ്ടെന്നു തോന്നിപ്പിച്ചു ജീവനെ ഭ്രമിപ്പിക്കുന്ന ഈ മായ; ഈദൃശീ-ഈ വിധമുള്ളവയാണ്; യാ-അവൾ; സ്വനാശേന-സ്വന്തം നാശത്തിലൂടെ; ഹർഷദാ-ആനന്ദത്തെയുളവാക്കുന്നു; അസ്യാഃ-ഇവളുടെ; സ്വഭാവഃ- യഥാർഥസ്വഭാവമെന്താണെന്ന്; ന ലക്ഷ്യതേ-പിടികിട്ടുകയേയില്ല; പ്രേക്ഷ്യമാണാ ഏവ-എന്നാൽ കണ്ണുമിഴിച്ചുനോക്കിനിൽക്കവേ തന്നെ; നശ്യതി-വിട്ടൊഴിഞ്ഞു പോകുന്നതായി അനുഭവപ്പെടുന്നു.

പലതുണ്ടെന്നു തോന്നിപ്പിച്ചു ജീവനെ ഭ്രമിപ്പിക്കുന്ന മായ ഈ വിധമുള്ളവളാണ്. അവൾ സ്വന്തം നാശത്തിലൂടെ ആനന്ദത്തെയുളവാക്കുന്നു. അവളുടെ യഥാർഥസ്വഭാവമെന്താണെന്നു പിടികിട്ടുകയേയില്ല. എന്നാൽ കണ്ണുമിഴിച്ചു നോക്കിനിൽക്കവേ തന്നെ വിട്ടൊഴിഞ്ഞു പോകുന്നതായി അനുഭവപ്പെടുന്നു.

**ന ലക്ഷ്യതേ സ്വഭാവോƒസ്യാഃ**

ഒരേ ബോധസത്യത്തിൽ പലതിന്റെ തോന്നലുളവാക്കുന്ന ബോധശക്തിയാണല്ലോ മായ. ബോധം സ്വയം പ്രകാശിച്ചു വിളങ്ങുന്ന അഖണ്ഡനിശ്ചല സത്യമാണ്. അതിലെ നാനാത്വഭ്രമമാണ് സൃഷ്ടി. അറുപത്തഞ്ചാം പദ്യത്തിലെ സൃഷ്ടി വിവരണം ഒന്നുകൂടി നോക്കുക. സ്വയം പ്രകാശിക്കുന്ന സത്യത്തിൽ അതിനെ മറച്ചുകൊണ്ടു ജഡരൂപിണിയായ മായ എവിടെനിന്നു വന്നു കയറി; എങ്ങനെ വന്നു കയറി? മായ വന്നുകയറാതെ സ്വയം ഉണ്മയനുഭവിച്ചു വിളങ്ങുന്ന വസ്തു മറഞ്ഞുപോവുക സാധ്യമല്ല. ഈ ചോദ്യങ്ങൾക്കുത്തരം അനുഭവം മാത്രമാണ്. വേറെ യുക്തിയില്ല. പക്ഷേ സത്യം മറയ്ക്കപ്പെട്ടിരിക്കുന്നു എന്ന് എല്ലാവരും അനുഭവിക്കുന്നുണ്ടല്ലോ. ഇനിയും ഈ മായ ബോധവസ്തുവിൽ യഥാർഥത്തിൽ ഉള്ളവളാണോ? തീർത്തും പറയുക വയ്യ. പുറം തള്ളിയാൽ അവൾ ഇല്ലാതാകുന്നു. ഇല്ലാതാകുന്നവളെ ഉള്ളതെന്നെങ്ങനെ പറയാൻ പറ്റും. എന്നാൽ ഇല്ലാത്തവളെന്നു പറയാമോ?. അതും വയ്യ. ഉണ്ടെന്ന് അനുഭവപ്പെടുന്നുണ്ടല്ലോ എന്നാൽ ഉള്ളവളും ഇല്ലാത്തവളുമാണ് എന്നു പറയാൻ പറ്റുമോ? അതെങ്ങനെ, ഉണ്മ ഇല്ലായ്മ എന്ന വിരുദ്ധ ധർമങ്ങൾ ഒരിടത്തൊരുമിച്ചിരിക്കുമോ. ഇങ്ങനെ നോക്കുമ്പോൾ മായയെ ബോധത്തിൽ നിന്നും ഭിന്നയാണെന്നോ, അഭിന്നയാണെന്നോ, ബോധത്തിന്റെ അവയവമാണെന്നോ, അവയവമല്ലെന്നോ ഒന്നും തീർത്തു പറയുകവയ്യ. മായ തീർത്തും അനിർവചനീയയാണ്. മായയെ ശുദ്ധമായി നേരിട്ടു കാണാനും സാധിക്കുകയില്ല. ഒന്നിന്റെയും ശക്തി ശുദ്ധമായി നേരിട്ടു കാണപ്പെടുന്നില്ല. ശക്തി ഉണ്ടാക്കുന്ന കാര്യം കണ്ടിട്ടു ശക്തിയെ ഊഹിക്കുകയേ പറ്റൂ. അഗ്നിയുടെ ദഹനശക്തിയെ ആരും നേരിട്ടുകാണുന്നില്ല. മറ്റുപദാർഥങ്ങളെ എരിച്ചു ചാമ്പലാക്കുന്നതു കാണുമ്പോൾ അഗ്നിക്കു ദഹനശക്തിയുണ്ടെന്നൂഹിക്കുന്നു. ശക്തിക്കൊന്നും യുക്തിയുമില്ല. അഗ്നിക്കീ ദഹനശക്തിയുണ്ടായതെങ്ങനെയെന്നു യുക്തികൊണ്ടു കണ്ടുപിടിക്കാൻ ആർക്കു കഴിയും? അതുപോലെ ബോധരൂപമായ ബ്രഹ്മത്തിൽ നാനാദൃശ്യ

digitized by www.sreyas.in

ങ്ങൾ കാണപ്പെടുമ്പോൾ നാനാദൃശ്യങ്ങളുണ്ടാക്കിക്കാണിക്കാനുള്ള ശക്തി ബ്രഹ്മത്തിനുണ്ടെന്നൂഹിക്കാം. ആ ശക്തി എങ്ങനെയുണ്ടായി എന്നു യുക്തി അന്വേഷിച്ചാൽ പിടികിട്ടുകയില്ല. യുക്തിയില്ലാത്ത കാഴ്ചയുടെ പേരാണു മായ. ലോകത്തു പ്രസിദ്ധമായ ഇന്ദ്രജാലംപോലെ.

എന്തിനിത്രയൊക്കെ ക്ലേശിക്കണം? ഈ നാനാത്വം സത്യമെന്നങ്ങു കരുതിയാൽ പോരെ? അങ്ങനെ കരുതാൻ ബുദ്ധിമുട്ടില്ല. പക്ഷേ ജീവിതരഹസ്യം ഒരിക്കലും തെളിയുകയില്ല. നാനാത്വമെല്ലാം എവിടെ നിന്നോ ഉണ്ടായിനില നിന്നു മറയുന്നവയാണ്. ഈ ഉൽപ്പത്തി സ്ഥിതി നാശങ്ങളുടെ രഹസ്യമാണു തിരയപ്പെട്ടത്. മാത്രമല്ല നാനാത്വഭ്രമം അത്യന്തം ദുഃഖപ്രദമായും കണ്ടു. അതുകൊണ്ടു ദുഃഖത്തെ ഒഴിച്ചുമാറ്റാനുള്ള ശ്രമമെന്ന നിലയിലുമാണു സത്യം അന്വേഷിക്കപ്പെട്ടത്. അങ്ങനെ നാനാത്വഭ്രമത്തിൽ നിറഞ്ഞു നിൽക്കുന്ന ബോധസ്വരൂപമായ ഏകവസ്തു തെളിഞ്ഞു. അതിലെ സങ്കൽപ്പ ഭ്രമങ്ങളാണു നാനാത്വാനുഭവമെന്നും കണ്ടു. സങ്കൽപ്പഭ്രമങ്ങൾക്കും നാനാത്വാനുഭവങ്ങൾക്കും യുക്തിയില്ലല്ലോ; യുക്തിവേണ്ട; അനുഭവമുണ്ടല്ലോ. ഇവ ഉപേക്ഷിക്കപ്പെടാവുന്നവയാണെന്നും കണ്ടു. അതും അനുഭവത്തിലൂടെ. സങ്കൽപ്പ ഭ്രമങ്ങൾ ഉപേക്ഷിക്കപ്പെട്ടാൽ ദൃശ്യാനുഭവങ്ങൾ അപ്പടി അകന്നു മറയും. ആർക്കുവേണോ പരീക്ഷിച്ചു നോക്കാം. അതോടെ ദുഃഖവും പൂർണ മായി വിട്ടുമാറും. ഇതാണു മായാജയം അഥവാ മോക്ഷം. മായ ഇവിടെ സ്വയം നശിച്ച് ആനന്ദത്തിന്റെ വാതിൽ തുറക്കും. സങ്കൽപ്പങ്ങളെ പുറന്ത ള്ളുന്ന ഒരു ധീരനു കണ്ണുമിഴിച്ചു നിൽക്കേ മായാരൂപമായ നാനാത്വഭ്രമം കാനൽജലം പോലെ അകന്നുമറയും. സർവവ്യാപിയായ ആനന്ദബോധം സ്വസ്വരൂപമായിതെളിയുകയും ചെയ്യും. ചിരകാലമായി പരീക്ഷിച്ചുറപ്പിക്കപ്പെട്ടു പോരുന്ന സത്യസ്ഥിതിയാണിത്. ഈ അനുഭവത്തിന്റെ വെളിച്ചത്തിലാണ് 'ബ്രഹ്മസത്യം ജഗന്മിഥ്യ' എന്നു വേദാന്തം പെരുമ്പറയടിച്ചു ഘോഷിക്കുന്നത്.

വസിഷ്ഠൻ തുടർന്നു: 'ഈ മായ യഥാർഥത്തിൽ ഇല്ലാതിരിക്കെ ഉണ്ടെന്നു തോന്നുന്ന ഒരു ഭ്രമമാണ്. ഇക്കാര്യം മനസ്സിലാക്കി യഥാർഥത്തിൽ ഉള്ളതായ ബോധസത്യത്തെ സർവത്രഭാവന ചെയ്തുറപ്പിക്കണം. അതോടെ നാനാത്വം മറയും. അറിയപ്പെടേണ്ട ഏകത്വം തെളിയും. മായയുടെ രഹസ്യവും അപ്പോൾ സ്പഷ്ടമാകും. നിന്റെ മനസ്സ് സത്യത്തിൽ പൂർണമായി ഉണർന്നെത്തുന്നതുവരെ എന്റെ വാക്കു വിശ്വസിച്ച് അവിദ്യ ഇല്ലാത്തതാണെന്നുറപ്പിക്കൂ.

79. സർവംബ്രഹ്മേതി യസ്യാന്തർ ഭാവനാ സഹിമുക്തിഭാക്
ഭേദദൃഷ്ടിരവിദ്യേയം സർവഥാ താം വിവർജയേത്.

ഉള്ളുകൊണ്ടു 'സർവം ബ്രഹ്മമയം' എന്നു സദാ ആരു ഭാവന ചെയ്തുറപ്പിക്കുന്നുവോ അയാൾ മുക്തനായിത്തീരുന്നു. ഭേദദൃഷ്ടിയാണ് അവിദ്യ. എന്തുവിലകൊടുത്തും അതുപേക്ഷിക്കപ്പെടേണ്ടതാണ്. അദ്വൈതാത്മതത്ത്വം ഉറപ്പുവരുന്നതുവരെ അവിദ്യാനദി ഒഴുകിക്കൊണ്ടു തന്നെയിരിക്കും. ക്ഷയമില്ലാത്ത സത്യാനുഭവസ്ഥാനമാണ് അദ്വൈതബോധാനുഭവം. മായാജയം വിഷമമാണ്. അദ്വൈതാനുഭവം ഉറപ്പുവരുന്ന ബുദ്ധിക്കതെളുപ്പം നേടാൻ കഴിയും. മായയ്ക്കകത്തുനിന്നുകൊണ്ടു യുക്തിയിലൂടെ അതിനെ പിടികൂടാൻ ശ്രമിച്ചാൽ ഫലിക്കുകയില്ല.

digitized by www.sreyas.in

80. കുതോ ജാതേയമിതിതേ രാമമാസ്തുവിചാരണാ
ഇമാംകഥമഹം ഹന്മീത്യേഷാ തേഽസ്തു വിചാരണാ.

രാമാ, ഈ മായ എവിടെനിന്നു വന്നു എന്നു തലകാഞ്ഞു ചിന്തിച്ചതു കൊണ്ടു ഫലമില്ല; ഒരിക്കലും പിടികിട്ടുകയില്ല. ഇവളെ എങ്ങനെ നശിപ്പിക്കാമെന്നു ചിന്തിക്കൂ; ഭാവാദ്വൈതപരിശീലനം കൊണ്ടിവളെ നിസ്സാരമായി ജയിക്കാം. ഇവൾ നശിച്ചുമാറിയാൽ എല്ലാ രഹസ്യവും തെളിയും. ഇവളെവിടെനിന്നു വന്നു, എപ്രകാരം വന്നു, എങ്ങനെ ഇല്ലാതായി എന്നെല്ലാം അപ്പോൾ വ്യക്തമായി തെളിയും. അഖണ്ഡബോധസ്വരൂപമായ ബ്രഹ്മം മാത്രമേയുള്ളൂ. മായ ഇല്ലേയില്ല എന്നപ്പോൾ തെളിയും. അതുകൊണ്ടു രോഗഭണ്ഡാഗാരമായ ഈ നാനാത്വഭ്രമത്തെ ചികിത്സിച്ചൊതുക്കാൻ യത്നിക്കൂ; വേണ്ടപോലെ ചികിത്സിച്ചാൽ ഇനിയൊരിക്കലും ദുഃഖിപ്പിക്കാത്തവിധം അതൊഴിഞ്ഞു പോകും. ആകാശത്തിൽ കാറ്റു താൻ തന്നെ ചലിച്ചു സഞ്ചരിച്ചുകൊണ്ടിരിക്കുന്നതുപോലെ ബോധസ്വരൂപമായ ആത്മാവു സങ്കൽപ്പാത്മികയായ സ്വശക്തിയിലൂടെ താൻതന്നെയാണിങ്ങനെ ഈ ഭ്രമലാഘവത്തിലെത്തി നിൽക്കുന്നത്. നിർമലമായ ബോധസമുദ്രം സ്വന്തം സ്പന്ദശക്തിയെ ഇളക്കിവിട്ട് ഇങ്ങനെ പലതായപോലെ കാണപ്പെടുന്നു. ഇവിടെ അഖണ്ഡമായ ഒരു സത്യമേയുള്ളു എന്നു ദൃഢമായി മനസ്സിനെ പഠിപ്പിക്കൂ. ചിന്മഹാർണവത്തിൽ അതിന്റെ ശക്തി അൽപ്പമൊന്നു ചലിച്ചു; അതോടെ സമുദ്രത്തിൽ തിരകളെന്നപോലെ ആ ചിത്തുതന്നെ പലതായികാണപ്പെട്ടു. ആ ചലിക്കുന്ന മായാദേവി സർവശക്തിമയി, എന്തും എവിടെയും ഉണ്ടാക്കികാണിക്കാൻ അവൾക്കു കഴിയും. ദേശം, കാലം, കർമം എന്നിവയെല്ലാം ആ ദേവിയുടെ തന്നെ വെറും ശക്തിപ്രകടനങ്ങളാണ്. അതിമഹത്തായ അനന്തബോധപദത്തിലാണവളുടെ നില; എങ്കിലും ഭാവനചെയ്യാൻ കഴിയാത്തവിധം പരിമിത രൂപങ്ങളെ ഉണ്ടാക്കിക്കാണിക്കുകയാണു ജോലി.

തേജോമയിയായ അവൾ ഇങ്ങനെ പരിമിതരൂപങ്ങളെ കാണിച്ച് പേരുകൾ, സംഖ്യകൾ ഇവയിലൂടെ ജനങ്ങളെ ഭ്രമിപ്പിച്ചുകൊണ്ടേയിരിക്കുന്നു. സങ്കൽപ്പം കൊണ്ടുണ്ടെന്നു തോന്നിക്കുന്ന ദേശകാലക്രിയകളിൽപെട്ടു പരിമിതമാകുന്ന ബോധാംശത്തെയാണു ക്ഷേത്രജ്ഞൻ അഥവാ ജീവൻ എന്നു വിളിക്കുന്നത്. രാഗദ്വേഷവാസനാവലയത്തിൽ അകപ്പെടുന്നതോടെ ഈ ജീവൻ അഹങ്കാരമായി മാറുന്നു. അഹങ്കാരം ഭൗതിക ലക്ഷ്യങ്ങളിൽപെട്ടു കളങ്കിതനായി നിശ്ചയങ്ങൾ ചെയ്യുമ്പോൾ അതു ബുദ്ധിയെന്നറിയപ്പെടുന്നു. ബുദ്ധിനിശ്ചയങ്ങൾ നടപ്പാക്കാനായി വിവിധ സങ്കൽപ്പങ്ങൾ അംഗീകരിച്ച് മനനം തുടരുന്നതോടെ മനസ്സായി മാറുന്നു. സങ്കൽപ്പങ്ങൾ ഘനീഭവിച്ചു പദാർഥരൂപം പ്രാപിക്കുന്നതോടെ ഇന്ദ്രിയങ്ങൾ ആവിർഭവിക്കുന്നു. ഇന്ദ്രിയങ്ങൾ പ്രകടരൂപം കൈക്കൊണ്ടതാണു കൈയും കാലുമൊക്കെ ഉൾപ്പെട്ട ദേഹം. ഇങ്ങനെ ജീവൻ സങ്കൽപ്പവാസനാ രൂപത്തിലുള്ള കയറുകൾകൊണ്ട് സ്വയം കെട്ടിവരിഞ്ഞു ജഡത്വം പ്രാപിച്ചു താഴോട്ടിറങ്ങാൻ ഇടവരുന്നു; ദുഃഖത്തിൽപെട്ടുഴലുന്നു. ഇങ്ങനെ ശക്തിസ്പന്ദനരൂപമായ മനസ്സ് അഹങ്കാരം കട്ടിപിടിച്ചു സ്വയം സങ്കൽപ്പവലയത്തിൽപെട്ടു പട്ടുനൂൽപുഴുവിനെപ്പോലെ ബന്ധനസ്ഥനായി ഭവിക്കുന്നു. സ്വയം സങ്കൽപ്പിച്ചുണ്ടാക്കിയതും വലയിലെന്നപോലെ സ്വയം കുരുങ്ങുന്നതുമായ ഈ ശബ്ദസ്പർശാദി തന്മാത്രാ

digitized by www.sreyas.in

കുരുക്കിൽപെട്ടു ജീവൻ സിംഹം ചങ്ങലകൊണ്ടെന്നപോലെ ബദ്ധനായി ഭവിക്കുന്നു. സങ്കൽപ്പവലയം പല പേരുകളിലാണറിയപ്പെടുന്നത്. ചിലപ്പോൾ മനസ്സ്, ചിലപ്പോൾ ബുദ്ധി, ചിലപ്പോൾ ജ്ഞാനം, ചിലപ്പോൾ ക്രിയ, ചില പ്പോൾ അഹങ്കാരം, ചിലപ്പോൾ പുര്യഷ്ടകം ഇങ്ങനെ പല പേരുകളിൽ. ചിലപ്പോൾ പ്രകൃതി, ചിലപ്പോൾ മായ, ചിലപ്പോൾ മലം, ചിലപ്പോൾ കർമം, ചിലപ്പോൾ ബന്ധം, ചിലപ്പോൾ ചിത്തം, ചിലപ്പോൾ അവിദ്യ, ചിലപ്പോൾ ഇച്ഛ ഇങ്ങനെയും പലപേരുകളിൽ. ആൽമരത്തിന്റെ വിത്ത് ഉള്ളിൽ ആൽമ രത്തെയെന്നപോലെ ഈ മനസ്സ് ആശാപാശങ്ങളിലൊതുക്കി ഒരു പ്രയോ ജനവുമില്ലാതെ സംസാരവനത്തെ മുഴുവൻ ഉള്ളിൽ ധരിക്കുന്നു എന്നറിയേ ണ്ടതാണ്.

81. ചിന്താനലശിഖാദഗ്ധം കോപാജഗരചർവിതം
കാമാബ്ധി കല്ലോലഹതം വിസ്മൃതാത്മ പിതാമഹം
സമുദ്ധരമനോരാമമാതംഗമിവകർദമാത്.

രാമാ, ചെളിയിൽ പുതഞ്ഞുകിടക്കുന്ന ഒരാനയെ അതിൽ നിന്നും ഉയർത്തി മോചിപ്പിക്കുന്നതുപോലെ സംസാരക്കുണ്ടിൽ ആണ്ടുകിടക്കുന്ന ഈ മനസ്സിനെ സമുദ്ധരിക്കൂ. ചിന്തകളാകുന്ന അഗ്നിജ്വാലകളിൽ ഇതു സദാ എരിയുന്നു; കോപമാകുന്ന പെരുമ്പാമ്പ് ഇതിനെ ആവർത്തിച്ചു ചവച്ചര യ്ക്കുന്നു; കാമസമുദ്രത്തിലെ തിരകളിൽപ്പെട്ടിതു കീഴ്മേൽ മറിയുന്നു; ആനന്ദഘനരൂപനായ ബോധപിതാമഹനെ ഇതു മറന്നുപോയിരിക്കുന്നു. എരിച്ചുകളയുന്ന ജരാമരണ വിഷാദങ്ങൾകൊണ്ടു പൊള്ളിനീറുകയാണിത്. ശുഭാശുഭങ്ങളെക്കുറിച്ചു ചിന്തിച്ചു കുഴങ്ങുകയാണ്. അങ്ങനെയുള്ള മനസ്സിൽ തന്നെക്കുറിച്ച് ആർക്കാണോ ദയ തോന്നാത്തത് അവൻ മനുഷ്യനല്ല; രാക്ഷ സനാണ്.

രാമാ, സംസാരഭാവനയിലകപ്പെട്ടുപോയ ബോധസത്യത്തിന്റെ ഭാഗങ്ങൾ തന്നെയാണ് ജീവൻമാർ. ബ്രഹ്മത്തിൽ നിന്നും ഇങ്ങനെ ലക്ഷക്കണക്കിനു കോടിക്കണക്കിന് ജീവൻമാർ രൂപം കൊള്ളുന്നു. എണ്ണമില്ലാതെ പണ്ടു ണ്ടായി; ഇപ്പോഴും സർവത്ര ഉണ്ടായിക്കൊണ്ടിരിക്കുന്നു. അരുവിയിൽ നിന്ന് വെള്ളത്തുള്ളികളെന്നപോലെ ഇനിയും ഉണ്ടായിക്കൊണ്ടേയിരിക്കും. ചിലത് ആദ്യജന്മത്തിൽ തന്നെ സത്യമറിഞ്ഞു രക്ഷപ്പെടുന്നു. ചിലത് നൂറിലേറെ ജന്മങ്ങൾ ജനിച്ചും മരിച്ചും കഴിയുന്നു. മറ്റുചില ജീവൻമാർക്ക് എണ്ണമറ്റ ജൻമങ്ങൾ വേണ്ടിവരുന്നു. വേറെ ചിലത് രണ്ടോ മൂന്നോ ജൻമങ്ങൾകൊണ്ട് ധന്യരാകുന്നു. ചില ജീവന്മാർ കിന്നരന്മാർ, ഗന്ധർവൻമാർ, വിദ്യാധരൻമാർ, മഹാസർപ്പങ്ങൾ എന്നിങ്ങനെയുള്ള ജന്മങ്ങളിൽ ചെന്നു പിറക്കുന്നു. വേറെ ചിലർ സൂര്യൻ, ചന്ദ്രൻ, വരുണൻ, ശിവൻ, വിഷ്ണു, ബ്രഹ്മാവ് എന്നിത്യാദി രൂപങ്ങൾ കൈക്കൊള്ളുന്നു. ചിലത് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ വർഗങ്ങളായി പിറക്കുന്നു. ഇനിയും ചിലർ കടമ്പ്, നാരക മരം, സാലം, പന, പച്ചിലമരം എന്നിത്യാദിയായി ജനിക്കുന്നു. വേറെ ചിലർ മലയം, മഹേന്ദ്രം, സഹ്യം, മന്ദരം, മേരു, ഹിമാലയം തുടങ്ങിയ പർവതങ്ങ ളായി പിറക്കുന്നു. ചിലത് വിശാലങ്ങളായ ദിക്കുകളായും ചിലത് വേഗത യുള്ള നദികളായും രൂപം കൊള്ളുന്നു. ചിലർ ഉന്നതസ്ഥാനങ്ങളിലെത്തി വിഹരിക്കുന്നു. ചിലർ തലകുത്തി കീഴ്പോട്ടു പതിക്കുന്നു; വീണ്ടും ഉയർന്നു

digitized by www.sreyas.in

പൊങ്ങുന്നു. ഇവരൊക്കെത്തന്നെ മരണത്തിന്റെ കൈയിലെ കൈപ്പന്തുകളാണ്; മരണം ഇവരെയൊക്കെ സദാ അമ്മാനമാടിക്കൊണ്ടിരിക്കുന്നു. ആയിരമായിരം ജന്മങ്ങളിൽ കൂടി സംസാര സുഖദുഃഖങ്ങളൊക്കെ അനുഭവിച്ചാലും ചില മന്ദബുദ്ധികൾ സംസാരചക്രത്തിൽ തന്നെ കറങ്ങിക്കൊണ്ടിരിക്കുന്നു. ജീവജാലങ്ങളെക്കൊണ്ടുള്ള ഈ കളി അനവരതം തുടരുകയാണ്; വെറുതെ ജനിക്കുന്നു മരിക്കുന്നു വളരുന്നു. സമുദ്രത്തിൽ തിരമാലകൾ പോലെ അഖണ്ഡബോധസത്യത്തിൽ ഈ ത്രിഭുവനരചനാവിമോഹ മായ തുടർന്നു കൊണ്ടേയിരിക്കുന്നു.

രാമൻ ചോദിച്ചു: 'മഹർഷേ, ജീവൻ മനസ്സിനു രൂപം കൊടുത്തിട്ട് ബ്രഹ്മാവിന്റെ പദം അംഗീകരിച്ചു എന്നു പറഞ്ഞല്ലോ; അതെങ്ങനെയാണ്? ഒന്നു വിസ്തരിച്ചു പറയാമോ?'

വസിഷ്ഠൻ പറഞ്ഞു: 'ബ്രഹ്മാവിന്റെ ശരീരസ്വീകാരക്രമം പറയാം' കേട്ടോളൂ. ആ ദൃഷ്ടാന്തം വേണ്ടപോലെ ധരിച്ചാൽ ജഗത്തിന്റെ നിജസ്ഥിതി നല്ലപോലെ തെളിയും. ദേശകാലബന്ധങ്ങൾക്കൊക്കെ അപ്പുറം നിൽക്കുന്ന അഖണ്ഡ ബോധം സങ്കൽപ്പങ്ങളിലൂടെ വെറും കളിയെന്നോണം ദേശകാലങ്ങളുമായി ബന്ധപ്പെട്ട ദേഹം അംഗീകരിക്കുന്നു. ദേശകാല പരിമിതികളുള്ള ബോധമാണു ജീവൻ. ലോകവാസനകൾക്കു വശപ്പെട്ട് അതു കൂടുതൽ സങ്കൽപ്പങ്ങളെ അംഗീകരിക്കുന്നതോടെയാണല്ലോ മനസ്സ് രൂപം കൊള്ളുന്നത്; ലോലമായ മനസ്സ്. വീണ്ടും സങ്കൽപ്പിച്ച് സൃഷ്ട്യുന്മുഖമാകുന്നു. മനസ്സ് ശബ്ദതന്മാത്രകൊണ്ടു നിറഞ്ഞ നിർമലമായ ആകാശത്തെ ഭാവന ചെയ്യുന്നു. തുടർന്ന് സ്പന്ദവേഗത വർധിപ്പിച്ച് സങ്കൽപ്പത്തെ ഘനീഭവിപ്പിച്ച് ആകാശ ജീവൻ സ്പർശതന്മാത്ര കൊണ്ടു നിറഞ്ഞ വായുവിനെ ഭാവന ചെയ്തു വായു ജീവനായി മാറുന്നു. ആകാശഭാവനയും വായുഭാവനയും അഭ്യസിച്ചുറപ്പിച്ച ശേഷം ശബ്ദ സ്പർശങ്ങളുടെ പരസ്പരമുള്ള ഉരസലിൽകൂടി അഗ്നി ആവിർഭവിക്കുന്നു. ആ അഗ്നിജീവൻ രസത്തെ ഭാവനചെയ്ത് രസതന്മാത്ര കൊണ്ടു നിറഞ്ഞ ജലജീവനായി മാറുന്നു. ജലജീവനാകട്ടെ തുടർന്നു ഗന്ധം ഭാവന ചെയ്ത് ഗന്ധതന്മാത്രകൊണ്ടു നിറഞ്ഞ ഭൂമി ജീവനായും രൂപാന്തരം പ്രാപിക്കുന്നു. ഇങ്ങനെ ശബ്ദസ്പർശ രൂപരസഗന്ധതന്മാത്രകളാൽ വലയം ചെയ്യപ്പെട്ട ജീവൻ തന്റെ സൂക്ഷ്മരൂപം വെടിഞ്ഞ് തടിച്ച് പഞ്ചഭൂതാത്മകനായി ആകാശത്തിൽ അഗ്നികണം പോലെ സ്പഷ്ടരൂപം കൈക്കൊണ്ടു വിളങ്ങി. ഈ പഞ്ചഭൂതാംശങ്ങളും അഹങ്കാരവും ബുദ്ധിയും ചേർന്ന് പുര്യഷ്ടകം എന്നറിയപ്പെടുന്നു. എല്ലാജീവികളുടെയും ഹൃദയപദ്മത്തിൽ വണ്ടുപോലെ സൂക്ഷ്മശരീരമായി വർത്തിക്കുന്നത് ഈ പുര്യഷ്ടകമാണ്. വിശ്വവ്യാപിയായ പുര്യഷ്ടകം തീവ്രസങ്കൽപ്പത്തിലൂടെ തേജോമയമായ ഒരു ശരീരം ഭാവന ചെയ്ത് കൂവളഫലം തടിച്ചു പാകപ്പെടും പോലെ സ്ഥൂലരൂപം കൈക്കൊണ്ട് മൂശയിൽ രൂപം കൊള്ളുന്ന സ്വർണവിഗ്രഹം പോലെ രൂപപ്പെട്ട് ആകാശത്തിൽ നിലകൊള്ളുന്നു. ഇതെല്ലാം സ്വാഭാവികമായി സംഭവിക്കുന്ന കാര്യങ്ങളാണ്. മുകളിൽ തടിച്ച തല, താഴെ കാലുകൾ, രണ്ടുവശങ്ങളിലും കൈകൾ, മധ്യത്തിൽ ഉദരം ഇവയൊക്കെ സ്പഷ്ട രൂപം കൈക്കൊണ്ട് വിശ്വജീവൻ നിർമല ശരീരിയായി ഭവിക്കുന്നു. ബുദ്ധി, മനോബലം, ഉത്സാഹം, അറിവ്, ഐശ്വര്യം ഇവയെല്ലാം അവിടെ ഇണങ്ങിച്ചേരുന്നു. ഈ രൂപം ധരിച്ച് ബ്രഹ്മാണ്ഡത്തെ മുഴു

digitized by www.sreyas.in

വൻ താൻ തന്നെയെന്നനുഭവിക്കുന്ന വിശ്വജീവനാണ് ബ്രഹ്മാവെന്നറിയപ്പെടുന്നത്; എല്ലാ ജീവജാലങ്ങളുടെയും പിതാമഹനാണു ബ്രഹ്മാവ്. ബ്രഹ്മാവ് തേജോമയമായ സ്വദേഹം നോക്കിക്കണ്ട് ത്രികാലാമല ജ്ഞാനസമേതം ചിന്ത ചെയ്തു: 'ബോധൈകമാത്രവും ആദ്യന്തരഹിതവുമായ ഈ പരമാകാശത്തിൽ ആദ്യമായി ഇതെന്താണ് സംഭവിച്ചിരിക്കുന്നത്?' നിർമലമായ ആത്മതത്വത്തിൽ ഉറച്ചുനിന്നുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ ചിന്തിച്ചത്. പ്രപഞ്ച ദൃശ്യവൃന്ദങ്ങളെല്ലാം അദ്ദേഹത്തിനു തെളിഞ്ഞു; മുൻപു കഴിഞ്ഞിട്ടുള്ളതെല്ലാം കാണാറായി. എല്ലാ ധർമങ്ങളും ഗുണക്രമങ്ങളും ബ്രഹ്മദേവനോർമ വന്നു. തുടർന്നദ്ദേഹം കാൻവാസിൽ ചിത്രംവരയ്ക്കുന്നതുപോലെ പ്രപഞ്ചഘടകങ്ങളെ സങ്കൽപ്പിച്ചുണ്ടാക്കി. നാനാസമാചാര സമാരംഭങ്ങളോടുകൂടി ഗന്ധർവ നഗരമെന്നതുപോലെ പ്രപഞ്ചം രൂപം കൊണ്ടു. പ്രജകൾ, സ്വർഗം, മോക്ഷം, ധർമം, അർഥം, കാമം എന്നിവയൊക്കെ നേടാനുള്ള വിവിധശാസ്ത്രങ്ങളും പ്രകടമായി. രാമാ, ഇങ്ങനെ ഇതാ ഈ കാണുന്ന സൃഷ്ടി നിലവിൽ വന്നു. വസന്തകാലത്തു പൂക്കൾ വിടരുന്നതുപോലെ ബ്രഹ്മാവെന്നറിയപ്പെടുന്ന പ്രപഞ്ച മനസ്സിന്റെ സ്വാഭാവിക വികാസമാണു സൃഷ്ടി.

അവരവരുടെ സങ്കൽപ്പങ്ങളിൽ നിന്നു രൂപം കൊള്ളുന്നവരാണ് ദേവന്മാരും അസുരന്മാരും മനുഷ്യരും പക്ഷിമൃഗവൃക്ഷലതാദികളും എല്ലാം. സങ്കൽപ്പം ശമിച്ചാൽ എണ്ണ വറ്റുന്ന ദീപം അണയുന്നതുപോലെ എല്ലാം തീരും. കൽപ്പന കൊണ്ടുമാത്രം പ്രദർശിപ്പിക്കപ്പെടുന്ന ഈ ജഗത്ത് വാസ്തവത്തിൽ ആകാശം പോലെ ശുദ്ധശൂന്യമാണ്. ബുദ്ധിമാനായ രാമാ ഈ ജഗത്ത് നീണ്ട ഒരു സ്വപ്നം മാത്രമാണെന്നു ചിന്തിച്ചറിയൂ. ഇവിടെ ഒന്നുമൊരിക്കലും ജനിക്കുന്നുമില്ല, മരിക്കുന്നുമില്ല, വാസ്തവമിതാണ്. ജനിക്കുന്നു മരിക്കുന്നു എന്നു തോന്നുന്നതൊക്കെ വെറും ഭ്രമം. ആശകളാകുന്ന പാമ്പുകൾ വെറുതേ ഇഴഞ്ഞു നടക്കുന്ന ഇടമാണ് ഈ സംസാരാഡംബരം. ഇതില്ലാത്തതാണെന്നറിഞ്ഞു ഇതിനോടു കൂറുപേക്ഷിക്കൂ; ഇതുള്ളതാണെന്നു കരുതി ബന്ധപ്പെടാതിരിക്കൂ. ഇന്ദ്രജാല തുല്യമായ ഗന്ധർവ നഗരത്തിൽ ഭൂഷിതനായാലെന്ത്? ദൂഷിതനായാലെന്ത്? അവിദ്യാംശങ്ങളായ ബന്ധുജനങ്ങളെക്കൊണ്ടു എന്തു സുഖദുഃഖാനുഭവങ്ങൾ? സമ്പത്തും പുത്രകളത്രാദിബന്ധങ്ങളും പെരുകിയാൽ ദുഃഖം സ്വാഭാവികം; ആരും ഇഷ്ടപ്പെട്ടിട്ടല്ല അതു സംഭവിക്കുന്നത്.

മോഹമായ വളർന്നാൽ ഏതു ചക്രവർത്തിയാണു ദുഃഖിക്കാത്തത്? അജ്ഞനായ മൂർഖനു ഏതേതു ലോകസുഖങ്ങളാണോ അനുഭവിക്കുംതോറും രാഗം വളരുന്നത് അതേ സുഖങ്ങൾ അനുഭവിക്കുംതോറും സത്യബോധമുള്ള പ്രാജ്ഞനു വിരക്തി വർധിപ്പിക്കുന്നു. അതുകൊണ്ടു രാമാ, തത്ത്വജ്ഞനായി ലോകകാര്യങ്ങളിലേർപ്പെടൂ. നഷ്ടമായതു നഷ്ടമായതു കൈവിടൂ; വന്നു ചേരുന്നത് അംഗീകരിക്കൂ. വന്നുചേരാത്ത ലോകഭോഗങ്ങളെ സ്വതേതന്നെ ആഗ്രഹിക്കാതിരിക്കൂ; വന്നുചേരുന്നവയെ തത്ത്വബോധത്തോടെ അനുഭവിക്കൂ; ഇതാണു പണ്ഡിതലക്ഷണം. ഒന്നിനെക്കുറിച്ചും ഇതെനിക്കു വേണമെന്ന ചിന്ത ആർക്കു മനസ്സിലുണ്ടാകുന്നില്ലയോ അയാളെ അവിദ്യ സ്പർശിക്കുന്നതേയില്ല. സാപേക്ഷങ്ങളായ ഉണ്മയുടെയും ഇല്ലായ്മയുടെയും മധ്യത്തിൽ നിരപേക്ഷമായ ഉണ്മയെ കണ്ടെത്തി അകത്തോ പുറത്തോ ദൃശ്യത്തെ സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാതെ

digitized by www.sreyas.in

ശാന്തി കണ്ടെത്തുന്നതാണു സത്യദർശനം. കർമം ചെയ്തുകഴിയുന്ന ജ്ഞാനി ഇച്ഛിക്കുന്നില്ല; ഇച്ഛിക്കാതിരിക്കുന്നുമില്ല. അദ്ദേഹത്തിന്റെ അനുഭവം വെള്ളത്തിൽ കിടക്കുന്ന താമരയില വെള്ളം പുരണ്ടു നനയാതിരിക്കുന്നതു പോലെ ഒന്നിനോടും പറ്റിപ്പിടിക്കുന്നില്ല. നിന്റെ മനസ്സ് ഇന്ദ്രിയാർഥങ്ങളിൽ ആസ്വദിക്കുന്നില്ലെന്നു വന്നാൽ നീ അറിയേണ്ടതറിഞ്ഞവനായി സംസാര സമുദ്രം തരണം ചെയ്തു എന്നു കരുതിക്കോളൂ. ഉന്നതമായ സത്യസ്ഥാന ത്തെത്താൻവേണ്ടി ബോധത്തെ ലോകവാസനയിൽനിന്നും പൂവിൽ നിന്നു മണത്തെയെന്ന പോലെ വേർപെടുത്തൂ. വാസനാജലം ഇളകിമറിയുന്ന ഈ സംസാരസമുദ്രത്തിൽ ആരാണോ വസ്തുബോധമെന്ന കപ്പലിൽ കയറി സഞ്ചരിക്കുന്നത് അവർ മറുകര കണ്ടെത്തുന്നു; അല്ലാത്തവർ ദുഃഖച്ചുഴി യിൽ താണുപോകുന്നു. സത്യം കണ്ട മഹാത്മാക്കൾ ലോകവ്യവഹാരത്തിൽ ഒന്നുമുപേക്ഷിക്കുന്നില്ല; ഒന്നും ആഗ്രഹിക്കുന്നുമില്ല. ഒരു നാടകത്തിലെന്ന തുപോലെ ചെയ്യേണ്ടതൊക്കെ ചെയ്യുന്നു. ശൂന്യത്തിൽ അവർ ഖേദിക്കു ന്നില്ല; ദേവോദ്യാനത്തിലവർ പുളകിതരാകുന്നുമില്ല. വന്നുചേരുന്നതിനെ കൈവെടിയുന്നുമില്ല; സൂര്യനെപ്പോലെ സദാ പ്രകാശിച്ചു വിളങ്ങുന്നു. വാല്മീകി പറഞ്ഞു: 'ഭരദ്വാജാ, സത്യനിഷ്ഠനായ വസിഷ്ഠന്റെ നിർമല വച നങ്ങൾ രാമനിൽ അഭൂതപൂർവമായ സന്തോഷമുളവാക്കി. മധുരമധുരമായ ജ്ഞാനാമൃതം പാനം ചെയ്തു രാമൻ പൂർണചന്ദ്രനെപ്പോലെ ശീതളനായി ഭവിച്ചു:

രാമൻ വീണ്ടും ചോദിച്ചു: 'മഹർഷേ, സൃഷ്ടി എക്കാലത്തും ഒരേ വിധ മാണോ; അതോ പലവിധത്തിലാണോ? ഇക്കാര്യം വ്യക്തമായറിഞ്ഞാൽ മായ യുടെ രൂപം കുറേക്കൂടി സ്പഷ്ടമാകും.'

വസിഷ്ഠൻ പറഞ്ഞു: ചിലപ്പോഴൊക്കെ ശിവനാണു സൃഷ്ടി നടത്തു ന്നത്; ചിലപ്പോൾ ബ്രഹ്മാവ്. ചിലപ്പോൾ വിഷ്ണു സൃഷ്ടികർമത്തി ലേർപ്പെടും; ചിലപ്പോൾ മുനിമാർ. ബ്രഹ്മാവ് തന്നെ ചിലപ്പോൾ താമരയിൽ നിന്നുണ്ടാവും; ചിലപ്പോൾ വെള്ളത്തിൽ നിന്ന്. ചിലപ്പോൾ അണ്ഡത്തിൽ നിന്ന്; ചിലപ്പോൾ ആകാശത്തു നിന്ന്. ചിലപ്പോൾ സൃഷ്ടിസമയത്തു ഭൂമി മരങ്ങളെകൊണ്ട് നിറഞ്ഞതായിരിക്കും; ചിലപ്പോൾ മണൽകൊണ്ടു നിറ ഞ്ഞത്; മറ്റു ചിലപ്പോൾ പാറകൾകൊണ്ടു നിറഞ്ഞത്, ചിലപ്പോൾ ഭൂമി സ്വർണമയമായിരിക്കും; ചിലപ്പോൾ മാംസമയി. ചിലപ്പോൾ ആകാശമായി രിക്കും ആദ്യം പ്രകടമാകുന്നത്; ചിലപ്പോൾ ഭൂമിയായിരിക്കും; മറ്റു ചില പ്പോൾ വെള്ളം. ഇനിയും ചിലപ്പോൾ തേജസായിരിക്കും ആദ്യം അനുഭവ പ്പെടുന്നത്; ചിലപ്പോൾ കാറ്റായിരിക്കും. ദൃഷ്ടാന്തത്തിനു വേണ്ടി ഞാൻ ഒരു ബ്രഹ്മാവിന്റെ സൃഷ്ടി നിന്നെ വിവരിച്ചു കേൾപ്പിച്ചുവെന്നേയുള്ളൂ. മായയുടെ സൃഷ്ടിസ്ഥിതി സംഹാരകാര്യങ്ങളിൽ അങ്ങനെ ഒരു നിയമവും ഉറപ്പിച്ചു പറയുകവയ്യ. മായ അങ്ങനെ യുക്തിക്കു വഴങ്ങുന്നവളല്ലെന്നു ഞാൻ നേരത്തേ വ്യക്തമാക്കിയിട്ടുണ്ടല്ലോ. പിന്നെ സൃഷ്ടിസ്ഥിതി സംഹാര ങ്ങൾക്കൊക്കെ ചിലർ ചില ക്രമങ്ങൾ പറയുന്നതോ? ഭ്രമത്തെ ക്രമപ്പെടുത്തി ജിജ്ഞാസുവിനെ സത്യത്തോടടുപ്പിക്കാനുള്ള ഉപായങ്ങൾ മാത്രം. അതൊന്നും തന്നെ അനിഷേധ്യങ്ങളായ വസ്തുവിവരണങ്ങളല്ല. കൃതയുഗം;

digitized by www.sreyas.in

ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിവയെല്ലാം ഭ്രമാവർതനങ്ങളാണ്. ജഗന്മായാ സ്വരൂപത്തെ വർണിക്കുന്നു എന്ന വ്യാജേന ഭ്രമാവർതനങ്ങളെ വിവരിക്കുന്നു എന്നേയുള്ളൂ.

സൃഷ്ടി വെറും ഭ്രമാവർതനമാണെന്നു കാണിക്കാൻ ഞാനൊരു കഥ പറയാം; കേട്ടോളൂ; ദാശൂരന്റെ കഥ. ഈ ഭൂമണ്ഡലത്തിൽ വിചിത്ര കുസുമങ്ങളും മരങ്ങളും കൊണ്ടു നിറഞ്ഞ മാഗധം എന്നു പേരുള്ള ഒരു ജനപദം ഉണ്ടായിരുന്നു. കടമ്പു വൃക്ഷങ്ങളും പനമരങ്ങളും കൊണ്ടു നിറഞ്ഞ കാടുകൾ, വിചിത്രങ്ങളായ പക്ഷിസമൂഹങ്ങൾ, ഇവകൊണ്ടൊക്കെ ആ രാജ്യം ആശ്ചര്യ മനോഹരം എന്നേ പറയേണ്ടൂ. അവിടെ ഒരു കുന്നിന്റെ താഴ്‌വാരത്തായി കൊന്നപ്പൂക്കൾ പരന്നു വിടർന്നു മനോഹരമായി, വാഴക്കൂട്ടങ്ങളും വേപ്പുമരങ്ങളും പച്ചിലക്കാടുകളും കൊണ്ടു നിറഞ്ഞ പ്രദേശത്ത് പരമ ധർമാത്മാവും മഹാ തപസ്വിയുമായ ഒരു മുനി പാർത്തിരുന്നു. ദാശൂരൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്; വിഖ്യാതനായ ശരലോമാവിന്റെ മകൻ. മറ്റൊരു ബ്രഹ്മാവിനെപ്പോലെ ശരലോമാവ് ആ ഗിരിതടത്തിൽ താമസിച്ചു പോന്നു. ദേവഗുരുവായ ബൃഹസ്പതിക്കു കചനെന്നപോലെ അദ്ദേഹത്തിന്റെ ഒരേ ഒരു മകനായിരുന്നു ദാശൂരൻ. ശരലോമാവു പുത്രനുമായി അവിടെ ചിരകാലം സുഖമായി കഴിഞ്ഞുകൂടി. ഒടുവിൽ ലോകസുഖാനുഭവമൊക്കെ കഴിഞ്ഞ് കൂടുവിട്ട പക്ഷി പോലെ പിതാവു ദേഹം വിട്ടു സ്വർഗം ഗമിച്ചു. ആ വനത്തിൽ ദാശൂരൻ തനിച്ചായി. പിതൃവിയോഗത്തിൽ ആർത്തനായ മുനി ഒരു ഞാറപ്പക്ഷിയെപ്പോലെ വാവിട്ടു കരഞ്ഞു. പിതൃവിയോഗ ദുഃഖം അദ്ദേഹത്തിന്റെ ഹൃദയത്തെ മഞ്ഞുകാലം താമരപ്പൂവിനെയെന്നപോലെ വാട്ടിവരട്ടി. യുവാവും ദീനാത്മാവുമായ ദാശൂരനെ അദൃശ്യശരീരിണിയായ ഒരു വനദേവത ഇങ്ങനെ സമാശ്വസിപ്പിച്ചു: 'ബുദ്ധിമാനായ അല്ലയോ മുനിപുത്രാ; അജ്ഞോരജ്ഞനെപ്പോലെ എന്തിനാണിങ്ങനെ കരയുന്നത്? ചഞ്ചലമായ ഈ സംസാരത്തിന്റെ സ്വരൂപം അങ്ങെന്തുകൊണ്ടു വിചാരം ചെയ്തറിയുന്നില്ല. എവിടെയും എപ്പോഴും ഈ സംസാരത്തിന്റെ സ്ഥിതി അത്യന്ത ചഞ്ചലമാണ്. ജനിക്കുന്നു ജീവിക്കുന്നു തുടർന്ന് നിശ്ചയമായും നശിക്കുന്നു. ഇതല്ലേ തടയാൻ കഴിയാത്ത ലോകസ്ഥിതി. ആ നിലയ്ക്ക് അച്ഛന്റെ മരണത്തിൽ അങ്ങെന്തിനാണിങ്ങനെ ദുഃഖിക്കുന്നത്. ഉദിച്ച സൂര്യന് അസ്തമയമെന്നതു സ്വാഭാവികമല്ലേ. ജനിച്ച ആളിന് അവശ്യം മരിച്ചല്ലേ തീരൂ.' കരഞ്ഞു കണ്ണുകൾ ചുവന്നിരുന്ന ദാശൂരൻ ഇങ്ങനെ അശരീരികേട്ട് ഇടിമുഴക്കം കേട്ട മയിലെന്നപോലെ ധൈര്യമവലംബിച്ചു. എണീറ്റ് അച്ഛന്റെ മരണാനന്തര ക്രിയകൾ നിർവഹിച്ചു. ഉത്തമസിദ്ധിക്കായി ദൃഢവ്രതത്തോടെ തപസ്സനുഷ്ഠിക്കുവാനും തീരുമാനിച്ചു.

ബ്രാഹ്മണ ചിത്തത്തോടെ തപസ്സാരംഭിച്ച അദ്ദേഹത്തിൽ ഒടുങ്ങാത്ത സങ്കൽപ്പങ്ങളോടുകൂടിയ വൈദികത്വം കടന്നുകൂടി. തപസ്സിനു ശുദ്ധമായ ഇടംവേണം, പരിശുദ്ധങ്ങളായ സാധനസാമഗ്രികൾ വേണം. ഇങ്ങനെ പോയി അദ്ദേഹത്തിന്റെ അനന്തസങ്കൽപ്പങ്ങൾ. വസ്തുബോധം വരാത്ത വൈദിക ബ്രാഹ്മണന്റെ മനസ്സ് അത്യന്ത പരിശുദ്ധമായ ഭൂപ്രദേശത്തിൽ പോലും വിശ്വാസം വരാതെ അസ്വസ്ഥമായി ഭവിച്ചു. സുവിശുദ്ധമായ ധരാതലം മുഴുവൻ അദ്ദേഹത്തിന് അശുദ്ധമായി തോന്നി. അയാളിങ്ങനെ മനസാ സങ്കൽപ്പിച്ചു. എനിക്കു തപസ്സിനു പറ്റിയ ശുദ്ധസ്ഥാനം മരക്കൊമ്പാണ്. അതുകൊ

digitized by www.sreyas.in

ണ്ടിനി ഞാൻ മരക്കൊമ്പുകളിലിരുന്നു ഉഗ്രമായ തപസ്സു ചെയ്യുന്നതാണ്. ഞാനൊരു പക്ഷിയെപ്പോലെ വൃക്ഷക്കൊമ്പുകളിലും ഇലകളിലും സ്ഥാന മുറപ്പിക്കുന്നുണ്ട്. അതിനുള്ള കഴിവുനേടാനായി ഹോമകുണ്ഡം ജ്വലിപ്പിച്ച് യജ്ഞമാരംഭിച്ചു. തോളിൽ നിന്നു മാംസം അറുത്തെടുത്തു ഹവിസ്സായി ഹോമിച്ചു. തുടർന്ന് തന്റെ മുഖത്തിൽ അർപ്പിക്കപ്പെടുന്ന ബ്രാഹ്മണമാംസ പിണ്ഡങ്ങളിലൂടെ ദേവന്മാരുടെ ഗളഭിത്തികൾ ഭസ്മീഭവിക്കാൻ ഇടയായി ക്കൂടാ എന്നു കരുതി സപ്തജ്വാലാമയനായ അഗ്നിദേവൻ അദ്ദേഹത്തിന്റെ മുൻപിൽ പ്രത്യക്ഷനായി. ദേവഗുരുവായ ബൃഹസ്പതിക്കു മുൻപിൽ ജ്വലി ച്ചുനിൽക്കുന്ന സൂര്യനെപ്പോലെ ദാശൂരന്റെ മുൻപിൽ തേജോമയനായെ ത്തിയ അഗ്നിദേവൻ അരുളിച്ചെയ്തു: 'ഹേ മുനികുമാരാ, ഞാൻ നിന്നിൽ പ്രസന്നനായിരിക്കുന്നു; ചെപ്പിലിരിക്കുന്ന രത്നമെന്ന പോലെ ഇഷ്ടമുള്ള വരം എന്നിൽനിന്നും ചോദിച്ചെടുത്തോളൂ' ഇങ്ങനെ പറഞ്ഞ അഗ്നിദേവനെ അർഘ്യപുഷ്പാദികൊണ്ടു പൂജിച്ചു സ്തുതിച്ചു ബ്രാഹ്മണകുമാരൻ പറഞ്ഞു: 'ഭഗവൻ പല തരം ജന്തുക്കളെക്കൊണ്ടു നിറഞ്ഞ ഈ ഭൂമണ്ഡല ത്തിൽ എനിക്കു തപസ്സിനു പറ്റിയ ഒരു സ്ഥലം കണ്ടെത്താൻ പറ്റുന്നില്ല. അതുകൊണ്ട് എനിക്കു വൃക്ഷാഗ്രങ്ങളിൽ യഥേച്ഛം സ്ഥിതി ചെയ്യാനുള്ള കഴിവുണ്ടാകണം?' മുനിപുത്രൻ ഇങ്ങനെ വരം ചോദിച്ചപ്പോൾ ദേവന്മാരുടെ മുഴുവൻ മുഖമായി വർത്തിക്കുന്ന അഗ്നിഭഗവാൻ 'അങ്ങനെയാകട്ടെ' എന്നു വരം നൽകിയശേഷം അവിടെത്തന്നെ അന്തർധാനം ചെയ്തു. സന്ധ്യാകാ ലമേഘം പോലെ അഗ്നിദേവൻ മറഞ്ഞു. ഉടൻതന്നെ കാടിന്റെ നടുക്ക് ആകാ ശംമുട്ടിനിന്ന; ഭൂമിക്കും ആകാശത്തിനുമിടയ്ക്കു വലിയ സ്തംഭം പോലെ വിരാജിച്ചു നിന്ന ഒരു കടമ്പുവൃക്ഷത്തിന്റെ മുകളിൽ മുനികുമാരൻ ആരൂ ഢനായി. അതിൽ തളിരുകളോടുകൂടി ആകാശം പറ്റിനിന്ന ഒരു കൊമ്പിൽ സംശയം കൂടാതെ ഇരിപ്പുറപ്പിച്ചു. തളിരുകൾ കൊണ്ടു മൃദുവായ ഒരിരിപ്പിട മുണ്ടാക്കി അതിലുറച്ചിരുന്നു കൊണ്ടു ആ മുനി ലീലാകൗതുകത്തോടെ ചുറ്റുപാടും ഒന്നു നോക്കി. നിരന്നൊഴുകുന്ന നദികളാകുന്ന മുത്തുമാലകള ണിഞ്ഞും പർവതശിഖരങ്ങളാകുന്ന സ്തനമുകുളങ്ങൾ കാട്ടിയും നീലാകാ ശമാകുന്ന കബരീഭാരം ചാർത്തിയും കാറ്റിലിളകുന്ന കാർമേഘങ്ങളാകുന്ന കുറുനിരകൾ ചലിപ്പിച്ചും ദിഗംഗനകൾ അദ്ദേഹത്തിന്റെ കണ്ണിനാനന്ദമരുളി. മനസ്സു ദിഗംഗനകളിൽ നിന്നു പ്രത്യാഹരിക്കപ്പെട്ടു; പദ്മാസനം ദൃഢമായി ബന്ധിച്ചു; വസ്തുവെന്തെന്നു പിടികിട്ടാതെ ക്രിയാമാത്രപരനായി ഫലാ കാംക്ഷയിൽ ഇരുണ്ടു കൂടിയ മനസ്സോടെ ദാശൂരൻ ഒരു മാനസികയജ്ഞം സമാരംഭിച്ചു. പത്തുവർഷം അയാൾ അങ്ങനെ മനസാദേവന്മാരെ ലക്ഷ്യമാ ക്കിയജിച്ചു. പശുമേധയജ്ഞം നരമേധയജ്ഞം അശ്വമേധയജ്ഞം എന്നി വയെല്ലാം വിപുലങ്ങളായ ദക്ഷിണകളും മറ്റും നൽകി മനസാ അയാൾ യജിച്ചു. കാലംകൊണ്ടു അയാളുടെ ചിത്തം ശുദ്ധീകരിക്കപ്പെട്ടു. ചിത്തപ്ര സാദമുളവാക്കുന്ന ജ്ഞാനം യാദൃച്ഛികമായി ഉള്ളിൽ കടന്നു വന്നു. വാസ നകൾ ഒഴിഞ്ഞുപോയി; അജ്ഞതയുടെ മൂടുപടം വിട്ടുമാറി.

ഒരു ദിവസം യാദൃച്ഛികമായി ആ കദംബലതയുടെ അഗ്രത്തിൽ പറ്റി നിന്ന വിശാലാക്ഷിയും ആലോലകുസുമാംബരയുമായ ഒരു വനദേവത അദ്ദേ ഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. തലകുനിച്ചു വണങ്ങി മുൻപിൽ നിന്ന ആ വനദേവതയോടു ദാശൂരൻ ചോദിച്ചു: 'സൗന്ദര്യംകൊണ്ടു മനസ്സിനെ കാമോ

digitized by www.sreyas.in

ന്മുഖമാക്കുന്ന അല്ലയോ സുന്ദരീ, നീയാരാണ്? ഈ ചോദ്യം കേട്ട് പേട മാൻകണ്ണിയും പീനപയോധരയും ഗൗരിയുമായ അവൾ മുനിയോടു മന സ്സിനെ ഹരിക്കത്തക്കവണ്ണം മധുരാക്ഷരമായി ഇങ്ങനെ പറഞ്ഞു: "ഭൂമണ്ഡ ലത്തിൽ നേടാൻ പ്രയാസമുള്ള ഏതാഗ്രഹവും മഹാന്മാരോടു യാചിച്ചാൽ സഫലമായിഭവിക്കുന്നു. അങ്ങയുടെ കടമ്പുവൃക്ഷം നിൽക്കുന്ന വൃക്ഷബ ഹുലമായ ഈകാട്ടിലെ വള്ളിക്കുടിലിൽ പാർത്തുപോരുന്ന ഒരു വനദേവത യാണു ഞാൻ. സ്വർഗോദ്യാനമായ നന്ദനവനത്തിൽ ചൈത്രമാസത്തിലെ വെളുത്ത പക്ഷത്തിൽ ത്രയോദശിയിൽ വനദേവതമാരുടെ ഒരു സമ്മേളനം നടന്നു. നാഥാ, ത്രിലോകസുന്ദരിമാർ ഒരുമിച്ചുകൂടിയ ആ സമ്മേളനത്തിൽ പങ്കുകൊള്ളാൻ ഞാനും പോയി. എന്റെ സഖിമാർ അവിടെ മദനോത്സവ ത്തിൽ ആടിപ്പാടി രസിക്കുന്നതു ഞാൻ കണ്ടു. പുത്രന്മാരുമൊരുമിച്ച് അവ രെല്ലാം ഉല്ലസിക്കുന്നതുകണ്ട് പുത്രനില്ലാത്ത എനിക്ക് അതിയായ വ്യസനം തോന്നി. കൽപ്പവൃക്ഷമെന്നപോലെ ഏതഭിലാഷവും നേടിത്തരാൻ കരു ത്തുള്ള അങ്ങിവിടെയുള്ളപ്പോൾ നാഥാ, പുത്രനില്ലാത്ത ഞാൻ ഒരനാഥയെ പ്പോലെ എന്തിനു ദുഃഖിക്കണം. ഭഗവൻ, എനിക്കൊരു പുത്രനെ പ്രദാനം ചെയ്യൂ; അല്ലെങ്കിൽ പുത്രദുഃഖതാപം ശമിപ്പിക്കാനായി ഞാൻ എന്നെ അഗ്നി ദേവനു ഭക്ഷണമാക്കിത്തീർക്കും. അവളിങ്ങനെ പറഞ്ഞപ്പോൾ ദാശൂരമുനി ഒന്നു ചിരിച്ചു; എന്നിട്ട് തന്റെ കൈയിലിരുന്ന ഒരുപൂവ് സ്നേഹദയാവായ്പോ ടുകൂടി അവൾക്കു കൊടുത്തിട്ടിങ്ങനെ പറഞ്ഞു: 'സുന്ദരീ, സന്തോഷമായി പൊയ്ക്കോളൂ. മനോഹരമായ ലതയ്ക്കു ഒരു പുഷ്പമെന്നപോലെ നിനക്കൊരു മകനുണ്ടാകും. പക്ഷെ വളരെ പണിപ്പെട്ടവൻ ജ്ഞാനം നേടിക്ക ഴിഞ്ഞാൽ പിന്നെ നിനക്കുപകരിക്കയില്ല, എന്തെന്നാൽ മരണാവേശത്തോ ടുകൂടിയാണു നീ പുത്രനുവേണ്ടി എന്നെ സമീപിച്ചത്.' ഇങ്ങനെ പറഞ്ഞു പ്രസന്നമുഖിയായ അവളെ മുനിപറഞ്ഞയച്ചു, പരിചരിക്കാനനുവദിക്കണ മെന്നൊക്കെ അവളപേക്ഷിച്ചെങ്കിലും മുനി വഴങ്ങിയില്ല; അവൾ പോയി. മുനി സ്വന്തം കാര്യത്തിൽ വ്യാപൃതനാവുകയും ചെയ്തു. ഋതുക്കൾ, സംവ ത്സരങ്ങൾ എന്നിങ്ങനെ കാലം കടന്നുപോയി. അങ്ങനെ ദീർഘകാലം കഴിഞ്ഞ് പന്ത്രണ്ടുവയസ്സുള്ള തന്റെ മകനെയും കൂട്ടി അവൾ ദാശൂരമുനി യുടെ അടുത്തെത്തി. ചന്ദ്രമുഖിയായ അവൾ മുനിയെ വണങ്ങി അദ്ദേഹ ത്തിന്റെ മുൻപിൽ ഇരുന്നു. തേന്മാവിനോടു പെൺവണ്ടെന്നപോലെ മൃദു സ്വരത്തിൽ മുനിയോടു പറഞ്ഞു: 'ഭഗവൻ, ഈ മംഗളകുമാരൻ നമ്മുടെ രണ്ടുപേരുടെയും മകനാണ്. ഞാൻ എല്ലാകലകളും അവനെ പഠിപ്പിച്ചു സമർഥനാക്കിയിട്ടുണ്ട്. പ്രഭോ, ശുഭമായ സത്യബോധം മാത്രം അവനുണ്ടാ യിട്ടില്ല അതുനിമിത്തം ഈ സംസാരയന്ത്രത്തിൽ അവൻ വല്ലാതെ പരിഭ്രാ ന്തനാണ്. ഇവനിനി അങ്ങുതന്നെ ജ്ഞാനമുപദേശിക്കണം.' തുടർന്നു മുനി പുത്രനെ ശിഷ്യനാക്കി ഉപദേശിച്ചുകൊള്ളാമെന്നേറ്റു. മകനെ ആശ്രമത്തിൽ വിട്ടിട്ടു വനദേവത മടങ്ങി. അവൾ പോയിക്കഴിഞ്ഞു മുനി പുത്രനെ ശിഷ്യ നായി അംഗീകരിച്ചു; സൂര്യന്റെ മുൻപിൽ അരുണനെന്നപോലെ പിതാവിനെ ഉപചരിച്ചു മകൻ ജ്ഞാനം ഉൾക്കൊള്ളാൻ തുടങ്ങി. അച്ഛൻ വിചിത്രങ്ങ ളായ കഥാകഥനങ്ങളിൽ കൂടി മകനു ജ്ഞാനോപദേശം ആരംഭിച്ചു. കുറേ ക്കാലം അനേകം ആഖ്യാനങ്ങളിലൂടെയും പ്രത്യേകമായി സങ്കൽപ്പിച്ചുണ്ടാ ക്കിയ ദൃഷ്ടാന്തങ്ങളിലൂടെയും മകനു പിതാവു ജ്ഞാനം പകർന്നുകൊ

digitized by www.sreyas.in

ടുത്തു. പലതരം ഇതിഹാസവൃത്താന്തങ്ങൾ, വേദവേദാന്ത നിശ്ചയങ്ങൾ എല്ലാം സാവകാശം ദിവസേന ക്രമമനുസരിച്ചു വിസ്തരിച്ചു കേൾപ്പിച്ചു.

വസിഷ്ഠൻ പറഞ്ഞു: 'രാമാ ഞാനൊരിക്കൽ ഗംഗാസ്നാനത്തിനായി ഋഷി മാർ സഞ്ചരിക്കുന്ന മാർഗത്തിലൂടെ ആകാശം വഴി പോവുകയായിരുന്നു. മുനിമാരുടെ കൂട്ടത്തിൽ നിന്നും പുറപ്പെട്ട് ആകാശം വഴി ഞാൻ രാത്രി ദാശൂരമുനിയിരിക്കുന്ന കടമ്പു വൃക്ഷത്തിന്റെ മുകളിൽ എത്തി. അപ്പോൾ താമര മൊട്ടിനകത്തുള്ള വാസസ്ഥാനത്തു നിന്നു വണ്ടിന്റെ മധുരധ്വനിപോലെ വൃക്ഷശാഖകളുടെ ഇടയിൽ നിന്നും ദാശൂരന്റെ ഉപദേശവാക്കു കേൾക്കാനിടയായി.

ദാശൂരൻ മകനോടു പറഞ്ഞു: 'മഹാബുദ്ധിമാനായ മകനേ കേട്ടോളൂ. സത്യവസ്തുവിന്റെ സമസ്ഥിതി വെളിപ്പെടുത്തിത്തരാനായി ഞാൻ ആശ്ചര്യകരമായ ഒരു കഥ പറയാം. മൂന്നുലോകത്തും വിഖ്യാതനായി പരാക്രമശാലിയായ ഒരു രാജാവുണ്ട്. സ്വോത്ഥൻ എന്നാണദ്ദേഹത്തിന്റെ നാമധേയം. ജഗത്തിനെ ആക്രമിച്ചു കീഴടക്കുന്നതിൽ അതിസമർഥൻ. അദ്ദേഹത്തിന്റെ ആജ്ഞ ലോകത്തെ പ്രമുഖരെല്ലാം ശിരോരത്നമെന്നപോലെ ശിരസാവഹിക്കുന്നു. സാഹസങ്ങളിൽ വിഹരിക്കാനാണദ്ദേഹത്തിനു കൗതുകം. ആശ്ചര്യപ്രദങ്ങളാണദ്ദേഹത്തിന്റെ വിഹാരരീതികൾ. ആർക്കും അദ്ദേഹത്തെ വശീകരിക്കാനേ സാധ്യമല്ല. അദ്ദേഹം ആയിരമായിരം കാര്യങ്ങൾ തുടങ്ങിവയ്ക്കും. സുഖവും ദുഃഖവും പ്രദാനം ചെയ്യുന്നവയാണവയൊക്കെ. സമുദ്രത്തിലെ തിരകളെ എണ്ണാൻ കഴിയാത്തതുപോലെ അദ്ദേഹത്തിന്റെ കാര്യപരിപാടികളും എണ്ണിതിട്ടപ്പെടുത്താനേ സാധ്യമല്ല. വീരനായ അദ്ദേഹത്തിന്റെ വീര്യം ആയുധങ്ങളെയോ അഗ്നിയെയോ ഒന്നും ആശ്രയിച്ചല്ല. അവിചാരിതമായി അദ്ദേഹം ഒരിടത്തു കയറിച്ചെല്ലും. പല വിചിത്രരൂപങ്ങളും ഉണ്ടാക്കിത്തീർക്കുന്ന അദ്ദേഹത്തിന്റെ അനന്ത കാര്യപരിപാടികൾ ഇന്ദ്രനോ വിഷ്ണുവിനോ ശിവനോ ആർക്കും അൽപ്പം പോലും അനുകരിക്കാൻ സാധ്യമല്ല. ജഗത്തിലെങ്ങും നിറഞ്ഞു നിന്നു ഭരണം നടത്തുന്ന ഉത്തമാധമമധ്യമങ്ങളായ മൂന്നുദേഹങ്ങൾ അദ്ദേഹത്തിനുണ്ട്. ത്രിദേഹനായിട്ടാണു ജനനം; അനന്തമായ ആകാശത്തിലാണു ജനനം; അവിടെത്തന്നെയാണു നിലയുറപ്പിച്ചിരിക്കുന്നതും; പക്ഷിയെപ്പോലെ അവിടെത്തന്നെയാണു ഓടിനടപ്പും. ആകാശത്തിൽ തന്നെ ആദിയും അന്തവും കാണാനില്ലാത്ത ഒരു നഗരവും അദ്ദേഹം നിർമിച്ചു. ആ നഗരം മൂന്നുഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു; പതിനാലു രാജവീഥികളാണതിലുള്ളത്. വനോപവനങ്ങളെക്കൊണ്ടു നിറഞ്ഞതാണാനഗരം. ക്രീഡാപർവതങ്ങൾ കൊണ്ടു മനോഹരം, മുക്താലതകൾകൊണ്ടു തിളങ്ങുന്നത്; ഏഴു കുളങ്ങൾകൊണ്ടലംകൃതം; തണുപ്പും ചൂടും തരുന്ന രണ്ടു ദീപങ്ങളെക്കൊണ്ടു തേജോമയം. സ്വോത്ഥരാജാവ് ആ നഗരത്തിൽ സദാ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. തനിക്കു സഞ്ചരിക്കാനായി മനോഹരങ്ങളായ അനേകം അന്തഃപുരങ്ങൾ തീർത്തിട്ടുണ്ട്; ചിലതു മുകളിൽ, ചിലതു താഴെ, ചിലതു മധ്യത്തിൽ. കറുത്ത പുല്ലുകൊണ്ടുള്ള മൂടുപടം അവയ്ക്കെല്ലാമുണ്ട്; അതുപോലെ ഓരോന്നിനും ഒൻപതു വാതിലുകളും. എപ്പോഴും വായുസഞ്ചാരമുള്ള അനേകം ജനാലകളും. അയ്യഞ്ചു വിളക്കുകൾ അവയിൽ സദാ പ്രകാശം പരത്തുന്നു. മുമ്മൂന്നു തൂണുകളിലാണവ പടുത്തുയർത്തിയിരിക്കുന്നത്. വെളുത്ത മരം കൊണ്ടുള്ള

digitized by www.sreyas.in

മേൽക്കൂരകൾ; മാർദവമുള്ള ആലേപങ്ങൾ കൊണ്ടു പൊതിഞ്ഞിരിക്കുന്നു; അനേകം ഇടനാഴികൾ കൊണ്ടു സഞ്ചാരയോഗ്യമാക്കപ്പെട്ടിരിക്കുന്നു. മഹാത്മാവായ ആ രാജാവു തന്റെ ഇന്ദ്രജാലശക്തികൊണ്ടു നിർമിച്ചവയാണീ അന്തഃപുരങ്ങൾ. വലിയ യക്ഷന്മാരാണതിന്റെ രക്ഷിതാക്കൾ, വെളിച്ചം കാണുന്നതവർക്കു ഭയമാണ്. ഈ ഓരോ അന്തഃപുരത്തിലും കടന്നുചെന്ന് ആ രാജാവ് കൂടുകളിൽ പക്ഷിയെന്നപോലെ ചാഞ്ചാടിക്കളിക്കുന്നു. അല്ലയോ മകനേ, ഈ രാജാവു മൂന്നു ശരീരങ്ങളോടും കൂടി അന്തഃപുരങ്ങളിൽ കടന്നു രക്ഷിതാക്കളായ യക്ഷന്മാരുമായി ലീലാവിലാസങ്ങളിലേർപ്പെട്ടിട്ട് അവിടെ നിന്നും ഇറങ്ങിപ്പോകുന്നു. ചഞ്ചലചിത്തനായ ആ രാജാവിനു ചിലപ്പോഴൊക്കെ പുതിയ പുരങ്ങൾ നിർമിച്ചു താമസിക്കണമെന്നാഗ്രഹം തോന്നുന്നു. കുഞ്ഞേ, ഭൂതാവേശം കൊണ്ടവനെപ്പോലെ പഴയ അന്തഃപുരത്തിൽ നിന്നും ഇറങ്ങി ഓടുന്നു. ഗന്ധർവപത്തനംപോലെ നിർമിക്കപ്പെടുന്ന പുതിയ അന്തഃപുരത്തിൽ ചെന്നു കയറുന്നു. ഭ്രാന്തചേതസ്സായ ആ രാജാവിനു ചിലപ്പോൾ സ്വയം നശിച്ചു കളയാമെന്നാഗ്രഹം തോന്നുന്നു; അങ്ങനെ നശിക്കുന്നു. സമുദ്രത്തിലെ തിര പോലെ അതിവേഗം വീണ്ടും സ്വയം പൊന്തിവരുന്നു. അനന്തപരിപാടികളുമായി വീണ്ടും പലതരം വ്യവഹാരങ്ങളിലേർപ്പെടുന്നു. ചിലപ്പോൾ നാനാതരം കാര്യങ്ങൾ നടത്തിയിട്ടു തനിയേ ഇരുന്നു ദുഃഖിക്കുന്നു. ഞാനെന്താണീ ചെയ്യുന്നത്, എനിക്കൊരറിവുമില്ല, ഞാൻ ദുഃഖിതനാണ് എന്നിങ്ങനെ വ്യാകുലപ്പെടുന്നു. ചിലപ്പോൾ സ്വയമിരുന്നു സന്തോഷിച്ചു സന്തോഷിച്ചു തടിച്ചുകൊഴുക്കുന്നു. കുടിക്കുന്നു, നടക്കുന്നു, ചുറ്റിത്തിരിയുന്നു, പെരുകുന്നു, മനോഹരരൂപം ധരിച്ചു പ്രകടമാകുന്നു, പ്രകാശിക്കുന്നു; മകനേ, മഹാമഹിമശാലിയായ ആ രാജാവ് മഹാസമുദ്രത്തെപ്പോലെ സദാ കാറ്റുതട്ടി ഇളകി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഇത്രയുമായപ്പോൾ ജംബുദ്വീപിൽ ആ അർധരാത്രി സമയത്ത് മകൻ കടമ്പു വൃക്ഷത്തിന്റെ ഇലയിൽ ഉറച്ചിരിക്കുന്ന പിതാവിനോട് ശുദ്ധഹൃദയനായി ഇങ്ങനെ ചോദിച്ചു: 'പിതാവേ, വിഖ്യാതനും ഉത്തമാകൃതിയുമായ സ്വോത്ഥനെന്ന ഈ രാജാവാരാണ്? അങ്ങീപറഞ്ഞതൊക്കെ എന്തിനെ സൂചിപ്പിക്കുന്നു. അവയുടെ തത്ത്വം എനിക്കു വ്യക്തമായി പറഞ്ഞുതരൂ.'

ദാശൂരൻ പറഞ്ഞു: 'മകനേ, ഞാൻ പറഞ്ഞതിന്റെ തത്ത്വം നിനക്കു വെളിപ്പെടുത്തിത്തരാം. കേട്ടോളൂ. ഇതു കേട്ടാൽ ഈ സംസാരചക്രത്തിന്റെ ഉള്ളുകള്ളിയെല്ലാം തെളിയും. ഇല്ലാതെ ഉണ്ടെന്നു തോന്നി തുടർന്നുകൊണ്ടിരിക്കുന്നതും ശുദ്ധശൂന്യമായി സർവത്ര പരന്നു കാണുന്നതുമായ ഈ സംസാരസംസ്ഥിതി തന്നെയാണു നിനക്കു ഞാൻ വിവരിച്ചു തന്നത്. പരമസത്യമായ ബോധാകാശത്തിൽ രൂപംകൊള്ളുന്ന സങ്കൽപ്പം തന്നെയാണു സ്വോത്ഥനെന്ന രാജാവ്. സ്വയം പൊന്തി വരുന്നു; സ്വയം ലയിക്കുന്നു. അതുകൊണ്ടാണു സ്വോത്ഥനെന്നു പേരിട്ടത്. ഈ പ്രപഞ്ചകോലാഹലം മുഴുവൻ സങ്കൽപ്പമാണെന്നറിയൂ. സങ്കൽപ്പമുണ്ടോ പ്രപഞ്ചകോലാഹലം; സങ്കൽപ്പം നശിച്ചോ പ്രപഞ്ചകോലാഹലം നശിച്ചു; ഇതല്ലേ നിയമം. ബ്രഹ്മാവ്, വിഷ്ണു, ശിവൻ തുടങ്ങിയവരെല്ലാം സങ്കൽപ്പത്തിന്റെ അംശങ്ങൾ തന്നെയാണ്. ശൂന്യമായ ആകാശത്തിൽ സങ്കൽപ്പം ഉണ്ടാക്കിക്കാണിക്കുന്നതാണ് പ്രപഞ്ചനഗരം. സങ്കൽപ്പപ്രതിഭാസം വളർന്നു പരന്നു വിശ്വമനസ്സായി കട്ടിപിടിക്കുന്ന

digitized by www.sreyas.in

താണു ബ്രഹ്മാവ്. അവിടെയാണു ലോകാലോകങ്ങൾ പതിന്നാലും രൂപം കൊള്ളുന്നത്. വനങ്ങളും ഉപവനങ്ങളുമാണ് പ്രപഞ്ചനഗരത്തിലെ ഉദ്യാന പരമ്പര. സഹ്യൻ, ഹിമവാൻ, മന്ദരം, മേരു തുടങ്ങിയ പർവതങ്ങളാണതിലെ ക്രീഡാശൈലങ്ങൾ. തണുപ്പും ചൂടും നൽകുന്ന രണ്ടു വിളക്കുകൾ ചന്ദ്രനും സൂര്യനുമാണ്, കൊടുങ്കാറ്റിൽ പോലും അവ അണയുന്നില്ല. സൂര്യരശ്മികൾ തട്ടിത്തിളങ്ങുന്ന കല്ലോലമണിമുത്തുകൾ കോർത്തിണക്കിയ നദികളാണു മുത്തുമാലകൾ. കരിമ്പിൻനീര് പാൽ മുതലായവകൊണ്ടു നിറഞ്ഞവയും മണിരത്നപൂർണങ്ങളും ബഡവാഗ്നികളാകുന്ന താമരകളോടുകൂടിയവയുമായ സപ്തസമുദ്രങ്ങളാണ് ഏഴുകുളങ്ങൾ. ഈ പ്രപഞ്ച നഗരത്തിൽ സങ്കൽപ്പരാജാവ് തനിക്കു കേറിനടന്നുല്ലസിക്കാനായി തീർത്ത വിചിത്രങ്ങളായ അന്തഃപുരങ്ങൾ ദേഹങ്ങൾ തന്നെയാണ്. ദേവശരീരങ്ങളെന്നറിയപ്പെടുന്നവ മുകളിൽ തീർത്തിട്ടുള്ള അന്തഃപുരങ്ങളാണ്. മനുഷ്യദേഹങ്ങൾ, നാഗദേഹങ്ങൾ തുടങ്ങിയവ മധ്യത്തും താഴെയുമായി തീർത്തിട്ടുള്ള അന്തഃപുരങ്ങൾ. പ്രാണയന്ത്ര പ്രവാഹത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന ഇവ മാംസമാകുന്ന മണ്ണുകൊണ്ടു തീർക്കപ്പെട്ടവയാണല്ലോ. വാതപിത്തകഫങ്ങളെന്ന മൂന്നു തൂണുകളിലാണവ നിൽക്കുന്നത്. അതുപോലെ എല്ലുകളാകുന്ന വെള്ളത്തടികളാണിവയുടെ മേൽക്കൂര; മൃദു ചർമമാണ് മൃദുവായ ആലേപനം. കേശഭാരമാണു കറുത്ത മൂടുപടങ്ങൾ. രണ്ടു ചെവി, രണ്ടു കണ്ണ്, വായ്, ജനനേന്ദ്രിയദ്വാരം, വിസർജനേന്ദ്രിയദ്വാരം എന്നിവയാണൊൻപതു വാതിലുകൾ. കർണനാസാദ്വാരങ്ങൾ തന്നെയാണു വായുസഞ്ചാരമുള്ള ജനലുകൾ. കൈകാൽ തുടങ്ങിയവയാണു ഇടനാഴികൾ. പഞ്ചജ്ഞാനേന്ദ്രിയങ്ങളാണ് അഞ്ചുവിളക്കുകൾ. സങ്കൽപ്പമായയിൽ വാർത്തെടുത്തവയാണിവയെല്ലാം. സത്യം കാണാൻ ഭയക്കുന്ന അഹങ്കാരമഹായക്ഷന്മാരാണ് ഈ അന്തഃപുരങ്ങളുടെ രക്ഷകന്മാർ. ഈ ദേഹാന്തഃപുരങ്ങളിൽ ഇല്ലായ്മയിൽ നിന്നു രൂപംകൊണ്ട അഹങ്കാരയക്ഷന്മാരുമൊത്തു സങ്കൽപ്പരാജാവു കളിച്ചുല്ലസിക്കുന്നു. സങ്കൽപ്പരാജാവ് ക്ഷണംകൊണ്ടു ജ്വലിക്കുന്നു, ക്ഷണംകൊണ്ട് അണയുന്നു; ഒരു ദീപം പോലെ. ദേഹാന്തഃപുരങ്ങളിൽ സങ്കൽപ്പതരംഗങ്ങൾ സമുദ്രത്തിലെന്നപോലെ പൊന്തുന്നു, മറയുന്നു. ഭാവിശരീരങ്ങളാകുന്ന പുരങ്ങളിൽ അതിവേഗം എത്തിച്ചേരുന്നു. സങ്കൽപ്പം കൊണ്ടു ദൃശ്യം ക്ഷണത്തിൽ അനുഭവപ്പെടുന്നു; സങ്കൽപ്പം പോകുന്നതോടെ ദൃശ്യവും മറയുന്നു. ഈ സങ്കൽപ്പരാജാവ് ഒടുങ്ങാത്ത ആത്മദുഃഖം അനുഭവിക്കാനായി അനന്തമായ ജഗത്പ്രതിഭാസത്തെയുണ്ടാക്കുന്നു; ഒരിക്കലും ആനന്ദിക്കാനാണെന്നുപറയുക വയ്യ. കൂരിരുട്ടിലെന്നപോലെ ജഗത്തിനെ ഇല്ലായ്മയിൽ വിലയിപ്പിക്കുന്നു; വീണ്ടുമുണ്ടാക്കി ദുഃഖം ജനിപ്പിക്കുന്ന സ്വചേഷ്ടകളിൽപെട്ടു വാവിട്ടുകരയുന്നു; സങ്കൽപ്പിതമായ സുഖലേശങ്ങൾ അനുഭവിച്ചു മുന്നേറുന്നു. അധമം, ഉത്തമം, മധ്യമം എന്നു മൂന്നുതരം ദേഹങ്ങളാണു സങ്കൽപ്പരാജാവിനുള്ളത്. തമോദേഹം, സത്വദേഹം, രജോദേഹം എന്നിവയാണല്ലോ ജഗത്തിനെ നിലനിറുത്തുന്ന അധമോത്തമ മധ്യമദേഹങ്ങൾ. നിരന്തരമായ പ്രാകൃതചേഷ്ടകൊണ്ടാണു തമോരൂപമായ സങ്കൽപ്പം ഉദയം ചെയ്യുന്നത്. തമോരൂപമായ സങ്കൽപ്പം അതിരറ്റ അജ്ഞാനാന്ധകാരത്തിലൂടെ കൃമികീടാദിദേഹങ്ങൾക്കു രൂപംകൊടുക്കുന്നു. ധർമജ്ഞാനതൽപ്പരമാകുന്ന സങ്കൽപ്പമാണു സത്വഗുണസങ്കൽപ്പം. കേവലസത്യത്തോടു തൊട്ടടുത്തു സാമ്രാജ്യം പോലെ വിളങ്ങിനിൽക്കുന്നതാണു സത്വസങ്കൽപ്പം.

digitized by www.sreyas.in

സദാലൗകികസുഖങ്ങളിൽ വ്യാപരിക്കുന്ന സങ്കൽപ്പമാണു രജോഗുണസങ്കൽപ്പം. അത് ഈ സംസാരത്തിൽ ഭർതൃപുത്രദാരാദി സംഗമബദ്ധമായി കഴിഞ്ഞുകൂടുന്നു. ഈ മൂന്നു കാര്യങ്ങളും ഉപേക്ഷിക്കുന്ന സങ്കൽപ്പം സ്വയം ലയിച്ചു സത്യപദത്തിലെത്തിച്ചേരുന്നു. എല്ലാ സങ്കൽപ്പദൃഷ്ടികളും പരിത്യജിച്ച് മനസ്സിനെ മനസാ നിയമനം ചെയ്തു പുറമേയും അകമേയും സങ്കൽപ്പങ്ങളെ ക്ഷയിപ്പിക്കൂ. മകനേ, നീ പാതാളത്തിലോ ഭൂമിയിലോ സ്വർഗത്തിലോ ഇരുന്നു ആയിരമായിരം വർഷം അതിദാരുണമായ തപസ്സനുഷ്ഠിച്ചാലും സങ്കൽപ്പം ഉപശമിക്കാതെ പരമപദപ്രാപ്തി സാധ്യമാകയില്ല. വിട്ടുപോകാത്തതും വികാരപ്പെട്ടു മാറിപ്പോകാത്തതും പവിത്രവുമായ ആനന്ദമനുഭവിക്കണമെന്നുണ്ടെങ്കിൽ പൗരുഷത്തോടുകൂടിയുള്ള പ്രയത്നത്തിലൂടെ വിഷയസങ്കൽപ്പങ്ങളെ ഒഴിച്ചുമാറ്റാൻ തയാറാകൂ. സങ്കൽപ്പമാകുന്ന തന്തുവിലാണു എല്ലാ ലൗകികഭാവങ്ങളും കോർക്കപ്പെട്ടിരിക്കുന്നത്. ആ നൂലു മുറിച്ചെറിഞ്ഞാൽ എങ്ങെന്നില്ലാതെ ലൗകികഭാവങ്ങളൊക്കെ ഓടി ഒളിക്കും. വിഷയസങ്കൽപ്പമില്ലാതെ സത്യസങ്കൽപ്പത്തോടു കൂടി വന്നുചേരുന്ന ലോകകാര്യങ്ങളിൽ യഥായോഗ്യം വ്യവഹരിക്കൂ. വിഷയസങ്കൽപ്പങ്ങൾ ഉപേക്ഷിക്കപ്പെട്ടാൽ ബോധം പിന്നെ ഭേദചിന്തകളിൽപെട്ടുഴലുകയേ ഇല്ല. അദ്വൈത ബോധം മാത്രമേ നിലവിലുള്ളൂ എന്നു ബുദ്ധിക്കുറപ്പുവരുത്തൂ. എന്നിട്ടു നാനാത്വസങ്കൽപ്പങ്ങളെ ശക്തിപൂർവം പുറംതള്ളൂ. അദ്വൈത ബ്രഹ്മപദത്തിൽ മനസ്സിനെ പിടിച്ചുനിറുത്തൂ. ചിത്തവൃത്തികളെ തടഞ്ഞ് അനന്തസുഖമനുഭവിക്കൂ.

ഇത്രയും കേട്ടു ദാശൂരപുത്രൻ അച്ഛനോടു ചോദിച്ചു. 'പിതാവേ, ഈ സങ്കൽപ്പം എപ്രകാരമുള്ളതാണ്; എങ്ങനെ രൂപം കൊള്ളുന്നു; എങ്ങനെ പെരുകുന്നു; എങ്ങനെ നശിക്കുന്നു?'

ദാശൂരൻ മറുപടി നൽകി: ആത്മതത്വം അനന്തവും സർവത്ര അനുഭവസ്വരൂപവുമായ ഉണ്മയോടുകൂടി വിളങ്ങുന്ന സത്യമാണ്. അതിനു സ്വരൂപാനുഭവം വിട്ടു ബഹിർമുഖത്വം വന്നുചേരുന്നതാണു സങ്കൽപ്പത്തിന്റെ മുളപ്പ്. അതുതന്നെയാണു സകലരിലും 'ഞാൻ, ഞാൻ' എന്ന ഭാവം. അൽപ്പമായി അതു തലപൊക്കിയിട്ടു തുടർന്നു പതുക്കെപ്പതുക്കെ കട്ടിപിടിക്കുന്നു. മേഘം ആദ്യം ലേശമായി രൂപം കൊണ്ടിട്ട് ആകാശം നിറഞ്ഞുകട്ടിപിടിക്കുന്നതുപോലെ ഈ 'ഞാൻ' ജഡദൃശ്യാനുഭവത്തിനായി ബോധതത്ത്വത്തിൽ നിറഞ്ഞുതടിച്ചു കട്ടിപിടിക്കുന്നു. ബോധത്തിൽ പുറത്തേക്കു തലപൊക്കിനിന്നു 'ഞാൻ' വേറെയാണെന്നു ഭാവന ചെയ്ത് വിത്തുമുളച്ചു വിടരുന്നതുപോലെ സങ്കൽപ്പഭേദങ്ങളെ അംഗീകരിക്കുന്നു.

82. സങ്കൽപ്പനം ഹി സങ്കൽപ്പഃ സ്വയമേവപ്രജായതേ
വർധതേസ്വത ഏവാശു ദുഃഖായനസുഖായതു.

സങ്കൽപ്പനം ഹിസങ്കൽപ്പഃ-സങ്കൽപ്പിക്കൽ തന്നെയാണു സങ്കൽപ്പം; സ്വയം ഏവ പ്രജായതേ-അതു സ്വയം തന്നെ രൂപം കൊള്ളുന്നു; ആശുസ്വതഏവവർധതേ- അതിവേഗം സ്വയം തന്നെ പെരുകുന്നു; ദുഃഖായതു- ദുഃഖിക്കാനായി തന്നെ; ന സുഖായ-ഒരിക്കലും സുഖിക്കാനായിട്ടല്ല.

സങ്കൽപ്പിക്കൽ തന്നെയാണു സങ്കൽപ്പം. അതു സ്വയം തന്നെ രൂപം കൊള്ളുന്നു; അതിവേഗം സ്വയം തന്നെ പെരുകുന്നു. ദുഃഖിക്കാനായിത്തന്നെ; ഒരിക്കലും സുഖിക്കാനായിട്ടല്ല.

digitized by www.sreyas.in

## സങ്കൽപ്പനം ഹി സങ്കൽപ്പഃ

പ്രപഞ്ചം എത്ര വലുതും ആശ്ചര്യകരവും ആയിക്കൊള്ളട്ടെ. ഒരു വ്യക്തിയുടെ പ്രപഞ്ചാനുഭവത്തിന്റെ കേന്ദ്രം വ്യക്തി ശരീരത്തിനുള്ളിൽ വ്യക്തമായി സ്ഫുരിക്കുന്ന 'ഞാൻ' എന്ന ബോധാംശമാണെന്നു കണ്ടെത്താൻ അൽപ്പം ചിന്താശക്തിയുള്ള ഒരു കുട്ടിക്കുപോലും കഴിയും. 'ഞാൻ' ഇല്ലയോ പിന്നെ ആർക്കും ഒരു പ്രപഞ്ചവുമില്ല. ഒരു വ്യക്തിയുടെ ഈശ്വരഭാവന പോലും ഈ 'ഞാനി'നെ ആശ്രയിച്ചുണ്ടാകുന്നതാണെന്നു കാണേണ്ടതാണ്. 'ഞാനെ'ന്ന അനുഭവമോ 'ഞാൻ' എന്നുള്ള ശബ്ദം ഉള്ളിലുച്ചരിച്ചു സ്വയം രൂപം കൊള്ളുന്ന സങ്കൽപ്പത്തിന്റെ ഫലമാണ്. 'ഞാൻ' എന്നു സങ്കൽപ്പിക്കാതെ ആർക്കും 'ഞാൻ' എന്ന അനുഭവം ഉണ്ടാകുന്നതല്ല. മറ്റൊന്നിന്റെയും സഹായമില്ലാതെ സ്വയം ഉണ്മ അനുഭവപ്പെടുന്ന അനുഭവമാണു ഞാനിന്റേത്. സ്വയം ഉണ്മ അനുഭവിക്കാൻ കഴിവുള്ള ഒരേ ഒരു വസ്തു ബോധമാണല്ലോ. 'ഞാൻ' എന്ന സങ്കൽപ്പത്തിൽ ജഡാംശമായ ശബ്ദത്തിന്റെ ലേശം സ്മരണമുണ്ടെങ്കിലും ബോധത്തിന്റെ ആദ്യത്തെ പ്രകടരൂപമായതുകൊണ്ടാണു സ്വയം ഉണ്മ അനുഭവരൂപമായി വിളങ്ങുന്നത്. ബോധപൂർവം 'ഞാൻ' എന്ന സങ്കൽപം ശമിക്കുമെങ്കിൽ അഖണ്ഡവും നിശ്ചലവും ആനന്ദസ്വരൂപവുമായ ശുദ്ധബോധാനുഭവം തെളിയും. കഴിവുണ്ടെങ്കിൽ ഇതാർക്കു വേണോ പരീക്ഷിച്ചു നോക്കാവുന്നതാണ്. അപ്പോൾ അഖണ്ഡബോധസ്വരൂപമായ ബ്രഹ്മത്തിൽ ആദ്യമുണ്ടാകുന്ന സങ്കൽപ്പാനുഭവമാണു 'ഞാൻ'. ഈ സങ്കൽപ്പാനുഭവം എങ്ങനെയുണ്ടായി? അതു സ്പഷ്ടമല്ലേ; 'ഞാൻ' എന്ന സങ്കൽപ്പിക്കൽ ഞാനെന്ന സങ്കൽപ്പാനുഭവത്തെയുണ്ടാക്കി. ആരു സങ്കൽപ്പിച്ചു? 'ഞാൻ' എന്ന സങ്കൽപ്പം സ്വയം സങ്കൽപ്പിച്ചു. ഇങ്ങനെ അഖണ്ഡ വസ്തുവിൽ നിന്നും സ്വയം സങ്കൽപ്പിച്ചു രൂപം കൊള്ളുന്ന 'ഞാനാ'ണു പിന്നെ നാനാതരത്തിലുള്ള എല്ലാ ലോകസങ്കൽപ്പങ്ങൾക്കും രൂപം കൊടുക്കുന്നത്. അങ്ങനെ അതു സ്വയം പെരുകുന്നു. ഈ ഞാൻ സങ്കൽപ്പത്തിനു കട്ടിപിടിച്ചു മനസ്സായും ജഡശരീരമായും പെരുകുന്നു. എന്റെ മനസ്സ് എന്റെ ശരീരം എന്നിങ്ങനെ മമതാ ബന്ധവും സങ്കൽപ്പിച്ചുണ്ടാക്കുന്നു. ബാഹ്യവിഷയങ്ങളുമായി ബന്ധപ്പെടുന്നതോടെ സങ്കൽപ്പങ്ങൾ ശാഖോപശാഖമായി അനന്തമായി പെരുകുന്നു. ദേശം, കാലം, ഭാഷ, ജാതി, മതം, സമ്പത്ത്, സ്ഥാനമാനങ്ങൾ, കീർത്തി ഇങ്ങനെ പോകുന്നു എണ്ണമറ്റ സങ്കൽപ്പഭേദങ്ങളുടെ ഉറവിടങ്ങൾ. ഈ സങ്കൽപ്പഭേദങ്ങളെല്ലാം 'ഞാൻ' എന്ന ആദ്യസങ്കൽപ്പത്തിന്റെ സ്വയം പെരുകലാണെന്നു തീർച്ചയാണല്ലോ. 'ഞാൻ' എന്ന കേന്ദ്രത്തിനു ചുറ്റും കറങ്ങിത്തിരിയുന്നവയാണു എല്ലാ സങ്കൽപ്പങ്ങളും. 'ഞാൻ' എന്ന കേന്ദ്രമില്ലയോ ഒന്നുമില്ല. സങ്കൽപ്പങ്ങളുടെ എണ്ണം കൂടുന്തോറും മനസ്സ് ഏകാഗ്രത നഷ്ടപ്പെട്ട് അത്യന്ത ചഞ്ചലമാകും. മനസ്സിന്റെ ചഞ്ചലത സുഖം നഷ്ടപ്പെടുത്തുമെന്നു നിശ്ചയമല്ലേ. അപ്പോൾ സങ്കൽപ്പങ്ങൾ കൂടുന്നതു സുഖിക്കാനല്ല ദുഃഖിക്കാനാണെന്നു തീർച്ച. ഇതിനൊരേ ഒരു പരിഹാരമാർഗമേയുള്ളൂ. 'ഞാൻ' എന്ന ആദ്യസങ്കൽപ്പം തന്റെ ഉറവിടമായ അഖണ്ഡ ബോധത്തെ തിരിഞ്ഞു നോക്കി തിരിച്ചറിയണം. തുടർന്നു ഞാനുൾപ്പെടെ എല്ല സങ്കൽപ്പങ്ങളും അതിലെ വെറും ഭാവനാവിലാസങ്ങളാണെന്നു കാണണം. അങ്ങനെ എല്ലാ സങ്കൽപ്പങ്ങളിലും അവയുളവാക്കുന്ന ദൃശ്യാനുഭവങ്ങളിലും ബോധരൂപമായ ഏക വസ്തുവിനെ നിശ്ചയി

digitized by www.sreyas.in

ച്ചുറപ്പിക്കണം. ഇതാണു ഗീത പറയുന്ന 'വ്യവസായാത്മികാബുദ്ധി.' വസ്തു നിശ്ചയം വന്ന ബുദ്ധിയാണു വ്യവസായാത്മികാബുദ്ധി. ഇതു തന്നെയാണു ബ്രഹ്മബുദ്ധി. ശരീരം നിരന്തരം കർമത്തിലേർപ്പെട്ടിരിക്കുമ്പോഴും ഒരാൾക്കീ ബ്രഹ്മബുദ്ധി വിചാരം ചെയ്തഭ്യസിച്ചുറപ്പിക്കാവുന്നതാണ്. ഈ ഏകാഗ്ര ബുദ്ധി ഉള്ളിൽ അതിരറ്റ സുഖത്തിന്റെ കവാടം തുറക്കും. നിശ്ചയം വരാത്ത ബുദ്ധി ബഹുശാഖമായി അനന്തമായി ചലിച്ചുകൊണ്ടിരിക്കും. അങ്ങനെ എന്തൊക്കെ നേടിയാലും അനന്തദുഃഖത്തിന് വഴിതെളിക്കും.

ദാശുരൻ തുടർന്നു: 'ഹേ പുത്രാ', വെറുതേ അതുമിതും സങ്കൽപ്പിക്കാതിരിക്കൂ; ശാന്തമായ നിലനിൽപ്പിനു സങ്കൽപ്പങ്ങൾ തടസ്സമാണ്. സങ്കൽപ്പങ്ങളെ കൈവിടുന്നതുകൊണ്ടുതന്നെ നീ ദിവ്യമായ സത്യസ്ഥിതി കൈവരിക്കും. സങ്കൽപ്പത്തെ ഒഴിച്ചുമാറ്റുന്നതിനു വലിയ യത്നമൊന്നും ആവശ്യമില്ല. ഭാവന ചെയ്യാതിരുന്നാൽ മാത്രം ഈ സങ്കൽപ്പം ജയിക്കപ്പെടും.

83. സുമനഃ കുസുമാമർദേ കിംചിദ്വ്യഗതികരോഭവേത്
സുസാധ്യാ ഭാവമാത്രേണ നതുസംങ്കൽപ്പനാശനേ.

മുല്ലപ്പൂവിനെ ഞെരുക്കിയമർത്തുന്നതിനു ചിലപ്പോൾ അൽപ്പം യത്നം വേണ്ടിവന്നേയ്ക്കാം. എളുപ്പം സാധിക്കാവുന്ന ഭാവനാഭാവംകൊണ്ടു സങ്കൽപ്പത്തെ ജയിക്കാൻ അത്രപോലും യത്നം ആവശ്യമില്ലല്ലോ. സങ്കൽപ്പം കൊണ്ടു സങ്കൽപ്പത്തെ, മനസ്സുകൊണ്ടു മനസ്സിനെ മുറിച്ചെറിഞ്ഞു, നീ ശുദ്ധബോധസ്വരൂപനായി വർത്തിക്കൂ; ഇതിനെന്താണിത്ര പ്രയാസം? ആകാശം ശൂന്യമായിരിക്കുന്നതുപോലെ ജഗത്തും ശൂന്യമാണ്. ഇല്ലാത്ത സങ്കൽപ്പം കൊണ്ട് ഉണ്ടെന്നു തോന്നുന്നവയാണ് രണ്ടും. നെല്ലിന്റെ ഉമി, പിത്തളയുടെ അഴുക്ക് ഇവയൊക്കെ പ്രത്യേക കർമങ്ങൾകൊണ്ടു മാറ്റാൻ കഴിയുന്നില്ലേ. അതുപോലെ ബോധസ്വരൂപനായ ജീവന്റെ അഴുക്കും വസ്തുവിചാരം കൊണ്ടു മാറ്റാവുന്നതേയുള്ളു. നെല്ലിനു ഉമിയെന്നപോലെ ജീവനും അഴുക്കു സ്വാഭാവികം തന്നെ. പക്ഷേ അതു മാറ്റാവുന്നതേയുള്ളു. സംശയമേ വേണ്ട; അതിനായി പ്രയത്നമാരംഭിക്കൂ. എനിക്കു വിഭവസമൃദ്ധമായ ഭൗതിക സുഖവിലാസങ്ങൾ വന്നു ചേരണം എന്ന ഭ്രമഭാവന നിനക്കുണ്ടാകാതിരിക്കട്ടെ. നീയും നീ വേണമെന്നു ഭ്രമിക്കുന്ന ഈ അനന്തവിലാസങ്ങളും എല്ലാം ഒരേ ചിദാത്മതത്ത്വം തന്നെയാണെന്നു ഭാവനചെയ്തുറപ്പിക്കൂ.

വസിഷ്ഠൻ പറഞ്ഞു: 'ഹേ രഘുകുലാകാശ ശശാങ്കനായ രാമാ; അച്ഛന്റെയും മകന്റെയും സാരനിർഭരമായ സംഭാഷണംകേട്ട് ആ കടമ്പുമരത്തിന്റെ പൂക്കളും ഇലകളും നിറഞ്ഞ ശാഖാഗ്രത്തിലേയ്ക്കു ഞാനും കടന്നുചെന്നു. ഞാനെത്തിയതുകണ്ടു ദാശുരൻ വിസ്തൃതമായ ഒരിലയിൽ പൂജാദ്രവ്യങ്ങളുമെടുത്ത് എന്നെ പൂജിക്കാനെത്തി. ഞങ്ങൾ അന്യോന്യം വിചിത്രങ്ങളായ കഥാകഥനങ്ങളിലേർപ്പെട്ടു. പ്രിയപ്പെട്ട പതിപത്നിമാർക്കെന്നപോലെ രാത്രി മുഹൂർത്തമായി കടന്നുപോയി. ഞാൻ ദാശൂരനെ അവിടെവിട്ടിട്ട് ഗംഗയിൽ കുളിക്കാനായി പോയി. രാമാ, നിന്നെ ഞാൻ ദാശൂര കഥ കേൾപ്പിച്ചുവല്ലോ. ദാശൂരകഥപോലെയാണീ ജഗത്തെന്നുവിചാരം ചെയ്തു ധരിച്ചാലും.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ സ്ഥിതിപ്രകരണേ*
*ദാശൂരാഖ്യാനം നാമ*
*ചതുർഥഃ സർഗഃ*

digitized by www.sreyas.in

സർഗം 5

# ഉപദേശാഖ്യാനം

വസിഷ്ഠൻ തുടർന്നു: 'ഹേ രാമാ, അന്തമില്ലാത്ത കാലഗതിയിൽ നൂറു സംവത്സരം എത്ര നിസ്സാരം. മനുഷ്യായുസ്സത്രയല്ലേയുള്ളൂ. അതിൽ ഒടുങ്ങാത്ത ആശ വച്ചിട്ടെന്തുനേടാനാണ്? വെറും ഭാവനാമയിയായ ആശയെ ഉള്ളിൽ നിന്ന് പുറത്താക്കിയാൽ പിന്നെ നീയാരായിരിക്കുമോ ആ രൂപത്തിൽ ഒരു നാടകത്തിലെന്നപോലെ ഈ പ്രപഞ്ചത്തിൽ വിഹരിക്കൂ. ഇച്ഛിക്കാതെ തന്നെ രത്നത്തിൽ നിന്നും പ്രകാശം പരക്കുന്നില്ലേ. അതുപോലെയാണ് ബോധസ്വരൂപനായ പരമാത്മദേവനിൽ നിന്നും ജഗത്തു രൂപം കൊള്ളുന്നത്. അതുകൊണ്ടു ആത്മാവിൽ കർതൃത്വവും അകർതൃത്വവും ഒരുപോലെ സ്ഥിതിചെയ്യുന്നു. ആഗ്രഹമില്ലാത്തതുകൊണ്ട് ആത്മാവ് അകർത്താവാണ്. ആത്മസന്നിധിയിൽ ഇതൊക്കെ സംഭവിക്കുന്നതുകൊണ്ടു ആത്മാവ് കർത്താവുമാണ്. അപ്പോൾ പുണ്യാത്മാവായ രാമാ, ആത്മാവിൽ കർതൃത്വവും അകർതൃത്വവും രണ്ടുമുണ്ട്. ഏതിലാണു സുഖം തോന്നുന്നതെന്നുവച്ചാൽ അതിനെ ആശ്രയിച്ചു സ്ഥിരത കൈവരിക്കൂ. എല്ലായിടത്തും ഞാൻ അകർതാവാണ് എന്ന് ദൃഢമായി ഭാവന ചെയ്തുറപ്പിച്ചാൽ വന്നുചേരുന്ന കർമങ്ങൾ ചെയ്തുകൊണ്ടിരുന്നാലും ബദ്ധനായി ഭവിക്കുന്നില്ല. കർമവാസന അൽപ്പമെങ്കിലുമുള്ളപ്പോൾ കർമം ചെയ്യാതിരിക്കുന്നതു ചിത്തത്തിനു നീരസമായി ഭവിക്കും. അതുകൊണ്ടു കർമം ചെയ്യുമ്പോഴും വസ്തുഭാവനയോടുകൂടി ഞാൻ കർത്താവല്ല എന്ന ബുദ്ധിദൃഢമായുറപ്പിക്കൂ. അപ്പോൾ ശമമെന്നു പേരുള്ള അമൃത തുല്യമായ സമത ഉള്ളിൽ തെളിഞ്ഞുകിട്ടും. ഇനി ഈ ലോകകർമങ്ങളെല്ലാം ഞാൻ തന്നെയാണു ചെയ്യുന്നത് എന്ന മഹാകർതൃത്ത്വം അംഗീകരിക്കാൻ കഴിയുമെങ്കിൽ രാമാ, അതും ഉത്തമമായ സുഖത്തിനു വഴിയൊരുക്കും. ജഗത്സംബന്ധിയായ ഈ മുഴുവൻ ഇന്ദ്രജാലവും ഞാൻ തന്നെയാണു നടത്തുന്നത് എന്ന ഭാവന ഉറച്ചാലും പിന്നെ രാഗദ്വേഷങ്ങൾക്കു വഴിയില്ലല്ലോ. രണ്ടാമതൊരാളുണ്ടെങ്കിലല്ലേ രാഗദ്വേഷങ്ങൾക്കു പ്രസക്തിയുള്ളൂ. രാഗദ്വേഷങ്ങളകന്നാൽ ചിത്തം പ്രസന്നമാകും; ഇതല്ലേ നിയമം. ഈ ശരീരം അന്യരാൽ ലാളിക്കപ്പെടുന്നു; അന്യരാൽ ദ്രോഹിക്കപ്പെടുന്നു എന്ന ചിന്തകളെല്ലാം ബോധസ്വരൂപനായ എന്റെ തന്നെ ലീലാവിലാസങ്ങളല്ലേ എന്നു ചിന്തിച്ചാൽ പിന്നെ ലൗകികങ്ങളായ സുഖദുഃഖങ്ങൾക്കു പ്രസക്തിയെവിടെ? എന്റെ തന്നെ സുഖദുഃഖരൂപത്തിൽ പെരുകിക്കാണപ്പെടുന്ന ഈ പ്രപഞ്ചത്തിൽ തുടക്കത്തിനും ഒടുക്കത്തിനുമൊക്കെ കർത്താവു ഞാൻ തന്നെയാണെങ്കിൽ എനിക്ക് വിശേഷിച്ച് സുഖദുഃഖങ്ങൾക്കു പ്രസക്തിയെവിടെ? എല്ലാ സുഖദുഃഖവിലാസങ്ങൾക്കും താൻ തന്നെ കർത്താവെന്നുവന്നാൽ പ്രത്യേക സുഖദുഃഖ സങ്കൽപ്പങ്ങൾ വിലയിക്കും; പ്രസാദരൂപമായ ചിത്തത്തിന്റെ സമത്വം അവശേഷിക്കുകയും ചെയ്യും. ഇതു തന്നെയാണാത്മസ്ഥിതി. സകലഭാവങ്ങളിലും ചിത്തത്തിനു സമത്വം വന്നുചേരുന്നതാണു സത്യസ്ഥിതി. ഇതുണ്ടായാൽ അതോടെ ചിത്തത്തിന്റെ ജനനമരണഭ്രമം അവസാനിക്കും. അല്ലെങ്കിൽ രാമാ, സർവകർതൃത്വവും അകർതൃത്വവും എല്ലാം മനസ്സിൽനിന്നും ഒഴിച്ചുമാറ്റി മനസ്സിനെ കുടിച്ചുവറ്റിച്ചിട്ട് നീ എന്തായിനില്ക്കുമോ അതായിനിൽക്കൂ.

digitized by www.sreyas.in

84. അയംസോഹമയം നാഹം കരോമീദമിദംതുന
ഇതിഭാവാനുസന്ധാനമയീദൃഷ്ടിർനതുഷ്ടയേ.

ഞാനിവനാണ്, ഞാനിവനല്ല, ഞാൻ ഇതുചെയ്യുന്നു, ഇതു ചെയ്യുന്നില്ല എന്നിങ്ങനെ പ്രത്യേക ഭാവനകളെ പിൻതുടരുന്ന കാഴ്ച്ചപ്പാട് മനസ്സിനൊരിക്കലും സന്തോഷം പ്രദാനം ചെയ്യുകയില്ല. ഈ ഭാവനാദൃഷ്ടിയാണ് മനുഷ്യനെ കാലസൂത്രം, മഹാവീചി, അസിപത്രം തുടങ്ങിയ നരകങ്ങളിൽ കൊണ്ടുചെന്നെത്തിക്കുന്നത്. ജഡദേഹത്തിൽ മമത വളർത്തുന്ന ദൃഷ്ടിയാണിത്. ഞാൻ ജഡമാണെന്നുറച്ചുപോയാൽ നരകമല്ലാതെ മറ്റെന്തനുഭവിക്കാനാണ്? സർവനാശം സംഭവിക്കുമെന്നു വന്നാലും എങ്ങനെയും ഈ ജഡദൃഷ്ടി ഉപേക്ഷിക്കപ്പെടേണ്ടതാണ്. ചണ്ഡാലി പട്ടിമാംസം ഭക്ഷിക്കുന്നതു പോലെ ഒരു സത്യാന്വേഷി ഒരിക്കലും ഈ ദൃഷ്ടിയിൽ അകപ്പെട്ടു പോകാൻ പാടില്ല. ജ്ഞാനനേത്രത്തിനു വന്നുചേരുന്ന തിമിരരോഗമാണീ ഭാവന. ഇതൊഴിച്ചുമാറ്റുന്നയാൾക്ക് മേഘമൊഴിഞ്ഞുമാറി ചന്ദ്രിക പോലെ ജ്ഞാനദൃഷ്ടി തെളിയാനിടവരുന്നു. അതു തെളിഞ്ഞാൽ രാമാ, ഈ സംസാര സമുദ്രം എളുപ്പം കടക്കാൻ പറ്റും. ഞാൻ കർത്താവല്ല ഞാൻ അതുംഇതും ഒന്നുമല്ല എന്നിങ്ങനെ സ്പഷ്ടമായി അനുഭവിച്ചുകൊണ്ടോ അഥവാ ഞാൻ എല്ലാറ്റിനും കർത്താവാണ് എല്ലാമാണ് എന്നനുഭവിച്ചു കൊണ്ടോ അഥവാ ഞാനാരോ ആണ്, എന്നാൽ ആരുമല്ല എന്നുറപ്പിച്ചു കൊണ്ടോ സർവ ശ്രേഷ്ഠമായ സത്യാനുഭവസ്ഥാനത്തെത്തിച്ചേരൂ, രാമാ. മഹാന്മാരായ സത്യദർശികൾ ഉത്തമമായ ഈ സ്വരൂപാനുഭവപദം നല്ല പോലെ അറിയുന്നവരാണ്.

ഹേ രാമാ, വാസനാബദ്ധമാണു ബന്ധം, വാസനാക്ഷയമാണ് മോക്ഷം. അതുകൊണ്ടു നീ രാഗദ്വേഷവാസന വെടിഞ്ഞ് മോക്ഷം വേണമെന്ന ആഗ്രഹവും കൈവെടിയൂ. അതുതന്നെയാണു സത്യാനുഭവം. ആദ്യം വിഷയസുഖാനുഭവത്തിനായുള്ള മനോവാസനകൾ വെടിഞ്ഞു മൈത്രി, കരുണ മുതലായ ശുഭവാസനകൾ അംഗീകരിക്കണം. ഒടുവിൽ അവയും ഉപേക്ഷിക്കണം; മൈത്രിയും കരുണയുമൊക്കെയുള്ളതുപോലെ ലോകരംഗത്തു വർത്തിച്ചാലും ഉള്ളിൽനിന്നും എല്ലാത്തരം പ്രത്യേക സ്നേഹങ്ങളും പുറംതള്ളണം. അവയുടെ സ്ഥാനത്ത് 'സർവം ചിന്മയം' എന്ന ചിദ്വാസന ഉറപ്പിക്കണം. ഒടുവിൽ മനസ്സ്, ബുദ്ധി എന്നീ അന്തഃകരണധർമങ്ങളോടൊപ്പം ചിദ്വാസനയും വെടിഞ്ഞ് പൂർണസമാധാനപദവിയിൽ എത്തിനിൽക്കണം. ഏതു ചിദ്വാസനകൊണ്ടാണോ മറ്റുള്ളവയെ ഒഴിച്ചുമാറ്റിയത് ആ ചിദ്വാസനയേയും കൈവിടണം. അതായതു വാസനാഭ്യാസം കൂടാതെതന്നെ ബോധാനുഭവം സഹജമാകണമെന്നു താൽപ്പര്യം. ഇതു ചിത്ത്, ഇതു മനസ്സ്, ഇതു പ്രകാശം, ഇതിരുട്ട്, ഇതു വാസന, ഇതു വാസിതാവ് എന്നിങ്ങനെയുള്ള വേർതിരിവുകളെല്ലാം പ്രാണസ്പന്ദനത്തോടൊപ്പം സമൂലം പരിത്യജിച്ച് ആകാശംപോലെ സൗമ്യനും പ്രശാന്തബുദ്ധിയുമായിത്തീരുമ്പോൾ നീ ആരായിരിക്കുമോ യഥാർഥത്തിൽ അതാണു നീയെന്നു ധരിച്ചോളൂ. ആ നിലതന്നെയാണ് അഖണ്ഡവും ശുദ്ധവുമായ ബ്രഹ്മാനുഭവം.

85. ഹൃദയാത്സംപരിത്യജ്യസർവമേവമഹാമതേ
യസ്തിഷ്ഠതിഗതവ്യഗ്രഃ സമുക്തഃ പരമേശ്വരഃ

മഹാബുദ്ധിശാലിയായ രാമാ, ഉള്ളിൽ എല്ലാം തന്നെ പരിത്യജിച്ചിട്ട്

digitized by www.sreyas.in

ആരാണോ ലേശംപോലും വ്യാകുലത കൂടാതെ സ്ഥിതിചെയ്യുന്നത് അദ്ദേഹമാണു മുക്തൻ; അദ്ദേഹം തന്നെയാണു പരമേശ്വരൻ. അദ്ദേഹം സമാധിയിൽ മുഴുകിയിരിക്കട്ടെ, കർമങ്ങൾ ചെയ്യട്ടെ, ചെയ്യാതിരിക്കട്ടെ; ഉള്ളിൽ ഒന്നിനോടും താൽപ്പര്യമില്ല; അതുകൊണ്ടാശുദ്ധബോധഹൃദയൻ മുക്തൻ തന്നെയാണ്. കർമം ചെയ്യാതിരിക്കുന്നതുകൊണ്ടദ്ദേഹത്തിനു വിശേഷിച്ചൊരു പ്രയോജനവുമില്ല; കർമം ചെയ്യുന്നതുകൊണ്ടു വിശേഷിച്ചൊന്നും കിട്ടാനുമില്ല. വാസന തീരെ വിട്ടുപോയ ചിത്തത്തോടുകൂടിയ അദ്ദേഹത്തിന് സമാധികൊണ്ടോ ജപംകൊണ്ടോ ഒന്നും ഒന്നും നേടാനില്ല.

86. വിചാരിതമലംശാസ്ത്രം ചിരമുദ്ഗ്രാഹിതംമിഥഃ
സംത്യക്തവാസനാന്മൗനാദൃതേനാസ്ത്യുത്തമംപദം.

ശാസ്ത്രം വേണ്ടുവോളം വിചാരം ചെയ്തു. ചിരകാലം പരസ്പരം ചർച്ച ചെയ്തു. വാസന മുഴുവൻ വെടിഞ്ഞ് ആന്തരമായ മൗനം നേടുന്നതിൽ കവിഞ്ഞ് ഉത്തമമായ മറ്റൊരു സ്ഥാനവും നേടാനില്ല. പത്തു ദിക്കിലും ചുറ്റി നടന്നു കാണേണ്ടതൊക്കെ കണ്ടു. വസ്തുതത്ത്വം വേണ്ടപോലെ ഗ്രഹിച്ചിട്ടുള്ളവർ വിരലിൽ എണ്ണാവുന്നവർമാത്രം. വലിയവലിയ ലോകകാര്യങ്ങളിൽ നിരതരായിക്കഴിയുന്നവരുണ്ട്; ജനങ്ങളെ സമുദ്ധരിക്കാൻ പാടുപെടുന്നവരുണ്ട്; എല്ലാവരും ദേഹത്തിനുവേണ്ടി യത്നിക്കുന്നവരാണ്; ആത്മലാഭത്തിനായി യത്നിക്കുന്നവർ വളരെ അപൂർവം. ഭൂമിയിലായാലും പാതാളത്തിലായാലും സർവത്ര പഞ്ചഭൂതജഡങ്ങളല്ലാതെ ബാഹ്യപ്രപഞ്ചത്തിൽ മറ്റെന്തുണ്ട്? ആറാമതൊന്നും കാണ്മാനില്ല; അപ്പോൾ ഒരു ധീരൻ എവിടെയാണ് സുഖം കണ്ടെത്തേണ്ടത്?

87. യുക്ത്യാവൈചരതസ്തസ്യ സംസാരോഗോഷ്പദാകൃതിഃ
ദൂരസംത്യക്തയുക്തേസ്തു മഹാവർത്താർണവോപമഃ

വസ്തുവിചാരംചെയ്തു യുക്തിപൂർവം തത്ത്വമറിയുന്ന ധീരന് ഈ സംസാരം ഒരു പശുവിൻ കുളമ്പടിപോലെ നിസ്സാരം. യുക്തിവിചാരം ചെയ്തു തത്ത്വമറിയാത്ത മൂഢന് ഈ സംസാരം വലിയ ചുഴികൾ കൊണ്ടുനിറഞ്ഞ ഒരു മഹാസമുദ്രം. എങ്ങനെയാണു യുക്തിവിചാരം? അന്വയവ്യതിരേകയുക്തിയിൽ കൂടി എന്തുണ്ടെങ്കിൽ ഈ ജഗത്തുണ്ട് എന്നകാര്യം കണ്ടെത്തുന്നതാണു യുക്തിവിചാരം. ബോധമുണ്ടോ ജഗത്തുണ്ട് ഇതാണന്വയയുക്തി; ബോധമില്ലേ ജഗത്തില്ല; ഇതാണു വ്യതിരേകയുക്തി. അതുകൊണ്ടു ജഗത്തായിക്കാണപ്പെടുന്നതൊക്കെ ബോധം തന്നെ. ബോധം മാത്രം വസ്തു; പലതുകാണുന്നതൊക്കെ ബോധത്തിന്റെതന്നെ രൂപഭേദങ്ങൾ. ഈ സത്യം ഉറപ്പുവന്ന ധീരന്റെ ഹൃദയം അദ്വൈതവസ്ത്വനുഭവത്തിലൂടെ രാഗദ്വേഷങ്ങളകന്നു ആനന്ദാനുഭവത്തിൽ മുഴുകും. പുറമേ കാണുന്ന ജഗത്ഭാവങ്ങളൊന്നും അദ്ദേഹത്തിന്റെ മനസ്സിനെ ആകർഷിക്കുന്നില്ല. നാഗരികാംഗനമാരുമായി രമിക്കുന്ന ഒരാളിനെ ഒരു കുഗ്രാമ ലലന ആകർഷിക്കാത്തതുപോലെ.

88. സ്ഫാര ബ്രഹ്മാമലാംഭോധേഃ ഫേനാഃസർവേകുലാചലാഃ
ചിദാദിത്യമഹാതേജോ മൃഗതൃഷ്ണാജഗച്ഛ്രിയഃ

അനാദിയും അനന്തവും അഖണ്ഡബോധസ്വരൂപവുമായ ബ്രഹ്മസമുദ്രത്തിലെ വെറും പതകൾമാത്രമാണു കുലപർവതങ്ങൾ. ബോധാദിത്യ മഹാതേജസ്സിന്റെ പ്രഭ തട്ടിയുണ്ടാകുന്ന കാനൽജലമാണു ജഗത്തിലെ ഐശ്വര്യങ്ങളെല്ലാം. ഇക്കാര്യത്തിൽ വ്യക്തമായ വസ്തുബോധംവന്ന ധീരന്മാരാ

digitized by www.sreyas.in

യിരുന്നു നമ്മുടെ പൂർവ്വജന്മാരായ പല രാജർഷിമാരും. ബൃഹസ്പതി പുത്രനായിരുന്ന കചന്റെ അനുഭവസമ്പന്നമായ ഒരു ഗാഥ അദ്ദേഹം പാടിയിട്ടുള്ളതു ഞാൻ നിന്നെ കേൾപ്പിക്കാം. ഒരു ദിവസം കചൻ അത്യാനന്ദത്തോടെ സമാധിയിൽ നിന്നുണർന്നു. എന്നിട്ട് ഏകാന്തത്തിൽ തൊണ്ടയിടറി ഇങ്ങനെ പറഞ്ഞു: 'ഞാനെന്തു ചെയ്യാനാണ്, എവിടെ പോകാനാണ്, എന്തെടുക്കാനാണ്, എന്തുപേക്ഷിക്കാനാണ്. കൽപ്പകാല പ്രളയജലമെന്നപോലെ' ജഗത്തു മുഴുവൻ ഒരേ ഒരാനന്ദബോധസമുദ്രത്താൽ നിറയ്ക്കപ്പെട്ടിരിക്കുന്നു. ദേഹത്തിൽ അകത്തും പുറത്തും താഴെയും മുകളിലും ബോധമയനായ ആത്മാവ് നിറഞ്ഞു നിൽക്കുന്നു. ഇവിടെ ആത്മാവ്, അവിടെ ആത്മാവ്; ആത്മാവില്ലാത്ത ഒരിടവുമില്ല. ഞാനില്ലാത്ത ഒന്നുമില്ല; എന്നിലല്ലാതെ മറ്റൊന്നുമില്ല. ഞാനിനി എന്താഗ്രഹിക്കാനാണ്; സർവം ബോധമയം; ഇതാണു കചഗാഥ.

അല്ലയോ രാമാ, ഈ ലോകത്ത് ആരൊക്കെയാണോ വസ്തുവിചാരം ചെയ്തു തത്ത്വാനുഭവത്തോടുകൂടി മഹാഗുണവാന്മാരായി ജീവിക്കുന്നത് അവർ ആകാശത്തിൽ ചന്ദ്രന്മാരെപ്പോലെ സദാ സന്തുഷ്ടരായി തെളിഞ്ഞു വിരാജിക്കുന്നു. സ്വർണത്താമര രാത്രിയിൽ കൂമ്പിപ്പോകാതിരിക്കുന്നതു പോലെ ആപത്തിൽ അവർ വാടിപ്പോകുന്നില്ല. ന്യായമായി വന്നുചേരുന്നതിൽ കവിഞ്ഞൊന്നും അവരാഗ്രഹിക്കുന്നില്ല. സജ്ജന മാർഗത്തിൽ നിന്നു വ്യതിചലിക്കുന്നില്ല. ചലിക്കാത്ത സമുദ്രം പോലെ അവരുടെ ചിത്തം സദാ സംതൃപ്തമായി ചന്ദ്രികാശീതളമായി പൂർണമായി വിലസുന്നു. ചന്ദ്രൻ ശൈത്യമുപേക്ഷിക്കാത്തതുപോലെ ആപത്തിലും അവർ ഹൃദയത്തിന്റെ പൂർണത കൈവെടിയുന്നില്ല. മൈത്രി, കരുണ തുടങ്ങിയ ഗുണങ്ങളോടെ പ്രകാശിക്കുന്ന അവരുടെ ആകൃതിക്കും ഒരിക്കലും മങ്ങലേൽക്കുന്നില്ല. സമന്മാർ, സമരസന്മാർ, സൗമ്യന്മാർ, സദാ സജ്ജനമാർഗത്തിൽ ചരിക്കുന്നവർ. വിശാലചിത്തന്മാരായ അവർ സമുദ്രത്തെപ്പോലെ ഒരിക്കലും മര്യാദ ലംഘിക്കുന്നില്ല. അതുകൊണ്ട് അവരുടെ അടുക്കൽ ആപത്തുകൾ എത്തിനോക്കാറുപോലുമില്ല. എപ്പോഴും എവിടെയും അവരെ ആർക്കും സമീപിക്കാം. ആപത്തിന്റെ ചുഴിയിൽ അവർ ഒരിക്കലും അകപ്പെടാറില്ല. അതുകൊണ്ട്, ഞാനാര്, ഈ ജഗത്തെങ്ങനെ, സംസാരദുഃഖം എനിക്കെന്തുകൊണ്ടുണ്ടായി എന്നും മറ്റുമുള്ള കാര്യങ്ങൾ സത്യമറിയുന്ന അത്തരം സജ്ജനങ്ങളുമായി ചർച്ച ചെയ്യണം. കർമം ചെയ്യാതിരിക്കുന്നതിൽ സന്തോഷം കാണരുത്; ദുരാചാരികളുമായി സഹവസിക്കരുത്. എല്ലാം അപഹരിക്കുന്ന മൃത്യുവിനെ പരിഹസിച്ചു തള്ളിക്കളയരുത്. മാംസാസ്ഥിരക്തമയമായ മലിനശരീരത്തെ മനസാ മാറ്റി നിറുത്തിയിട്ട് എല്ലാ ശരീരങ്ങളെയും കോർത്തിണക്കുന്ന ബോധതന്തുവിനെ കണ്ടെത്തണം. ബോധസ്വരൂപത്തിന് അലങ്കാരമായി ശോഭിക്കുന്ന ആകാശത്തിൽ, ഭൂമണ്ഡലകോശത്തിൽ, പുഴുക്കളുടെ ഉള്ളിൽ തമോമയ ജീവികളിൽ രജോമയ ജീവികളിൽ എല്ലാം സ്ഥിതിചെയ്യുന്നത് ഒരേ ചിത്തു തന്നെ. ഇതു മനസ്സിലാക്കി സജ്ജനങ്ങൾ സ്വപ്രയത്നം കൊണ്ട് സാത്വികജന്മങ്ങളിൽ എത്തിച്ചേരുന്നു.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ സ്ഥിതിപ്രകരണേ*
*ഉപദേശാഖ്യാനം നാമ പഞ്ചമഃ സർഗഃ*
*സ്ഥിതിപ്രകരണം*
*സമാപ്തം*

digitized by www.sreyas.in

# 5

# ഉപശമ പ്രകരണം

### സർഗം 1

## ജനകോപാഖ്യാനം

വസിഷ്ഠൻ തുടർന്നു: ഹേ രാമാ, ബലമേറിയ തൂണുകൾ ഒരു മണ്ഡപത്തെ താങ്ങി നിറുത്തുന്നതുപോലെ രജോഗുണികളും തമോഗുണികളും ആയ വ്യക്തികളാണ് ഈ നീണ്ട സംസാരമായയെ നിലനിർത്തിപ്പോരുന്നത്.

89. സത്ത്വസ്ഥജാതിഭിർധീരൈസ്ത്വാദൃശൈർഗുണബൃംഹിതൈഃ
ഹേലയാ ത്യജ്യതേ പക്വാ മായേയം ത്വഗിവോരഗൈഃ

ത്വാദൃശൈഃ-നിന്നെപ്പോലുള്ള; ഗുണബൃംഹിതൈഃ-ഗുണസമ്പന്നന്മാരായ; സത്ത്വസ്ഥജാതിഭിഃ ധീരൈഃ-സത്വഗുണജാതന്മാരായ ധീരന്മാരാൽ; ഉരഗൈഃ ത്വഗിവ-പാമ്പു ചട്ട കഴറ്റി കളയുന്നതുപോലെ; ഇയം പക്വാ മായാ-ഈ വിചാരം കൊണ്ടു പാകപ്പെട്ട മായ, ഹേലയാ ത്യജ്യതേ- കളിയായിത്തന്നെ പരിത്യജിക്കപ്പെടുന്നു.

നിന്നെപ്പോലുള്ള ഗുണസമ്പന്നന്മാരായ, സത്ത്വഗുണ ജാതന്മാരായ ധീരന്മാരാൽ പാമ്പു ചട്ട കഴറ്റിക്കളയുന്നതുപോലെ ഈ വിചാരം കൊണ്ടു പാകപ്പെട്ട മായ കളിയായിത്തന്നെ പരിത്യജിക്കപ്പെടുന്നു.

**ഹേലയാ ത്യജ്യതേ മായാ**

സത്ത്വഗുണികൾക്കു മായയെ പാമ്പു ചട്ട കഴറ്റിക്കളയുന്നതുപോലെ എളുപ്പത്തിൽ പുറംതള്ളാം. രജോഗുണികളും തമോഗുണികളുമാണ് സംസാരത്തെ നിലനിർത്തുന്നത്. കർമത്തിന്റെയും ഫലസംഗത്തിന്റെയും ഗുണമാണ് രജോഗുണം. എനിക്കു സദാകർമം ചെയ്യണം; ഭൗതികഫലങ്ങൾ കൂടുതൽ നേടി സുഖിക്കണം; ഇതാണു രജോഗുണിയുടെ മനോഭാവം. സത്യം ബോധ്യപ്പെടാത്തിടത്തോളം ഈ മനോഭാവത്തിനു ദിവസംപ്രതി ശക്തികൂടിവരും. മരണശയ്യയിൽ കിടക്കുമ്പോഴും കർമം ചെയ്തതും ഫലമനുഭവിച്ചതും പോരാ, പോരാ എന്ന മനോഭാവം ബാക്കിനിൽക്കും. തല്ക്കാല ശരീരം കർമം ചെയ്യാനോ ഫലമനുഭവിക്കാനോ കഴിവില്ലാത്തതായി തീരുകയും ചെയ്തു. അപ്പോൾ കർമഫലസങ്കൽപ്പങ്ങൾ നിറവേറ്റാൻ എന്താണുമാർഗം? തല്ക്കാല ശരീരമുപേക്ഷിച്ചു മറ്റൊരു ശരീരം സ്വീകരിക്കുകയേ മാർഗമുള്ളൂ. തല്ക്കാ

digitized by www.sreyas.in

ലശരീരമുപേക്ഷിക്കുന്നതു മരണം, പുതിയൊരു ശരീരം സ്വീകരിക്കുന്നതു ജനനം. മരണവേളയിലെ സങ്കൽപ്പമെങ്ങനെയോ അതിനനുയോജ്യമായ പുതിയ ശരീരം വന്നുചേരുന്നു. കർമസംഗവും ഫലസംഗവും അവശേഷിക്കുന്നിടത്തോളം ഈ സംസാരയാത്ര തുടരുന്നു. ഇങ്ങനെയാണു രജോഗുണി സംസാരമായയെ നിലനിർത്തുന്നത്. മോഹത്തിന്റെയും പ്രമാദത്തിന്റെയും ഗുണമാണ് തമോഗുണം. ഭൗതികസുഖാനുഭവങ്ങൾക്കുവേണ്ടിയുള്ള അതിരുകവിഞ്ഞ തൃഷ്ണയാണു മോഹം. മോഹം ബാധിച്ചാൽ പിന്നെ എന്തു തെറ്റു ചെയ്താലും വേണ്ടില്ല; ആരെ ദ്രോഹിച്ചാലും വേണ്ടില്ല; ഭൗതികമായി തനിക്കു സുഖിക്കണം എന്ന ചിന്ത വന്നുചേരും. തുടർന്ന് തെറ്റിൽ നിന്നു തെറ്റിലേക്കുള്ള പതനം; ഈ പതനമാണു പ്രമാദം. പ്രമാദം നിമിത്തം അലസത, മദ്യസേവ, മരുന്നുസേവ, ചൂതുകളി ഇവയൊക്കെ ജീവിതത്തിന്റെ ഭാഗമായിത്തീരും. ഇക്കൂട്ടരും അവസാനം ഒന്നിലും തൃപ്തിവരാതെ മോഹബദ്ധമായ മനസ്സുമായി ശരീരം വിട്ടുപോകാൻ ഇടയാകുന്നു. അങ്ങനെ പക്ഷിമൃഗവൃക്ഷലതാദി അനന്തരജീവിതങ്ങൾക്കു വഴിയും ഒരുങ്ങുന്നു. ഇവരും ജനനമരണാത്മകമായ സംസാര മായ നിലനിറുത്തുന്നവരാണെന്നു പറയേണ്ടതില്ലല്ലോ.

പ്രകാശത്തിന്റെയും ജ്ഞാനത്തിന്റെയും ഗുണമാണ് സത്വഗുണം. ജീവിതത്തിന്റെ നശ്വരതയും ദുഃഖപൂർണതയും വിചാരം ചെയ്തറിയുന്നതോടെ മോഹവും ഭൗതികഫലസംഗവും മനസ്സിൽനിന്നകന്ന് ചിത്തശുദ്ധി വന്നുചേരുന്നു. ഈ ചിത്തശുദ്ധിയാണു പ്രകാശം. അതോടെ ജീവിതത്തിന്റെ പൊരുളറിയാനുള്ള തീവ്രമായ ആഗ്രഹം ഉടലെടുക്കുന്നു. ഈ ആഗ്രഹമാണ് ജ്ഞാനം. രാമന് ഇതൊക്കെ സംഭവിച്ചു എന്നു സ്പഷ്ടമാണല്ലോ. ജ്ഞാനതൃഷ്ണയുടെ ഫലമായി സത്യജിജ്ഞാസുവിന്റെ മനസ്സ്, ശമം, ദമം, വൈരാഗ്യം തുടങ്ങിയ ഗുണങ്ങൾക്കാകാരമായി ഭവിക്കുന്നു. അഭയം, അഹിംസ, സത്യം തുടങ്ങിയ ദൈവീസമ്പത്തുകളും സത്ത്വഗുണിയെ ആശ്ലേഷിക്കുന്നു. ഇതാണു സത്ത്വസ്ഥജാതിയുടെ ഗുണബൃംഹിതത്വം. തുടർന്നു സത്വഗുണി ധീരമായി, നിർഭയമായി സത്യാന്വേഷണമാർഗത്തിൽ തന്നെ സഞ്ചരിക്കാൻ തീരുമാനിക്കുന്നു. എന്തുവന്നാലും സത്യമറിഞ്ഞേ അടങ്ങൂ എന്ന ദൃഢതയാണു ധീരത. ഈ ധീരത നിമിത്തമാണ് രാമനെ പോലുള്ള സത്ത്വഗുണികളെ ധീരന്മാരെന്നു വിശേഷിപ്പിച്ചിരിക്കുന്നത്.

ഈ നിലയിലൊക്കെ സത്വഗുണം വളർന്നുകഴിഞ്ഞിട്ടുള്ള ഒരു ധീരന് മായാജയം ഒരു കളിപോലെ നേടാനുള്ളതേയുള്ളൂ. ബ്രഹ്മാനുഭവം ദൃഢപ്പെടുത്തുന്നതാണ് മായാജയം. അന്വേഷകന്റെ ഉള്ളും പുറവുമുൾപ്പെടെ സർവത്ര നിറഞ്ഞുതിങ്ങുന്ന ബോധാനന്ദഘനമായ വസ്തുവാണ് ബ്രഹ്മം. ബ്രഹ്മം കർമം ചെയ്തു നേടേണ്ട വസ്തുവല്ല. അന്വേഷകനുൾപ്പെടെ എല്ലാം ആ വസ്തു തന്നെയായിരിക്കേ അതിനെ കർമം ചെയ്തു നേടേണ്ട കാര്യമില്ലല്ലോ. താനും ജഗത്തും ബ്രഹ്മമാണെന്നുള്ള വസ്തുത എങ്ങനെയോ മറന്നുപോയി. ഈ മറവിയാണു മായ അഥവാ അവിദ്യ. മറവിയുടെ കാരണം അന്വേഷിച്ചിട്ടു കാര്യമില്ല. താക്കോൽ മടിയിൽ സൂക്ഷിച്ചുവച്ചിട്ടു പലരും മറന്നുപോകാറില്ലേ? മറന്നുപോകുന്നു എന്നു മാത്രമല്ല താക്കോലന്വേഷിച്ചു പലപ്പോഴും വലിയ കോലാഹലം തന്നെ സൃഷ്ടിക്കുകയും ചെയ്യുന്നു. മറവി

digitized by www.sreyas.in

മാറാൻ സമാധാനമായി ഏകാന്തമായിരുന്ന് ഓർമിക്കുക. അല്ലാതെ മറ്റെന്താണ് ഉപായം. ബ്രഹ്മവിസ്മൃതി രൂപയായ ലോകമായയെ അകറ്റാനും ഇതു തന്നെയാണുപായം. താനും ജഗത്തും ബോധസ്വരൂപമായ ബ്രഹ്മമാണെന്നു മനസ്സിനെ തുടരെതുടരെ ഓർമിപ്പിക്കുക. തുടരെതുടരെയുള്ള ഓർമ കുറെക്കഴിയുമ്പോൾ നിരന്തരമായി ഭവിക്കും. നിരന്തരമായി ദൃഢീഭവിക്കുന്ന ബ്രഹ്മസ്മൃതി രാഗദ്വേഷവാസനകളകറ്റി ചിത്തത്തെ സമനിലയിലെത്തിക്കും. സമനില പ്രാപിച്ച ചിത്തം തന്നെയാണു ബ്രഹ്മം. അവിടെ അതിരറ്റ സത്യബോധവും ആനന്ദവും ഇടതിങ്ങി നിറയുന്നു. സത്വഗുണത്തിന്റെ വിവേകവും വൈരാഗ്യവും ചിത്തത്തിൽ വന്നു ചേരുന്നതാണു മായയുടെ പാകപ്പെടൽ. ഇങ്ങനെ മായ പക്വയായാൽ 'സർവം ബ്രഹ്മമയം' എന്ന നിരന്തര സ്മൃതിയിലൂടെ ആ മായയെ പരിത്യജിക്കാൻ സത്ത്വഗുണിക്ക് ഒരു പ്രയാസവുമില്ല. പാകമായ ചട്ടയെ പാമ്പുകഴറ്റിക്കളയുന്നതുപോലെ അത്ര എളുപ്പമാണത്. ബ്രഹ്മാനുഭവം നേടാൻ ആയാസകരങ്ങളായ കർമപരിപാടികളൊന്നും ആവശ്യമില്ല. അത്തരം കർമപരിപാടികൾ കൊണ്ടൊന്നും അതു സാധിക്കുകയുമില്ല. 'ഈശാവാസ്യമിദം സർവം' എന്നു നിരന്തരം മനസ്സിനെ ഓർമിപ്പിച്ചുറപ്പിക്കുകയേ വേണ്ടൂ. പക്ഷേ കർമത്തിലും ഫലസംഗത്തിലും മോഹത്തിലും പ്രമാദത്തിലും പെട്ടു നട്ടം തിരിയുന്ന ചിത്തത്തിനിതെളുപ്പമല്ല. വൈരാഗ്യവും വിവേകവുമുള്ള സത്വഗുണിയുടെ ചിത്തത്തിന് ഇതൊരു കളിപോലെ നേടാവുന്നതേയുള്ളൂ. മായയ്ക്കു മൂന്നു രൂപങ്ങളാണുള്ളത്. രജോഗുണികളും തമോഗുണികളുമായ സാധാരണ ലൗകികന്മാർക്ക് മായയും മായാകാര്യങ്ങളും സത്യമാണ്. പുറമെ നിന്നു യുക്തിവിചാരം ചെയ്യുന്ന ചിന്തകനു മായ അനിർവചനീയയാണ്. എഴുപത്തെട്ടാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കുക. അന്തർമുഖമായി സത്യം തിരയുന്ന വിവേകശാലിയായ സത്വഗുണിക്കു മായ തുച്ഛയാണ്. അദ്വൈതബോധം ഉറയ്ക്കുന്തോറും മായ അദ്ദേഹത്തിന്റെ മുൻപിൽ നിന്നും ഓടിയൊളിക്കും.

വസിഷ്ഠൻ തുടർന്നു-രാമാ, മായാജയത്തിനുള്ള എളുപ്പമാർഗം കേട്ടോളൂ; ഞാൻ പറയാം:

90. സമസ്തംഖല്വിദം ബ്രഹ്മ സർവമാത്മേദമാതതം
അഹമന്യ ഇദം ചാന്യദിതിഭ്രാന്തിംത്യജാ നഘ

സത്ത്വഗുണിയായ അല്ലയോ രാമാ, ഇക്കാണുന്ന സർവവും ബ്രഹ്മം തന്നെയാണ്; നിന്റെ ആത്മാവായി വിളങ്ങുന്ന ബോധസ്വരൂപമായ ബ്രഹ്മം ഇക്കാണുന്നതിലൊക്കെ നിറഞ്ഞുതിങ്ങുന്നു; ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ലെന്നു ദൃഢമായി ഭാവനചെയ്യൂ; ഞാൻ വേറെ, ഇക്കാണുന്നതൊക്കെ വേറെ എന്ന ഭ്രമമാണു മായ; ബ്രഹ്മഭാവനകൊണ്ട് അതിനെ പുറംതള്ളൂ. നിറഞ്ഞു നിൽക്കുന്നതും ആനന്ദഘനവുമായ ബ്രഹ്മത്തിൽ സമുദ്രത്തിൽ തിരകളും കുമിളകളുമെന്നപോലെ സങ്കൽപ്പങ്ങൾ രൂപം കൊള്ളുന്നു. വെള്ളമെന്ന നിലയിൽ തിരകളും കുമിളകളും സമുദ്രം തന്നെ. തിരകളുടെയും കുമിളകളുടെയും പ്രത്യേക രൂപങ്ങളും നാമങ്ങളും വെറും ഭ്രമം. അതുപോലെ വസ്തുസ്ഥിതിയിൽ സങ്കൽപ്പങ്ങളും പ്രപഞ്ചദൃശ്യങ്ങളും ബോധഘനമായ ബ്രഹ്മം തന്നെ. സങ്കൽപ്പങ്ങളും വിഷയങ്ങളുടെ ആകൃതികളും പേരുകളും

digitized by www.sreyas.in

പ്രത്യേകം വസ്തുസത്തയില്ലാത്ത ഭ്രമങ്ങൾ. അതുകൊണ്ട് ആകൃതികളെയും പേരുകളെയും മനസാ മാറ്റിനിറുത്തിയിട്ട് എല്ലാറ്റിലും മനസാ വസ്തുവായ ബ്രഹ്മത്തെ കാണൂ. ഈ കാഴ്ച ഉറയ്ക്കുന്നതോടെ മായ കൺമുൻപിൽ നിന്നും ഒഴിഞ്ഞുമാറും; ബ്രഹ്മാനന്ദം അനുഭവിക്കാറാകും. ഇതുതന്നെയാണ് ഈശാവാസ്യോപനിഷത്തു പറയുന്ന ത്യാഗം കൊണ്ടുള്ള ഭോഗം അഥവാ നാമരൂപങ്ങളെ ത്യജിച്ചിട്ടുള്ള ബ്രഹ്മാനന്ദാനുഭവം. വാസ്തവത്തിൽ ശോകമില്ല, മോഹമില്ല, ജനനമില്ല, ജനിച്ചവനുമില്ല, എന്തുണ്ടോ അതേ ഉള്ളൂ. പരിഭ്രമം ഒഴിവാക്കൂ. ഉള്ളതേ ഉണ്ടായിരിക്കാൻ പറ്റൂ. ഉള്ളതൊരിക്കലും ഇല്ലാതാവുകയില്ല. ഇല്ലാത്തത് എന്നും ഇല്ലാത്തതുതന്നെ; ഇല്ലാത്തത് ഒരിക്കലും ഉണ്ടാകാൻ പറ്റുകയില്ല. അതുകൊണ്ട് കാണപ്പെടുന്നതൊക്കെ ഒരുണ്മയുടെ രൂപഭേദങ്ങൾ മാത്രമാണെന്നു ബുദ്ധിമാൻ അറിയുന്നു. രണ്ടെന്നു ഭേദഭാവനയില്ലാത്തവനും നിത്യമായ വസ്തുസ്ഥിതിയിൽ ഉറപ്പുവന്നവനും ഭൗതികകാര്യങ്ങളിൽ നിർബന്ധബുദ്ധിയില്ലാത്തവനും ആയിത്തീരൂ, രാമാ, സ്വയംദേഹമല്ല, ആത്മാവാണെന്നുറപ്പു വരുത്തൂ; താൻ മാത്രമേയുള്ളൂ; രണ്ടാമതൊന്നുമില്ലെന്നു തീരുമാനിക്കൂ. അങ്ങനെ ദുഃഖത്തെയ കറ്റി പരിഭ്രമമൊഴിവാക്കൂ. സമബുദ്ധിയും, തന്നിൽതന്നെ ഉറപ്പുവന്നവനും, സ്ഥിരനും, ശാന്തനും, ശാന്തചിത്തനും, മുനിയും, മൗനിയുമായി ഉജ്ജ്വലമായ രത്നംപോലെ പ്രകാശം പരത്തി പരിഭ്രമമൊഴിവാക്കൂ. എന്തെന്തൊക്കെ വന്നുചേരുന്നോ അതൊക്കെ സന്തോഷമായി അനുഭവിക്കൂ; വന്നുചേരാത്തവയ്ക്കുവേണ്ടിയുള്ള നിർബന്ധപൂർവമായ ആഗ്രഹം ഒഴിവാക്കൂ; ത്യാഗത്തിലും സ്വീകാര്യത്തിലും തുല്യഭാവം നിലനിർത്തൂ; എന്നിട്ടു പരിഭ്രമം ഒഴിവാക്കൂ.

91. യസ്യേദം ജന്മപാശ്ചാത്യം തസ്യൈവ മഹാമതേ
വിശന്തിവിദ്യാ വിമലാമുക്താ വേണുമിവോത്തമം.

ബുദ്ധിമാനായ രാമാ, ആരാണോ അവസാന ജന്മത്തിൽ എത്തിനിൽക്കുന്നത് അവന്റെയുള്ളിൽ പരിശുദ്ധയായ വിദ്യ കടന്നുചെല്ലുന്നു; മുളങ്കുഴലിനകത്തു പരിശുദ്ധമായ മുത്തെന്നപോലെ. ജന്മം അവസാനത്തേതാണോ എന്നെങ്ങനെ നിശ്ചയിക്കാൻ കഴിയും? കർമത്തിലും കർമഫലത്തിലും താൽപ്പര്യമില്ലെന്നു വന്നാൽ ജന്മം അവസാനത്തേതാണെന്നു തീരുമാനിക്കാം. കർമസംഗവും ഫലസംഗവുമാണ് ജന്മാവർത്തനങ്ങളെ ഉണ്ടാക്കുന്നത്. മരണവേളയിലും കർമം ചെയ്തതും ഫലമനുഭവിച്ചതും പോരെന്നു തോന്നിയാൽ വീണ്ടും ജനിക്കാതെ മറ്റെന്താണു ഗതി. അവസാന ജന്മത്തിലെത്തി നിൽക്കുന്നയാൾ ഈ ലോകത്തുനിന്നു വലുതായൊന്നും കിട്ടാനാഗ്രഹിക്കുന്നില്ല. അതുകൊണ്ടദ്ദേഹം എപ്പോഴും സദാചാരപരനായിരിക്കും; എല്ലാവരോടും സ്നേഹമായും മൃദുവായും പെരുമാറും; സദാ സൗമ്യനായിരിക്കും; ഒന്നിനോടും ബന്ധപ്പെടാതെ മുക്തനായി വർത്തിക്കും; മനസ്സിൽ വസ്തുബോധം ഉറപ്പിക്കും. മേൽപറഞ്ഞ എല്ലാ ഗുണങ്ങളും അന്തഃപുരത്തെ അംഗനമാരെന്നപോലെ വിട്ടുപിരിയാതെ അദ്ദേഹത്തെ സമാശ്രയിക്കും. മൃദുവായ ആചാരമര്യാദകൊണ്ടു മാധുര്യം ചൊരിയുന്ന അദ്ദേഹത്തെ എല്ലാ ആളുകളും സന്തോഷത്തോടെ ഉപചരിക്കും; വനത്തിൽ മധുരമായ മുരളീഗാനം കേട്ടു മൃഗങ്ങളൊക്കെ അതിനെ സമീപിക്കുന്നതുപോലെ. സകലജീ

digitized by www.sreyas.in

വികളിലും ഇതാണു ജീവിതനിയമം. ഇനിയും പ്രത്യേകമായ ഒരു ജീവിത നിയമം കൂടി കേട്ടോളൂ. ദേഹമെടുത്ത് ഈ സംസാരപ്രവാഹത്തിൽ ഒഴുകി വരുന്നവർക്കു രക്ഷപ്പെടാൻ വ്യക്തമായ രണ്ടു മാർഗങ്ങളാണുള്ളത്.

92. ഏകസ്താവദ്ഗുരുപ്രോക്താദനുഷ്ഠാനാച്ഛനൈഃ ശനൈഃ
ജന്മനാ ജന്മഭിർവാപി സിദ്ധിദഃ സമുദാഹൃതഃ

ഏകഃ താവത്-രണ്ടുപായങ്ങൾ ഉണ്ടെന്നു പറഞ്ഞവയിൽ ഒന്നാകട്ടെ; ഗുരു പ്രോക്താത് അനുഷ്ഠാനാത്-ശമദമാദിക്രമമനുസരിച്ചു ഗുരുവിൽ നിന്നു ബ്രഹ്മോപദേശം ശ്രവിച്ച്; ശനൈഃ ശനൈഃ-പതുക്കെപ്പതുക്കെ; ജന്മനാ ജന്മഭിഃവാ അപി-ഒരു ജന്മം കൊണ്ടോ അഥവാ അനേക ജന്മംകൊണ്ടോ; സിദ്ധിദഃ സമുദാഹൃതഃ-മോക്ഷം കിട്ടുമെന്നു പറയപ്പെടുന്നതാണ്.

രണ്ടുപായങ്ങൾ ഉണ്ടെന്നു പറഞ്ഞവയിൽ ഒന്നാകട്ടെ ശമദമാദി ക്രമമ നുസരിച്ചു ഗുരുവിൽ നിന്നു ബ്രഹ്മോപദേശം ശ്രവിച്ചു പതുക്കെപതുക്കെ ഒരു ജന്മം കൊണ്ടോ അഥവാ അനേകജന്മം കൊണ്ടോ മോക്ഷം കിട്ടുമെന്നു പറയപ്പെടുന്നതാണ്.

**ജന്മനാ ജന്മഭിർവാപി**

സത്യാനുഭവത്തിനായുള്ള തീവ്രമായ ആകാംക്ഷയാണ് ഒരാളെ ആത്മ സാക്ഷാത്കാരത്തിലേയ്ക്ക് അതിവേഗം അടുപ്പിക്കുന്ന ഘടകം. ലോകത്ത് അധികം പേരും സത്യമറിയാൻ തീവ്രമായി ആഗ്രഹിക്കുന്നവരല്ല. മായാ മോഹിതരായി ലൗകികകാര്യങ്ങളിൽ തന്നെ കഴിച്ചുകൂട്ടി ജീവിതമവസാനി പ്പിക്കുന്നവരാണധികവും. അങ്ങനെയുള്ളവരുടെ ഈശ്വരഭജനംപോലും എന്തെങ്കിലും ലൗകികകാര്യം നേടാൻ മാത്രം വേണ്ടിയുള്ളതായിരിക്കും. ബ്രഹ്മനിഷ്ഠന്മാരായ ഗുരുക്കന്മാർ ബ്രഹ്മതത്ത്വം ഉപദേശിച്ചാൽ പോലും അവർക്കതനുഭവപ്പെടുത്താൻ പെട്ടെന്നു കഴിയുന്നില്ല. അങ്ങനെയുള്ളവരെ ഗുരുക്കന്മാർ ആദ്യം ശമദമാദിസാധനകൾ അനുഷ്ഠിക്കാൻ ഉപദേശിക്കുക യാണു പതിവ്. തുടർന്നു ഏതെങ്കിലും തരത്തിലുള്ള ഉപാസനയിൽ ചിത്ത ശുദ്ധി നേടാനും ആവശ്യപ്പെട്ടെന്നുവരാം. അനുഷ്ഠാനപ്രധാനമായ ഈ സത്യാന്വേഷണമാർഗം പെട്ടെന്നു ഫലം ചെയ്തെന്നുവരില്ല. അതിൽ വസ്തുബോധത്തിലെത്താൻ ചിലപ്പോൾ ജന്മങ്ങൾതന്നെ വേണ്ടിവ ന്നേയ്ക്കാം. ഇനിയും എന്താണു രണ്ടാമത്തെ മാർഗം?

93. ദ്വിതീയഃസ്വാത്മനൈവാശു കിഞ്ചിദ്വ്യുൽപ്പന്നചേതസഃ
ഭവതിജ്ഞാനസംപ്രാപ്തിരാകാശഫലപാതവത്.

ദ്വിതീയഃ-രണ്ടാമത്തെ മാർഗമിതാണ്; സ്വാത്മനാഏവ-തനിയേതന്നെ ജഡജീ വിതത്തിന്റെ നശ്വരതയെക്കുറിച്ച്; കിഞ്ചിത്വ്യുത്പന്നചേതസഃ-കുറെ യൊക്കെ വിചാരം ചെയ്തുറപ്പിച്ചിട്ടുള്ളയാൾക്ക്; ആശുജ്ഞാനസംപ്രാപ്തിഃ -വളരെവേഗം ആത്മാനുഭവരൂപമായ ജ്ഞാനം; ആകാശഫലപാതവത്ഭ വതി-ആകാശത്തുനിന്നും ഒരു ഫലം അടർന്നുവീണുകിട്ടുംപോലെ ലഭ്യ മായിത്തീരുന്നു.

രണ്ടാമത്തെ മാർഗമിതാണ്. തനിയേതന്നെ ജഡജീവിതത്തിന്റെ നശ്വര തയെക്കുറിച്ചു കുറെയൊക്കെ വിചാരം ചെയ്തുറപ്പിച്ചിട്ടുള്ളയാൾക്ക് വളരെ വേഗം ആത്മാനുഭവരൂപമായ ജ്ഞാനം ആകാശത്തുനിന്നും ഒരു ഫലം അടർന്നുവീണു കിട്ടുംപോലെ ലഭ്യമായിത്തീരുന്നു.

digitized by www.sreyas.in

## ആകാശ ഫലപാതവത്

ആത്മാനുഭവത്തിന് അങ്ങനെ കൃത്യമായ നിയമങ്ങളൊന്നുമില്ല. അറിഞ്ഞനുഭവിക്കണമെന്ന ആഗ്രഹത്തിന്റെ തീവ്രതയും തീവ്രതക്കുറവുമാണു പ്രധാനകാര്യം. സത്യാനുഭവത്തിനു ഗുരു കൂടിയേതീരൂ എന്നുണ്ടോ? അങ്ങനെ നിർബന്ധപൂർവമായ നിയമമൊന്നുമില്ലെന്നാണു വാസിഷ്ഠവും ഭാഗവതപുരാണവുമൊക്കെ പ്രഖ്യാപിക്കുന്നത്. ഭാഗവതം ഏകാദശസ്കന്ധത്തിലെ ഏഴാമധ്യായത്തിൽ ഉദ്ധവർക്കുതത്ത്വോപദേശം ചെയ്യാനായി അവധൂതയദുസംവാദം ഉപക്രമിച്ചുകൊണ്ടു ഭഗവാൻ കൃഷ്ണൻ ഇക്കാര്യം വ്യക്തമായി പ്രഖ്യാപിക്കുന്നു. ആത്മതത്വം ചിന്തിച്ചറിഞ്ഞവൻ തന്നെത്താൻ അവനെ ഉദ്ധരിക്കുന്നു. ആത്മാവിനു ഗുരു ആത്മാവുതന്നെ. അവധൂതൻ അങ്ങനെ സ്വയം ഉദ്ധരിക്കപ്പെട്ടയാളാണ്. ഇനിയും ഗുരു വേണമെന്നുണ്ടെങ്കിൽ തന്നെ ഗുരുവിനെ അന്വേഷിച്ചു നടക്കേണ്ട ആവശ്യമില്ലെന്നാണ് ശാസ്ത്രസിദ്ധാന്തം. തീവ്രമായ ആഗ്രഹമുണ്ടെങ്കിൽ ഗുരു താനേ വന്നെത്തും. സാമഗ്രിയുടെ അഭാവം കൊണ്ട് ഇന്നുവരെ സത്യാന്വേഷണം ആർക്കും മുടങ്ങിയിട്ടില്ല. ഗുരുവിനെ തിരക്കിട്ടന്വേഷിച്ചു നടന്നാൽ ചിലപ്പോൾ സ്വാർഥമതികളായ കപട ഗുരുക്കന്മാരുടെ കൈയിൽ ചെന്നുപെട്ടുപോയി എന്നും വരാം. ആത്മാനുഭവത്തിനായി ഉപനിഷത്തുകൾ മൂന്നു പ്രധാന കാര്യങ്ങളാണു നിർദേശിക്കുന്നത്. ശ്രവണം, മനനം, നിദിധ്യാസനം എന്നിവയാണാ മൂന്നു കാര്യങ്ങൾ; തത്ത്വം പറഞ്ഞുകേൾക്കുക, സ്വയംചിന്തിച്ചുറപ്പിക്കുക, ധ്യാനിച്ചനുഭവിക്കുക. ആത്മതത്ത്വം പറഞ്ഞുകേൾക്കാൻ ഗുരുവിന്റെ സാന്നിധ്യം വേണ്ടേയെന്നു ചിലർ ചോദിച്ചേക്കാം. ആത്മാവിനെ അനുഭവിച്ചറിഞ്ഞിട്ടുള്ള ഗുരുക്കന്മാരിൽ പലരും അവരുടെ സാന്നിധ്യം ദിവ്യങ്ങളായ ഗ്രന്ഥങ്ങളുടെ രൂപത്തിൽ നമ്മുടെ മുൻപിൽ എത്തിച്ചിട്ടാണു കടന്നുപോയിട്ടുള്ളത്. മനനത്തിനും നിദിധ്യാസനത്തിനുമുള്ള എല്ലാവഴികളും അവയിൽ സൂക്ഷ്മമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഗുരുവിനെ ലഭിക്കാത്തതുകൊണ്ടാണ് ബ്രഹ്മാനുഭവം നീണ്ടുപോകുന്നതെന്ന മുടന്തൻ വാദം ഒരാളിന്റെ ആഗ്രഹക്കുറവിന്റെ അളവ് പ്രകടമാക്കുന്നു എന്നേ പറയാൻ പറ്റൂ. തീവ്രമായ ആഗ്രഹമുണ്ടെങ്കിൽ ആകാശത്തുനിന്നും യാദൃച്ഛികമായി ഒരു ഫലം വന്നു വീഴുന്നതുപോലെ ഒരാൾക്ക് ജ്ഞാനാനുഭവമുണ്ടാകാമെന്നാണ് വസിഷ്ഠമതം. സാമഗ്രികളെന്തെങ്കിലും വേണമെന്നുണ്ടെങ്കിൽ അവ പോലും സർവജ്ഞനായ സത്യപുരുഷൻ അവിചാരിതമായി എത്തിച്ചുതരുമെന്നു താൽപ്പര്യം. വസിഷ്ഠൻ ദൃഷ്ടാന്തം കൊണ്ടുതന്നെ ഇക്കാര്യം തെളിയിക്കുന്നു.

വസിഷ്ഠൻ തുടർന്നു : 'രാമാ ആകാശത്തുനിന്നും ഫലം വീഴുംപോലെ ജ്ഞാനസംപ്രാപ്തിയുണ്ടാകുമെന്നതിനു ദൃഷ്ടാന്തമായി മുൻപുണ്ടായ ഒരു സംഭവം ഞാൻ പറയാം; കേട്ടോളൂ; വിചാരംചെയ്തു ആപത്തുകളെയൊക്കെ ഒഴിവാക്കിയവനും ഉദാരമതിയും വീര്യവാനുമായി ജനകനെന്ന രാജാവു ജീവിച്ചിരിപ്പുണ്ട്. വിദേഹരാജ്യത്തെ രാജാവാണദ്ദേഹം. ശരണാർഥികൾക്ക് കൽപ്പവൃക്ഷമാണദ്ദേഹം; സുഹൃത്തുക്കളാകുന്ന താമരപ്പൂക്കൾക്കു സൂര്യദേവൻ. ഒരിക്കൽ ഒരു വസന്തകാലത്ത് അദ്ദേഹം മദിച്ചുകുയിലുകളുടെ കൂജനം കൊണ്ടു മുഖരിതമായ അദ്ദേഹത്തിന്റെ ഉദ്യാനത്തിൽ നന്ദനോദ്യാനത്തിൽ ദേവേന്ദ്രനെന്നപോലെ ചുറ്റിനടക്കുകയായിരുന്നു. പൂമണം തിങ്ങിവിങ്ങിയി

digitized by www.sreyas.in

രുന്ന ആ പൂന്തോട്ടത്തിൽ അനുചരന്മാരെ അകറ്റിനിർത്തിയിട്ട് അദ്ദേഹം തനിയെ വള്ളിക്കുടിലുകളിൽ കയറിയിറങ്ങി സഞ്ചരിക്കയായിരുന്നു. അപ്പോഴേക്കും ഒരു പച്ചിലമരക്കൂട്ടത്തിനുള്ളിൽ നിന്ന് അദൃശ്യന്മാരായ സിദ്ധന്മാർ അവരുടെ സാന്നിധ്യം വെളിപ്പെടുത്തിക്കൊണ്ട് ആലപിക്കുന്ന ഗാനം കേൾക്കാനിടയായി. സൂക്ഷ്മദൃഷ്ടിയായ അല്ലയോ രാമാ, പർവതഗുഹാന്തരങ്ങളിൽ ഏകാന്തമായി സഞ്ചരിക്കുന്ന സിദ്ധന്മാർ ആത്മാനുഭവമധുരങ്ങളായ ഇത്തരം ഗീതകങ്ങൾ ആലപിക്കുന്നതു സാധാരണമാണ്.

94. ദ്രഷ്ടൃദൃശ്യസമായോഗാത് പ്രത്യയാനന്ദനിശ്ചയഃ
യസ്തം സ്വമാത്മതത്ത്വോത്ഥം. നിഃസ്പന്ദംസമുപാസ്മഹേ.

ദ്രഷ്ടൃ ദൃശ്യസമായോഗാത്-ദ്രഷ്ടാവും ദൃശ്യവും വേണ്ടപോലെ ഒരുമിച്ചുചേരുമ്പോൾ; പ്രത്യയാനന്ദനിശ്ചയഃ -ബുദ്ധിയിൽ അനുഭവപ്പെടുന്ന ആനന്ദത്തിലൂടെ കണ്ടെത്താവുന്ന; യഃ-ഏതൊരു പരമാത്മാവാണോ ഉള്ളത്; സ്വം ആത്മതത്ത്വോത്ഥം-സ്വന്തം ആത്മാവായി തെളിഞ്ഞു നിൽക്കുന്ന ആനന്ദരൂപനായ; നിഃസ്വപ്ന്ദംതം-നിശ്ചലനായ ആദേവനെ; സമുപാസ്മഹേ-ഞങ്ങൾ ഉപാസിക്കുന്നു.

ദ്രഷ്ടാവും ദൃശ്യവും വേണ്ടപോലെ ഒരുമിച്ചുചേരുമ്പോൾ ബുദ്ധിയിൽ അനുഭവപ്പെടുന്ന ആനന്ദത്തിലൂടെ കണ്ടെത്താവുന്ന ഏതൊരു പരമാത്മാവാണോ ഉള്ളത്; സ്വന്തം ആത്മാവായി തെളിഞ്ഞു നിൽക്കുന്ന ആനന്ദസ്വരൂപനായ, നിശ്ചലനായ ആ ദേവനെ ഞങ്ങൾ ഉപാസിക്കുന്നു.

**പ്രത്യയാനന്ദ നിശ്ചയഃ യഃ**

പ്രത്യയപദത്തിന് ബുദ്ധി അഥവാ അന്തഃകരണമെന്നർഥം. അന്തഃകരണവും പ്രപഞ്ചവിഷയങ്ങളും തമ്മിൽ യോജിക്കുമ്പോൾ അനുഭവപ്പെടുന്ന ആനന്ദമാണ് ലൗകികാനന്ദം. ഈ ആനന്ദാനുഭവത്തെ തന്നെ വിശകലനം ചെയ്താൽ ബോധസ്വരൂപമായ ബ്രഹ്മം ആനന്ദമാണെന്ന് കണ്ടെത്താൻ കഴിയും. വിഷയാനന്ദങ്ങളെല്ലാം വാസ്തവത്തിൽ ബ്രഹ്മാനന്ദങ്ങൾ തന്നെയാണ്. ആനന്ദം ബ്രഹ്മത്തിന്റെ മാത്രം സ്വരൂപമാണ്. അപ്പോൾ ആനന്ദമേതായാലും അതു ബ്രഹ്മാനന്ദമാകാനല്ലേ പറ്റൂ. ബ്രഹ്മാനന്ദാനുഭവത്തിന്റെ നിയമം എവിടെയും ഒന്നുതന്നെയാണ്. സങ്കൽപ്പങ്ങൾ കുറഞ്ഞ് ഏകാഗ്രപ്പെടുന്ന ചിത്തം ആനന്ദം അനുഭവിക്കും. ഇതെങ്ങനെ? ചിത്തവും ബോധപ്രതിബിംബവും ചേർന്നതാണ് ജീവൻ. അഖണ്ഡബോധസ്വരൂപമായ ബ്രഹ്മം സദാനിശ്ചലമാണ്. ചിത്തത്തിലെ ബോധപ്രതിബിംബമായ ജീവനാകട്ടെ അതിനാശ്രയമായ ചിത്തത്തിന്റെ മാറ്റങ്ങളനുസരിച്ച് മാറുന്നതായി തോന്നും. ഒരു ജലപാത്രത്തിലെ സൂര്യപ്രതിബിംബം ജലത്തിന്റെ മാറ്റത്തിനനുസരണമായി മാറുന്നതുപോലെ. ജലം ചലിച്ചാൽ സൂര്യപ്രതിബിംബവും ചലിക്കും. ജലം കലങ്ങിയാൽ പ്രതിബിംബവും കലങ്ങും. ജലം ശുദ്ധമായാൽ പ്രതിബിംബവും ശുദ്ധമാവും. ഇതുപോലെ ചിത്തം ചലിച്ചാൽ ബോധപ്രതിബിംബമായ ജീവനും ചലിക്കുന്നതായി തോന്നും. ചിത്തചലനം കുറച്ച് ഏകാഗ്രപ്പെട്ട് ശുദ്ധമായാൽ ജീവനും ശുദ്ധമാകുന്നതായി തോന്നും. വസ്തുത ഇതായതുകൊണ്ട് ഒരാൾക്ക് ബോധത്തിന്റെ സ്വരൂപമായ ആനന്ദമനുഭവിക്കാൻ ഒരേഒരു മാർഗമേയുള്ളൂ. ചിത്തത്തിന്റെ ചഞ്ചലത കുറച്ച് ഏകാഗ്രതനേടുക.

digitized by www.sreyas.in

ലൗകികതലത്തിൽ മനുഷ്യർ കൃത്രിമങ്ങളായ ഉപായങ്ങളെ ആശ്രയിച്ച് അൽപ്പനേരം ചിത്തത്തിന്റെ ഏകാഗ്രത നേടി ക്ഷണികമായ ആനന്ദം അനുഭവിക്കുന്നു. ഉപായം വിട്ടുമാറുമ്പോൾ ആനന്ദവും നഷ്ടമാകുന്നു. ഒരാൾ പാട്ടുകേട്ട് സുഖിക്കുന്നു എന്നു കരുതുക. ജഡശബ്ദരൂപമായ പാട്ടിൽ സുഖമൊന്നുമിരിപ്പില്ല. പാട്ട് ശ്രോതാവിന്റെ മനസ്സിനെ അൽപ്പമൊന്നേകാഗ്രപ്പെടുത്താനുള്ള ഉപായം മാത്രം. ഏകാഗ്രപ്പെട്ട ചിത്തത്തിൽ ബോധം അതിന്റെ ആനന്ദസ്വരൂപം പ്രകടമാക്കുന്നു. പാട്ടു തീർന്നു; ഏകാഗ്രതപോയി, ആനന്ദവും തീർന്നു. ആഗ്രഹനിവൃത്തിയിലെ ആനന്ദാനുഭവത്തിന്റെയും രഹസ്യമിതു തന്നെ. ആഗ്രഹമുള്ളപ്പോൾ ചിത്തം ചഞ്ചലം. ആഗ്രഹം നിറവേറുമ്പോൾ അൽപ്പനേരത്തേക്കു ചഞ്ചലത മാറി ആനന്ദം; പുതിയ ആഗ്രഹങ്ങൾ വന്നു കയറുന്നതോടെ ആനന്ദം നഷ്ടമാകുന്നു. ബുദ്ധിയിലെ ആനന്ദാനുഭവത്തിന്റെ നിയമം എവിടെയും ഇതാണ്. അപ്പോൾ ബോധം സദാ ആനന്ദസ്വരൂപമാണ്; ബുദ്ധിയുടെ ചഞ്ചലതയാണ് ആനന്ദാനുഭവത്തെ നഷ്ടമാക്കുന്നത്. ഈ നിയമമനുസരിച്ച് ഒരാൾക്ക് അഭ്യാസംകൊണ്ട് ബുദ്ധിയെ സദാ ഏകാഗ്രപ്പെടുത്തി നിറുത്താമെങ്കിൽ സദാ ആനന്ദമനുഭവിക്കാൻ കഴിയുമെന്ന് തീർച്ചയാണല്ലോ. സത്യബുദ്ധിയും വിഷയവിരക്തിയും ഉറപ്പുവന്ന ഒരാൾക്കു ബുദ്ധിയുടെ ഈ അചഞ്ചലമായ ഏകാഗ്രത അനായാസം കൈവരിക്കാൻ കഴിയും; തുടർന്നു നിരന്തരാനന്ദവും അനുഭവിക്കാൻ കഴിയും. ഇതാണത്മാനന്ദാനുഭവം. ഈ രഹസ്യങ്ങളൊക്കെ വെളിപ്പെടുത്തിക്കൊണ്ടാണു സിദ്ധന്മാർ 'പ്രത്യയാനന്ദനിശ്ചയ'നായ ആത്മാവിനെ ഞങ്ങൾ ഉപാസിക്കുന്നു എന്നു പ്രഖ്യാപിച്ചിരിക്കുന്നത്.

വസിഷ്ഠൻ തുടർന്നു: 'ഒരേ ബോധവസ്തുവിൽ പലതുണ്ടെന്ന തോന്നലാണു ചിത്തത്തെ സദാ ചഞ്ചലമാക്കുന്ന ഘടകം. വിചാരം ചെയ്തു സത്യമറിയുന്ന ഒരാൾക്കു ദ്രഷ്ടാവ്, ദർശനം, ദൃശ്യം എന്നിങ്ങനെ പലതായികാണപ്പെടുന്നതെല്ലാം ഒരേ ബോധം തന്നെയെന്നു തെളിയും. സിദ്ധന്മാരുടെ ഗീതയിൽകൂടി ഈ തത്ത്വരഹസ്യവും ജനകൻ കേൾക്കാനിടയായി.

95. ദ്രഷ്ടൃ ദർശനദൃശ്യാനി ത്യക്ത്വാ വാസനയാസഹ
ദർശനപ്രഥമാഭാസമാത്മാനം സമുപാസ്മഹേ.

ദ്രഷ്ടൃദർശനദൃശ്യാനി-ദ്രഷ്ടാവ്, ദർശനം, ദൃശ്യം എന്നിങ്ങനെ ഉണ്ടെന്നു തോന്നുന്ന അനുഭവത്തിലെ ത്രിപുടിയെ; വാസനയാസഹത്യക്ത്വാ-രാഗദ്വേഷവാസനകളോടൊപ്പം ഉപേക്ഷിച്ച്; ദർശനപ്രഥമാഭാസം-ദർശനത്തിൽ ആദ്യമുണ്ടായിരുന്നതായി തെളിയുന്ന; ആത്മാനം-ബോധരൂപനായ ആത്മാവിനെ; സമുപാസ്മഹേ-ഞങ്ങൾ ഉപാസിക്കുന്നു.

ദ്രഷ്ടാവ്, ദർശനം, ദൃശ്യം എന്നിങ്ങനെ ഉണ്ടെന്നുതോന്നുന്ന അനുഭവത്തിലെ ത്രിപുടിയെ രാഗദ്വേഷവാസനകളോടൊപ്പം ഉപേക്ഷിച്ച് ദർശനത്തിൽ ആദ്യം ഉണ്ടായിരുന്നതായി തെളിയുന്ന ബോധരൂപനായ ആത്മാവിനെ ഞങ്ങൾ ഉപാസിക്കുന്നു.

### ദർശന പ്രഥമാഭാസമാത്മാനം

ലൗകികമായ ആരുടെ ഏതനുഭവത്തേയും വിശകലനം ചെയ്താൽ അവ മൂന്നു ഘടകങ്ങളായി വേർതിരിയുന്നതുകാണാം. ആ മൂന്നു ഘടകങ്ങളാണു ദ്രഷ്ടാവ്, ദർശനം, ദൃശ്യം എന്നിവ. ഇവയാണ് അനുഭവത്തിലെ ത്രിപുടി

digitized by www.sreyas.in

എന്നറിയപ്പെടുന്നത്. മൂന്നു ഘടകങ്ങളോടുകൂടിയതു ത്രിപുടി എന്നാണു ശബ്ദതാൽപര്യം. 'പുടം' എന്ന പദത്തിനു ഭാഗം, വശം എന്നൊക്കെയാണർഥം. ഒരാൾ സൂര്യനെ ദർശിക്കുന്നു എന്നു കരുതുക. ദർശിക്കുന്നയാളാണു ദ്രഷ്ടാവ്; ദ്രഷ്ടാവിന്റെയുള്ളിലുള്ള സൂര്യസങ്കൽപ്പമാണു ദർശനം; പുറമേയുള്ള സൂര്യനാണു ദൃശ്യം. വ്യക്തികളിലെ വികാരപ്രകടനങ്ങളിൽപോലും ഈ ത്രിപുടി കണ്ടെത്താൻ കഴിയും. ഒരാൾ കോപിക്കുന്നു എന്നു കരുതുക. കോപിക്കുന്നയാളാണു ദ്രഷ്ടാവ്; കോപസങ്കൽപമാണു ദർശനം, പുറമേതെളിയുന്ന കോപപ്രകടനമാണു ദൃശ്യം. പ്രപഞ്ചം അനുഭവമാണ്. അനുഭവമില്ലാത്തിടത്തു പ്രപഞ്ചമില്ല. പ്രപഞ്ചാനുഭവമേതും ത്രിപുടിയിൽ ഒതുങ്ങുകയും ചെയ്യും. അപ്പോൾ ത്രിപുടിയിലെ പരമരഹസ്യം കണ്ടുപിടിച്ചാൽ പ്രപഞ്ചരഹസ്യം തെളിയുമെന്നു തീർച്ചയാണല്ലോ. ത്രിപുടി രഹസ്യം എങ്ങനെ കണ്ടുപിടിക്കാം. ത്രിപുടിയിൽ മാറ്റമില്ലാതെ കാണപ്പെടുന്ന ഘടകമാണു ത്രിപുടി രഹസ്യം. ആ മാറ്റമില്ലാത്ത ഘടകമാണു ബോധരൂപനായ ആത്മാവ്. ദർശനവും ദൃശ്യവും സദാ മാറിക്കൊണ്ടിരിക്കുന്നു. ദ്രഷ്ടാവ് എവിടെയും ആരിലും ബോധംതന്നെയായതുകൊണ്ട് അതിനൊരിക്കലും മാറ്റമുണ്ടാകുന്നില്ല. ഒരേ ബോധം സൂര്യനെ ദർശിക്കുമ്പോൾ സൂര്യസങ്കൽപ്പം ദർശനവും സൂര്യൻ ദൃശ്യവും. അതേ ദ്രഷ്ടാവ് സൂര്യദർശനം മാറ്റി ചന്ദ്രനെ ദർശിക്കുമ്പോൾ ചന്ദ്രസങ്കൽപ്പം ദർശനവും ചന്ദ്രൻ ദൃശ്യവും. ഇങ്ങനെ അനുഭവം മാറുന്നതോടുകൂടി ദർശനവും ദൃശ്യവും മാറുന്നു. ദ്രഷ്ടാവിനു മാറ്റമൊന്നുമില്ല. ഈ ദ്രഷ്ടാവ് ഏതു വ്യക്തിയിലായാലും ബോധം തന്നെയായതുകൊണ്ട് വ്യക്തിഭേദങ്ങൾ പോലും ദ്രഷ്ടാവിൽ ഭേദമുളവാക്കുന്നില്ലെന്നു കാണേണ്ടതാണ്. ഈ വിശകലനം ഒരു കാര്യം വ്യക്തമാക്കുന്നു. ദ്രഷ്ടാവിലാണു ദർശനം ആരംഭിക്കുന്നത്. എങ്ങനെയറിയാം? ദ്രഷ്ടാവില്ലയോ ദർശനവും ദൃശ്യവും ഇല്ല. ഇനി ദർശനവും ദൃശ്യവും വിട്ടുമാറിയാലും ദ്രഷ്ടാവു ബാക്കി നിൽക്കുന്നു. എങ്ങനെയറിയാം? ദർശനദൃശ്യങ്ങളെ മാറ്റിമാറ്റി അനുഭവിക്കുന്നതുകൊണ്ടുതന്നെയറിയാം. ദ്രഷ്ടാവില്ലയോ ഒരിടത്തും ദർശനദൃശ്യങ്ങൾ അനുഭവപ്പെടുകയില്ല. അപ്പോൾ ദർശനദൃശ്യങ്ങൾ ദ്രഷ്ടാവുതന്നെ തന്നിലുണ്ടാക്കുന്ന വെറും സങ്കൽപ്പിതകാര്യങ്ങളാണെന്നു സ്പഷ്ടം. ദ്രഷ്ടാവു മാത്രം സത്യം; ദർശനദൃശ്യങ്ങൾ വെറും മായാകാര്യങ്ങൾ. ഇതെല്ലാം മനസ്സിൽ കണ്ടുകൊണ്ടാണു സിദ്ധന്മാർ 'ദർശനപ്രഥമാഭാസമാത്മാനം' എന്നു ഗാനം ചെയ്തിരിക്കുന്നത്. സിദ്ധഗാനം തുടർന്നു:

96. ദ്വയോർമധ്യഗതം നിത്യമസ്തിനാസ്തീതിപക്ഷയോഃ
പ്രകാശനം പ്രകാശാനാമാത്മാനം സമുപാസ്മഹേ.

അസ്തി നാസ്തി-ഉണ്ട്; ഇല്ല എന്നിങ്ങനെ; ദ്വയോ: പക്ഷയോ: അനുഭവത്തിലെ രണ്ടു പക്ഷങ്ങൾക്കും; നിത്യം മധ്യഗതം-സദാ ഇടയ്ക്കു സ്ഥിതി ചെയ്യുന്ന; പ്രകാശാനാം പ്രകാശനം-ഉള്ളതായി അനുഭവപ്പെടുന്ന എല്ലാറ്റിനെയും ഉള്ളതാക്കിത്തീർക്കുന്ന; ആത്മാനം-ബോധരൂപമായ സത്യത്തെ; സമുപാസ്മേഹേ - ഞങ്ങൾ ഉപാസിക്കുന്നു.

ഉണ്ട്, ഇല്ല എന്നിങ്ങനെ അനുഭവത്തിലെ രണ്ടു പക്ഷങ്ങൾക്കും സദാ ഇടയ്ക്കു സ്ഥിതിചെയ്യുന്ന, ഉള്ളതായി അനുഭവപ്പെടുന്ന എല്ലാറ്റിനെയും ഉള്ളതാക്കിത്തീർക്കുന്ന ബോധസ്വരൂപമായ സത്യത്തെ ഞങ്ങൾ ഉപാസിക്കുന്നു.

digitized by www.sreyas.in

**പ്രകാശനം പ്രകാശാനാമാത്മാനം**

ഉള്ളതായി അനുഭവപ്പെടുന്ന എല്ലാറ്റിനെയും ഉള്ളതാക്കിത്തീർക്കുന്നതു ബോധമാണ്. ഉള്ളതായി അനുഭവപ്പെടുന്ന ഇല്ലായ്മയെപ്പോലും ഉള്ളതാക്കിത്തീർക്കുന്നതു ബോധമാണ്. ലൗകികങ്ങളായ എല്ലാ അനുഭവങ്ങളും ഉണ്മയും ഇല്ലായ്മയും ഇടകലർന്നതാണ്. 'ഇവിടെ കുടമുണ്ട്' എന്നു കുടത്തിന്റെ ഉണ്മ അനുഭവിക്കുമ്പോൾ അതോടൊപ്പം വസ്ത്രം മുതലായ അനേകം പദാർഥങ്ങൾ ഇല്ല എന്നിങ്ങനെ അവയുടെ ഇല്ലായ്മയും അനുഭവപ്പെടുന്നു. പക്ഷേ ഈ ഉണ്മയും ഇല്ലായ്മയും ഒരേ ബോധത്തിലാണനുഭവപ്പെടുന്നത് എന്ന കാര്യം ആർക്കും നിഷേധിക്കാൻ പറ്റുകയില്ലല്ലോ. അപ്പോൾ പദാർഥങ്ങളുടെ ഇല്ലായ്മപോലും ഉള്ളതായിത്തീരുന്നതു ബോധത്തിലാണെന്നോർക്കണം. എന്തിനേറെ, ഈശ്വരൻ ഉണ്ടെന്നും ഇല്ലെന്നും സംശയം വരുന്നു എന്നു കരുതുക. ശാസ്ത്രീയമായ ഈശ്വരസ്വരൂപം ബോധമാണ്. അപ്പോൾ ഈശ്വരൻ ഉണ്ടെന്നു സംശയിക്കുന്നതാര്; ബോധം. ഈശ്വരൻ ഇല്ലെന്നു സംശയിക്കുന്നതാര്; ബോധം. ബോധമില്ലാതെ ഇതിലേതെങ്കിലും സംശയം സാധ്യമാകുമോ? ചുരുക്കത്തിൽ ഈശ്വരൻ ഇല്ലെന്നു സംശയിക്കാൻപോലും ഈശ്വരനു മാത്രമേ കഴിയൂ എന്നതാണു വസ്തുത. അങ്ങനെയുള്ള ഈശ്വരനെയാണു ചിലർ നിഷേധിക്കുന്നത്. ഈശ്വരസ്വരൂപമെന്തെന്നു ചിന്തിച്ചറിയാതെ ഈശ്വരനില്ലെന്നു പ്രഖ്യാപിക്കുന്നവർ 'എനിക്കു നാക്കില്ല' എന്നുച്ചത്തിൽ വിളിച്ചു പറയുന്നവരെപ്പോലെയാണ്. ഉണ്മയുടെയും ഇല്ലായ്മയുടെയും അനുഭവങ്ങളുടെ മധ്യത്തിൽ ഒരിക്കലും ഇല്ലാതാകാതെ സനാതനമായി വിളങ്ങുന്ന ബോധതത്ത്വമാണ് ഈശ്വരൻ. അവനവനിൽ 'ഞാൻ, ഞാൻ' എന്നിങ്ങനെ സദാ പ്രകാശിച്ചു വിളങ്ങുന്നത് ആ ഈശ്വരൻ തന്നെയാണ്. ഈ ഈശ്വരനെ രാഗദ്വേഷമറമാറ്റി പൂർണമായി കണ്ടെത്തുന്നതു തന്നെയാണീശ്വരസാക്ഷാത്ക്കാരം. ആ ഈശ്വരനുണ്ടെങ്കിലേ ഇല്ലായ്മപോലും ഉള്ളതായി അനുഭവപ്പെടൂ. സിദ്ധന്മാർ ഗാനം തുടർന്നു:

97. സശിരസ്കംഹകാരാദിമശേഷാകാര സംസ്ഥിതം
അജസ്രമുച്ചരന്തംസ്വമാത്മാനം സമുപാസ്മഹേ.

അശേഷാകാരസംസ്ഥിതം-ദേവതിര്യങ്മനുഷ്യപക്ഷി മൃഗാദിസകലശരീരങ്ങളിലും നിറഞ്ഞുതിങ്ങുന്നതും; സശിരസ്കംഹകാരാദിം-'സ'കാരത്തിലവസാനിച്ച് 'ഹ'കാരത്തിൽ തുടങ്ങുന്ന 'ഹംസ'മന്ത്രം; അജസ്രം ഉച്ചരന്തം-സദാ ജപിച്ചുകൊണ്ടിരിക്കുന്നതുമായ; സ്വംആത്മാനം-സ്വന്തം ആത്മാവിനെ; സമുപാസ്മഹേ-ഞങ്ങൾ ഉപാസിക്കുന്നു.

ദേവതിര്യങ്മനുഷ്യപക്ഷിമൃഗാദി സകല ശരീരങ്ങളിലും നിറഞ്ഞുതിങ്ങുന്നതും'സ' കാരത്തിലസവാനിച്ച് 'ഹ' കാരത്തിൽ തുടങ്ങുന്നതുമായ ഹംസമന്ത്രം സദാ ജപിച്ചു കൊണ്ടിരിക്കുന്നതുമായ സ്വന്തം ആത്മാവിനെ ഞങ്ങൾ ഉപാസിക്കുന്നു.

**സ്വമാത്മാനം സമുപാസ്മഹേ**

അവനവന്റെ സ്വരൂപമായി വർത്തിക്കുന്ന സ്വന്തം ആത്മാവിനെ ഞങ്ങൾ ഉപാസിക്കുന്നു. ജഗത്തിലുടനീളം അകവും പുറവും നിറഞ്ഞുനിൽക്കുന്ന ബ്രഹ്മം തന്നെയാണീ ആത്മാവ്. ആത്മാവ് ഇക്കാര്യം സദാ ഹംസമന്ത്രജപ

digitized by www.sreyas.in

ത്തിലൂടെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്താണ് 'ഹംസ'മന്ത്രം? 'സഃഅഹം-അവൻ ഞാൻ തന്നെ' എന്നർഥം വരുന്ന 'സോ$f$ഹം' എന്ന വാക്യം ഓരോ ജീവനും ശ്വാസോച്ഛ്വാസം വഴി സദാ ജപിച്ചുകൊണ്ടിരിക്കുന്നു എന്നാണു സങ്കൽപ്പം. 'അവൻ' പരമാത്മാവ്; 'ഞാൻ' ജീവാത്മാവ്; അപ്പോൾ ജീവാത്മപരമാത്മൈക്യമാണു മന്ത്രതാൽപ്പര്യം. ഞാൻ പരമാത്മാവു തന്നെ എന്നർഥം വരുന്ന മന്ത്രം ഓരോ ജീവനും സദാ ജപിക്കുന്നു എന്നുള്ളതിൽ കവിഞ്ഞ് വ്യക്തിബോധവും പ്രപഞ്ചബോധമായ ബ്രഹ്മവും ഒന്നാണെന്നുള്ളതിനു മറ്റെന്തു തെളിവാണാവശ്യം? 'സഃഅഹം' എന്ന വാക്യത്തിലെ 'അകാരം ഉപേക്ഷിച്ചിട്ട് അക്ഷരങ്ങൾ മറിച്ചിട്ടാണ് 'സോഹ'മെന്ന വാക്യത്തിന് 'ഹംസഃ' എന്ന പേരു നൽകിയിരിക്കുന്നത്. 'ഹംസഃ' എന്ന പദം പരമാത്മവാചിയായി വേദാന്തത്തിൽ പ്രസിദ്ധവുമാണ്. ചുരുക്കത്തിൽ ഓരോ ജീവനും ശ്വാസോച്ഛ്വാസത്തിൽകൂടി ജീവബ്രഹ്മൈക്യം സദാ വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു. ഇക്കാര്യം അറിയുകയേ വേണ്ടൂ ബ്രഹ്മസാക്ഷാത്കാരത്തിനെന്നു താൽപ്പര്യം. സിദ്ധന്മാർ ഗീതയിലൂടെ പ്രഖ്യാപിക്കുന്നതു നോക്കുക:

98. സംത്യജ്യഹൃദ്ഗൃഹേശാനം ദേവമന്യം പ്രയാന്തിയേ
തേരത്നമഭിവാഞ്ഛന്തി ത്യക്ത്വാ ഹസ്തസ്ഥകൗസ്തുഭം

ഹൃദയക്ഷേത്രത്തിൽ തെളിഞ്ഞു വിരാജിക്കുന്ന ഈശ്വരനെ കൈവിട്ടിട്ട് മറ്റീശ്വരന്മാരെ അന്വേഷിച്ചു നടക്കുന്നവർ കൈയിലിരിക്കുന്ന കൗസ്തുഭമണി വലിച്ചെറിഞ്ഞിട്ടു രത്നമന്വേഷിച്ചു നടക്കുന്നവരാണ്. ലൗകികങ്ങളായ എല്ലാ ആശകളും മനസ്സിൽ നിന്നു പുറന്തള്ളിയാൽ ആനന്ദസ്വരൂപമായ ആ ദേവനെ പൂർണമായി കണ്ടെത്താൻ കഴിയും. ആത്മാനന്ദം തെളിയുമ്പോൾ ആശാലതകൾ നാരായവേരോടെ അറ്റു പോവുകയും ചെയ്യും.

99. ബുധ്വാപ്യാദ്യന്ത വൈരസ്യം യഃ പദാർഥേഷുദുർമതിഃ
ബധ്നാതിഭാവനാം ഭൂയോനരോനാസൗ സ ഗർദഭഃ

ഭൗതികസുഖ സാമഗ്രികൾ ആദ്യവും അവസാനവും ദുഃഖിപ്പിക്കുന്നവയാണ്. ഇക്കാര്യം നല്ലപോലെ അറിയാമായിരുന്നിട്ടും ആരാണോ അവയിൽ വീണ്ടും വീണ്ടും ആഭിമുഖ്യം പുലർത്തുന്നത് അയാൾ മനുഷ്യനല്ല; കഴുതയാണ്. ഭൗതികസാമഗ്രികൾ നേടിയെടുക്കാൻ പലപ്പോഴും വളരെ ക്ലേശിക്കേണ്ടിയിരിക്കുന്നു. ഇതാണവ ആരംഭത്തിലുണ്ടാക്കുന്ന ദുഃഖം. ഇനി ക്ലേശിച്ചു നേടിയെടുത്താലും അവ ജീർണിച്ചു നശിക്കുന്നു. ഇതാണവ അവസാനമുണ്ടാക്കുന്ന ദുഃഖം. ഇതൊക്കെ സഹിച്ചാലും ജീവിതാവസാനം അവയൊക്കെ വിട്ടുപോകേണ്ടിയിരിക്കുന്നു. അതാണവസാനത്തെ കടുത്ത ദുഃഖം. ഈ ദുഃഖങ്ങൾക്ക് ഒരേ ഒരു പോംവഴിയേ ഉള്ളൂ. സത്യബോധമുൾക്കൊണ്ടു മനസ്സിനെ ദൃഢമായി നിസ്സംഗത പഠിപ്പിച്ചുകൊണ്ട് ഒരു നടനെപ്പോലെ ലോകകാര്യങ്ങളിൽ ചരിക്കുക. പൊന്തിവന്നു പ്രലോഭിപ്പിക്കുമ്പോഴും പൊന്തിവരാതെ വാസനയിൽ അമർന്നുകഴിയുമ്പോഴും ഇന്ദ്രിയങ്ങളാകുന്ന ശത്രുക്കളെ ദേവേന്ദ്രൻ വജ്രം കൊണ്ടു പർവതത്തെ എന്ന പോലെ വിവേകമാകുന്ന വടികൊണ്ട് ശക്തിയായി അടിച്ചു പാകപ്പെടുത്തുക.

100. ഹസ്തം ഹസ്തേന സംപീഡ്യദന്തൈർദന്താൻ വിചൂർണ്യച
അംഗാന്യംഗൈഃസമാക്രമ്യജയേദാദൗസ്വകംമനഃ

digitized by www.sreyas.in

കൈ കൈകൊണ്ടമർത്തിപ്പിടിച്ചും പല്ലുകൾ പല്ലുകൾകൊണ്ടു കടിച്ചമർത്തിയും അവയവങ്ങൾ അവയവങ്ങൾകൊണ്ടു ഞെക്കിഞെരുക്കിയും ഏതുവിധേനയും മനസ്സിനെ ജയിച്ചു കീഴടക്കുക. പാകപ്പെട്ട മനസ്സുപശമിക്കുന്നതു പരമപവിത്രമായ ആത്മസുഖം പ്രദാനം ചെയ്യുന്നു. ജീവിതധന്യത ആഗ്രഹിക്കുന്ന ഒരാൾ ഇതു നിശ്ചയമായും സാധിക്കേണ്ടതാണ്. സത്യമറിയുന്ന ഒരാൾക്ക് ഇതെളുപ്പം നേടാൻ കഴിയും. മനസ്സുപശമിച്ചാൽ സ്വരൂപമായ ആത്മസ്ഥിതി വന്നുചേരും. ആത്മസുഖം നേടുന്നതിൽ കവിഞ്ഞ് ഉത്തമമായ മറ്റൊന്നും ഈ ജീവിതത്തിൽ നേടാനില്ല!

വസിഷ്ഠൻ തുടർന്നു: 'രാമാ', ജനകമഹാരാജാവ് സിദ്ധൻമാർ ഗാനം ചെയ്ത ഈ ഗീത ശ്രദ്ധിച്ചുകേട്ടു. ഒരു ഭീരു യുദ്ധകോലാഹലം കേട്ടു ഭയക്കുന്നതുപോലെ രാജാവിന്റെ മനസ്സ് വിഷാദമഗ്നമായി. പരിജനങ്ങളെയെല്ലാം അവരവരുടെ വാസസ്ഥാനങ്ങളിലേക്കു പറഞ്ഞയച്ചിട്ടു ഒരു സിംഹമെന്നപോലെ അദ്ദേഹം പർവതപ്രദേശത്തെ ശരണം പ്രാപിച്ചു. അവിടെ നിന്നുകൊണ്ട് രാജ്യവാസികളായ ജനങ്ങളുടെ ചലനങ്ങൾ നാലുപാടും നോക്കിക്കണ്ടു. പറന്നു പൊങ്ങുന്ന പക്ഷികളുടെ ചിറകുകൾ പോലെ ജനങ്ങൾ എന്തിനോ വേണ്ടി നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നു. ഈ ലോകഗതികണ്ട് ആതുരഹൃദയനായി അദ്ദേഹം ഇങ്ങനെ സ്വയം വിലപിച്ചു: 'ഹാ കഷ്ടം കഷ്ടം, ദുഃഖകരവും ലോലലോലവുമായ ലോകദൃഷ്ടിയിൽ സ്വയം ഞാനും അകപ്പെട്ടു പോയല്ലോ. ഏതുനിമിഷവും നഷ്ടപ്പെട്ടുപോകാമെന്നുള്ളതാണു ലോകദൃഷ്ടിയുടെ ലോലത. ഭ്രമം നിമിത്തം ഒരു പാറക്കല്ലു മറ്റൊരു പാറക്കല്ലിൽ ചെന്നു വീഴുന്നതുപോലെ ഞാനും ലോകകാര്യങ്ങളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഈ കാലഗതി അനാദിയും അനന്തവുമാണ്; അതിൽ അതിനിസ്സാരമായ ഒരംശത്തിൽ മാത്രമേ എനിക്കു നിലനിൽപ്പുള്ളൂ. എന്നിട്ടും അതു സത്യമാണെന്നു കരുതി ഞാനതിനെ മുറുകെപ്പിടിക്കുന്നു; ഞാൻ എന്തുമാത്രം അധമബുദ്ധിയാണ്. അതാലോചിച്ചാൽ ഈ രാജ്യംകൊണ്ടോ ജീവിതം കൊണ്ടോ എനിക്കെന്തു പ്രയോജനം. സത്യമെന്താണെന്നന്വേഷിക്കാതെ ഞാനീ അൽപ്പകാര്യത്തിൽ മുറുകെപ്പിടിച്ചുനിൽക്കുന്നതു ബുദ്ധിശൂന്യതയല്ലേ. ഈ ജഡജഗത്തിൽ മാറ്റമില്ലാത്ത ഏതെങ്കിലും വസ്തുവുണ്ടോ; സ്വതേ രമ്യമായ എന്തെങ്കിലുമുണ്ടോ; കൽപ്പിതമല്ലാത്ത അകൃത്രിമമായ എന്തെങ്കിലുമുണ്ടോ; അങ്ങനെയൊന്നും ഇവിടെ കാണുന്നില്ല. പിന്നെ ഞാൻ എന്തിനു വേണ്ടിയാണ് നിർബന്ധപൂർവം ഇവിടെ നിൽക്കുന്നത്. ഉന്നത സ്ഥാനങ്ങളിൽ മഹത്തുക്കളായി വിരാജിക്കുന്നവർ ദിവസങ്ങൾകൊണ്ടു പതിച്ചു നിസ്സാരന്മാരായിത്തീരുന്നു. മനസ്സേ, കഷ്ടം, ഭൗതികമായ മഹത്ത്വത്തിൽ വിശ്വസിക്കാൻ എന്തിരിക്കുന്നു. ആ മഹാ വിഭവശാലികൾ, സ്നേഹനിധികളായ ഉറ്റ ബന്ധുക്കൾ എല്ലാം ഇപ്പോൾ ഓർമയിൽ മാത്രം; അപ്പോൾ പിന്നെ വർത്തമാനസ്ഥിതിക്ക് എന്താണു സ്ഥിരത. വലിയ ചക്രവർത്തിമാരുടെ ധനസമ്പത്തൊക്കെ എവിടെപ്പോയി. ബ്രഹ്മാവിന്റെ ഈ ജഗത്തിനുതന്നെ എന്തുവില; എല്ലാം പ്രകൃതിയിൽ വന്നും പോയുമിരിക്കുന്നു; ആ സ്ഥിതിക്ക് എന്റെ കാര്യത്തിൽ എന്തുറപ്പാണ്.

101. കോടയോ ബ്രഹ്മണാംയതാ ഗതാഃ സ്വർഗപരമ്പരാഃ
പ്രയാതാഃപാംസുവദ്ഭൂപാഃ കാധൃതിർമമജീവിതേ.

കോടിക്കണക്കിനു ബ്രഹ്മാക്കൾ കടന്നുപോയി. സ്വർഗങ്ങളുടെ പരമ്പര

digitized by www.sreyas.in

തന്നെ വന്നു, പോയി. പൊടിപടലം പോലെ ചക്രവർത്തിമാർ പൊങ്ങിമറഞ്ഞു. എന്റെ ജീവിതത്തിനെന്താണു സ്ഥിരത.

102. സംസാരരാത്രിദുഃസ്വപ്നേശൂന്യദേഹമയേഭ്രമേ
ആസ്ഥാം ചേദനുബധ്നാതിതന്മമാസ്തുധിഗസ്ഥിതിം.

സംസാരരാത്രിദുസ്വപ്നേ-സംസാരമാകുന്ന രാത്രിയിലെ ദുസ്വപ്നമായ, ശൂന്യേ ദേഹമയേഭ്രമേ-ഒരുവസ്തുസത്തയുമില്ലാത്ത ദേഹമയഭ്രമത്തിൽ; ആസ്ഥാം അനുബധനാതിചേത്-സത്യമെന്ന് കരുതി ഞാൻ സംഗബദ്ധനാവുകയാണെങ്കിൽ; തത് മമ-അതെനിക്ക്; അസ്ഥിതിംധിക്അസ്തു-അളവില്ലാത്ത അധന്യതയ്ക്കു കാരണമായി ഭവിക്കും.

സംസാരമാകുന്ന രാത്രിയിലെ ദുഃസ്വപ്നമായ, ഒരു വസ്തുസത്തയുമില്ലാത്ത ദേഹമയഭ്രമത്തിൽ സത്യമെന്നു കരുതി ഞാൻ സംഗബദ്ധനാവുകയാണെങ്കിൽ അതെനിക്ക് അളവില്ലാത്ത അധന്യതയ്ക്കു കാരണമായി ഭവിക്കും.

### തന്മമാസ്തുധിഗസ്ഥിതിം

സ്വപ്നത്തിൽ സത്യബുദ്ധി പുലർത്തി സംഗപ്പെടുന്നത് അളവില്ലാത്ത അധന്യതയ്ക്കു വഴിതെളിക്കും. എന്തുകൊണ്ട്? യാതൊരു വസ്തുസത്തയുമില്ലാത്ത ശൂന്യദർശനമാണു സ്വപ്നം. ഉറക്കത്തിൽ ഒരാൾ എന്തൊക്കെ സ്വപ്നങ്ങളാണു കാണുന്നത്. ചക്രവർത്തിയായെന്നും, ഭിക്ഷക്കാരനായെന്നും, കടുവാ ഓടിച്ചെന്നും ഒക്കെ സ്വപ്നം കാണാറില്ലേ. ഈ അനുഭവങ്ങൾക്കൊക്കെ വല്ല വസ്തുസ്ഥിതിയും ഉണ്ടോ. ഒക്കെ ശൂന്യം. എന്നാൽ 'സ്വപ്നം' കണ്ടുകൊണ്ടിരിക്കുമ്പോൾ അതൊക്കെ ഉള്ളതായിത്തന്നല്ലേ അനുഭവപ്പെടുന്നത്. ഇനിയും സ്വപ്നത്തിനെന്തെങ്കിലും യുക്തി പറയാനുണ്ടോ? ഒരു യുക്തിയുമില്ല. വെറും മനസ്സിന്റെ ഭ്രമം. വാസന സ്വപ്നമായി പരിണമിക്കുന്നതല്ലേ; ആയിരിക്കാം. പക്ഷെ വാസന എന്തിന് എങ്ങനെ ഇങ്ങനെയൊക്കെയായി പരിണമിക്കുന്നു? ഈ ചോദ്യങ്ങൾക്കു തൃപ്തികരമായ വല്ല ഉത്തരവുമുണ്ടോ? ഇതുപോലെ സംസാരമാകുന്ന രാത്രിയിലെ ദുഃസ്വപ്നമാണ് ജീവിതം. എന്താണു രാത്രി? പ്രകാശത്തിന്റെ ഇല്ലായ്മയാണ് രാത്രിയുടെ തോന്നലുളവാക്കുന്നത്. രാത്രിക്കുകാരണമായ ഇരുട്ടിനെക്കുറിച്ച് യുക്തിചിന്ത ചെയ്തു വിലയിരുത്തുവാൻ പറ്റുമോ? ഇരുട്ട് എവിടെ നിന്നു വരുന്നു; എങ്ങോട്ടു പോകുന്നു; ഇരുട്ടൊരു പദാർഥമാണോ. ഒന്നിനും ഉത്തരമില്ല. എന്തുകൊണ്ട്? പ്രകാശത്തിന്റെ അഭാവത്തിലുണ്ടാകുന്ന ഒരു ഭ്രമമാണ് ഇരുട്ട്. സംസാരത്തിന്റെ കഥയും ഇതുപോലെയാണ്. (അറുപത്തെട്ടും എഴുപത്തഞ്ചും പദ്യങ്ങളുടെ വ്യാഖ്യാനം ഒന്നുകൂടി വായിക്കുക). സംസാരം എവിടെ നിന്നു വരുന്നു; എങ്ങോട്ടു പോകുന്നു; സംസാരം യഥാർഥത്തിൽ ഉള്ളതാണോ; ഒന്നിനും ഉത്തരമില്ല. എന്തുകൊണ്ട്; ബോധരൂപമായ സത്യത്തിന്റെ അപൂർണാനുഭവത്തിൽ ഉണ്ടാകുന്ന ഒരു ഭ്രമമാണ് സംസാരം. അതുകൊണ്ട് സംസാരം രാത്രിപോലെയാണ്. ഈ സംസാരരാത്രിയിൽ സംഭവിക്കുന്ന വസ്തുസ്ഥിതിയില്ലാത്ത ദുഃസ്വപ്നമാണ് ദേഹഭ്രമം. സ്വപ്നത്തിൽ ഒരു കാഴ്ചയ്ക്കും യുക്തിപറയാനില്ല. ദേഹത്തിന്റെ ഉത്പത്തിനാശങ്ങൾക്കും യുക്തിയൊന്നുമില്ല. അച്ഛനമ്മമാരുടെ ബീജങ്ങൾ ചേർന്നുണ്ടാകുന്നതല്ലേ ദേഹം. അതുശരി. ആദ്യത്തെ അച്ഛനും അമ്മയും എങ്ങനെയുണ്ടായി? അതു

digitized by www.sreyas.in

പോകട്ടെ. നഗ്നനേത്രങ്ങൾക്കു കാണാൻ പോലും പറ്റാത്തവിധം അതിസൂക്ഷ്മമായ പിതൃബീജകണിക മാതൃഗർഭപാത്രത്തിലെത്തി അത്യന്തം വിചിത്രമായ മനുഷ്യശരീരമായി രൂപംകൊള്ളുന്നു. കണ്ണും, തലയും, തലമുടിയും, എല്ലും, നഖവും, മാംസവുമൊക്കെയുള്ള ഈ മനുഷ്യശരീരം ആ സൂക്ഷ്മബീജത്തിൽ എങ്ങനെയൊളിച്ചിരുന്നു. ഇതിനേക്കാൾ വലിയൊരിന്ദ്രജാലം വേറെയുണ്ടോ? ആ സൂക്ഷ്മബീജങ്ങളും ഇങ്ങനെ പുറത്തുവന്ന് ബാല്യം, യൗവനം, വാർധക്യം തുടങ്ങിയ ദശകൾ കടന്നുപോകുന്നു. ഓടുന്നു, ചാടുന്നു, യുദ്ധം ചെയ്യുന്നു, മരിക്കുന്നു. ഇതൊക്കെ എങ്ങനെ, എന്തിന്; ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ വല്ല മറുപടിയുമുണ്ടോ? ബോധത്തിന് ഇതിൽ കവിഞ്ഞൊരു ദുഃസ്വപ്നം സംഭവിക്കാനേയില്ല. ഈ ദുഃസ്വപ്നത്തിൽ സത്യബുദ്ധി പുലർത്തി താനതാണെന്നനുഭവിക്കാനിടവരുന്നതിനേക്കാൾ ഒരധന്യത ജീവിതത്തിൽ മറ്റെന്തുണ്ട്. ജനകൻ തുടർന്നു: 'രാവുംപകലും വരുന്നു പോകുന്നു, പൊയ്ക്കൊണ്ടിരിക്കുന്നു. നാശമില്ലാത്ത ഒരു സ്ഥിരവസ്തു ഇന്നുവരെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ. ജഡസുഖസാമഗ്രികളിൽ ചിലതു തുടക്കത്തിൽ മനോരമം, ചിലതു മധ്യത്തിൽ, ചിലത് ഒടുക്കത്തിൽ. മുല്ലപ്പൂമാലപോലുള്ളവ തുടക്കത്തിൽ മനോരമം; മനുഷ്യദേഹം മധ്യമായ യൗവനത്തിൽ മനോരമം; മധുരഫലങ്ങൾ പഴുത്തുപാകമാകുമ്പോൾ ഒടുക്കത്തിൽ മനോരമം; എന്തായാലും ഇവയൊക്കത്തന്നെ വിനാശകളങ്കത്താൽ പരിദൂഷിതങ്ങളാണ്. നശിക്കാത്തതായി ഒന്നുംതന്നെ കാണപ്പെടുന്നില്ല. നാളെനാളെ പാപപങ്കിലങ്ങളായിത്തീരുന്നു; നാളെനാളെ ക്രൂരതരങ്ങളായിത്തീരുന്നു; നാളെനാളെ ഖേദകരങ്ങളായി മാറുന്നു; ജഡബുദ്ധികളുടെ ജീവിതദശ ഇങ്ങനെ കടന്നുമുന്നേറുന്നു. ബാല്യം അറിവില്ലായ്മകൊണ്ട് ഇരുളടഞ്ഞത്; യൗവനം കാമചിന്തകൊണ്ടു കലുഷമായത്; വാർധക്യം കളത്രപുത്രചിന്തകൊണ്ടു വ്യാകുലമായത്; ജഡമതിയുടെ ജീവിതത്തിൽ സുഖവും ശാന്തിയും എവിടെയുണ്ട്.

103. സതോ*ƒ*സത്താ സ്ഥിതാമൂർധ്നിമൂർധ്നി രമ്യേ*ƒ*പ്യരമ്യതാ
സുഖേഷുമൂർധ്നിദുഃഖാനി കിമേകം സംശ്രയാമ്യഹം.

ഉള്ളതെന്നു തോന്നുന്നതിനെ നാശം വിഴുങ്ങിക്കൊണ്ടിരിക്കുന്നു; മനോഹരമെന്നു തോന്നുന്നതു ജീർണിച്ചു വിരൂപമായിക്കൊണ്ടിരിക്കുന്നു; സുഖങ്ങൾ ദുഃഖങ്ങളുടെ ആശങ്കകൊണ്ടു മലിനങ്ങളായിത്തീരുന്നു. വിശ്വാസത്തോടെ എന്തിനെ സമാശ്രയിക്കാൻ കഴിയും. ബ്രഹ്മാവിനെപ്പോലെയുള്ള ദേവന്മാർ കണ്ണുകളടച്ചാൽ പ്രളയം; കണ്ണുകൾ തുറന്നാൽ സൃഷ്ടി. അങ്ങനെയുള്ള മഹാദേവന്മാർപോലും കാലചക്രത്തിലെ ഭ്രമച്ചുഴികൾ. ആ സ്ഥിതിക്ക് ഇവിടെ എന്നെപ്പോലുള്ളവർക്കെന്തു വില.

104. സംപദോ*ƒ*പി വിചിത്രായാസ്താശ്ചേച്ചിത്തേനസംമതാഃ
തത്താ അപിമഹാരംഭാ ഹന്തമന്യേമഹാപദഃ

യാഃവിചിത്രാഃസംപദഃ-എന്തൊക്കെയാണോ അതിരുകവിഞ്ഞ സമ്പത്തുകളായി കരുതപ്പെടുന്നവ; താഃ അപി-അവപോലും; ചിത്തേനസംമതാഃ ചേത്-മനസ്സിനിണങ്ങുന്നവയാണെങ്കിലേ സമ്പത്തുകളായി കരുതപ്പെടുന്നുള്ളൂ. മഹാരംഭഃതാഃ അപിതത്-വലിയനേട്ടങ്ങളുണ്ടാക്കാൻ കഴിവുള്ള അവപോലും മനസ്സിനിണങ്ങുന്നില്ലെങ്കിൽ; ഹന്തമഹാപദഃമന്യേ-ആശ്ചര്യം, മഹാവിപത്തുകളായി ഗണിക്കപ്പെടുമെന്നു ഞാൻ കരുതുന്നു.

എന്തൊക്കെയാണോ അതിരുകവിഞ്ഞ സമ്പത്തുകളായി കരുതപ്പെടു

digitized by www.sreyas.in

ന്നവ അവ പോലും മനസ്സിനിണങ്ങുന്നവയാണെങ്കിലേ സമ്പത്തുകളായി കരുതപ്പെടുന്നുള്ളൂ. വലിയനേട്ടങ്ങളുണ്ടാക്കാൻ കഴിവുള്ള അവപോലും മനസ്സിനിണങ്ങുന്നില്ലെങ്കിൽ, ആശ്ചര്യം, മഹാവിപത്തുകളായി ഗണിക്കപ്പെടുമെന്നുതന്നെ ഞാൻ കരുതുന്നു.

**ഹന്തമന്യേ മഹാപദഃ**

മനസ്സ് അസ്വസ്ഥമാണെങ്കിൽ വലിയ സമ്പത്തുകൾപോലും കടുത്ത ആപത്തുകളായി അനുഭവപ്പെടും. സുഖദുഃഖാനുഭവങ്ങളെല്ലാം മനസ്സിന്റെ ഭാവന പോലെയാണെന്നു താൽപര്യം. വലിയ സമ്പന്നന്മാരായ എത്ര എത്ര പേരാണു സന്താനങ്ങളില്ലാതെ സദാ ദുഃഖിതന്മാരായി കഴിയുന്നത്. പുരാണങ്ങളിൽ തന്നെ അങ്ങനെയുള്ള പല ചക്രവർത്തിമാരുടെയും കഥകൾ വിവരിക്കപ്പെട്ടിട്ടുണ്ട്. ഇനി സന്താനങ്ങൾ ഉണ്ടായാൽ പോലും അവർ ദുഷ്ടന്മാരും ധൂർത്തന്മാരുമായി തീർന്നാൽ സമ്പത്തുകളൊക്കെ ആപത്തുകളായി അനുഭവപ്പെടും. ദുഷ്ടരായ മക്കളെ ഭയന്നു കൊട്ടാരവും രാജ്യവുമെല്ലാം ഉപേക്ഷിച്ചു കാട്ടിലേക്കുപോയ രാജാക്കന്മാരുടെ കഥകൾ തന്നെ പുരാണങ്ങളിലുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ഭൗതികങ്ങളായ സാമഗ്രികളെ ആശ്രയിച്ചുള്ള സുഖാനുഭവങ്ങൾക്കൊന്നും ഒരു സ്ഥിരതയുമില്ലെന്നു കാണാൻ കഴിയും.

105. ആപദോഹി വിചിത്രായാസ്താശ്ചേന്മനസി സംമതാഃ
തത്താ അപിമഹാരംഭാമന്യേമനസിസംപദഃ-

യാഃ വിചിത്രാഃ ആപദഃ-എന്തൊക്കെയാണോ വലിയ ആപത്തുകളായി കരുതപ്പെടുന്നവ; താഃ മനസിസമതാഃ ചേത്-അവ മനസ്സിനാപത്താണെന്നു തോന്നുന്നെങ്കിൽ മാത്രമേ ആപത്തായി കരുതപ്പെടുന്നുള്ളൂ; മഹാരംഭാഃ താഃഅപിതത്-വലിയ ദോഷങ്ങൾ വരുത്തിവയ്ക്കാവുന്ന അവപോലും; മനസിസംപദഃ മന്യേ-മനസ്സ് ആപത്തായി കരുതുന്നില്ലെങ്കിൽ സമ്പത്തുകളായി ഗണിക്കപ്പെടുമെന്നു തന്നെ ഞാൻ കരുതുന്നു.

എന്തൊക്കെയാണോ വലിയ ആപത്തുകളായി കരുതപ്പെടുന്നവ അവ മനസ്സിനാപത്തെന്നു തോന്നുന്നെങ്കിൽ മാത്രമേ ആപത്തുകളായി കരുതപ്പെടുന്നുള്ളൂ. വലിയ ദോഷങ്ങൾ വരുത്തിവയ്ക്കാവുന്ന അവ പോലും മനസ്സ് ആപത്തായി കരുതുന്നില്ലെങ്കിൽ സമ്പത്തുകളായി ഗണിക്കപ്പെടുമെന്നു തന്നെ ഞാൻ കരുതുന്നു.

**മന്യേ മനസി സംപദഃ**

മനസ്സിനിണങ്ങുമെങ്കിൽ വലിയ ആപത്തുകൾ പോലും സമ്പത്തുകളായി അനുഭവപ്പെടുന്നു. സമ്പത്തിൽ അത്യാകാംക്ഷയുള്ളവർ അച്ഛനമ്മമാരുടെ മരണം പോലുള്ള വലിയ ആപത്തുകളെ സന്തോഷത്തിനു വകനൽകുന്ന സമ്പത്തായി കരുതാറില്ലേ? ജഡഭൗതിക ജീവിതത്തിൽ വിരക്തി വരുന്നവർ ലൗകികങ്ങളായ ആപത്തുകളെ ശ്രേയസ്സിനു വഴിയൊരുക്കുന്ന സമ്പത്തുകളായി അംഗീകരിക്കുന്നു. ഭാഗവതത്തിൽ ഏഴാം ദിവസം സർപ്പം കടിച്ചു മരിക്കാനിടവരുമെന്ന മുനി ശാപം പരീക്ഷിത്ത് ഒരനുഗ്രഹമായിട്ടാണംഗീകരിക്കുന്നത്. പാണ്ഡവമാതാവായ കുന്തീദേവി തനിക്കു വീണ്ടും വീണ്ടും ആപത്തുകൾ തരണമെന്ന വരമാണു ഭഗവാനോടു ചോദിക്കുന്നത്. ആധ്യാത്മിക മാർഗത്തിൽ സഞ്ചരിക്കുന്നവർ ആപത്തുകളെല്ലാം ആത്മാന്വേഷണത്തിനുപകരിക്കുന്ന സമ്പത്തുകളായിട്ടാണ് കാണുന്നത്. ആപത്ത്,

digitized by www.sreyas.in

സമ്പത്ത് എന്ന വേർതിരിവുകളെല്ലാം മനസ്സിന്റെ ഭാവനയ്ക്കനുസരണമായ നിശ്ചയങ്ങൾ മാത്രമാണെന്നു താൽപ്പര്യം.

ജനകൻ വിലാപം തുടർന്നു: 'സംസാരം ദുഃഖത്തിന്റെ ചരമസീമയാണ്. അതിനകത്തകപ്പെട്ടുകിടക്കുന്ന ദേഹത്തിൽ എന്തു സുഖം കണ്ടെത്താനാണ്. ആയിരക്കണക്കിനു മുളപ്പുകളും, ശാഖകളും, തളിരുകളും, കായ്കനികളും കൊണ്ടുനിറഞ്ഞ ഈ സംസാര വൃക്ഷത്തിന്റെ വേരു മനസ്സാണെന്നു തീർച്ച. ആ മനസ്സോ, നിശ്ചയമായും അവനവന്റെ സങ്കൽപ്പം. സങ്കൽപ്പത്തെ ഉണക്കിക്കരിച്ച് ഞാൻ ഈ സംസാരവൃക്ഷത്തെയും ഉണക്കിക്കരിക്കുന്നുണ്ട്.

106. പ്രബുദ്ധോസ്മി പ്രബുദ്ധോസ്മി ദൃഷ്ടശ്ചൗരോമയാത്മനഃ
മനോനാമേഹഹന്മ്യേനം മനസാസ്മിചിരംഹതഃ

ഞാൻ ഉണർന്നു കഴിഞ്ഞിരിക്കുന്നു; ഞാൻ ഉണർന്നു കഴിഞ്ഞിരിക്കുന്നു. എന്റെ ആത്മസമ്പത്തപഹരിച്ച കള്ളനെ ഞാൻ കണ്ടെത്തിയിരിക്കുന്നു. അവന്റെ പേരാണു മനസ്സ്. ഇത്രനാളും അവൻ എന്നെ നശിപ്പിച്ചു; ഇനി ഞാൻ അവനെ നശിപ്പിക്കുന്നുണ്ട്.

107. ഏതാവന്തമിമംകാലം മനോമുക്താഫലംമമ
അവിദ്ധമാസീദധുനാ വിദ്ധംതുഗുണമർഹതി

ഇമം ഏതാവന്തം കാലം-ഈ ഇത്രയും കാലം; മമ മനോമുക്താഫലം - എന്റെ കൈയിലുണ്ടായിരുന്ന മനസ്സാകുന്ന മണിമുത്ത്; അവിദ്ധം ആസീത്-തുളയ്ക്കപ്പെട്ടിരുന്നില്ല; വിദ്ധംതു-തുളയ്ക്കപ്പെട്ടാലാകട്ടെ; ഗുണം അർഹതി - അതിൽ ആത്മാവാകുന്ന നൂലുകോർക്കാൻ കഴിയും.

ഈ ഇത്രയും കാലം എന്റെ കൈയിലുണ്ടായിരുന്ന മനസ്സാകുന്ന മണിമുത്ത് തുളയ്ക്കപ്പെട്ടിരുന്നില്ല. തുളയ്ക്കപ്പെട്ടാലാകട്ടെ അതിൽ ആത്മാവാകുന്ന നൂലുകോർക്കാൻ കഴിയും.

## വിദ്ധംതു ഗുണമർഹതി

സങ്കൽപ്പമാണല്ലോ മനസ്സ്. സങ്കൽപ്പമില്ലാതെ ഭൗതികജീവിതം സാധ്യമേയല്ല. അപ്പോൾ സങ്കൽപ്പങ്ങളെ പാടെ ഉപേക്ഷിക്കണമെന്നു പറഞ്ഞാൽ അതെങ്ങനെ സാധ്യമാകും. സങ്കൽപ്പങ്ങളെ തള്ളിക്കളയണമെന്നു പറഞ്ഞാൽ നാമരൂപസങ്കൽപ്പങ്ങൾ പ്രത്യേകം പ്രത്യേകം സത്യമാണെന്നു കരുതരുതെന്നേ അർഥമുള്ളൂ. ആഭരണങ്ങളെ പ്രത്യേകം പ്രത്യേകം വസ്തുക്കളാണെന്നു കാണാതെ അവയിൽ പൊതുവേ നിറഞ്ഞുനിൽക്കുന്ന സ്വർണത്തെ കാണുന്നതുപോലെ സങ്കൽപ്പങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ബോധരൂപനായ ആത്മാവിനെ കണ്ടു വ്യവഹരിക്കണം. അതുതന്നെയാണ് സങ്കൽപ്പത്യാഗം. സങ്കൽപ്പങ്ങളെ മുത്തുമണികളായി കരുതുക. മുത്തുമണികളെ തുളച്ച് നൂലിൽകോർത്താൽ മാലയായി മാറിൽ ധരിച്ചു വിരാജിക്കാം. നേരേമറിച്ചു മുത്തുമണികളെ ഒറ്റയ്ക്കൊറ്റയ്ക്കു ചിതറിയിട്ടാൽ അവ പ്രയോജനശൂന്യങ്ങളായി നശിച്ചുപോവുകയേ ഉള്ളൂ. ഇതിനാദ്യമായി മുത്തുമണികൾ കൂർത്തകമ്പികൊണ്ടു തുളയ്ക്കണം. പിന്നെ മനോഹരമായ നൂലിൽ കോർക്കണം. അതുപോലെ തത്ത്വവിചാരമാകുന്ന കൂർത്തകമ്പികൊണ്ടു സങ്കൽപ്പങ്ങളാകുന്ന മുത്തുമണികളിൽ ദ്വാരമിടണം. എന്നിട്ട് ആത്മാവാകുന്ന മനോഹരമായ നൂലുകൊണ്ടവയെ കോർത്തു മാലയാക്കണം. ആ മാല ഹൃദയമാകുന്ന മാറിൽ ചാർത്തിക്കൊണ്ട് ലോകവ്യവഹാരത്തിലേർപ്പെട്ടാൽ എവി

digitized by www.sreyas.in

ടെയും തേജോമയമായി തിളങ്ങിനിൽക്കാം. താനതു ചെയ്യാൻ പോകുന്നു എന്നാണു ജനകന്റെ പ്രഖ്യാപനം. ദ്വാരമിടുന്നതും നൂലിൽ കോർക്കുന്നതു മൊക്കെ സങ്കൽപ്പം തന്നെ. സ്വയം നിർവഹിക്കണം. അങ്ങനെ സങ്കൽപ്പം സങ്കൽപ്പത്തെ ഉദ്ധരിക്കണം. ഇങ്ങനെ സ്വയം ഉദ്ധരിക്കപ്പെടുന്ന സങ്കൽപ്പം അഥവാ മനസ്സ് ഉയർന്നു സദാ സത്യപഥത്തിലെത്തിനിന്നുകൊണ്ടു ലോക കാര്യങ്ങൾ സമർഥമായി നിറവേറ്റും. ആത്മഗുണം കൊണ്ടു സ്വയം ഉദ്ധരി ക്കപ്പെടാത്ത മനസ്സ് ജഡസമ്പർക്കത്തിൽപെട്ടു നിരന്തരം പതിക്കാനിടയാകും. സ്വയം ഉദ്ധരിക്കപ്പെടുന്ന സങ്കൽപ്പം സദാ ആത്മബന്ധുവായി നിലകൊള്ളും. ഉദ്ധരിക്കപ്പെടാത്ത സങ്കൽപ്പം ശത്രുവിനെപ്പോല പീഡിപ്പിക്കും. ആത്മാവാ കുന്ന ചരടിൽകോർത്ത് ഉദ്ധരിക്കപ്പെടുന്ന സങ്കൽപ്പത്തിൽ എവിടെയും പര ബ്രഹ്മം നിറഞ്ഞുനിൽക്കുന്നതായി അനുഭവിക്കാറാകും. ശീതമോ, ഉഷ്ണമോ; മാനമോ, അപമാനമോ; സുഖമോ, ദുഃഖമോ എന്തുമാകട്ടെ, അവി ടെയൊക്കെ ആ സങ്കൽപ്പം ആനന്ദസ്വരൂപമായ വസ്തുവിനെ അനുഭവിച്ചു നിർവൃതിയടയും.

ജനകൻ ആലാപനം തുടർന്നു: 'സത്യദർശികളായ ദേവസിദ്ധന്മാരാൽ ഞാൻ പ്രബുദ്ധനാക്കപ്പെട്ടിരിക്കുന്നു. ഇനി പരമാനന്ദസ്വരൂപമായ ആത്മാ വിനെ ഞാൻ സദാ പിൻതുടരുന്നുണ്ട്. ഞാനിവനാണ്, ഇതെന്റേതാണ് എന്നി ങ്ങനെ ഉള്ളിൽ പ്രകടമാകുന്ന അഹന്താ മമതാഭാവങ്ങളെ ശക്തമായി ഒഴിച്ചു മാറ്റുന്നുണ്ട്; അവയൊക്കെ അസത്യസങ്കൽപ്പങ്ങളാണ്. ബലവാനായ മനോ രിപുവിനെ നിശ്ശേഷം കീഴടക്കുന്നുണ്ട്; ശാന്തി കൈവരിക്കുന്നുണ്ട്. അല്ലയോ വിവേകമേ, അങ്ങേക്കു നമസ്കാരം'.

വസിഷ്ഠൻ പറഞ്ഞു: ഇപ്രകാരം പറഞ്ഞു ജനകൻ നിശബ്ദനായി. അദ്ദേ ഹത്തിന്റെ ചിത്തം ചാപല്യങ്ങൾ വെടിഞ്ഞു ശാന്തമായി. അദ്ദേഹം ചിത്ര ത്തിലെഴുതിയ പോലെ നിശ്ചലനായി ഭവിച്ചു. വളരെനേരം അങ്ങനെ നിശ്ച ലനായിരുന്നിട്ട് പ്രജകളുടെ പ്രാണനായ ജനകമഹാരാജാവ് അവിടെ നിന്നെ ണീറ്റു. അടങ്ങി ശാന്തമായ മനസ്സുകൊണ്ട് അദ്ദേഹം ഇങ്ങനെ ചിന്തിച്ചു: 'എനിക്കിനി ഇവിടെ കിട്ടേണ്ടതായി എന്തുണ്ട്. യത്നം ചെയ്തു ഞാനിനി എന്തു നേടാനാണ്. എന്തെന്നാൽ ഞാൻ സ്വയം ശുദ്ധബോധമായി മാറിയി രിക്കുന്നു. വിശേഷിച്ചു സങ്കൽപ്പമൊന്നും എനിക്കിപ്പോഴില്ല. കിട്ടാത്തതൊന്നും ഞാൻ കൊതിക്കുന്നില്ല; കിട്ടിയതൊന്നും ഞാനുപേക്ഷിക്കുന്നില്ല. ശുദ്ധമായ ആത്മാവായി ഞാൻ നിലകൊള്ളുന്നു. എനിക്കിനി എന്താണോ വരേണ്ടത് അതു വന്നു കൊള്ളട്ടെ'.

വസിഷ്ഠൻ തുടർന്നു.'ഇങ്ങനെ തീരുമാനിച്ചുറച്ചുകൊണ്ട്, പകലിനെയു ണ്ടാക്കാൻ സൂര്യൻ വരുന്നതുപോലെ വന്നുചേരുന്ന കർമങ്ങൾ ചെയ്തു തീർക്കാനായി ജനകൻ എണീറ്റു.

108. ഭവിഷ്യംനാനുസന്ധത്തേനാതീതം ചിന്തയത്യസൗ
വർതമാനനിമേഷം തുഹസന്നേവാനുവർതതേ

ഭാവിയെ മനസാ പിൻതുടരുന്നതേയില്ല; കഴിഞ്ഞതിനെക്കുറിച്ചൊന്നും ചിന്തിക്കുന്നില്ല; വർത്തമാന നിമിഷത്തിൽ എന്തൊക്കെ വന്നുചേരുന്നുവോ അതൊക്കെ പുഞ്ചിരിച്ചുകൊണ്ടു നിറവേറ്റുന്നു. രാമാ, ജനകൻ ഇതെല്ലാം സ്വയം വിചാരംചെയ്തു കണ്ടെത്തിയ കാര്യങ്ങളാണ്. അങ്ങനെ നേടേണ്ട

digitized by www.sreyas.in

തൊക്കെ അദ്ദേഹം നേടി. പിന്നെ ഒരാശയും അവശേഷിച്ചില്ല. സത്യാനുഭവത്തെ കൂട്ടുപിടിക്കുന്ന പ്രസന്നമധുരമായ ബുദ്ധികൊണ്ട് ഒരാൾക്കു സ്വയം സത്യസ്ഥിതി കണ്ടെത്താവുന്നതേയുള്ളൂ. മറ്റുകർമങ്ങൾ കൊണ്ടൊന്നും സത്യത്തെ സമീപിക്കാനേ പറ്റില്ല. ബാഹ്യസുഖസാമഗ്രികൾ നേടാൻ ഒരാൾ എന്തുമാത്രം പ്രയത്നിക്കുന്നുവോ അതുപോലെ ബുദ്ധിയെ സത്യം പഠിപ്പിക്കാനും പ്രയത്നിക്കേണ്ടതാണ്. ബുദ്ധിക്കു സത്യജിജ്ഞാസ വരാത്തതാണ് ഏറ്റവും വലിയ ദോഷം; ഈ ദോഷം പരിഹരിക്കുക തന്നെ വേണം. പ്രജ്ഞാമാന്ദ്യമാണു ദുഃഖത്തിനു കാരണം.

109. സീമാനം സർവദുഃഖാനാമാപദാംകോശമുത്തമം
ബീജം സംസാരവൃക്ഷാണാം പ്രജ്ഞാമാന്ദ്യം വിനാശയേത്.

സർവ ദുഃഖനാം സീമാനം-ദുഃഖങ്ങൾക്കെല്ലാം ഇരിപ്പിടവും; ആപദാം ഉത്തമംകോശം-ആപത്തുകൾ ഒളിഞ്ഞിരിക്കുന്ന ഉത്തമസ്ഥാനവും; സംസാരവൃക്ഷാണാം ബീജം-സംസാരമരങ്ങൾക്കെല്ലാം വിത്തുമായ; പ്രജ്ഞാമാന്ദ്യം-സത്യജിജ്ഞാസയില്ലായ്മയെ; വിനാശയേത്-എന്തുവില കൊടുത്തും നശിപ്പിക്കേണ്ടതാണ്.

ദുഃഖങ്ങൾക്കെല്ലാം ഇരിപ്പിടവും ആപത്തുകൾ ഒളിഞ്ഞിരിക്കുന്ന ഉത്തമസ്ഥാനവും സംസാരമരങ്ങൾക്കെല്ലാം വിത്തുമായ സത്യജിജ്ഞാസയില്ലായ്മയെ എന്തുവിലകൊടുത്തും നശിപ്പിക്കേണ്ടതാണ്.

### പ്രജ്ഞാമാന്ദ്യം വിനാശയേത്

സത്യമറിയാനുള്ള ആഗ്രഹം വരാത്തതാണു സകലദുഃഖങ്ങൾക്കും കാരണം. സത്യം അറിവില്ലെങ്കിൽ പിന്നെ ജീവിതം അസത്യത്തിലല്ലേ? എവിടെയായാലും അസത്യം എങ്ങനെ സുഖാവഹമാകും. ജഗത്തിന്റെ സത്യമാണെങ്കിൽ സൂര്യതുല്യം തെളിഞ്ഞിട്ടുണ്ട്. പിന്നെ എന്തുകൊണ്ടതു പഠിച്ചുറപ്പിക്കാൻ ആഗ്രഹം വരുന്നില്ല. സ്വയം സത്യമറിയുന്നില്ലെന്നു എല്ലാവർക്കുമറിയാം. എങ്കിൽ പിന്നെ സത്യമറിയുന്നു എന്നവകാശപ്പെടുന്നവരുടെ വാക്കു ശ്രദ്ധിച്ചുകൂടെ? ശ്രദ്ധിച്ചുകേട്ടു മനനം ചെയ്തു ബോധ്യപ്പെടുമെങ്കിൽ മാത്രം അംഗീകരിച്ചാൽ മതി. അതിനൊട്ടു തയ്യാറുമില്ല. സത്യമറിയുന്നില്ലെന്നു വന്നാൽ പിന്നെ അവശേഷിക്കുന്നതു സംശയമാണ്. സംശയിക്കുന്ന ഹൃദയം സദാ ചഞ്ചലമായിരിക്കും. ചഞ്ചലഹൃദയത്തിന് ഭൗതികമായി എന്തൊക്കെ നേടിയാലും ഈ ലോകത്തു സുഖംകിട്ടുകയില്ല. ചഞ്ചലഹൃദയം മരണാനന്തര ജീവിതത്തെയും ദുഃഖപ്രദമാക്കിത്തീർക്കും. സംസാരമായയെ നീട്ടിക്കൊണ്ടു പോവുകയും ചെയ്യും. അതുകൊണ്ട് അൽപ്പമെങ്കിലും ചിന്താശക്തിയുള്ളവർ അതിവേഗം സത്യജിജ്ഞാസുക്കളായിത്തീരേണ്ടതാണ്. ഉത്കടമായ സത്യജിജ്ഞാസയുണ്ടായാൽ മറ്റുസാമഗ്രികളെല്ലാം തനിയേ വന്നുചേരും.

110. ചിന്താമണിരിയം പ്രജ്ഞാഹൃത്കോശസ്ഥാവിവേകിനഃ
ഫലം കൽപ്പലതേവൈഷാചിന്തിതം സംപ്രയച്ഛതി.

ഇയംപ്രജ്ഞാ-വേദാന്തസത്യം ഉറപ്പുവന്ന ബുദ്ധി; ചിന്താമണി: ചിന്താമണി രത്നമെന്നപോലെ എല്ലാ അഭീഷ്ടവും നേടിത്തരുന്നു; വിവേകിനഃ ഹൃത്കോശസ്ഥാ-ഉറപ്പുവന്ന വിവേകിയുടെ ഹൃദയമാകുന്ന ചെപ്പിൽ ഇതു വിട്ടുപോകാതെ തങ്ങിനിൽക്കും; ഏഷാ-ഈ ബുദ്ധി; കൽപ്പലതാ

digitized by www.sreyas.in

ഇവ-കൽപ്പലതയെന്നപോലെ; ചിന്തിതംഫലം സംപ്രയച്ഛതി-ആഗ്രഹി ക്കുന്ന എന്തുഫലവും തന്നനുഗ്രഹിക്കുന്നു.

വേദാന്തസത്യം ഉറപ്പുവന്ന ബുദ്ധി ചിന്താമണിരത്നം പോലെ എല്ലാ അഭീഷ്ടവും നേടിത്തരുന്നു. ഉറപ്പുവന്ന വിവേകിയുടെ ഹൃദയമാകുന്ന ചെപ്പിൽ ഇതു വിട്ടുപോകാതെ തങ്ങിനിൽക്കും. ഈ ബുദ്ധി കൽപ്പലതയെന്ന പോലെ ആഗ്രഹിക്കുന്ന എന്തു ഫലവും തന്നനുഗ്രഹിക്കും.

**ചിന്താമണിരിയം പ്രജ്ഞാ**

വസിഷ്ഠൻ സത്യബുദ്ധിയെ ചിന്താമണിരത്നത്തോടും കൽപ്പലതയോ ടുമാണുപമിച്ചിരിക്കുന്നത്. ഇവരണ്ടും ജീവിതത്തെ ധന്യമാക്കാൻ എന്തൊ ക്കെയാണോ വേണ്ടത് അതൊക്കെ ചോദിച്ചാൽ തരും. ജീവിതത്തെ ധന്യ മാക്കുന്ന ഒന്നാമത്തെ ഘടകം അറിവിന്റെ പൂർണതയാണ്. വേദാന്തസത്യം അറിഞ്ഞാൽ പിന്നെയൊന്നും അറിയാനുണ്ടാവില്ലെന്നാണ് ഉപനിഷത് പ്രഖ്യാ പനം. ഈ സത്യം ഉറപ്പുവരുന്നതോടെ ചെയ്യേണ്ടതൊക്കെ ചെയ്തു; എത്തേ ണ്ടിടത്തെത്തി; ഇനി ഒന്നും ചെയ്യാനില്ല; ഒന്നും നേടാനില്ല; ഒന്നും ഉപേക്ഷി ക്കാനുമില്ല എന്നിങ്ങനെ പൂർണ തൃപ്തി വന്നുചേരും. ഭയമില്ല, ശോകമില്ല, സങ്കൽപ്പവൈവിധ്യമില്ല എന്നുറപ്പുവരും. ജീവിതം ധന്യമായി, ധന്യമായി എന്നു നിരന്തരം അനുഭവിക്കാറാകും. ഒരു വ്യക്തിക്കിതിലപ്പുറം എന്താണു കിട്ടാനുള്ളത്.

വസിഷ്ഠൻ തുടർന്നു: രാമാ, സത്യബുദ്ധി നേടി മോഹവിമുക്തനായി ത്തീരുന്ന ഒരു ജ്ഞാനിയെ, കവചം ധരിച്ച യുദ്ധവീരനെ അമ്പുകളെന്ന പോലെ ആശാവൈവശ്യങ്ങളൊന്നും സ്പർശിക്കുന്നതേയില്ല. സൂര്യനെ കാർമേഘം മറയ്ക്കുന്നപോലെ അഹംകാരരൂപമായ അജ്ഞാനമേഘം പര മസത്യാനുഭവത്തെ മറച്ചുകളഞ്ഞിരിക്കുന്നു. ജ്ഞാനമാകുന്ന കാറ്റുതട്ടിയാൽ ഈ അജ്ഞാനമേഘം അതിവേഗം ഒഴിഞ്ഞുമാറുന്നതാണ്. അത്യുന്നതമായ സത്യാനുഭവസ്ഥിതിയിൽ എത്തിച്ചേരാൻ ആഗ്രഹിക്കുന്നയാൾ ആദ്യമായി വിചാരം ചെയ്തു വേദാന്തസത്യബുദ്ധി ഉൾക്കൊള്ളേണ്ടതാണ്. നല്ല വിളവു കിട്ടാൻ ആഗ്രഹിക്കുന്ന കൃഷീവലൻ കൃഷിഭൂമി ഭംഗിയായി ഉഴുതുപാക പ്പെടുത്തുകയാണല്ലോ ആദ്യമായി വേണ്ടത്.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപ ശമ പ്രകരണേ*
*ജനകോപാഖ്യാനം നാമ*
*പ്രഥമഃസർഗഃ.*

**സർഗം.2**

# പുണ്യപാവനോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'അല്ലയോ രാമാ, ഉപനിഷത് സത്യമായ ബ്രഹ്മം ബുദ്ധിക്കുറപ്പുവന്നാൽ മോഹവിത്തുകൾ കൂട്ടമായി നശിക്കുന്നു; ആപദ് ദൃഷ്ടികൾ വിട്ടകലുന്നു; കുദൃഷ്ടികൾ ക്ഷയിക്കുന്നു. സത്യം വിചാരം ചെയ്തറിഞ്ഞ് ഈ ജഗത്തു ചഞ്ചലവും ക്ഷണികവുമാണെന്നു ബോധ്യ

digitized by www.sreyas.in

പ്പെടുന്നതോടെ ജനകനെന്നപോലെ ചിത്തം പ്രസന്നമായിത്തീരുന്നു.

111. ന ദൈവം ന ചകർമാണി ന ധനാനി ന ബാന്ധവാഃ
ശരണം ഭവഭീതാനാം സ്വപ്രയത്നാദൃതേ നൃണാം.

സംസാരദുഃഖത്തെ ഭയക്കുന്നവർക്ക് ദൈവമോ കർമങ്ങളോ ധനസ മ്പത്തോ ബന്ധുക്കളോ ഒന്നും അഭയം നൽകുകയില്ല. സത്യം വിചാരം ചെയ്തറിയാനുള്ള സ്വപ്രയത്നമൊന്നു മാത്രമേ അവർക്കു ശരണമായുള്ളൂ.

112. അയമേവാഹമിത്യസ്മിൻ സംകോചേവിലയംഗതേ
സമസ്തഭുവനവ്യാപീ വിസ്താര ഉപജായതേ.

അഹം അയം ഏവ-ദേഹാഭിമാനം കൊണ്ടുണ്ടാകുന്ന ഞാൻ ഇവനാണ് അവനാണ് എന്നും മറ്റുമുള്ള; സംകോചേവിലയംഗതേ-ചുരുങ്ങൽ വിട്ടു പോയാൽ; സമസ്തഭുവനവ്യാപീ-സകലലോകത്തും നിറഞ്ഞു തിളങ്ങുന്ന; വിസ്താരഃ-വികാസം; ഉപജായതേ-വന്നുചേരാനിടയാകുന്നു.

ദേഹാഭിമാനം കൊണ്ടുണ്ടാകുന്ന ഞാൻ ഇവനാണ്; അവനാണ് എന്നും മറ്റുമുള്ള ചുരുങ്ങൽ വിട്ടുപോയാൽ സകലലോകത്തും നിറഞ്ഞുതിളങ്ങുന്ന വികാസം വന്നുചേരാൻ ഇടയാകുന്നു.

### വിസ്താരഉപജായതേ

സത്യവും അസത്യവും അനുഭവമാണ്. അനുഭവമില്ലാത്തിടത്തു സത്യ വുമില്ല അസത്യവുമില്ല. അതുകൊണ്ടാണ് അനുഭവം ബ്രഹ്മപര്യായമായി വർത്തിക്കുന്നത്. അപ്പോൾ ഏതനുഭവം സത്യം ഏതനുഭവം അസത്യം എന്നു തീരുമാനിച്ചാൽ മതിയാകും സത്യം കണ്ടെത്താൻ. ഉത്തരം ലളിതം. ജഡനാമരൂപങ്ങളിൽ ഒതുങ്ങി ചുരുങ്ങുന്ന അനുഭവം അസത്യം. ജഡനാമ രൂപങ്ങളെയെല്ലാം കടന്നു വികസിക്കുന്ന അനുഭവം സത്യം. അനുഭവം ചുരു ങ്ങിയാൽ ജഗത്ത്. അനുഭവം പൂർണമായി വികസിച്ചാൽ ബ്രഹ്മം; ഇതാണു നിയമം. ദേഹത്തിനുള്ളിൽ ഒതുങ്ങുന്ന ജീവാനുഭവത്തിലാണു ചുരുങ്ങലും വികസിക്കലും ആരംഭിക്കുന്നത്. ദേഹത്തിനുള്ളിലെ ജീവാനുഭവം താനീ ശരീരമാണ് എന്നു സങ്കൽപ്പിക്കുന്നതോടെ ചുരുങ്ങൽ ആരംഭിക്കുന്നു. സങ്കൽപ്പമാണ് ചുരുങ്ങലിനും വികാസത്തിനും ഹേതു. ശരീരമായി ചുരു ങ്ങുന്ന അനുഭവം അഥവാ ബോധം പിന്നെ ആ ചുരുങ്ങൽ അനേകം മണ്ഡ ലങ്ങളിലേക്കു വ്യാപിപ്പിക്കുന്നു. ഞാൻ മനുഷ്യനാണ്, ബ്രാഹ്മണനാണ്, എന്നിങ്ങനെ അനന്ത സങ്കൽപ്പങ്ങളിലൂടെ അതു കടന്നുപോകുന്നു. വർണാ ശ്രമഭേദങ്ങൾ, ജാതിഭേദങ്ങൾ, മതഭേദങ്ങൾ, ഭാഷാഭേദങ്ങൾ, ദേശഭേദങ്ങൾ ഇങ്ങനെ അനന്തഭേദങ്ങളിൽ കൂടി കടന്ന് ആ ചുരുങ്ങൽ കൃമികീടങ്ങൾ വരെ ചെന്നെത്താൻ ഇടയാകുന്നു. ഈ ചുരുങ്ങലിന്റെ നേരെ എതിർമാർഗ മാണു വികസിക്കൽ. എവിടെയാണതിന്റെ തുടക്കം? ഞാൻ ദേഹമാണ് എന്ന സങ്കൽപ്പമാണല്ലോ ചുരുങ്ങലിന്റെ തുടക്കം. അതുപോലെ ഞാൻ ബോധ മാണ് എന്ന സങ്കൽപ്പമാണു വികസിക്കലിന്റെ തുടക്കം. ഈ തുടക്കം അതി വേഗം സകലലോകത്തെയും ഉൾക്കൊള്ളുന്ന വികാസമായി മാറും. ഈ വികാസം സൂര്യചന്ദ്രന്മാരെപ്പോലും അതിക്രമിച്ചു മുൻപോട്ടു പോകും. എന്തു കൊണ്ട്; ഞാൻ ബോധമാണെങ്കിൽ ബോധരൂപനായ ഞാൻ തന്നെയല്ലേ സൂര്യനിലും ചന്ദ്രനിലും പോലും അനുഭവരൂപമായി പ്രകാശിക്കുന്നത്.

digitized by www.sreyas.in

ബോധരൂപനായ ഞാനില്ലെങ്കിൽ സൂര്യനുമില്ല, ചന്ദ്രനുമില്ല, കൃമിയുമില്ല, കീടവുമില്ല, ഒന്നുമില്ല. ഹാ, എത്ര സ്പഷ്ടം; അതുകൊണ്ടു ബോധരൂപനായ ഞാൻ തന്നെയാണെല്ലാം. ഇതുറപ്പുവരുന്നതു തന്നെയാണു ബ്രഹ്മാനുഭവം അഥവാ മോക്ഷം. എന്തൊരാശ്ചര്യം! വ്യക്തിശരീരത്തിനുള്ളിൽ താൻ ബോധമാണെന്നുറപ്പുവരുന്ന നിമിഷം സമസ്തഭുവനവ്യാപിയായ ഈ വിസ്താരം സംഭവിക്കുന്നു. ഈ സത്യം ഉറപ്പുവരുത്താൻ എന്താണു പ്രയാസം.

വസിഷ്ഠൻ തുടർന്നു: 'രാമാ, ഞാനീ ശരീരമാണെന്നിങ്ങനെ ആരംഭിക്കുന്ന ചുരുങ്ങലാണ് അജ്ഞാനമെന്നറിയപ്പെടുന്ന കാളരാത്രി. ഈ കാളരാത്രി വിട്ടു പോകുന്നതോടെ ലോകമെങ്ങും നിറഞ്ഞു തിങ്ങുന്ന ബോധസൂര്യന്റെ ഉജ്ജ്വലപ്രകാശം വികസിക്കാൻ തുടങ്ങുന്നു. എനിക്കിതു കൂടിയേ തീരൂ; എനിക്കിതു വേണ്ടേ വേണ്ട; ഈ നിർബന്ധബുദ്ധികളാണു മനസ്സിനു വന്നു ചേരുന്ന ബന്ധം. നമ്മുടെ അനുവാദം കൂടാതെ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ജഡപ്രപഞ്ചത്തിൽ ഈ നിർബന്ധബുദ്ധി ഒട്ടും തന്നെ പ്രായോഗികമല്ല. പ്രായോഗികമല്ലാത്തതു നിർബന്ധപൂർവം നടപ്പാക്കാൻ ശ്രമിക്കുന്നതാണു ദുഃഖം. രാമാ, നിർബന്ധബുദ്ധിയില്ലാതെ ഉപേക്ഷിക്കാവുന്നതുപേക്ഷിക്കൂ; ഉപേക്ഷിക്കാൻ പറ്റാത്തതിൽ ഖേദിക്കാതിരിക്കൂ; നിർബന്ധബുദ്ധിയില്ലാതെ നേടാവുന്നതു നേടൂ; നേടാൻ പറ്റാത്തതിൽ ഖേദിക്കാതിരിക്കൂ. മനസ്സിനീ സമനില സാധ്യമായാൽ അതിവേഗം സത്യാനുഭവത്തിനു വഴിതെളിയും. ത്യാഗത്തിലും സ്വീകാരത്തിലും നിർബന്ധബുദ്ധി വെടിയുന്ന മനസ്സ് ആനന്ദ സ്വരൂപമായ ആത്മാവിൽ പറ്റിനിൽക്കും; ഇതാണ് മനസ്സിന്റെ ആത്മസ്ഥിതി. ത്യാഗസ്വീകാരങ്ങളിൽ ഉദാസീനമാകുന്ന ചിത്തത്തിന് എന്തൊക്കെ മഹത്വങ്ങളാണു വന്നു ചേരുക. ആശയില്ലായ്മ, നിർഭയത്വം, സ്ഥിരത, സമത്വം, സത്യബോധം, തൃഷ്ണാരാഹിത്യം, കർമമുക്തി, സൗമ്യഭാവം, സംശയമില്ലായ്മ, ധൈര്യം, സ്നേഹം, സദാസന്തോഷം, മൃദുഭാഷണം എന്നിവയെല്ലാം ആ മനസ്സിന് അനായാസമായി സംഭവിക്കുന്നു. രാഗദ്വേഷവാസനകൾ ആ മനസ്സിനെ വിട്ടകലുന്നു. ഈ മനസ്സുള്ള വ്യക്തി തന്നെയാണു ജ്ഞാനി. അല്ലയോ രാമാ, ചിന്തകളാകുന്ന നൂലുകൾ കോർത്തുണ്ടാക്കി തൃഷ്ണാകാര്യങ്ങളാകുന്ന പരൽമീനുകളെ പിടിക്കാൻ സംസാരമാകുന്ന തടാകത്തിൽ വീശിയിരിക്കുന്ന വാസനയാകുന്ന വലയെ സത്യബുദ്ധിയാകുന്ന മൂർച്ചയുള്ള കത്രികകൊണ്ടു മുറിച്ചു ദൂരെത്തള്ളൂ. അങ്ങനെ കൊടുംകാറ്റു കാർമേഘപടലത്തെ അടിച്ചുമാറ്റുന്നതുപോലെ അജ്ഞാനാന്ധകാരത്തെ ഒഴിച്ചുമാറ്റി പ്രകാശമയമായ സത്യപദത്തിലെത്തി വിരാജിക്കൂ. കോടാലികൊണ്ടു മരത്തെയെന്നപോലെ മനസ്സുകൊണ്ട് മനസ്സിനെ മുറിച്ചു തള്ളിയിട്ട് ഇപ്പോൾതന്നെ പരിശുദ്ധമായ ബോധാനുഭവത്തിലെത്തി അചഞ്ചലഹൃദയനായിത്തീരൂ. കർമങ്ങളെല്ലാം വേണ്ടപോലെ ചെയ്യൂ. എന്നാൽ നിൽക്കുമ്പോഴും, നടക്കുമ്പോഴും, ഉറങ്ങുമ്പോഴും, ഉണർന്നിരിക്കുമ്പോഴും, ശ്വസിക്കുമ്പോഴും, ഉച്ഛ്വസിക്കുമ്പോഴും, പൊങ്ങുമ്പോഴും, താഴുമ്പോഴും ഈ ജഡജഗത്ത് ഇല്ലാത്ത ഭ്രമമാണെന്നും ആനന്ദസ്വരൂപമായ ബ്രഹ്മം മാത്രമാണ് സത്യമെന്നും ചിന്തിച്ചുറപ്പിച്ചു ലോകകാര്യങ്ങളിൽ പറ്റിപ്പിടിക്കാൻ മനസ്സിനെ അനുവദിക്കാതിരിക്കൂ. മനസ്സു സ്വതേ ജഡമാണ്; ബോധത്തിന്റെ പിൻബലമില്ലാതെ അതിനൊന്നും അനുഭവിക്കാൻ കഴിവില്ല. അതുബോ

digitized by www.sreyas.in

ധത്തെ പിൻതുടർന്ന് ബോധം തന്നെയുണ്ടാക്കിക്കാണിക്കുന്ന ദൃശ്യത്തിൽ പറ്റിനിന്നാണൽപ്പമൊക്കെ സുഖിക്കുന്നത്. കാട്ടിൽ ചില കുറുനരികൾ സിംഹത്തെ പിൻതുടർന്ന് സിംഹം കൊന്നിടുന്ന ആനയുടെ മാംസം ഭക്ഷിക്കാറില്ലേ; അതുപോലെ രാമാ, നീ കുറുനരിയാകാതിരിക്കൂ. സാക്ഷാത് സിംഹം തന്നെയായിത്തീരൂ.

113. ദൃശ്യമാശ്രയസീദംചേത്തത് സചിത്തോസിബന്ധവാൻ
ദൃശ്യം സംത്യജസീദം ചേത്തദചിത്തോസിമോക്ഷവാൻ

ഇദംദൃശ്യം-പ്രപഞ്ചരൂപമായ ഈ ദൃശ്യത്തെ; ആശ്രയസിചേത്-ആശ്രയിക്കുന്നു എന്നുവന്നാൽ; തത്സചിത്തഃഅസി-അക്കാരണത്താൽ നീ ചിത്തത്തോടു കൂടിയവനായിഭവിക്കുന്നു; ബന്ധവാൻ-ബന്ധവും വന്നുചേരുന്നു; ഇദംദൃശ്യം-പ്രപഞ്ചരൂപമായ ഈ ദൃശ്യത്തെ; സംത്യജസിചേത് - കൈവിടുകയാണെങ്കിൽ; തദചിത്തഃഅസി-അക്കാരണത്താൽ നീ ചിത്തമില്ലാത്തവനായി ഭവിക്കുന്നു; മോക്ഷവാൻ - മോക്ഷവും സംഭവിക്കുന്നു.

പ്രപഞ്ചരൂപമായ ഈ ദൃശ്യത്തെ ആശ്രയിക്കുന്നു എന്നുവന്നാൽ അക്കാരണത്താൽ നീ ചിത്തത്തോടുകൂടിയവനായി ഭവിക്കുന്നു; ബന്ധവും വന്നു ചേരുന്നു. പ്രപഞ്ചരൂപമായ ഈ ദൃശ്യത്തെ കൈവിടുകയാണെങ്കിൽ അക്കാരണത്താൽ നീ ചിത്തമില്ലാത്തവനായി ഭവിക്കുന്നു; മോക്ഷവും സംഭവിക്കുന്നു.

**തദചിത്തോസി മോക്ഷവാൻ**

❦ ചിത്തം വന്നുചേരുന്നതാണു ബന്ധം; ചിത്തം വിട്ടുപോകുന്നതാണു മോക്ഷം. എവിടെയാണു ചിത്തംവന്നു ചേരുന്നത്? ശുദ്ധബോധത്തിൽ, എവിടെനിന്നാണതു വിട്ടുപോകേണ്ടത്? ശുദ്ധബോധത്തിൽ നിന്നു തന്നെ. എന്താണു ചിത്തം? ബോധത്തിലെ നാമരൂപാവിർഭാവമാണു ചിത്തം. ബോധത്തിൽ ചിത്തരൂപത്തിലുള്ള നാമരൂപപ്രസരം തന്നെയാണു സൃഷ്ടി. രണ്ടു തലത്തിലാണീ നാമരൂപപ്രസരം. സൂക്ഷ്മതലത്തിലും സ്ഥൂലതലത്തിലും. സൂക്ഷ്മതലത്തിലെ നാമരൂപപ്രസരമാണു ചിത്തം അഥവാ മനസ്സ്. സ്ഥൂലതലത്തിലെ നാമരൂപപ്രസരണം ജഡം അഥവാ മാറ്റർ. അപ്പോൾ ഏതുദൃശ്യത്തെയും നമുക്ക് മൂന്നു ഘടകങ്ങളായി വേർതിരിക്കാം; ബോധം, നാമം, രൂപം എന്നിവയാണാഘടകങ്ങൾ. സ്വർണത്തിൽ ആഭരണനാമരൂപങ്ങളെന്നപോലെ ബോധത്തിൽ പ്രകടമാകുന്ന നാമരൂപങ്ങളാണ് എല്ലാ ദൃശ്യങ്ങളും. ആഭരണങ്ങളിൽ സ്വർണം സത്യം; നാമരൂപങ്ങൾ താൽക്കാലികമായ വെറും തോന്നൽ. അതുപോലെ ഏതു പ്രപഞ്ചദൃശ്യത്തിലും ബോധം സത്യം അതിലെ നാമവും രൂപവും താൽക്കാലികമായ വെറും തോന്നൽ. ഇനിയും എവിടെ നിന്നാണീ നാമരൂപങ്ങൾ കയറിവരുന്നത്? ഉപേക്ഷിച്ചാൽ അവ എങ്ങോട്ടുപോകും ഈ രണ്ട് ചോദ്യങ്ങൾക്കും ഒരിക്കലും ഉത്തരം കണ്ടെത്താൻ സാധ്യമല്ല. അതുകൊണ്ടാണ് നാമരൂപങ്ങൾ മായാഭ്രമങ്ങളാണെന്ന് തീരുമാനിക്കുന്നത്. ഈ മായാഭ്രമങ്ങളിൽ സത്യബുദ്ധി വരുന്നതാണ് ബന്ധം. വിചാരം ചെയ്ത് അവ സത്യമല്ലെന്നുറപ്പിക്കുന്നതാണു മോക്ഷം. അതുതന്നെയാണു ചിത്തത്യാഗം. മരുഭൂമിയിൽ കാനൽജലം കാണുമ്പോഴും അതില്ലെന്നുറപ്പുവന്നയാൾ അതിനെ ത്യജിച്ചിരിക്കുകയാണ്. അതുപോലെ ഒരു ജ്ഞാനി ലോകവ്യവഹാരത്തിനായി വറുത്ത വിത്തുപോലെ ചിത്തത്തെ

digitized by www.sreyas.in

സൂക്ഷിക്കുന്നുണ്ടെങ്കിൽ പോലും അതു വെറും മായാഭ്രമമാണെന്നുറപ്പുള്ളതു കൊണ്ട് അദ്ദേഹം ചിത്തത്തെ ത്യജിച്ചയാളാണെന്നറിയേണ്ടതാണ്. ഈ ചിത്തത്യാഗം തന്നെയാണു മോക്ഷം.

വസിഷ്ഠൻ തുടർന്നു: 'രാമാ, 'ഞാൻ' അറിയപ്പെടേണ്ട വസ്തുവല്ല; അറിയുന്ന ബോധമാണ് എന്നു നിശ്ചയിച്ചുറപ്പിച്ചു കൊണ്ടു അനന്താകാശ തുല്യമായ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ഈശ്വരങ്കൽ ചലിക്കാതെ നിലകൊള്ളൂ. ആത്മാവിനും ജഗത്തിനുമിടയ്ക്ക് ദ്രഷ്ടാവ്, ദൃശ്യം എന്ന ഭേദം രൂപം കൊള്ളുമ്പോൾ അവയ്ക്കു രണ്ടിനുമാശ്രയമായ ദർശനമാണു താനെന്നു ഭാവന ചെയ്തു ശുദ്ധനായി നിലകൊള്ളൂ. ഭക്ഷകൻ, ഭക്ഷ്യം എന്ന ഭേദം വെടിഞ്ഞ് രണ്ടിനുമിടയ്ക്ക് ഭക്ഷിക്കലിൽ അന്തർഭവിക്കുന്ന ശുദ്ധബോധമായി സ്വയം നിലകൊള്ളൂ. ഇഷ്ടപ്പെട്ട് അനുഭവിക്കപ്പെടുന്ന പദാർഥത്തിന്റെയും അനുഭവിക്കുന്നവന്റെയും ഭേദം വെടിഞ്ഞു രണ്ടിനെയും ഉള്ളതാക്കിത്തീർത്ത് അവയുടെ മധ്യേ സ്ഥിതിചെയ്യുന്ന ശുദ്ധ വസ്തുവായി നിലകൊള്ളൂ. ദ്രഷ്ടാവ്, ദൃശ്യം എന്ന ഭേദം പോലും സങ്കൽപ്പം കൊണ്ടു തൽക്കാലം ശുദ്ധബോധത്തിൽ വന്നുചേരുന്ന ഭ്രമമാണെന്നറിയൂ. വസ്തു ഒന്നേയുള്ളുവെങ്കിൽ ഏതു തരം ഭേദവും ഭ്രമമല്ലാതെ പിന്നെയെന്താണ്. 'ഞാൻ' വേറെയുണ്ടെന്നു തോന്നിക്കുന്ന അഹംഭാവമയിയായ ഭാവനയെ ഉപേക്ഷിച്ച് അഹംഭാവഭേദമില്ലാത്ത അനുഭവം അംഗീകരിക്കൂ. അതുതന്നെയാണു സംസാരത്തിന്റെ മറുകര!'

ഇത്രയുമായതോടെ രാമൻ പറഞ്ഞു: 'ഭഗവൻ' അഹംകാരത്തിന്റെ തൃഷ്ണയെ അംഗീകരിക്കരുതെന്ന നിർദേശം അതിഗംഭീരം തന്നെയാണ്. പക്ഷെ, ഞാൻ അഹങ്കാരത്തെ ഉപേക്ഷിക്കുകയാണെങ്കിൽ ദേഹസ്ഥിതിയെത്തന്നെ പാടെ ഉപേക്ഷിക്കുന്ന നില വന്നുചേരുകില്ലേ? അഹങ്കാരം ക്ഷയിച്ചാൽ ദേഹവും നിശ്ചയമായും ക്ഷയിക്കുകില്ലേ? നാരായവേരു പിഴുതെറിഞ്ഞാൽ വലിയമരം പിന്നെ അവശേഷിക്കുമോ?

വസിഷ്ഠൻ മറുപടി നൽകി: 'രാമാ' ഇവിടെ വാസനാത്യാഗം രണ്ടുവിധമുണ്ട്, ജ്ഞാനികൾ ഇവയെ ധ്യേയവാസനാ ത്യാഗമെന്നും ജ്ഞേയവാസനാ ത്യാഗമെന്നും വിളിക്കുന്നു. ഈ പദാർഥങ്ങളൊക്കെ എന്റെ വകയാണ്, ഇവയാണെന്റെ ജീവിതം, ഇവയില്ലെങ്കിൽ പിന്നെ ഞാനൊന്നുമല്ല, ഞാനില്ലെങ്കിൽ ഇവയും വ്യർഥം ഇങ്ങനെ പോകുന്ന ചിന്തയാണു ധ്യേയവാസന. ഇതിനെ ത്യജിക്കുന്നതാണു ധ്യേയവാസനാത്യാഗം. നശ്വരമായ പ്രപഞ്ചസ്ഥിതി മനസ്സാവിചാരം ചെയ്തുറപ്പിക്കണം. എന്നിട്ട് ഞാൻ ജഡപദാർഥങ്ങളുടെ സ്വന്തമല്ല; ജഡപദാർഥങ്ങളൊന്നും എന്റെയും സ്വന്തമല്ല; എന്ന ഭാവന ഉറപ്പിക്കലാണു ധ്യേയവാസനാത്യാഗം. ഈ വിധം ധ്യേയവാസനയെ പുറംതള്ളിയിട്ട് അന്തഃശീതളത നിറഞ്ഞു നിൽക്കുന്ന ബുദ്ധിയോടു കൂടി ന്യായമായ ലോകവ്യാപാരങ്ങളൊക്കെ ലീലയായി അനുഷ്ഠിക്കാം. ലോകവ്യവഹാരത്തിനാവശ്യമായ ശാന്തശീതളമായ അഹംഭാവം ഇവിടെ ബാക്കിയുണ്ടാവും. സത്യാനുഭൂതിയുടെ പരിമളമുൾക്കൊള്ളുന്ന അഹംഭാവമാണിത്. ഈ നിലയിൽ അഹംഭാവം ത്യജിക്കപ്പെട്ടതായിത്തന്നെ കരുതിക്കോളൂ. ഇതാണു ധ്യേയവാസനാത്യാഗം. ഇവിടെ ദേഹസ്ഥിതിക്കു കോട്ടമൊന്നും സംഭവിക്കയുമില്ല. ഈ വാസനാത്യാഗം സാധ്യമായ വ്യക്തിക്ക് സർവം

digitized by www.sreyas.in

ബ്രഹ്മമയം എന്ന അനുഭവം ദിവസം ചെല്ലുന്തോറും ദൃഢപ്പെട്ടു വരും. ഒടുവിൽ ഭേദഭാവനകളെല്ലാം പൂർണമായകന്ന് സ്ഥൂല സൂക്ഷ്മകാരണ ശരീരങ്ങളെല്ലാം ആത്മാവിൽ നിന്നകന്ന് അഖണ്ഡമായി ആത്മസ്വരൂപം വ്യക്തമായി വേർപെട്ടനുഭവിക്കാറാകും. ഇനി ഒരു പക്ഷേ ദേഹസ്ഥിതി നഷ്ടമായാൽ തന്നെ എന്തുദോഷമാണു വരാനുള്ളത്? മനുഷ്യ ദേഹം ലഭിച്ചതിന്റെ പരമ പ്രയോജനം കിട്ടിക്കഴിഞ്ഞില്ലേ. ഇതാണു ജ്ഞേയവാസനാത്യാഗം. ജ്ഞേയമായ സത്യംപോലും വാസനാരൂപത്തിലവശേഷിക്കുന്നില്ല; അതുകൊണ്ടാണിതു ജ്ഞേയവാസനാ ത്യാഗമെന്നറിയപ്പെടുന്നത്. അഹങ്കാര സഖിയെ ഉപേക്ഷിച്ചിട്ട് ആരാണോ ഒരു നാടകാഭിനയമെന്ന പോലെ ലോക കാര്യങ്ങളിൽ ചരിക്കുന്നത് അദ്ദേഹമാണു ജീവന്മുക്തൻ; അദ്ദേഹം ധ്യേയ വാസന കൈവിട്ടയാളാണ്. ഉള്ളിൽ ഭേദഭാവന പൂർണമായും കൈവിട്ട് സഹജമായ ബ്രഹ്മാനുഭവം കൈവന്നയാളാണു ജ്ഞേയവാസനാത്യാഗി. അദ്ദേഹം പൂർണമായും മുക്തനാണ്. രാമാ, ധ്യേയവാസനാ ത്യാഗിയും ജ്ഞേയവാസനാത്യാഗിയും രണ്ടുപേരും മുക്തന്മാർ തന്നെയാണ്; രണ്ടുപേരും ബ്രഹ്മത്തെ പ്രാപിച്ചവർ തന്നെയാണ്; രണ്ടുപേരും ദുഃഖമോചനം നേടിയവരുമാണ്. അനുഭവദാർഢ്യത്തിലെ അൽപ്പമായ ഭേദം കണക്കിലെടുത്ത് ഇങ്ങനെ രണ്ടായിഗണിച്ചു എന്നേയുള്ളൂ.

114. ആപതത്സു യഥാകാലം സുഖദുഃഖേഷ്വനാരതം
നഹൃഷ്യതിനഗ്ലായതിയഃ സമുക്ത ഇതികഥ്യതേ.

കാലഗതിക്കനുസരണമായ സുഖവും ദുഃഖവും ആർക്കും എന്നും സംഭവിച്ചുകൊണ്ടേയിരിക്കുന്നു. സുഖം വരുമ്പോൾ ആർക്കു വിശേഷിച്ചു സന്തോഷമൊന്നും പ്രകടമാകുന്നില്ലയോ ദുഃഖം വരുമ്പോൾ ആരുടെ മുഖം വാടിപ്പോകുന്നില്ലയോ അദ്ദേഹമാണു മുക്തനായി ഗണിക്കപ്പെടുന്നത്.

115. ഈപ്സിതാനീപ്സിതേനസ്തോയസ്യാന്തർവസ്തുദൃഷ്ടിഷു
സുഷുപ്തവദ്യശ്ചലതി സ മുക്ത ഇതികഥ്യതേ.

സർവത്ര ഏകവസ്തുവിനെ അനുഭവിക്കുന്നതുകൊണ്ട് ആരുടെയുള്ളിൽ ഇഷ്ടാനിഷ്ടങ്ങൾ നിലനിൽക്കുന്നില്ലയോ, ആരാണോ ഗാഢനിദ്രയിലെന്നപോലെ ഒരു ഭാവഭേദവും കൂടാതെ ലോകകാര്യങ്ങളിൽ ചരിക്കുന്നത് അദ്ദേഹം മുക്തൻ എന്നു പറയപ്പെടുന്നു.

116. ഹർഷാമർഷ ഭയക്രോധ കാമകാർപണ്യദൃഷ്ടിഭിഃ
നപരാമൃശ്യതേയോ ƒന്തഃ സജീവന്മുക്തഉച്യതേ.

സർവത്രസമസത്യദർശനം ഹേതുവായി ആരുടെ ഹൃദയത്തെയാണോ ഹർഷം, അമർഷം, ഭയം, ക്രോധം, ദൈന്യത ഇവയൊന്നും ലേശവും സ്പർശിക്കാതിരിക്കുന്നത് അദ്ദേഹം ജീവന്മുക്തനെന്നറിയപ്പെടുന്നു. ഒരു ജീവന്മുക്തന് ഹർഷ വിഷാദാദിവാസനാചിത്തവൃത്തികൾ ഗാഢനിദ്രയിലെന്നപോലെ എന്നെന്നേയ്ക്കുമായി അദ്ദേഹത്തെ വിട്ടുപിരിയുന്നു. ഉറപ്പുറ്റ സത്യബോധത്തോടെ ഉണർവിൽ അദ്ദേഹം ലോകകാര്യങ്ങൾ നിർവഹിക്കുന്നു. പൂർണചന്ദ്രനെപ്പോലെ സദാസന്തുഷ്ടനായി കഴിയുന്നു. ഇതൊക്കെയാണൊരു മുക്തപുരുഷന്റെ ജീവിതക്രമം.

117. ബാഹ്യാർഥ വാസനോദ്ഭൂതാതൃഷ്ണാബദ്ധേതിരാഘവ
സർവാർഥവാസനോന്മുക്താതൃഷ്ണാ മുക്തേതികഥ്യതേ.

digitized by www.sreyas.in

ബാഹ്യാർഥ വാസനോദ്ഭൂതാതൃഷ്ണാ-എനിക്കിതുവേണം വേണം; ഇതു വേണ്ട വേണ്ട; എന്നിങ്ങനെ ഭൗതികകാര്യങ്ങളിൽ രാഗദ്വേഷനിബദ്ധമായ ആഗ്രഹം; ബദ്ധാ-ബന്ധത്തെയുളവാക്കുന്നു; രാഘവ-അല്ലയോ രാമാ സർവാർഥവാസനോന്മുക്താ തൃഷ്ണാ-വേണമെന്നോ വേണ്ടെന്നോ ഒന്നിലും താൽപര്യമില്ലാത്ത ആഗ്രഹം; മുക്താ ഇതികഥ്യതേ- മോക്ഷാനുഭവമെന്നു പറയപ്പെട്ടിരിക്കുന്നു.

എനിക്കിതു വേണം വേണം, ഇതു വേണ്ട വേണ്ട എന്നിങ്ങനെ ഭൗതിക കാര്യങ്ങളിൽ രാഗദ്വേഷ നിബദ്ധമായ ആഗ്രഹം ബന്ധത്തെയുളവാക്കുന്നു. അല്ലയോ രാമാ, വേണമെന്നോ വേണ്ടെന്നോ ഒന്നിലും താൽപര്യമില്ലാത്ത ആഗ്രഹം മോക്ഷാനുഭവമെന്നു പറയപ്പെട്ടിരിക്കുന്നു.

## സർവാർഥ വാസനോന്മുക്താ തൃഷ്ണാ

അഞ്ച്, ആറ്, ഏഴ്, എട്ട് പദ്യങ്ങളുടെ വ്യാഖ്യാനം ഒന്നുകൂടി ശ്രദ്ധിച്ചു വായിക്കുക. രാഗദ്വേഷവാസനകൾ പൂർണമായി ഒഴിഞ്ഞുമാറിയ ആഗ്രഹമാണു മോക്ഷാനുഭവം. അങ്ങനെ ഒരാഗ്രഹം സാധ്യമാകുമോ എന്നു പലർക്കും സംശയം തോന്നാം. സത്യം ഉറപ്പുവരാത്ത ബുദ്ധിയുടെ സംശയമാണിത്. ആഗ്രഹിക്കുക, രാഗത്തിൽപെടുക, ദ്വേഷത്തിൽപെടുക എന്നിവയെല്ലാം സങ്കൽപ്പം വഴിയുള്ള ചിത്തത്തിന്റെ പ്രത്യേകം പ്രത്യേകം വൃത്തികളാണ്. സത്യബോധം വരാത്തയാളിന് ഇവയൊക്കെ പരസ്പരബദ്ധമാണെന്നു തോന്നാം. അതുപോലെ ശരീരവ്യാപാരങ്ങൾക്കും ചിത്തവൃത്തികൾക്കും ഗാഢബന്ധം കൂടിയേ തീരു എന്നു നിയമമൊന്നുമില്ല. ശരീരം ബോധം അംഗീകരിക്കുന്ന ഒരു വേഷം മാത്രമാണ്. കഥാപാത്രത്തിന്റെ വേഷം കെട്ടുന്ന നടൻ ഉള്ളിൽ നടന്റെ ഭാവം നിലനിറുത്തിക്കൊണ്ടാണല്ലോ പുറമേ കഥാപാത്രമായി അഭിനയിക്കുന്നത്. അതുപോലെ ഉള്ളിലെ മനോഭാവം മറച്ചുവച്ചു കൊണ്ട് പലപ്പോഴും മനുഷ്യൻ പുറമേ പെരുമാറുന്നതു കാണ്മാനുണ്ടല്ലോ. ഈ അഭിനയവൈവിധ്യമെല്ലാം അഭ്യാസം കൊണ്ടൊരാൾക്കു നേടാവുന്നതേയുള്ളൂ. ഈ നിലയിൽ സത്യം ഉറപ്പുവന്ന ഒരാൾ ഉള്ളിൽ വിട്ടുവീഴ്ചയില്ലാതെ സത്യബുദ്ധി ഉറപ്പിച്ചനുഭവിച്ചുകൊണ്ട് പുറമേ ഒരു നടനെപ്പോലെ ലോകകാര്യങ്ങൾ അനുവർത്തിക്കുന്നു. പ്രാരബ്ധവശാൽ വന്നുചേരുന്ന കർമപരിപാടികളിൽ അദ്ദേഹം ആഗ്രഹസങ്കൽപ്പം പുലർത്തിത്തന്നെ ഇടപെടുന്നു. എന്നാൽ ആഗ്രഹമുൾപ്പെടെ താനും ജഗത്തും ഒരേ ബ്രഹ്മസത്യമാണെന്ന കാര്യം ഒരു നിമിഷംപോലും മറക്കുന്നില്ല. അക്കാരണത്താൽ രാഗദ്വേഷവാസന അദ്ദേഹത്തെ സ്പർശിക്കുന്നതേയില്ല. രാഗദ്വേഷങ്ങൾ ഉള്ളിൽ നിന്നും പൂർണമായി ഒഴിഞ്ഞുമാറിയയാൾ എന്താഗ്രഹിച്ചാലും എങ്ങനെയൊക്കെ ഇളകിമറിഞ്ഞു കർമംചെയ്താലും മുക്തനാണ്. ആഗ്രഹമോ കർമമോ അല്ല ബന്ധം. രാഗദ്വേഷവാസനയാണു ബന്ധം. രാഗദ്വേഷവാസനയില്ലായ്മയാണു മോക്ഷം. ബുദ്ധിക്ക് ഉറപ്പുറ്റ സത്യബോധമുണ്ടാവുകയാണിതിനുള്ള മാർഗം.

വസിഷ്ഠൻ തുടർന്നു: 'രാമാ, എനിക്കിതുവേണം, വേണം എന്നുള്ള ചിന്തയാണു തൃഷ്ണ. മനുഷ്യനെ കെട്ടിയിടുന്ന ചങ്ങലയാണു തൃഷ്ണ. സൃഷ്ടിബന്ധവും ഇതുതന്നെ. ഉണ്മ, ഇല്ലായ്മ തുടങ്ങിയ എല്ലാ ഭാവങ്ങളിലും ഈ തൃഷ്ണ കൈവെടിയുക. എന്നിട്ടു പരമോദാരമായ അദ്വൈതപദത്തിൽ മനസ്സിനെ ഉറപ്പിച്ചു നിറുത്തുക.'

digitized by www.sreyas.in

118. ബന്ധാസ്ഥാമഥ മോക്ഷാസ്ഥാം സുഖദുഃഖദശാമപി
ത്യക്ത്വാ സദസദാസ്ഥാം ച തിഷ്ഠാക്ഷുബ്ധമഹാബ്ധിവത്.

ബന്ധചിന്തയും മോക്ഷചിന്തയും സുഖദുഃഖ ചിന്തയും കൈവിടുക. ഉണ്ട്, ഇല്ല എന്ന ചിന്തപോലും കൈവെടിയുക. എല്ലാം ഒന്ന് എന്ന ചിന്തയിലുറച്ച് ചലനമില്ലാത്ത മഹാസമുദ്രംപോലെ നിലകൊള്ളുക. ഹേ, രാമാ ബന്ധത്തെയും മോക്ഷത്തെയും പ്രകടമാക്കുന്ന നാലുവിധം നിശ്ചയങ്ങൾ ഒരു വ്യക്തിയുടെയുള്ളിലുണ്ടാവാം. അച്ഛനും അമ്മയും കൂടി രൂപപ്പെടുത്തിത്തന്ന കൈയും കാലും തലയുമൊക്കെയുൾപ്പെട്ട ഈ ശരീരമാണു ഞാൻ എന്ന നിശ്ചയമാണ് ഒന്നാമത്തേത്. ജഡത്തെ ആസ്പദമാക്കിയുള്ള ഈ നിശ്ചയം ബന്ധത്തെയുണ്ടാക്കുമെന്നു പറയേണ്ടതില്ലല്ലോ. ഞാൻ ഇക്കാണുന്ന എല്ലാ പ്രപഞ്ച ഭാവങ്ങൾക്കുമപ്പുറം തലനാരിഴയെക്കാൾ സൂക്ഷ്മമായി സ്ഥിതി ചെയ്യുന്ന വസ്തുവാണെന്ന നിശ്ചയമാണു രണ്ടാമത്തേത്. അതിസൂക്ഷ്മമായ ശുദ്ധബോധത്തെ ആശ്രയിക്കുന്ന നിശ്ചയമായതുകൊണ്ട് ഇതു മോക്ഷത്തിനു വഴിതെളിക്കുന്നു. ഞാനാരെന്നു സൂക്ഷ്മമായി വിചാരംചെയ്യുന്ന സജ്ജനങ്ങൾക്കീ നിശ്ചയം ദൃഢമായി ഭവിക്കുന്നു. ഈ ജഗത്തിൽ കാണുന്ന എല്ലാ കാഴ്ചകൾക്കും പരമകാരണം ഞാനാണ്; അതുകൊണ്ട് കാണപ്പെടുന്നതെല്ലാം ഞാൻ തന്നെ എന്ന നിശ്ചയമാണു മൂന്നാമത്തേത്. ജഗത്തിന്റെ പരമകാരണം ശുദ്ധമായ ബോധമാണെന്നുറപ്പു വന്നവരുടെ നിശ്ചയമാണിത്. ഇതും മോക്ഷത്തിനു വഴിയൊരുക്കുന്നു. ഈ ജഗത്ത് ഇല്ലാത്തതാണ്, ശൂന്യമാണ്, ആകാശംപോലെ ശൂന്യം എന്നു നിശ്ചയിച്ചുറപ്പിക്കുന്നതാണു നാലാമത്തെ നിശ്ചയം. പരമകാരണം കണ്ടെത്തിയാൽ വാസ്തവത്തിൽ അതല്ലാതെ പിന്നെ മറ്റൊന്നും ഉണ്ടായിരിക്കാൻ സാധ്യമല്ല. അപ്പോൾ പലതു കാണപ്പെടുന്നതൊക്കെ കാനൽജലംപോലെ കാണപ്പെടുന്ന ശൂന്യഭ്രമങ്ങളാണ്. ഇക്കാര്യം ഉറപ്പു വന്നവരുടെ നിശ്ചയമാണു നാലാമത്തേത്. ഈ നിശ്ചയവും മോക്ഷത്തെയുളവാക്കുന്നു. ഇവയിൽ ഒന്നാമത്തെ നിശ്ചയത്തോടുകൂടി രാഗദ്വേഷമയരായി ലോകകാര്യങ്ങളിൽ ചരിക്കുന്നവരുടെ തൃഷ്ണയാണു ബന്ധഹേതുവായ തൃഷ്ണ. മറ്റു മൂന്നു നിശ്ചയങ്ങളിലും എത്തിനില്ക്കുന്നവരുടെ തൃഷ്ണയാണു ജീവന്മുക്തന്മാർ നിലനിർത്തിപ്പോരുന്ന ശുദ്ധതൃഷ്ണ; അതു രാഗദ്വേഷവാസനാവിമുക്തമായതുകൊണ്ടു നിർമലയാണ്. എല്ലാം ആത്മാവായ ഞാൻ തന്നെ; ബുദ്ധിമാനായ രാമാ, ഈ നിശ്ചയം അംഗീകരിച്ചുറപ്പിക്കാമെങ്കിൽ പിന്നെ ഒരിക്കലും നിന്റെ മനസ്സ് വിഷാദത്തിനു വഴങ്ങുകയില്ല. ശൂന്യമെന്നും, പ്രകൃതിയെന്നും, ബ്രഹ്മാനുഭവമെന്നും, ശിവനെന്നും, പുരുഷനെന്നും, ഈശാനനെന്നും ഒക്കെപറയുന്നത് ആത്മാവിനെത്തന്നെയാണ്. ഉള്ളതൊന്നല്ലേയുള്ളൂ. എല്ലാ പേരുകളും അതിന്റേതു തന്നെ.

119. ദ്വൈതാദ്വൈത സമുദ്ഭേദൈർ ജഗന്നിർമാണലീലയാ
പരമാത്മമയീശക്തിരദ്വൈതൈവ വിജൃംഭതേ.

ഉള്ളതൊന്ന്; ബോധസ്വരൂപമായ അദ്വൈതം. അദ്വൈതശക്തി തന്നെയാണു പരമാത്മമയീശക്തി. അതു സ്വയം ദ്വൈതം അദ്വൈതം എന്നിങ്ങനെ ഭേദഭാവനകൾക്കു വഴങ്ങി ജഗത്തെന്ന തോന്നലിനെ ഉണ്ടാക്കിയഴിച്ചു വീണ്ടും ഉണ്ടാക്കിയഴിച്ചു ലീലയാടുന്നു. രണ്ടില്ലെന്നുറപ്പു വരുന്ന ബുദ്ധിയെ

digitized by www.sreyas.in

പിന്നെ സുഖദുഃഖ ചിന്തകൾ എങ്ങനെ ബാധിക്കാനാണ്. അതുകൊണ്ട് തനിക്കോ അന്യർക്കോ എന്നല്ല ലോകത്ത് എവിടെയും ആർക്കോ എപ്പോഴോ നാശമോ അഭിവൃദ്ധിയോ എന്തുസംഭവിച്ചാലും സുഖമോ ദുഃഖമോ മനസ്സു കൊണ്ട് അംഗീകരിക്കാതിരിക്കൂ. ജഡദൃശ്യങ്ങളെയെല്ലാം കടന്നുനിൽക്കുന്ന അഖണ്ഡബോധസ്വരൂപത്തെ അംഗീകരിച്ചു പൂർണചന്ദ്രനെപ്പോലെ ശാന്ത ശീതളപ്രഭനായി വിരാജിക്കൂ. ആർക്കാണോ ലോകകാര്യങ്ങളിൽ സന്താപമോ സന്തോഷമോ ഇല്ലാതിരിക്കുന്നത് അവരൊരിക്കലും ദുഃഖത്തിനുപാത്രമായി ഭവിക്കുന്നില്ല. ശത്രുവിലും മിത്രത്തിലും തുല്യഭാവം പുലർത്തുന്നവരും ദയാദാക്ഷിണ്യം പുലർത്തിവന്നുചേരുന്ന കർമങ്ങൾ എന്നും യഥായോഗ്യം അനുഷ്ഠിക്കുന്നവരും ഒരിക്കലും ദുഃഖത്തിനുപാത്രമായി ഭവിക്കുന്നില്ല. ആരെയും അഭിനന്ദിക്കുന്നില്ല, ആരെയും ദ്വേഷിക്കുന്നില്ല, ദുഃഖിക്കുന്നില്ല, ഒന്നും അഭിലഷിക്കുന്നില്ല, ആഗ്രഹമില്ല, ആഗ്രഹമില്ലായ്മയുമില്ല; അങ്ങനെയുള്ളവർ ഈ ലോകത്ത് ഒരിക്കലും ദുഃഖത്തിനു പാത്രമായി ഭവിക്കുന്നില്ല.

120. സർവസ്യാഭിമതം വക്താചോദിതഃപേശലോക്തിമാൻ
ആശയജ്ഞശ്ചഭൂതാനാം സംസാരേനാവസീദതി.

സർവസ്യ അഭിമതം വക്താ-എല്ലാവർക്കും മനസ്സിനിണങ്ങുന്ന രീതിയിൽ സംസാരിക്കുന്നവനും; ചോദിതഃ പേശലോക്തിമാൻ-നിർബന്ധിച്ചാൽ ഹിതവും സത്യവുമായതു ഉപദേശിക്കുന്നവനും; ഭൂതാനാം ആശയജ്ഞഃച-എല്ലാ ജീവികളുടെയും ഉള്ളിലിരിപ്പു വേണ്ടപോലെ അറിയുന്നവനുമായ സത്യദർശി; സംസാരേ ന അവ സീദതി-ഈ ലോകത്ത് ദുഃഖത്തിനുപാത്രമായി ഭവിക്കുന്നില്ല.

എല്ലാവർക്കും മനസ്സിനിണങ്ങുന്ന രീതിയിൽ സംസാരിക്കുന്നവനും നിർബന്ധിച്ചാൽ ഹിതവും സത്യവുമായത് ഉപദേശിക്കുന്നവനും എല്ലാ ജീവികളുടെയും ഉള്ളിലിരിപ്പുവേണ്ടപോലെ അറിയുന്നവനുമായ സത്യദർശി ഈ ലോകത്തു ദുഃഖത്തിനുപാത്രമായി ഭവിക്കുന്നില്ല.

**ആശയജ്ഞശ്ചഭൂതാനാം**

എല്ലാ ജീവികളും സ്വന്തം പ്രകൃതിഗുണങ്ങൾക്കടിമകളായി കർമരംഗത്തു വർത്തിക്കുന്നവരാണ്. ഓരോ വ്യക്തിയിലും സത്ത്വം, രജസ്സ്, തമസ്സ് എന്നീ മായാഗുണങ്ങൾ ഏതളവിൽ എന്തുമാത്രം കൂടിക്കലർന്നിരിക്കുന്നുവോ അതിനനുസരണമായിരിക്കും ആ വ്യക്തിയുടെ സങ്കൽപ്പങ്ങളും പ്രവൃത്തിയും. ഒരു സത്യദർശിക്ക് ഏതു ജീവിയെയും കണ്ടാലുടൻതന്നെ ഈ ഗുണഘടനയുടെ തോതു നിശ്ചയിക്കാൻ കഴിയും. ആരുടെയും ഗുണഘടന പൊടുന്നനേ മാറ്റിയെടുക്കാവുന്നതുമല്ല. സത്യമറിഞ്ഞ് അവരവർ തന്നെ പൗരുഷത്തോടെ യത്നിച്ചാൽ ഗുണഘടന നല്ല രീതിയിൽ മാറ്റിയെടുക്കാനോ വേണമെങ്കിൽ പാടേ ഉപേക്ഷിക്കാനോ സാധിക്കും. ഇക്കാര്യം അറിയുന്ന ജ്ഞാനി ഒരു കാര്യത്തിനും വേണ്ടി ആരോടും ഇടയുകയില്ല. ആര് എന്തഭിമതവുമായിവരുന്നോ അതിനനുകൂലമായി അവരോടു സംസാരിക്കും. ജ്ഞാനി ആരുടെയും ഏതഭിമതത്തിനും വഴങ്ങിക്കൊടുക്കുമെന്നല്ല ഇതിനർഥം. അവരുടെ അഭിമതത്തെ തിരസ്കരിക്കുന്നതുപോലും മൃദുവായും സൗമ്യമായുമായിരിക്കുമെന്നു താത്പര്യം. ഇനിയുമൊരാൾ സത്യമറിഞ്ഞു സന്മാർഗത്തിൽ ചരിക്കാൻ ആത്മാർഥമായ ആഗ്രഹത്തോടുകൂടിയാണു സമീപിക്കുന്നതെ

digitized by www.sreyas.in

ങ്കിൽ അയാൾക്കു സത്യവും ഹിതവുമായുള്ളതുപദേശിക്കും. മായാഗുണ നിബദ്ധമായ ലോകത്തെ അങ്ങനെ പെട്ടെന്നു സമുദ്ധരിക്കാനൊന്നും സാധ്യ മല്ലെന്നു നല്ലപോലെ അറിയാവുന്ന ജ്ഞാനി ആർക്കും അപ്രിയം തോന്നാ ത്തവിധം ജീവിതത്തിൽ പെരുമാറുമെന്ന് താത്പര്യം. അതുകൊണ്ടദ്ദേഹം ഒരിക്കലും ദുഃഖത്തിനുപാത്രമായി ഭവിക്കുന്നില്ല.

വസിഷ്ഠൻ തുടർന്നു: എല്ലാം ഒന്നാണെന്ന പൂർണമായ കാഴ്ചപ്പാടംഗീ കരിച്ച് ധ്യേയവാസനാത്യാഗത്തിൽ ഉറച്ചുനിന്നുകൊണ്ട്, ഹേ രാഘവാ, ഒരു ജീവന്മുക്തനായി ലോകരംഗത്തു യഥേഷ്ടം വിഹരിക്കൂ.

121. അന്തഃസംത്യക്തസർവാശോ വീതരാഗോവിവാസനഃ
ബഹിഃസർവസമാചാരോ ലോകേവിഹരരാഘവ.

* അല്ലയോ രാമാ, ഉള്ളിൽ എല്ലാ ആശകളെയും കൈവെടിയൂ; ഒന്നിലും പ്രത്യേക താത്പര്യമില്ല, ഞാനെന്നും എന്റേതെന്നുമുള്ള ഭാവമില്ല, പുറമേ ഒരു നടനെപ്പോലെ എല്ലാ ലോകാചാരങ്ങളും വേണ്ടപോലെ അനു വർത്തിക്കൂ. ഈ നിലയിൽ ലോകരംഗത്തു വിഹരിക്കൂ.

122. ബഹിഃകൃത്രിമസംരംഭോഹൃദിസംരംഭവർജിതഃ
കർതാബഹിരകർതാന്തർലോകേവിഹരരാഘവ.

ഭാവാദ്വൈതം ഉള്ളിൽ നല്ലപോലെ ഉറപ്പാക്കൂ. പുറമേ ക്രിയാദ്വൈതം നട പ്പാക്കേണ്ട; ഒരു നടനെപ്പോലെ അത്യാവശ്യമുള്ളിടത്ത് കൃത്രിമമായി കോപം അഭിനയിക്കൂ; ഉള്ളിൽ ലേശം പോലും കോപം വേണ്ട. പുറത്തു ഞാൻ കാര്യങ്ങൾ നടത്തുന്നു എന്നു കർതൃത്വം അഭിനയിച്ചോളൂ; ഉള്ളിൽ ഒരു കർത്താവുമില്ലെന്നുറപ്പിച്ചോളൂ. ഈ വിധം ലോകകാര്യങ്ങൾ ഭംഗിയായി നിറ വേറ്റി ലോകത്തു വിഹരിക്കൂ. ഉള്ളിൽ അഹംകാരം മുഴുവനുപേക്ഷിച്ചു മന സ്സിനെ നിശ്ചലമാക്കി ആകാശംപോലെ നിർമലനായി കഴിയൂ; ഒരു കളങ്കവും ഉള്ളിൽ അംഗീകരിക്കണ്ട; അങ്ങനെ ലോകത്തു വിഹരിക്കൂ.

123. ഉദാരപേശലാചാരഃ സർവാചാരാനുവൃത്തിമാൻ
അന്തഃ സർവപരിത്യാഗീലോകേ വിഹരരാഘവ.

അല്ലയോ രാമാ, പുറമേ ഉദാരമതിയും സൗമ്യപ്രകൃതിയും ധാർമികാചാ രങ്ങളൊക്കെ അതുപോലെ അനുവർത്തിക്കുന്നവനുമായി പെരുമാറൂ. ഉള്ളിൽ ഉറച്ചസത്യബോധത്തോടെ എല്ലാം പരിത്യജിച്ച് ഈ ലോകത്തു വിഹരിക്കൂ. ഉള്ളിൽ എല്ലാ ആശകളും ഉപേക്ഷിച്ചിട്ട് പുറമേ ആശകളുള്ളവനാണെന്നു മറ്റുള്ളവർക്കു തോന്നുമാറു പെരുമാറിക്കോളൂ; പുറമേ അൽപ്പം ദുഃഖമൊക്കെ അഭിനയിച്ചോളൂ; അകമേ സദാ ശാന്തശീതളനായി വർത്തിക്കൂ; ഈ നില യിൽ ലോകത്തു വിഹരിക്കൂ. ഇയാളെന്റെ ബന്ധു, ഇയാൾ അന്യൻ, ഞാൻ കേമൻ, നീ മോശക്കാരൻ ഈ ചിന്തകളൊക്കെ വെറും ഭ്രമം; അവയൊക്കെ ഒഴിവാക്കൂ രാമാ, അവയൊന്നും സത്യസ്ഥിതിക്കു നിരക്കുന്നതല്ല.

124. അയംബന്ധുരയം നേതിഗണനാലഘുചേതസാം
ഉദാരചരിതാനാം തു വസുധൈവ കുടുംബകം.

ഇയാളെന്റെ ബന്ധു, ഇയാൾ ബന്ധുവല്ല എന്നിത്യാദിവേർതിരിവെല്ലാം അജ്ഞന്മാരായ നിസ്സാരബുദ്ധികൾക്കുള്ളവയാണ്. ഉദാരചരിതന്മാരായ സത്യബുദ്ധികൾക്ക് ഭൂമണ്ഡലമൊക്കെ അവരുടെ കുടുംബം തന്നെയാണ്.

digitized by www.sreyas.in

വിവിധ ജന്മങ്ങളിലൂടെ ഉറച്ചുപോന്നതാണീ ജഗത്ഭ്രമം. ബന്ധുവെന്നും ശത്രുവെന്നുമൊക്കെയുള്ള ഭേദബുദ്ധി ആ ഭ്രമത്തിന്റെ ഫലമാണ്. ഇവിടെ വസ്തു അദ്വൈതബോധം മാത്രം. അതുകൊണ്ടു ഒന്നുകിൽ മൂന്നുലോകവും ബന്ധു; അല്ലെങ്കിൽ ബന്ധുവേ ഇല്ല.

ഇക്കാര്യത്തിൽ ഞാൻ മുൻപുകേട്ടിട്ടുള്ള ഒരു കഥ ഇവിടെ ഉദാഹരിക്കാം. മുനിപുത്രന്മാരായ രണ്ടു സഹോദരന്മാർ തമ്മിൽ ഗംഗാതീരത്തുവച്ചുണ്ടായ ഒരു സംവാദം. ഈ ജംബു ദ്വീപിൽ ഒരറ്റത്ത് വനപ്രദേശം മകുടമായണിഞ്ഞ മഹേന്ദ്രമെന്നൊരു പർവതമുണ്ട്. രത്നങ്ങൾ കൊണ്ടുനിറഞ്ഞു മനോഹരവും വിശാലവുമായ അതിന്റെ താഴ്വരയിൽ മഹാജ്ഞാനനിധിയും ഉദാരചിത്തനും തപസ്വിയുമായ ദീർഘതപസ്സ് എന്ന മുനി പാർത്തിരുന്നു. ആ മുനിക്ക് ബൃഹസ്പതിക്കു കചനെന്നപോലെ ഇന്ദുസുന്ദരമായ രണ്ടു പുത്രന്മാർ ജനിച്ചു. പുണ്യനെന്നും പാവനനെന്നും അവർക്കുപേരുമിട്ടു. പുത്രന്മാരുമായി അങ്ങനെ മുനി ചിരകാലം തപസ്സിൽ കഴിഞ്ഞുകൂടി. അവരിൽ പുണ്യനായിരുന്നു ജ്യേഷ്ഠൻ; ഗുണം കൊണ്ടും പുണ്യൻ തന്നെയായിരുന്നു ജ്യേഷ്ഠൻ. അച്ഛനോടുള്ള സംസർഗം കൊണ്ട് ജ്യേഷ്ഠനായ പുണ്യൻ ക്രമേണ ജ്ഞാനിയായി ഭവിച്ചു. സന്ധ്യാകാലത്തെ താമരയെന്നപോലെ പാവനന് അർധബുദ്ധനാകാനേ കഴിഞ്ഞുള്ളൂ. മന്ദബുദ്ധിയായ അയാൾ പരമപദത്തിലെത്താതെ സംശയത്തിന്റെ ഊഞ്ഞാലിൽ അങ്ങുമിങ്ങും ആടിക്കൊണ്ടേയിരുന്നു. സൃഷ്ടിപ്രളയങ്ങളെയുണ്ടാക്കി ജനനമരണങ്ങൾക്കൊക്കെ കാരണമായി വർത്തിക്കുന്ന അനാദിയായ കാലം കടന്നുപോയി. ദീർഘതപസ്സിന്റെ ശരീരംവാർധക്യം നിമിത്തം ജരാജർജരിതമായി; അദ്ദേഹത്തിന്റെ മനസ്സ് സംസാരത്തിൽ സംപൂർണമായും വിരക്തമായി. അഹംകാരപക്ഷിയുടെ കൂടാകുന്ന ദേഹം വിട്ടു മുനി യാത്രയായി. ഭാരം ചുമക്കുന്നവൻ തന്റെ ഭാരം വഴിവക്കിലിറക്കിവയ്ക്കുന്നതുപോലെ ദീർഘ തപസ്സ് ദേഹം ഗിരിഗുഹയിലുപേക്ഷിച്ചു.

125. പ്രശാന്തകലനാരംഭം ചേത്യമുക്തചിദാസ്പദം
പദംജഗാമനീരാഗം പുഷ്പഗന്ധഇവാംബരം.

പ്രശാന്തകലനാരംഭം-സൃഷ്ടിചലനങ്ങളൊന്നും പ്രകടമാവാതെ നിശ്ചലനായി വിളങ്ങുന്നതും; ചേത്യമുക്തചിദാസ്പദം-സങ്കൽപ്പത്തിന്റെ കണികപോലുമില്ലാതെ ശുദ്ധബോധരൂപമായതും; നീരാഗം-മറ്റൊന്നിനോടും പറ്റലില്ലാതെ അദ്വിതീയമായി വിരാജിക്കുന്നതുമായ; പദം-ബ്രഹ്മാനുഭവസ്ഥാനത്തെ; പുഷ്പഗന്ധഃ അംബരം ഇവ-പൂമണം ആകാശത്തെയെന്ന പോലെ; ജഗാമ-പ്രാപിച്ചു.

സൃഷ്ടി ചലനങ്ങളൊന്നും പ്രകടമാകാതെ നിശ്ചലമായി വിളങ്ങുന്നതും സങ്കൽപ്പത്തിന്റെ കണികപോലുമില്ലാതെ ശുദ്ധബോധരൂപമായതും മറ്റൊന്നിനോടും പറ്റലില്ലാതെ അദ്വിതീയമായി വിരാജിക്കുന്നതുമായ ബ്രഹ്മാനുഭവസ്ഥാനത്തെ പൂമണം ആകാശത്തെയെന്നപോലെ പ്രാപിച്ചു.

## പുഷ്പഗന്ധ ഇവാംബരം

പൂമണം പൂവിനെ ചെടിയിൽതന്നെ നിറുത്തിയിട്ട് ആകാശത്തിൽ വിലയിക്കുന്നു. അതുപോലെ ദീർഘതപസ്സിലെ ജീവൻ ദേഹത്തെ ഗിരിഗുഹയിൽ ഉപേക്ഷിച്ചിട്ട് അഖണ്ഡബോധരൂപമായ ബ്രഹ്മത്തിൽ വിലയിച്ചു. ദീർഘതപസ്സിന്റെ വിദേഹമുക്തി സ്വരൂപമാണിവിടെ വിവരിച്ചിരിക്കുന്നത്. ഒരു

digitized by www.sreyas.in

ജീവന്മുക്തന്റെ വിദേഹമുക്തി. ജീവന്മുക്തിയിൽ ദേഹത്തിന്റെ പ്രാരബ്ധ നിർവഹണത്തിനായി വറുത്തവിത്തുപോലെ വാസനാരഹിതമായ അഹം നിലവിലുണ്ടാവും. ദേഹം വിട്ടുപോകുന്നതോടെ ആ 'ഞാനും' വിട്ടുപോകുന്നു. ആ ജീവാഭാസം അഖണ്ഡബോധരൂപമായ ബ്രഹ്മത്തിൽ ലയിച്ചുമറയുന്നു. ഈ വിദേഹമുക്തി തന്നെയാണ് 'തുരീയാതീത' സ്ഥിതി. എന്താണിവിടത്തെ വസ്ത്വനുഭവം? അവിടെ ഒരു സൃഷ്ടി ചലനവുമില്ല. സൃഷ്ടിസ്ഥിതി സംഹാരങ്ങളൊന്നും ഒരിക്കലും ഏശിയിട്ടില്ലാത്ത ശുദ്ധവസ്തുസ്ഥിതി. സങ്കൽപ്പത്തിന്റെ കണികപോലുമില്ലാത്ത ശുദ്ധബോധരൂപം. 'ഏകമേവാദ്വിതീയ' മായ അദ്വൈതാനന്ദം. ഇതുതന്നെയാണു പ്രപഞ്ചസ്പർശമില്ലാത്ത ബ്രഹ്മം.

വസിഷ്ഠൻ തുടർന്നു: 'പിതാവിന്റെ മരണം കഴിഞ്ഞു പുണ്യൻ വ്യാകുലനാകാതെ അച്ഛന്റെ മരണാനന്തര ക്രിയകളിൽ വ്യാപൃതനായി. പാവനനാകട്ടെ ദുഃഖാർത്തി നിമിത്തം അതിലൊന്നും വേണ്ടപോലെ പങ്കുകൊള്ളാൻ കഴിഞ്ഞില്ല. ദുഃഖം സ്വധർമ നിർവഹണത്തെപ്പോലും തടസപ്പെടുത്തുമെന്നു തീർച്ച. ശോകപരവശനായ പാവനൻ നിലവിളിച്ചുകൊണ്ടു വനപ്രദേശങ്ങളിൽ ചുറ്റിക്കറങ്ങി. സമചിത്തനായി സ്വധർമമനുഷ്ഠിക്കുന്ന ജ്യേഷ്ഠനെ നോക്കിക്കാണാൻപോലും അയാൾ കൂട്ടാക്കിയില്ല. സത്യബുദ്ധിയും പരമധാർമികനുമായ പുണ്യനാകട്ടെ അച്ഛന്റെ മരണാനന്തരക്രിയകളെല്ലാം നിർവഹിച്ചശേഷം വനപ്രദേശത്ത് അനുജനെ അന്വേഷിച്ചു പുറപ്പെട്ടു. കാട്ടിലൊരിടത്തു ദുഃഖാർത്തനായി വിലപിച്ചുകൊണ്ടിരിക്കുന്ന അനുജനെ കണ്ടെത്തി. പുണ്യൻ പാവനനെ ഇങ്ങനെ സമാശ്വസിപ്പിച്ചു: 'അനുജാ', മനുഷ്യനെ കൂരിരുട്ടിലേയ്ക്കു പിടിച്ചുതള്ളുന്ന ഈ ദുഃഖത്തെ നീ എന്തിനിങ്ങനെ വർധിപ്പിക്കുന്നു. നമ്മുടെ പിതാവു മഹാനായ സത്യദർശിയായിരുന്നു. നീ ബുദ്ധിയുള്ളവനല്ലേ. അച്ഛൻ മോക്ഷമെന്നറിയപ്പെടുന്ന സ്വരൂപലാഭമായ പരമാത്മപദവിയിലെത്തി നിൽക്കുകയാണ്. സ്വസ്വരൂപം പ്രാപിച്ചു വിളങ്ങുന്ന അച്ഛനെക്കുറിച്ചു നീ എന്താണിങ്ങനെ ദുഃഖിക്കുന്നത്. കുഞ്ഞേ, നിനക്കുതന്നെ ആയിരമായിരം അച്ഛനമ്മമാർ ഇതിനുമുൻപു കടന്നുപോയിട്ടുണ്ട്. ജീവികൾക്കു ജന്മങ്ങൾതോറും അച്ഛനമ്മമാരും പുത്രബന്ധുക്കളുമൊക്കെയുണ്ടാകുന്നതു സ്വാഭാവികമാണ്. ഇങ്ങനെ വന്നുചേരുന്ന ബന്ധുക്കളെക്കുറിച്ചൊക്കെ ദുഃഖിക്കുകയാണെങ്കിൽ കഴിഞ്ഞുപോയ എല്ലാവരെയും കുറിച്ചു ദുഃഖിക്കേണ്ടതല്ലേ. ഇവിടെ എക്കാലവും സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇതൊക്കെയല്ലേ. അജ്ഞാനമാകുന്ന വിസ്തീർണമായ മരുഭൂമി; അവിടെ ഇളകിമറിയുന്ന ശുഭാശുഭങ്ങളെന്ന തരംഗങ്ങളോടുകൂടി പ്രതിബിംബിച്ചുകാണുന്ന വാസനയെന്ന കാനൽ ജലം; ഇത് അനന്തനാമരൂപങ്ങളുളവാക്കി ചുറ്റും സദാ പ്രകടമായിക്കൊണ്ടിരിക്കുന്നു. ബന്ധുക്കൾ, മിത്രങ്ങൾ, സന്താനങ്ങൾ, അവരോടുള്ള സ്നേഹം, ദ്വേഷം, മോഹം, ഇവകൊണ്ടു നിറഞ്ഞതല്ലേ സംസാരം. ഒരേ ബോധവസ്തുവിന്റെ പലതരം പേരുകൾ മാത്രമല്ലേ ഇവയൊക്കെ; ഇതാണ് പ്രപഞ്ചം.

126. ബന്ധുത്വേഭാവിതോ ബന്ധുഃ പരത്വേഭാവിതഃ പരഃ
വിഷാമൃതദശേവേഹ സ്ഥിതിർ ഭാവനിബന്ധിനീ

ബന്ധുത്വേഭാവിതോബന്ധുഃ-ബന്ധുവാണെന്നു സങ്കൽപ്പിച്ചാൽ ബന്ധു. പരത്വേഭാവിതോപരഃ-ശത്രുവാണെന്നു സങ്കൽപ്പിച്ചാൽ ശത്രു. ഇഹവിഷാമൃതദശാഃ ഇവ-ഈ ലോകത്ത് സങ്കൽപ്പം ചിലതിനെയൊക്കെ വിഷം

digitized by www.sreyas.in

പോലെ ദുഃഖപ്രദവും ചിലതിനെയൊക്കെ അമൃതംപോലെ സുഖമയവും ആക്കി മാറ്റുന്നു; സ്ഥിതിഃഭാവനിബന്ധിനീ-അനുഭവമൊക്കെ സങ്കൽപ്പത്തിനനുസരിച്ച്.

ബന്ധുവാണെന്നു സങ്കൽപ്പിച്ചാൽ ബന്ധു; ശത്രുവാണെന്നു സങ്കൽപ്പിച്ചാൽ ശത്രു. ഈ ലോകത്ത് സങ്കൽപ്പം ചിലതിനെയൊക്കെ വിഷംപോലെ ദുഃഖപ്രദവും ചിലതിനെയൊക്കെ അമൃതംപോലെ സുഖപ്രദവുമാക്കിമാറ്റുന്നു. അനുഭവമൊക്കെ സങ്കൽപ്പമനുസരിച്ച്:

## സ്ഥിതിർ ഭാവനിബന്ധിനീ

അനുഭവമൊക്കെ സങ്കൽപ്പമനുസരിച്ച്. ലോകാനുഭവത്തിന്റെ അലംഘനീയനിയമമാണിവിടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ ബോധനാന്ദഘനമായ ബ്രഹ്മം മാത്രമേ നിലവിലുള്ളൂ. ഓരോരുത്തർ എന്തു സങ്കൽപ്പവുമായി സമീപിക്കുന്നുവോ അതനുസരിച്ചവർക്കനുഭവം. ദേവസങ്കൽപ്പമാണെങ്കിൽ ദേവരൂപത്തിൽ, മനുഷ്യസങ്കൽപ്പമാണെങ്കിൽ മനുഷ്യരൂപത്തിൽ, പക്ഷി മൃഗാദിസങ്കൽപ്പങ്ങളാണെങ്കിൽ പക്ഷിമൃഗാദിരൂപത്തിൽ; ഇതാണു നിയമം. ജഡസങ്കൽപ്പമാണെങ്കിൽ ജഡരൂപത്തിൽ. സർവം ബ്രഹ്മമയം എന്ന സങ്കൽപ്പമാണെങ്കിൽ എല്ലാം ബ്രഹ്മരൂപത്തിൽ. ഒരു വീട്ടിന്റെ ഉമ്മറത്തു കുറേപ്പേർ കൂടിയിരിക്കുന്നു എന്നു കരുതുക. അങ്ങകലെനിന്നും ഗൃഹനാഥൻ നടന്നുവരുന്നതായി കാണുന്നു. ഒരാൾ എന്റെ ഭർത്താവുവരുന്നു എന്നു കാണുന്നു. ഓരോരുത്തരും ഗൃഹനാഥനെ അച്ഛനായും, സഹോദരനായും, ശത്രുവായും, ബന്ധുവായും ഇങ്ങനെ പലതരത്തിൽ കാണുന്നു. ആളൊന്നാണെങ്കിലും പലതരത്തിലുള്ള ഈ കാണലിനുകാരണം സങ്കൽപ്പഭേദമാണെന്നു പറയേണ്ടതില്ലല്ലോ. എല്ലാ ലോകാനുഭവങ്ങളുടെയും രഹസ്യമിതാണ്. അപ്പോൾ എന്തു സങ്കൽപ്പംകൊണ്ടു പരമസുഖം കണ്ടെത്താൻ പറ്റുമോ ആ സങ്കൽപ്പം അഭ്യസിച്ചുറപ്പിക്കുകയാണ് ഒരു വിവേകിയുടെ കർത്തവ്യം. എല്ലാം ഒന്നെന്ന അദ്വൈതസങ്കൽപ്പം പൂർണസുഖം തരും. പലതുണ്ടെന്ന ദ്വൈതസങ്കൽപ്പം ദുഃഖിപ്പിക്കും. ഇനി അവനവന്റെ ഇഷ്ടംപോലെയാകാം. പുണ്യൻ സുഖിക്കുന്നതിന്റെയും പാവനൻ ദുഃഖിക്കുന്നതിന്റെയും രഹസ്യം ഇത്രേയുള്ളൂ.

പുണ്യൻ തുടർന്നു: 'അനുജാ, ഇവിടെ എല്ലാവരുടെയും ആത്മാവായി വർത്തിക്കുന്ന സർവവ്യാപിയായ ഒരു സത്യമേ നിലവിലുള്ളൂ എങ്കിൽ പിന്നെ ഇതെന്റെ ബന്ധു ഇതെന്റെ ശത്രു എന്നിങ്ങനെ ഭേദചിന്തക്കു പ്രസക്തിയെവിടെ. ദേഹത്തെയൊന്നു നോക്കിക്കാണൂ; അതു രക്തം, മാംസം ഇവകൊണ്ടു പൊതിഞ്ഞുവച്ചിരിക്കുന്ന അസ്ഥിപഞ്ജരമായ ജഡമല്ലേ? അതിനകത്ത് 'ഞാനുണ്ട്' എന്നിങ്ങനെ സ്വയം ഉണ്മ അനുഭവിച്ചുകൊണ്ടിരിക്കുന്ന നീയാരാണെന്നു ബുദ്ധികൊണ്ടൊന്നു ചിന്തിക്കൂ. നീ ജഡരൂപമായ ഈ രക്തമാംസാസ്ഥികളുടെ കൂടികലർപ്പാകാൻ പറ്റുമോ.

127. ദൃഷ്ട്യാതു പാരമാർഥിക്യാനകശ്ചിത്ത്വം ന ചാപ്യഹം
മിഥ്യാജ്ഞാനമിദം പുണ്യഃ പാവനശ്ചേതിവല്ഗതി.

സത്യദൃഷ്ടിയിൽ ഞാനോ നീയോ പ്രത്യേകം പ്രത്യേകമില്ല; നമ്മൾ രണ്ടു പേരും ഒരേ ബോധം തന്നെയാണ്. ദേഹത്തെ ആസ്പദമാക്കി ഇതു

digitized by www.sreyas.in

പുണ്യൻ, ഇതു പാവനൻ എന്നു വേർതിരിച്ചുകാണുന്നത് അറിവില്ലായ്മ കൊണ്ടു മാത്രമാണ്. നീ ഇതിനു മുമ്പ് അനേകം പുണ്യസ്ഥാനങ്ങളിൽ ജന്മമെടുത്തിട്ടുണ്ട്; പക്ഷിമൃഗാദിജന്മങ്ങൾ നിനക്കു കഴിഞ്ഞുപോയിട്ടുണ്ട്. അനേകമനേകം ബന്ധുക്കൾ നിനക്കു മുൻപുണ്ടായിട്ടുണ്ട്. അവരെക്കുറിച്ചൊക്കെ ദുഃഖിച്ചിട്ടെന്തു വിശേഷം. അനേകം മൃഗങ്ങൾ നിന്റെ ബന്ധുക്കളായി കടന്നുപോയിട്ടുണ്ട്. വലിയ പർവതശിഖരങ്ങളിൽ അനേകം സിംഹങ്ങൾ നിനക്കു ബന്ധുക്കളായി ജനിച്ചുമരിച്ചിട്ടുണ്ട്; അവയെക്കുറിച്ചൊക്കെ നീ ദുഃഖിക്കുമോ. ദശാർണദേശത്തു നീ തവിട്ടുനിറമുള്ള ഒരു വാനരനായി ജനിച്ചിരുന്നു. തുഷാരദേശത്തു നീ ഒരു രാജകുമാരനായി ജനിച്ചു. പുണ്ഡ്രദേശത്തു നീ ഒരു കാട്ടുകാക്കയായി പിറന്നു. ഹൈഹയരാജ്യത്തു നീയൊരു കാട്ടാനയായി. ത്രിഗർത്തത്തിൽ ഒരു കഴുതയായി. ശാല്വദേശത്തു നീ സരമാപുത്രനായി പട്ടിയായി പിറന്നു. സരളവൃക്ഷത്തിന്റെ കൊമ്പിൽ ഒരു പക്ഷിയായി ചിരകാലം കഴിഞ്ഞുകൂടി. അനുജാ, ഇങ്ങനെ ഈ ജംബുദ്വീപിൽ നൂറുകണക്കിനും ആയിരക്കണക്കിനും അനേകം ജന്തുജീവിതങ്ങളിൽ എണ്ണമില്ലാതെ ജനിച്ചും മരിച്ചും ഇതിനുമുമ്പ് നീ കഴിഞ്ഞുകൂടിയിട്ടുണ്ട്. എണ്ണമറ്റ അച്ഛന്മാർ നിനക്കുണ്ടായിട്ടുണ്ട്; എണ്ണമറ്റ അമ്മമാർ. മരത്തിൽ ഇലകൾ വന്നു കൊഴിയുന്നതുപോലെ ഈ സംസാരത്തിൽ ജീവിതങ്ങൾ വരുന്നു പൊഴിയുന്നു. ഉണ്മയ്ക്കും ഇല്ലായ്മക്കുമപ്പുറം ശുദ്ധമായി ഉണ്മയായി വിലസുന്നതും ജരാമരണങ്ങൾ സ്പർശിക്കാത്തതുമായ ബോധത്തെ, ആത്മാവിനെ വ്യക്തമായി വേർതിരിച്ചറിയൂ; ഈ മൂഢബുദ്ധി ഉപേക്ഷിക്കൂ. പുത്രദാരാദി ഏഷണകളൊന്നും ആത്മാവിനെ സ്പർശിക്കുകയേയില്ല; ആത്മാവിൽ ഒരു കളങ്കവുമില്ല. ഹൃദയാംബുജത്തിൽ നിർമലമായ ആത്മാവിനെ പ്രതിഷ്ഠിക്കൂ. കുഞ്ഞേ, ഉള്ളിൽ ഈ മഹാജ്ഞാനമംഗീകരിച്ചുകൊണ്ടു സംഭ്രമം വെടിയൂ; സർവത്ര സന്തോഷം കണ്ടെത്തൂ.

വസിഷ്ഠൻ പറഞ്ഞു:'ജ്യേഷ്ഠന്റെ ഉപദേശവാക്കുകൾ പാവനനെ ഉണർത്തി. പ്രഭാതത്തിൽ സർവത്ര സൂര്യപ്രകാശം പരക്കുന്നതുപോലെ ജ്ഞാനസൂര്യന്റെ കിരണമേറ്റു പാവനന്റെ ഹൃദയപദ്മം വികസിച്ചു പ്രകാശമേന്തി. രണ്ടുപേരും സിദ്ധാന്തത്തിലും അനുഭവത്തിലും സത്യം ഉറപ്പുവന്ന മഹാസിദ്ധന്മാരായി ഭവിച്ചു. അങ്ങനെ ആനന്ദമഗ്നരായി ആ വനത്തിൽ ഒരുമിച്ചു ചിരകാലം വിഹരിച്ചു. രാമാ, ഇങ്ങനെ പൂർവജന്മങ്ങളിൽ അനുഭവിച്ച ദേഹങ്ങളുമായി ബന്ധപ്പെട്ട് ഈ മായാഭ്രമത്തിൽ എണ്ണമറ്റ ബന്ധുക്കളുണ്ടാവാം. അവരിൽ ആരെക്കുറിച്ചാശിക്കാൻ! ആരെ ഉപേക്ഷിക്കാൻ!

128. ചിന്തനേനൈധതേചിന്താത്വിന്ധനേനേവപാവക;
നശ്യത്യചിന്തനേനേവ വിനേന്ധനിവാനല;

വിറകിട്ടാൽ തീ പെരുകുന്നതുപോലെ ചിന്തകൊണ്ടു ചിന്ത വർധിച്ചുകൊണ്ടേയിരിക്കും. വിറകില്ലെങ്കിൽ തീ കെടുന്നതുപോലെ ചിന്തയില്ലെങ്കിൽ ചിന്ത സ്വയം കെട്ടടങ്ങിക്കൊള്ളും. രാമാ, ധ്യേയവാസനാത്യാഗമെന്ന രഥത്തിൽ ആരൂഢനായി ഒരു ചക്രവർത്തിയെപ്പോലെ കരുണാമയനായി ഈ ലോകത്തെ നോക്കിക്കാണൂ. എന്തുമാത്രം ദീനദീനമാണീ ലോകസ്ഥിതി. അതുകൊണ്ടെണീക്കൂ; സത്യത്തിന്റെ പരിമളം പരത്തി ജീവിക്കൂ. ഇതാണു

digitized by www.sreyas.in

ബ്രഹ്മനിഷ്ഠം, കാമനിവൃത്തിനേടി തന്നിൽ തന്നെ ശോകമില്ലാതെ കഴിയുന്ന അവസ്ഥ. ഈ സ്ഥിതി കൈവന്നാൽ കടുത്ത മോഹബദ്ധൻ പോലും പിന്നെ മോഹബദ്ധനാവുകയില്ല. വിവേകം മാത്രമാണു മനുഷ്യന്റെ സുഹൃത്ത്; വിവേകപൂർണയായ ബുദ്ധി പ്രൗഢസഖി. ഇവരെ രണ്ടുപേരെയും കൂട്ടിക്കൊണ്ടു ജീവിതരംഗത്തു വിഹരിക്കാമെങ്കിൽ മിഥ്യാസങ്കൽപ്പങ്ങളിൽ പെട്ടുഴലുകയേ ഇല്ല. ഭൗതിക കാമങ്ങളിലുള്ള മോഹം ഉള്ളിൽ നിന്നും ഒഴിവാക്കണം; ലോകബദ്ധരായ ബന്ധുക്കളെ കൈകാട്ടി അകറ്റി നിറുത്തണം; ഇതിനുള്ള ധൈര്യം ഉണ്ടെങ്കിൽ മാത്രമേ സംസാരസങ്കടത്തിൽനിന്നും കരകയറാൻ പറ്റൂ. വൈരാഗ്യം, ശാസ്ത്രചർച്ച, മഹത്ത്വാദിഗുണസ്വീകാരം ഇവയിലൂടെ സ്വപ്രയത്നംകൊണ്ട് മനസ്സിനെ സത്യോന്മുഖമാക്കി ഉദ്ധരിച്ചുവേണം ആപത്തുകളിൽനിന്നും രക്ഷനേടാൻ. സത്യമഹത്ത്വം അംഗീകരിക്കുന്ന ചിത്തം നേടിത്തരുന്ന ജീവിതസൗഖ്യം ത്രിഭുവനൈശ്വര്യം കൊണ്ടോ അമൂല്യരത്നങ്ങൾ നിറച്ചുവച്ചിരിക്കുന്ന ഖജനാവുകൊണ്ടോ ഒരാൾക്കു നേടാൻ കഴിയുന്നതല്ല.

129. പൂർണേമനസിസംപൂർണം ജഗത്സർവംസുധാദ്രവൈഃ
ഉപാനദ്ഗൂഢപാദസ്യനനുചർമാസ്തൃതൈവഭൂഃ

മനസ്സ് അദ്വൈതാമൃതരസംകൊണ്ടു നിറഞ്ഞതാണെങ്കിൽ ജഗത്തുമുഴുവൻ അമൃതരസം കൊണ്ടു നിറഞ്ഞതായി അനുഭവപ്പെടും. കാലിൽ ചെരിപ്പുണ്ടെങ്കിൽ ഭൂമി മുഴുവൻ തോലുകൊണ്ടു പൊതിഞ്ഞതായി അനുഭവപ്പെടുന്നതുപോലെ. ഭൂമിയിലെ കല്ലും മുള്ളും മുഴുവൻ നീക്കിയിട്ട് ഒരാളിനു നടക്കാൻ പറ്റുകയില്ലല്ലോ; അതിനു പകരം സ്വന്തം കാലിൽ ചെരിപ്പിടുക. അതുപോലെ ലോകത്തെമുഴുവൻ സുഖസമൃദ്ധമാക്കിയിട്ട് ആർക്കും സുഖമനുഭവിക്കുവാൻ സാധ്യമല്ല; അതിനുപകരം ആനന്ദമയമായ അദ്വൈതാമൃതം കൊണ്ട് അവനവന്റെ ഹൃദയം നിറയ്ക്കുക. ലോകകാമങ്ങളിൽ വിരക്തി വരുന്നതോടെ നാശോന്മുഖമാകുന്ന മനസ്സ് അദ്വൈതാമൃതംകൊണ്ട് നിറയും; നേരെമറിച്ച് ആശകൾ വന്നു നിറയുന്ന മനസ്സ് ശരത്കാലത്തിലെ സരസ്സുപോലെ അദ്വൈതജലം വറ്റി വരളാൻ തുടങ്ങും. ആശാവിവശമാകുന്ന മനസ്സ് അതിന്റെ ഇരുളടഞ്ഞ വിടവു വെളിക്കുകാട്ടി അഗസ്ത്യൻ കുടിച്ചുവറ്റിച്ച സമുദ്രംപോലെ ശൂന്യമായി ഭവിക്കും.

130. നതഥാഭാതിപൂർണേന്ദുർനപൂർണഃക്ഷീരസാഗരഃ
നലക്ഷ്മീവദനം കാന്തം സ്പൃഹാഹീനംയഥാമനഃ

ആശാപാശങ്ങളൊഴിഞ്ഞു ബ്രഹ്മാനന്ദമനുഭവിക്കുന്ന മനസ്സിന്റെ കാന്തി മറ്റൊരിടത്തും കണ്ടെത്താൻ കഴിയുകയില്ല; പൂർണചന്ദ്രന് അതുപോലെ പ്രകാശിക്കാൻ സാധ്യമല്ല, പാലാഴിക്ക് ആ ശീതളശോഭ കിട്ടുകയില്ല; ലക്ഷ്മീമുഖത്തിന് അത്രയും സൗന്ദര്യമുണ്ടായിരിക്കുന്നില്ല.

131. യഥാഭ്രലേഖാശശിനം സുധാലേപംമഷീയഥാ
ദൂഷയത്യേവമേവാന്തർ നരമാശാപിശാചികാ

ചന്ദ്രനെ കാർമേഘപടലം പോലെ, വെളുത്ത കുമ്മായ ലേപത്തെ നീലമഷിയെന്നപോലെ, മനുഷ്യഹൃദയത്തെ ആശാപിശാചിക കളങ്കപ്പെടുത്തുന്നു എന്നു കാണേണ്ടതാണ്. രാമാ, ആശാരൂപങ്ങളായ എല്ലാത്തരം ഏഷണക

digitized by www.sreyas.in

ളെയും ഉള്ളിൽനിന്നും പുറത്താക്കി സംസാരബന്ധം പൊട്ടിച്ചു മുക്തനാവൂ. ഭൗതികാശകൾ മനസ്സിന്റെ ചങ്ങലക്കെട്ടുകളാണ്. അവ വിട്ടുപോയാൽ ഈ ലോകത്ത് ആരാണു മുക്തനാകാത്തത്.

*ഇതി ശ്രീ വാല്മീകീയേ ഉപശമ പ്രകരണേ*
*പുണ്യപാവനോപാഖ്യാനം നാമ*
*ദ്വിതീയഃസർഗഃ*

## സർഗം 3

# ബല്യുപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രഘുവംശമാകുന്ന ആകാശത്തിലെ പൂർണചന്ദ്ര നായ അല്ലയോ രാമാ, അസുരരാജാവായ ബലിയെക്കുറിച്ചു കേട്ടിട്ടില്ലേ; എത്ര ഉറച്ച സത്യനിഷ്ഠനായിരുന്നു ബലി. അദ്ദേഹത്തിന്റെ പാത നീയും അംഗീ കരിക്കൂ.'

രാമൻ ചോദിച്ചു: 'വിഭോ, എങ്ങനെയായിരുന്നു ബലി ഉറപ്പുറ്റ ജ്ഞാനി യായിത്തീർന്നത്. ബോധാനുഭവം ഉറപ്പുവരാനായി ബലിചരിതം എന്നെ കേൾപ്പിക്കൂ. ഉത്തമശിഷ്യന്മാരെ ഉണർത്തുന്ന കാര്യത്തിൽ ഗുരുക്കൻമാർ തളർന്ന് പോകാറില്ലല്ലോ.'

വസിഷ്ഠൻ തുടർന്നു: 'ഈ ജഗത്തിനുള്ളിലായി ഏതോ ദിക്കിൽ പാതാ ളമെന്നു പ്രസിദ്ധമായ ലോകമുണ്ട്; ഭൂമിക്കടിയിലാണു പാതാളം. അസുര ന്മാരുടെ ബലമേറിയ കൈകളാകുന്ന തൂണുകളിലാണാലോകം അഭംഗുരം നിലനിന്നു പോരുന്നത്. ഒരിക്കൽ വിരോചനപുത്രനായ ബലി എന്ന ദാന വൻ അവിടെ ചക്രവർത്തിയായി ഭരണമേറ്റു. വെറുംകളിയെന്നോണം അയാൾ സകലലോകങ്ങളെയും ജയിച്ചുകീഴടക്കി ലോകഭൂഷണനായി വിളങ്ങി. അങ്ങനെ പത്തുകോടി സംവത്സരം അയാൾ അസുരരാജ്യം ഭരിച്ചു. ആവർത്തിച്ചുകൊണ്ടിരുന്ന അനേകം യുഗങ്ങൾ കടന്നുപോയി. തുടർന്നു കൊണ്ടിരുന്ന ദേവാസുരയുദ്ധത്തിൽ ദേവൻമാർക്കും അസുരൻമാർക്കും മാറി മാറി ജയവും പരാജയവും ഉയർച്ചയും താഴ്ചയും ഉണ്ടായി. മൂന്നുലോക ത്തുമുള്ള എല്ലാത്തരം ലോകഭോഗങ്ങളും ചിരകാലമനുഭവിച്ച ബലി ചക്ര വർത്തിക്കു മനസ്സിൽ വ്യാകുലത തോന്നി. ഒരു ദിവസം തന്റെ മണിമാളിക യുടെ മുകൾത്തട്ടിലിരുന്നുകൊണ്ടു ബലി ഇങ്ങനെ ചിന്തിച്ചു: 'മൂന്നു ലോകത്തും അത്ഭുതം സൃഷ്ടിച്ച ഒരു മഹാസാമ്രാജ്യത്തിന്റെ ഉടമയാണു ഞാൻ. ഈ സാമ്രാജ്യത്തിന്റെ ചക്രവർത്തി പദം അലങ്കരിച്ചു ലോകാതി ശായികളായ സുഖഭോഗങ്ങളെല്ലാം ഞാൻ അനുഭവിച്ചു; എന്നിട്ടിപ്പോൾ എന്തായി; എനിക്കു തൃപ്തി വന്നോ? എല്ലാ ഭോഗങ്ങളും ആരംഭത്തിൽ മാത്രം മധുരമെന്നു തോന്നും; എല്ലാം അവശ്യം ക്ഷയം പ്രാപിച്ചേ പറ്റൂതാനും. ഞാൻ വീണ്ടും വീണ്ടും അവയൊക്കെ അനുഭവിക്കുന്നു; തൃപ്തി വരുന്നു മില്ല; ഇതെന്തു സുഖാനുഭവമാണ്? പ്രിയതമയായ ഭാര്യ വീണ്ടും വീണ്ടും ആലിംഗനം ചെയ്യപ്പെടുന്നു; വീണ്ടും വീണ്ടും ഭുജിക്കപ്പെടുന്നു; ഇതൊരു കുട്ടിക്കളിയല്ലേ; മഹത്തുക്കൾക്ക് ഇതു ലജ്ജാകരമല്ലേ?

digitized by www.sreyas.in

132. തമേവഭുക്തവിരസം വ്യാപാരൗഘം പുനഃപുനഃ
ദിവസേദിവസേകുർവൻ പ്രാജ്ഞഃകസ്മാന്നലജ്ജതേ.

അനുഭവിച്ചനുഭവിച്ചു വിരസങ്ങളായ അതേ കാര്യങ്ങൾതന്നെ ആവർത്തിക്കപ്പെടുന്നു. ഓരോ ദിവസവും കാര്യങ്ങൾ ഇങ്ങനെ ആവർത്തിക്കപ്പെടുന്നതിൽ അറിവുള്ളവർ എന്തുകൊണ്ടു ലജ്ജിക്കുന്നില്ല. വീണ്ടും പകൽ വീണ്ടും രാത്രി വീണ്ടും അതേ കാര്യക്രമങ്ങൾ, ഇങ്ങനെ ആവർത്തിക്കപ്പെടുന്ന കർമപരമ്പരകൊണ്ട് കാര്യമായ എന്തു പ്രയോജനമാണുള്ളത്? ഈ കർമപരമ്പര അവസാനിക്കുന്ന ഇടമേതാണ്? ആവർത്തനവിരസങ്ങളായ വിഷയഭോഗങ്ങൾക്കപ്പുറത്ത് ക്ഷയിച്ചുനഷ്ടപ്പെട്ടുപോകാത്ത എന്തെങ്കിലും വസ്തു നിലവിലുണ്ടോ? ഇക്കാര്യം ഞാൻ ചിന്തിച്ചുനോക്കുന്നുണ്ട്. ഇപ്രകാരം തീരുമാനിച്ചു ബലി ധ്യാനനിരതനായി. ആ അസുരചക്രവർത്തിക്കു പെട്ടെന്നോർമ വന്നു; ആശ്ചര്യത്തോടെ പുരികങ്ങൾ ചുളിച്ചുകൊണ്ടദ്ദേഹം ഇങ്ങനെ ഓർമിച്ചു: 'പണ്ട് ജഗത്തിന്റെ പരമസത്യം വ്യക്തമായി അനുഭവിച്ചറിഞ്ഞിരുന്ന ആത്മതത്ത്വജ്ഞനായ എന്റെ പിതാവ് വിരോചനമഹാരാജാവിനോടു ഞാൻ ചോദിക്കുകയുണ്ടായി: 'പിതാവേ, അങ്ങെല്ലാം അറിഞ്ഞയാളാണല്ലോ; ലോകത്തിന്റെ ഈ സുഖദുഃഖഭ്രമങ്ങളെല്ലാം കെട്ടടങ്ങുന്ന ഇടം ഏതാണ്? ഈ കാണുന്ന എല്ലാറ്റിന്റെയും അതിര്; എനിക്കതുവെളിപ്പെടുത്തിത്തന്നാലും. മനോമോഹം എവിടെ, എത്തിയാൽ ശമിക്കും; ആവർത്തിക്കപ്പെടുന്ന ആശകൾക്കൊക്കെ അപ്പുറം എവിടമാണ്;

രാഗദ്വേഷങ്ങളില്ലാതെ മനസ്സിനു സ്ഥിരമായി വിശ്രമിക്കാവുന്ന ഇടമേതാണ്? എനിക്ക് അനന്തമായ ആനന്ദം അനുഭവിക്കാൻ കഴിയുന്ന സുന്ദരവസ്തു ഏതാണ്? അതു പറഞ്ഞു തരൂ; ഞാനതിലെത്തി സ്ഥിരമായി വിശ്രമിക്കാനാഗ്രഹിക്കുന്നു!

ഈ ചോദ്യം കേട്ടു പിതാവായ വിരോചനൻ പറഞ്ഞു: 'മകനേ, നിനക്കു വിശ്രമിക്കാൻ പറ്റിയ അതിവിശാലമായ ഒരു ദേശമുണ്ട്; വിപുലമായ ഒരന്തഃപുരഭാഗം. അനന്തകോടിലോകങ്ങൾ എവിടെ അതിനിസ്സാരമായി ചുറ്റിക്കറങ്ങുന്നു. എന്നാൽ അവിടെ ഭൂമിയില്ല, ആകാശമില്ല, സമുദ്രങ്ങളില്ല, പർവതങ്ങളില്ല, വനങ്ങളില്ല, തീർഥങ്ങളില്ല, നദികളില്ല, സരസ്സുകളില്ല.

133. ഏക ഏവാസ്തിസുമഹാംസ്തത്ര രാജാമഹാദ്യുതിഃ
സർവകൃത്സർവഗഃസർവഃചതുഷ്ണീം വ്യവസ്ഥിതഃ

അവിടെ മഹാനായ ഒരാൾ മാത്രമേയുള്ളൂ; അദ്ദേഹമാണവിടത്തെ രാജാവ്; മഹാതേജസ്വി. സർവത്ര നിറഞ്ഞുനിന്ന് എല്ലാം ചെയ്യുന്നതദ്ദേഹമാണ്; എന്നല്ല എല്ലാം അദ്ദേഹം തന്നെ; എന്നാൽ അദ്ദേഹം ഒന്നും ചെയ്യാതെ മൗനമായിരിപ്പാണ്; അദ്ദേഹം സങ്കൽപ്പിച്ച് ഒരു മന്ത്രിയെ നിയമിച്ചിട്ടുണ്ട്; എങ്ങോട്ടു തിരിഞ്ഞാലും ആ മന്ത്രി കാര്യവ്യഗ്രനായി ചലിക്കുന്നതുകാണാം.

134. അഘടംഘടയത്യാശുഘടം വിഘടയത്യലം
ഭോക്തും നകിഞ്ചിച്ഛക്നോതി നചജാനാതികിംചന

ആ മന്ത്രി ഇല്ലാത്ത എന്തിനെയും ഉണ്ടാക്കിക്കാണിക്കുന്നു, ഉള്ള എന്തിനെയും ഇല്ലാതാക്കുന്നു. ഒന്നും അനുഭവിക്കാൻ ശക്തനല്ല; ഒന്നും അറിഞ്ഞുകൂട. രാജ്യം നിലനിറുത്താൻ വേണ്ടി ഒരു വിശ്രമവുമില്ലാതെ സദാ പ്രവർത്തി

digitized by www.sreyas.in

ച്ചുകൊണ്ടേയിരിക്കുന്നു. ആ രാജാവിന് എല്ലാ കാര്യങ്ങളും നിറവേറ്റിക്കൊടുക്കുന്നത് ഈ ഒരേ ഒരു മന്ത്രിയാണ്. രാജാവാകട്ടെ ഏകാന്തത്തിൽ തനിയേ സ്വസ്ഥനായി വർത്തിക്കുന്നു.

ബലി ചോദിച്ചു: 'മഹാനായ പിതാവേ, ആധിവ്യാധികളെല്ലാം പൂർണമായും ഒഴിഞ്ഞുമാറിയ ആ ദേശം ഏതാണ്? എങ്ങനെയാണവിടെ എത്തിച്ചേരുക? ആർക്കാണവിടെ എത്തിച്ചേരാൻ കഴിയുക? അങ്ങു പറഞ്ഞതു പോലെ വിചിത്രസ്വഭാവമുള്ള ആ മന്ത്രി ആരാണ്? ആ രാജാവും മഹാബലവാനാണല്ലോ. നേരമ്പോക്കായി ഈ ജഗത്തിനെ കൈകാര്യം ചെയ്യുന്ന അദ്ദേഹത്തെ നമുക്കുപോലും ജയിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ!

വിരോചനൻ മറുപടി നൽകി: 'മകനേ, ആ മന്ത്രിയുടെ ബലവീര്യങ്ങളെക്കുറിച്ചെന്തു പറയാൻ? ദേവാസുരന്മാർ ഒത്തുചേർന്നു ലക്ഷമിരട്ടി പെരുകിയാലും ആ മന്ത്രിയെ ലേശം പോലും പരാജയപ്പെടുത്താൻ കഴിയുകയില്ല. പാറക്കല്ലിൽ കരിങ്കൂവളദളം എന്നപോലെ ആയുധങ്ങളൊന്നും അവിടെ ഏൽക്കുകയില്ല. വാള്, ഇരുമ്പുലക്ക, കുന്തം, വജ്രം, ചക്രം, ഗദ എന്നീ ആയുധങ്ങളൊന്നും അവിടെ ഫലിക്കുകയേയില്ല. ആ മന്ത്രിയെ അവിടെ ആ പ്രഭുവിനു മാത്രമേ നിയന്ത്രിക്കാൻ കഴിയൂ; അദ്ദേഹത്തിനയാളെ ചൊൽപ്പടിക്കു നിറുത്തുവാൻ കഴിയും. മറ്റെവിടെയും അയാൾ പർവതം പോലെ ശക്തിമാനാണ്. മകനേ, യുക്തിപൂർവം അയാളെ സമീപിക്കാമെങ്കിൽ ക്ഷണം കൊണ്ടു വശത്താകും. അല്ലെങ്കിലോ, അടുക്കുന്ന ആരെയും പത്തി ഉയർത്തിയ ഒരു വിഷപ്പാമ്പെന്നപോലെ ദഹിപ്പിച്ചുകളയും. ഇനിയും മകനേ, ഞാൻ പറഞ്ഞ ദേശം ഏതാണെന്നു കേട്ടോളൂ. ആദ്യമായി ഞാൻ അതു വിവരിക്കാം. ഞാൻ പറഞ്ഞ ദേശമാണ് 'മോക്ഷം'; എല്ലാ ദുഃഖങ്ങളിൽ നിന്നുമുള്ള പൂർണമായ മോചനം. മോക്ഷദേശത്തിലെ രാജാവാണു ബോധരൂപനായ ആത്മാവ്, എല്ലാ പ്രപഞ്ചദൃശ്യങ്ങൾക്കും അപ്പുറം സ്ഥിതിചെയ്യുന്ന സത്യം. ബുദ്ധിമാനായ പുത്രാ, അദ്ദേഹം നിയമിച്ച സമർത്ഥനായ മന്ത്രിയാണു 'മനസ്സ്'. യുക്തികൊണ്ട് ഈ മന്ത്രി ക്ഷണത്തിൽ വശത്താകുമെന്നു പറഞ്ഞല്ലോ; എന്താണുയുക്തിയെന്നു പറയാം, കേട്ടോളൂ.

135. വിഷയാൻപ്രതിഭോപുത്ര സർവാനേവഹിസർവഥാ.
അനാസ്ഥാപരമാഹ്യേഷാ സാ യുക്തിർമനസോജയേ.

ഭോപുത്ര-അല്ലയോ മകനേ, സർവാൻ വിഷയാൻപ്രതി-എല്ലാവിഷയങ്ങളിലും; സർവഥാഹി-എല്ലാപ്രകാരത്തിലുമുള്ള; പരമാ അനാസ്ഥാ ഏവഹി -അങ്ങേയറ്റത്തെ താത്പര്യമില്ലായ്മ തന്നെയാണ്; മനസഃജയേ-മനസ്സിനെ ജയിക്കാനുള്ള; ഏഷായുക്തിഃ-ഞാൻ പറഞ്ഞയുക്തി.

അല്ലയോ മകനേ, എല്ലാ വിഷയങ്ങളിലും എല്ലാ പ്രകാരത്തിലുമുള്ള അങ്ങേയറ്റത്തെ താൽപര്യമില്ലായ്മതന്നെയാണ് മനസ്സിനെ ജയിക്കാനുള്ള ഞാൻ പറഞ്ഞ യുക്തി.

**സായുക്തിർ മനസോജയേ**

അതാണു മനസ്സിനെ ജയിക്കാനുള്ള യുക്തി. ഏത്? വിഷയങ്ങളിൽ എല്ലാ വിധത്തിലും താൽപ്പര്യമില്ലായ്മ വന്നുചേരുക. ഇതെങ്ങനെ സാധിക്കും? ജഡവിഷയങ്ങളുടെ അത്യന്തനശ്വരതയും ദുഃഖപ്രദത്വവും ബലിയെപ്പോലെ കുറച്ചൊന്നു വിചാരം ചെയ്തറിയണം. വിഷയങ്ങൾക്കപ്പുറം നിത്യസത്യമായി

digitized by www.sreyas.in

വിലസുന്ന ആനന്ദസ്വരൂപമായ ആത്മാവിനെ ബുദ്ധിക്കു പരിചയപ്പെടുത്തണം. ഇതാണു തത്ത്വബോധം. വിഷയഭോഗത്തിനു വെമ്പുന്ന വ്യക്തിയും നേടാൻ കൊതിക്കുന്നതാനന്ദമാണല്ലോ. തത്ത്വബോധം ഉള്ളിൽ നിരപേക്ഷമായ ഒരാനന്ദാനുഭവത്തിനു വഴിതുറക്കും. അതോടെ ആനന്ദാനുഭവത്തിനായി വിഷയങ്ങളുടെ പിന്നാലെ ഓടാൻ തിടുക്കം കൂട്ടുന്ന മനസ്സ് അന്തർമുഖമായി ഉള്ളിലുള്ള ആത്മാനന്ദത്തിനു നേരേ തിരിയും. അതുതന്നെയാണു മനോജയം. വിഷയങ്ങളിലുള്ള രാഗദ്വേഷങ്ങളിലുഴലാതെ അന്തർമുഖമായി ആത്മാനന്ദമനുഭവിക്കുന്ന മനസ്സാണു ജയിക്കപ്പെട്ട മനസ്സ്. തത്ത്വബോധം കൊണ്ടു വന്നുചേരുന്ന വിഷയാനാസ്ഥ; മനസ്സിന്റെ കീഴടങ്ങൽ; ഇതാണു ക്രമം. അനാസ്ഥ കൂടുംതോറും ആത്മാനന്ദം പെരുകും; മനസ്സു കൂടുതൽ കൂടുതൽ അന്തർമുഖമായി വശത്തായിത്തീരും. ഇതുതന്നെയാണു സർവദുഃഖമോചനരൂപമായ മോക്ഷം.

വിരോചനൻ തുടർന്നു: 'മകനേ, വിഷയാനാസ്ഥ തന്നെയാണു മനസ്സിനെ ജയിക്കാനുള്ള അങ്ങേയറ്റത്തെ യുക്തി. മദയാനയെപ്പോലെ ഇളകിമറിഞ്ഞു നിൽക്കുന്ന മനസ്സ് ഈ യുക്തി കൊണ്ടു പെട്ടെന്നുതന്നെ വശത്തായിത്തീരുന്നു. കർമരംഗത്ത് വിട്ടുവീഴ്ചയില്ലാതെ സ്വധർമമനുഷ്ഠിക്കവേ തന്നെ ഒരാൾക്കീ മനോജയം തത്ത്വചിന്തകൊണ്ടു നേടാവുന്നതേയുള്ളൂ. ഇതിനായി തത്ത്വബോധംകൊണ്ടു പാകപ്പെടാത്ത വ്യക്തി ആദ്യം മനസ്സിനെ നാലായി പകുക്കണം. രണ്ടുഭാഗം ലോകഭോഗങ്ങൾക്കു വിട്ടുകൊടുക്കണം; ഒരു ഭാഗം ശാസ്ത്രപഠനംകൊണ്ടു നിറയ്ക്കണം. നാലാമത്തെ ഭാഗം ഗുരു ശുശ്രൂഷയ്ക്കായും മാറ്റി വയ്ക്കണം. ഇതാണു സത്യത്തോടടുക്കാനുള്ള ക്രമം. ഇനിയും തത്ത്വബോധം കുറെയൊക്കെ ഉറപ്പുവന്നു; ആത്മാനന്ദവും അൽപ്പമൊക്കെ തെളിഞ്ഞു തുടങ്ങി എന്നിരിക്കട്ടെ. അപ്പോൾ ലൗകികസുഖാനുഭവങ്ങൾക്കായി മനസ്സിന്റെ ഒരു ഭാഗം മാറ്റിവയ്ക്കാം; രണ്ടുഭാഗം ഗുരുശുശ്രൂഷയ്ക്കു വിട്ടുകൊടുക്കാം; നാലാമത്തെ ഭാഗം ശാസ്ത്രപഠനംകൊണ്ടും നിറയ്ക്കാം. തത്ത്വബോധം സാമാന്യം നല്ലപോലെ ഉറച്ചു എന്നിരിക്കട്ടെ; അപ്പോഴോ ചിത്തത്തിന്റ രണ്ടുഭാഗം ശാസ്ത്ര ചർച്ചയ്ക്കും വൈരാഗ്യത്തിനുമായി വിട്ടുകൊടുക്കാം; മറ്റേ രണ്ടുഭാഗം ധ്യാനത്തിനും ഗുരുപൂജയ്ക്കുമായി മാറ്റിവയ്ക്കാം. ഇവിടെ വിഷയാനാസ്ഥ പൂർണമായി. മനസ്സു കീഴടങ്ങുന്നു. ഇനി തുടർന്നു മനസ്സ് ആത്മാനന്ദാനുഭവത്തിനു പാകപ്പെടുകയും ചെയ്യും. തത്ത്വചിന്തകൊണ്ടു ആത്മാവു തെളിയും; മനസ്സുപശമിക്കും; മകനേ, അങ്ങനെ ബോധരൂപനായ ആത്മാവിനെ കൂടുതൽകൂടുതൽ തെളിച്ചറിയൂ; വിഷയതൃഷ്ണ ഉപേക്ഷിക്കൂ. മനസ്സിനു സ്ഥിരവിശ്രമം നേടാൻ ഇതേ മാർഗമുള്ളൂ.

136. വിചാരോഭോഗഗർഹാതോ വിചാരദ്ഭോഗഗർഹണം
അന്യോന്യമേതേ പുര്യേതേസമുദ്രജലദാവിവ.

ഭോഗഗർഹാതഃ വിചാരഃ-വിഷയഭോഗങ്ങളിലുള്ള അനാസ്ഥ വിചാരത്തിനു ശക്തികൂട്ടും; വിചാരാത് ഭോഗഗർഹണം-വിചാരംകൊണ്ടു വിഷയഭോഗങ്ങളിലുള്ള അനാസ്ഥയ്ക്കു ശക്തികൂടും; സമുദ്രജലദ ഇവ- സമുദ്രവും മേഘവുമെന്ന പോലെ; ഏതേ അന്യോന്യം പൂര്യേതേ- വിചാരവും വിഷയാനാസ്ഥയും രണ്ടും പരസ്പരം സദാ പൂരകങ്ങളായി വർത്തിക്കുന്നു.

വിഷയഭോഗങ്ങളിലുള്ള അനാസ്ഥ വിചാരത്തിനു ശക്തികൂട്ടും; വിചാരം

digitized by www.sreyas.in

കൊണ്ടു വിഷയഭോഗങ്ങളിലുള്ള അനാസ്ഥയ്ക്കു ശക്തികൂടും. സമുദ്രവും മേഘവുമെന്നപോലെ വിചാരവും വിഷയാനാസ്ഥയും രണ്ടും പരസ്പരം സദാ പൂരകങ്ങളായി വർത്തിക്കുന്നു.

**അന്യോന്യമേതേപൂര്യേതേ**

സമുദ്രവും മേഘവുമെന്നപോല വിചാരവും വിഷയാനാസ്ഥയും രണ്ടും പരസ്പരം സദാ പൂരകങ്ങളായി വർത്തിക്കുന്നു. സമുദ്രം മേഘത്തെ നീരാവികൊണ്ടു ശക്തിപ്പെടുത്തുന്നു. മേഘം സമുദ്രത്തെ ജലം കൊണ്ടു നിറയ്ക്കുന്നു. ഇതുപോലെ വിചാരവും ഭോഗാനാസ്ഥയും പരസ്പരം ശക്തിപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. ഇവിടെ വിചാരം രണ്ടുഭാഗത്തായിട്ടാണു വ്യാപിക്കുന്നത്. ഒന്ന് ലോകഭോഗങ്ങളുടെ നശ്വരതയും ദുഃഖപ്രദത്വവും വിചാരം ചെയ്തുറപ്പിക്കുക. രണ്ട് നിത്യമുക്തവും ആനന്ദരൂപവുമായ ആത്മസ്ഥിതി വിചാരം ചെയ്തുറപ്പിക്കുക. ഇക്കാര്യത്തിൽ മുപ്പത്തൊന്നും തൊണ്ണൂറ്റിനാലും പദ്യങ്ങളുടെ വ്യാഖ്യാനം ആവർത്തിച്ചുപഠിക്കുക. മനസ്സിനു ധ്യാനിക്കാൻ ഈ ലോകത്ത് രണ്ടേരണ്ടു വസ്തുക്കളേയുള്ളു. ഒന്നു ലോകവിഷയങ്ങൾ; മറ്റേത് ആനന്ദസ്വരൂപമായ ആത്മാവ്. ഇവയിൽ രണ്ടിലുംകൂടി ഒരേസമയത്തു പറ്റി നിൽക്കാൻ മനസ്സിനു കഴിയില്ല. വിഷയധ്യാനത്തിൽ ഉറയ്ക്കുന്ന മനസ്സ് ആത്മാവിൽ നിന്നും അകന്നുപോകും, ആത്മാനുഭവത്തിലുറയ്ക്കുന്ന മനസ്സ് വിഷയങ്ങളിൽ നിന്നും അകന്നുപോകും. ആ മനസ്സ് ആനന്ദത്തിനുവേണ്ടി വിഷയങ്ങളുടെ പിന്നാലെ പോവുകയില്ലെന്നു താത്പര്യം. ആ മനസ്സ് വിഷയങ്ങളെപ്പോലും ആത്മരൂപമായിക്കണ്ട് ആത്മാനന്ദത്തിൽ മുഴുകും. ഇതുതന്നെയാണ് ആത്മാവു രാജാവായി വിളങ്ങുന്ന മോക്ഷദേശം.'

വിരോചനൻ തുടർന്നു: 'കുഞ്ഞേ, അധാർമികമല്ലാത്ത രീതിയിൽ ദേശാചാരങ്ങളെ മാനിച്ചുകൊണ്ട് സമ്പത്താർജിക്കൂ. ആ സമ്പത്തുകൊണ്ട് സത്യപുരുഷന്മാരുമായി സമാദരപൂർവം ബന്ധപ്പെടൂ. വിഷയത്തിന്റെ നശ്വരതയും ആത്മാവിന്റെ സത്യസ്ഥിതിയും വിചാരപൂർവം അവർ നിന്നെ ബോധ്യപ്പെടുത്തും. തുടർന്നു നീ സ്വയം വിചാരസമർഥനായിത്തീരുന്നതോടെ ആത്മലാഭവുമുണ്ടാകും.'

ബലി വിചാരം തുടർന്നു: 'വിചാരം ചെയ്തു സത്യാനുഭവം നേടിയിരുന്ന അച്ഛൻ ഇക്കാര്യം പണ്ടേ എന്നോടരുളിച്ചെയ്തിരുന്നതാണ്. ഭാഗ്യവശാൽ എനിക്കിപ്പോഴതോർമവന്നു. ഞാനിതാ ഉണർന്നുകഴിഞ്ഞു. എനിക്കീ ലോകഭോഗങ്ങളോടു വ്യക്തമായും വിരക്തി സംഭവിച്ചിരിക്കുന്നു. ഭാഗ്യമെന്നുപറയട്ടെ, ഞാൻ എന്നിൽതന്നെ അനുഭവപ്പെടുന്ന അമൃതശീതളമായ ശമസുഖത്തെ ഇപ്പോൾ നന്നായനുഭവിക്കുന്നു. ആശ്ചര്യമാശ്ചര്യം, ഉള്ളുമുഴുവൻ കുളിർപ്പിക്കുന്ന ഈ ശമഭൂമി എത്ര രമ്യമായിരിക്കുന്നു! ശമാനുഭവത്തിൽ ലൗകികങ്ങളായ സുഖദുഃഖദൃഷ്ടികളെല്ലാം തുല്യമായി അനുഭവപ്പെടുന്നു. എന്തായാലും പൂർണബ്രഹ്മജ്ഞനായ ഗുരു ശുക്രനെ സമീപിക്കുക തന്നെ. ഞാനാര്, ഈ ആത്മാവെന്ത് എന്നും മറ്റുമുള്ള ചോദ്യങ്ങൾക്ക് ആ ഗുരുനാഥനിൽ നിന്നും ഒന്നുകൂടി വ്യക്തമായ ഉത്തരം ആരായുകതന്നെ!

വസിഷ്ഠൻ തുടർന്നു: 'രാമാ, ബലവാനായ ബലിചക്രവർത്തി ഇങ്ങനെ ചിന്തിച്ച് കണ്ണടച്ച് ആകാശവാസിയായ ശുക്രമഹർഷിയെ ധ്യാനിച്ചു.

digitized by www.sreyas.in

ഉടൻതന്നെ സർവത്ര നിറഞ്ഞുവിലസുന്ന അനന്തബോധസ്വരൂപനായ ഭാർഗ വമഹർഷി ദേഹം കൈക്കൊണ്ടു ബലിയുടെ കൊട്ടാരത്തിലെ രത്നം പതിച്ച ജനാലയ്ക്കരികിൽ വന്നുനിന്നു. ബലി രത്നപാത്രത്തിൽ പൂജാദ്രവ്യങ്ങളും കൽപ്പവൃക്ഷപ്പൂക്കളുമെടുത്തു ഗുരുവിനു കാഴ്ചവച്ചു കാലിൽ തൊട്ടു വണങ്ങി പൂജിച്ചു. ബലി ഗുരുവിനോടിങ്ങനെ ചോദിച്ചു: 'ഗുരോ, അങ്ങയുടെ അനുഗ്രഹം കൊണ്ടു തെളിഞ്ഞ ബുദ്ധിയോടുകൂടിയ ഞാൻ പകൽവെളിച്ച ത്തിൽ കർമനിരതനാകുന്ന ഒരുവനെപ്പോലെ അങ്ങയുടെ മുൻപിൽ ചില ചോദ്യങ്ങളവതരിപ്പിക്കാൻ ധൈര്യപ്പെടുന്നു. ഇവിടെ യഥാർഥത്തിൽ എന്തുണ്ട്, എന്തുമാത്രമുണ്ട്; ഇക്കാണുന്ന ജഗത്ത് അതുതന്നെയാണോ; ഞാനാര്, അങ്ങാര്, ഈ ലോകങ്ങളൊക്കെ എന്ത്? ദയവായി അരുളിച്ചെ യ്താലും.'

ബലിയുടെ ചോദ്യപരമ്പരകേട്ട് ശുക്രൻ പറഞ്ഞു: 'ബലേ, വളരെ വിസ്ത രിച്ചിട്ടു കാര്യമില്ല. എനിക്ക് സ്വർഗത്തെത്തിച്ചേരാൻ അൽപ്പം തിടുക്കമുണ്ട്. അസുരമഹാരാജാവേ, ഞാൻ കാര്യം ചുരുക്കിപ്പറയാം; കേട്ടോളൂ.'

137. ചിദിഹാസ്തിഹി ചിന്മാത്രമിദംചിന്മയമേവച
ചിത്ത്വം ചിദഹമേതേചലോകാശ്ചിദിതിസംഗ്രഹഃ

ബോധം തന്നെയാണിവിടെയുള്ളത്; ബോധം മാത്രം; ഈ കാണുന്ന ജഗത്തു മുഴുവൻ നിറഞ്ഞിരിക്കുന്നതു ബോധം തന്നെയാണ്; നീ ബോധ മാണ്; ഞാൻ ബോധമാണ്; ഈ കാണുന്ന ലോകങ്ങളെല്ലാം ബോധമാണ്; ഇതാണു ചുരുക്കം. ചിത്തശുദ്ധിയുള്ളവനാണെങ്കിൽ സത്യനിശ്ചയത്തിലെ ത്താൻ ഇത്രയും ധാരാളം മതിയാകും. അതല്ലെങ്കിൽ കൂടുതൽ വിവരിച്ചാലും ചാമ്പലിൽ ഹോമദ്രവ്യങ്ങളിടുന്നതുപോലെ നിഷ്പ്രയോജനമായിരിക്കും.

138. ചിച്ചേത്യകലിതാബന്ധസ്തന്മുക്താമുക്തിരുച്യതേ
ചിദചേത്യാകിലാത്മേതി സർവസിദ്ധാന്ത സംഗ്രഹഃ

സങ്കൽപ്പം കൂടിക്കലർന്ന ബോധമാണു ബന്ധം; സങ്കൽപ്പം വിട്ടുപോയ ബോധം മോക്ഷാനുഭവത്തിനുപാത്രമായിത്തീരുന്നു എന്നു പ്രസിദ്ധം. സങ്ക ൽപ്പമില്ലാത്ത ബോധമാണ് ആത്മാവ്. വേദാന്തസിദ്ധാന്തങ്ങളുടെ മുഴുവൻ ചുരു ക്കമിതാണ്. ഞാനീപറഞ്ഞതു ബുദ്ധിപൂർവം വിചാരം ചെയ്തുനോക്കൂ. ഇതു വിചാരം ചെയ്തുറപ്പിക്കുന്നയാൾ സ്വയം ബോധരൂപമായ ആത്മാവിനെ കണ്ടെത്തി അനന്തമായ ബ്രഹ്മാനന്ദമനുഭവിക്കാൻ കരുത്തനാകും. എനിക്കു സ്വർഗത്തെത്താൻ തിടുക്കമുണ്ട്. ഏതോ ദേവകാര്യം പ്രമാണിച്ചു സപ്തർഷി മാർ അവിടെ സമ്മേളിക്കുകയാണ്. ഞാനുമതിൽ പങ്കുകൊള്ളാമെന്നേറ്റിട്ടുണ്ട്.

വസിഷ്ഠൻ തുടർന്നു: 'ഇത്രയും പറഞ്ഞു ശുക്രമുനി ആകാശത്തേക്കു യർന്നുമറഞ്ഞു. ബലി ചിന്തിച്ചു. ഈ ജഗത്തുചിന്മയമാണെന്നോ?'

ബലി ചിന്ത തുടർന്നു: 'ഗുരുനാഥൻ പറഞ്ഞതു യുക്തിയുക്തമാണ്; എല്ലാ ലോകങ്ങളും ബോധമയം തന്നെ; ഞാനും ബോധം, ലോകങ്ങളെല്ലാം ബോധം, ക്രിയകളെല്ലാം ബോധം, എന്തുകൊണ്ട്? ബോധമില്ലെങ്കിൽ ലോക ങ്ങളില്ല, ഞാനില്ല, ആശകളില്ല, ക്രിയകളില്ല.

139. ദൃശ്യദർശനനിർമുക്തഃ കേവലാമലരൂപവാൻ
നിത്യോദിതോനിരാഭാസോ ദ്രഷ്ടാസ്മിപരമേശ്വരഃ

digitized by www.sreyas.in

ദൃശ്യദർശനനിർമുക്തഃ-ദൃശ്യം ദർശനം എന്ന ഭേദങ്ങളൊക്കെ ഒഴിഞ്ഞുമാറിയതും; കേവലാമലരൂപവാൻ-തികച്ചും കളങ്കമൊന്നുമില്ലാത്ത പരിശുദ്ധ രൂപത്തോടു കൂടിയവനും; നിത്യോദിതഃ-സദാ ഒരു തടസ്സവും കൂടാതെ തെളിഞ്ഞു പ്രകാശിച്ചു കൊണ്ടിരിക്കുന്നവനും; നിരാഭാസഃ- മറ്റൊന്നിന്റെയും സഹായംകൂടാതെ ഉണ്മ അനുഭവിക്കുന്നവനുമായ; ദ്രഷ്ടാ പരമേശ്വരഃ അസ്മി-ദ്രഷ്ടാവായിനിന്നു ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന പരമേശ്വരനാണു ഞാൻ.

ദൃശ്യം, ദർശനം എന്ന ഭേദങ്ങളൊക്കെ ഒഴിഞ്ഞുമാറിയവനും തികച്ചും കളങ്കങ്ങളൊന്നുമില്ലാത്ത പരിശുദ്ധരൂപത്തോടുകൂടിയവനും സദാ ഒരു തടസ്സവും കൂടാതെ തെളിഞ്ഞു പ്രകാശിച്ചു കൊണ്ടിരിക്കുന്നവനും മറ്റൊന്നിന്റെ സഹായം കൂടാതെ ഉണ്മ അനുഭവിക്കുന്നവനുമായ ദ്രഷ്ടാവായിനിന്നു ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന പരമേശ്വരനാണു ഞാൻ.

**ദ്രഷ്ടാസ്മി പരമേശ്വരഃ**

'ഞാൻ, ഞാൻ' എന്നിങ്ങനെ സകലരിലും സ്പഷ്ടമായി അനുഭവപ്പെടുന്ന ബോധം തന്നെയാണ് വെളിച്ചങ്ങളുടെയൊക്കെ വെളിച്ചമായി ലോകത്തെ മുഴുവൻ ഉള്ളതാക്കിത്തീർക്കുന്ന ദ്രഷ്ടാവ്. എങ്ങനെയറിയാം? നമുക്കൊന്നു പരിശോധിക്കാം. പുറമേ പ്രപഞ്ചാനുഭവത്തിനുതകുന്ന വെളിച്ചമെന്താണ്? സൂര്യൻ, അഗ്നി, ചന്ദ്രൻ മുതലായവ. സൂര്യൻ മുതലായവയെ പ്രകാശിപ്പിക്കുന്ന വെളിച്ചമോ; കണ്ണ്. കണ്ണിനെ പ്രകാശിപ്പിക്കുന്ന വെളിച്ചം; മനസ്സ്. മനസ്സിനെ പ്രകാശിപ്പിക്കുന്ന വെളിച്ചം; ബുദ്ധി. ബുദ്ധിയെ പ്രകാശിപ്പിക്കുന്ന വെളിച്ചം; ഞാൻ. ഞാനിനെ പ്രകാശിപ്പിക്കുന്നതോ; ഞാൻ തന്നെ. ഞാൻ ഉണ്ട് എന്നു ഞാൻ സ്വയം ഉണ്മ അനുഭവിക്കുന്നു. എന്നെ പ്രകാശിപ്പിക്കാൻ മറ്റൊരു വെളിച്ചത്തിന്റെ ആവശ്യമേ ഇല്ല. അതുകൊണ്ടു ഞാൻ നിരാഭാസനാണ്. അപ്പോൾ എന്നിൽ വാസ്തവത്തിൽ ദൃശ്യം ദർശനം എന്ന ഭേദങ്ങളൊന്നുമില്ല. അതുകൊണ്ടു തന്നെ ഞാൻ തികച്ചും കളങ്കമൊന്നും പുരളാത്ത ശുദ്ധബോധസ്വരൂപനാണ്. എന്റെ ഉണ്മ ഒരിക്കലും നഷ്ടപ്പെടുന്നില്ല; എങ്ങനെയറിയാം? എനിക്കുണ്മയില്ലെന്നുവന്നാൽ പിന്നെ മറ്റൊന്നിന്റെ ഉണ്മയും അവശേഷിക്കയില്ല. ഞാനില്ലെങ്കിൽ ബുദ്ധിയില്ല, മനസ്സില്ല, ഇന്ദ്രിയങ്ങളില്ല, സൂര്യാദിയില്ല, പ്രപഞ്ചമില്ല. അതുകൊണ്ട് മറ്റെല്ലാം എന്റെ തന്നെ. കാഴ്ചക്കാരനായി നിന്നുകൊണ്ട് ജഗത്തിനെ മുഴുവൻ ഉള്ളതാക്കിത്തീർക്കുന്ന പരമേശ്വരൻ ഞാൻ തന്നെ.

ബലി തുടർന്നു: 'സങ്കൽപ്പങ്ങളെല്ലാം ഒന്നൊഴിഞ്ഞുകിട്ടിയാൽ ഞാൻ ജഗത്തിനെ മുഴുവൻ അകവും പുറവും നിറഞ്ഞുനിൽക്കുന്ന ശുദ്ധബോധസ്വരൂപനാണ്; നിത്യനിർമുക്തനാണ്. ആ നിലയിൽ അറിയപ്പെടേണ്ടതായി എനിക്കു യാതൊന്നും അവശേഷിക്കുന്നില്ല; ഞാൻ മഹത്തായ അറിവു മാത്രം.'

വസിഷ്ഠൻ തുടർന്നു: 'ഇങ്ങനെ ചിന്തിച്ച് സത്യബുദ്ധി ഉറപ്പുവന്ന ബലി 'ഓം' കാരത്തിന്റെ അന്ത്യഭാഗം ഭാവന ചെയ്തുകൊണ്ട് ധ്യാനനിമഗ്നനായി. സകല സങ്കൽപ്പങ്ങളും ഒഴിഞ്ഞുമാറി; സൃഷ്ടിചലനങ്ങളൊന്നുമില്ല. സംശയം ഒന്നും അവശേഷിച്ചില്ല. ദൃശ്യം, ദ്രഷ്ടാവ്, ദർശനം എന്ന ഭേദങ്ങളൊന്നുമില്ല. ധ്യാനിക്കുന്നവൻ, ധ്യാനം, ധ്യാനിക്കപ്പെടുന്ന വസ്തു എന്ന ഭാവനകളൊക്കെ വിട്ടുമാറി. ചിത്തം കാറ്റില്ലാത്തിടത്തു കത്തിനിൽക്കുന്ന ദീപം

digitized by www.sreyas.in

പോലെ നിശ്ചലമായി. അങ്ങനെ ബലി അഖണ്ഡനിശ്ചലബോധാനുഭവതലത്തിലെത്തി നിന്നു. വിത്തേഷണ, ദാരേഷണം, പുത്രേഷണം എന്നീ ഏഷണാത്രയം പാടെ വിട്ടകന്നു. മനനദോഷമൊന്നുമില്ലാത്ത പരിപൂർണാനന്ദാനുഭവസ്ഥിതി. അങ്ങനെ മേഘശകലങ്ങളെല്ലാം ഒഴിഞ്ഞുമാറിയ നിർമലാകാശം പോലെ ബലി ബോധസ്വരൂപം കൈക്കൊണ്ടു വിളങ്ങി.

ചക്രവർത്തിയെ കാണാത്തതുകൊണ്ട് അനുചരന്മാർ തിരക്കി. അവർ സ്ഫടികസൗധത്തിന്റെ മുകൾ തട്ടിൽ കയറിച്ചെന്നു. ദീർഘസമയം നിർവികൽപ്പ സമാധിയിൽ ആണ്ടിരുന്ന ശേഷം അനുചരന്മാർ നോക്കിനിൽക്കവേ തന്നെ ബലി കണ്ണു തുറന്നു. ബലിധ്യേയത്യാഗം ഉറപ്പുവന്ന മനസ്സോടുകൂടി എല്ലാവിധ രാജ്യകാര്യങ്ങളും സമർഥമായി നിർവഹിച്ചു.

140. ആപദംസംപദംദൃഷ്ട്യാസമയൈവരസപശ്യതി
നാസ്തമേതിനവോദേതി തത്പ്രജ്ഞാസുഖദുഃഖയോഃ

ആപത്തും സമ്പത്തും അദ്ദേഹം തുല്യ ദൃഷ്ടിയോടെ നോക്കിക്കണ്ടു. അദ്ദേഹത്തിന്റെ ബുദ്ധി ആപത്തിൽ വിശേഷിച്ചു കുണ്ഠിതപ്പെടുകയോ സമ്പത്തിൽ വിശേഷിച്ചാഹ്ലാദിക്കുകയോ ചെയ്തില്ല. വസ്തു ഒന്നേയുള്ളുവെന്നും നാനാത്വം ഭ്രമമാണെന്നും ഉറപ്പായി അനുഭവിച്ചു എന്ന് താത്പര്യം. രാജാവായ ബലിക്ക് അനേകതരത്തിൽ ആയിരക്കണക്കിനുള്ള ഊഹാപോഹങ്ങളെയും ഇല്ലായ്മ, ഉണ്മ ഇവയുടെ പരിദേവനങ്ങളെയും നേരിടേണ്ടി വന്നു. പക്ഷേ ഉറപ്പുവന്ന വസ്തുബുദ്ധിയിൽ അവയെല്ലാം സ്വപ്നങ്ങൾപോലെ കടന്നുപോയി. അവയിലൊന്നുമദ്ദേഹം മനസ്സുകൊണ്ട് പറ്റിപ്പിടിച്ചതേ ഇല്ല.

രാമാ, ഒരു കുരങ്ങിനെപ്പോലെ അങ്ങിങ്ങ് ഓടിനടക്കുന്നതും, അവിടവിടെ ലോകകാര്യങ്ങളിൽ ചെന്ന് പറ്റിപ്പിടിക്കുന്നതുമായ മനസ്സിനെ ഹൃദയഗുഹയിൽ സത്യബുദ്ധികൊണ്ട് കെട്ടി തടഞ്ഞു നിറുത്തണം. ഒരു കൊച്ചുകുട്ടിയെ പോലെ മനസ്സ് ഏതേതെല്ലാം വിഷയങ്ങളിൽ ചെന്നുപറ്റാൻ ശ്രമിക്കുന്നുവോ അതിലെല്ലാം ബ്രഹ്മത്തെ കാട്ടിക്കൊടുത്ത് അതിനെ സമുദ്ധരിക്കണം. ഇതാവർത്തിച്ചഭ്യസിച്ചാൽ മനസ്സാകുന്ന മദയാന വശത്താകും. പരമമായ ശ്രേയസ്സിന്റെ കവാടം തുറന്നുകിട്ടുകയും ചെയ്യും.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപശമപ്രകരണേ*
*ബല്യുപാഖ്യാനം നാമ*
*തൃതീയഃസർഗഃ*

സർഗം. 4

# പ്രഹ്ലാദോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, പരമമായ സത്യാനുഭവം നേടാനുള്ള ക്രമം ഇനിയും വിവരിക്കാം. അസുരചക്രവർത്തിയും മഹാസിദ്ധനുമായിരുന്ന പ്രഹ്ലാദൻ അനുവർത്തിച്ച ക്രമം; സ്വയം അംഗീകരിച്ച ക്രമം. ദേവന്മാരുടെ പരമശത്രുവും പ്രഹ്ലാദന്റെ അച്ഛനുമായിരുന്ന ഹിരണ്യകശിപു, നരസിംഹ

digitized by www.sreyas.in

മൂർത്തിയാൽ വധിക്കപ്പെട്ടു. അച്ഛന്റെ മരണത്തിൽ ശോകപരവശനായ പ്രഹ്ലാദൻ ഇങ്ങനെ ചിന്തിച്ചു: 'അസുരചക്രവർത്തിമാരായ എന്റെ അച്ഛനെപ്പോലുള്ളവരെല്ലാം കൽപ്പകാലത്തെ കൊടുംകാറ്റിനാൽ കുലപർവതങ്ങളെന്നപോലെ വിഷ്ണുവിനാൽ ഉന്മൂലനം ചെയ്യപ്പെട്ടു. എന്റെ പിതാമഹന്മാരുമായി അദ്ദേഹം അതിഭയങ്കരങ്ങളായ രണാങ്കണങ്ങളിൽ ഏറ്റുമുട്ടിയിട്ടുണ്ട്. പർവതങ്ങളെപ്പോലും പിഴുതെടുത്തെറിഞ്ഞു പരസ്പരം യുദ്ധം ചെയ്തിട്ടുണ്ട്. വലിയ വലിയ അസുരസൈന്യങ്ങൾ അണിനിരന്ന് എതിർത്തിട്ടും ഒരു ഭയവും കൂടാതെ എതിർത്തുതോൽപ്പിച്ച വിഷ്ണു ഇനി എപ്പോഴെങ്കിലും അസുരന്മാരെ ഭയപ്പെടുമെന്നു കരുതാൻ വയ്യ. അതുകൊണ്ടു വിഷ്ണുവിനെ കീഴടക്കാൻ അദ്ദേഹത്തെത്തന്നെ ശരണം പ്രാപിക്കുകയേ നിർവാഹമുള്ളൂ. വേറെ മാർഗമൊന്നുമില്ല.

141. സർവാത്മനാസർവധിയാസർവസംരംഭരംഹസാ
സ ഏവശരണം ദേവോഗതിരസ്തീഹനാന്യഥാ

സർവാത്മനാ-ഇക്കാണുന്നതൊക്കെ ആ ജഗദീശ്വരൻ തന്നെയാണെന്നുറപ്പിച്ചും; സർവധിയാ-ജീവിതത്തിന്റെ പരമലക്ഷ്യം ഭഗവത് പ്രാപ്തിയാണെന്നു നിശ്ചയിച്ചുറപ്പിച്ചും; സർവസംരംഭരംഹസാ-കാമക്രോധാദി വികാരങ്ങൾപോലും ഭഗവദർപണമാക്കിത്തീർത്തും; സഃഏവദേവഃ-ആ ദേവൻമാത്രമാണു; ശരണം-ആശ്രയിക്കപ്പെടാനുള്ളത്; അന്യഥാ ഗതിഃ ഇഹന അസ്തി - മറ്റൊരുഗതിയും ഈ ലോകത്തില്ല തന്നെ.

ഇക്കാണുന്നതൊക്കെ ആ ജഗദീശ്വരൻ തന്നെയാണെന്നുറപ്പിച്ചും, ജീവിതത്തിന്റെ പരമലക്ഷ്യം ഭഗവത് പ്രാപ്തിയാണെന്നു നിശ്ചയിച്ചുറപ്പിച്ചും, കാമക്രോധാദി വികാരങ്ങൾപോലും ഭഗവദർപണമാക്കിത്തീർത്തും ആ ദേവൻ മാത്രമാണ് ആശ്രയിക്കപ്പെടാനുള്ളത്. മറ്റൊരുഗതിയും ഈ ലോകത്തില്ല തന്നെ.

### ഗതിരസ്തീഹനാന്യഥാ

സത്യം വിജയിക്കുന്ന ഇടമാണു പ്രപഞ്ചം. സത്യമേവജയതേ-സത്യം തന്നെ ജയിക്കുന്നു എന്നാണല്ലോ ഉപനിഷത് പ്രഖ്യാപനം. ജഗദീശ്വരൻ മാത്രമേയുള്ളൂ എന്ന അദ്വൈതസത്യത്തിനു മാത്രമേ യുക്തിയുള്ളൂ. മറ്റൊന്നിനും യുക്തിയില്ല. ബോധമാണ് ഈശ്വരസ്വരൂപം; ബോധമുണ്ടോ ജഗത്തുണ്ട്, ബോധമില്ലേ ജഗത്തില്ല; അതുകൊണ്ടു ജഗത്തു ബോധം തന്നെയാണ്; ഇതത്രേ യുക്തി. മുപ്പത്തൊന്നാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കുക. വസ്തുത ഇതാണെങ്കിൽ ഈ സത്യം പൂർണമായി ഏതു വ്യക്തി അംഗീകരിക്കുമോ ആ വ്യക്തിയുടെ ജീവിതം വിജയിക്കും. പ്രഹ്ലാദന് ഇക്കാര്യം നല്ലവണ്ണം തെളിഞ്ഞു. സത്യമംഗീകരിക്കാത്ത ഹിരണ്യകശിപുവിനെപ്പോലുള്ളവർക്ക് ആദ്യമൊക്കെ വലിയ വിജയങ്ങൾ ഭൗതികമായി ഉണ്ടായതായിത്തോന്നിയെങ്കിലും അവസാനം പരാജയപ്പെടേണ്ടി വന്നു. അതുകൊണ്ടാണു പ്രഹ്ലാദൻ ഈശ്വരൻ മാത്രമേ ഗതിയുള്ളൂ എന്നു പ്രഖ്യാപിക്കുന്നത്. സത്യം പൂർണമായി ഉൾക്കൊണ്ടു ജീവിക്കുന്നിടത്താണു ഈശ്വരഭജനം പൂർണമാകുന്നത്. ഇക്കാണുന്നതൊക്കെ ആ ഈശ്വരൻ തന്നെയാണെന്നുറപ്പിക്കുക, ജീവിതത്തിന്റെ പരമലക്ഷ്യം ഭഗവത് പ്രാപ്തിയാണെന്നു നിശ്ചയിക്കുക, കാമക്രോധാദിവികാരങ്ങൾപോലും ഭഗവദർപണമാക്കി

digitized by www.sreyas.in

ത്തീർക്കുക. ഇങ്ങനെയുള്ള ഈശ്വരഭജനത്തിലേർപ്പെടാനാണ് പ്രഹ്ലാദൻ നിശ്ചയിച്ചത്.

പ്രഹ്ലാദൻ തുടർന്നു: 'ഈ നിമിഷം മുതൽ നിത്യം നാരായണനെ ഞാനിതാ സർവഥാ ശരണം പ്രാപിക്കുന്നു. സർവത്ര ഞാൻ നാരായണമയനായി ഭവിക്കുന്നുണ്ട്. 'നമോനാരായണായ' എന്ന മന്ത്രം എന്റെ ഹൃദയഗുഹയിൽ സദാ മുഴങ്ങുന്നുണ്ട്. ആകാശത്തിൽനിന്നു കാറ്റെന്നപോലെ എന്റെ ഉള്ളിൽ നിന്നും അതൊരിക്കലും വിട്ടുപോവുകയില്ല. വിഷ്ണുവാകാതെ വിഷ്ണുവിനെ പൂജിച്ചാൽ പൂർണഫലം ലഭിക്കയില്ല. അതുകൊണ്ടു ഞാൻ വിഷ്ണുവായിത്തീർന്നു വിഷ്ണുവിനെ യജിക്കും; ഞാനിതാ വിഷ്ണുവായിക്കഴിഞ്ഞിരിക്കുന്നു.

വസിഷ്ഠൻ തുടർന്നു: പ്രഹ്ലാദൻ ഇങ്ങനെ തീരുമാനിച്ചു സ്വയം നാരായണ സ്വരൂപം അംഗീകരിച്ചുകൊണ്ട് പൂജ ചെയ്യാനായി അസുരശത്രുവായ നാരായണനെ സ്മരിച്ചു. വിഷ്ണുരൂപിയായ പ്രഹ്ലാദശരീരത്തിൽ നിന്നും പുറത്തുവന്ന നിശ്വാസത്തിലൂടെ പ്രാണരൂപിയായ മറ്റൊരു വിഷ്ണുവിനെ പുറത്തും സങ്കൽപ്പിച്ചുറപ്പിച്ചു. എന്നിട്ടു പ്രഹ്ലാദൻ ഇങ്ങനെ തീരുമാനിച്ചു. 'ഈ വിഷ്ണുവിനെ ഞാൻ പരിവാരസമേതം പൂജിക്കുന്നുണ്ട്. സകല സംഭാരങ്ങളും മനസ്സിൽ സങ്കൽപ്പിച്ചു ഞാൻ വിഷ്ണുപൂജ നടത്തും'. പ്രഹ്ലാദൻ ഇങ്ങനെ നിശ്ചയിച്ചുറച്ച് സർവസംഭാരങ്ങളും കൽപ്പിച്ച് മനസ്സുകൊണ്ട് ലക്ഷ്മീവല്ലഭനായ വിഷ്ണുവിനെ പൂജിച്ചു. പൂജാദ്രവ്യങ്ങൾ നിറച്ച രത്നപാത്രങ്ങൾ നിരത്തി. ചന്ദനാദിവിലേപനങ്ങൾ, പവിത്രങ്ങളായ ധൂപദീപങ്ങൾ, വിചിത്രങ്ങളായ പലതരം അലങ്കാരങ്ങൾ, ആഭരണങ്ങൾ എന്നിവയെല്ലാം മനസാ സങ്കൽപ്പിച്ചു. പുറമേ അലങ്കരിച്ചു മോടിപിടിപ്പിച്ചിട്ടുള്ള പൂജാഗൃഹത്തിൽ സർവ വിഭവങ്ങളോടുകൂടി ആ ദാനവചക്രവർത്തി ജനാർദ്ദനനെ മനസാ പൂജിച്ചു. എല്ലാ ദിവസവും ഇങ്ങനെ പ്രഹ്ലാദൻ ജഗദീശ്വരനായ വിഷ്ണുവിനെ അതേ രീതിയിൽ പൂർണമായി മനസാ ഭക്തിപൂർവം പൂജിച്ചുകൊണ്ടിരുന്നു. അന്നുമുതൽ ആ അസുരപുരിയിൽ ദൈത്യന്മാരെല്ലാം വിഷ്ണുഭക്തന്മാരായി മാറി. 'യഥാരാജാ തഥാപ്രജാ' എന്നാണല്ലോ നിയമം. ക്രമേണ വാർത്ത ദേവലോകത്തിലെത്തി. അസുരന്മാർ വിഷ്ണുവിനോടു വൈരം വെടിഞ്ഞ് വിഷ്ണുഭക്തന്മാരായി മാറിയിരിക്കുന്നു. ഇന്ദ്രൻ മരുത്തുക്കളെന്ന ദേവന്മാരോടൊപ്പം വിസ്മയം പൂണ്ടു, മറ്റെല്ലാ ദേവന്മാരും ആശ്ചര്യഭരിതരായി. രാമാ, എങ്ങനെ ആശ്ചര്യപ്പെടാതിരിക്കും; ദൈത്യന്മാർ വൈഷ്ണവീഭക്തി അംഗീകരിച്ചുവെന്നോ! വിസ്മയാകുലരായ ദേവന്മാർ നേരെ പാലാഴിയിലെത്തി. അനന്തനിൽ പള്ളികൊള്ളുന്ന ആ യുദ്ധക്കൊതിതന്നെ അവർ നേരിട്ടുകണ്ടു. ദേവന്മാർ പറഞ്ഞു: ഭഗവൻ, ഇതെന്തൊരു വൈരുദ്ധ്യം! ഈ അസുരന്മാർ എന്നും അങ്ങയുടെ ശത്രുക്കളല്ലേ. അവരിന്ന് അങ്ങയെപ്പോലെ ആയിക്കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ വിസ്മയം നിറഞ്ഞുകവിയുന്നു. പർവതങ്ങളെപ്പോലും തച്ചുടയ്ക്കുന്ന ദുർവൃത്തന്മാരായ ഈ അസുരന്മാരെവിടെ; പൂർവജന്മസുകൃതം കൊണ്ടുമാത്രം ലഭിക്കാവുന്ന വിഷ്ണുഭക്തിയെവിടെ? വെറും പ്രാകൃതന്മാർ ഗുണവാന്മാരായി മാറിയിരിക്കുന്നു: ഭഗവൻ, ഇതെന്തുകഥ! അകാലത്തിൽ പൂക്കൾ വിടർന്നു ശോഭിക്കുക; ഇതു ഞങ്ങളിൽ അസ്വസ്ഥതയും ആകുലതയും ഉണ്ടാക്കുന്നു. സദാ അധമന്മാരും, പരുഷസ്വഭാവികളും, ഹീനകർമികളും,

digitized by www.sreyas.in

ഹീനബുദ്ധികളുമായ അസുരന്മാർ. ദീനനും തുച്ഛജാതിയുമായ ദാനവനെവിടെ; വൈഷ്ണവീഭക്തിയെവിടെ!

ശ്രീ ഭഗവാൻ മറുപടി നൽകി: 'ദേവന്മാരേ, പ്രഹ്ലാദൻ ഭക്തനായിത്തീർന്നു എന്നു കരുതി നിങ്ങൾ വിഷണ്ണരാകേണ്ട. ഇതയാളുടെ അവസാനജന്മമാണ്. അസുരശത്രുക്കളേ, അയാൾ തികച്ചും മോക്ഷാർഹനാണ്. ഇതിൽ വ്യാകുലതയ്ക്കെന്തു കാരണം. ഇതുത്തമമായ ജീവിതക്രമമല്ലേ.

142. ഗുണവാന്നിർഗുണോ ജാതഇത്യനർഥക്രമം വിദുഃ
നിർഗുണോഗുണവാഞ്ജാത ഇത്യാഹുഃ സിദ്ധിദംക്രമം.

ഗുണവാൻ ദുഷ്ടനായിത്തീരുന്നു എന്നുവന്നാൽ അതല്ലേ ലോകത്തിനനർഥമുണ്ടാക്കുന്ന കാര്യം. നേരെമറിച്ചു ദുഷ്ടൻ ഗുണവാനായിത്തീരുന്നതു ലോകത്തിനു നന്മയല്ലേ ചെയ്യൂ. ദേവന്മാരെ, ആത്മമായാരചിതങ്ങളായ ലോകകാര്യങ്ങൾ വിചിത്രങ്ങളാണ്. നിങ്ങൾ സ്വർഗത്തേക്കു മടങ്ങുവിൻ, ഇതൊരു ദോഷവും ഉണ്ടാക്കുകയില്ല. പ്രഹ്ലാദകർമങ്ങൾ ലോകത്തിനു ഗുണകരങ്ങളാണ്.' ഇത്രയും പറഞ്ഞു ഭഗവാൻ പാലാഴിക്കരയിലെ പച്ചില മരപ്പൂങ്കുലയെന്നോണം ക്ഷീരസാഗരത്തിരകളിൽ അന്തർധാനം ചെയ്തു. വിഷ്ണുവിനെ വണങ്ങി ആ ദേവസമൂഹം സ്വർഗത്തേക്കു മടങ്ങി. അന്നുമുതൽ ദേവന്മാർ പ്രഹ്ലാദനോടു സ്നേഹസമ്പന്നരായിത്തീർന്നു.

വസിഷ്ഠൻ തുടർന്നു: 'ദേവദേവനായ വിഷ്ണുഭഗവാനെ ഭക്തിമാനായ പ്രഹ്ലാദൻ ദിവസവും മനസാ കർമ്മണാ വാചാ, ശ്രദ്ധാപൂർവ്വം പൂജിച്ചു. ഇങ്ങനെ വിഷ്ണുപൂജാപരനായ പ്രഹ്ലാദന്റെ മനസ്സ് കരയിൽ താമരയെന്നപോലെ ഭോഗവിരക്തിമൂലം ദൃശ്യത്തിൽ രമിച്ചതേയില്ല. ലോകഭോഗങ്ങളുപേക്ഷിച്ചെങ്കിലും പ്രഹ്ലാദമനസ്സ് പൂർണവിശ്രമമനുഭവിക്കാതെ ഊഞ്ഞാലിലെന്നപോലെ അങ്ങുമിങ്ങും ആടിക്കൊണ്ടേയിരുന്നു. പ്രഹ്ലാദമനസ്സിന്റെ ഈ ചഞ്ചലസ്ഥിതി പാലാഴിയിൽ പള്ളികൊള്ളുന്ന ദേവൻ തന്റെ സർവവ്യാപിയായ സർവജ്ഞ ബുദ്ധികൊണ്ടു വ്യക്തമായി ധരിച്ചു. ഉടൻതന്നെ സന്തോഷം നിറഞ്ഞ പരിവാരങ്ങളോടൊപ്പം പരമകാരുണികനായ വിഷ്ണുഭഗവാൻ പാതാളമാർഗം വഴി പ്രഹ്ലാദന്റെ പൂജാമുറിയിൽ എത്തിച്ചേർന്നു. ഭഗവാനെത്തിയതറിഞ്ഞു പ്രഹ്ലാദൻ സന്തോഷം കൊണ്ടു മതിമറന്നു. വർധിച്ച ഭക്തിയോടെ ഭഗവാനെ ആ ദാനവചക്രവർത്തി ആദരപൂർവം പൂജിച്ചു. പൂജാമുറിയിൽ മുൻപിൽ പ്രത്യക്ഷനായി നിൽക്കുന്ന ഭഗവാനെ ആനന്ദബാഷ്പാകുലനായി അദ്ദേഹം ഇങ്ങനെ സ്തുതിച്ചു: 'ത്രിലോകഗൃഹത്തിലെ അമൂല്യസമ്പത്തായി വിളങ്ങുന്നവനും സകലകളങ്കങ്ങളും കഴുകിക്കളയുന്ന പരമപുരുഷനുമായി അങ്ങു പ്രകാശിക്കുന്നു. അശരണരുടെ അഭയസ്ഥാനവും ആശ്രയിക്കുന്നവരെ സർവഥാ രക്ഷിച്ചനുഗ്രഹിക്കുന്നവനും പാപഹരനും അഴിവില്ലാത്തവനും ഈശ്വരനുമായ അങ്ങയെ ഞാനിതാ ശരണം പ്രാപിക്കുന്നു. കരിംകൂവളദളശൈലം പോലെ പ്രകാശിക്കുന്നവനും ശരത്കാലാകാശനിർമലനും വണ്ടിൻകൂട്ടം, ഇരുട്ട്, മഷി, നീലക്കല്ല് എന്നിവപോലെ കാന്തിപരത്തുന്നവനും കൈകളിൽ താമര, ചക്രം, ഗദ, ശംഖം എന്നിവ ധരിച്ചു വിളങ്ങുന്നവനുമായ അങ്ങയെ ഞാനിതാ ശരണം പ്രാപിക്കുന്നു. പരിശുദ്ധനും വണ്ടിൻകൂട്ടം പോലെ കോമളമായ കളേബരമുള്ളവനും വെള്ളത്താമരമൊട്ടുപോലെ വിളങ്ങുന്ന ശംഖം ധരിച്ചവനും വേദമന്ത്രം

digitized by www.sreyas.in

മുഴക്കുന്ന ബ്രഹ്മാവാകുന്ന വണ്ടുപറ്റിയിരിക്കുന്നവനും എന്റെ ഹൃദയാംബുജത്തിനു സരസ്സായി വിളങ്ങുന്നവനുമായ അങ്ങയെ ഞാനിതാ ശരണം പ്രാപിക്കുന്നു. നല്ല വെളുപ്പുള്ള നഖങ്ങളാകുന്ന നക്ഷത്രങ്ങൾ അണിഞ്ഞുനിരന്നിട്ടുള്ളതും പുഞ്ചിരി പൂനിലാവുപരത്തുന്ന മുഖമാകുന്ന പൂർണചന്ദ്രനുദിച്ചു നിൽക്കുന്നതും മാർവിടത്തിലണിഞ്ഞിരിക്കുന്ന രത്നങ്ങളുടെ കിരണങ്ങളെക്കൊണ്ടുള്ള ദേവഗംഗാപ്രവാഹത്തോടുകൂടിയതും എന്റെ മുൻപിൽ പ്രത്യക്ഷനായി വിളങ്ങുന്നതുമായ ഹരിയാകുന്ന ശരദാകാശത്തെ ഞാനിതാ ശരണം പ്രാപിക്കുന്നു. ത്രിലോകമാകുന്ന താമരപ്പൊയ്കയിലെ വെൺതാമരയായി വിടർന്നു വിലസുന്നതും കൂരിരുട്ടുപോലുള്ള മായാമോഹത്തിന് ഉജ്ജ്വലദീപം പോലെ പ്രകാശിക്കുന്നതും ജഡത്തിന്റെ സ്പർശം പോലുമില്ലാത്തതും ഉജ്ജ്വലദീപം പോലെ പ്രകാശിക്കുന്നതും ജഡത്തിന്റെ സ്പർശം പോലുമില്ലാത്തതും ശുദ്ധബോധാത്മകവും ജഗത്തിന്റെ ആർത്തിമുഴുവൻ ഹരിക്കുന്നതുമായ ഹരിതത്ത്വത്തെ ഞാനിതാ ശരണം പ്രാപിക്കുന്നു. പുതുതായി വികസിച്ച താമരപ്പൂവിന്റെ പൊടിപോലെ വെളുത്ത സുന്ദരമായ കമലാകളേബരം കൊണ്ടലംകൃതമായ കായത്തോടുകൂടിയവനും സന്ധ്യാസമയംപോലെ അരുണമായ അംഗരാഗം പൂശിയവനും കനകാംബരമണിഞ്ഞു സുന്ദരനായി വിളങ്ങുന്നവനുമായ കമലാവല്ലഭനെ ഞാനിതാശരണം പ്രാപിക്കുന്നു. ഇടതടവില്ലാതെ സൃഷ്ടിലീലയിൽ ഏർപ്പെട്ടിരിക്കുന്നവനും ഒരിക്കലും ജനിക്കാത്തവനും ആദ്യന്തരഹിതനും യുഗയുഗങ്ങളായി നിലനിന്നിട്ടും അതിസുന്ദരമായിവിളങ്ങുന്ന ദേഹത്തോടുകൂടിയവനും ആലിലയിൽ പള്ളികൊള്ളുന്ന ശിശുവുമായ ദേവനെ ഞാനിതാ ശരണം പ്രാപിക്കുന്നു.

143. ദിതിസുത നളിനീതുഷാരപാതം
സുരനളിനീ സതതോദിതാർക്കബിംബം
കമലജ നളിനീജലാവപൂരം
ഹൃദിനളിനീ നിലയം വിഭുംപ്രപദ്യേ

അസുരന്മാരാകുന്ന താമരപ്പൊയ്കയ്ക്കു ഹിമപാതമായിട്ടുള്ളവനും ദേവന്മാരാകുന്ന താമരപ്പൊയ്കയ്ക്കു സദാ ഉദിച്ചുയർന്നു നിൽക്കുന്ന സൂര്യബിംബമായിട്ടുള്ളവനും ബ്രഹ്മാവാകുന്ന താമരയ്ക്കു മനോഹരസരസായി വിളങ്ങുന്നവനും എന്റെ ഹൃദയമാകുന്ന താമരപ്പൊയ്കയിലെ സ്ഥിരതാമസക്കാരനുമായ ജഗദീശ്വരനെ ഞാനിതാ ശരണം പ്രാപിക്കുന്നു.' ഇങ്ങനെ അർഥനിർഭരങ്ങളായ സ്തുതിവചനങ്ങൾ കൊണ്ടു പ്രഹ്ലാദൻ അസുര ശത്രുവായ ഭഗവാനെ സ്തുതിച്ചു വണങ്ങി. സനാതന സത്യസ്വരൂപനും ലക്ഷ്മീ സമലംകൃതവക്ഷസ്സുമായ ഭഗവാൻ മയിലിൽ പ്രീതിവന്ന മേഘമെന്നപോലെ പ്രഹ്ലാദനിൽ പ്രീതനായി കുവലയദലനീലശോഭ പരത്തിക്കൊണ്ടിങ്ങനെ അരുളിച്ചെയ്തു.

ഭഗവാൻ പറഞ്ഞു: 'അസുരകുലത്തിന്റെ ശിരോരത്നമായ കുലനിധിയായി വിളങ്ങുന്ന പ്രഹ്ലാദാ, ഇനിയും ജരാമരണദുഃഖങ്ങൾക്കിടയാകാത്ത വല്ലതും വരം ചോദിച്ചോളൂ; ഞാനതു നൽകാം?'

പ്രഹ്ലാദൻ ചോദിച്ചു: 'സകല ലോകരുടെയും ഉള്ളിൽ കുടികൊണ്ടു വിളങ്ങുന്നവനും എല്ലാവരുടെയും എല്ലാ സങ്കൽപ്പങ്ങളും ഫലിപ്പിക്കുന്നവനുമായ

digitized by www.sreyas.in

അല്ലയോ ഭഗവൻ, എനിക്കേറ്റവും ഗുണകരമായിട്ടുള്ളതെന്താണെന്നങ്ങു കരുതുന്നുവോ അതു തന്നനുഗ്രഹിച്ചാലും? ഭഗവാനരുളിച്ചെയ്തു:

144. സർവസംഭ്രമസംശാന്ത്യൈ പരമായ ഫലായ ച
ബ്രഹ്മവിശ്രാന്തി പര്യന്തോ വിചാരോ$\mathcal{f}$സ്തു തവാനഘ.

സർവസംഭ്രമസംശാന്ത്യൈ-മനസ്സിന്റെ എല്ലാ മോഹഭ്രമങ്ങളും മാറിക്കിട്ടാനുപകരിക്കുന്നതും; പരമാ യ ഫലായ ച - പരമായ ജീവിതലക്ഷ്യം നേടിത്തരുന്നതുമായ; ബ്രഹ്മവിശ്രാന്തി പര്യന്തഃ-പരമ കാരണമായ ബ്രഹ്മത്തിലെത്തി ശാന്തി കൈവരിക്കാൻ കഴിയുന്ന, വിചാരഃ-തത്ത്വവിചാരം; അനഘ-ശുദ്ധബുദ്ധിയായ പ്രഹ്ലാദ; തവ അസ്തു-നിനക്കു സംഭവിക്കാറാകട്ടെ.

മനസ്സിന്റെ എല്ലാ മോഹഭ്രമങ്ങളും മാറിക്കിട്ടാനുപകരിക്കുന്നതും പരമമായ ജീവിതലക്ഷ്യം നേടിത്തരുന്നതുമായ, പരമകാരണമായ ബ്രഹ്മത്തിലെത്തി ശാന്തി കൈവരിക്കാൻ കഴിയുന്ന തത്ത്വവിചാരം, ശുദ്ധബുദ്ധിയായ പ്രഹ്ലാദാ, നിനക്കു സംഭവിക്കാറാകട്ടെ.

## വിചാരോ$\mathcal{f}$സ്തു തവാനഘ

ധർമാർഥകാമമോക്ഷങ്ങളാണല്ലോ പുരുഷാർഥങ്ങൾ. ഇവയിൽ ആദ്യത്തെ മൂന്നെണ്ണവും കർമമയങ്ങളാണ്. അവ കർമം കൊണ്ടു നേടേണ്ടവയാണ്; അതുകൊണ്ടുതന്നെ അനിത്യങ്ങളുമാണ്. കർമബന്ധമാണു സംസാരം. അതിൽനിന്നുള്ള മോചനമാണു മോക്ഷം. അതുകൊണ്ടുതന്നെ കർമത്തിനു നേരിട്ടു മോക്ഷവുമായി ഒരു ബന്ധവുമില്ലെന്നോർക്കണം. മോക്ഷത്തിനുപകരിക്കുന്ന ധർമം ധനം കൊണ്ടു നേടാനേ സാധ്യമല്ല; ധർമത്തിനു വേണ്ടി മാത്രം ചെലവിടേണ്ട അർഥം കാമപൂരണത്തിനുപകരിക്കുകയില്ല. കാമം അനുഭവിച്ചു പൂർണമായി ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്താമെന്നാരും കരുതുകയും വേണ്ട. അപ്പോൾ ദുഃഖമോചനമെന്ന മോക്ഷം നേടാനെന്താണുപായം? തത്ത്വവിചാരം കൊണ്ടു മാത്രമേ മോക്ഷം സാധ്യമാവൂ. അതുകൊണ്ടു ജീവൻ ജീവനായി നിലനില്ക്കുന്നിടത്തോളം ഒരു വ്യക്തി തത്ത്വവിചാരം തുടരേണ്ടതാണ്. അഖണ്ഡവും അദ്വയവുമായ ബോധമാണു തത്ത്വം. ഇക്കാര്യം തത്ത്വജ്ഞന്മാർക്കു പൂർണമായും തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്. അതിന്റെ പേരാണു ബ്രഹ്മം. ബ്രഹ്മം ജഗത്തിന്റെ പരമകാരണമാണ്. പരമകാരണം കണ്ടെത്തിയാൽ പിന്നെ അതല്ലാതെ മറ്റൊന്നും ഉണ്ടാവുക സാധ്യമല്ലെന്നു ബോധ്യപ്പെടും. (മുപ്പത്തൊന്നും അറുപതും പദ്യങ്ങളുടെ വ്യാഖ്യാനം നോക്കുക.) അതുകൊണ്ട് ഒരു വ്യക്തിയുടെ ജീവിതത്തിന്റെ പരമഫലം അഥവാ പരമലക്ഷ്യം മനസ്സിനെ ബ്രഹ്മലക്ഷ്യത്തിൽ കൊണ്ടെത്തിച്ചു വിശ്രമിക്കുകയാണ്. മനസ്സു പരമകാരണമായ ബ്രഹ്മത്തിലെത്തി വിശ്രമിച്ചാൽ സർവം ബ്രഹ്മമയമെന്നുറപ്പു വരുന്നതോടുകൂടി മനസ്സിന്റെ എല്ലാ മോഹഭ്രമങ്ങളും മാറിക്കിട്ടുകയും ചെയ്യും. അങ്ങനെ ഒരു വ്യക്തിക്കു ജീവിതത്തിൽ കിട്ടേണ്ട ഏറ്റവും ഗുണകരമായ വരം വിഷ്ണു പ്രഹ്ലാദനു നൽകി.

വസിഷ്ഠൻ തുടർന്നു: 'ഇങ്ങനെ അസുരചക്രവർത്തിക്കു വരം നൽകിയിട്ട് തിര ഘർഘരശബ്ദത്തോടുകൂടി സമുദ്രത്തിൽ ലയിക്കുന്നതുപോലെ വിഷ്ണുഭഗവാൻ മറഞ്ഞു. വിഷ്ണു മറഞ്ഞതോടെ പ്രഹ്ലാദൻ പുഷ്പാഞ്ജലി നടത്തി പൂജ അവസാനിപ്പിച്ചു. തറയിൽ പദ്മാസനമുറപ്പിച്ചിരുന്നു

digitized by www.sreyas.in

സ്തോത്രം പാരായണം ചെയ്തു. സ്തോത്ര പാരായണം കഴിഞ്ഞ് ഉള്ളിൽ ഇങ്ങനെ ചിന്തിച്ചു: 'വിചാരവാനായി ഭവിക്കൂ' എന്നാണല്ലോ മോക്ഷദായകനായ ഭഗവാൻ എന്നോടരുളിച്ചെയ്തത്. അതുകൊണ്ടിനി ആത്മവിചാരത്തിലേർപ്പെടുക തന്നെ. ഈ പ്രപഞ്ച കോലാഹലത്തിൽ ഞാൻ ആരായിരിക്കാം; സംസാരിക്കുന്നു, നടക്കുന്നു, നിൽക്കുന്നു, പ്രയത്നിക്കുന്നു, ചുറ്റിത്തിരിയുന്നു ഇത്രയൊക്കെത്തന്നെയാണോ ഞാൻ? വൃക്ഷങ്ങളും ചെടികളും പുല്ലുമൊക്കെ കൊണ്ടു നിറഞ്ഞ ജഗത്ത് ഞാനാകാൻ സാധ്യമല്ല. പുറമേ കാണപ്പെടുന്ന തികച്ചും ജഡമായ കാഴ്ചയൊന്നും ഞാനല്ല തന്നെ. പിന്നെ ഞാനീ ദേഹമാണോ? ഒരിക്കലുമില്ല.

ഇല്ലാതിരുന്നിട്ടുണ്ടായത്, മിണ്ടാൻ പോലും കഴിയാത്തത്, പ്രാണന്റെ സഹായത്തോടെ മാത്രം ചലിക്കുന്നത്, അൽപ്പകാലം കൊണ്ട് ഇല്ലാതാകുന്നത്, അചേതനം; ഞാനെങ്ങനെ ഈ വിധമുള്ള ദേഹമാണെന്നു കരുതാൻ പറ്റും? ഇനിയും ശബ്ദമാണോ ഞാൻ? ഉണ്ടായി മറയുന്ന ജഡം, ചെവിയിൽ കൂടി മാത്രം ഉള്ളതായിത്തീരുന്നത്, ക്ഷണത്തിൽ ശൂന്യമായി മറയുന്നത്, ഞാനെങ്ങനെ ശബ്ദമാകും? അതുപോലെ തന്നെ സ്പർശവും. ഉണ്ടായി മറയുന്ന ജഡം, ത്വക്കിൽ മാത്രം ഉള്ളതായിത്തീരുന്നു, ത്വക്കില്ലയോ ഇല്ല, ബോധത്തോടു ചേർന്നു മാത്രം പ്രകാശിക്കുന്നത്, ഈ സ്പർശവും ഞാനല്ലതന്നെ. നാവിന്റെ സഹായം കൊണ്ടുണ്ടെന്നു തോന്നിക്കുന്നതും തുച്ഛവും ക്ഷണം കൊണ്ടില്ലാതാകുന്നതും മറ്റൊരു പദാർഥത്തെ ആശ്രയിക്കുന്നതും അചേതനവുമായ രസവും ഞാനല്ല. ക്ഷണം കൊണ്ടു മാറിമറയുന്ന ദൃശ്യദർശനങ്ങളിൽ ഒളിഞ്ഞിരിക്കുന്നതും കേവലനായ ദ്രഷ്ടാവിൽ ലയിച്ചുചേരുന്നതും അചേതനവുമായ രൂപം ഞാനല്ലേയല്ല. ഗന്ധാനുഭവത്തിനുവേണ്ടി വെമ്പുന്ന ജഡനാസികയെ ആശ്രയിച്ച് അല്പനേരം ഉണ്ടെന്നു തോന്നുന്നതും വ്യക്തമായ രൂപമൊന്നുമില്ലാത്തതുമായ നിസ്സാരമായ ഗന്ധം ഒരിക്കലും ഞാനാകാൻ പറ്റുകയില്ല; ഗന്ധവും ഉണ്ടായി മറയുന്ന ജഡമാണ്.

145. നിർമമോ *f* മനനഃ ശാന്തോ ഗതപഞ്ചേന്ദ്രിയഭ്രമഃ
ശുദ്ധചേതന ഏവാഹം കലാകലനവർജിതഃ

നിർമമഃ-ഒന്നിനോടും പറ്റലില്ലാത്തവനും; അമനനഃ-ചിന്താരഹിതനും; ശാന്തഃ-ശാന്തനും, ഗതപഞ്ചേന്ദ്രിയഭ്രമഃ-പഞ്ചേന്ദ്രിയങ്ങളുണ്ടാക്കുന്ന ആ ഭ്രമം വിട്ടുമാറിയവനും; കലാകലനവർജിതഃ-സങ്കല്പസൃഷ്ടികളൊന്നും സ്പർശിക്കാത്തവനുമായ; അഹം-ഞാൻ; ശുദ്ധചേതനഃ ഏവ-ശുദ്ധ ബോധസ്വരൂപൻതന്നെ.

ഒന്നിനോടും പറ്റലില്ലാത്തവനും ചിന്താരഹിതനും ശാന്തനും പഞ്ചേന്ദ്രിയങ്ങളുണ്ടാക്കുന്ന ഭ്രമം വിട്ടുമാറിയവനും സങ്കല്പസൃഷ്ടികളൊന്നും സ്പർശിക്കാത്തവനുമായ ഞാൻ ശുദ്ധബോധസ്വരൂപൻതന്നെ.

**ശുദ്ധചേതന ഏവാഹം**

പഞ്ചേന്ദ്രിയാനുഭവമാണു പ്രപഞ്ചാനുഭവം. എന്താണു പഞ്ചേന്ദ്രിയാനുഭവം? ശബ്ദ സ്പർശ രൂപ രസ ഗന്ധാനുഭവമാണു പഞ്ചേന്ദ്രിയാനുഭവം. ഈ അഞ്ചു വിഷയങ്ങളെ പലതരത്തിൽ കൂട്ടിക്കലർത്തി അനുഭവിക്കുന്നതാണ് എല്ലാ പ്രപഞ്ചാനുഭവങ്ങളും. ആറാമതൊരനുഭവം എങ്ങും ഒരിടത്തും കാണ്മാനില്ല. ശബ്ദസ്പർശരൂപരസ ഗന്ധങ്ങളുടെ സമ്മിളിതമായ സൂക്ഷ്മരൂപമാണു മനസ്സ്. അവയുടെ ബാഹ്യമായ സ്ഥൂല രൂപമാണു പ്രപഞ്ചം. അപ്പോൾ പഞ്ചേന്ദ്രിയാനുഭവങ്ങളെ വിശകലനം ചെയ്താൽ നമുക്കു സത്യം

digitized by www.sreyas.in

കണ്ടെത്താൻ കഴിയും. പഞ്ചേന്ദ്രിയങ്ങളിൽ ഒന്നിന് ഒരു വിഷയം അനുഭവിക്കാനുള്ള കഴിവേയുള്ളൂ. കണ്ണിനു രൂപവും ചെവിക്കു ശബ്ദവും മൂക്കിനു ഗന്ധവും നാക്കിനു രസവും ത്വക്കിനു സ്പർശവും മാത്രമേ അനുഭവിക്കാൻ പറ്റൂ. ഇന്ദ്രിയങ്ങളുടെ കഥ ഇതാണെങ്കിലും എല്ലാ അനുഭവവും 'ഞാൻ' എന്ന ബോധത്തിനാണു സംഭവിക്കുന്നതെന്നു സ്പഷ്ടം. കണ്ടതും കേട്ടതും സ്പർശിച്ചതും മണത്തതും രസമനുഭവിച്ചതും ഒരേ 'ഞാൻ' തന്നെയാണെന്നാണല്ലോ എല്ലാവരുടെയും അനുഭവം. ഈ അനുഭവവിശകലനം ഒരു കാര്യം സ്പഷ്ടമായി തെളിയിക്കുന്നു. എല്ലാ ഇന്ദ്രിയങ്ങളും 'ഞാൻ' എന്ന ബോധത്തിന്റെ ഉപകരണങ്ങൾ മാത്രം. ബോധം ഏതുപകരണത്തെ ആശ്രയിക്കുന്നോ അതനുസരിച്ചനുഭവം. ഉപകരണങ്ങൾക്കോ ബോധത്തിനോ സ്വതന്ത്രമായി പ്രപഞ്ചാനുഭവങ്ങളില്ല. ഉപകരണങ്ങളായ ഇന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളും വെറും ജഡങ്ങൾ. ബോധരൂപനായ 'ഞാൻ' കൈവിട്ടാൽ അവ ഇല്ലേ ഇല്ല. ബോധരൂപനായ 'ഞാൻ' മാറി മാറി അനുഭവിക്കുന്നവയായതുകൊണ്ട് ബോധത്തിന് അവയെ വിടാൻ പ്രയാസവുമില്ല. ഇന്ദ്രിയങ്ങളെന്ന ഉപകരണങ്ങൾ വിട്ടുപോയാലും ബോധത്തിന് സ്വയം ഉണ്മയനുഭവിക്കാൻ അവയുടെ സഹായം വേണ്ടതാനും. 'ഞാൻ ഉണ്ട്' എന്ന അനുഭവം ഇന്ദ്രിയാനുഭവമല്ലല്ലോ. ഈ അനുഭവവിശകലനത്തിലൂടെ അത്യന്തം സ്പഷ്ടമായ കാര്യങ്ങളാണു പ്രഹ്ലാദൻ വെളിപ്പെടുത്തിയിരിക്കുന്നത്. ഉപകരണങ്ങൾ എപ്പോൾ വേണമെങ്കിലും ദൂരെ മാറ്റപ്പെടാവുന്നവയായതുകൊണ്ട് ബോധത്തിന് ഒന്നിനോടും പറ്റലില്ല. ഇന്ദ്രിയങ്ങളെന്ന ഉപകരണങ്ങൾ ഒഴിച്ചുമാറ്റപ്പെട്ടാൽ അതോടെ ശബ്ദാദിവിഷയങ്ങളും ഒഴിഞ്ഞുമാറുമെന്നുള്ളതുകൊണ്ട് പിന്നെ ഒരു ചിന്തയ്ക്കും പ്രസക്തിയില്ല. ചിന്തയൊഴിഞ്ഞുമാറിയാൽ ശാന്തത തെളിയുമെന്നു നിശ്ചയമാണല്ലോ. ഇന്ദ്രിയ ഭ്രമം ഒഴിഞ്ഞു മാറി ശാന്തമായാൽ സങ്കല്പസൃഷ്ടികൾക്കൊന്നും പ്രസക്തിയില്ല. ഇതാണു ശുദ്ധബോധസ്ഥിതി. ഈ സത്യത്തെയാണ് ഐതരേയോപനിഷത്ത് 'പ്രജ്ഞാനം' എന്നു വിളിച്ചിരിക്കുന്നത്. ഈ പ്രജ്ഞാനം ലോകമെമ്പാടും ഒന്നായതുകൊണ്ട് 'പ്രജ്ഞാനം ബ്രഹ്മ' എന്നാണുപനിഷത്തിന്റെ പ്രഖ്യാപനം. ഇത് ഐതരേയോപനിഷത്തിലെ മഹാവാക്യമാണ്. 'ബോധം ബ്രഹ്മമാകുന്നു' എന്നു വാക്യതാൽപ്പര്യം. പ്രഹ്ലാദൻ ചിന്ത തുടർന്നു:

146. ചേത്യവർജിതചിന്മാത്രമഹമേവാവഭാസകഃ
സബാഹ്യാഭ്യന്തരവ്യാപീ നിഷ്കളാമലസന്മയഃ

ചേത്യവർജിത ചിന്മാത്രം-സങ്കല്പം തീരെ ഇല്ലാത്ത ശുദ്ധബോധസ്വരൂപവും; അവഭാസകഃ-ഞാനുണ്ട് എന്നിങ്ങനെ സ്പഷ്ടമായി സ്വയം ഉണ്മ അനുഭവിച്ചു വിളങ്ങുന്നതുമായ അഹം ഏവ- ഞാൻ തന്നെയാണ്; സബാഹ്യാഭ്യന്തര വ്യാപീ-പുറത്തും ഉള്ളിലും സർവത്ര നിറഞ്ഞു തിങ്ങുന്ന; നിഷ്കളാമലസന്മയഃ-കളങ്കംപുരളാത്ത സ്വതേ പവിത്രമായ ഉണ്മയായി വിലസുന്ന പരബ്രഹ്മം.

സങ്കല്പം തീരെയില്ലാത്ത ശുദ്ധബോധസ്വരൂപവും ഞാനുണ്ട്, ഞാനുണ്ട് എന്നിങ്ങനെ സ്പഷ്ടമായി സ്വയം ഉണ്മ അനുഭവിച്ചു വിളങ്ങുന്നതുമായ ഞാൻ തന്നെയാണ് പുറത്തും ഉള്ളിലും സർവത്ര നിറഞ്ഞു തിങ്ങുന്ന കളങ്കം

digitized by www.sreyas.in

പുരളാത്ത സ്വതേ പവിത്രമായ ഉണ്മയായി വിലസുന്ന പരബ്രഹ്മം.

**സബാഹ്യാഭ്യന്തരവ്യാപീ**

വ്യക്തിശരീരത്തിലെ ബോധമാണു 'ഞാൻ'. പ്രപഞ്ചശരീരത്തിൽ പുറമേയും ഉള്ളിലും നിറഞ്ഞുനിൽക്കുന്ന ബോധമാണു ബ്രഹ്മം. ഞാൻ ബ്രഹ്മമാണ്. എങ്ങനെ നിശ്ചയിക്കാം? ഞാനും ബ്രഹ്മവും ബോധമാണല്ലോ. അതുകൊണ്ട് നിശ്ചയിക്കാം. വ്യക്ത്യനുഭവമായാലും പ്രപഞ്ചാനുഭവമായാലും രണ്ടും അനുഭവമാണ്. അനുഭവമില്ലാത്തിടത്തു വ്യക്തിയുമില്ല, പ്രപഞ്ചവുമില്ല. അനുഭവം ബോധത്തിന്റെ മാത്രം സ്വരൂപമാണ്. അപ്പോൾ എവിടെ എവിടെയൊക്കെ ഉണ്ടെന്നനുഭവമുണ്ടോ അവിടെയവിടെയൊക്കെ ബോധം അകവും പുറവും നിറഞ്ഞുതിങ്ങുന്നു എന്നറിയേണ്ടതാണ്. ചുരുക്കത്തിൽ വ്യക്തിയും പ്രപഞ്ചവുമെല്ലാം അനുഭവമായതുകൊണ്ട് അനുഭവത്തിന്റെ അഥവാ ബോധത്തിന്റെ തന്നെ വിവിധ രൂപങ്ങളാണെന്നു താൽപ്പര്യം. അനുഭവം അഥവാ ബോധം സത്യം; നാമരൂപങ്ങൾ അതിലെ വെറും ഭ്രമദൃശ്യങ്ങൾ. അപ്പോൾ ഞാനും പ്രപഞ്ചവും അനുഭവമായതുകൊണ്ട് ഞാൻ തന്നെയാണു പ്രപഞ്ചം; അതായത് ഞാൻ തന്നെയാണു ബ്രഹ്മം. 'അഹം ബ്രഹ്മാസ്മി' എന്നത് ബൃഹദാരണ്യകോപനിഷത്തിലെ മഹാവാക്യമാണ്. 'ഞാൻ ബ്രഹ്മമാകുന്നു' എന്നാണു വാക്യതാൽപ്പര്യം. ഈ മഹാവാക്യമാണു പ്രസ്തുത പദ്യത്തിൽ വിവരിച്ചിരിക്കുന്നത്.

പ്രഹ്ളാദൻ ചിന്ത തുടർന്നു: ഹാ! എല്ലാം എനിക്കോർമ്മ വരുന്നു; സത്യമെല്ലാം എനിക്കു പിടികിട്ടി. സങ്കല്പലേശമില്ലാതെ എങ്ങും നിറഞ്ഞുനിൽക്കുന്ന ഈ ബോധമാണു സത്യം. കുടം, വസ്ത്രം തുടങ്ങി സൂര്യൻ ചന്ദ്രൻ വരെയുള്ള എല്ലാ ദൃശ്യങ്ങളേയും ഉള്ളതാക്കിത്തീർക്കുന്നത് കത്തിജ്വലിക്കുന്ന ഒരു വിളക്കെന്നപോലെ ഞാൻ തന്നെയാണ്. വിചിത്രങ്ങളായ ഇന്ദ്രിയാനുഭവങ്ങളെയെല്ലാം പ്രകാശിപ്പിക്കുന്നതു ഞാൻ തന്നെയാണ്. കത്തിജ്വലിക്കുന്ന അഗ്നികുണ്ഡത്തിൽ നിന്നും തീപ്പൊരികൾ ചിതറുന്നതുപോലെ എന്നിൽ നിന്നുള്ള ബോധകണങ്ങളാണ് ഇന്ദ്രിയങ്ങൾക്കെല്ലാം വെളിച്ചം പകരുന്നത്. ബ്രഹ്മാവിന്റെ ലോകത്തിനുമപ്പുറം കല്പാന്തങ്ങളേയും അധീനമാക്കി നിറുത്തി എന്റെ രൂപം സർവദാ സർവത്ര പ്രസരിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴും എപ്പോഴും അതങ്ങനെ തന്നെ സ്ഥിതിചെയ്യുന്നു; ഞാനില്ലെങ്കിൽ ഒന്നുമില്ല. നിരാശ്രയനായി നിറഞ്ഞുനിൽക്കുന്ന എന്നിൽ 'ഞാനിതാണ്, അതാണ്' എന്ന ചിന്ത എവിടെ നിന്നു കടന്നുവന്നു. അതുനിമിത്തം ഞാൻ എന്തുമാത്രം ചുരുങ്ങിപ്പോയിരുന്നു.

147. അനന്താനന്ദസംഭോഗപരോപശമശാലിനീ
ശുദ്ധേയം ചിന്മയീദൃഷ്ടിർജയത്യഖിലദൃഷ്ടിഷു

മറ്റെല്ലാ അനുഭവങ്ങളേക്കാളും ശുദ്ധബോധാനുഭവം വിജയിക്കുന്നു. സങ്കൽപ്പങ്ങളെല്ലാം അടങ്ങിയ ആ അനുഭവം അനന്തമായ ആനന്ദാനുഭവം കൊണ്ടുനിറഞ്ഞതാണ്. സകല ഭാവങ്ങളിലും നിറഞ്ഞുനിൽക്കുന്നതും സങ്കല്പരഹിതമായ ബോധം സ്വരൂപമായിട്ടുള്ളതും ഉള്ളിൽ 'ഞാൻ, ഞാൻ' എന്നിങ്ങനെ സദാ പ്രകാശിക്കുന്നതുമായ എനിക്കായിത്തന്നെ നമസ്കാരം: നമസ്കാരം. നിർവികാരവും നിർമലവും കളങ്കലേശം സ്പർശിക്കാത്തതു

digitized by www.sreyas.in

മായ ബോധം തന്നെയാണ് പരമകാരണമായി വർത്തിച്ചുകൊണ്ട് വിചിത്രങ്ങളായ പ്രപഞ്ച ശക്തികൾക്കൊക്കെ രൂപം കൊടുക്കുന്നത്; ബോധത്തിന്റെ സമസ്ഥിതിക്ക് ഒരിടത്തും ഭംഗം വരുന്നില്ല. കാലത്രയ കളങ്കമൊന്നും ഈ ശുദ്ധചിത്തിനെ സ്പർശിക്കുന്നില്ല. സങ്കല്പ നിർമിതങ്ങളായ ലോകബന്ധങ്ങളൊന്നും അവിടെ ഇല്ലേ ഇല്ല. സങ്കല്പ സൃഷ്ടികളുടെ കുണ്ടും കുഴിയുമൊന്നുമില്ലാത്ത ആ ചിത്തിൽ സർവത്ര സമസ്ഥിതി തന്നെ സദാ നിലനിൽക്കുന്നു. വാക്കുകൾക്കതീതമായതുകൊണ്ട് സനാതനമായ ആ സത്യം ഇല്ലാത്തതു പോലെ തോന്നുന്നു; അതുകൊണ്ടാണു ആത്മാവില്ലെന്ന സിദ്ധാന്തത്തിൽ വരെ ചിലർ എത്തിച്ചേരുന്നത്. വേണം, വേണ്ട എന്നിങ്ങനെ രാഗദ്വേഷമയങ്ങളായ സങ്കല്പകളങ്കങ്ങളാൽ വലയം ചെയ്യപ്പെട്ട് ഉള്ളിൽ കുടുങ്ങിപ്പോയ ആ ബോധസത്യം കയറിൽ കെട്ടിയിട്ട പക്ഷിയെപ്പോലെ അനന്തതയിലേക്കു കുതിച്ചു പറക്കാൻ കഴിയാതെ വിഷമിക്കുകയാണ്. കഷ്ടം, കഷ്ടം.

148. ഇച്ഛാദ്വേഷ സമുത്ഥേന ദ്വന്ദ്വമോഹേന ജന്തവഃ
ധരാവിവരലഗ്നാനാം കീടാനാം സമതാംഗതാഃ

രാഗദ്വേഷങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഞാൻ, നീ എന്ന ഭേദചിന്തനിമിത്തം ജീവജാലങ്ങൾ ഭൂമിക്കുള്ളിൽ ചെളിക്കുണ്ടിൽ കിടന്നു പിടയുന്ന പുഴുക്കളെപ്പോലെ ജീവിതം നയിക്കാനിടവരുന്നു. ആത്മാവിൽ വിളങ്ങുന്ന അഖണ്ഡബോധസ്വരൂപനായ എനിക്കു നമസ്കാരം : നമസ്കാരം. ലോകത്തിന്റെ മുഴുവൻ രത്നദീപമായി വിളങ്ങുന്ന അല്ലയോ ജഗദീശ്വരാ, കുറച്ചു താമസിച്ചാണെങ്കിലും എനിക്കങ്ങയെ പ്രാപിക്കാൻ കഴിഞ്ഞിരിക്കുന്നു. വിചാരത്തിലൂടെ ഞാനങ്ങയെ സമീപിച്ചു; അങ്ങയെ കണ്ടെത്തി; അങ്ങയെ എന്നിലലിയിച്ചു ചേർത്തു; ഞാൻ എല്ലാ സംശയങ്ങളിൽ നിന്നും ഉദ്ധരിക്കപ്പെട്ടു; പണ്ടേ അങ്ങാരാണോ ഇപ്പോഴുമതുതന്നെ; അങ്ങേക്കു നമസ്കാരം: നമസ്കാരം.

149. മഹ്യംതുഭ്യമനന്തായ തുഭ്യം മഹ്യം ശിവാത്മനേ
നമോദേവാധി ദേവായ പരായ പരമാത്മനേ

ഞാനായ അങ്ങേക്കായിക്കൊണ്ടു നമസ്കാരം; ആദ്യന്തരഹിതനായ അങ്ങായ എനിക്കായിക്കൊണ്ടു നമസ്കാരം. മംഗളസ്വരൂപനും ദേവന്മാരുടെ ദേവനുമായ അങ്ങേക്കു നമസ്കാരം. പരമകാരണനും പരമാത്മാവുമായ അങ്ങേക്കു നമസ്കാരം. എന്റെയുള്ളിൽ ആനന്ദരൂപനായി താൻ തന്നിൽതന്നെ നിലകൊണ്ട് താൻ സ്വയം പ്രകാശിച്ച് തനിക്കുമാത്രമധീനനായി താൻ തന്നെയായി വിളങ്ങുന്ന സത്യത്തിനു നമസ്കാരം. മേഘപടലം വിട്ടകന്ന പൂർണചന്ദ്രനെപ്പോലെ എല്ലാ മറകളും മാറി എന്റെ സ്വരൂപമായി ആ സത്യമിതാ വിളങ്ങിനിൽക്കുന്നു.

150. തിഷ്ഠന്നപിഹിനാസീനോഗച്ഛന്നപിനഗച്ഛതി
ശാന്തോപി വ്യവഹാരസ്ഥഃ കുർവന്നപി നലിപ്യതേ.

തിഷ്ഠൻ അപി ന ആസീനഃഹി-ആ സത്യം നിശ്ചലമാണെങ്കിലും നിശ്ചലമല്ല തന്നെ; ഗച്ഛൻ അപിനഗച്ഛതി-അതു നടക്കുന്നുണ്ടെങ്കിലും നടക്കുന്നില്ല; ശാന്തഃഅപിവ്യവഹാരസ്ഥഃ-ശാന്തമാണെങ്കിലും സദാലോകകാര്യ

digitized by www.sreyas.in

ങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു; കുർവൻ അപിനലിപ്യതേ-എല്ലാ കർമങ്ങളും ചെയ്യുന്നുണ്ടെങ്കിലും ഒന്നിനോടും പറ്റിപ്പിടിക്കുന്നില്ല.

ആ സത്യം നിശ്ചലമാണെങ്കിലും നിശ്ചലമല്ലതന്നെ; അതുനടക്കുന്നുണ്ടെങ്കിലും നടക്കുന്നില്ല; ശാന്തമാണെങ്കിലും സദാ ലോകകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു; എല്ലാകർമങ്ങളും ചെയ്യുന്നുണ്ടെങ്കിലും ഒന്നിനോടും പറ്റിപ്പിടിക്കുന്നില്ല.

## കുർവന്നപി നലിപ്യതേ

അറുപതാം പദ്യത്തിന്റെ വ്യാഖ്യാനം വായിച്ചു പരമകാരണവും പ്രപഞ്ചവും തമ്മിലുള്ള ബന്ധമെന്തെന്ന് ഒന്നുകൂടി ഉറപ്പിക്കുക. ഒരു നടൻ കഥാപാത്രമായി മാറുന്നതുപോലെ പരമകാരണത്തിൽ ആരോപിച്ചിരിക്കുന്ന വെറും നാമരൂപങ്ങളാണു പ്രപഞ്ചദൃശ്യങ്ങൾ. സത്യത്തിനു സ്വരൂപലക്ഷണമെന്നും തടസ്ഥലക്ഷണമെന്നും രണ്ടുതരം ലക്ഷണങ്ങളുണ്ട്. ശുദ്ധമായ സ്വരൂപം വെളിപ്പെടുത്തുന്നതാണു സ്വരൂപലക്ഷണം. 'സച്ചിദാനന്ദം ബ്രഹ്മ' എന്നതാണു ബ്രഹ്മത്തിന്റെ സ്വരൂപലക്ഷണം. ആരോപിതങ്ങളായ നാമരൂപങ്ങളോടു ചേർത്തു സത്യത്തെ വിവരിക്കുന്നതാണു തടസ്ഥലക്ഷണം. വേഷങ്ങളോടു ചേർത്തു നടനെ വിവരിക്കുംപോലെ. രാവണൻ രാമൻപിള്ളയാണ് എന്നു പറയുംപോലെ. തടസ്ഥലക്ഷണം പ്രഥമശ്രവണത്തിൽ പരസ്പരവിരുദ്ധമാണെന്നു തോന്നാം. നിശ്ചലമാണെങ്കിലും നിശ്ചലമല്ല; നടക്കുന്നതാണെങ്കിലും നടക്കുന്നില്ല; എന്നൊക്കെ പറയുന്നതു പരസ്പരവിരുദ്ധമാണല്ലോ. പക്ഷെ മായാരൂപവും ശുദ്ധമായ സത്യസ്വരൂപവും ഒരുമിച്ചു ചേർത്തുമനസ്സിലാക്കിയാൽ ഈ വൈരുധ്യം മാറിക്കിട്ടും. ഇളകിമറിയുന്ന മായാരൂപങ്ങളോടു ചേർത്തു കണ്ടാൽ ബ്രഹ്മം ചലിക്കുന്നതായി തോന്നാം. മായാരൂപങ്ങളെ മാറ്റിനിറുത്തി ചിന്തിച്ചാൽ ബ്രഹ്മം നിശ്ചലമാണ്. വേഷങ്ങൾ ചേർത്തുകണ്ടാൽ രാമൻപിള്ള രാവണനാണ്. വേഷങ്ങൾ മാറ്റിയിട്ടു കണ്ടാൽ രാമൻപിള്ള രാമൻപിള്ളയാണ്. വിരുദ്ധങ്ങളെന്നു തോന്നുന്ന മറ്റു വിവരണങ്ങളും ഇതുപോലെ ധരിക്കപ്പെടേണ്ടവയാണ്. ഗീതപോലുള്ള മറ്റുവേദാന്തശാസ്ത്രഗ്രന്ഥങ്ങളിലും ഉപനിഷത്തുകളിലും ഇതുപോലെ കാണപ്പെടുന്ന തടസ്ഥലക്ഷണങ്ങളെ ഈ നിലയിൽ ചിന്തിച്ചറിയേണ്ടതാണ്. സത്യത്തിന്റെ സ്വരൂപമായ ബോധം നിശ്ചലം. സ്വഭാവമായ ജഡം ചഞ്ചലം.

പ്രഹ്ലാദൻ ചിന്ത തുടർന്നു: 'ബോധരൂപമായ സത്യം ഉള്ളിലിരുന്നുകൊണ്ടു കാറ്റു തളിരുകളെയെന്നപോലെ മനസ്സുകളെ ഇളക്കിമറിക്കുന്നു. സാരഥി കുതിരകളെയെന്നപോലെ ഇന്ദ്രിയങ്ങളെ വിഷയപഥങ്ങളിൽ സഞ്ചരിപ്പിക്കുന്നു. ഈ ബോധസത്യം തന്നെയാണു സദാ അന്വേഷിക്കപ്പെടേണ്ടത്; സദാ ധ്യാനിക്കപ്പെടേണ്ടത്.

151. സുലഭശ്ചായമത്യന്തം സുജ്ഞേയശ്ചാപ്തബന്ധുവത്
ശരീരപദ്മകുഹരേ സർവേഷാമിവഷട്പദഃ

അയം അത്യന്തം സുലഭഃച-സർവത്ര നിറഞ്ഞുനിൽക്കുന്ന ഈ ബോധസത്യം മറ്റെന്തിനേക്കാളും സുലഭമാണെന്നു പറയേണ്ടതില്ലല്ലോ; ആപ്തബന്ധുവത്സുജ്ഞേയഃച-സ്നേഹസമ്പന്നനായ ഒരു ബന്ധുവിനെയെന്നപോലെ എളുപ്പം പാട്ടിലാക്കാവുന്നവനുമാണ്; സർവേഷാംശരീരപദ്മകുഹരേ-എല്ലാവരുടെയും ദേഹത്തിനുള്ളിലെ ഹൃദയപദ്മത്തിനകത്ത് വണ്ടെന്നപോലെ ഈ ദേവൻ സദാവസിക്കുന്നു.

digitized by www.sreyas.in

സർവത്ര നിറഞ്ഞുനിൽക്കുന്ന ഈ ബോധസത്യം മറ്റെന്തിനേക്കാളും സുലഭമാണെന്നു പറയേണ്ടതില്ലല്ലോ. സ്നേഹസമ്പന്നനായ ഒരു ബന്ധുവിനെയെന്നപോലെ എളുപ്പം പാട്ടിലാക്കാവുന്നവനുമാണ്; എല്ലാവരുടെയും ദേഹത്തിനുള്ളിലെ ഹൃദയപദ്മത്തിനകത്ത് വണ്ടെന്നപോലെ ഈ ദേവൻ സദാവസിക്കുന്നു.

## സുജ്ഞേയശ്ചാപ്തബന്ധുവത്

ആത്മസാക്ഷാത്കാരം അത്ര എളുപ്പമല്ലെന്നാണു പലരുടെയും വിചാരം. ഇങ്ങനെ കരുതുന്നവർ പ്രഹ്ലാദന്റെ ഈ പ്രഖ്യാപനം ശ്രദ്ധിച്ചുമനനം ചെയ്തറിയേണ്ടതാണ്. ആത്മാവിനെ എങ്ങും കാണാനില്ലല്ലോ എന്നാണൊരു പരാതി. അവരോടൊന്നേ അങ്ങോട്ടു ചോദിക്കാനുള്ളൂ. നിങ്ങളീ പ്രപഞ്ചമായി കാണുന്നതു പിന്നെയെന്തിനെയാണ്. ആത്മാവായ ബ്രഹ്മം തന്നെയാണീ പ്രപഞ്ചമായി കാണപ്പെടുന്നത്. വേദാന്തശാസ്ത്രം പഠിച്ചു മനനം ചെയ്യൂ; അക്കാര്യം നല്ലപോലെ തെളിയും. കാണപ്പെടുന്നതൊക്കെ ജഡമല്ലേ? ബ്രഹ്മാന്വേഷണം നടത്തുന്നതിനു മുൻപങ്ങനെ തോന്നുന്നു; അത്രേയുള്ളൂ. ബ്രഹ്മത്തെയറിഞ്ഞു കഴിഞ്ഞവർക്കു സർവം ബ്രഹ്മമയം. അവർ നമുക്കു വ്യക്തമായി അക്കാര്യം പറഞ്ഞുതന്നിട്ടുണ്ട്. മുൻപിൽ കിടക്കുന്ന ഒരു രത്നത്തെ ഒരാൾ കാക്കപ്പൊന്നെന്നു സംശയിക്കുന്നു; പക്ഷെ അറിവുള്ളവർ പറഞ്ഞാലെങ്കിലും അതു രത്നമാണെന്നു മനസ്സിലാക്കി കൈക്കലാക്കണ്ടേ? അപ്പോൾ നോക്കുന്നിടത്തൊക്കെ കാണുന്നതാത്മാവിനെയാണെന്നറിഞ്ഞാൽ എങ്ങും കാണാനില്ലല്ലോ എന്ന പരാതി അസ്തമിക്കും. ഇനിയും ഈ സത്യത്തെ എളുപ്പം പാട്ടിലാക്കാനും കഴിയും. ഒരുറ്റബന്ധു നിങ്ങളെ സഹായിക്കാനായി കാത്തുനിൽക്കുന്നു. അയാൾ ബന്ധുവാണെന്നറിഞ്ഞ് ഒന്നടുപ്പിക്കുകയേ വേണ്ടൂ. അതുപോലെ 'ഈശാവാസ്യമിദംസർവം' എന്നറിഞ്ഞു ആ സത്യം ഭാവന ചെയ്തു ജീവിക്കുകയേ വേണ്ടൂ ഈ ആപ്തബന്ധുവിനെ വശത്താക്കാൻ. പോരെങ്കിൽ ആ ബന്ധു ഉള്ളിൽത്തന്നെ ഇരുന്ന് 'ഞാനുണ്ട്, ഞാനുണ്ട്' എന്നു സദാ ഓർമിപ്പിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ ആത്മാവായ ഉറ്റബന്ധുവിനെ പാട്ടിലാക്കുന്ന ഒരാൾക്കു രാഗദ്വേഷദോഷങ്ങളകന്നു ഹൃദയം ശുദ്ധമാകുന്നതോടെ ഭൗതികവും ആധ്യാത്മികവുമായ എല്ലാ യോഗക്ഷേമവും തന്ന് ആ ജഗദീശ്വരൻ ജീവിതം ധന്യമാക്കുന്നതാണ്. പ്രഹ്ലാദൻ തുടർന്നു:

152. നമേഭോഗസ്ഥിതൗവാഞ്ഛാനമേഭോഗവിവർജനേ
യദായാതിതദായതുയത്പ്രയാതിപ്രയാതുതത്.

എനിക്കു ലോകഭോഗങ്ങൾ വേണമെന്നില്ല; ലോകഭോഗങ്ങൾ വേണ്ടെന്നുമില്ല. വരുന്നതു വരട്ടെ; പോകുന്നതുപോകട്ടെ. ഇത്രയും കാലം അജ്ഞാനമാകുന്ന ശത്രു എന്നെ ആക്രമിച്ചു കീഴടക്കിയിരുന്നു. എന്റെ സർവസ്വവുമായ വിവേകസമ്പത്തിനെ അപഹരിച്ചിട്ട് മറ്റാരുമറിയാതെ എന്നെ കഠിനമായി ഉപദ്രവിച്ചു. ഞാനിന്നിതാ മനസ്സുകൊണ്ട് മനസ്സിനെ മുറിച്ചുതള്ളിയിരിക്കുന്നു. അഹങ്കാരം എങ്ങോ ഓടി ഒളിച്ചിരിക്കുന്നു. ബ്രഹ്മഭാവനകൊണ്ടു വിഷയഭാവനയെ പൂർണമായും അകറ്റിയിരിക്കുന്നു. ഞാനിതാ എന്നിൽ ഞാൻ മാത്രമായി സ്വസ്ഥനായി സ്ഥിതി ചെയ്യുന്നു. സംസാരവാസനയൊക്കെ മാറി,

digitized by www.sreyas.in

അഹംകാരമില്ല, മനസ്സില്ല, ആഗ്രഹമൊന്നുമില്ല; ശുദ്ധവും അചഞ്ചലവുമായ ബോധത്തിൽ എന്റെ ശരീരം അതിലാഘവത്തോടെ സ്ഥിതിചെയ്യുന്നു. തൃഷ്ണയാകുന്ന കയറു മുറിച്ചുകളഞ്ഞിട്ട് ശരീരമാകുന്ന കൂട്ടിൽ നിന്നും ദുരഹങ്കാരമാകുന്ന പക്ഷി ഉയർന്നു പറന്ന് എങ്ങോ പോയി മറഞ്ഞു.

153. വിദ്യമാനാപിവസ്തുശ്രീർനസ്ഥിതാത്വയിനസ്ഥിരേ
വനിതാരൂപലാവണ്യസത്തേവഗതചക്ഷുഷഃ

വസ്തുശ്രീഃവിദ്യമാനാഅപി-വിഷയങ്ങളും അവയുടെ പ്രലോഭനവും പുറമേ ഉണ്ടെങ്കിൽപോലും; ത്വയിനസ്ഥിരേ-ബോധരൂപനായ അങ്ങ് അവയുടെ പിന്നിൽ തുടർന്നില്ലെങ്കിൽ; നസ്ഥിതാ-അവയൊന്നും ഇല്ലതന്നെ; ഗതചക്ഷുഷഃ-കണ്ണുകാണാൻ വയ്യാത്തവന്; വനിതാരൂപലാവണ്യസത്താ ഇവ-യുവതിയായ സുന്ദരിയുടെ രൂപലാവണ്യാനുഭവമെന്നപോലെ.

വിഷയങ്ങളും അവയുടെ പ്രലോഭനവും പുറമേയുണ്ടെങ്കിൽ പോലും ബോധരൂപനായ അങ്ങ് അവയുടെ പിന്നിൽ തുടർന്നില്ലെങ്കിൽ അവയൊന്നും ഇല്ലതന്നെ. കണ്ണുകാണാൻവയ്യാത്തവന് യുവതിയായ സുന്ദരിയുടെ രൂപലാവണ്യാനുഭവമെന്നപോലെ.

### നസ്ഥിതാത്വയിനസ്ഥിരേ

ബോധരൂപമായ സത്യം പുറകിലില്ലെങ്കിൽ വിഷയങ്ങളും അവയുടെ പ്രലോഭനവും ഇല്ല തന്നെ. സുന്ദരിയായ ഒരു യുവതി മുന്നിൽനിന്നാൽ പോലും കുരുടന് ആ സൗന്ദര്യം ഇല്ല തന്നെ. വിഷയങ്ങളും അവയുടെ പ്രലോഭനവും ബോധസത്യത്തിലെ വെറും നിഴലുകൾമാത്രം. ആ നിഴലുകൾ മാറിയാൽ ബോധം സ്വയം ആനന്ദരൂപമായി സ്പഷ്ടമായി തെളിയും. ഈ അറിവും അനുഭവവും ലോകവ്യവഹാരത്തിന് ഒരിക്കലും തടസ്സമല്ല. നേരേമറിച്ച് ഈ അറിവിന്റെ പശ്ചാത്തലത്തിൽ ലോകവ്യവഹാരത്തിലേർപ്പെടുന്ന ഒരു ജ്ഞാനിക്ക് അഭിനയം ഒരു നടനെന്നപോലെ വ്യവഹാരം അത്യന്തം സുഖാവഹമായിരിക്കും; സമർഥവുമായിരിക്കും.

പ്രഹ്ലാദൻ ആത്മസ്തുതി തുടർന്നു: 'പ്രപഞ്ചമെന്ന ഭൈരവാകാരം കൈക്കൊണ്ടുനിൽക്കുന്ന ഭഗവൻ, ജയിച്ചാലും; ശാന്തമായ സ്വരൂപത്തോടു കൂടിയ ഭഗവൻ, ജയിച്ചാലും. ശ്രുതിസ്മൃതികൾക്കൊന്നും പിടികിട്ടാത്ത ഭഗവൻ, ജയിച്ചാലും. എല്ലാ ശ്രുതികൾക്കും സ്മൃതികൾക്കും ആശ്രയമായ ഭഗവൻ, ജയിച്ചാലും. ജനിച്ച ഭഗവൻ, ജയിച്ചാലും; ജനിക്കാത്ത ഭഗവൻ, ജയിച്ചാലും. വേർപെട്ടു വേർപെട്ടു കാണുന്ന ഭഗവൻ, ജയിച്ചാലും. വേർപെടാതെ അഖണ്ഡമായി സ്ഥിതി ചെയ്യുന്ന ഭഗവൻ, ജയിച്ചാലും. ഉണ്മയായ ഭഗവൻ, ജയിച്ചാലും; ഇല്ലായ്മയായ ഭഗവൻ ജയിച്ചാലും. ജയരൂപനായ ഭഗവൻ, ജയിച്ചാലും; പരാജയരൂപനായ ഭഗവൻ ജയിച്ചാലും; എല്ലാമെല്ലാമായി വർത്തിക്കുന്ന ഭഗവൻ ജയിച്ചാലും.

വസിഷ്ഠൻ തുടർന്നു: 'രാമാ, ഇങ്ങനെ ചിന്തിച്ചു ചിന്തിച്ച് ശത്രുസംഹർത്താവായ പ്രഹ്ലാദൻ നിർവികൽപസമാധിയിലാണ്ടു; ബ്രഹ്മാനന്ദസമുദ്രത്തിൽ അലിഞ്ഞുചേർന്നു. നിർവികൽപ്പാവസ്ഥയിൽ ചിത്രത്തിലെഴുതിയപോലെ നിശ്ചലനായി നിലകൊണ്ടു. അങ്ങനെ അയ്യായിരം കൊല്ലം തോളുയർത്തിപ്പിടിച്ച് ഏകദൃഷ്ടിയായി സ്ഥിതിചെയ്തു. ഇത്രയും കാലം കൊണ്ട്

digitized by www.sreyas.in

അസുരസാമ്രാജ്യമായ പാതാളം തികച്ചും അരാജകാവസ്ഥയിലെത്തിച്ചേർന്നു. വലിയ മീനുകൾ ചെറിയ മീനുകളെ വിഴുങ്ങി ജീവിക്കുന്ന മത്സ്യന്യായം ആ നാടിനെ ആകെ താറുമാറാക്കി. ദേവാസുരസമ്മിശ്രമായ ജഗത്തിന്റെ പാലനക്രമത്തിനു ഭംഗം വന്നേക്കുമോ എന്നു പാലാഴിയിൽ പള്ളികൊള്ളുന്ന ദേവനു സംശയമായി. ആ അനന്തശായിയുടെ ചിത്തം വ്യാകുലപ്പെട്ടു. ത്രൈലോക്യപദ്മത്തിനു ദിനകരനായി വിളങ്ങുന്ന ഭഗവാൻ ഇങ്ങനെ ചിന്തിച്ചു: 'പാതാളത്തിൽ പ്രഹ്ലാദൻ ബ്രഹ്മപദത്തിൽ വിശ്രമം തേടിയതോടെ സൃഷ്ടി മിക്കവാറും അസുരരില്ലാത്തതായി മാറിയിരിക്കുന്നു. അസുരന്മാരുടെ അഭാവത്തിൽ ആരെയും ജയിക്കാനില്ലാതെ ദേവന്മാർ വിഷമിക്കുന്നു. ഇങ്ങനെയായാൽ ദേവന്മാർ പൂർണശാന്തിസ്ഥാനമായ മോക്ഷപദത്തിൽ ക്രമേണ വിലയം പ്രാപിച്ചവരായിത്തീരും. ദേവന്മാർക്കെല്ലാം മോക്ഷം കിട്ടിപ്പോയാൽ ഭൂമിയിൽ യജ്ഞതപഃ ക്രിയകൾക്കൊന്നും പ്രയോജനമില്ലാതാകും. ക്രമേണ ഭൂമിവാസികളും പൂർണശമം കൈവരിച്ചേക്കും; സംശയമേ ഇല്ല. അങ്ങനെ ഭൂലോകം തന്നെ ഇല്ലാതായെന്നുവരും. അങ്ങനെ വന്നാലോ? സംസാരഗതിതന്നെ തടസ്സപ്പെടും. പിന്നെ എന്റെ സ്ഥിതിയെന്താകും? ചന്ദ്രാർക്കതാരകങ്ങളൊന്നുമില്ലാത്ത ഈ ശൂന്യനഭസ്സിൽ ചിത്തത്തിന്റെ പൂർണമായ ഉപശമത്തോടുകൂടി ഞാനും ബ്രഹ്മപദത്തിൽ അടങ്ങിഒതുങ്ങി കഴിയേണ്ടിവരും. ഇങ്ങനെ അനവസരത്തിൽ ഈ ജഗത്പ്രവർത്തനം നിന്നുപോയാൽ അതത്ര നല്ലതാണെന്നു ഞാൻ കരുതുന്നില്ല. അതുകൊണ്ട് അസുരന്മാർ ഉയർത്തെഴുന്നേൽക്കട്ടെ. അസുരന്മാർ മുന്നിട്ടിറങ്ങിയാൽ ദേവന്മാരും ഒരുങ്ങിപ്പുറപ്പെടും. ഭൂമിയിൽ യജ്ഞതപഃക്രിയകളും അഭംഗുരം തുടരാൻ ഇടവരും. ഇതാണു സംസാരക്രമം; ഇതിനു വിപരീതം എന്തായാലും ഇപ്പോൾ വേണ്ട. കൽപ്പാവസാനം വരെ എനിക്കും ഈ ദേഹത്തോടുകൂടി ഇങ്ങനെ കഴിയണം; അതാണു നിയതിയുടെ നിശ്ചയം; അതിനുഭംഗം വന്നുകൂട. ഇങ്ങനെ ചിന്തിച്ചു സർവാത്മാവായ ഭഗവാൻ പാലാഴിയിൽ നിന്നുനേരേ പുറപ്പെട്ടു പ്രഹ്ലാദപുരിയിലെത്തി മണിമാളികയിലേക്കു കടന്നു. ഗരുഡോപരി ആരൂഢനായി, ചാമരം കൊണ്ടു ലക്ഷ്മീദേവിയാൽ വീശപ്പെടുന്നവനായി, ശംഖചക്രഗദാപങ്കജധാരിയായി, ദേവർഷിമാരാൽ അഭിവന്ദിതനായി, മുനിമാരാൽ പൂജിതനായി അവിടെയെത്തി. 'മഹാത്മാവേ ഉണരൂ, ഉണരൂ' എന്നിങ്ങനെ ഉറക്കെവിളിച്ചു പറഞ്ഞു. ദിഗന്തങ്ങളെ മാറ്റൊലിക്കൊള്ളിപ്പിച്ചുകൊണ്ട് പാഞ്ചജന്യശംഖം മുഴക്കി. വിഷ്ണുവിന്റെ പ്രാണവായുവിൽ നിന്നും പുറപ്പെട്ട ആ വലിയ ശബ്ദഘോഷം കേട്ട് ദാനവചക്രവർത്തി പതുക്കെപ്പതുക്കെ കണ്ണുമിഴിച്ചുണരാൻ തുടങ്ങി. ബ്രഹ്മരന്ധ്രത്തിൽ നിന്നും ചലിച്ചുയർന്ന പ്രാണശക്തി നാലുവശത്തേക്കും വ്യാപിച്ചു നാഡികൾ വഴിസാവകാശം പ്രഹ്ലാദനെ കീഴടക്കി. വായുപ്രാണരന്ധ്രങ്ങളിൽ കൂടി ഇന്ദ്രിയമുഖങ്ങളിലെത്തി ചലിക്കാൻ തുടങ്ങിയതോടെ പ്രഹ്ലാദാന്തർഗതമായ ബോധം പ്രാണദർപണത്തിൽ പ്രതിബിംബിച്ചു സങ്കൽപ്പോന്മുഖമായി ഭവിച്ചു. ദൃശ്യങ്ങളെ അഭിമുഖീകരിച്ചു സങ്കൽപ്പങ്ങളെ അംഗീകരിച്ച ബോധം ക്രമേണ മനസ്സിന്റെ രൂപം കൈക്കൊണ്ടു. കണ്ണാടിയിൽ പ്രതിബിംബിച്ചു മുഖം രണ്ടു മുഖമുണ്ടെന്ന തോന്നലുളവാക്കുന്നതുപോലെ. ദൃശ്യചിത്രം ഏതാണ്ടു തെളിഞ്ഞതോടെ അറ്റങ്ങൾ നീലിച്ച കരിംകൂവളസുമങ്ങൾ പോലെ പ്രഹ്ലാദന്റെ

digitized by www.sreyas.in

കണ്ണുകൾ വികസിതങ്ങളായി. പ്രാണാപാനന്മാർ നാഡികളിൽ പ്രവർത്തിക്കാനാരംഭിച്ചതോടെ പ്രഹ്ലാദൻ ബോധപൂർവമായ ശ്വാസോച്ഛ്വാസ ഗതിയും തുടർന്നു. കാറ്റുതട്ടി ഇളകുന്ന താമരപോലെ മുഖത്തിൽ ചലനത്തിന്റെ ആവിർഭാവമുണ്ടായി. ക്ഷണനേരംകൊണ്ടു മനസ്സ് തടിച്ചു വികസിച്ചു. തുടർന്നു ദേഹം വിടർന്ന കണ്ണുകളോടും പെരുകിയ മനസ്സോടും ചലിക്കുന്ന ഇന്ദ്രിയങ്ങളോടും കൂടിയതായിത്തീർന്നു. തുറന്ന കണ്ണുകളോടും പെരുകിയ മനസ്സോടും വിഷ്ണു ദേവനെനോക്കി. ത്രിലോകേശനായ ദേവൻ മേഘം മയിലിനോടെന്നവണ്ണം പ്രഹ്ലാദനോടിങ്ങനെ പറഞ്ഞു: 'സത്യദർശിയായ പ്രഹ്ലാദാ, ആസുരപ്രഭാവമുൾക്കൊള്ളുന്ന സ്വന്തം ഐശ്വര്യത്തെക്കുറിച്ചോർമിക്കൂ; ദേഹത്തെക്കുറിച്ചോർമിക്കൂ. അനവസരത്തിൽ നീയെന്തിനാണീ ദേഹം ത്യജിക്കാനൊരുമ്പെടുന്നത്. ശരീരത്തെ മുൻനിറുത്തിയുള്ള രാഗദ്വേഷ സങ്കൽപ്പങ്ങളൊന്നും നിനക്കില്ലല്ലോ; ഒന്നും വേണമെന്നോ വേണ്ടെന്നോ ഇല്ല. ഉണ്ടെന്നോ ഇല്ലെന്നോ കരുതി നീ വ്യാകുലപ്പെടുന്നില്ല; പിന്നെ നിനക്കെന്താണനർഥം. സത്യം നിശ്ചയിച്ചുറച്ച് എഴുന്നേൽക്കൂ. ജീവന്മുക്തനായി വർത്തിച്ചുകൊണ്ടു രാജ്യഭാരം തുടരൂ. കൽപാന്തത്തോളം ഈ ശരീരം രാജാവായിതന്നെ തുടരട്ടെ. പ്രളയാദിത്യന്മാർ പന്ത്രണ്ടുപേർ ഉദിച്ചുകഴിഞ്ഞിട്ടില്ലല്ലോ. പർവതങ്ങളൊന്നും പൊടിഞ്ഞു തകർന്നിട്ടില്ലല്ലോ, ദിഗന്തങ്ങളിൽ പ്രളയാഗ്നി പടർന്നു പിടിച്ചിട്ടില്ലല്ലോ. എന്തിനാണുപിന്നെ വെറുതെ ഈ ശരീരം ഉപേക്ഷിക്കുന്നത്.

154. കൃശോ$f$തിദുഃഖീമൂഢോ$f$ഹമേതാശ്ചാന്യാശ്ചഭാവനാഃ
മതിംയസ്യാവലുമ്പന്തി മരണംതസ്യരാജതേ

അഹംകൃശഃ-ഞാൻ അതിനിസ്സാരനാണ്; ദുഃഖീമൂഢഃ-ദുഃഖിയും മൂഢനുമാണ്; ഏതാഃഅന്യാഃചഭാവനാഃ-ഇവയും ഇതുപോലുള്ള മറ്റു ഭാവനകളും; യസ്യ മതിം അവലുമ്പന്തി-ആരുടെ ബുദ്ധിയെ കടന്നു പിടികൂടിയിട്ടുണ്ടോ; തസ്യമരണം രാജതേ-അയാൾക്കുമരണം ഹിതകരമാണെന്നു കരുതാം.

ഞാൻ അതിനിസ്സാരനാണ്. ദുഃഖിയും മൂഢനുമാണ്; ഇവയും ഇതുപോലുള്ള മറ്റുഭാവനകളും ആരുടെ ബുദ്ധിയെ കടന്നുപിടികൂടിയിട്ടുണ്ടോ അയാൾക്കു മരണം ഹിതകരമാണെന്നു കരുതാം.

**മരണം തസ്യരാജതേ**

കളി നേരേ അഭ്യസിച്ചിട്ടില്ലാത്ത ഒരു നടൻ കഥാപാത്രമായി വേഷംകെട്ടിയാൽ ഇടയ്ക്കുവച്ചു വേഷമഴിച്ചു കളയുന്നതു നടനും കാഴ്ചക്കാർക്കും ഹിതകരമായിരിക്കും. കളിയറിയാത്ത അജ്ഞന്മാരാണ് സംസാരനാടകത്തെ ഇപ്രകാരം അലങ്കോലപ്പെടുത്തുന്നത്. ഇതൊരു നാടകമാണെന്നറിയാതെ താനതിനിസ്സാരനാണെന്നും പലതും എന്റേതെന്നു തെറ്റിദ്ധരിച്ചു അതിദുഃഖിയാണെന്നുമൊക്കെ അയാൾ സ്വയംഭാവന ചെയ്യുന്നു. അതുനിമിത്തം എവിടെ എങ്ങനെ അഭിനയിക്കണമെന്നയാൾക്കൊരു നിശ്ചയവുമില്ല. അഭിനയം പാളിപ്പോകുന്നതോടെ രംഗമാകെ തകരാറിലുമാകുന്നു. ഒരു ജ്ഞാനി ലോകത്തെങ്ങനെ വിഹരിക്കുമെന്നു വസിഷ്ഠൻ തന്നെ നേരത്തേ രാമനു വിസ്തരിച്ചു വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടല്ലോ. ദേഹമെന്ന വേഷമുള്ളിടത്തോളം ഈ സംസാരനാടകത്തിൽ സ്വയം സുഖിച്ചും ലോകരെ സുഖി

digitized by www.sreyas.in

പ്പിച്ചും ഒരു ജ്ഞാനിക്കഭിനയിക്കാൻ ഒരു പ്രയാസവുമില്ല. അങ്ങനെയുള്ള ജ്ഞാനി അകാലത്തിൽ ദേഹമുപേക്ഷിക്കേണ്ട കാര്യമേയില്ല.

ഭഗവാൻ തുടർന്നു: 'സത്യ നിശ്ചയം വരാത്ത മനസ്സുമായി ആരാണോ ആശാപാശബദ്ധനായി സദാ അങ്ങുമിങ്ങും തെണ്ടിത്തിരിയുന്നത് അയാൾക്കു മരണം ഹിതകരമാണെന്നു കരുതാം.'

155. യസ്യനാഹം കൃതോഭാവോ ബുദ്ധിര്യസ്യനലിപ്യതേ
യഃസമഃ സർവഭൂതേഷു ജീവിതം തസ്യശോഭതേ.

ആർക്കാണോ ഞാനെന്ന ഭാവമില്ലാത്തത്, ആരുടെ ബുദ്ധിയാണോ കർമ ഫലങ്ങളിൽ ഒട്ടിപ്പിടിക്കാത്തത്; ആരാണോ എല്ലാ പ്രപഞ്ചഘടകങ്ങളിലും ഒരേ സത്യത്തെത്തന്നെ കാണുന്നത് അയാൾ ജീവിച്ചിരിക്കുന്നത് അയാൾക്കും ലോകത്തിനും ആനന്ദത്തിനു വഴിയൊരുക്കുന്നു.

156. യോ/ന്തഃശീതളയാബുദ്ധ്യാരാഗദ്വേഷ വിമുക്തയാ
സാക്ഷിവൽപ്പശ്യതീദംഹി ജീവിതംതസ്യശോഭതേ.

യഃ-ആരാണോ; രാഗദ്വേഷവിമുക്തയാ-രാഗദ്വേഷങ്ങൾ ഒഴിഞ്ഞുമാറി; അന്തഃ ശീതളയാബുദ്ധ്യാ-അകമേ ശാന്തശീതളമായ ബുദ്ധിയോടുകൂടി; ഇദംസാക്ഷിവൽപ്പശ്യതി-ഈ ജഗത്തിനെ സാക്ഷിഭാവത്തിൽ നോക്കികാണുന്നത്; തസ്യജീവിതം ശോഭതേഹി-അയാളുടെ ജീവിതം തനിക്കും മറ്റുള്ളവർക്കും അതിരറ്റ ആനന്ദം പ്രദാനം ചെയ്യുന്നു എന്നു തീർച്ച.

ആരാണോ രാഗദ്വേഷങ്ങൾ ഒഴിഞ്ഞുമാറി അകമേ ശാന്തശീതളമായ ബുദ്ധിയോടുകൂടി ഈ ജഗത്തിനെ സാക്ഷിഭാവത്തിൽ നോക്കിക്കാണുന്നത് അയാളുടെ ജീവിതം തനിക്കും മറ്റുള്ളവർക്കും അതിരറ്റ ആനന്ദത്തിനു വഴിയൊരുക്കുക തന്നെ ചെയ്യുന്നു.

**ജീവിതംതസ്യശോഭതേ**

ലോകകാര്യങ്ങളിൽ ഏർപ്പെടുന്നുണ്ടോ ഇല്ലയോ എന്നുള്ളതല്ല അജ്ഞതയ്ക്കും ദുഃഖത്തിനും കാരണം. മനസ്സിന്റെ രാഗദ്വേഷങ്ങളാണു ദുഃഖത്തിനുകാരണം. സത്യമറിഞ്ഞു മനസ്സിനെ രാഗദ്വേഷവിമുക്തമാക്കുക. എന്നിട്ട് ഈ ജഗത്തിനെ സാക്ഷിഭാവത്തിൽ കണ്ടുകൊണ്ടു ഒരുകുറവും വരുത്താതെ ലോകകാര്യങ്ങൾ നടത്തുക. ആത്മാവിന്റെ സാക്ഷിഭാവം അറുപത്തഞ്ചാം പദ്യം നോക്കിയറിയുക. സാക്ഷിഭാവത്തിൽ രാഗദ്വേഷങ്ങളില്ലാതെ ലോകവിഷയങ്ങളിൽ വ്യാപരിക്കുന്നയാളിന്റെ മനസ്സ് അതിവേഗം പ്രസന്നമായിത്തീരുന്നു. ഈ പ്രസന്നത തന്നെയാണ് അന്തഃശീതളത. നിരപേക്ഷമായ ഈ അന്തഃശീതളത ആത്മസമാധ്യനുഭവത്തിന്റെ ആരംഭമായിട്ടാണു സത്യദർശികൾ കണക്കാക്കുന്നത്. പ്രസന്നചിത്തന് ലോകം മുഴുവൻ സുഹൃത്തായി ഭവിക്കുന്നു. മുക്തി പ്രസന്നചിത്തന്റെ ഉള്ളം കൈയിൽ സ്ഥിതിചെയ്യുന്നു. പ്രസന്നചിത്തനെ സത്യബുദ്ധി സദാ ചുറ്റും നൃത്തം ചെയ്തുനിന്നുകൊണ്ടു നയിക്കുന്നു. സർവദുഃഖങ്ങളും അവനെ വിട്ടകന്നുപോകുന്നു.

157. യേനസമ്യക് പരിജ്ഞായ ഹേയോപാദേയമുക്തതാഃ
ചിത്തസ്യാന്തേ/ർപിതം ചിത്തം ജീവിതം തസ്യശോഭതേ.

യേന-ആരാണോ; ഹേയോപാദേയമുക്തതാഃ-വേണ്ടാത്തതെന്ത്, വേണ്ടതെന്ത്, മുക്തിയെന്ത് എന്നൊക്കെ വ്യക്തമായി ധരിച്ച്; ചിത്തസ്യ

digitized by www.sreyas.in

അന്തേ-ചിത്തം വിലയം പ്രാപിക്കുന്ന ഇടമായ ആത്മാവിൽ; ചിത്തം അർപിതം-ചിത്തമുറപ്പിച്ചു കഴിഞ്ഞുകൂടുന്നത്; തസ്യജീവിതം ശോഭതേ- അയാളുടെ ജീവിതം തനിക്കും മറ്റുള്ളവർക്കും അതിരറ്റ ആനന്ദത്തിനു വഴിയൊരുക്കുന്നു.

ആരാണോ വേണ്ടതെന്ത്, വേണ്ടാത്തതെന്ത്, മുക്തിയെന്ത് എന്നൊക്കെ വ്യക്തമായി ധരിച്ചു ചിത്തം വിലയം പ്രാപിക്കുന്ന ഇടമായ ആത്മാവിൽ ചിത്തമുറപ്പിച്ചു കഴിഞ്ഞുകൂടുന്നത് അയാളുടെ ജീവിതം തനിക്കും മറ്റുള്ള വർക്കും അതിരറ്റ ആനന്ദത്തിനു വഴിയൊരുക്കുന്നു.

**ജീവിതം തസ്യശോഭതേ**

ആത്മാനുഭവം നേടിയ വ്യക്തിയുടെ ജീവിതം തനിക്കും മറ്റുള്ളവർക്കും ആനന്ദത്തിനു വഴിയൊരുക്കുന്നു. അതെങ്ങനെ? ആത്മാനുഭവം നേടിയ ആളിന്റെ ചിത്തം ആത്മാവിൽതന്നെ ഉറച്ചുനിൽക്കുന്നു; അതായത് ആ ചിത്തം സദാസർവത്ര ബോധരൂപനായ ആത്മാവിനെത്തന്നെകാണുന്നു. അതോടെ വേണ്ടതും വേണ്ടാത്തതും മുക്തിയും വ്യക്തമായി തെളിയുന്നു. എങ്ങനെ? എന്തെങ്കിലും വേണമെന്നോ വേണ്ടെന്നോ നിർബന്ധമില്ലായ്മ യാണു മുക്തി എന്നു നല്ലവണ്ണം തെളിയുന്നു. തുടർന്നു രാഗദ്വേഷങ്ങളി ല്ലാതെ അന്തഃശീതളതയോടെ ലോകകാര്യങ്ങളിലേർപ്പെടുന്നു. അദ്ദേഹം തന്നെയും മറ്റുള്ളവരെയും സുഖിപ്പിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ഭഗവാൻ തുടർന്നു: 'രാഗദ്വേഷങ്ങൾ വിട്ടുപോകുന്നയാളിന്റെ, ചിത്തം ആത്മാവിൽ വിലയിച്ചു, ഉള്ളിൽ അതിരറ്റ ആത്മാനന്ദം തെളിയാനിടവരുന്നു. ഈ ശാന്തിസ്ഥിരമാകുന്നതുതന്നെയാണു മോക്ഷം. അതുകൊണ്ടു അല്ലയോ അസുരാധിപതേ, എഴുന്നേൽക്കൂ; സിംഹാസനാരൂഢനാകൂ. പ്രഹ്ലാദാ, അങ്ങയെ അഭിഷേകം ചെയ്തിട്ടേ ഞാനിവിടെനിന്നു പോകുന്നുള്ളൂ.' പാഞ്ച ജന്യശംഖത്തിന്റെ മുഴക്കം കേട്ട് അനേകം സിദ്ധന്മാരും സാദ്ധ്യന്മാരും ദേവ ന്മാരുമൊക്കെ ഇവിടെ കൂടിയിട്ടുണ്ട്. അവരെല്ലാം നിനക്കു മംഗളമാശംസിക്കും. ഭഗവാന്റെ നിർദേശമനുസരിച്ചു പാലാഴി തുടങ്ങിയ മഹാസമുദ്രങ്ങളിൽ നിന്നും ഗംഗ തുടങ്ങിയ ദിവ്യനദികളിൽ നിന്നും തീർഥജലങ്ങളെത്തിച്ചേർന്നു. ദേവന്മാരും അസുരന്മാരും പ്രഹ്ലാദനെ സ്തുതിച്ചു; പ്രഹ്ലാദൻ ദേവന്മാരെയും അസുരന്മാരെയും സ്തുതിച്ചു. സ്തുതിഘോഷങ്ങൾക്കിടയിൽ ദേവന്മാരും അസുരന്മാരും ചേർന്നു പ്രഹ്ലാദനെ ചക്രവർത്തിയായി അഭിഷേകം ചെയ്തു. അഭിഷിക്തനായ പ്രഹ്ലാദനോടു ഭഗവാൻ അരുളിച്ചെയ്തു: 'ജീവന്മുക്തനായ പ്രഹ്ലാദാ, എന്നുവരെ മേരുപർവതം നിലനിൽക്കുമോ, ഭൂമി എന്നുവരെ നില നിൽക്കുമോ, ചന്ദ്രസൂര്യമണ്ഡലങ്ങൾ എന്നുവരെ നിലനിൽക്കുമോ അന്നുവരെ കുറവൊന്നും വരാതെ ഗുണമഹിമയോടുകൂടിയ ചക്രവർത്തിയായി വാഴുക!'

വസിഷ്ഠൻ തുടർന്നു: 'രാമാ, ഇത്രയും പറഞ്ഞ് പുണ്ഡരീകാക്ഷനായ ഭഗവാൻ അനുചരന്മാരോടുകൂടി രണ്ടാമത്തെ ലോകസംഹാരമെന്നപോലെ അപ്രത്യക്ഷനായി.'

രാമൻ ചോദിച്ചു: 'ഭഗവൻ ഒരു സംശയം; പ്രഹ്ലാദന്റെ മനസ്സ് നിർവികൽപ്പ സമാധിയിൽ പൂർണമായും ബ്രഹ്മപദത്തിലെത്തി ഏകീഭവിച്ചതല്ലേ. അതു പിന്നെ പാഞ്ചജന്യധ്വനികേട്ടു വീണ്ടും ഉണർന്നതെങ്ങനെ?'

digitized by www.sreyas.in

158. ഭ്രഷ്ടബീജോപമാ ഭൂയോജന്മാംകുരവിവർജിതാ
ഹൃദിജീവദ്വിമുക്താനാം ശുദ്ധാവസതി വാസനാ.

എത്ര നിർവികൽപ്പസമാധിയിൽ ലയിച്ചാലും പ്രാരബ്ധം ഒടുങ്ങുന്നതു വരെ ജീവന്മുക്തന്റെ ഉള്ളിൽ പ്രാരബ്ധക്ഷയത്തിനായുള്ള ശുദ്ധവാസന ബാക്കി നിൽക്കും. അതു വറുത്തവിത്തുപോലെയാണ്. തൽക്കാലദേഹ ത്തിന്റെ പ്രാരബ്ധം ക്ഷയിപ്പിക്കുമെന്നല്ലാതെ വീണ്ടും ജന്മത്തിനു കാരണ മായിഭവിക്കുന്നില്ല. എന്തുകൊണ്ട്:

159. പാവനീപരമോദാരാശുദ്ധസത്ത്വാനുപാതിനീ
ആത്മധ്യാനമയീനിത്യം സുഷുപ്തസ്ഥേവതിഷ്ഠതി.

ആ വാസന പരമപവിത്രയാണ്, സത്യം വ്യക്തമായി ഉൾക്കൊള്ളുന്ന താണ്, കർമരംഗത്തു ശുദ്ധസത്ത്വഗുണത്തെ മാത്രം പിൻതുടരുന്നതാണ്, വിട്ടുപോകാതെ ആത്മാനുസന്ധാനം തുടരുന്നതാണ്, ഗാഢനിദ്രയിലെന്ന പോലെ അവ്യക്തമാണ്.

160. അപിവർഷസഹസ്രാന്തേതയൈവാന്തരവസ്ഥയാ
സതിദേഹേപ്രബുദ്ധ്യന്തേ കുതോ$f$ത്യുച്ഛൂനയാതയാ.

വർഷസഹസ്രാന്തേ അപി-പ്രാരബ്ധം ബാക്കിയുണ്ടെങ്കിൽ ആയിരം വർഷം നിർവികൽപ്പസമാധിയിൽ കഴിഞ്ഞാലും; ദേഹേസതി-പ്രാരബ്ധ ദേഹവുമായി; കുതഃഅത്യുച്ഛൂനയാതയാ-എവിടെനിന്നോ വീണ്ടുംമനോരൂ പത്തിൽപെരുകുന്ന ആ വാസനയുമായി; തയാ ഏവ അന്തരവസ്ഥയാ - ആ അന്തഃകരണാവസ്ഥയോടുകൂടിത്തന്നെ; പ്രബുദ്ധ്യന്തേ-ഉണർന്നുവരാൻ ഇടയാകുന്നു.

പ്രാരബ്ധം ബാക്കിയുണ്ടെങ്കിൽ ആയിരം വർഷം നിർവികൽപ്പസമാധി യിൽ കഴിഞ്ഞാലും പ്രാരബ്ധദേഹവുമായി എവിടെനിന്നോ വീണ്ടും മനോ രൂപത്തിൽ പെരുകുന്ന ആ വാസനയുമായി ആ അന്തഃകരണാവസ്ഥയോടു കൂടിത്തന്നെ ഉണർന്നുവരാനിടയാകുന്നു.

**തയൈവന്തരവസ്ഥയാ പ്രബുദ്ധ്യന്തേ**

നിർവികൽപ്പസമാധിയല്ല സത്യാനുഭവത്തിന്റെ ചരമസീമ. തൽക്കാലശ രീരം ഏതേതുകർമങ്ങൾ ചെയ്തുതീർക്കാനായി രൂപം കൊണ്ടുവോ അവ ജ്ഞാനദാർഢ്യത്തോടുകൂടി ചെയ്തുതീർത്തു പ്രാരബ്ധവാസന പൂർണ മായും ക്ഷയിപ്പിക്കലാണു സത്യാനുഭവത്തിന്റെ ചരമസീമ. വാസനാമയങ്ങ ളായ തൽക്കാല സങ്കൽപ്പങ്ങളെ ബലാൽ നിരോധിച്ചിട്ടാണു ഒരു യോഗി നിർവികൽപ്പസമാധിയിൽ മുഴുകുന്നത്. എത്രകാലം നിർവികൽപ്പസമാധി യിൽ കഴിഞ്ഞിട്ട് ഉണർന്നു വന്നാലും ബലാൽ നിരോധിച്ചു നിർത്തിയിരുന്ന പ്രാരബ്ധവാസന ഉണർന്നു വരുമ്പോൾ വീണ്ടും മനോരൂപം കൈക്കൊണ്ടു പ്രത്യക്ഷപ്പെടും. ഒരു യോഗി സർവം ബ്രഹ്മമയമെന്നുറപ്പിച്ചുകൊണ്ട് ഭാവി ജന്മങ്ങൾക്കു ഹേതുവാകുന്ന പുതിയ വാസനകളൊന്നും സഞ്ചയിക്കാതെ നിലവിലുള്ളതു കർമം ചെയ്തു ക്ഷയിപ്പിക്കുന്നു. അതു പൂർണമായി ക്ഷയി ക്കുന്നതുവരെ തൽക്കാലശരീരം നിലനിൽക്കും. അങ്ങനെയാണ് മഹാജ്ഞാ നികളിൽ വിവിധരൂപത്തിലുള്ള ലോകസംഗ്രഹപ്രവർത്തനങ്ങൾ അവസാന നിമിഷംവരെ കാണാനിടവരുന്നത്. പ്രാരബ്ധവാസനാക്ഷയം സമാധിപരി

digitized by www.sreyas.in

ശീലനം കൊണ്ടുമാത്രം സാധിക്കാവുന്നതല്ല. ഉണർന്നിരിക്കുമ്പോൾ ലോക സംഗ്രഹരൂപത്തിലുള്ള കർമം ചെയ്തു തന്നെ അതു ക്ഷയിപ്പിക്കണം. പ്രഹ്ലാദനു വീണ്ടും കുറേക്കാലം കൂടി രാജ്യം ഭരിക്കാനുള്ള പ്രാരബ്ധം ബാക്കിയുണ്ടായിരുന്നതുകൊണ്ടാണ് ഉണർന്നുവരാനിടയായത്. ഒരു ജീവന്മുക്തന് ഈ പ്രാരബ്ധക്ഷയം കൂടുതൽ കൂടുതൽ സന്തോഷമല്ലാതെ ഒരിക്കലും സന്താപമുളവാക്കുന്നില്ല. പ്രാരബ്ധക്ഷയം പൂർണമായി, ദേഹംപതിക്കുന്നതോടെ വിദേഹമുക്തി പ്രാപിക്കുകയും ചെയ്യുന്നു. ഇതാണു രാമന്റെ സംശയത്തിനു മറുപടിയായുള്ള വസിഷ്ഠന്റെ പ്രഖ്യാപനം.

*ഇതി ശ്രീ വാൽമീകീയേ മോക്ഷോപായേ ഉപശമ പ്രകരണേ*
*പ്രഹ്ലാദോപാഖ്യാനം നാമ*
*ചതുർഥഃസർഗഃ*

**സർഗം.5**

# ഗാധിവൃത്താന്ത കഥനം

വസിഷ്ഠൻ തുടർന്നു: 'രാമാ, സംസാരരൂപത്തിലുള്ള ഈ മായ അവസാനിക്കുന്നതല്ല. ചിത്തമാണു മായയുടെ പ്രകടരൂപം. ചിത്തജയം കൊണ്ടു മാത്രമേ മായയെ വശത്താക്കാൻ കഴിയൂ. മായാരൂപമായ ഈ ജഗത്തിന്റെ വൈചിത്ര്യം വെളിപ്പെടുത്താനായി ഞാൻ ഒരിതിഹാസം നിന്നെ കേൾപ്പിക്കാം. ശ്രദ്ധിച്ചുകേട്ടോളൂ. ഈ ഭൂതലത്തിൽ കോസലമെന്നു പേരുകേട്ട ഒരു രാജ്യമുണ്ട്. അവിടെ ഒരിക്കൽ ഗുണവാനായ ഒരു ബ്രാഹ്മണൻ പാർത്തിരുന്നു. ഗാധിയെന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. എന്തോ ഒരു കാര്യം മനസ്സിലുറച്ചുതീരുമാനിച്ച് അതുനേടാനദ്ദേഹം ശ്രമം തുടങ്ങി. ബന്ധുക്കളിൽനിന്നൊക്കെയകന്നു തപസ്സുചെയ്യാനായി അദ്ദേഹം വനപ്രദേശത്തെത്തി. ആ ബ്രാഹ്മണശ്രേഷ്ഠൻ താമരകൾ വിടർന്നു വിലസുന്ന മനോഹരമായ ഒരു പൊയ്ക കണ്ടെത്തി. അതിലിറങ്ങി കഴുത്തുവരെ വെള്ളത്തിൽ മുങ്ങിനിന്നുകൊണ്ടു അദ്ദേഹം തപസ്സാരംഭിച്ചു. അങ്ങനെ ജലമഗ്നമായ തപസ്സിൽ എട്ടുമാസം കടന്നുപോയി. ഇതുകണ്ടു കരുണാമയനായ ഹരി അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷനായി. ഭഗവാൻ പറഞ്ഞു: 'ബ്രാഹ്മണശ്രേഷ്ഠാ, വെള്ളത്തിൽ നിന്നു കരയ്ക്കു കയറൂ. ഇഷ്ടമുള്ള വരം ചോദിച്ചോളൂ. ഇഷ്ടമുള്ള വരം നേടാൻ തക്കവണ്ണം അങ്ങയുടെ തപസ്സ് ഫലപാകതയിലെത്തിയിരിക്കുന്നു!'

ഗാധി ചോദിച്ചു: 'അനന്തകോടി പ്രപഞ്ചദൃശ്യങ്ങളെ ഉണ്ടാക്കിക്കാണിക്കുന്ന ഹൃദയമാകുന്ന താമരയിൽ വണ്ടുപോലെ ഒളിഞ്ഞിരിക്കുന്ന ഭഗവാനേ, ജഗത്ത്രയമാകുന്ന താമരയ്ക്കു സരസ്സായിവിളങ്ങുന്നവനേ, വിഷ്ണു ഭഗവാനേ, നമസ്കാരം. പരമാത്മാവായ അങ്ങയുടെ ആശ്ചര്യ രൂപിണിയായ മായയെ കാണാനാഗ്രഹമുണ്ട്; ഈ സംസാരമാകുന്ന അത്ഭുത പ്രതിഭാസത്തെ ഉണ്ടാക്കിക്കാണിക്കുന്ന ആ ദേവിയെ'.

വസിഷ്ഠൻ തുടർന്നു: 'ഇതാ മായയെ നിനക്കു ഞാൻ കാട്ടിത്തരാം;

digitized by www.sreyas.in

കണ്ടിട്ട് അതിനെ ഉപേക്ഷിക്കാനാണാഗ്രഹമെങ്കിൽ ഉപേക്ഷിച്ചോളൂ' എന്നരുളിചെയ്ത് ഭഗവാൻ ഗാധിയുടെ മുൻപിൽ നിന്നും ഇന്ദ്രജാലം പോലെ മറഞ്ഞു. ഭഗവാൻ മറഞ്ഞശേഷം ബ്രാഹ്മണൻ സരസിൽ നിന്നും കരയ്ക്കു കയറി. ഭഗവാന്റെ ദർശനം ലഭിച്ചതോർത്ത് അദ്ദേഹത്തിന്റെ മനസ്സ് അതിയായി ആനന്ദിച്ചു. അക്കാര്യം തന്നെ ചിന്തിച്ചാനന്ദിച്ചുകൊണ്ടു ഭഗവൽപ്പൂജാരതനായി കുറെ ദിവസങ്ങൾ കൂടി ആ വനപ്രദേശത്തു തന്നെ കഴിച്ചുകൂട്ടി. ഒരു ദിവസം അദ്ദേഹം താമരപ്പൂക്കൾ വിടർന്നു ശോഭിക്കുന്ന ആ സരസിൽ ഭഗവദ്‌വചനം ഓർമിച്ചുകൊണ്ടു കുളിക്കാനിറങ്ങി; മാനസസരസ്സിൽ മഹർഷി കുളിക്കാനിറങ്ങുന്നതുപോലെ. വെള്ളത്തിൽ മുങ്ങി അൽപ്പനേരം അങ്ങനെ കഴിച്ചു. മന്ത്രജപധ്യാനനിരതനായി സ്വയം മറന്നു. പെട്ടെന്നു താൻ സ്വന്തം വീട്ടിൽ മരിച്ചുകിടക്കുന്നതായി അദ്ദേഹം കണ്ടു. ശ്വാസോച്ഛ്വാസരൂപമായ പ്രാണാപാനപ്രവാഹമില്ലാതെ ജീവൻ മറഞ്ഞു നിശ്ചലമായിക്കിടക്കുന്ന സ്വന്തം മൃതദേഹം അദ്ദേഹം കണ്ടു. ദുഃഖിതരായ ബന്ധുക്കൾ ചുറ്റും കൂടിയിട്ടുണ്ട്. ഭാര്യ പാദങ്ങളിൽ കെട്ടിപ്പിടിച്ചു കരയുന്നു. അമ്മ നവയൗവനം നിറഞ്ഞു നിൽക്കുന്ന കവിളിൽ ഉമ്മ വച്ചു നിലവിളിക്കുന്നു. ദുഃഖത്തിന്റെ തിരത്തള്ളലിലും വിലാപധ്വനികളിലും പരിസരം മുങ്ങിനിൽക്കവേ ആ മാംസപിണ്ഡം കൊഴുപ്പിന്റെ ചളിപുരണ്ട ചുടുകാട്ടിലേക്കു നയിക്കപ്പെട്ടു. അവിടെ ചിതയിൽ അഗ്നിജ്വലിപ്പിച്ച് അതിനെ ചാമ്പലാക്കുകയും ചെയ്തു. ഗാധിയുടെ ചിത്തം ആധികൊണ്ടുനിറഞ്ഞു. പെട്ടെന്നദ്ദേഹം ഹൂണന്മാരുടെ രാജ്യത്ത് പ്രാന്തപ്രദേശത്തുള്ള ഗ്രാമത്തിൽ താമസക്കാരിയായ ഒരു ചണ്ഡാലിയുടെ ഗർഭത്തിൽ താൻ എത്തിച്ചേർന്നതായി കണ്ടു. ചണ്ഡാലിക്കു ഗർഭം പൂർണമായി; കറുത്തുകൊഴുത്ത ഒരു പുത്രനെ അവൾ പ്രസവിച്ചു. അങ്ങനെ ഗാധി ശ്വപചഗേഹത്തിൽ ചണ്ഡാലന്മാരുടെ വാത്സല്യഭാജനമായ ശിശുവായി വളരാൻ തുടങ്ങി. വർഷം പന്ത്രണ്ടു കഴിഞ്ഞു; വീണ്ടും വളർന്നു; വയസ്സു പതിനാറായി. തടിച്ചു കൊഴുത്ത ശരീരം, ഉയർന്നുറപ്പുവന്ന തോളുകൾ; കൊഴുത്ത കാർമേഘം പോലെ മനോഹരം. പച്ചിലവള്ളിപോലെ സുന്ദരിയായ ഒരു ചണ്ഡാലിയെ അവൻ കാന്തയായും വരിച്ചു. താമരമൊട്ടുകൾ പോലുള്ള മുലകളും പുതിയ തളിരുകൾ പോലുള്ള കൈത്തണ്ടകളും കൊണ്ടു വിരാജിച്ച പ്രിയതമയുമായി ആ ചണ്ഡാലയുവാവ് വള്ളിക്കുടിലുകളിൽ വിശ്രമിച്ചു; ഗിരിഗുഹകളിൽ ഉറങ്ങി പച്ചിലക്കാടുകളിൽ മയങ്ങി, ചെടിക്കൂട്ടങ്ങളുടെയിടയിൽ ആരമിച്ചു. പർവതപ്രാന്തങ്ങളിൽ വച്ച് വംശാങ്കുരങ്ങളായ പുത്രന്മാർക്കു ജന്മം നൽകി. അങ്ങനെ ഭാര്യാപുത്രാദിസമ്പന്നനായി കാലം കഴിച്ചു. യൗവനം ക്ഷയിച്ചു വാർധക്യത്തിലേക്കു കടന്നു. അങ്ങകലെയൊരിടത്ത് മണ്ണും ഇലകളും കൊണ്ടൊരു പർണശാലയുണ്ടാക്കി മുനിയെപ്പോലെ തന്നോടൊപ്പമെത്തിയ ഭാര്യാപുത്രാദികളോടു കൂടി അവിടെ താമസിച്ചു. കാലഗതിവിചിത്രമെന്നേ പറയേണ്ടൂ. കുടുംബാംഗങ്ങളെല്ലാം പല കാരണങ്ങളാലും മരണമടഞ്ഞു. ചണ്ഡാലവൃദ്ധൻ ശോകപരവശനായി വിലപിച്ചു കണ്ണുനീർവാർത്ത് ആ പ്രദേശം വിട്ടു യാത്രയായി. ചിന്താപരവശനായി അനേകം ദേശങ്ങളിൽ ചുറ്റി നടന്നു. ഒരിക്കൽ യാദൃച്ഛികമായി നടന്നു നടന്ന് കീരമണ്ഡലത്തിലെ മനോഹരമായ രാജധാനിയിലെത്തി. സാമന്തന്മാരും സുന്ദരിമാരും നാഗരികന്മാരായ പൗരന്മാരും തിങ്ങി നിറഞ്ഞ ആ രാജധാനി സ്വർഗം പോലെ ദൃഷ്ടിഗോചരമായി. മണിരത്നനിർമിതമായ രാജ

digitized by www.sreyas.in

കവാടം; അതിനുമുൻപിൽ മംഗളചിഹ്നങ്ങളണിഞ്ഞു പർവതം പോലെ ഒരു കൊമ്പനാന തുമ്പിക്കൈയാട്ടി സംസാരം പോലെ ഇളകി നിൽക്കുന്നു. മരിച്ചുപോയ അവിടത്തെ രാജാവിനുപകരം രാജാവായി സ്ഥാനാരോഹണം ചെയ്യിക്കാൻ മറ്റൊരു പുരുഷനെ തേടിനിൽക്കുകയാണ് ആനയും പരിവാരങ്ങളും. ചുറ്റിത്തിരിയുന്ന ചണ്ഡാലനെ കണ്ടഉടൻ കൊമ്പനാന തന്റെ മനോഹരമായ തുമ്പിക്കൈ കൊണ്ട് മേരുപർവതപ്രാന്തത്തിൽ സൂര്യനെ എടുത്തിരുത്തുന്നതുപോലെ തന്റെ കഴുത്തിൽ എടുത്തിരുത്തി. ചണ്ഡാലൻ ആനക്കഴുത്തിൽ ആരൂഢനായതോടെ ചുറ്റുപാടും പെരുമ്പറകൾ മുഴങ്ങി. രാജാവു ജയിക്കട്ടെ ജയിക്കട്ടെ എന്ന ജയശബ്ദം പക്ഷികളുടെ കളകളാരവം പോലെ ദിഗന്തങ്ങളിൽ പ്രതിധ്വനിച്ചു. സുന്ദരിമാർ അയാളെ വസ്ത്രാഭരണങ്ങൾ കൊണ്ടലങ്കരിച്ചു. പ്രജകളെല്ലാം രാജാവെന്നനിലയിൽ അദ്ദേഹത്തെ അടുത്തെത്തിവണങ്ങി. അങ്ങനെ ശ്വപചൻ കീരമണ്ഡലത്തിലെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. കൊട്ടാരത്തിലെ രാജസുന്ദരിമാർ അയാളുടെ പാദസേവയ്ക്കായെത്തി. സാമന്തന്മാർ രാജാവിനെ സേവിച്ചു നിന്നു; എല്ലാദിക്കിലും രാജകൽപ്പന ശ്രദ്ധിക്കപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുള്ളിൽ രാജ്യകാര്യങ്ങളെല്ലാം വേണ്ടപോലെ നിയമബദ്ധങ്ങളായി; മന്ത്രിമാർ രാജശാസനങ്ങൾ കൃത്യമായി നടപ്പാക്കി; ഗവലൻ എന്ന പേരോടുകൂടി ചണ്ഡാലൻ കീരരാജ്യം ഭരിക്കാനും തുടങ്ങി.

സുന്ദരിമാരാൽ പരിസേവിതനായി, മന്ത്രിമണ്ഡലത്താൽ പൂജിതനായി, സാമന്തന്മാരാൽ അഭിവന്ദിതനായി, ഛത്രചാമരശോഭിതനായി ശ്വപചൻ എട്ടു വർഷം അങ്ങനെ കീരമണ്ഡലം ഭരിച്ചു. ഒരു ദിവസം യാദൃച്ഛികമായി അയാൾ രാജചിഹ്നങ്ങളെല്ലാം മാറ്റിവച്ച് സാധാരണവേഷത്തിൽ വെളിയിലുള്ള കൊട്ടാരമുറ്റത്ത് ഉലാത്തുകയായിരുന്നു. അവിടെ അടുക്കലായി ഒരു കൂട്ടം ചണ്ഡാലന്മാർ കൈവിരലുകൾ കൊണ്ടു വീണക്കമ്പികൾ ചലിപ്പിച്ചു രസിക്കുന്നതായി അയാൾ കണ്ടു. ആ കൂട്ടത്തിൽ നിന്ന് ചുവന്ന കണ്ണോടുകൂടിയ ഒരു ചണ്ഡാലവൃദ്ധൻ പെട്ടെന്നെണീറ്റ് രാജചണ്ഡാലന്റെ സമീപത്തെത്തി.

'ഹേ കടഞ്ചാ' എന്നു കീരരാജാവിനെ സംബോധനചെയ്തു കൊണ്ടു പറയാൻ തുടങ്ങി: 'ബന്ധുവായ അല്ലയോ കടഞ്ചാ, നീയിപ്പോഴെവിടെയാണ്? ചിരമിത്രമായ നിന്നെ ഭാഗ്യം കൊണ്ടിപ്പോൾ കാണാൻ കഴിഞ്ഞല്ലോ; ഇത്രയും കാലം നീ ഏതു കാട്ടിലാണു വിശ്രമിച്ചത്?'. ഇതുകേട്ടാകെ പരിഭ്രാന്തനായ രാജചണ്ഡാലൻ ആംഗ്യം കൊണ്ടയാളെ സമാധാനപ്പെടുത്താനും തടയാനും ശ്രമിച്ചു. അപ്പോഴേക്കും ജനാലയ്ക്കരുകിൽ നിന്ന രാജഭാര്യമാരും അടുക്കലുണ്ടായിരുന്ന പ്രജകളും ഇതുകേൾക്കാനിടയായി. രാജാവു ചണ്ഡാലനാണെന്നറിഞ്ഞതോടെ അവരുടെ മുഖമെല്ലാം മ്ലാനമായി. രാജാവ് അന്തഃപുരത്തിലേക്കു കടന്നുചെന്നു. എല്ലാവരുടേയും മുഖം അത്യന്തം മ്ലാനം. രാജാവിനോടാരും ഒന്നും ഉരിയാടിയതേയില്ല. ഒരുശവത്തോടെന്നപോലെ എല്ലാവരും അദ്ദേഹത്തോടു പെരുമാറി. ജനമധ്യത്തിലാണെങ്കിലും രാജാവ് ഒറ്റയ്ക്കായി. കൂട്ടംവിട്ടു പരദേശത്തെത്തിയ ഒരു വഴിയാത്രക്കാരന്റെ സ്ഥിതിയായി രാജാവിന്. ദീർഘകാലമായി നാമെല്ലാം ചണ്ഡാലസംസർഗം നിമിത്തം ദുഷിച്ചുപോയിരിക്കുന്നു എന്നു കൊട്ടാരത്തിനകത്തും പുറത്തും ആളുകൾ പറഞ്ഞുതുടങ്ങി. ഇതിനിനി പ്രായശ്ചിത്തമൊന്നുമില്ല; ഇനി അഗ്നിയിൽ ചാടി ദഹിക്കുകയേ വഴിയുള്ളൂ എന്നെല്ലാവരും തീരുമാനിച്ചു. ഇങ്ങനെ തീർച്ച

digitized by www.sreyas.in

പ്പെടുത്തി പൗരന്മാരും മന്ത്രിമാരും ചുറ്റും അഗ്നി ജ്വലിപ്പിച്ചു ബന്ധുക്കളോടൊപ്പം അതിൽ ചാടി ദഹിച്ചു. സജ്ജനസംസർഗം കൊണ്ട് പരിശുദ്ധബുദ്ധിയായിത്തീർന്നിരുന്ന രാജാവ് ശോകപരവശനായി ഒറ്റയ്ക്ക് ഇങ്ങനെ ചിന്തിച്ചു; 'ഞാൻ നിമിത്തമാണല്ലോ ദേശത്തിനീയനർഥമെല്ലാം വന്നു ചേർന്നത്. ഇനിയും ഞാൻ മാത്രം ജീവിച്ചിരുന്നു ദുഃഖിച്ചിട്ടെന്തു പ്രയോജനം. മരണം തന്നെയാണെനിക്കും ആശ്വാസം'. ഗവലൻ ഇങ്ങനെ ചിന്തിച്ചു മുൻപിലായി കത്തിക്കൊണ്ടിരുന്ന അഗ്നിയിൽ ഈയാംപാറ്റപ്പോലെ തന്റെ ദേഹത്തെ വലിച്ചെറിഞ്ഞു. ഇത്രയുമായപ്പോൾ അഗ്നിയുടെ പൊള്ളലേറ്റു കൊണ്ട് ഗാധി മോഹത്തിൽ നിന്നും പെട്ടെന്നുണർന്നു.

ഏതാനും നിമിഷത്തിനുള്ളിൽ ഗാധി ചിത്തഭ്രമം തീർന്നു സ്വസ്ഥനായി. 'ഞാനാര്, എന്തൊക്കെയാണു ഞാൻ കണ്ടത്, എന്തൊക്കെയാണു ചെയ്തത്?' എന്നിങ്ങനെ ചിന്തിച്ചുകൊണ്ട് ആശ്ചര്യത്തോടുകൂടി വെള്ളത്തിൽ നിന്നും കരയ്ക്കുകയറി. ജീവികളുടെ ചിത്തം നിത്യേന ഇങ്ങനെയുള്ള എന്തെന്തെല്ലാം ഭ്രമദൃഷ്ടികളിലാണകപ്പെടുന്നത്. മദിച്ച കടുവ വനങ്ങളിൽ ചുറ്റിക്കറങ്ങുന്നതുപോലെ. മനുഷ്യമനസ്സ് നൂറുനൂറു സങ്കൽപ്പങ്ങളിൽ സദാഭ്രമിച്ചുകൊണ്ടിരിക്കുന്നു. തനിക്കും അങ്ങനെയൊരു വിചിത്രമായ ചിത്തമോഹം സംഭവിച്ചു എന്നു തീരുമാനിച്ചുകൊണ്ട് ആ കാട്ടിൽ ആശ്രമത്തിൽ തന്നെ കുറച്ചു ദിവസങ്ങൾ കൂടി കഴിച്ചുകൂട്ടി. ഒരു ദിവസം അദ്ദേഹത്തിന്റെ ആശ്രമത്തിൽ പ്രിയംകരനായ ഒരു അതിഥി വന്നുചേർന്നു. പുഷ്പഫലങ്ങൾ കൊണ്ടൊക്കെ അദ്ദേഹത്തെ ആദരിച്ചു ഭക്ഷണമൊക്കെ നൽകി തൃപ്തനാക്കി. രണ്ടുപേരും സന്ധ്യാവന്ദനം കഴിച്ചു. ജപധ്യാനങ്ങളൊക്കെ നടത്തി കിടക്കകളിൽ വിശ്രമിക്കവേ അന്യോന്യം പരിശുദ്ധസംഭാഷണത്തിലേർപ്പെട്ടു. സന്ദർഭം വന്നപ്പോൾ ഗാധി അതിഥിയോടു ചോദിച്ചു: 'മഹാനായ സുഹൃത്തേ, അങ്ങെന്താണിത്ര മെലിഞ്ഞിരിക്കുന്നത്; വളരെ ക്ഷീണിതനെപ്പോലെ കാണപ്പെടുന്നുണ്ടല്ലോ?'

അതിഥി ഉത്തരം പറഞ്ഞു: 'ഈ ഭൂമണ്ഡലത്തിൽ വടക്കേ അറ്റം കീരമെന്നുപേരുള്ള പ്രസിദ്ധമായ ഒരു രാജ്യമുണ്ട്. അവിടെ ഞാൻ ഒരു മാസത്തോളം ജനങ്ങളാൽ പൂജിതനായി സന്തോഷപൂർവം താമസിച്ചു. ഒരിക്കൽ യാദൃച്ഛികമായി സംഭാഷണമധ്യേ ഒരാളെന്നോടു പറഞ്ഞു. 'ബ്രാഹ്മണാ, ഇവിടെ ഒരു ചണ്ഡാലൻ എട്ടുവർഷം രാജ്യം ഭരിച്ചു. ഒടുവിൽ അവനെ ആളുകൾ തിരിച്ചറിഞ്ഞു; അങ്ങനെയവൻ തീയിൽചാടി ദഹിച്ചു. ആയിരക്കണക്കിനു ബ്രാഹ്മണർ അതോടെ ഇവിടെ അഗ്നിപ്രവേശം ചെയ്തു. അവന്റെ ഈ വാക്കുകൾ കേട്ടു ഞാനും ആ രാജ്യംവിട്ടു പുറത്തുപോന്നു. നേരെ പ്രയാഗിൽപോയി കുളിജപമൊക്കെക്കഴിച്ച് ഒരു വിധം പ്രായശ്ചിത്തം നിർവഹിച്ചു. കൂടാതെ മൂന്നുപ്രാവശ്യം ചാന്ദ്രായണ വ്രതമനുഷ്ഠിച്ച് ഒടുവിൽ പാരണയും നടത്തിയാണു ഞാനിപ്പോൾ ഇവിടെയെത്തിയിരിക്കുന്നത്. അതുനിമിത്തം വല്ലാതെ ക്ഷീണിച്ചു മെലിഞ്ഞു പോയിരിക്കുന്നു!'

വസിഷ്ഠൻ തുടർന്നു: ബ്രാഹ്മണമുഖത്തു നിന്നും ഈ കഥ വിസ്തരിച്ചു കേട്ട് ഗാധി അദ്ഭുതപരതന്ത്രനായി: 'ഇതെന്ത്! എന്റെ കഥയല്ലേ ഈ പറഞ്ഞത്. ഒട്ടും കുണ്ഠിതപ്പെടാതെ എന്റെ ശ്വപചകഥ ഞാൻ നേരിട്ടുതന്നെ കണ്ടറിയുന്നുണ്ട്.' ഗാധി തന്റെ ചണ്ഡാലകഥ കണ്ടറിയാനായി പുറപ്പെട്ടു. അനേകദേശങ്ങൾ പിന്നിട്ട് താനനുഭവിച്ച അതേ രീതിയിലുള്ള ഹൂണദേശ

digitized by www.sreyas.in

ത്തെത്തിച്ചേർന്നു. തനിക്കു സുപരിചിതമായ ചണ്ഡാലഗൃഹം അതേ മട്ടിൽ കണ്ടെത്തി. അതിന്റെ പരിസരങ്ങളെല്ലാം അനുഭവിച്ചവിധം തന്നെ തിരിച്ചറിഞ്ഞു. ചണ്ഡാലനായി താനനുഷ്ഠിച്ച കാര്യങ്ങളൊക്കെ ഓർമ വന്നു. വിസ്മയം കൊണ്ടു ഗാധിയുടെ ഹൃദയം പ്രകമ്പിതമായി. ബ്രഹ്മദേവന്റെ അനിർവചനീയ ക്രിയകളെ അദ്ദേഹം വിചാരം ചെയ്തു. ഹൂണമണ്ഡലത്തിൽ നിന്നും പുറപ്പെട്ടു നേരെ കീരമണ്ഡലത്തിലെത്തി. താനനുഭവിച്ചതും ആസ്വദിച്ചതുമായ കാര്യങ്ങളൊക്കെ അവിടെയും കണ്ടു. അതാതു സ്ഥാനങ്ങൾ കണ്ടതു കൂടാതെ കഥകളെല്ലാം ജനങ്ങൾ പറഞ്ഞുകേൾക്കുകയും ചെയ്തു. 'എല്ലാം മനസ്സിലായി. ചക്രധാരിയായ ഭഗവാൻ വിചിത്രരൂപിണിയായ മായയെ കണ്ടോളൂ എന്നു പറഞ്ഞതിതാണ്, ഞാനതിപ്പോൾ നല്ലപോലെ കണ്ടു; എല്ലാം നല്ലപോലെ ഓർമ വന്നു'.

ഗാധി ഇങ്ങനെ ചിന്തിച്ച് ആ ജനപദത്തിൽ നിന്നും പുറപ്പെട്ട് ഒരു പർവതഗുഹയിലെത്തി സിംഹത്തെപ്പോലെ നിലകൊണ്ടു. അവിടെനിന്നു ഒന്നര വർഷം മുടിതാടി വളർത്തി ഭക്ഷണമൊന്നുമില്ലാതെ അനന്തശായിയെ പ്രസാദിപ്പിക്കാനായി വീണ്ടും ഘോരമായ തപം ചെയ്തു. മഹാതേജസ്വിയായ ആ മുനിയുടെ മുൻപിൽ മുനിവാടമായ പർവതഗുഹാന്തരത്തിൽ ഭഗവാൻ കാർമേഘംപോലെ പ്രത്യക്ഷനായി. ചക്രഗദാധരനായി വിഷ്ണുവിനെ ഗാധി മുൻപിൽ കണ്ടു. ഭഗവാൻ പറഞ്ഞു:' മുനിപുംഗവ, എന്റെ ദുരത്യയയായ മായയെ അങ്ങ് കണ്ടുവല്ലോ. ഇനിയും ഈ തപസ്സുകൊണ്ട് അങ്ങെന്താണാഗ്രഹിക്കുന്നത്? ഗാധി ഭഗവാനെ അർഘ്യപാദ്യാദികൊണ്ടു പൂജിച്ചു; പുഷ്പാർച്ചന ചെയ്തു, പ്രദക്ഷിണം വച്ചു നമസ്കരിച്ചു. എന്നിട്ടു വേഴാമ്പൽ മേഘത്തോടെന്നപോലെ വിഷ്ണുഭഗവാനെ നോക്കി ഇങ്ങനെ പറഞ്ഞു: 'ദേവ, അങ്ങയുടെ അത്യന്തം തമോമയിയായ മായയുമായി ഞാൻ പരിചയപ്പെട്ടു, പക്ഷേ അവളുടെ രഹസ്യം എനിക്കു പിടികിട്ടുന്നില്ല; എന്റെ മനസ്സിലുണ്ടായ ഭ്രമം എങ്ങനെയാണു സത്യമായി ഭവിച്ചത്?

ഭഗവാൻ മറുപടി നൽകി: 'എന്റെ മായ അനിർവചനീയയാണ്.

161. വിപ്രപൃഥ്വ്യാദിചിത്തസ്ഥം നബഹിസ്ഥംകദാചന
സ്വപ്നഭ്രമപദാർഥേഷു സർവൈരേവാനുഭൂയതേ.

വിപ്ര-അല്ലയോ ബ്രാഹ്മണാ, പൃഥ്വ്യാദി-ഭൂമി തുടങ്ങിയ ബാഹ്യപ്രപഞ്ചമെല്ലാം; ചിത്തസ്ഥം-ചിത്തത്തിലാണു സ്ഥിതിചെയ്യുന്നത്; കദാചനനബഹിസ്ഥം-ഒരിക്കലും പുറത്തല്ല; സ്വപ്ന ഭ്രമപദാർഥേഷു-സ്വപ്നത്തിലും ഭ്രമദൃശ്യങ്ങളിലും അനുഭവപ്പെടുന്ന പദാർഥങ്ങളിൽ; സർവൈഃ അനുഭൂയതേ ഏവ-ഇക്കാര്യം എല്ലാവരും അനുഭവിക്കുന്നുണ്ടല്ലോ.

അല്ലയോ ബ്രാഹ്മണാ, ഭൂമി തുടങ്ങിയ പ്രപഞ്ചമെല്ലാം ചിത്തത്തിലാണു സ്ഥിതിചെയ്യുന്നത്; ഒരിക്കലും പുറത്തല്ല. സ്വപ്നത്തിലും ഭ്രമദൃശ്യങ്ങളിലും അനുഭവപ്പെടുന്ന പദാർഥങ്ങളിൽ ഇക്കാര്യം എല്ലാവരും അനുഭവിക്കുന്നുണ്ടല്ലോ.

### പൃഥ്വ്യാദി ചിത്തസ്ഥം

പ്രപഞ്ചമെല്ലാം സ്ഥിതിചെയ്യുന്നത് മനസ്സിലാണ്. മനസ്സിൽ സ്ഥിതിചെയ്യുന്ന സൂക്ഷ്മപ്രപഞ്ചം ബോധം വഴി ഇന്ദ്രിയങ്ങളെന്ന ഉപകരണങ്ങൾ വഴി പ്രകാശിക്കുമ്പോൾ പുറത്തെത്തുന്നപോലെ പെരുകിക്കാണുന്നു. അത്രേയുള്ളൂ. ഒരു സിനിമാഫിലിം പ്രകാശം വഴി സ്ക്രീനിൽ പതിക്കുമ്പോൾ അദ്ഭു

digitized by www.sreyas.in

തകരമായി പെരുകിക്കാണപ്പെടുന്നില്ലേ, അതുപോലെ. അതിരിക്കട്ടെ, പ്രപഞ്ചം ഉള്ളിലാണു സ്ഥിതിചെയ്യുന്നത് എന്നുള്ളതിനെന്താണു തെളിവ്. സ്വപ്നവും ഭ്രമദർശനവും തെളിവാണ്. സ്വപ്നം അനുഭവപ്പെടുന്നതു ചിത്തത്തിലാണെന്നു തീർച്ചയാണല്ലോ. സ്വപ്നത്തിൽ ദേശകാലങ്ങളുൾപ്പെടെ എല്ലാ പ്രപഞ്ചഘടകങ്ങളും പുറത്തെന്നപോലെ വ്യക്തമായി അനുഭവപ്പെടുന്നു. സ്വപ്നവേളയിൽ അവയെല്ലാം യഥാർഥമായി തോന്നുകയും ചെയ്യുന്നു. ചിത്തത്തിൽ ഇല്ലാത്ത വസ്തുക്കൾ ഇങ്ങനെ അനുഭവപ്പെടാൻ പറ്റുമോ? അപ്പോൾ കാലദേശങ്ങളുൾപ്പെടെ എല്ലാം സൂക്ഷ്മമായി ചിത്തത്തിലാണു സ്ഥിതിചെയ്യുന്നതെന്നു തീർച്ച. ഭ്രമാനുഭവത്തിലും ഇതാണു സ്ഥിതി. ഒരാൾ സന്ധ്യാസമയത്തു കയറിൽ പാമ്പിനെ കാണുന്നുണ്ടെന്നു കരുതുക. കാണുമ്പോൾ പാമ്പ് യഥാർഥത്തിൽ ഉണ്ടെന്നു തന്നെയാണനുഭവം. ചിത്തത്തിൽ സങ്കൽപ്പരൂപേണ സ്ഥിതിചെയ്ത പാമ്പാണു കയറിൽ കാണാനിടയായതെന്നു തീർച്ചയാണല്ലോ. ചിത്തം തന്നെയാണു പ്രപഞ്ചമായി പെരുകുന്നത്. അനാദിയും അനന്തവുമായ ബോധാകാശത്തിൽ അകം പുറം എന്ന അനുഭവങ്ങൾ പോലും ദേഹമെന്ന ഉപാധിയെ ആശ്രയിച്ചുണ്ടാകുന്ന വെറും ഭ്രമാനുഭവങ്ങളാണെന്നു ചിന്തിച്ചാൽ ആർക്കാണു ബോധ്യപ്പെടാത്തത്.

ഭഗവാൻ തുടർന്നു: 'ബ്രാഹ്മണാ, ഈ പ്രപഞ്ച മനസ്സിൽ അനന്തകോടി ബ്രഹ്മാണ്ഡങ്ങളല്ലേ നിലവിലുള്ളത്. ആ മനസ്സിന്റെ ഒരു ചെറിയ അംശമായ അങ്ങയുടെ ചിത്തത്തിൽ അൽപ്പനേരത്തേയ്ക്കു മറ്റൊരിടത്തുണ്ടായിരുന്ന ചണ്ഡാലത്വം പ്രതിബിംബിച്ചാൽ അതിലെന്താണിത്ര അതിശയിക്കാൻ. പ്രപഞ്ച മനസ്സിന്റെ ഭാഗങ്ങൾ മാത്രമാണു വ്യക്തിമനസ്സുകൾ. ഒരിടത്തുണ്ടാകുന്ന ഭ്രമം യാദൃച്ഛികമായി മറ്റേതുഭാഗത്തും പ്രതിഫലിക്കാം. ഇതിനു വേറെ കൃത്യമായ നിയമമൊന്നുമില്ല. നിന്റെയുള്ളിൽ ചണ്ഡാല ഭ്രമം യാദൃച്ഛികമായി സംഭവിച്ചു; സ്വപ്നം കാണുന്നതുപോലെ; തുടർന്ന് അതിഥിവന്നു എന്നും, അതിഥിയെ കണ്ടെന്നും ഒക്കെ തോന്നാനിടയായി. തുടർന്നു നീയന്വേഷിച്ചു പോയതായും കടഞ്ചഗൃഹം കണ്ടെത്തിയതായും ഒക്കെതോന്നി. കീരനഗരത്തിലെത്തി, നേരത്തേ അനുഭവിച്ചതെല്ലാം സത്യമായിക്കാണാനിടയായി. ബ്രാഹ്മണശ്രേഷ്ഠാ, ഇതെല്ലാം കാകതാളീയന്യായമനുസരിച്ചു വന്നു ചേരുന്ന യാദൃച്ഛിക ഭ്രമങ്ങൾ മാത്രം. കാക്ക വന്നു പനമ്പഴവും വീണു. അവയ്ക്കു തമ്മിൽ ഒരു കാര്യകാരണ ബന്ധവുമില്ല. അതുപോലെ മനസ്സിലെ പ്രപഞ്ചഭ്രമങ്ങൾക്കൊന്നും കൃത്യമായ കാര്യകാരണബന്ധം കണ്ടെത്താനേ സാധ്യമല്ല; അതാണു മായ.

162. കദാചിത്പ്രതിഭൈകൈവ ബഹൂനാമപിജായതേ
കാകതാളീയസ്ഥിതിവദ്വിചിത്രാഹിമനോഗതിഃ

ചിലപ്പോൾ ഒരേ ഭ്രമം തന്നെ ഒരേ സമയത്ത് അനേകം പേർക്കു സംഭവിച്ചു എന്നു വരാം. കാക്ക വന്നു; പനമ്പഴവും വീണു. ഇവയ്ക്കു തമ്മിൽ കാര്യകാരണ ബന്ധമില്ല. ഈ കാകതാളീന്യായം പോലെ മാനസികഭ്രമങ്ങൾക്കൊന്നും കാര്യകാരണബന്ധം കണ്ടുപിടിക്കാനേ സാധ്യമല്ല. മനോഗതി അതിവിചിത്രമായാണ്. ഹൂണമണ്ഡലത്തിൽ കടഞ്ചനെന്ന ശ്വപചൻ അയാളുടെ കുടുംബവുമായി അങ്ങനെ ജീവിച്ചു. വിധിവൈപരീത്യം നിമിത്തം

digitized by www.sreyas.in

അയാളുടെ കുടുംബമൊക്കെ നശിച്ചു. അയാൾ നാടുവിട്ടുപോയി കീരമണ്ഡലത്തിലെ രാജാവായി. കാലഗതിയെ തുടർന്നയാൾ തീയിൽ ചാടി മരിച്ചു. ആ കടഞ്ചാചാര ചരിത്രമെല്ലാം സ്വപ്നത്തിലെന്ന പോലെ നിനക്കു ചിത്തത്തിൽ പ്രതിബിംബിച്ചനുഭവിക്കേണ്ടി വന്നു. ആത്മാനുഭവമില്ലാത്ത നീ അപ്പോഴേയ്ക്കും 'ഞാൻ കടഞ്ചനാണ്, എനിക്കിങ്ങനെയൊക്കെ വന്നു ചേർന്നു' എന്നു വെറുതേ സങ്കൽപ്പിച്ചു ഭ്രമിക്കുന്നു. ഒരു തത്ത്വജ്ഞൻ ഇതിലൊന്നും അദ്ഭുതപ്പെടുകയോ ആകുലപ്പെടുകയോ ചെയ്യുന്നില്ല.

163. വിപ്രാപര്യവസാനേയം മായാ സംസൃതിനാമികാ
ആത്മചിന്തനയൈവേയം ക്ഷയമായാതിനാന്യഥാ.

ഹേ ബ്രാഹ്മണാ, സംസൃതി എന്ന പേരിലറിയപ്പെടുന്ന ഈ മായ ഒരിക്കലും അവസാനിക്കുന്നതല്ല. ആത്മതത്ത്വം വിചാരം ചെയ്തുറപ്പിക്കുകമാത്രമാണ് മായയെ ക്ഷയിപ്പിക്കാനുള്ള ഒരേ ഒരുപായം.

164. നഗൃഹ്ണാതി പദാർഥേഷു വിഭാഗാനർഥഭാവനാം
തേനാസൗഭ്രമമോഹേഷുതത്ത്വജ്ഞാനാവസീദതി.

ആത്മാവിനെയറിയുന്നയാൾ ബാഹ്യ ജഡപദാർഥങ്ങളിൽ ഇതുവേറെ, ഇതുവേറെ എന്നിങ്ങനെ സർവാനർഥ ഹേതുവായി വിഭാഗഭാവന പുലർത്തുന്നില്ല. അതുകൊണ്ട് ഭ്രമമോഹങ്ങളിൽപ്പെട്ടു തത്ത്വജ്ഞൻ ഒരിക്കലും വ്യാകുലചിത്തനായിത്തീരുന്നില്ല. ബ്രാഹ്മണാ, നിന്റെ ആത്മജ്ഞാനം പൂർണമല്ല; അതുകൊണ്ടു മനോഭ്രമങ്ങളെ കടന്നു നിൽക്കാൻ നിനക്കു കരുത്തില്ല. ഭ്രമങ്ങൾ നിന്നെ ക്ഷണത്തിൽ കീഴടക്കുന്നു.

165. ചിത്തം നാഭിഃകിലാസ്യേഹമായാചക്രസ്യസർവതഃ
സ്ഥീയതേചേത്തദാക്രമ്യതന്ന കിംചിത്പ്രബാധതേ.

എങ്ങോട്ടു തിരിഞ്ഞാലും ഇവിടെ ഈ മായാ ചക്രത്തിന്റെ കേന്ദ്രം ചിത്തമാണ്. അതിനെ കീഴടക്കി നിറുത്താമെങ്കിൽ ഇതു പിന്നെ ഒരു ശല്യവും ഉണ്ടാക്കുകയില്ല. അതുകൊണ്ടു ധീരനായി എഴുന്നേൽക്കൂ. ഒരു പത്തു വർഷം കൂടി ഈ പർവത നികുഞ്ജത്തിൽ ആത്മജിജ്ഞാസയോടെ തപസ്സനുഷ്ഠിക്കൂ. തുടർന്നു അനന്തമായ ആത്മതത്ത്വം നിനക്കുതെളിയും! ഇത്രയും പറഞ്ഞു ഭഗവാൻ അവിടെ മറഞ്ഞു. ഗാധിക്കു വിവേകജന്യമായ വൈരാഗ്യം ഉറപ്പുവന്നു. കരുണാർദ്രചിത്തനായി അയാൾ മനസ്സിനെ ഏകാഗ്രപ്പെടുത്തി പർവത പ്രദേശത്തെ ശരണം പ്രാപിച്ചു. പത്തുവർഷം ഏകാഗ്രതയോടെ തപസ്സു ചെയ്തു. സൂര്യോദയം പോലെ ആത്മജ്ഞാനം തെളിഞ്ഞു. സ്വസ്വരൂപമായ ആത്മാവിനെ പ്രാപിച്ച് അയാൾ അതിരറ്റ ആനന്ദം കണ്ടെത്തി. ഭയശോകങ്ങൾ ഒഴിഞ്ഞുമാറി. ലോകഭോഗങ്ങളിൽ ഇച്ഛ തീരെയില്ലാതായി. സദാ ജീവന്മുക്തനായി വിലസി. ഭ്രമം പോയി ആനന്ദം കൊണ്ടു പൂർണമായ ചിത്തത്തോടെ മുഴുമതിയെപ്പോലെ വിലസി.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപശമ പ്രകരണേ*
*ഗാധിവൃത്താന്തകഥനം നാമ*
*പഞ്ചമഃസർഗഃ*

digitized by www.sreyas.in

## സർഗം 6

# ഉദ്ദാലകോപാഖ്യാനം

വസിഷ്ഠൻ തുടർന്നു:

166. ഏവമേഷാതിവിതതാ ദുർജ്ഞാനാരഘുനന്ദന
മഹാമോഹകരീ മായാ വിഷമാ പാരമാത്മികീ.

രഘുനന്ദന-അല്ലയോ രാമാ, ഏഷാമായാ-ഈ മായ; പാരമാത്മികീ- പരമാത്മാവിൽ രൂപം കൊള്ളുന്നവളാണ്; ദുർജ്ഞാനാ-എങ്ങനെ എന്തിനു രൂപം കൊള്ളുന്നു എന്നാർക്കും നിശ്ചയിക്കാൻ വയ്യ; അതിവിതതാ-ആരംഭമോ അവസാനമോ കാണാനില്ലാത്തവളാകുന്നു; മഹാമോഹകരീ-സത്യത്തെമറച്ചുനിന്നുകൊണ്ട് മഹാമോഹത്തെയുളവാക്കുന്നവളാണ്; വിഷമാ - എല്ലാ ക്ലേശങ്ങൾക്കും ഇരിപ്പിടവുമാണ്.

അല്ലയോ രാമാ, ഈ മായ പരമാത്മാവിൽ രൂപം കൊള്ളുന്നവളാണ്; എങ്ങനെ എന്തിനു രൂപം കൊള്ളുന്നു എന്നാർക്കും നിശ്ചയിക്കാൻ വയ്യ; ആരംഭമോ അവസാനമോ കാണാനില്ലാത്തവളാകുന്നു; സത്യത്തെ മറച്ചു നിന്നുകൊണ്ടു മഹാമോഹത്തെയുളവാക്കുന്നവളാകുന്നു; എല്ലാ ക്ലേശങ്ങൾക്കും ഇരിപ്പിടവുമാണ്.

**മായാ വിഷമാ പാരമാത്മികീ**

പരമാത്മ ശക്തിയാണു മായ; എല്ലാ ക്ലേശങ്ങൾക്കും ഹേതു മായയാണ്. എന്തൊക്കെയാണു ക്ലേശങ്ങൾ? അജ്ഞത, അഹംകാരം, രാഗം, ദ്വേഷം, മരണഭയം ഇവയാണു ക്ലേശങ്ങൾ. സത്യം മറയ്ക്കപ്പെടുക, അതാണു അജ്ഞാനം. സംസാര രോഗത്തിന്റെ മൂലകാരണം ഈ അജ്ഞാനമാണ്.

അതിന്റെ ഫലമായി ഞാനാണു കർത്താവും ഭോക്താവുമെന്ന ചിന്ത വന്നു ചേരുന്നു; ഇതാണഹങ്കാരം. തുടർന്നു ചിലതിനോടൊക്കെ ഇഷ്ടം; അതായതു രാഗം; ചിലതിനോടൊക്കെ അനിഷ്ടം; അതായതു ദ്വേഷം. ഒരിക്കലും ഒന്നിലും തൃപ്തിവരായ്ക കൊണ്ടു നിരന്തരം പിൻതുടരുന്ന മരണഭയം. ഈ അഞ്ചുതരം ക്ലേശങ്ങളും കൊണ്ടു ലോകയാത്ര അതിദുഃസ്സഹമായിത്തീരുന്നു. എന്നാൽ ഇതെന്നെവിടെത്തുടങ്ങി; എന്നെവിടെ അവസാനിയ്ക്കും എന്നു വല്ല നിശ്ചയവുമുണ്ടോ? ഒരു നിശ്ചയവുമില്ല. സുഖത്തിനു വേണ്ടി അലയുന്ന മനുഷ്യനെ കാനൽജലം പോലെ മോഹിപ്പിച്ചു മുന്നോട്ടു നയിക്കുന്നു; കാര്യമായ സുഖമൊന്നും കിട്ടാതെ ജീവിതത്തെ കൂരിരുട്ടിൽ അവസാനിപ്പിക്കുന്നു. കാനൽജലം കുടിക്കാൻ ദാഹിച്ചോടുന്ന മാൻപേട ഒരു തുള്ളിവെള്ളം കിട്ടാതെ മരുഭൂമിയിൽ വീണു മരിക്കുന്നതുപോലെ മനുഷ്യജീവിതവും മരണമെന്ന മരുഭൂമിയിലെത്തി അവസാനിക്കുന്നു. ഒട്ടും ഇഷ്ടമില്ലാതെ മരിക്കാനുമിടയാകുന്നു. മായയുടെ ദുർജ്ഞാനത്വം എഴുപത്തെട്ടാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കി ധരിക്കുക.

വസിഷ്ഠൻ തുടർന്നു: 'രാമാ, അതുകൊണ്ടു മായ അത്യന്തം ദുർഘടയാണ്. ചഞ്ചലമനസ്കനായ മനുഷ്യനെ അത് അതിരറ്റ സങ്കടത്തിൽ കൊണ്ടുചാടിക്കുന്നു; വളരെ ശ്രദ്ധാപൂർവം വേണം മായയെ കൈകാര്യം

digitized by www.sreyas.in

ചെയ്യാൻ. ചിത്തത്തെ കീഴ്പ്പെടുത്തി വശത്താക്കുക മാത്രമാണു മായാരോഗത്തിനുള്ള പരമൗഷധം. അതു സാധ്യമാകുന്നില്ലെങ്കിൽ മറ്റു കഠിനയത്നങ്ങൾ കൊണ്ടൊന്നും സംസാരരോഗം ശമിച്ചുകിട്ടുന്നതല്ല. ചിത്തത്തെ എങ്ങനെയാണു കീഴടക്കി വശത്താക്കേണ്ടത്? അന്നന്നുവന്നു ചേരുന്ന കാര്യങ്ങൾ പുറമേ യഥായോഗ്യം അനുവർത്തിക്കണം. ജഗത്ത് ഈശ്വരമയമാണെന്നുള്ളിലുറപ്പിച്ചുകൊണ്ട് ഭൂതകാലത്തെയും ഭാവികാലത്തേയും കുറിച്ചു ചിന്തിക്കാതിരിക്കണം. ഇങ്ങനെയായാൽ ചിത്തം പാകപ്പെട്ടു വശത്താകും. ഓരോ നിമിഷവും ആശകളെയും സങ്കൽപ്പങ്ങളെയും പിൻതുടരാനനുവദിക്കാതെ ചിത്തത്തെ സത്യബുദ്ധിയിൽ ദൃഢമായി പിടിച്ചുനിർത്തണം. ഇതു സാധിച്ചാൽ ചിത്തം കീഴടങ്ങി എന്നുപറയാം.

167. ചേതനം ചിത്തരിക്തം ഹി പ്രത്യക്ചേതനമുച്യതേ
നിർമനസ്കസ്വഭാവംതു ന തത്രകലനാമലഃ

ചിത്തം ഒഴിഞ്ഞുമാറിയാൽ ഉള്ളിൽ പിന്നെ അവശേഷിക്കുന്ന ശുദ്ധബോധമാണ് ഉള്ളിൽ തെളിയുന്ന ബ്രഹ്മരൂപം. അവിടെ മനസ്സ് അഥവാ സങ്കൽപ്പം ഇല്ലാതാകുന്നു. അതുനിമിത്തം സൃഷ്ടിയുടെ കളങ്കം ആ ബോധത്തെ സ്പർശിക്കുന്നില്ല.

168. സാ സത്യതാ സാ ശിവതാ സാവസ്ഥാ പാരമാത്മികീ
സർവ്വജ്ഞതാ സാ സാതൃപ്തിർനനുയത്ര മനഃക്ഷതം.

സാ സത്യതാ-ഉള്ളിൽ മനസ്സൊഴിഞ്ഞുമാറി അനുഭവപ്പെടുന്ന ശുദ്ധബോധാനുഭവം തന്നെ സത്യാനുഭവം; സാ ശിവതാ-മംഗളങ്ങളുടെ എല്ലാം ഇരിപ്പിടം അതു തന്നെ; സാ പാരമാത്മികീ അവസ്ഥാ-അതുതന്നെയാണു പരമാത്മസാക്ഷാത്കാരം; സാ സർവജ്ഞതാ-സർവജ്ഞഭാവം അതു തന്നെ; നനുയത്രമനഃക്ഷതം-എവിടെയാണോ മനസ്സ് ഇല്ലാതായിത്തീരുന്നത്; സാതൃപ്തിഃ-അതാണു തൃപ്തി വന്ന ജീവിതധന്യത.

ഉള്ളിൽ മനസ്സൊഴിഞ്ഞുമാറി അനുഭവപ്പെടുന്ന ശുദ്ധബോധാനുഭവം തന്നെ സത്യാനുഭവം. മംഗളങ്ങളുടെ എല്ലാം ഇരിപ്പിടം അതുതന്നെ. അതു തന്നെയാണു പരമാത്മസാക്ഷാത്കാരം. സർവജ്ഞഭാവം അതു തന്നെ. എവിടെയാണോ മനസ്സില്ലാതായിത്തീരുന്നത് അതാണു തൃപ്തിവന്ന ജീവിത ധന്യത.

### സാതൃപ്തിഃ

സത്യം മറഞ്ഞുപോയിരിക്കുന്നതു പുറത്തല്ല, അകത്താണ്. അകത്തു സത്യം കണ്ടെത്തിയാൽ പുറത്തും സർവത്ര അതുകണ്ടനുഭവിക്കാൻ പറ്റും. ശുദ്ധബോധമാണു സത്യം. ഉള്ളിൽ സങ്കൽപ്പരൂപമായ മനസ്സ് ആ സത്യത്തെ മറച്ചിരിക്കുന്നു. വെള്ളത്തിൽ പതപോലെ ബോധത്തിൽ ആവിർഭവിക്കുന്ന ഒരനിർവചനീയ പ്രതിഭാസമാണു മനസ്സ്. പതപൊന്തി വന്നു കട്ടികൂടിയാൽ വെള്ളം ഉണ്ടെന്നുപോലും അറിയാൻ കഴിയില്ല. ലോലമായ പത ഒന്നുമാറ്റിയാൽ ശുദ്ധമായ ജലം കാണാനും കോരിക്കുടിക്കാനും കഴിയും. അതുപോലെ രാഗദ്വേഷങ്ങളുപേക്ഷിച്ചു ലോലമായ മനസ്സിന്റെ മറയൊന്നുമാറ്റാമെങ്കിൽ ഏകാഗ്രപ്പെടുന്ന ബുദ്ധിക്ക് ആനന്ദരൂപമായ ബോധത്തെ നേരിട്ടുകാണാനും ആത്മാനന്ദം പകർന്നു പാനം ചെയ്യാനും കഴിയും. അന്തഃകരണം അനേകം വിഷയസങ്കൽപ്പങ്ങളിൽപ്പെട്ടു ചഞ്ചലമാകുമ്പോഴാണു മനസ്സെന്ന

digitized by www.sreyas.in

റിയപ്പെടുന്നത്. രാഗദ്വേഷങ്ങളുപേക്ഷിച്ച് ഏകാഗ്രപ്പെടുന്ന അന്തഃകരണം മനസ്സെന്ന ഭാവം ഉപേക്ഷിച്ചു ബോധരൂപം കൈക്കൊണ്ടു ചലിക്കാത്ത ദീപം പോലെ ബുദ്ധിയായി വിലസുന്നു. ബുദ്ധിയുടെ ഈ നിലതന്നെയാണ് സത്യാനുഭവം. ഇവിടെ ഒരിക്കലും അഴിഞ്ഞുപോകാത്ത ആത്മസുഖം ബുദ്ധിക്കു ഗോചരമായി ഭവിക്കുന്നു. അതുകൊണ്ടീ അനുഭവസ്ഥിതി എല്ലാമംഗളങ്ങൾക്കും ഇരിപ്പിടമാണ്. സർവം ബ്രഹ്മമയം എന്ന തത്ത്വബോധം ഈ ബുദ്ധിക്ക് ഒരിക്കലും നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ബുദ്ധിയുടെ ഈ നില തന്നെയാണ് പരമാത്മ സാക്ഷാത്കാരം. പരമകാരണമായ പരമാത്മാവ് അറിയപ്പെട്ടാൽ ഇനിയൊന്നും അറിയാനില്ലെന്നുറപ്പു വരുന്നു. ഇതാണിവിടത്തെ സർവജ്ഞത. ഈ അനുഭവത്തോടെ 'ചെയ്യേണ്ടതു ചെയ്തു; എത്തേണ്ടിടത്തെത്തി' എന്ന പൂർണ തൃപ്തിയും ബുദ്ധിക്കനുഭവപ്പെടുന്നു. മനസ്സുപെരുകുന്നതല്ല; മനസ്സുക്ഷയിക്കുന്നതാണു ജീവിതധന്യത.

വസിഷ്ഠൻ തുടർന്നു: 'രാമാ, മനസ്സിനെ അവിവേകത്തിൽ നിന്ന് പിൻതിരിപ്പിക്കണം. പൗരുഷം കലർന്ന നിശ്ചയദാർഢ്യത്തോടെ വേദാന്ത ശാസ്ത്ര പഠനത്തിനും സജ്ജനസംസർഗത്തിനും മനസ്സിനെ നിയോഗിക്കണം. ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും പുറമേ അവയുടെ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ തന്നെ സങ്കൽപ്പ വൈവിധ്യം വെടിഞ്ഞ് സർവം ബ്രഹ്മമയം എന്ന ഭാവനയിൽ മനസ്സിനെ പിടിച്ചുനിറുത്തി അഭ്യസിപ്പിക്കണം. ഞാനിന്നാരാണ്, ഇതെന്റേതാണ് ഇത്യാദി അഹന്താ മമതാവാസനകളുപേക്ഷിച്ച് ഈശ്വരമയമെന്ന ഏകഭാവനയിൽ മനസ്സിനെ ഉറപ്പിച്ച് ബോധമയമായ സത്യത്തെ മാത്രം ഉൾക്കൊള്ളുന്നവനായി ഭവിക്കണം. തന്നിൽ നിന്നും ഭിന്നമായി അറിയപ്പെടേണ്ട പദാർഥം ഉണ്ടെന്ന സങ്കൽപ്പമാണ് ബോധത്തിലെ കളങ്കം. ഈ കളങ്കം തുടച്ചുമാറ്റി മനസ്സിനെ ശുദ്ധീകരിച്ച് ആശാപാശാഗ്നി കെടുത്ത് ശുദ്ധ ബോധസ്വരൂപനായി ഭവിക്കണം. മനസ്സിൽ ഇഷ്ടചിന്തയും അനിഷ്ടചിന്തയും വന്നു ചേരുന്നതാണ് തുടർച്ചയായി അശുഭങ്ങൾക്ക് വഴിയൊരുക്കുന്ന വിഷൂചികാരോഗം. അതിനെ പൂർണമായും ശമിപ്പിച്ചു ശുദ്ധ ബോധസ്വരൂപനായിത്തീരണം. ഞാനെന്നും അന്യമെന്നുമുള്ള ഭേദചിന്ത ഉള്ളിൽനിന്നു നിശേഷം അകറ്റണം. ഒരേവസ്തുവിന്റെ പ്രകടനമാണു ജഗത്തെന്ന സത്യം ഉറപ്പിച്ചു സങ്കൽപ്പ ഭേദങ്ങൾ വെടിയണം. യജ്ഞസ്തംഭം പോലെ ബുദ്ധിയെ സ്ഥിരമാക്കി ആത്മാവിലുറപ്പിച്ചു നിറുത്തിക്കൊണ്ട് ലോക കാര്യങ്ങൾ നിർവഹിക്കണം. അങ്ങനെയായാൽ സംസാരഭ്രമത്തിനു ഹേതുവായ മോഹം ക്ഷയിക്കും. മനസ്സു നിർമലമായി ആശകളൊഴിഞ്ഞുപോയാൽ ബോധാനുഭവം ദൃഢപ്പെടും. ബോധാനുഭവം ദൃഢമായാലോ?

169. സ്വഭാവമാലോകയതഃസ്വാനന്ദമയസംസ്ഥിതേഃ
രസായനമപിസ്വാദു രാമ പ്രതിവിഷായതേ.

രാമ-അല്ലയോ രാമാ; സ്വഭാവമാലോകയതഃ-സ്വസ്വരൂപമായ ശുദ്ധബോധത്തെ കണ്ടെത്തി; സ്വാനന്ദമയ സംസ്ഥിതേഃ-സ്വരൂപമായ ആനന്ദത്തിൽ മഗ്നനാകുന്ന വ്യക്തിക്ക്; സ്വാദുരസായനം അപി-അതിമധുരമായ പാൽപായസംപോലും; പ്രതിവിഷായതേ-വിഷം പോലെ മാത്രമേ അനുഭവപ്പെടൂ.

അല്ലയോ രാമാ, സ്വസ്വരൂപമായ ശുദ്ധബോധത്തെ കണ്ടെത്തി സ്വരൂപമായ ആനന്ദത്തിൽ മഗ്നനാകുന്ന വ്യക്തിക്ക് അതിമധുരമായ പാൽപായസം

digitized by www.sreyas.in

പോലും വിഷം പോലെ മാത്രമേ അനുഭവപ്പെടൂ.

**പ്രതിവിഷായതേ**

ആത്മാനന്ദമനുഭവിക്കുന്ന ജ്ഞാനിക്ക് ലോകത്തുള്ള എത്ര വിശിഷ്ടമായ സുഖസാമഗ്രിയും വിഷംപോലെ മാത്രമേ അനുഭവപ്പെടൂ. ശുദ്ധബോധമാണ് ആത്മസ്വരൂപം. ശുദ്ധബോധവും ശുദ്ധാനന്ദവും ഒന്നുതന്നെ. ആത്മാനന്ദത്തിൽ ഭയാശങ്കയുടെ നിഴൽപോലുമില്ല. മരണത്തിനു പോലും വേർപെടുത്താൻ കഴിയാത്ത കട്ടിപിടിച്ച ആനന്ദാനുഭവം. ആത്മാനന്ദത്തിന്റെ ലേശം ലേശമനുഭവിച്ചാണ് ത്രിമൂർത്തികൾ പോലും നിർവൃതിനേടി കാലം കഴിച്ചുകൂട്ടുന്നത്. അദ്വൈതബോധം ഉറപ്പുവന്ന ഏകാഗ്രബുദ്ധിയിൽ ആത്മാനന്ദാമൃതം നുകർന്നു ജ്ഞാനി സദാ നിർവൃതനായി കഴിഞ്ഞുകൂടുന്നു. ആത്മാനന്ദം അവനവന്റെ സ്വരൂപമായതുകൊണ്ട് അതിനുവേണ്ടി മറ്റാരെയും ആശ്രയിക്കേണ്ടിവരുന്നില്ല. ജഡദേഹത്തിന് വന്നുചേരുന്ന കേടുപാടുകളൊന്നും നിജാനന്ദാനുഭവത്തിനു തടസമായി ഭവിക്കുന്നില്ല. വാക്കുകൊണ്ടു വിവരിക്കാൻ കഴിയാത്ത ആനന്ദം. മനസ്സുകൊണ്ടു ചിന്തിച്ചു വേർതിരിക്കാൻ കഴിയാത്ത ആനന്ദം. ഇതിലധികം തനിക്കിനി ഒന്നും കിട്ടാനില്ലെന്ന പൂർണതൃപ്തി നേടിത്തരുന്ന ആനന്ദം. ബാഹ്യകർമ ചലനങ്ങൾ എന്തൊക്കെയായാലും വിട്ടുപോകാത്ത ആനന്ദം. ലോകത്തെ മുഴുവൻ ആനന്ദമയമാക്കിത്തീർക്കുന്ന ആനന്ദം. ആനന്ദമല്ലാതെ മറ്റൊന്നുമില്ലെന്നു ബോധ്യപ്പെടുത്തിത്തരുന്ന ആനന്ദം; അതാണു ബ്രഹ്മാനന്ദം.

വസിഷ്ഠൻ തുടർന്നു: 'ചിത്തം തടിച്ചുകൊഴുത്താൽ കാർമേഘപടലം പ്രകാശത്തെ അകറ്റുന്നതുപോലെ ആത്മജ്ഞാനം ദൂരെ അകന്നുപോകും. ചിത്തം എങ്ങനെയാണു തടിച്ചുകൊഴുക്കുന്നത്?

170. അനാത്മന്യാത്മഭാവേന ദേഹമാത്രാസ്ഥയാധിയാ
പുത്രദാര കുടുംബൈശ്ച ചേതോഗച്ഛതിപീനതാം

അനാത്മനിആത്മഭാവേന - ആത്മാവല്ലാത്ത ജഡദൃശ്യങ്ങൾ സത്യമാണെന്നു കരുതുന്നതുകൊണ്ടും; ദേഹമാത്രാസ്ഥയാധിയാ - തുടർന്നുതാൻ ദേഹം തന്നെയാണെന്നു ബുദ്ധി ഉറപ്പിക്കുന്നതുകൊണ്ടും; പുത്രദാരകുടുംബൈഃച - ദേഹഭാവേന പുത്രൻ, ഭാര്യ, കുടുംബാംഗങ്ങൾ എന്നിവരുമായി ബന്ധപ്പെടുന്നതുകൊണ്ടും; ചേതഃ പീനതാംഗച്ഛതി - ചിത്തം തടിച്ചുകൊഴുക്കാൻ ഇടയാകുന്നു.

ആത്മാവല്ലാത്ത ജഡദൃശ്യങ്ങൾ സത്യമാണെന്നു കരുതുന്നതുകൊണ്ടും തുടർന്നു ഞാൻ ദേഹം തന്നെയാണെന്നുള്ള ബുദ്ധി ഉറപ്പിക്കുന്നതുകൊണ്ടും ദേഹഭാവേന പുത്രൻ, ഭാര്യ, കുടുംബാംഗങ്ങൾ എന്നിവരുമായി ബന്ധപ്പെടുന്നതുകൊണ്ടും ചിത്തം തടിച്ചുകൊഴുക്കാൻ ഇടയാകുന്നു.

**ചേതോഗച്ഛതിപീനതാം**

ബോധമാണു ജഗത്സത്യം. അതിനെ മറച്ചുകൊണ്ട് വെറുതെ ഉണ്ടെന്നു തോന്നുന്ന അജ്ഞാനത്തിന്റെ അഥവാ അസത്യത്തിന്റെ രൂപമാണു ജഡം. നിലനിൽപ്പിന്റെ രണ്ടുധ്രുവങ്ങളാണു ബോധവും ജഡവും. ബോധം ഉണ്മ അനുഭവിച്ചു സ്വയം പ്രകാശിക്കുന്നു. ജഡത്തെയും ഉള്ളതാക്കി പ്രകാശിപ്പിക്കുന്നു. അതുകൊണ്ടു ബോധം സത്യം. ജഡം സ്വയം ഉള്ളതായി പ്രകാശിക്കുന്നില്ല; അതുകൊണ്ടു അതിനു മാറ്റൊന്നും തന്നെ ഉള്ളതായി പ്രകാശി

digitized by www.sreyas.in

ക്കുന്നില്ല. അതിനാൽ ജഡം അസത്യം. സത്യാസത്യങ്ങളായ ഈ ബോധ ജഡങ്ങൾക്കിടയിൽ ഓടി നടക്കുന്ന ഒരത്ഭുത പ്രതിഭാസമാണു സങ്കൽപ്പാത്മകമായ ചിത്തം. എന്തുകൊണ്ടിതിനെ അത്ഭുതപ്രതിഭാസമെന്നു പറയുന്നു. ചിത്തം ഏതിനെ സമീപിക്കുന്നുവോ ക്രമേണ സ്വയം അതായിത്തീരും. ഇതാണതിന്റെ അത്ഭുതസ്വഭാവം. ബോധത്തെയാണ് സമീപിക്കുന്നതെങ്കിൽ ക്രമേണ ബോധരൂപം കൈക്കൊണ്ടുവിളങ്ങും. ബോധരൂപം കൈക്കൊള്ളുന്നതോടെ ക്രമേണ സൂക്ഷ്മവും, ഏകവും, സ്വയംപ്രകാശവുമായി മാറും. ഇതാണ് ചിത്തത്തിന്റെ കട്ടികുറയൽ. ഈ വഴിയിൽ ചിത്തം മുന്നേറിയാൽ അതു സ്വയം ബോധരൂപം കൈക്കൊണ്ടു സത്യത്തിൽ ഏകീഭവിക്കും. ഇനി ജഡത്തെയാണു സമീപിക്കുന്നതെങ്കിൽ ക്രമേണ ജഡരൂപം കൈക്കൊണ്ട് ഇരുളടയും. ജഡരൂപം കൈക്കൊള്ളുന്നതോടെ ക്രമേണ സ്ഥൂലവും, അനേകവും, തമോമയവുമായി മാറും. ഇതാണു ചിത്തത്തിന്റെ കട്ടിപിടിയ്ക്കൽ അഥവാ തടിച്ചുകൊഴുക്കൽ. ഈ വഴിയിൽ ചിത്തം മുന്നേറിയാൽ ക്രമേണ അതുസ്വയം ജഡരൂപം കൈക്കൊണ്ട് ശുദ്ധ ശൂന്യതയിൽ ലയിക്കും. ഇങ്ങനെ ജഡമാർഗമംഗീകരിച്ചു ചിത്തം പെരുകുന്നതിന്റെ ക്രമമാണു ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നത്. ബോധസത്യത്തെ വിട്ടിട്ട് ജഡം സത്യമാണെന്ന് കരുതാൻ തുടങ്ങുന്നിടത്താണ് ചിത്തത്തിന്റെ തടിച്ചുകൊഴുക്കൽ ആരംഭിക്കുന്നത്. അതോടെ തന്നിലെ ബോധാംശത്തെ വിസ്മരിച്ച് സ്വയം ജഡദേഹമാണെന്നുറപ്പു വരുത്തുന്നു. ആ ദേഹത്തിന്റെ നിലനിൽപ്പിനും സുഖത്തിനുമായി പുത്രദാരകുടുംബാംഗക്രമേണ അനേകം ജഡഭാവങ്ങളെ തന്നിൽ കൂട്ടിച്ചേർക്കുന്നു. തുടർന്ന് എണ്ണമറ്റ ജഡസാമഗ്രികൾ സുഖത്തിനായി ചിത്തത്തിൽ സ്ഥലം പിടിക്കുന്നു. ഇതൊക്കെക്കൂടെയാകുമ്പോൾ ആകൃതിയിലും എണ്ണത്തിലും ചിത്തം ജഡരൂപമായി തടിച്ചുകൊഴുക്കുമെന്നു തീർച്ചയാണല്ലോ.

വസിഷ്ഠൻ തുടർന്നു: 'അഹംകാരവികാരം പെരുകുന്നതുകൊണ്ടും മമതാലീലയുടെ വിലാസം വികസിക്കുന്നതുകൊണ്ടും ഇതെന്റേത്, അതുനിന്റേത് എന്ന സങ്കൽപ്പങ്ങൾ കൊണ്ടും ചിത്തം തടിച്ചുകൊഴുക്കാൻ ഇടയാകുന്നു. തുടർന്നുണ്ടാകുന്ന ആധിവ്യാധിവിലാസങ്ങൾ, സമാശ്വാസമായനുഷ്ഠിക്കപ്പെടുന്ന പരിഹാരമാർഗങ്ങൾ, ഇതു സ്വീകാര്യം ഇതസ്വീകാര്യം എന്ന ബഹുവിധ ചിന്തകൾ ഇവയെല്ലാം കൊണ്ടു ചിത്തം തടിച്ചുകൊഴുക്കാൻ ഇടയാകുന്നു. വിഷയസാമഗ്രികളോടുള്ള ഒടുങ്ങാത്ത കൗതുകം, സമ്പത്തിനോടു വിട്ടുമാറാത്ത ആർത്തി, സുന്ദരിമാരോടും രത്നങ്ങളോടുമുള്ള അടുപ്പം, ഇവയുടെയൊക്കെ ആകർഷണീയത ക്ഷണഭംഗുരമാണെന്നറിയാതെയുള്ള നിരന്തരസമ്പർക്കം ഇവയെല്ലാം കൊണ്ടും ചിത്തം തടിച്ചു കൊഴുക്കാനിടയാകുന്നു.

171. ദുരാശാക്ഷീരപാനേനഭോഗാനിലബലേനച
ആശ്വാസനേനചാരേണചിത്താഹിര്യാതിപീനതാം

ചിത്തമാകുന്ന സർപ്പം എങ്ങനെയൊക്കെയാണു തടിച്ചുകൊഴുക്കുന്നത്. ദുരാശയാകുന്ന പാലുകുടിച്ചും ലോകസുഖാസ്വാദനമെന്ന കാറ്റു ശ്വസിച്ചും അതു തടിച്ചുകൊഴുക്കുന്നു. സർവോപരി സത്യമറിയാതെ താൻ ചെയ്യുന്നതൊക്കെ ശരിയാണെന്നു സ്വയം ആശ്വസിച്ചുകൊണ്ട് സ്വൈരസഞ്ചാരം തുട

digitized by www.sreyas.in

രുന്നതുകൊണ്ടും ചിത്തസർപ്പം തടിച്ചുകൊഴുക്കാനിടയാകുന്നു. രാമാ, ഉദ്ദാലകനെപ്പോലെ വിചാരം ചെയ്തു ജഡപഞ്ചഭൂതങ്ങളെ സ്വരൂപത്തിൽനിന്നും പിഴുതെറിയൂ. സത്യമറിയുന്ന ധീരബുദ്ധിയെ വീണ്ടുംവീണ്ടുമുറപ്പിക്കൂ.

രാമൻ ചോദിച്ചു: 'ഭഗവൻ, ഉദ്ദാലകമഹാമുനി ഏതുരൂപത്തിൽ വിചാരം ചെയ്താണു പഞ്ചഭൂതങ്ങളെ സ്വരൂപത്തിൽനിന്നും വേരോടെ പിഴുതുമാറ്റിയത്?'

വസിഷ്ഠൻ പറഞ്ഞു: 'ഉദ്ദാലകമുനി ഭൂത പഞ്ചകത്തെ വിചാരം ചെയ്തു വേർതിരിച്ച് സ്വരൂപത്തിൽ നിന്നും ഒഴിച്ചുമാറ്റി നിജലാഭരൂപമായ സത്യദൃഷ്ടി കൈവരിച്ചതെങ്ങനെയെന്നു പറയാം; കേട്ടോളൂ. ഗന്ധമാദനപർവതത്തിന്റെ താഴ്വാരത്ത് പൂക്കൾ വിടർന്നുപരന്നതും കർപ്പൂരവൃക്ഷങ്ങൾ തിങ്ങിനിറഞ്ഞതുമായ ഒരു പ്രദേശമുണ്ട്. അവിടെ കായ്കനികൾ വേണ്ടുവോളമുള്ള ഒരു സ്ഥലത്ത് ഉദ്ദാലകനെന്ന മുനി കഠിനതപം ചെയ്തു പാർത്തിരുന്നു. ആദ്യമൊക്കെ സത്യമെന്തെന്നു വിചാരം ചെയ്തറിയാൻ കഴിയാതെ അദ്ദേഹം അൽപ്പപ്രജ്ഞനായി കഴിഞ്ഞുകൂടി. ക്രമേണ വേദാന്തശാസ്ത്രം ഗ്രഹിച്ചും യമനിയമാദി അനുഷ്ഠാനങ്ങളിൽ കൂടി മനസ്സിനെ ഏകാഗ്രപ്പെടുത്തിയും വിവേകവാനായി ഭവിച്ചു; എന്നിട്ടിങ്ങനെ ചിന്തിച്ചു: 'എവിടെ എത്തിച്ചേർന്നാലാണു ദുഃഖം പൂർണമായും ഒഴിഞ്ഞുമാറി മനസ്സിനു വിശ്രമം കിട്ടുന്നത്? മേരുപർവതത്തിന്റെ കൊടുമുടിയിൽ പറ്റിനിന്നു വിശ്രമിക്കുന്ന മേഘഖണ്ഡമെന്നപോലെ എപ്പോഴാണെന്റെ മനസ്സ് വിചാരചഞ്ചലത വെടിഞ്ഞ് സത്യപദത്തിലെത്തി നിരന്തരശാന്തി അനുഭവിക്കുക? ഭൗതിക സുഖങ്ങൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലുപേക്ഷിച്ച് ചിത്തം എപ്പോഴാണുപശമിക്കുക? ഈ ചിത്തം എപ്പോഴും 'ഇതു ചെയ്തുതീർത്തു ഇനി ഇതുചെയ്യാനുണ്ട്' എന്നിങ്ങനെ സദാ ചഞ്ചലമായിട്ടല്ലേ കാണപ്പെടുന്നത്.

172. കദാഹം ബഹുകല്ലോലാംനാവാപരമയാധിയാ
പരിതീർണോഭവിഷ്യാമിമത്താംതൃഷ്ണാതരംഗിണീം

എപ്പോഴാണു ഞാൻ തിരമാലകളിൽ കൂടി ഇളകി മറിഞ്ഞു മദമത്തയായൊഴുകുന്ന ഈ തൃഷ്ണാനദിയെ സത്യബുദ്ധിയാകുന്ന വള്ളത്തിൽ കയറിക്കടന്നക്കരെയെത്തുന്നത്? സ്വീകരിക്കാനും ത്യജിക്കാനുമൊന്നുമില്ലാതെ എപ്പോഴാണു ഞാൻ ഇഷ്ടാനിഷ്ടങ്ങളിൽ നിന്നു മുക്തനായിത്തീരുന്നത്? സ്വയം പ്രകാശിക്കുന്ന സ്വരൂപസ്ഥാനത്തെത്തി എപ്പോഴാണു ഞാൻ മംഗളരൂപിയായിത്തീരുന്നത്? സങ്കൽപ്പങ്ങളെല്ലാം ഒഴിഞ്ഞുമാറി പർവതഗുഹാതലത്തിൽ നിർവികൽപ്പ സമാധിയിലാണ്ട് ഞാനെപ്പോഴാണു പാറപോലെ നിശ്ചേഷ്ടനായി വിശ്രമിക്കാനിടവരുന്നത്?

173. നിരംശധ്യാന വിശ്രാന്തമൂകസ്യമമമൂർധനി
കദാതാർണം കരിഷ്യന്തികുലായം വനപുത്രികാഃ

അഖണ്ഡബോധസ്വരൂപമായ ബ്രഹ്മത്തെ ധ്യാനിച്ചു നിശ്ചേഷ്ടനായി നിസ്സങ്കൽപ്പനായി വിശ്രമിക്കുന്ന എന്റെ തലയിൽ എന്നായിരിക്കും കാട്ടിലെ കൊച്ചുകിളികൾ പുല്ലുകൊണ്ടു കൂടുണ്ടാക്കി താമസിക്കാനിടവരിക? രാമാ, ഇങ്ങനെ ചിന്താപരവശനായ ഉദ്ദാലകൻ ആ വനപ്രദേശത്ത് ആസനബദ്ധനായി വീണ്ടും ധ്യാനാഭ്യാസത്തിലേർപ്പെട്ടു. ഒരു കുരങ്ങിനെപോലെ ചലിച്ചുകൊ

digitized by www.sreyas.in

ണ്ടിരുന്ന അയാളുടെ ചിത്തം വീണ്ടും വീണ്ടും വിഷയങ്ങളാൽ പ്രലോഭിതമായിക്കൊണ്ടേയിരുന്നു. സന്തോഷപ്രദമായ ഏകാഗ്രസ്ഥാനത്തെത്തിനിൽക്കാൻ മനസ്സിനു കഴിഞ്ഞതേയില്ല. ചിലപ്പോഴൊക്കെ പുറമേയുള്ള വിഷയങ്ങളിൽ താൽപ്പര്യമില്ലാതെ ചിത്തം ഉള്ളിലേക്കു പിൻതിരിയും; പക്ഷേ ഉള്ളിലിരുന്ന് പലതരം മനോരാജ്യങ്ങളിലും ഏർപ്പെടും; ഒരു മരക്കൊമ്പിൽനിന്നു മറ്റൊരു മരക്കൊമ്പിൽ ചാടിയിരുന്നു കുസൃതികാണിക്കുന്ന കുരങ്ങിനെപ്പോലെ. ചിലപ്പോൾ മനോരാജ്യം ഉപേക്ഷിച്ചിട്ട് പുറമേയുള്ള വിഷയങ്ങളുടെ പിന്നാലെ പറന്നെത്തും; ഒരു ഭയന്ന പക്ഷി അങ്ങുമിങ്ങും പറന്നു നടക്കുന്നതുപോലെ. ധ്യാനാഭ്യാസം മുമ്പോട്ടുനീങ്ങി. ചിലപ്പോൾ ഉള്ളിൽ സൂര്യതേജസിനു തുല്യമായ പരന്ന തേജസ്സനുഭവപ്പെടും; ചിലപ്പോൾ ഉള്ളിൽ ആകാശം പോലെ ശൂന്യത; മറ്റു ചിലപ്പോൾ കടുത്ത ഇരുട്ട്; ധ്യാനാനുഭവങ്ങളിൽ ഇങ്ങനെ മാറിമാറി വരുന്ന കാഴ്ചകൾകൊണ്ട് ഉദ്ദാലകമനസ്സ് പര്യാകുലമായി. വ്യാകുലചിത്തനായി ആ ഗിരിപ്രാന്തത്തിൽ ധ്യാനാഭ്യാസം ചെയ്തുകൊണ്ടു ദിവസങ്ങൾ കഴിച്ചുകൂട്ടി. ധ്യാനനിരതമാകുന്ന മനസ്സിന്റെ അദ്ഭുതകരങ്ങളായ പ്രകടനവിധങ്ങൾ ഉദ്ദാലകനെ വിസ്മയഭരിതനാക്കി. ഒരിക്കൽ അദ്ദേഹം ആർക്കും കടന്നുവരാൻ പ്രയാസമേറിയ ഒരു പർവതഗുഹാസ്ഥാനത്തെ ശരണം പ്രാപിച്ചു. പക്ഷിമൃഗാദികൾക്കൊന്നിനുമിടമരുളാത്ത ആ സ്ഥാനത്ത് ഒരു മുനി മോക്ഷസ്ഥാനത്തെന്നപോലെ അദ്ദേഹം എത്തിച്ചേർന്നു. ഗന്ധമാദനഗുഹയിൽ അദ്ദേഹം ഉള്ളിലേക്കു കടന്നു, നല്ല കൊഴുത്ത ഇലകൾകൊണ്ട് ഒരിരിപ്പിടം തയാറാക്കി. അതിനുമേൽ മനോഹരമായ ഒരു മാൻതോൽ വിരിച്ചു. അതിലിരുന്ന് ഇളകിമറിയുന്ന മനസ്സിനെ ഏകാഗ്രപ്പെടുത്താൻ ശ്രമമാരംഭിച്ചു. പദ്മാസനം ബന്ധിച്ച് ബുധനെപ്പോലെ വടക്കു നോക്കി ഇരിപ്പുറപ്പിച്ചു. ഉപ്പൂറ്റികൾകൊണ്ട് വൃഷണങ്ങളെ അമർത്തിയിരുന്നു. പദ്മാസനത്തിന്റെ ഭാഗമായി രണ്ടുകൈത്തലങ്ങളെയും താമരകൾപോലെ വിടർത്തി പരസ്പരാഭിമുഖമായി മടിത്തട്ടിൽ നിവേശിപ്പിച്ചു. ബ്രഹ്മധ്യാനത്തിനായി ഈ ബ്രഹ്മാഞ്ജലി അർപ്പിച്ചുകൊണ്ട് സങ്കൽപ്പങ്ങളിൽകൂടി ഉയർന്നുചാടാൻ കൊതിക്കുന്ന മനസ്സിനെ വാസനകളിൽ നിന്നു പിൻതിരിപ്പിക്കാൻ ശ്രമിച്ചു. ഇങ്ങനെ നിർവികൽപ്പസമാധി നേടാനായി മനസ്സിനെ സങ്കൽപ്പവിമുഖമാക്കാനുള്ള വിചാരമാരംഭിച്ചു 'മൂർഖമായ അല്ലയോ മനസ്സേ, ഈ സംസാരസങ്കൽപ്പങ്ങൾ കൊണ്ടു നിനക്കെന്താണു പ്രയോജനം? ദുഃഖത്തിൽതന്നെ പര്യവസാനിക്കുമെന്നു തീർച്ചയുള്ള പ്രവൃത്തികളിൽ ബുദ്ധിമാന്മാർ ഏർപ്പെടാറില്ലല്ലോ. ശാന്തിരസായനം തള്ളിക്കളഞ്ഞിട്ടു നീ ക്ഷണികങ്ങളായ ലോകഭോഗങ്ങൾക്കുവേണ്ടിത്തന്നെ തെണ്ടിത്തിരിയുകയാണല്ലോ. കൽപ്പവൃക്ഷങ്ങളുള്ള നന്ദനവനം ഉപേക്ഷിച്ചിട്ടു വിഷവൃക്ഷങ്ങളുടെ വനത്തെയല്ലേ നീ അന്വേഷിച്ചു നടക്കുന്നത്.

174. യദിയാസിമഹീരന്ധ്രം ബ്രഹ്മലോകമഥാപിവാ
നനിർവൃതിമാപ്നോഷിവിനോപശമാമൃതം

മനസ്സേ നീ പാതാളലോകത്തോ ബ്രഹ്മലോകത്തോ എവിടെത്തന്നെ എത്തിയാലും സങ്കൽപ്പങ്ങളെ പിൻവലിച്ചു ശമാമൃതം കണ്ടെത്തുന്നതുവരെ നിർവൃതി കിട്ടുകയേ ഇല്ല. ഉണ്മയുടെയും ഇല്ലായ്മയുടെയും രൂപത്തിലുള്ള വിചിത്രങ്ങളായ നിന്റെ സങ്കൽപ്പ സൃഷ്ടികൾ ദുഃഖത്തിനല്ലാതെ ഒരിക്കലും

digitized by www.sreyas.in

സുഖത്തിനുപകരിക്കുകയില്ല; ഇവ ദുഃഖിപ്പിക്കുന്നതോടൊപ്പം നിന്നെ കഠിനമായി ഭയപ്പെടുത്തിക്കൊണ്ടുമിരിക്കും. ക്ഷണഭംഗുരങ്ങളായ ശബ്ദാദിവിഷയങ്ങളെ പ്രാപിക്കാനുള്ള നിന്റെ ഈ തിടുക്കം എന്തിന്? ഹേ മൂർഖ, ഇതിൽ നിന്നു നിനക്കെന്തു കിട്ടുന്നു? ഇതിൽ ഏതിലാണു നീ നിർവൃതി കണ്ടെത്തുന്നത്? അതേയവസരത്തിൽ ഇവയിൽ നിന്നും പിൻതിരിഞ്ഞു നീ ശാന്തമാകുമെങ്കിൽ അതിരറ്റ സ്വരൂപസുഖം തന്നെ ലഭിക്കുമല്ലോ; നീ എന്തുകൊണ്ടതിനായി യത്നിക്കുന്നില്ല? ഈ ശബ്ദം വെറുതെ പൊന്തിവന്നു പെരുകി ഇല്ലാതാകുന്നു. മൂർഖ മനസ്സേ, നീ ശ്രവണേന്ദ്രിയ രൂപം കൈക്കൊണ്ടതുമായി ബന്ധപ്പെട്ടതിനെ പിൻതുടരുന്നു. കാട്ടാളന്റെ വേണുഗാനം കേട്ടടുത്തു ചെല്ലുന്ന മാനിനെ അവൻ ബന്ധിച്ചു ഹിംസിക്കുന്നതുപോലെ ദുഃഖിക്കാൻ മാത്രമല്ലേ നീയിങ്ങനെ ശബ്ദത്തെ പിൻതുടരുന്നത്. ശബ്ദം നിന്നെ അതിൽ വാസനാബദ്ധമാക്കി ഹിംസിക്കുന്നു. ഈ ദുഃഖം ഒഴിവാക്കൂ. അതുപോലെ ത്വഗിന്ദ്രിയ രൂപം കൈക്കൊണ്ടു നീ സ്പർശസുഖത്തിനായി വെമ്പുന്നു. പിടിയാനയുടെ സ്പർശം കൊതിച്ചു പുറകേ പോകുന്ന കൊമ്പനാനയെ ആന പിടിത്തക്കാർ കുഴിയിൽ തള്ളിയിട്ടു ബന്ധിക്കുന്നു. നീയും അതുപോലെ സ്പർശസുഖവാസന നിമിത്തം ബദ്ധമായിത്തീരുകയല്ലേ? ഈ കെട്ടിൽ പെടാതെ പിൻതിരിയൂ. നിന്റെ രസനാരൂപം പ്രാപിക്കലും ഇതുപോലെ അനർഥം തന്നെയാണ്. ചൂണ്ടയിൽ കോർത്തിരിക്കുന്ന ഭക്ഷണം കൊതിച്ചെത്തുന്ന മത്സ്യം അതു വിഴുങ്ങി മരണത്തിന്റെ വായിലകപ്പെടുന്നു. നീയുമതുപോലെ രസവാസനയ്ക്കടിമപ്പെട്ടു അവസാനം മരണത്തിന്റെ വായിൽ ചെന്നു പതിക്കുന്നു. ഇതിൽ നിന്നു പിൻതിരിഞ്ഞു സ്വയം നിന്നെ രക്ഷിക്കൂ. രൂപത്തിൽ ഭ്രമിക്കുന്ന ചക്ഷുരിന്ദ്രിയമായി മാറിയാലും സ്ഥിതിയിതല്ലേ? അഗ്നിനാളത്തെ ഭക്ഷണമായി ഭ്രമിക്കുന്ന ഈയാംപാറ്റയുടെ സ്ഥിതി നിനക്കും വന്നുചേരും. രൂപവാസനയിലെരിഞ്ഞു ഒരു തൃപ്തിയും വരാതെ മരിക്കേണ്ടിവരും. ദയവായി ഇതിൽ നിന്നൊക്കെ പിൻതിരിയൂ. ഘ്രാണേന്ദ്രിയരൂപം കൈക്കൊണ്ട് ഗന്ധവാസനയിൽപെട്ട് ദേഹമാകുന്ന താമരയ്ക്കകത്തുകെട്ടുപെട്ടവനായി വണ്ടിനെപ്പോലെ നശിക്കാതിരിക്കൂ. താമരയുടെ ഗന്ധത്താൽ ആകൃഷ്ടനായി അതിൽ ചെന്നു പറ്റുന്ന വണ്ട് താമരകൂമ്പുന്നതോടെ ജയിലിലടയ്ക്കപ്പെട്ട സ്ഥിതിയിലായി ദുഃഖിക്കാനിടവരുന്നു. മനസ്സേ ഇതിൽ നിന്നൊക്കെ വിരമിക്കൂ. നിന്റെ കാര്യം ഇവയെക്കാളൊക്കെ കഷ്ടം.

175. കുരങ്ഗാളി പതംഗേഭ മീനാസ്ത്വേകൈകശോഹതാഃ
സർവൈരേതൈരനർഥൈസ്തൈർവ്യാപ്തസ്യാജ്ഞ കുതഃ സുഖം

> കുരങ് ഗാളി പതങ്ഗേഭമീനാ: തു-മാൻ, വണ്ട്, ഈയാംപാറ്റ, ആന, മത്സ്യം എന്നിവയാകട്ടെ; ഏകൈകശഃ ഹതാ-ശബ്ദം, ഗന്ധം, രൂപം, സ്പർശം, രസം എന്നിവയിൽ ഓരോന്നിനെ പിൻതുടർന്നതുകൊണ്ട് നാശത്തിൽ ചെന്നെത്തുന്നു; അജ്ഞ-അറിവില്ലാത്ത വിഡ്ഢിയായ അല്ലയോ മനസ്സേ; തൈഃ ഏതൈഃ സർവൈഃ അനർഥൈഃ പ്രസിദ്ധങ്ങളായ ഈ എല്ലാ അനർഥങ്ങളാലും; വ്യാപ്തസ്യ-ഒരുമിച്ചാക്രമിക്കപ്പെടുന്ന നിനക്ക്; സുഖം കുതഃ-സുഖം എവിടെ കിട്ടാനാണ്?

മാൻ, വണ്ട്, ഈയാംപാറ്റ, ആന, മത്സ്യം എന്നിവയാകട്ടെ ശബ്ദം, ഗന്ധം, രൂപം, സ്പർശം, രസം എന്നിവയിൽ ഓരോന്നിനെ പിൻതുടരുന്നതുകൊണ്ട്

digitized by www.sreyas.in

നാശത്തിൽ ചെന്നെത്തുന്നു. അറിവില്ലാത്ത വിഡ്ഢിയായ അല്ലയോ മനസ്സേ, പ്രസിദ്ധങ്ങളായ ഈ എല്ലാ അനർഥങ്ങളാലും ഒരുമിച്ചാക്രമിക്കപ്പെടുന്ന നിനക്ക് സുഖം എവിടെ കിട്ടാനാണ്?

**അജ്ഞ കുതഃ സുഖം**

മാൻ കാട്ടാളന്റെ മധുരശബ്ദത്തിനു പിന്നാലേ പോയി വലയിലകപ്പെടുന്നു. ശബ്ദമെന്ന ഒരനർഥമാണ് മാനിനെ വലയിലകപ്പെടുത്തുന്നത്. വണ്ട് താമരയുടെ ഗന്ധത്താൽ പ്രലോഭിക്കപ്പെട്ടാണ് അതിനകത്തു ബന്ധനസ്ഥനാകുന്നത്. ഗന്ധമെന്ന ഒരനർഥമാണു വണ്ടിനെ കാരാഗൃഹത്തിലടയ്ക്കുന്നത്. ഈയാംപാറ്റയുടെ കഥയും ഇതു തന്നെ. രൂപമെന്ന ഏകാനർഥം അതിനെ എരിച്ചു ചാമ്പലാക്കുന്നു. പിടിയാനയുടെ സ്പർശം കൊതിച്ചു അതിന്റെ പുറകേ പോകുന്ന കൊമ്പനാന സ്പർശമെന്ന അനർഥത്തിന്റെ പുറകേപോയി കുഴിയിൽ വീഴുന്നു. മത്സ്യമാകട്ടെ രസം കൊതിച്ചു ചൂണ്ടയിൽ കോർത്തഭക്ഷണം വിഴുങ്ങി സ്വയം മരിക്കുന്നു. ശബ്ദസ്പർശ രൂപരസഗന്ധങ്ങളെന്ന അനർഥങ്ങളായ ജഡവിഷയങ്ങളിൽ ഓരോന്നിനെ പിൻതുടരുന്ന ജന്തുക്കൾക്കുപോലും സർവനാശം സംഭവിക്കുന്നു. അപ്പോൾ എല്ലാറ്റിനെയും ഒരുമിച്ചു പിൻതുടരുന്ന മനസ്സിന്റെ കഥയെന്തായിരിക്കും!

ഉദ്ദാലകൻ തുടർന്നു:

176. ഹേ ചിത്ത വാസനാജാലം ബന്ധായ ഭവതോऽഭിതഃ
യദി ശാമ്യസിതത്ത്യക്ത്വാ തദാനന്തോ ജയ്സതവ

അല്ലയോ മനസ്സേ, ചുറ്റുപാടുമുള്ള വിഷയങ്ങളിൽ പറ്റിപ്പിടിച്ചു വാസനയെ വളർത്തുകയാണെങ്കിൽ നീ കടുത്ത ബന്ധത്തിൽ അകപ്പെട്ടുപോകും. വിഷയവാസന വെടിഞ്ഞ് നീ ഉപശമിക്കുകയാണെങ്കിൽ അനന്തമായ സത്യസ്വരൂപം കൈക്കൊണ്ട് നിനക്ക് എന്നെന്നേയ്ക്കുമായി വിജയിക്കാം. അല്ലെങ്കിൽ ഈ മനസ്സിനെ എന്തിനിങ്ങനെ അനുശാസിക്കണം? സത്യം വിചാരം ചെയ്തുറപ്പിക്കുന്ന ഒരു ജ്ഞാനിക്ക് ഈ മനസ്സില്ലേ ഇല്ല. മരുഭൂമിയിൽ കാനൽ ജലം അനുഭവപ്പെടുംപോലെ ബോധത്തിൽ അനുഭവപ്പെടുന്ന ഒരസത്പ്രതിഭാസമല്ലേ മനസ്സ്.

177. അനന്തസ്യാത്മതത്ത്വസ്യ തന്വീമനസി സംസ്ഥിതിഃ
നസംഭവതിവില്വാന്തർ വാസിതാ ദന്തിനോയഥാ

അനന്തമായ ആത്മതത്ത്വത്തെ ഉൾക്കൊള്ളാൻ ഈ ചെറിയ മനസ്സിനെങ്ങനെ കഴിയും. ഒരു കൂവളവിത്തിനുള്ളിൽ ആനയ്ക്ക് താമസിക്കാൻ കഴിയുമോ? കാലിന്റെ ചെറുവിരൽ മുതൽ ഞാൻ തലയുടെ മുകൾഭാഗംവരെ പരിശോധിച്ചുനോക്കി. ഈ അഹംകാരത്തെ ഒരിടത്തും കണ്ടുകിട്ടിയില്ല. പിന്നെയാരാണീ ഞാൻ?

178. ഭരിതാശേഷദിക്കുഞ്ജം പശ്യാമ്യേകം ജഗത്ത്രയേ
സംവേദനമസംവേദ്യം സർവത്രവിതതാത്മകം

ഭരിതാശേഷദിക്കുഞ്ജം-ദിഗന്തങ്ങളിൽ മുഴുവൻ നിറഞ്ഞുകവിയുന്നതും; സർവത്രവിതതാത്മകം-എല്ലാറ്റിലും അകവും പുറവും നിറഞ്ഞ് വിലസുന്നതും; ജഗത് ത്രയേ ഏകം-മൂന്നുലോകത്തും ഒന്നായി വിലസുന്നതുമായ; അസംവേദ്യംസംവേദനം-മാറി നിന്നനുഭവിക്കാൻ കഴിയാത്ത കേവലാനുഭവം അഥവാ ശുദ്ധബോധം; പശ്യാമി-എന്റെ ബുദ്ധിക്ക് തെളിയുന്നു.

digitized by www.sreyas.in

ദിഗന്തങ്ങളിൽ മുഴുവൻ നിറഞ്ഞുകവിയുന്നതും എല്ലാറ്റിലും അകവും പുറവും നിറഞ്ഞ് വിലസുന്നതുമായ മാറിനിന്നനുഭവിക്കാൻ കഴിയാത്ത കേവലാനുഭവം അഥവാ ശുദ്ധബോധം എന്റെ ബുദ്ധിക്കു തെളിയുന്നു.

**സംവേദനമസംവേദ്യം**

ഇവിടെ ശാസ്ത്രീയമായി ബുദ്ധിക്കു തെളിയുന്ന വസ്തുബോധമാണ് ഉദ്ദാലകൻ വിവരിച്ചിരിക്കുന്നത്. സിദ്ധാന്തപരമായ ജ്ഞാനം അഥവാ പരോക്ഷജ്ഞാനം. ഈ ജഗത്തിന് ഒരു പരമകാരണം ഉണ്ടായേ പറ്റൂ എന്നു ശാസ്ത്രീയമായി അൽപ്പം ചിന്തിക്കുന്ന ബുദ്ധിക്ക് ബോധ്യപ്പെടുന്നതാണ്. ആ പരമകാരണം അനുഭവം അഥവാ ബോധമാണെന്നും അറിയാൻ ഒരു പ്രയാസവുമില്ല. എങ്ങനെ? ബോധത്തെ മാറ്റി നിറുത്തിയാൽ പിന്നെ ഒന്നുമില്ല; അങ്ങനെ പരമകാരണം കാര്യമുള്ളിടത്തൊക്കെ നിറഞ്ഞുനിൽക്കാതെ തരവുമില്ല. അതുകൊണ്ടുതന്നെ അതു മാത്രമേ ഉണ്ടായിരിക്കാൻ പറ്റൂ എന്നതും സിദ്ധം. അപ്പോൾ കാര്യമെന്നും കാരണമെന്നുമൊക്കെ അതിനെ വേർതിരിച്ചറിയുന്ന അറിവ് ഒരിക്കലും അതിനെ കുറിച്ചുള്ള പൂർണമായ അറിവായിരിക്കാൻ പറ്റില്ല. അപ്പോൾ സത്യത്തെക്കുറിച്ചുള്ള പൂർണമായ അറിവെന്താണ്. സ്വയം അതായിത്തീരുകയാണ് സത്യത്തെക്കുറിച്ചുള്ള പൂർണാനുഭവം. ഈ അനുഭവം വിവരിക്കാൻ തുടങ്ങിയാൽ അപൂർണമായിപ്പോകും. അപ്പോൾ വിവരിക്കുന്നതോ? പൂർണാനുഭവം വിവരിക്കാൻ പറ്റുകയില്ലെന്ന് വിവരിക്കുന്നവയാണ് എല്ലാ വിവരണങ്ങളും. ആ വിവരണങ്ങൾ ഒരാൾക്ക് പൂർണാനുഭവത്തിനുള്ള വഴിതെളിക്കുന്നു അത്രേയുള്ളൂ. അതുകൊണ്ടു പൂർണമായ സത്യാനുഭവം 'അസംവേദ്യം സംവേദനമാണ്'; അറിയപ്പെടാൻ ഒന്നുമില്ലാത്ത അനുഭവമാണെന്നു താൽപ്പര്യം. ഇവിടെ അനുഭവവും അനുഭവിക്കുന്നയാളും അനുഭവപ്പെടുന്ന വസ്തുവും ഒന്നുതന്നെ.

ഉദ്ദാലകൻ ചിന്ത തുടർന്നു: ബുദ്ധിയ്ക്കാസത്യം ഇങ്ങനെ തെളിയുന്നു: എങ്ങനെ?

179. ദൃശ്യതേയസ്യനേയത്താനനാമപരികൽപനാ
നൈകതാനചനാനാതാസ്ഥൂലതാനചനാണുതാ

> യസ്യഇയത്താ ന ദൃശ്യതേ-ആ സത്യം ഇത്രമാത്രമുണ്ടെന്നു ബുദ്ധിക്കുകണ്ടെത്താനേ കഴിയുന്നില്ല; പരികല്പനാ നാമന-ആ സത്യത്തിന്റെ ആകൃതിയോ നിറമോ തരമോ ഒന്നും ബുദ്ധിക്കു കണ്ടെത്താൻ കഴിയുന്നില്ല; ഏകതാനച-അതേകമാണെന്നും പറയാൻ പറ്റില്ല; ന നാനതാ - അതിൽ പലതുണ്ടെന്നും പറക വയ്യ; സ്ഥൂലതാനച-അതുസ്ഥൂലമാണെന്നും പറഞ്ഞുകൂടാ; അണുതാന-സൂക്ഷ്മമാണെന്നും പറഞ്ഞുകൂടാ.

ആ സത്യം ഇത്രമാത്രമുണ്ടെന്നു ബുദ്ധിക്കു കണ്ടെത്താനേ കഴിയുന്നില്ല. ആ സത്യത്തിന്റെ ആകൃതിയോ നിറമോ തരമോ ഒന്നും ബുദ്ധിക്കു കണ്ടെത്താൻ കഴിയുന്നില്ല. അതേകമാണെന്നും പറയാൻ പറ്റില്ല; അതിൽ പലതുണ്ടെന്നും പറകവയ്യ. അതു സ്ഥൂലമാണെന്നും പറഞ്ഞുകൂട; സൂക്ഷ്മമാണെന്നും പറഞ്ഞുകൂട.

**ന നാമ പരികൽപ്പനാ**

ശുദ്ധബോധം അഥവാ ശുദ്ധാനുഭവമാണു സത്യം. ഇത്രയും പറയാമെന്നല്ലാതെ ശുദ്ധബോധത്തെ കൂടുതൽ എങ്ങനെ വിവരിക്കാൻ പറ്റും. ഒരു

digitized by www.sreyas.in

പദാർഥത്തെ വിവരിക്കണമെങ്കിൽ കാലം, ദേശം, ആകൃതി, നിറം, തരം, സംഖ്യ, പരിമാണം എന്നിങ്ങനെയുള്ള പരിമിതികൾക്കകത്തു നിന്നേ സാധ്യമാവൂ. ഈ പരിമിതികളെല്ലാം തന്നെ ശുദ്ധബോധത്തിൽ സങ്കൽപ്പങ്ങളുളവാക്കുന്ന സാപേക്ഷ പ്രതിഭാസങ്ങളാണ്. അവയ്ക്കൊക്കെ പരമകാരണമായി അവയ്ക്കപ്പുറം നിൽക്കുന്ന സത്യത്തെ അവയ്ക്കുള്ളിൽ നിന്നുകൊണ്ടെങ്ങനെ വിവരിക്കാൻ പറ്റും. ഒരു വസ്തുവിനെ ഇത്രമാത്രമെന്ന് നിർണയിക്കാൻ ദേശകാലപരിമിതികളെ അംഗീകരിച്ചാലേ പറ്റൂ. ദേശകാലങ്ങൾ ബോധത്തിലെ വെറും സങ്കൽപ്പസൃഷ്ടികളാണെന്നു വേദാന്തശാസ്ത്രം വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ദേശകാലാതീതമായ സത്യത്തെ ദേശകാല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇത്രമാത്രമെന്നെങ്ങനെ വിവരിക്കാൻ പറ്റും? ആകൃതി, നിറം, തരം ഇവയൊക്കെ ജഡദൃശ്യവുമായി ബന്ധപ്പെട്ട സങ്കൽപ്പരൂപങ്ങളാണ്; അതുപോലെ സംഖ്യയും പരിമാണവുമെല്ലാം. എല്ലാ ദൃശ്യങ്ങളും ബോധത്തിലെ സങ്കൽപ്പങ്ങളാണ്. സങ്കൽപ്പങ്ങൾക്കുറവിടമായ ബോധത്തെ സങ്കൽപ്പങ്ങൾക്കുള്ളിൽ നിന്നുകൊണ്ടെങ്ങനെ വിവരിക്കാൻ കഴിയും? ഇതിനൊക്കെ അർഥം ആ സത്യം ഒരുതരത്തിലും പിടികിട്ടുകയില്ലെന്നാണോ? സകലരും സ്വതേ ശുദ്ധബോധമായ ആ സത്യമാണ്. അതിനെ ഇനി പ്രത്യേകിച്ചു പിടിച്ചെടുക്കേണ്ട കാര്യമുണ്ടോ. ദൃശ്യസങ്കൽപ്പങ്ങളെ ഒഴിച്ചുമാറ്റി അവനവന്റെ ശുദ്ധരൂപം അനുഭവിച്ചാൽ അതു തന്നെ സത്യാനുഭവം അവനവന് അവനവനെ അനുഭവിക്കാം; വിവരിക്കാൻ പറ്റുകയില്ലെന്നു മാത്രം.

ഉദ്ദാലകൻ ചിന്ത തുടർന്നു: 'മനസ്സേ, ശുദ്ധമായ ബോധം അഥവാ അനുഭവമാണു ഞാൻ; അതുകൊണ്ട് സത്യമന്വേഷിച്ചെനിക്കിനി ഒരിടത്തും പോകേണ്ട ആവശ്യമില്ല. സത്യസ്വരൂപനായ എനിക്ക് ദുഃഖമുണ്ടാക്കുന്നതു മുഴുവൻ നീയാണ്. വിവേകം കൊണ്ടു ഞാൻ എന്നെ നിന്നിൽനിന്നും വേർതിരിച്ചു കാണുന്നുണ്ട്. നിന്നെ ഞാൻ അടിച്ചു പുറത്താക്കും. ഈ ശരീരവും ഞാനല്ല. ഇതു മാംസം, ഇതു രക്തം, ഇവ അസ്ഥികൾ, ഇവ പ്രാണന്മാർ; ഇവയിലേതെങ്കിലും ഞാനാണോ? മനസ്സേ, മാംസം വേറെ, രക്തം വേറെ, അസ്ഥികൾ വേറെ, ശബ്ദാദി ഇന്ദ്രിയജ്ഞാനം വേറെ, പ്രാണന്റെ സ്പന്ദനം വേറെ ഇവയൊക്കെ എന്നാൽ അറിയപ്പെടുന്നവ. അറിയുന്ന ഞാൻ എങ്ങനെ ഇവയിലൊന്നാകും. ഈ മൂക്ക്, ഈ നാക്ക്, ഈ തൊലി, ഈ ചെവി, ഈ കണ്ണ്, ഈ കർമ്മം ഇവയൊക്കെ എന്റെ സാന്നിദ്ധ്യം കൊണ്ടുമാത്രം ഉണ്ടെന്നു തോന്നുന്നവ; ഞാൻ ഇവയിലൊന്നെങ്ങനെയാവും. ഇവയിലൊക്കെ ബോധസ്വരൂപനായ ഞാൻ സർവത്ര വ്യാപിച്ചുനിൽക്കുന്നു; ഇവയൊന്നും ഞാനല്ല. ഉണ്മയുടെ തനിരൂപമായ സത്യത്തെക്കുറിച്ചുള്ള അറിവിതാണ്. ഇങ്ങനെയല്ലാതെ മറ്റൊരുവിധത്തിൽ സത്യത്തെ അറിയാൻ പറ്റുകയില്ല. അജ്ഞാനത്തിൽ മുങ്ങിയ അഹന്ത എന്നെ വളരെക്കാലം ദ്രോഹിച്ചു; ഒരു ചെന്നായ് മാൻകുട്ടിയെ എന്നപോലെ. അജ്ഞാനരൂപിയായ ഈ കള്ളനെ ഭാഗ്യത്താൽ ഞാനിന്നു തിരിച്ചറിഞ്ഞിരിക്കുന്നു. എന്റെ സ്വരൂപമായ ആനന്ദത്തെ അപഹരിച്ച ഇവനെ ഞാനിനി ഒരിക്കലും അടുപ്പിക്കുകയില്ല. ഉള്ളിൽ വിഷയവാസനയില്ലെങ്കിൽ കണ്ണു തുടങ്ങിയ ഇന്ദ്രിയങ്ങൾ പുറമേ ഇഷ്ടം പോലെ പ്രവർത്തിച്ചോട്ടെ. ഇന്ദ്രിയങ്ങൾ അതാതിന്റെ വിഷയങ്ങളിൽ

digitized by www.sreyas.in

പ്രവർത്തിക്കാൻ രാഗദ്വേഷവാസന ആവശ്യമേ ഇല്ല.

180. തസ്മാന്മൂർഖാണീന്ദ്രിയാണിത്യക്ത്വാന്തർ വാസനാംനിജാം
കുരുധ്വം കർമഹേ സർവം ന ദുഃഖം സമവാപ്സ്യഥ.

അതുകൊണ്ട് ജഡോപകരണങ്ങളായ ഇന്ദ്രിയങ്ങളേ, നിങ്ങൾ ഉള്ളിൽ രാഗദ്വേഷ വാസനകളില്ലാതെ എല്ലാ കർമങ്ങളും യഥാവിധി അനുഷ്ഠിക്കുവിൻ. നിങ്ങൾക്കൊരിക്കലും ദുഃഖം അനുഭവിക്കേണ്ടിവരില്ല-അല്ലയോ ഇന്ദ്രിയബാലന്മാരെ, സ്വയമുണ്ടാക്കുന്ന നൂൽവലയിൽപെട്ടു പട്ടുനൂൽപുഴുക്കൾ നശിക്കുന്നതുപോലെ നിങ്ങളുടെ തൃഷ്ണാതന്തുവാണു നിങ്ങളെ കെട്ടിമുറുക്കി നശിപ്പിക്കുന്നത്. ഇന്ദ്രിയങ്ങളുടെയെല്ലാം ഇരിപ്പിടമായ അല്ലയോ ചിത്തമേ, എല്ലാ ഇന്ദ്രിയങ്ങളുമായി യോജിച്ച് തന്റെ തല്കാലരൂപം വെറും മായാഭ്രമമാണെന്നറിഞ്ഞു ശുദ്ധബോധ സ്വരൂപത്തിൽ ലയിച്ച് നിർവാണ സുഖം അനുഭവിക്കൂ. വിഷയ വിഷമഹാമാരിയാകുന്ന അവസാനമില്ലാത്ത അഹംകാരവാസനയെ സമർഥമായി ഒതുക്കിനിർത്തി ഇഷ്ടപ്പെട്ട ഒരു ദിവ്യ മന്ത്രവുമായി കൂട്ടിച്ചേർത്ത് അഭയസ്ഥാനമായ ഭഗവാനെ ശരണം പ്രാപിക്കൂ. തൃഷ്ണാലത പടർന്നു പിടിച്ചിട്ടുള്ള സങ്കൽപ്പവൃക്ഷങ്ങളെക്കൊണ്ടു നിറഞ്ഞ മനോവനം മുറിച്ചുതള്ളിയിട്ട് ബോധസ്വരൂപമായ അതിരില്ലാത്ത വെളിസ്ഥലത്തു ഞാൻ സുഖമായി വിഹരിക്കുന്നുണ്ട്. ആ സത്യപദത്തിൽ ഞാൻ എത്തിക്കഴിഞ്ഞിരിക്കുന്നു; അവിടെ ഞാൻ മാത്രമേയുള്ളൂ; ഞാൻ ജയിച്ചിരിക്കുന്നു; നിർവാണസുഖത്തിലെത്തിയിരിക്കുന്നു; എനിക്ക് അംശങ്ങളില്ല; ആഗ്രഹങ്ങളില്ല; ഇഷ്ടങ്ങളില്ല. നൈർമല്യം, ഉത്സാഹം, ഉണ്മ, ലാളിത്യം, സത്യത, അറിവ്, ആനന്ദം, ഉപശമം, ആദരവ്, സന്തോഷം, പ്രകാശം ഇവയെല്ലാം എന്റെ സ്വരൂപം തന്നെയായി മാറിയിരിക്കുന്നു. പൂർണത, ഉദാരത, സത്യം, മുഖകാന്തി, ഏകത്വം, നിശ്ചയം, സർവസമത്വം, നിർഭയത്വം, ദ്വൈതാഭാവം, സങ്കൽപ്പരാഹിത്യം ഇവയെല്ലാം ഒരിക്കലും വിട്ടുപോകാതെ എന്നെ പരിചരിക്കാനെത്തിയ സുന്ദരിമാരെപ്പോലെ സ്വസ്ഥരായി എന്നിൽ നിലകൊള്ളുന്നു. ആത്മാവിൽ മാത്രം രമിക്കുന്ന എന്റെ പ്രിയതമമാരായി അവർ പരിശോഭിക്കുന്നു!

വസിഷ്ഠൻ തുടർന്നു: 'ഉദ്ദാലകമുനി ഇങ്ങനെയൊക്കെ തീരുമാനിച്ചു പകുതിതുറന്ന കണ്ണുകളോടുകൂടി ധ്യാനത്തിനൊരുമ്പെട്ടു. ബ്രഹ്മരന്ധ്രം വരെ എത്തിച്ചേരാൻ തക്കവണ്ണം ധ്വനിമയമായി ഉച്ചസ്വരത്തിൽ 'ഓം'കാരമുച്ചരിക്കാൻ തുടങ്ങി. നാക്കു ബലമായി പിടിച്ചടക്കിയ വലിയ തൂക്കുമണിയിൽ നിന്നു പുറപ്പെടുന്ന മണിമുഴക്കമെന്നപോലെ പ്രണവനാദം പരിസരങ്ങളിൽ മാറ്റൊലികൊണ്ട് 'ഓം'കാരോച്ചാരണം ബോധതത്ത്വത്തെ അഭിമുഖീകരിച്ചു. ഉച്ചാരണം അതിന്റെ അവസാനഘട്ടത്തിലെത്തുന്നതോടെ സർവവ്യാപിയായ ആത്മതത്ത്വം തെളിയുന്നതായി തോന്നി. മൂന്നര മാത്രയുള്ള പ്രണവമന്ത്രത്തിന്റെ ഉച്ചാരണത്തിൽ ആദ്യമാത്രയായ 'അ' കാരം സ്ഫുടമായതോടെ തന്നെ മന്ത്രധ്വനി മാറ്റൊലിക്കൊണ്ട ദേഹത്തിൽ പ്രാണൻ ഇളകിച്ചലിക്കാനാരംഭിച്ചു. പ്രണവോച്ചാരണത്തിൽകൂടി രേചകപ്രാണായാമം സംഭവിച്ചതോടെ പുറത്തേക്കൊഴുകിയ പ്രാണൻ അഗസ്ത്യൻ വെള്ളം കുടിച്ചു വറ്റിച്ച സമുദ്രമെന്നപോലെ ദേഹത്തെ പൊള്ളയാക്കി മാറ്റി. തുടർന്ന് ഹൃദയത്തിൽ നിറഞ്ഞുനിന്ന സൂക്ഷ്മപ്രാണൻ ചിദ്രസം കൊണ്ടു പൂരിതമായി ഭവിച്ചു.

digitized by www.sreyas.in

പ്രാണന്റെ രേചകപ്രക്രിയയിലൂടെ ജ്വലിച്ചുയർന്ന ഹൃദയാഗ്നി പാപമയമായ ശരീരത്തെ ദഹിപ്പിച്ചു. പ്രണവോച്ചാരണം കൊണ്ടുനേടിയ പ്രാണായാമത്തിന്റെ രേചകമെന്ന ആദ്യഘട്ടം ഇച്ഛകൊണ്ടു സംഭവിച്ചതാണ്. ഹഠയോഗ പ്രാണായാമത്തിലെന്നപോലെ ബലാൽ നേടിയതല്ല. ബലാലുള്ള ഹഠയോഗം സ്വാഭാവികമല്ലാത്തതുകൊണ്ടു ദുഃഖദമാണ്. പ്രണവത്തിന്റെ രണ്ടാം മാത്രയായ ഉകാരത്തിന്റെ ഉച്ചാരണത്തോട രേചകം കഴിഞ്ഞുള്ള ബാഹ്യകുംഭകം സാദ്ധ്യമായി. മനസ്സ് സമനിലയിൽ എത്തിനിന്നു. പ്രാണൻ നിഷ്പന്ദമായി. അകത്തോ പുറത്തോ മുകളിലോ ഒരിടത്തും പ്രാണൻ ചലിച്ചതേയില്ല. ഉലയിൽ നിറഞ്ഞു നിശ്ചലമായി നിൽക്കുംപോലെ പ്രാണൻ സ്ഥിതിചെയ്തു. പാപദേഹത്തെ ദഹിപ്പിച്ച ഹൃദയാഗ്നി ക്ഷണംകൊണ്ടു ശമിച്ചു; അതു കൊള്ളിമീൻപോലെ പൊലിഞ്ഞു. ദേഹം വെളുത്ത ഭസ്മം കൊണ്ടു നിറഞ്ഞു മഞ്ഞു വീണുമൂടിയ പോലെ അനുഭവപ്പെട്ടു. കർപൂരശയ്യയിൽ സുഖമായി ഉറങ്ങിക്കിടക്കുന്നതുപോലെ ദേഹാസ്ഥികൾ ചലനമില്ലാതെ വെണ്മയോടെ കാണപ്പെട്ടു. ഹൃദയാകാശം മുഴുവൻ ഇടതിങ്ങിനിറഞ്ഞ പ്രാണൻ അസ്ഥിഭസ്മവുമായി ഇടകലർന്നു; അസ്ഥിഭസ്മം പ്രാണനുമായി കൂടിക്കലർന്നു. ശരത്കാലാകാശത്തിൽ ഒരിടത്ത് മൂടൽമഞ്ഞോടിടകലർന്നു മേഘങ്ങളെകാണാൻ ഇടവരുന്നതുപോലെ ഭസ്മാസ്ഥിമയമായി ഹൃദയാകാശം വിളങ്ങി. പ്രാണായാമത്തിന്റെ ദ്വിതീയഘട്ടമായ ഈ ബാഹ്യകുംഭകസ്ഥിതിയും ഇച്ഛയ്ക്കൊത്തു സംഭവിച്ചതാണ്; ഹഠയോഗംകൊണ്ടു ബലാൽസംഭവിച്ചതല്ല. ഹഠയോഗം ദുഃഖദമാണ്. പ്രണവത്തിന്റെ തൃതീയ മാത്രയാണ് 'മ'കാരം അഥവാ 'മ്'. 'മ'കാരത്തിന്റെ ഉച്ചാരണഘട്ടമാണു പ്രണവപ്രാണായാമത്തിന്റെ മൂന്നാംഘട്ടം അഥവാ പൂരകം. ഉദ്ദാലകനിലും പ്രണവം ഉച്ചരിച്ചവസാനിക്കുന്ന മൂന്നാംഘട്ടം എത്തി; ക്രമമനുസരിച്ചുള്ള പൂരകം. പൂരകമായതോടെ പ്രാണൻ ബോധാമൃതമധ്യത്തിലെത്തി ഹിമസംസ്പർശസുന്ദരമായ ശീതളത്വം കൈക്കൊണ്ടു. ക്രമേണ ആകാശത്തിൽ വ്യാപിച്ചു നിൽക്കുന്ന നീരാവിമേഘരൂപം കൈക്കൊള്ളുന്നതുപോലെ ഹൃദയാകാശത്തിലെ ശീതളപ്രാണൻ ചന്ദ്രമണ്ഡലരൂപം കൈക്കൊണ്ടു. കലാപൂർണമായി നിൽക്കുന്ന ആ ചന്ദ്രമണ്ഡലത്തിൽ ശീതളപ്രാണൻ രസായന മഹാധാരകളായി മാറി. ആ രസായനമഹാധാര ശിവ ശിരസ്സിൽ നിന്നു പാപമോചിനിയായ ഗംഗയെന്നപോലെ താഴെ ശരീരഭസ്മത്തിലേക്കു പ്രവഹിച്ചു. തുടർന്ന് ഉദ്ദാലകശരീരം നാലുകൈകളോടു കൂടി ചന്ദ്രബിംബശോഭ പരത്തിക്കൊണ്ട് നാരായണരൂപം കൈക്കൊണ്ടു വിളങ്ങി. അമൃതമയമായ പ്രാണപ്രസരം ദേഹമാസകലം നിറഞ്ഞു. ദേഹത്തിൽ അധോഭാഗത്തുനിന്നു കുണ്ഡലിനീ പ്രാണനും ചലിച്ചുയർന്നു ദേഹാന്തർഭാഗത്തെ പൂരിപ്പിച്ചു. ഉദ്ദാലകൻ പദ്മാസനത്തിൽ സ്ഥിതിചെയ്തുകൊണ്ടു ദേഹസ്ഥിതിയെ ഒന്നു കൂടി ഉറപ്പിച്ചു. ലായത്തിൽ ആനയെ കെട്ടിയിടുന്നതുപോലെ ഇന്ദ്രിയപഞ്ചകത്തെ ഉള്ളിൽ തന്നെ നിരോധിച്ചുനിറുത്തി. അണക്കെട്ടു ജലപ്രവാഹത്തെ തടഞ്ഞു നിറുത്തുന്നതു പോലെ ഹൃദയപദ്മത്തിനുള്ളിൽ വണ്ടുപോലെ ചലിക്കുന്ന ചിത്തത്തെ നിരോധിച്ചുനിറുത്തി. കൺപോളകൾ കൊണ്ടു പൊതിഞ്ഞു കണ്ണുകളെ അർധനിമീലിതങ്ങളാക്കി; സന്ധ്യാകാലത്തെ താമരപ്പൂക്കൾപോലെ അവ കൃഷ്ണമണികൾ ചലിപ്പിക്കാതെ നിലകൊണ്ടു. ഉദ്ദാലകൻ മൗനിയായി നാസാരന്ധ്രങ്ങൾക്കിടയിൽ പ്രാണാപാനഗതി അത്യന്തം

digitized by www.sreyas.in

സൗമ്യമാക്കി നിറുത്തി. പ്രയത്നപൂർവം ഇന്ദ്രിയങ്ങളെ ഇന്ദ്രിയ വിഷയങ്ങളിൽ നിന്നു വേർപെടുത്തി. ധീരബുദ്ധിയായ അദ്ദേഹം ബാഹ്യവിഷയങ്ങളെ പൂർണമായും ഉള്ളിൽ നിന്നും അകറ്റിനിറുത്തി. വിട്ടുപോയ വിഷയങ്ങളെക്കുറിച്ച് ഉള്ളിലുള്ളവാസനാസങ്കൽപ്പങ്ങളെയും പൂർണമായി വിലയിപ്പിച്ചു. മൂലാധാരസമീപസ്ഥമായ മലദ്വാരത്തെ സങ്കോചിപ്പിച്ച് നവദ്വാരപ്രാണപ്രസരത്തെയും തടഞ്ഞു. നാസാരന്ധ്രങ്ങൾക്കിടയിൽ പിടിച്ചുനിറുത്തിയ പ്രാണൻ മറ്റുദേഹരന്ധ്രങ്ങളിൽ പ്രവേശിക്കാതെ തടയപ്പെട്ടതുപോലെ. ആത്മതത്വം വ്യക്തമായി പ്രകാശിപ്പിക്കുന്നതിനും ഒരുപൂവിന്റെ കാന്തിയുൾക്കൊള്ളുന്നതുമായ കഴുത്തിനെ ധീരനായ ഉദ്ദാലകൻ മേരുപർവതത്തിന്റെ കൊടുമുടിയുടെ അറ്റമെന്നപോലെ ഋജുവും ഉറപ്പുറ്റതുമാക്കി നിറുത്തി.

181. ബഭാരഹൃദയാകാശേമനഃസംയമമാഗതം
വിന്ധ്യഖാതഇവോന്മത്തഗജം യുക്തിവശീകൃതം.

സത്യോന്മുഖങ്ങളായ ശാസ്ത്രചിന്തകൾ കൊണ്ടു വശീകരിച്ചു സംയമത്തിലെത്തിച്ച മനസ്സിനെ ഹൃദയാകാശത്തിൽ തന്നെ അനങ്ങാനനുവദിക്കാതെ പിടിച്ചുനിറുത്തി. ആനവേട്ടക്കാരൻ യുക്തികൊണ്ടു വശത്താക്കിയ കാട്ടാനയെ വിന്ധ്യവനത്തിലെ കുഴിയിൽ വീഴ്ത്തി ഒതുക്കി നിറുത്തുന്നതുപോലെ. ശരദാകാശംപോലെ ഉദ്ദാലകന്റെ ഹൃദയാകാശം ശാന്തമായി തെളിഞ്ഞു. കടന്നുവന്ന ശക്തികുറഞ്ഞ സങ്കൽപ്പങ്ങളെ അദ്ദേഹം അനായാസം പുറത്താക്കി. പുറത്തുപോകാൻ വിസമ്മതിച്ചുകൊണ്ട് ഉള്ളിൽ തങ്ങിനിന്ന സങ്കൽപ്പങ്ങളെ ശൂരനായ ഒരു പടയാളി വാളുകൊണ്ടു ശത്രുക്കളെ വെട്ടിവീഴ്ത്തുന്നതുപോലെ വീണ്ടും വീണ്ടും മനസ്സുകൊണ്ടു മുറിച്ചു പുറം തള്ളി. സങ്കൽപ്പങ്ങൾ മിക്കവാറും ഇങ്ങനെ പുറം തള്ളപ്പെട്ടതോടുകൂടി അൽപ്പമൊക്കെ ഇരുട്ടുകൊണ്ടുമറയ്ക്കപ്പെട്ട സൂര്യനെയെന്നപോലെ ഉള്ളിൽ കുറച്ചൊക്കെ ലോകസങ്കൽപ്പങ്ങൾ കൊണ്ടു മറയ്ക്കപ്പെടുന്ന ബോധതത്വത്തെ തെളിഞ്ഞു തന്നെ അനുഭവിക്കാൻ കഴിഞ്ഞു. കുറെയൊക്കെ പറ്റിനിന്ന ലോകചിന്തകളാകുന്ന ഇരുട്ടിനെയും അദ്ദേഹം ബോധാനുഭവസമർത്ഥമായ ബുദ്ധി സൂര്യനെ കുറെക്കൂടെ തെളിച്ചു നിഷ്കാസനം ചെയ്തു. ഇരുട്ടുമുഴുവൻ മാറിയതോടെ ഉള്ളിൽ തേജോമയമായ ഒരു പ്രകാശഗോളം തെളിഞ്ഞുകാണപ്പെട്ടു. ഒരു കുട്ടിയാന റോസാപ്പൂവനം പിഴുതെറിയുന്നതുപോലെ ആ പ്രകാശഗോളത്തെയും ഒഴിച്ചുമാറ്റി, തേജസ്സു വിട്ടുപോയതോടുകൂടി അശാന്തമായ മുനിമനസ്സ് നിദ്രയെ അവലംബിച്ചു. രാത്രിയിൽ കൂമ്പുന്ന താമരയെന്നതുപോലെ. ആ നിദ്രയെയും അദ്ദേഹം തിരസ്കരിച്ചു. നിദ്ര ഒഴിഞ്ഞുമാറിയതോടെ ഉള്ളിൽ ആകാശത്തിന്റെ ശൂന്യത അനുഭവപ്പെട്ടു. ശൂന്യതയും നിഷേധിക്കപ്പെട്ടതോടെ അനുഭവമൊന്നുമില്ലാത്ത മൂഢത അഥവാ ജഡത്വം ബാധിക്കുന്നതുപോലെ തോന്നി. മനസ്സിന്റെ മൂഢതയെയും അദ്ദേഹം തുടച്ചുമാറ്റി. തുടർന്നു, പ്രകാശമല്ല, ഇരുട്ടല്ല, ഉറക്കമല്ല, മൂഢതയല്ല; അങ്ങനെയുള്ള അനിർവചനീയമായ ഒരവസ്ഥയിലെത്തി ഉദ്ദാലകമനസ്സ് വിശ്രമിച്ചു.

182. വിശ്രാമ്യാശുപപാതാങ് സംവിദാം വിശ്വരൂപിണീം
സേതുരുദ്ധംസരോവാരി പ്രതീപം സ്വാമിവാസ്പദം

വിശ്രാമ്യ-മനസ്സ് നിരോധരൂപമായ സേതുവിനാൽ പൂർണമായും തടയപ്പെട്ടപ്പോൾ; ആശു-അതിവേഗം; വിശ്വരൂപിണീം അംഗസംവിദം-വിശ്വം മുഴു

digitized by www.sreyas.in

വൻ നിറഞ്ഞുവ്യാപിച്ച ശുദ്ധബോധത്തിൽ; പപാത-ചെന്നുലയിച്ചു; സേതു രുദ്ധം സരോവാരി-അണകെട്ടിതടയപ്പെട്ട നദീജലം; പ്രതീപംസ്വം ആസ്പദമിവ-മടങ്ങി തന്റെ ഉത്ഭവസ്ഥാനത്തെത്തിച്ചേരുന്നതുപോലെ.

മനസ്സ് നിരോധരൂപമായ സേതുവിനാൽ പൂർണമായും തടയപ്പെട്ടപ്പോൾ അതിവേഗം വിശ്വം മുഴുവൻ നിറഞ്ഞു വ്യാപിച്ച ശുദ്ധബോധത്തിൽ ചെന്നു ലയിച്ചു. അണകെട്ടി തടയപ്പെട്ട നദീജലം മടങ്ങി തന്റെ ഉത്പത്തി സ്ഥാനത്തെത്തിച്ചേരുന്നതുപോലെ.

## വിശ്വരൂപിണീം അംഗസംവിദം

ദേഹമധ്യത്തിൽ അകപ്പെട്ടുപോയ ശുദ്ധസംവിത് അഥവാ ശുദ്ധബോധമാണു ജീവൻ. അഖണ്ഡബോധരൂപമായ ബ്രഹ്മസരിത്തിൽ നിന്നാണതു ദേഹമധ്യത്തിൽ ഒഴുകിയെത്തിയത്. സങ്കൽപ്പങ്ങളെന്ന കൈവഴികളാണ് അനന്തമായ ബ്രഹ്മസരിത്തിലെ അൽപ്പം ബോധജലത്തെ പലതാക്കി ഒഴുക്കി ശരീരമധ്യത്തിലെത്തിച്ചത്. ദേഹമധ്യത്തിലെത്തിനിൽക്കുന്ന ഈ ബോധമാണ് അംഗസംവിത് അഥവാ ജീവാത്മാവ്. ഉദ്ദാലകൻ സങ്കൽപ്പനിരോധം അഥവാ മനസ്സിന്റെ ഉപശമം എന്ന അണകെട്ടി സങ്കൽപ്പങ്ങളാകുന്ന കൈവഴികളെ തടഞ്ഞു. തുടർന്നു സങ്കൽപ്പങ്ങളുടെ രൂപത്തിൽ ഒഴുകിയിരുന്ന ജീവാത്മാവ് ചാലുകളായി ഒഴുകുന്നവെള്ളം അണയിൽ വന്നുമുട്ടി ഒന്നായി ച്ചേർന്നു പെരുകുംപോലെ ഉപശമസേതുവിൽ വന്നുമുട്ടി ഒന്നായി പെരുകി. അണയിൽ വന്നുമുട്ടി വെള്ളം പെരുകിയാൽ അതുപിന്നെ മടങ്ങി തന്റെ ഉത്ഭവസ്ഥാനമായ വലിയ സരിത്തിലേക്കു ചെല്ലും. അതുപോലെ ഉപശമസേതുവിൽ വന്നുമുട്ടി പെരുകിയ ജീവാത്മാവ് വിശ്വരൂപം കൈക്കൊണ്ടു നിൽക്കുന്ന തന്റെ ഉത്ഭവസ്ഥാനമായ ബ്രഹ്മത്തിലേക്കു മടങ്ങി. ബ്രഹ്മമാണു വിശ്വരൂപിണിയായ സംവിത് അഥവാ അനന്തബോധം. ഇതുതന്നെയാണു ജീവബ്രഹ്മൈക്യം. ഉദ്ദാലകൻ ചിത്തനിരോധത്തിലെ അനേകാനുഭവ ഘട്ടങ്ങൾ കടന്നു ഒടുവിൽ ജീവബ്രഹ്മൈക്യാനുഭവത്തിലെത്തിയെന്നു താൽപ്പര്യം. നൂറ്റിപന്ത്രണ്ടാം പദ്യത്തിന്റെ വ്യാഖ്യാനം ഒന്നുകൂടി വായിച്ചു നോക്കുക.

വസിഷ്ഠൻ തുടർന്നു. 'ചിരകാലമായ ആത്മധ്യാനം കൊണ്ടും ബോധരൂപമായ ആത്മാവിൽ നിന്നുള്ള അകൃത്രിമമായ ആനന്ദാനുഭവംകൊണ്ടും വള സ്വർണരൂപം കൈക്കൊള്ളുന്നതുപോലെ ചിത്തം ചിന്മയമായിഭവിച്ചു.

183. ചിത്തത്വമഥസംത്യജ്യചിത്തംചിത്തത്ത്വമാഗതം
അന്യദേവബഭൂവാശുപങ്കഃകുംഭസ്ഥിതോയഥാ

അഥ-അനന്തരം; ചിത്തം ചിത്തത്വം സംത്യജ്യ-ചിത്തം ചിത്തരൂപം വെടിഞ്ഞു, ചിത്തത്ത്വം ആഗതം-ബോധരൂപം കൈക്കൊണ്ടു; യഥാ- ഏതുപോലെയെന്നാൽ; കുംഭസ്ഥിതഃ പങ്കഃ-കുടത്തിലിരിക്കുന്ന ചെളി; ആശു അന്യദേവബഭൂവ-വേഗം ഉണങ്ങി ചെളിയെന്ന അവസ്ഥ പോയി കുടത്തോടൊപ്പം തകിടായി മാറുന്നതുപോലെ.

അനന്തരം ചിത്തം ചിത്തരൂപം വെടിഞ്ഞു ബോധരൂപം കൈക്കൊണ്ടു. ഏതുപോലെയെന്നാൽ കുടത്തിലിരിക്കുന്ന ചെളി വേഗം ചെളിയെന്ന അവസ്ഥ പോയി കുടത്തോടൊപ്പം തകിടായിമാറുന്നതുപോലെ.

## ചിത്തം ചിത്തത്ത്വമാഗതം

ചിത്തം ചിത്തത്ത്വമാഗതം; ചിത്തം ചിത്തമായിമാറി; ചിത്തം ബോധ

digitized by www.sreyas.in

രൂപം കൈക്കൊണ്ടു. എങ്ങനെ? നിരന്തരമായ ബോധാനുസന്ധാനം കൊണ്ട്. ലോകവ്യവഹാരത്തിലെ ഒരലംഘനീയനിയമമാണ് ഇവിടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. നിരന്തരം എന്തിനെ ധ്യാനിക്കുന്നുവോ ചിത്തം അതായി മാറുന്നു. ഒരിഷ്ടദേവനെയാണു ചിത്തം കുറേക്കാലം നിരന്തരം ധ്യാനിക്കുന്നതെങ്കിൽ ചിത്തം ഇഷ്ടദേവതാരൂപം കൈക്കൊള്ളും. ബോധസത്യത്തിന്റെ സഹായത്തോടെ ഇഷ്ടദേവതാരൂപം കൈക്കൊണ്ടു ചിത്തം മുൻപിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. പേര്, പെരുമ, സ്ഥാനമാനങ്ങൾ, ധനം തുടങ്ങി ഏതു ലോകകാര്യം നിരന്തരം അനുസന്ധാനം ചെയ്താലും ഇതു തന്നെ നിയമം. ചിത്തം അതിന്റെ രൂപം കൈക്കൊള്ളും, അതനുഭവപ്പെടുകയും ചെയ്യും. അനുസന്ധാനം കൊണ്ട് ഏതുരൂപം കൈക്കൊള്ളാനും ചിത്തത്തിനു കഴിയും. യോഗിമാർ സിദ്ധികൾ നേടുന്നതിന്റെയൊക്കെ രഹസ്യം ചിത്തത്തിന്റെ ഈ അനുസന്ധാനസാമർഥ്യമാണ്. അസത്യജഡത്തെ നിരന്തരം അനുസന്ധാനം ചെയ്താൽ ചിത്തം അസത്യജഡരൂപം കൈക്കൊള്ളും, ജഡാനുഭവത്തിനു പ്രാമുഖ്യവും ലഭിക്കും. സത്യമായ ബോധത്തെയാണനുസന്ധാനം ചെയ്യുന്നതെങ്കിൽ ചിത്തം ബോധരൂപം കൈക്കൊള്ളും; സർവത്ര ബോധസത്യം അനുഭവപ്പെടുകയും ചെയ്യും. ഉദ്ദാലകൻ ചിരകാലം ബോധത്തെ അനുസന്ധാനം ചെയ്തു. ചിത്തം ബോധരൂപം കൈക്കൊണ്ടു സർവത്ര അതിനെ അനുഭവപ്പെടുത്തുകയും ചെയ്തു. ഇതു തന്നെയാണു ജീവബ്രഹ്മൈക്യാനുഭവം. ചിത്തം എങ്ങനെയോ മനുഷ്യൻ അങ്ങനെ; ഇതാണലംഘനീയ ജീവിതനിയമം. വസിഷ്ഠൻ തുടർന്നു: 'ഉള്ളിൽ സങ്കൽപ്പം വിട്ടുമാറിയതോടെ ശുദ്ധബോധം തെളിഞ്ഞു. ഉള്ളിൽ തെളിഞ്ഞ ശുദ്ധബോധം സർവത്ര നിറഞ്ഞുനിൽക്കുന്ന സാമാന്യ ബോധമായി വികസിച്ചു. കുമിളകളും തിരകളും അവയുടെ പ്രത്യേകരൂപങ്ങൾ വെടിയുന്നതോടെ ജലമായിമാറി സമുദ്രജലമായി വികസിക്കുന്നതുപോലെ. ലോകഭോഗസങ്കൽപ്പങ്ങളെല്ലാം ഒഴിഞ്ഞുമാറി. അതോടെ വിശ്വം മുഴുവൻ നിറഞ്ഞുതിങ്ങുന്ന ചിദാകാശം തെളിഞ്ഞു. താൻ ഈ ശുദ്ധാഖണ്ഡബോധമാണെന്ന് ഉദ്ദാലകനു വ്യക്തമായി തെളിഞ്ഞു. ദൃശ്യമോ ദർശനമോ വേർതിരിഞ്ഞല്ലാത്ത ശുദ്ധമായ ആനന്ദം അനുഭവപ്പെട്ടു. ഇതിനപ്പുറം ഒരാനന്ദമിനിവരാനില്ലെന്നു തീരുമാനിക്കാൻ കഴിയത്തക്കവണ്ണം ഒരാനന്ദാമൃതസമുദ്രം തന്നെ സ്വരൂപമായി അനുഭവപ്പെട്ടു. ജഡനാമരൂപങ്ങൾക്കൊക്കെയപ്പുറത്ത് ഏതോ ഒരവാച്യമായ അനുഭവസ്ഥിതി; ശുദ്ധവും സാമാന്യവുമായ ഉണ്മ; ഒരാനന്ദസമുദ്രം. ഉദ്ദാലകന്റെ ബോധാനുഭവമാകുന്ന ഹംസം ആ ആനന്ദസമുദ്രത്തിൽ സ്ഥിരമായി ഉറച്ചു. ആകാശത്തിൽ കലാപൂർണനായ ചന്ദ്രൻ പൂനിലാവുപരത്തി ഉറച്ചു നിൽക്കുംപോലെ; കാറ്റില്ലാത്തിടത്തു കത്തിജ്വലിക്കുന്ന ദീപംപോലെ. ഉദ്ദാലകൻ ചിത്രത്തിലെഴുതിയപോലെ നിശ്ചലത പൂണ്ടിരിപ്പായി; തിരകളിളകാത്ത സമുദ്രം പോലെ; വർഷിച്ചു തീർന്നു നിശബ്ദമായ മേഘംപോലെ. ഈ അനുഭവമഹാലോകത്തിൽ ഉദ്ദാലകൻ കുറേനാൾ കഴിച്ചുകൂട്ടി. അപ്പോഴേക്കും ആകാശചാരികളായ അനേകം സിദ്ധന്മാർ, ദേവന്മാർ ഒക്കെ വരിവരിയായി മുൻപിൽ പ്രത്യക്ഷപ്പെട്ടു. വിചിത്രങ്ങളായ പല സിദ്ധികളും അദ്ദേഹത്തെ സമീപിച്ചു. പക്ഷെ ഈ സിദ്ധികളെയൊന്നും തിരിഞ്ഞുനോക്കാൻ പോലും അദ്ദേഹം കൂട്ടാക്കിയില്ല. സിദ്ധിസമൂഹത്തെയൊക്കെ അനാദരിച്ചിട്ടു അദ്ദേഹം ആത്മാനന്ദാനുഭവത്തിൽ മുഴുകി. അങ്ങനെ അദ്ദേഹം ആ പർവതശിഖരത്തിൽ ആറുമാസം കഴിച്ചുകൂട്ടി. ഏതു ജീവന്മുക്ത പദത്തിലാണോ

digitized by www.sreyas.in

മഹാസിദ്ധന്മാരും സാദ്ധ്യന്മാരും ദേവപ്രമുഖന്മാരും ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരും കഴിഞ്ഞു കൂടുന്നത്, ആ ജീവന്മുക്തപദത്തിൽ ഉദ്ദാലകനും എത്തിച്ചേർന്നു. ആനന്ദം അങ്ങനെ അനുഭവിച്ചു പരിണമിച്ച് ആനന്ദാനുഭവവും പ്രത്യേകിച്ചില്ലാത്ത ഒരനുഭവാവസ്ഥയിൽ എത്തിച്ചേർന്നു. ആനന്ദത്തിലും ആനന്ദിക്കാത്ത ഒരതിഗംഭീരമായ സഹജസ്ഥിതിയിൽ ഉദ്ദാലകബോധം ചെന്നെത്തി. അതുതന്നെയാണവസാനമായി എത്തിച്ചേരേണ്ട അനുഭവസ്ഥാനം. പരമമായ ജീവിതഗതി അതുതന്നെ. പരമമായ ഈശ്വരസ്വരൂപവും അതു തന്നെ. അതു തന്നെയാണ് ഒരഴിവുമില്ലാത്ത ശാശ്വതമായ മംഗളസ്ഥാനം. സത്യാന്വേഷികൾ ഒരു ക്ഷണമോ അനേകം വർഷമോ ഈ അനുഭവത്തിലെത്തി വിരാജിക്കട്ടെ; അവർക്കു പിന്നെ ദേഹമിരുന്നാലും ഇല്ലെങ്കിലും ദൃശ്യദൃഷ്ടി സംഭവിക്കുകയേയില്ല. ദൃശ്യദൃഷ്ടിയാണു സംസാരരോഗത്തിനു കാരണം. സിദ്ധികളെയൊക്കെ അനാദരിച്ചു തള്ളിയിട്ട് ആറുമാസം ഈ അനുഭവാവസ്ഥയിൽ കഴിഞ്ഞശേഷം ഉദ്ദാലകൻ കണ്ണുമിഴിച്ചു. അപ്പോഴേക്കും പൂനിലാവുപോലെ പൂമേനിയണിഞ്ഞ ഒട്ടേറെ സിദ്ധന്മാർ മുൻപിൽ അണിനിരന്നിരിക്കുന്നതായി കണ്ടു. അതുപോലെതന്നെ വിദ്യാധരിമാരാൽ ചുറ്റപ്പെട്ട വിദ്യാധരന്മാരും മുൻപിൽ അണിനിരന്നു. അവർ മഹാത്മാവായ ഉദ്ദാലകമുനിയോട് ഇങ്ങനെ പറഞ്ഞു: 'ഭഗവൻ, നോക്കൂ; ഞങ്ങളിതാ പ്രണാമം ചെയ്ത് അങ്ങയെ പ്രസാദിപ്പിക്കുന്നു. ഞങ്ങളിതാ വിമാനംകൊണ്ടുവന്നിട്ടുണ്ട്. ഇതിൽ ആരോഹണം ചെയ്യൂ; ഞങ്ങളോടൊപ്പം വരൂ; നമുക്കു സ്വർഗപുരത്തേക്കു പോകാം. ലോകസുഖൈശ്വര്യങ്ങളുടെയൊക്കെ അതിരാണു സ്വർഗം. അങ്ങേക്ക് ഇഷ്ടമുള്ള സുഖഭോഗങ്ങൾ അവിടെയിരുന്നു കൽപ്പാന്തത്തോളം ആസ്വദിക്കാം; ഇങ്ങനെ സിദ്ധന്മാർ അരുളിച്ചെയ്തപ്പോൾ ഉദ്ദാലകമുനി അതിഥികൾ എന്ന നിലയിൽ അവരെ വേണ്ടപോലെ പൂജിച്ചു. ലേശവും സംഭ്രമമില്ലാതെ മനസ്സിന്റെ സമസ്ഥിതിക്കല്പവും കോട്ടം തട്ടാതെ അദ്ദേഹം അവരുടെ മുൻപിൽ നിലകൊണ്ടു. അവർ നൽകാമെന്നു പറഞ്ഞ സ്വർഗീയമായ ഐശ്വര്യത്തെ അദ്ദേഹം അഭിനന്ദിച്ചതേയില്ല; ധീരനായി അതദ്ദേഹം തള്ളിക്കളഞ്ഞു. എന്നിട്ടും സിദ്ധന്മാർ വിട്ടുപോകാൻ കൂട്ടാക്കിയില്ല. അപ്പോൾ വിനയപൂർവം അവരോടു പൊയ്ക്കൊള്ളാൻ അദ്ദേഹം അപേക്ഷിച്ചു. എന്നിട്ടവരെ ഗണിക്കാതെ സ്വന്തം കാര്യങ്ങളിൽ വ്യാപൃതനാവുകയും ചെയ്തു. നിരാശരായ സിദ്ധന്മാർ മടങ്ങിപ്പോയി. ലോകഭോഗങ്ങളിൽ ഉദ്ദാലകമനസ്സ് തീർത്തും വിരക്തമാണെന്നവർ കണ്ടെത്തി. ജീവന്മുക്തനായ മുനി സസുഖം വനപ്രാന്തങ്ങളിലും ആശ്രമവാടങ്ങളിലും വിഹരിച്ചു കാലം കഴിച്ചുകൂട്ടി. ചിലപ്പോഴൊക്കെ അദ്ദേഹം സമാധിയിൽ മുഴുകിയിരിക്കും. ചിലപ്പോൾ ഒരു ദിവസം കഴിഞ്ഞു സമാധിയിൽ നിന്നും ഉണരും. ചിലപ്പോൾ ഒരു മാസമോ ഒരു വർഷമോ കഴിഞ്ഞായിരിക്കും ഉണരുന്നത്. ശുദ്ധമായ ബോധത്തെ ആവർത്തിച്ചനുഭവിച്ചുറപ്പിച്ച അദ്ദേഹം അഖണ്ഡമഹാശുദ്ധബോധാനുഭവത്തിലെത്തി. ക്രമേണ അനന്തവും ശുദ്ധവുമായ ഉണ്മയുടെ രൂപം കൈക്കൊണ്ടു വിളങ്ങി. പൂർണസമത്വം കളിയാടുന്ന അനുഭവസ്ഥാനം; ഗംഭീരമായ ശാന്തത. ഭിന്നജനശബ്ദമൊന്നും കേൾക്കാനില്ല. സംശയത്തിന്റെ കണികപോലുമില്ല. ശരത്കാല സൂര്യനെപ്പോലെ പ്രകാശമയം, ശാന്തം, അനന്തം, ഊർജിതം, സ്ഫുടം, പവിത്രം, നിർമനസ്കം ഇങ്ങനെയുള്ള നിജസ്വരൂപലാഭം കൊണ്ടു ഉദ്ദാലകൻ കൃതകൃത്യനായി ഭവിച്ചു;

രാമൻ പറഞ്ഞു: 'മഹർഷേ, അങ്ങ് ആത്മജ്ഞാനമാകുന്ന പകൽവെ

digitized by www.sreyas.in

ളിച്ചം പരത്തുന്ന സൂര്യനാണ്; എന്റെ സംശയങ്ങളാകുന്ന ശുഷ്കതൃണങ്ങളെ എരിച്ചു ചാമ്പലാക്കുന്ന അഗ്നിയാണ്; അജ്ഞാനമാകുന്ന ചൂടിനെ അകറ്റുന്ന ശീതകിരണനാണ്. ഞാനൊന്നു ചോദിച്ചോട്ടെ. സത്താസാമാന്യം അഥവാ അനന്തവും ശുദ്ധവുമായ ഉണ്മ എന്നങ്ങു പറഞ്ഞതെന്താണ്?

വസിഷ്ഠൻ മറുപടി നൽകി: 'ദൃശ്യമൊന്നും തന്നെയില്ലെന്നു ഭാവന ചെയ്തുറയ്ക്കുന്നതോടെ സങ്കൽപ്പാത്മകമായ ചിത്തം പൂർണമായും ഉപശമിക്കുന്നു. ദൃശ്യരഹിതമായ ശുദ്ധബോധം അവശേഷിക്കുന്നു. ഇതുതന്നെയാണു സത്താസാമാന്യം അഥവാ അനന്തമായ ഉണ്മ. അനന്തമായ ശുദ്ധബോധവും അനന്തമായ ഉണ്മയും ഒന്നുതന്നെ. സങ്കൽപ്പം പാടെ ഒഴിഞ്ഞുമാറുന്നതോടെ ജീവാത്മാവ് ശുദ്ധബോധവുമായി ഏകീഭവിക്കുന്നു; അപ്പോഴാണ് മാറിനിന്നുണ്ടെന്നനുഭവിക്കാൻ കഴിയാത്ത ഏതാണ്ടില്ലെന്നപോലെ അനുഭവപ്പെടുന്ന സത്താസാമാന്യത സംഭവിക്കുന്നത്. അകത്തോ പുറത്തോ ഉള്ള പ്രത്യേകാനുഭവങ്ങളെയൊക്കെ പുറംതള്ളുന്നതോടെ ചിത്തം എത്തിച്ചേരുന്ന അനുഭവതലമാണു സത്താസാമാന്യം അഥവാ അനന്തമായ സത്ത. ആമയുടെ അവയവങ്ങൾ പിൻവലിക്കപ്പെട്ടു കാണാതാകുന്നതുപോലെ ദൃശ്യങ്ങൾ എല്ലാം ആത്മാവിൽ സ്വയം ലയിച്ച് ഭാവനയിൽ ഇല്ലാതായിത്തീരുന്ന അനുഭവം തന്നെയാണു സത്താസാമാന്യം.

184. ദൃഷ്ടിരേഷാഹിപരമാസദേഹാദേഹയോഃസദാ
മുക്തയോഃസംഭവത്യേവ തുര്യാതീതപദാഭിധാ.

സദേഹാദേഹയോഃ-ദേഹമുള്ളപ്പോഴായാലും ശരി ദേഹം വിട്ടുപോയാലും ശരി; സദാ ഏഷാഹിദൃഷ്ടിഃപരമാ-എല്ലായ്പോഴും ഈ സത്താസാമാന്യാനുഭവം തന്നെയാണ് അങ്ങേയറ്റത്തെ സത്യദർശനം; മുക്ത്യോഃസംഭവതി ഏവ-ദേഹമുള്ളമുക്തനായാലും ദേഹമില്ലാത്ത മുക്തനായാലും ഇതുസംഭവിക്കുന്നു; തുര്യാതീതപദാഭിധാ-ഈ അനുഭവത്തിന്റെ പേരാണു തുര്യാതീതം.

ദേഹമുള്ളപ്പോഴായാലും ശരി ദേഹം വിട്ടുപോയാലും ശരി എല്ലായ്പോഴും ഈ സത്താസാമാന്യാനുഭവം തന്നെയാണ് അങ്ങേയറ്റത്തെ സത്യദർശനം. ദേഹമുള്ള മുക്തനായാലും ദേഹമില്ലാത്ത മുക്തനായാലും ഇതു സംഭവിക്കുന്നു. ഈ അനുഭവത്തിന്റെ പേരാണു തുര്യാതീതം.

### തുര്യാതീത പദാഭിധാ

തുര്യം അഥവാ തുരീയം എന്ന പദത്തിന് നാലാമത്തേത് എന്നാണർഥം. ഒരു ലൗകികനു ഈ ലോകത്ത് മൂന്നനുഭവസ്ഥാനങ്ങളേയുള്ളൂ. അവയാണ് ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നിവ. ഉണർന്നിരുന്നു ഇന്ദ്രിയങ്ങൾ വഴി ബാഹ്യപ്രപഞ്ചത്തെ അനുഭവിക്കുന്നതാണു ജാഗ്രത്. ഉറക്കത്തിൽ ഉള്ളിൽ സ്വയം ദൃശ്യങ്ങളെ സൃഷ്ടിച്ചനുഭവിക്കുന്നതാണ് സ്വപ്നം. ദൃശ്യാനുഭവങ്ങളൊന്നുമില്ലാതെ അജ്ഞാനാവരണത്തിൽ ജീവൻ ഒളിഞ്ഞിരിക്കുന്ന അനുഭവാവസ്ഥയാണു സുഷുപ്തി അഥവാ ഗാഢനിദ്ര. ഈ മൂന്നും ശുദ്ധബോധത്തിൽ സങ്കൽപ്പങ്ങൾ ഉണ്ടാക്കുന്ന അനുഭവതലങ്ങളാണ്. ഗാഢനിദ്രയിൽ സങ്കൽപ്പങ്ങളും വാസനകളും അജ്ഞാനാവരണ രൂപത്തിൽ ബാക്കിനിൽക്കുന്നതുകൊണ്ട് സുഷുപ്തിയും സങ്കൽപ്പസൃഷ്ടി തന്നെയാണ്. ഇങ്ങനെ പ്രപഞ്ചാനുഭവങ്ങൾക്കെല്ലാം ഏകനിദാനമായി വർത്തിക്കുന്ന സങ്കൽപ്പത്തെ ഒഴിച്ചുമാറ്റിയാലുണ്ടാകുന്ന ശുദ്ധബോധാനുഭവമാണു തുരീയാനുഭവം. ജാഗ്രത്

digitized by www.sreyas.in

സ്വപ്നസുഷുപ്തികളെ അപേക്ഷിച്ച് ഇതു നാലാമത്തേതായതുകൊണ്ട് ഇതിനെ തുരീയാനുഭവമെന്നു പറയുന്നു. സങ്കൽപ്പനിരോധം സാധിച്ചിട്ടുള്ള യോഗിമാരുടെ മാത്രമനുഭവമാണു തുരീയാനുഭവം. സമാധിയിൽ തുരീയാനുഭവത്തിലെത്തുന്ന യോഗിക്ക് ഉണർന്നുവരുമ്പോൾ ജാഗ്രത് സ്വപ്നസുഷുപ്ത്യനുഭവങ്ങളുടെ താരതമ്യം സംഭവിക്കുന്നു. എങ്കിലും 'സർവം ബ്രഹ്മമയം' എന്നുറപ്പുവന്ന അദ്ദേഹം വ്യവഹാര ദശയിലും അതാവർത്തിച്ചു ബുദ്ധിയെ അനുഭവിപ്പിക്കാൻ അഭ്യസിക്കുന്നു. അങ്ങനെ സർവത്ര സമദർശനം അഭ്യാസം കൊണ്ടുറപ്പുവന്ന് സത്താസാമാന്യാനുഭവമെന്ന തുരീയാതീതാനുഭവത്തിലെത്തിച്ചേരുന്നു. ഇതൊക്കെ സാധ്യമാണോയെന്നു സാമാന്യബുദ്ധിക്കു സംശയം തോന്നാം. അനുഭവിക്കാത്ത എന്തിനെക്കുറിച്ചും സംശയിക്കുക സാമാന്യബുദ്ധിയുടെ സ്വഭാവമാണ്. അതു ഗണിച്ചിട്ടുകാര്യമില്ല. വിദേഹമുക്തിയാണു തുരീയാതീതാനുഭവമെന്നു മുൻപു സൂചിപ്പിച്ചതോ? അതുസാരമില്ല. ജീവിച്ചിരിക്കുമ്പോൾ തന്നെ താൻ സത്താസാമാന്യമാണെന്നനുഭവിക്കാൻ കഴിയുന്ന ഒരു 'ബ്രഹ്മവിദ്വരിഷ്ഠൻ' മറ്റുള്ളവരുടെ കണ്ണിൽ സദേഹനാണെങ്കിലും സ്വാനുഭവത്തിൽ വിദേഹനാണെന്നറിയേണ്ടതാണ്.

വസിഷ്ഠൻ തുടർന്നു: 'രാമാ, ഈ സത്താസാമാന്യാനുഭവസ്ഥിതി അഥവാ തുരീയാതീതാവസ്ഥ ഉണർന്നിരിക്കുമ്പോഴും സമാധിയിലാണ്ടിരിക്കുമ്പോഴും ഒരു ജ്ഞാനിക്കു വന്നുചേരാം. ഇതു ബോധത്തിന്റെ ശുദ്ധമായ അനുഭവദശയാണ്. അജ്ഞന്മാർക്കിതിനെക്കുറിച്ചു സംശയം വരാം. ഈ അനുഭവത്തിലെത്തി ആനന്ദാമൃതത്തിൽ മുഴുകുന്നവരൊക്കെ ഈ ഭൂമണ്ഡലത്തിൽ മുക്തന്മാരാണ്. എന്നെപ്പോലുള്ളവർ നാരദാദി ഋഷിമാർ ഇവരൊക്കെ ഈ അനുഭവത്തിൽ കഴിയുന്നവരാണ്. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും ഈ അനുഭവത്തിൽ വർത്തിച്ചു കൊണ്ടാണു സൃഷ്ടിസ്ഥിതിസംഹാരങ്ങളൊക്കെ നടത്തുന്നത്. എല്ലാ ഭയങ്ങളും ഒഴിഞ്ഞുമാറുന്ന അദ്ഭുതകരമായ ബോധാനുഭവദശയാണിത്. താനിച്ഛിച്ചകാലത്തോളം ഉദ്ദാലകൻ ലോകത്ത് ഈ അനുഭവത്തിൽതന്നെ കഴിഞ്ഞുകൂടി. കാലം വളരെ കഴിഞ്ഞുപോയതോടെ ഇനിയീദേഹമുപേക്ഷിച്ചു വിദേഹമുക്തനാകാമെന്നദ്ദേഹം തീരുമാനിച്ചു. ഇങ്ങനെ ചിന്തിച്ചദ്ദേഹം പർവതഗുഹാന്തരങ്ങളിലെത്തി. തളിരുകൾ കൊണ്ടൊരിരിപ്പിടമുണ്ടാക്കി. പത്മാസനം ബന്ധിച്ചതിലിരുന്നു. പകുതി തുറന്ന കണ്ണുകളോടെ വർത്തിച്ചു. ഗുദസംരോധനത്തിലൂടെ മനസ്സുകൊണ്ടു നവദ്വാരങ്ങളും ബന്ധിച്ചു. ഇന്ദ്രിയ വിഷയങ്ങളെയൊക്കെ പ്രത്യാഹരിച്ചു സത്താസാമാന്യാനുഭവത്തിലെത്തിനിന്നു. വിദഗ്ധനായ ഒരു സ്വർണപ്പണിക്കാരന് ഏതൊരാഭരണം എപ്പോൾവേണമെങ്കിലും ഉണ്ടാക്കുകയോ അഴിക്കുകയോ ചെയ്യാം. സത്താസാമാന്യാനുഭവത്തിലെത്തിയ ജ്ഞാനിയുടെ സൃഷ്ടിസ്ഥിതിസംഹാര കർമങ്ങളൊക്കെ ആ നിലയിലുള്ളവയാണെന്നറിയേണ്ടതാണ്. ഉദ്ദാലകൻ പ്രാണവായുവിനെ പൂർണമായും തടഞ്ഞു. സമരേഖയിൽ കഴുത്തുയർത്തിപ്പിടിച്ചിരുന്നു. നാക്കിന്റെ അറ്റം അണ്ണാക്കിൽ കൊണ്ടു സംയോജിപ്പിച്ചു. ആകാശമുദ്ര അഥവാ ഖേചരീമുദ്ര അംഗീകരിച്ചു. മനസ്സിനെയും ദൃഷ്ടിയെയും അകത്തോ പുറത്തോ മുകളിലോ താഴെയോ ശൂന്യതയിലോ ഒന്നും ഉറപ്പിക്കാതെ, പല്ലുകൾ പല്ലുകളെ സ്പർശിക്കാതെ പ്രാണചലനം പൂർണമായും തടഞ്ഞു. സമവും പ്രസന്നവുമായ മുഖഭാവം പ്രകടമായി. ശുദ്ധബോധപ്രസരത്തിൽ ദേഹമാകെ രോമാഞ്ചകഞ്ചുകിതമായി. ദേഹത്തെയും

digitized by www.sreyas.in

ബോധപ്രസരമാക്കിക്കൊണ്ട് എങ്ങും നിറഞ്ഞുതിളങ്ങുന്ന സാമാന്യബോധാനുഭവം കൈക്കൊണ്ടു. ആ നില വന്നതോടെ സ്വയം ബ്രഹ്മാനന്ദത്തിൽ മുഴുകി. ഈ അനുഭവം തന്നെയാണ് സാമാന്യമായ ശുദ്ധബോധാനുഭവക്രമം. ഉദ്ദാലകൻ ലോകമെങ്ങും നിറഞ്ഞുതിങ്ങുന്ന സത്താസാമാന്യമായി ഭവിച്ചു. ശുദ്ധബോധത്തെ അനുഭവിച്ചതുകൊണ്ടു ശുദ്ധസാമാന്യബോധമായി ഭവിച്ചു. ശുദ്ധസാമാന്യാനുഭവം, ശുദ്ധസാമാന്യസത്താനുഭവം, ശുദ്ധസാമാന്യബോധാനുഭവം ഇവ മൂന്നും ഒന്നുതന്നെയെന്നു താൽപ്പര്യം. ഇതു തന്നെയാണു പൂർണബ്രഹ്മാനുഭവം. ഉദ്ദാലകൻ പരമമായ ശാന്തിയിലെത്തി സർവത്രസമമായ സ്വരൂപം കൈക്കൊണ്ടു. ആനന്ദത്തിന്റെ ആഴത്തിലേക്ക് ആണ്ടിറങ്ങിച്ചെന്ന മുഖകാന്തിയോടു കൂടി ആനന്ദാവസ്ഥയേയും കടന്നു നിന്നു. ആനന്ദം കൊണ്ടുണ്ടായ രോമാഞ്ചകഞ്ചുകം നിലച്ചു. അത്യന്തപരിശുദ്ധമായ പദത്തിലെത്തി. ചിരകാലമായി സംസാര ചിന്തയെല്ലാം അകന്നുപോയിരുന്ന അദ്ദേഹം പൂർണമായ ഉണ്മയായിഭവിച്ച് ചിത്രത്തിലെഴുതിയപോലെ നിശ്ചലനായി ഭവിച്ചു. ഏതാനും ദിവസങ്ങൾ കൊണ്ടുതന്നെ അദ്ദേഹം പരമപരിശുദ്ധമായ ആത്മപദത്തിലെത്തി സ്വരൂപം വീണ്ടെടുത്ത് ഉപശമിച്ചു. മഴയിൽ കൂടിവന്നുചേരുന്ന മരച്ചാറ് ശരത്ക്കാലം തീരുന്നതോടെ മഴയ്ക്കു കാരണഭൂതനായ സൂര്യനിൽ തന്നെ ചെന്നു ലയിക്കുന്നതുപോലെ ഉദ്ദാലകൻ സ്വകാരണവസ്തുവിൽ വിലയംപ്രാപിച്ചു. അങ്ങനെ ജനനമരണങ്ങൾക്കതീതനായി ഭവിച്ചു. വികൽപ്പങ്ങളെല്ലാം പോയിമറഞ്ഞു. മാറ്റമില്ലാത്ത മനോഹാരിത. ഭയമില്ലാത്ത അനുഭവം. ഒരുപാധിയുമില്ലാത്ത സ്വരൂപം. തുടക്കവും ഒടുക്കവുമില്ലാത്ത സുഖം. ഇതാണു ഉദ്ദാലകനെത്തിച്ചേർന്ന ഇടം. ഈ ആനന്ദസമുദ്രത്തിൽ ഇന്ദ്രപദവിയുടെ ഐശ്വര്യസമൃദ്ധിപോലും ഒരു പുൽക്കൊടി പോലെ പൊന്തിമറയുന്നു. അതിരില്ലാത്ത ആകാശത്തിൽ ദിഗന്തങ്ങൾ വരെ നിറഞ്ഞുതിളങ്ങുന്ന ആനന്ദാമൃത സുഖം; ഭുവനങ്ങളിലൊക്കെ വ്യാപിച്ചു നിൽക്കുന്നത്; ഭാഗ്യനിധികളായ സത്യദർശികൾക്കനുഭവിക്കാൻ പറ്റുന്നത്; വാക്കുകൾക്ക് വിവരിക്കാൻ പറ്റാത്തത് പണ്ടേ നിലവിലുള്ള ആനന്ദ സത്യം; ഇതാണു ബ്രഹ്മാനന്ദാമൃതം. ഉദ്ദാലകൻ ആ അമൃത സമുദ്രം തന്നെയായി ഭവിച്ചു.

***ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപശമ പ്രകരണേ***
***ഉദ്ദാലകോപാഖ്യാനം നാമ***
***ഷഷ്ഠഃ സർഗഃ***

**സർഗം. 7**

# സുരഘൂപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: ‘അല്ലയോ രാമാ, ഉദ്ദാലകന്റെ ബ്രഹ്മപ്രാപ്തിക്രമം കേട്ടുകഴിഞ്ഞല്ലോ. ആ ക്രമമനുസരിച്ച് ആത്മവിചാരത്തോടുകൂടി ലോകയാത്ര തുടരുക. എന്നിട്ട് അനന്തമായ ആത്മാനുഭവസ്ഥാനത്തെത്തിച്ചേരുക. ശാസ്ത്രത്തെയും ഗുരുവിനെയും ആശ്രയിച്ചുകൊണ്ടു മനസ്സിനെ തത്ത്വവിചാരത്തിനു വീണ്ടും വീണ്ടും പ്രേരിപ്പിക്കുക. എല്ലാ ദൃശ്യങ്ങളും ഒഴിഞ്ഞുമാറി ശുദ്ധബോധപദത്തിലെത്തുന്നതുവരെ വിചാര പ്രകിയ തുടരുക. വൈരാഗ്യം, അഭ്യാസം, ശാസ്ത്രാർഥചിന്തനം, ബുദ്ധി, ഗുരു, ഇന്ദ്രിയനി

digitized by www.sreyas.in

ഗ്രഹം എന്നീ കാര്യങ്ങൾ പിൻതുടരുന്ന ഒരാൾ നിശ്ചയമായും ആത്മാനുഭവമെന്ന പുണ്യപദവിയിലെത്തുന്നു. സ്വന്തം ബുദ്ധികൊണ്ടു മാത്രവും എത്തിച്ചേരാവുന്നതാണ്. സ്വയം ഉണർന്നു വരുന്ന ബുദ്ധിക്കതുകഴിയും.

185. സംപ്രബോധവതീ തീക്ഷ്ണാ കളങ്കരഹിതാമതിഃ
സർവസാമഗ്ര്യഹീനാപി പ്രാപ്യം പ്രാപ്നോതിശാശ്വതം.

സംപ്രബോധവതീ-സത്യം അറിയണം എന്നിങ്ങനെ സത്യോന്മുഖമായി ഉണർന്നു വർത്തിക്കുന്നതും; തീക്ഷ്ണാ-ബോധജഡങ്ങളെ വേർതിരിക്കാൻ കഴിയുംവിധം സൂക്ഷ്മവും; കളങ്കരഹിതാ-രാഗദ്വേഷകളങ്കം പറ്റിപ്പിടിക്കാത്തതുമായ; മതിഃ-ബുദ്ധി; സർവസാമഗ്ര്യഹീനാഅപി-ഗുരു, ശാസ്ത്രം, സാധനാനുഷ്ഠാനങ്ങൾ തുടങ്ങിയ സാമഗ്രികളൊന്നുമില്ലെങ്കിൽ പോലും; ശാശ്വതം പ്രാപ്യം-സനാതനമായ ആത്മസത്യത്തെ; പ്രാപ്നോതി-പ്രാപിക്കാൻ കഴിവുള്ളതായിത്തീരുന്നു.

സത്യം അറിയണം അറിയണം എന്നിങ്ങനെ സത്യോന്മുഖമായി ഉണർന്നു വർത്തിക്കുന്നതും ബോധജഡങ്ങളെ വേർതിരിക്കാൻ കഴിയുംവിധം സൂക്ഷ്മവും രാഗദ്വേഷകളങ്കം പറ്റിപ്പിടിക്കാത്തതുമായ ബുദ്ധി, ഗുരു, ശാസ്ത്രം, സാധനാനുഷ്ഠാനങ്ങൾ തുടങ്ങിയ സാമഗ്രികളൊന്നുമില്ലെങ്കിൽ പോലും സനാതനമായ ആത്മസത്യത്തെ പ്രാപിക്കാൻ കഴിവുള്ളതായിത്തീരുന്നു.

**സർവസാമഗ്ര്യഹീനാപി**

ബോധമാണാത്മാവ്. അന്വേഷകന്റെ സ്വരൂപം തന്നെയാണാസത്യം. അങ്ങകലെയെങ്ങും പോയി കണ്ടെത്തേണ്ട വസ്തുവല്ല. താനതു തന്നെയായിരിക്കേ മറവിമാറ്റി താനതു തന്നെയാണെന്നുറപ്പിക്കുകയേ വേണ്ടൂ ഇതിനെന്താണു പ്രയാസം? ഇതിനു പ്രധാനമായി ഒരു കാര്യമേ വേണ്ടൂ. തന്റെ യാഥാർഥ്യം അറിയണമെന്നുള്ള പ്രബലമായ ആഗ്രഹം. ഭൗതികങ്ങളായ ആഗ്രഹങ്ങൾപോലും ആഗ്രഹത്തിനു തീക്ഷ്ണതയുണ്ടെങ്കിൽ സാധിച്ചു തരുന്നതു ബോധസ്വരൂപമായ ആത്മാവാണ്. അങ്ങനെയാണെങ്കിൽ സത്യമറിയണമെന്നുള്ള ആഗ്രഹം സാധിപ്പിക്കാതിരിക്കുമോ. ശാസ്ത്രം, ഗുരു, ഇത്യാദി സാമഗ്രികളൊക്കെ ഒരാചാര ക്രമമെന്നേയുള്ളൂ. സാമഗ്രികളെല്ലാം തികഞ്ഞാൽപോലും അധികം പേർക്കും ആത്മാവിനെ അറിയാൻ കഴിയുന്നില്ല. കാര്യമായ ആഗ്രഹമില്ലായ്മയാണതിനുകാരണം. സാമഗ്രിയൊന്നുമില്ലാതെ ആത്മസത്യം സൂര്യതുല്യം അനുഭവിച്ചറിഞ്ഞതിനുത്തമദൃഷ്ടാന്തമാണു ഭാഗവതത്തിലെ അവധൂതന്റെ ചരിത്രം. ഭഗവാൻ കൃഷ്ണൻ ഉദ്ധവനുപദേശിക്കുന്നതാണ് അവധൂതയദുസംവാദം. അവധൂതൻമറ്റാരുടെയും സഹായമില്ലാതെ പ്രപഞ്ചത്തിൽനിന്നും സ്വയം തിരഞ്ഞെടുത്ത ഇരുപത്തിനാലു ഗുരുക്കന്മാരെ ആശ്രയിച്ചാണ് ആത്മാനുഭവം നേടുന്നത്. ആരും അവധൂതനെ ഉപദേശിച്ചിട്ടല്ല. അദ്ദേഹം അവരെക്കണ്ടു സ്വയം ചില പാഠങ്ങൾ പഠിച്ചു; അത്രേയുള്ളൂ. ഇതു നല്ല ചെറുപ്പത്തിൽതന്നെ സാധിച്ചു. എന്നിട്ട് ആനന്ദമഗ്നനായി ഭയലേശമില്ലാതെ ജീവിതം നയിച്ചു. തീക്ഷ്ണമായ ആഗ്രഹമുണ്ടെങ്കിൽ സാമഗ്രിയുടെ സഹായത്തോടുകൂടിയോ അല്ലാതെയോ അനുഭവത്തിനുള്ള വഴി സ്വയം തെളിയുമെന്നാണു ശാസ്ത്രനിശ്ചയം.

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'ത്രികാലജ്ഞനായ ഭഗവൻ, ഞാനൊരു സംശയം ചോദിച്ചോട്ടെ. സമാധ്യനുഭവത്തിൽ നല്ല പാകത വന്ന

digitized by www.sreyas.in

ചിലർ ഉണർന്ന് ശാന്തപ്രകൃതരായി ലോകവ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണുന്നു. വേറെ ചിലർ എപ്പോഴും ഏകാന്തസ്ഥാനത്ത് സമാധിയിൽ തന്നെ മുഴുകിയിരിക്കുന്നതായും കാണുന്നു. ഇവരിൽ ആരാണു കേമന്മാർ. അരുളിച്ചെയ്താലും?

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ആദ്യമായി സമാധിയെന്താണെന്നു പറയാം; കേട്ടോളൂ.'

186. ഇമം ഗുണസമാഹാരമനാത്മത്വേനപശ്യതഃ
അന്തഃശീതളതാ യാസൗസമാധിരിതികഥ്യതേ.

ഇമം ഗുണസമാഹാരം-മായാഗുണങ്ങളുടെ വെറും പ്രദർശനമായ ഈ ജഡ പ്രപഞ്ചത്തെ; അനാത്മത്വേന-ആത്മാവല്ലാത്ത അനിത്യജഡമായി; പശ്യതഃ-കാണുന്നയാളിനു വന്നുചേരുന്ന; അന്തഃശീതളതായാ-ഉള്ളിലെ കുളിർമ ഏതാണോ; അസൗ സമാധിഃ ഇതി കഥ്യതേ-അതാണു സമാധി എന്നു പറയപ്പെടുന്നത്.

മായാഗുണങ്ങളുടെ വെറും പ്രദർശനമായ ഈ ജഡപ്രപഞ്ചത്തെ ആത്മാവല്ലാത്ത അനിത്യജഡമായി കാണുന്നയാളിനു വന്നുചേരുന്ന ഉള്ളിലെ കുളിർമ ഏതാണോ അതാണു സമാധി എന്നു പറയപ്പെടുന്നത്.

**അന്തഃ ശീതളതായാസൗ**

ഒരു വ്യക്തിക്ക് ഉള്ളിൽ വിട്ടുപോകാതെ അനുഭവപ്പെടുന്ന കുളിർമ അഥവാ ശീതളത അതാണു സമാധി. ആത്മാവ് ആനന്ദസ്വരൂപമാണ്. ആ ബോധാനന്ദത്തിന്റെ പ്രതിഫലമനമാണീ ശീതളത. ബോധരൂപമായ ആത്മാവിന്റെ ഈ ശീതളത മറയ്ക്കപ്പെട്ടുപോകുന്നതുകൊണ്ടാണ് എല്ലാവർക്കും എപ്പോഴും അനുഭവപ്പെടാതിരിക്കുന്നത്. എന്താണിതിനെ മറച്ചിരിക്കുന്നത്. രാഗദ്വേഷവാസന. ഇതെവിടെനിന്നു വന്നു? മായാഗുണങ്ങളുടെ വെറും പ്രദർശനമായ ജഡദൃശ്യങ്ങളെ സത്യമെന്നു കരുതുന്നതുകൊണ്ടു വന്നുചേരുന്നതാണീ രാഗദ്വേഷവാസന. ജഡദൃശ്യങ്ങളെ സത്യമെന്നു കരുതുന്നതോടെ ഞാൻ, എന്റേത് എന്നീ അഹന്താമമതാഭാവങ്ങൾ രൂപം കൊള്ളുന്നു. അതിന്റെ ഫലമാണു രാഗദ്വേഷവാസന. രാഗദ്വേഷവാസനയുടെ ഫലമായി ആത്മാവിന്റെ അന്തഃശീതളത മറയ്ക്കപ്പെടുന്നു. ദുഃഖമെന്ന ഭ്രമവും വന്നു ചേരുന്നു. ഇതിനെന്താണു പോംവഴി? പോംവഴി വ്യക്തമല്ലേ. ആത്മാവുബോധമാണെന്നും ജഡം അനിത്യമായ മായാഭ്രമമാണെന്നും തത്ത്വവിചാരം ചെയ്തുറപ്പിക്കുക. അതോടെ അഹന്താമമതാഭാവങ്ങളകലും. രാഗദ്വേഷവാസനാമറമാറും. ആത്മാവിൽ അന്തഃശീതളത തെളിയും. തത്ത്വവിചാരം കൊണ്ട് ഈ അന്തഃശീതളത തെളിഞ്ഞാൽ പിന്നെ ഒരു പരിതഃസ്ഥിതിയിലും അതുവിട്ടുപോവുകയില്ല. ഇതു തന്നെയാണുസമാധ്യനുഭവം. ഭഗവദ്ഗീത സ്ഥിതപ്രജ്ഞ ലക്ഷണത്തിൽ ഈ സമാധിയെ ചിത്തപ്രസാദമായി വിവരിച്ചിരിക്കുന്നു. സമാധി രൂപമായി ചിത്തപ്രസാദം അനുഭവിക്കുവാൻ തുടങ്ങിയാൽ എല്ലാ ദുഃഖങ്ങളും ഓടിയൊളിക്കുന്നു; ഈശ്വരബുദ്ധി ചുറ്റും കളിയാടി നിൽക്കുന്നു എന്നാണ് കൃഷ്ണൻ അവിടെ പ്രഖ്യാപിച്ചിരിക്കുന്നത്.

വസിഷ്ഠൻ തുടർന്നു: 'രാമാ, ജഡദൃശ്യവുമായി തനിക്കു യാതൊരു ബന്ധവുമില്ലെന്നു തീരുമാനിച്ചുകൊണ്ട് അന്തഃശീതളതയെന്ന സമാധ്യനുഭവം നേടിയ സത്യദർശികളിൽ ചിലർ നിരന്തരം ലോകവ്യവഹാരത്തിൽ കഴിയുന്നു, ചിലർ ഏകാന്തധ്യാനത്തിൽ മുഴുകി കാലം കഴിക്കുന്നു.

digitized by www.sreyas.in

187. ദ്വാവേതൗ രാമസുഖിനാവന്തഃശ്ചേൽപ്പരിശീതളൗ
അന്തഃശീതളതായാസ്യാത്തദനന്തതപഃ ഫലം

രാമാ, മേൽ പറയപ്പെടുന്ന രണ്ടു കൂട്ടരും ഈ ലോകത്തു മോക്ഷസുഖം അനുഭവിക്കുന്നവർ തന്നെയാണ്. പരിതഃസ്ഥിതിയെന്തുതന്നെയായാലും ഉള്ളു കുളിർമയുറ്റതാണോ, എങ്കിലതുതന്നെയാണു മോക്ഷസുഖം. അന്തഃശീതളതയെന്ന ഈ മോക്ഷ സുഖം അനന്തമായ തപസ്സിന്റെ ഫലമാണെന്നറിയുക.

188. സമാധി സ്ഥാന സംസ്ഥസ്യ ചേതശ്ചേദ്വൃത്തി ചഞ്ചലം
തത്തസ്യയത് സമാധാനം സമമുന്മത്ത താണ്ഡവൈഃ

ഒരാൾ ഒരു സ്ഥലത്തു കണ്ണുമടച്ചു സമാധിയിൽ മുഴുകിയിരിക്കുന്നതു പോലെ വർത്തിക്കുന്നു എന്നു കരുതുക. അയാളുടെ ചിത്തം രാഗദ്വേഷവാസന കൊണ്ടു ചഞ്ചലമാണെങ്കിൽ അയാളുടെ സമാധി ഭ്രാന്തന്റെ നൃത്തത്തിനു തുല്യമാണെന്നറിയൂ.

189. ഉന്മത്തതാണ്ഡവസ്ഥസ്യചേതശ്ചേത് ക്ഷീണവാസനം
തദസ്യോന്മത്തനൃത്യംതുസമംബുദ്ധസമാധിനാ

ഇനിയും വേറൊരാൾ ഒരു ഭ്രാന്തനെപ്പോലെ വ്യവഹാരരംഗത്ത് ഇളകിയാടുകയാണെന്നു കരുതുക. അയാളുടെ ചിത്തം രാഗദ്വേഷവാസന ക്ഷയിച്ച് അന്തഃശീതളമായി സത്യത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ അയാളുടെ ഇളകിയാട്ടം ഒരു സത്യദർശിയുടെ സമാധിക്കു തുല്യമാണെന്നറിയൂ. ദേഹത്തിന്റെ ഇളക്കമോ ഇളക്കമില്ലായ്മയോ അല്ല സത്യദർശനം. വസ്തു ഒന്നേയുള്ളൂ എന്ന ബുദ്ധിയുടെ ഉറപ്പാണു സത്യദർശനം. അതാണ് അന്തഃശീതളത നേടിത്തരുന്ന ഘടകം. ഈ ഉറപ്പുണ്ടെങ്കിൽ ഒരാൾ നിരന്തരം ലോകവ്യവഹാരത്തിൽ വർത്തിക്കട്ടെ; മറ്റൊരാൾ കാട്ടിൽ പോയി ഏകാന്ത സമാധിയിൽ മുഴുകട്ടെ; രണ്ടുപേരും തുല്യർ; സത്യം കണ്ട മഹാത്മാക്കൾ ഉള്ളിലവർക്കു സംശയമേ ഇല്ല. രാഗദ്വേഷ വാസനയില്ലെങ്കിൽ വ്യവഹാരരംഗത്ത് ഒരാൾ കർമ്മം ചെയ്യുന്നപോലെ കണ്ടാലും അദ്ദേഹത്തിനു കർതൃത്വചിന്തയില്ല. മനസ്സു മറ്റൊന്നിനെ ചിന്തിച്ചുകൊണ്ടിരിക്കുന്നയാൾ കഥ കേൾക്കുന്നതായി നടിക്കുന്നതു പോലെ മാത്രമേയുള്ളൂ അദ്ദേഹത്തിന്റെ കർമപ്രവർത്തനം. നേരേമറിച്ച് കടുത്ത രാഗദ്വേഷവാസനയുള്ളയാൾ ശരീരം കൊണ്ട് ഒന്നും ചെയ്യുന്നില്ലെങ്കിൽപോലും കർമബദ്ധനായ കർത്താവായിട്ടാണു കഴിയുന്നതെന്നോർക്കണം. ദേഹം നിശ്ചലമാണെങ്കിലും സ്വപ്നത്തിൽ പടുകുഴിയിൽ പതിക്കുന്നയാളിന്റെ സ്ഥിതിപോലെ.

190. ചേതസോയദകർതൃത്വം തത്സമാധാനമുത്തമം
തംവിദ്ധികേവലീഭാവം സാശുഭാനിർവൃതിഃപരാ

മനസ്സിനു കർതൃത്വാനുഭവമില്ലാതിരിക്കലാണ് ഉത്തമമായ സമാധി. അതുതന്നെയാണ് കൈവല്യം. അതുതന്നെയാണ് പരമനിർവാണരൂപമായ മോക്ഷം. ചേതസ്സിന്റെ ചലനവും ചലനമില്ലായ്മയുമാണു യഥാക്രമം ബന്ധത്തിനും മോക്ഷത്തിനും കാരണം. ചഞ്ചലമായ ചിത്തം ബദ്ധം. സത്യം ഉറപ്പുവന്ന് അചഞ്ചലമാകുന്ന ചിത്തം മോക്ഷം. അചഞ്ചലചിത്തമാണു ധ്യാനദൃഷ്ടി. ചഞ്ചലചിത്തം അധ്യാനദൃഷ്ടി. അതുകൊണ്ടു രാമാ, ചിത്തത്തെ സത്യം പഠിപ്പിച്ചു കഴിയുന്നത്ര അചഞ്ചലമാക്കാൻ യത്നിക്കൂ. ജഡദൃശ്യ

digitized by www.sreyas.in

ങ്ങളുടെ പിന്നാലേ പായുന്ന ചിത്തം സദാചഞ്ചലമായിരിക്കും. വാസന വിട്ടൊഴിഞ്ഞ മനസ്സ് സ്ഥിരം; അതുതന്നെയാണു ധ്യാനമനസ്സ്. അതുതന്നെ കൈവല്യം; ആ ധ്യാന മനസ്സിൽ സദാ ശാന്തി കളിയാടുന്നു. രാഗദ്വേഷ വാസന കുറഞ്ഞുവരും തോറും ചിത്തം അത്യുന്നതമായ സത്യാനുഭവസ്ഥാനത്തേയ്ക്കുയർന്നു കൊണ്ടേയിരിക്കുന്നു. അതുകൊണ്ടു മനസ്സിനെ രാഗദ്വേഷ വാസനാവിമുക്തമാക്കൂ. അതിവേഗം സത്യാനുഭവസ്ഥാനത്തെത്താൻ അതുകൊണ്ടു കഴിയും. വാസനയ്ക്കു ശക്തികൂടുന്തോറും കർതൃത്വഭാവം ശക്തിപ്പെടും. സകല ദുഃഖത്തെയും അതുവിളിച്ചുവരുത്തും. അതുകൊണ്ടു ഉറച്ച സത്യബോധത്തോടെ വാസനയുടെ ശക്തിക്ഷയിപ്പിക്കൂ. ഞാനതാണ്, ഇതാണ് എന്നിങ്ങനെയുള്ള എല്ലാ സങ്കൽപ്പങ്ങളും മനസാ ഉപേക്ഷിക്കണം. പിന്നെ എന്തുശേഷിക്കുമോ അതായി നിലകൊള്ളണം. അവിടെ എത്തിയാൽ രാമാ കാട്ടിലോ വീട്ടിലോ എവിടെ വേണോ വസിച്ചോളൂ. പിന്നെ ആനന്ദം മാത്രം.

191. ഗൃഹമേവഗൃഹസ്ഥാനാം സുസമാഹിതചേതസാം
ശാന്താഹംകൃതിദോഷാണാം വിജനാവനഭൂമയഃ

സുസമാഹിതചേതസാം-സത്യബുദ്ധി നല്ലപോലെ ഉറപ്പുവന്നവരും; ശാന്താഹംകൃതി ദോഷാണാം-അഹന്താമമതാ ദോഷങ്ങൾ പാടെ ഒഴിഞ്ഞുമാറിയവരുമായ; ഗൃഹസ്ഥാനാം-ഗൃഹസ്ഥാശ്രമികൾക്കു; ഗൃഹം ഏവ-വീടുതന്നെയാണ്; വിജനാഃ വനഭൂമയഃ-ഏകാന്തമായ സമാധിസ്ഥാനം

സത്യബുദ്ധി നല്ലപോലെ ഉറപ്പുവന്നവരും അഹന്താമമതാദോഷങ്ങൾ പാടെ ഒഴിഞ്ഞുമാറിയവരുമായ ഗൃഹസ്ഥാശ്രമികൾക്കു വീടുതന്നെയാണ് ഏകാന്തമായ സമാധിസ്ഥാനം.

**വിജനാഃ വനഭൂമയഃ**

സത്യം അവനവന്റെ തന്നെ സ്വരൂപമായ ബോധമാണ്. ഇക്കാര്യം ശാസ്ത്രീയമായ വിചാരത്തിലൂടെ ഉറപ്പിക്കേണ്ടതുമാണ്. അതിനു പരിതഃസ്ഥിതികൾ ഒന്നും തന്നെ ബാധകമല്ല. കർമങ്ങളൊന്നും തടസ്സമല്ല. യുദ്ധരംഗത്തുപോലും ഒരാൾക്കു സത്യം വിചാരം ചെയ്തുറപ്പിക്കാമെന്നാണല്ലോ ഗീതയിൽ ഭഗവാൻ അർജ്ജുനനോട് നിർദ്ദേശിക്കുന്നത്. ഗൃഹസ്ഥന്മാർക്കു ബ്രഹ്മസത്യം അപ്രാപ്യമാണെന്നെങ്ങനെയോ ഒരു തെറ്റിദ്ധാരണ പരക്കാനിടയായിട്ടുണ്ട്. അവനവന്റെ സ്വരൂപം ആർക്ക് എവിടെ എങ്ങനെയാണു അപ്രാപ്യമായിത്തീരുക. ത്രിമൂർത്തികൾപോലും മഹാഗൃഹസ്ഥന്മാരല്ലേ. പുരാണപ്രസിദ്ധരായ മുനിമാരിൽ മിക്കവാറും പേർ മഹാഗൃഹസ്ഥന്മാരല്ലേ. രാമനുതത്ത്വോപദേശം ചെയ്യുന്ന വസിഷ്ഠമുനി ആരാണ്. ഒരിക്കലും വിട്ടുപിരിയാത്ത അദ്ദേഹത്തിന്റെ ധർമപത്നിയാണരുന്ധതി. ആ പിതാക്കന്മാർക്കു സന്താനങ്ങളും വേണ്ടത്രയുണ്ട്. മഹാഗൃഹസ്ഥന്മാരായിരുന്ന എത്ര എത്ര രാജർഷിമാരാണു രാജ്യഭാരം നടത്തവേ തന്നെ ഉറപ്പുറ്റ ബ്രഹ്മനിഷ്ഠ കൈവരിച്ചതായി പുരാണങ്ങൾ വിവരിക്കുന്നത്. ബ്രഹ്മനിഷ്ഠനായിരുന്ന ജനകമഹാരാജാവിന്റെ സദസ്സിലെ ആചാര്യനായിരുന്ന യാജ്ഞവല്ക്യൻ രണ്ടു വിവാഹം കഴിച്ചു വേണ്ടുവോളം സ്വത്തും സമ്പാദിച്ചു കഴിഞ്ഞുകൂടിയിരുന്ന മഹാഗൃഹസ്ഥനായിരുന്നു. ഗൃഹസ്ഥാശ്രമത്തിൽ കഴിയവേതന്നെ അദ്ദേഹം പൂർണ ബ്രഹ്മനിഷ്ഠ നേടി എന്നാണ് ബൃഹദാരണ്യകോപനിഷത്തു വെളിപ്പെടുത്തുന്നത്. സത്യബുദ്ധിയുറപ്പിച്ച് അഹന്താമമതകൾ വെടിയാൻ ഗൃഹ

digitized by www.sreyas.in

സ്ഥാശ്രമം ഏറ്റവും പറ്റിയ മണ്ഡലമാണ്. മനസ്സിന്റെ സമനില അഭ്യസിക്കാനും ഇതുപോലെ മറ്റെവിടെയാണവസരമുണ്ടാവുക.

വസിഷ്ഠൻ തുടർന്നു: ഒരാപണവീഥിയിൽകൂടി കടന്നുപോകുന്ന വഴിയാത്രക്കാരന് നിരവധി സാധനങ്ങൾ അവിടെ നിരന്നിരിപ്പുണ്ടെങ്കിലും അവയൊന്നുമായി ബന്ധപ്പെടേണ്ടിവരുന്നില്ല. ഒരു ജ്ഞാനിയുടെ ജീവിതയാത്രയും അതുപോലെയാണ്. നിരവധി ജഡസാമഗ്രികളുള്ള ഒരാപണവീഥി പോലെയാണു ജ്ഞാനിക്കു പ്രപഞ്ചം. അദ്ദേഹം പലതും കാണുന്നുണ്ട് കൈകാര്യം ചെയ്യുന്നുണ്ട്. ഏകത്വബുദ്ധി ഉറപ്പുവന്ന അദ്ദേഹത്തിന് എല്ലാം ബ്രഹ്മമയം. ഒന്നും അദ്ദേഹത്തെ ബദ്ധനാക്കുന്നില്ല. ഏതു ജനനിബിഡമായ ഗ്രാമവും അദ്ദേഹത്തിനു തപോവനമാണ്. അദ്ദേഹം ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും അന്തർമുഖമായി സത്യം വിചാരം ചെയ്തുറപ്പിച്ചുകൊണ്ടിരിക്കുന്നു. നാടും നഗരവും ഗ്രാമവുമല്ലാം അദ്ദേഹത്തിനു തപോഭൂമി തന്നെ.

192. അന്തഃശീതളതായാംലബ്ധായാം ശീതളം ജഗത്
അന്തസ്തൃഷ്ണോപതപ്താനാം ദാവദാഹമയം ജഗത്.

രാഗദ്വേഷവാസന മാറി അന്തഃ ശീതളത തെളിഞ്ഞയാൾക്ക് ജഗത്തുമുഴുവൻ ശീതളമായി ഭവിക്കുന്നു. ഉള്ളിൽ ഒടുങ്ങാത്ത തൃഷ്ണകൊണ്ടു തപിക്കുന്നവർക്കു ലോകം മുഴുവൻ കാട്ടുതീയിൽ വെന്തുരുകുന്നതായേ അനുഭവിക്കാൻ പറ്റൂ. എല്ലാ ജീവികൾക്കും അന്തഃകരണത്തിലെന്തുണ്ടോ അതേ പുറത്തും അനുഭവിക്കാൻ പറ്റൂ. ആകാശം, ഭൂമി, വായു, സ്വർഗം, പർവതങ്ങൾ, നദികൾ, ദിക്കുകൾ എല്ലാം അന്തഃകരണത്തിന്റെ ഭാഗങ്ങളാണ്; പുറത്തെന്നപോലെ അനുഭവപ്പെടുന്നു; സ്വപ്നാനുഭവം പോലെ. ഒരുവന്റെ ഉള്ളിൽ ബ്രഹ്മസ്വരൂപം ഉറപ്പായുണ്ടെങ്കിൽ പുറമെയും അതുതന്നെ അനുഭവപ്പെടും. ആത്മാനന്ദം കണ്ടെത്തി രമിക്കുന്ന ഒരാൾ പുറമേ കർമരംഗത്ത് എങ്ങനെയൊക്കെ വ്യാപരിച്ചാലും ലൗകികമായ സന്തോഷത്തിനോ സന്താപത്തിനോ വശംവദനാകുന്നില്ല. അദ്ദേഹമാണ് സത്യബുദ്ധിയുറപ്പുവന്നയാൾ. സർവ്വജീവജാലങ്ങളെയും അദ്ദേഹം ആത്മസ്വരൂപമായി കാണുന്നു. അന്യരുടെ ധനത്തെ മൺകട്ട പോലെ തള്ളിക്കളയുന്നു. ഇതൊന്നും ഭയംകൊണ്ടല്ല. ഇതൊക്കെ അദ്ദേഹത്തിന്റെ സ്വഭാവമായിത്തീരുന്നു. അദ്ദേഹം സർവത്ര ഒരു സത്യത്തെ മാത്രമേ കാണുന്നുള്ളൂ. മരണം ഇന്നോ നാളെയോ വരട്ടെ; കൽപ്പാന്തം തന്നെ വരാൻ പോകുന്നു എന്നുറപ്പാകട്ടെ; ചെളിയിൽ കിടന്നാൽപോലും സ്വർണം കളങ്കപ്പെടാത്തതുപോലെ ജ്ഞാനിയെ ഒരു കളങ്കവും ഒരിക്കലും ബാധിക്കുന്നില്ല. അദ്ദേഹത്തിന് എല്ലാം പ്രശാന്തം. അനാദിമധ്യാന്തവും അജവുമായ ഒരു വസ്തു. ചിത്തത്തിനു ചിന്തിച്ചറിയാൻ കഴിയാത്തത്; എങ്ങും ഉണ്മയുടെ പ്രകാശം പരത്തിനിൽക്കുന്നത്, ആനന്ദസ്വരൂപം. ഇതനുഭവമാണ്, പറയാനുള്ളതല്ല; പറച്ചിൽ അനുഭവത്തിനുള്ള ഒരുപായം. അതുകൊണ്ട് സർവം 'ഓം'കാരമയം.

രാമാ, ഇതൊക്കെ വ്യക്തമാക്കാൻ ഇതിഹാസ പ്രസിദ്ധമായ ഒരു കഥ ഞാൻ പറയാം. കിരാത ചക്രവർത്തിയായിരുന്ന സുരഘുവിന്റെ വിസ്മയാസ്പദമായ കഥ. ഹിമാലയത്തിന്റെ കൊടുമുടിയായി കൈലാസമെന്ന പർവ്വതഭാഗമുണ്ടല്ലോ. അതിന്റെ താഴ്‌വാരത്തായി ഹേമജടന്മാരെന്നറിയപ്പെടുന്ന

digitized by www.sreyas.in

കിരാതന്മാരുടെ രാജ്യമുണ്ടായിരുന്നു. അവരെ ഉദാരാത്മാവും ശത്രുക്കൾക്കു ഭയങ്കരനുമായ സുരഘു എന്ന രാജാവ് കുറേക്കാലം രക്ഷിച്ചുപോന്നു. ദേവൻമാരുടെ അഹങ്കാരത്തെപോലും ശമിപ്പിക്കാൻ തക്കവണ്ണം ബലവാനായിരുന്നു അദ്ദേഹം. നിഗ്രഹിച്ചും അനുഗ്രഹിച്ചും നിയമക്രമമനുസരിച്ച് അദ്ദേഹം രാജ്യകാര്യങ്ങൾ നിർവഹിച്ചുപോന്നു. എന്നാൽ ഈ നിയമപാലനക്രമം കൊണ്ടുണ്ടാകുന്ന സുഖദുഃഖങ്ങൾ അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ വ്യാകുലപ്പെടുത്തി. അദ്ദേഹം ആലോചിച്ചു: 'എള്ള് യന്ത്രത്തിലാട്ടുന്നതുപോലെ ബലമുണ്ടെന്നുകരുതി ഞാൻ ജനങ്ങളെ എന്തിനിങ്ങനെ പീഡിപ്പിക്കണം? ഇതെന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിക്കുന്നു. അല്ലെങ്കിൽ നിയമപ്രകാരം നിഗ്രഹിക്കേണ്ടവരെയല്ലേ ഞാൻ നിഗ്രഹിക്കുന്നുള്ളൂ. നിഗ്രഹം കൂടാതെ ഭരണം എങ്ങനെ നടക്കും. വെള്ളമില്ലാതെ നദി ഒഴുകുമോ! ഇങ്ങനെ ഊഞ്ഞാലിലെന്നവണ്ണം അങ്ങുമിങ്ങും ചലിച്ചുകൊണ്ടിരുന്ന സുരഘുചിത്തം വിശ്രമമെന്തെന്നറിഞ്ഞതേയില്ല. ഇങ്ങനെ കഴിയവേ മാണ്ഡവ്യമുനി ഒരു ദിവസം അദ്ദേഹത്തിന്റെ കൊട്ടാരത്തിലെത്തി. മുനിയെ പൂജിച്ചിരുത്തിയശേഷം രാജാവിങ്ങനെ പറഞ്ഞു: 'മുനേ, അങ്ങയുടെ വരവിൽ എന്റെ മനസ് അതിരറ്റ നിർവൃതി അനുഭവിക്കുന്നു. ഇന്നു ധർമനിയമമനുസരിച്ചു ഞാൻ ധന്യരിൽ ധന്യനായി ഭവിച്ചിരിക്കുന്നു. സർവധർമജ്ഞനായ ഭഗവൻ, ഇന്നെന്റെ മനസ് അതിരറ്റ ശാന്തി കണ്ടെത്തിയിരിക്കുന്നു. എന്റെ മനസ്സിനെ ഒരു വലിയ സംശയം പിടികൂടിയിരിക്കുന്നു. ഇരുട്ടിനെ സൂര്യനെന്നപോലെ ആ സംശയത്തെ അങ്ങില്ലാതാക്കിത്തരണം. മഹത്തുക്കളുടെ സാന്നിധ്യത്തിൽ ആരുടെ ദുഃഖമാണ് ഒഴിഞ്ഞുപോകാത്തത്. സംശയമാണു മനസ്സിന്റെ ഏറ്റവും വലിയ ദുഃഖമെന്നു ആർത്തിയെക്കുറിച്ചറിവുള്ളവർ പറയുന്നു. ജനങ്ങളെ നിഗ്രഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ആർത്തി ഈ ഭൃത്യന്റെ മനസ്സിനെയും ശരീരത്തെയും വല്ലാത വേദനിപ്പിക്കുന്നു. സർവത്രസമമായി വ്യാപിച്ചുനിൽക്കുന്ന സൂര്യപ്രകാശം പോലെ. എങ്ങനെയായാൽ എന്റെ ചിത്തത്തിനു സമതവന്നുചേരും? അങ്ങുതന്നെ ഈ സംശയം തീർത്തുതരണം; മറ്റാരുമില്ല; എന്നിൽ കരുണ കാണിക്കണം.'

ചോദ്യം കേട്ടു മാണ്ഡവ്യൻ മറുപടി നൽകി: 'രാജാവേ, ഈ സംശയം സാരമില്ല. ഇതു മനസ്സിന്റെ വെറുമൊരു ദുർബലതയാണ്. സ്വപ്രയത്നം കൊണ്ട്, തന്നിൽതന്നെയുള്ള സ്വന്തം ഉപായംകൊണ്ട് ഈ സംശയം സൂര്യോദയത്തിൽ മൂടൽമഞ്ഞെന്നപോലെ വേഗംമാഞ്ഞ് മറയും. ചില ചോദ്യങ്ങൾക്കു സ്വയം വിചാരംചെയ്തുത്തരം കണ്ടെത്തിയാൽ ഈ മനസ്സിലെ കളങ്കം വിട്ടുപോകും. ഞാനാര്, ഈ ജഗത്തെന്ത്, ജനനവും മരണവും എങ്ങനെ സംഭവിക്കുന്നു? എന്നീ ചോദ്യങ്ങൾക്കാണ് ഉത്തരം കണ്ടെത്തേണ്ടത്. അങ്ങുതന്നെ ഉള്ളിൽ വിചാരം ചെയ്യൂ; വിചാരം പുരോഗമിക്കുന്തോറും സംശയം മാറി വരും. മാറ്റമില്ലാത്ത ഉണ്മയാണ് താങ്കൾ. വിചാരംകൊണ്ട് സ്വന്തം യാഥാർഥ്യം ഇങ്ങനെതെളിയുന്നതോടെ എല്ലാ സംശയവും മാറും. വിചാരം ചെയ്തു സത്യസ്വരൂപം ഉറപ്പുവരുന്നതോടെ മനസ്സ് സ്വരൂപം വെടിഞ്ഞു ശാന്തമാകും. ദുഃഖമെല്ലാം വിട്ടകലും. മനസ്സ് മനസ്സായി നിൽക്കവേ തന്നെ മനോരൂപം ഉപേക്ഷിക്കും. രാഗദ്വേഷങ്ങൾവെടിഞ്ഞ് വറുത്ത വിത്തുപോലെ ശരീരയാത്ര സന്തോഷപൂർവം തുടരാൻ ആവശ്യമുള്ളത്ര മനസ്സ്

digitized by www.sreyas.in

മാത്രം ബാക്കിനിൽക്കുമെന്ന് താൽപ്പര്യം. ഈ മനസ്സിന്റെ കഥ അനുകമ്പാർഹമാണ്. ഒരു കുളമ്പടി വെള്ളത്തിൽ മരിക്കാറായ കൊതുക് വീണു കിടക്കുന്നതുപോലെ ഈ മനസ് അതിനിസ്സാരകാര്യത്തിൽപോലും പറ്റിപിടിച്ചു ദുഃഖിക്കും.

193. യാവദ്യാവൽപ്പരാലോകഃ പരമാത്മൈവശിഷ്യതേ
താവത്താവന്മഹാബാഹോസ്വയംസംത്യജ്യതേ$^{\prime}$ഖിലം

വിചാരംകൊണ്ടു ബോധസ്വരൂപമായ സത്യം തെളിഞ്ഞു തെളിഞ്ഞു വരുംതോറും പരമാത്മാവു മാത്രമേ നിലവിലുള്ളൂ എന്നു ബോധ്യമാകും. അപ്പോഴേക്കും നാനാത്വഭ്രമമെല്ലാം തനിയെ വിട്ടുപോകും.

194. യാവത്സർവം ന സംത്യക്തംതാവദാത്മാനലഭ്യതേ
സർവവസ്തുപരിത്യാഗേ ശേഷ ആത്മേതികഥ്യതേ

നാനാത്വഭ്രമം മുഴുവൻ വിട്ടുമാറുന്നതുവരെ അഖണ്ഡാദ്വായബോധരൂപമായ ആത്മാവ് ആ നിലയിൽ തെളിയുകയില്ല. അനുഭവത്തിൽ നിന്നെല്ലാം വിട്ടുപോയാൽ പിന്നെ ശേഷിക്കുന്നതാണ് ആത്മാവ്. അനുഭവരൂപമായ ആത്മാവിന് സ്വയം വിട്ടുപോകാൻ സാധ്യമല്ലല്ലോ. ലൗകികകാര്യങ്ങളിൽപോലും വ്യക്തിഭേദത്തെ മാറ്റിനിർത്താതെ സാമാന്യതത്വം ഗ്രഹിക്കാൻ പറ്റുമോ. മനുഷ്യവ്യക്തികളെ മാറ്റിനിർത്തിയിട്ടല്ലേ മനുഷ്യത്വം എന്ന സാമാന്യതത്വം ഗ്രഹിക്കേണ്ടത്. ഈ നിലയ്ക്കു വ്യക്തിഭ്രമം വിട്ടുപോകാതെ ആത്മലാഭം എങ്ങനെ നേടാനാണ്. അതുകൊണ്ട് ആത്മലാഭത്തിനായി ഉള്ളിൽ നിന്നും ആത്മാവല്ലാത്ത മറ്റെല്ലാറ്റിനെയും പുറംതള്ളേണ്ടതാണ്. ഉള്ളിൽ നിന്നെല്ലാം പുറംതള്ളിയിട്ടു രാജാവേ, പുറംതള്ളിയ ആത്മസ്വരൂപം കൈക്കൊണ്ട് ഇഷ്ടംപോലെ ജീവിക്കൂ. കാര്യകാരണചിന്തപോലും മായാരൂപങ്ങളായ നാനാത്വഭ്രമങ്ങളെ അവലംബിക്കുമ്പോൾ മാത്രമേയുള്ളൂ. ആ ചിന്തപോലും ഉള്ളിൽ നിന്നുമുപേക്ഷിക്കൂ. അതോടെ മനസ്സ് സ്വരൂപം വിട്ടൊഴിയും. പിന്നെ എന്തു ശേഷിക്കുമോ അതായിനിലകൊള്ളൂ. അങ്ങേക്കു മംഗളം ഭവിക്കട്ടെ!

വസിഷ്ഠൻ തുടർന്നു: 'ഹേ രഘുനന്ദനാ, ഇത്രയും പറഞ്ഞു ഭഗവാൻ മാണ്ഡവ്യൻ സുരഘുവിനെവിട്ട് മനോഹരമായ സ്വന്തം മൗനമണ്ഡലത്തിലേക്കു മടങ്ങി. മുനിനായകൻ പോയിക്കഴിഞ്ഞപ്പോൾ സുരഘു ഒരേകാന്തസ്ഥാനത്തെ ശരണംപ്രാപിച്ച് വിചാരമാരംഭിച്ചു. 'ഈ ഞാനാരാണ്? കൈയും കാലുമൊക്കെയുള്ള ഒരു ദേഹമാണോ ഞാൻ? എത്ര ചിന്തിച്ചിട്ടും അതെനിക്ക് യുക്തിപൂർവം ഉറപ്പിക്കാൻ പറ്റുന്നില്ലല്ലോ. ഈ ദേഹം കുറെ എല്ലുകളും മാംസവും ചേർന്നതല്ലേ. ഈ അചേതനജഡവസ്തു എങ്ങനെ ഞാനാകും. കർമേന്ദ്രിയങ്ങളും ഒന്നും ഞാനല്ല; അവ എന്റേതുമല്ല. ജ്ഞാനേന്ദ്രിയങ്ങളും ഞാനല്ല. അവയൊക്കെ ജഡങ്ങളാണല്ലോ. ഉണ്മ അനുഭവസ്വരൂപമായ ഞാൻ എങ്ങനെ ജഡമാകും. അപ്പോൾ ദേഹം മുതലായ ജഡമൊന്നും ഞാനല്ലെന്നു തീർച്ച. പിന്നെ ഞാനാരാണ്. സൂക്ഷ്മമായി ചിന്തിക്കുക തന്നെ. ജഡരൂപമായതൊക്കെ മാറ്റിനിറുത്തിയാൽ പിന്നെയെന്താണുള്ളത്? സങ്കൽപ്പരഹിതമായ ശുദ്ധബോധമാണ് പിന്നെ ബാക്കിയുള്ളത്. അപ്പോൾ, ഉണ്ട് ഉണ്ട്, എന്നും സ്വയം അനുഭവിക്കാൻ കഴിയുന്നു. ഞാൻ ശുദ്ധബോധമാണെന്നു തീർച്ച. ബ്രഹ്മാണ്ഡത്തിൽ സ്ഥൂലരൂപങ്ങളെ മാറ്റി

digitized by www.sreyas.in

നിറുത്തിയാൽ പിന്നെയെന്തുണ്ട്? അവയിലൊക്കെ നിറഞ്ഞുനിൽക്കുന്ന പ്രാണൻ. അതുപോലെ പ്രാണനുൾപ്പെടെയുള്ള ജഡങ്ങളെ മാറ്റിനിറുത്തിയാൽ പിന്നെയെന്തുണ്ട്. പ്രാണനുൾപ്പെടെയുള്ള ജഡങ്ങളെ ഉള്ളതാക്കിത്തീർക്കുന്ന ബോധം ബാക്കിയുണ്ട്. അതുതന്നെയാണു ഭഗവാനായ പരമാത്മാവ്. നൂല് മുത്തുകളെ എന്നപോലെ എല്ലാറ്റിനെയും കോർത്തിണക്കി നിറുത്തിയിരിക്കുന്ന പരമസത്യം. അതാണു ശുദ്ധമായ ബോധം. സങ്കൽപ്പകളങ്കമില്ലാത്ത സത്യവസ്തു. എല്ലാ ദിഗന്തങ്ങളിലും നിറഞ്ഞുകവിഞ്ഞു നിൽക്കുന്ന സത്യം. ജഗത്തെന്ന ഭൈരവാകാരത്തെ പ്രദർശിപ്പിക്കുന്ന ഐന്ദ്രജാലികൻ. എല്ലാ സ്ഥൂലഭാവങ്ങളിലും നിറഞ്ഞുനിൽക്കുന്ന സൂക്ഷ്മവസ്തു. ലൗകികമായ ഉണ്മയോ ഇല്ലായ്മയോ സ്പർശിക്കാത്ത ശുദ്ധമായ ഉണ്മ. ബ്രഹ്മലോകം മുതലുള്ള എല്ലാലോകങ്ങളിലും നിറഞ്ഞുനിൽക്കുന്നത്. എല്ലാ ശക്തികളുടെയും മണിച്ചെപ്പ്. ദൃശ്യമായി എന്തെന്തൊക്കെ ഇവിടെ കാണപ്പെടുന്നുണ്ടോ അതൊക്കെ നിശ്ചലമായ ബോധം തന്നെയാണ്. ബോധമല്ലാതെ ശാശ്വതമായി ഇവിടെ മറ്റൊന്നും തന്നെയില്ല. അതിൽ ഒരു കളങ്കവുമില്ല; ഒരു വിഷയവുമില്ല; സംസാരഭ്രമത്തിന്റെ നിഴൽപോലുമില്ല; യാതൊരാഗ്രഹവുമില്ല; സ്ഥിരസുഷുപ്തിയിലെന്നപോലെ ശാന്തം; സമം; ഞാനാ ആത്മസ്ഥിതിയിലെത്തി വിരാജിക്കുന്നുണ്ട്!

വസിഷ്ഠൻ തുടർന്നു: 'ഹേമജടാധീശനായ സുരഘു ഇങ്ങനെ സ്വയം വിചാരം ചെയ്തു പരമമായ സത്യപദത്തിലെത്തി; വിവേകനിശ്ചയത്തോടെയുള്ള തപസ്സുകൊണ്ട് ക്ഷത്രിയനായ വിശ്വാമിത്രൻ ബ്രഹ്മർഷിപദത്തിലെത്തിയപോലെ. ഗാഢനിദ്രയിലെന്നപോലെയുള്ള രാഗദ്വേഷരഹിതമായ ചിത്തവൃത്തി അംഗീകരിച്ചുവിളങ്ങി. ക്രൂരനല്ല, ദയാവാനുമല്ല; ആരോടും വഴക്കില്ല, എന്നാൽ വഴക്കില്ലാതെയുമില്ല; പണ്ഡിതനല്ല, എന്നാൽ പണ്ഡിതനാണ്; ആരോടുമൊന്നും ചോദിച്ചില്ല, എന്നാൽ ചോദിക്കാതിരുന്നതുമില്ല. ഉള്ളുകൊണ്ട് വ്യവഹാരഹീനൻ; പുറമേ അഭിനയം കൊണ്ടു വ്യവഹാരി. രാമാ, സുരഘുവിനെപ്പോലെതന്നെ വിചാരം ചെയ്തു സത്യാനുഭൂതി നേടിയ പർണാദനെന്ന മറ്റൊരു രാജർഷിയുണ്ടായിരുന്നു. അവർ തമ്മിലുള്ള വിസ്മയാവഹമായ സംഭാഷണം നിന്നെ ഞാൻ കേൾപ്പിക്കാം. പാരസീകന്മാരുടെ രാജാവായിരുന്നു പർണാദൻ. ആദ്യത്തെ അദ്ദേഹത്തിന്റെ വിഖ്യാതമായ നാമധേയം പരിഘനെന്നായിരുന്നു. രഥത്തിൽ കയറിയാൽ പരിഘമെന്ന ആയുധത്തെപ്പോലെ അദ്ദേഹം ശത്രുനിഗ്രഹത്തിലേർപ്പെടുമായിരുന്നു. പരിഘനും സുരഘുവും ഉറ്റമിത്രങ്ങളായിരുന്നു. ഒരിക്കൽ പരിഘന്റെ രാജ്യത്ത് അതിരൂക്ഷമായ ക്ഷാമം പിടിപെട്ടു. വിശപ്പു സഹിക്കാതെ പട്ടിണികിടന്നു ജനങ്ങളധികവും മരണമടഞ്ഞു. പരിഘൻ ജനങ്ങളുടെ ക്ലേശത്തിനു പരിഹാരം ചെയ്യാൻ അശക്തനായി വലഞ്ഞു. അദ്ദേഹം രാജ്യമുപേക്ഷിച്ച് തപസ്സിനായി വനത്തിൽ പോയി. ശാന്തനായി ഉണങ്ങിയ ഇലകളും ഭക്ഷിച്ചു കൊണ്ട് തപസ്സിലേർപ്പെട്ടു. അന്നു മുതലാണു പർണാദനെന്നു പ്രസിദ്ധനായി തീർന്നത്. ആയിരംകൊല്ലം ദാരുണമായ തപസ്സു തുടർന്നു. തപസ്സുകൊണ്ടേകാഗ്രപ്പെട്ട മനസ്സിൽ അന്തഃശീതളത നിറച്ചുകൊണ്ടു ജ്ഞാനം ഉദയം ചെയ്തു. രണ്ടെന്ന ഭാവംപോയി മറഞ്ഞു. ദുഃഖമെല്ലാമകന്നു; സർവത്ര സമദർശനനായി ഭവിച്ചു. അങ്ങനെ അദ്ദേഹം ത്രിലോകമാകുന്ന ഈ കൊച്ചു മഠത്തിൽ യഥാക്രമം വിഹരിച്ചു. ഒരിക്കൽ ഹേമജടാധിപതിയായ സുരഘു അദ്ദേഹത്തിന്റെ വീട്ടി

digitized by www.sreyas.in

ലെത്തി. പണ്ടേ മിത്രങ്ങളായിരുന്ന അവർ പരസ്പരം ഇങ്ങനെ സംഭാഷണ മാരംഭിച്ചു: "നമ്മുടെ പരസ്പര ദർശനം പരമാനന്ദം; പരമപരിശുദ്ധങ്ങളായ മംഗളങ്ങളെല്ലാം ഒരുമിച്ച് ഫലിച്ചിരിക്കുന്നു:

തുടർന്നു പരിഘൻ പറഞ്ഞു: 'സുഹൃത്തേ, അങ്ങ് എങ്ങനെ ജ്ഞാനം നേടിയോ അതുപോലെ ജ്ഞാനം ഞാനും കരസ്ഥമാക്കി. എന്താ, പ്രസന്ന ഗംഭീരമായ മനസ്സോടെ കാര്യങ്ങളെല്ലാം നിർവഹിക്കാൻ കഴിയുന്നില്ലേ? രാജാവേ, കർത്തവ്യ കർമങ്ങളെല്ലാം ധീരമായി നിർവഹിച്ചു കൊണ്ടു തന്നെ അങ്ങയുടെ കായലത ആധിവ്യാധി വിഹീനയായി വർത്തിക്കുന്നില്ലേ? ആരം ഭത്തിൽ മാത്രം രമണീയമെന്നു തോന്നുന്ന ലോകഭോഗങ്ങളിൽ അങ്ങയുടെ മനസ്സു പ്രലോഭിതമാകുന്നില്ലല്ലോ. സങ്കൽപ്പങ്ങളൊക്കെ ഒഴിഞ്ഞുമാറി ചിത്തം പരമസത്യപദത്തിൽ വിശ്രമം കൊള്ളുന്നുണ്ടല്ലോ. മനസ്സു പൂർണമായും ഉപ ശമിച്ചു സമാധിയിൽ രമിക്കാറില്ലേ;

സുരഘു മറുപടി നൽകി: 'മഹാത്മൻ, ഒരജ്ഞൻ മിണ്ടാതെ ഒരിടത്തിരി ക്കട്ടെ അഥവാ ലോകകാര്യങ്ങളിൽ വർത്തിക്കട്ടെ. രണ്ടായാലും അവനൊരി ക്കലും ചിത്തം സത്യബുദ്ധിയിൽ തുറക്കുന്നില്ല. സത്യം കണ്ടു സദാ ഉണർന്നുവർത്തിക്കുന്നവരാകട്ടെ ലോകത്തു കർമനിരതരായി വർത്തിച്ചാൽ പോലും ആത്മതത്ത്വം മാത്രം ദർശിച്ചു സദാ സമാധിസ്ഥരായി വർത്തിക്കുന്നു എന്നു തീർച്ചയല്ലേ.

195. ബദ്ധപദ്മാസനസ്യാപി കൃതബ്രഹ്മാജ്ഞലേരപി
അവിശ്രാന്തസ്വഭാവാസ്യകഃസമാധിഃകഥംവചാ

പദ്മാസനമുറപ്പിച്ചു ബ്രഹ്മാജ്ഞലി വിന്യസിച്ചു കണ്ണുമടച്ചിരുന്നാൽ പോലും സത്യബോധം കൊണ്ട് മനസ്സുപശമിക്കാത്തയാൾക്ക് എന്തു സമാധി? എങ്ങനെ സംഭവിക്കും? എന്താണു സമാധി?

196. തത്ത്വാവബോധോഭഗവൻ സർവാശാതൃണപാവകഃ
പ്രോക്തഃസമാധി ശബ്ദേന നചതൂഷ്ണീമവസ്ഥിതിഃ

ഭഗവൻ-അല്ലയോ മഹാത്മാവേ; സർവാശാതൃണപാവകഃ തത്ത്വാവ ബോധഃ-ലൗകികങ്ങളായ ആശകളാകുന്ന എല്ലാ ഉണക്കപ്പുല്ലുകളേയും എരിച്ചു ചാമ്പലാക്കുന്ന അഗ്നിരൂപമായ അദ്വൈതതത്ത്വബോധമാണ്; സമാ ധിശബ്ദേനപ്രോക്തഃ-സമാധി പദം കൊണ്ടർഥമാക്കുന്നത്, തൂഷ്ണീം അവ സ്ഥിതിഃ നച-അല്ലാതെ കണ്ണുമടച്ചു മിണ്ടാതിരിക്കുന്നതല്ല സമാധി.

അല്ലയോ മഹാത്മാവേ, ലൗകികങ്ങളായ ആശകളാകുന്ന എല്ലാ ഉണ ക്കപ്പുല്ലുകളേയും എരിച്ചു ചാമ്പലാക്കുന്ന അഗ്നിരൂപമായ അദ്വൈതതത്ത്വ ബോധമാണ് സമാധി പദം കൊണ്ടർഥമാക്കുന്നത്. അല്ലാതെ കണ്ണുമടച്ച് വെറുതേയിരിക്കുന്നതല്ല സമാധി.

**നചതൂഷ്ണീമവസ്ഥിതിഃ**

മനുഷ്യശരീരത്തിലിരിക്കവെ ഒരാൾക്കു നേടാവുന്ന പരമമായ സത്യ ദർശനം വസ്തുവൊന്നേയുള്ളൂ എന്ന ഉറപ്പാണ്. ഈ ഉറപ്പാണ് ഗീത പറ യുന്ന വ്യവസായാത്മികാബുദ്ധി; അഥവാ നിശ്ചയം വന്ന ബുദ്ധി. ഈ വ്യവ സായത്മികാബുദ്ധി ഒന്നേയുള്ളൂ; രണ്ടില്ല. അതാണ് 'സർവംബ്രഹ്മമയം' എന്ന ബുദ്ധി. ബുദ്ധിയുടെ ഈ ഉറപ്പാണ് സമാധി. രണ്ടില്ലെങ്കിൽ പിന്നെ

digitized by www.sreyas.in

രാഗദ്വേഷങ്ങൾക്ക് പ്രസക്തിയെവിടെ. രാഗദ്വേഷങ്ങളില്ലെങ്കിൽ സദാ അന്തഃശീതളത. അതു തന്നെ സമാധ്യനുഭവം. ഒന്നെന്ന സത്യബുദ്ധി ഉറപ്പില്ലെങ്കിൽ പിന്നെയുള്ളത് വിഷയബുദ്ധിയാണ്. അതു ശാഖോപശാഖമായി പടർന്നു പന്തലിക്കുന്ന അസംഖ്യബുദ്ധിയാണ്. സത്യബുദ്ധി ഏകാന്തബുദ്ധിയാണെങ്കിൽ വിഷയബുദ്ധി അനന്ത ബുദ്ധിയാണ്. ഏകാന്തബുദ്ധി ഉറപ്പു വരാത്തയാൾ കണ്ണുമടച്ചു മിണ്ടാതിരുന്നാലും അയാളുടെ ഉള്ളിൽ അസംഖ്യബുദ്ധി കളിയാടിക്കൊണ്ടേയിരിക്കും. അന്തഃശീതളത സംഭവിക്കുകയേ ഇല്ല. പിന്നെ അതെങ്ങനെ സമാധിയാകും. നേരമറിച്ച് ഏകാന്തബുദ്ധി ഉറപ്പുവന്നയാൾ ഇളകി മറിഞ്ഞു കർമരംഗത്തു വർത്തിച്ചാലും അദ്ദേഹം നിരന്തരം അന്തഃശീതളത അനുഭവിക്കുന്നുണ്ടാവും അതുകൊണ്ടദ്ദേഹം സദാ സമാധിസ്ഥനാണ്.

സുരഘു തുടർന്നു: 'അല്ലയോ മഹാത്മൻ, അദ്വൈതവസ്തുബോധത്തിൽ ഉറപ്പുവന്നതും ജനനമരണാത്മകവും നശ്വരവുമായ പ്രപഞ്ചത്തെ ആ നിലയിൽ തന്നെ കണക്കാക്കുന്നതുമായ സംശയമില്ലാത്ത ബുദ്ധിയെയാണു സമാധിപദം കൊണ്ടർഥമാക്കുന്നത്. അചഞ്ചലവും അഹങ്കാരം പാടേ ഒഴിഞ്ഞു മാറിയതും ഭേദചിന്ത നിശേഷമകന്നതും മേരുപർവതംപോലെ സ്ഥിരവുമായ അന്തഃകരണസ്ഥിതിയാണു സമാധി. ചിന്തയൊന്നുമില്ല; വിശേഷിച്ചിഷ്ടമൊന്നുമില്ല; തള്ളാനോ കൊള്ളാനോ ഒന്നുമില്ല; ഇത്തരത്തിലുള്ള പരിപൂർണ മനോഗതിയാണു സമാധി. ഈ സമാധിയിലെത്തിയയാൾ മാറിമറിയുന്ന കാലഗതിയെ ഒരിക്കലും മറക്കുന്നില്ല; ഒരു മാറ്റവുമില്ലാതെ തെളിഞ്ഞുവിളങ്ങുന്ന ആത്മതത്ത്വത്തെയും ഒരിക്കലും മറക്കുന്നില്ല. ഒരു പ്രവാഹം പോലെ സദാ സർവത്ര കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന പ്രപഞ്ചഗതിയെ മറക്കുന്നില്ല; ഒന്നേയുള്ളൂ എന്നുറപ്പുവന്ന ബോധതത്ത്വത്തെയും ജ്ഞാനി ഒരിക്കലും മറക്കുന്നില്ല. മഹാത്മാക്കൾക്കു സത്യബുദ്ധി ഒരു നിമിഷം പോലും മാറിപ്പോകുന്നില്ല. അവരെവിടെയും സമബുദ്ധികളായിക്കാണപ്പെടുന്നു. ജഡകാര്യപരിണാമങ്ങളൊന്നും അവരെ ബാധിക്കുന്നതേയില്ല. അതുകൊണ്ടു ജ്ഞാനി അജ്ഞാനി എന്ന ഭേദബുദ്ധിപോലും അവരിൽ അപ്രസക്തമാണ്. അതൊക്കെ സത്യാന്വേഷികൾക്കു പ്രയോജനപ്പെടുന്ന മിഥ്യാ പ്രപഞ്ചനങ്ങൾ.'

പരിഘൻ പറഞ്ഞു: 'രാജാവേ, അങ്ങുണർന്നവനാണ്; പരമപദത്തിലെത്തിക്കഴിഞ്ഞവനാണ്; അത്യന്തം ശീതളമായ അന്തഃകരണത്തോടുകൂടിയവനാണ്; സത്യത്തിന്റെ ഗാംഭീര്യം ഉൾക്കൊള്ളുന്നവനാണ്. അത്യന്തശുദ്ധൻ, എങ്ങും നിറഞ്ഞവൻ, പൂർണൻ, അഹങ്കാരസ്പർശമില്ലാത്തവൻ, മുഖം മങ്ങാത്തവൻ, എവിടെയും സ്വസ്ഥൻ, അങ്ങു സർവത്ര പ്രകാശം പരത്തി വിളങ്ങുന്നു. അധികം വിസ്തരിച്ചിട്ടെന്തു കാര്യം. സുഖദൃഷ്ടി ഒന്നേയുള്ളൂ; മനസ്സുശമിച്ച് സർവത്രസമമായ വസ്തുവിലെത്തി ആനന്ദത്തോടെ ഉറയ്ക്കുന്ന ദൃഷ്ടി. അതിൽപരം ഉത്തമമായി മാറ്റൊന്നുമില്ല.'

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപശമ പ്രകരണേ*
*സുരഘൂപാഖ്യാനം നാമ*
*സപ്തമഃ സർഗഃ*

digitized by www.sreyas.in

സർഗം. 8

# ഭാസവിലാസ സംവാദഃ

വസിഷ്ഠൻ തുടർന്നു: 'രാമാ, സുരഘുവും പരിഘനും പ്രപഞ്ചഗതി ഇങ്ങനെ വിചാരം ചെയ്തു വിലയിരുത്തിയശേഷം പരസ്പരം അഭിനന്ദിച്ച് അവരവരുടെ കാര്യങ്ങളിൽ ഏർപ്പെട്ടു. ആരാണോ സദാ ആത്മാനുസന്ധാനത്തോടുകൂടി കഴിയുന്നത്, സദാ അന്തർമുഖനായി ആനന്ദിക്കുന്നത്, സദാ ബ്രഹ്മാനുസന്ധാനത്തോടെ കർമരംഗത്തു വർത്തിക്കുന്നത്, അയാൾ ഒരിക്കലും ശോകിക്കാൻ ഇടവരുന്നില്ല. ആരാണോ ആശാപാശങ്ങളിൽ ബദ്ധനായിരിക്കുന്നത്, ഭോഗതൃഷ്ണകളിൽ ലാലസനായി വർത്തിക്കുന്നത്. ദുഃഖമഹാഭാരം ചുമന്നുനടക്കുന്നത്, മോഹമാകുന്ന ചെളിക്കുണ്ടിൽ ചാടി വീണിരിക്കുന്നത്, രോഗങ്ങളാകുന്ന കൊതുകുകളുടെ കടിയേറ്റു വലയുന്നത്, തൃഷ്ണയാകുന്ന ചാട്ടകൊണ്ടു നിയന്ത്രിക്കപ്പെടുന്നത്, ദുഷ്കർമമാകുന്ന ചെളിപുരണ്ടു മലിനനാകുന്നത്, സംസാരമാകുന്ന കാട്ടിൽ ചുറ്റിത്തിരിയുന്നത്, ശീതളമായ മരച്ചുവട്ടിൽ അഭയം തേടാത്തത്, വന്നുംപോയുമിരിക്കുന്ന ക്ഷണിക സുഖങ്ങളിൽ അതൃപ്തനായി കഴിയുന്നത്, അവൻ മനുഷ്യനല്ല; ജീവിക്കുന്ന വെറും കാളയാണ്. സംസാരചെളിക്കുണ്ടിൽ നിന്നും അങ്ങനെയുള്ള ജീവനെ എന്തു പ്രയത്നം ചെയ്തും ബലാൽ സമുദ്ധരിക്കേണ്ടതാണ്.

197. മഹാനുഭാവ സമ്പർക്കാത് സംസാരാർണവലംഘനേ
യുക്തിഃസംപ്രാപ്യതേ രാമ സ്ഫുടാ നൗരിവനാവികാത്.

രാമാ, സത്യം കണ്ട മഹാത്മാക്കളുമായി അടുക്കാൻ കഴിഞ്ഞാൽ സംസാരസമുദ്രം കടക്കാനുള്ള ഉപായം വേഗം കണ്ടെത്താൻ കഴിയും. നല്ലൊരു നാവികന്റെ സഹായത്തോടെ കപ്പൽ കണ്ടെത്തുന്നതുപോലെ.

198. യസ്മിൻദേശേഗിരൗ തജ്ഞോ നാസ്തി സജ്ജനപാദപഃ
സഫലഃശീതളച്ഛായോ ന തത്ര നിവസേദ്ബുധഃ

എവിടെയാണോ ജ്ഞാനികളില്ലാത്തതു അവിടെ നല്ലവർ താമസിക്കരുത്. ആരാണു ജ്ഞാനി? സത്യദർശനമാകുന്ന മധുരമേറിയ കായ്കനികൊണ്ടു നിറഞ്ഞ സജ്ജനവൃക്ഷമാണു ജ്ഞാനി. ആർക്കും വിശ്രമമേകാൻ കഴിവുള്ള കാരുണ്യമാകുന്ന ശീതളച്ഛായയോടുകൂടിയ സജ്ജനവൃക്ഷമാണു ജ്ഞാനി. നാടായാലും കാടായാലും ഈ സജ്ജന വൃക്ഷം ഇല്ലാത്തിടത്തു നല്ലവർ താമസിക്കരുത്. ആത്മാവിനെ സമുദ്ധരിക്കാൻ ശ്രമിക്കുന്ന ഒരു സത്യാന്വേഷിയെ ധനസമ്പത്തുക്കളോ, സുഹൃത്തുക്കളോ, ഭൗതിക ശാസ്ത്രങ്ങളോ, ബന്ധുക്കളോ ആരും സഹായിക്കുകയില്ല. സദാ തന്നോടുകൂടി നടക്കുന്ന സ്വന്തം മനസ്സെന്ന സുഹൃത്തുമായി അൽപ്പമൊന്നാലോചിക്കുന്ന വ്യക്തിക്കു തന്നെ ഉദ്ധരിക്കാനുള്ള പാത തെളിഞ്ഞുകിട്ടുന്നതാണ്. ഈ ജഡദേഹത്തെ വെറുമൊരു തടിക്കഷണം പോലെയോ ഒരു മൺകട്ടപോലെയോ ആരുകാണുമോ അയാൾക്ക് ദേവദേവേശനായ പരമാത്മാവിനെ അറിയാൻ കഴിയും. നിറഞ്ഞുകവിയുന്ന ഒരമൃത സമുദ്രം, വാക്കുകൾകൊണ്ടു വിവരിക്കാൻ വയ്യ, അതിനുപമാനമായി ഒന്നുമില്ല. ഒരു കളങ്കവും അതിനെ സ്പർശിക്കുന്നില്ല അതാണു പരമാത്മാവ്. നിശ്ചലമായി നിൽക്കുന്ന ശുദ്ധ ബോധപ്രകാശം

digitized by www.sreyas.in

അനുഭവിക്കാൻ കഴിഞ്ഞാൽ ആ തുരീയദൃഷ്ടിയെ ഏതാണ്ടു പരമാത്മാവിനോടുപമിക്കാം. ദ്വൈതാനുഭവം ഇല്ലാത്ത അവസ്ഥ എന്നനിലയിൽ അതിനെ സുഷുപ്തിയോടുപമിക്കാം. തുരീയാനുഭവത്തിൽ ഉത്കടമായ ഉണ്മസ്വരൂപമായി അനുഭവപ്പെടുന്നതുകൊണ്ടു സുഷുപ്തിയുമായി അത് അതിവിദൂരത്തിലാണു നിലകൊള്ളുന്നത്. സുഷുപ്തിവേളയിൽ സുഷുപ്തി ഒരനുഭവവുമില്ലാത്ത ശൂന്യസ്ഥിതിയാണല്ലോ. തുരീയത്തിൽ സർവവ്യാപിയായ ആകാശം ചിന്മയമായാലെന്നപോലെ അനുഭവം സ്ഫുടമാണ്.

199. മനോഹംകാരവിലയേ സർവഭാവാന്തരസ്ഥിതാ
സമുദേതിപരാനന്ദാസാ തനുഃ പാരമേശ്വരീ

മനസ്സും അഹങ്കാരവും ഒഴിഞ്ഞുമാറിയാൽ ആദ്യന്തരഹിതമായ ഒരാനന്ദാനുഭൂതി ഉദയംചെയ്യുന്നു. അതുതന്നെയാണു ശുദ്ധ ചിദാനന്ദരൂപമായ പരമേശ്വരസ്വരൂപം. പൂർണസമനിലയെന്ന മനസ്സിന്റെ യോഗാവസ്ഥയിൽ സംഭവിക്കുന്നതാണത്. സുഷുപ്തിയുമായി അതിനു വിദൂര സാദൃശ്യം മാത്രമേയുള്ളൂ. അതുവാക്കുകൾ കൊണ്ടു വർണിക്കാവുന്നതല്ല; ഉള്ളിൽ അനുഭവിച്ചു തന്നെ അറിയേണ്ടതാണ്. ഇക്കാണുന്നതൊക്കെ അനന്തമായ ആത്മതത്ത്വം തന്നെയാണ്. ദൃഢമായി ക്രമേണ ആത്മരൂപം കൈക്കൊള്ളുന്ന ചേതസ്സിനുള്ളിലാണതാദ്യമായി അനുഭവിച്ചറിയേണ്ടത്. പുറമേ വിഷയസങ്കൽപ്പം മാറിക്കിട്ടിയാൽ ചരാചരസ്വരൂപമായി വിളങ്ങുന്ന ആ ദേവദേവൻ സ്വയം അനുഭവസ്വരൂപമായി തെളിയും. തുടർന്നു വിഷയവാസന നിശേഷം വിട്ടുപോകും. അതോടെ അത്യന്തം സ്ഫുടമായി ചിത്സ്വരൂപം സർവത്ര പ്രകാശിക്കും. അങ്ങനെ സർവത്ര സമത്വം വന്നുചേരും. മഹാന്മാരായ സത്യദർശികളുടെ ഈ ക്രമപരിണാമം മനസ്സുകൊണ്ടു ചിന്തിച്ചറിയാനേ സാധ്യമല്ല. മനസ്സുകൊണ്ടു മനസ്സിനെ മുറിച്ചെറിയാതെ ഈ ആത്മാവലോകനം സാധ്യമേയല്ല. അതുവരെ സംസാരദുഃഖം തീർന്നുകിട്ടുകയുമില്ല. മനസ്സു പോയോ ആനന്ദസ്വരൂപമായ ആത്മാനുഭവം.

രാമാ, ഇക്കാര്യത്തിൽ ഞാനൊരു പഴയകഥ പറയാം. ഭാസനും വിലാസനുമെന്ന രണ്ടു സുഹൃത്തുക്കൾ സഹ്യപർവതത്തിന്റെ താഴ്വരയിൽ വച്ചു നടത്തിയ ഒരു സംഭാഷണത്തിന്റെ കാര്യമാണു ഞാൻ നിന്നോടു പറയാൻ പോകുന്നത്. ഉയരംകൊണ്ട് ആകാശത്തെ മുട്ടിനിൽക്കുന്നതും താഴെ ഭൂമണ്ഡലത്തെ നിറഞ്ഞുനിൽക്കുന്നതും വീണ്ടും താഴോട്ടു പാതാളത്തെയും കടന്നുനിൽക്കുന്നതും ആയ സഹ്യനെന്നു ലോകപ്രസിദ്ധമായ ഒരു പർവതമുണ്ട്. അതിന്റെ വടക്കുഭാഗത്തായി താഴ്വരയിൽ അത്രിയുടെ ആശ്രമം സ്ഥിതിചെയ്യുന്നു. കായ്കനികളേന്തി കുനിഞ്ഞുനിൽക്കുന്ന വൃക്ഷങ്ങളെക്കൊണ്ടു നിറഞ്ഞ മഹത്തായ ആശ്രമം. സിദ്ധന്മാരുടെ വിശ്രമസ്ഥാനം. ഒരിക്കൽ അവിടെ രണ്ടു താപസന്മാർ താമസിച്ചിരുന്നു. നഭസ്സിലെ ശുക്രനും വ്യാഴനും പോലെ അവരവിടെ കഴിഞ്ഞുകൂടി. അവർക്കോരോരുത്തർക്കും ഓരോ പുത്രനുണ്ടായി. മക്കൾക്കു വിലാസനെന്നും ഭാസനെന്നും പേരിട്ടു. അവരിരുവരും ക്രമേണ പഠിച്ചു വളർന്നു. ഗാഢാനുരക്തരായ ദമ്പതിമാരെപ്പോലെ പരസ്പരം അവർ സ്നേഹബദ്ധരായിരുന്നു. ഒന്നു രണ്ടായിപിരിഞ്ഞതുപോലെ തുല്യരൂപികളായി അവർ കാലം കഴിച്ചു. കാലം ചെന്നതോടെ അവരുടെ അച്ഛന്മാർ ദേഹം വെടിഞ്ഞു യാത്രയായി. രണ്ടുപേരും അച്ഛന്മാ

digitized by www.sreyas.in

രുടെ ശേഷക്രിയകളൊക്കെ കഴിഞ്ഞശേഷം കരഞ്ഞുകരഞ്ഞു ദുഃഖിതരായി പിരിഞ്ഞു പോയി, പ്രത്യേകം പ്രത്യേകം താമസമായി. ജീവിതത്തോടവർക്കു വിരക്തിതോന്നി. അങ്ങനെ തപസ്സുചെയ്തു ദേഹമൊക്കെ മെലിഞ്ഞു ക്ഷീണിതരായി. അങ്ങനെ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നു പോയി. ഒരുദിവസം അവർ വീണ്ടും ഒരുമിച്ചു. അവർ അന്യോന്യം ആശയങ്ങൾ കൈമാറി.

വിലാസൻ പറഞ്ഞു: 'മഹാനായ പിതാവിന്റെ പുത്രനും ഹൃദയാശ്വാസം നൽകുന്ന അമൃതസമുദ്രവുമായ അല്ലയോ ഭാസ, അങ്ങേക്കു സ്വാഗതം. നീ കൂടെയില്ലാതിരുന്നതുകൊണ്ടു കഴിഞ്ഞുപോയ കുറെ ദിവസങ്ങൾ വർഷങ്ങളായിട്ടാണെനിക്കനുഭവപ്പെട്ടത്. സാധോ, ഇത്രയും നാൾ അങ്ങെവിടെയാണു കഴിച്ചുകൂട്ടിയത്? അങ്ങയുടെ തപസ്സൊക്കെ ഫലവത്തായോ? അച്ഛന്റെ മരണംകൊണ്ടുണ്ടായ ദുഃഖം അങ്ങേക്കു മാറിക്കിട്ടിയോ? ആത്മാനന്ദം നേടാൻ കഴിഞ്ഞോ? വിദ്യ ഫലപ്രാപ്തിയിലെത്തിയോ? എന്താ, ജീവിതമാകെ ഇപ്പോൾ കുശലമാണോ?'

ഭാസൻ മറുപടി പറഞ്ഞു: 'സുഹൃത്തേ, താങ്കൾക്കു സ്വാഗതം. ഭാഗ്യം കൊണ്ടിപ്പോൾ അങ്ങയെ കാണാൻ ഇടയായി. ഈ സംസാരചക്രത്തിൽ കറങ്ങുന്ന നമുക്ക് എവിടെയാണു കുശലം. അറിയേണ്ടതറിയാതെ, രാഗദ്വേഷമയമായ ചിത്തം ക്ഷയിച്ചു കിട്ടാതെ, ഈ സംസാരചക്രത്തിലെ കറക്കം നിലയ്ക്കാതെ എവിടെയാണു കുശലം. ചിത്തത്തിൽ കറങ്ങിത്തിരിയുന്ന ആശകൾ പൂർണമായി വിട്ടുപോകാതെ, കത്തികൊണ്ടു ചെടികളെ മുറിച്ചു തള്ളുന്നതുപോലെ ആശകളെ മുറിച്ചു തള്ളാതെ എവിടെയാണു കുശലം.

200. യാവന്നാധിഗതം ജ്ഞാനം യാവന്നസമതോദിതാ
യാവന്നാഭ്യുദിതോബോധഃതാവന്നകുശലംകുതഃ

വസ്തു ഒന്നേയുള്ളൂവെന്നും പലതുകാണുന്നതു ഭ്രമമാണെന്നുമുള്ള ജ്ഞാനം ഉദയം ചെയ്യാത്തിടത്തോളം, മനസ്സിനു സമത അനുഭവപ്പെടാത്തിടത്തോളം, ബോധസ്വരൂപമായ ആത്മാവ് വേർതിരിയാത്തിടത്തോളം നമുക്കെവിടെയാണു കുശലം.

201. ആത്മലാഭം വിനാസാധോവിനാജ്ഞാനമഹൗഷധം
ഉദേതിപുനരേവേയംദുഃസംസൃതിവിഷൂചികാ

ആത്മസ്വരൂപം വേർതിരിഞ്ഞനുഭവപ്പെടാത്തിടത്തോളം, ജ്ഞാനമാകുന്ന വിലപ്പെട്ട മരുന്നു വേണ്ടത്ര സേവിക്കാത്തിടത്തോളം സംസാരമെന്ന വിഷൂചികാരോഗം വീണ്ടും വീണ്ടും ബാധിച്ചുകൊണ്ടേയിരിക്കും. പലതരത്തിലുമുള്ള സുഖദുഃഖങ്ങളുടെ മധ്യത്തിൽപെട്ടു നട്ടം തിരിഞ്ഞും ആവർത്തിച്ചുണ്ടാകുന്ന ജരാമരണങ്ങളിലൂടെ വീണുമെണീറ്റും ജനങ്ങൾ ജഗത്താകുന്ന പർവതപ്രദേശത്ത് ഉണങ്ങിയ ഇലകളെന്നപോലെ വീണുകരിയുകയല്ലേ ചെയ്യുന്നത്!'

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപശമ പ്രകരണേ*
*ഭാസവിലാസ സംവാദോ നാമ*
*അഷ്ടമഃസർഗഃ*

digitized by www.sreyas.in

സർഗം. 9

# വീതഹവ്യോപാഖ്യാനം

വസിഷ്ഠൻ തുടർന്നു: 'രാമാ, ഭാസവിലാസന്മാർ ഇങ്ങനെ വിചാരം ചെയ്തും മായാമയമായ ജീവിതത്തെ പരസ്പരം വിലയിരുത്തിയും ക്രമേണ തത്ത്വജ്ഞാനം ഉറപ്പുവരുത്തി മോക്ഷം കൈവരിച്ചു. ഈ സംസാരം തരണം ചെയ്യാൻ ജ്ഞാനമല്ലാതെ വേറെ യാതൊരു ഗതിയുമില്ലെന്നു ഞാൻ പറയുന്നത് ഇക്കാരണത്താലാണ്. ജഡദൃശ്യങ്ങളിൽ സംഗബദ്ധമാകുന്ന മനസ്സ് മറ്റെന്തുപായം കൊണ്ടാണു മോചിക്കുക?

202. അസക്തം നിർമലം ചിത്തംമുക്തം സംസാര്യപിസ്ഫുടം
സക്തംതുദീർഘതപസായുക്തമപ്യതിബന്ധവത്.

അസക്തംനിർമലം ചിത്തം-ലോകത്തൊരു പദാർഥത്തോടും എന്റേതെന്ന സംഗം പുലർത്താതെ പരിശുദ്ധമായി വർത്തിക്കുന്ന മനസ്സ്; സ്ഫുടംസംസാരിഅപി-സ്പഷ്ടമായി ലോകകാര്യങ്ങളിൽ ഏർപ്പെട്ടുകഴിയുന്നതായാൽ പോലും; മുക്തം-ദുഃഖ മോചിതമാണ്; സക്തം-എന്റേതെന്ന ചിന്തയുള്ളിടത്തോളമാകട്ടെ; ദീർഘതപസായുക്തം അപി-ചിരകാലമായി തപസ്സൊക്കെ ആചരിക്കുന്നുണ്ടെങ്കിൽപോലും; അതിബന്ധവത്-കടുത്ത ബന്ധത്തിലാണ്, ദുഃഖിക്കേണ്ടതായിത്തന്നെ വരും.

ലോകത്തൊരു പദാർഥത്തോടും എന്റേതെന്ന സംഗം പുലർത്താതെ പരിശുദ്ധമായി വർത്തിക്കുന്ന മനസ്സ് സ്പഷ്ടമായി ലോകകാര്യങ്ങളിൽ ഏർപ്പെട്ടുകഴിയുന്നതായാൽ പോലും ദുഃഖമോചിതമാണ്. എന്റേതെന്ന ചിന്തയുള്ളിടത്തോളമാകട്ടെ ചിരകാലമായി തപസ്സൊക്കെ ആചരിക്കുന്നുണ്ടെങ്കിൽ പോലും കടുത്ത ബന്ധത്തിലാണ്; ദുഃഖിക്കേണ്ടതായിത്തന്നെ വരും.

**മുക്തം സംസാര്യപിസ്ഫുടം**

ഒരു വ്യക്തിയെ പുറത്തുള്ള പദാർഥങ്ങളുമായി ബന്ധിപ്പിക്കുന്ന പാശമെന്താണ്? എന്റേതെന്ന ചിന്ത. ഇതുതന്നെയാണു സംഗം; ഇതുതന്നെയാണ് ബന്ധം. അപ്പോൾ ഈ കെട്ടുപൊട്ടിക്കാനെന്താണുപായം? ഉപായം സ്പഷ്ടമല്ലേ; എന്റേതെന്ന ചിന്ത കൈവിടുക; ഇതാണു മോക്ഷം. പിന്നെ എന്തു ചിന്തിക്കണം? എല്ലാം ഈശ്വരന്റേത് അഥവാ ഈശ്വരൻ തന്നെ എന്നു ചിന്തിക്കണം. അതല്ലേ സത്യം. ഈ ദൃശ്യപ്രപഞ്ചത്തിൽ സ്വന്തം ശരീരമുൾപ്പെടെ എന്തെങ്കിലും ആർക്കെങ്കിലും സ്വന്തമാണോ. ഏതു നിമിഷവും വിട്ടെറിഞ്ഞു പോകേണ്ടി വരുന്ന വസ്തു എങ്ങനെ സ്വന്തമാകും. ഈ യാഥാർഥ്യം അൽപ്പം ചിന്തിക്കുന്ന ആർക്കും ബോധ്യപ്പെടുന്ന ഒന്നല്ലേ. നിസ്സംഗനാവണം എന്നു വേദാന്തം ആവശ്യപ്പെടുമ്പോൾ നിലവിലുള്ള യാഥാർഥ്യം അംഗീകരിക്കണമെന്നേ അതിനർഥമുള്ളൂ. ലോകത്തു കാണപ്പെടുന്ന എല്ലാ ദുഃഖങ്ങൾക്കും കാരണം ഏതിനോടെങ്കിലുമുള്ള സംഗമാണെന്നൽപ്പം പരിശോധിച്ചാൽ കണ്ടെത്താൻ കഴിയും. അപ്പോൾ ഒരാൾ ലോകരംഗത്ത് എങ്ങനെ വർത്തിക്കുന്നു എന്നുള്ളതല്ല പ്രശ്നം. എങ്ങനെ വർത്തിച്ചാലും വിരോധമില്ല. ഉള്ളിൽ എന്റേതെന്ന സംഗമില്ലയോ ദുഃഖമോചനമെന്ന മോക്ഷം. പുറമേ കഠിനമായ തപസ്സിൽ കഴിഞ്ഞാൽപോലും എന്തിനോടെങ്കിലും സംഗമുണ്ടോ ദുഃഖം;

digitized by www.sreyas.in

ഇതാണു നിയമം. സംഗം വെടിയുന്ന മനസ്സിൽ ആത്മതത്ത്വം സ്വയം തെളിയും; അതോടെ ജഗത്തുമുഴുവൻ ബ്രഹ്മമയമാണെന്ന് അനുഭവിക്കാനും കഴിയും. നിസ്സംഗത്വം നിർമോഹത്വത്തിലേക്കും നിർമോഹത്വം നിശ്ചലതത്ത്വത്തിലേക്കും നയിക്കുമെന്നാണല്ലോ പ്രസിദ്ധി. പ്രപഞ്ചവൃക്ഷത്തെ പാടെ മുറിച്ചുതള്ളാൻ കഴിയുന്ന മൂർച്ചയേറിയ ആയുധമാണു ദൃഢമായ നിസ്സംഗത്വം. ജഡപ്രപഞ്ചം മുറിച്ചു തള്ളപ്പെട്ടാൽ ബോധതത്ത്വം അവശേഷിക്കും. അതുതന്നെയാണു ബ്രഹ്മം. ഉള്ളിൽ സംഗമില്ലാത്ത ജീവന്റെ എല്ലാ പെരുമാറ്റങ്ങളും സൗമ്യഭാവം നിറഞ്ഞതായിരിക്കും. അദ്ദേഹം പുറമേ കർമ്മം ചെയ്യട്ടെ ചെയ്യാതിരിക്കട്ടെ; ഒരിടത്തും കർത്താവെന്നോ ഭോക്താവെന്നോ അഭിമാനിക്കുന്നില്ല.

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'ഭഗവൻ, എന്താണു സംഗം, ഏതു തരം സംഗമാണു ബന്ധത്തിനു കാരണമായിത്തീരുന്നത്? മോക്ഷത്തിനു പകരിക്കുന്നത് ഏതുതരം സംഗമാണ്? സംഗരോഗത്തെ എങ്ങനെ ചികിത്സിച്ചു മാറ്റാൻ കഴിയും?' വസിഷ്ഠൻ പറഞ്ഞു: 'സംഗലക്ഷണം പറയാം.

203. ദേഹദേഹിവിഭാഗൈകപരിത്യാഗേനഭാവനാത്
ദേഹമാത്രേതുവിശ്വാസഃസംഗോബന്ധാർഹഉച്യതേ.

ജഡമായ ദേഹം, ബോധമായ ആത്മാവ് എന്നിവയെ വേർതിരിച്ചറിയാൻ ശ്രമിക്കുന്നതേയില്ല. ഈ വേർതിരിവുപേക്ഷിച്ചാൽ പിന്നെ ജഡം സത്യമാണെന്ന ഭാവനയ്ക്കുറപ്പുവരുന്നു. അങ്ങനെ താൻ ദേഹമാണെന്ന് ഉറപ്പായി വിശ്വസിക്കുന്നു. അതോടെ ദേഹം നഷ്ടമാകരുതെന്നും അതു കേടുകൂടാതെ സ്ഥിതിചെയ്യണമെന്നും ആഗ്രഹിക്കുന്നു. ദേഹത്തിലുള്ള ഈ മമതാബന്ധമാണു സംഗം. ഇതു കടുത്തബന്ധവും ദുഃഖവുമുണ്ടാക്കും. അനന്തമായ ആത്മതത്ത്വത്തെ ദേഹത്തിലൊതുക്കിനിറുത്തി ദേഹമാണു സത്യമെന്നു കരുതിയാൽ അതോടെ സുഖത്തിനായി ജഡവിഷയങ്ങളിൽ ആശ വർദ്ധിക്കും. ഈ വിഷയാശയാണു സംഗം. ഇതു കടുത്ത ബന്ധത്തെയും ദുഃഖത്തെയും ഉളവാക്കും.

204. സർവമാത്മേദമഖിലംകിം ഗൃഹ്ണാമി ത്യജാമികിം
ഇത്യസംഗ സ്ഥിതിം വിദ്ധി ജീവമുക്തിത്വമുത്ഥിതം

ഇക്കാണുന്നതൊക്കെ ആത്മാവുതന്നെ. എന്തു സ്വീകരിക്കാൻ; എന്തുപേക്ഷിക്കാൻ? ഈ മനോഭാവമാണു നിസ്സംഗത്വം. ഇതിൽ ഉറപ്പു വന്നയാൾ ജീവന്മുക്തൻ. പ്രത്യേകം പ്രത്യേകം ഞാനുമില്ല; മറ്റൊന്നുമില്ല. ലൗകിക സുഖങ്ങൾ വരട്ടെ, വരാതിരിക്കട്ടെ. ഇങ്ങനെയുള്ള നിസ്സംഗത്വം ആർക്കുള്ളിലുറപ്പുണ്ടോ അദ്ദേഹം മുക്തി അനുഭവിക്കുന്നു. കർമം ചെയ്യാതിരിക്കുന്നതിൽ അദ്ദേഹത്തിനു താൽപ്പര്യമില്ല; കർമം ചെയ്യുന്നതിലും നിർബന്ധമില്ല. കർമം ചെയ്താലുമില്ലെങ്കിലും ഫലേച്ഛയില്ല. ഇതാണ് അസംസക്തി.

205. സർവകർമഫലാദീനാം മനസൈവ ന കർമണാ
നിപുണോ യഃ പരിത്യാഗഃ സോഽസംസക്ത ഇതിസ്മൃതഃ

സർവകർമഫലാദീനാം-എല്ലാ കർമങ്ങളെയും ഫലങ്ങളെയും; മനസാന കർമണാ-മനസ്സുകൊണ്ട്, കർമംകൊണ്ടല്ല; നിപുണഃയഃപരിത്യാഗഃ-സമർഥമായി പരിത്യജിക്കുന്നതാണ്; സഃ അസംസക്തഃ ഇതിസ്മൃതഃ-അസംസക്തിയെന്നു നിർണയിക്കപ്പെട്ടിട്ടുള്ളത്.

digitized by www.sreyas.in

എല്ലാ കർമങ്ങളെയും ഫലങ്ങളെയും മനസ്സുകൊണ്ട്, കർമംകൊണ്ടല്ല സമർഥമായി പരിത്യജിക്കുന്നതാണ് അസംസക്തിയെന്നു നിർണയിക്കപ്പെട്ടിട്ടുള്ളത്.

## നിപുണോയഃപരിത്യാഗഃ

ദേഹംകൊണ്ടു രാപകൽ കർമം ചെയ്താലും മനസ്സുകൊണ്ട് എല്ലാ കർമങ്ങളും കർമഫലങ്ങളും ഉപേക്ഷിക്കുക. ഇതാണു നിപുണമായ ത്യാഗം. ഇതെങ്ങനെ സാദ്ധ്യമാകും? ദേഹദേഹികളെ വ്യക്തമായി വേർതിരിച്ചനുഭവിക്കുന്നയാൾക്കു മാത്രമേ ഇതു സാദ്ധ്യമാവൂ. ആത്മസാക്ഷാത്കാരത്തിനു ശ്രമിച്ചു കൊണ്ടിരിക്കുന്നയാളിന് ഇതു സാധനയായി അനുഷ്ഠിക്കാം. ആത്മാനുഭവം നേടിയയാൾക്ക് ഈ ത്യാഗം സ്വഭാവമായി വർത്തിക്കുന്നു. ദേഹം കർമമയമാണ്; കർമത്തിന്റെ നിഴൽ പോലുമില്ലാത്ത നിശ്ചലബോധമാണ് ആത്മാവ്. കർമത്തിലുണ്ടായി കർമത്തിൽ നിലനിന്നു കർമത്തിൽ മറയുന്നതാണ് ജഡദേഹം. സ്പന്ദനമാണു കർമത്തിന്റെ സൂക്ഷ്മരൂപം. ഈ കർമത്തിന്റെ തുടക്കം അഥവാ അധിഷ്ഠാനം കണ്ടെത്തുന്നതാണു സത്യസാക്ഷാത്കാരം. കർമത്തിന്റെ അധിഷ്ഠാനം അഥവാ തുടക്കം കർമസ്പർശമില്ലാത്ത വസ്തുവായിരുന്നേപറ്റൂ. അതാണ് നിശ്ചലബോധം. നിശ്ചലബോധത്തിലെ ഒരസത്പ്രതിഭാസമാണ് ഉണ്ടായി മറയുന്നതായി തോന്നുന്ന സ്പന്ദനാത്മകമായ കർമം. അപ്പോൾ ജഡബോധങ്ങളുടെ കലർപ്പായ ജീവൻ താൻ ദേഹമാണെന്നു കരുതുന്നിടത്തോളം കർമബന്ധം ഒഴിഞ്ഞു കിട്ടുകയേ ഇല്ല. താൻ ആനന്ദഘനമായ നിശ്ചലബോധമാണെന്നു യുക്തികൊണ്ടും അനുഭവം കൊണ്ടും അറിയുന്ന നിമിഷം കർമബന്ധം ഒഴിഞ്ഞുപോവുകയും ചെയ്യും. ഈ അറിവ് അനുഭവമാക്കിയ ജീവന്മുക്തന്റെ ദേഹം കർമരംഗത്ത് എങ്ങനെയൊക്കെ ഇളകിമറിഞ്ഞാലും കർമങ്ങളും കർമഫലങ്ങളും അദ്ദേഹത്തെ ബാധിക്കുകയില്ലെന്നു തീർച്ചയാണല്ലോ. ഇതാണു നിപുണമായ കർമപരിത്യാഗം. ഇതുതന്നെയാണു ദൃഢമായ നിസ്സംഗത്വം. ഇതുതന്നെയാണു മോക്ഷം അഥവാ നൈഷ്കർമ്യസിദ്ധി, നൈഷ്കർമ്യമാണ് ബ്രഹ്മം.

വസിഷ്ഠൻ തുടർന്നു: 'നാനാതരത്തിൽ ഇളകിമറിയുന്ന കർമരോഗങ്ങളെല്ലാം അസംസംഗമെന്ന മരുന്നുകൊണ്ടു ചികിത്സിച്ചു മാറ്റാവുന്നവയേയുള്ളൂ. രാമാ, അതോടെ ശ്രേയോരൂപമായ മോക്ഷം അടുത്തെത്തുകയും ചെയ്യും. നേരേമറിച്ചു സംസക്തിനിമിത്തം ജീവന്മാർ സംസാരചക്രത്തിൽ ജനിച്ചും മരിച്ചും കൃമികീടങ്ങൾവരെ ആയിത്തീരാനിടവരുന്നു. നദിയിൽ കല്ലോലങ്ങളെന്നപോലെ എണ്ണമറ്റ ജീവജാലങ്ങളല്ലേ സംസക്തി നിമിത്തം ഉണ്ടായിമറഞ്ഞു വീണ്ടും വീണ്ടും ഉണ്ടായി മറയുന്നത്.

206. സംസക്തിർ ദ്വിവിധാ പ്രോക്താ വന്ധ്യാ വന്ദ്യാ ച രാഘവ
വന്ധ്യാ സർവത്ര മൂഢാനാം വന്ദ്യാ തത്ത്വവിദാം നിജാ.

അല്ലയോ രാമാ, സംസക്തി വന്ധ്യയെന്നും വന്ദ്യയെന്നും രണ്ടു വിധമുണ്ട്. വിഷയമോഹികളായ മൂഢന്മാരുടെ സംസക്തിയാണു വന്ധ്യ അഥവാ നിഷ്പ്രയോജന. ആത്മദർശനം നേടിയ തത്ത്വവേദികളുടെ സംസക്തിയാണു വന്ദ്യ അഥവാ മോക്ഷദായിനി. ദേഹാദിജഡ വസ്തുക്കളിലുള്ള പറ്റിപ്പിടിക്കലാണു വന്ധ്യയായ സംസക്തി. ഒടുവിൽ അതെല്ലാം നഷ്ടപ്പെടുത്തുന്നു. അവിടെ ആത്മബോധത്തിന്റെ നിഴൽ പോലുമില്ല. അതു വീണ്ടും വീണ്ടും

digitized by www.sreyas.in

സംസാരചക്രത്തെ തിരിച്ചു കൊണ്ടേയിരിക്കുന്നു. ആത്മബോധവും വിവേകവും കൊണ്ടു സത്യത്തിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന സംസക്തിയാണു വന്ദ്യ. അതു സംസാരചക്രത്തിന്റെ തിരിച്ചിൽ അവസാനിപ്പിക്കുന്നു. ശംഖം, ചക്രം, ഗദ, പങ്കജം എന്നിവ ധരിച്ച വിഷ്ണുദേഹം പലതും ചിന്തിച്ചുറച്ച് വന്ദ്യ സംസക്തിയെ അവലംബിച്ചുകൊണ്ട് ഈ ജഗത്തിനെ സദാ പരിപാലിച്ചു പോരുന്നു. സത്യമറിഞ്ഞ സിദ്ധന്മാർ ലോകപാലകന്മാർ തുടങ്ങിയവരെല്ലാം തന്നെ വന്ദ്യസംസക്തിയെ ആശ്രയിച്ചു കൊണ്ടാണ് ഇവിടെ ലോകസംഗ്രഹത്തിനായി ജീവിതമർപ്പിക്കുന്നത്: നേരേമറിച്ച്;

207. മനഃ പതതി ഭോഗേഷു ഗൃധ്രോ മാംസലവേഷ്വിവ
വന്ധ്യസംസക്തിവശതോ വ്യർഥയാ രമ്യശങ്കയാ.

വന്ധ്യ സംസക്തി ഹേതുവായി മനസ്സ് കഴുകൻ മാംസക്കഷണത്തിലെന്ന പോലെ ജഡഭോഗസാമഗ്രികളിൽ പറ്റിക്കൂടുന്നു. അവിടെ ജീർണിച്ചു നശിക്കുന്ന ജഡങ്ങളൊക്കെ സുന്ദരങ്ങളാണെന്നും സുഖദായകങ്ങളാണെന്നുമാണു മനസ്സിന്റെ ഭ്രമം. ഈ വന്ധ്യ സംസക്തിയെ ആശ്രയിക്കുന്നവരുടെ രമ്യങ്ങളായ അന്തഃപുരങ്ങളാണ് രൗരവം, അവീചി, കാലസൂത്രം തുടങ്ങി പ്രസിദ്ധങ്ങളായ ഘോരനരകങ്ങൾ. വന്ധ്യാസക്തിയിൽപെടുന്ന കൂട്ടരെ നരകാഗ്നി ജ്വാല ഉണക്ക വിറകിനെ തീയെന്ന പോലെ എരിച്ചു ചാമ്പലാക്കുന്നു എന്നറിയേണ്ടതാണ്. ആത്മവിദ്യാ ദൃഷ്ടി ഉദയം ചെയ്തു. അവിദ്യ ക്ഷയിച്ചു, സംസക്തി തീരെ വിട്ടുപോയി; ഈ വിധമുള്ള ചിത്തം ആർക്കും മോക്ഷസുഖത്തെ പ്രദാനം ചെയ്യുന്നു. രാമാ, ഒരാൾ ആരോടും ഇടപെട്ടു കഴിയട്ടെ, ഇരിക്കുകയോ നിൽക്കുകയോ കിടക്കുകയോ ചെയ്യട്ടെ, ഏതു കർമവും അനുഷ്ഠിക്കട്ടെ അയാൾക്കു സത്യബുദ്ധി തെളിഞ്ഞിട്ടുണ്ടോ എങ്കിൽ ഒന്നും ഭയപ്പെടാനില്ല. അയാൾ കർമങ്ങളിലോ ചിന്തകളിലോ പദാർഥങ്ങളിലോ സംഗബദ്ധനായിത്തീരുന്നില്ല. രാമാ, മനസ്സിനെ ബോധസത്യത്തിലല്ലാതെ മറ്റൊരിടത്തും പറ്റി നിൽക്കാൻ അനുവദിക്കരുത്. ആകാശത്തിൽ, താഴെ, മുകളിൽ, വിസ്താരമേറിയ ദിഗന്തങ്ങളിൽ, പുറത്തുള്ള അസംഖ്യം സുഖ സാമഗ്രികളിൽ, ഇന്ദ്രിയ പ്രവർത്തനങ്ങളിൽ, ഉള്ളിൽ, പ്രാണനിൽ, ശിരസ്സിൽ, അണ്ണാക്കിൽ, ഭ്രൂമധ്യത്തിൽ, നാസികാഗ്രത്തിൽ, മുഖത്തിൽ, കൃഷ്ണമണിയിൽ, ഇരുട്ടിൽ, നിഴലിൽ, ഹൃദയാകാശത്തിൽ, ജാഗ്രത്തിൽ, സ്വപ്നത്തിൽ, സുഖാവഹമായ സുഷുപ്തിയിൽ, കറുപ്പ്, മഞ്ഞ, ചുവപ്പ്, ശബളം തുടങ്ങിയ നിറങ്ങളിൽ, ചലനത്തിൽ, സ്ഥിരത്തിൽ, ആദിയിൽ, മധ്യത്തിൽ, അന്തത്തിൽ, ദൂരത്തിൽ, സമീപത്തിൽ, മുൻപിൽ, പിൻപിൽ, കാഴ്ചയിൽ, സങ്കൽപ്പത്തിൽ, ശബ്ദസ്പർശരൂപരസഗന്ധങ്ങളിൽ, മോഹമദചിന്തകളിൽ, വന്നും പോയുമിരിക്കുന്ന കാര്യങ്ങളിൽ, കാല പരിവർത്തനങ്ങളിൽ ഇങ്ങനെ ഒന്നിലും മനസ്സിനെ പറ്റി നിൽക്കാനനുവദിക്കരുത്. പിന്നെയോ

208. കേവലം ചിതിവിശ്രമ്യ കിഞ്ചിച്ചേത്യാവലംബ്യപി
സർവത്ര നീരസമിവ തിഷ്ഠാത്വാത്മരസംമനഃ

കേവലം ചിതി വിശ്രമ്യ-ബോധരൂപമായ സത്യത്തിൽ മാത്രം ഉറപ്പിച്ചു നിറുത്തിക്കൊണ്ട്; കിംചിത് ചേത്യാവലംബി അപി-ലോകകാര്യങ്ങൾ നിർവഹിക്കാനായി കുറെയൊക്കെ വറുത്ത വിത്തുപോലെ സങ്കൽപ്പങ്ങൾ പുലർത്തിക്കൊണ്ടായാലും; ആത്മരസംമനഃ-ഉള്ളിൽ ആത്മസുഖം അനു

digitized by www.sreyas.in

ഭവിക്കുന്ന മനസ്സ്; സർവത്ര നീരസം ഇവ തിഷ്ഠതു-പുറമേ ഒന്നിലും പറ്റിപ്പിടിക്കാതെ നിൽക്കാൻ ഇടവരട്ടെ.

ബോധരൂപമായ സത്യത്തിൽ മാത്രം ഉറപ്പിച്ചു നിറുത്തിക്കൊണ്ട് ലോക കാര്യങ്ങൾ നിർവഹിക്കാനായി കുറെയൊക്കെ വറുത്ത വിത്തുപോലെ സങ്കൽപ്പങ്ങൾ പുലർത്തിക്കൊണ്ടായാലും ഉള്ളിൽ ആത്മസുഖം അനുഭവിക്കുന്ന മനസ്സു പുറമേ ഒന്നിലും പറ്റിക്കൂടാതെ നിൽക്കാൻ ഇടവരട്ടെ.

### കേവലം ചിതി വിശ്രമ്യ

ജീവിതം ശാന്തവും സുഖപ്രദവുമാക്കിത്തീർക്കാൻ അത്യന്തം എളുപ്പമാണ്. സത്യത്തെ ദൃഢമായി ആശ്രയിക്കുക; അസത്യത്തെ നിസ്സംഗഭാവത്തോടെ കൈകാര്യം ചെയ്യുക. സത്യം എന്നും സത്യവും സ്ഥിരവുമാണ്; അസത്യം എന്നും അസത്യവും ചഞ്ചലവുമാണ്. രണ്ടിന്റെയും സ്വരൂപങ്ങൾക്ക് ഒരിക്കലും മാറ്റം സംഭവിക്കുകയുമില്ല. സത്യം ശുദ്ധബോധം; അസത്യം മാറി മറിയുന്ന ജഡം. അപ്പോൾ ആദ്യം ബോധരൂപമായ സത്യത്തിൽ മനസ്സിനെ ഉറപ്പിച്ചു നിറുത്തുക. എങ്ങനെയാണുറപ്പിച്ചു നിറുത്തുക? കാണുന്നതൊക്കെ ബോധസത്യം തന്നെയാണെന്നു മനസ്സിനെ ആവർത്തിച്ചോർമിപ്പിക്കുക. ജഡവും ബോധമാണോ? അതെ; ബോധസത്യത്തിലെ ഭ്രമദൃശ്യമല്ലേ ജഡം. തല്ക്കാലം ഭിന്നമെന്നു തോന്നിയാലും ഏതു ഭ്രമദൃശ്യവും അന്തിമവിശകലനത്തിൽ അധിഷ്ഠാനസത്യം തന്നെയാണ്. മരുഭൂമിയിലെ കാനൽ ജലം തല്ക്കാലം ജലമായി തോന്നിയാലും യഥാർഥത്തിൽ മരുഭൂമി തന്നെയാണെന്ന കാര്യത്തിൽ സംശയിക്കാനില്ലല്ലോ. ഏതു ഭ്രമദൃശ്യമായാലും കഥയിതു തന്നെ. അപ്പോൾ ബോധത്തിലെ ജഡഭ്രമം യഥാർഥത്തിൽ ബോധം തന്നെയാണ്. അപ്പോൾ സത്യമറിയുന്നയാൾ സർവത്ര മനസാബോധത്തെത്തന്നെ സമാശ്രയിക്കുന്നു. അസത്യനിഷ്ഠമായ ലോകവ്യവഹാരം അദ്ദേഹത്തിനു വെറുമൊരഭിനയം. അഭിനയത്തിനു വേണ്ടി ചില സങ്കൽപ്പങ്ങളൊക്കെ പുലർത്തിയെന്നു വരാം. അവയൊക്കെ ഒരു നടന്റെ കഥാപാത്ര സങ്കൽപ്പങ്ങൾ പോലെ. കഥാപാത്ര സങ്കൽപ്പങ്ങളിൽ പോലും നടനല്ലാതെ മറ്റൊന്നുമില്ലെന്നു സ്പഷ്ടമല്ലേ. ഭംഗിയായി ഒരു കേടുപാടും കൂടാതെ അഭിനയിക്കുകയും ചെയ്യാം. ഒരു സത്യദർശിയും ഇതുപോലെ ജീവിക്കുന്നു. താൻ അനുഭവിക്കുന്ന ആത്മസുഖത്തിന് ഒരു കേടുപാടുമില്ലെന്നദ്ദേഹം നല്ലപോലെ അറിയുന്നു. അതേയവസരത്തിൽ ലോകകാര്യങ്ങൾ ഒരു വ്യാകുലതയും കൂടാതെ നല്ലപോലെ അഭിനയിക്കുകയും ചെയ്യുന്നു.

വസിഷ്ഠൻ തുടർന്നു; 'രാമാ, ഈ സത്യബോധവും നിസ്സംഗത്വവും വന്നാൽ ജീവൻ ജീവത്വം വിട്ടു ബ്രഹ്മത്വം പ്രാപിക്കുന്നു. പിന്നെ ഈ ലോകവ്യവഹാരം നടന്നാലും നടന്നില്ലെങ്കിലും അദ്ദേഹത്തിനൊരുപോലെയാണ്.' ആത്മാനന്ദം അനുഭവിക്കുന്ന ജീവൻ കർമം ചെയ്താലും ചെയ്തില്ലെങ്കിലും ഒരു കർമഫലവുമായും ബന്ധപ്പെടുന്നതേയില്ല; മേഘപടലത്തിന്റെ സാന്നിദ്ധ്യത്തിലും ആകാശം അതുകൊണ്ടു കളങ്കപ്പെടാതിരിക്കുന്നതുപോലെ. അല്ലെങ്കിൽ തല്കാല കർമങ്ങൾക്കുവേണ്ടിയുള്ള ആ അൽപ്പ സങ്കൽപ്പങ്ങളും ഉപേക്ഷിച്ചു ജീവൻ ശുദ്ധബോധ സ്വരൂപനായി തിളങ്ങുന്ന രത്നം പോലെ ശാന്തനായി നിലകൊള്ളട്ടെ.

digitized by www.sreyas.in

209. ആത്മാരാമാ മഹാത്മാനഃ പ്രബുദ്ധാഃ പരമോദയാഃ
ബഹിഃ പിച്ഛാഗ്രതരളാ അന്തർമേരുരിവാചലാഃ

ആത്മാവിൽ തന്നെ ആനന്ദം കണ്ടെത്തി രമിക്കുന്ന മഹാത്മാക്കൾ ഉണർന്നു പരമസത്യം കണ്ടെത്തിയ പുണ്യശാലികളാണ്. അവർ പുറമേ കർമരംഗത്തു മയിൽപീലിപോലെ ചലിച്ചാലും ഉള്ളിൽ മേരുപർവതം പോലെ നിശ്ചലരാണ്. മനസ്സടങ്ങിയ മഹത്തുക്കളുടെയുള്ളിൽ സങ്കൽപ്പരഹിതമായ ഏതനുഭവമാണോ ഉള്ളത് അതുതന്നെയാണ് ആത്മാനുഭവം. സൃഷ്ടിയില്ലാത്ത ഉണർവിലെ ഉറക്കമായി അതിനെ കരുതാം. ഈ സുഷുപ്ത്യനുഭവം തന്നെ, അല്ലയോ രാമാ, അഭ്യാസംകൊണ്ടു പ്രൗഢത കൈവരിച്ചാൽ തുരീയാനുഭവമായി കരുതപ്പെടുന്നു. തത്ത്വദർശികൾ ഇക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. ഒരിക്കലും ഒരഴിവുമില്ലാത്ത ഈ തുരീയാനുഭവത്തിൽ ഉറപ്പുവന്നാൽ സംശുദ്ധമായ ആനന്ദം അനുഭവിച്ചനുഭവിച്ച് ആനന്ദം തന്നെയായി മാറുന്ന അനാനന്ദാനുഭവസ്ഥിതി വന്നുചേരും. അംശകളങ്കം ലേശവും ബാധിക്കാത്ത അനാനന്ദ മഹാനന്ദാനുഭവത്തിലെത്തുന്നതു തന്നെയാണു വിദേഹമുക്തി. ദേഹമുള്ളപ്പോൾപ്പോലും ഈ അനുഭവാവസ്ഥ സാധ്യമാണ്. ഇതുതന്നെയാണു തുരീയാതീതസ്ഥിതി. ജന്മപാശമെല്ലാം പൊട്ടിയകന്നു; അജ്ഞതയാകുന്ന കൂരിരുട്ടിലെ അഭിമാനമെല്ലാം വിട്ടുപോയി; ആനന്ദാമൃതം നിറഞ്ഞുകവിയുന്ന ഒരുണ്മ, അതിൽ സമുദ്രത്തിൽ അലിഞ്ഞുചേർന്ന ഉപ്പുപാവപോലെ മഹാത്മാവായ മുക്തപുരുഷൻ മഗ്നനായി വിളങ്ങുന്നു.

രാമാ, കാഴ്ചയെന്ന ദൃശ്യഭാവം അംഗീകരിക്കുന്നതാണ് ജഡഭാവം. കാഴ്ചക്കാരനെന്ന ദ്രഷ്ടാവിന്റെ ഭാവം അംഗീകരിക്കുന്നതാണ് അജഡഭാവം. ഈ രണ്ടുഭാവത്തിനുമിടയ്ക്ക് രണ്ടിനും കാരണമായി വർത്തിക്കുന്ന ശുദ്ധബോധമാണ് പാരമാർഥിക സത്യം. ഈ സത്യത്തെയാണ് ബ്രഹ്മമായി ബൃഹദാരണ്യകം തുടങ്ങിയ ഉപനിഷത്തുകളെല്ലാം വിവരിക്കുന്നത്. ദൃശ്യവും ദർശനവും കൂടിച്ചേരുമ്പോഴുണ്ടാകുന്ന സുഖാനുഭവത്തിൽ ദൃശ്യദർശനങ്ങളകലുമ്പോൾ ബാക്കിനിൽക്കുന്ന ശുദ്ധസുഖമാണ് പരമാർഥസുഖം. അതുതന്നെയാണ് ബ്രഹ്മം. ദൃശ്യദർശനങ്ങളകന്നാൽ സുഖാനുഭവവും മറഞ്ഞുപോവുകില്ലേ എന്ന് ചിലർക്ക് സംശയം വരാം. ദൃശ്യദർശനഭേദം സംഭവിച്ചതെവിടെയാണ്. അനുഭവത്തിലാണ്. അനുഭവമില്ലെന്നുവന്നാൽ ദൃശ്യവുമില്ല. ദർശനവുമില്ല. അപ്പോൾ ദൃശ്യമെന്നും ദർശനമെന്നും രണ്ടായി വേർതിരിയുന്നതിനുമുമ്പുതന്നെ അനുഭവം ഉണ്ടായിരുന്നേപറ്റൂ. അതാണ് ശുദ്ധഅനുഭവം; അതുന്നെയാണ് ശുദ്ധബോധം, അതുതന്നെയാണ് ശുദ്ധസുഖം; അതുതന്നെയാണ് ബ്രഹ്മം. സങ്കൽപ്പങ്ങളെന്ന ദർശനങ്ങളെ അകറ്റിയാൽ ആരും ഈ ശുദ്ധസുഖമായി മാറും. ദൃശ്യദർശനങ്ങൾ കൂടിച്ചേരുമ്പോൾ ശുദ്ധസുഖം ദൃശ്യത്തോട് കൂടിയതായിത്തീരുന്നു; ഇതാണ് ബന്ധം. ദൃശ്യം വിട്ടുപോയാൽ അത് മുക്തമായിത്തീരുന്നു; ഇതുതന്നെയാണ് മോക്ഷം. ദൃശ്യദർശനങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന അനുഭവത്തിൽനിന്നും ദൃശ്യത്തെ അകറ്റിയിട്ട് അല്ലയോ രാമാ, നീ ശുദ്ധ അനുഭവമായി മാറിനിൽക്കൂ. അവിടെ പിന്നെ ദുഃഖത്തിന്റെ കണികപോലുമുണ്ടാവില്ല. ഇതുതന്നെയാണ് ഉണർന്നിരിക്കുന്ന ഉറക്കം. ഇവിടെയെത്തിയാൽ തുരീയാനുഭവം. ഇവിടെ ആത്മാവ് സ്ഥൂലമല്ല, സൂക്ഷ്മമല്ല, പ്രത്യക്ഷമല്ല, അപ്രത്യക്ഷവുമല്ല. ചേതനമല്ല, ജഡ

digitized by www.sreyas.in

മല്ല, ഉണ്മയല്ല, ഇല്ലായ്മ അല്ല. ഞാനല്ല, മറ്റൊന്നല്ല, ഒന്നല്ല, പലതല്ല. ഇത്തരം സങ്കൽപ്പങ്ങളെല്ലാം മനസ്സിന്റെ സാപേക്ഷസങ്കൽപ്പങ്ങളാണ്. നിരപേക്ഷമായ അദ്വയസത്യത്തിൽ ഇത്തരം സങ്കൽപ്പങ്ങൾക്കൊന്നും പ്രസക്തിയില്ല. ഈ നിരപേക്ഷ സത്യമാണ് മനസ്സുൾപ്പെടെയുള്ള ആറിന്ദ്രിയങ്ങൾക്കും ആശ്രയമായ ദൃശ്യഭ്രമത്തിന്റെ അധിഷ്ഠാനം. അധിഷ്ഠാനം ഭ്രമങ്ങൾക്കൊക്കെ അപ്പുറമായതുകൊണ്ട് ഭ്രമത്തിനകത്ത് നിന്നുകൊണ്ടതിനെ വിവരിക്കാനേ സാധ്യമല്ല; അതിന്ന രൂപത്തിലുള്ളതാണെന്ന് പറയാനേവയ്യ. രാമാ, മോക്ഷം ആകാശത്തിലൊളിഞ്ഞിരിപ്പില്ല; പാതാളത്തിലോ ഭൂതലത്തിലോ ഒളിഞ്ഞിരിപ്പില്ല. ആശകളെല്ലാം പോയാൽ മനസ്സ് പോകും; അതുതന്നെയാണ് മോക്ഷം. മോക്ഷം പോലും വേണമെന്നുള്ള ആഗ്രഹം ഉദയം ചെയ്തോ മനസാവിർഭവിക്കും; തുടർന്ന് മോക്ഷോപായങ്ങളാലോചിക്കാൻ തുടങ്ങുന്നതോടെ മനസ്സ് പെരുകും; സംസാരബന്ധം ദൃഢപ്പെടുകയും ചെയ്യും.

210. ആത്മന്യതീതേ സർവസ്മാത് സർവരൂപേഽഥവാതതേ
കോബന്ധഃകശ്ചവാമോക്ഷോ നിർമൂലം മനനം കുരു

സർവസ്മാത് അതീതേ-എല്ലാ ജഡദൃശ്യങ്ങളേയും കടന്നു നിൽക്കുന്നതും; അഥവാ സർവരൂപേ-അല്ലെങ്കിൽ എല്ലാമായി സ്ഥിതിചെയ്യുന്നതും; തതേ-സർവവ്യാപിയുമായ; ആത്മനി-ബോധസത്യത്തിൽ; കഃബന്ധഃ-എന്തുബന്ധം സംഭവിക്കാനാണ്? കഃവാചമോക്ഷഃ-മോക്ഷവും എന്തുസംഭവിക്കാനാണ്? നിർമൂലം മനനംകുരു-മനനംപാടേ ഒഴിച്ചുമാറ്റാൻ മനനം ചെയ്യൂ.

എല്ലാ ജഡദൃശ്യങ്ങളേയും കടന്ന് നിൽക്കുന്നതും അല്ലെങ്കിൽ എല്ലാമായി സ്ഥിതിചെയ്യുന്നതും സർവവ്യാപിയുമായ ആത്മാവിൽ എന്തു ബന്ധം സംഭവിക്കാനാണ്? മോക്ഷവും എന്തുസംഭവിക്കാനാണ്? മനനം പാടേ ഒഴിച്ചുമാറ്റാൻ മനനം ചെയ്യൂ.

### നിർമൂലം മനനം കുരു

ശുദ്ധബോധസ്വരൂപമായ ബ്രഹ്മമാണ് ആത്മാവ്. അതെല്ലാജഡദൃശ്യങ്ങൾക്കും അപ്പുറം ദൃശ്യങ്ങളുടെ പരമകാരണമായിവർത്തിക്കുന്നു. പരമകാരണമായതുകൊണ്ട് അതിലുണ്ടെന്നുതോന്നുന്ന ദൃശ്യഭ്രമങ്ങളെല്ലാം അതുതന്നെയാണ്. അക്കാരണത്താൽ അതു സർവവ്യാപിയുമാണ്. അങ്ങനെയുള്ള പരമകാരണത്തിൽ യഥാർഥമായ ബന്ധമോക്ഷങ്ങളുടെ പ്രശ്നമേയുദിക്കുന്നില്ല. അപ്പോൾ ബന്ധമോക്ഷങ്ങളെന്താണ്? മനസ്സിന്റെ വെറും ഭ്രമസങ്കൽപ്പങ്ങൾ. ഇതാർക്കാണ്? ഭ്രമരൂപമായ മനസ്സിനു തന്നെ. ഇതിനുള്ള പോംവഴിയോ? ഭ്രമരൂപമായ മനസ്സ് സ്വയം ശമിക്കണം. ആരാണ് ശമിപ്പിക്കേണ്ടത്? മനസ്സുതന്നെ മനനം ചെയ്തു മനസ്സിനെ ശമിപ്പിക്കണം. മനനം അഥവാ വിചാരം മനസ്സിനെ വളർത്താനാവരുത്; ശമിപ്പിക്കാനായിരിക്കണം എന്നു താൽപ്പര്യം. മനനംകൊണ്ടു മനനം ശമിക്കണം. ഇതാണു നിർമൂലമനനം. മുള്ളുകൊണ്ടു മുള്ളെടുക്കണം. അഴുക്കുകൊണ്ട് അഴുക്കെടുക്കണം. മനനാദിസാധനാനുഷ്ഠാനങ്ങൾ കർമ്മങ്ങളാണ്. കർമസ്പർശമില്ലാത്ത സത്യത്തിന്റെ സ്വരൂപവുമായി അവയ്ക്കു നേരിട്ടൊരു ബന്ധവുമില്ല. കർമരൂപങ്ങളായ അനുഷ്ഠാനങ്ങൾകൊണ്ടു കർമം ശമിച്ചുകിട്ടണം. അപ്പോൾ കർമരഹിതമായ സത്യം സ്വയം തെളിയും; ഇതാണ് നിയമം. സത്യത്തോട

digitized by www.sreyas.in

ടുപ്പിക്കുന്ന കർമം വിദ്യ; സത്യത്തിൽ നിന്നും അകറ്റുന്ന കർമം അവിദ്യ. സത്യത്തിലെത്തിയാൽ കർമമെല്ലാം അവിദ്യ. വിദ്യാമാർഗത്തിൽ പൂർണ സത്യം തെളിയുന്നതിനുമുൻപ് എവിടെയെങ്കിലും രമിച്ചുപോയാൽ അതവിദ്യയുടെ കൂരിരിട്ടിൽ അകപ്പെടുന്നതിനെക്കാൾ ദോഷം ചെയ്യുമെന്ന് ഈശാവാസ്യോപനിഷത്തു പ്രഖ്യാപിക്കുന്നു. സത്യത്തിലെത്തുന്നതുവരെയുള്ള കർമമാർഗത്തെ വിദ്യയെന്നും അവിദ്യയെന്നും വേർതിരിക്കുന്നത് വസ്തുവിന്റെ അടുപ്പവും അകലവും അനുസരിച്ചുള്ള തൽക്കാല ഭേദങ്ങളാണെന്ന് താൽപ്പര്യം. അതുകൊണ്ടാണ് 'നിർമൂലം മനനംകുരു' എന്ന് പ്രഖ്യാപിച്ചിരിക്കുന്നത്.

വസിഷ്ഠൻ തുടർന്നു: 'പൂർണസത്യാനുഭവത്തിലെത്തിയാൽ പിന്നെ ആത്മതത്വം മാത്രമേ ബാക്കിയുള്ളൂ. മനസ്സ് സത്യാനുഭവം കൊണ്ടു നിറഞ്ഞു പൂർണശാന്തിയിലെത്തി വിരാജിക്കുന്നു. കാമാദികളങ്കങ്ങൾ പൂർണമായും തുടച്ചുമാറ്റപ്പെട്ടിരിക്കുന്നു. ആത്മാവിനു വന്നുചേർന്ന ബന്ധഭ്രമം അപ്പാടെ ഛേദിക്കപ്പെടുന്നു. രണ്ടിന്റെ ഭയം എന്നെന്നേയ്ക്കുമായി അസ്തമിക്കുന്നു സംസാരസമുദ്രം പൂർണമായും തരണം ചെയ്യപ്പെട്ടിരിക്കുന്നു. ഒരിക്കലും വിട്ടുപോകാത്ത ശാന്തി. ഇനി ഒന്നും കിട്ടാനില്ലാത്ത അന്തിമമായ ലാഭം. കർമം കൊണ്ടോ മനസ്സുകൊണ്ടോ വാക്കുകൊണ്ടോ ഇനിയൊരിക്കലും പിന്നോട്ടു പോകേണ്ട ആവശ്യമില്ലാത്ത സ്ഥാനത്തിലെത്തിച്ചേർന്നു എന്ന അനുഭവം. ആഗ്രഹിച്ചതൊക്കെ നേടിക്കഴിഞ്ഞ പ്രതീതി; ഇനി ഒന്നും ആഗ്രഹിക്കാനില്ലാത്ത അവസ്ഥ. രാമാ, ആപത്താകുന്ന കുറ്റിച്ചെടിയെ മുറിച്ചുമാറ്റുന്ന കൈക്കോടാലിയും, അങ്ങേയറ്റത്തെ നിർവൃതിസ്ഥാനവും, ശമമരത്തിലെ പൂങ്കുലയുമായ ആശാപരിത്യാഗത്തെ അംഗീകരിക്കൂ.

211. ഗോഃപദംപൃഥ്വീവീമേരുഃസ്ഥാണുരാശാഃസമുദ്ഗികാഃ
തൃണം ത്രിഭുവനം രാമ നൈരാശ്യാലംകൃതാകൃതേഃ

ആശാപരിത്യാഗം സാധിച്ചയാളിന് ഈ ഭൂമി ഒരു പശുവിൻ കുളമ്പടി പോലെ നിസ്സാരം; മേരുപർവതം ഒരു കൊച്ചു തൂണിനു തുല്യം; ദിക്കുകൾ വെറും ചെറിയ ചെപ്പുകൾ; മൂന്നുലോകവും ഒരു പുൽക്കൊടിപോലെ അസാരം. ജഡദേഹത്തിൽനിന്നും വേർപെടുത്തി ആനന്ദസ്വരൂപമായ ആത്മാവിനെ കണ്ടെത്തിയ ജ്ഞാനിക്ക് ദേഹം തുണ്ടുതുണ്ടുകളായി കഷണിക്കപ്പെട്ടാൽപോലും ഒന്നും നഷ്ടപ്പെട്ടിട്ടില്ല.

212. അനുഭൂതോഗുഡഃസ്വാദുരപി ദേഹവികർതനൈഃ
നശക്യതേ/ന്യഥാകർത്തും തത്ത്വാലോകസ്തഥാത്മനഃ

അനുഭൂതഃഗുഡഃസ്വാദുഃ-അനുഭവിച്ചുകഴിഞ്ഞ ശർക്കരയുടെ മധുരം; ദേഹവികർതനൈഃഅപി-ദേഹത്തെകഷണിക്കുകയോ എരിക്കുകയോ ചെയ്തതുകൊണ്ടൊന്നും, അന്യഥാകർത്തുംനശക്യതേ-മധുരമല്ലാതാക്കിത്തീർക്കാൻ പറ്റുകയില്ലല്ലോ; ആത്മനഃതത്ത്വാലോകഃതഥാ-ആത്മാവിനെ കണ്ടെത്തി ആനന്ദമനുഭവിക്കുന്നതും അതുപോലെയാണ്.

അനുഭവിച്ചുകഴിഞ്ഞ ശർക്കരയുടെ മധുരം ദേഹത്തെ കഷണിക്കുകയോ എരിക്കുകയോ ചെയ്യുന്നതുകൊണ്ടൊന്നും മധുരമല്ലാതാക്കിത്തീർക്കാൻ പറ്റുകയില്ലല്ലോ. ആത്മാവിനെ കണ്ടെത്തി ആനന്ദമനുഭവിക്കുന്നതും അതുപോലെയാണ്.

digitized by www.sreyas.in

**തത്ത്വാലോകസ്തഥാത്മനഃ**

ആത്മാവലോകനം അവ്യക്തമായ ഒരനുഭവമാണോ? അല്ലെന്നാണ് അനുഭവിച്ചവരുടെയൊക്കെ പ്രഖ്യാപനം. തൈരിൽ നിന്നു വെണ്ണ വേർതിരിക്കും പോലെയും കൊട്ടത്തേങ്ങയിൽ ചിരട്ടയും പരിപ്പും വേർതിരിയും പോലെയും ജഡദേഹവും ബോധാത്മാവും വ്യക്തമായി വേർതിരിഞ്ഞനുഭവിക്കുന്ന അനുഭവമാണ് ആത്മാനുഭവമെന്നത്രേ സത്യദർശികളുടെ പ്രഖ്യാപനം. തൽക്കാലം താൻ ദേഹമാണ് എന്ന അനുഭവം എത്രകണ്ടു ദൃഢമാണോ അതിനേക്കാൾ എത്രയോ ഇരട്ടി ദൃഢമായി താൻ ആത്മാവാണ് എന്ന അനുഭവം വേണ്ടപോലെ അന്വേഷിച്ചു ചെന്നാൽ ഒരു ഘട്ടത്തിൽ ഉണ്ടാകും. ആത്മാവിന്റെ സ്വരൂപം ഉള്ളിൽ തെളിയുന്നതോടെ അദ്വയാനന്ദ രൂപമാണെന്നതെന്നും തെളിയും.

ആത്മാനുഭവം ഇങ്ങനെ വേർതിരിയുന്നതാണെങ്കിൽ പിന്നെയൊരാത്മദർശിക്ക് ദേഹത്തിനെന്തുസംഭവിച്ചാലും എന്തു നഷ്ടമാണ് വരാനുള്ളത്. കൊട്ടത്തേങ്ങയിൽ പരിപ്പു വേർതിരിഞ്ഞശേഷം ചിരട്ട തുണ്ടുതുണ്ടായി കഷണിച്ചു കളഞ്ഞാലും പരിപ്പിനെന്താണു നഷ്ടം. ആത്മാനുഭവം നേടിയ ഒരു യോഗിക്ക് മരണത്തിലെ ദേഹവിയോഗം പോലും ഒരു പാമ്പു ചട്ടകഴറ്റി കളയുന്നതുപോലെ അനായാസവും സുഖപ്രദവുമാണെന്നാണ് ശാസ്ത്രനിശ്ചയം. ശർക്കരയുടെ മധുരം അനുഭവിച്ചറിഞ്ഞാൽ പിന്നെ എന്തു സംഭവിച്ചാലും അതു മധുരമായി തുടരും. അതുപോലെ ആത്മാനന്ദം ഒരിക്കൽ അനുഭവിച്ചറിഞ്ഞാൽ പിന്നെ പരിതഃസ്ഥിതി എങ്ങനെയൊക്കെ മാറി വന്നാലും ആ ആനന്ദാനുഭവം മാറ്റമില്ലാതെ തുടരും. ഒരു ജ്ഞാനി രോഗമില്ലാതെയോ രോഗിയായോ ഇരുന്നോ നിന്നോ തറയിൽ കിടന്നു പിടഞ്ഞോ എങ്ങനെ വേണമോ ദേഹം ഉപേക്ഷിക്കട്ടെ; താൻ ദേഹമാണെന്ന ഭ്രമം ഒരിക്കലും ഉണ്ടാകുന്നില്ല. ദേഹം പോയിക്കിട്ടുന്നത് അദ്ദേഹത്തിന് കൂടുതൽ ആശ്വാസം മാത്രം.

വസിഷ്ഠൻ തുടർന്നു.

213. പരവ്യസനിനീനാരീവ്യഗ്രാപിഗൃഹകർമ്മണി
തദേവസ്വാദയത്യന്തർനവസംഗരസായനം

അന്യപുരുഷനിൽ ആസക്തചിത്തയായ ഒരു സ്ത്രീ വീട്ടുകാര്യങ്ങളിൽ തിരക്കിട്ട് ഏർപ്പെട്ടിരിക്കുന്നു എന്നുതന്നെയിരിക്കട്ടെ എങ്കിലും അവളുടെ മനസ്സിൽ തന്റെ പുതിയ കാമുകനുമായുള്ള കാമകേളികളെത്തന്നെ ചിന്തിച്ചു അതിന്റെ രസം നിരന്തരം ആസ്വദിക്കുന്നുണ്ടാവും.

214. ഏവംതത്ത്വേപരേശുദ്ധേധീരോവിശ്രാന്തിമാഗതഃ
തദേവാസ്വാദയത്യന്തർബഹിർവ്യവഹരന്നപി.

പരാനുരക്തയായ നാരിയെപോലെ ശുദ്ധവും പരമസത്യവുമായ ആത്മസ്വരൂപം കണ്ടെത്തി ആനന്ദിക്കുന്ന ധീരൻ ഉള്ളിലും പുറത്തും സദാ ലോകകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി തോന്നിയാലും ആത്മാനന്ദം ഇടതടവില്ലാതെ അനുഭവിക്കുന്നുണ്ടാവും. പുറമേയുള്ള ഒരു പദാർഥവുമായും മനസ്സ് പറ്റിപ്പിടിക്കാതിരിക്കും. അകത്ത് അതിരറ്റ ശാന്തി അനുഭവപ്പെടും. അതുതന്നെയാണ് മുക്തി. ചിത്തശുദ്ധി വന്നു ആത്മസ്വരൂപം തെളിഞ്ഞവർക്ക് ദേഹമിരുന്നാലും ഇല്ലെങ്കിലും ഈ മുക്തി അനുഭവിക്കാവുന്നതാണ്.

digitized by www.sreyas.in

ഭ്രമരൂപമായ മറ്റൊന്നിനെ ആരു സ്നേഹിക്കുന്നില്ലയോ അദ്ദേഹം ദേഹത്തോടു കൂടി ഇരിക്കുമ്പോൾ ജീവന്മുക്തനെന്നറിയപ്പെടുന്നു. മറ്റൊന്നിനെ സ്നേഹിക്കുന്നവനാണ് ബദ്ധൻ. മറ്റൊന്നിനെ സ്നേഹിക്കാത്തയാൾ ദേഹം വിട്ടാൽ മുക്തൻ. ദേഹം പോയ മുക്തനെ വിശേഷിച്ചു വിദേഹമുക്തനാണെന്നു പറയേണ്ട കാര്യമില്ലല്ലോ. ഒരു ജീവൻമുക്തൻ ഭാവിയെക്കുറിച്ച് ചിന്തിക്കുന്നില്ല; വർത്തമാനകാര്യങ്ങളോട് സംഗപ്പെടുന്നില്ല; കഴിഞ്ഞതിനെ ഓർമ്മിക്കുന്നില്ല; എന്നാൽ ചെയ്യേണ്ടതൊക്കെ ചെയ്യുന്നുമുണ്ട്. തന്നോടൊപ്പം കഴിയുന്നവരിൽ ഉള്ളു കൊണ്ടൊരിക്കലും സംഗബദ്ധനാകുന്നില്ല. എന്നാൽ പുറമേ ഒരു ഭക്തനോട് ഭക്തനുചേർന്നവിധം ആചരിക്കും; ശഠനോട് ശഠനെപ്പോലെ പെരുമാറും; കുട്ടികളോട് കുട്ടികളെപ്പോലെ വർത്തിക്കും. വൃദ്ധന്മാരുടെ കൂട്ടത്തിൽ വൃദ്ധനായി മാറും; ധീരന്മാരുടെ മുമ്പിൽ ധൈര്യം പ്രകടമാക്കും; യുവാക്കളോട് യുവാവിന്റെ മട്ടിൽ പെരുമാറും; ദുഃഖിതന്മാരുമായി ചേരുമ്പോൾ അൽപ്പം ദുഃഖമഭിനയിക്കും. എന്നാൽ സത്യം കണ്ട ധീരൻ തന്റെ സത്യബുദ്ധി ഒരിക്കലും കൈവെടിയുകയില്ല. ഉള്ളിൽ ആനന്ദം മാത്രം. ആരെയും താൻ ദുഃഖിപ്പിക്കുകയില്ല; എവിടെയും പുണ്യത്തെ കീർത്തിക്കും. അർഹതയുള്ള ആർക്കും അറിവു പകർന്നു കൊടുക്കും; സദാ പ്രസന്ന മധുരനായിരിക്കും. ദീനഭാവം ഒരിടത്തും അദ്ദേഹത്തെ പിൻതുടരുന്നില്ല.

215. അപിശീതരുചാവർകേ സുതപ്തേ/പീന്ദു മണ്ഡലേ
അപ്യധഃ പ്രസരത്യഗ്നൗ ജീവന്മുക്തോ നവിസ്മയീ.

അർകേ ശീതരുചൗഅപി-സൂര്യൻ തണുത്തുറഞ്ഞാലും; ഇന്ദുമണ്ഡലേ സുതപ്തേ അപി-ചന്ദ്രൻ ചൂടുപിടിച്ചു ജ്വലിച്ചാലും; അഗ്നൗ അധഃപ്രസരതി അപി-അഗ്നി തലകീഴായി എരിഞ്ഞാലും; ജീവന്മുക്തഃ നവിസ്മയീ-ജീവന്മുക്തന് ഒരാശ്ചര്യവും തോന്നുന്നില്ല.

സൂര്യൻ തണുത്തുറഞ്ഞാലും ചന്ദ്രൻ ചൂടുപിടിച്ചു ജ്വലിച്ചാലും അഗ്നി തലകീഴായി എരിഞ്ഞാലും ജീവന്മുക്തന് ഒരാശ്ചര്യവും തോന്നുന്നില്ല.

## ജീവന്മുക്തോ ന വിസ്മയീ

സിദ്ധികളിലൊന്നും ജീവന്മുക്തന് ഒരാശ്ചര്യവും തോന്നുന്നില്ല. യുക്തി കണ്ടെത്താൻ കഴിയാത്ത കാഴ്ചയാണല്ലോ സിദ്ധി. സിദ്ധന്മാരുടെ സിദ്ധികളെല്ലാം അത്തരം കാഴ്ചകളാണ്. മനസ്സിന്റെ പ്രകടനങ്ങളാണു സിദ്ധികളെല്ലാം. ഏകാഗ്രപ്പെടുന്ന മനസ്സ് വിവിധഘട്ടങ്ങളിൽ എത്തിനിൽക്കുമ്പോൾ അതിനു നാനാതരം സിദ്ധികൾ പ്രകടമാക്കാനുള്ള കഴിവു വന്നുചേരുന്നു. ഈ സിദ്ധികളൊക്കെ മനസ്സിന്റെ അപ്പോഴപ്പോഴുള്ള കഴിവുകളെന്നല്ലാതെ അവയ്ക്കു മറ്റൊരു യുക്തിയും സിദ്ധി കാണിക്കുന്ന സിദ്ധനുപോലും കണ്ടെത്താൻ കഴിയുകയില്ല. സമാധിപരിപാകം വന്ന മഹാസിദ്ധന്മാർക്കു വേണമെങ്കിൽ ഒരു ചെറിയലോകം പോലും മറ്റുള്ളവരുടെ മുൻപിൽ വെറും സങ്കൽപ്പം കൊണ്ട് ഉണ്ടാക്കിക്കാണിക്കാൻ കഴിയുമെന്നാണു ശാസ്ത്രസിദ്ധാന്തം. വിശ്വാമിത്രൻ ത്രിശങ്കുവിനുവേണ്ടി ഒരു ചെറിയ സ്വർഗം തന്നെ സൃഷ്ടിച്ച കാര്യം പ്രസിദ്ധമാണ്. ഈ പ്രപഞ്ചം പോലും വെറും സങ്കൽപ്പസൃഷ്ടമാണെന്നു സത്യദർശികൾ സിദ്ധാന്തിക്കുന്നത് ഈ അനുഭവത്തിന്റെ കൂടി പശ്ചാത്തലത്തിലാണ്. സിദ്ധി എത്ര വലുതായാലും ഭൗതികതലത്തിൽ കിട്ടാവുന്നതിൽ കവിഞ്ഞ പ്രയോജനമൊന്നും ഒരു സിദ്ധികൊണ്ടും കിട്ടാ

digitized by www.sreyas.in

നാവില്ല. ഒരു ജീവന്മുക്തൻ ഭൗതിക പ്രപഞ്ചത്തെ പാടേ മാറ്റി നിർത്തിയിട്ട് ആത്മാനന്ദത്തിൽ മുഴുകുന്ന ധന്യാത്മാവാണ്. ആ സ്ഥിതിക്കു അദ്ദേഹത്തിനീ സിദ്ധികളോടെങ്ങനെ താൽപ്പര്യം വരാനാണ്. വിദ്യാമാർഗത്തിൽ ഇടയ്ക്കു സിദ്ധികളിലും മറ്റും ഭ്രമിച്ചു നിന്നു പോകുന്നവർ പൂർണ സത്യം കണ്ടെത്താതെ പതിക്കാനിടവരുമെന്ന് ഉപനിഷത്തുകൾ ഘോഷിക്കുന്നു. പരമാത്മാവ് തനിക്കൊരു പറ്റലുമില്ലാതെ കാണിക്കുന്ന വലിയ സിദ്ധിയാണു പ്രപഞ്ചം. പരമാത്മാവിന്റെ ഈ വലിയ സിദ്ധിയെപ്പോലും ഭ്രമമെന്നു പറഞ്ഞു തള്ളിയിട്ടാണല്ലോ ജീവന്മുക്തൻ അനശ്വരമായ ആത്മാനന്ദം കണ്ടെത്തിയത്. അതുകൊണ്ട് ഒരു സിദ്ധൻ സൂര്യനെ തണുപ്പിക്കട്ടെ, ചന്ദ്രനെ തപിപ്പിക്കട്ടെ, അഗ്നിയെ തലകീഴാക്കി എരിക്കട്ടെ; അതിലൊന്നും ജീവന്മുക്തനൊരാശ്ചര്യവും തോന്നാറില്ല. സിദ്ധിഭൗതികകാര്യങ്ങൾക്കായി കാണിക്കുന്നയാളും കാണുന്നയാളും ഒരുപോലെ മോഹബദ്ധരായി പതിക്കാനിടവരും.

216. ചിദാത്മന ഇമാഇത്ഥം പ്രസരന്തീഹ ശക്തയഃ
ഇത്യസ്യാശ്ചര്യ ജാലേഷു നാഭ്യുദേതികുതൂഹലം.

പരമാത്മമായ അഘടിത ഘടനാ പടീയസിയാണ്. യുക്തിക്കു നിരക്കാത്ത എന്തും ഉണ്ടാക്കിക്കാണിക്കാൻ ആ ദേവിക്കു കഴിയും. ഇതറിയുന്ന ജീവന്മുക്തന് ആശ്ചര്യങ്ങളിൽ കൗതുകമേ തോന്നുന്നില്ല. ഈ ജഗത്തിൽ ആശ്ചര്യമല്ലാതെ എന്തുണ്ട്. സത്യമറിയാത്തവർക്ക് ശക്തിയുടെ ഓരോ സ്പന്ദനവും ആശ്ചര്യം തന്നെയാണ്. വെള്ളത്തിൽ കാണുന്ന ചുഴികൾ വെള്ളത്തിന്റെ പരിസ്പന്ദനമല്ലാതെ മറ്റൊന്നുമല്ല. അതുപോലെ ഈ ജഗത്തും സിദ്ധി ജാലങ്ങളുമെല്ലാം മായാമയമായ ചിത്തത്തിന്റെ സ്പന്ദനങ്ങളല്ലാതെ മറ്റൊന്നുമല്ലെന്നു സത്യദർശി നല്ലപോലെ അറിയുന്നു. കണ്ണുകൾ ചില പ്രത്യേകരീതിയിൽ ചലിച്ചാൽ ആകാശത്തിൽ ഇല്ലാത്ത മയിൽപീലികളും മുത്തുമണികളുമൊക്കെയുണ്ടെന്നു തോന്നും. അതുപോലെ ചിത്തസ്പന്ദനം കൊണ്ടു ബോധസത്യത്തിൽ ഉണ്ടെന്നു തോന്നുന്ന ഒരു ഭ്രമമാണു ജഗത്ത്.

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'ഗുരോ, എന്തുകൊണ്ടാണു ചിത്തം സ്പന്ദിക്കുന്നത്? എങ്ങനെയായാൽ ചിത്തംസ്പന്ദിക്കുകയില്ല. അതറിഞ്ഞാൽ ചിത്തചികിത്സ എളുപ്പമാവുമല്ലോ!'

വസിഷ്ഠൻ പറഞ്ഞു: 'രാമാ മഞ്ഞിൽ വെളുപ്പെന്നപോലെയും എള്ളിൽ എണ്ണയെന്നപോലെയും ചിത്തവും സ്പന്ദനവും എപ്പോഴും ഒരുമിച്ചുവർത്തിക്കുന്നവയാണ്. സ്പന്ദനം കൂടാതെ ചിത്തം ഇല്ലേഇല്ല. ഈ ചിത്തത്തെ ശമിപ്പിക്കാൻ രണ്ടുപായങ്ങളാണുള്ളത്; അവയത്രേ യോഗവും ജ്ഞാനവും. ചിത്തവൃത്തികളെ നിരോധിക്കുന്നതാണു യോഗം. പ്രപഞ്ചത്തിലെ വസ്തുസത്യം വേണ്ടപോലെ കണ്ടറിയുന്നതാണ് ജ്ഞാനം.

217. ചിത്തം പ്രാണപരിസ്പന്ദമാഹുരാഗമഭൂഷണാഃ
തസ്മിൻ സംരോധിതേ നൂനമുപശാന്തംഭവേന്മനഃ

ആഗമഭൂഷണാ: വേദാന്തസത്യം ഗ്രഹിച്ചിട്ടുള്ള മഹാൻമാർ; പ്രാണപരിസ്പന്ദനം ചിത്തം ആഹു: പ്രാണൻ സ്പന്ദിച്ചുകട്ടികൂടുന്നതാണു ചിത്തമെന്നു കണ്ടെത്തിയിട്ടുണ്ട്; തസ്മിൻ സംരോധിതേ - അതുകൊണ്ട് ആ പ്രാണനെ നിരോധിക്കാമെങ്കിൽ; നൂനം മനഃഉപശാന്തം ഭവേത് - തീർച്ചയായും മനസ്സു ശമിച്ചു കിട്ടുന്നതാണ്.

digitized by www.sreyas.in

വേദാന്തസത്യം ഗ്രഹിച്ചിട്ടുള്ള മഹാന്മാർ പ്രാണൻ സ്പന്ദിച്ചു കട്ടികൂടുന്നതാണു ചിത്തമെന്നു കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ആ പ്രാണനെ നിരോധിക്കാമെങ്കിൽ തീർച്ചയായും മനസ്സു ശമിച്ചുകിട്ടുന്നതാണ്.

**ഉപശാന്തംഭവേന്മനഃ**

ബോധത്തിലെ ശക്തി സ്പന്ദനത്തിന്റെ വിവിധഘട്ടങ്ങളാണു ജഡരൂപമായ ജഗത്ത്. ശക്തി ജഡരൂപിണിയാണ്. അതിന്റെ ആദ്യത്തെ വ്യക്തമായ സ്പന്ദനഘട്ടമാണു പ്രാണൻ. പ്രാണൻ സൂക്ഷ്മ ജഡമാണ് അഥവാ ജഡത്തിന്റെ സൂക്ഷ്മരൂപമാണ്. പ്രാണൻ സ്പന്ദിച്ചു കുറച്ചുകൂടി കട്ടിപിടിച്ചാൽ അതിന്റെ രണ്ടാംഘട്ടം; അതാണു മനസ്സ് അഥവാ ചിത്തം. പ്രാണഗതിയുടെ മൂന്നാംഘട്ടമാണു ശുദ്ധ ജഡം. വെള്ളത്തിൽ പതപോലെയാണ് പ്രാണനിൽ മനസ്സ്. വെള്ളത്തിൽ മഞ്ഞുകട്ടിപോലെയാണ് പ്രാണനിൽ ജഡവസ്തുക്കൾ. ഇക്കാര്യമെല്ലാം ഭാരതീയരായ തത്ത്വദർശികൾ പ്രാണനിരോധത്തിലൂടെ വീണ്ടും വീണ്ടും പരീക്ഷിച്ചറിഞ്ഞിട്ടുള്ള സത്യങ്ങളാണ്. പ്രാണായാമാദി സാധനകളനുഷ്ഠിച്ചോ തത്ത്വവിചാരം കൊണ്ട് മനസ്സിനെ അന്തർമുഖമാക്കി ഏകാഗ്രപ്പെടുത്തിയോ പ്രാണനെ നിരോധിക്കാം. പ്രാണനും മനസ്സും പരസ്പരബദ്ധമായതുകൊണ്ട് ഇവയിലൊന്നു നിരോധിക്കപ്പെട്ടാൽ മറ്റേതു നിരുദ്ധമാകും. അപ്പോൾ പ്രാണനിരോധമോ സങ്കൽപ്പ നിരോധമോ ശീലിച്ചാൽ പ്രാണനും ചിത്തവും ഒരുമിച്ചടങ്ങിക്കിട്ടും. ശുദ്ധബോധം തെളിഞ്ഞനുഭവപ്പെടുകയും ചെയ്യും.

വസിഷ്ഠൻ തുടർന്നു: 'രാമാ, ചിത്തസ്പന്ദനം ശമിച്ചുകിട്ടിയാൽ അതോടെ സംസാരയാത്ര അവസാനിക്കും. സൂര്യൻ മറഞ്ഞാൽ ലോകവ്യാപാരം നിലയ്ക്കുന്നതുപോലെ!'.

രാമൻ ചോദിച്ചു: 'ഭഗവൻ, ഈ സംസാര കാനനത്തിൽ ദേഹഗേഹവും പേറി സദാ ഉഴന്നുനടക്കുന്ന മനുഷ്യർക്ക് ചിത്തത്തിന്റെയും പ്രാണന്റേയും മറ്റും പരിസ്പന്ദനം നിരോധിക്കാൻ എങ്ങനെയാണു കഴിയുക?'

വസിഷ്ഠൻ ഉത്തരം നൽകി: 'രാമാ, ഇതിനൊക്കെ പ്രാഥമികമായി വേണ്ടതു ചിത്തശുദ്ധിയാണ്. അതിനായി വേദാന്ത ശാസ്ത്രം കുറച്ചൊന്നു പഠിക്കണം. അതു പഠിച്ചുറപ്പിച്ചിട്ടുള്ള സജ്ജനങ്ങളുമായി ഇടപഴകണം.

ലോകവിഷയങ്ങളിൽ മോഹബദ്ധരായി ഇളകിമറിയുന്ന സംസാരത്തോടു ഉള്ളിൽ അനാസ്ഥ വന്നുചേരണം. ഇങ്ങനെ കുറച്ചൊന്നു ചിത്തശുദ്ധിവന്നു കഴിഞ്ഞാൽ പ്രാണസ്പന്ദനനിരോധത്തിന് അനേകം അഭ്യാസക്രമങ്ങൾ ലോകത്തു പ്രസിദ്ധങ്ങളായുണ്ട്. അവനവനിഷ്ടമുള്ള രീതിയിൽ സഗുണമായോ നിർഗുണമായോ ഉപാസന ശീലിക്കാം. ഏതുതരത്തിലായാലും ചിത്തം ഏകാഗ്രപ്പെട്ടു ഒരിടത്തുറയ്ക്കുമെങ്കിൽ പ്രാണസ്പന്ദനം നിരോധിക്കപ്പെടും. ഏകതത്ത്വത്തെ ദൃഢമായി അഭ്യസിച്ചുറപ്പിക്കുമെങ്കിൽ പ്രാണസ്പന്ദനം നിയന്ത്രിക്കപ്പെടും. രേചകപൂരക കുംഭകക്രമമനുസരിച്ചു തളർന്നുപോകാതെ ചിരകാലം പ്രാണായാമം അഭ്യസിച്ചാൽ പ്രാണസ്പന്ദനം നിരോധിക്കാം. ഏകാന്തധ്യാനംകൊണ്ടും പ്രാണസ്പന്ദനത്തെ തടയാം. ഓംകാരം ഉറക്കെ ഉച്ചരിച്ച് അതിന്റെ ലയസ്ഥാനത്തിലെ സൂക്ഷ്മനാദത്തെ ചിത്തം കൊണ്ടനുസന്ധാനം ചെയ്തു പ്രണവോപാസന ശീലിച്ചാലും പ്രാണസ്പന്ദനത്തെ നിരോധിക്കാം. സുഷുപ്ത്യനുഭവം അനുസന്ധാനം ചെയ്തുറപ്പി

digitized by www.sreyas.in

ച്ചാലും പ്രാണസ്പന്ദനം തടയപ്പെടും. നാക്കുള്ളിലേക്കു വളച്ച് അണ്ണാക്കിൽകൊണ്ടു ഘടിപ്പിച്ച് പ്രാണനെ ഊർധ്വരന്ധ്രത്തിൽ തടഞ്ഞുനിറുത്തുന്ന ഖേചരീമുദ്ര പരിശീലിച്ചാലും പ്രാണസ്പന്ദത്തെ തടയാം. പ്രാണൻ പുറത്തുവിട്ട് മൂക്കിന്റെ അറ്റത്തുനിന്നു പന്ത്രണ്ടംഗുലം ദൂരത്തിലെത്തിച്ചു നിശ്ചലമാക്കി മനസ്സിനെ അവിടെ ഏകാഗ്രമാക്കിയാലും പ്രാണസ്പന്ദനം തടയാം. പ്രാണനെ ഉള്ളിലേക്കു വലിച്ച് അഭ്യാസം കൊണ്ട് കണ്ഠദ്വാരത്തിലൂടെ മുകളിലേക്കു കടത്തി പന്ത്രണ്ടംഗുലം ദൂരത്തിലെത്തിച്ചു നിശ്ചലമാക്കി മനസ്സിനെ ഉറപ്പിച്ചാലും പ്രാണസ്പന്ദനം നിരോധിക്കാം. പുരികങ്ങളുടെ മധ്യത്തായി ആജ്ഞാചക്രത്തിൽ നക്ഷത്രദർശനം ശമിച്ച് വികൽപ്പംമാറുന്നതോടെ മനസ്സിനെ അവിടെ ഏകാഗ്രപ്പെടുത്തിനിറുത്തിയാലും പ്രാണസ്പന്ദനം നിരോധിക്കാം. പെട്ടെന്നു ബുദ്ധിക്കു ജ്ഞാനോദയം സാധ്യമായി അതുക്രമേണ ഉറപ്പുവരുന്തോറും വികൽപ്പങ്ങൾ അകലുന്നതുകൊണ്ടും പ്രാണസ്പന്ദനം നിരോധിക്കപ്പെടാം. വളരെക്കാലം മനസ്സുകൊണ്ടു ആകാശശൂന്യതയെ ഭാവനചെയ്തു ധ്യാനം ഉറപ്പിക്കുന്നതുകൊണ്ടും വാസനകളൊക്കെവിട്ടുപോയി പ്രാണസ്പന്ദനം നിരുദ്ധമാകാം. ഇതൊക്കെയാണ് പ്രാണസ്പന്ദനനിരോധക്രമം. ഇനിയും കൽപ്പിതങ്ങളായ അനേകം മാർഗങ്ങളുണ്ട്. അനേകം ഗുരുക്കന്മാർ സ്വയം കണ്ടെത്തി ശിഷ്യന്മാർക്കുപദേശിച്ചിട്ടുള്ള അനേകം മാർഗങ്ങൾ. അവയിലേതംഗീകരിച്ചാലും പ്രാണസ്പന്ദനത്തെ തടയാം. ഏതായാലും തളരാതെ ചിരകാലം അഭ്യസിക്കണം. ഈ വിവരിച്ചതൊക്കെ യോഗമാർഗങ്ങളാണ്. ഭവഭേദനത്തിലൂടെ മംഗളസ്ഥാനത്തെത്താൻ ഇവയൊക്കെ ഉപകരിക്കും. അഭ്യാസം ഉറപ്പുവന്ന് പ്രാണസ്പന്ദനം യഥേച്ഛം തടയാൻ കഴിയുമെന്നു വന്നാൽ മനസ്സു നിശ്ചയമായും ഉപശമിക്കും; നിർവാണം അവശേഷിക്കുകയും ചെയ്യും.

മേൽവിവരിച്ച യോഗമാർഗങ്ങൾ അനുഷ്ഠിച്ചു സിദ്ധിവരുത്താൻ അത്ര എളുപ്പമല്ലെന്നു തോന്നിയതുകൊണ്ടായിരിക്കാം രാമൻ ചോദിച്ചു: 'പ്രഭോ, യോഗമാർഗങ്ങൾ അവലംബിച്ചു മനസ്സിനെ ഉപശമിപ്പിക്കുന്ന രീതിയാണല്ലോ അങ്ങിതുവരെ വിവരിച്ചത്. എന്നെപ്പോലുള്ള ലൗകികന്മാർക്കു വിശേഷിച്ചും ഇതു പ്രയാസമായിരിക്കും. അതുകൊണ്ട് എന്നെ അനുഗ്രഹിക്കാനായി മനസ്സിനെ ഉപശമിപ്പിക്കാനുള്ള ശുദ്ധമായ ജ്ഞാനമാർഗം വിവരിച്ചുതരണം;

വസിഷ്ഠൻ പറഞ്ഞു: 'രാമാ, മൂന്നുലോകത്തും ഉള്ളത് ഉള്ളതുപോലെ അറിയുന്നതാണു ജ്ഞാനം. ഈ ജഗത്തു മുഴുവൻ ഒരേ ബോധവസ്തു തന്നെയെന്നറിഞ്ഞു പൂർണത കൈവരിക്കുന്നതാണ് ഉള്ളതിനെ ഉള്ളതുപോലെ അറിയുന്നത്. ഈ അറിവ് ആവർത്തിച്ചുറപ്പിച്ചു ദൃഢപ്പെടണം. അങ്ങനെ ഭ്രമവിഷയങ്ങളിൽ മനസ്സിനുവിരക്തി വന്നുചേരണം. ജ്ഞാനവും വിരക്തിയും ഒരുമിച്ചാൽ പ്രാണൻ സൂക്ഷ്മഗതിയായി സ്പന്ദനവിരാമത്തോടടുക്കും. ഇതാണ് അത്യന്തം സഫലമാകുന്ന പ്രാണവിരാമക്രമം. ജ്ഞാനവൈരാഗ്യങ്ങളിലൂടെ വികൽപ്പങ്ങൾ അടങ്ങിക്കിട്ടിയാൽ ശേഷിക്കുന്നതുതന്നെയാണു സത്യാനുഭവം. ഈ സത്യാനുഭവസ്ഥാനം സൃഷ്ടിചലനങ്ങളെല്ലാം അവസാനിക്കുന്ന ഇടമായതുകൊണ്ടു വാക്കുകളിൽകൂടി വിവരിച്ചറിയാൻ പറ്റുന്നതല്ല. വാക്കുകൾ അവിടെയെത്താൻ കഴിയാതെ മടങ്ങിപ്പോരുന്നു. ഈ നിലയിൽ ലൗകികമായ സത്യ നിശ്ചയമെന്താണെന്നു പറയാം:

digitized by www.sreyas.in

218. ഇമാഘടപടാകാരപദാർഥശതശക്തയഃ
ആത്മൈവനാന്യദസ്തീതിനിശ്ചയഃസമ്യഗീക്ഷണം.

കുടം, വസ്ത്രം എന്നിങ്ങനെ നാനാരൂപങ്ങളായി വേർതിരിഞ്ഞു കാണപ്പെടുന്ന നൂറുകണക്കിനുള്ള പദാർഥ ദൃശ്യങ്ങൾ എല്ലാം തന്നെ ബോധരൂപമായ ആത്മാവാണ്. ബോധമല്ലാതെ മറ്റൊരുവസ്തു ഇവിടെ നിലവിലില്ല. ഇതാണു ലൗകികമായ സത്യദർശനം. ഈ ദർശനം ബുദ്ധിക്കുറപ്പുവന്നയാളാണു മുക്തൻ.

219. അനാദ്യന്താവഭാസാത്മാപരമാത്മേഹവിദ്യതേ
ഇത്യേഷനിശ്ചയഃസ്ഫാരഃസമ്യഗ്ജ്ഞാനം വിദുർബുധാഃ

അനാദ്യന്താവഭാസാത്മാ-തുടക്കമോ ഒടുക്കമോ ഇല്ലാതെ സദാ ഉണ്മ അനുഭവമായുള്ള; പരമാത്മാ-അഖണ്ഡബോധ രൂപനായ പരമാത്മാവുമാത്രമേ; ഇഹ-ഈ ജഗത്തിൽ; വിദ്യതേ-നിലവിലുള്ളൂ; ഇതിഏഷഃ- ഇപ്രകാരമുള്ള ഈ; സ്ഫാരഃ നിശ്ചയഃ-ഉറച്ച വിശാലമായ നിശ്ചയമാണ്; ബുധാഃ-സത്യദർശികൾ; സമ്യഗ്ജ്ഞാനം വിദുഃ-യഥാർഥമായ അറിവായി കണക്കാക്കുന്നത്.

തുടക്കമോ ഒടുക്കമോ ഇല്ലാതെ ഉണ്മ അനുഭവമായുള്ള അഖണ്ഡബോധസ്വരൂപനായ പരമാത്മാവുമാത്രമാണ് ഈ ജഗത്തിൽ നിലവിലുള്ളത്. ഇപ്രകാരമുള്ള ഈ ഉറച്ച വിശാലമായ നിശ്ചയമാണ് സത്യദർശികൾ യഥാർഥമായ അറിവായി കണക്കാക്കുന്നത്.

## സമ്യഗ്ജ്ഞാനം വിദുർബുധാഃ

ഈ ദൃശ്യപ്രപഞ്ചത്തിന്റെ പരമകാരണം ബോധമാണെന്നു നാം ചർച്ച ചെയ്തുറപ്പിച്ചിട്ടുണ്ടല്ലോ. പരമകാരണമായതുകൊണ്ട് അതനാദിയും അനന്തവും അഖണ്ഡവുമാണെന്നും ശാസ്ത്രീയമായി തെളിഞ്ഞിട്ടുണ്ട്. സങ്കൽപ്പങ്ങളെല്ലാം ഒഴിഞ്ഞു മാറുന്ന നിർവികൽപ്പസമാധിയിൽ ഈ നിലയിൽ തന്നെ സത്യം അനുഭവപ്പെടുന്നതിന്റെ വിവരണങ്ങളും കാണ്മാനുണ്ട്. ആനന്ദബോധാമൃതസമുദ്രത്തിൽ ചിത്തമാകുന്ന പതവറ്റിമറയുന്നു. ചിത്തവൃത്തികളാകുന്ന ചെറുകല്ലോലങ്ങൾ പൂർണമായും കെട്ടടങ്ങുന്നു. ഒരു നിശ്ചലാനന്ദസമുദ്രം അവശേഷിക്കുന്നു; അനക്കമേയില്ല; സർവത്രപൂർണം: അപ്പോൾ അതുമാത്രമേയുള്ളൂ ഈ അനുഭവസ്ഥിതി വാക്കുകൊണ്ടു വർണിക്കാനോ മനസ്സുകൊണ്ടു ചിന്തിക്കാനോ സാധ്യമല്ല. ആനന്ദം നിറഞ്ഞുതിങ്ങുന്ന പരബ്രഹ്മസമുദ്രം. സമുദ്രത്തിൽ ചിതറിക്കിടക്കുന്ന ആലിപ്പഴം പോലെ മനസ്സു മുഴുവൻ ഛിന്നഭിന്നമായി അതിൽ അലിഞ്ഞുചേർന്നു മറയുന്നു. അൽപ്പം മുൻപുവരെ ഉണ്ടെന്നു തോന്നിയിരുന്ന ജഗത്തിന്റെ നിഴൽപോലും അവിടെങ്ങും കാണ്മാനില്ല. കാലദേശങ്ങൾക്കൊക്കെ അപ്പുറം വിരാജിക്കുന്ന സത്യം.

നിർവികൽപ്പസമാധിവേളയിൽ ഈ നിലയിലൊക്കെ അനുഭവപ്പെടുന്ന സത്യം സമാധിവിട്ടുണരുന്ന യോഗിക്ക് വ്യവഹാരവേളയിൽ കാണപ്പെടുന്നതൊക്കെ അതുതന്നെയാണെന്നു ഉറപ്പുവരുത്തിക്കൊടുക്കുന്നു. ഇങ്ങനെ ശ്രുതിയുക്ത്യാനുഭവങ്ങൾ കൊണ്ടൊക്കെ പൂർണമായും തെളിഞ്ഞിട്ടുള്ളതാണു വേദാന്തസത്യമെന്നു താൽപ്പര്യം.

വസിഷ്ഠൻ തുടർന്നു: രാമാ, ഇക്കാണുന്നതൊക്കെ ഇങ്ങനെ ആത്മാവു

digitized by www.sreyas.in

തന്നെയാണെന്നു തീരുമാനിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക് ഉണ്മയോ ഇല്ലായ്മയോ ഒക്കെപിന്നെ എവിടെ സ്ഥിതിചെയ്യാനാണ്? ബന്ധമോക്ഷ സൃഷ്ടികളൊക്കെ പിന്നെ യഥാർഥത്തിൽ എങ്ങനെ വേർതിരിക്കാൻ കഴിയും? മറ്റൊന്നില്ലാത്തതുകൊണ്ടു ദുഃഖത്തിനെന്തു പ്രസക്തി? ധീരനായിദുഃഖം വിട്ടെഴുന്നേൽക്കൂ.

220. നചേത്യമന്യന്നോചിത്തം ബ്രഹ്മൈവേദം വിജൃംഭതേ
സർവമേകംപരം ബ്രഹ്മകോമോക്ഷഃ കാചബന്ധതാ

സങ്കൽപ്പമില്ല; അതിൽനിന്നന്യമായി ചിത്തവുമില്ല. ഒരേ ബ്രഹ്മം സങ്കൽപ്പരൂപത്തിലും ചിത്തരൂപത്തിലും ദൃശ്യരൂപത്തിലുമൊക്കെ വിവർത്തിച്ചു കാണപ്പെടുന്നു. എല്ലാം ഒരേ ഒരു പരബ്രഹ്മം. എന്തു മോക്ഷം; എന്തു ബന്ധം; ഒന്നുമില്ല എല്ലാം സത്യമറിയാത്തതുകൊണ്ടുള്ള ഭ്രമം. ബ്രഹ്മം തന്നെ വിവർത്തമായി വലിയ രൂപങ്ങളിൽ ഇങ്ങനെ ജഗത്തായി കാണപ്പെടുന്നു. രണ്ടു ഭാവമതിൽ ഒരിക്കലുമുണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല. ഈ ആത്മഭാവനയിൽ ഉറപ്പുറ്റവനായിത്തീരൂ. രാമാ, വസ്തുസ്വരൂപം വിചാരം ചെയ്തു ഉള്ളതുപോലെ ഗ്രഹിക്കുകയാണെങ്കിൽ തടിക്കഷണത്തിനോ കല്ലിനോ വസ്ത്രത്തിനോ ഒന്നും ലേശം പോലും ഭേദമുണ്ടെന്നു കാണാൻ പറ്റുകയില്ല. പിന്നെയെന്തിനാണു വെറുതേ ഭേദം കൽപ്പിച്ചു ബുദ്ധിമുട്ടുന്നത്. തുടക്കത്തിലും ഒടുക്കത്തിലും അത്യന്തം ശാന്തവും അനശ്വരവുമായ ഒരു സ്വരൂപമേ സത്യത്തിനുള്ളൂ. ഇടയ്ക്കു വന്നുചേരുന്ന സങ്കൽപ്പഭ്രമമാണു നാനാത്വം. ഇതറിഞ്ഞു ഭേദകൽപ്പനകളെ അകറ്റി സ്വയം സത്യസ്വരൂപനായി നിലകൊള്ളൂ. ദ്വൈതാദ്വൈതഭേദങ്ങളും ജരാമരണവിഭ്രമങ്ങളും ആത്മാവിൽ ആത്മാവുതന്നെ സങ്കൽപ്പിച്ച് ഉണ്ടാക്കിത്തീർക്കുന്ന അനുഭവങ്ങളാണ്; സമുദ്രം സ്വയം തിരമാലകളുണ്ടാക്കി ഇളകിമറിയും പോലെ. ശുദ്ധമായ ബോധസത്യത്തെ ഉള്ളിൽ വിചാരം ചെയ്തുറപ്പിച്ച് ഏകത്വബുദ്ധിയിലവം ബിച്ചു നിൽക്കുന്ന മഹാത്മാവിനെ പ്രലോഭിപ്പിക്കാൻ ഈ ലോകത്ത് ഒരു വിഷയഭോഗത്തിനും കഴിയുകയില്ല. വിചാരം ചെയ്തു സത്യം ഉറപ്പുവരുത്തിയ മനസ്സിനു വിഷയഭോഗങ്ങൾ ശത്രുക്കളാണ്; മന്ദമാരുതൻ പർവതത്തെയെന്ന പോലെ അവ സത്യബുദ്ധിയെ ലേശംപോലും ചലിപ്പിക്കുന്നില്ല. സങ്കൽപ്പസൃഷ്ടിയിൽ നാനാത്വമുണ്ടെന്നു തോന്നുന്നു. വസ്തുരൂപത്തിൽ അതില്ലേയില്ല. നദികൾ അനേകമുണ്ടെങ്കിലും അവയിലൊക്കെ ഉള്ളതു വെള്ളമല്ലേ. ഇപ്രകാരം ഏകത്വനിശ്ചയം ഉറപ്പുവന്നയാളാണു മുക്തൻ. ഇതാണു വേണ്ടവണ്ണമുള്ള അറിവെന്നറിയപ്പെടുന്നത്.

ഞാനിനി സത്യാനുഭവത്തിൽ കൊണ്ടെത്തിക്കുന്ന മറ്റൊരു കാഴ്ചപ്പാടു നിനക്കു വിവരിച്ചു തരാം. വീതഹവ്യമഹാമുനി സംശയമെന്യേ എത്തിച്ചേർന്ന കാഴ്ചപ്പാടാണത്. വിന്ധ്യവനത്തിലെ ഒരു ഗുഹയിൽ ചിരകാലം സാധനാനുഷ്ഠാനങ്ങളുമായി കഴിഞ്ഞുകൂടിയ ഒരു മുനിയാണു വീതഹവ്യൻ. ആരംഭത്തിൽ കർമകാണ്ഡപ്രോക്തങ്ങളായ ക്രിയാനുഷ്ഠാനങ്ങളിലായിരുന്നു അദ്ദേഹം തൽപ്പരനായി കഴിഞ്ഞു കൂടിയത്. സ്വന്തം ക്രിയാകലാപങ്ങൾ തന്നെ അദ്ദേഹത്തിന്റെ ഘോരമായ സംസാര ഭ്രമത്തിനു ശക്തികൂട്ടി. ആധിവ്യാധികൾ ശരീരത്തെ പിടികൂടി. കാലക്രമത്തിൽ മനസ്സ് അത്യന്തം വ്യാകുലമായി ഭവിച്ചു. മനസ്സ് സങ്കൽപ്പരഹിതമായാലേ ശാന്തി കിട്ടു എന്നദ്ദേഹത്തിനു ബോധ്യമായി. നിർവികൽപ്പ സമാധി നേടിയെടുക്കാൻ തീരുമാനിച്ചു.

digitized by www.sreyas.in

എല്ലാ അനുഷ്ഠാന കർമങ്ങളും നിറുത്തി. സമാധി പരിശീലിക്കാനായി കദളീകാണ്ഡങ്ങളാൽ ചുറ്റപ്പെട്ട തന്റെ പർണാശ്രമത്തിനകത്തു കടന്നു. മാൻ തോൽവിരിച്ചു താൻ തന്നെ തയ്യാറാക്കിയ ഇരിപ്പിടത്തിൽ ശുചിയായ പരിസരത്ത് സമശീർഷ സ്കന്ധനായി ഇരിപ്പുറപ്പിച്ചു. പദ്മാസനം ബന്ധിച്ച് പാദതലങ്ങളിൽ കൈത്തലങ്ങൾ മലർത്തി വച്ച് ബ്രഹ്മാഞ്ജലീ ബദ്ധനായി സ്ഥിതി ചെയ്തു. ലോകചിന്തകളിൽ പെട്ടു ദിഗന്തങ്ങളിൽ പാഞ്ഞു നടന്നിരുന്ന മനസ്സിനെ പിൻവലിച്ച് ഉള്ളിലൊതുക്കി. പുറത്തും അകത്തും വിഷയസങ്കൽപ്പങ്ങളെ ഒതുക്കി നിറുത്തി. ഇനിയും മനസ്സിനെ പുറത്തുപോകാൻ അനുവദിക്കാതെ ഉള്ളിൽ തന്നെ സ്ഥിരമാക്കി നിറുത്താൻ കൊതിച്ച മുനി ശുദ്ധമായ ചിത്തംകൊണ്ട് ഇങ്ങനെ വിചാരമാരംഭിച്ചു.

വീതഹവ്യൻ സ്വയം പറഞ്ഞു: 'ആശ്ചര്യം! ഈ മനസ്സിന്റെ ചഞ്ചലത എന്തു പറയാൻ. അകത്തു പിടിച്ചൊതുക്കിയിട്ടും അതവിടെ ഉറച്ചുനിൽക്കാൻ കൂട്ടാക്കുന്നില്ല. തിരകളിൽ പെട്ടു കീഴ്മേൽ മറിയുന്ന ഒരിലയെന്ന പോലെ ഇളകി ചലിച്ചുകൊണ്ടേയിരിക്കുന്നു. കുടത്തിൽ നിന്നും അതു വസ്ത്രത്തിലെത്തിച്ചേരുന്നു; വസ്ത്രത്തിൽ നിന്നും വണ്ടിയിൽ ചാടി വീഴുന്നു; ഒരു കുരങ്ങൻ മരങ്ങളിൽ ചാടിച്ചാടി നടക്കുന്നതുപോലെ ചിത്തം ഒരു കാര്യവുമില്ലാതെ പദാർഥങ്ങളിൽ മാറിമാറി ചലിച്ചുകൊണ്ടേയിരിക്കുന്നു. ഉള്ളിൽനിന്നു മനസ്സിനു ചാടിപ്പുറത്തുപോകാനുള്ള അഞ്ചു വാതിലുകളാണ് കണ്ണു തുടങ്ങിയ ഇന്ദ്രിയങ്ങൾ. സാക്ഷിരൂപേണ എല്ലാം നിശബ്ദമായി കണ്ടു നിൽക്കുന്ന ആത്മാവ് ഇന്ദ്രിയങ്ങളുടെ ഈ പുറംപോക്കു അനുവദിച്ചു കൊടുക്കുന്നു. പാതാളവും സ്വർഗവുമെന്നപോലെ ഇന്ദ്രിയങ്ങളും ആത്മാവും തമ്മിൽ വാസ്തവത്തിൽ ഒരു ബന്ധവുമില്ല. ആത്മാവു ബോധസ്വരൂപനായി ഉള്ളിൽ സ്വയം പ്രകാശിച്ചു നിൽക്കുന്നു. ആ വെളിച്ചത്തിൽ ഇന്ദ്രിയങ്ങൾ പുറമേ തെണ്ടിത്തിരിയുന്നു. സർവത്ര ചുറ്റിത്തിരിയുന്ന ചിത്തമേ, സത്യത്തെയറിയാൻ കൊതിക്കാത്ത ഈശ്വരനിഷേധിയാണു നീ. നാലു ദിക്കുകളുടേയും അറ്റങ്ങൾ വരെ എന്തിനോവേണ്ടി നീ ഭിക്ഷയാചിച്ചു നടക്കുന്നു. ഒരു പ്രയോജനവുമില്ലാത്ത ഖേദകരമായ ഈ തെണ്ടിനടപ്പുപേക്ഷിക്കൂ. ഈ ജഡജഗത്തിൽ നിന്നും നിനക്കു കാര്യമായി ഒന്നും കിട്ടാനില്ല. നീ ചേതനനാണെന്ന നിന്റെ ഭാവം തികച്ചും തെറ്റാണ്. നീ ശുദ്ധജഡമാണ്. ജഡത്തിനും ബോധത്തിനും ഐക്യം എങ്ങനെ സാധ്യമാകും. ശഠ, നിനക്കും ബോധസ്വരൂപനായ ആത്മാവിനും തമ്മിൽ ഒരു ബന്ധവുമില്ല. ഞാൻ ജീവനാണ്; ഞാൻ കേമനാണ് എന്നും മറ്റുമുള്ള അഹങ്കാരം വ്യർഥമായ ദുർബുദ്ധിയാണ്. അഹങ്കാരം നിമിത്തം ഞാനതാണ്, ഇതാണ് എന്നും മറ്റുമുള്ള എടുത്തുചാട്ടം മനസ്സേ, ഉപേക്ഷിക്കൂ. സത്യാസത്യങ്ങൾ വേർതിരിക്കാതെയുള്ള ഈ എടുത്തുചാട്ടം അത്യന്ത ദുഃഖത്തിലേ കലാശിക്കൂ. പ്രിയപ്പെട്ട മനസ്സേ, എന്താണു നിന്റെ രൂപം? അവിവേകം അഥവാ വിചാരമില്ലായ്മ. വിവേകവിചാരം കൊണ്ടു നീ ഇല്ലാതായിപോകും; നല്ല വെളിച്ചം വന്നാൽ പിന്നെ ഇരുട്ടുനിൽക്കുമോ?

മനസ്സേ, നീ നേരത്തേ ഉണ്ടായിട്ടില്ല, ഇപ്പോൾ നിലവിലില്ല, ഇനിമേൽ നീ ഉണ്ടാവുകയുമില്ല, മൂന്നുകാലത്തിലും നിലവിലില്ലാത്ത നിനക്കു ഞാൻ മംഗളം ആശംസിക്കുന്നു. എവിടെ നിന്നു വരുന്നുവെന്നോ എവിടെ സ്ഥിതി ചെയ്യുന്നുവെന്നോ എങ്ങോട്ടു മായുന്നുവെന്നോ നിശ്ചയമില്ലാത്ത ഒരത്ഭുത

digitized by www.sreyas.in

ഭ്രമം. ഞാനിതാ നിന്നെ വിട്ടു പിരിഞ്ഞു നിർവാണം പ്രാപിക്കുന്നു; ശാന്തി കൈവരിക്കുന്നു; ഭാഗ്യവശാൽ എല്ലാ ദുഃഖവും എനിക്കവസാനിച്ചിരിക്കുന്നു. ഞാൻ ബോധസ്വരൂപനായ എന്നിൽ തന്നെ ഉറച്ചു നിൽക്കുന്നു. അവസ്ഥാ ത്രയത്തിനപ്പുറമുള്ള തുരീയാനുഭവം എനിക്കു തെളിഞ്ഞിരിക്കുന്നു. ബോധ സ്വരൂപനായ ഈശ്വരൻ സാക്ഷിരൂപനായി നിന്നുകൊണ്ട് എല്ലാകാര്യങ്ങളും നിർവഹിക്കുന്നു. അദ്ദേഹം ജനിച്ചയാളല്ല; അതുകൊണ്ടു മരിക്കുകയുമില്ല. കഷ്ടം, ഇന്ദ്രിയക്കൂട്ടങ്ങളേ, നിങ്ങളെന്തിനു വെറുതേ വ്യാകുലപ്പെട്ടു കഴിഞ്ഞു കൂടുന്നു. പാമ്പുകളെ പേടിക്കുന്ന വഴിയാത്രക്കാരനെപ്പോലെ, ചണ്ഡാലനെ പേടിക്കുന്ന ബ്രാഹ്മണനെപ്പോലെ, യാതൊരാകുലതയുമില്ലാത്ത ചിത് പുരു ഷൻ നിങ്ങളെ പേടിച്ചിതാ ദൂരെ മാറിനിൽക്കുന്നു. സങ്കൽപ്പങ്ങളുടെ പുറകേ പോകുന്നതാണു ബോധരൂപനായ ആത്മാവിന്റെ ദുഃഖാവസ്ഥ. വിഷയങ്ങ ളുമായുള്ള ഇന്ദ്രിയങ്ങളുടെ സമ്പർക്കമാണ് ഈ സങ്കൽപ്പത്തിനു രൂപം കൊടുക്കുന്നത്. ഈ ദേഹത്തിൽ മനസ്സുമായോ ജഡദേഹവുമായോ ദേവ നായ ആത്മാവ് സങ്കൽപ്പങ്ങളെ പുറംതള്ളി സൃഷ്ടിയുമായി ബന്ധപ്പെടാതെ നിൽക്കുമെങ്കിൽ അതുതന്നെയാണ് ശുദ്ധബോധസ്ഥിതി, നിർവാണം.

വസിഷ്ഠൻ തുടർന്നു: 'വാസനാ വിനിർമുക്തനായ വീതഹവ്യമുനി ഇങ്ങനെ തീരുമാനിച്ചു ചിത്തത്തെ അന്തർമുഖമാക്കി ഉറപ്പിച്ചു. ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നും പിൻവലിച്ച് ഇരിപ്പുറപ്പിച്ചു. ഉള്ളിലെ പ്രാണപ്രസരം ക്രമേണ ശമിക്കാൻ തുടങ്ങി; വിറകെരിഞ്ഞുതീർന്ന അഗ്നിയുടെ ജ്വാലാജാ ലജ്വലനം ക്രമേണ ശമിക്കുന്നതുപോലെ. നാസാപ്രാന്തങ്ങളിൽ മാത്രം ഒതുങ്ങി പ്രസരിക്കുന്ന നേത്രങ്ങളുടെ അർധനിമീലിതസ്ഥിതി പകുതിവി ടർന്നു നിൽക്കുന്ന താമരപ്പൂക്കളുടെ മനോഹാരിത ആവാഹിച്ചു. കായശി രോഗ്രീവകൾ സമരേഖയിൽ സ്ഥിരീകരിച്ചുകൊണ്ട് ആ മഹാമതി ഒരു ശിലാ ശിൽപ്പം പോലെ അഥവാ രേഖാങ്കിതചിത്രം പോലെ നിശ്ചലനായി സ്ഥിതി ചെയ്തു. ഇങ്ങനെ നിർവികൽപ്പസമാധിയിൽ ലീനനായ അദ്ദേഹത്തിന് ആ വിന്ധ്യഗുഹാന്തരത്തിൽ മുന്നൂറുസംവത്സരം അർധമുഹൂർത്തം പോലെ കട ന്നുപോയി. കുറേക്കാലം കൊണ്ടു മഴവെള്ളത്തിൽ ഒലിച്ചുവന്ന ചെളിമണ്ണ് മഹാമുനിയുടെ ദേഹത്തെ പൂർണമായും പൊതിഞ്ഞു മറച്ചു. മുന്നൂറു വർഷം കഴിഞ്ഞു സാവധാനം അദ്ദേഹം ഉണർന്നു. കട്ടിപിടിച്ച ചെളിപ്പുറ്റിനകത്തക പ്പെട്ടു പോയിരുന്ന ആ ശരീരത്തിനു ചലിക്കാൻ കഴിഞ്ഞില്ല. ചെളിപൊ തിഞ്ഞു പിടിച്ചിരുന്ന ആ ദേഹത്തിൽ ബോധം മാത്രമേ ഉദയം ചെയ്തുള്ളൂ. ബോധപൂർവമായ പ്രാണസംയമനമില്ലാതിരുന്നിട്ടും ശരീര സുഷിരങ്ങളെല്ലാം ചെളിമൂടി അടഞ്ഞിരുന്നതുകൊണ്ടു പ്രാണസ്പന്ദനം സംഭവിച്ചതേയില്ല. ഉള്ളിൽ താൻ വീണ്ടും ഉണ്ടായതായി അദ്ദേഹത്തിനനുഭവപ്പെട്ടു. മനസ്സിന്റെ രൂപം ഹൃദയത്തിൽ തെളിഞ്ഞു. തന്റെ ജന്മാന്തരങ്ങൾ പലതും മനസ്സിൽ പ്രതിഫലിച്ചു. മനോഹരമായ കൈലാസകാനനത്തിൽ കടമ്പുവൃക്ഷത്തിന്റെ ശീതളച്ഛായയിൽ നൂറുകൊല്ലം ജീവന്മുക്തനായി മുനിയായി കഴിഞ്ഞതോർമ വന്നു. ദുഃഖങ്ങളൊന്നുമില്ലാതെ ഒരു നൂറുകൊല്ലം വിദ്യാധരനായി കഴിഞ്ഞു കൂടി. അഞ്ചുയുഗങ്ങളിൽ സുരചാരണന്മാരാൽ അഭിവന്ദിതനായി ഇന്ദ്രപദ വിയിൽ കഴിഞ്ഞുകൂടി. ഒരു കൽപ്പത്തോളം പരമശിവന്റെ ഭൂതഗണങ്ങളി ലൊരാളായി ശിവസേവ നിർവഹിച്ചു. ഉള്ളിൽ സ്വപ്നമെന്നോണം വീതഹ വ്യന് ഇതെല്ലാം അനുഭവപ്പെട്ടു. ഇത്രയുമായപ്പോൾ വീതഹവ്യനാമം ധരിച്ച

digitized by www.sreyas.in

ആ അനന്തമായ മനസ്സ് കഴിഞ്ഞ എല്ലാ ജന്മങ്ങളെക്കുറിച്ചും അറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹിച്ചു. തുടർന്നു, നശിച്ചതും നശിക്കാത്തതുമായ തന്റെ ശരീരങ്ങളെക്കുറിച്ചെല്ലാം അദ്ദേഹത്തിനറിയാൻ കഴിഞ്ഞു. നശിക്കാത്ത വീതഹവ്യദേഹമാണിപ്പോഴുള്ളതെന്നും മനസ്സിലായി. എന്നാൽ ഈ വീതഹവ്യദേഹത്തെ ഒന്നുണർത്തി കണ്ടുകളയാമെന്നും ആഗ്രഹം തോന്നി. പക്ഷെ ചെളിപൊതിഞ്ഞു കട്ടിപിടിച്ചു മൂടിയിരിക്കുന്ന ഈ ദേഹത്തെ എങ്ങനെയുണർത്താനാണ്? ഈ ദേഹത്തെ ഉയിർത്തെഴുന്നേൽപ്പിക്കാനായി ഞാൻ ഭഗവാൻ സൂര്യനെ പ്രാപിച്ചു സഹായമഭ്യർഥിക്കുന്നുണ്ടെന്നു തീരുമാനിച്ചു. സൂര്യന്റെ പാർശ്വവർത്തിയായ പിംഗളനെ അയച്ച് ഈ ദേഹത്തെ ഉദ്ധരിക്കാം. ഇങ്ങനെ തീരുമാനിച്ചു പ്രാണരൂപം ധരിച്ചു വീതഹവ്യൻ ആദിത്യനിലെത്തിച്ചേർന്നു. ഉലയിലെ കാറ്റുപോലെ സൂക്ഷ്മ ശരീരം ധരിച്ച വീതഹവ്യപ്രാണൻ സൂര്യനിൽ കടന്നു. തന്റെ ഉള്ളിലേക്കു കടന്നുവന്ന മുനിനായകനെ സൂര്യൻ തിരിച്ചറിഞ്ഞു. വരവിന്റെ ഉദ്ദേശ്യമെന്തെന്നും മനസ്സിലായി. ഉടൻതന്നെ തന്റെ സമീപത്തു നിന്നിരുന്ന പിംഗളനെ വിളിച്ചു മുനിയുടെ അഭിലാഷം സാധിച്ചുകൊടുക്കാൻ ആജ്ഞാപിച്ചു. സൂര്യദേവന്റെ അനുഗ്രഹത്തോടുകൂടി വീതഹവ്യമനസ്സും പിംഗളന്റെ ഉള്ളിൽ കടന്നിരുന്ന് അദ്ദേഹത്തോടൊപ്പം വിന്ധ്യകാനനഗുഹയിൽ എത്തിച്ചേർന്നു. പിംഗളനും ആകാശം കടന്ന് വള്ളിക്കുടിലുകൾ നിറഞ്ഞു സുന്ദരമായതും കാർമേഘങ്ങൾ കൊണ്ടുനിറഞ്ഞ മഴക്കാലാകാശം പോലെ ശോഭിക്കുന്നതുമായ വിന്ധ്യവനത്തിലെത്തി വിന്ധ്യകാനന ഗുഹയിൽകടന്നു മുനിദേഹം ദർശിച്ചു. കട്ടിപിടിച്ച ചെളിമാറ്റി ശരീരത്തെ പുറത്തെടുത്തു. താമരവളയം പോലെ മൃദുലവും തേജോമയവുമായിരുന്നു മുനിദേഹം. തുടർന്നു മുനിയുടെ സൂക്ഷ്മ ശരീരം ആ ദേഹത്തിനുള്ളിലേക്കു കടന്നു. പിംഗളൻ ആകാശം വഴി തിരിച്ചു സൂര്യനിലേക്കു പോയി. വീതഹവ്യമുനി കുളിക്കാനായി സരസിലേക്കു യാത്രയായി. താമരപ്പൂക്കൾ വിടർന്നു വിളങ്ങിനിന്ന സരസിൽ മഹാമുനി മുങ്ങിക്കുളിച്ചു. കുളിച്ചു, ജപിച്ചു, സൂര്യഭഗവാനെ പൂജിച്ചു. പ്രസന്നമനസ്കനായി പണ്ടേപ്പോലെ കാലം കഴിച്ചു. ഇപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് സമത നിറഞ്ഞ ദിവ്യസ്നേഹത്തോടുകൂടി പരിലസിച്ചു. സത്യബോധം കൊണ്ട് അനന്തശക്തി ആ മനസ്സിന് ലഭ്യമായി. ശുദ്ധമായ അറിവ്, സന്തോഷം, കാരുണ്യം, ഐശ്വര്യം എല്ലാം ആ മനസ്സിന്റെ അഭിന്നാംശങ്ങളായിത്തീർന്നു. എന്നാൽ ആ മനസ്സിന് ഒന്നിനോടും എന്റേതെന്ന സംഗം സംഭവിച്ചതേയില്ല. വിന്ധ്യപർവതത്തിൽ നദീതടത്തിൽ ആനന്ദമഗ്നനായി അങ്ങനെ അദ്ദേഹം ദിവസങ്ങൾ കഴിച്ചുകൂട്ടി. കുറേനാൾ അങ്ങനെ കഴിഞ്ഞിട്ട് മുനി ഒരിക്കൽ മനസ്സിന്റെ സമ്പൂർണമായ ശമം സാധ്യമാക്കാൻ തീരുമാനിച്ചു. സത്യവും അസത്യവുമെന്തെന്നു പൂർണമായി തെളിഞ്ഞു കിട്ടിയ ചിത്തംകൊണ്ട് അദ്ദേഹം ഇങ്ങനെ ആലോചിച്ചു: 'ഇന്ദ്രിയസമൂഹത്തെ പണ്ടേതന്നെ ഞാൻ കീഴടക്കി മാറ്റിനിർത്തിയതാണ്. ഇനിയും അതിനുവേണ്ടി ഒരു വിചാര പരമ്പര അംഗീകരിക്കേണ്ട കാര്യമേയില്ല. ഇനി മനസ്സിന്റെ ഭാവാഭാവാനുഭവങ്ങളെ ഒരു മൃദുവായ ലതയെ പിഴുതെറിയും പോലെ തുടച്ചുമാറ്റിയിട്ട് ഭാവാഭാവാതീതമായ സത്യസ്ഥിതിയെ അവലംബിച്ചു പർവതശിഖരമെന്നപോലെ ഞാൻ ഉറച്ചുനിൽക്കുന്നുണ്ട്. ഉദിച്ചുനിൽക്കുകയാണെങ്കിലും അസ്തമിച്ച പോലെ അസ്തമിച്ചതാണെങ്കിലും ഉദിച്ചുനിൽക്കുംപോലെയുള്ള പൂർണ

digitized by www.sreyas.in

സമരസഭാവം അംഗീകരിച്ച് അത്യന്തനിർമലനായി ഞാൻ നിലകൊള്ളുന്നുണ്ട്. ഉണർന്നവനാണെങ്കിലും ഉറങ്ങുന്നവനായി ഉറങ്ങുന്നവനാണെങ്കിലും ഉണർന്നവനായി ചിത്തവൃത്തികളെയെല്ലാം അടക്കി ദേഹം വീഴുന്നതുവരെ ഞാൻ തുരീയാനുഭവത്തിൽ ഉറച്ചുനിൽക്കുന്നുണ്ട്.' ഇങ്ങനെ ചിന്തിച്ചു ഒരാറുദിവസം വീണ്ടും അദ്ദേഹം തുരീയാനുഭവത്തിൽ മഗ്നനായി കഴിഞ്ഞുകൂടി. ഉറക്കത്തിൽ നിന്നുണർന്ന വഴിയാത്രക്കാരനെപ്പോലെ അദ്ദേഹം വീണ്ടും ഉണർന്നു. അങ്ങനെ വീതഹവ്യൻ മഹാതപസ്സിലൂടെ പരമപദത്തിൽ സിദ്ധനായി ഭവിച്ചു. തുടർന്നു ജീവന്മുക്തനായി ചിരകാലം ലോകരംഗത്തു വിഹരിച്ചു. ഒന്നും വേണമെന്നില്ല, വേണ്ടെന്നില്ല; ഒന്നും കൊടുക്കണമെന്നില്ല; സ്വീകരിക്കണമെന്നില്ല ; അങ്ങനെ വീതഹവ്യന്റെ മനസ്സ് ആഗ്രഹത്തിനും ആഗ്രഹമില്ലായ്മക്കും അപ്പുറം എത്തിനിന്നു.

221. വിദേഹകേവലീഭാവേ സീമാന്തേ ജന്മകർമണാം
സംസാരസംഗസംത്യാഗേ വാഞ്ഛാമാപാതിശായിനീം

ജന്മകർമണാം സീമാന്തേ-ജന്മകർമരൂപമായ സംസാരത്തിന്റെ അങ്ങേയറ്റത്തെ അതിരും; സംസാരസംഗസംത്യാഗേ-സംസാരസംഗം ലേശവും അവശേഷിക്കാത്ത ത്യാഗരൂപവുമായ; വിദേഹകേവലീഭാവേ-ദേഹബോധം പൂർണമായും ഒഴിഞ്ഞു മാറുന്ന ശുദ്ധബോധത്തിന്റെ കൈവല്യാനുഭവത്തിനായി; അതിശായിനീം വാഞ്ഛാം ആപ-അത്യുത്കടമായ ആഗ്രഹം ജനിച്ചു.

ജന്മകർമരൂപമായ സംസാരത്തിന്റെ അങ്ങേയറ്റത്തെ അതിരും സംസാരസംഗം ലേശവും അവശേഷിക്കാത്ത ത്യാഗരൂപവുമായ, ദേഹബോധം പൂർണമായും ഒഴിഞ്ഞുമാറുന്ന ശുദ്ധബോധത്തിന്റെ കൈവല്യാനുഭവത്തിനായി അത്യുത്കടമായ ആഗ്രഹം ജനിച്ചു.

### വാഞ്ഛാമാപാതിശായിനീം

ജീവന്മുക്തനായ വീതഹവ്യന് അത്യുത്കടമായ ആഗ്രഹം ജനിച്ചു. എന്തിന്? ദേഹബോധം പൂർണമായും ഒഴിഞ്ഞുമാറുന്ന കൈവല്യാനുഭവത്തിന്. ഒരു ജീവന്മുക്തന് തൽക്കാലശരീരം ചെയ്തുതീർക്കേണ്ട പ്രാരബ്ധകർമം അവശേഷിക്കുന്നു. കർമം ചെയ്തു പ്രാരബ്ധം ക്ഷയിപ്പിക്കാനായി വറുത്ത വിത്തുപോലെ ഒരു മനസ്സും ജീവഭാവവും അദ്ദേഹത്തിന്റെ ഉള്ളിൽ അവശേഷിക്കുന്നുണ്ടാവും. നിർവികൽപ്പസമാധിയും ബുദ്ധിക്കുകിട്ടുന്ന സത്യാനുഭവത്തിന്റെ ഉറപ്പും കൊണ്ട് സഞ്ചിതകർമവും ആഗാമികർമവും മാത്രമേ ക്ഷയിച്ചുകിട്ടൂ. നേരത്തേ വാസനാരൂപത്തിൽ സഞ്ചയിച്ചിട്ടുള്ള കർമമാണു സഞ്ചിതകർമം. ജ്ഞാനം ദൃഢമാകുന്നതോടെ സഞ്ചിതകർമം തീയിൽ വിറകെന്നപോലെ എരിഞ്ഞുചാമ്പലാകുന്നു. തൽക്കാലകർമങ്ങൾ വാസന സഞ്ചയിക്കാതിരുന്നതുകൊണ്ട് ആഗാമികർമം രൂപം കൊള്ളുന്നില്ല. ഭാവി ജീവിതത്തിനുവേണ്ടി സഞ്ചയിക്കുന്ന വാസനയാണ് ആഗാമികർമ്മം. പ്രാരബ്ധം മാത്രം തത്കാല ശരീരം കർമ്മം ചെയ്തു പൂർണമായും ക്ഷയിപ്പിച്ചെങ്കിലേ പറ്റൂ. അതുകൊണ്ട് ഒരു ജീവന്റെ മാനസിക ചലനങ്ങളും ശരീരചലനങ്ങളും പുറമേ നിന്നു യുക്തികൊണ്ടു വിലയിരുത്താൻ ശ്രമിച്ചിട്ടു കാര്യമില്ല. സമാധ്യനുഭവം കഴിഞ്ഞുണർന്ന വീതഹവ്യൻ എന്തിനു ജപിച്ചു; എന്തിനു പൂജിച്ചു, എന്തിനു വീണ്ടും സമാധിയിൽ മുഴുകി എന്നുള്ളതൊന്നും

digitized by www.sreyas.in

യുക്തികൊണ്ടുത്തരം കാണാവുന്ന ചോദ്യങ്ങളല്ല. അദ്ദേഹത്തിന്റെ ഉള്ളിലെ വറുത്തവിത്തുപോലുള്ള മനസ്സ് എന്തൊക്കെ ആഗ്രഹിച്ചോ ശരീരം അതൊക്കെ ചെയ്തു എന്നേ അതിനുത്തരം ഉള്ളൂ. ജ്ഞാനവാൻപോലും പ്രകൃതിക്കനുസരിച്ചു ചേഷ്ടിക്കുന്നു എന്നല്ലേ ഗീതാകാരൻപോലും പ്രഖ്യാപിക്കുന്നത്. ഒരു ജീവന്മുക്തൻ കുറെയൊക്കെ പ്രകൃതിക്കനുസരിച്ച് ചിന്തിച്ചാലോ പ്രവർത്തിച്ചാലോ ഒന്നും അദ്ദേഹത്തിനൊരു ഹാനിയും വരാനില്ല. അദ്ദേഹം ലേശംപോലും വാസന സഞ്ചയിക്കുന്നതേയില്ല. കർമരംഗത്തു ശരീരം ചലിച്ചുമുന്നേറുന്തോറും വറുത്തവിത്തുപോലുള്ള മനസ്സു കുറേശ്ശെ എരിഞ്ഞു ചാമ്പലാകുന്നു. ദേഹത്തിന്റെ പ്രാരബ്ധം ക്ഷയിക്കുകയും ചെയ്യുന്നു. പ്രാരബ്ധം പൂർണമായും ക്ഷയിക്കുമ്പോൾ വന്നുചേരുന്ന അത്യുത്കടമായ വാഞ്ഛയാണ് വിദേഹകൈവല്യത്തിനുള്ള വാഞ്ഛ. പുരാണങ്ങളിൽ ശ്രീരാമനും ശ്രീകൃഷ്ണനനും മറ്റും അവതാരകാര്യങ്ങൾ നിർവഹിച്ചു കഴിയുമ്പോൾ ബ്രഹ്മാവും മറ്റും വന്നു ദേഹം വിടാറായി എന്നു സൂചന നൽകുന്നത് ഈ അഭിവാഞ്ഛയുടെ പ്രതീകമായി കണക്കാക്കാം.

വസിഷ്ഠൻ തുടർന്നു: 'ഒരു ദിവസം ആ മഹാമുനി ഗിരിഗുഹയിൽ കടന്നിരുന്നു. പദ്മാസനം ബന്ധിച്ചിരിപ്പുറപ്പിച്ച ശേഷം തന്നോടായിത്തന്നെ ഇങ്ങനെ പറഞ്ഞു' രാഗമേ, പൂർണമായി രാഗമില്ലായ്മയിലെത്തിക്കോളൂ; ദ്വേഷമേ, ദ്വേഷമില്ലായ്മയെ അംഗീകരിക്കൂ. നിങ്ങൾ രണ്ടുപേരുമായി വളരെക്കാലം ഞാൻ കളിച്ചുനടന്നു. ലോകസുഖങ്ങളേ, നിങ്ങൾക്കെന്റെ പ്രണാമം. ഞാൻ അനേകം ശതകോടി ജന്മങ്ങളിൽ അച്ഛനമ്മമാരാൽ കുട്ടികളെന്നപോലെ നിങ്ങളാൽ ലാളിക്കപ്പെട്ടു. അതു നിമിത്തം പുണ്യ പൂർണമായ ഈ നിർവാണ പദവിപോലും ഞാൻ മറക്കാൻ ഇടയായി; നിങ്ങൾക്കു നല്ലതു വരട്ടെ; ഞാൻ നിങ്ങളോട് എന്നെന്നേക്കുമായി വിടപറയുന്നു; നമസ്കാരം, നമസ്കാരം. അല്ലയോ ദുഃഖമേ, നീ എന്നെ അതിയായി തപിപ്പിച്ചതു നിമിത്തമാണു ഞാൻ സത്യം അന്വേഷിക്കാൻ ആരംഭിച്ചത്. അതുകൊണ്ട് നീയെന്റെ ഗുരുവാണ്; നിന്റെ ഉപദേശമാണെന്റെ മാർഗം; നിനക്കും എന്റെ പ്രണാമം. എന്റെ കാര്യം കണ്ടു; എന്റെ ചിരകാല സുഹൃത്തായ നിന്നെ ഞാനിതാ കൈവിടുന്നു. എനിക്കാത്മവിജ്ഞാനം നേടിത്തന്നിട്ട് നീ നിന്നെത്തന്നെ നശിപ്പിച്ചു. അമ്മേ, തൃഷ്ണേ, ഞാൻ ശാന്തനായതോടെ അമ്മ ഏകാകിനിയായി ദീനയായി ഉണങ്ങി നശിക്കുന്നല്ലോ; നീ ദുഃഖിക്കൊല്ലാ; അമ്മേ തൃഷ്ണേ, നമസ്ക്കാരം. അല്ലയോ കാമഭഗവൻ, ക്ഷമിക്കണം, അങ്ങേക്കെതിരായി ഞാൻ പലതും പ്രവർത്തിച്ചു; ഞാനിതാ ഉപശമം മാത്രം ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങുന്നു; എനിക്കു മംഗളമാശംസിക്കൂ. പുണ്യമേ, അങ്ങേക്കും നമസ്ക്കാരം. അങ്ങെന്നെ പണ്ട് നരകങ്ങളിൽ നിന്നും കരകയറ്റി സ്വർഗത്തിൽ കൊണ്ടെത്തിച്ചു. എന്തിനേറെ, നിങ്ങളെല്ലാംതന്നെ പണ്ടുപണ്ടേ എന്റെ കൂടെപ്പിറന്ന സുഹൃത്തുക്കളാണ്. ഇന്നു നിങ്ങളൊക്കെ എന്നെ വിട്ടു പോയിരിക്കുന്നു. എന്റെ പ്രാണന്മാരായിരുന്ന നിങ്ങൾക്കൊക്കെ മംഗളം ഭവിക്കട്ടെ. ഞാനിതാ വിട പറയുന്നു.

ഇപ്രകാരം ഉള്ളിൽ ചിന്തിച്ചുറച്ചു മനനമെല്ലാം പൂർണമായും അവസാനിപ്പിച്ചു പ്രണവം ഉച്ചത്തിലുച്ചരിച്ചു മനസ്സിനെ ശുദ്ധാനുഭവസ്ഥാനത്തുകൊണ്ടെത്തിച്ചു. പുറത്തും അകത്തുമുള്ള സ്ഥൂലങ്ങളും സൂക്ഷ്മങ്ങളും സൂക്ഷ്മതരങ്ങളുമായ എല്ലാ സങ്കൽപ്പങ്ങളെയും പുറംതള്ളി. ത്രൈലോക്യത്തേയും

digitized by www.sreyas.in

ആസ്പദമാക്കിയുള്ള സങ്കൽപ്പവികൽപ്പങ്ങളെല്ലാം മാഞ്ഞു മറഞ്ഞു. ഓംകാരോച്ചാരണത്തിന്റെ അവസാനഭാഗം വരെ നീണ്ടുപോകുന്ന നാദതന്തുവിലൂടെ വായു ഗന്ധം ഉപേക്ഷിക്കുന്നതുപോലെ ഇന്ദ്രിയങ്ങളെയും അവയുടെ തന്മാത്രകളെയുമെല്ലാം പുറംതള്ളി.

അനന്തരം ആകാശത്തിലെന്നപോലെ ഒരിരുട്ടനുഭവപ്പെട്ടു; അതിനേയും പുറത്താക്കി; ഒരു ജ്ഞാനി തന്റെ ഉള്ളിലേക്കു കടക്കാൻ ശ്രമിക്കുന്ന കോപലവത്തെ പുറത്താക്കുന്നതുപോലെ; തുടർന്ന് അരനിമിഷത്തേക്ക് ഒരു തേജോരൂപം കാണപ്പെട്ടു. വിചാരംചെയ്തു അതിനേയും ഒഴിവാക്കി. അപ്പോൾ ഇരുട്ടുമല്ല വെളിച്ചവുമല്ലാത്ത അനുഭവം; എങ്കിലും മനസ്സിന്റെ ലേശം ബാക്കി നിൽക്കുന്നോ എന്നൊരു സംശയം, നിമിഷം കൊണ്ട് ആ സംശയത്തേയും ഉപേക്ഷിച്ചു. തുടർന്ന് അത്യന്തനിർമലമായ സ്വരൂപബോധം അനുഭവിക്കാറായി. പുറന്തള്ളാവുന്ന എല്ലാറ്റിനേയും ഏതു ബോധമാണോ പുറംതള്ളിയത് ആ ബോധം; തനിക്കു തന്നെ മാത്രം പുറന്തള്ളാൻ കഴിയുകയില്ല എന്നു വ്യക്തമായി തെളിഞ്ഞ സ്വരൂപബോധം. അപ്പോൾ പെറ്റുവീണ കുട്ടിയെപ്പോലെ വാസനകളൊന്നുമില്ലാത്ത സ്വരൂപബോധം. കാൽനിമിഷകാലം കൊണ്ട് ബോധത്തിനു വന്നുചേരാവുന്ന സങ്കൽപ്പാങ്കുരത്തെ വായു സ്പന്ദശക്തിയെയെന്ന പോലെ തടഞ്ഞു സ്വരൂപാനുഭവത്തിൽ ഉറപ്പുനേടി. സ്വാനുഭവരൂപത്തിലുള്ള സാമാന്യസത്തയായി നിലകൊണ്ടു. ഉണർന്നിരിക്കുന്ന ഉറക്കത്തിന്റെ അനുഭവം നേടി പർവതംപോലെ ചലനമറ്റു സ്ഥിതിചെയ്തു. തുരീയാനുഭവത്തിൽ വ്യതിചലനമില്ലാതെ ഉറച്ചു.

222. നിരാനന്ദോപിസാനന്ദഃ സച്ചാസച്ചാപിതത്രസഃ
അചിന്മയശ്ചിന്മയശ്ചനേതിനേതിയദുച്യതേ.

നിരാനന്ദഃ അപിസാനന്ദ-ആനന്ദമില്ലാത്തതാണെങ്കിലും ആനന്ദമുള്ളതാണ്; സത്ച അസത്ച അപി-സത്തുമാണ് അസത്തുമാണ്; അചിന്മയഃ ചിന്മയഃ ച-ബോധമയനല്ല എന്നാൽ ബോധമയനാണ്; യത്നഇതിനഇതി ഉച്യതേ-ഏത് ഇതല്ല, ഇതല്ല എന്നു തള്ളിനീക്കി പറയപ്പെടുന്നുവോ; തത്രസഃ-അവിടെ വെളിപ്പെടുന്ന സത്യം.

ആനന്ദമില്ലാത്തതെങ്കിലും ആനന്ദമുള്ളതാണ്; സത്തുമാണ് അസത്തുമാണ്; ബോധമയനല്ല എന്നാൽ ബോധമയനാണ്. ഏത് ഇതല്ല ഇതല്ല എന്നു തള്ളിനീക്കി പറയപ്പെടുന്നുവോ അവിടെ വെളിപ്പെടുന്ന സത്യം കണ്ടെത്തി.

**നേതിനേതി യദുച്യതേ**

പരമസത്യം കണ്ടെത്താൻ ഉപനിഷത്തു നിർദ്ദേശിക്കുന്ന മാർഗമാണ് 'നേതിനേതി' പ്രക്രിയ, 'നഇതി' എന്നതിന് 'അല്ല എന്ന്' എന്നാണർഥം. ഉള്ളിൽനിന്നും പുറന്തള്ളാവുന്നതിനെ എല്ലാം ഇതു സത്യം 'അല്ല എന്ന്' പറഞ്ഞു പുറംതള്ളുന്നു. ഇങ്ങനെ എല്ലാം പുറന്തള്ളപ്പെട്ടാൽ പിന്നെ എന്തു ശേഷിക്കും. എല്ലാറ്റിനേയും സത്യമല്ലെന്നുപറഞ്ഞു പുറന്തള്ളിയ സ്വരൂപബോധം ശേഷിക്കും. ആ സ്വരൂപബോധം തന്നെയാണ് പരമസത്യം. പുറംതള്ളിയ സ്വരൂപബോധത്തിനു സ്വയം അതിനെ പുറംതള്ളാൻ സാധ്യമല്ലല്ലോ. ഇങ്ങനെ ഉള്ളിൽ സ്വയം തെളിയുന്ന ശുദ്ധബോധത്തിനു പിന്നെ തന്റെ ദേഹഭാഗങ്ങളെയും സത്യമല്ലെന്നു തള്ളിപ്പറയാൻ പ്രയാസമില്ല. ഞാൻ ദേഹമല്ല ഇന്ദ്രിയങ്ങളല്ല, ഞാൻ മനസ്സല്ല, പ്രാണനല്ല എന്നിങ്ങനെ ഏകാഗ്രബു

digitized by www.sreyas.in

ദ്ധികൊണ്ട് അനിത്യ ഘടകങ്ങളെ തന്റെ വ്യക്തിത്വത്തിൽ നിന്നും മാറ്റിനിറുത്തുന്നതും 'നേതിനേതി' പ്രക്രിയതന്നെ. വീതഹവ്യൻ തന്റെ മനനക്രമത്തിൽ ഈ 'നേതിനേതി' പ്രക്രിയ എങ്ങനെ അവസാനം വരെ നടപ്പാക്കിയെന്നു ശ്രദ്ധയോടെ പരിശോധിക്കേണ്ടതാണ്.

വസിഷ്ഠൻ തുടർന്നു: വീതഹവ്യൻ നേതിനേതി പ്രക്രിയയിലൂടെ ചെന്നെത്തിയ സ്വരൂപാനുഭവം വാക്കുകൾകൊണ്ടു വിവരിക്കാവുന്നതല്ല. ഇക്കാര്യം വ്യക്തമാക്കാനാണ് അതാനന്ദമില്ലാത്തതാണെങ്കിലും ആനന്ദമുള്ളതാണ് എന്നും മറ്റും പരസ്പരവിരുദ്ധങ്ങളെന്നു തോന്നാവുന്ന വിവരണങ്ങൾ നൽകുന്നത്. ശൂന്യവാദികൾ അതിനെ ശൂന്യമെന്നു വിളിക്കുന്നു. ബ്രഹ്മനിഷ്ഠന്മാർക്ക് അതു ബ്രഹ്മമാണ്. വിജ്ഞാനവാദികൾക്കു ശുദ്ധമായ വിജ്ഞാനം. സാംഖ്യന്മാർക്കു പുരുഷൻ. യോഗികൾക്ക് ഈശ്വരൻ. ശൈവന്മാർക്കു ശിവൻ. കാലമാണെല്ലാമെന്നു വാദിക്കുന്നവർക്കുകാലം. ആത്മാവെന്നറിയുന്നവർക്ക് ആത്മാവ്. ആത്മാവില്ലെന്നു വാദിക്കുന്നവർക്കു നൈരാത്മ്യം. മാധ്യമികന്മാർക്കു മധ്യം. സമബുദ്ധികൾക്ക് അതുതന്നെ സർവവും. പേരുകൾ മാറുന്നുവേന്നേയുള്ളു. എല്ലാ ശാസ്ത്രങ്ങളുടെയും സിദ്ധാന്തം ആ സത്യം തന്നെ. അതെല്ലാവരുടെയും ഹൃദയത്തിൽ ചിദ്രൂപമായി സ്ഥിതിചെയ്യുന്നു. എല്ലാം അതുതന്നെ; എല്ലായിടത്തും അതുതന്നെ. എന്തെന്തൊക്കെയുണ്ടോ അതൊക്കെയായി അതു നിലകൊള്ളുന്നു. ഒരു സത്യമുണ്ടെങ്കിൽ അതല്ലാതെ മറ്റൊന്നും ഉണ്ടായിരിക്കാനേ വയ്യ.

223. യദനുത്തമനിഷ്പന്ദംദീപകംതേജസാമപി

സ്വാനുഭൂത്യേകമാനംചയത്തത്തത്സദസൗസ്ഥിതഃ

മേൽ വിവരിച്ച അഭിപ്രായഭേദങ്ങളൊക്കെ അനുഭവമാണല്ലോ. അനുഭവത്തിനാസ്പദമായ അന്തിമ വസ്തുവേത്; അതുതന്നെ സത്യം. അതാണു ബോധം. ഉത്തമോത്തമമായ സത്യം അതുതന്നെ. അതു നിശ്ചലമാണ്. എല്ലാ വെളിച്ചങ്ങൾക്കും വെളിച്ചമാണ്. അവനവന്റെ അനുഭവത്തിൽ നിന്ന് ആർക്കും അതിനെ തിരിച്ചറിയാവുന്നതാണ്. എന്തെന്തൊക്കെ എന്തെന്തൊക്കെയായി കാണപ്പെടുന്നുവോ എല്ലാം അതുതന്നെ. അതൊന്നാണ് അനേകവുമാണ്. കളങ്കമുള്ളതും കളങ്കമില്ലാത്തതും അതുതന്നെ. എല്ലാമതുതന്നെ; എന്നാലതൊന്നുമല്ലതാനും. അതെല്ലാമെല്ലാമായി സ്ഥിതിചെയ്യുന്നു. അതു ജനിക്കാത്തത്, മരിക്കാത്തത് ആദിയില്ലാത്തത്, എല്ലാറ്റിന്റെയും ആദിയായി വർത്തിക്കുന്നത്; ഒന്നേ ഒന്ന്. അതു പരമപരിശുദ്ധമാണ്; സൃഷ്ടിക്കുന്നതും സൃഷ്ടിക്കാത്തതുമാണ്. ആകാശം പോലെ നിറഞ്ഞു നിൽക്കുന്നത് ആകാശത്തെയും കവിഞ്ഞു നിൽക്കുന്ന ഈശ്വരസ്വരൂപി.

വീതഹവ്യൻ ഇങ്ങനെ മുപ്പതിനായിരം കൊല്ലം ശുദ്ധബോധസ്വരൂപനായി വർത്തിച്ചശേഷം ഇനിയൊരിക്കലും തിരിച്ചുവരാത്തവണ്ണം നിർവാണമടഞ്ഞു.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപശമപ്രകരണേ*
*വീതഹവ്യോപാഖ്യാനം നാമ*
*നവമഃ സർഗഃ*

digitized by www.sreyas.in

സർഗം. 10

# ആകാശഗത്യഭാവാദി നിരൂപണം

രാമൻ ചോദിച്ചു: 'ആത്മനിഷ്ഠന്മാരിൽ ശ്രേഷ്ഠനായ അല്ലയോ മഹാമുനേ, ജീവന്മുക്തന്മാരുടെ ശരീരത്തിന് ആകാശഗമനാദി അത്ഭുത സിദ്ധികളൊന്നും കാണുന്നില്ലല്ലോ; അതെന്തുകൊണ്ടാണ്?'

വസിഷ്ഠൻ പറഞ്ഞു: അല്ലയോ രാമ, ആത്മജ്ഞാനത്തിനും സിദ്ധികൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. ആകാശഗമനാദി സിദ്ധികൾ നേടാൻ ആത്മജ്ഞാനം വേണമെന്നില്ല; മുക്തനാകണമെന്നുമില്ല. ദ്രവ്യശക്തി, മന്ത്രശക്തി, ക്രിയാശക്തി, കാലശക്തി എന്നിവയെ ആശ്രയിച്ച് സിദ്ധികൾ ആർക്കും നേടാവുന്നതേയുള്ളൂ.

224. നാത്മജ്ഞസ്യൈഷവിഷയആത്മജ്ഞോഹ്യാത്മദൃക്സ്വയം
ആത്മനാത്മനിസന്തുഷ്ടോനാവിദ്യാമനുധാവതി.

ആത്മജ്ഞാനിക്കു സിദ്ധികളിൽ താൽപ്പര്യമില്ല. സിദ്ധികൾ ഭൗതിക തലത്തിലെ അവിദ്യാകാര്യങ്ങളാണ്. ആത്മജ്ഞാനി ആത്മരൂപമായ സത്യം വ്യക്തമായിക്കണ്ട് ആത്മാനന്ദം സ്വയം അനുഭവിക്കുന്നയാളാണ്. ആത്മാവുകൊണ്ട് ആത്മാവിൽതന്നെ സദാ സന്തുഷ്ടനും സംതൃപ്തനും ആയിക്കഴിയുന്നു. അങ്ങനെയുള്ള ആത്മനിഷ്ഠൻ ഭൗതികതലത്തിലെ അവിദ്യാകാര്യങ്ങളായ സിദ്ധികളുടെ പിന്നാലെ ഒരിക്കലും പറ്റിക്കൂടാറില്ല, ആത്മനിഷ്ഠൻ എല്ലാ ജഡപ്രതിഭാസങ്ങൾക്കുമപ്പുറത്ത് ബോധസത്യത്തെ കണ്ടെത്തി അതായി വർത്തിക്കുന്നയാളാണ്. ആനന്ദസ്വരൂപമായ ആത്മാവിൽ അദ്ദേഹം പൂർണസന്തോഷം കണ്ടെത്തുന്നു. അതുകൊണ്ട് സന്തോഷത്തിനായി ഒന്നും ചെയ്യുന്നില്ല; ഒന്നും ആഗ്രഹിക്കുന്നുമില്ല.

225. യേകേചനജഗദ്ഭാവാസ്താനവിദ്യമയാൻ വിദുഃ
കഥംതേഷുകിലാത്മജ്ഞസ്ത്യക്താവിദ്യോനിമജ്ജതി

സിദ്ധികളെല്ലാം ജഡഭൗതിക കാര്യങ്ങളാണ്. മായാമയമായ ജഗത്തിനകത്തുള്ള കാര്യങ്ങളാണ്. ജഗത്തിനകത്തുള്ള ആകാശ ഗമനാദി സിദ്ധികൾ തികച്ചും മായാമയങ്ങളാണ്. അവിദ്യയെ പാടെ ഒഴിച്ചുമാറ്റിയ ആത്മനിഷ്ഠൻ എങ്ങനെയാണീ മായാകാര്യങ്ങളുടെ പിന്നാലേ പോവുക. ആത്മജ്ഞാനത്തിന്റെ വഴിയല്ല സിദ്ധികളുടെ വഴി. സിദ്ധികൾ നേടാൻ പ്രത്യേകതരം അനുഷ്ഠാനങ്ങളാണ് വേണ്ടത്. ആത്മജ്ഞാനിപോലും സിദ്ധികൾ വേണമെന്നാഗ്രഹിച്ചാൽ ആ പ്രത്യേകതരം അനുഷ്ഠാനങ്ങളിൽ സദാ ജാഗരൂകനായി വർത്തിക്കേണ്ടിവരും സിദ്ധികൾ സാധിപ്പിക്കുന്ന ദ്രവ്യങ്ങൾ നേടാനും പരിശ്രമങ്ങൾ തുടരാനും അവ നിലനിർത്താനുള്ള ക്ലേശങ്ങളിൽ സദാ മുഴുകാനും ഇടയാകും.

226. ദ്രവ്യമന്ത്രക്രിയാ കാലശക്തയഃ സാധു സിദ്ധിദാഃ
പരമാത്മപദ പ്രാപ്തൗനോപകുർവന്തികാശ്ചന

digitized by www.sreyas.in

ദ്രവ്യമന്ത്രക്രിയാകാലശക്തയഃ-ദ്രവ്യശക്തി, മന്ത്രശക്തി, ക്രിയാശക്തി, കാല ശക്തി എന്നീ ശക്തികൾ; സാധു സിദ്ധിദാഃ-വേണ്ട പോലെ സിദ്ധികൾ നേടിത്തരുന്നവയാണ്; കാശ്ചന-എന്നാൽ അവയൊന്നും; പരമാത്മപദ പ്രാപ്തൗ-പരമാത്മ പദത്തിലെത്തിച്ചേരുന്നതിന്; നഉപകുർവന്തി-ഉപക രിക്കുന്നതേയില്ല.

ദ്രവ്യശക്തി, മന്ത്രശക്തി, ക്രിയാശക്തി, കാലശക്തി എന്നീ ശക്തികൾ വേണ്ടപോലെ സിദ്ധികൾ നേടിത്തരുന്നവയാണ്. എന്നാൽ അവയൊന്നും പരമാത്മപദത്തിലെത്തിച്ചേരുന്നതിനു ഉപകരിക്കുന്നതേയില്ല.

**പരമാത്മപദപ്രാപ്തൗനോവകുർവന്തി**

സാധാരണക്കാർക്ക് അസാദ്ധ്യമെന്നു തോന്നാവുന്ന ഭൗതികകാര്യമാണു സിദ്ധി. സാധാരണക്കാർക്കെന്നല്ല അസാധാരണക്കാർക്കു പോലും അസാ ദ്ധ്യമെന്നു തോന്നാവുന്ന ഈശ്വരസിദ്ധിയാണു ജഗത്ത്. മനുഷ്യർക്ക് അസാ ധാരണ സിദ്ധികൾ നേടിക്കൊടുക്കുന്ന ശക്തികളാണ് ദ്രവ്യശക്തി, മന്ത്ര ശക്തി, ക്രിയാശക്തി, കാലശക്തി എന്നിവ. മനുഷ്യന് ഇന്നാകാശത്തു കൂടി പറക്കാൻ കഴിയും ഗോളാന്തരങ്ങളിൽ ചെന്നെത്താൻ കഴിയും; ഇതൊക്കെ അത്ഭുതസിദ്ധികളാണ്. പലതരം ദ്രവ്യങ്ങൾ കൊണ്ടു വിമാനങ്ങളും ആകാ ശപേടകങ്ങളുമൊക്കെനിർമിച്ചാണീസിദ്ധികൾ കൈവരിച്ചത്. ഇതുപോലെ ഇന്നു ഭൗതികശാസ്ത്രം നേടിയിട്ടുള്ള അനേകസിദ്ധികൾ. ഇവയെല്ലാം ദ്രവ്യ ശക്തി കൊണ്ടുനേടുന്ന സിദ്ധികളാണ്. ചില ദിവ്യമന്ത്രങ്ങൾ ലക്ഷം ഉരു, പത്തുലക്ഷം ഉരു ഒക്കെ ജപിച്ചുറപ്പിക്കുമ്പോൾ വ്യക്തികൾക്ക് ചില അസാ ധാരണ കഴിവുകൾ വന്നുചേരാറുണ്ട്. അവയൊക്കെ മന്ത്രശക്തി കൊണ്ടു വന്നു ചേരുന്ന സിദ്ധികളാണ്. പലതരം ദേവതകളെ ഉപാസിച്ചും ചില പ്രത്യേകതരം തപസ്സുകളനുഷ്ഠിച്ചും പലരും പല സിദ്ധികളും നേടാറുണ്ട്. ക്രിയാശക്തികൊണ്ടു നേടുന്ന സിദ്ധികളാണിവയൊക്കെ. പതഞ്ജലിയുടെ യോഗസൂത്രത്തിലെ 'സിദ്ധിപാദ'മെന്ന അധ്യായത്തിൽ ഇത്തരം ക്രിയാശ ക്തികളെ വേണ്ടുവോളം വിവരിച്ചിട്ടുണ്ട്. സൂര്യനിൽ മനസ്സേകാഗ്രപ്പെടുത്തി സംയമിച്ചാൽ ഭുവനത്തെക്കുറിച്ചുള്ള പൂർണജ്ഞാനം സാധ്യമാകും. അവ നവന്റെ സംസ്കാരത്തിൽ മനസ്സേകാഗ്രപ്പെടുത്തി സംയമിച്ചാൽ പൂർവ ജന്മ ങ്ങളൊക്കെ അറിയാൻ കഴിയും; ഇങ്ങനെ പലതും. അണിമ, മഹിമ, ലഘിമ, ഗരിമ, ഈശിത്വം, വശിത്വം, പ്രാപ്യം, പ്രകാശ്യം എന്നീ അഷ്ടൈശ്വര്യ സിദ്ധി കളുൾപ്പെടെ പലതും ക്രിയാശക്തികൊണ്ടു നേടിയെടുക്കാവുന്നതേയുള്ളൂ. ഉത്കടങ്ങളായ ആഗ്രഹങ്ങൾ ജന്മാന്തരങ്ങളിൽ ഫലപ്രദങ്ങളാകുന്നതും മറ്റു മാണ് കാലശക്തികൊണ്ടു നേടാവുന്ന സിദ്ധികൾ. ജന്മനാ തന്നെ പലരും പല അദ്ഭുതങ്ങളായ കഴിവുകളോടുകൂടി വന്നു ജനിക്കുന്നതായി കാണാ റുണ്ടല്ലോ. പൂർവജന്മത്തിലെ കടുത്ത ആഗ്രഹങ്ങൾ സിദ്ധികളായി ഫലി ക്കുന്നതാണവയൊക്കെ. എന്നാൽ ഈ സിദ്ധികളെല്ലാം ഇങ്ങനെ ഉണ്ടാക്കി എടുക്കാവുന്നവയും നഷ്ടപ്പെട്ടു പോകാവുന്നവയുമായ ഭൗതിക കാര്യങ്ങ ളാണ്. സിദ്ധികളെല്ലാം കർമ മണ്ഡലത്തിലൊതുങ്ങുന്ന മായാകാര്യങ്ങളാ ണെന്നു താൽപ്പര്യം. ശാശ്വതമായ ഒന്നും അവയിൽ നിന്നു കിട്ടാനില്ല. ആത്മാന്വേഷണമാകട്ടെ ഭൗതിക സങ്കൽപ്പങ്ങളെയൊക്കെയകറ്റി മായ യ്ക്കപ്പുറം നിത്യമുക്തമായി വിളങ്ങുന്ന ബോധസ്വരൂപം കണ്ടെത്തലാണ്. കർമ സങ്കൽപ്പമയങ്ങളായ സിദ്ധികൾ അതിനുപകരിക്കയില്ലെന്നു മാത്രമല്ല

digitized by www.sreyas.in

തടസ്സമായിത്തീരുകയും ചെയ്യും.

വസിഷ്ഠൻ തുടർന്നു: 'ആത്മാനുഭവം നേടി പൂർണനായി വർത്തിക്കുന്ന ജീവന്മുക്തനു ലൗകികമായ യാതൊരിച്ഛയും ബാക്കിയില്ല. ലൗകികമായ ഇച്ഛ എന്തെങ്കിലുമുള്ളവർക്കേ സിദ്ധി സാധിക്കേണ്ടതായുള്ളൂ.

227. സർവേച്ഛാജാലസംശാന്താവാത്മലാഭോദയോഹിയഃ
സകഥം സിദ്ധിവാഞ്ഛരായാം മഗ്നചിത്തേനലഭ്യതേ

ലൗകികാശകളെല്ലാം വിട്ടുമാറുമ്പോൾ സ്വയം ഉദയം ചെയ്യുന്നതാണ് ആത്മലാഭം. സിദ്ധി നേടണമെന്നുള്ള ആശയിൽ മുങ്ങിക്കിടക്കുന്ന ചിത്തത്തിന് അതെങ്ങനെ സാധ്യമാകും.

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'ബ്രഹ്മനിഷ്ഠയിൽ ഉറപ്പുവന്ന അല്ലയോ മുനേ, പല യോഗിമാരും വളരെക്കാലം ജീവിച്ചിരിക്കുന്നതായിക്കാണുന്നുണ്ടല്ലോ. ഇതെങ്ങനെ? പറഞ്ഞുതന്നാലും?

വസിഷ്ഠൻ പറഞ്ഞു: 'പ്രാണസ്പന്ദനവും ചിത്തവൃത്തിയുമാണല്ലോ ശരീരത്തെ കർമബഹുലമാക്കി ജീർണിപ്പിക്കുന്നത്. പ്രാണന്റെ സ്പന്ദനഗതി നിയന്ത്രിക്കപ്പെട്ടാൽ യോഗിയുടെ ശരീരം പാറപോലെ ഉറപ്പുള്ളതായിത്തീരുന്നു. അങ്ങനെ പ്രാണനിരോധം കൊണ്ട് ചിത്തത്തെ അചഞ്ചലമാക്കുന്ന യോഗിയുടെ ദേഹം വളരെക്കാലം നശിക്കാതെ തുടരാൻ ഇടവരുന്നു. അകത്തായാലും പുറത്തായാലും പ്രാണസ്പന്ദനവും ചിത്തസ്പന്ദനവും ആർക്കു നിയന്ത്രിതങ്ങളാണോ അവരുടെ ദേഹത്തിനു വികാരക്ഷയങ്ങൾ എളുപ്പം സംഭവിക്കുന്നില്ല. അകത്തും പുറത്തും പ്രാണസ്പന്ദനവും ചിത്തസ്പന്ദനവും ശമിച്ചാൽ ശരീരത്തിലെ ധാതുക്കൾ അവയുടെ സ്ഥിതിയിൽ മാറ്റം വരാതെ തുടരും. അതുകൊണ്ടും ചിരകാലജീവിതം സാധ്യമാകും. അറിയേണ്ടതറിഞ്ഞവരും രാഗദ്വേഷങ്ങൾ ശമിച്ചവരുമായ ആത്മനിഷ്ഠന്മാർ സംസാരബന്ധങ്ങളറ്റു ദേഹത്തിൽ ദേഹബന്ധമില്ലാതെ സ്വതന്ത്രരായി വർത്തിക്കുന്നു എന്നു കാണേണ്ടതാണ്.

രാമൻ ചോദിച്ചു: 'ഭഗവൻ, ഇനിയും ഒരു സംശയം, ആത്മജ്ഞാനം തെളിഞ്ഞു; ചിത്തം ഉപശമിച്ചു. അങ്ങനെയുള്ള മുനിക്ക് മൈത്രി, കരുണ തുടങ്ങിയ ഗുണങ്ങൾ പിന്നെ എവിടെയാണുണ്ടാകുന്നത്?

വസിഷ്ഠൻ മറുപടി നൽകി: 'രാമാ, ചിത്തനാശം രണ്ടുവിധമാണ്, സരൂപമെന്നും അരൂപമെന്നും. രൂപം നിലനിറുത്തിക്കൊണ്ടു ചിത്തം നശിക്കുന്നതാണു സരൂപചിത്തനാശം. വറുത്ത വിത്തുപോലെ. വറുത്ത വിത്തിൽ വാസ്തവത്തിൽ വിത്തു നശിച്ചിരിക്കുന്നു. എന്തുകൊണ്ട്? അതുപിന്നെ മുളയ്ക്കുകയില്ലല്ലോ. എന്നാൽ വിത്തിന്റെ രൂപം നഷ്ടപ്പെട്ടിട്ടുമില്ല. അതുകൊണ്ടുവേണമെങ്കിൽ ആ വിത്തു പാചകം ചെയ്തു വിശപ്പടക്കാൻ തടസ്സമില്ല. ജീവന്മുക്തനിലെ ചിത്തനാശം ഇങ്ങനെയുള്ള സരൂപചിത്തനാശമാണ്. ശരീരപ്രാരബ്ധം ക്ഷയിപ്പിക്കാൻ അതു സഹായിക്കുന്നു; എന്നാൽ ഭാവി ജന്മങ്ങൾക്കുള്ള വാസന സഞ്ചയിക്കുന്നുമില്ല. ദേഹം വിട്ടുപോകുന്നതോടെ ചിത്തത്തിന്റെ രൂപവും നശിക്കുന്നു. അങ്ങനെ വിദേഹമുക്തന്റെ ചിത്തനാശമാണ് അരൂപ ചിത്തനാശം.

228. ചിത്ത സത്തേഹദുഃഖമായ ചിത്തനാശഃ സുഖായതു
ചിത്തസത്താംക്ഷയം നീത്വാ ചിത്തനാശമുപാനയേത്.

digitized by www.sreyas.in

ചിത്തം ചിത്തമായി സ്ഥിതിചെയ്യുന്നതാണു ദുഃഖം. ചിത്തം ചിത്തമല്ലാതായിത്തീരുന്നതു സുഖം. അതുകൊണ്ട് ചിത്തത്തെ ചിത്തമല്ലാതാക്കി അതിന്റെ സരൂപനാശം സാധ്യമാക്കേണ്ടതാണ്. മായ ഉണ്ടാക്കിക്കാണിക്കുന്ന സത്ത്വരജസ്തമോരൂപങ്ങളായ ജഡ ദൃശ്യങ്ങളിൽ എന്റേതെന്ന ഭാവം വന്നു ചേരുന്നതാണു ചിത്തം. തത്ത്വബോധമില്ലാത്ത ജീവനെ അതു ദുഃഖത്തിലാഴ്ത്തുന്നു. ഇങ്ങനെ ദുഃഖിക്കുന്നതാണു ജീവസ്വഭാവം. ഞാൻ സുഖിയാണ്, ഞാൻ ദുഃഖിയാണ് എന്നിങ്ങനെ ആപേക്ഷിക സുഖദുഃഖങ്ങളിൽ ദൃഢമായി അഭിമാനിച്ചുറയ്ക്കുന്ന ജീവന്റെ മനസ്സ് സംസാരവൃക്ഷത്തെ സദാ വളമിട്ടു വളർത്തിക്കൊണ്ടേയിരിക്കുന്നു. രാമാ, ചിത്തമുണ്ടെന്നു തോന്നുന്നതു വെറും മായയാണ്. അതിന്റെ നാശമെങ്ങനെയെന്നു ഞാൻ വിവരിക്കാം; കേട്ടോളൂ-

229. സുഖദുഃഖദശാ ധീരം സാമ്യാന്നപ്രോദ്ധരന്തിയം
നിശ്വാസാ ഇവശൈലേന്ദ്രം ചിത്തം തസ്യമൃതം വിദുഃ

സുഖദുഃഖദശാഃ-മാറിമാറിവരുന്ന സുഖദുഃഖാനുഭവങ്ങൾ; സാമ്യാത് - സത്യാനുഭവം കൊണ്ടു ചിത്തം സമനില പ്രാപിച്ചതുനിമിത്തം; യംധീരം - ഏതൊരാത്മനിഷ്ഠനെ; നിശ്വാസാശൈലേന്ദ്രം ഇവ - ചെറുനിശ്വാസങ്ങൾ പർവ്വതത്തെയെന്ന പോലെ; നപ്രോദ്ധരന്തി-ഇളക്കിമറിക്കുന്നില്ലയോ; തസ്യചിത്തം-ആധീരന്റെ ചിത്തം; മൃതംവിദുഃ-മരിച്ചതാണെന്നു കണക്കാക്കപ്പെടുന്നു.

മാറിമാറിവരുന്ന സുഖദുഃഖാനുഭവങ്ങൾ സത്യാനുഭവംകൊണ്ടു ചിത്തം സമനില പ്രാപിച്ചതു നിമിത്തം ഏതൊരാത്മനിഷ്ഠനെ ചെറുനിശ്വാസങ്ങൾ പർവതത്തെയെന്നപോലെ ഇളക്കിമറിക്കുന്നില്ലയോ ആ ധീരന്റെ ചിത്തം മരിച്ചതാണെന്നു കണക്കാക്കപ്പെടുന്നു.

**തസ്യചിത്തംമൃതംവിദുഃ**

എന്താണ് ചിത്തനാശം? സമനില പ്രാപിക്കലാണ് ചിത്തനാശം. ഇതെങ്ങനെ സാധിക്കും. ബോധസത്യം മാത്രമേ ഇവിടെ നിലവിലുള്ളൂ എന്ന് ഉറപ്പായ അദ്വൈതബോധംകൊണ്ട് സാധിക്കും. ഈ അദ്വൈതബോധം എങ്ങനെ ഉറപ്പിക്കാം? അതിനുള്ള ഉത്തമമായ സാധനയാണു തിതിക്ഷ. ഭൗതികജഡപ്രപഞ്ചം വിരുദ്ധാനുഭവങ്ങളുടെ ഒരു പ്രവാഹമാണ്. ശീതം, ഉഷ്ണം; സുഖം, ദുഃഖം, മാനം, അപമാനം, ലാഭം, നഷ്ടം എന്നിങ്ങനെ മാറിമാറിവരുന്ന ദ്വന്ദ്വാനുഭവങ്ങൾ ഏതു ചക്രവർത്തിക്കും നേരിട്ടേ പറ്റൂ. ഈ വസ്തുസ്ഥിതി ധരിച്ച് സുഖത്തിൽ തുള്ളിച്ചാടി അഹങ്കരിക്കുകയോ ദുഃഖത്തിൽ കണ്ണുനീർവാർത്തു കരയുകയോ ചെയ്യാതെ ചിത്തത്തെ സമനില അഭ്യസിപ്പിക്കുന്നതാണു യോഗം. ഇതിനുപകരിക്കുന്ന ഒരു സാധനയാണു തിതിക്ഷ. അപരിഹാര്യങ്ങളായ ദുഃഖങ്ങളെ ചിന്തയോ വിലാപമോ കൂടാതെ ധീരമായി സഹിക്കുകയാണു തിതിക്ഷ. തിതിക്ഷ ചിത്തത്തിനു സമനിലവളർത്തും. സമനില ഉറപ്പുവന്ന ചിത്തം അമൃതസത്യം അനുഭവിച്ചു ധന്യമാകും. അത്തരം ചിത്തം ഉണ്ടെങ്കിലും നശിച്ചതായി കണക്കാക്കാം.

വസിഷ്ഠൻ തുടർന്നു: ആപത്തുകൾ, ദാരിദ്ര്യം, സമ്പത്തുകൾ, വ്യാകുലത, മഹോത്സവം ഇങ്ങനെ മാറിമാറിവരുന്ന സംഭവങ്ങൾ ആരുടെ ചിത്തത്തെ സന്തോഷരൂപത്തിലോ സന്താപരൂപത്തിലോ ക്ഷോഭിപ്പിക്കുന്നില്ലയോ ആ ചിത്തം ചിത്തമല്ലാതായിത്തീർന്നു എന്നു കരുതാം. ആ ചിത്തം ആത്മാനന്ദം

digitized by www.sreyas.in

അനുഭവിക്കാൻ പാകപ്പെട്ടതാണ്. രാമാ, മനസ്സിന്റെ ക്ഷോഭമാണ് മൂഢത. ആ മനസ്സ് നശിക്കുന്നതാണു ചിത്തനാശം. ക്ഷോഭിക്കാതെ സമനിലയിൽ ഉറയ്ക്കുന്ന മനസ്സ് ആത്മസ്വരൂപം പ്രാപിക്കുന്നു; ഇതാണു നിയമം. ആ മനസ്സിന് മൈത്ര്യാദിഗുണവാസനകൾ എത്രവേണമോ പ്രകടമാക്കാം. അതവ സഞ്ചയിക്കയില്ല; അതുകൊണ്ട് ജനനമരണാത്മകമായ സംസാരഭ്രമത്തിന് കാരണമാകുന്നില്ല. അങ്ങനെയുള്ളതാണ് ജീവന്മുക്തന്റെ ചിത്തം.

230. സരൂപോ*f*സൗമനോനാശോ ജീവന്മുക്തസ്യതത്രഹി
വസന്ത ഇവ മഞ്ജര്യോ ഭ്രാന്തിമൈത്ര്യാദയോഗുണാഃ

ജീവന്മുക്തനിൽ സരൂപമായ ഈ ചിത്തനാശം സംഭവിക്കുന്നു. അവിടെ സ്വപ്നത്തിലെന്നപോലെ മൈത്ര്യാദിഗുണങ്ങൾ തങ്ങിനിൽക്കുന്നത് വസന്തത്തിൽ പൂങ്കുലകളെന്നപോലെ ശോഭ വർധിപ്പിക്കുകയേ ഉള്ളൂ. രാമാ, അരൂപമായ ചിത്തനാശം ഞാൻ നേരത്തേ വിവരിച്ചുവല്ലോ. വിദേഹമുക്തനിലാണത് സംഭവിക്കുക. അവിടെ പരമപരിശുദ്ധമായ ആത്മാവുമാത്രം; മറ്റൊന്നും തന്നെ ശേഷിക്കുന്നില്ല. വിദേഹമുക്തനിൽ മൈത്ര്യാദി ശ്രേഷ്ഠഗുണങ്ങൾക്കാശ്രയമായി വർത്തിച്ചിരുന്ന സരൂപനാശം സംഭവിച്ച ചിത്തവും ലയിച്ച് പരമപാവനമായ ബ്രഹ്മാനുഭവം മാത്രം അവശേഷിക്കുന്നു. പ്രാരബ്ധം പൂർണമായും ഒഴിഞ്ഞുമാറിയ ജീവന്മുക്തനാണ് വിദേഹമുക്തൻ; അഥവാ തുര്യാതീതൻ. വിദേഹമുക്തനിലെ അരൂപമായ ചിത്തവിലയം ചിത്തത്തിന്റെ പൂർണവിലയമാണ്; അവിടെ ചിത്തമെന്നു പറയാൻ പിന്നെ ബാക്കി ഒന്നും തന്നെ അവശേഷിക്കുന്നില്ല. അവിടെ ഗുണങ്ങളില്ല, ഗുണമില്ലായ്മയില്ല, ശ്രീയില്ല, ശ്രീയില്ലായ്മയില്ല, ലോലതയില്ല, ഉദയമില്ല, അസ്തമയമില്ല, ഹർഷാമർഷങ്ങളൊന്നുമില്ല. വെളിച്ചമില്ല, ഇരുട്ടില്ല, സന്ധ്യയില്ല, രാത്രിയില്ല, ഉണ്മയില്ല, ഇല്ലായ്മയില്ല, ആദിമധ്യാന്തങ്ങളൊന്നുമില്ല. ബുദ്ധിയുടെയും സംസാരകോലാഹലത്തിന്റെയും മറുപുറം പ്രാപിച്ചവർ; അവരാണ് വിദേഹമുക്തന്മാർ. വായുവിന് ആകാശമെന്നപോലെ അവരെത്തിനിൽക്കുന്ന അനുഭവം അനന്തമെന്നേ പറയേണ്ടൂ. ദുഃഖമെല്ലാം ശമിച്ച ഇടം, ജഡത്തിന്റെ നിഴൽപോലുമില്ല, ഉണർവിലെ ഒരേയൊരുറക്കം, രജസ്തമസ്സുകളകന്ന നിശ്ചലാനന്ദം മാത്രം. ആകാശത്തിന്റെ ഉള്ളുപോലെ സൂക്ഷ്മം; എന്നാൽ അതിമഹത്ത്; അവിടെയാണു ചിത്തം പൂർണമായി ഒഴിഞ്ഞുമാറിയ വിദേഹമുക്തന്മാർ എത്തിനിൽക്കുന്നത്.'

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'ബ്രഹ്മൻ, അത്യന്തം മൃദുവായ ഈ സംസാരലത ഏതുവിത്തിൽ നിന്നാണിങ്ങനെ പൊടിച്ചു പടർന്നുപന്തലിച്ചു നിൽക്കുന്നത്? ആ വിത്തിനുമപ്പുറത്ത് ആ വിത്തിന്റെ വിത്തെന്താണ്? അതിനപ്പുറത്താവിത്തിന്റെ വിത്തെന്ത്? ഇനിയും ഈ മൂന്നാമത്തെ വിത്തിന് വിത്തായി നാലാമതെന്താണുള്ളത്? ഇതെല്ലാം ചുരുക്കമായും വ്യക്തമായും പറഞ്ഞു തന്നാലും. നിലനിൽപ്പിനെക്കുറിച്ചെനിക്കു വ്യക്തമായ ഒരു ധാരണയുണ്ടാകട്ടെ:

വസിഷ്ഠൻ പറഞ്ഞു: 'ശുഭാശുഭചിന്തയെന്ന വലിയ മുളപ്പോടുകൂടിയ ഈ സംസാരലതയുടെ വിത്ത്, അല്ലയോ രാമാ, ഈ ജഡശരീരം തന്നെയാണെന്നു ധരിച്ചോളൂ. ഉണ്മ ഇല്ലായ്മ എന്നീ അനുഭവങ്ങൾ ഒളിഞ്ഞിരിക്കുന്നതും ദുഃഖരത്നത്തിന്റെ കൊച്ചുചെപ്പുമായ ഈ ശരീരത്തിന്റെ വിത്തോ;

digitized by www.sreyas.in

ആശകളുടെ പിന്നാലെ ഓടിനടക്കുന്ന ചിത്തം തന്നെ. കാണാവുന്നതും കാണാൻ വയ്യാത്തതുമായ അവയവസമൂഹത്തോടു കൂടിയ ഈ ദേഹം ചിത്തവിത്തിൽ നിന്നാണു മുളച്ചു രൂപംകൊള്ളുന്നത്. സ്വപ്നസംഭ്രമങ്ങളിൽ നിന്നു തന്നെ ഇക്കാര്യം സ്പഷ്ടമല്ലേ. സ്വപ്നത്തിൽ ഏതേതെല്ലാം തരത്തിലുള്ള ദേഹങ്ങളെയാണു ചിത്തം ഉണ്ടാക്കിക്കാണിക്കുന്നത്. ഇനിയും ചിത്തത്തിന്റെ വിത്തെന്താണെന്നുപറയാം:

231. ദ്വേബീജേചിത്തവൃക്ഷസ്യവൃത്തി വ്രതതിധാരിണഃ
ഏകംപ്രാണപരിസ്പന്ദോദ്വിതീയം ദൃഢവാസനാ.

സങ്കൽപ്പലതകൾ ചുറ്റിപ്പിണഞ്ഞു നിൽക്കുന്ന ഈ ചിത്തവൃക്ഷത്തിനു രണ്ടുവിത്തുകളാണുള്ളത്. ഒന്നു പ്രാണചലനം; മറ്റൊന്നു ദൃഢവാസന. പ്രാണചലനം വാസനയെ ഉണ്ടാക്കുന്നു, വാസന പ്രാണചലനത്തെയുണ്ടാക്കുന്നു. രണ്ടും കൂടിച്ചേർന്നു ചിത്തത്തിനു രൂപം നൽകുന്നു. നാഡികളെയെല്ലാം തൊട്ടുരുമ്മിക്കൊണ്ടു പ്രാണൻ ചലിക്കാനാരംഭിക്കുന്നതോടെ ചിത്തം സങ്കൽപ്പമായി ജന്മമെടുക്കുന്നു. ഇനിയും നാലാമത് ഈ പ്രാണസ്പന്ദനത്തിന്റെ വിത്തായി നിലകൊള്ളുന്നതെന്ത്? പ്രാണസ്പന്ദനത്തിന്റെ വിത്താണു സർവത്ര നിറഞ്ഞുനിൽക്കുന്ന ബോധം. സർവത്ര സ്പന്ദിക്കുന്ന പ്രാണൻ തനിക്കുപിന്നിൽ ബോധമുണ്ടെന്നു വിളിച്ചറിയിക്കുന്നു. പ്രാണസ്പന്ദനത്തിലൂടെ ഇളകിച്ചലിക്കുന്നു എന്നു തോന്നുന്ന ബോധത്തെ ജീവൻ എന്നുപറയുന്നു. പ്രാണചലനത്തെ നിരോധിച്ചു ശാന്തമാക്കുന്നതു തന്നെയാണു സത്യദർശനം. പ്രാണചലനങ്ങളിൽകൂടി പൊന്തിവരുന്നതായിത്തോന്നുന്ന ബോധം തന്നെയാണു തുടർന്ന് പുറമേ പദാർഥരൂപം കൈക്കൊള്ളുന്നത്. തുടർന്നു ചിത്തം ആ പദാർഥങ്ങളെ മാറി നിന്നുകൊണ്ടു വേറെയായി അറിയാൻ തുടങ്ങുന്നു. ദുഃഖാനുഭവങ്ങൾക്കൊക്കെ കാരണം ഈ മാറിനിന്നുകൊണ്ടുള്ള അറിവാണ്. ഉറക്കം ഇക്കാര്യം തെളിയിക്കുന്നു. ചിത്തം ലയിച്ചു സുഷുപ്തിയിലെത്തുമ്പോൾ പൊന്തിനിന്ന പോലെ അനുഭവപ്പെട്ടിരുന്ന ജീവബോധം സ്വരൂപത്തിലെത്തി വിശ്രമിക്കുന്നു. മാറിനിന്നുള്ള പദാർഥബോധം അവസാനിച്ചതോടെ സുഖം മാത്രം അവശേഷിക്കുന്നു. ചിത്തമറ മാറിയിട്ടില്ലാത്തതുകൊണ്ടു സുഷുപ്തി വേളയിൽ ആ സുഖം സ്വയം തെളിയുന്നില്ലെന്നുമാത്രം.

232. തസ്മാത്പ്രാണപരിസ്പന്ദൈർവാസനാചോദനൈസ്തഥാ
നോചേത്സംവിദമുച്ഛൂനാംകരോതിതദജോഭവാൻ

തസ്മാത്-ചിത്തത്തിന്റെ വിത്തുകൾ പ്രാണസ്പന്ദനവാസനകളാണെന്നുള്ളതുകൊണ്ട്; തഥാപ്രാണപരിസ്പന്ദൈഃ വാസനാചോദനൈഃ-ചിത്തം രൂപംകൊള്ളത്തക്കവിധം പ്രാണചലനംകൊണ്ടും വാസനാപ്രേരണകൊണ്ടും; സംവിദം ഉച്ഛൂനാംനോകരോതിചേത്-ബോധത്തെ ചിത്താകാരമാക്കി മുളപ്പിക്കുന്നില്ലെന്നുവന്നാൽ; തദ്ഭവാൻ അജഃ-അതോടെ ഭവാൻ ജനിക്കാത്ത സത്യമായി സ്ഥിതി ചെയ്യും.

ചിത്തത്തിന്റെ വിത്തുകൾ പ്രാണസ്പന്ദനവാസനകളാണെന്നുള്ളതുകൊണ്ട് ചിത്തം രൂപംകൊള്ളത്തക്കവിധം പ്രാണചലനം കൊണ്ടും വാസനാപ്രേരണകൊണ്ടും ബോധത്തെ ചിത്താകാരമാക്കി മുളപ്പിക്കുന്നില്ലെന്നു വന്നാൽ അതോടെ ഭവാൻ ജനിക്കാത്ത സത്യമായി സ്ഥിതിചെയ്യും.

digitized by www.sreyas.in

**തദജോഭവാൻ**

സത്യം കയ്യിലെ നെല്ലിക്ക പോലെ കാട്ടിത്തരുന്ന അത്യന്തം സ്പഷ്ടമായ ഒരു കാരണകാര്യപരമ്പരയാണു നമ്മുടെ മുൻപിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നത്. വിചാര ശീലമുള്ള ഏതൊരു ബുദ്ധിക്കും പരീക്ഷിച്ചു ബോദ്ധ്യപ്പെടാവുന്നതേയുള്ളൂ സർവഗതമായ ബോധം. അതിൽ ഒരുമിച്ചാവിർഭവിക്കുന്ന പ്രാണസ്പന്ദന വാസനകൾ. സർവഗതമായ ബോധം എന്നെങ്ങനെയറിയാം. സർവത്ര സ്പന്ദിക്കുന്ന പ്രാണൻ തന്റെ പിന്നിൽ സർവഗതമായ ബോധമുണ്ടെന്നു വിളിച്ചറിയിക്കുന്നതായി നേരത്തെ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ബോധമില്ലെങ്കിൽ പ്രാണൻ പിന്നെ എവിടെ നിന്ന് സ്പന്ദനമാരംഭിക്കും. ശുദ്ധശൂന്യതയിൽ നിന്ന് ഒരു സ്പന്ദനവും ആരംഭിക്കാൻ പറ്റുകയില്ലെന്നു കൊച്ചുകുട്ടികൾക്കു പോലുമറിഞ്ഞുകൂടെ. ഇനിയും ബോധത്തിനു പ്രാണസ്പന്ദനത്തെ ഒട്ടൊന്നു നിരോധിക്കാൻ കഴിഞ്ഞാൽ തന്റെ സർവഗതത്ത്വം സ്വയം തെളിച്ചറിയാനും കഴിയും. യുഗയുഗാന്തരങ്ങളായി പരീക്ഷിച്ചുറപ്പിക്കപ്പെട്ടുപോരുന്നതല്ലേ ഈ വസ്തുത. ഓരോ പ്രാണസ്പന്ദനവും വാസനാമയമാണ്. അതുകൊണ്ടാണു പ്രാണസ്പന്ദനവും വാസനയും ഒരുമിച്ചുണ്ടാകുന്നു എന്നു പറഞ്ഞത്. എന്താണു വാസന? സത്യം മറഞ്ഞുപോയിട്ട് പുതിയൊരു വസ്തു നിലവിലുണ്ട് എന്ന തോന്നലാണു വാസന. ഈ വാസനാലക്ഷണം അടുത്തുതന്നെ വ്യക്തമാക്കപ്പെടാൻ പോകുന്നു. പ്രാണസ്പന്ദനവും വാസനയും ചേർന്നു ചിത്തത്തെയുണ്ടാക്കുന്നു. ചിത്തം ശരീരത്തിന് ജന്മം നൽകുന്നു. ശരീരം പടർന്നു പന്തലിച്ചു നിൽക്കുന്ന സംസാരലതയ്ക്കു കാരണമായി ഭവിക്കുന്നു. അപ്പോൾ ചിത്തത്തെ ഉപശമിപ്പിച്ച് പ്രാണസ്പന്ദനവാസനകളെ തടയാമെങ്കിൽ ആർക്കും സർവഗതമായ ബോധമായി അവശേഷിക്കാൻ കഴിയുമെന്നു തീർച്ചയാണല്ലോ. അവിടെ മാത്രമേ ജനനമരണചക്രം തന്റെ തിരിച്ചിലവസാനിപ്പിക്കൂ.

വസിഷ്ഠൻ തുടർന്നു: 'പ്രാണസ്പന്ദനത്തിൽ കൂടി ബോധത്തിന്റെ പെരുകി വരലാണു ചിത്തം. ചിത്തമാണീ സംസാരത്തെ പെരുക്കി പടർത്തുന്നത്. ഛിന്നഭിന്നമായി ഉണ്ടായി മറയുന്ന ജനജീവിതത്തോടു കൂടിയ അനർഥജാലത്തിനു രൂപം നൽകുന്നത് ചിത്തമാണ്. ചിത്തത്തെ ശമിപ്പിക്കാനാണു യോഗിമാർ പ്രാണനെ നിരോധിക്കുന്നത്. പ്രാണായാമം കൊണ്ടും ധ്യാനം കൊണ്ടും യുക്തിയിൽ കണ്ടെത്തിയ മറ്റനേകം ഉപായങ്ങൾ കൊണ്ടും ചിത്തത്തിനു ശാന്തി പ്രദാനം ചെയ്യുന്നതും അങ്ങേയറ്റത്തെ സമനില കൈവരിക്കുന്നതും ബോധത്തിന്റെ സുന്ദരമായ സ്വസ്ഥിതി നേടിത്തരുന്നതുമായ ഉപായമാണ് പ്രാണസംരോധനം. അല്ലയോ രാമാ, ഇനിയും ജ്ഞാനികൾ അംഗീകരിക്കുന്ന വ്യക്തമായ മറ്റൊരു മാർഗമുണ്ട്. വാസനയെ മുൻനിർത്തിയുള്ള ചിത്ത ശാന്തിയാണത്. അതെന്താണെന്ന് പറയാം; കേട്ടോളൂ. ആദ്യമായി വാസനയെന്താണെന്നു വിശദമാക്കാം:

233. ദൃഢഭാവനയാ ത്യക്തപൂർവാപരവിചാരണം
യദാദാനം പദാർഥസ്യവാസനാ സാ പ്രകീർതിതാ.

ദൃഢഭാവനയാ-ഇതിന്നതു തന്നെ എന്നു നേരത്തെ അന്ധമായി സങ്കൽപ്പിച്ചുറപ്പിക്കുന്നതു നിമിത്തം; ത്യക്തപൂർവാപരവിചാരണം-ആരംഭത്തെയോ അവസാനത്തെയോ കുറിച്ചുള്ള വിചാരം ഉപേക്ഷിച്ചിട്ട്; പദാർഥസ്യ ആദാനം യദ്-ഒരു പദാർഥത്തെ കണ്ണുമടച്ചംഗീകരിക്കുന്നതാണ്; സാ വാസനാ പ്രകീർതിതാ-വാസന എന്നു പറയപ്പെടുന്നത്.

digitized by www.sreyas.in

ഇതിന്നതു തന്നെ എന്നു നേരത്തെ അന്ധമായി സങ്കൽപ്പിച്ചുറപ്പിക്കുന്നതു നിമിത്തം ആരംഭത്തെയോ അവസാനത്തെയോ കുറിച്ചുള്ള വിചാരം ഉപേക്ഷിച്ചിട്ട് ഒരു പദാർഥത്തെ കണ്ണുമടച്ചംഗീകരിക്കുന്നതാണു വാസന എന്നു പറയപ്പെടുന്നത്.

## വാസനാ സാ പ്രകീർതിതാ

പ്രപഞ്ചത്തിൽ ഒരു രൂപത്തിൽ നാം ഒരു കാഴ്ച കാണുന്നു. അതിനൊരു പേരും നൽകിയിട്ടുണ്ട്. ആ രൂപവും പേരും ചിരകാലമായി മനസ്സിൽ ഭാവന ചെയ്തുറപ്പിച്ചിട്ടുമുണ്ട്. അക്കാരണത്താൽ മുൻപിൻ വിചാരം കൂടാതെ അതിനെ അങ്ങനെതന്നെ അംഗീകരിക്കുന്നു. പദാർഥങ്ങളെക്കുറിച്ചുള്ള മനസ്സിന്റെ ഈ അന്ധമായ അംഗീകാരമാണു വാസന. ദൃഷ്ടാന്തമായി നാം ഒരു മണൽതരിയെ കാണുന്നു എന്നു കരുതുക. മണൽതരിക്കൊരു രൂപമുണ്ട്. മണൽതരിയെന്ന പേരുമുണ്ട്. ചിരകാലമായി ഇതുറച്ചു പോയതുകൊണ്ട് നാമതിനെ മണൽതരിയായി തന്നെ അംഗീകരിക്കുന്നു. ഇതാണു വാസന. ഇവിടെ മണൽതരിയുടെ ആദ്യരൂപം എന്തായിരുന്നു; അവസാനരൂപം എന്തായിരിക്കും എന്നു ചിന്തിക്കുന്നതേയില്ല. ഈ വാസന നിമിത്തം മണൽ സത്യമെന്നുകരുതാനിടവരുന്നു. അങ്ങനെ മനസ്സു രാഗദ്വേഷഭാവനകൾക്കു വശപ്പെട്ടു ദുഃഖിക്കാനുമിടവരുന്നു. നേരെമറിച്ച് മണൽതരിയുടെ ആദിയും അന്തവുമെന്താണെന്നു ചിന്തിക്കുന്നയാൾക്ക് അതനന്തമായ ശക്തിസ്പന്ദനമാണെന്ന് തെളിയും. വേദാന്തശാസ്ത്രദൃഷ്ടിയിൽ അതനന്തമായ ബോധസത്തയാണെന്നു സ്പഷ്ടമായി തെളിയും. ഒരു യഥാർഥ തത്ത്വചിന്തകന് മണൽതരിയുടെ കാഴ്ചപോലും അനന്തബോധാനുഭവമാണ്. ഇവിടെ വാസനയില്ല. ഇതാണു സത്യദർശനം. ഈ സത്യദർശനം രാഗദ്വേഷങ്ങളെ ഒഴിച്ചുമാറ്റി അനന്താനന്ദം പ്രദാനം ചെയ്യും. വാസനമൂലമുണ്ടാകുന്ന അസത്യദർശനത്തിന്റെ ആദ്യമുളപ്പുകളാണ് രാഗദ്വേഷങ്ങൾ. അതുകൊണ്ടവയും വാസനയായി ഗണിക്കപ്പെട്ടിരിക്കുന്നു.

വസിഷ്ഠൻ തുടർന്നു: അപ്പോൾ മുൻപിൻ വിചാരം കൂടാതെ ഇങ്ങനെ ഉറപ്പിക്കുന്ന ഏതുധാരണയും വാസനയാണ്. ഇത് ആവർത്തിച്ചു ദൃഢമായി ഉറപ്പിക്കുന്നതോടെ അതുമായി തന്മയീഭവിക്കുന്നു; ആ വ്യക്തി ഏറെക്കുറെ അതായിത്തന്നെ തീരുന്നു. മറ്റെല്ലാം മറന്ന് ആ വ്യക്തി ആ ധാരണയിൽ അലിഞ്ഞുചേരുന്നു. അങ്ങനെ വാസനയ്ക്കടിമപ്പെട്ട് അതായിത്തീരുന്ന വ്യക്തി അതിൽകവിഞ്ഞൊരു സത്യസ്ഥിതിയില്ലെന്നു ഭ്രമിച്ചുമോഹിക്കാനിടയാകുന്നു. ലോകത്തു കാണപ്പെടുന്ന ഒട്ടേറെ കോലാഹലങ്ങൾക്കു കാരണം അന്ധമായ ഈ വാസനാദാർഢ്യമാണ്.

234. വാസനാവേഗവൈവശ്യാത് സ്വരൂപം പ്രജഹാതിതത്
ഭ്രാന്തംപശ്യതിദുർദൃഷ്ടിഃ സർവം മദവശാദിവ

വാസനാ വേഗത്തിനടിമപ്പെടുന്നതോടുകൂടി തന്റെയും ജഗത്തിന്റെയും ശാസ്ത്രീയമായ സ്വരൂപമെന്താണെന്ന കാര്യം പാടേ വിസ്മരിക്കപ്പെടുന്നു. മദ്യപിച്ചു മത്തനായ ഒരുവൻ എല്ലാംവിപരീതമായിക്കാണുന്നതുപോലെ വാസനാവിവശൻ ഒരു ഭ്രാന്തനെപ്പോലെ എല്ലാം തന്റെ ദുഷിച്ച വാസനാദൃഷ്ടിയിൽ കൂടി കാണാൻ പ്രേരിതനായിത്തീരുന്നു. സത്യദൃഷ്ടി നഷ്ടപ്പെടുന്നതു നിമിത്തം അസത്യത്തെ സത്യമായി ഭ്രമിക്കുന്നു. രാമാ, അസ

digitized by www.sreyas.in

ത്യത്തെ സത്യമെന്നു സങ്കൽപ്പിച്ചു രൂപം കൊള്ളുന്നതു തന്നെയാണു ചിത്തം.

235. ദൃഢാഭ്യാസം പദാർഥൈകഭാവനാദതിചഞ്ചലം
ചിത്തംസംജായതേ ജന്മജരാമരണകാരണം

അന്ധമായ വാസനയിൽകൂടി അംഗീകരിക്കപ്പെടുന്ന പദാർഥത്തെ ഭാവനചെയ്തുറപ്പിക്കുന്നതു നിമിത്തം ചിത്തം അതിചഞ്ചലമായി ഭവിക്കുന്നു. ഈ ചഞ്ചലചിത്തമാണു തുടർന്നു ജരാമരണദുഃഖങ്ങൾക്കൊക്കെ കാരണമായിത്തീരുന്നത്.

236. യദാ ന ഭാവ്യതേ കിഞ്ചിദ്ധേയോപാദേയരൂപിയത്
സ്ഥീയതേ സകലംത്യക്ത്വാ തദാചിത്തംനജായതേ

തള്ളാനോ കൊള്ളാനോ എന്തെങ്കിലുമുള്ളതായി ഭാവനചെയ്യാതെ ചിത്തം എല്ലാംവിട്ടു സത്യത്തിൽ ഉറച്ചുനിൽക്കുമെങ്കിൽ ആ ചിത്തം പിന്നെ ജനിക്കാനിടവരുന്നില്ല.

237. അവാസനത്വാത്സതതംയദാന മനുതേമനഃ
അമനസ്താ തദോദേതി പരമോപശമപ്രദാ.

അവാസനത്വാത് മനഃ-വാസനയ്ക്കുവശംവദമാകാതെ സത്യം ഗ്രഹിക്കുന്ന മനസ്സ്; യദാസതതം നമനുതേ-എപ്പോഴാണോ ഭൂതഭാവികളെക്കുറിച്ചുള്ള സങ്കൽപ്പങ്ങളുപേക്ഷിച്ചു നിലകൊള്ളുന്നത്; തദാ-അപ്പോൾ; പരമോപശമപ്രദാ-പരമശാന്തി നൽകുന്ന; അമനസ്താഉദേതി-മനോരഹിതസ്ഥിതി വന്നുചേരുന്നു.

വാസനയ്ക്കു വശംവദമാകാതെ സത്യം ഗ്രഹിക്കുന്ന മനസ്സ് എപ്പോഴാണോ ഭൂതഭാവികളെക്കുറിച്ചുള്ള സങ്കൽപ്പങ്ങളുപേക്ഷിച്ചു നിലകൊള്ളുന്നത് അപ്പോൾ പരമശാന്തി നൽകുന്ന മനോരഹിതസ്ഥിതി വന്നുചേരുന്നു.

**അമനസ്താ തദോദേതി**

മുൻപിൻ വിചാരം ചെയ്യാതെ പ്രപഞ്ചദൃശ്യങ്ങളെ അംഗീകരിക്കുന്നതാണു വാസന. വാസനമൂലം ജഗദ്ദൃശ്യങ്ങൾ സത്യമെന്നുകരുതാനിടവരുന്നു. രാഗദ്വേഷസംകുലമായ ജീവിതം അവയുടെ പിന്നാലേ പരക്കം പായുന്നു. ഭൂതഭാവിസങ്കൽപ്പങ്ങൾ മനസ്സിനെ അലട്ടാനും തുടങ്ങുന്നു. ഇവിടെയാണു സംസാരബന്ധമുളവാക്കുന്ന മനസ്സ്. നേരേമറിച്ച് മുൻപിൻ വിചാരം ചെയ്യുന്ന മനസ്സിനു ജഗത്ത് ബ്രഹ്മമയമാണെന്നു സൂര്യതുല്യം തെളിയുന്നു. ആ മനസ്സ് രാഗദ്വേഷങ്ങളില്ലാതെ പ്രസന്നമായി വ്യവഹാരത്തിൽ വർത്തിക്കുന്നു. ഭൂതഭാവിസങ്കൽപ്പങ്ങളൊന്നും ആ മനസ്സിനെ അലട്ടുന്നില്ല. വറുത്തവിത്തുപോലുള്ള ഈ മനസ്സ് ഉണ്ടെങ്കിലും ഇല്ലാത്ത പോലെ തന്നെ കരുതാം. ഇതാണ് അമനസ്ത അഥവാ മനസ്സില്ലാത്ത സ്ഥിതി.

വസിഷ്ഠൻ തുടർന്നു: 'ലോകത്തുള്ള ഒന്നിലും വാസനാബദ്ധമായ ഭാവം ഉറപ്പിക്കുന്നില്ലെന്നു വന്നാൽ പിന്നെ ഹൃദയാകാശത്തിൽ ചിത്തം എവിടെ നിന്നു രൂപം കൊള്ളാനാണ്. ഏതെങ്കിലും കാഴ്ചയിൽ ഇതിന്നതാണെന്നു കണ്ണുമടച്ചു നിശ്ചയിച്ചുറച്ചു രസിക്കാൻ തുടങ്ങിയാൽ അതുതന്നെയാണു ചിത്താവിർഭാവം; ഇത്രേയുള്ളൂ ചിത്തരഹസ്യം. സ്വയം സങ്കൽപ്പംകൊ

digitized by www.sreyas.in

ണ്ടൊരു ദൃശ്യത്തെ ഇന്നതാണെന്നുറപ്പിച്ചു ഭാവന ചെയ്യാതിരിക്കുക. അപ്പോൾ പിന്നെ ആകാശമധ്യം പോലെ നിർമലമായ ഹൃദയത്തിൽ ചിത്തം എങ്ങനെ ഉദയം ചെയ്യും. മുൻപിൻവിചാരം ചെയ്തുറപ്പിക്കുന്ന സത്യബോധമാണിതിനാവശ്യം. വാസനാമയമായ പദാർഥസങ്കൽപ്പങ്ങളുപേക്ഷിച്ച് പ്രപഞ്ചദൃശ്യങ്ങൾ ഇല്ലാത്തതാണെന്നുറപ്പിക്കുക. മുൻപിൻ വിചാരംചെയ്തു സർവം ബോധമയമെന്നു കാണുക. ഇതോടെ ചിത്തം നിരുദ്ധമാകും. ഇതു തന്നെയാണു ചിത്തമില്ലാത്ത സ്ഥിതി. ഉള്ളിൽ വാസനാസങ്കൽപ്പങ്ങളെല്ലാം പരിത്യജിച്ചു ശീതളത അനുഭവിക്കുക. ഇങ്ങനെ ശീതളമായ ചിത്തം സദാ ലോകകാര്യങ്ങളിൽ വ്യാപൃതമായിരുന്നാൽപോലും ഇല്ലാത്തതാണെന്നു തന്നെ കരുതാം. പുനർജന്മത്തിനുകാരണമാകുന്ന കട്ടിപിടിച്ച വാസന അവിടെയില്ല. തത്വത്തിലുറച്ചുനിൽക്കുന്ന ജീവന്മുക്തന്റെ മനസ്സാണത്. മൺപാത്രത്തിൽ രൂപം നൽകുന്ന ചക്രം കുശവൻ കൈവിട്ടാൽപോലും വീണ്ടും കുറേനേരം കൂടി കറങ്ങും. അതുപോലെ പ്രാരബ്ധക്ഷയത്തിനുവേണ്ടി മാത്രം വറുത്തവിത്തുപോലെ ആ മനസ്സു കുറച്ചുനാൾ കൂടി ചലിക്കുന്നു; അത്രേയുള്ളൂ. അതു പുനർജന്മവാസന സഞ്ചയിക്കുന്നില്ല. ലോകകാര്യങ്ങളിൽ നിന്നു പ്രത്യേകരസമൊന്നും അതനുഭവിക്കുന്നുമില്ല. അറിവിന്റെ മറുകരകണ്ട മഹാന്മാരുടെ അത്തരം ചിത്തം ശരിക്കും സത്യസ്വരൂപം പ്രാപിച്ച ചിത്തമാണ്. അത്തരം ജ്ഞാനികളെ ചിത്തമില്ലാത്തവരെന്നുതന്നെ പറയാം. ദേഹം വിട്ടാൽ ചിദാകാശരൂപികളായി ഭവിക്കുന്നു. രാമാ ചിത്തത്തിനു വിത്തുകൾ രണ്ടാണെന്നു നാം മുൻപു വെളിപ്പെടുത്തിയിട്ടുണ്ടല്ലോ; പ്രാണസ്പന്ദനവും വാസനയും. ഇവയിൽ ഒന്നടങ്ങിയാൽ മറ്റേതും അടങ്ങിക്കൊള്ളും.

238. വാസനാവശതഃ പ്രാണസ്പന്ദസ്തേനചവാസനാ
ജായതേ ചിത്തബീജസ്യതേനബീജാങ്കുരക്രമഃ

വാസന പ്രാണനെ സ്പന്ദിപ്പിക്കുന്നു; പ്രാണസ്പന്ദനം വാസനയെ ഉണ്ടാക്കുന്നു. വിത്തും വൃക്ഷവും പോലെയാണിവയുടെ പ്രവർത്തനം. വിത്തു വൃക്ഷത്തെയുണ്ടാക്കുന്നു; വൃക്ഷം വിത്തിനെയുണ്ടാക്കുന്നു; അതുപോലെ. ചിത്തബീജങ്ങളായ ഈ പ്രാണസ്പന്ദനവാസനകൾക്കു രണ്ടിനും പുറമേയുള്ള കാരണം അറിയപ്പെടുന്ന വിഷയമാണ്. ഈ കാര്യകാരണക്രമമൊക്കെ പരസ്പരബദ്ധമായി വർത്തിക്കുന്നു എന്നു കാണേണ്ടതാണ്. സത്യബോധം നേടി പുറമേ അങ്ങനെയൊരു വിഷയമില്ലെന്നുറപ്പാക്കി ദൃശ്യത്തെയുപേക്ഷിക്കാമെങ്കിൽ പ്രാണസ്പന്ദനവും വാസനയും വേരോടെ പിഴുതെറിയപ്പെടും; വേരുമുറിച്ചാൽ വൃക്ഷം വീഴുന്നതുപോലെ. ഈ ദൃശ്യത്തിനു കാരണമെന്താണ്? ദൃഗ്രൂപമായബോധം. എങ്ങനെയറിയാം? ദൃഗ്രൂപമായബോധമില്ലയോ ദൃശ്യമില്ല; എണ്ണയില്ലാത്ത എള്ളില്ലാതിരിക്കുന്നതുപോലെ.

239. നബഹിർനാന്തരേകിഞ്ചിത്സംവേദ്യംവിദ്യതേ പൃഥക്
സംവിത്സ്ഫുരതിസംകൽപ്യസംവേദ്യംപശ്യതിസ്വതഃ

അകത്തോ പുറത്തോ ബോധത്തോടുകൂടിയല്ലാതെ ദൃശ്യമൊന്നും തന്നെ നിലനിൽക്കുന്നില്ല. ബോധം സങ്കൽപ്പിച്ചു സ്വയം തന്നെത്തന്നെ ദൃശ്യമായി കാണുന്നു; ഇതാണു വസ്തുസ്ഥിതി. ഏതു ദൃശ്യത്തെയും വിശകലനം ചെയ്താൽ ബോധത്തിൽ പര്യവസാനിക്കുമെന്നു നാം മുൻപു പല പ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ടല്ലോ. ബോധമാണു ദൃശ്യാകാരം കൈക്കൊ

digitized by www.sreyas.in

ള്ളുന്നത്; സ്വപ്നാനുഭവം ഇക്കാര്യം സ്പഷ്ടമായി തെളിയിക്കുന്നു. സ്വപ്നത്തിൽ ഒരാൾ താൻ മരിക്കുന്നതായി അനുഭവിക്കുന്നു; അങ്ങകലെ ഏതോ ദേശത്തെത്തിനിൽക്കുന്നതായി അനുഭവിക്കുന്നു. ഇതൊക്കെ അവനവനെത്തന്നെ മാറ്റിമറിച്ചു കാണുന്നതാണെന്നു വ്യക്തമാണല്ലോ. ഇതുപോലെ ബോധം തന്നെത്തന്നെ മാറ്റിമറിച്ചു കാണുന്നതാണു ദൃശ്യം. മുൻപു കണ്ടിട്ടുള്ളതും കണ്ടിട്ടില്ലാത്തതും എന്തും ഇങ്ങനെ ദൃശ്യരൂപം കൈക്കൊണ്ടനുഭവപ്പെട്ടു എന്നുവരും. ബോധശക്തിയായ മായ അഘടിതഘടനാപടീയസിയാണ്. അറിവുള്ളവർ ഇങ്ങനെയുള്ള എല്ലാ ദൃശ്യങ്ങളെയും സങ്കൽപ്പത്യാഗത്തിലൂടെ ഉള്ളിൽ നിന്നും തുടച്ചുമാറ്റണം. ദൃശ്യങ്ങളെ ഒഴിച്ചുമാറ്റാതിരിക്കലാണ് ഒടുങ്ങാത്ത സംസാരബന്ധം. ദൃശ്യങ്ങളെ തുടച്ചുമാറ്റുന്നതാണു മോക്ഷാനുഭവം. ജനിച്ചുമരിക്കുന്ന ജീവന് ബാഹ്യദൃശ്യങ്ങളുണ്ടെന്ന തോന്നലാണ് അനന്തദുഃഖത്തിനു വഴിതെളിക്കുന്നത്. ആ തോന്നലൊഴിഞ്ഞു മാറിയാൽ ജനനമരണങ്ങളവസാനിപ്പിച്ച് അനന്തസുഖമനുഭവിക്കാം. രാമാ, ജഡദൃശ്യത്തെയും ജഡസംബന്ധിയായ ആനന്ദാഭാസത്തെയും വെടിഞ്ഞു മറ്റൊന്നുണ്ടെന്നുള്ള തോന്നലുപേക്ഷിക്കൂ. ദൃശ്യമില്ലാതെ ഉണർന്നു വിലസുന്ന ശുദ്ധബോധമാണു നീ.

രാമൻ ചോദിച്ചു: 'ജഡത്തെ വിട്ട് മറ്റൊന്നിനെ അറിയാനില്ലാതെ വർത്തിക്കുന്ന അനുഭവം, പ്രഭോ, എങ്ങനെയുള്ളതാണ്? മറ്റൊന്നിനെ അറിയാതിരിക്കുന്നതുകൊണ്ട് ജഡത്വം എങ്ങനെയാണു മാറിക്കിട്ടുന്നത്?

വസിഷ്ഠൻ മറുപടി നൽകി: 'ഏതൊരു ജീവനാണോ പുറമേ ഒന്നിലും താൽപര്യമില്ലാത്തവനും, ഒരു ദൃശ്യത്തിലും ചെന്നു പറ്റിനിൽക്കാൻ മനസ്സിനെ അനുവദിക്കാത്തവനുമായി വർത്തിക്കുന്നത് ആ ജീവൻ പുറത്തുനിന്ന് ഒന്നും തന്നിലേക്കു സ്വീകരിക്കുന്നില്ല, ആ ജീവനാണ് മറ്റൊന്നിനെ അറിയാത്തതും ജാഡ്യമില്ലാത്തതുമായ ബോധാനുഭവം. മറ്റൊന്നിനെ അറിയുകയെന്ന വസ്തു ദൃഷ്ടി ആർക്കില്ലയോ ആ ജീവൻ ജാഡ്യമില്ലാത്ത ശുദ്ധബോധാനുഭവം തന്നെയാണ്. ആ ജീവൻ ലോകരംഗത്തു നൂറുനൂറുകാര്യങ്ങളിൽ വ്യാപൃതനെന്നപോലെ വർത്തിച്ചാലും ജാഡ്യമില്ലാത്ത ബോധാനുഭവം തന്നെയാണ്. അദ്ദേഹത്തിന്റെ ഹൃദയാകാശം അറിയപ്പെടേണ്ട മറ്റൊന്നിനാൽ കളങ്കപ്പെടുന്നതേയില്ല. അദ്ദേഹം അജഡനാണ്, അറിയാനായി മറ്റൊന്നില്ലാത്തവനാണ്. വസ്തു ഒന്നേയുള്ളൂ എന്നുറപ്പുവന്നു വാസന മുഴുവൻ ഒഴിഞ്ഞുപോയ ഹൃദയത്തിൽ അന്യമായി ഒന്നിനെയും ഭാവനചെയ്യാത്ത ജീവന്മുക്തൻ ഒരു കൊച്ചുകുട്ടിയെപ്പോലെയോ ഒരൂമയെപ്പോലെയോ ഉള്ളൊതുക്കി ലോകവ്യവഹാരത്തിൽ കഴിഞ്ഞുകൂടുന്നു. അപ്പോൾ ജഡസ്പർശമില്ലാത്തതും അറിയാൻ മറ്റൊന്നില്ലാത്തതുമായ അനന്തസത്യം ഉള്ളിൽ നിറഞ്ഞുനിൽക്കുന്നു. അവിടെ ഒരു കളങ്കത്തിനും കയറിച്ചെല്ലാൻ സാധ്യമല്ല. വാസനയെല്ലാം ഒഴിഞ്ഞുമാറിയ ആ സഹജമായ നിർവികൽപ്പ സമാധ്യനുഭവത്തിൽ ആകാശത്തിൽ നീലനിറമെന്നപോലെ ഒടുങ്ങാത്ത ആനന്ദം പ്രസ്ഫുരിക്കാനിടവരുന്നു. അവിടെ ലീനനാകുന്ന മഹായോഗിക്കു സ്വാനുഭവത്തിൽ സന്ദേഹമില്ലാത്തതുകൊണ്ട് ആനന്ദാനുഭവത്തിൽ തന്മയീഭവിച്ച് അതുപോലും തന്നിൽനിന്നു ഭിന്നമല്ലാതായിത്തീരുന്നു. അദ്ദേഹം നടന്നാലും നിന്നാലും തൊട്ടാലും മണത്താലും അതൊന്നുമദ്ദേഹത്തിനു മറ്റൊന്നല്ല; അവിടെയൊക്കെ ജഡഭാവമില്ലാതെ പ്രത്യേകമായ ആനന്ദാനുഭവമൊക്കെ

digitized by www.sreyas.in

ഒഴിഞ്ഞു മാറി അദ്ദേഹം സഹജസുഖാവസ്ഥയിൽ തന്നെ കഴിയുന്നു. രാമാ, ഈ ഭാവമംഗീകരിച്ച് അൽപ്പം യത്നം ചെയ്തിട്ടായാലും ദുഃഖസമുദ്രത്തെ ക്കടന്ന് അപാരഗുണസാഗരമായ മറുകരയിലെത്തിച്ചേരൂ. രാമാ, ഈ ദൃശ്യാ നുഭവത്തിനെല്ലാം ബീജം ശുദ്ധബോധമൊന്നുമാത്രമാണ്. ദീപത്തിൽ നിന്നു പ്രകാശമെന്നപോലെ ബോധത്തിൽ നിന്നു ദൃശ്യാനുഭവം സംഭവിക്കുന്നു എന്നറിഞ്ഞോളൂ. ഇവിടെ ഒരേ സത്തയ്ക്കു രണ്ടു രൂപമുണ്ടെന്നു ധരിച്ചോളൂ. ഒന്ന് ഒരേ ഉണ്മ നാനാരൂപത്തിൽ കാണപ്പെടുന്നു. രണ്ട് ഒരേ ഉണ്മ ഒരൊറ്റരൂ പത്തിൽ തന്നെ പ്രകാശിക്കുന്നു. ഒരേ ഉണ്മ കുടം, വസ്ത്രം, ഞാൻ, നീ അത്, ഇത് എന്നിങ്ങനെ വിഭജിക്കപ്പെട്ടു കാണുന്നിടത്താണു നാനാകൃതി കൈക്കൊണ്ടു വിളങ്ങുന്നത്. ഇത്തരം വിശേഷ രൂപങ്ങളൊക്കെ വിട്ടു ഒരു കളങ്കവും പുരളാത്ത ശുദ്ധമായ ഉണ്മയായി ഒന്നായി അനന്തമായി പ്രകാ ശിക്കുന്നതാണ് ഏക രൂപമായ സത്ത. കാലസത്ത, സൃഷ്ടിസത്ത, പദാർഥ സത്ത എന്നിങ്ങനെയുള്ള വിഭാഗസങ്കൽപ്പങ്ങളൊക്കെ വെടിഞ്ഞ് കേവല സത്താമാത്രബുദ്ധി കൈക്കൊണ്ടു നിലകൊള്ളൂ. സ്വരൂപസത്തതന്നെയാണു കാലസത്തയെന്നു തീരുമാനിച്ചുറച്ചാലും. സത്തയ്ക്കു കാലം സ്വരൂപം എന്നി ത്യാദി നാമഭേദങ്ങൾ അവശേഷിക്കുന്നിടത്തോളം അവയെല്ലാം അസത്യ പ്രതിഭാസങ്ങളാണെന്നറിയൂ. വിഭിന്ന ശബ്ദങ്ങളുപയോഗിച്ച് ഒരേ സത്തയെ വകതിരിക്കുന്നതാണ് നാനാത്വാനുഭവത്തിനു കാരണം. അപ്പോൾ നാനാത്വ ത്തിലെ വെറും ശബ്ദോപാധിപോലും കളങ്കമാണ്. അതുകൊണ്ട്:

240. സത്താസാമാന്യമേവൈകം ഭാവയൻ കേവലം വിഭും
പരിപൂർണപരാനന്ദീതിഷ്ഠാപൂരിതദിഗ്ഭരഃ

സർവത്ര നിറഞ്ഞുനിറഞ്ഞു നിൽക്കുന്ന കേവലമായ ഒരേ ഒരു സാമാ ന്യമായ ഉണ്മയെ ഭാവനചെയ്യുന്നവനായി പൂർണമായ പരമാനന്ദാനുഭവത്തി ലെത്തി ദിഗന്തങ്ങളിലെല്ലാം നിറഞ്ഞുനിൽക്കൂ, ഹേ രാമാ സാമാന്യമായ ആ ഏകസത്തയാണു എല്ലാറ്റിന്റെയും ആദി. ഇക്കാണുന്നതിന്റെ മുഴുവൻ ബീജമതാണ്. അതിൽനിന്നാണു മറ്റെല്ലാ പ്രവർത്തനവുമാരംഭിക്കുന്നത്. സത്താ സാമാന്യമായ ആ പരമകാരണ വസ്തു നിശ്ചലമാണ്. അതിൽ സൃഷ്ടി ചലനങ്ങളൊന്നുമില്ല. അതിനാദിയോ അന്തമോ ഇല്ല. ഇതിനു ബീജ മായി മറ്റൊന്നും തന്നെയില്ല. അവിടെ നിലനിൽപ്പ് അവസാനിക്കുന്നു. അതു നിർവികാരമായി നിലകൊള്ളുന്നു. അവിടെ എത്തുന്നയാൾ പിന്നെ ഒരിക്കലും ദുഃഖത്തിനു പാത്രമായിത്തീരുന്നില്ല. അതു മറ്റെല്ലാ ഹേതുക്കൾക്കും ഹേതു; അതിനു മറ്റൊരു ഹേതുവുമില്ല. എല്ലാ സാരങ്ങളുടെയും സാരം അതാണ്; അതിനപ്പുറം ഒരു സാരവും നിലവിലില്ല.

241. തസ്മിംശ്ചിദ്ദർപണേസ്ഫാരേ സമസ്താ വസ്തുദൃഷ്ടയഃ
ഇമാസ്താഃ പ്രതിബിംബന്തിസരസീവതടദ്രുമാഃ

മറുകര കാണാനില്ലാത്ത സത്താസാമാന്യ രൂപമായ ആ ബോധക്കണ്ണാ ടിയിലാണ് ഇക്കാണുന്ന പ്രപഞ്ച ദൃശ്യങ്ങളെല്ലാം കരയിൽ നിൽക്കുന്ന വൃക്ഷ ങ്ങൾ ഒരു തടാകത്തിലെന്നപോലെ പ്രതിബിംബിച്ചു കാണുന്നത്. അതു നിഷ്കളങ്കമാണ്, ജീർണിക്കാത്തതാണ്, അതുതന്നെയാണാത്മതത്ത്വം. അതിനെ അറിഞ്ഞാൽ ചിത്തം അതോടെ ശാന്തിയിലെത്തും. അനന്തമായ ആ ഏകതത്ത്വസ്വരൂപം നല്ലപോലെ ധരിച്ച് സംസാരഭയലേശമില്ലാത്ത സ്ഥാനത്തെത്തി ചിരകാലം സുഖമായി വസിക്കൂ, രാമാ;

digitized by www.sreyas.in

രാമൻ ചോദിച്ചു: ഭഗവൻ അങ്ങീ ബീജപരമ്പര എണ്ണിഎണ്ണി വിശദീകരിച്ചല്ലോ. എന്തു കാര്യമനുഷ്ഠിച്ചാണു അതിവേഗം ആ പരമബീജ സ്ഥാനത്തെത്തി വിശ്രമിക്കാൻ കഴിയുക?

വസിഷ്ഠനരുളിച്ചെയ്തു: 'രാമാ, ഈ ദുഃഖബീജങ്ങൾ കടന്നുപോകാനുള്ള ഉപായങ്ങൾ ഞാനവിടവിടെ വിശദീകരിക്കുകയുണ്ടായല്ലോ. അതാതുപായങ്ങൾ പ്രയോഗിച്ച് അതാതു ബീജങ്ങളെ ശീഘ്രം കടന്നുപോകാൻ പറ്റും. തത്ത്വജ്ഞനായ അല്ലയോ രാമാ, പൗരുഷത്തോടുകൂടിയുള്ള പ്രയത്നമുണ്ടെങ്കിൽ എല്ലാ ഭേദവാസനകളെയും വെടിഞ്ഞ് ഇതാ ഇപ്പോൾതന്നെ നിനക്ക് സത്താസാമാന്യമെന്ന ആ പരമ പദത്തിലെത്തിനിൽക്കാം. അതിന് ഇവിടെ ഒരു സത്താസാമാന്യമേയുള്ളൂ എന്നുറപ്പായി തീരുമാനിക്കുകയല്ലേ വേണ്ടൂ. ഉറച്ച തത്ത്വബോധവും പൗരുഷവുമുണ്ടെങ്കിൽ ഈ ക്ഷണത്തിൽത്തന്നെ അതു തീരുമാനിക്കാം. തീരുമാനത്തിനുറപ്പുണ്ടെങ്കിൽ ഈ ക്ഷണം തന്നെ അവിടെ എത്തിനിൽക്കാം. തീരുമാനിച്ചു. അവിടെയെത്തി, പക്ഷെ അവിടെ തുടർന്നുനിൽക്കാൻ പറ്റുമോ? പ്രയത്നം അൽപ്പം കൂടിയൊന്നുറപ്പിച്ചു ദീർഘിപ്പിച്ചാൽ പിന്നെ അവിടെ തുടരാൻ എന്താണു പ്രയാസം?'

242. സംവിത്തത്ത്വൈകൃതധ്യാനോയദിതിഷ്ഠസിരാഘവ
തദ്യത്നേനാധികേനോച്ചൈരാസാദയസിതൽപ്പദം.

അല്ലയോ രാമാ, കേവലബോധസത്തയിൽ ധ്യാനമുറപ്പുവന്ന് ക്ഷണനേരമെങ്കിലും അവിടെ നിൽക്കാൻ കഴിയുമെങ്കിൽ അൽപ്പമായ അധികയത്നം കൊണ്ട് ആ ധ്യാനം വിട്ടുപോകാതെ സൂക്ഷിക്കാൻ കഴിഞ്ഞാൽ തുടർന്നും ആ ഉന്നതപദത്തിൽതന്നെ നിനക്കു വിരാജിക്കാൻ കഴിയും. രഘുനന്ദനാ, ഒരു ബാഹ്യദൃശ്യത്തിലും ധ്യാനം ഉറപ്പിക്കാൻ ശ്രമിക്കരുത്. ഏതെങ്കിലും ബാഹ്യദൃശ്യത്തിൽ ധ്യാനമുറച്ചാൽ അതു വാസനയായി മാറും. കൽപ്പിതങ്ങളായ ഈശ്വരരൂപങ്ങളിലായാൽപോലും. ആ വാസനയെ പിന്നെ പിഴുതെറിയുക സുമേരുപർവതത്തെ പിഴുതെറിയുന്നതിനേക്കാൾ പ്രയാസമായിരിക്കും. മതഭ്രാന്തന്മാർ ചെന്നകപ്പെടുന്നത് ഈ വാസനാക്കുരുക്കിലാണ്. മനസ്സു ശമിക്കുന്നതുവരെ വാസന ക്ഷയിക്കുകയില്ല. രാമാ, വാസന ക്ഷയിക്കാത്തിടത്തോളം ധ്യാനം ഉറയ്ക്കുകയുമില്ല. നേരെമറിച്ച് ബോധസത്തയിൽ മനസ്സുറപ്പിക്കുന്നയാൾക്കു വാസനാത്യാഗം വളരെ എളുപ്പമാണ്. ബോധം സർവത്ര നിറഞ്ഞുനിൽക്കുന്ന വസ്തുവല്ലേ. എവിടെയും ആ സത്യത്തെതന്നെ ഭാവന ചെയ്താൽ പിന്നെ വാസനയ്ക്കെന്തു പ്രസക്തി? സർവഗതമായ ബോധത്തെ സർവത്ര ഭാവന ചെയ്തുകൊണ്ട് ഭേദവാസനയെ ഒഴിവാക്കാൻ ശ്രമിക്കൂ, രാമാ, അതു സാധിച്ചാൽ ആധിവ്യാധികളെല്ലാം ക്ഷണത്തിൽ ശിഥിലങ്ങളാവും. മുൻപറഞ്ഞ പല യത്നങ്ങളെക്കാളും ഇതു വിഷമമാണെന്നു ചിലർ കരുതുന്നു; എന്തുകൊണ്ട്? സുമേരുപർവതത്തെ പിഴുതെറിയുന്നതിനേക്കാൾ വിഷമമാണ് വാസനയെ ത്യജിക്കുക. മനസ്സുശമിക്കുന്നതുവരെ വാസന ക്ഷയിക്കുകയില്ല. ദൃശ്യസങ്കൽപ്പങ്ങൾ ഒഴിഞ്ഞുമാറുന്നതാണു മനസ്സിന്റെ ഉപശമം. ഭേദബുദ്ധിയും രാഗദ്വേഷങ്ങളും ഒഴിഞ്ഞുപോകുന്നതാണു വാസനാക്ഷയം. വാസന ക്ഷയിക്കുന്നതുവരെ മനസ്സും ഉപശമിക്കുകയില്ല. തത്ത്വവിജ്ഞാനം ഉറപ്പുവരുത്തുന്നതുവരെ മനസ്സു ക്ഷയിക്കുകയില്ല. സർവം ബോധമയം എന്നുറപ്പു വരുന്നതാണു തത്ത്വവിജ്ഞാനം.

digitized by www.sreyas.in

മനസ്സുപശമിക്കാതെ തത്ത്വവിജ്ഞാനം ഉറപ്പു വരില്ല. വാസന നശിക്കാതെ തത്ത്വജ്ഞാനം ഉറയ്ക്കുകയില്ല; തത്ത്വജ്ഞാനം ഉറയ്ക്കാതെ വാസന ക്ഷയിക്കില്ല. എന്തിനേറെ, തത്ത്വജ്ഞാനം, മനോനാശം, വാസനാക്ഷയം ഇവ പരസ്പരം കാരണങ്ങളായി വർത്തിക്കുന്നു. അതുകൊണ്ടാണ് ഇവയെ കൂട്ടിയിണക്കി വാസനാക്ഷയം നേടുന്നത് അത്ര എളുപ്പമല്ല എന്നു പ്രസ്താവിച്ചത്.

243. തസ്മാദ്രാഘവയത്നേന പൗരുഷേണവിവേകതഃ
ഭോഗേച്ഛാംദൂരതഃകൃത്വാത്രയമേതത്സമാശ്രയേത്.

അതുകൊണ്ട് അല്ലയോ രാമാ, പൗരുഷത്തോടും വിവേകത്തോടും കൂടി യത്നമാരംഭിക്കൂ. ലൗകികസുഖഭോഗേച്ഛ ദൂരെ വെടിയൂ; അതിനാണു പൗരുഷം. എന്നിട്ട്? തത്ത്വജ്ഞാനം, മനോനാശം, വാസനാക്ഷയം ഇവ മൂന്നും പ്രയത്നപൂർവം ഒരേസമയത്തഭ്യസിക്കൂ. ഇവ മൂന്നും ഒരേസമയത്തു ഒരുമിച്ച് വീണ്ടും വീണ്ടും നല്ലവണ്ണം പരിശീലിക്കാത്തിടത്തോളം നൂറുനൂറു സംവത്സരങ്ങൾ കൊണ്ടും പരമതത്ത്വപ്രാപ്തി എളുപ്പമല്ലെന്നറിയൂ.

244. വാസനാക്ഷയവിജ്ഞാനമനോനാശാമഹാമതേ
സമകാലം സമഭ്യസ്താഭവന്തിഫലദാമുനേഃ

അല്ലയോ മഹാമതിയായ രാമാ, വാസനാക്ഷയം, തത്ത്വജ്ഞാനം, മനോനാശം എന്നിവ മൂന്നും ഒരേകാലത്തു വേണ്ടപോലെ അഭ്യസിക്കുകയാണെങ്കിൽ സത്യം കാണാൻ കൊതിക്കുന്ന മുനിക്ക് അവ നല്ല ഫലം ഉളവാക്കുക തന്നെ ചെയ്യും. ഭേദബുദ്ധി വെടിഞ്ഞു രാഗദ്വേഷങ്ങൾ കുറയ്ക്കണം; അതിനായി സർവം ബ്രഹ്മമയമെന്നുറപ്പിക്കണം; ദൃശ്യസങ്കൽപ്പങ്ങൾ കടന്നുവരുമ്പോൾ അവപോലും ബ്രഹ്മമയമെന്നുറപ്പിച്ചു സങ്കൽപ്പഭേദങ്ങളെ ഒഴിവാക്കണം. ഇവയാണു സമകാലത്തിലുള്ള അഭ്യാസം. ഓരോന്നോരോന്നായി ഇവ അഭ്യസിക്കാമെന്നു കരുതിയാൽ ചിരകാലം അഭ്യസിച്ചാലും ഫലിക്കാതെ പോകും. മനസ്സിനേകാഗ്രതയില്ലാതെ വേറുതെ നാവുകൊണ്ടുച്ചരിക്കുന്ന മന്ത്രങ്ങൾ ഫലിക്കാതാവുന്നതുപോലെ. ഇവ മൂന്നും ഒരുമിച്ചഭ്യസിക്കുമെങ്കിൽ എത്ര ബലമേറിയ ഹൃദയഗ്രന്ഥികളും താമരനൂലുകൾ പൊട്ടിച്ചിതറുന്നതു പോലെ പൊട്ടിച്ചിതറും. ഞാൻ, എന്റേത് എന്ന അഹന്താമമതകളും രാഗദ്വേഷങ്ങളുമാണ് ഹൃദയത്തിന്റെ കെട്ടുകൾ.

245. ജന്മാന്തരശതാഭ്യസ്ഥാരാമസംസാരസന്തതിഃ
സാചിരാഭ്യാസയോഗേനവിനാനക്ഷീയതേക്വചിത്.

രാമാ, നൂറുകണക്കിനു പൂർവജന്മങ്ങളിൽ അഭ്യസിച്ചുറപ്പിച്ചതല്ലേ ഈ സംസാരസന്തതി. ചിരകാലത്തെ അഭ്യാസയോഗമില്ലാതെ അതൊരിക്കലും ക്ഷയിക്കുകയില്ല. നടന്നകന്നിടത്തോളം ദൂരം തിരിച്ചു നടന്നെങ്കിലല്ലേ വീട്ടിലെത്താൻ പറ്റൂ. വാസനയും പ്രാണസ്പന്ദനവും ചിത്തബീജങ്ങളാണല്ലോ. അതുകൊണ്ട് മേല്പ്പറഞ്ഞ ഉപായങ്ങളോടൊപ്പം പ്രാണനിരോധവും കൂട്ടിച്ചേർക്കേണ്ടതാണ്. വാസന വേണ്ടവണ്ണമൊഴിഞ്ഞുമാറിയാൽ ചിത്തം ചിത്തമല്ലാതാകും. പ്രാണസ്പന്ദന നിരോധം കൊണ്ടും ഇതു സാധിക്കാം. രാമാ, നിനക്കേതാണോ കൂടുതൽ എളുപ്പമെന്നു തോന്നുന്നത് അതു സ്വീകരിക്കാം. പ്രാണായാമം ദൃഢമായി അഭ്യസിക്കുന്നതുകൊണ്ടും ഒരു സമർഥനായ ഗുരുവിന്റെ മേൽനോട്ടത്തിൽ അദ്ദേഹം പറയുന്ന മറ്റുപായങ്ങൾ അംഗീകരിക്കുന്നതുകൊണ്ടും ആസനാശനാദി വേണ്ടപോലെ നിയന്ത്രിക്കുന്നതുകൊണ്ടും

digitized by www.sreyas.in

പ്രാണസ്പന്ദനം ക്രമേണ നിയന്ത്രിക്കാവുന്നതാണ്. അതുപോലെ നിസ്സംഗമായ ലോകവ്യവഹാരംകൊണ്ടും ലൗകികസുഖഭാവന വെടിയുന്നതുകൊണ്ടും ശരീരം നശ്വരജഡമാണെന്നുറപ്പുവരുത്തുന്നതുകൊണ്ടും വാസനയെ ക്ഷയിപ്പിക്കാവുന്നതാണ്. വാസനയുടെ ആക്രമണമില്ലെന്നു വന്നാൽ പിന്നെ ചിത്തം ദോഷമൊന്നും ഉളവാക്കുകയില്ല; കാറ്റടിക്കുന്നില്ലെന്നു വന്നാൽ പിന്നെ പൊടിപടലം ആകാശത്തെ ദുഷിപ്പിക്കുകയില്ലല്ലോ. പ്രാണചലനം തന്നെയാണു ചിത്തചലനം. അതുകൊണ്ടു ബുദ്ധിയുള്ളവർ പ്രാണചലനത്തെ ജയിക്കാൻ യത്നിക്കേണ്ടതാണ്. വെറുതെ ഒരിടത്തിരുന്നു വീണ്ടും വീണ്ടും മനസ്സിനെ ജയിക്കാൻ നോക്കിയതുകൊണ്ടു കാര്യമില്ല. മഹാന്മാർ കണ്ടെത്തിയിട്ടുള്ള യുക്തിപൂർവമായ അഭ്യാസംകൊണ്ടേ മനോജയം സാധ്യമാവൂ. ആത്മവിദ്യ വശത്താക്കുക, സത്യദർശികളുമായി ഇടപഴകുക, വാസന ഒഴിച്ചുമാറ്റുക, പ്രാണചലനം നിരോധിക്കുക ഇതൊക്കെയാണു ചിത്തജയത്തിനായി മഹാന്മാർ മുന്നോട്ടുവയ്ക്കുന്ന യുക്തികൾ. വർഷധാരകൊണ്ടു ഭൂമിയിലെ പൊടി അടങ്ങികിട്ടുന്നതുപോലെ ഈ ഉപായങ്ങൾകൊണ്ട് ചിത്തം അടങ്ങിക്കിട്ടും. ഈ ഉപായങ്ങളുള്ളപ്പോൾ അവയെ കണക്കിലെടുക്കാതെ ബലാൽ ചിത്തത്തെ പിടിച്ചടക്കാൻ ശ്രമിക്കുന്നവർ വിളക്കുകെടുത്തിയിട്ടു മഷികൊണ്ടിരുട്ടു പോക്കാൻ ശ്രമിക്കുന്നവരെപ്പോലെ വിഡ്ഢികളാണ്. ഹഠയോഗാദി സാധനകൾകൊണ്ടു ബലാൽ മനസ്സിനെ പിടിച്ചുനിറുത്താൻ ശ്രമിക്കുന്ന മൂഢന്മാർ താമരനൂലുകൊണ്ടു മദയാനയെ കെട്ടിനിറുത്താൻ ശ്രമിക്കുന്നവരാണ്. ഹഠയോഗാദിസാധനകൾ കൊണ്ടുമുറിഞ്ഞു ചിതറി ശക്തിഹീനയായിത്തീരുന്ന ബുദ്ധി പിന്നെ ഒരിടത്തും വിശ്വാസമുറയ്ക്കാതെ ഗ്രാമപ്രദേശത്തു ചുറ്റിനടക്കുന്ന മാൻപേടയെപ്പോലെ അലഞ്ഞുതിരിയാൻ ഇടയാകും.

246. കാലംയജ്ഞതപോദാനതീർഥദേവാർച്ചനാഭ്രമൈഃ
ചിരമാധി ശതോപേതാഃ ക്ഷപയന്തിമൃഗാഇവ.

ജനങ്ങൾ വസ്തുതയറിയാതെ ജീവിതകാലം മുഴുവൻ യജ്ഞം, ദാനം, തപസ്സ്, തീർഥാടനം, ദേവാർച്ചന തുടങ്ങിയ ഭ്രമങ്ങളിൽകൂടി അനേകതരം ആധിവ്യാധികളിൽ കുടുങ്ങി വേദനിച്ചു മൃഗങ്ങളെപ്പോലെ കഴിച്ചുകൂട്ടുന്നു. അതുകൊണ്ട് അല്ലയോ രാമാ, യുക്തിരഹിതങ്ങളായ ഇത്തരം കാഴ്ചപ്പാടുകളൊക്കെവിട്ടു ശുദ്ധമായ ബോധസത്യത്തെ ആശ്രയിച്ചുകൊണ്ട് രാഗദ്വേഷങ്ങളകറ്റി ജീവിതരംഗത്ത് സ്ഥിരതയോടെ കഴിഞ്ഞുകൂടൂ. ദൃശ്യക്കറ പുരളാത്തതും അത്യുത്തമവും ആദ്യമേയുള്ളതും ഏകവും സൃഷ്ടിരഹിതവുമായ ബോധസത്യത്തെ സമാശ്രയിക്കൂ: ഉള്ളിൽ സംശയരഹിതനായി നിലകൊള്ളൂ. എന്നിട്ട് ശമമംഗീകരിച്ചു കർതൃഭാവം വെടിഞ്ഞു കർമങ്ങളെല്ലാം വേണ്ടതുപോലെ ചെയ്യൂ.

രാമാ, സത്യം വിചാരം ചെയ്തുറപ്പിച്ച് സ്വന്തം മനസ്സിനെ അൽപ്പമെങ്കിലും വശത്താക്കാൻ ഒരാളിനുകഴിഞ്ഞാൽ അയാൾ ജന്മഫലം നേടിയതായി കണക്കാക്കാം. സത്യവിചാരത്തിന്റെ കണികയെങ്കിലും ഉള്ളിൽ സ്ഥലംപിടിക്കുമെങ്കിലും പിന്നെയത് അഭ്യാസംകൊണ്ടു ശാഖോപശാഖയായി പടർന്നു പന്തലിച്ചു പെരുകിക്കൊള്ളും. പൂക്കൾ വിടർന്നുനിൽക്കുന്ന വിചാരവൃക്ഷം വേരുറച്ചു വളർന്നു തഴയ്ക്കുമെങ്കിൽ ചിന്തയാകുന്ന കൊടുങ്കാറ്റ് അതിന്റെ ഉറപ്പുറ

digitized by www.sreyas.in

നിലനിൽപ്പിനെ പിന്നെയൊരിക്കലും ഇളക്കിമറിക്കുകയില്ല. നടക്കുമ്പോഴും നിൽക്കുമ്പോഴും ഉണരുമ്പോഴും ഉറങ്ങുമ്പോഴും ആരുടെ മനസ്സ് സത്യവിചാരത്തിനു വഴങ്ങുന്നില്ലയോ അവൻ മൃതനാണെന്നു ധരിച്ചോളൂ. ഈ ജഗത്തെന്താണ്, ഞാനാരാണ് എന്നീ ചോദ്യങ്ങൾക്കുത്തരം സ്വയം ചിന്തിച്ചറിയുകയോ അല്ലെങ്കിൽ സജ്ജനങ്ങളുമായി ചർച്ചചെയ്തറിയുകയോ ചെയ്യണം.

247. വിചാരോഽധ്യാത്മവിദ്യാനാംജ്ഞാനമംഗവിദുർബുധാഃ
ജ്ഞേയം തസ്യാന്തരേവാസ്തിമാധുര്യംപയസോയഥാ.

കുഞ്ഞേ, അറിവുള്ളവർ പറയുന്നത് ആത്മവിദ്യയിലെ അറിവ്, 'അറിവ്' എന്നുപറയുന്നത് ഈ വിചാരമാണെന്നത്രേ. പാലിനുള്ളിൽ മാധുര്യമെന്നപോലെ വിചാരത്തിനുള്ളിൽ സത്യം ഒളിഞ്ഞിരിക്കുന്നു. സത്യമറിഞ്ഞു സമദൃഷ്ടി വന്നുചേരുന്നതുതന്നെയാണു പരമാത്മാവ്. അവിടെ ഭയമില്ല, ആരിൽനിന്നും ഒന്നുമാവശ്യമില്ല, വിവശതയില്ല, ദീനതയില്ല. നിറയെ മദ്യം സേവിച്ചവൻ മദമയനായി ഭവിക്കുന്നു. അതുപോലെ സത്യം ഉറപ്പുവന്നയാൾ സർവത്ര സമമായി നിറഞ്ഞുനിൽക്കുന്ന സത്യബ്രഹ്മമായിത്തീരുന്നു. ജ്ഞാനം ഉറപ്പുവരുന്നതുകൊണ്ടു മാത്രം ലോകത്തെല്ലാം പവിത്രമായിത്തീരുന്നു. അപവിത്രവും അപഥ്യവും വിഷം കലർന്നതും അഴുക്കുനിറഞ്ഞതും ചളിച്ചു പുളിച്ചതുമായ ഭക്ഷണപദാർഥംപോലും കഴിച്ചാലുടൻ ദഹിച്ചു സുഖമരുളുന്നു. വിഷവും വിഷനിവർതകവും ശുദ്ധമായ പാലും വെള്ളവും ചോറും തത്ത്വജ്ഞനായ നിസ്സംഗൻ സമബുദ്ധിയോടെ ആസ്വദിക്കുന്നു. ജീവിതത്തെ അപഹരിക്കാനെത്തുന്ന ശത്രുവിനെയും പോഷിപ്പിക്കാനെത്തുന്ന മിത്രത്തെയും പ്രസാദമധുരമായ കണ്ണുകൊണ്ടു സമഭാവനയോടെ നോക്കിക്കാണുന്നു. ജ്ഞാനി ഒരിക്കലും ആരുടെയും ആളല്ല. വിഷയങ്ങളിൽ മുങ്ങിപ്പോകാതെ ആധിലേശവുമില്ലാത്ത ബുദ്ധികൊണ്ടവയെ കണ്ടു കൈകാര്യം ചെയ്യുന്നു. തത്ത്വമറിയാത്തവർക്കു ജീവിതത്തിൽ വിശ്രമമേയില്ല. അവരുടെ ആത്മാവിനു സ്ഥിരതയില്ല. അവരെ ഇന്ദ്രിയങ്ങൾ തളിരുകളെ മാനുകളെന്നപോലെ ചവച്ചകത്താക്കുന്നു.

248. സംഗഃ കാരണമർഥാനാം സംഗഃ സംസാരകാരണം
സംഗഃ കാരണമാശാനാം സംഗഃ കാരണമാപദാം.

സംഗമാണു ഭൗതികധനാർജനത്തിനു കാരണം; സംഗമാണു സംസാരബന്ധത്തിനു കാരണം; സംഗമാണാശകൾക്കു കാരണം; സംഗമാണാപത്തുകൾക്കു കാരണം;

249. സംഗത്യാഗംവിദുർമോക്ഷം സംഗത്യാഗമജന്മതാ
സംഗംത്യജ ത്വം ഭാവാനാം ജീവന്മുക്തോഭവാനഘ

സംഗത്യാഗമാണു മോക്ഷം; സംഗത്യാഗമാണു ജന്മമില്ലായ്മ. അതുകൊണ്ടു രാമാ, പദാർഥങ്ങളോടുള്ള സംഗമുപേക്ഷിക്കൂ. പരിശുദ്ധനായ രാമാ, സംഗമുപേക്ഷിച്ചു ജീവന്മുക്തനായി ജീവിതം നയിക്കൂ.

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു. സംശയമാകുന്ന മൂടൽ മഞ്ഞിനു ശരത്കാലമാരുതനായ ഭഗവൻ, എന്താണീ സംഗം. ചുരുക്കമായും സ്പഷ്ടമായും അതൊന്നു പറഞ്ഞു തരൂ!

digitized by www.sreyas.in

വസിഷ്ഠൻ പറഞ്ഞു: രാമാ, സംഗമെന്തെന്നു കേട്ടോളൂ:

250. ഭാവാഭാവപദാർഥാനാംഹർഷാമർഷവികാരദാ
മലിനാവസനായൈഷാസാസംഗഇതികഥ്യതേ.

ഭാവാഭാവപദാർഥാനാം-തല്കാലം ഉള്ളതും ഇല്ലാത്തതുമായ ജഡവിഷയങ്ങളിൽ; ഹർഷാമർഷവികാരദാ-സന്തോഷവും സന്താപവും തോന്നത്തക്കവിധം വേണമെന്നും വേണ്ടെന്നുമുള്ള ഭാവത്തെ ജനിപ്പിക്കുന്ന മലിനാവാസനാ യാ-മലിനവാസനയാതൊന്നാണോ; സാസംഗഇതികഥ്യതേ-അതാണു സംഗമെന്നു പറയപ്പെടുന്നത്.

തൽക്കാലം ഉള്ളതും ഇല്ലാത്തതുമായ ജഡവിഷയങ്ങളിൽ സന്തോഷവും സന്താപവും തോന്നത്തക്കവിധം വേണമെന്നും വേണ്ടെന്നുമുള്ള ഭാവത്തെ ജനിപ്പിക്കുന്ന മലിനവാസന യാതൊന്നാണോ അതാണു സംഗമെന്നു പറയപ്പെടുന്നത്.

**സാസംഗ ഇതികഥ്യതേ**

ജഡവിഷയങ്ങളിൽ വേണമെന്നും വേണ്ടെന്നുമുള്ള ഭാവമാണു സംഗം. ഈ രണ്ടു ഭാവങ്ങളും ഒരുപോലെ സന്തോഷവും സന്താപവും ജനിപ്പിക്കുന്നവയാണ്. വേണമെന്നു തോന്നുന്ന പദാർഥം കിട്ടിയാൽ സന്തോഷം. കിട്ടാതിരുന്നാൽ സന്താപം. ഇനിയും അവനവനു വേണമെന്നുതോന്നുന്ന പദാർഥം മറ്റൊരാൾക്കു കിട്ടിയാൽ സന്താപം. കിട്ടാതിരുന്നാൽ സന്തോഷം. വേണ്ടെന്നുതോന്നുന്നതു കിട്ടാതിരുന്നാൽ സന്തോഷം. കിട്ടിയാൽ സന്താപം. അവനവനു വേണ്ടാത്തത് അന്യർക്കു കിട്ടിയാൽ സന്തോഷം. കിട്ടാതിരുന്നാൽ സന്താപം. മനുഷ്യലോകത്തിന്റെ സകല സുഖദുഃഖങ്ങൾക്കും കാരണം ഈ വേണം വേണ്ടായ്കയാണെന്നു ചിന്തിച്ചാൽ കാണാൻ കഴിയും. ഈ വേണം വേണ്ടായ്ക തന്നെയാണു സംഗം. സത്യബോധം കൊണ്ടുള്ളിൽ നിന്നും ഈ സംഗം ഒഴിവാക്കാമെങ്കിൽ സദാ സന്തോഷം, സുഖം. സംഗം മലിനവാസനയാണ്. മരണവേളയിലും സംഗം ബാക്കിനിന്നാൽ അതനുഭവിക്കാനായി വീണ്ടും ജനിക്കേണ്ടിവരും. അതുകൊണ്ടാണു സംഗം മലിനവാസനയെന്നു പറഞ്ഞത്.

വസിഷ്ഠൻ തുടർന്നു: 'ജീവന്മുക്തന്മാരിൽ ഈ മലിനവാസന അവശേഷിക്കുന്നില്ല. ഹർഷവിഷാദങ്ങൾക്ക് ഒരിക്കലും വഴങ്ങാത്ത ശുദ്ധ വാസനയാണവരെ നയിക്കുന്നത്. ഒന്നിലും വേണമെന്നോ വേണ്ടെന്നോ അവർക്കു നിർബന്ധമില്ല. ജീവന്മുക്തി നേടാത്ത ദീനന്മാരായ മൂഢബുദ്ധികളിലാണ് മലിനവാസനാരൂപത്തിലുള്ള സംസാരകാരണമായ ഈ സംഗം നിലനിൽക്കുന്നത്. സന്തോഷം, അമർഷം, ദുഃഖം എന്നീ വികാരങ്ങൾക്കു വശപ്പെടുന്നതാണു ബന്ധം. ഈ ബന്ധത്തിനു ഹേതുവായ വാസനയാണു മലിന വാസന. മുക്തന് എല്ലാം സത്യസ്വരൂപമായതുകൊണ്ടു അന്യഭാവം കൊണ്ടുണ്ടാകുന്ന ഹർഷാമർഷങ്ങൾ സംഭവിക്കുന്നതേയില്ല. അദ്ദേഹം രാഗഭയക്രോധങ്ങൾക്കൊന്നും വഴങ്ങാതെ സദാ നിസ്സംഗനായി വർത്തിക്കുന്നു. ദുഃഖം കൊണ്ടദ്ദേഹത്തിന്റെ മുഖം വാടുന്നില്ല; ഭൗതികസുഖം കൊണ്ടു വിശേഷിച്ചു മുഖം വികസിക്കുന്നുമില്ല.

digitized by www.sreyas.in

ആശാവൈവശ്യത്തിലൊന്നും ചെന്നുപെടാതെ അദ്ദേഹം സദാ നിസ്സംഗനായിത്തന്നെ വർത്തിക്കുന്നു. രാമാ, നീയും അങ്ങനെ തന്നെ ജീവിതം നയിക്കൂ. സമ്പത്തിലും വിപത്തിലും അക്ഷോഭ്യനായി നീ സമനിലയിൽ വർത്തിച്ചു കൊണ്ടു വന്നുചേരുന്ന കാര്യങ്ങൾ വേണ്ടപോലെ നിർവഹിക്കുമെങ്കിൽ നിസ്സംഗഭാവം ഉറപ്പുവന്നു എന്നു കരുതാം. എപ്പോഴും എല്ലാറ്റിലും സത്യം ദർശിച്ചു സമഭാവനയോടെ ഉള്ളിൽ ദീനഭാവം ലേശവുമില്ലാതെ തല്കാലം എന്താണ് ചെയ്യേണ്ടത് അതു ഭംഗിയായി ചെയ്തു നിസ്സംഗനായി സുഖത്തോടെ കാലം കഴിക്കൂ, രാമാ.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ ഉപശമ പ്രകരണേ*
*ആകാശഗത്യഭാവാദി നിരൂപണം നാമ ദശമഃ സർഗഃ*
*ഉപശമ പ്രകരണം സമാപ്തം*

digitized by www.sreyas.in

# 6

# നിർവാണപ്രകരണം

സർഗം. 1

## ഭൂശുണ്ഡോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു.

251. ദിക്കാലാദ്യനവച്ഛിന്നമദൃഷ്ടോഭയകോടികം
ചിന്മാത്രമക്ഷയം ശാന്തമേകം ബ്രഹ്മാസ്മി നേതരത്

ദിക്കാലാദ്യനവച്ഛിന്നം-ദേശം കൊണ്ടോ കാലം കൊണ്ടോ പോലും പരിമിതപ്പെടാത്തതും. അദൃഷ്ടോഭയകോടികം-ആദി അന്തം എന്ന രണ്ടതിരുകൾ കൊണ്ടും വിഭജിക്കപ്പെടാത്തതും; ചിന്മാത്രം-കേവലബോധസ്വരൂപവും; അക്ഷയം-ഒരിക്കലും ഒരു കേടും വരാത്തതും; ശാന്തം-സദാശാന്തവും; ഏകം-രണ്ടില്ലാത്തതുമായ; ബ്രഹ്മ അസ്മി-ബ്രഹ്മമാകുന്നു ഞാൻ; നഇതരത്-മറ്റൊന്നും ഞാനല്ല.

ദേശം കൊണ്ടോ കാലം കൊണ്ടോ പോലും പരിമിതപ്പെടാത്തതും ആദി അന്തം എന്ന രണ്ടതിരുകൾ കൊണ്ടു വിഭജിക്കപ്പെടാത്തതും കേവലബോധസ്വരൂപവും ഒരിക്കലും ഒരു കേടും വരാത്തതും സദാ ശാന്തവും രണ്ടില്ലാത്തതുമായ ബ്രഹ്മമാകുന്നു ഞാൻ; മറ്റൊന്നും ഞാനല്ല.

**ബ്രഹ്മാസ്മി നേതരത്**

പ്രപഞ്ചത്തിന്റെ പരമകാരണമാണു ബ്രഹ്മം; അതു ബോധസ്വരൂപമാണ്. ദേശവും കാലവും ബോധത്തിലെ രണ്ടു ഭ്രമാനുഭവങ്ങളാണ്. ദേശം എവിടെ നിൽക്കുന്നു എന്ന ചോദ്യം തന്നെ ഇക്കാര്യം സ്പഷ്ടമായി തെളിയിക്കും. ദേശത്തിനെവിടെ നിൽക്കാൻ കഴിയും. ദേശം ഉണ്ടെന്നനുഭവിക്കുന്ന ബോധത്തിൽ. ദേശം വേറെ എവിടെ നിൽക്കും. ദേശം ബോധത്തിലെ വെറുമൊരു ഭ്രമാനുഭവം. ബോധമില്ലേ ദേശമില്ല. ദേശാനുഭവത്തിനുമുൻപേ ബോധമുണ്ടായേ പറ്റൂ. എങ്കിൽ ബോധം ദേശത്തിൽ പരിമിതമാകുന്നില്ലെന്നു തീർച്ചയാണല്ലോ. കാലത്തിന്റെയും സ്ഥിതിയിതു തന്നെ. സെക്കന്റും മിനിട്ടും പകലും രാത്രിയുമൊക്കെയാണല്ലോ കാലത്തിന്റെ ഘടകങ്ങൾ. ഒരു ക്ലോക്കിന്റെ സൂചി ചലിക്കുമ്പോൾ നാം എന്തിനെയോ സെക്കന്റുകളും മിനിട്ടുകളുമൊക്കെയായി വിഭജിക്കുന്നു. സൂചിയുടെ ചലനമല്ലാതെ അവിടെ

digitized by www.sreyas.in

അങ്ങനെ വിഭജിക്കപ്പെടാൻ വാസ്തവത്തിൽ എന്തുണ്ട്. ചലനമല്ലാതെ പിന്നെയുള്ളത് ആ ചലനത്തെയറിയുന്ന ബോധം മാത്രം. അപ്പോൾ സൂചിയുടെ ചലനത്തെ ആശ്രയിച്ചുകൊണ്ടുള്ള ബോധത്തിന്റെ ഒരു ഭ്രമാനുഭവം മാത്രമാണു കാലം. സൂര്യന്റെയും ഭൂമിയുടെയും ചലനങ്ങളെ ആശ്രയിച്ചുകൊണ്ടു ബോധത്തിനുണ്ടാകുന്ന ഭ്രമാനുഭവമാണു രാത്രിയും പകലും. ഇനിയും സൂര്യനിൽ ജീവികളുണ്ടെങ്കിൽ അവയുടെ കാലഗണന എങ്ങനെയായിരിക്കും? അഹോ! ദേശകാലങ്ങളെല്ലാം ബോധത്തിലെ വെറും ഭ്രമങ്ങൾ. ദേശവും കാലവും സാപേക്ഷങ്ങളാണെന്നുള്ള ആധുനിക ശാസ്ത്രസിദ്ധാന്തം അവയുടെ ഭ്രമസ്ഥിതി ഒന്നുകൂടി ഉറപ്പിക്കുന്നു. സാപേക്ഷങ്ങളായ എന്തും നിരപേക്ഷമായ ഒന്നിലെ ഭ്രമങ്ങളാകാനേ പറ്റൂ എന്നാണു വേദാന്തസിദ്ധാന്തം. ജഗത്തിനെ നിലനിറുത്തുന്ന നെടുംതൂണുകളാണു ദേശവുംകാലവും. ദേശകാലങ്ങളെ ആശ്രയിക്കാതെ ജഗത്തിലെ ഒന്നിനെയും കുറിച്ച് ആർക്കും ചിന്തിക്കാൻ പോലും സാധ്യമല്ല. ആ ദേശകാലങ്ങൾ തന്നെ ബോധത്തിലെ ഭ്രമാനുഭവങ്ങളാണെങ്കിൽ പിന്നെ മറ്റുള്ളവയുടെ കഥ പറയാനില്ലല്ലോ. ദേശകാലങ്ങളെ ആസ്പദമാക്കിയുള്ള പദാർഥങ്ങളുടെ രണ്ടതിരുകളാണ് തുടക്കവും ഒടുക്കവും. എവിടെ തുടങ്ങി? എപ്പോൾ തുടങ്ങി? എവിടെ ഒടുങ്ങി? എപ്പോൾ ഒടുങ്ങി? എന്നീ ചോദ്യങ്ങൾക്കുത്തരം കാണാതെ ഒരു പദാർഥത്തെയും വിവരിക്കാനേ സാധ്യമല്ല. ഈ രണ്ടതിരുകൾക്കും ആശ്രയമായ കാരണമാണു ബോധമെങ്കിൽ ബോധത്തിൽ ഈ രണ്ടതിരുകളും സംഭവിക്കുക സാധ്യമല്ലല്ലോ. അതുകൊണ്ടു ബ്രഹ്മം 'അദൃഷ്ടോഭയകോടിക'മാണ്. ചിന്മാത്രമാണു ബ്രഹ്മം. എന്തുകൊണ്ട്? ചിത്തില്ലയോ ഒന്നുമില്ല. ബോധം പരമകാരണമാണെന്നുറപ്പുവന്നാൽ പിന്നെ അതക്ഷയവും ശാന്തവും ഏകവുമാണെന്നു തീർച്ച. അറുപതാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കുക. ഇങ്ങനെ എല്ലാം ബ്രഹ്മമാണെങ്കിൽ അവനവൻ ബ്രഹ്മമാണെന്നനുഭവിക്കുന്നതല്ലേ സത്യാനുഭവം. ആ ജീവബ്രഹ്മൈക്യാനുഭവമാണു 'ബ്രഹ്മാസ്മി' എന്നു വെളിപ്പെടുത്തിയിരിക്കുന്നത്.

വസിഷ്ഠൻ തുടർന്നു. 'രാമാ, ഇത്തരത്തിൽ ബ്രഹ്മഭാവന ഉള്ളിലുറപ്പിച്ചുകൊണ്ട് മുക്തനെന്നോ ബദ്ധനെന്നോ ഒന്നും കരുതാതെ ഏകരൂപനായി പ്രശാന്തനായി മഹാനായി മൗനിയായി ആത്മാരാമനായി ലോകത്തു വിഹരിക്കൂ. അതു തന്നെ നിർവാണം. എപ്പോൾവരെ അജ്ഞാനത്തിന്റെ മൂടുപടം ബാക്കിനിൽക്കുമോ, ബ്രഹ്മത്തെയല്ലാതെ മറ്റെന്തിനെയെങ്കിലും എപ്പോൾവരെ ഭാവന ചെയ്യുമോ, പ്രപഞ്ച വിഷയങ്ങളിൽ എപ്പോൾ വരെ താൽപ്പര്യം അവശേഷിക്കുമോ അപ്പോൾവരെ ചിത്തവും ദേഹവും ജഗത്തുമൊക്കെ കൽപ്പിച്ചു ബന്ധപ്പെടേണ്ടിവരും. ചിത്തമില്ല, അവിദ്യയില്ല, മനസ്സില്ല, ജീവനില്ല; രാമാ, ഇവയൊക്കെ ബോധസ്വരൂപമായ ബ്രഹ്മത്തിൽ നിന്നുതന്നെയുള്ള അനുഭവങ്ങളാണെന്നറിയൂ; അതുകൊണ്ടവയൊക്കെ ബ്രഹ്മം തന്നെ. ആദിയും അന്തവുമില്ലാത്ത ഒരേ ബ്രഹ്മം ഒരു സമുദ്രമെന്നപോലെ ഇങ്ങനെ പലരൂപത്തിൽ പെരുകിക്കാണുന്നു. ദേഹത്തിൽ അഹങ്കാരമുള്ളിടത്തോളം ജഡശരീരം താനാണെന്നു കരുതുന്നിടത്തോളം ഇതെന്റേത് നിന്റേത് എന്ന സംഗമുള്ളിടത്തോളം ചിത്തവും ജഗത് ഭ്രമവും തുടർന്നുകൊണ്ടേയിരിക്കും.

252. അന്തർമുഖതയാ സർവം ചിദ്വഹ്നൗത്രിജഗത്തൃണം
ജുഹ്വതോ*f*ന്തർനിവർത്തന്തേ മുനേശ്ചിത്താദിവിഭ്രമാഃ

digitized by www.sreyas.in

അന്തർമുഖമായി സത്യം കണ്ടറിഞ്ഞു ബോധവഹ്നിയിൽ മുഴുവൻ ജഗത്തിനെയും ഉണങ്ങിയ പുല്ലിനെ അഗ്നിയിലെന്നപോലെ എരിച്ചു ചാമ്പലാക്കുന്ന മുനിക്കു ചിത്താദിവിഭ്രമങ്ങൾ ഉള്ളിൽ നിന്നും ഉടൻ വിട്ടകലുന്നു. ജഗത്തുമുഴുവൻ ബോധത്തിലെ വെറും ഭ്രമമാണെന്നറിയുന്ന മുനിക്കു അതു തൃണം പോലെ നിസ്സാരം.

253. ചിദാത്മാസ്മിനിരംശോസ്മി പാരാവാരവിവർജിതഃ
രൂപം സ്മരനിജം സ്ഫാരം മാ*ƒ*സ്മൃത്യാസംമിതോഭവ.

ചിദാത്മാ അസ്മി-ഞാൻ ബോധസ്വരൂപനായ ആത്മാവാണ്; നിരംശ: അസ്മി-എനിക്കു ചെറിയ ചെറിയ അംശമൊന്നുമില്ല; പാരാവാരവിവർജിത-മറുകരകാണാനില്ലാത്ത അനന്തസത്തയാണു ഞാൻ; നിജം സ്ഫാരം രൂപം സ്മര-ഇപ്രകാരം അളവില്ലാത്ത സ്വന്തം രൂപം ഓർമിക്കൂ; അസ്മൃത്യാസംമിതഃഭവ-മറവി നിന്നെ ബാധിക്കാതിരിക്കട്ടെ.

ഞാൻ ബോധസ്വരൂപനായ ആത്മാവാണ്; എനിക്കു ചെറിയ ചെറിയ അംശമൊന്നുമില്ല; മറുകരകാണാനില്ലാത്ത അനന്തസത്തയാണു ഞാൻ; ഇപ്രകാരം അളവില്ലാത്ത സ്വന്തം രൂപം ഓർമിക്കൂ; മറവി നിന്നെ ബാധിക്കാതിരിക്കട്ടെ.

### മാ*ƒ*സ്മൃത്യാസംമിതോഭവ

ആരറിഞ്ഞാലും ഇല്ലെങ്കിലും സർവം ബ്രഹ്മമയം എന്നതാണു ശാസ്ത്രീയമായ വസ്തുസ്ഥിതി. അതു മറന്നുപോയതാണ് അജ്ഞാനം. അപ്പോൾ ബ്രഹ്മാനുഭവം കർമം കൊണ്ടൊന്നും നേടാനുള്ളതല്ല. നിലവിലുള്ള കാര്യം ഓർമിച്ചുറപ്പിക്കുകയേ വേണ്ടൂ. എല്ലാ സാധനകളും ഈ വിസ്മരണമകറ്റാനാണ്. യുക്തി ചിന്തകളും ശാസ്ത്രചർച്ചകളും സജ്ജന സംസർഗവുമെല്ലാം ഈ ഓർമ ഉറപ്പിക്കാൻ മാത്രം. ഓർമയ്ക്കുറപ്പുവരുന്തോറും സംസാരദുഃഖം അകന്നകന്നു പോകും. അതുകൊണ്ടാണു മറവി നിന്നെ ബാധിക്കാതിരിക്കട്ടെ എന്നാശംസിക്കുന്നത്. മുമ്പിൽ കൊല്ലാൻ ആയുധവുമോങ്ങി നിൽക്കുന്ന കടുത്ത ശത്രുവിനെപ്പോലും ഈശ്വരരൂപത്തിൽ ഉത്തമമിത്രമായി ആർക്കു കാണാൻ കഴിയുന്നുവോ അയാളാണു സത്യം കാണുന്നയാൾ. പൊങ്ങിപ്പായുന്ന നദി ഇരുകരകളെയും ഇടിച്ചു തകർത്തു മരങ്ങളെ പിഴുതെറിയുന്നതുപോലെ ആരാണോ സ്നേഹമാത്സര്യങ്ങളെ ബ്രഹ്മബോധം കൊണ്ടു തകർത്തൊന്നാക്കുന്നത് അദ്ദേഹമാണു സത്യം കാണുന്നയാൾ. ആത്മാന്വേഷണശാസ്ത്രചർച്ചയാകുന്ന മന്ത്രംകൊണ്ടു ഓർമയിലെത്തുന്ന ആത്മാവ് തൃഷ്ണാവിഷൂചികാരോഗത്തെ അതിവേഗം ചികിത്സിച്ചു ക്ഷയിപ്പിക്കുന്നു; ശരത്കാലം മൂടൽമഞ്ഞിനെയെന്നപോലെ. ഇതിനാദ്യമായി സത്യനിഷ്ഠനായ ഗുരുവിന്റെ വാക്കിൽ ശ്രദ്ധാലുവായിത്തീരണം. ഇദ്ദേഹം പറയുന്നതു വിശ്വസിക്കാമെന്നു തോന്നിയാൽ ആ മഹാന്റെ ഉപദേശങ്ങൾ ഉഴുതുമറിച്ച തറയിൽ ജലമെന്നപോലെ ഉള്ളിൽവിട്ടുപോകാതെ തങ്ങിനിൽക്കാൻ ഇടയാകും. ശാസ്ത്രയുക്തികൾ സ്വയം മനനം ചെയ്യാതെയും സ്വസ്വരൂപം ബോധമാണെന്നു വിചാരം ചെയ്തറിയാതെയും സത്യത്തെ കൈവെടിഞ്ഞു മൂഢബുദ്ധികൾ സംശയഗ്രസ്തരായി തൃണങ്ങളെപ്പോലെ ചലിച്ചുകൊണ്ടേയിരിക്കുന്നു.

254. സർവേഷാമേവചൈതേഷാംസ്ഥിതൈവൈഷാചിദവ്യയാ
കിന്ത്വബോധവശാദസ്യാഃപരാംകൃപണതാംഗതാ

digitized by www.sreyas.in

ഈ മൂഢബുദ്ധികളിൽപോലും എല്ലാവരിലും ഒരു കുറവും കൂടാതെ ആ ബോധസത്യം പ്രകാശിച്ചുനിൽക്കുന്നു. എന്നാൽ അതൊന്നോർമിക്കാനുള്ള മനസ്സില്ലാത്തതുകൊണ്ടു മാത്രം ഇവർ അനുകമ്പാർഹരായി സംസാരക്കടലിൽ മുങ്ങിപ്പൊങ്ങിക്കഴിയാനിടയാകുന്നു. മൂഢന്മാർ അവരുടെ സ്വരൂപമായ ബോധത്തെ തിരിച്ചറിയാതെ വില്ലിൽനിന്നുള്ള ഞാണൊലിയെന്നപോലെ ഭീഷണി മുഴക്കുകയും അലറിച്ചീർക്കുകയും ചെയ്യുന്നു; എന്തിന്? മരിക്കാൻ വേണ്ടി മാത്രം. ഇത്തരം മൂഢൻമാരോടു ആത്മചർച്ചയ്ക്കൊരുമ്പെടുന്നത് വിലപ്പെട്ട സാധനം ചെളിയിൽ വലിച്ചെറിയുന്നതിനു തുല്യമാണ്; അഥവാ പട്ടി ആകാശത്തു നോക്കിക്കുരയ്ക്കുന്നതുപോലെയാണ്.

255. അജ്ഞത്വമാപദാം നിഷ്ഠാ കാഹിനാപദജാനതഃ
ഇയം സംസാരസരണിർവഹത്യജ്ഞപ്രസാദതഃ

ആപദാം നിഷ്ഠാ-ആപത്തുകൾക്കെല്ലാം ഇരിപ്പിടം; അജ്ഞത്വം-അറിവില്ലായ്മയാണ്; അജാനതഃ കാഹിന ആപത്-അജ്ഞന് എന്താണാപത്തല്ലാത്തത്; ഇയം സംസാരസരണി: ഈ സംസാരഗതി; അജ്ഞപ്രസാദതഃ വഹതി-അജ്ഞന്റെ അനുഗ്രഹം കൊണ്ടാണു ഇങ്ങനെ തുടർന്നുപോകുന്നത്.

ആപത്തുകൾക്കെല്ലാം ഇരിപ്പിടം അജ്ഞതയാണ്; അജ്ഞന് എന്താണാപത്തല്ലാത്തത്. ഈ സംസാരഗതി അജ്ഞന്റെ അനുഗ്രഹം കൊണ്ടാണിങ്ങനെ തുടർന്നുപോകുന്നത്.

**അജ്ഞത്വമാപദാംനിഷ്ഠാ**

അറിവില്ലായ്മയാണ് എല്ലാ ആപത്തുകൾക്കും ഇരിപ്പിടം, എന്തിന്റെ അറിവില്ലായ്മ? സത്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ. ബോധഘനനായ ഒരു വസ്തുവേ ഇവിടെ നിലവിലുള്ളൂ. അതിനൊരിക്കലും കേടും സംഭവിക്കുന്നില്ല. പിന്നെ ആരെക്കുറിച്ചാണു ദുഃഖിക്കുന്നത്. ദേഹമുൾപ്പെടെയുള്ള ജഡദൃശ്യങ്ങൾ കേടുവരികയും നശിക്കുകയും ചെയ്യുന്നുണ്ടല്ലോ. ജഡങ്ങൾ ബോധത്തിലെ വെറും ഭ്രമദൃശ്യങ്ങളാണ്. ജനിക്കുക, മരിക്കുക, ആധിവ്യാധികൾകൊണ്ടു ജീർണിക്കുക ഇതൊക്കെ അവയുടെ സ്വഭാവമാണ്. അതുമാറ്റിമറിക്കാൻ ലോകത്തൊരുശക്തിക്കും സാധ്യമല്ല. അപരിഹാര്യമായതിൽ ദുഃഖിക്കുന്നത് അജ്ഞതയല്ലേ. ജഡങ്ങളുടെ ഈ സ്വഭാവം അറിഞ്ഞുകൊണ്ട് അവയെ കൈകാര്യം ചെയ്തു മാറ്റിമറിക്കാവുന്നിടത്തോളം മാറ്റിമറിക്കൂ. പറ്റാതെ വരുമ്പോൾ ദുഃഖിച്ചിട്ടെന്തു കാര്യം. ഈ വസ്തുരഹസ്യം അറിവില്ലാത്തവന് എല്ലാം ദുഃഖകാരണമാവും. പണം, സ്ഥാനമാനങ്ങൾ, പ്രശസ്തി ഇവയൊക്കെ കൂടുന്തോറും ഈ അറിവില്ലെന്നു വന്നാൽ ദുരഹങ്കാരവും, ഭയവും ഭേദചിന്തയും വളർന്നു വളർന്ന് അജ്ഞൻ മോഹബദ്ധനായി ദുഃഖിക്കേണ്ടിവരും. ഭൗതികനേട്ടങ്ങൾ പോലും സത്യബോധത്തോടെ അനുഭവിക്കുന്നിടത്തു മാത്രമേ സുഖമുള്ളൂ. അജ്ഞന്റെ അനുഗ്രഹങ്ങളായ ഭീഷണികളും ഗർജനങ്ങളും മദമാത്സര്യങ്ങളുമല്ലേ കോലാഹലമായ സംസാരഗതിയെ ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നത്.

വസിഷ്ഠൻ തുടർന്നു.

256. യദേവഗോഷ്പദാകാരം ജ്ഞധിയഃപേശലംജഗത്
തദേവാപാരപര്യന്തമഗാധമമഹാത്മനഃ

digitized by www.sreyas.in

വസ്തുത ഗ്രഹിച്ച ജ്ഞാനിക്ക് ഈ ജഗത്ത് ഒരു പശുവിൻ കുളമ്പടി പോലെ നിസ്സാരമാണ്. സത്യമറിയാത്ത അജ്ഞന് ഒരു മഹാസമുദ്രംപോലെ മറുകര കാണാനില്ലാത്തതും ആഴമേറിയതുമാണ്. ഭ്രമം ഭ്രമമാണെന്നറിഞ്ഞാൽ ഒരു പശുവിൻ കുളമ്പടി ചാടിക്കടിക്കുന്നതുപോലെ ജഗത്തിനെതള്ളിക്കള യാനല്ലേയുള്ളൂ. ഇവിടെ ജഡദൃശ്യവുമായി ഒരു ബന്ധവുമില്ലാത്തതും എല്ലാ മായി ശാന്തമായി വിലസുന്നതും സച്ചിദാനന്ദമയവുമായ ഒരു വസ്തുവേ നിലവിലുള്ളൂ. അതിൽ വാസ്തവത്തിൽ ഒരു സൃഷ്ടിയും സംഭവിച്ചിട്ടേയില്ല. അതിൽ മരുഭൂമിയിൽ കാനൽജലംപോലെ ഭ്രമരൂപത്തിൽ ആവിർഭവിക്കു ന്നതാണ് എല്ലാ സൃഷ്ടിഭേദങ്ങളും. ആ ഭ്രമസൃഷ്ടി സൂക്ഷ്മമെന്നും മധ്യ മെന്നും സ്ഥൂലമെന്നും മൂന്നുവിധത്തിൽ കൽപ്പിക്കപ്പെട്ടിരിക്കുന്നു. സത്വഗു ണമാണു സൂക്ഷ്മം, രജോഗുണമാണു മധ്യം, തമോഗുണമാണു സ്ഥൂലം. ഇതു മൂന്നും ചേർന്നതാണ് പ്രകൃതിയെന്നറിയപ്പെടുന്നത്. ഇതു തന്നെയാണ് ജീവന്റെ സംസാരം. ഈ പ്രകൃതിക്കപ്പുറമുള്ള ശുദ്ധബോധമാണ് സംസാര ത്തിന്റെ മറുകര. സത്ത്വം പ്രകാശത്തിന്റെയും രജസ്സു കർമത്തിന്റെയും തമസ്സു മോഹത്തിന്റെയും ഗുണമാണ്. ഈ മൂന്നുഗുണങ്ങളും കൂടിച്ചേർന്ന് ഓരോന്നും മുമ്മൂന്നായി പിരിഞ്ഞ് അങ്ങനെ ഗുണരൂപിണിയായ അവിദ്യ ഒൻപതായി വേർതിരിയുന്നു. സത്ത്വം, സത്ത്വത്തിൽ രജസ്സ്, സത്ത്വത്തിൽ തമസ്സ്; രജസ്സ്, രജസ്സിൽ സത്ത്വം, രജസ്സിൽ തമസ്സ്; തമസ്സ്, തമസ്സിൽ സത്ത്വം, തമസ്സിൽ രജസ്സ് ഇങ്ങനെയാണ് ഒൻപതുവിഭാഗം. ഇതിൽ സത്ത്വത്തിന്റെ രൂപഭേദങ്ങളാണ് ഋഷിമാർ, മുനിമാർ, സിദ്ധന്മാർ, നാഗന്മാർ, വിദ്യാധരൻമാർ, സുരന്മാർ എന്നിവർ. സാത്ത്വികാവിദ്യയാണിവർക്കൊക്കെ രൂപം കൊടുത്തി രിക്കുന്നത്. വസിഷ്ഠവിശ്വാമിത്രാദിഋഷിമാരാണു ശുദ്ധസാത്ത്വികരൂപികൾ. മുനികളും സിദ്ധന്മാരുമാണ് സത്വത്തിലെ രജോരൂപികൾ; കർമപ്രധാനന്മാ രാണിവർ. വാസുകി തുടങ്ങിയ നാഗന്മാരും വിദ്യാധരന്മാരുമാണ് സത്ത്വ ത്തിലെ തമോരൂപികൾ; മോഹമാണിവരിൽ പ്രധാനം. ഗുണരൂപിണിയായ പ്രകൃതി അവിദ്യയാണെങ്കിൽ സത്ത്വഗുണത്തിന്റെ ആധിക്യമേറുംതോറും വിദ്യയെന്നറിയപ്പെടുന്നു. രാജസിയും താമസിയുമായ സൃഷ്ടിയും ഇതു പോലെ വേർതിരിച്ച് കാണേണ്ടതാണ്. ജഡത്തിന്റെ പാരമ്യമാണ് തമോഗു ണത്തിന്റെ അതിര്.

രാമൻ ചോദിച്ചു: വൃക്ഷലതാദി സ്ഥാവരങ്ങൾ ഏതാണ്ടു ശുദ്ധ ജഡത്വ ത്തിലെത്തി നിൽക്കുംപോലെയാണല്ലോ കാണുന്നത്. ഇവയിലെ ബോധ സ്ഥിതി എപ്രകാരമുള്ളതാണ്?!

വസിഷ്ഠൻ പറഞ്ഞു: 'ശുദ്ധജഡങ്ങളിൽ മനസ്സ് പൂർണമായി ലയിച്ചിരി ക്കുന്നു. വൃക്ഷലതാദിസ്ഥാവരങ്ങളിൽ മനസ്സു പൂർണമായി ലയിച്ചിട്ടില്ല. എന്നാൽ മനസ്സിന്റെ പ്രകടമായ രൂപം കാണ്മാനുമില്ല. അങ്ങനെ മനസ്സു ണ്ടെന്നോ ഇല്ലെന്നോ പറയാൻ കഴിയാത്ത ഒരു മധ്യസ്ഥിതിയിലെ ബോധാ വസ്ഥയാണു സ്ഥാവരങ്ങളുടേത്!

രാമൻ ചോദിച്ചു: അപ്പോൾ മഹാമുനേ, മനസ്സേതാണ്ട് ഇല്ലാത്ത ഒരവ സ്ഥയിൽ എത്തിനിൽക്കുന്ന സ്ഥാവരങ്ങൾ മുക്തിയുടെ തൊട്ടടുത്തെത്തി നിൽക്കുന്നതായി കരുതാമോ?

വസിഷ്ഠൻ മറുപടി നൽകി: സ്ഥാവരങ്ങളിൽ സൂക്ഷ്മശരീരം മനുഷ്യ

digitized by www.sreyas.in

നുറക്കത്തിലെന്നപോലെ ലയിച്ചു പോയിരിക്കുകയാണ്. സത്താമാത്രം അവശേഷിക്കുന്ന ഈ മൂകാന്ധജഡസ്ഥിതി ഉറക്കത്തിലെന്നപോലെ സുഖദായിനിയാണ്.

രാമൻ വീണ്ടു ചോദിച്ചു; അപ്പോൾ സ്ഥാവരങ്ങളിൽ ദ്വൈതാനുഭവമില്ലാത്തതുകൊണ്ട് അദ്വൈതാനുഭവമെന്ന മുക്തി അവയോടടുത്തു നിൽക്കുന്നു എന്നു കരുതാമോ?

വസിഷ്ഠൻ പറഞ്ഞു: 'രാമാ, മോക്ഷമെന്താണെന്നു വ്യക്തമായി ധരിച്ചോളൂ. ബുദ്ധിപൂർവം ശാസ്ത്രവിചാരം ചെയ്ത് യഥാർഥവസ്തുകണ്ടെത്തി സത്താസാമാന്യത്തെ അവലംബിക്കുന്നതാണ് അനന്തമായ മോക്ഷം. വാസനകളെ അറിഞ്ഞുകൊണ്ടു ബോധപൂർവം പരിത്യജിക്കണം. അതാണുത്തമം. വാസനകൾപോയാൽ അനുഭവരൂപമായി തെളിയുന്ന സാമാന്യമായ ഉണ്മയാണു കൈവല്യം. ജഡത്തിലും ഉറക്കത്തിലും തത്സമയം സത്താസാമാന്യം അനുഭവിക്കുന്നില്ലെന്നു തീർച്ചയല്ലേ. സജ്ജനങ്ങളുമായി സത്യം വിചാരം ചെയ്യണം; ശാസ്ത്രം ചർച്ച ചെയ്യണം. അപ്പോൾ ബ്രഹ്മരൂപമായ സത്താസാമാന്യം ഉറപ്പു വരും. വിത്തിൽ മുളപ്പു ലയിച്ചുകിടക്കുന്നതുപോലെ ജഡത്തിലും ഗാഢനിദ്രയിലും ഒക്കെ ജന്മഹേതുവായ വാസന ലയിച്ചുകിടക്കുകയാണെന്നോർക്കണം. ഇടതിങ്ങി വാസനകളോടുകൂടി സങ്കൽപ്പങ്ങൾ ലയിച്ചുകിടക്കുന്ന സ്ഥാനമാണു സുഷുപ്തി; അതുതന്നെയാണു ജഡത്വം. നൂറുകണക്കിനു ജന്മങ്ങൾ അവിടെ നിന്നും മുളച്ചുവരാം. അങ്ങനെ വൃക്ഷലതാദിസ്ഥാവരങ്ങളൊക്കെ ഈ ജഡധർമം ഉൾക്കൊള്ളുന്നവയാണെന്നറിഞ്ഞോളൂ. വീണ്ടും വീണ്ടും ജന്മങ്ങളുണ്ടാക്കാൻ കഴിവുള്ള സുഷുപ്തിയിൽ ആണ്ടിരിക്കുകയാണവയെല്ലാം. വിത്തുകളിൽ പൂക്കളെന്നപോലെയും മൺകട്ടയിൽ കുടങ്ങളെന്നപോലെയും സ്ഥാവരങ്ങളിൽ വാസനകൾ ഒളിഞ്ഞിരിക്കുന്നു. വാസനാബീജം ബാക്കിനിൽക്കുന്നിടത്തോളം ഈ സുപ്താവസ്ഥ സത്യാനുഭവത്തിനുതകുകയേയില്ല. ജന്മബീജമില്ലാത്ത ശുദ്ധവാസനമാത്രമേ തുരീയാനുഭവത്തിനു സഹായിക്കൂ. വാസന, അഗ്നി, കടം, രോഗം, വിഷം, ശത്രുത ഇവയൊക്കെ ലേശമെങ്കിലും ബാക്കി കിടന്നാൽ പടർന്നു പിടിച്ചു പിൽക്കാലത്തു ദുഃഖകാരണമായിത്തീരും. വാസനയെ പൂർണമായും ഒഴിച്ചുമാറ്റി സാമാന്യമായ ഉണ്മയായി നിലകൊള്ളുന്ന വ്യക്തി ദേഹത്തോടുകൂടി ജീവിച്ചിരിക്കട്ടെ. അഥവാ ദേഹം വിട്ടുപോകട്ടെ അദ്ദേഹത്തിനു പിന്നെയൊരിക്കലും ദുഃഖമില്ല. ജീവന്മാരെല്ലാം വാസനാബീജം കൊണ്ടുമൂടിപ്പോയ ബോധാംശങ്ങളാണ്. ശുദ്ധബോധാനുഭവത്തെ മറയ്ക്കുന്ന ഈ വാസനാബീജം തന്നെയാണ് അവിദ്യ. അവിദ്യയുടെ ഒരു പ്രധാനഭാഗം കൊണ്ടു മറ്റേഭാഗത്തെ ദഹിപ്പിക്കണം. തമ്മിലുരസിയുണ്ടാക്കുന്ന ജ്ഞാനാഗ്നിയിൽ രണ്ടുഭാഗവും ദഹിച്ചു ചാമ്പലാകുന്നതോടെ ശിവബോധസത്യം അവശേഷിക്കും.

257. ഏതാവദേവാവിദ്യാത്വംനേദംബ്രഹ്മേതിനിശ്ചയഃ
ഏഷഏവക്ഷയോഽസ്യാ യദ്ബ്രഹ്മേദമിതിനിശ്ചയഃ

ഇതു ബ്രഹ്മമല്ല എന്ന ചിന്തമാത്രമാണ് അവിദ്യ. ഇതുബ്രഹ്മമാണ് എന്ന നിശ്ചയം തന്നെയാണ് അവിദ്യാനാശം

258. നിശ്ചയോയോ ഹരാദീനാം ഹൃദിതിഷ്ഠതിനിർമലഃ
ഋഷീണാംനാരദാദീനാംസതേഭവതുരാഘവ.

digitized by www.sreyas.in

ശിവനും മറ്റും സ്വധർമമനുഷ്ഠിക്കുന്നത് ഉള്ളിൽ നിർമലമായ ഈ നിശ്ചയം ഉറപ്പിച്ചുകൊണ്ടാണ്. നാരദാദിഋഷിമാരും ഉറപ്പുറ്റ ഈ നിശ്ചയത്തോടുകൂടി ജീവിതം നയിക്കുന്നു. സർവം ബ്രഹ്മമയം എന്ന ഈ നിശ്ചയം രാമാ, നിനക്കും സംഭവിക്കുമാറാകട്ടെ!

രാമൻ ചോദിച്ചു: 'ഭഗവൻ, ധീരന്മാരായ മുക്തപുരുഷന്മാർ ഏതുരൂപത്തിലാണീനിശ്ചയം നിലനിറുത്തി തുടരുന്നത്. താത്ത്വികമായി അതിന്റെ പ്രായോഗികത എനിക്കൊന്നു കൂടി വ്യക്തമായി വിവരിച്ചു തന്നാലും:

വസിഷ്ഠൻ പറഞ്ഞു: 'അല്ലയോ രാമാ, അൽപ്പമൊക്കെ സുഖാവഹമായി തോന്നുന്ന ഈ ജഗത്തിൽ എന്തെന്തൊക്കെ കാണപ്പെടുന്നുണ്ടോ അതെല്ലാം നിർമലമായ ബ്രഹ്മം തന്നെയാണ്. പെരുകിക്കാണപ്പെടുന്നതു ബ്രഹ്മം എന്നാണു പദതാൽപ്പര്യം. അതുകൊണ്ടു തന്നെ ബോധരൂപമായ സത്യം പെരുകി കാണപ്പെടുന്നതാണു പ്രപഞ്ചം. അതുകൊണ്ട്:

259. ബ്രഹ്മചിത് ബ്രഹ്മഭുവനം ബ്രഹ്മഭൂതപരമ്പരാ
ബ്രഹ്മാഹം ബ്രഹ്മമച്ഛത്രുർബ്രഹ്മമന്മിത്ര ബാന്ധവാഃ

ബ്രഹ്മം ബോധമാണ്; ബ്രഹ്മമാണീ ഭുവനം; ബ്രഹ്മമാണു ജീവജാലങ്ങളെല്ലാം; ബ്രഹ്മമാണു ഞാൻ; ബ്രഹ്മമാണെന്റെ ശത്രു; ബ്രഹ്മമാണെന്റെ മിത്രം; ബ്രഹ്മമാണെന്റെ ബന്ധുക്കൾ.

260. അജ്ഞസ്യ ദുഃഖൗഘമയം ജ്ഞസ്യാനന്ദമയം ജഗത്
അന്ധംഭുവനമന്ധസ്യ പ്രകാശംതുസുചക്ഷുഷഃ

സത്യമറിയാത്ത അജ്ഞന് ഈ ലോകം ദുഃഖം കൊണ്ടു നിറഞ്ഞതാണ്. സത്യമറിയുന്ന ജ്ഞാനിക്ക് ഈ ലോകം ആനന്ദമയമാണ്. കണ്ണില്ലാക്കുരുടനു ലോകം മുഴുവനിരുട്ടാണ്. കണ്ണു തുറന്നിരിക്കുന്നവനു ലോകം മുഴുവൻ പ്രകാശം കൊണ്ടു നിറഞ്ഞതാണ്.

261. സർവമേവഹി ബ്രഹ്മേതിഭാവിതേബ്രഹ്മവൈപുമാൻ
പീതേ$f$മൃതേ$f$മൃതമയഃകോനാമ ന ഭ വേത്കില.

സർവം ബ്രഹ്മമയം എന്നു ഭാവനചെയ്യുന്നയാൾ സ്വയം ബ്രഹ്മമായി മാറുന്നു. അമൃതം പാനം ചെയ്യുന്നയാൾ എങ്ങനെ അമൃതമയനല്ലാതാകും. സൂര്യനിൽ നിന്നുള്ള പ്രകാശമെന്ന പോലെ ബ്രഹ്മത്തിൽ നിന്നുള്ള പ്രതിഭാസിക്കലാണു പ്രപഞ്ചദൃശ്യങ്ങളെല്ലാം. ഇതറിഞ്ഞാൽ എവിടെയും ഒരാൾക്കു ശാന്തവും ചിദ്രൂപവുമായ ബ്രഹ്മം നിറഞ്ഞു തിങ്ങുന്നതായി അനുഭവിക്കാം. ഒരു വഴിയാത്രക്കാരൻ അപരിചിതനായ വഴിപോക്കരെ കണ്ടുകണ്ടാണു യാത്ര ചെയ്യുന്നതെങ്കിലും അയാളുടെ മനസ്സ് എത്തേണ്ട സ്ഥലത്തു തന്നെ സദാ പറ്റി നിൽക്കുന്നു. അതുപോലെ ഒരു ബ്രഹ്മനിഷ്ഠൻ സർവത്ര ബ്രഹ്മത്തെ അനുഭവിച്ചുകൊണ്ടുതന്നെ തന്റെ ദേഹയാത്ര തുടരുന്നു. ഏതൊരു ബ്രഹ്മമാണോ എല്ലാ സങ്കൽപ്പങ്ങളെയും ഫലിപ്പിക്കുന്നത്, എല്ലാ തേജസ്സുകളെയും പ്രകാശിപ്പിക്കുന്നത്, കിട്ടേണ്ടതിന്റെയെല്ലാം അവസാനമായി സ്ഥിതിചെയ്യുന്നത് ആ ബോധസ്വരൂപത്തെ നമുക്കുപാസിക്കാം. എവിടെയാണോ എല്ലാ സങ്കൽപ്പങ്ങളും അടങ്ങുന്നത്, എല്ലാ കൗതുകങ്ങളും ശമിക്കുന്നത്, എല്ലാ കോപതാപങ്ങളും വിട്ടു പോകുന്നത് ആ ബോധസ്വരൂപത്തെ നമുക്കുപാസിക്കാം. നാരദാദി ഋഷിമാരും മറ്റും ഈ നിശ്ചയത്തിൽ ഉറപ്പു വന്നു കളങ്കമെല്ലാം വിട്ടുപോയ മഹാന്മാരാണ്. സത്യപുരുഷന്മാർ, സത്യ

digitized by www.sreyas.in

സ്ഥാനത്തു തന്നെ എത്തിച്ചേർന്നു ശാന്തന്മാരും സമദർശികളുമായി സുഖിച്ചു കഴിയുന്നവർ:

262. ഇതിപൂർണധിയോധീരാഃസമനീരാഗചേതസഃ
ന നന്ദതി ന നിന്ദതി ജീവിതം മരണം തഥാ.

ബ്രഹ്മാനന്ദം കൊണ്ടു പൂർണമായ ബുദ്ധിയോടുകൂടിയ മഹാത്മാക്കൾ; അവരാണു ധീരന്മാർ. രാഗദ്വേഷങ്ങൾ ഒഴിഞ്ഞുമാറി പൂർണ സമനില കൈവരിച്ചവർ; അവർ ജീവിതത്തെയോ മരണത്തെയോ അഭിനന്ദിക്കുന്നില്ല, നിന്ദിക്കുന്നുമില്ല;

രാമൻ പറഞ്ഞു: 'ഭഗവൻ, സത്യബോധം എനിക്കുറപ്പുവന്നിരിക്കുന്നു; വാസനകൾ എന്നെ വിട്ടകന്നിരിക്കുന്നു; എന്റെ മനസ്സ് ജീവന്മുക്താനുഭവത്തിലെത്തി വിശ്രമിക്കുന്നു. എങ്കിലും ഞാനൊന്നു ചോദിച്ചോട്ടെ. പ്രാണചലനത്തെ നിരോധിച്ച് വാസനകളെ അകറ്റി ജീവന്മുക്താനുഭവം നേടി വിശ്രമിക്കുന്ന വിധമെങ്ങനെയാണ്; അരുളിച്ചെയ്താലും.

വസിഷ്ഠൻ മറുപടി നൽകി; 'അല്ലയോ രാമാ, സംസാര ദുഃഖം തരണം ചെയ്യാനുള്ള ഉപായമാണു യോഗമെന്നറിയപ്പെടുന്നത്. ആത്മജ്ഞാനം നേടുക, പ്രാണനെ സംയമിക്കുക ഇങ്ങനെ രണ്ടുപായങ്ങളാണിതിനുള്ളത്. രണ്ടിനെയും യോഗമെന്നു പറയാം. എങ്കിലും പ്രാണചലന നിരോധത്തിലാണു യോഗപദം പ്രസിദ്ധമായിത്തീർന്നിട്ടുള്ളത്. ചിലർക്ക് പ്രാണനിരോധമെന്ന ഈ യോഗം അഭ്യസിക്കാൻ പ്രയാസമാണ്; ചിലർക്ക് ജ്ഞാനം ഉറപ്പിക്കുന്ന കാര്യമാണസാധ്യം. അതുകൊണ്ട് ഇഷ്ടമുള്ളവർ ഇഷ്ടമുള്ളതു സ്വീകരിക്കട്ടെ എന്നു കരുതിയാണ് രണ്ടുപായങ്ങളും ശാസ്ത്രം വിവരിക്കുന്നത്. ഞാൻ ഇതുവരെ ജ്ഞാനപ്രകാരം നിനക്കു വ്യക്തമായി വിവരിച്ചു തന്നു. ഇനി യോഗ ക്രമം വിവരിക്കാം; കേട്ടോളൂ. ഇക്കാര്യത്തിൽ അത്ഭുതകരമായ ഒരനുഭവകഥ നിന്നോടു ഞാൻ പറയാം.

ഒരിക്കൽ കുറച്ചു സമയം ഞാൻ സ്വർഗത്തിൽ ഇന്ദ്രസദസ്സിൽ പങ്കുകൊള്ളാനിടയായി. അവിടെ വച്ചു നാരദാദിമുനിമാർ ചിരംജീവികളുടെ കഥ വിസ്തരിച്ചു പറയുന്നതുകേട്ടു. ആ കഥാപ്രസംഗത്തിനിടയിൽ ശാതാതപ മുനി ഇങ്ങനെ പറഞ്ഞു: മേരു പർവതത്തിന്റെ ഒരുഭാഗത്തു പദ്മരാഗമയങ്ങളായ വൃക്ഷലതാദികൊണ്ടു നിറഞ്ഞ ഒരു കൊടുമുടിയുണ്ട്. അതിൽ ഐശ്വര്യസമൃദ്ധമായ ഒരു കൽപ്പവൃക്ഷം നിൽപ്പുണ്ട്. കൊടുമുടിയുടെ അതിരറ്റ മനോഹാരിത വീണ്ടും വർധിപ്പിച്ചുകൊണ്ട് അതങ്ങനെ വിലസുന്നു. ആ കൽപ്പവൃക്ഷത്തിന്റെ മുകളിൽ തെക്കുഭാഗത്തായി വലിയൊരു പൊത്തുണ്ട്. സ്വർണലതകൾ കൊണ്ടു മൂടിയ പൊത്തിനകത്തു നിർമലഹൃദയനും ബ്രഹ്മനിഷ്ഠനുമായ ഭൂശുണ്ഡൻ എന്ന ഒരു കാക്ക താമസിക്കുന്നു. ഭുവനം മുഴുവൻ യഥേഷ്ടം പറന്നു നടക്കാൻ കഴിവുള്ളതുകൊണ്ടാണു ഭൂശുണ്ഡനെന്നു പ്രസിദ്ധമായ പേരു വന്നുചേർന്നത്. രാഗദ്വേഷങ്ങളൊന്നുമില്ലാത്ത വലിയ വയറുള്ള ഭൂശുണ്ഡൻ തന്റെ കൂട്ടിനകത്തു ബ്രഹ്മാവിനെ പോലെ സുഖമായി കഴിഞ്ഞു പോകുന്നു. ഈ ലോകത്തു ദേവന്മാരാണല്ലോ ചിരംജീവികൾ. എന്നാൽ ഭൂശുണ്ഡനെ പോലെ ചിരംജീവി ഇതിനുമുൻപുണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല. ദീർഘായുസ്സ്, രോഗമൊന്നുമില്ല; ഐശ്വര്യസമൃദ്ധൻ, മഹാബുദ്ധിമാൻ. മനസ്സടങ്ങി പൂർണശാന്തി കൈവരിച്ചവൻ; കലാകോവിദൻ. വീണ്ടും ചോദിച്ചപ്പോൾ അയാൾ ഭൂശുണ്ഡനെക്കുറിച്ചിതൊക്കെ

digitized by www.sreyas.in

ത്തന്നെ വ്യക്തമായി വിവരിച്ചു. ദേവസഭയിൽ താൻ സത്യമാണു പറഞ്ഞതെന്നു ആവർത്തിച്ചു വെളിപ്പെടുത്തി. കഥാപ്രസംഗം കഴിഞ്ഞു ദേവന്മാരെല്ലാം പിരിഞ്ഞു. ഭൂശുണ്ഡനെ ഒന്നുകണ്ടാൽ കൊള്ളാമെന്നെനിക്കതിയായ കൗതുകം തോന്നി. ഞാൻ നേരെ അദ്ദേഹത്തിന്റെ വാസസ്ഥാനത്തേക്കു പുറപ്പെട്ടു. ഭൂശുണ്ഡനിരിക്കുന്ന മേരുശൃംഗത്തിലെത്തി. കൽപ്പവൃക്ഷത്തിൽ ഒരു പ്രത്യേകശാഖപോലെ ശോഭയോടെ സ്ഥിതിചെയ്യുന്ന അദ്ദേഹത്തെ കണ്ടു. ആ കൽപ്പവൃക്ഷത്തിന്റെ പൊത്തുകളിലും, വള്ളിക്കൂട്ടങ്ങളിലും, ഇലകളിലും, മുട്ടുകളിലും, പൂക്കളിലും ഒക്കെ കൂടുകെട്ടി പാർക്കുന്ന മറ്റനവധി പക്ഷികളേയും കാണാനിടയായി. ബ്രഹ്മാവിന്റെ രഥങ്ങളായ ഹംസങ്ങളുടെ അനേകം കുഞ്ഞുങ്ങൾ അവിടെ സാമവേദഗാനങ്ങൾ ആലപിച്ചു കൊണ്ടു പാർക്കുന്നുണ്ടായിരുന്നു. ചന്ദ്രകലാംശങ്ങളും താമരവളയങ്ങളുടെ ഭാഗങ്ങളും ഭക്ഷിച്ചാണവ വളരുന്നത്. മന്ത്രധ്വനികൾ മുഴക്കുന്നവയും 'സ്വാഹ' തുല്യങ്ങളായ സ്വനങ്ങൾ പുറപ്പെടുവിക്കുന്നവയുമായ തത്തകൾ, കാക്കകൾ, കുയിലുകൾ തുടങ്ങിയ അനേകതരം പക്ഷികളെ അവിടെ കാണ്മാനുണ്ടായിരുന്നു. സുബ്രഹ്മണ്യന്റെ വാഹനങ്ങളായ മയിലുകൾ ഗൗരീകബരഭാരംപോലുള്ള പീലിക്കൂട്ടം പ്രദർശിപ്പിച്ചുകൊണ്ടവിടെ വിളങ്ങുന്നുണ്ടായിരുന്നു. അവയെല്ലാം തന്നെ മുരുകനുപദേശിച്ചു കൊടുത്ത ശൈവവിജ്ഞാനത്തിൽ പ്രാവീണ്യം നേടിയവരായിരുന്നു. അവിടെ ഞാൻ മറ്റൊരദ്ഭുതം കൂടി കണ്ടു. വലിയൊരു പൊത്തിൽ ഏകാന്തമായ സ്ഥലത്ത് നിശ്ശബ്ദമായി നടക്കുന്ന ഒരു കാകസഭ. ആ സഭാമധ്യത്തിൽ ഉന്നതാകൃതിയായ ഭൂശുണ്ഡൻ ഇരിപ്പുണ്ടായിരുന്നു. പരിപൂർണ ചിത്തൻ, മൗനി, സമദർശി, സർവാംഗസുന്ദരൻ. പ്രാണചലനത്തെ സമരൂപമാക്കി സദാ അന്തർമുഖനായി വർത്തിക്കുന്നവൻ; സുഖി; പ്രസന്നഗംഭീരൻ, മൃദുലസ്വഭാവി, മൃദുഭാഷകൻ, മഹാപണ്ഡിതൻ. ഞാൻ എന്റെ പ്രകാശമയമായ രൂപം പ്രദർശിപ്പിച്ചു കൊണ്ട് ആ കാകസദസ്സിലേക്കു കടന്നു ചെന്നു. ഒരു നീലോൽപ്പലസരസ്സെന്ന പോലെ ആ കാകസഭ ക്ഷണനേരത്തേക്ക് ഒന്നിളകി. ശങ്കകൂടാതെ കടന്നുചെന്ന എന്നെ അവർ കണ്ടു. വസിഷ്ഠൻ എത്തിയിരിക്കുന്നു എന്നു ഭൂശുണ്ഡനു മനസ്സിലായി. അചലമായ ഇലക്കൂട്ടത്തിൽ നിന്നും ഒരു മേഘശിശുവിനെ പോലെ അദ്ദേഹം ചാടി എണീറ്റു. 'മഹാമുനേ, സ്വാഗതം' എന്നു മധുരസ്വരത്തിൽ ഉച്ചരിച്ചു. മഹാതേജസ്വിയായ അദ്ദേഹം സ്നേഹപൂർവം മധുരാക്ഷരമായിട്ടാണിങ്ങനെ പറഞ്ഞത്. സങ്കൽപ്പം കൊണ്ടുണ്ടായ കൈകളിൽ കൂടി എനിക്കു കുസുമാഞ്ജലി അർപ്പിച്ചു; മേഘം കൈയുയർത്തി സ്വർണ പുഷ്പങ്ങൾ വർഷിക്കുന്നതു പോലെ. ആ പക്ഷിശ്രേഷ്ഠൻ ഒരു കൽപ്പവൃക്ഷപത്രം പറിച്ചെടുത്ത് 'ഇതാ ഇരിപ്പിടം' എന്നുപറഞ്ഞു കൊണ്ട് സ്വയം എന്നെ സമീപിച്ചു. പക്ഷികളെല്ലാം കണ്ണുതുറന്നെന്നെ സൂക്ഷിച്ചുനോക്കി. അപ്പോഴേക്കും ഞാനാ കൽപ്പലതാമധ്യത്തിൽ ആസനസ്ഥനായി. എനിക്കായി അർഘ്യപാദ്യങ്ങളെല്ലാം അർപ്പിച്ച ശേഷം മഹാതേജസ്വിയായ അദ്ദേഹം സ്നേഹനിർഭരമായ ഭാവത്തിൽ മധുരാക്ഷരമായി എന്നോടിങ്ങനെ പറഞ്ഞു: 'ഭഗവൻ, ദർശനം തന്ന് അങ്ങു ഞങ്ങളെ എന്നെന്നേക്കുമായി അനുഗ്രഹിച്ചിരിക്കുന്നു. സദ്വൃക്ഷങ്ങളായ ഞങ്ങൾ ദർശനാമൃതമേഘത്തിന്റെ വർഷമേറ്റു ധന്യരായിത്തീർന്നിരിക്കുന്നു. മനസ്സിൽ എന്തുകണ്ടുകൊണ്ടാണങ്ങയുടെ വരവ്? എന്തോ ചെറിയ കാര്യത്തിനായി ഈ ശരീരത്തെ ക്ലേശിപ്പി

digitized by www.sreyas.in

ച്ചുവല്ലോ. അങ്ങയുടെ വാക്കുകേൾക്കാൻ കാത്തിരുന്ന ഞങ്ങളെ ആജ്ഞ കൊണ്ടനുഗ്രഹിച്ചാലും. അങ്ങയുടെ കാലടികണ്ടപ്പോൾ തന്നെ എനിക്കെല്ലാം ബോധ്യമായി. ചിരംജീവികളെക്കുറിച്ചുള്ള ചർച്ചയിൽ ഭാഗ്യവശാൽ അങ്ങു ഞങ്ങളെ സ്മരിക്കാനിടയായി. അങ്ങനെയാണങ്ങിവിടെയെത്തിയത്. എങ്കിലും ഞാനൊന്നറിയിക്കുന്നു. അങ്ങയുടെ വചനാമൃതം കേൾക്കാനുള്ള അതിയായ ആഗ്രഹമാണെന്നെ പ്രേരിപ്പിക്കുന്നത്.' ചിരംജീവിയായ ഭൂശുണ്ഡൻ ഇത്രയും പറഞ്ഞവസാനിപ്പിച്ചു. ത്രികാലജ്ഞനാണാമഹാത്മാവ്. ഞാനിങ്ങനെ മറുപടി നൽകി: 'പക്ഷികളുടെ ചക്രവർത്തിയായി വിളങ്ങുന്ന അല്ലയോ മഹാത്മാവേ, അങ്ങുപറഞ്ഞതു തന്നെയാണു സത്യം. ചിരംജീവിയായ അങ്ങയെ കാണാനാണു ഞാനിപ്പോൾ ഇവിടെയെത്തിയത്. എനിക്കൊരു സംശയമുണ്ട്, അങ്ങതു താത്ത്വികമായി പരിഹരിക്കണം. ഏതു കുലത്തിലാണങ്ങു ജനിച്ചത്? അങ്ങേക്കു സത്യാനുഭവമുണ്ടായതെങ്ങനെ? അങ്ങേക്കിപ്പോൾ ആയുസ്സെന്തുമാത്രമായി? മറ്റെന്തുവൃത്താന്തമൊക്കെ അങ്ങോർമ്മിക്കുന്നു? ഏതു ദീർഘദർശിയാണങ്ങേക്കീ വാസസ്ഥാനം നിർദ്ദേശിച്ചുതന്നത്?' രാമാ, എന്റെ ചോദ്യങ്ങൾ കേട്ടിട്ട് മഹാത്മാവായ ഭൂശുണ്ഡനിൽ വിശേഷിച്ചു സന്തോഷമൊന്നും തോന്നിയതായി കണ്ടില്ല; വിശേഷിച്ചു വല്ലായ്മയും ഒന്നുമുണ്ടായില്ല. 'മഹാമുനേ, അങ്ങയുടെ ചോദ്യത്തിനെല്ലാം ഞാനുത്തരം പറയാം; കേട്ടോളൂ. അങ്ങയെപ്പോലുള്ളവരുടെ ആജ്ഞയെ ലംഘിക്കാൻ ആരാണു കരുത്തൻ! ഇങ്ങനെ പറഞ്ഞ് ആ പക്ഷിശ്രേഷ്ഠൻ എല്ലാം വിസ്തരിച്ചു വെളിപ്പെടുത്തി.

ഭൂശുണ്ഡൻ പറഞ്ഞു: 'ഈ ലോകത്ത് ദേവന്മാരിലൊക്കെ ശ്രേഷ്ഠനായ ദേവദേവനായ ശിവൻ പ്രസിദ്ധനായുണ്ട്. എല്ലാ ദേവന്മാരും അദ്ദേഹത്തെ കുമ്പിട്ടുകൂപ്പുന്നു. അദ്ദേഹം അനേകം ഭൂതഗണങ്ങളെ ലാളിച്ചുപോറ്റുന്നുണ്ട്. തലയിൽ കുളമ്പുള്ളവ, കുളമ്പിൽ കയ്യുള്ളവ, കയ്യിൽ പല്ലുള്ളവ, മുഖത്തിൽ വയറുള്ളവ, കുരങ്ങിന്റെ മുഖമുള്ളവ, ഒട്ടകത്തിന്റെ മുഖമുള്ളവ, ആടിന്റെയും ആനയുടെയും മുഖമുള്ളവ ഇങ്ങനെ പലതരക്കാരാണു ഭൂതഗണങ്ങൾ. ഗണങ്ങളെപ്പോലെതന്നെ ദേവനു പരിവാരങ്ങളായി ദേവിമാരും അനേകമുണ്ട്. ദേവിമാരും ഭൂതഗണങ്ങളും അദ്ദേഹത്തിന്റെ മുൻപിൽ നൃത്തം ചെയ്തു വിലസുന്നു. ലോകത്തെവിടെയും ഇവരൊക്കെ താമസമാക്കിയിട്ടുണ്ട്. പർവതശിഖരങ്ങളിൽ, ആകാശത്തിൽ, മറ്റു ലോകങ്ങളിൽ, കുഴികളിൽ, ചുടുകാടുകളിൽ, ജീവികളുടെ ശരീരങ്ങളിൽ ഒക്കെ ഇവർ താമസിക്കുന്നു. ദേവിമാർക്കെല്ലാംകൂടി എട്ടു നായികമാരുണ്ട്. അവരാണു ജയാ, വിജയാ, ജയന്തി, അപരാജിതാ, സിദ്ധാ, രക്ത, അലമ്പുഷാ, ഉൽപ്പലാ എന്നിവർ. മറ്റെല്ലാവരും സദാ ഈ എട്ടുപേരെയും പിൻതുടരുന്നു. നായികമാരായ ഈ എട്ടു മാതാക്കളിലുംവച്ച് അലമ്പുഷയാണു കൂടുതൽ പ്രസിദ്ധ. വജ്രംപോലുള്ള എല്ലുകളും കൊക്കുമുള്ളവനും ഇന്ദ്രനീലപർവത തുല്യനുമായ ചണ്ഡനെന്ന ഒരു വലിയ കാക്കയാണ് ആ ദേവിയുടെ വാഹനം. വൈഷ്ണവീദേവിക്കു ഗരുഡനെന്നപോലെ. അഷ്ടൈശ്വര്യങ്ങളോടും രൗദ്രചലനങ്ങളോടുംകൂടിയ ആ ദേവിമാർ ഒരിക്കൽ എന്തോ കാരണത്താൽ സ്വർഗത്ത് ഒരുമിച്ചുകൂടാനിടയായി. ലോകഗതി വെളിപ്പെടുത്തിക്കൊണ്ടു വലിയ ഉത്സവം തന്നെ അവിടെ നടന്നു. എല്ലാവരുമൊരുമിച്ചു അട്ടഹസിച്ചു. നൃത്തം ചെയ്തു, മദ്യം സേവിച്ചു, പാടി രസിച്ചു. ഇങ്ങനെ ഉത്സവം നടന്നുകൊണ്ടിരിക്കേ ദേവിമാ

digitized by www.sreyas.in

രുടെ വാഹനങ്ങൾ അതിൽ പങ്കുകൊണ്ടു. അവയും മദിച്ചട്ടഹസിച്ചു, നൃത്തം ചെയ്തു, കുടിച്ചാർത്തു. അവിടെ ഒരിടത്തു മദ്യം കുടിച്ചു മദിച്ചു. ആകാശത്ത് ഇളകിനൃത്തം ചെയ്തു. ബ്രാഹ്മീ ദേവിയുടെ രഥങ്ങളായ ഹംസികളും അലമ്പുഷാരഥമായ ചണ്ഡകാകനും ഒരുമിച്ചു. അരയന്നപ്പിടകൾ കാമതപ്തകളായി മദിച്ചാർത്തു ചണ്ഡകാകനുമായി അവിടെ രതിക്രീഡയിലേർപ്പെട്ടു. തുടർന്ന് അരയന്നപ്പിടകൾ സന്തോഷപൂർവം ഗർഭിണികളായി ഭവിച്ചു. ദേവിമാർ നൃത്തമൊക്കെക്കഴിഞ്ഞു സന്തോഷപൂർവം ശാന്തരായി. എല്ലാവരും ആനന്ദത്തോടെ അവരവരുടെ വഴിക്കു യാത്രയായി. ഹരനും ദേവിമാരുമൊക്കെ പരിവാരങ്ങളോടൊപ്പം പിരിഞ്ഞുപോയി. അല്ലയോ മുനീശ്വര, ഗർഭിണികളായിത്തീർന്ന അരയന്നപ്പിടകൾ കാര്യങ്ങളെല്ലാം വിശദമായി ബ്രാഹ്മീദേവിയെ ധരിപ്പിച്ചു. ദേവി അവരെ ആശ്വസിപ്പിച്ചു. പ്രസവം കഴിയുന്നതുവരെ രഥകർമത്തിന് സമർഥരായ അവരെ അതിൽ നിന്നും ഒഴിച്ചു നിറുത്തി; സ്വൈരം സഞ്ചരിച്ചുകൊള്ളാൻ അനുവാദവും നൽകി. ഇങ്ങനെ ഗർഭാലസമാരായ ഹംസികളെ പിരിച്ചുവിട്ടിട്ട് ബ്രാഹ്മീദേവി നിർവികല്പസമാധിയിൽ മഗ്നയായി കഴിഞ്ഞു കൂടി. അരയന്നപ്പിടകളാകട്ടെ ഗർഭം പൂർണമായി യഥാക്രമം പ്രസവിച്ചു. വിസ്താരമേറിയ ബ്രഹ്മസരസ്സിൽ ഇരുപത്തൊന്നു മക്കളെയാണവർ പ്രസവിച്ചത്. മഹർഷേ, ഈ ഞങ്ങളെല്ലാം ആ അരയന്നപ്പിടകളിൽ ജനിച്ച കുട്ടികളാണ്. ചണ്ഡകാകന്റെ മക്കൾ. ഇരുപത്തൊന്നു കാക സഹോദരങ്ങൾ. ബ്രാഹ്മീദേവി സമാധിവിട്ടിരിക്കുമ്പോൾ ഞങ്ങൾ അമ്മമാരോടൊപ്പം അടുത്തെത്തി ആരാധിച്ചു പരിചരിക്കുക പതിവായിരുന്നു. അങ്ങനെ കാലക്രമത്തിൽ ഭഗവതി ഞങ്ങളിൽ സ്വയം പ്രസന്നയായി ഭവിച്ചു. തത്ത്വം വെളിപ്പെടുത്തിത്തന്നു ഞങ്ങളെ മുക്തരാക്കി. ഇപ്രകാരമാണെനിക്കും സത്യാനുഭവമുണ്ടായത്. ഞങ്ങൾ പൂർണ തൃപ്തരായി; ഹൃദയം ആനന്ദംകൊണ്ടുനിറഞ്ഞു. ഇനി എവിടെയെങ്കിലും ഏകാന്തധ്യാനത്തിൽ കഴിയണമല്ലോ എന്നു തീരുമാനിച്ച് അതിനൊരു സ്ഥലം കണ്ടെത്താനായി ഞങ്ങൾ പിതാവിനെ സമീപിച്ചു. അച്ഛനെ വണങ്ങി. അലമ്പുഷാദേവിയെയും നമസ്കരിച്ചു. ദേവി പ്രസന്നമുഖിയായി ഞങ്ങളെ കടാക്ഷിച്ചു; ഞങ്ങൾ പിതാവിനോടിങ്ങനെ അപേക്ഷിച്ചു: 'പിതാവേ, ബ്രാഹ്മീദേവിയുടെ അനുഗ്രഹത്താൽ ഞങ്ങൾ അറിയേണ്ടതറിഞ്ഞുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഏകാന്തമായി ഒരിടത്തുകഴിഞ്ഞുകൂടാൻ ഒരുത്തമ സ്ഥലം കണ്ടെത്തിയാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. സർവദർശിയും ജ്ഞാനിയുമായ പിതാവാണു ഞങ്ങൾക്കീസ്ഥലം നിർദേശിച്ചു തന്നത്. ഈ കൽപ്പവൃക്ഷം മറ്റു ബാധകളൊന്നും കടന്നുവരാത്ത ഏകാന്തസ്ഥാനമാണ്. തുടർന്ന് ഞങ്ങൾ അച്ഛനെ വണങ്ങി അവിടെ നിന്നും ഇങ്ങോട്ടു പോന്നു. അന്നു മുതൽ യാതൊരു വ്യാകുലതയും കൂടാതെ ഞങ്ങളീ കൽപ്പതരുവിൽ കഴിഞ്ഞു കൂടുന്നു. ഇന്നു ഞാൻ ചിരകാലമായി സംഭരിച്ച പുണ്യമെല്ലാം ഫലിച്ചിരിക്കുന്നു. എനിക്ക് ഒരു മറവും കൂടാതെ മുനീശ്വരനായ അങ്ങയെ കാണാൻ കഴിഞ്ഞല്ലോ.'

263. രസായനമയീശാന്താപരമാനന്ദദായിനീ
നാനന്ദയതി കം നാമ സാധുസംഗമചന്ദ്രികാ

മനസ്സിനെ അത്യന്തം കുളിർപ്പിക്കുന്നതും ശാന്തിമയവും ആനന്ദദായിനി

digitized by www.sreyas.in

യുമായ സാധു സംഗമ ചന്ദ്രിക ആരെയാണു സുഖിപ്പിക്കാത്തത്. ഇതിൽപരം എനിക്കിനി ഒരു കുശലവും വരാനില്ല. എല്ലാ ഏഷണകളും ഒഴിഞ്ഞുമാറിയ വരായ സത്യദർശികളെ കണ്ടെത്തുന്നതിൽ കവിഞ്ഞു മറ്റെന്തുഭാഗ്യമാണു വരാനുള്ളത്. ഭഗവൻ, ഞാൻ ബ്രഹ്മാനന്ദാനുഭൂതിയിൽ മുഴുകിക്കഴിയുന്നവ നാണ്. എങ്കിലും അങ്ങയുടെ വരവെന്നിൽ പുതിയൊരുണർവുണ്ടാക്കുന്നതു പോലെ തോന്നുന്നു. എന്റെ സംസാരക്ലേശമെല്ലാം തീർന്നിരിക്കുന്നു. ഇന്നെന്റെ ജന്മം പൂർണമായും സാഫല്യമടഞ്ഞിരിക്കുന്നു. സകല ഭയങ്ങ ളെയും അപ്പാടെ ഹരിക്കുന്നതു തന്നെയാണു സാധുസംഗമം;

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഇങ്ങനെ പറഞ്ഞ് ഭൂശുണ്ഡകാകൻ, വീണ്ടും എനിക്കായി അർഘ്യപാദ്യങ്ങൾ അർപ്പിച്ചു. അപ്പോൾ ഞാനദ്ദേഹത്തോടു വീണ്ടും ചോദിച്ചു: 'അല്ലയോ പക്ഷിശ്രേഷ്ഠാ, അങ്ങയെപ്പോലെ ബ്രഹ്മനി ഷ്ഠരാണല്ലോ അങ്ങയുടെ സഹോദരങ്ങളും. അവരൊക്കെയെവിടെയാണ്? ആരേയും ഇവിടെ കാണുന്നില്ലല്ലോ!'

ഭൂശുണ്ഡൻ പറഞ്ഞു: 'മുനേ ഞങ്ങളിവിടെ താമസമായിട്ടു കാലം വളരെ കഴിഞ്ഞുപോയിരിക്കുന്നു. മഹാമതേ, അനേകം യുഗങ്ങളും കല്പങ്ങളും കടന്നുപോയിരിക്കുന്നു. ഇതിനിടയിൽ എന്റെ അനുജന്മാരെല്ലാം പുല്ലുപോലെ അവരുടെ ദേഹം വലിച്ചെറിഞ്ഞു ബ്രഹ്മൈക്യം പ്രാപിക്കുകയുണ്ടായി.

264. ദീർഘായുഷോ മഹാന്തോപി സന്തോƒപി ബലിനോƒപിവാ
സർവഏവനിഗീർയ്യന്തേകാലേനാകലിതാത്മനാ.

ദീർഘായുസ്സുകൾ, മഹാത്മാക്കൾ, സജ്ജനങ്ങൾ, ബലവാന്മാർ എന്നു വേണ്ട എല്ലാവരും തന്നെ അവ്യക്തഗതിയായ കാലത്താൽ ഗ്രസിക്കപ്പെടുന്നു.

വസിഷ്ഠൻ ചോദിച്ചു: മഹാമതേ, കൽപ്പാന്തങ്ങളിൽ അഗ്നിയും ജലവും കാറ്റും ഭീഷണരൂപം കൈക്കൊണ്ടു ജഗത്തിനെ മുഴുവൻ താറുമാറാക്കു മ്പോൾ, ദ്വാദശാദിത്യന്മാർ ചൂടുകൊണ്ടു വരട്ടുമ്പോൾ അതിനെയൊക്കെ അതിജീവിച്ച് അങ്ങു വ്യാകുലത കൂടാതെ രക്ഷപ്പെടുന്നതെങ്ങനെ?

ഭൂശുണ്ഡൻ മറുപടി നൽകി: 'കൽപ്പാന്തത്തിൽ ലോകവ്യവഹാരം മുഴു വൻ നിലയ്ക്കുമ്പോൾ ഒരു കൃതഘ്നനെപ്പോലെ ഞാനെന്റെ ഈ കൂടു വിട്ടുപോകും. കൽപ്പനകളെല്ലാം വെടിഞ്ഞു ഞാൻ ആകാശത്തിൽ തുടർന്നു നിലകൊള്ളും; വാസനകളെല്ലാം ഒഴിഞ്ഞ മനസ്സ് പ്രകൃതിവൈകൃതങ്ങ ളൊന്നും അനുഭവിക്കാതെ സ്ഥിതിചെയ്യുംപോലെ. ആകാശമുറ്റത്ത് ആദിത്യ ന്മാർ തപിക്കുമ്പോൾ ഞാൻ വരുണനാണെന്ന ഭാവന ദൃഢപ്പെടുത്തി ചൂടേൽക്കാതെ കഴിച്ചുകൂട്ടും. സദാ ജലമദ്ധ്യത്തിൽ കഴിയുന്ന വരുണനെ പുറത്തുള്ള ചൂടൊന്നും ദുഃഖിപ്പിക്കുന്നില്ലെന്നു പ്രസിദ്ധി. പ്രളയകാലത്തെ കൊടുങ്കാറ്റു സാധാരണ പർവതങ്ങളെയൊക്കെ പൊടിപെടുത്തികൊണ്ട് വീശിയടിക്കുമ്പോൾ ഞാൻ ഒരസാധാരണ പർവതമാണെന്ന ധാരണ ബല പ്പെടുത്തി ആകാശത്ത് നിശ്ചലമായി നിലകൊള്ളും. അസാധാരണ പർവത ങ്ങളെയൊന്നും കൊടുങ്കാറ്റ് ഇളക്കിമറിക്കാറില്ലല്ലോ. ചിത്തം എന്തു ധാരണ യിൽ ഉറയ്ക്കുന്നുവോ വ്യക്തി അതായിത്തീരുന്നു എന്നാണല്ലോ നിയമം. ധാരണയ്ക്കുറപ്പു വേണമെന്നുമാത്രം. പ്രളയജലം വന്നുപെരുകി മേരു തുട ങ്ങിയ പർവതങ്ങൾപോലും മുങ്ങി, ലോകം ഏകാർണവമായി ഭവിക്കുമ്പോൾ ഞാൻ വായുവാണെന്നുള്ള വായവീധാരണ ഉറപ്പിച്ചുകൊണ്ടു ആ പ്രളയ

digitized by www.sreyas.in

ക്കെടുതിയിൽ അവ്യാകുലനായി സ്ഥിതിചെയ്യും. കൽപ്പാന്തത്തിൽ ബ്രഹ്മാണ്ഡം മുഴുവൻ അപ്രത്യക്ഷമാകുമ്പോൾ അതിനപ്പുറത്തുള്ള പരമ പദത്തിലെത്തി സുഷുപ്തിയെന്നപോലെ നിശ്ചലനായി നിൽക്കും. കൽപ്പാന്തം കഴിഞ്ഞ് വീണ്ടും ബ്രഹ്മാവ് സൃഷ്ടികർമമാരംഭിക്കുമ്പോൾ വീണ്ടും ഈ രൂപം കൈക്കൊണ്ട് ഇവിടെ വന്ന് വിശ്രമിക്കും. മുനേ എല്ലാം ആവർത്തനമാണ്. എന്റെ സങ്കല്പമനുസരിച്ച് ഓരോ കല്പത്തിലും വീണ്ടും വീണ്ടും ഈ കൽപ്പവൃക്ഷം ഇവിടെയിങ്ങനെ ഈ കൊടുമുടിയിൽ രൂപം കൊള്ളുകയും ചെയ്യും.

ഇത്രയുമായപ്പോൾ വസിഷ്ഠൻ ചോദിച്ചു. 'അല്ലയോ യോഗീന്ദ്ര, അങ്ങ് ഉറപ്പുറ്റ ധാരണകളിൽ കൂടി ഇങ്ങനെയെല്ലാം കഴിഞ്ഞുകൂടുന്നു. കൽപ്പാന്ത ങ്ങളിൽ മറ്റു യോഗിമാർ എന്തുകൊണ്ടാണ് ഈ മാർഗം അവലംബിക്കാ ത്തത്?

ഭൂശുണ്ഡൻ മറുപടി നൽകി: 'ബ്രഹ്മൻ, പ്രപഞ്ച പ്രവർത്തനത്തിൽ പ്രകൃ തിനിയമമാണ് അങ്ങേയറ്റത്തെ നിയമം. അതിന്റെ പേരാണു നിയതി. വ്യക്തി കളൊക്കെ നിയതിയുടെ വെറും അടിമകൾ. പരമേശ്വരിയായ ഈ നിയതിയെ ലംഘിക്കാൻ ആർക്കും സാധ്യമല്ല. ഞാനിങ്ങനെയൊക്കെ ഭാവന ചെയ്തു ജീവിക്കണമെന്നാണു നിയതി. മറ്റുള്ളവർ അങ്ങനെയൊക്കെ.

265. നശക്യതേ ചാലയിതുമവശ്യം ഭവിതവ്യതാ
യദ്യഥാതത്തഥൈതദ്ധി സ്വഭാവസ്യൈഷനിശ്ചയഃ

അവശ്യം ഭവിതവ്യതാ-ഗുണഘടനയനുസരിച്ചു സംഭവിച്ചേതീരൂ എന്നു ള്ളത്. ചാലയിതും-അങ്ങനെയല്ലാതാക്കാൻ; നശക്യതേ-ഒരിക്കലും സാധ്യ മല്ല. യത് യഥാ-ഏത് എങ്ങനെയാണോ നടക്കേണ്ടത്; തത്തഥാ- അത ങ്ങനെ നടന്നേ തീരൂ; ഏതത് ഹി-ഇതുതന്നെയാണ്; സ്വഭാവസ്യ ഏഷഃ നിശ്ചയഃ-ഗുണഘടനാരൂപമായ സ്വഭാവത്തിന്റെ ഈ നിശ്ചയം.

ഗുണഘടനയനുസരിച്ചു സംഭവിച്ചേ തീരൂ എന്നത് അങ്ങനെയല്ലാതാ ക്കാൻ ഒരിക്കലും സാധ്യമല്ല. ഏത് എങ്ങനെയാണോ നടക്കേണ്ടത് അത ങ്ങനെ നടന്നേ തീരൂ. ഇതുതന്നെയാണ് ഗുണഘടനാരൂപമായ സ്വഭാവ ത്തിന്റെ ഈ നിശ്ചയം.

**സ്വഭാവസ്യൈഷനിശ്ചയഃ**

വേദാന്തശാസ്ത്രത്തിൽ സുപ്രസിദ്ധമായിത്തീർന്നിട്ടുള്ള ഒരു പ്രപഞ്ച പ്രവർത്തനനിയമമാണ് ഭൂശുണ്ഡയോഗീന്ദ്രൻ ഇവിടെ വെളിപ്പെടുത്തിയി രിക്കുന്നത്. ഭഗവാൻ കൃഷ്ണൻ ഗീത അഞ്ചാമധ്യായം പതിനാലാം ശ്ലോക ത്തിൽ ഈ നിയമം സുസ്പഷ്ടമായി അർജുനനു വിവരിച്ചു കൊടുക്കുന്നു. ഈശ്വരൻ ഒരുത്തർക്കും കർതൃത്വമോ കർമമോ ഒന്നും വീതിച്ചു കൊടുക്കു ന്നില്ല. ഓരോരുത്തരുടെയും സ്വഭാവമാണു പ്രവർത്തിക്കുന്നത്. എന്താണു സ്വഭാവം? ഓരോ ജീവനും എത്തിനിൽക്കുന്ന ഗുണമണ്ഡലമാണ് അതിന്റെ സ്വഭാവം. ശുദ്ധബോധത്തിൽ ശക്തി സ്പന്ദനമാരംഭിച്ചാൽ സുസ്ഥിരങ്ങളായ ഗുണമണ്ഡലങ്ങളെ ഉളവാക്കിക്കൊണ്ടാണു സ്പന്ദിച്ചു മുന്നേറുന്നത്. സത്വ രജസ്തമോഗുണങ്ങൾ പല അളവിലും കൂടിച്ചേർന്നു രൂപം കൊള്ളുന്നവ യാണീ ഗുണമണ്ഡലങ്ങൾ. സത്ത്വം ജ്ഞാനത്തിന്റെയും രജസ്സു കർമത്തി

digitized by www.sreyas.in

ന്റേയും തമസ്സു മോഹത്തിന്റെയും ഗുണങ്ങളാണ്. ബ്രഹ്മപ്രതിബിംബമായ ജീവൻ ഒരു വഴിയാത്രക്കാരനെപ്പോലെ ഈ ഗുണമണ്ഡലങ്ങളിലേക്കു കടന്നുവരുന്നു. ഗുണമണ്ഡലങ്ങളിലൂടെയുള്ള ജീവന്റെ യാത്രയാണു സംസാരയാത്ര. ഗുണമണ്ഡലങ്ങൾ സ്ഥിരങ്ങളാണ്. എന്നാൽ ഏതു ഗുണമണ്ഡലത്തിൽ നിൽക്കണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ജീവനുണ്ട്. ജീവനു വേണമെങ്കിൽ ഗുണമണ്ഡലങ്ങളിൽ മാറിമാറി സഞ്ചരിക്കാം. സഞ്ചാരമേ വേണ്ടെന്നുണ്ടെങ്കിൽ യാത്ര മതിയാക്കി ബിംബമായ സ്വരൂപത്തിലേക്കു മടങ്ങാം. അതാണു മോക്ഷം. പക്ഷേ സഞ്ചാരം തുടരുന്നിടത്തോളം ഏതു ഗുണമണ്ഡലത്തിൽ നിൽക്കുന്നോ അതനുസരിച്ചു കർമവും കർമഫലവും സംഭവിച്ചേ തീരൂ. സഞ്ചാരത്തിൽ അപ്പുറത്തോട്ടോ ഇപ്പുറത്തോട്ടോ ഒക്കെ മാറാം. ഒരിടത്തു നിൽക്കുന്നിടത്തോളം അവിടത്തെ ഗുണനിയമം. ഇതാണ് അലംഘനീയമായ സ്വഭാവ പ്രവർത്തനനിയമം. ഒരു ജീവന്മുക്തന്റെ പോലും ശരീരം ഈ സ്വഭാവനിയമത്തെ അംഗീകരിച്ചേ പറ്റൂ. അതുകൊണ്ടു ഭൂശുണ്ഡയോഗീന്ദ്രനിങ്ങനെ, മറ്റുള്ള യോഗീന്ദ്രന്മാരങ്ങനെ.

ഇത്രയുമായപ്പോൾ വസിഷ്ഠനാരാഞ്ഞു: 'ഹേ മഹായോഗിൻ, അങ്ങ് ജ്ഞാനവിജ്ഞാന സമ്പന്നനായ ധീരനാണ്; യോഗ നിശ്ചയത്തോടെ മനോഗതിയെ വ്യാപരിപ്പിക്കുന്നവനാണ്. അങ്ങയുടെ ചിരകാലജീവിതത്തിൽ ഈ പ്രപഞ്ചഗതിയിലെ വിചിത്രങ്ങളായ എന്തൊക്കെ കാര്യങ്ങളാണ് ഓർമയിലുള്ളത്? ഒന്നു വെളിപ്പെടുത്താമോ?

ഭൂശുണ്ഡൻ പറഞ്ഞു: 'പലതും ഓർക്കുന്നുണ്ട്. ഭൂമിയുടെ തന്നെ പല രൂപങ്ങൾ മുൻകല്പങ്ങളിൽ കണ്ടവ എന്റെ ഓർമയിലുണ്ട്.' ഭൂമി വലിയ പാറക്കൂട്ടങ്ങളും വലിയ വൃക്ഷങ്ങളും കൊണ്ടു മാത്രം നിറഞ്ഞിരുന്ന ഒരു കാലം ഞാൻ ഓർക്കുന്നു. പുല്ലുകളും ചെടികളും തീരെയില്ലാതിരുന്ന ഒരു കാലം. ഇനിയും പർവതങ്ങളോ വനവൃക്ഷങ്ങളോ ഇല്ലാതിരുന്ന മറ്റൊരു കാലം. ഒരു കാലത്തു ഭൂമി പതിനോരായിരം വർഷത്തോളം വെറും ഭസ്മം മൂടിക്കിടന്നിരുന്നതായി ഞാനോർക്കുന്നു. മറ്റൊരു ചതുർയുഗം മുഴുവൻ വനവൃക്ഷങ്ങൾ ഇടതിങ്ങി നിറഞ്ഞതായി കാണപ്പെട്ടിരുന്നു. പിന്നെയും ഒരു ചതുർയുഗം ഇടതിങ്ങിയ പർവതങ്ങളോടുകൂടിയതായി വർത്തിച്ചിരുന്നു: ഒരിക്കൽ അഗസ്ത്യന്റെ അഭാവത്തിൽ നിയാമകനില്ലാതെ വിന്ധ്യപർവതത്താൽ മാത്രം ആപൂരിതയായി കിടന്നിരുന്നു ധര. ജഗത്തിന്റെ കൊച്ചു കുടീരമായ ഈ ഭൂമിക്കുതന്നെ എന്തെല്ലാം രൂപഭേദങ്ങൾ. ഒരുകാലത്ത് ഈ ഭൂമിയിൽ ബ്രാഹ്മണരൊക്കെ കുടിയന്മാരായിരുന്നു; മഹർഷേ, ശൂദ്രന്മാർ മദ്യം തൊടാത്തവരും. കുലാംഗനമാരൊക്കെ സ്വൈരിണികളായി ജീവിച്ചിരുന്ന ഒരു കാലം ഞാനോർക്കുന്നു. സൂര്യചന്ദ്രന്മാരുടെ ജനനം, ഇന്ദ്രന്റേയും ഉപേന്ദ്രന്റേയും ആവിർഭാവം, ഹിരണ്യാക്ഷൻ ഭൂമിയെ അപഹരിച്ചത്, വരാഹമായി അവതരിച്ചു വിഷ്ണു ഭൂമിയെ ഉദ്ധരിച്ചത് എല്ലാം ഞാൻ നല്ലപോലെ ഓർക്കുന്നു. മന്വന്തരംതോറും ഭരണാധികാരികളായ രാജാക്കന്മാരെ കല്പിക്കുന്നത്, സോമകാസുരനാൽ അപഹരിക്കപ്പെട്ട വേദങ്ങളെ മത്സ്യാവതാരത്തിലൂടെ ഭഗവാൻ വീണ്ടെടുത്തത് എല്ലാം എനിക്കോർമ്മവരുന്നു. മന്ദരപർവതത്തെ പിഴുതുകൊണ്ടുവന്നു മത്താക്കി അമൃതിനായി പാലാഴികടഞ്ഞതും എനിക്കോർമയുണ്ട്. ചിറകുമുളയ്ക്കാത്ത ഗരുഡനെ ഞാൻ ഓർക്കുന്നു. സമുദ്രങ്ങളുടെയൊക്കെ ഉൽപ്പത്തി ഞാൻ കണ്ടതാണ്. ഇങ്ങനെ ചെറുതും വലു

digitized by www.sreyas.in

തുമായ പ്രപഞ്ചോൽപ്പത്തി ക്രമങ്ങൾ എത്ര എത്രയാണെന്റെ ഓർമയിലുള്ളത്. ഇതു കൊച്ചു കുട്ടികൾക്കുപോലും ഓർമിക്കാവുന്നതല്ലേയുള്ളൂ. മഹാമുനേ, ഇതിലെന്താണൊരു പ്രത്യേകത. ഇനിയും നിങ്ങളെപ്പോലുള്ള ഋഷിമാരുടേയും മറ്റും സൃഷ്ടി ഇന്നുവരെയുള്ളത് ഞാനോർമിക്കുന്നുണ്ട്. ഭരദ്വാജൻ, പുലസ്ത്യൻ, അത്രി, നാരദൻ, മരീചി, സനത്കുമാരാദി സഹോദരന്മാർ, ഭൃഗു, ഈശൻ, സുബ്രഹ്മണ്യൻ, ഗണപതി ഇവരൊക്കെ ജനിച്ചതെനിക്കറിയാം. ഗൗരി, സരസ്വതി, ലക്ഷ്മി, ഗായത്രി ഇങ്ങനെ ദേവിമാരുടെയൊക്കെ സൃഷ്ടി ഓർമയിൽ വരുന്നു. ഇങ്ങനെ എത്ര എത്ര, എണ്ണമില്ലാത്ത സൃഷ്ടികൾ, എത്രമാത്രം ആവർത്തിച്ചു സംഭവിച്ചു. മുനേ, ബ്രഹ്മപുത്രനായി അങ്ങയുടെ എട്ടാമത്തെ ജന്മമാണ് ഞാൻ കണ്ടതായി ഓർമ്മിക്കുന്നത്. അങ്ങനെ എട്ടാം തവണയാണങ്ങെന്നെ കണ്ടുമുട്ടിയിരിക്കുന്നത്. ചിലപ്പോഴങ്ങ് ആകാശത്തുനിന്നും ജനിക്കുന്നു; ചിലപ്പോൾ വെള്ളത്തിൽ നിന്നും. ചിലപ്പോൾ പർവതത്തിൽ നിന്നും; ചിലപ്പോൾ തീയിൽനിന്നും. പ്രളയത്തിൽ മറഞ്ഞിട്ട് ഭൂമി അഞ്ചുതവണ പൊന്തിവരുന്നതു ഞാൻ കണ്ടിട്ടുണ്ട്. അഞ്ചു തവണയും ആ സമുദ്രത്തിൽ നിന്നും ഭൂമിയെ ഉദ്ധരിക്കുന്നതായിട്ടാണെനിക്കോർമ. അമൃതിനുവേണ്ടി പന്ത്രണ്ടുതവണ പാലാഴി കടഞ്ഞതെനിക്കോർമയുണ്ട്. ഹിരണ്യാക്ഷൻ മൂന്നു തവണ ഭൂമിയെ അപഹരിച്ചുകൊണ്ടുപോയതെനിക്കു നേരിട്ടറിയാം. വിഷ്ണു ആറുപ്രാവശ്യം രേണുകാപുത്രനായി പരശുരാമനായി ജനിച്ചതു ഞാനോർക്കുന്നു. നൂറുകലിയുഗങ്ങൾ എന്റെ ഓർമയിൽകൂടി കടന്നുപോയിട്ടുണ്ട്. വിഷ്ണു നൂറുപ്രാവശ്യം ബുദ്ധനായി അവതരിച്ചിട്ടുണ്ട്. ശിവൻ മുപ്പതുപ്രാവശ്യം ത്രിപുരദഹനം നടത്തിയതും രണ്ടു പ്രാവശ്യം ദക്ഷയാഗം മുടക്കിയതും എനിക്കറിയാം. പത്തുപ്രാവശ്യം ശിവൻ കോപിച്ച് ഇന്ദ്രനെ നശിപ്പിച്ചതു ഞാനറിയുന്നു. ബാണനുവേണ്ടി ശിവൻ എട്ടുപ്രാവശ്യം യുദ്ധം ചെയ്തതായോർക്കുന്നു. അദ്ദേഹം മറ്റു മൂന്നു യാഗങ്ങൾ മുടക്കിയതെനിക്കോർമ്മയുണ്ട്. ഓരോ യുഗങ്ങളിലും മനുഷ്യരുടെ ബുദ്ധി കൂടിയും കുറഞ്ഞുമിരിക്കുന്നതുകൊണ്ട് ക്രിയാംഗപാഠവൈചിത്ര്യത്തോടുകൂടി വേദങ്ങൾ പ്രചരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഒരേ ലക്ഷ്യത്തെ മുൻനിറുത്തി പാഠവൈചിത്ര്യത്തോടു കൂടി ഓരോ യുഗത്തിലും പുരാണങ്ങൾ രൂപം കൊള്ളുന്നതും വിട്ടുപോകുന്നതും എനിക്കോർമയുണ്ട്. രാമായണമെന്നുപേരുള്ള ആശ്ചര്യമയവും ജ്ഞാനശാസ്ത്രവുമായ ഇതിഹാസം ലക്ഷം ശ്ലോകങ്ങളോടുകൂടി അന്നന്നു രചിക്കപ്പെടുന്നതായെനിക്കറിയാം. വാല്മീകി എന്നുപേരുള്ള ജീവൻ ഓരോ യുഗത്തിലും മാറി മാറി മുൻയുഗത്തിൽ അവസാനം വിസ്മൃതിയിലാണ്ടു പോകുന്ന രാമായണം വീണ്ടും വീണ്ടും രചിക്കുന്നതു ഞാനോർമിക്കുന്നു. ഇതുപോലെ തന്നെ ഭാരതമെന്നുപേരുള്ള മഹത്തായ മറ്റൊരിതിഹാസം. അതും ഓരോ യുഗാന്തത്തിലും വിസ്മൃതമായിട്ടു വ്യാസനാൽ വീണ്ടും വീണ്ടും രചിക്കപ്പെട്ടുപോന്നു. വ്യാസജീവൻ ഓരോ യുഗത്തിലും മാറിമാറിവന്ന് അങ്ങനെ വിസ്മൃതമാകുന്ന ഭാരതം ഏഴു തവണ രചിച്ചതായിട്ടെനിക്കറിയാം. രാക്ഷസന്മാരെ ഉന്മൂലനം ചെയ്യാനായി ഇനി പതിനൊന്നാമതു വിഷ്ണുവിന്റെ രാമാവതാരം വരാൻപോകുന്നതു ഞാനോർമിക്കുന്നു. അല്ലയോ മുനീശ്വരാ, വസുദേവഗൃഹത്തിൽ ഭൂഭാരം കുറയ്ക്കാനായി ഇനി ഇതാ പതിനാറാം പ്രാവശ്യമാണ് കൃഷ്ണാവതാരം എന്റെ കണക്കിനു വരാൻപോകുന്നത്. മുനേ,

digitized by www.sreyas.in

266. ജഗന്മയീ ഭ്രാന്തിരിയം നകദാചനവിദ്യതേ
വിദ്യതേതു കദാചിച്ച ജലബുദ്ബുദവത്സ്ഥിതാ

ജഗന്മയീ ഇയം ഭ്രാന്തിഃ-ജഗത്തായിക്കാണപ്പെടുന്ന ഈ ഭ്രമം; കദാചന നവിദ്യതേ-ഒരിക്കലും യഥാർഥത്തിൽ ഉള്ളതല്ല; കദാചിത്തുവിദ്യതേ ച- ചിലപ്പോഴാകട്ടെ ഉള്ളതുപോലെ തോന്നുകയും ചെയ്യുന്നു; ജലബുദ്ബുദവത്സ്ഥിതാ-ഇതു വെള്ളത്തിലെ കുമിളകൾപോലെ കാണപ്പെടുന്നതാണ്.

ജഗത്തായി കാണപ്പെടുന്ന ഈ ഭ്രമം ഒരിക്കലും യഥാർഥത്തിൽ ഉള്ളതല്ല. ചിലപ്പോഴാകട്ടെ ഉള്ളതുപോലെ തോന്നുകയും ചെയ്യുന്നു. ഇതുവെള്ളത്തിലെ കുമിളകൾപോലെ കാണപ്പെടുന്നതാണ്.

### നകദാചന വിദ്യതേ

ജഗത്ത് ഒരു ഭ്രമാനുഭവമാണ്. ഭ്രമാനുഭവമൊന്നും ഒരിക്കലും യഥാർഥത്തിൽ ഉള്ളതല്ല. പിന്നെ ഉണ്ടെന്നു തോന്നുന്നതോ? എല്ലാ ഭ്രമാനുഭവങ്ങളുടെയും സ്വഭാവമതാണ്. ഒരിക്കലും ഇല്ലാതിരിക്കെ ചിലപ്പോഴൊക്കെ ഉണ്ടെന്നു തോന്നുക. സ്വപ്നാനുഭവം ഉത്തമദൃഷ്ടാന്തമല്ലേ. വാസ്തവത്തിൽ ഒരിക്കലും വാസ്തവമല്ലാത്ത ഭ്രമമല്ലേ സ്വപ്നം. എങ്കിലും ചിലപ്പോഴൊക്കെ ഉള്ളതായി അനുഭവപ്പെടുന്നുണ്ടല്ലോ. അവിടെ ഉള്ളതു സ്വപ്നദ്രഷ്ടാവുമാത്രമല്ലേ. മറ്റെല്ലാം വെറും ഭ്രമം. സത്യം കണ്ടുണരുന്ന നിമിഷം ഇതുബോധ്യമാകും. ആട്ടെ; സത്യം കണ്ടുണർന്ന ഭൂശുണ്ഡയോഗീന്ദ്രനും ഈ ഭ്രമമുണ്ടാകുന്നുണ്ടല്ലോ. അതിനെന്താണ്; ഭ്രമദേഹവും ഇന്ദ്രിയങ്ങളുമുള്ളിടത്തോളം ഏതു ജീവന്മുക്തനും ഈ ഭ്രമം തോന്നാം. സ്വപ്നം കണ്ടുണർന്നയാളും സ്വപ്നദൃഷ്ടിയിൽ സംഭവിച്ച കാര്യങ്ങളൊക്കെ ഓർമിക്കുകയും അവയെക്കുറിച്ചു ചർച്ച ചെയ്യുകയും പതിവല്ലേ. പക്ഷെ ഉണർന്നയാളിനു സ്വപ്നം ഭ്രമമാണെന്നറിഞ്ഞുകൊണ്ട് സ്വപ്നത്തെ കൈകാര്യം ചെയ്യാം. അതുകൊണ്ട് ഭയത്തിന്റെ കണികപോലും ഇല്ല. അതുപോലെയാണ് ജീവന്മുക്തന്റെ പ്രപഞ്ചാനുഭവം. അദ്ദേഹം പ്രപഞ്ചം ഭ്രമമാണെന്നറിഞ്ഞുകൊണ്ട് വ്യവഹരിക്കുന്നു. അതുകൊണ്ട് ആനന്ദമല്ലാതെ ശോകം ഒരിക്കലും അദ്ദേഹത്തെ പിടികൂടുന്നില്ല. ലൗകികൻ പ്രപഞ്ചം സത്യമാണെന്നു ധരിച്ചുകൊണ്ട് ഭ്രമിക്കുന്നു. അതുകൊണ്ടയാൾക്കു സദാ ദുഃഖിക്കേണ്ടതായും വരുന്നു.

ഭൂശുണ്ഡൻ തുടർന്നു: 'മഹർഷേ, ബോധസ്വരൂപത്തിൽ സംഭവിക്കുന്ന ഈ ദൃശ്യഭ്രമം ദുഃഖകരമായ അനിഷ്ടസംഭവമാണ്. വെള്ളത്തിൽ ചെറുകല്ലോലങ്ങളുണ്ടാവുകയും ലയിക്കുകയും ചെയ്യുന്നതുപോലെ ബോധത്തിൽ ഇതുണ്ടാവുകയും മറയുകയും ചെയ്യുന്നു. ഈ വടക്കുദിക്കു മുൻപിവിടെയില്ലായിരുന്നു; ഈ മേരുപർവതവും ഇപ്പോഴതു നിൽക്കുന്ന സ്ഥലത്തല്ലായിരുന്നു. വടക്കുദിക്കു വേറൊരിടത്തായിരുന്നു മേരുപർവതവും മറ്റൊരിടത്തായിരുന്നു. മേരുപർവതസ്ഥിതി മാറുന്നതോടെ സൂര്യൻ തുടങ്ങിയ സൗരയൂഥ ഘടകങ്ങളുടെ സഞ്ചാരഗതിയും മാറിവരുന്നു. കലിയുഗം കൃതയുഗാചാരങ്ങളോടുകൂടിയതായിത്തീരുന്നു; കൃതയുഗം കലിയുഗാചാരങ്ങളോടുകൂടിയതായും ഭവിക്കുന്നു. ത്രേതായുഗത്തിനും ദ്വാപരയുഗത്തിനും ഈ വൈപരീത്യം സംഭവിച്ചിട്ടുള്ളതായി ഞാൻ നല്ലപോലെ ഓർമിക്കുന്നു.'

വസിഷ്ഠൻ ചോദിച്ചു: 'അല്ലയോ ഭൂശുണ്ഡയോഗീന്ദ്രാ, അറിയാനുള്ള

digitized by www.sreyas.in

കൗതുകം കൊണ്ടു ഞാൻ വീണ്ടും ചോദിക്കുന്നു. അങ്ങ് ജഗത്തിനുള്ളിൽ ഈ കൽപ്പവൃക്ഷലതാഗൃഹത്തിൽ ചിരകാലമായി ജീവിക്കുന്നു; ലോകവ്യവഹാരങ്ങളിലെല്ലാം ഏർപ്പെടുന്നു. 'ഹേ പക്ഷിശ്രേഷ്ഠാ, എന്നിട്ടും എന്താണ് മരണം അങ്ങയെ സമീപിക്കാത്തത്?.'

ഭൂശുണ്ഡൻ പറഞ്ഞു: 'ബ്രഹ്മൻ, അങ്ങിതിന്റെയെല്ലാം രഹസ്യം നല്ലവണ്ണമറിയുന്നയാളാണ്; എങ്കിലും ബ്രഹ്മ ജിജ്ഞാസ പ്രസിദ്ധമാക്കാൻ വേണ്ടി ചോദിക്കുന്നു. പ്രഭുക്കന്മാർ ഭൃത്യരെ വാചാലരാക്കുന്നത് അവർക്കൊരു സന്തോഷമാണ്. അതുകൊണ്ടങ്ങയുടെ ചോദ്യത്തിനു ഞാൻ മറുപടി പറയാം. സജ്ജനങ്ങളുടെ ആജ്ഞയെ അനുസരിക്കുന്നതാണവരുടെ പൂജ.

267. ദോഷമുക്താഫലപ്രോതാ വാസനാതന്തുസന്തതിഃ
ഹൃദി ന ഗ്രഥിതായസ്യ മൃത്യുസ്തം നജിഘാംസതി.

രാഗദ്വേഷങ്ങളാകുന്ന മുത്തുമണികൾ കോർത്തിണക്കിയിട്ടുള്ള വാസനയാകുന്ന നൂൽനിര ആരുടെയുള്ളിൽ തച്ചു ചേർത്തിട്ടില്ലയോ അയാളെ പിടികൂടാൻ മരണം ആഗ്രഹിക്കുന്നില്ല. പുത്രമിത്രകളത്രാദി സംഗങ്ങളാകുന്ന വൃക്ഷങ്ങൾക്കു കോടാലികളായി വർത്തിക്കുന്നവയും ദേഹത്തെ സദാ കാർന്നു തിന്നുന്ന പുഴുക്കളുടെ രൂപത്തിലുള്ളവയുമായ മാനസ ദുഃഖങ്ങൾ ആരെ വിവശനാക്കുന്നില്ലയോ അയാളെ മരണം സമീപിക്കുന്നതേയില്ല. ദേഹമാകുന്ന വൃക്ഷത്തിൽ ചുറ്റിപ്പിണഞ്ഞു കിടക്കുന്നവയും ചിന്തകളാകുന്ന പത്തികൾ വിടർത്തിനിൽക്കുന്നവയുമായ ആശാസർപ്പങ്ങൾ ആരെ കടിച്ചു ദഹിപ്പിക്കുന്നില്ലയോ അയാളെ മരണം അടുക്കുന്നതേയില്ല. രാഗദ്വേഷങ്ങളാകുന്ന വിഷം വമിക്കുന്നതും മനസ്സാകുന്ന പൊത്തിൽ ഒളിഞ്ഞിരിക്കുന്നതുമായ ലോഭമൂർഖൻ ആരെ കൊത്തി മോഹാലസ്യപ്പെടുത്തുന്നില്ലയോ അയാളെ മരണം അടുക്കുന്നതേയില്ല. വിവേകജലത്തെ മുഴുവൻ കുടിച്ചുവറ്റിക്കുന്നതും ദേഹമാകുന്ന സമുദ്രത്തിൽ ബഡവാഗ്നിപോലെ ജ്വലിക്കുന്നതുമായ കോപം ആരെ ചുട്ടെരിക്കുന്നില്ലയോ അയാളെ മരണം അടുക്കുന്നില്ല. അതിഭീഷണമായ ആട്ടുയന്ത്രം എള്ളിൻ കൂട്ടത്തെ അരച്ചു പിഴിയുന്നതുപോലെ കാമം ആരെ അരച്ചു പിഴിയുന്നില്ലയോ അയാളെ മരണം അടുക്കുന്നതേയില്ല.

268. ഏകസ്മിൻ നിർമലേ യേന പദേപരമപാവനേ
സംശ്രിതാചിത്തവിശ്രാന്തിസ്തം മൃത്യുർനജിഘാംസതി

അത്യന്തം ശുദ്ധവും പരമശാന്തിപ്രദവുമായ പരമാത്മപദത്തിലെത്തി ആരുടെ ചിത്തമാണോ പൂർണവിശ്രമമനുഭവിക്കുന്നത് അയാളെ മരണം അടുക്കുന്നതേയില്ല.

ബ്രഹ്മൻ, മുൻപറഞ്ഞ രാഗദ്വേഷാദി മഹാദോഷങ്ങളാണു സംസാര രോഗഹേതുക്കൾ. സർവത്ര ഏകതത്ത്വമഭ്യസിച്ചുറപ്പിക്കുന്നവരെ ഈ ദോഷങ്ങളൊന്നും ലേശംപോലും പിൻതുടരുന്നില്ല. ആധിവ്യാധികളുടെ കടന്നാക്രമണങ്ങളോ മോഹഭ്രമങ്ങൾ മൂലമുള്ള ഇളക്കങ്ങളോ സർവത്ര ഏകതത്ത്വമഭ്യസിച്ചുറപ്പിക്കുന്നവരെ ലേശം പോലും പിൻതുടരുന്നില്ല. കാമക്രോധാദി വികാരങ്ങളിൽ നിന്നും ഉടലെടുക്കുന്നവയും ഹൃദയാകാശത്തെ കൂരിരുട്ടുകൊണ്ടു നിറയ്ക്കുന്നവയുമായ ചിന്തകളൊന്നും സർവത്ര ഏകതത്ത്വം അഭ്യസിച്ചുറപ്പിക്കുന്നവരെ ഒരു തരത്തിലും ശല്യപ്പെടുത്തുന്നില്ല. ദുരർഥങ്ങളോ,

digitized by www.sreyas.in

ദുഷ്കർമങ്ങളോ, ദുർഗുണങ്ങളോ, ദുർവാക്കുകളോ, ദുർവിചാരങ്ങളോ ഏക വസ്തുതത്ത്വം ഉറപ്പുവന്നവരെ ഒരിക്കലും കീറിമുറിക്കുന്നില്ല. അതുകൊണ്ട്.

269. യദുദർകഹിതം സത്യമനുപാധിഗതഭ്രമം
ദുരൂഹിതദശോന്മുക്തം തൽപ്പരം കാരയേന്മനഃ

ഉദർക്കഹിതം-ഭാവിയിൽ പൂർണഹിതം നേടിത്തരുമെന്നുറപ്പുള്ളതും; സത്യം-ജഗത്തിന്റെ സത്യസ്വരൂപമായി വിലസുന്നതും; അനുപാധി-യാതൊരു വിധമായ സങ്കുചിതചിന്തകൾക്കും വഴങ്ങാത്തതും; ഗതഭ്രമം-ഭ്രമം പൂർണമായി ഒഴിഞ്ഞുമാറിയതും, ദുരീഹിത ദശോന്മുക്തം- അജ്ഞാനജന്യമായ സംസാര ദുഃഖം സ്പർശിക്കാത്തതുമായ; യത്-യാതൊന്നാണോ ഉള്ളത്; തൽപ്പരം-അതിനെ മാത്രം; മനഃകാരയേത്-മനസ്സ് കൊണ്ടാശ്രയിക്കേണ്ടതാണ്.

ഭാവിയിൽ പൂർണഹിതം നേടിത്തരുമെന്നുറപ്പുള്ളതും ജഗത്തിന്റെ സ്വരൂപമായി വിലസുന്നതും ഏതൊരു വിധമായ സങ്കുചിത ചിന്തകൾക്കും വഴങ്ങാത്തതും ഭ്രമം പൂർണമായി ഒഴിഞ്ഞുമാറിയതും അജ്ഞാന ജന്യമായ സംസാര ദുഃഖം സ്പർശിക്കാത്തതുമായ യാതൊന്നാണോ ഉള്ളത് അതിനെ മാത്രം മനസ്സുകൊണ്ടാശ്രയിക്കേണ്ടതാണ്.

**തൽപ്പരം കാരയേന്മനഃ**

മനസ്സിനെ അതിൽതന്നെ ഉറപ്പിച്ചു നിറുത്തണം. ഏതിൽ? ജീവിതത്തെ ആത്യന്തികമായി പൂർണധന്യതയിലെത്തിക്കുന്ന വസ്തുവിൽ. എന്താണാ വസ്തു? അതാണ് അഖണ്ഡബോധസ്വരൂപമായ ബ്രഹ്മം. ഈ പലതു കാണുന്നതൊക്കെ അതിലെ വെറും ഇന്ദ്രജാലം. ഇതു മനസ്സിനെ രാപകലില്ലാതെ ഓർമിപ്പിക്കണം. അങ്ങനെയായാൽ ജീവിതം ആത്യന്തികധന്യതയിലെത്തുന്നതിന്റെ ക്രമമെന്താണ്. അതു ഭാവിയിലെ പൂർണഹിതം ഉറപ്പുവരുത്തും. ജീവിതാന്ത്യത്തിലെ തൃപ്തിയും സന്തോഷവുമാണല്ലോ ഭാവിഹിതം. പലതുകണ്ടു സുഖത്തിനായി അവയുടെ പിന്നാലെ പായുന്നവർക്ക് ജീവിതാന്ത്യത്തിലതു സാധ്യമാകുമോ. സത്യബോധമൊന്നു മാത്രമേയതു സാധ്യമാക്കൂ. ബോധരൂപമായ ബ്രഹ്മമാണു പ്രപഞ്ചത്തിലെ ശാസ്ത്രീയ സത്യമെന്ന് ചിരകാലമായി പരീക്ഷിച്ചുറപ്പിക്കപ്പെട്ടിട്ടുള്ളതല്ലേ? സങ്കുചിതത്വമല്ലേ എവിടെയും ദുഃഖ കാരണം. അദ്വയവും അഖണ്ഡവുമായ ബോധാനുഭവത്തിൽ യാതൊരു സങ്കുചിതത്വവും സാധ്യമല്ലല്ലോ. സത്യമഭ്യസിക്കുന്ന ചിത്തം ആകാശം പോലെ ഉപാധിരഹിതവും പരിശുദ്ധവുമായിത്തീരുന്നു. യുക്തിയില്ലാതെ പലതുമുണ്ടെന്നു തോന്നുന്നതാണ് ഭ്രമം. ഭ്രമം എങ്ങനെ സുഖപ്രദമാകും. അദ്വയസത്യാനുഭവത്തിലല്ലാതെ ഭ്രമം എവിടെ മാറിക്കിട്ടും. രണ്ടുണ്ടെന്ന ഭേദചിന്തയാണജ്ഞാനം. സംസാരഹേതുവായ ഈ അജ്ഞാനം അദ്വൈതബോധാഭ്യാസം കൊണ്ടേ മാറൂ എന്നു തീർച്ചയാണല്ലോ. അഹോ! ജീവിതത്തെ ഇത്രയൊക്കെ ധന്യമാക്കുന്ന സത്യം സ്പഷ്ടമായി തെളിഞ്ഞിട്ടും ബുദ്ധിയുണ്ടെന്നഭിമാനിക്കുന്ന മനുഷ്യൻ അതിനെ ആശ്രയിക്കാൻ കൂട്ടാക്കാത്തതാണാശ്ചര്യം. അതുതന്നെയാണു മായ.

ഭൂശുണ്ഡൻ തുടർന്നു: 'ചിരകാലം ജീവിതത്തെ സംസാരചക്രത്തിൽ ഭ്രമിപ്പിക്കാനിടയുള്ള നാനാത്വഭ്രമമെന്ന പിശാചിന്റെ നിഴൽപോലും കളങ്കപ്പെടുത്താത്ത ഏകസത്യത്തിൽ തന്നെ മനസ്സുറപ്പിക്കേണ്ടതാണ്. എല്ലാ ദുഃഖ

digitized by www.sreyas.in

ങ്ങളുടെയും അന്ത്യദശയാണാത്മചിന്ത. മഹർഷേ, അങ്ങയെപ്പോലുള്ള വർക്കതെളുപ്പം. എന്നെപ്പോലെയുള്ളവർക്കു പ്രയാസം. സൃഷ്ടിക്കൊക്കെ അപ്പുറം നിൽക്കുന്നതും പ്രപഞ്ചത്തിന്റെ പരമകാരണസ്വരൂപവുമായ ആ സത്യത്തെ മോഹബദ്ധമായ സാമാന്യ ബുദ്ധിക്കു പ്രാപിക്കാൻ വിഷമം തന്നെയാണ്. അല്ലയോ മുനീശ്വരാ, ആത്മചിന്തയ്ക്ക് ഒരുപോലെ അംഗീകരിക്കപ്പെടാവുന്ന വിവിധ മാർഗങ്ങളുണ്ട്. ആത്മചിന്താ സഹചാരികളായ അവയിൽനിന്നും ഒരെണ്ണം ഞാൻ പ്രത്യേകമായി അംഗീകരിച്ചിട്ടുണ്ട്. എല്ലാ ദുഃഖങ്ങളും ക്ഷയിപ്പിക്കുന്നതും സർവസൗഭാഗ്യങ്ങളും നേടിത്തരുന്നതുമായ പ്രാണചിന്തയെയാണു ഞാൻ സമാശ്രയിച്ചിട്ടുള്ളത്' രാമാ, ഇത്രയൊക്കെ കാര്യങ്ങൾ വിശദമായി വിവരിച്ചു കഴിഞ്ഞപ്പോൾ എനിക്കു സംശയമില്ലെങ്കിലും പക്ഷിശ്രേഷ്ഠനായ ഭുശുണ്ഡനോടു ശാന്തമായി കളിയായി ഞാൻ വീണ്ടും ഇങ്ങനെ ചോദിച്ചു;

വസിഷ്ഠൻ ചോദിച്ചു: 'എല്ലാ സംശയങ്ങളും ഛേദിക്കാൻ കഴിവുള്ള അത്യന്ത ചിരംജീവിയായ അല്ലയോ മഹാത്മൻ, എന്താണ് പ്രാണചിന്ത? വ്യക്തമായി ഒന്നു വിവരിക്കൂ'.

ഭുശുണ്ഡൻ പറഞ്ഞു: 'ഭഗവൻ, അതിമനോഹരമായ ഈ ദേഹഗൃഹത്തിൽ ഇരിക്കവേ പ്രാണാനുസന്ധാനം എങ്ങനെ ശീലിക്കാമെന്നു ഞാൻ വിവരിക്കാം; കേട്ടാലും. മുനേ, ദേഹത്തിന്റെ മധ്യത്തിലാണു ഹൃദ്പത്മം സ്ഥിതിചെയ്യുന്നത്. അവിടെനിന്നും മുകളിലേക്കും താഴേക്കും രണ്ടു സങ്കേതങ്ങളെ അവലംബിച്ചാണു സമമായി പ്രാണൻ പ്രസരിക്കുന്നത്. മുകളിലേക്കു പ്രസരിക്കുന്ന പ്രാണനെ പ്രാണനെന്നും താഴേക്കു പ്രസരിക്കുന്ന പ്രാണനെ അപാനനെന്നും വിളിക്കുന്നു. ഇവയുടെ ഗതികളെ വ്യക്തമായി അറിഞ്ഞനുസരിച്ചുകൊണ്ടാണു ഞാൻ സ്ഥിതിചെയ്യുന്നത്. ഇവരിൽ പ്രാണൻ ഉഷ്ണശരീരിയാണ്; അപാനൻ ശീതശരീരിയും. അതുകൊണ്ടു പ്രാണനെ സൂര്യനായും അപാനനെ ചന്ദ്രനായും കണക്കാക്കിയിരിക്കുന്നു. സദാ ആകാശത്തിലെ വഴിയാത്രക്കാരായ ഇവർ രണ്ടുപേരും കൂടിയാണ് അനായാസമായി ദേഹമെന്ന ഈ മഹായന്ത്രത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. ഹൃദയാകാശത്തിൽ ഇവർ സൂര്യനും ചന്ദ്രനുമായി വിളങ്ങുന്നു എന്നോ അല്ലെങ്കിൽ അഗ്നിയും സോമനുമായി വിളങ്ങുന്നു എന്നോ കരുതാം. ഈ പ്രാണാപാനന്മാരെ ഞാൻ സദാ അനുസരിക്കുന്നു. ശരീരരഥത്തെയോടിക്കുന്ന ഈ പ്രാണാശ്വങ്ങളുടെ ഗതി ജാഗ്രത് സ്വപ്നസുഷുപ്തികളിലെല്ലാം സദാ സമരൂപത്തിലാണ്. നിരന്തരം ഇവയെ അനുസരിക്കുന്നതുകൊണ്ട് എന്റെ വാസനകൾ ബ്രഹ്മത്തെ വിട്ടകന്നുപോകാറില്ല; എന്തെന്നാൽ ഇവ പൊന്തിവരുന്നതും സഞ്ചരിച്ചുനീങ്ങുന്നതുമൊക്കെ ബോധരൂപമായ ബ്രഹ്മത്തിലാണല്ലോ. ആയിരമായി കീറിയ താമരനൂലിനെക്കാൾ സൂക്ഷ്മതരമാണ് ഇവയുടെ ഗതി; അതുകൊണ്ട് തിരിച്ചറിയുക പ്രയാസം. ബ്രഹ്മൻ, ഈ പ്രാണഗതി ബോധത്തിൽനിന്നുള്ള സ്പന്ദനശക്തിയാണല്ലോ. സദാസഞ്ചാരമാണ്. ശരീരഗൃഹത്തിനുള്ളിലും പുറത്തും പ്രാണൻ സദാ മുകളിലേക്കു പ്രസരിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ സ്പന്ദനശക്തിയായ അപാനൻ ശരീരഗൃഹത്തിനുള്ളിലും പുറത്തും സദാ കീഴ്പോട്ടു സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ബോധത്തിൽ സ്പന്ദിക്കുന്ന ഈ പ്രാണാപാനഗതി തിരിച്ചറിയുന്നതാണ് യഥാർഥപ്രാണായാമം. ഒരു ജ്ഞാനി ഉറക്കത്തിലായാലും ഉണർവി

digitized by www.sreyas.in

ലായാലും ഈ പ്രാണാപാനഗതി തിരിച്ചറിഞ്ഞ് സദാ പ്രാണായാമനിരത നായി വർത്തിക്കുന്നു. ഈ അറിവു മോക്ഷത്തിനു വഴിതെളിക്കുന്നു. ഹൃദ യാംബുജത്തിനുള്ളിൽ നിന്നു ആയാസമില്ലാതെ സ്വാഭാവികമായി പ്രാണ സ്പന്ദനങ്ങൾ പുറത്തേയ്ക്കു ഉള്ളിൽ മൂക്കിന്റെ അറ്റംവരെ പ്രസരിക്കുന്ന താണ് ഈ പ്രാണായാമത്തിലെ ആന്തരരേചകം. ദേഹത്തിൽനിന്നു പുറ ത്തേക്കു പോകുന്ന പ്രാണൻ പന്ത്രണ്ടംഗുലം അകലത്തെത്തിനിന്ന് പ്രാണാ വയവങ്ങൾ തിങ്ങിനിറയുന്നതിനെ ബാഹ്യപൂരകം എന്നുവിളിക്കുന്നു. പുറ മേനിന്നും ഉള്ളിലേക്കു കടക്കുന്ന അപാനൻ അനായാസമായി ദേഹത്തിൽ നിറഞ്ഞുതിങ്ങുന്നതിനെ അന്തഃപൂരകം എന്നു വിളിക്കുന്നു. അപാനഗതി അവസാനിച്ചു; എന്നാൽ പ്രാണൻ ഉദയം ചെയ്തിട്ടുമില്ല; ഈ അവസ്ഥയെ യാണു കുംഭകം എന്നു അനുഭവത്തിലൂടെ യോഗികൾ വിവരിക്കുന്നത്. ദേഹ ത്തിനുള്ളിൽ പ്രാണൻ നിശ്ചലമായി സ്ഥിതിചെയ്യുന്ന ഈ അവസ്ഥയാണ് ആന്തരകുംഭകം. ഒരേ മണ്ണ് മണ്ണായും കുഴച്ചമണ്ണായും കുടമായും ഭവിക്കു ന്നതുപോലെ പ്രാണപ്രക്രിയകളായ രേചകപൂരക കുംഭകങ്ങളും സ്ഥാന ഭേദേന മൂന്നുവിധമുണ്ടെന്നറിയൂ. മൂക്കിന്റെ നേരെ അറ്റത്ത് പന്ത്രണ്ടംഗുലം ദൂരത്തെത്തി അപാനൻ നിശ്ചലത കൈക്കൊള്ളുന്നതാണ് ബാഹ്യകുംഭകം. പുറത്തേക്കു പ്രസരിക്കുന്ന പ്രാണൻ നേരെ മൂക്കിന്റെ അഗ്രംവരെ എത്തി നിൽക്കുന്ന ഗതിയാണു ഒന്നാമത്തെ ബാഹ്യപൂരകം. അപ്പോൾ പന്ത്ര ണ്ടംഗുലം വരെ അകലെയെത്തുന്ന സ്ഥിതി രണ്ടാമത്തെ ബാഹ്യപൂരകമായി കണക്കാക്കണം. പ്രാണൻ പുറത്തുവന്നു നിലച്ചു; ഉള്ളിലേക്കു കടക്കാൻ അപാനൻ ഉദയം ചെയ്തിട്ടുമില്ല. ഈ സ്ഥിതിയാണു ബാഹ്യകുംഭകം. ഉള്ളി ലേക്കു കടക്കാനായി അപാനൻ ഉദയം ചെയ്യുന്നതാണ് ബാഹ്യരേചകം. പ്രാണ ചലനങ്ങളെ ഇങ്ങനെ ചിന്തിച്ചു ധരിച്ചാൽ മുക്തി എളുപ്പമാകും. ഉള്ളിലേക്കു കടക്കാനായി പന്ത്രണ്ടാമംഗുലത്തിൽ ഉദയം ചെയ്തുതുടങ്ങി ശക്തിപ്രാപി ക്കുന്ന അപാന സ്ഥിതിയാണ് മറ്റൊരു ബാഹ്യപൂരകം. ഉള്ളിലും പുറത്തു മായി ഇങ്ങനെ പ്രാണാപാനഗതികളെ രേചകപൂരകകുംഭകരൂപത്തിൽ തടഞ്ഞ് പ്രാണായാമനിരതനായാൽ പിന്നെ പുനർജന്മത്തിനിടവരികയില്ല. പ്രാണായാമം വസ്തുബോധത്തെ ശക്തിപ്പെടുത്തുമെന്നുള്ളതുകൊണ്ടാണ ങ്ങനെ സംഭവിക്കുന്നത്. നേരത്തേ പത്തുവിധം പ്രാണായാമം പറയപ്പെട്ട തായി തോന്നാമെങ്കിലും എട്ടുവിധമാണു പ്രധാനം. രേചകപൂരക കുംഭക ങ്ങൾ ബാഹ്യാന്തരഭേദേന ആറു വിധം. രണ്ടു പ്രത്യേകതരം ബാഹ്യപൂര കങ്ങൾ. ഈ എട്ടുവിധ പ്രാണായാമവും ദേഹപ്രാണന്മാരുടെ സ്വഭാവമാണ്. രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ ഇവ ബോധപൂർവം ഓർമിക്കുമെ ങ്കിൽ അവ ഒരുവനെ നിശ്ചയമായും മുക്തിയിൽ കൊണ്ടെത്തിക്കും. ബാഹ്യ ചിന്തകൾ വെടിഞ്ഞ് വ്യഗ്രതകൂടാതെ ഈ പ്രാണായാമപ്രക്രിയയിൽ ഏർപ്പെ ടണം. എന്നാൽ ഏതാനും ദിവസംകൊണ്ടു തന്നെ ഉള്ളിൽ സത്യം തെളിഞ്ഞു കിട്ടും. ഈ അഭ്യാസം തുടരുന്നയാൾക്ക് വിഷയങ്ങളിൽ ആസക്തി കുറഞ്ഞുവരും. പട്ടിയുടെ തോലുകൊണ്ടു നിർമിച്ച സഞ്ചി ബ്രാഹ്മ ണനു നിഷിദ്ധമാകുന്നതുപോലെ വിഷയങ്ങളെ അയാൾ പുറംതള്ളും. ഈ ദൃഷ്ടി അവലംബിച്ചു ബുദ്ധിക്കേകാഗ്രത കിട്ടിയാൽ ആ ബുദ്ധികിട്ടേണ്ട തെല്ലാം കിട്ടിയെന്നു തൃപ്തിയടയും. ലൗകികഖേദമൊന്നും പിന്നെയവരെ സ്പർശിക്കില്ല. നിൽക്കുമ്പോഴും നടക്കുമ്പോഴും ഉണർവിലും ഉറക്കത്തിലും

digitized by www.sreyas.in

സദാ ഈ പ്രാണാവബോധ ദൃഷ്ടി മനസാ അഭ്യസിക്കുമെങ്കിൽ പിന്നെ ബന്ധം അവശേഷിക്കയില്ല. പ്രാണന്റെ സൂക്ഷ്മദൃഷ്ടി അതിന്റെ നേരെ പിന്നിലുള്ള ബോധസത്യത്തെ സ്വരൂപമായി തെളിയിച്ചുതരുമെന്നു താൽപ്പര്യം. ഉള്ളിലുള്ള ഹൃദയ പങ്കജത്തിൽ നിന്നാണ് അല്ലയോ ബ്രഹ്മൻ, പ്രാണൻ ഉദയം ചെയ്യുന്നത്. ഹൃദയത്തിൽ നിന്നുള്ള പ്രാണന്റെ ഈ ഉറവ തന്നെ അവിടെ ബോധസ്വരൂപനായ ഈശ്വരൻ ഇരിക്കുന്നു എന്നതിനു തെളിവല്ലേ. ഈ പ്രാണൻ പുറത്ത് പന്ത്രണ്ടംഗുലം വരെയെത്തി ജഗത്പ്രാണനിൽ വിലയിക്കുന്നു. പുറത്ത് പന്ത്രണ്ടാം അംഗുലത്തിൽ നിന്നുതുടർന്നു അപാനൻ ഉദിച്ചു പ്രസരിച്ച് ഉള്ളിൽ കടന്ന് ഹൃദയപങ്കജത്തിൽ വിലയിക്കുന്നു. ചന്ദ്രരൂപിയായ അപാനൻ പുറത്തുനിന്നും ദേഹത്തിനുള്ളിലെത്തിയാണു വിലയിക്കുന്നത്. പ്രാണൻ സൂര്യനാണ് അഥവാ അഗ്നിയാണ്. അതു സദാ ദേഹത്തെ ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഉള്ളിലുള്ള അപാനചന്ദ്രക്കല പ്രാണസൂര്യനുമായി ഏകീഭവിക്കുന്നതോടെ രണ്ടിന്റെയും ഉറവിടമായ ബോധസത്യം ഹൃദയത്തിൽ തെളിഞ്ഞ് ജനനമരണഭ്രമം അവസാനിക്കുന്നതാണ്. അതല്ലെങ്കിൽ ഉള്ളിലുള്ള പ്രാണസൂര്യന്റെ കിരണം അപാനചന്ദ്രനുമായി എപ്പോൾ ഏകീഭവിക്കുന്നുവോ അപ്പോൾ ജനനമരണഭ്രമം ഒടുങ്ങിക്കിട്ടുന്നതാണ്. പ്രാണന്റെ ഗമനാഗമനപ്രക്രിയകളാണ് അവയെ സൂര്യചന്ദ്രന്മാരാക്കിമാറ്റുന്നത്. പ്രാണൻ അപാനനെയോ അപാനൻ പ്രാണനെയോ തന്നിൽ അലിയിച്ചു കഴിയുമ്പോൾ രണ്ടിന്റെയും ഇടയ്ക്കുനിൽക്കുന്ന വസ്തു തെളിഞ്ഞു താനതാണെന്നു ബോധ്യപ്പെടുന്ന യോഗി പിന്നെ ജനിക്കാനിടവരുന്നില്ല. പ്രാണൻ ലയിച്ചഇടം; അപാനൻ ഉദിക്കാൻ പോകുന്ന ഇടം; ഇങ്ങനെ അപാനപ്രാണന്മാർക്കു മധ്യേ സ്ഥിതി ചെയ്യുന്ന ബോധാത്മാവിനെ നാം ഉപാസിക്കുന്നു. അപാനൻ ലയിച്ചു; പ്രാണൻ ഉദിച്ചുകഴിഞ്ഞിട്ടില്ല; ആ നിലയിൽ തെളിയുന്ന സൃഷ്ടികളങ്കമൊന്നും ബാധിച്ചിട്ടില്ലാത്ത ബോധതത്ത്വത്തെ നമുക്കുപാസിക്കാം. അപാനൻ ഉദിച്ചിട്ടില്ല; പ്രാണൻ അസ്തമിക്കുകയും ചെയ്തു; ഈ നില നാസാഗ്രത്തിലെ ആകാശതലത്തിൽ തെളിക്കുന്ന ബോധതത്ത്വത്തെ നമുക്കുപാസിക്കാം. സൃഷ്ടികളങ്കങ്ങളൊന്നും ബാധിച്ചിട്ടില്ലാത്തതും എന്നാൽ ജീവരൂപത്തിൽ സദാസൃഷ്ടികലകളാൽ ചുറ്റപ്പെട്ടിരിക്കുന്നതും ആനന്ദാനുഭവ സമ്പന്നരും പരമസത്യമെന്ന നിലയ്ക്ക് എല്ലാ ദേവന്മാരാലും പ്രണമിക്കപ്പെടുന്നതുമായ പരമകാരണവസ്തുവിനെ നാം ശരണം പ്രാപിക്കുന്നു. മഹർഷേ, ഇതാണു പ്രാണസമാധികൊണ്ടു ഞാൻ നേടിയ ആത്മശാന്തി. ഞാൻ കഴിഞ്ഞതിനെക്കുറിച്ചോ വരാനിരിക്കുന്നതിനെക്കുറിച്ചോ ഒരിക്കലും ചിന്തിക്കാറില്ല. അപ്പോഴപ്പോഴുള്ള കാര്യങ്ങൾ അനുഷ്ഠിച്ചു കഴിഞ്ഞുകൂടുന്നു. ഇതിന്നു കിട്ടിക്കഴിഞ്ഞു; ഇനി നാളെ ഇതു കിട്ടാനിരിക്കുന്നു; ഈ ചിന്ത ഒരിക്കലും എന്നെ ബാധിക്കാത്തതുകൊണ്ട് ഞാൻ ചിരകാലമായി ജീവിക്കുന്നു. ഞാൻ ഒരിടത്തും ഒന്നിനെയും ഒരിക്കലും സ്തുതിക്കാറില്ല; നിന്ദിക്കാറുമില്ല; എന്നെക്കുറിച്ചോ മറ്റൊന്നിനെക്കുറിച്ചോ ചിന്ത ഇല്ല; അതുകൊണ്ട് ഞാൻ ചിരകാലമായി ജീവിച്ചു പോരുന്നു. ഞാൻ ഇഷ്ടലാഭത്തിൽ സന്തോഷിക്കാറില്ല; അനിഷ്ട പ്രാപ്തിയിൽ ദുഃഖിക്കാറുമില്ല; സദാ സമഭാവനയിൽ വർത്തിക്കുന്നു. അതുകൊണ്ടു ഞാൻ ചിരകാലമായി സുഖമായി ജീവിക്കുന്നു.

digitized by www.sreyas.in

270. പരമം ത്യാഗമാലംബ്യസർവമേവ സദൈവഹി
ജീവിതാദി മയാത്യക്തം തേനജീവാമ്യനാമയഃ

പരമം ത്യാഗം ആലംബ്യ-വസ്തുബോധത്തിലൂടെ സർവവും ത്യജിച്ചിട്ട്; സദാ ഏവഹി-എല്ലായ്പ്പോഴും തന്നെ; സർവം ഏവ-എല്ലാംതന്നെ; ജീവിതാദി-ജീവിതമുൾപ്പെടെ; മയാത്യക്തം-എന്നാൽ ഉപേക്ഷിക്കപ്പെട്ടു; തേന അനാമയഃ ജീവാമി-അതുകൊണ്ടു ഞാൻ ഒരു കേടുമില്ലാതെ ജീവിക്കുന്നു.

വസ്തുബോധത്തിലൂടെ സർവവും ത്യജിച്ചിട്ട് എല്ലായ്പ്പോഴും തന്നെ എല്ലാം തന്നെ ജീവിതമുൾപ്പെടെ എന്നാൽ ഉപേക്ഷിക്കപ്പെട്ടു. അതുകൊണ്ടു ഞാൻ ഒരു കേടുമില്ലാതെ ജീവിക്കുന്നു.

## പരമം ത്യാഗമാലംബ്യ

ഒരു കേടുമില്ലാതെ എന്നും ജീവിക്കാൻ എന്താണു മാർഗം? ത്യാഗമാണു മാർഗം. ത്യാഗം കൊണ്ടുമാത്രമേ അമൃതത്വം സാധ്യമാവൂ എന്നാണുപനിഷത് പ്രഖ്യാപനം. എന്തു ത്യജിക്കണം? എല്ലാം ത്യജിക്കണം. വ്യക്തിജീവിതത്തെപ്പോലും ത്യജിക്കണം. എപ്പോൾ ത്യജിക്കണം. എപ്പോഴും ത്യജിക്കണം. ഈ ത്യാഗമാണ് ഗീത ഉപസംഹരിച്ചുകൊണ്ടു ഭഗവാൻ കൃഷ്ണൻ പതിനെട്ടാമധ്യായത്തിലെ അറുപത്താറാംപദ്യത്തിൽ അർജ്ജുനനോടു ശുപാർശ ചെയ്യുന്ന സർവധർമ പരിത്യാഗം. ഈ ത്യാഗം എങ്ങനെ സാധിക്കാനാണ്? ഒരൊറ്റമാർഗമേയുള്ളൂ. അതും കൃഷ്ണൻ വെളിപ്പെടുത്തിയിട്ടുണ്ട്. 'മാമേകം ശരണം വ്രജ - എന്നെ മാത്രം ശരണം പ്രാപിക്കൂ. എല്ലാം ത്യജിച്ചിട്ട് എന്നെ ശരണം പ്രാപിക്കുമ്പോൾ ശരണം പ്രാപിക്കുന്ന 'നീ' പോലും ബാക്കിയുണ്ടാകരുത്. 'ഞാൻ' മാത്രമേ അവശേഷിക്കാവൂ. 'നീ' ബാക്കിനിന്നാൽ നിന്റെ ത്യാഗം സർവത്യാഗമല്ലാതായിപ്പോകും. ഇതെന്തു ത്യാഗമാണ്? ഇതാണു വസ്തുബോധരൂപമായ ത്യാഗം. ഇവിടെ ആനന്ദഘനമായ ഒരദ്വയബോധസത്യം മാത്രമേ നിലവിലുള്ളൂ. ഞാനില്ല, നീയില്ല, ഈ ജഗത്തില്ല. എല്ലാം ഒരേ ബ്രഹ്മം. ഇനി ആരു ത്യജിക്കാൻ. ആരെ ത്യജിക്കാൻ. ഈ ശാസ്ത്രീയമായ സത്യസ്ഥിതി ബുദ്ധിയെ പഠിപ്പിച്ചുറപ്പിക്കുക. അതുതന്നെയാണമൃതത്വം. ഈ അമൃതത്വത്തിലാണു കാക ഭൂശുണ്ഡയോഗീന്ദ്രന്റെ ചിരജീവിത്വം.

യോഗീന്ദ്രൻ തുടർന്നു: 'മഹർഷേ, എന്റെ മനസ്സിനു ചലനമില്ല, ശോകമില്ല, ആഗ്രഹമില്ല, എന്റെ മനസ്സ് ശാന്തം. അതുകൊണ്ടു ഞാൻ ഒരു കേടും കൂടാതെ ജീവിക്കുന്നു. ഇതെന്റെ ബന്ധു, ഇതെന്റെ ശത്രു, ഇവനെന്റേത്, അവനന്യന്റേത് എന്ന ചിന്തകളൊന്നും എനിക്കില്ല. അതുകൊണ്ടു ഞാൻ ചിരംജീവിയായി കഴിയുന്നു. ആശാപാശങ്ങൾ ഒഴിഞ്ഞുമാറിയ എന്റെ ചിത്തം ഏകവസ്തുവിൽ ഉറച്ചു നിൽക്കുന്നു. രണ്ടാമതൊന്നുണ്ടെന്നേ അതു കരുതുന്നില്ല. അതുകൊണ്ടു ഞാൻ ഒരു കേടും കൂടാതെ ജീവിക്കുന്നു. സുഖസമ്പന്നരെത്തിയാലവരോടു സുഖമഭിനയിക്കുന്നു; ദുഃഖിതരെത്തിയാൽ അവരോടു ദുഃഖം. ഞാൻ എല്ലാർക്കും പ്രിയമിത്രം. അതുകൊണ്ടൊരു കേടുമില്ലാതെ ജീവിക്കുന്നു. ആപത്തിൽ ഞാൻ പർവതം പോലെ ഉറച്ചുനിൽക്കുന്നു. സമ്പത്തിൽ ലോകത്തിനു മുഴുവൻ സുഹൃത്തായി വർത്തിക്കുന്നു. ഉണ്മയോ ഇല്ലായ്മയോ എന്നെ ബാധിക്കുന്നില്ല. അതുകൊണ്ടു ഞാൻ ഒരു കേടുംകൂടാതെ ജീവിക്കുന്നു. ബ്രഹ്മൻ, ഞാൻ എങ്ങനെ ചിരംജീവിയായിക്കഴിയുന്നു

digitized by www.sreyas.in

എന്ന അങ്ങയുടെ ചോദ്യത്തിനുത്തരം നൽകിക്കഴിഞ്ഞു. ധാർഷ്ട്യം നിമിത്തമല്ല; അറിവിന്റെ മറുകരകണ്ട അങ്ങയുടെ ആജ്ഞ അനുസരിക്കാൻ വേണ്ടിമാത്രം?

വസിഷ്ഠൻ പറഞ്ഞു: 'ആശ്ചര്യം, ചെവിക്കമൃതം പോലുള്ള വാക്കുകളാണങ്ങു പറഞ്ഞത്; അങ്ങേയറ്റം ആശ്ചര്യകരമാണ് അങ്ങയുടെ ജീവിതകഥ. അങ്ങേക്കു മംഗളം ഭവിക്കട്ടെ. ദിവ്യമായ ഗൃഹാന്തർഭാഗത്തേക്കു കടന്നോളൂ. സമയം ഉച്ചയായി. ഞാനും ദേവലോകത്തേക്കു മടങ്ങട്ടെ. അങ്ങെന്നെ യാത്രയാക്കാനായി അനുഗമിക്കേണ്ടതില്ല.' ഞാനിങ്ങനെ പറഞ്ഞു ഇരിപ്പിടത്തിൽ നിന്നുമെണീറ്റ് ഒരു പക്ഷിയെപ്പോലെ ആകാശത്തേക്കുയർന്നു. യോജനദൂരം ആ യോഗീന്ദ്രൻ ആകാശത്തിൽ എന്നെ അനുഗമിച്ചു. ഞാൻ നിർബന്ധപൂർവം തടഞ്ഞതുകൊണ്ടു തിരിച്ചുമടങ്ങി; സജ്ജനസംഗം ത്യജിക്കുക പ്രയാസം. കൃതയുഗാരംഭത്തിൽ വീണ്ടും ഞാനദ്ദേഹത്തെക്കണ്ടു. അതേ മേരുശൃംഗത്തിൽ ഭൂശുണ്ഡനുമായി ഞാൻ ഒത്തുചേർന്നു. രാമാ, കൃതയുഗം പോയി. ഇപ്പോൾ ത്രേതായുഗമാണല്ലോ. ശത്രുസംഹാരിയായ രാമാ, ത്രേതായുഗത്തിന്റെ മധ്യത്തിലാണു നീയിന്നു ജനിച്ചിരിക്കുന്നത്. വീണ്ടും എട്ടാം വർഷത്തിൽ ആ പർവതശൃംഗത്തിൽ ഞാൻ ഭൂശുണ്ഡയോഗീന്ദ്രനെക്കണ്ടു. ജരാനര ബാധിക്കാതെ പണ്ടേപ്പോലെ തേജോമയനായി. ഇങ്ങനെ അതിവിചിത്രമായ ഭൂശുണ്ഡചരിതം നിന്നെ ഞാൻ കേൾപ്പിച്ചു. കേട്ടതൊക്കെ നല്ല വണ്ണം വിചാരം ചെയ്തുനോക്കൂ; എന്നിട്ട് യുക്തമായതനുഷ്ഠിക്കൂ.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണപ്രകരണേ*
*ഭൂശുണ്ഡോപാഖ്യാനം നാമ*
*പ്രഥമഃസർഗഃ*

**സർഗം.2**

# ദേവപൂജോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ബോധമാണു വസ്തു. അതിലിവിടെ ഇങ്ങനെ കാണുന്ന ഈ ജഗത്ത് വെറും തോന്നൽ. ഞാനീദേഹമാണെന്ന ചിന്ത വെറും ഭ്രമം. ഇല്ലാത്ത ജഡമല്ലേ ശരീരം. അതുകൊണ്ട് മാംസാസ്ഥികളെക്കൊണ്ടു നിർമിക്കപ്പെട്ടിരിക്കുന്ന ജഡദേഹമാണു ഞാനെന്ന വിഭ്രമം വെടിയൂ. സങ്കൽപ്പംകൊണ്ടു നിർമിക്കപ്പെടുന്ന ദേഹങ്ങൾ നിനക്കു വേറെയും അനേകമില്ലേ. നീ പട്ടു മെത്തയിൽ സുഖമായി ഉറങ്ങിക്കിടക്കുമ്പോൾ സ്വപ്നദേഹങ്ങൾ ഉണ്ടാകാറില്ലേ. ആ ദേഹങ്ങളുമായി നീ ദിഗന്തങ്ങളിൽ വിഹരിക്കാറില്ലേ? എവിടെനിന്നാണാദേഹങ്ങളൊക്കെ വന്നത്? ഉണർന്നിരിക്കുമ്പോൾ തന്നെ മനോരാജ്യദേഹങ്ങളുമായി സ്വർഗത്തിലും മറ്റും ചുറ്റിത്തിരിയാറില്ലേ? മേരുപർവതത്തിലെത്തി കറങ്ങി നടക്കാറില്ലേ. ആ ദേഹമൊക്കെ എവിടെ നിന്നു കിട്ടി?

271. ദീർഘസ്വപ്നമിമം വിദ്ധിദീർഘം വാചിത്തവിഭ്രമം
ദീർഘം വാപി മനോരാജ്യം സംസാരം രഘുനന്ദന.

digitized by www.sreyas.in

രഘുനന്ദന-അല്ലയോ രാമാ; ഇമം സംസാരം - ഈ ലോകജീവിതം; ദീർഘ സ്വപ്നം വിദ്ധി-ഒരു നീണ്ട സ്വപ്നമാണെന്നറിയൂ; ദീർഘം വാചിത്തവി ഭ്രമം-അല്ലെങ്കിൽ ഒരു നീണ്ട ചിത്തഭ്രമമാണെന്നറിയൂ; ദീർഘം മനോരാജ്യം വാഅപി-അതുമല്ലെങ്കിൽ നീണ്ട ഒരു മനോരാജ്യമാണെന്നറിയൂ.

അല്ലയോ രാമാ, ഈ ലോകജീവിതം ഒരു നീണ്ട സ്വപ്നമാണെന്നറിയൂ; അല്ലെങ്കിൽ ഒരു നീണ്ട ചിത്തഭ്രമമാണെന്നറിയൂ; അതുമല്ലെങ്കിൽ ഒരു നീണ്ട മനോരാജ്യമാണെന്നറിയൂ.

### ദീർഘസ്വപ്നമിമം വിദ്ധി

ലോകജീവിതം ഒരു സ്വപ്നമാണ്. ലോക ജീവിതവും സ്വപ്നവുമായി ഒരു ഭേദവുമില്ല. അതെങ്ങനെ? ഉറക്കത്തിലല്ലേ സ്വപ്നം; ഉണർന്നിരിക്കുമ്പോഴല്ലേ ജീവിതം. ജീവിതസ്വപ്നം അനുഭവിപ്പിക്കുന്ന ഉറക്കമാണ് അജ്ഞാനം. അജ്ഞാനനിദ്രയിലെ സ്വപ്നമാണു ജീവിതം. ഉണർന്നാൽ സ്വപ്നമില്ല. അതുപോലെ അജ്ഞാനനിദ്രയിൽ നിന്നുണർന്നാൽ പിന്നെ ലോകജീവിതവുമില്ല. പിന്നെയുള്ളത് അഖണ്ഡബോധസ്വരൂപമായ ബ്രഹ്മം മാത്രം. സ്വപ്നം കള്ളമല്ലേ; ജീവിതം ഉള്ളതല്ലേ? സ്വപ്നം സ്വപ്നവേളയിൽ ജീവിതംപോലെ തന്നെ ഉള്ളതായിട്ടല്ലേ അനുഭവപ്പെടുക. ഉണരുമ്പോഴല്ലേ സ്വപ്നം കള്ളമാകുന്നത്. അജ്ഞാനനിദ്ര വിട്ടുണരുന്നതോടെ ലോകവും ലോകജീവിതവും തികച്ചും മിഥ്യയായിമാറുന്നു എന്നു പ്രസിദ്ധമല്ലേ. സ്വപ്നം അൽപ്പസമയം മാത്രമല്ലേ അനുഭവപ്പെടുക. ജീവിതമോ നീണ്ട വർഷങ്ങൾ. അതുപോലെ സ്വപ്നം ദേഹത്തിനുള്ളിൽ ഒരൽപ്പദേശത്തല്ലേ അനുഭവപ്പെടുന്നത്; ജീവിതമോ വിശാലമായ ലോകത്ത്. ഈ വിലയിരുത്തലുകളെല്ലാം ഉണർന്നതിനുശേഷമുള്ളവയാണെന്നു പോലും ഓർമിക്കാൻ കഴിയുന്നില്ലേ. ജീവിതത്തിലെന്ന പോലെ തന്നെ നീണ്ട കാലവും ദേശവുമെല്ലാം സ്വപ്നത്തിലും സ്വതന്ത്രമായി സൃഷ്ടിക്കപ്പെടുന്നു എന്നതല്ലേ സത്യം. എന്തിനേറെ, സൂര്യചന്ദ്രന്മാരും ആകാശവുമുൾപ്പെടെ എല്ലാം പുതുതായി സ്വപ്നത്തിൽ സൃഷ്ടിക്കപ്പെടുന്നു. ജഗത്തു മുഴുവൻ ഉള്ളിലാണെന്നുള്ളതിനു സ്പഷ്ടമായ തെളിവാണു സ്വപ്നം. സ്വപ്നം വ്യർഥമാണ്; ഭൗതികജീവിതവും ചിന്തിക്കുന്നവർക്കു വ്യർഥമാണ്. ഇങ്ങനെ നോക്കുമ്പോൾ സ്വപ്നവും ലോകജീവിതവും തമ്മിൽ ഒരു ഭേദവുമില്ലെന്നു കാണാൻ കഴിയും. സ്വപ്നം ഉറക്കത്തിൽ നിന്നും ഉണർത്തുന്നുണ്ടല്ലോ എന്നാണെങ്കിൽ ലോകജീവിതവും അജ്ഞാന നിദ്രയിൽനിന്നുണരാൻ സഹായിക്കുമെങ്കിൽ സഫലം തന്നെയാണ്. ചിത്തവിഭ്രമവും മനോരാജ്യവുമെല്ലാം സ്വപ്നംപോലെ തന്നെ വിശകലനം ചെയ്യപ്പെടേണ്ടവയാണ്.

വസിഷ്ഠൻ തുടർന്നു: 'ഈ ജഗത്ത്രയം വെറുമൊരു ഭ്രമം; ഇതുണ്ടെന്നോ ഇല്ലെന്നോ പറക വയ്യ. ബോധമല്ലാതെ മറ്റൊരു വസ്തുവില്ല; ഈ ഉറപ്പാണു സത്യദർശനം. ജനിച്ച സ്ഥിതിക്ക് അവശ്യം മരിച്ചേ തീരൂ; ഇതറിയാവുന്നയാൾ സ്വന്തം മരണത്തെക്കുറിച്ചു വെറുതേ പരിതപിച്ചിട്ടു വല്ല പ്രയോജനവുമുണ്ടോ. ഇവിടെ വന്നു ജനിച്ചാൽ ഏതുപുരുഷനും ചിലതൊക്കെ നേടാൻ കഴിയും. ഇതറിയുന്നയാൾ സ്വന്തം നേട്ടങ്ങളിൽ അഹങ്കരിച്ചിട്ടു കാര്യമുണ്ടോ. പലതുണ്ടെന്ന ചിന്ത ഉപേക്ഷിച്ചിട്ട് കാണപ്പെടുന്ന പദാർഥങ്ങളിലെല്ലാം സാമാന്യമായി സ്ഥിതിചെയ്യുന്ന ബോധസത്യത്തെ ഭാവനചെയ്തുറപ്പിക്കൂ രാമാ. ഇക്കാണപ്പെടുന്ന നാനാത്വഭ്രമമൊക്കെ ചിത്തമുണ്ടാക്കിത്തീർക്കുന്ന

digitized by www.sreyas.in

അനർഥമാണെന്നറിഞ്ഞ് ആ ചിത്തത്തെയും ഏകത്വബുദ്ധികൊണ്ടുപശമിപ്പിച്ച് സുഖമനുഭവിക്കൂ രാമാ. രാഗദ്വേഷങ്ങളെന്ന രണ്ടു സർപ്പങ്ങളും മനസ്സാകുന്ന പൊത്തിൽനിന്നും പുറത്തുപോകുമെങ്കിൽ ബോധസത്യമാകുന്ന കൽപ്പവൃക്ഷം ജീവിതത്തിൽ എല്ലാ നേട്ടങ്ങളും ഉണ്ടാക്കിത്തരുമെന്നറിയൂ.

272. യേ പ്രജ്ഞാഗർവമാപന്നാവിദഗ്ദ്ധാ ശാസ്ത്രശാലിനഃ
രാഗദ്വേഷമയാ മാന്യഗർദ്ദഭാസ്തേധിഗസ്തു താൻ.

ശാസ്ത്രം പഠിച്ച് അറിവുണ്ടെന്നഹങ്കരിച്ചു നടക്കുന്ന ശാസ്ത്രവിദഗ്ദ്ധരെ കാണ്മാനുണ്ട്. രാഗദ്വേഷമയന്മാരായി വാദം മുഴക്കി നടക്കുന്ന അത്തരക്കാരെ മാന്യരായ കഴുതകളായി കണക്കാക്കിയാൽ മതി. അവർ നിന്ദാർഹരാണ്. രാഗദ്വേഷങ്ങളൊഴിച്ചുമാറ്റി ശാസ്ത്രതത്ത്വം അനുഭവിക്കുന്നവരാണു ധന്യർ. ഈ സംസാരചക്രം ചിത്തകേന്ദ്രത്തിലെ സങ്കൽപ്പം മാത്രമാണ്. ആർക്കു വേണോ പരീക്ഷിച്ചറിയാം. ചിത്തസങ്കൽപ്പം നിരോധിച്ചു നോക്കട്ടെ. സംസാരചക്രം അതോടെ തിരിച്ചിലവസാനിപ്പിക്കും. ചിത്തകേന്ദ്രത്തെ സദാ ക്ഷോഭിപ്പിച്ചുകൊണ്ടിരുന്നാൽ യത്നപൂർവം തടയാൻ ശ്രമിച്ചാലും നിൽക്കാതെ സംസാരചക്രം കറങ്ങിക്കൊണ്ടുതന്നെയിരിക്കും.

273. പരംപൗരുഷമാശ്രിത്യബലംപ്രജ്ഞാംചയുക്തിതഃ
നാഭിംസംസാരചക്രസ്യ ചിത്തമേവനിരോധയേത്.

അങ്ങേയറ്റത്തെ പൗരുഷവും ബലവും അറിവും യുക്തിയും അവലംബിച്ച് സംസാരചക്രത്തിന്റെ കേന്ദ്രമായ ചിത്തത്തെത്തന്നെ നിരോധിക്കേണ്ടതാണ്. വസ്തുബോധം കൊണ്ട് അനായാസമായിത്തീരുന്നതും ശാസ്ത്രത്തിന്റെ വെളിച്ചം പേറുന്നതുമായ പൗരുഷംകൊണ്ടു സാധിക്കാൻ കഴിയാത്തതായി ഇവിടെ ഒന്നും തന്നെയില്ല; മനഃപിശാച് സദാ ഭയമുളവാക്കിക്കൊണ്ടിരിക്കും; അശുഭചിന്ത വളർത്തും; ധൈര്യത്തെ അപഹരിക്കും; സത്യത്തെ മറയ്ക്കും; അങ്ങനെയുള്ള മനഃപിശാചിനെ പുറത്താക്കിയിട്ട് പിന്നെയെന്തു ശേഷിക്കുമോ അതായി നിലകൊള്ളൂ രാമാ.

274. ചിത്തയക്ഷദൃഢാക്രന്തം നശാസ്ത്രാണി നബാന്ധവാഃ
ശക്നുവന്തിപരിത്രാതും ഗുരവോനചമാനവം.

ചിത്തപിശാചു കീഴടക്കി വച്ചിരിക്കുന്ന മനുഷ്യനെ ആർക്കു രക്ഷിക്കാൻ കഴിയും. ശാസ്ത്രങ്ങൾക്കോ, ബന്ധുക്കൾക്കോ, ഗുരുക്കൻമാർക്കോ രക്ഷിക്കാൻ കഴിയുന്നതല്ല.

275. സംശാന്തചിത്തവേതാളം ഗുരുശാസ്ത്രാർഥബാന്ധവാഃ
ശക്നുവന്തിസമുദ്ധർതും സ്വൽപപങ്കാന്മൃഗംയഥാ.

ചിത്തപിശാച് അൽപ്പമൊന്നു വശത്തായിപാകപ്പെട്ടയാളിനെ കുറച്ച് ചെളിയിൽ പുതഞ്ഞുകിടക്കുന്ന മൃഗത്തെയെന്നപോലെ ഗുരുക്കന്മാർക്കും ശാസ്ത്രങ്ങൾക്കും ബന്ധുക്കൾക്കുമൊക്കെ രക്ഷിക്കാൻ കഴിഞ്ഞേക്കും. ലോകഭോഗങ്ങളുടെ പിന്നാലെയുള്ള പരക്കംപാച്ചിലുപേക്ഷിക്കണം. സജ്ജനങ്ങളുടെ മാർഗം പിൻതുടരണം. ഒരേ ഒരു മഹാസത്യമായ ആത്മതത്ത്വം വിചാരം ചെയ്തുറപ്പിക്കണം. രാമാ, ഇക്കാര്യത്തിൽ മഹാമോഹം ഇല്ലാതാക്കുന്ന അതിവിശിഷ്ടമായ മറ്റൊരു കാഴ്ചപ്പാടു ഞാൻ നിനക്കു വിവരിച്ചു തരാം. സംസാരദുഃഖം ശമിപ്പിക്കാനായി സാക്ഷാൽ പരമശിവൻ കൈലാസപർവതഗുഹ

digitized by www.sreyas.in

യിൽ വച്ച് എന്നെകേൾപ്പിച്ച ഒരുപായമാണിത്. പൂനിലാവിൻ കൂട്ടംപോലെ വിളങ്ങുന്ന കൈലാസപർവതം ഗൗരീരമണമന്ദിരമാണെന്നു പ്രസിദ്ധമാണല്ലോ. ചന്ദ്രക്കലാധരനായ ഹരൻ അവിടെ പാർത്തുപോരുന്നു. ഞാനും ഒരുകാലത്ത് ഗംഗയുടെ കരയിൽ ഒരാശ്രമം കെട്ടി ആ ദേവനെ പൂജിച്ചുകൊണ്ടവിടെ കാലം കഴിച്ചിരുന്നു. ആചാരപൂർവം തപസ്സനുഷ്ഠിച്ചു കുറെക്കാലം അവിടെ അങ്ങനെ കഴിഞ്ഞു. അനേകസിദ്ധന്മാരും ഞാനും ഒരുമിച്ചുകൂടും. ശാസ്ത്രാർഥങ്ങൾ ചർച്ച ചെയ്യും. കൂടകെട്ടി പൂജയ്ക്കായി പൂക്കൾ ശേഖരിക്കും. ശാസ്ത്രഗ്രന്ഥങ്ങളും കുറെ ശേഖരിച്ചു സൂക്ഷിച്ചു. ഇപ്രകാരം ഗുണസമൃദ്ധമായ കൈലാസശൈലത്തിലെ വള്ളിക്കുടിലിൽ തപസ്സിലേർപ്പെട്ട് ഞാൻ സമാധിയിൽ കഴിയുക പതിവായിരുന്നു. ഒരിക്കൽ ശ്രാവണമാസത്തിൽ കറുത്തപക്ഷത്തിലെ എട്ടാം ദിവസം. രാത്രിയുടെ ഒന്നാം ഭാഗം ഏതാണ്ടു കഴിഞ്ഞു. ദിക്കെല്ലാം പരമശാന്തം. സർവത്ര നിശ്ശബ്ദത കളിയാടി. വള്ളിക്കുടിലുകളിലും കാട്ടിനുള്ളിലും വാൾ കൊണ്ടു കഷണിക്കത്തക്കവണ്ണം കട്ടിപിടിച്ച കൂരിരുട്ട്. രാത്രി ഏതാണ്ട് ഒന്നാം യാമത്തിന്റെ പകുതി കഴിഞ്ഞിരിക്കും. ഞാൻ സമാധിയിൽ നിന്നു വിരമിച്ചു ചുറ്റും കണ്ണോടിച്ചു. പെട്ടെന്നു കാട്ടിൽ അത്യുജ്വലമായ ഒരു പ്രകാശം പരക്കുന്നതായി കണ്ടു. നൂറുകണക്കിനു വെള്ളമേഘങ്ങളൊരുമിച്ചപോലെ, അഥവാ ചന്ദ്രന്മാരുടെ കൂട്ടങ്ങൾ ഇളകിച്ചലിക്കുന്നതുപോലെ. ആ പ്രകാശത്തിൽ ദിഗന്തങ്ങളൊക്കെ തിളങ്ങിക്കാണപ്പെട്ടു. അതുകണ്ട് എന്റെ ഉള്ളിൽ ആശ്ചര്യം നിറഞ്ഞു. ഉള്ളിലെ പ്രകാശമയമായ ബുദ്ധിദൃഷ്ടികൊണ്ടു ഞാൻ സൂക്ഷിച്ചുനോക്കി. എനിക്കു മനസ്സിലായി. സാക്ഷാത് ചന്ദ്രക്കലാധരൻ ആ സാനുപ്രദേശത്തെത്തിച്ചേർന്നിരിക്കുകയാണ്; അർധാംഗിനിയായ പാർവതീദേവിയുടെ കൈക്കുപിടിച്ചുകൊണ്ട്, നന്ദീശ്വരനെ അഗ്രഗാമിയാക്കിക്കൊണ്ടതാ ദേവൻ കടന്നുവരുന്നു. ചുറ്റും നിന്ന ശിഷ്യന്മാരെ കാര്യം ധരിപ്പിച്ചശേഷം ഞാൻ ശ്രദ്ധാപൂർവം പൂജാദ്രവ്യം കൈയിലെടുത്തു. സന്തോഷത്തോടുകൂടി ഞാൻ ഭഗവാന്റെ മുൻപിലെത്തി. ദൂരെ വച്ചുതന്നെ ഞാൻ പുഷ്പാഞ്ജലി അർപ്പിച്ചു. പൂജാദ്രവ്യങ്ങൾ മുൻപിൽ വച്ചു നമസ്കരിച്ചു. തുടർന്നു ഭഗവാൻ ചന്ദ്രപ്രഭയെ കൂട്ടുപിടിച്ചുകൊണ്ട് പ്രഭാപൂരിതവും ശീതളവുമായ കണ്ണുകൊണ്ട് എല്ലാ ആർത്തികളും അസ്തമിക്കുമാറ് എന്നെ വളരെ നേരം കടാക്ഷിച്ചനുഗ്രഹിച്ചു. അവിടെ പൂക്കളുടെ മധ്യത്തിൽ ഇരിപ്പുറപ്പിച്ച അദ്ദേഹത്തെ വീണ്ടും അർഘ്യം പാദ്യം പുഷ്പം എന്നിവ അർപ്പിച്ചു ഞാൻ വണങ്ങി. കൽപ്പവൃക്ഷപ്പൂക്കൾ ചൊരിഞ്ഞു പുഷ്പാഞ്ജലി നിർവഹിച്ചു. വീണ്ടും വീണ്ടും വണങ്ങി സ്തോത്രങ്ങൾ ചൊല്ലി സ്തുതിച്ചു. അതുപോലെ ദേവി ഭഗവതിയെയും സഖിമാരോടും ഗണങ്ങളോടുമൊപ്പം പൂജിച്ചു. പൂജാവിധികളവസാനിച്ചതോടെ പൂർണചന്ദ്രപ്രഭാശീതളമായ വാക്കുകൊണ്ട് അടുത്തിരുന്ന എന്നോട് ചന്ദ്രക്കലാധരൻ ഇങ്ങനെ അരുളിചെയ്തു: 'ബ്രഹ്മൻ, അങ്ങയുടെ മനസ്സ് പൂർണമായി ഉപശമിച്ചു ശാന്തി കൈവരിച്ചു കഴിഞ്ഞില്ലേ? മംഗളകാരികളായ അങ്ങയുടെ ബുദ്ധിചലനങ്ങൾ സ്ഥിരസത്യത്തിലെത്തി ഉറച്ചില്ലേ? അങ്ങയുടെ തപസ്സ് വിഘ്നമൊന്നും കൂടാതെ മംഗളകരമായി തുടർന്നുപോകുന്നില്ലേ? മനസ്സെത്തേണ്ടിടത്തെത്തിയോ? ഭയങ്ങളൊക്കെ വിട്ടകന്നില്ലേ?.'

പ്രപഞ്ചത്തിനു മുഴുവൻ കാരണമായ ഭഗവാൻ ഇത്രയും ചോദിച്ചുകഴി

digitized by www.sreyas.in

ഞ്ഞപ്പോൾ ഞാൻ ആദരവു നിറഞ്ഞുതിളങ്ങുന്ന വാക്കുകളിൽ ഇങ്ങനെ മറുപടി നൽകി: 'അല്ലയോ മഹേശ്വരാ, അങ്ങയെ ഓർമിച്ചു പവിത്രമായ ചിത്തത്തോടു കൂടിയവർക്ക് പ്രാപിക്കാൻ പ്രയാസമുള്ളതായി ഈ ലോകത്തൊന്നുമില്ല; ഭയമൊന്നും അവരെ അടുക്കുകയേയില്ല. അങ്ങയെ ഓർമിച്ചു പരമപരിശുദ്ധമായ ചിത്തത്തോടുകൂടിയവരുടെ മുൻപിൽ തലകുനിച്ചു വണങ്ങാത്തവർ ഈ ലോകത്താരുണ്ട്? അങ്ങയുടെ ഏകാന്ത സ്മരണയിൽ ലയിച്ചിരിക്കുന്ന ഭക്തന്മാരുള്ള നാടാണു നാട്, ജനപദമാണു ജനപദം, ദിക്കാണു ദിക്ക്, പർവതമാണു പർവതം. കഴിഞ്ഞകാലത്തെ പുണ്യത്തെ ഫലിപ്പിച്ചത്, ഇപ്പോഴത്തെ പുണ്യത്തെ ഫലിപ്പിച്ചുകൊണ്ടിരിക്കുന്നത്, നാളത്തെ പുണ്യത്തെ ഫലിപ്പിക്കാനിടയുള്ളത് അങ്ങയുടെ അനുസ്മരണം ഒന്നുമാത്രം. ജ്ഞാനാമൃതം നിറഞ്ഞുതുളുമ്പുന്ന കലശമാണ്; ധൈര്യമാകുന്ന പൂനിലാവു പരത്തുന്ന ചന്ദ്രനാണ്; മോക്ഷനഗരത്തിന്റെ പ്രവേശനദ്വാരമാണങ്ങയുടെ അനുസ്മരണം. അങ്ങയുടെ നിരന്തര സ്മരണയാകുന്ന ചിന്താമണിരത്നം കൈയിലുള്ള ഞാൻ, അല്ലയോ ജഗദീശാ, എല്ലാ ആപത്തുകളെയും എന്നന്നേക്കുമായി തരണം ചെയ്തിരിക്കുന്നു. ഇത്രയും പറഞ്ഞ് സുപ്രസന്നനായി കാണപ്പെട്ട ഭഗവാൻ പരമേശ്വരന്റെ മുൻപിൽ വീണ്ടും പ്രണാമമർപ്പിച്ചുകൊണ്ട്, അല്ലയോ രാമാ, ഞാനിങ്ങനെ ചോദിച്ചു. എന്താണു ചോദിച്ചതെന്നു കേട്ടോളൂ; 'ഭഗവൻ, അങ്ങയുടെ കാരുണ്യം കൊണ്ട് എനിക്കെല്ലാ ദിക്കുകളും ആനന്ദപൂർണമാണ്. എങ്കിലും ഞാനങ്ങയോടു സംശയനിവൃത്തിക്കായി ഒന്നു ചോദിക്കുന്നു. പ്രസന്നബുദ്ധിയോടെ കാരുണ്യപൂർവം എനിക്കതു പറഞ്ഞുതരണം. എല്ലാ പാപങ്ങളും അകലുന്ന മട്ടിലുള്ള, എല്ലാ മംഗളങ്ങളും കൈവരുന്ന മട്ടിലുള്ള ദേവാർച്ചനാവിധം പ്രഭോ, ഏതുതരത്തിലുള്ളതാണ്?

മഹേശ്വരൻ പറഞ്ഞു: 'ബ്രഹ്മജ്ഞന്മാരിൽ ശ്രേഷ്ഠനായ മഹർഷേ, കേട്ടാലും. ഏറ്റവും ഉത്തമമായ ദേവാർച്ചനാവിധം ഞാൻ പറയാം. ആദ്യം യഥാർഥദേവനാരാണെന്നു പറയാം; എന്നിട്ടല്ലേ അർച്ചനയുടെ കാര്യം. യഥാർഥദേവൻ പുണ്ഡരീകാക്ഷനായ വിഷ്ണുവല്ല; മുക്കണ്ണനായ ശിവനുമല്ല. പിന്നെയോ

276. ന ദേവോ ദേഹരൂപോ ഹി നദേവശ്ചിത്തരൂപകഃ
അകൃത്രിമമനാദ്യന്തം ദേവനം ദേവഉച്യതേ.

ദേവഃദേഹ രൂപഃ നഹി-യഥാർഥദേവൻ ദേഹം ധരിച്ചവ്യക്തിയല്ല; ദേവഃ ചിത്തരൂപകഃ ന-യഥാർഥദേവൻ ചിത്തരൂപം ധരിച്ചയാളുമല്ല; അകൃത്രിമം -നാമരൂപസ്പർശമേൽക്കാത്തതും; അനാദ്യന്തം-ആദിയോ അന്തമോ ഇല്ലാത്തതുമായ; ദേവനം-അഖണ്ഡബോധമാണ്; ദേവഃഉച്യതേ- യഥാർഥദേവനെന്നു പറയപ്പെടുന്നത്.

യഥാർഥദേവൻ ദേഹം ധരിച്ച വ്യക്തിയല്ല; യഥാർഥദേവൻ ചിത്ത രൂപം ധരിച്ചയാളുമല്ല. നാമരൂപസ്പർശമേൽക്കാത്തതും ആദിയോ അന്തമോ ഇല്ലാത്തതുമായ അഖണ്ഡബോധമാണ് യഥാർഥദേവനെന്നു പറയപ്പെടുന്നത്.

**അകൃത്രിമമനാദ്യന്തം ദേവനം**

ഈശ്വരനെക്കുറിച്ചാണല്ലോ ലോകത്ത് ഏറ്റവും അധികം അഭിപ്രായവ്യത്യാസമുള്ളത്. ഈശ്വരൻ ഉണ്ടെന്നു ചിലർ, ഇല്ലെന്നു ചിലർ. ഉണ്ടെങ്കിൽ തന്നെ എത്ര എത്ര വ്യത്യസ്തങ്ങളായ ഈശ്വരസങ്കൽപ്പങ്ങളാണിന്നു നില

digitized by www.sreyas.in

വിലുള്ളത്. എന്തുകൊണ്ടാണീ അഭിപ്രായവ്യത്യാസമെല്ലാം. നിലനില്പിന്റെ രഹസ്യം ശാസ്ത്രീയമായി തെളിഞ്ഞിട്ടില്ലെന്ന ധാരണയാണീ അഭിപ്രായ വ്യത്യാസങ്ങൾക്കൊക്കെ കാരണം. നിലനിൽപ്പിന്റെ ശാസ്ത്രീയസത്യം തെളിഞ്ഞാൽ അതു തന്നെയാണീശ്വരൻ. അഖണ്ഡബോധമാണു നിലനില്പിന്റെ ശാസ്ത്രീയസത്യമെന്നു വേദാന്തശാസ്ത്രം കണ്ടെത്തി. പ്രപഞ്ചാരംഭകാലത്തുതന്നെ ഏതാണ്ടിതുവെളിപ്പെടുത്തുകയും ചെയ്തു എന്നാണു കരുതേണ്ടത്. എന്തുകൊണ്ടെന്നാൽ വേദാന്തമെന്നറിയപ്പെടുന്ന ഉപനിഷത്തുകളുടെ കാലം കൃത്യമായി നിർണയിക്കാൻ ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടില്ല. ഉപനിഷത്തുകൾ കണ്ടെത്തിയ ഈ സത്യം അന്നുമുതൽ ആവർത്തിച്ചു പരീക്ഷിച്ചുറപ്പിക്കപ്പെട്ടു പോരുകയും ചെയ്യുന്നു. ആർക്കുവേണമെങ്കിലും ഇന്നും പരീക്ഷിച്ചുറപ്പിക്കാവുന്നതാണ്. ഇങ്ങനെ ശ്രുതിയുക്ത്യനുഭവങ്ങളിൽ ആവർത്തിച്ചുറപ്പിക്കപ്പെടുന്ന വേദാന്ത സത്യം പഠിച്ചുറപ്പിച്ചവർക്കാർക്കും ഈശ്വരനെക്കുറിച്ചു സംശയമില്ല; അഭിപ്രായവ്യത്യാസമില്ല.

പരമശിവൻ തുടർന്നു: 'നാമരൂപാദി ഉപാധികൾ കൊണ്ടു പരിമിതമാകുന്ന കാഴ്ചകളിൽ ഈശ്വരത്വം എങ്ങനെ സാധ്യമാകും. അതുകൊണ്ട് അകൃത്രിമവും അപരിമിതവുമായ ബോധം തന്നെയാണു സാക്ഷാത് മംഗളസ്വരൂപമായ ഈശ്വരതത്ത്വം. ദേവനാരെന്നാദ്യം ശാസ്ത്രീയമായി അറിയുക. എന്നിട്ടാദേവനെ പൂജിക്കുക. ശാസ്ത്രീയമായ ശിവതത്ത്വത്തെക്കുറിച്ചറിവില്ലാത്തവർക്കുവേണ്ടി ആദ്യപടി എന്നോണമാണ് വിഗ്രഹാരാധനയും മറ്റും അനുവദിച്ചിരിക്കുന്നത്. ഒരു യോജന ദൂരം ഓടാൻ കഴിവില്ലാത്തവൻ ആദ്യം അല്പദൂരം ഓടി പരിശീലിച്ചു തുടങ്ങട്ടെ.'

277. ചിദ്വ്യോമൈവകിലാസ്തീഹ പാരാവാരവിവർജിതം
സർവത്രാസംഭവച്ചേത്യം കല്പാന്തേഷുചശിഷ്യതേ

ആദ്യന്തരഹിതമായ ഒരു ചിദാകാശം മാത്രമേ ഇവിടെ നിലവിലുള്ളൂ. സൃഷ്ടിയുടെ കളങ്കമൊന്നും അതിനെ ഒരിക്കലും ബാധിച്ചിട്ടില്ല. കല്പാന്തങ്ങൾ കടന്നുപോയാലും അതതുപോലെ തന്നെ അവശേഷിക്കും. ആ സത്യത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവാണ് അതിനെ അർച്ചിക്കാനുള്ള ഏറ്റവും നല്ല പുഷ്പം. മനസ്സിന്റെ സമത്വം, അടക്കം ഇവയും ആ ദേവനെ അർച്ചിക്കാനുള്ള ദിവ്യപുഷ്പങ്ങളാണ്. മംഗളസ്വരൂപിയും ബോധമാത്രനും പരമപരിശുദ്ധനുമായ ആ ദേവനെ സത്യദർശികൾ ജ്ഞാനപുഷ്പം കൊണ്ടു സദാ അർച്ചിക്കുന്നു. മനസ്സിന്റെ അടക്കമെന്ന ശമം, വസ്തുബോധമെന്ന ജ്ഞാനം തുടങ്ങിയ പുഷ്പങ്ങൾകൊണ്ട് അർച്ചിക്കുന്നതാണ് യഥാർഥ ദേവാർച്ചനം; അല്ലാതെ ഏതെങ്കിലും രൂപത്തെ അർച്ചിക്കുന്നതല്ല ദേവാർച്ചനം. ജ്ഞാനാദി പുഷ്പങ്ങൾ കൊണ്ടർച്ചിക്കുന്ന ഭക്തന് സ്വാഭാവികവും അനന്തവും അദ്വിതീയവും വിട്ടുപോകാത്തതും പുറത്തൊരിടത്തുനിന്നും നേടാൻ കഴിയാത്തതുമായ സുഖം അതുകൊണ്ട് വന്നുചേരുന്നു. സൃഷ്ടിദോഷമൊന്നും പുരളാത്തതും എല്ലാ കാഴ്ചകളിലും അകവും പുറവും നിറഞ്ഞുവിലസുന്നതും ഉണ്മയ്ക്കും ഇല്ലായ്മയ്ക്കും ഇടയ്ക്കു സ്ഥിതിചെയ്യുന്നതും സാമാന്യമായ ഉണ്മയുടെ രൂപത്തിലുള്ളതും മഹാസത്തയായി വിലസുന്നതുമായ ബോധമാണ് യഥാർഥ ദേവൻ അഥവാ ഈശ്വരൻ. അതിൽ സങ്കൽപ്പങ്ങളാവിർഭവിക്കുന്നതോടെ ശുദ്ധബോധസ്വരൂപം മറ

digitized by www.sreyas.in

യ്ക്കപ്പെട്ടിട്ട് ക്രമേണ ജഡത്വം ഭാവനചെയ്തു ഭാവന ചെയ്ത് സൃഷ്ടി സംഭവിക്കുന്നതായി തോന്നാനിടയാകുന്നു. ക്രമേണ ദേശകാലാദി ശക്തികൾ വന്നുചേർന്നതായി അനുഭവപ്പെടുന്നു. തുടർന്നു ജീവന്റെ ആവിർഭാവം; അതിൽനിന്നു ബുദ്ധി, അഹങ്കാരം, മനസ്സ് ഇവയൊക്കെ മുളയ്ക്കുന്നു. തുടർന്നു സംസാരബന്ധവും വന്നുചേരുന്നു. ബ്രാഹ്മണൻ, ഞാൻ ചണ്ഡാലനാണ്, ചണ്ഡാലനാണ് എന്നു ഭാവന ചെയ്തു ചണ്ഡാലത്വം പ്രാപിക്കുന്നതുപോലെ ശുദ്ധബോധം ജഡത്തെ ഭാവനചെയ്തുചെയ്ത് ഞാൻ ദേഹമാണെന്ന ഭ്രമത്തിൽ എത്തിച്ചേരുന്നു. ഇങ്ങനെ ജഡമോഹമാകുന്ന ചെളിക്കുണ്ടിൽ പതിച്ചു ദുഃഖത്തിൽ നിന്ന് ദുഃഖത്തിലേക്ക് വഴുതിവീഴാനും ഇടയാകുന്നു.

278. പുഷ്ടംസങ്കല്പമാത്രേണ യദിദം ദുഃഖമാഗതം
തദസങ്കല്പമാത്രേണ ക്ഷയികാത്രകദർഥിതാ.

സങ്കല്പമാത്രേണപുഷ്ടം-ജീവസങ്കല്പത്തിൽ തുടങ്ങി ദേഹസങ്കല്പത്തിലും ജഗത് സങ്കല്പത്തിലുമെത്തി പുഷ്ടി പ്രാപിച്ച്; ഇദം ആഗതം ദുഃഖംയത്-ഇങ്ങനെ വന്നുചേർന്ന ഈ ദുഃഖം; തത്അസങ്കല്പമാത്രേണ-ആ സങ്കല്പത്തെ ഉപേക്ഷിക്കുന്നതുകൊണ്ട്; ക്ഷയി-ക്ഷയിക്കും; അത്ര-എന്നതിൽ; കദർഥിതാകാ-എന്താണു യുക്തിഹീനത.

ജീവസങ്കൽപ്പത്തിൽ തുടങ്ങി ദേഹസങ്കല്പത്തിലും ജഗത് സങ്കൽപ്പത്തിലുമെത്തി പുഷ്ടിപ്രാപിച്ച് ഇങ്ങനെ വന്നുചേർന്ന ഈ ദുഃഖം ആ സങ്കല്പത്തെ ഉപേക്ഷിക്കുന്നതുകൊണ്ട് ക്ഷയിക്കും എന്നതിൽ എന്താണു യുക്തിഹീനത.

**കാത്രകദർഥിതാ**

ശുദ്ധബോധത്തിൽ ക്രമേണ ജഡസങ്കൽപ്പം തടിച്ചുകൊഴുത്തതാണു സംസാരദുഃഖത്തിനു കാരണം. എങ്കിൽ സങ്കൽപ്പങ്ങൾ ഒഴിച്ചുമാറ്റിയാൽ ദുഃഖം തീരും എന്നത് അത്യന്തം യുക്തിയുക്തമല്ലേ. ബോധത്തിൽ 'ഞാൻ വേറെയാണ്' എന്നു തോന്നുമാറുള്ള ജീവസങ്കൽപ്പം ഉദയം ചെയ്യുന്നതാണു സങ്കൽപ്പത്തിന്റെ തുടക്കം. തുടർന്നു ജീവബോധം ബുദ്ധിയായും അഹങ്കാരമായും മനസ്സായും ദേഹമായും ജഗത്തായും തടിച്ചുകൊഴുക്കുന്നു. ഈ സങ്കൽപ്പത്തെ എങ്ങനെയാണു ക്ഷയിപ്പിക്കുക? ബോധത്തിൽ ഉണ്ടെന്നു തോന്നിയ ജീവൻ ബോധത്തിൽ നിന്നു വേറെയാണെന്നു തോന്നാനിടവന്നതാണു സങ്കൽപ്പത്തിന്റെ തടിച്ചുകൊഴുക്കലിനു ഹേതു. ബോധത്തിൽനിന്നു പൊന്തിയ ജീവൻ ബോധം തന്നെയാണെന്നു തീരുമാനിക്കുക. അതുറപ്പായാൽ പിന്നെ ജീവന്റെ രൂപഭേദങ്ങളായ ബുദ്ധ്യാദി എല്ലാം ബോധം തന്നെയാണെന്നുറപ്പാക്കാൻ പ്രയാസമില്ലല്ലോ. ഈ ഉറപ്പുണ്ടെങ്കിൽ സങ്കൽപ്പങ്ങളുണ്ടെങ്കിൽപോലും അവ രാഗദ്വേഷമയങ്ങളായി തടിച്ചുകൊഴുക്കുകയില്ല. സർവം ബോധമയം അഥവാ ബ്രഹ്മമയം എന്ന ഏകത്വഭാവനതന്നെയാണു സങ്കൽപ്പക്ഷയം. അതോടെ എല്ലാ ദുഃഖങ്ങളും തീർന്നു നിരന്തരമായ ആനന്ദം അനുഭവപ്പെടുകയും ചെയ്യും.

പരമേശ്വരൻ തുടർന്നു: 'ഏതെങ്കിലും ചെറിയ ചെറിയ കാര്യങ്ങൾ സങ്കൽപ്പിച്ചു മനുഷ്യൻ സദാ ദുഃഖത്തിൽ മുങ്ങി കഴിഞ്ഞുകൂടുന്നു. ഏകത്വഭാവനയിലൂടെ വിശേഷിച്ചൊന്നും സങ്കൽപ്പിക്കാതിരിക്കാമെങ്കിൽ ഒടുങ്ങാത്ത സുഖം അനുഭവിക്കാൻ കഴിയും. സത്യാസത്യങ്ങളെ വേർതിരിച്ചു വിവേക

digitized by www.sreyas.in

പൂർവം സങ്കൽപ്പ കാർമേഘങ്ങളെ പുറംതള്ളണം. അപ്പോഴേക്കും ശരത്കാലത്തിലെന്നപോലെ ഹൃദയാകാശം നിർമലമായി പ്രകാശിക്കും. സ്വയം സങ്കൽപ്പം കൊണ്ടുതന്നെ ഉള്ളിലെ സങ്കൽപ്പകാലുഷ്യമകറ്റി അന്തഃശീതളത നേടി പരമാനന്ദത്തിൽ മുഴുകൂ രാമാ. സർവശക്തിമയനാണു ബോധരൂപനായ ആത്മാവ്. സ്വന്തം താണ്ഡവനൃത്തംകൊണ്ടു സംസാരം ഉണ്ടാക്കാനും ഇല്ലാതാക്കാനും ആ സർവശക്തന് ഒരു പ്രയാസവുമില്ല. എല്ലാം ആ സത്യസ്വരൂപൻ നേടിത്തരും. സർവത്ര സമബോധരൂപനായി വർത്തിക്കുന്ന ആത്മാവ് എല്ലാമാണ്; എന്നാൽ ഒന്നുമല്ലതാനും. ആ സ്വരൂപത്തെ ശരണം പ്രാപിച്ചു സന്തുഷ്ടനാവൂ. ഇച്ഛാസത്ത, ആകാശസത്ത, കാലസത്ത, നിയതിസത്ത, മഹാസത്ത എല്ലാം ശുദ്ധസത്താരൂപിയായ ആ ഭഗവാൻ തന്നെ. ജ്ഞാനശക്തി, ക്രിയാശക്തി, കർതൃത്വശക്തി, അകർതൃത്വശക്തി ഇങ്ങനെ തുടങ്ങിയ ആത്മശക്തികൾക്ക് ഒരന്തവുമില്ലെന്നറിയൂ. ഇവിടെ കാണപ്പെടുന്ന എല്ലാ ശക്തികളും പരമാത്മശക്തികൾ തന്നെ. ആ ജഗദീശ്വരന്റെ വിക്ഷേപശക്തി പ്രകടമാകുന്നതോടെ പലതായിക്കാണപ്പെടുന്ന ഈ സംസാരം അപ്പാടെ അസ്തമിക്കും. പൂജാക്രമത്തിൽ പ്രധാനമായി വേണ്ടത് ദേഹവും ദേഹമല്ലാത്തതുമായിക്കാണപ്പെടുന്ന അപവിത്ര ജഡസങ്കൽപ്പങ്ങളെല്ലാം ത്യജിക്കണം. ആ സ്ഥാനത്ത് അത്യന്ത പവിത്രമായ ആത്മസങ്കൽപ്പം അംഗീകരിക്കണം.

279. ഏഷദേവഃസപരമഃപൂജ്യഏഷ സദാ സതാം
പൂജനം ധ്യാനമേവാന്തർ നാന്യദസ്ത്യസ്യ പൂജനം

ബോധരൂപിയായ ആത്മാവുതന്നെയാണ് സത്യസ്വരൂപിയായ ഈശ്വരൻ. സ്മരണരൂപമായ ധ്യാനമാണ് അദ്ദേഹത്തിന്റെ പൂജ. ആ ഭഗവാന് വേറെ ഒരു പൂജയും ആവശ്യമില്ല.

280. തസ്മാത് ത്രിഭുവനാധാരം നിത്യംധ്യാനേന പൂജയേത്
ചിദ്രൂപം സൂര്യലക്ഷാഭം സമസ്താഭാസഭാസനം

തസ്മാത്-സ്മരണ രൂപമായ ധ്യാനമാണു പ്രധാനപ്പെട്ട ദേവ പൂജയെന്നുള്ളതുകൊണ്ട്; ത്രിഭുവനാധാരം-മൂന്നു ലോകത്തിനും പരമകാരണമായി വർത്തിക്കുന്നവനും; സൂര്യലക്ഷാഭം-സൂര്യലക്ഷങ്ങളുടെ ശോഭ ആവഹിക്കുന്നവനും; സമസ്താഭാസഭാസനം-എല്ലാറ്റിനെയും ഉള്ളതാക്കി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നവനുമായി; ചിദ്രൂപം-ആ ബോധരൂപനെ; നിത്യം ധ്യാനേന പൂജയേത്-വിട്ടുപോകാതെ സ്മരണരൂപമായ ധ്യാനം കൊണ്ടു പൂജിക്കേണ്ടതാണ്.

സ്മരണരൂപമായ ധ്യാനമാണു പ്രധാനപ്പെട്ട ദേവപൂജയെന്നുള്ളതുകൊണ്ടു മൂന്നുലോകത്തിനും പരമകാരണമായി വർത്തിക്കുന്നവനും സൂര്യലക്ഷങ്ങളുടെ ശോഭ ആവാഹിക്കുന്നവനും എല്ലാറ്റിനെയും ഉള്ളതാക്കി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നവനുമായ ആ ബോധരൂപനെ വിട്ടുപോകാതെ സ്മരണരൂപമായ ധ്യാനംകൊണ്ടു പൂജിക്കേണ്ടതാണ്.

**നിത്യംധ്യാനേനപൂജയേത്**

ബോധരൂപനായ ദേവനെ വിട്ടുപോകാതെ സ്മരണരൂപമായ ധ്യാനം കൊണ്ടു പൂജിക്കണം. ഗീതയിൽ ഭഗവാൻ അർജുനനോടു ഈ പൂജാവിധി തന്നെയാണ് 'സർവേഷുകാലേഷുമാമനുസ്മര' എന്ന വാക്കുകളിലൂടെ ഉപദേശിക്കുന്നത്. ഉള്ളിന്റെ ഉള്ളിൽ സദാസമയവും ബോധസ്വരൂപനായ ഈശ്വ

digitized by www.sreyas.in

രനെ ഓർമിച്ചുകൊണ്ടു ജീവിക്കണം; ഇത്രേ വേണ്ടൂ. ബോധരൂപനായ ഈശ്വരനെ എങ്ങനെയാണോർമിക്കുക? മൂന്നുലോകവുമായി വിലസുന്നതു പരമ കാരണമായ ആ സത്യം തന്നെയാണ്. അപ്പോൾ എവിടെ എന്തുകണ്ടാലും അതീശ്വരൻ തന്നെ എന്നോർമിക്കണം. കാണുന്നതൊക്കെ ഈശ്വരനാണെങ്കിൽ അദ്ദേഹത്തെ ഓർമിക്കാൻ എന്തെളുപ്പം. പക്ഷെ അദ്ദേഹത്തെ ശുദ്ധമായി ഒരിടത്തും കാണ്മാനില്ലല്ലോ. അല്പം ചിന്തിക്കാത്തതുകൊണ്ടല്ലേ ഇങ്ങനെ തോന്നുന്നത്. ഒരു സൗരയൂഥത്തെ പ്രകാശിപ്പിക്കുന്ന സൂര്യനെ നാം കാണുന്നില്ലേ. അപ്പോൾ സൂര്യന്മാരുൾപ്പെടെയുള്ള അനന്തകോടി സൗരയൂഥങ്ങളെ പ്രകാശിപ്പിക്കുന്ന സത്യത്തിനു സൂര്യലക്ഷങ്ങളുടെ പ്രകാശശക്തിയുണ്ടായേ പറ്റൂ എന്നു തീർച്ചയല്ലേ. അനന്തകോടി ബ്രഹ്മാണ്ഡങ്ങളെ പ്രകാശിപ്പിക്കുന്നതു ബോധമല്ലേ. ബോധം സ്വയം പ്രകാശിക്കുന്നില്ലെന്നു കരുതുക. സൂര്യനുൾപ്പെടെയുള്ള ബ്രഹ്മാണ്ഡമെന്തെങ്കിലും ബാക്കി കാണുമോ. എല്ലാം ഉള്ളതായി തീരുന്നത് പ്രകാശിക്കുന്ന, സ്വയം ഉണ്ടെന്ന നുഭവമുള്ള ബോധത്തിന്റെ വെളിച്ചത്തിൽ. ഈ എങ്ങും നിറഞ്ഞു നിൽക്കുന്ന ആ ദേവനെ മറക്കാതെ ഓർമിക്കാൻ ചിന്താശക്തിയുള്ള ഒരാൾക്ക് ഒരു പ്രയാസവും ഇല്ല.

പരമശിവൻ തുടർന്നു: 'മാത്രമല്ല, ഓരോരുത്തരുടേയും ഉള്ളിൽ പ്രകാശിക്കുന്ന 'ഞാൻ' എന്ന ജീവബോധം അനന്തസത്യത്തിന്റെ സാരമാണ്; മറുകര കാണാനില്ലാത്ത ബോധാകാശത്തിന്റെ വിപുലമായ കേന്ദ്രസ്ഥാനമാണ്; അവിടെ നിന്നതിന് അനന്തതയിലേക്കു വികസിക്കാൻ കഴിയും. മുകളിലത്തെ പോലെ താഴേക്കും അതിരില്ലാതെ പരന്നുകിടക്കുന്ന ചിദാകാശത്തിന്റെ കേന്ദ്രമാണു ജീവബോധം. അനന്ത ദിഗ്ഭാഗങ്ങൾ ആ കേന്ദ്രത്തിന്റെ കൈത്തണ്ടുകൾ പോലെ വിലസുന്നു. നാനാതരത്തിലുള്ള മഹാലോകങ്ങളെല്ലാം ആ ജഗദീശ്വരൻ ധരിച്ചിരിക്കുന്ന ആയുധങ്ങൾ തന്നെ. സൂക്ഷ്മമായ അതിന്റെ ഹൃത്കോശത്തിൽ അനന്തകോടി ബ്രഹ്മാണ്ഡ മണ്ഡലങ്ങൾ ഒളിഞ്ഞിരിക്കുന്നു. മറുകര കാണാനില്ലാത്ത പ്രകാശപരമാകാശം. താഴെയും മുകളിലും നാലുദിക്കുകളിലും, അവാന്തരദിക്കുകളിലും ഒക്കെ ഇടയില്ലാതെ തിങ്ങി നിറഞ്ഞു നിൽക്കുന്ന സത്യം. ബ്രഹ്മാവ്, ഇന്ദ്രൻ, വിഷ്ണു, ശിവൻ തുടങ്ങിയ ദേവന്മാരൊക്കെ ബോധരൂപിയായ ദേവന്റെ ആഭൂഷണങ്ങൾ മാത്രം. ഈ പ്രപഞ്ച ദൃശ്യങ്ങളെല്ലാം ആ ദേവന്റെ രോമക്കൂട്ടമാണെന്നും ചിന്തിച്ചോർമിക്കണം. പലതരം കർമപരിപാടികളോടെ ഇളകിമറിയുന്ന പ്രപഞ്ച യന്ത്രത്തിന്റെ നൂലുകളായ ഇച്ഛാശക്തി തുടങ്ങിയ ശക്തികൾ എല്ലാം ആ ദേവന്റെ സ്വരൂപത്തിൽ തന്നെ ഉള്ളവയാണെന്നു ചിന്തിച്ചോർമിക്കണം. ഈ ദേവനാണ് സജ്ജനങ്ങളാൽ സദാ പൂജിക്കപ്പെടേണ്ട അങ്ങേയറ്റത്തെ ദേവൻ. ബോധമാത്രൻ, സർവത്ര നിറഞ്ഞിരിക്കുന്നവൻ, അനുഭവസ്വരൂപൻ, സകലത്തിനും ആശ്രയമായ സത്യം. അന്തമില്ലാത്തവൻ, പരമ കാരണം, ശുദ്ധമായ ഉണ്മ സ്വരൂപമായുള്ളവൻ, തനിക്കു ചലനമോ വികാരമോ സംഭവിക്കാതെ വിവർത്തരൂപത്തിൽ ജഗത്തിനെ സൃഷ്ടിക്കുന്നവൻ. ഈ ജഗദീശ്വരന്റെ ദ്വാരപാലകനാണു കാലം. എവിടെയും എന്തും നോക്കി കാണാൻ കഴിവുള്ളവൻ, എവിടെയും എന്തും മണത്തറിയാൻ കഴിവുള്ളവൻ, എവിടെയും എന്തും സ്പർശിച്ചറിയാൻ കഴിവുള്ളവൻ, എവിടെയും

digitized by www.sreyas.in

എന്തും രുചിച്ചറിയാൻ കഴിവുള്ളവൻ, അതുപോലെ എവിടെയും എന്തും കേട്ടറിയാൻ കഴിവുള്ളവൻ. ഈ ദേവന് എവിടെയും എന്തും ചിന്തിച്ചറിയാനും കഴിയും; എന്നാൽ മറ്റുള്ളവർക്കു ചിന്തിച്ചറിയാൻ മംഗളസ്വരൂപിയായ ആ സത്യം വേണം. ഇങ്ങനെയെല്ലാം ചിന്തിച്ചറിഞ്ഞു ഈ ദേവനെ വിധി പോലെ അർച്ചിക്കേണ്ടതാണ്. ബോധമായി അവനവന്റെ സ്വരൂപമായി വർത്തിക്കുന്ന ഈ ദേവനെ പുറമേ നിന്നുള്ള പൂജാദ്രവ്യങ്ങൾ കൊണ്ടല്ല അർച്ചിക്കേണ്ടത്. അമൃതസ്വരൂപമായ ഒരേ ഒരു ജ്ഞാനം കൊണ്ടു വേണം ദേവനെ അർച്ചിക്കുവാൻ. അത് എവിടെയും എപ്പോഴും ക്ലേശം കൂടാതെ ലഭ്യമാണ്; ശീതളമാണ്, നിത്യമാണ്. ജ്ഞാനം തന്നെയാണ് അങ്ങേയറ്റത്തെ ധ്യാനം. ജ്ഞാനം തന്നെയാണു അങ്ങേയറ്റത്തെ പൂജ. എന്താണ് ജ്ഞാനം? ഉള്ളിലിരിക്കുന്ന ബോധമാത്ര സത്യത്തെ സദാ അറിഞ്ഞു ജീവിക്കുക. കാണുമ്പോഴും കേൾക്കുമ്പോഴും, തൊടുമ്പോഴും, മണക്കുമ്പോഴും, നടക്കുമ്പോഴും, ഉറങ്ങുമ്പോഴും, ശ്വസിക്കുമ്പോഴും, സംസാരിക്കുമ്പോഴും, വിസർജിക്കുമ്പോഴും, എടുക്കുമ്പോഴും ശുദ്ധബോധ സ്വരൂപമാണെല്ലാം എന്നറിയുക. സ്മരണരൂപമായ ഈ ധ്യാനമാണ് ആത്മദേവനുള്ള പൂജാദ്രവ്യം. ഈ ധ്യാനം തന്നെയാണു വലിയ അർച്ചന. ഇതു കൂടാതെ മറ്റൊരു പൂജ കൊണ്ടും ആത്മദേവനെ കണ്ടെത്താൻ കഴിയുന്നതല്ല. ബുദ്ധിമാനായ മഹർഷേ, ഏതു മൂഢനായാലും പത്തോ പന്ത്രണ്ടോ നിമിഷം ഇങ്ങനെ ധ്യാനിക്കുമെങ്കിൽ അവന് ഗോദാനഫലം ലഭ്യമാകുന്നതാണ്, നൂറു നിമിഷം ഒരാൾ ഈ ധ്യാനം കൊണ്ടു ദേവനെ പൂജിക്കുമെങ്കിൽ അയാൾ അശ്വമേധയാഗം ചെയ്തുകിട്ടുന്ന ഫലം നേടും. അരനാഴിക ഈ ധ്യാനം കൊണ്ടു പൂജിച്ചാൽ ആയിരം അശ്വമേധം ചെയ്ത ഫലം. ഈ നിരന്തരധ്യാനോപഹാരം കൊണ്ടു സ്വയം ആത്മാവ് ആത്മാവിനെ ഒരു നാഴിക അർപ്പിക്കുകയാണെങ്കിൽ രാജസൂയ യജ്ഞഫലം ലഭിക്കുന്നതാണ്. മധ്യാഹ്നം വരെ പൂജിക്കുമെങ്കിൽ രാജസൂയ ലക്ഷഫലം നിശ്ചയം. ഒരു ദിവസം മുഴുവൻ പൂജിച്ചാൽ നിശ്ചയമായും പരമപദപ്രാപ്തി. ഈ പൂജ തന്നെയാണങ്ങേയറ്റത്തെ യോഗം; ഇതുതന്നെയാണങ്ങേയറ്റത്തെ ക്രിയ.

ഉത്തമമായ ബാഹ്യപൂജനമാണിതുവരെ പറഞ്ഞത്. ഇനിയും ആത്മാവിന്റെ അന്തഃപൂജനം പറയാം, കേട്ടോളൂ: ശരീരത്തിനുള്ളിൽ വിട്ടുപോകാതെ സ്ഥിതിചെയ്യുന്ന ബോധദേവനെ സദാ ഓർമിക്കുക; കിടക്കുമ്പോഴുമെഴുന്നേൽക്കുമ്പോഴും നടക്കുമ്പോഴും നിൽക്കുമ്പോഴും. ചുറ്റുമുള്ള പദാർഥങ്ങളെ സ്പർശിക്കുമ്പോഴും അവയെ കൈവിടുമ്പോഴും. ഉണ്ണുമ്പോഴും ലോകസുഖങ്ങൾ അനുഭവിക്കുമ്പോഴും അനുഭവിക്കാതിരിക്കുമ്പോഴും സർവംബോധമയമെന്നോർമിക്കണം. എന്തിനേറെ?

281. പ്രാവാഹപതിതാർഥസ്ഥ സ്വബോധസ്നാനശുദ്ധിമാൻ
നിത്യാവബോധാർഹണയാ ബോധലിംഗം പ്രപൂജയേത്.

പ്രാവാഹപതിതാർഥസ്ഥസ്വബോധസ്നാനശുദ്ധിമാൻ-ഓരോ നിമിഷവും ജീവിതഗതിയനുസരിച്ചു മാറിമാറി മുൻപിലെത്തുന്ന പദാർഥങ്ങളിലെല്ലാം ബോധത്തെ നിറഞ്ഞുകണ്ട്, ജ്ഞാനസ്നാനത്തിൽ ശുദ്ധീഭവിച്ചു; നിത്യാവബോധാർഹണയാ-ഇടതടവില്ലാത്ത ഈ സ്മരണമാകുന്ന പൂജകൊണ്ട്; ബോധലിംഗം-ബോധരൂപം ധരിച്ച ഈശ്വരനെ; പ്രപൂജയേത്-ശ്രദ്ധാപൂർവം പൂജിക്കേണ്ടതാണ്.

digitized by www.sreyas.in

ഓരോ നിമിഷവും ജീവിതഗതിയനുസരിച്ചു മാറിമാറി മുൻപിലെത്തുന്ന പദാർഥങ്ങളിലെല്ലാം ബോധത്തെ നിറഞ്ഞു കണ്ട് ജ്ഞാനസ്നാനത്തിൽ ശുദ്ധീഭവിച്ചു ഇടതടവില്ലാത്ത ഈ സ്മരണമാകുന്ന പൂജകൊണ്ട് ബോധ രൂപം ധരിച്ച ഈശ്വരനെ ശ്രദ്ധാപൂർവം പൂജിക്കേണ്ടതാണ്.

## നിത്യാവബോധാർഹണയാ

ഇടതടവില്ലാത്ത സ്മരണരൂപമായ പൂജകൊണ്ട് ബോധരൂപം ധരിച്ച ദേവനെ ശ്രദ്ധയോടെ പൂജിക്കണം. ഇതെങ്ങനെ? ജീവിതം ഒരൊഴുക്കുപോലെയാണ്. നിമിഷം പ്രതി അനേകരൂപത്തിലുള്ള വ്യക്തികളും പദാർഥങ്ങളും ഈ ഒഴുക്കിൽപെട്ടു മുൻപിൽ കൂടി കടന്നുപോകും. അപ്പോഴൊക്കെ ഈ പൂജ എങ്ങനെ സാദ്ധ്യമാകും? എന്തുകൊണ്ടു സാധ്യമാകുകയില്ല. ഏതുരൂപത്തിലുള്ള വ്യക്തിയായാലും പദാർഥമായാലും ഒക്കെ ബോധവിവർത്തമാണെന്നു നാം പലതവണ ചർച്ച ചെയ്തുറപ്പിച്ചതല്ലേ. ഓരോ കാഴ്ചയും കടന്നുപോകുമ്പോൾ 'സർവം ബ്രഹ്മമയം' എന്ന ജ്ഞാനത്തിൽ സ്നാനം ചെയ്യണം. അപ്പോൾ ചിത്തം ശുദ്ധീകരിക്കപ്പെടും; അതായത് രാഗദ്വേഷങ്ങളകന്നു പ്രസന്നമാകും. തുടർന്ന് എന്തൊക്കെ മുൻപിൽകൂടി കടന്നുപോയാലും എത്ര കോലാഹലമയമായി അവയൊക്കെ കൈകാര്യം ചെയ്താലും ഇടതടവില്ലാതെ ബോധസ്മരണ ഉള്ളിൽ നിലനിൽക്കും. വെള്ളം നിറച്ച കുടം തലയിൽ വച്ചുകൊണ്ട് ഒരു നർത്തകി നൃത്തം ചെയ്യുന്നതു കണ്ടിട്ടില്ലേ. പാട്ടുണ്ട്, കൊട്ടുണ്ട്, വാദ്യമുണ്ട്, വലിയൊരു സദസ്സു മുൻപിലുണ്ട്, ദേഹാവയവങ്ങളൊക്കെ ഇളക്കി ചലിപ്പിക്കണം; എങ്കിലും അവളുടെ ശ്രദ്ധ എപ്പോഴും തലയിലിരിക്കുന്ന കുടത്തിലല്ലേ. ഇതെങ്ങനെ സാധിക്കുന്നു? കുറച്ചുകാലത്തെ അഭ്യാസംകൊണ്ട്. അതുപോലെ ജ്ഞാനസ്നാനത്തിലൂടെ കുറച്ചുകാലം സ്മരണാഭ്യാസം തുടർന്നാൽ ആർക്കും അത് ഇടതടവില്ലാത്തതാക്കി ഉറപ്പിക്കാൻ കഴിയും.

ഇതിൽ കവിഞ്ഞൊരു ദേവപൂജ വേറെ ഇല്ലതന്നെ.

പരമശിവൻ തുടർന്നു: 'മനസ്സിന്റെ മനനശക്തിയിൽ കുടികൊള്ളുന്നവനും പ്രാണാപാനന്മാരുടെ മധ്യത്തിൽ വിളങ്ങുന്നവനുമാണു ദേവൻ. ഹൃദയമധ്യത്തിലും കണ്ഠമധ്യത്തിലും താലുമധ്യത്തിലും സ്ഥിതിചെയ്യുന്നവനാണു ദേവൻ. ഭ്രൂമധ്യപീഠത്തിൽ ആരൂഢനാണു ദേവൻ. മുപ്പത്താറു തത്ത്വങ്ങളുടെയും അഗ്രത്തിൽ വർത്തിച്ചുകൊണ്ടു ഉന്മനീദശയെയും കടന്നുനിൽക്കുന്നു ദേവൻ. ആയിരമായിരം കാലുകളും അവയവങ്ങളും കേശനഖദന്തങ്ങളും ഉള്ളവനാണു ദേവൻ, ആ ദേവനാണ് സ്വശരീരത്തിൽ ജീവരൂപനായി നിലകൊള്ളുന്നതെന്നറിഞ്ഞു ധ്യാനിക്കണം. മനസ്സിനെ ആശ്രയിച്ചു ജീവിക്കുന്നവർക്ക് പലതരം പ്രവർത്തനങ്ങൾക്കും പ്രേരിപ്പിക്കുന്ന ദർശനാദി അനേകം വിചിത്രശക്തികൾ ആത്മാവിൽനിന്നുതന്നെ വന്നുചേരുന്നു. ബഹുഭാര്യമാർ ഒരു കാന്തനെ സേവിക്കുന്നതുപോലെ ആ ശക്തികൾ ആത്മാവിനെ ഉപാസിച്ചു കൊണ്ടിരിക്കുന്നു. അവയെല്ലാം ആത്മാവായ എനിക്കുള്ളവതന്നെയെന്നു ഭാവന ചെയ്യണം. ആത്മാവായ എന്റെ ദ്വാരപാലകനാണു മനസ്സ്; അയാൾ മൂന്നു ലോകങ്ങളും എനിക്കായി നിവേദിക്കുന്നു. സദാ വാതിൽക്കൽ കാത്തു നിൽക്കുന്നു. ആജ്ഞകൾ നിർവഹിക്കുന്നു. വിശ്വസ്തയായ എന്റെ പരിചാരികയാണു ചിന്ത. ഞാൻ അവയവങ്ങളിൽ അണിയുന്ന വിചിത്രങ്ങ

digitized by www.sreyas.in

ളായ ആഭരണങ്ങളാണ് അറിവുകളെല്ലാം. ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും എന്റെ അടുക്കലേക്കു കടന്നുവരാനുള്ള വാതിലുകളാണ്. ഒരു വേർതിരിവുമില്ലാതെ ലോകമെങ്ങും നിറഞ്ഞുതിങ്ങിനിൽക്കുന്ന ആത്മാവു ഞാൻതന്നെ. പൂർണനായി ഞാൻ എവിടെയും തിങ്ങി നിറഞ്ഞുനിൽക്കുന്നു. സർവത്രസമൻ, സമരസാചാരൻ, സമപ്രകാശൻ, സമരൂപൻ. ഈ നിലയിലെല്ലാം ആ ദേവനെ ഭാവന ചെയ്തർച്ചിച്ചാൽ സൗമ്യതയും പരിശുദ്ധിയും വന്നുചേരുന്നു. സർവത്ര തുല്യഭാവന പുലർത്തുന്ന ബുദ്ധിയോടുകൂടി ചിന്മാത്രരൂപിയായ പരമേശ്വരനെ അപ്പോഴപ്പോൾ ബന്ധപ്പെടാനിടവരുന്ന എല്ലാ പദാർഥങ്ങൾകൊണ്ടും അർച്ചിക്കേണ്ടതാണ്. ദേവപൂജയ്ക്കായി അപൂർവ വസ്തുക്കൾ സമ്പാദിക്കാൻ ഒരിക്കലും അല്പംപോലും യത്നിക്കരുത്. തന്റെ സകല കാമങ്ങളും ബോധരൂപിയായ ആ ശിവനിൽ മനസ്സാ സമർപ്പിച്ചുപൂജിക്കേണ്ടതാണ്; ഭക്ഷണഭോജനങ്ങൾക്കായുള്ള അന്നപാനങ്ങൾ, മറ്റു പല തരം വിഭവങ്ങൾ, ശയനം, ആസനം, വാഹനം എന്നിങ്ങനെ എന്തൊക്കെ വന്നു ചേരുന്നുവോ അവ കൊണ്ടൊക്കെ അർച്ചിക്കണം. പുത്രകളത്രാദിബന്ധുക്കൾ, അന്നപാനാദിസംഭോഗസംഭാരങ്ങൾ, സുഖോപകരണങ്ങൾ, എല്ലാ തരത്തിലുമുള്ള സുഖാനുഭവങ്ങൾ ഇവകൊണ്ടൊക്കെ ബോധരൂപനായ ഭഗവാനെ പൂജിക്കണം.

282. ആധിവ്യാധിപരിതേന മോഹസംരംഭശാലിനാ
സർവോപദ്രവദുഃഖേന പ്രാപ്തേനാത്മാനമർച്ചയേത്

മോഹസംരംഭങ്ങളോടുകൂടി ആധിവ്യാധികൾ കൊണ്ടു നിറഞ്ഞുവന്നു ചേരുന്ന എല്ലാ ഉപദ്രവദുഃഖങ്ങൾ കൊണ്ടും ആത്മദേവനെ അർച്ചിക്കണം. സർവം ആത്മമയം എന്നു ഭാവനചെയ്യുന്നതാണ് അർച്ചനാവിധം. കാലപ്രവാഹത്തിൽ ഒഴുകിവരുന്ന ദാരിദ്ര്യം കൊണ്ടും സാമ്രാജ്യം കൊണ്ടും വിചിത്രങ്ങളായ ചേഷ്ടാപുഷ്പങ്ങൾ കൊണ്ടും ശുദ്ധബോധസ്വരൂപനായ ദേവനെ പൂജിക്കണം. നിഷിദ്ധങ്ങളും അനിഷിദ്ധങ്ങളുമായ എല്ലാ സുഖാനുഭവങ്ങളും കൊണ്ട് എപ്പോഴും ആ ദേവനെ ഉപാസിക്കണം. ത്യാഗംകൊണ്ടും രാഗം കൊണ്ടും ഉണർന്നിരിക്കുന്ന ആത്മദേവനെ പൂജിക്കണം. പോയതുപോയതൊക്കെ വിട്ടുകളയണം; വരുന്നതുവരുന്നതൊക്കെ അംഗീകരിക്കണം; രണ്ടിടത്തും നിർവികാരസമഭാവം അനുഭവിക്കണം; ഇതാണേറ്റവും വലിയ ദേവപൂജ.

283. ആപാതരമണീയം യത്തഥാ*ff*പാതദുഃസഹം
സർവമാത്മമയം കുർയ്യാന്നിത്യാത്മാർച്ചാപരോനരഃ

ഒറ്റ നോട്ടത്തിൽ രമണീയമാണെന്നുതോന്നുന്നതും അതിദുഃസഹമാണെന്നു തോന്നുന്നതും എല്ലാം സദാ ആത്മപൂജാതൽപ്പരനായ ആൾ, ആത്മമയമാണെന്നു ഭാവന ചെയ്തുറപ്പിക്കേണ്ടതാണ്. ആത്മാർച്ചനം എളുപ്പമാണ്. എപ്പോഴും എവിടെയും എന്തുരൂപത്തിലും കാണപ്പെടുന്ന എന്തും സർവം ബ്രഹ്മമയം എന്നുറപ്പിച്ചു ഭാവന ചെയ്യുന്നതുതന്നെയാണ് ആത്മാർച്ചന വ്രതം. സത്യമറിയുന്നയാൾ സ്വാഭാവികമായി വന്നുചേരുന്ന ഒന്നിനേയും ആഗ്രഹിക്കുന്നില്ല; തള്ളിക്കളയുന്നുമില്ല. സമുദ്രം നദികളെ സ്വീകരിക്കുന്നതുപോലെ അദ്ദേഹം അനുഭവങ്ങളെന്തും സന്തോഷപൂർവം

digitized by www.sreyas.in

അംഗീകരിക്കുന്നു. നിസ്സാരങ്ങളോ ഗൗരവപൂർണങ്ങളോ ആയ ഒന്നിലും വേവലാതിപ്പെടുന്നില്ല. വീഴുന്നതും വീഴാതിരിക്കുന്നതുമായ പദാർഥങ്ങളെക്കുറിച്ചു ആകാശം നിർവികാരമായി വർത്തിക്കുന്നതുപോലെ വർത്തിക്കുന്നു. ദേശം, കാലം, കർമം ഇവയ്ക്കനുസരണമായി ശുഭമോ അശുഭമോ എന്തുവന്നാലും അക്ഷോഭ്യമായി സമചിത്തതയോടെ അവയെ അംഗീകരിക്കുന്നതാണ് ദേവാർച്ചനം. എന്തെല്ലാം പദാർഥശോഭകളാണോ ഈ ആത്മാർച്ചനാ പ്രകാരത്തിൽ പറയപ്പെട്ടവ എല്ലാം ഒരേ സമരസത്തോടെ ഭാവന ചെയ്തംഗീകരിക്കപ്പെടേണ്ടവയാണ്. പുളിരസം, കവർപ്പുരസം, കയ്പുരസം, കഷായരസം എന്തുമാകട്ടെ; വിചിത്രങ്ങളായ ആ രസങ്ങളെല്ലാം മധുരങ്ങളായിത്തന്നെ അംഗീകരിക്കപ്പെടേണ്ടവയാണ്. അതീന്ദ്രിയമായ സത്യത്തിന്റെ ഭാവനയോടുകൂടി അംഗീകരിക്കപ്പെടുന്ന ഏതുരസവും ആ ക്ഷണം അമൃതമായിത്തന്നെ അനുഭവപ്പെടും. സമഭാവനയോടുകൂടി എന്തെന്തൊക്കെ അംഗീകരിക്കപ്പെടുന്നുവോ അവയെല്ലാം ചന്ദ്രനിൽനിന്നു പൊഴിഞ്ഞുവീണവയെന്നപോലെ മധുരങ്ങളായിത്തന്നെ അനുഭവപ്പെടും. പാറപോലെ ഘനീഭൂതാനന്ദസ്വരൂപിയായ ജ്ഞാനിയാൽ ലോകത്തെന്തും പൂർണചന്ദ്രതുല്യം പൂർണമായും സമപ്രകാശമായും ഭാവന ചെയ്യപ്പെടേണ്ടതാണ്. മഹർഷേ, സുഖദുഃഖഭ്രമമുളവാക്കുന്ന എല്ലാ പദാർഥങ്ങളും ദേശകാലകർമക്രമമനുസരിച്ചു വന്നും പോയുമിരിക്കുന്നു. ഈ മായാപ്രവാഹത്തെ മാറ്റിമറിക്കാനാർക്കുകഴിയും. ഇവിടെ ശരീരനായകനായ ചിന്മാത്രദേവനെ സർവത്ര ഭാവനചെയ്തർച്ചിച്ച് മനസ്സുകൊണ്ട് എല്ലാ ആശകളും പുറംതള്ളി ശാന്തനായി വർത്തിക്കൂ:

ഈശ്വരൻ തുടർന്നു: 'ഒരു സത്യാന്വേഷി വെളുത്തേടൻ അഴുക്കുകൊണ്ടു വസ്ത്രത്തിന്റെ അഴുക്കെടുക്കുന്നതുപോലെ ശ്രേഷ്ഠയായ വിദ്യകൊണ്ട് നീചയായ അവിദ്യയെ പുറംതള്ളി മുന്നോട്ടുപോകേണ്ടതാണ്. അദ്വൈതവസ്തുജ്ഞാനമാണു സത്യം. അതിനുവേണ്ടി ചെയ്യുന്ന സാധനകളെല്ലാം ദ്വൈതത്തിലായതുകൊണ്ട് അവിദ്യയാണ്. അവിദ്യാംശങ്ങളായ സാധനകൾ അദ്വൈതപ്രാപ്തിക്കു നേരിട്ടുകാരണങ്ങളല്ലെങ്കിലും ശ്രേഷ്ഠങ്ങളായ അവിദ്യാംശങ്ങൾ നീചങ്ങളായവയെ പുറംതള്ളി ക്രമേണ കാരണങ്ങളായി ഭവിക്കുന്നു. ഇപ്രകാരമാണു ഗുരൂപദേശം തുടങ്ങിയവയെല്ലാം ജ്ഞാനത്തിനു കാരണങ്ങളായി ഭവിക്കുന്നത്. ഗുരൂപദേശം ക്രമത്തിൽ പ്രവർത്തിച്ചു തുടങ്ങുമ്പോൾ അദൃശ്യവും അനിർദേശ്യവുമാണെങ്കിലും ആത്മാവ് ഉള്ളിൽ തെളിയാൻ തുടങ്ങുന്നു.

284. ശാസ്ത്രാർഥൈഃ ബുധ്യതേ നാത്മാ ഗുരോർവചനതോനച
ബുധ്യതേസ്വയമേവൈഷ സ്വബോധവശതഃ സ്വതഃ

ആത്മാ–ആത്മാവ്; ശാസ്ത്രാർഥൈഃ നബുധ്യതേ–ശാസ്ത്രവിചാരംകൊണ്ടു ഗ്രഹിക്കപ്പെടുന്നില്ല; ഗുരോഃ വചനതഃ നച–ഗുരൂപദേശംകൊണ്ടും ഗ്രഹിക്കപ്പെടുന്നില്ല; സ്വതഃ സ്വബോധവശതഃ–സ്വാഭാവികമായുണ്ടാകുന്ന സ്വരൂപജ്ഞാനംകൊണ്ട്; ഏഷഃ സ്വയം ഏവ ബുധ്യതേ–ഈ ആത്മാവ് സ്വയം തെളിയിക്കുകയാണു ചെയ്യുന്നത്.

ആത്മാവ് ശാസ്ത്രവിചാരം കൊണ്ടു ഗ്രഹിക്കപ്പെടുന്നില്ല. ഗുരൂപദേശം കൊണ്ടും ഗ്രഹിക്കപ്പെടുന്നില്ല. സ്വാഭാവികമായുണ്ടാകുന്ന സ്വരൂപജ്ഞാനം കൊണ്ട് ഈ ആത്മാവ് സ്വയം തെളിയുകയാണ് ചെയ്യുന്നത്.

digitized by www.sreyas.in

**ബുധ്യതേസ്വയമേവൈഷഃ**

എല്ലാവരുടെയും സ്വരൂപമാണാത്മാവ്. സ്വരൂപം നഷ്ടപ്പെട്ടിട്ടില്ല. ഒരിക്കലും നഷ്ടപ്പെടുകയുമില്ല. സ്വരൂപത്തിന് ഒരു കളങ്കവും പറ്റിയിട്ടുമില്ല. അപ്പോൾ ഏതെങ്കിലും കർമം കൊണ്ട് ഉണ്ടാക്കിയെടുക്കേണ്ടതോ മാറ്റിയെടുക്കേണ്ടതോ പ്രാപിക്കേണ്ടതോ ശുദ്ധീകരിച്ചെടുക്കേണ്ടതോ അല്ല ആത്മാവ്. പിന്നെന്താണു സംഭവിച്ചിരിക്കുന്നത്? താൻ ബോധരൂപമായ ആത്മാവാണെന്ന കാര്യം മറന്നുപോയി; അത്രേയുള്ളൂ. മറവി നിലനിൽക്കുമ്പോഴും ആത്മാവായിത്തന്നെ സ്ഥിതിചെയ്യുന്നു എന്നതാണുസത്യം. ഒരു മനുഷ്യൻ എന്തോ ഭ്രമം കൊണ്ട് താൻ മനുഷ്യനാണെന്നകാര്യം മറന്നുപോയി എന്നു കരുതുക. മറവിയുള്ളപ്പോഴും അയാൾ മനുഷ്യനാണ്. അതുകൊണ്ട് മനുഷ്യനാകാൻ വേണ്ടി അയാളിനി വിശേഷിച്ചൊന്നും ചെയ്യേണ്ടതില്ല. താൻ മനുഷ്യനാണെന്നുള്ള സത്യം ഒന്നോർമിച്ചുറപ്പിച്ചാൽ മതി. അതയാൾ സ്വയം അനുഷ്ഠിക്കേണ്ട കാര്യവുമാണ്. സ്വയം ഓർമിച്ചുറപ്പിക്കുന്നതോടുകൂടി തന്റെ മനുഷ്യത്വം അനുഭവവിഷയമാകും. ഇതുതന്നെയാണ് ആത്മാനുഭവത്തിന്റെയും സ്ഥിതി. അപ്പോൾ ശാസ്ത്രവിചാരവും ഗുരൂപദേശവുമൊക്കെ മറവിമാറ്റാൻ മാത്രം. താനും ജഗത്തുമൊക്കെ ബോധരൂപമായ ബ്രഹ്മമാണെന്നകാര്യം ശാസ്ത്രവും ഗുരുവും ജിജ്ഞാസുവിനെ ഓർമിപ്പിക്കുന്നു; അത്രേയുള്ളൂ. അപ്പോൾ തന്റെ ആത്മസ്ഥിതി സാധകനു സ്വാഭാവികമായി സ്വയം തെളിഞ്ഞുവരുന്നു.

ഈശ്വരൻ തുടർന്നു: 'അപ്പോൾ ഗുരൂപദേശവും മറ്റും നിരർഥകമാണെന്നാണോ? അതല്ല;

285. ഗുരുപദേശ ശാസ്ത്രാർഥർവിനാ ചാത്മാനബുധ്യതേ
ഏതത്സംയോഗസത്തൈവ സ്വാത്മജ്ഞാനപ്രകാശിനീ.

ഗുരൂപദേശവും ശാസ്ത്രവിചാരവും കൂടാതെ ആത്മാവുഗ്രഹിക്കപ്പെടുകയില്ല. ഗുരു, ശാസ്ത്രം, ശിഷ്യൻ ഇവയുടെ സമഞ്ജസമായ സമ്മേളനം കൊണ്ടേ സ്വരൂപമായ ആത്മാവു പ്രകാശിക്കൂ. ഞാൻ മനുഷ്യനല്ലെന്നു ഭ്രമിക്കുന്നവനോട് 'കുഞ്ഞേ, നീ മനുഷ്യനാണ്, മനുഷ്യനാണ്' എന്ന് അറിവുള്ളയാൾ ആവർത്തിച്ചു പറയുമ്പോൾ മനുഷ്യത്വം സ്വയം തെളിയുന്നതുപോലെ. ഗുരുവും ശാസ്ത്രവിചാരവും ശിഷ്യനും തുടർന്ന് ഒരുമിക്കുന്നതോടുകൂടി പകൽ ലോകവ്യവഹാരമെന്നപോലെ ആത്മജ്ഞാനം തെളിയാനിടവരുന്നു. ഹേ മുനിനായകാ, ഇതാണു ജ്ഞാനിയുടെ ദേവാർച്ചനം. എന്നെപ്പോലുള്ള സത്യാന്വേഷികൾ ഈ പൂജാവിധിയിലൂടെയാണു പരമപ്രദം പ്രാപിച്ചത്. ഈ ജഗത്ത്; തീരെ ഇല്ലാത്തത്; ഉള്ളതുപോലെ തോന്നുന്നു; ഉള്ളതാ ദേവൻ മാത്രം.

ബ്രഹ്മമെന്നും മറ്റും പലപേരുകളിൽ പറയുന്നത് ഈ ശുദ്ധബോധത്തെത്തന്നെയാണ്. കേവലബോധം അറിയപ്പെടുന്നത് എന്ന നിലയിലേക്കു നീങ്ങി പേരുകൾക്കർഹമായി ഭവിക്കുന്നു. ക്ഷണം കൊണ്ട് അറിയപ്പെടുന്നതെന്ന ഭാവനയിലെത്തി 'ഞാൻ' എന്ന നിലയെ പ്രാപിക്കുന്നു. മനുഷ്യൻ ഭാവന കൊണ്ടു സ്വപ്നത്തിൽ ഒരു കാട്ടാനയായി മാറുന്നതുപോലെ. ഈ അഹന്ത ക്രമേണ കാലം ദേശം എന്ന നിലകളിലെത്തി ശുദ്ധശൂന്യാകൃതികളായ അവയെ സഖിമാരെപ്പോലെ കൂട്ടുപിടിക്കുന്നു. അവയാൽ ചുറ്റപ്പെട്ട ബോധ

digitized by www.sreyas.in

സത്ത ജീവൻ എന്ന പേരു കൈക്കൊള്ളുന്നു. തുടർന്നു അജ്ഞാനത്തിൽ തന്നെ നിന്നുകൊണ്ട് ബുദ്ധിയെന്ന പേരംഗീകരിക്കുന്നു. ജീവശക്തി നിശ്ചയ സ്വഭാവമുള്ള ബുദ്ധിയായി മാറിയിട്ട് ശബ്ദശക്തി, ക്രിയാശക്തി, ജ്ഞാന ശക്തി എന്നിവയുടെ കൈക്കു പിടിച്ചുകൊണ്ട് മുന്നേറുന്നു. ഇവരെല്ലാവരും കൂടി ഒരുമിച്ച് സ്മരണശക്തിയെ കൂട്ടുപിടിച്ചു മനസ്സായി രൂപം പ്രാപിക്കുന്നു. ഈ ശുദ്ധാത്മാവാണു സങ്കല്പവൃക്ഷത്തിന്റെ മുഴുവൻ വിത്ത്. ഇതിന്റെ മറ്റൊരു പേരാണ് ആതിവാഹിക ദേഹം. സങ്കൽപ്പിച്ചു സംശയിക്കുന്ന ഇതിന്റെ ശക്തികൾ അനന്തങ്ങളാണ്; ഈ മനസ്സ് ആകാശാദിരൂപം കൈക്കൊണ്ടു ജഗത്തെന്ന പേരിൽ ഇങ്ങനെ പലവിധമായി അറിയപ്പെടുന്നു. ഇല്ലാത്ത ഭൂതത്താൻ ഇങ്ങനെ ചിത്തവാസനാരൂപത്തിൽ മനസ്സായിത്തീർന്നു ക്രമേണ ജഗത്തായി ഭവിച്ചു. ഈ ഭൂതത്താൻ ശമിച്ചാൽ ഒടുങ്ങാത്ത ശാന്തി. കാനൽ ജലത്തിലെന്നപോലെ അഹന്തയിലും ജഗത്തിലും ആസക്തചിത്ത നായിരിക്കുന്ന പുരുഷാധമനോട് ഈ സത്യത്തെക്കുറിച്ചു സംസാരിച്ചിട്ടേ കാര്യമില്ല. അവനെ കൈതട്ടി അകറ്റിനിർത്തേണ്ടതാണ്. സത്യദർശികൾ വിവേകിയായ ജീവന് ആത്മതത്ത്വം ഉപദേശിച്ചുകൊടുക്കുന്നു. കുട്ടികളേ, മോഹബദ്ധരായി ഭ്രമിച്ചുനടക്കുന്ന അധമന്മാരെ ഇതറിയിക്കുന്നില്ല. സ്വർണ പ്രഭ വിതറുന്ന ഈ ആത്മതത്ത്വം അജ്ഞനോടുപദേശിക്കുന്നയാൾ സ്വപ്ന ത്തിൽ കണ്ട യുവാവിനു തന്റെ പുത്രിയെ കല്യാണം കഴിച്ചു കൊടുക്കുക യാണു ചെയ്യുന്നത്. 'മഹർഷേ, അങ്ങെന്തു ചോദിച്ചോ അതിനുള്ള ഉത്തരം പറഞ്ഞു കഴിഞ്ഞു. അങ്ങേക്കു മംഗളം ഭവിക്കട്ടെ. ഞാൻ സ്വസ്ഥാനത്തേക്കു മടങ്ങുന്നു. വരൂ പാർവതീ, നമുക്കു പോകാം.'

വസിഷ്ഠൻ തുടർന്നു: 'ഇത്രയും പറഞ്ഞു ഭഗവാൻ എണീറ്റു. ഞാൻ വീണ്ടും പുഷ്പാഞ്ജലി അർപ്പിച്ചു. പരിവാരസമേതനായി ഈശ്വരൻ അംബ രകോടരത്തിൽ മറഞ്ഞു. രാമാ, അന്നുമുതൽ ഇന്നുവരെ ഭഗവാൻ പറഞ്ഞ രീതിയിലുള്ള ദേവാർച്ചനം നടത്തി ഞാൻ വ്യഗ്രതയൊന്നും കൂടാതെ ശാന്ത നായി കഴിഞ്ഞുകൂടുന്നു. രാമാ, ഈ ദേവാർച്ചന പിൻതുടർന്നുകൊണ്ട് ദുഃഖം സ്പർശിക്കാതെ എന്റെ ലോകവ്യവഹാരത്തിന് ആവശ്യമായ വാസനകളെ ഞാൻ അനായാസം കൊണ്ടുനടക്കുന്നു. അന്നന്നു വന്നുചേരുന്ന കർമകു സുമങ്ങൾകൊണ്ടെല്ലാം ഞാൻ ദേവനെ അർച്ചിക്കുന്നു. മറ്റുള്ളവരുടെ കണ്ണിൽ ഞാൻ പലകാര്യങ്ങളും ചെയ്യുന്നു; എന്നാൽ എന്റെ കണ്ണിൽ ഞാൻ ദേവാർച്ചനം മാത്രമനുഷ്ഠിക്കുന്നു. രാപകൽ ഞാനിങ്ങനെയാണു കഴിയു ന്നത്. എല്ലാ ജീവികൾക്കും ഓരോ കർമത്തിലും ഞാൻ ചെയ്യുന്നു എന്ന കർതൃബോധം സ്വാഭാവികമാണ്. യോഗിക്കാകട്ടെ അതെല്ലാം ദേവാർച്ചനം. രാമാ, ഈ കാഴ്ചപ്പാടംഗീകരിച്ച് സംഗമുക്തനായി ഈ സംസാര കാനന ത്തിൽ സുഖമായി വിഹരിക്കു, എന്തിനു ദുഃഖിക്കുന്നു?'

രാമൻ പറഞ്ഞു: 'ബ്രഹ്മൻ, എന്റെ സംശയം വ്യക്തമായും നിവർത്തിച്ചി രിക്കുന്നു. അറിയേണ്ടതൊക്കെ അറിഞ്ഞു. അകൃത്രിമമായ ശാന്തി കൈവന്നു. മറ്റൊന്നിനും ഭേദിക്കാൻ കഴിയാത്തതും ആശയാകുന്ന മദയാ നയെ പിടിച്ചു പാട്ടിലാക്കാൻ കരുത്തുള്ളതും സംസാരസമരത്തെ വേണ്ട പോലെ നേരിടാൻ കഴിവുള്ളതുമായ ധൈര്യം എനിക്കു കൈവന്നിരിക്കുന്നു. വികല്പങ്ങളൊക്കെ വിട്ടുമാറി. ആശകളകന്നു. ദീനതപുരളാത്ത പൗരുഷം

digitized by www.sreyas.in

ലഭിച്ചു. മൂന്നുലോകത്തും പ്രസന്നത കൈവിടാത്തവണ്ണം എന്റെ മനസ്സ് അതിരറ്റ സന്തോഷത്തെ സമാശ്ലേഷിക്കുന്നു.'

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണ പ്രകരണേ*
*ദേവപൂജോപാഖ്യാനം നാമ*
*ദ്വിതീയഃ സർഗഃ*

### സർഗം 3

## ബിലോപാഖ്യാനം

രാമൻ പറഞ്ഞു: 'ഗുരോ, അങ്ങയുടെ വചനാമൃതം എത്ര കേട്ടാലും മതി വരുന്നതല്ല. അതുകൊണ്ട് തത്ത്വപ്രധാനമായ കാര്യം എന്തെങ്കിലും കുറെക്കൂടി പറയാനപേക്ഷ.'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഇഷ്ടമുള്ള ഏതു പദാർഥവും കിട്ടുന്ന മാത്രയിൽ സന്തോഷം തരുന്നതായി തോന്നും. കിട്ടിയശേഷം ഓരോ നിമിഷം കഴിയുന്തോറും ആ സന്തോഷം കുറഞ്ഞുകുറഞ്ഞു വരും. ഇതാരാണനുഭവിച്ചിട്ടില്ലാത്തത്. ഒരു വസ്തു ആഗ്രഹിച്ചുകൊണ്ടിരിക്കുമ്പോൾ സന്തോഷമില്ലെന്നെല്ലാർക്കുമറിയാം. അപ്പോൾ കൈയിൽകിട്ടുമ്പോഴുള്ള അല്പനേരത്തെ സന്തോഷത്തിനുവേണ്ടിയാണ് ആശയുമായി പദാർഥങ്ങളുടെ പിന്നാലെ പറ്റിക്കൂടുന്നത്. ചിന്താശക്തിയില്ലാത്ത കുട്ടികളല്ലാതെ ഇത്തരം വ്യർഥമായ കാര്യത്തിനാരു തുനിയും. ആശാവേളയിൽ അൽപ്പസന്തോഷം വല്ലതും കിട്ടുന്നുണ്ടെങ്കിൽ അതിനാശയാണു കാരണം. ആശ ഒടുവിൽ അസന്തുഷ്ടിയിൽ കലാശിക്കുകയും ചെയ്യും. അതുകൊണ്ട് ആശ ഉപേക്ഷിക്കുന്നതാണു നല്ലത്. ആശ ആശയില്ലായ്മയിൽ എത്തിനിൽക്കട്ടെ. ഭാവന അഭാവത്തിൽ കലാശിക്കട്ടെ. മനസ്സ് മനസ്സില്ലാത്തിടത്തെത്തി നിൽക്കട്ടെ. രാമാ, നിസ്സംഗഭാവം ഉറപ്പുവന്നയാൾക്ക് ജീവിച്ചിരിക്കുമ്പോൾ തന്നെ ഇതൊക്കെ സാധ്യമാവും. ഉള്ളിൽനിന്നും രാഗദ്വേഷവാസന പൂർണമായും ഒഴിച്ചുമാറ്റിയിട്ട് ഇന്ദ്രിയങ്ങൾ കൊണ്ടു കർമങ്ങൾ ചെയ്ക. നൂറ്കണക്കിനു ക്ഷോഭഹേതുക്കളുണ്ടായാൽപോലും ആകാശത്തെപ്പോലെ അക്ഷോഭ്യനായി വർത്തിക്കാൻ കഴിയും. ചിത്തം ക്ഷോഭിച്ചാൽ സംസാരം. ചിത്തം അക്ഷോഭ്യമാണെങ്കിൽ സംസാര മോചനം. ഇതാണു നിയമം. വാസനയേയും പ്രാണനേയും നിരോധിച്ച് ചിത്തത്തെ അക്ഷോഭ്യമാക്കി നിർത്തൂ. പ്രാണൻ ഇളകിയാൽ സംസാരോദയം. പ്രാണനടങ്ങിയാൽ സംസാരവിലയം. അതുകൊണ്ട് അഭ്യാസപൂർവം പ്രാണനിരോധം സാധിക്കൂ. അജ്ഞാനംകൊണ്ടുള്ള മൂർഖത നിലനിന്നാൽ കർമബന്ധം. അതു മാറിക്കിട്ടിയാൽ കർമമുക്തി. അതുകൊണ്ട് ഗുരുവിനെ ആശ്രയിച്ചും ശാസ്ത്രവിചാരം ചെയ്തും മനഃശുദ്ധി നേടിയും അജ്ഞാനമൗർഖ്യത്തെയകറ്റി കർമമുക്തി നേടൂ. ബോധം പ്രാണരൂപേണ സ്പന്ദിച്ചു ബഹിർമുഖമാകാതിരുന്നാൽ ചിത്തം ഉപശമിക്കും. പ്രാണനെ നിരോധിക്കുന്നതുകൊണ്ടും അതു നേടാം. ചിത്തം ശമിച്ചുകിട്ടുന്നതുതന്നെയാണു പരമപദപ്രാപ്തി. ദൃശ്യദർശന സംബന്ധം

digitized by www.sreyas.in

കൊണ്ടുണ്ടാകുന്ന വിഷയസുഖം പോലും അൽപ്പം ചിന്തിച്ചുനോക്കിയാൽ ഉള്ളിൽ സ്ഥിതിചെയ്യുന്ന ആത്മസുഖം തന്നെയാണെന്നു കാണാൻ കഴിയും. ദൃശ്യദർശനങ്ങളെ മാറ്റി ഉള്ളിൽ ആ ഏകാന്ത സുഖം കണ്ടെത്തുന്നതാണു ബ്രഹ്മദൃഷ്ടി. അതു സാധിച്ചാൽ മനസ്സു താനേ ക്ഷയിച്ചോളും. ചിത്തം തല പൊക്കാതിരിക്കുന്നിടത്താണ് അത്യന്തം ശ്രേഷ്ഠമായ സുഖം. ആ സുഖം പിന്നെ ഒരിക്കലും ക്ഷയിക്കുന്നില്ല. അതുദിക്കുന്നില്ല; അസ്തമിക്കുന്നുമില്ല. ജ്ഞാനിയുടെ ചിത്തം ചിത്തമല്ല; ജ്ഞാനിയുടെ ചിത്തം സത്യമാണ്. പല തുകണ്ടുരാഗദ്വേഷങ്ങളിൽപെടുന്ന ചിത്തമാണു ചിത്തം. ചെമ്പ് വിശേഷ ക്രിയ കൊണ്ട് സ്വർണമാകുന്നതുപോലെ ജ്ഞാനിയുടെ ചിത്തം ജ്ഞാനം കൊണ്ട് ഏകത്വബോധത്തിലുറച്ച് സത്യമായി മാറുന്നു എന്നറിയേണ്ടതാണ്. ജ്ഞാനിചിത്തം ബോധതത്ത്വമായി മാറുന്നു. തുരീയാവസ്ഥയിലെത്തി നിൽക്കുന്ന ആ ചിത്തം പ്രാരബ്ധക്ഷയത്തിനായി അൽപ്പകാലം ലോക രംഗത്തു വിഹരിച്ചിട്ട് തുരീയാതീതസ്ഥിതി പ്രാപിച്ചു നിർവാണമടയുന്നു. ഒരേ ബ്രഹ്മം തന്നെയാണ് ഈ വലിയ ഭുവനകോലാഹലമായി കാണപ്പെ ടുന്നത്. ഒരേ സമവസ്തു പലതു കാട്ടി വിഷമവസ്തുവിനെപ്പോലെ പ്രത്യ ക്ഷപ്പെടുന്നു. എല്ലാം ഒന്നുതന്നെ; കുഞ്ഞേ, ലേശംപോലും മറ്റൊന്നില്ല. ചിത്തം തുടങ്ങിയവപോലും ഉള്ളിൽ വെറുതേ ഉണ്ടെന്നുതോന്നുന്നു; അത്രേ ഉള്ളൂ.

രാമാ, ഇക്കാര്യം കുറേക്കൂടി വ്യക്തമായി ധരിക്കാൻവേണ്ടി ഞാൻ അതി ശയകരമായ ഒരു മനോഹരകഥ ചുരുക്കിപ്പറയാം. ആയിരം യോജനയോളം വലിപ്പമുള്ളതും സ്പഷ്ടവും ശുദ്ധവും യുഗയുഗാന്തരങ്ങളിലും ജീർണിക്കാ ത്തതുമായ വലിയൊരു കൂവളക്കായുണ്ട്. വളരെ പഴയതാണെങ്കിലും ചന്ദ്ര ക്കലകൾപോലുള്ള ദളങ്ങൾകൊണ്ട് അതത്യന്ത മാർദവമുള്ളതാണ്; സുന്ദ രമാണ്. കൽപ്പാന്തത്തിലെ വലിയ കൊടുംകാറ്റുപോലും അതിനെ ഒന്നിള ക്കാൻ കഴിവുള്ളതല്ല. കോടികോടിയോജനയോളം വലിപ്പമുള്ള ഇതിന്റെ രൂപം അളന്നു തിട്ടപ്പെടുത്താനേ സാധ്യമല്ല. ജഗത്തിന്റെ മുഴുവൻ മൂലകാര ണമാണീ കൂവളക്കായ്. ആ കൂവളക്കായുടെ മുകളിലും ചുറ്റിലുമായി അസംഖ്യം ബ്രഹ്മാണ്ഡങ്ങൾ ഒരു പർവതത്തിന്റെ താഴ്വരയിൽ പറ്റിക്കിട ക്കുന്ന പൊടിപടലമെന്നോണം കാണപ്പെടുന്നു. അതൊരിക്കലും പഴുത്തു താഴെവീഴുമെന്നു ശങ്കിക്കാനേയില്ല. എപ്പോഴും അതു പാകമായി നിൽക്കു കയാണ്; എന്നാൽ ജീർണത അതിനെ ബാധിക്കുന്നതേയില്ല. മഹാകൃതിയും സകലലോകഫലങ്ങളുടെയും സാരസത്തുമായ ഈ കൂവളക്കായ്ക്കകത്തു ബോധശക്തി മജ്ജപോലെ കട്ടിപിടിക്കുന്നു. ഇങ്ങനെ കട്ടിപിടിക്കുന്ന ബോധ ശക്തി ഇളകിമറിഞ്ഞു തന്റെ സമസ്ഥിതി നഷ്ടപ്പെടാതെതന്നെ സൃഷ്ടിപ്ര ക്രിയ ആരംഭിക്കുന്നു. ഇതനന്തമായ ആകാശമാണ്, ഇതു വിപുലമായ കാല മാണ്, ഇതാണു നിയതി, ഇതു സ്പന്ദനാത്മികയായ ക്രിയയാണ്, ഇതാണു ബ്രഹ്മാണ്ഡമണ്ഡപം, ഇവയാണാശകൾ. ഇങ്ങനെ പോകുന്നു ആ സൃഷ്ടി ക്രമം. ഇതാണാ കൂവളക്കായുടെ മജ്ജാമനോഹാരിത!

ഇത്രയുമായപ്പോൾ രാമൻ പറഞ്ഞു: 'ഭഗവൻ, എനിക്കു പിടികിട്ടി. അങ്ങു കൂവളക്കായായി ചിത്രീകരിച്ചത് മഹാബോധഘനമായ ബ്രഹ്മത്തെത്തന്നെ യാണ്. അഹങ്കാരം മുതൽ കാണപ്പെടുന്ന സകലതും ബോധം മജ്ജാരൂപം

digitized by www.sreyas.in

പൂണ്ടുകട്ടിപിടിച്ചതുതന്നെ. അല്പവും മറ്റൊന്നില്ല. ഈ പലതിനെ മുഴുവൻ ഒന്നാക്കിത്തീർക്കുന്ന ബോധം. ആദികാരണമായ ബോധത്തിൽ കൂവളക്കായിലെ മജ്ജപോലെ രൂപം കൊള്ളുന്നതാണീ ബ്രഹ്മാണ്ഡസംസ്ഥിതി. അതുപോലെ ഈ ബ്രഹ്മാണ്ഡമജ്ജാസംസ്ഥിതി ബോധമാകുന്ന കൂവളക്കായുടെ മജ്ജ തന്നെയാണ്.

*ഇതി ശ്രീ വാല്മീകിയേ മോക്ഷോപായേ നിർവാണ പ്രകരണേ*
*ബിലോപാഖ്യാനം നാമ*
*തൃതീയഃ സർഗഃ*

## സർഗം 4

# ശിലോപാഖ്യാനം

രാമാ, ഞാൻ ആശ്ചര്യകരമായ മറ്റൊരു കഥ പറയാം. വിചിത്രവും മനോഹരവുമാണാകഥ. ഒരിടത്തൊരു വലിയ പാറയുണ്ട്. നല്ല മിനുമിനുത്തത്, സ്പഷ്ടരൂപം കൈക്കൊണ്ടത്, തൊട്ടാൽ മൃദു, വളരെ വിസ്താരമുള്ളത്, കട്ടി പിടിച്ചത്, ഇടതിങ്ങിയത്. അതിനുള്ളിൽ വിടർന്നുനിൽക്കുന്ന അനേകം താമരപ്പൂക്കൾ; ഒരു പൊയ്കയിലെന്നപോലെ എണ്ണമറ്റു മനോഹരങ്ങളായി കാണപ്പെടുന്നു. അവയുടെ ഇലകളെല്ലാം അന്യോന്യം കോർത്തിണക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവയെല്ലാം വേർപെട്ടു വേർപെട്ടു നിൽക്കുന്നു. തമ്മിൽ തമ്മിൽ ചേർന്നും താഴെയും മുകളിലുമായും തെളിഞ്ഞും ഒളിഞ്ഞും അവ ഉറച്ചു നിൽക്കുന്നു. ചിലതിനു വേരു മുകളിലാണ്, ചിലതിനു വേരു താഴോട്ടാണ്, ചിലതിനു വേരേ ഇല്ല. ഈ താമരകളുടെ അടുത്തായി എണ്ണമറ്റ ശംഖങ്ങൾ കാണ്മാനുണ്ട്. വളരെ വലിപ്പമുള്ള ചക്രങ്ങളും അനേകമുണ്ട്. എല്ലാം താമരകളെപ്പോലെ ഉറച്ചുനിൽക്കുന്നവ.

ഇത്രയുമായപ്പോൾ രാമൻ പറഞ്ഞു: 'മഹർഷേ, സത്യമാണ്, ഞാൻ ഇങ്ങനെയൊരു കല്ലുകണ്ടിട്ടുണ്ട്. ഭഗവാൻ വിഷ്ണു തലയിൽ ധരിക്കുന്ന സാലഗ്രാമശില.'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, മഹാബോധശിലയെക്കുറിച്ചാണു ഞാനീ പറഞ്ഞത്. അതിനകത്തല്ലേ ജഗത്തിന്റെ മുഴുവൻ സ്ഥിതി. കട്ടികൊണ്ടും ഏകമായതുകൊണ്ടും അതിന് പാറയോട് തുല്യത്വമുണ്ട്; ചിദാനന്ദഘനമായ ഒരു വലിയ പാറ. വളരെ കട്ടിപിടിച്ച് ഇടതിങ്ങിയ സ്വരൂപത്തോടുകൂടിയതാണെങ്കിലും ആകാശത്തിൽ മഹാ മാരുതനെന്നപോലെ ജഗദ്വൃന്ദം മുഴുവൻ അതിൽ സ്ഥിതിചെയ്യുന്നു. അതിൽ സ്വർഗമുണ്ട്, ഭൂമിയുണ്ട്, വായുവുണ്ട്, ആകാശമുണ്ട്, പർവതങ്ങളുണ്ട്, നദികളുണ്ട്, ദിക്കുകളുണ്ട്, എല്ലാമുണ്ട് എന്നാൽ ആ ശിലയിൽ ലേശം പോലും ഒരു വിടവില്ല. ശംഖങ്ങളുടേയും താമരകളുടേയും ചിത്രങ്ങൾ പാറയിൽ എത്ര വരച്ചുവച്ചാലും അതിൽ വിടവുണ്ടാകുന്നില്ലല്ലോ; അതുപോലെ ബോധപ്പാറയിൽ കഴിഞ്ഞതും ഇപ്പോഴുള്ളതും വരാനുള്ളതുമായ എത്രയെത്ര ചിത്രങ്ങൾ രചിക്കപ്പെട്ടാലും ഒരു

digitized by www.sreyas.in

വിടവും ഉണ്ടാകുന്നില്ല; തടിയിലെ പാവപോലെ ബോധശിലയിലെ ചിത്രമാണു ജഗത്ത്. പാറയിൽ എന്തൊക്കെ വരച്ചുവച്ചാലും അതിന്റെ ഏകപിണ്ഡത നഷ്ടപ്പെടുന്നില്ലല്ലോ; അതുപോലെയാണ് ബോധശിലാപാറയിൽ ചിത്രീകരിച്ചിരിക്കുന്ന താമര പാറതന്നെ. അതുപോലെ ചിത്തിലെ ജഗത്ചിത്തുതന്നെ; ഒരിക്കലും ചിത്തല്ലാതാകുന്നില്ല. മുളകിലെ എരിവുപോലെയാണു ബോധശിലയിലെ താമരകളാകുന്ന ലോകങ്ങളും നക്ഷത്രങ്ങളാകുന്ന ശംഖങ്ങളും ദ്വീപസമൂഹങ്ങളാകുന്ന ചക്രങ്ങളുമെല്ലാം. മുളകിലെ എരിവ് ഉദിക്കുന്നുമില്ല; അസ്തമിക്കുന്നുമില്ല. അതുപോലെയാണ് ബോധശിലയിലെ സൃഷ്ടിജാലങ്ങളും; ഉദിക്കുന്നുമില്ല; അസ്തമിക്കുന്നുമില്ല. ഗർഭത്തിനുള്ളിൽ ശിശുവെന്നപോലെ കൂവളക്കായ്ക്കുള്ളിൽ മജ്ജയെന്നപോലെ അനന്തവികാരങ്ങളോടുകൂടിയ ബ്രഹ്മാണ്ഡമണ്ഡലം ചിത്തിനുള്ളിൽ സ്ഥിതിചെയ്യുന്നു. ഒരു പാറയിൽ വസ്തുഭേദമില്ലാതെ പദ്മശംഖാദി ചിത്രങ്ങൾ ഉറക്കത്തിലെന്നപോലെ സ്ഥിതിചെയ്യുന്നു. അതുപോലെ ജഗദാവലി ബോധത്തിൽ സ്ഥിതിചെയ്യുന്നു. പാറ എവിടെ എന്തു ചിത്രമോ അതായിക്കാണപ്പെടുന്നു. അതുപോലെ ചിത്ത് എവിടെ എന്തു സങ്കൽപ്പമോ ആ രൂപം കൈക്കൊണ്ടു വിളങ്ങുന്നു. ഉറങ്ങുന്നവനിൽ അവന്റെ പ്രപഞ്ചം ഒളിഞ്ഞിരിക്കുന്നതുപോലെ എല്ലാം ബോധത്തിൽ ഒളിഞ്ഞിരിക്കുന്നു; സർവം ബോധമയം. പലതരം വികാരങ്ങളും കൊണ്ട് നിറഞ്ഞ ഈ പ്രപഞ്ചഭ്രമം പാറയിലെ താമരയെന്നപോലെ ശൂന്യമാണെന്നറിയൂ. ഈ ജഗത്ത് വെറുമൊരുറക്കമാണ്. ശാന്തവും സർവത്രസമവുമായ ബോധസത്യത്തിലെ ശൂന്യപ്രദർശനം. പാറയിലെ താമരപോലെ സൃഷ്ടി അസാരം. ഇതറിഞ്ഞാൽ ജനനമരണഭ്രമം ശമിക്കുന്നതാണ്.

*ഇതിശ്രീ വാത്മീകീയേ മോക്ഷോപായേ നിർവാണ പ്രകരണേ*
*ശിലോപാഖ്യാനം നാമ*
*ചതുർഥഃസർഗഃ*

**സർഗം.5**

# അർജ്ജുനോപാഖ്യാനം

രാമൻ പറഞ്ഞു: 'ഭഗവൻ, അറിയേണ്ടതൊക്കെയറിഞ്ഞു. അനശ്വരസത്യം ബുദ്ധിക്കു തെളിയുകയും ചെയ്തു. എങ്കിലും ബോധദാർഢ്യത്തിനായി ഞാൻ കളിയായി അങ്ങയോടു ചോദിക്കുന്നു. അനന്തകോടി ജഗദ്ദൃശ്യങ്ങളെ പ്രതിബിംബിച്ചുകാട്ടുന്ന കണ്ണാടിയാണല്ലോ പുര്യഷ്ടകം. അതിന്റെ രൂപം ഒന്നുകൂടി വിവരിച്ചു കേൾക്കാൻ ആഗ്രഹം.

വസിഷ്ഠൻ പറഞ്ഞു: 'അനാദിയും അനന്തവും ആമയരഹിതവുമായ ബ്രഹ്മമാണു ജഗത്തിന്റെ ആദിബീജം. ആ ബ്രഹ്മം തന്നെ സൃഷ്ട്യുന്മുഖമാകുന്നതോടെ ജീവനെന്നറിയപ്പെടുന്നു. പുരുഷനെന്നറിയപ്പെടുന്നതും ശുദ്ധബോധമാത്രരൂപവും സൃഷ്ടിയുടെ നിഴൽപോലുമില്ലാത്തതുമായ സത്യം സൃഷ്ടിക്കാരംഭമിടുന്നതോടെ ജീവരൂപം കൈക്കൊള്ളുന്നു. ആ ജീവൻ തന്നെയാണ് ഈ ശരീരത്തിലിരുന്നുകൊണ്ട് സ്പന്ദിച്ചുപെരുകുന്നത്. 'അഹം'

digitized by www.sreyas.in

ഭാവന ചെയ്ത് അഹംകാരമാകുന്നു; സങ്കൽപ്പരൂപം ഭാവനചെയ്തു മന സ്സാകുന്നു; നിശ്ചയരൂപം ഭാവന ചെയ്തു ബുദ്ധിയാകുന്നു; ഉപകരണങ്ങളെ ഭാവനചെയ്ത് ഇന്ദ്രിയങ്ങളാകുന്നു. ദേഹഭാവനകൊണ്ട് ദേഹം; ഘടഭാവന കൊണ്ട് ഘടം. ഇങ്ങനെ ഭാവനാ വലയിതമാകുന്ന ആത്മാവു തന്നെയാണു പുര്യഷ്ടകമെന്നറിയപ്പെടുന്നത്. ഭാവനാമയനായ ജീവന്റെ സൂക്ഷ്മദേഹം തന്നെയാണ് പുര്യഷ്ടകം. ജീവനില്ലാതെ സൂക്ഷ്മശരീരമില്ല, സൂക്ഷ്മശരീ രമില്ലാതെ ജീവനുമില്ല. അതുകൊണ്ടാണ് ജീവനെത്തന്നെ പുര്യഷ്ടകമായി വിവരിച്ചിരിക്കുന്നത്. അറിയുന്നവനാണ്, കർത്താവാണ്, ഭോക്താവാണ്, സാക്ഷിയാണ് എന്നിങ്ങനെ പല ഭാവങ്ങൾ കൈക്കൊള്ളുന്ന ജീവബോധം തന്നെയാണു പുര്യഷ്ടകം എന്നറിയപ്പെടുന്നത്. പുര്യഷ്ടകം നിമിത്തമാണ് ജനങ്ങൾ ഒരു സ്വപ്നത്തിൽ നിന്നു മറ്റൊരു സ്വപ്നത്തിലേക്കു കടക്കുന്ന തുപോലെ അസത്യരൂപമായ ഈ ജഗത്തിനെ കണ്ടുകഴിഞ്ഞുകൂടാനിടവ രുന്നത്. ഇനിമേൽ കൃഷ്ണരൂപിയായ സാക്ഷാദ് വിഷ്ണുതന്നെ പാണ്ഡു പുത്രനായ അർജ്ജുനന് മംഗളപ്രദമായ അനാസക്തിയോഗം ഉപദേശിക്കു ന്നുണ്ട്. അർജ്ജുനൻ അതംഗീകരിച്ചു സുഖമായി ജീവന്മുക്തിനേടി ജീവി ക്കാനും ഇടയാകും. രാമാ, നീയുമതുപോലെ തികഞ്ഞ നിസ്സംഗഭാവ മുൾക്കൊണ്ടു സുഖമായി ജീവിക്കൂ!'

രാമൻ ചോദിച്ചു: 'ബ്രഹ്മൻ, പാണ്ഡുപുത്രനായ അർജ്ജുനൻ എപ്പോ ഴാണ് ജനിക്കുക? ഹരി അദ്ദേഹത്തിന് എങ്ങനെയുള്ള നിസ്സംഗത്വമാണ് ഉപ ദേശിക്കുക?'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഓരോ ചതുർ യുഗം കഴിയുമ്പോഴും ലോക രുടെ മുഴുവൻ ജീവനപഹരിച്ചതുകൊണ്ട് പാപം വന്നുചേരുന്നു എന്നു ശങ്കിച്ചു ഭഗവാൻ യമൻ തപസ്സിലേർപ്പെടാറുണ്ട്. ചിലപ്പോൾ എട്ടുവർഷം, ചിലപ്പോൾ പത്തുവർഷം, പന്ത്രണ്ടുവർഷം ചിലപ്പോൾ അഞ്ചും ഏഴും വർഷം എന്നിങ്ങനെ അദ്ദേഹത്തിന്റെ തപസ്സു നീണ്ടു പോകും. തപസ്സനു ഷ്ഠിക്കുന്ന കാലമത്രയും യമൻ ഉദാസീനനായി വർത്തിക്കുന്നതുകൊണ്ട് മൃത്യു ജീവജാലങ്ങളെയൊന്നും പിടികൂടുന്നതേയില്ല. അക്കാലത്ത് ഭൂമ ണ്ഡലം ജീവജാലങ്ങളെ കൊണ്ടു തിങ്ങി നിറയും. നിന്നു തിരിയാൻ ഇടമി ല്ലാതാകും; മഴക്കാലത്തു മദമിളകുന്ന ആനയിൽ മദജലം നിമിത്തം കൊതു കുകൾ വന്നു പറ്റുന്നതു പോലെയാണ് ജീവികളുടെ പെരുപ്പം അക്കാലത്ത് അനുഭവപ്പെടുന്നത്. അക്കാലത്ത് ദേവന്മാർ മറ്റു പല വിചിത്രങ്ങളായ ഉപാ യങ്ങളും ഉപയോഗിച്ചാണ് ഭൂഭാരം തീർക്കാനായി ജീവജാലങ്ങളെ നശിപ്പി ക്കുന്നത്. ഇങ്ങനെ ദേവന്മാരുടെ ഉപായങ്ങൾ കൊണ്ടു ഭൂഭാരം ക്ഷയിച്ച് അനേകായിരം ചതുർയുഗങ്ങൾ കടന്നു പോയിട്ടുണ്ട്. അനേകലോകങ്ങളും അനന്ത ജീവജാലങ്ങളും ക്ഷയിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയിരിക്കെ ഇനി പിതൃ നായകനായ വൈവസ്വത യമന്റെ കാലം വന്നു ചേരും. ജീവജാലങ്ങളെ പിടികൂടിയതിന്റെ പാപശങ്ക അദ്ദേഹത്തെയും ഗ്രസിക്കും. പാപം ക്ഷയിപ്പി ക്കാനായി ജന്തുഹത്യാ കർമമൊക്കെ മാറ്റിനിർത്തി പന്ത്രണ്ടു വർഷം കഠി നമായ വ്രതചര്യയിലേർപ്പെടാൻ അദ്ദേഹം തീരുമാനിക്കും. മരണമില്ലാത്ത മനുഷ്യരേയും മറ്റു ജീവജാലങ്ങളേയും കൊണ്ട് ഭൂമണ്ഡലം ഇടതിങ്ങി നിറയും. ഇടതിങ്ങിയ ചെടികളെ കൊണ്ടെന്ന പോലെ ജീവജാലങ്ങളെ ക്കൊണ്ടു ഭൂമിദേവി ഭാരവതിയായിത്തീരും. ഭാരം സഹിക്കവയ്യാതെ ദേവി

digitized by www.sreyas.in

വിഷ്ണുവിനെ ശരണം പ്രാപിക്കും. തുടർന്ന് ഭഗവാൻ ഒരേസമയത്ത് രണ്ടു ശരീരങ്ങൾ അംഗീകരിച്ചവതരിക്കും. വാസുദേവ പുത്രനായി വാസുദേവനെന്ന പേരിൽ ഒന്ന്; പാണ്ഡുനന്ദനനായി അർജ്ജുനനെന്ന പേരിൽ മറ്റൊന്ന്. ധൃതരാഷ്ട്ര പുത്രന്മാരായ കൗരവന്മാരുമായി അതിദാരുണമായ യുദ്ധമുണ്ടാകും. തന്റെ ബന്ധുക്കളെ മുഴുവൻ യുദ്ധത്തിൽ കൊല്ലേണ്ട ചുറ്റുപാട് അർജ്ജുനനു വന്നുചേരും. യുദ്ധരംഗത്ത് ആ ബന്ധുക്കളെ മുൻപിൽ കണ്ട് അർജ്ജുനൻ വിഷാദമഗ്നനായി ഭവിക്കും. യുദ്ധത്തിൽ നിന്നും പിന്മാറാൻ ഒരുമ്പെടും. കാര്യസിദ്ധിക്കായി അർജ്ജുനനാമത്തിലുള്ള അദ്ദേഹത്തിന് ജ്ഞാനസിദ്ധി കൈവന്നിട്ടുള്ള കൃഷ്ണദേഹം തത്ത്വോപദേശം ചെയ്യും. പലവിധ യുക്തികളും പറഞ്ഞു ബോധ്യപ്പെടുത്തും.

'ഹേ രാജസിംഹ, അനന്തവും അനാദിമധ്യവും ഇന്ദ്രിയങ്ങൾക്ക് അവിഷയവുമായ ആത്മാവിനെ ജഡദേഹങ്ങളിൽ നിന്ന് വേർതിരിച്ചു കാണൂ. എങ്ങും നിറഞ്ഞു നിൽക്കുന്ന ശുദ്ധബോധസ്വരൂപനും കളങ്കമറ്റവനും ജനിക്കാത്തവനും നിത്യനും ഒരു ദുഃഖവുമില്ലാത്തവനുമാണ് നീയെന്നറിയൂ. ഈ ആത്മാവ് ഒരിക്കലും ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. ആത്മാവ് ഇതിനു മുമ്പ് ജനിച്ചിട്ടില്ല. ഇനി ജനിക്കുകയുമില്ല. ജനിക്കാത്തവനാണ്, നിത്യനാണ്, എന്നുമുള്ളവനാണ്, പണ്ടേയുള്ളവനാണ്. ശരീരം ഹനിക്കപ്പെടുമ്പോഴും ആത്മാവ് ഹനിക്കപ്പെടുന്നില്ല.

286. യോഗസ്ഥഃകുരുകർമാണി സംഗംത്യക്ത്വാ ധനഞ്ജയ
ബ്രഹ്മാർപിതസമാചാരോ ബ്രഹ്മൈവഭവസി ക്ഷണാത്

ധനഞ്ജയ-അല്ലയോ അർജ്ജുനാ, സംഗംത്യക്ത്വാ-ഞാൻ, എന്റേതെന്ന ഭാവമുപേക്ഷിച്ച്; യോഗസ്ഥഃ-മനസ്സിന്റെ സമനില അഭ്യസിച്ചുകൊണ്ട്; കർമാണികുരു-ചെയ്യേണ്ട കാര്യങ്ങൾ ചെയ്യൂ; ബ്രഹ്മാർപിതസമാചാരഃ -സർവം ബ്രഹ്മമയം എന്നുറപ്പിച്ചുകൊണ്ട് കർമത്തിലേർപ്പെടുന്ന നീ; ക്ഷണാത് ബ്രഹ്മഏവ ഭവസി-ക്ഷണം കൊണ്ട് ബ്രഹ്മം തന്നെയായി ഭവിക്കുന്നു.

അല്ലയോ അർജ്ജുനാ, ഞാൻ, എന്റേത് എന്ന ഭാവമുപേക്ഷിച്ച് മനസ്സിന്റെ സമനില അഭ്യസിച്ചുകൊണ്ടു ചെയ്യേണ്ട കാര്യങ്ങൾ ചെയ്യൂ. സർവം ബ്രഹ്മമയം എന്നുറപ്പിച്ചുകൊണ്ടു കർമത്തിലേർപ്പെടുന്ന നീ ക്ഷണം കൊണ്ടു ബ്രഹ്മം തന്നെയായി ഭവിക്കുന്നു.

## യോഗസ്ഥഃകുരുകർമാണി

യോഗമഭ്യസിച്ചുകൊണ്ടു കർമം ചെയ്യണം. എന്താണു യോഗം? മനസ്സിന്റെ സമനിലയാണു യോഗം. സുഖത്തിലും ദുഃഖത്തിലും ലാഭത്തിലും നഷ്ടത്തിലും ജയത്തിലും പരാജയത്തിലും മാനത്തിലും അപമാനത്തിലുമൊക്കെ മനസ്സിനെ അക്ഷോഭ്യമാക്കിനിറുത്തുന്നതാണ് സമനില. ഈ സമനില തന്നെയാണ് ബ്രഹ്മാർപിതത്വം. കൃഷ്ണൻ ഗീതയിൽ പ്രഖ്യാപിക്കുന്നത് സമനില പ്രാപിച്ച ചിത്തം തന്നെയാണ് ബ്രഹ്മമെന്നത്രേ. സമനില പ്രാപിച്ച മനസ്സ് സൃഷ്ടിയെ ജയിക്കുന്നു; അതായത് സൃഷ്ടി സ്ഥിതി സംഹാരങ്ങളിലൊക്കെ അക്ഷോഭ്യമായിത്തന്നെ വർത്തിക്കുന്നു. ഒരേ വസ്തുവിൽ രൂപങ്ങൾ ആവിർഭവിക്കുമ്പോൾ വിവിധ വസ്തുക്കളുണ്ടാകുന്നു എന്നു ഭ്രമിക്കുകയും രൂപങ്ങൾ കാണപ്പെടുന്നിടത്തോളം വിവിധ വസ്തുക്കൾ നിലനിൽക്കുന്നു

digitized by www.sreyas.in

എന്നു ഭ്രമിക്കുകയും രൂപങ്ങൾ മറയുന്നതോടെ വിവിധ വസ്തുക്കൾ നശിച്ചു എന്നു ഭ്രമിക്കുകയും ചെയ്യുന്നതാണ് യഥാക്രമം സൃഷ്ടിസ്ഥിതി സംഹാരങ്ങൾ. മനസ്സിന്റെ സമനില തെറ്റിച്ചു ചലിപ്പിക്കുന്നത് ഈ ഭ്രമങ്ങളാണ്. വസ്തു ഒന്നേയുള്ളൂവെന്നും രൂപദർശനങ്ങളിൽ വസ്തുവിനു മാറ്റമൊന്നും സംഭവിക്കുന്നില്ലെന്നും അറിഞ്ഞയാളിന് യഥാർത്ഥത്തിൽ സൃഷ്ടിസ്ഥിതിസംഹാരങ്ങളൊന്നും സംഭവിക്കുന്നില്ല. ഈ ഉറപ്പ് അയാളെ ക്ഷണത്തിൽ ബ്രഹ്മമാക്കി മാറ്റുന്നു.

കൃഷ്ണൻ തുടരും: എല്ലാം ഈശ്വരാർപണമാക്കി ഈശ്വരസ്വരൂപനായി ദുഃഖമൊഴിവാക്കൂ. എല്ലാ ജീവജാലങ്ങളുടെയും ആത്മാവായി വിളങ്ങുന്ന ഈശ്വരരൂപം പ്രാപിച്ച് ഭൂമിക്കു ഭൂഷണമായിത്തീരൂ. സങ്കൽപ്പങ്ങളൊക്കെ സന്ന്യസിച്ച് സമചിത്തനും ശാന്തനുമായ മുനിയായിത്തീരൂ. സന്ന്യാസയോഗത്തിലൂടെ കർമ വിമുക്തിനേടൂ;

അർജ്ജുനൻ ചോദിക്കും: ഭഗവൻ, സംഗത്യാഗം, ബ്രഹ്മാർപണം, ഈശ്വരാർപണം, സംന്യാസം, ജ്ഞാനം, യോഗം ഇവയ്ക്കൊക്കെ തമ്മിലെന്താണു ഭേദം. എനിക്കു മോഹം വിട്ടുകിട്ടാനായി വിശദമായി പറഞ്ഞുതരൂ;

ഭഗവാൻ പറയും: 'സങ്കൽപ്പങ്ങളെല്ലാം ശമിച്ചു കട്ടിപിടിച്ച വാസന ഒഴിഞ്ഞുപോയാൽ ഭാവനാരൂപമൊന്നുമില്ലാതെ അവശേഷിക്കുന്ന അനുഭവം തന്നെയാണു ബ്രഹ്മം. അതു നേടാനുള്ള പ്രയത്നമാണു ജ്ഞാനമെന്നും യോഗമെന്നും അറിയപ്പെടുന്നത്. ഈ ജഗത്ത് ബ്രഹ്മം തന്നെ, ഞാനും ബ്രഹ്മം തന്നെ എന്ന തീരുമാനമാണ് ബ്രഹ്മാർപണം. കർമങ്ങളിൽ ഫലചിന്ത വെടിയുന്നതാണു സംന്യാസം. സങ്കൽപ്പത്യാഗമാണു നിസംഗത്വം. ദ്വൈതഭാവന പാടെ കൈവിട്ട് സൃഷ്ടിയെ മുഴുവൻ ഒരേ ഒരീശ്വരനായി കാണുന്നതാണ് ഈശ്വരാർപണം. അർജ്ജുനാ, മനസ്സെന്നിലർപ്പിക്കൂ; എപ്പോഴും എന്നെ ആശ്രയിക്കൂ; എല്ലാകർമം കൊണ്ടും എന്നെ യജിക്കൂ; എവിടെയും എന്നെക്കണ്ടു നമസ്ക്കരിക്കൂ. എന്നെ ലക്ഷ്യമാക്കി നീ ഈ വിധമെല്ലാം കഴിഞ്ഞുകൂടുമെങ്കിൽ തീർച്ചയായും എന്നെത്തന്നെ പ്രാപിക്കും. സാമാന്യമെന്നും പരമമെന്നും എനിക്കു രണ്ടു രൂപങ്ങളുണ്ട്. ശംഖചക്രഗദാധരനായി കൈകാലുകളോടുകൂടിയ സാകാരരൂപം എന്റെ സാമാന്യരൂപമാണ്. ഭക്തന്മാരുടെ രുചിഭേദമനുസരിച്ച് അതനേകമാണ്. അനാദ്യന്തവും ഏകവുമായ ബോധരൂപമാണ് എന്റെ പരമ രൂപം. ബ്രഹ്മമെന്നും പരമാത്മാവെന്നുമുള്ള ശബ്ദങ്ങളിലാണാരൂപം അറിയപ്പെടുന്നത്. പരമരൂപം അറിഞ്ഞുണരാത്തിടത്തോളം നീ ആത്മജ്ഞാനിയാകുന്നില്ല. അതുവരെ ചതുർഭുജാകാരനായ ദേവനെ പൂജിച്ചു ഭജിക്കൂ, ആ ക്രമമനുസരിച്ചു മുന്നോട്ടുപോയാൽ ചിത്തശുദ്ധിവന്ന് പരമരൂപമറിയാൻ കരുത്തുള്ളവനായിത്തീരും. എന്റെ അനാദ്യമായ ആ പരമരൂപമറിഞ്ഞാൽ പിന്നെ ജനിക്കേണ്ടിവരുന്നില്ല. മാനമോഹങ്ങളില്ലാത്തവരും, സംഗദോഷത്തെ ജയിച്ചവരും, ആത്മാവു മാത്രമേ സത്യമായുള്ളൂ എന്നുറപ്പുവന്നവരും, ലൗകികകാമങ്ങൾ വിട്ടുപോയവരും, സുഖദുഃഖരൂപങ്ങളായ ദ്വന്ദ്വഭാവങ്ങൾ ഉൾക്കൊള്ളാത്തവരുമായ മഹാപുരുഷന്മാർ ശാശ്വതമായ ആ പരമാത്മപദം കണ്ടെത്തുന്നു.

287. യസ്യ സർവേസമാരംഭാഃ കാമസങ്കൽപ്പ വർജിതാഃ
ജ്ഞാനാഗ്നി ദഗ്ദ്ധകർമാണം തമാഹുഃ പണ്ഡിതം ബുധാഃ

digitized by www.sreyas.in

യസ്യസമാരംഭാ സർവേ-ആരുടെ കർമങ്ങളാണോ എല്ലാം; കാമസങ്കൽപ്പ വർജിതാഃ-ഫലകാമസങ്കൽപ്പങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നത്; ജ്ഞാനാഗ്നിദഗ്ദ്ധകർമാണംതം-സർവം ബ്രഹ്മമയമെന്ന ജ്ഞാനാഗ്നിയിൽ കർമങ്ങളെ എരിച്ചു ചാമ്പലാക്കിയ അദ്ദേഹത്തെ; ബുധാഃപണ്ഡിതം ആഹുഃ-അറിവുള്ളവർ പണ്ഡിതനായി കണക്കാക്കുന്നു.

ആരുടെ കർമങ്ങളാണോ എല്ലാ ഫലകാമസങ്കൽപ്പങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നത്, സർവം ബ്രഹ്മമയമെന്ന ജ്ഞാനാഗ്നിയിൽ കർമങ്ങളെ എരിച്ചു ചാമ്പലാക്കിയ അദ്ദേഹത്തെ അറിവുള്ളവർ പണ്ഡിതനായി കണക്കാക്കുന്നു.

**ജ്ഞാനാഗ്നിദഗ്ദ്ധകർമാണം**

ബാഹ്യകർമങ്ങളെ ത്യജിക്കുന്നതല്ല സന്ന്യാസം. ദേഹംകൊണ്ട് സദാ കർമം ചെയ്തുകൊണ്ടിരുന്നാലും സർവത്ര ബ്രഹ്മഭാവന പുലർത്തി ജ്ഞാനാഗ്നിയിൽ കർമവാസനകളെ എരിച്ചു ചാമ്പലാക്കുന്നതാണു സന്ന്യാസം. ലൗകികഫലങ്ങൾ നേടി സുഖിക്കാനണല്ലോ ഒരാൾ കർമം ചെയ്യുന്നത്. ചിത്തശുദ്ധിവന്നു ജ്ഞാനം ദൃഢപ്പെടുന്നതോടെ നിരപേക്ഷവും അനന്തവുമായ ആത്മസുഖം അനുഭവപ്പെടാൻ തുടങ്ങുന്നു. ദേഹം നഷ്ടമായാൽപോലും തനിക്കീസുഖം നഷ്ടമാകുകയില്ലെന്നും തെളിയുന്നു. ഈ ആത്മാനുഭവമുള്ള ജ്ഞാനി പിന്നെ എന്തിനു ലൗകികകാമങ്ങൾ കൊതിക്കണം. ചിലപ്പോൾ ദേഹമുള്ളിടത്തോളം അദ്ദേഹം ലോകസംഗ്രഹത്തിനായി കർമം ചെയ്തു എന്നു വരാം. എന്നാൽ കർമവാസന ജ്ഞാനാഗ്നിയിൽ എരിഞ്ഞുചാമ്പലായതു കൊണ്ടു കർമമൊന്നും അദ്ദേഹത്തിനു ബന്ധകാരണമാകുന്നില്ല. ഇങ്ങനെയുള്ള മഹാത്മാവിനെയാണറിവുള്ളവർ പണ്ഡിതൻ എന്നു പറയുന്നത്. 'പണ്ഡാ' എന്ന പദത്തിനു ബ്രഹ്മജ്ഞാനം എന്നാണർഥം. പണ്ഡയുള്ളവൻ പണ്ഡിതൻ.

കൃഷ്ണൻ തുടരും: 'രണ്ടെന്ന ഭാവമില്ലാതെ സർവത്ര നിത്യസത്യത്തെ ദർശിച്ചുകൊണ്ട് ദേഹമുൾപ്പെടെ ഒന്നും നഷ്ടപ്പെടരുതെന്നാഗ്രഹിക്കാതെ അന്നന്നു വന്നുചേരുന്ന കർമങ്ങളനുഷ്ഠിച്ച്, അർജുനാ, ഭൂമിക്കു ഭൂഷണമായിത്തീരൂ. വിന്ധ്യപർവതം വെടിച്ചു കീറട്ടെ; പ്രളയകൊടുങ്കാറ്റ് ആഞ്ഞടിക്കട്ടെ, ഗുരുവിനെയും ശാസ്ത്രത്തെയും അനുസരിക്കുന്ന സത്യാന്വേഷി ആത്മാന്വേഷണം പരിത്യജിക്കാൻ പാടില്ല. അർജുനാ, അജ്ഞാനംകൊണ്ടു മാത്രമാണ് കർമവാസന ഉദയം ചെയ്യുന്നത്. ആത്മജ്ഞാനം ഉദയം ചെയ്യുന്നതോടുകൂടി കർമവാസന പൂർണമായും വിലയം പ്രാപിക്കുന്നു.'

ഭഗവാൻ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ച് ക്ഷണനേരം മൗനമവലംബിച്ചു മുൻപിൽ നിൽക്കും. തുടർന്നു നീലത്താമരയുടെ മുമ്പിൽ മുരളുന്ന വണ്ടുപോലെ അർജുനൻ പ്രതിവചിക്കും: 'ഭഗവൻ, എന്റെ ശോകഭാരം മുഴുവൻ അകന്നുപോയിരിക്കുന്നു. സത്യബോധം തെളിഞ്ഞിരിക്കുന്നു. അങ്ങരുളിയ ജ്ഞാനാമൃതം നുകർന്നു സൂര്യകിരണം തട്ടിയ താമരപ്പൊയ്കപോലെ എന്റെ ബുദ്ധി ഉണർവുറ്റതായിത്തീർന്നിരിക്കുന്നു.'

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണപ്രകരണേ*
*അർജുനോപാഖ്യാനം നാമ*
*പഞ്ചമഃസർഗഃ*

digitized by www.sreyas.in

**സർഗം. 6**

# ശതരുദ്രോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഞാൻ മറ്റൊരിതിഹാസം നിന്നെ കേൾപ്പിക്കാം. കുറച്ചൊക്കെ സത്യവിചാരം ചെയ്യാൻ കഴിവുനേടിയ ഒരു ഭിക്ഷുവിന്റെ കഥയാണ്. സമാധി പരിശീലനത്തിൽ തൽപ്പരനായ ഒരു മഹാഭിക്ഷുവുണ്ടായിരുന്നു. തന്റെ കൃത്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സമാധിയും പരിശീലിച്ച് അദ്ദേഹം ദിവസങ്ങൾ കഴിച്ചുകൂട്ടി. സമാധിപരിശീലനം കൊണ്ട് അദ്ദേഹത്തിന്റെ ചിത്തം ശുദ്ധീകരിക്കപ്പെട്ടു. തുടർന്ന് എന്തു സങ്കൽപ്പിച്ചാലും ചിത്തം ക്ഷണം കൊണ്ട് വെള്ളം കുമിളയാകുന്നതുപോലെ ആ രൂപം കൈക്കൊള്ളുമെന്ന സ്ഥിതി വന്നു. ഒരിക്കൽ അദ്ദേഹം സമാധിയിൽ നിന്നും വിരമിച്ച് ഏകാഗ്രചിത്തനായിരിക്കുകയായിരുന്നു. ആ ഇരിപ്പിൽ തന്നെ ഇരുന്നുകൊണ്ട് തന്റെ കർമപരിപാടികളെക്കുറിച്ചു ചിലതൊക്കെ സങ്കൽപ്പിച്ചു. പെട്ടെന്നദ്ദേഹത്തിന് ഒരാശയം തോന്നി. ഞാൻ ഒരു ലീലയെന്നോണം, ഒരു സാധാരണ ലൗകികനെപ്പോലെ കുറച്ചുദിവസം ജീവിക്കുന്നതാണ്. ഇങ്ങനെ ചിന്തിച്ച് അദ്ദേഹം ഒരു സാധാരണ ലൗകികനായി മാറി. മനസ്സു വശത്താണെങ്കിൽ അതിനെ സ്പന്ദിപ്പിച്ച് ഏതു നിശ്ചയവും ക്ഷണം കൊണ്ടു നടപ്പാക്കാൻ ഒരു പ്രയാസവുമില്ല. വെള്ളത്തിൽ കുമിളകൾ പോലെ ചിത്തനിശ്ചയങ്ങൾ നടപ്പാകും. ചിന്തിച്ചു തീരുമാനിച്ചദ്ദേഹം പെട്ടെന്നു തന്റെ പേരു മാറ്റി. 'ജീവടൻ' എന്ന പുതിയ നാമം കൈക്കൊണ്ടു. യാദൃച്ഛികമായി തീരുമാനിച്ച ജീവട പുരുഷനായി അദ്ദേഹം ഒരു സ്വപ്നപുരുഷനെപ്പോലെ ലോകകാര്യങ്ങളിലേർപ്പെട്ടു. എല്ലാം സ്വന്തം ഇരിപ്പിടത്തിൽ തന്നെ ഇരുന്നുകൊണ്ടുള്ള മനോരാജ്യാനുഭവങ്ങൾ. മനോരാജ്യത്തിലൂടെ വലിയൊരു നഗരം അനുഭവപ്പെടുത്തി. ഒരിക്കൽ ആ നഗരവീഥികളിൽ ചുറ്റിത്തിരിഞ്ഞു കുടിച്ചു മദമത്തനായി ഒരിടത്തു കിടന്നുറങ്ങാനിടയായി. ക്ഷണംകൊണ്ടാസ്ഥിതി മാറി. സ്വപ്നത്തിൽ വേദം പഠിച്ചുരുവിട്ടു തൃപ്തനായ ഒരു ബ്രാഹ്മണനായനുഭവപ്പെട്ടു. വെറും മനോരാജ്യത്തിൽ ഒരാൾ ഒരു ദേശത്തുനിന്നും മറ്റൊരു ദേശത്തെത്തുന്നതുപോലെയാണു ജീവടാനുഭവങ്ങളൊക്കെ മാറിമാറി വന്നത്. വേദപണ്ഡിതനായ ബ്രാഹ്മണൻ ചിലപ്പോൾ പകൽസമയത്തെ ജോലിത്തിരക്കുകൊണ്ടു ക്ഷീണിച്ച് ഉറക്കമാകും. ഉള്ളിൽ സങ്കൽപ്പങ്ങളടങ്ങി ഒരു മരം പോലെ കിടന്നുറങ്ങും. അങ്ങനെ ഉറങ്ങിക്കിടക്കുമ്പോൾ ആ ബ്രാഹ്മണൻ സ്വപ്നത്തിൽ ഒരു സാമന്തരാജാവായിതീർന്നതായി അനുഭവിച്ചു. സാമന്തൻ ഭക്ഷണം കഴിഞ്ഞ് ഒരു ദിവസം ഗാഢനിദ്രയിലാണ്ടു. പെട്ടെന്നു സാമന്തൻ അനേകം സാമന്തരാജാക്കന്മാരുടെ മേൽക്കോയ്മയുള്ള ഒരു മഹാരാജാവായിമാറി. മഹാരാജാവ് സങ്കൽപ്പങ്ങളൊക്കെ ശമിച്ചു സ്വസ്ഥനായി ഒരു ദിവസം ഉറക്കമാരംഭിച്ചു. ഉറക്കത്തിൽ താൻ അതിസുന്ദരിയായ ഒരു ദേവസ്ത്രീയായിത്തീർന്നതായി അദ്ദേഹം അനുഭവിച്ചു. ആ ദേവസ്ത്രീ ഒരിക്കൽ രതിക്രീഡ നടത്തി ക്ഷീണിതയായി ഉറങ്ങാൻ കിടന്നു. തുടർന്നവൾ ഓടിച്ചാടി നടക്കുന്ന ഒരു മാൻപേടയായി രൂപംകൊണ്ടു. ചഞ്ചലനേത്രയായ ആ മാൻപേട ഒരു ദിവസം ഒന്നുറങ്ങി. പെട്ടെന്നാപേടമാൻ താൻ ധാരാളം കണ്ടു

digitized by www.sreyas.in

പരിചയിച്ചിട്ടുള്ള ഒരു മനോഹര ലതയായി മാറി. സ്വഭാവമനുസരിച്ചു മൃഗങ്ങൾ പോലും സ്വപ്നം കാണാറുണ്ട്. കണ്ടതും കേട്ടതുമായ കാര്യങ്ങൾ ഓർമ്മിച്ചനുഭവിക്കുക എന്നത് ചിത്തത്തിന്റെ സ്വഭാവമാണ്. ആ മനോഹര ലത പൂത്തു തളിർത്തു. വനദേവിമാരുടെ ക്രീഡാരംഗമായ ഒരു വള്ളിക്കുടിലിനു ശോഭ പകർന്നു വിലസി. വിത്തിനകത്തു മുളപ്പ് ലയിച്ചിരിക്കുന്നതു പോലെ സങ്കൽപ്പങ്ങൾ ആ വള്ളിയിൽ ലയിച്ചിരുന്നു. ഉള്ളിലെ ഓർമ്മകൊണ്ട് താൻ വള്ളിയായി ചുറ്റിപ്പിണഞ്ഞു കിടക്കുന്നതായി അവൾ കണ്ടു. അങ്ങനെ കുറച്ചുകാലം ഉറക്കത്തിലെന്നപോലെ കട്ടിപിടിച്ച ജഡത്വത്തിൽ കഴിഞ്ഞു കൂടി. അങ്ങനെ കഴിയവേ ഒരു ദിവസം ആ ലത താൻ ഒരു വണ്ടായിത്തീർന്നു എന്നനുഭവിച്ചു. ഒരു വിടർന്ന താമരയിൽ ചെന്നുപറ്റി അതു കൂമ്പിയപ്പോൾ അതിനകത്തകപ്പെട്ടു പോയതായും കണ്ടു. മിക്കവാറും ജഡരൂപം കൈക്കൊള്ളുന്ന സ്ഥാവരചിത്തംപോലും ചിലപ്പോൾ സങ്കൽപ്പോന്മുഖമായിത്തീരുന്നു എന്നു കാണേണ്ടതാണ്. ആ താമരയെ പിഴുതെറിയാനായി ഒരിക്കൽ ഒരാന വന്നെത്തി. രമ്യവസ്തുക്കളെ നശിപ്പിക്കാനായി മൂഢമതികളുടെ ശക്തി വികസ്വരമാകുന്നത് സ്വാഭാവികമാണ്. അങ്ങനെ താമരയോടൊപ്പം ആ വണ്ടും തവിടുപൊടിയായി. ആനയുമായി ബന്ധപ്പെട്ടു ആനയെ ഭാവന ചെയ്തതു നിമിത്തം വണ്ട് ആനയായി മാറി. ഗന്ധവിശേഷം ആസ്വദിച്ച് ആ ആന മദമത്തനായി ഭവിച്ചു. ഒടുവിൽ ആനപിടിയന്മാർ കുഴിച്ച ഉണങ്ങിക്കിടക്കുന്ന സമുദ്രംപോലുള്ള ഒരു കുഴിയിൽ ആന വീഴാൻ ഇടയായി. സമർത്ഥനായ ഒരു രാജാവിനാൽ ബന്ധനസ്ഥനാക്കപ്പെട്ടു കാട്ടാന മെരുങ്ങി നാട്ടാനയായി മാറി. രാജാവിന്റെ ഗജസൈന്യത്തിൽ അംഗമായി. ഒരു യുദ്ധക്കളത്തിൽ വധിക്കപ്പെട്ട് ആനയുടെ ജീവിതം അവസാനിപ്പിച്ചു. കവിളിൽ പറ്റിയിരുന്ന വണ്ടുകളെ ഭാവന ചെയ്ത് ആന വീണ്ടും വണ്ടായി ഭവിച്ചു. വീണ്ടും ആനക്കാലിന്റെ ആക്രമണമേറ്റു താമരയോടൊപ്പം തവിടുപൊടിയായിത്തീർന്നു. തന്റെ സമീപം വിഹരിച്ചിരുന്ന ഒരരയന്നത്തെ ഭാവന ചെയ്തുകൊണ്ട് അരയന്നമായി മാറി. കളഹംസം പല പല ജീവിതങ്ങൾ മാറി മാറി അനുഭവിച്ചശേഷം ഒടുവിൽ ബ്രഹ്മാവിന്റെ വാഹനമായ അരയന്നമായി ഭവിച്ചു. അങ്ങനെ ചിരകാലം വിഹരിച്ചുനടന്നു. ഒരിക്കൽ ആ പക്ഷി രുദ്രപുരത്തിലെത്തി രുദ്രനെ കാണാനിടയായി. രുദ്രഭാവന രൂഢമായതോടെ അരയന്നം രുദ്രാകാരം കൈക്കൊണ്ടു. ശിവപുരാചാരങ്ങളോടും ഗണങ്ങളോടുമൊരുമിച്ചു ചിരകാലം ശിവരൂപിയായി വിഹരിച്ചു. രുദ്രനായിക്കഴിയവേ, വ്യക്തമായ ആത്മജ്ഞാനം ലഭിക്കാനിടയായി. ആത്മജ്ഞാന പ്രഭാപൂരിതമായ ബുദ്ധിയിൽ പൂർവ ജന്മസ്മരണകൾ തെളിഞ്ഞു. ആ ശിവന് അജ്ഞാനത്തിന്റെ മൂടുപടം പാടെ മാറിക്കിട്ടി. ഒരു ദിവസം ഏകാന്തത്തിൽ തന്റെ നൂറുകണക്കിനു കടന്നുപോയ സ്വപ്നങ്ങളെക്കുറിച്ചു ചിന്തിച്ചു വിസ്മയഭരിതനായി ഇങ്ങനെ പറഞ്ഞു:

288. അഹോ വിചിത്രാമായേയം ബത വിശ്വവിമോഹിനീ
അസത്യൈവാപി സദ്രൂപാസുദൃഢാമരുവാരിവത്

ആശ്ചര്യമാശ്ചര്യം; ഈ മായ എത്ര വിചിത്രരൂപിണിയാണ്. ലോകത്തെ മുഴുവൻ അവൾ മോഹിപ്പിക്കുന്നു. കാനൽ ജലം പോലെ ഇല്ലാത്തവളാണെങ്കിലും അവൾ ബലമായി ഉള്ളവളെപ്പോലെ അനുഭവവിഷയമാകുന്നു. ഇങ്ങനെ അത്യാശ്ചര്യകരങ്ങളായ സംസാരഭൂമികളിൽ എത്ര എത്ര എണ്ണ

digitized by www.sreyas.in

ത്തിലാണു ഞാൻ ഒരു ഭ്രാന്തനെപ്പോലെ ഭ്രമിച്ചു നടന്നത്. ഒരു സൃഷ്ടിയിൽ ഞാൻ ജീവടനായി, ഒരിടത്തു ബ്രാഹ്മണൻ, മറ്റൊരിടത്തു രാജാവ്. താമരക്കൂട്ടത്തിൽ അരയന്നമായി, വിന്ധ്യവനത്തിൽ മദയാനയായി. ഇങ്ങനെ നൂറുകണക്കിനു ജന്മങ്ങൾ കഴിഞ്ഞ് ഇപ്പോഴിതാ ഞാൻ രുദ്രനായി ജനിച്ചിരിക്കുന്നു. ഈ ഭ്രമജീവിത പരമ്പരയിൽ ആയിരക്കണക്കിന് വർഷങ്ങളും നൂറുകണക്കിനു ചതുർയുഗങ്ങളും കടന്നുപോയിരിക്കുന്നു. എണ്ണമറ്റ ജീവിതക്രമങ്ങളും ആചാരങ്ങളും നിർവഹിച്ചുകഴിഞ്ഞിരിക്കുന്നു. എണീറ്റ് ആ കഴിഞ്ഞകാല ജീവിതങ്ങളെയൊക്കെ ഞാൻ വ്യക്തമായി നോക്കിക്കാണുന്നുണ്ട്. വേണ്ടപോലെ കണ്ട് അവയെ ഞാൻ എന്നിൽതന്നെ ഏകീഭവിപ്പിക്കുന്നുണ്ട്. ഇങ്ങനെ ചിന്തിച്ചു രുദ്രൻ തന്റെ ഭിക്ഷുരൂപമായ സൃഷ്ടിയുടെ സമീപത്തെത്തി. സ്വപ്നങ്ങൾ ദർശിച്ചുകൊണ്ടു ഭിക്ഷു അവിടെയൊരു വെറും ശവം പോലെ നിശ്ശേഷ്ടനായിരിക്കുന്നുണ്ടായിരുന്നു. മനസ്സിലൂടെ ചൈതന്യം കടത്തിവിട്ടു ഭിക്ഷുവിനെ ഉണർത്തി. ബോധം വന്നതോടെ ഭിക്ഷുവും തന്റെ സംസാരഭ്രമത്തെക്കുറിച്ചോർമിച്ചു. ജീവടാദിരൂപം ധരിച്ചു വിഹരിച്ചതന്നെ രുദ്രനായി ഭിക്ഷു കണ്ടു. ജ്ഞാനോദയം നിമിത്തം വിസ്മയമില്ലെങ്കിലും അതിയായ വിസ്മയം തോന്നി. തുടർന്നു ഭിക്ഷുവും രുദ്രനും രണ്ടുപേരും എണീറ്റു യാത്രയായി. ചിദാകാശത്തിലെ ഒരു കോണിൽ ജീവടന്റെ ജീവിതഗതി കണ്ടെത്തി. മനസ്സിലൂടെ ചൈതന്യം കടത്തിവിട്ടു ജീവടനെ ഉണർത്തി മൂന്നുപേർക്കും വിസ്മയമൊന്നുമില്ലെങ്കിലും അതിയായ വിസ്മയമുണ്ടായി. മൂന്നാണെങ്കിലും ഒന്നായ ആ രുദ്രഭിക്ഷുക ജീവടന്മാർ അവിടെ നിന്നും പോയി. ബ്രാഹ്മണാദി പിന്നീടുണ്ടായവരുടെയൊക്കെ ജീവിതഗതികൾ നോക്കിക്കണ്ടു. അവരെയൊക്കെയുണർത്തി അവരുമായി ഒരുമിച്ചു. രുദ്രാംശന്മാരായി നൂറുകണക്കിനുള്ള അവരൊക്കെ ദിവ്യജ്ഞാനമൂർത്തികളായി പ്രകാശിച്ചു. രുദ്രനാൽ പറഞ്ഞയയ്ക്കപ്പെട്ട അവരെല്ലാം അവരവരുടെ ആലയങ്ങളിലേയ്ക്കു മടങ്ങി. അങ്ങനെ രൂപംകൊണ്ട മായയെ രുദ്രൻ വ്യക്തമായി നോക്കിക്കണ്ടു. അവരെല്ലാം തന്റെ അംശങ്ങൾ തന്നെയാണെന്നറിഞ്ഞ് ഓരോരുത്തരെയും അവരവരുടെ സംസാരഗതികളിലേയ്ക്കുതിരിച്ചുവിട്ടു. ജീവടൻ, ബ്രാഹ്മണൻ തുടങ്ങിയവരെല്ലാം സ്വസ്ഥാനങ്ങളിലേയ്ക്കു മടങ്ങുകയും ചെയ്തു. അവരവരുടെ കുടുംബങ്ങളോടൊപ്പം കാലം കഴിച്ചുകൂട്ടിയശേഷം എല്ലാവരും രുദ്രനോടേകീഭവിച്ചു ദേഹാവസാനത്തിൽ രുദ്രരൂപം കൈക്കൊള്ളുകയും ചെയ്തു. വസിഷ്ഠൻ തുടർന്നു:

289. സർവമസ്തി ചിതഃ കോശേ യദ്യഥാലോകയത്യസൗ
ചിത്തഥാ തദവാപ്നോതി സർവാത്മത്വാദസംശയം.

ചിതഃ കോശേ-ബോധത്തിനുള്ളിൽ; സർവം അസ്തി- എല്ലാം ഉണ്ട്; അസൗ ചിത്-ഈ ബോധം; യത്യഥാ ആലോകയതി-സങ്കൽപ്പത്തിലൂടെ എന്ത് എങ്ങനെ കാണാൻ ആഗ്രഹിക്കുന്നുവോ; തത്തഥാ അവാപ്നോതി-അത് അങ്ങനെ കണ്ടെത്തുന്നു; സർവാത്മത്വാത് അസംശയം-ചിത്ത് എല്ലാമായതുകൊണ്ട് ഇക്കാര്യത്തിൽ സംശയിക്കാനേയില്ല.

ബോധത്തിനുള്ളിൽ എല്ലാമുണ്ട്. ഈ ബോധം സങ്കൽപ്പത്തിലൂടെ എന്ത് എങ്ങനെ കാണാൻ ആഗ്രഹിക്കുന്നുവോ അത് അങ്ങനെ കണ്ടെത്തുന്നു. ചിത്ത് എല്ലാമായതുകൊണ്ട് ഇക്കാര്യത്തിൽ സംശയിക്കാനേ ഇല്ല.

digitized by www.sreyas.in

## സർവമസ്തിചിതഃകോശേ

ബോധത്തിനുള്ളിൽ എല്ലാമുണ്ട്. ജഗത്തായിക്കാണപ്പെടുന്ന എന്തിന്റെയും പരമകാരണമാണു ബോധം. പരമകാരണമല്ലാതെ കാര്യരൂപം കൈകൊള്ളാൻ മറ്റൊന്നുമില്ലതന്നെ. ബോധംകാര്യരൂപം കൈക്കൊള്ളുന്നതോ സങ്കൽപ്പത്തിലൂടെ മാത്രം. അപ്പോൾ ബോധത്തിൽ എന്തുണ്ട് എന്തില്ല എന്നതല്ല പ്രശ്നം. എന്തുവേണം എന്തുവേണ്ട എന്നുള്ളതാണു പ്രശ്നം. എന്തുതന്നെ വേണമെങ്കിലും സങ്കൽപ്പിച്ചുറപ്പിക്കൂ അതു കിട്ടും. എന്തുതന്നെ വേണ്ടെങ്കിലും സങ്കൽപ്പിച്ചുറപ്പിക്കൂ അതുമാറിത്തരും. ഒന്നും വേണ്ടെങ്കിൽ സങ്കൽപ്പമെല്ലാമുപേക്ഷിക്കൂ; ബോധം മാത്രം ബാക്കിനിൽക്കും; ഇതാണു ബോധത്തിലെ പ്രവർത്തന നിയമം. ബോധം, സങ്കൽപ്പം, വ്യക്തി, രൂപം ഇതാണു ക്രമം. എന്താണു ഭിക്ഷു? ബോധം; ഭിക്ഷുസങ്കൽപ്പം; ഭിക്ഷു. എന്താണു വണ്ട്? ബോധം, വണ്ടിന്റെ സങ്കൽപ്പം; വണ്ട്. ആരാണു ശിവൻ? ബോധം, ശിവസങ്കൽപ്പം; ശിവൻ. എല്ലാ സങ്കൽപ്പവും വ്യക്തിരൂപവും ബോധം തന്നെയാണെന്നുറപ്പുവരുന്നതാണു ജ്ഞാനം. അവിടെ എല്ലാം ബോധമയം.

വസിഷ്ഠൻ തുടർന്നു: 'രാമാ, ആളുകൾ സ്വപ്നത്തിൽ എന്തെല്ലാം അനുഭവിക്കുന്നു; സങ്കൽപ്പിച്ച് എന്തെല്ലാമനുഭവിക്കുന്നു. അതെല്ലാം ബോധസ്വരൂപമായി അതിൽ എപ്പോഴും ഉള്ളവ തന്നെ. ആഭരണങ്ങളെല്ലാം സ്വർണത്തിൽ സ്വർണമായി എപ്പോഴും സ്ഥിതി ചെയ്യുന്നതുപോലെ. സങ്കൽപ്പരൂപമായ വസ്തു സ്വപ്നത്തിൽ കണ്ടെത്തുന്നു. പരമമായ യോഗം അഭ്യസിച്ചു സങ്കൽപ്പങ്ങളെ ഒഴിച്ചുമാറ്റിയാൽ ബോധസത്യം അനുഭവപ്പെടുന്നു. ആർക്കാണോ യോഗവിജ്ഞാന ദൃഷ്ടി ഉറപ്പുവന്നത് അവർ എല്ലാം എല്ലായിടത്തും കണ്ടെത്തുന്നു. ശിവനും മറ്റും അങ്ങനെ യോഗവിജ്ഞാനദൃഷ്ടി ഉറപ്പുവന്നവരാണ്. ഏകനിഷ്ഠനായ വ്യക്തിക്ക് അഭിമതകാര്യമെന്തും സുസാധ്യമായിത്തീരുന്നു. തെക്കുദിക്കിനെ കണ്ടു നടക്കുന്നവന് വടക്കേ ദിക്കെങ്ങനെ പ്രാപ്യമാകും. സങ്കൽപ്പങ്ങളിലൂടെ കാര്യങ്ങൾ നേടാനാഗ്രഹിക്കുന്നവർക്കു സങ്കൽപ്പകാര്യങ്ങൾ വന്നുചേരുന്നു. മുൻപിൽ നിൽക്കുന്ന വസ്തുവിൽ കണ്ണുപതിഞ്ഞവർക്കു അതുമാത്രമല്ലേ കാണാൻ പറ്റുകയുള്ളൂ. അതുപോലെ ബോധത്തിൽ ദൃഷ്ടി ഉറച്ചവർക്ക് അതുമാത്രമേ കാണാൻ പറ്റൂ. വസ്തു മുൻപിലുള്ളപ്പോൾ അതിൽ കണ്ണുപതിയാതെ സങ്കൽപ്പിതവസ്തു കിട്ടാനാഗ്രഹിക്കുന്നവർക്ക് ഏകനിഷ്ഠത്വമില്ലാത്തതുകൊണ്ടു രണ്ടും നഷ്ടമാകാനിടയാകുന്നു. സ്ഥിരവസ്തുവിൽ കണ്ണു പതിയുന്നില്ല; സങ്കൽപ്പിതവസ്തു താൽക്കാലികവുമാണ്, അങ്ങനെ രണ്ടും നഷ്ടപ്പെടും. സ്ഥിരവസ്തുവിൽ ഉറപ്പുവന്നവർക്കു എപ്പോൾ വേണമെങ്കിലും രണ്ടും പ്രാപിക്കാവുന്നതാണ്. ഇവിടെ ഞാൻ വിദ്യാധരനാണ്, ഞാൻ ബ്രാഹ്മണനാണ് എന്നും മറ്റുമുള്ള കാര്യങ്ങൾ പ്രത്യേക സങ്കൽപ്പങ്ങൾ അങ്ങനെ ഫലിക്കുന്നു എന്നതിനു ദൃഷ്ടാന്തങ്ങളാണ്. ഇങ്ങനെ പ്രത്യേകം പ്രത്യേകം സങ്കൽപ്പങ്ങളെ ഫലിപ്പിച്ചു ഭിക്ഷു ജീവൻ രുദ്രജീവനിലെത്തിച്ചേർന്നു. രുദ്രജീവനിലെത്തിയതോടെ എല്ലാ സങ്കൽപാർഥങ്ങളും ഒരേ സത്യം തന്നെയെന്നു ബോധ്യമായി. ഭിക്ഷുസങ്കൽപ്പങ്ങളെ പ്രത്യേകം പ്രത്യേകം അംഗീകരിച്ചാൽ അവയോരോന്നു മാറി മാറി ജഗത്തായി സ്ഥിതിചെയ്യും. എല്ലാം രുദ്രരൂപമായിക്കണ്ടാൽ അവയൊക്കെ ഏകസത്യമായി തെളിയും. ഇങ്ങനെ ഭിക്ഷു സങ്കൽപ്പ

digitized by www.sreyas.in

മനുസരിച്ച് ജീവടബ്രാഹ്മണാദി പ്രത്യേകം പ്രത്യേകം തിരിയുന്നു. രുദ്രസ ങ്കൽപ്പമനുസരിച്ച് അവയെല്ലാം രുദ്രൻതന്നെയായതുകൊണ്ട് രുദ്ര നിയോഗ മനുസരിക്കുന്നു. അങ്ങനെ രുദ്രനുമായിച്ചേർന്നു പരമപദം പ്രാപിക്കുകയും ചെയ്യുന്നു!

രാമൻ ചോദിച്ചു: 'ഭഗവൻ, ജീവടബ്രാഹ്മണാദികളെല്ലാം ഭിക്ഷുസങ്കൽപ്പ ങ്ങളല്ലേ, അവ സത്യസ്വരൂപം പ്രാപിച്ചതെങ്ങനെ? സങ്കൽപ്പകാര്യങ്ങളെവിടെ? സത്യമെവിടെ?

വസിഷ്ഠൻ മറുപടി നൽകി: 'രാമാ, സങ്കൽപ്പം കൊണ്ട് ഒരേ വസ്തു ആയിരമായിരമായി വിഭജിക്കപ്പെട്ടതായി തോന്നാം. ജനാർദനൻ ഇങ്ങനെ യുള്ള അംശാവതാരലീലകൊണ്ടാണ് ഈ ജഗത്തുള്ളതായി തോന്നിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഒന്നെന്നറിയുന്നതാണേകത്വം. പലതെന്നു സങ്കൽപ്പിച്ചു ഭ്രമിക്കുന്നതാണു നാനാത്വം. ഇങ്ങനെ ഭിക്ഷുസങ്കൽപ്പം കൊണ്ടു ജീവട ബ്രാഹ്മണാദിഭേദം സംഭവിച്ചു. അതെല്ലാം ശുദ്ധബോധാംശങ്ങളെന്നറി ഞ്ഞാൽ സത്യം.

*ഇതിശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണപ്രകരണേ*
*ശതരുദ്രോപാഖ്യാനം നാമ*
*ഷഷ്ഠഃസർഗഃ*

**സർഗം. 7**

# വേതാളോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, സൗഷുപ്തമൗനമംഗീകരിച്ച് ചിത്തവിലാ സങ്ങൾ ദൂരെവെടിഞ്ഞു സൃഷ്ടികളങ്കമഴിഞ്ഞവനായി സത്യപദത്തിൽ ഉറ ച്ചുനിൽക്കൂ'.

രാമൻ ചോദിച്ചു: 'ബ്രഹ്മൻ, വാങ്മൗനം, ഇന്ദ്രിയമൗനം, കാഷ്ഠമൗനം എന്നിവയെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്. എന്താണീ സൗഷുപ്ത മൗനം. ദയ വായി വ്യക്തമാക്കിത്തന്നാലും.'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, മുനിമാർ രണ്ടുതരക്കാരാണെന്നു മുനിവര ന്മാർ പറയുന്നു. കാഷ്ഠതപസ്വിയെന്നും ജീവന്മുക്തനെന്നും. ശുഷ്കങ്ങളായ കർമപരിപാടികളിലൊന്നും താൽപ്പര്യമില്ലാതെ നിശ്ചയബുദ്ധിയോടെ ബല മായി ഇന്ദ്രിയങ്ങളെ ജയിച്ചു കീഴടക്കി മൗനിയായി വർത്തിക്കുന്നയാളാണു കാഷ്ഠതാപസൻ. ഉള്ളതുപോലെ വസ്തുതത്ത്വം ഗ്രഹിച്ചു സദാ വസ്തു ഭാവനയോടുകൂടി ലോകകാര്യങ്ങളിലേർപ്പെട്ടാലും പൂർണതൃപ്തനായി ജീവിതം നയിക്കുന്ന മുനിയാണു ജീവന്മുക്തൻ. തികഞ്ഞ ശാന്തഭാവത്തി ലെത്തിച്ചേർന്ന ഈ രണ്ടുതരം മുനിമാരുടെയും ഉറപ്പുറ്റ സത്യബോധമാണു വാസ്തവത്തിൽ മൗനമെന്നറിയപ്പെടുന്നത്. വാക്കുകളുച്ചരിക്കാതിരിക്കുന്ന താണു വാങ്മൗനം. ഇന്ദ്രിയപ്രവർത്തനങ്ങൾ ബലാൽ തടയുന്നതാണ് അക്ഷ മൗനം. ശരീരമേ ചലിക്കാതിരിക്കുന്നതാണു കാഷ്ഠമൗനം. കാഷ്ഠ പദത്തിനു തടിയെന്നർഥം. കാഷ്ഠംപോലെ നിശ്ശേഷ്ടമായിരിക്കുന്നതാണു കാഷ്ഠ

digitized by www.sreyas.in

മൗനം. ഈ മൂന്നുതരം മൗനങ്ങളിലും ചിത്തവാസന അവശേഷിക്കും; ബലാൽ നേടുന്ന മൗനങ്ങളാണിവ. ഈ മൗനങ്ങൾ പരിശീലിക്കുന്നയാളാണു കാഷ്ഠ താപസൻ. ജീവന്മുക്തന്റെ മൗനം ഇവയിൽപ്പെടുന്നില്ല. നാനാത്വ ദൃഷ്ടി വെടിഞ്ഞു ഏകമായ അനാദ്യന്തസത്യത്തിൽ ഉറപ്പുവന്നയാളാണു ജീവന്മുക്തൻ. ധ്യാനത്തിലേർപ്പെട്ടാലും വ്യവഹാരത്തിൽ കഴിഞ്ഞുകൂടിയാലും അദ്ദേഹത്തിന്റെ മൗനമാണു സൗഷുപ്തമൗനം. നാനാത്വവിഭ്രമത്തിനു ഹേതുവായ ജഗത്തിന്റെ വസ്തുസ്ഥിതി ധരിച്ചു സംശയരഹിതമായി ജീവിതം നയിക്കുന്നതാണു സൗഷുപ്തമൗനം. അനേകജീവരൂപം കൈക്കൊണ്ടു വിളങ്ങുന്ന ഒരേ ഒരു ശിവൻ തന്നെയാണീ വിസ്താരമേറിയ ജഗത്ത് എന്നിങ്ങനെ ഉറപ്പുവന്നു സങ്കല്പങ്ങൾ ക്ഷയിക്കുന്ന അനന്താനുഭവമാണു സൗഷുപ്ത മൗനം. ആകാശം വെറും ആകാശമല്ല; ഇക്കാണുന്ന പലത് ഉണ്ടെങ്കിലും ഇല്ല എന്നു തീരുമാനിച്ച് സമശാന്തമായി ജീവിതം നയിക്കുന്നതാണ് ഉറക്കത്തിലെന്നപോലെയുള്ള സൗഷുപ്ത മൗനം. രണ്ടുതരം യോഗികളാണീ സൗഷുപ്തമൗനത്തിൽ എത്തിച്ചേരുന്നവർ. ഒന്ന് സാംഖ്യയോഗിമാർ, മറ്റേത് യോഗയോഗിമാർ. ജ്ഞാനയോഗം വേണ്ടപോലെ ഉറപ്പുവന്ന് സഹജ സമാധിയിലെത്തിനിൽക്കുന്നവർ ജ്ഞാനംകൊണ്ടു യോഗികളായവരായതു കൊണ്ടും അവരെ സാംഖ്യയോഗികളെന്നുപറയുന്നു. പ്രാണനിരോധം ചിത്തനിരോധം തുടങ്ങിയ ഉപായങ്ങൾകൊണ്ട് അനാമയമായ ശുദ്ധബോധാനുഭവത്തിലെത്തി നിൽക്കുന്നവരാണ് യോഗയോഗിമാർ. അകൃത്രിമവും ശാന്തവുമായ ബോധാനുഭവസ്ഥാനം ആർക്കും എത്തിച്ചേരാവുന്ന സത്യപദമാണ്. സാംഖ്യന്മാർ എത്തുന്ന ഇടത്തുതന്നെ യോഗിമാരും എത്തിച്ചേരുന്നു. വാസനാവല അവശേഷിക്കുന്ന പ്രാണമനോവ്യാപാരം എവിടെ നിശേഷം ഒഴിഞ്ഞുകിട്ടുന്നുവോ അവിടം തന്നെയാണു പരമപദം. വെറുതേ പൊന്തിവന്നു ഭ്രമിപ്പിക്കുന്ന ഒരസത്പ്രതിഭാസമാണു മനസ്സ്; മനസ്സിനെ ഉറ്റുനോക്കുന്ന ആർക്കും ഇതു തെളിഞ്ഞുകിട്ടും. സ്വന്തം മരണം സ്വപ്നത്തിൽ കാണുംപോലെയാണു മനസ്സിന്റെ സ്ഥിതി; ശ്രദ്ധിച്ചാൽ ഒന്നുമില്ല. ഏകതത്ത്വം ദൃഢമായി അഭ്യസിക്കുക, പ്രാണസ്പന്ദനം വിലയിപ്പിക്കുക, മനസ്സിനെ ഉപശമിപ്പിക്കുക ഇതൊക്കെത്തന്നെയാണു മോക്ഷം. ഏകതത്ത്വാഭ്യാസം, പ്രാണനിരോധം, ചിത്തോപശമം ഇവ ഒരുമിച്ചൊരാളിൽ സംഭവിച്ചാൽ അവ പരസ്പരം സഹായിച്ച് അതിവേഗം സിദ്ധി കൈവരുത്തും. പ്രാണനും മനസ്സും കൂടാതെ ജീവത്വം നിലനിൽക്കുന്നില്ല. പൂവും മണവും പോലെ, എള്ളും എണ്ണയും പോലെ പ്രാണനും മനസ്സും പരസ്പരബദ്ധമാണ്. ഇവ ആധാരവും ആധേയവും പോലെയാണ്. ഒന്നില്ലെങ്കിൽ മറ്റേതുമില്ല. ഇവ രണ്ടും ക്ഷയിച്ചു മോക്ഷമെന്ന അത്യുത്തമമായ കാര്യത്തെ ഉണ്ടാക്കുന്നു. ഒരേ തത്ത്വം ദൃഢമാക്കി ഉറപ്പിച്ചു കാണപ്പെടുന്ന ഓരോന്നിലും ആ തത്ത്വം ഭാവന ചെയ്യണം. ഈ അഭ്യാസം തുടരുംതോറും ഏതിലും ഏകഭാവം ശുദ്ധമായി തെളിഞ്ഞുകിട്ടും. ചിത്തത്തിൽ ഏകഭാവമുറച്ചാൽ ചിത്തം സ്വയം ആ ഭാവം കൈക്കൊള്ളും. വിവിധ ഭാവങ്ങളൊക്കെ ഒഴിഞ്ഞുമാറി ശാന്തമാവും; ഏകഭാവം സ്വഭാവമായും തീരും.

രാമാ, ഈ സന്ദർഭത്തിൽ ഒരു വേതാളം ചോദിച്ച ചില ചോദ്യങ്ങൾ എനിക്കോർമ്മവരുന്നു. സംസൃതി സ്വപ്നവിഭ്രാന്തി ശമിപ്പിക്കാൻ പറ്റിയ ചോദ്യങ്ങൾ. ഞാനവ നിന്നെ കേൾപ്പിക്കാം; കേട്ടോളൂ, വിന്ധ്യമഹാവനത്തിൽ വിപു

digitized by www.sreyas.in

ലാകൃതിയായ ഒരു വേതാളമുണ്ട്. അവൻ ഒരിക്കൽ ജനങ്ങളെ കൊന്നു ഭക്ഷിക്കാനായി ഗർവോടുകൂടി അടുത്തുള്ള ഒരു രാജ്യത്തിലേക്കു കടന്നുചെന്നു. അതിനു മുൻപ് ഒരിക്കൽ ആ വേതാളം സജ്ജനങ്ങളുടെ ആവാസകേന്ദ്രമായ ഒരു സ്ഥലത്തു കുറേനാൾ കഴിഞ്ഞുകൂടിയിട്ടുണ്ട്. അന്നവിടത്തെയാളുകൾ പലതരം പൂജോപഹാരങ്ങളും സമർപ്പിക്കുക പതിവായിരുന്നു. അങ്ങനെ അയാൾ നിത്യതൃപ്തനായി സുഖിയായി കഴിഞ്ഞുകൂടി. നിരപരാധികൾ യാദൃച്ഛികമായി മുൻപിൽ തന്നെ വന്നെത്തിയാലും ആ വേതാളം അവരെ ഭക്ഷിക്കാറില്ല; എത്ര വിശപ്പുണ്ടായിരുന്നാലും, അവരെ ഉപദ്രവിക്കാറില്ല. സത്തുക്കൾ ഏതുകാര്യത്തിലും ന്യായദീക്ഷയുള്ളവരാണല്ലോ. അങ്ങനെ കാലം കഴിഞ്ഞുപോകവേയാണു വിശപ്പു സഹിക്കവയ്യാതെ ന്യായദീക്ഷയോടുകൂടി ജനങ്ങളെ കൊന്നുഭക്ഷിക്കാനായി അയാൾ മറ്റൊരു നഗരത്തിലെത്തിച്ചേർന്നത്. അന്നൊരുദിവസം ആ രാജ്യത്തിലെ രാജാവ് നേരിട്ടു ജനജീവിതം അറിയാനായി രാത്രിയിൽ ഇറങ്ങിത്തിരിച്ച് ഒറ്റയ്ക്കു വേതാളത്തിന്റെ മുൻപിൽ എത്തിച്ചേർന്നു. ആ ഉഗ്രനിശാചരൻ ഇടിമുഴക്കത്തിന്റെ ഒച്ചയിൽ രാജാവിനോടിങ്ങനെ പറഞ്ഞു:

'രാജാവേ, ഭയങ്കരനായ വേതാളമാണ് ഞാൻ, നിങ്ങൾ ഇന്നെന്റെ കൈയിൽ അകപ്പെട്ടിരിക്കുന്നു. എങ്ങോട്ടു പോകുന്നു? ജീവിതം അവസാനിച്ചതായി കരുതിക്കോളൂ; വേഗം എനിക്ക് ഭക്ഷണമായി ഭവിക്കൂ.'

രാജാവു ചോദിച്ചു: 'അല്ലയോ രാത്രീഞ്ചരാ, ഒരു ന്യായദീക്ഷയും കൂടാതെ നീയെന്നെ ബലാൽ ഭക്ഷിക്കുകയാണെങ്കിൽ നിന്റെ തല ആയിരമായി പൊട്ടിച്ചിതറുമെന്നറിഞ്ഞോളൂ: സംശയമേ വേണ്ട.'

വേതാളം പറഞ്ഞു: 'ഞാൻ അന്യായമായി നിന്നെ ഭക്ഷിക്കുന്നില്ല. ഞാൻ ഇതിനുള്ള ന്യായം പറയാം; കേട്ടോളൂ. നീ രാജാവാണല്ലോ; അർഥികളുടെ ആശകളൊക്കെ നിറവേറ്റിക്കൊടുക്കാൻ നീ ബാധ്യസ്ഥനാണ്. ഞാൻ അർഥഗർഭങ്ങളായ ചില ചോദ്യങ്ങൾ നിന്നോടു ചോദിക്കുന്നുണ്ട്. വേണ്ടപോലെ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ എന്നെ കേൾപ്പിക്കണം. ഏതു സൂര്യന്റെ കിരണങ്ങളുടെ കൊച്ചു കണികകളാണു ബ്രഹ്മാണ്ഡങ്ങൾ? ഏതു കാറ്റു തട്ടിയാണ് വലിയ ആകാശകണികകൾ പ്രകാശിക്കുന്നത്? നൂറുകണക്കിനും ആയിരക്കണക്കിനും സ്വപ്നങ്ങളിൽ നിന്നും സ്വപ്നങ്ങൾ കടന്നുപോയിട്ടും ആരാണ് സ്വയം പ്രകാശിക്കുന്ന നിർമലമായ സ്വരൂപം ത്യജിച്ചിട്ടും ത്യജിക്കാതെ നിലനിർത്തുന്നത്? വാഴത്തണ്ട് പൊളിച്ചുനോക്കുന്തോറും വെറും പോളകൾ മാത്രമാണെന്നു കാണാൻ കഴിയും. അതുപോലെ ഉള്ളിലേക്കുള്ളിലേക്കു ചെല്ലുംതോറും ആരാണ് അത്യന്തസൂക്ഷ്മമായി വെളിപ്പെടുന്നത്? വലിയ ബ്രഹ്മാണ്ഡമണ്ഡലഭാഗങ്ങളായ സൂര്യൻ, മേരുപർവതം ഇവയെ ഒന്നിനെയും ഉപേക്ഷിക്കാതെ തന്നെ ഏതൊരണുവിന്റെ പരമാണുക്കളാണ് അണുത്വം കൈവിടാതെ വിളങ്ങുന്നത്? അവയവങ്ങളില്ലാത്ത ഏതൊരു പരമാണു മഹാഗിരിയുടെ പാറക്കെട്ടുകൾക്കുള്ളിലാണ് ലോകത്രയമെന്ന ഇടതിങ്ങിയ മജ്ജ രൂപംകൊണ്ടിരിക്കുന്നത്?

വസിഷ്ഠൻ പറഞ്ഞു: 'വേതാളം ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ചതുകേട്ട് രാജാവ് ഉച്ചത്തിലൊന്നു ചിരിച്ചു. ചിരിയിലൂടെ ചുറ്റുപാടും പ്രഭാപൂരം വിതറിക്കൊണ്ടദ്ദേഹം ഇങ്ങനെ പ്രതിവചിച്ചു.

രാജാവു പറഞ്ഞു: 'ഇതാ ചിത്സൂര്യൻ ഉദിച്ചുനിൽക്കുന്നു. എല്ലാറ്റിനും

digitized by www.sreyas.in

ശക്തിപകരുന്നതാ സൂര്യൻതന്നെ. ബോധമാണാ സൂര്യന്റെ സ്വരൂപം. ജീവരൂപത്തിൽ എല്ലാവരുടെ ഹൃദയത്തിലും ആ സൂര്യൻ സ്ഥിതിചെയ്യുന്നു. ഇക്കാണുന്ന ലോകങ്ങളെല്ലാം അദ്ദേഹത്തിന്റെ കൊച്ചുകണികകൾ തന്നെ. ആ ബോധസൂര്യന്റെ പ്രകാശത്തിലാണിവ ഉണ്ടാകുന്നതും പ്രകാശിക്കുന്നതും. കാലസത്ത, ആകാശസത്ത, സ്പന്ദസത്ത, ബോധമയമായ ജീവിതസത്ത ഇവയെല്ലാം ആ ബോധത്തിന്റെ പരിശുദ്ധ പ്രതിബിംബങ്ങൾ തന്നെ. ഇവയെല്ലാം പരമാത്മമയമായ വായുവിലെ പരമാണുസ്ഫുരണങ്ങൾതന്നെ. പൂവിലെ മണംപോലെ. ജഗത്തെന്ന ഈ സ്വപ്നത്തിൽ അത് ഒരു സ്വപ്നത്തിൽനിന്നും മറ്റൊരു സ്വപ്നത്തിലേക്കു കടന്നുകൊണ്ടേയിരിക്കുന്നു. സ്വരൂപം നഷ്ടപ്പെടാതെ ശാന്തമായ ബ്രഹ്മം തന്നെയാണിങ്ങനെ പെരുകിക്കാണപ്പെടുന്നത്. കദളീസ്തംഭം ഉള്ളിലുള്ളിൽ പോളകൾ മാത്രമായിരിക്കുന്നതുപോലെ വിശ്വമായി വിവർത്തിക്കുന്നെങ്കിലും ഈ ബ്രഹ്മം ഉള്ളിലുള്ളിൽ ബോധം മാത്രമാണെന്നറിയേണ്ടതാണ്. സൂക്ഷ്മമായതുകൊണ്ടും ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതുകൊണ്ടും പരമാത്മാവ് പരമാണുവാണ്; അനന്തമായ ഈ പരമാണു തന്നെയാണു മേരുതുടങ്ങിയ പർവ്വതങ്ങൾക്കുപോലും കാരണമായി വർത്തിക്കുന്നത്. മേരുപർവതം തുടങ്ങിയവപോലും അതിന്റെ അനന്തതയുടെ മുന്നിൽ പരമാണുപ്രായങ്ങളാണ്. ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതുകൊണ്ടു പരമാത്മാവു പരമാണുവാണ്; എന്നാൽ എവിടെയും നിറഞ്ഞുനിൽക്കുന്നതുകൊണ്ടതു മഹാഗിരിയാണ്. എല്ലാം അതിന്റെ അവയവങ്ങളായി തോന്നുന്നുണ്ടെങ്കിലും സർവവ്യാപിയായതുകൊണ്ട് ആ സത്യം അവയവങ്ങളില്ലാത്തതാണ്. ബോധരൂപമായതുകൊണ്ട് അതെല്ലാത്തിനും അധിഷ്ഠാനമാണ്. ഈ ബോധവസ്തുവിലെ ഇടതിങ്ങിയ മജ്ജയാണു ജഗത്ത്രയം. ഹേ സാധോ, ബോധം ഇടതിങ്ങിയതാണു മൂന്നുലോകവും എന്നറിയൂ!

വസിഷ്ഠൻ പറഞ്ഞു. ചോദ്യങ്ങൾക്കു രാജാവിന്റെ സംശയരഹിതങ്ങളായ ഉത്തരങ്ങൾ കേട്ടതോടെ വേതാളം ശാന്തനായി. വിചാരം ചെയ്തറിഞ്ഞ ആത്മതത്ത്വം വ്യക്തമായി പ്രകാശിപ്പിക്കുന്നവയായിരുന്നു ഉത്തരങ്ങൾ. വേതാളം ശാന്തനായി ഏകാന്തസ്ഥാനത്തേക്ക് മടങ്ങി, വല്ലപ്പോഴുമുണ്ടാകാറുള്ള വിശപ്പിനെ മറന്ന് ഏകാന്തധ്യാനത്തിൽ മുഴുകി!

*ഇതിശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണ പ്രകരണേ*
*വേതാളോപാഖ്യാനം നാമ*
*സപ്തമഃസർഗഃ*

**സർഗം. 8**

# ഭഗീരഥോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ചിത്തത്തെ ബാഹ്യവിഷയങ്ങളിൽനിന്നൊക്കെ പിൻതിരിപ്പിച്ച് നിശ്ചലമായ അന്തരാത്മാവിൽ ഉറപ്പിക്കൂ. എന്നിട്ട് വന്നുചേരുന്ന കർമങ്ങൾ യഥാവിധി അനുഷ്ഠിച്ച് ആശകൾ വെടിഞ്ഞു ശാന്ത

digitized by www.sreyas.in

നായി സ്ഥിതിചെയ്യൂ. മനസ്സുകൊണ്ടുതന്നെ മനസ്സിനെ ആകാശംപോലെ നിർമലമാക്കി മുനിയായി ഭവിക്കൂ. സർവത്ര സമഭാവനയോടെ ശമശാന്ത നായി സ്ഥിതി ചെയ്യൂ. ജ്ഞാനിയും സ്ഥിരബുദ്ധിയും സ്വകർമനിരതനുമാ യിരുന്ന ഭഗീരഥനെപ്പോലെ നിനക്കും ദുഃസാധ്യമായ എന്തും സാധ്യമായി ത്തീരും.

രാമൻ ചോദിച്ചു: 'ഭഗവൻ, സത്യബോധമുൾക്കൊണ്ട ചിത്തചമത്കാര ത്തിലൂടെ ഭഗീരഥൻ എങ്ങനെയാണു ഗംഗയെ ഭൂമിയിലേക്കാനയിച്ചത്? എനി ക്കതു വ്യക്തമായി വിവരിച്ചുതന്നാലും.

വസിഷ്ഠൻ പറഞ്ഞു: 'പരമധാർമികനായ ഭഗീരഥമഹാരാജാവു ജീവി ച്ചിരുന്നതായി രാമാ, നീ കേട്ടിട്ടുണ്ടല്ലോ. സമുദ്രമതിരായുള്ള മഹീമണ്ഡല ത്തിന് അദ്ദേഹം തിലകം പോലെ ശോഭിച്ചിരുന്നു. അർഥികൾ എന്തുതന്നെ സങ്കല്പിച്ച് അദ്ദേഹത്തെ സമീപിച്ചാലും അതവർക്കു കിട്ടിയിരിക്കും. ചിന്താ മണിരത്നമെന്നപോലെ സദാ പ്രസന്നവദനനായി അദ്ദേഹം അർഥികളെ അനുഗ്രഹിച്ചിരുന്നു. ലോകബന്ധുവായിരുന്ന അദ്ദേഹം പാതാള ലോക ത്തേക്കു പതിച്ചു പോയിരുന്ന സ്വബന്ധുക്കളെ ഗംഗയാകുന്ന സോപാനമാർഗ ത്തിലൂടെ ബ്രഹ്മലോകത്തു കൊണ്ടെത്തിക്കുകയുണ്ടായി. യൗവനദശയിൽ കഴിയുമ്പോൾ തന്നെ നശ്വരമായ ഈ ലോകയാത്രയിൽ അദ്ദേഹം പര്യാ കുലമതിയായി ഭവിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ബുദ്ധി വിചാരപ്രവണ മായി. ഉള്ളിൽ ലോകകാര്യങ്ങളോടു വിരാഗം ഉദയം ചെയ്തു. താരുണ്യ വയസ്സിൽ മരുഭൂമിയിൽ ലതപോലെ ആ വിരക്തി വിളങ്ങി. ഏകാന്തത്തിൽ ആ മഹീപാലൻ ഇങ്ങനെ ചിന്തിച്ചു: 'ഈ ജീവിതയാത്ര എന്തുമാത്രം ആവർത്തനവിരസവും നിഷ്പ്രയോജനവുമാണ്. വീണ്ടും പകൽ; വീണ്ടും രാത്രി; എണ്ണമറ്റ കൊടുക്കൽ വാങ്ങലുകൾ. കർമരംഗത്തു ശുഷ്കവും വിര സവുമായ ഒരേ കർമത്തിന്റെ ആവർത്തനം. എന്തുകിട്ടിയാൽ ഈ ലോകത്തു പിന്നെയൊന്നും കിട്ടാനവശേഷിക്കയില്ല; അതുനേടാനുള്ള കർമമാണു കർമം; ബാക്കിയെല്ലാം ഒരുതരം കർമരോഗമാണ്. ഒരേ ചളിച്ചുപുളിച്ച കർമം വീണ്ടും വീണ്ടും ചെയ്യുന്നതിൽ ജനം എന്തുകൊണ്ടു ലജ്ജിക്കുന്നില്ല. മൂഢബുദ്ധി കൾ ലജ്ജിക്കുന്നില്ല; അറിവുള്ളവർക്കു ഒരു കുട്ടിയെപ്പോലെ ഇതെങ്ങനെ ആവർത്തിക്കാൻ കഴിയും? ഇങ്ങനെ ചിന്തിച്ചു മനസ്സു വ്യാകുലപ്പെട്ടു. സംസാ രഭീരുവായ ഭഗീരഥൻ ഒരു ദിവസം ഗുരുവായ ത്രിതുലനെ സമീപിച്ചിങ്ങനെ ചോദിച്ചു: 'ഭഗവൻ അത്യന്തം ഭയകാരണങ്ങളായ ജരാമരണമോഹാദി സർവ ദുഃഖങ്ങളെയും ഒഴിച്ചുമാറ്റാൻ എന്താണുപായം?

ത്രിതുലൻ മറുപടി പറഞ്ഞു: 'രാജാവേ' ചിരകാലം മനസ്സിനെ സമഭാ വന അഭ്യസിപ്പിക്കണം. അതോടെ ഭേദചിന്ത അപ്പാടെ അകന്നുകിട്ടും. തുടർന്നു സർവത്ര നിറഞ്ഞുതിങ്ങുന്ന ബോധസത്യം അനുഭവവിഷയമാകും. അങ്ങനെ എല്ലാദുഃഖങ്ങളും ക്ഷയിക്കും. ഞാൻ, എന്റേത് എന്നുതുടങ്ങിയ അഹന്താമമതാഗ്രന്ഥികൾ പൊട്ടിച്ചിതറും. സംശയങ്ങളെല്ലാം അകലും. കർമ ങ്ങളെല്ലാം ക്ഷയിക്കും.

290. ജ്ഞേയം തു വിദുരാത്മാനം സംശുദ്ധജ്ഞപ്തി രൂപകം
സച സർവഗതോ നിത്യം നാസ്തമേതി നചോദയം.

അറിയപ്പെടേണ്ട സത്യം അവനവന്റെ സ്വരൂപമായ ശുദ്ധബോധമാണ്.

digitized by www.sreyas.in

അതു സർവത്ര നിറഞ്ഞു വിലസുന്നു. അതു നിത്യമാണ്; അതുദിക്കുന്നില്ല, അസ്തമിക്കുന്നുമില്ല.

ഭഗീരഥൻ ചോദിച്ചു: 'അല്ലയോ മുനീശ്വരാ, അത്യന്തപരിശുദ്ധവും ശാന്തവുമായ ബോധം മാത്രമേ നിലവിലുള്ളൂ എന്നറിയാം. ദേഹാദി ജഡദൃശ്യങ്ങളൊന്നും വാസ്തവത്തിലില്ല എന്നും അറിയാം. എന്നാൽ എനിക്കീ അനുഭവം സ്പഷ്ടമാകുന്നില്ല. പ്രഭോ, ഇതുമാത്രം അനുഭവിച്ചുകൊണ്ട് എനിക്കെപ്പോഴും കഴിഞ്ഞുകൂടാൻ എന്താണു മാർഗം?' ത്രിതുലൻ പറഞ്ഞു: 'ജ്ഞാനാഭ്യാസം ദൃഢപ്പെടുന്നതോടെ മനസ്സ് ജ്ഞേയരൂപം കൈക്കൊള്ളും; അതായത് മനസ്സ് ബോധമയമായി മാറും. തുടർന്നു താനുൾപ്പെടെ എല്ലാം ആ ബോധസത്യം തന്നെയാണെന്നനുഭവിക്കാറാകും. അങ്ങനെ ജനനമരണഭ്രമം ഒടുങ്ങിക്കിട്ടും. പുത്രദാരഗൃഹാദി ലൗകിക ബന്ധങ്ങളിൽ അസക്തനായിത്തീരണം. അവ കൂടാതെ തന്റെ ജീവിതം സഫലമാവുകയില്ലെന്ന ചിന്ത ഉപേക്ഷിക്കണം. ഇഷ്ടാനിഷ്ടാനുഭവങ്ങളിൽ സദാ സമചിത്തത പുലർത്തണം. ആത്മാവു മാത്രമേ ഉള്ളൂ എന്നറിഞ്ഞ് എവിടെയും എപ്പോഴും മനസാ ആത്മാവിനെത്തന്നെ പിൻതുടരണം; സർവം ബോധമയം എന്നു സദാ ഭാവനചെയ്തുറപ്പിക്കണം. കഴിയുന്നത്ര ഏകാന്തമായി സമയം കഴിച്ചുകൂട്ടണം. ജനസമൂഹവുമായി ഇടപഴകാതെ നോക്കണം. ബോധമയമായ ആത്മാവേ ഉള്ളൂ എന്ന സത്യജ്ഞാനത്തിൽ നിന്നും മനസ്സു വ്യതിചലിച്ചു പോകാതെ നോക്കണം. ആ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ പദാർഥങ്ങളെയൊക്കെ നോക്കിക്കാണണം. സത്യം മാത്രം സ്പഷ്ടമായി അനുഭവിക്കാനുള്ള ജ്ഞാനസാധനകളാണ് ഇപ്പറഞ്ഞതെല്ലാം. ഇതിനു വിപരീതമായതൊക്കെ അജ്ഞാനമാണ്. രാജാവേ, അഹങ്കാരം ശമിച്ചുകിട്ടണം; അതാണു പ്രധാനം. അഹങ്കാരം ശമിച്ചാൽ രാഗദ്വേഷങ്ങൾ ക്ഷയിക്കും. സംസാരരോഗത്തിനുള്ള ഉത്തമൗഷധമാണ് അഹങ്കാരശമനം. അതു സേവിച്ചാൽ ജ്ഞാനം അനുഭവമായിത്തീരും.

ഭഗീരഥൻ പറഞ്ഞു: 'ഭഗവൻ, ശരീരബന്ധം അതീവദൃഢം. പർവതത്തിൽ മരമെന്നപോലെ ശരീരത്തെ ആശ്രയിച്ചുനിൽക്കുന്നതാണഹംഭാവം. എങ്ങനെയാണിതിനെ ഉപേക്ഷിക്കുക?

ത്രിതുലൻ മറുപടി നൽകി: 'പൗരുഷത്തോടെയുള്ള സത്യഭാവനകൊണ്ടു ലൗകികഭോഗഭാവനകളെ പുറംതള്ളണം. ബോധഭാവനയെ വികസിപ്പിച്ചു സർവതോമുഖമാക്കണം. അങ്ങനെ അഹങ്കാരത്തെ വിലയിപ്പിക്കണം. ലജ്ജാകുലധനാദി അഭിമാനങ്ങൾ കൂടിച്ചേർന്നു സ്വരൂപമായ ബോധത്തിൽ ഒരു യന്ത്രക്കൂടുപോലെ രൂപംകൊണ്ടിരിക്കുന്ന അഹംഭാവത്തെ സ്വരൂപബോധം മാത്രം അവശേഷിപ്പിച്ചുകൊണ്ടു പുറംതള്ളണം. അതോടെ അഹംഭാവവും സ്വരൂപത്തിൽ ലയിച്ച് എല്ലാം ഒന്നെന്ന ബോധം ഉദയംചെയ്യും. അങ്ങനെ അഹങ്കാരം വിലയം പ്രാപിക്കുന്നതോടെ, രാജാവേ, അങ്ങുതന്നെ പരമസത്യമായി അവശേഷിക്കും. വിശേഷരൂപങ്ങളൊക്കെ ശമിക്കണം. അർഥകളത്രാദി ഏഷണകളൊക്കെ മാറി നിർഭയനായിത്തീരണം. ഈ രാജ്യശ്രീയെല്ലാം ശത്രുക്കൾക്കു വിട്ടുകൊടുക്കൂ. ഒന്നുമില്ലാത്തവനായിത്തീരൂ. അഹങ്കാരം വെടിഞ്ഞ് ദേഹചിന്തയുമുപേക്ഷിച്ചു ശത്രുക്കളോടുതന്നെ ഭിക്ഷയാചിച്ച് ഗുരുവായ എന്നെയും കൈവിടൂ. ഇതു സാധിച്ചാലങ്ങു സർവോത്കൃ

digitized by www.sreyas.in

ഷ്ടമായ ആനന്ദബ്രഹ്മമായി അവശേഷിക്കും. അതിനപ്പുറം പിന്നെയൊന്നും നേടാനുണ്ടാവില്ല.

വസിഷ്ഠൻ പറഞ്ഞു: 'ഗുരുമുഖത്തുനിന്നും ഇതെല്ലാം കേട്ടുറപ്പുവന്ന ഭഗീരഥൻ മനസ്സിൽ ചിലതെല്ലാം നിശ്ചയിച്ചുറച്ചുകൊണ്ടു തന്റെ ദൈനം ദിന വ്യവഹാരങ്ങളിൽ മുഴുകി. കുറേദിവസം കഴിഞ്ഞു സർവത്യാഗം ഉറപ്പുവരുത്താനായി അദ്ദേഹം അഗ്നിഷ്ടോമയജ്ഞം നിർവഹിച്ചു. പശുക്കൾ, ഭൂമി, കുതിരകൾ, സ്വർണസഞ്ചയം എന്നിത്യാദി സകലസമ്പത്തും ബ്രാഹ്മണർക്കും, ദേവന്മാർക്കും, ദുഃഖിതർക്കും, ബന്ധുക്കൾക്കുമൊക്കെയായി തരാതരംപോലെ ദാനംചെയ്തു. മൂന്നുദിവസം കൊണ്ട് എല്ലാം പരിത്യജിച്ചു. ഭഗീരഥ മഹാരാജാവ് ഉടുവസ്ത്രം മാത്രം അവശേഷിച്ചവനായി നിലകൊണ്ടു. എല്ലാം വെടിഞ്ഞുനിൽക്കുന്ന പ്രഭുവിനെക്കണ്ടു പ്രജകൾ ദുഃഖിതരായി. ദുഃഖിതരായി അവർ നോക്കിനിൽക്കവേതന്നെ ഒരു പുൽക്കൊടിയെയെന്നോണം രാജ്യത്തെ ശത്രുക്കളുടെ കൈകളിലേൽപ്പിച്ചു. രാജ്യം ശത്രുക്കൾ കീഴ്പ്പെടുത്തിക്കഴിഞ്ഞപ്പോൾ അദ്ദേഹം കൈയിൽ യാതൊന്നും തന്നെയില്ലാതെ അവിടം വിട്ടുപോയി. പേരുകൊണ്ടോ കാഴ്ചകൊണ്ടോ തന്നെ തിരിച്ചറിയാൻ ഇടയില്ലാത്ത ഗ്രാമങ്ങളിലും, വനപ്രദേശങ്ങളിലും, നഗരപ്രാന്തങ്ങളിലും ധീരനായി ദിനങ്ങൾ കഴിച്ചുകൂട്ടി. ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ പുത്രകളത്രാദി ഏഷണകളൊക്കെ വിട്ടുമാറി മനസ്സു ശാന്തമായി. മനസ്സു പൂർണമായും ശമം പ്രാപിച്ചതോടെ ആത്മശാന്തി അനുഭവപ്പെട്ടു. ഭൂമണ്ഡലത്തിൽ പലയിടത്തും സഞ്ചരിച്ചുകൊണ്ടിരിക്കേ ഒരിക്കൽ യാദൃച്ഛികമായി ശത്രുവിനാൽ കീഴടക്കപ്പെട്ട സ്വന്തം രാജ്യത്തു തന്നെ അദ്ദേഹം എത്തിച്ചേർന്നു. യാത്രയ്ക്കിടയിൽ മുൻപിൽ കാണാനിടയായ വീടുകളിലെല്ലാം ഭിക്ഷ യാചിച്ചു. പൗരന്മാരുടെ, മന്ത്രിമാരുടെ ഒക്കെ വീടുകളിൽ കടന്നുചെന്നു. മന്ത്രിമാരും പൗരന്മാരും പലരും അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അവർ വിഷാദത്തോടുകൂടി പൂജാദ്രവ്യങ്ങൾ സമർപ്പിച്ചു വണങ്ങി. ശത്രു രാജാവും വന്നു വണങ്ങി രാജ്യം സ്വീകരിക്കാനായി അപേക്ഷിച്ചു. എത്ര അപേക്ഷിച്ചിട്ടും ആഹാരമല്ലാതെ മറ്റൊന്നും തന്നെ അദ്ദേഹം അംഗീകരിച്ചില്ല. കുറച്ചു ദിവസം അവിടെ കഴിച്ചുകൂട്ടിയിട്ടു മറ്റൊരിടത്തേക്കു പോയി. കഷ്ടം, നമ്മുടെ ഭഗീരഥ മഹാരാജാവിനീനില വന്നല്ലോ എന്നു ജനങ്ങൾ ശോചിച്ചു. അന്യരാജ്യത്തൊരിടത്തു ഭഗീരഥൻ മനസ്സടങ്ങി, ആത്മശാന്തി നേടി, സുഖിയായി, ആത്മാരാമനായി കഴിഞ്ഞു കൂടവേ ഒരു ദിവസം യാദൃച്ഛികമായി ഗുരുവായ ത്രിതുലനെ വീണ്ടും കണ്ടെത്തി. സ്വയം അദ്ദേഹത്തെ സ്വാഗതം ചെയ്തു രണ്ടുപേരുമൊരുമിച്ചു കുറേക്കാലം നഗരങ്ങളിലും വനങ്ങളിലും ഗ്രാമങ്ങളിലും പർവതങ്ങളിലും ഒക്കെയായി ആനന്ദത്തോടെ കഴിച്ചുകൂട്ടി. ഗുരുവും ശിഷ്യനും ഒരുപോലെ പൂർണസമത്വം കൈവന്നു. ഒരിക്കൽ രണ്ടുപേരും ഈ ദേഹം ഇങ്ങനെ നിലനിൽക്കുന്നതിനെക്കുറിച്ച് ആലോചിച്ചു: 'ഈ ദേഹം എന്തിനിങ്ങനെ തുടർന്നു നിലനിൽക്കണം. അല്ലെങ്കിൽ ഈ ദേഹം വിട്ടു പോയതുകൊണ്ട് നമുക്കെന്തു കൂടുതൽ ഗുണമാണ് വരാനുള്ളത്? ക്രമമനുസരിച്ചും ആചാരമനുസരിച്ചും വേണ്ടപോലെ ഇതു നിലനിൽക്കട്ടെ. എന്താണു ദോഷം? ഇങ്ങനെ നിശ്ചയിച്ച് അവർ രണ്ടുപേരും വനത്തിൽ നിന്നു വനത്തിലേക്കു സഞ്ചരിച്ചുകൊണ്ടേയിരുന്നു. ആനന്ദത്തെയോ ദുഃഖത്തെയോ മധ്യസ്ഥിതിയെയോ അവർ പ്രത്യേകം പ്രത്യേകം

digitized by www.sreyas.in

ഗണിച്ചതേയില്ല. ധനങ്ങൾ, രാജവിഭവങ്ങൾ, അഷ്ടൈശ്വര്യങ്ങൾ ഇവയൊക്കെ നൽകാമെന്നു സിദ്ധന്മാർ അവരെ പ്രലോഭിപ്പിച്ചു നോക്കി. അവരതൊക്കെ ശുഷ്കതൃണം പോലെ തള്ളിക്കളഞ്ഞതല്ലാതെ ഒന്നും തന്നെ അംഗീകരിച്ചില്ല. അങ്ങനെയിരിക്കേ ഒരിക്കൽ ഒരു രാജ്യത്ത് പുത്രനില്ലാതിരുന്ന ഒരു രാജാവിനെ മരണം അപഹരിച്ചു. അനന്തരാവകാശിയെ കാണാനില്ലാതെ പ്രജകൾ ഖിന്നരായി. രാജ്യത്തെ ആചാരക്രമങ്ങളെല്ലാം തകരാറിലായി. തുടർന്ന് ജനങ്ങൾ ലക്ഷണയുക്തനായ ഒരു രാജാവിനെ കണ്ടെത്താൻ ശ്രമമാരംഭിച്ചു. ഈ ശ്രമത്തിനിടയിൽ അവിടത്തെ ജനങ്ങൾ ഭിക്ഷയാചിച്ചു നടക്കുന്ന മുനിയായ ഭഗീരഥനെ കണ്ടുമുട്ടി. തിരിച്ചറിഞ്ഞു കൂട്ടിക്കൊണ്ടു വന്നു സൈന്യത്തിന്റെ മുൻപിൽ നിറുത്തി. മഴക്കാലത്തു നദിവെള്ളം തള്ളി വന്നു നിറയുന്നതുപോലെ സൈന്യം അദ്ദേഹത്തെ വലയം ചെയ്തു. ഭഗീരഥൻ വലിയൊരു ഗജവീരന്റെ പുറത്ത് ആരൂഢനാക്കപ്പെട്ടു. 'മഹാരാജാവു ഭഗീരഥൻ ജയിക്കട്ടെ' എന്ന ജയഘോഷം അന്തരീക്ഷത്തിൽ മുഴങ്ങി. ആ ജയഘോഷങ്ങൾ പർവതഗുഹകളിൽ ചെന്നലച്ചു പ്രതിധ്വനിച്ചു. ഭഗീരഥൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. മരിച്ച മഹാരാജാവിന്റെ പ്രജകൾ ഭഗീരഥ മഹാരാജാവിനെ വന്നു കണ്ടു. അവരറിയിച്ചു:' രാജാവേ, ഞങ്ങളുടെ നാടുനീങ്ങിയ മഹാരാജാവിനെ അങ്ങാണു മുൻപ് രാജപദവി നൽകി ഇവിടത്തെ ഭരണാധികാരിയാക്കിയത്. മീൻ മാംസം വിഴുങ്ങുന്നതുപോലെ മരണം അദ്ദേഹത്തെ വിഴുങ്ങിക്കളഞ്ഞു. അതുകൊണ്ടങ്ങുതന്നെ ഇനി ഈ രാജ്യം ഭരിച്ചു ഞങ്ങളെ അനുഗ്രഹിക്കണം. അപേക്ഷിക്കാതെ വന്നുചേരുന്ന ഐശ്വര്യത്തെ ത്യജിക്കുന്നതുചിതമല്ല.'

പ്രജകളുടെ വിനയാന്വിതമായ ഈ ആവശ്യം രാജാവംഗീകരിച്ചു. സമുദ്രമതിരായുള്ള വലിയൊരു ഭൂമണ്ഡലത്തിന്റെ അധിപതിയായിത്തീർന്നു ഭഗീരഥൻ. തികഞ്ഞ സമത്വ ബുദ്ധിയോടുകൂടി ശാന്തചിത്തനായി രാഗദ്വേഷവൈകൃതങ്ങളില്ലാതെ അദ്ദേഹം രാജ്യം ഭരിച്ചു. അന്നന്നു വന്നുചേരുന്ന കാര്യങ്ങളിൽ വിശേഷിച്ചു കൗതുകമോ വിസ്മയമോ ഇല്ലാതെ വേണ്ടപോലെ വ്യാപരിച്ചു കഴിഞ്ഞുകൂടി. തുടർന്ന് 'ആയിരംകൊല്ലം കഠിനമായ തപസ്സനുഷ്ഠിച്ച് സ്വർഗംഗയെ ഭൂമിയിൽ കൊണ്ടുവന്നു സ്വപിതാമഹാന്മാരെ ഉദ്ധരിച്ചു. ഭഗീരഥമഹാരാജാവിന്റെ കീർത്തിധാവള്യം എങ്ങും പ്രചരിപ്പിച്ചു കൊണ്ട് ഭാഗീരഥി ഇന്നും ഭൂമണ്ഡലത്തെ പവിത്രയാക്കിക്കൊണ്ടിരിക്കുന്നു.

*ഇതി ശ്രീ വാല്മീകീയെ മോക്ഷോപായേ നിർവാണ പ്രകരണേ*
*ഭഗീരഥോപാഖ്യാനം നാമ*
*അഷ്ടമഃ സർഗഃ*

### സർഗം. 9

# ശിഖിധ്വജോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഉള്ളുകൊണ്ട് ഈ ജഗത്തിനെ ആദ്യം ഉപേക്ഷിക്കൂ. എന്നിട്ടു മനസ്സാകുന്ന പക്ഷിയെ 'സർവം ബ്രഹ്മമയം' എന്ന കൂട്ടിനകത്തടയ്ക്കൂ. അങ്ങനെ ശാന്തനായി ആത്മാവിൽ ഉറച്ചുനിന്നുകൊണ്ട് ശിഖി

digitized by www.sreyas.in

ധ്വജനപ്പൊലെ ലോകകാര്യങ്ങൾ നിർവഹിക്കൂ.'

രാമൻ ചോദിച്ചു: 'ബ്രഹ്മൻ, ആരാണീ ശിഖിധ്വജൻ. അദ്ദേഹം എങ്ങനെയാണു പരമപദത്തിലെത്തിച്ചേർന്നത്. ബോധദാർഢ്യത്തിനായി ഇതൽപ്പം വിശദമായി പറഞ്ഞുതന്നാലും.'

വസിഷ്ഠൻ പറഞ്ഞു: കഴിഞ്ഞ ദ്വാപരയുഗത്തിൽ ഏഴാമത്തെ മനുവിന്റെ കാലം. അന്നു് മാളവദേശത്തെ രാജാവായിരുന്നു ശിഖിധ്വജൻ. ധൈര്യം, ഔദാര്യം, ദയ, സത്യം, ക്ഷമ, ദമം, ശമം എന്നീ ഗുണങ്ങളുടെയെല്ലാം വിളനിലമായിരുന്നു അദ്ദേഹം. ശൂരനും ശുഭസമാചാരനും, മാനിയുമായിരുന്ന സുരാഷ്ട്രരാജാവിന്റെ മകളായ ചൂഡാലയെ അദ്ദേഹം കല്യാണം കഴിച്ചു. പതിദേവതയായ ചൂഡാല എല്ലാം കൊണ്ടും രാജാവിനനുരൂപയായ ഭാര്യയായിരുന്നു. അന്യോന്യം അർപിതമനസ്സുകളായിരുന്ന അവർക്കു ദിവസം ചെല്ലുന്തോറും പ്രീതി വർധിച്ചുകൊണ്ടേയിരുന്നു. അവർ സദാ പ്രേമബദ്ധരായിരുന്നു. പരസ്പരം പ്രിയം തന്നെ അനുഷ്ഠിച്ചിരുന്നു. അന്യോന്യം മനസ്സറിഞ്ഞ് അവർ പെരുമാറിയിരുന്നു. ഈ വിധം അവരുടെ ഭാര്യാഭർതൃബന്ധം അത്യന്തം ഗാഢമായി ഭവിച്ചു. നിറഞ്ഞു കവിയുന്ന പ്രേമത്തോടു കൂടി ഇങ്ങനെ വർഷങ്ങൾ കടന്നുപോയി. അനന്തങ്ങളായ യൗവന ലീലകളിലൂടെ അവർ ദിനങ്ങൾ കഴിച്ചു. സത്യമെന്തന്നറിയാതെ സ്നേഹബദ്ധരായിക്കഴിഞ്ഞ അവരുടെ യൗവനം പൊട്ടിയ കുടത്തിലെ വെള്ളമെന്ന പോലെ ചോർന്നു കൊണ്ടേയിരുന്നു. പഴുത്ത ഫലം താഴെ വീഴുമെന്നതു തീർച്ചയാണല്ലോ. മരണം ആർക്കും അനിവാര്യമാണ്. താമരയുടെമേൽ മഞ്ഞുപതിക്കുന്നതു പോലെ ജര അവരെ കടന്നാക്രമിക്കാൻ തുടങ്ങി. കൈത്തലത്തിലെ ജലം പോലെ ആയുസ്സു സദാ ചോരുന്നു. മഴക്കാലത്തു ചുര വള്ളിയെന്ന പോലെ തൃഷ്ണമാത്രം നീണ്ടുനീണ്ടു പോകുന്നു. പർവത പ്രദേശത്തിൽ നിന്നുള്ള നദിയുടെ വേഗതപോലെ യൗവനം ഒഴുകി മറയുന്നു. വില്ലിൽ നിന്നു പുറപ്പെടുന്ന അമ്പുകളെന്നോണം സുഖങ്ങൾ ഓടിമറയുന്നു. വാഴത്തണ്ടുപോലെ അസാരമായ ലോകവ്യവഹാരം വെറുപ്പിനെയുളവാക്കുന്നു. എന്തുകിട്ടിയാൽ പിന്നെ മനസ്സൊരിക്കലും ദുഃഖത്തിനു വഴങ്ങുകയില്ലയോ അങ്ങനെയൊന്ന് ഈ സംസാരത്തിൽ കാണാനേ ഇല്ല. ഈ ദമ്പതിമാരുടെ മനസ്സിനെ ഈ ചിന്തകളൊക്കെ കടന്നു പിടികൂടി. സംസാരരോഗത്തിന് ഒരു മരുന്നു കണ്ടെത്താനായി അധ്യാത്മശാസ്ത്രം അവർ ചിരകാലം വിചാരം ചെയ്തു. ആത്മജ്ഞാനം കൊണ്ടു മാത്രമേ സംസാര വിഷൂചിക ശമിച്ചു കിട്ടൂ എന്നവർക്കു ബോധ്യമായി. അവർ രണ്ടുപേരും ഒരുമിച്ചങ്ങനെ വേദാന്ത ശാസ്ത്ര ചർച്ചയിൽ മുഴുകി. ആത്മജ്ഞാനത്തിൽ തന്നെ ചിത്തം വ്യാപരിപ്പിച്ചു; അതു തന്നെ ലക്ഷ്യമായംഗീകരിച്ചു; അതിൽ തന്നെ ഉറച്ചു നിന്നു; അതിനെത്തന്നെ സദാ ആശ്രയിച്ചു; അതിനെത്തന്നെ അർച്ചിച്ചു; അതിനെത്തന്നെ ആഗ്രഹിച്ചു; അങ്ങനെ അവർ മുന്നോട്ടു നീങ്ങി. ആത്മജ്ഞാനകാര്യങ്ങളെ ദൃഢമായി ആവർത്തിച്ചഭ്യസിച്ചു; തമ്മിൽ തമ്മിൽ ചർച്ച ചെയ്തു; അവരതിൽ രസിച്ചു; അതിനു വേണ്ടിത്തന്നെ കർമങ്ങളനുഷ്ഠിച്ചു; അങ്ങനെ കാലം കടന്നുപോയി. രമണീയമായ വേദാന്ത ചർച്ചാക്രമത്തിലൂടെയും ആത്മജ്ഞാനികളുടെ മുഖത്തുനിന്നു നേരിട്ട് മോക്ഷപ്രദങ്ങളായ ശാസ്ത്രതത്വങ്ങൾ ഗ്രഹിച്ചും ചൂഡാല രാപകലില്ലാതെ ആത്മാവിനെത്തന്നെ ഇങ്ങനെ വിചാരം ചെയ്തു; കർമങ്ങ

digitized by www.sreyas.in

ളിൽ വ്യാപൃതയായിരിക്കുമ്പോഴും വെറുതേയിരിക്കുമ്പോഴും. പ്രസന്നചിത്തയായി ആത്മവിചാരം തുടർന്നു. ചൂഡാല പറഞ്ഞു: 'ഞാനിതാ എന്റെ ആത്മാവിനെ കണ്ടെത്തുന്നുണ്ട്. ഞാൻ എന്താണെന്നു സ്വയം അറിയുന്നുണ്ട്. ഈ മോഹം ആർക്കാണ്, എങ്ങനെയാണ്, എവിടെയാണ് എന്നൊക്കെ ഞാൻ കണ്ടെത്തുന്നുണ്ട്. ഉണ്മയുടെ അനുഭവമില്ലാത്ത ജഡശരീരം ഞാനല്ലെന്നു തീർച്ച: കർമേന്ദ്രിയക്കൂട്ടവും ഈ ശരീരത്തിന്റെ ഭാഗങ്ങളായതുകൊണ്ടു ജഡം തന്നെ; അവ ഒരിക്കലും ഞാനാകാൻ പറ്റുകയില്ല. ജ്ഞാനേന്ദ്രിയങ്ങളും ജഡം തന്നെയെന്നു കാണാൻ പ്രയാസമില്ല; അവ മനസ്സിന്റെ ഉപകരണങ്ങളാണ്. വടി മൺകട്ടയെ അടിച്ചുതെറിപ്പിക്കുംപോലെ ജ്ഞാനേന്ദ്രിയങ്ങളെ മനസ്സു വിഷയങ്ങളുടെ നേരെ തള്ളിവിടുകയല്ലേ ചെയ്യുന്നത്; സങ്കൽപ്പശക്തിയോടു കൂടിയ മനസ്സും ജഡംതന്നെ. തെറ്റാടികൊണ്ടു കല്ലെറിയപ്പെടുന്നതുപോലെ ബുദ്ധിയുടെ നിശ്ചയങ്ങളല്ലേ മനസ്സിനെ അങ്ങുമിങ്ങും വലിച്ചെറിയുന്നത്. നിശ്ചയരൂപിണിയായ ബുദ്ധിയോ; നിശ്ചയമായും ജഡം തന്നെ. കരയിലുള്ള ചാല് നദീജലത്തെ അങ്ങോട്ടുവലിച്ചു പിടിക്കുന്നതുപോലെ അഹങ്കാരത്തിന്റെ വലിയിൽപെട്ടല്ലേ ബുദ്ധിചലിക്കുന്നത്. സ്വയം പ്രവർത്തനശേഷിയില്ലാതെ മറ്റുള്ളവയുടെ പ്രേരണകൊണ്ടുമാത്രം ചലിക്കുന്നവയൊക്കെ ജഡങ്ങളാണെന്നു താൽപ്പര്യം. അഹങ്കാരമോ; നിസ്സാരമായ ശവത്തിനുതുല്യം ജഡം. ബാലൻ യക്ഷനുണ്ടെന്നു ഭ്രമിക്കുന്നതുപോലെ അഹങ്കാരം ജീവന്റെ ഒരു ഭ്രമം മാത്രമല്ലേ. പ്രാണസ്പന്ദനരൂപനായ ജീവൻ അഹങ്കാരരൂപത്തിൽ പ്രകാശിക്കുന്നു എന്നല്ലാതെ അന്വേഷിച്ചാൽ പ്രാണസ്പന്ദനത്തിൽ നിന്നും ഭിന്നനായ ഒരഹങ്കാരത്തെ കണ്ടെത്താനേ സാധ്യമല്ല. ഇനിയും ജീവനോ; ജീവനാകട്ടെ ഹൃദയത്തിലനുഭവപ്പെടുന്ന വെറും പ്രാണസ്പന്ദനം. സ്പന്ദനരൂപിയായ പ്രാണനായതുകൊണ്ടു തന്നെ സ്പന്ദിച്ചു പ്രത്യക്ഷപ്പെടാനും മറയാനും അതിന്റെ പിന്നിൽ ഒരാശ്രയമുണ്ടായേ പറ്റൂ എന്നു തീർച്ച.

291. ആ അഹോജ്ഞാതമേതേന ചേത്യോല്ലേഖകളങ്കിനാ
ജീവോജീവതിജീർണേന ചിദ്രൂപേണാത്മരൂപിണാ.

ആ അഹോജ്ഞാതം-ആശ്ചര്യമാശ്ചര്യം. അറിഞ്ഞുപോയിരിക്കുന്നു; ചേത്യോല്ലേഖകളങ്കിനാ-സങ്കൽപ്പരൂപമായകളങ്കത്തോടുകൂടി; ജീർണേന - സ്വരൂപം വിട്ടുതാഴോട്ടുപോന്ന; ആത്മസ്വരൂപിണാചിദ്രൂപേണ-ആത്മാവായിവർത്തിക്കുന്ന ബോധരൂപനാലാണ്; ജീവഃജീവതി-പ്രാണസ്പന്ദനരൂപനായ ജീവൻജീവിക്കുന്നത്.

ആശ്ചര്യമാശ്ചര്യം; അറിഞ്ഞുപോയിരിക്കുന്നു; സങ്കൽപ്പരൂപമായ കളങ്കത്തോടുകൂടി സ്വരൂപം വിട്ടു താഴോട്ടുപോന്ന ആത്മാവായി വർത്തിക്കുന്ന ബോധരൂപനാലാണു പ്രാണസ്പന്ദനരൂപനായ ജീവൻ ജീവിക്കുന്നത്.

### ചിദ്രൂപേണാത്മരൂപിണാ

ചൂഡാലയുടെ സത്യവിചാരക്രമം വ്യക്തമായ പാതയിലൂടെ അതിന്റെ നിർണായകഘട്ടത്തിലെത്തിനിൽക്കുന്നതായിട്ടാണു നാം ഇവിടെ കാണുന്നത്. ജീവന്റെ ഉറവിടമാണല്ലോ അന്വേഷണവിഷയം. പ്രാണസ്പന്ദനമാണു ജീവൻ. അതിന്റെ അനുഭവരൂപമാണഹംകാരം. ഓരോ പ്രാണസ്പന്ദനവും സൂക്ഷ്മമായി അഹങ്കാരം ഉൾക്കൊള്ളുന്നു എന്നു കാണേണ്ടതാണ്.

digitized by www.sreyas.in

അപ്പോൾ പ്രാണസ്പന്ദനവും അഹങ്കാരവും ഒരുമിച്ചുണ്ടാകുന്നു. സ്പന്ദിച്ചുമറഞ്ഞു വീണ്ടും സ്പന്ദിച്ചുമറയുന്ന ഇവയ്ക്ക് സ്പന്ദിക്കാനും മറയാനും സ്പന്ദനരഹിതമായ ഒരുറവിടമുണ്ടെങ്കിലേ പറ്റൂ. ആ ഉറവിടമാണു നിശ്ചല ബോധം. അഹങ്കാരം 'ഞാൻ ഉണ്ട്' എന്ന അനുഭവത്തോടുകൂടിയാണു സ്പന്ദിക്കുന്നത്. ഇവിടെ 'ഞാൻ' എന്ന ശബ്ദാംശമാണു സങ്കൽപ്പം. ഉണ്ട് എന്ന അനുഭവം ബോധത്തിന്റെ വകയും. ശബ്ദം ശക്തിസ്പന്ദനമാണെന്നെടുത്തു പറയേണ്ടതില്ലല്ലോ. ഉണ്ട് എന്ന അനുഭവം ബോധത്തിനു മാത്രമുള്ളതാണെന്ന കാര്യവും എടുത്തുപറയേണ്ടതില്ല. അപ്പോൾ ബോധം സങ്കൽപ്പത്തിലൂടെ സ്പന്ദിച്ച് അൽപ്പം താഴോട്ടിറങ്ങുന്നതാണു ജീവൻ അഥവാ പ്രാണസ്പന്ദനം. ഇതാണ് ആത്മാവായ ചിദ്രൂപത്തിന്റെ ജീർണിക്കൽ. ഈ ജീർണിക്കലൊക്കെ ജഡമാണ്; അതായതു ബോധത്തിലെ നാമരൂപങ്ങളാണ്. തുടർന്നുള്ള ജീവന്റെ സ്പന്ദനഘട്ടങ്ങളാണ് അഹങ്കാരം, ബുദ്ധി, മനസ്സ്, ജ്ഞാനേന്ദ്രിയങ്ങൾ, കർമേന്ദ്രിയങ്ങൾ, സ്ഥൂല ദേഹം എന്നിവ. ഇവയൊക്കെ ജഡങ്ങളാണ്. ഉണ്ടായി മറയുന്നവ ജഡം; സ്വയം പ്രവർത്തനശേഷിയില്ലാതെ ഉപകരണങ്ങളായി മാത്രം വർത്തിക്കുന്നവ ജഡം. ഇതാണ് ജഡനിർവചനം. ബോധം മാത്രം ഉണ്ടാകുന്നതോ മറയുന്നതോ അല്ല; മറ്റൊന്നിന്റെ ഉപകരണമായി പ്രവർത്തിക്കുന്നതുമല്ല. ബോധമുണ്ടാക്കി മറയ്ക്കുന്ന ഉപകരണങ്ങളാണു ജഡങ്ങളെല്ലാം. അവയുടെ ഉണ്മപോലും ബോധത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് ബോധംസത്യം. മറ്റെല്ലാം അതിലെ വെറും നാമരൂപപ്രകടനങ്ങൾ.

ചൂഡാല തുടർന്നു: 'സങ്കൽപ്പഭ്രമമുൾക്കൊള്ളുന്ന ജീവൻ ബോധരൂപത്തോടുകൂടി ജീവിക്കുന്നു; പൂവിന്റെ മണം കാറ്റുകൊണ്ട് ജീവിക്കുന്നതുപോലെ അഥവാ നദിയിലെ വെള്ളം ചാലിൽ കൂടി ഒഴുകും പോലെ. അസത്യമായ സങ്കൽപ്പജഡത്തെ ആശ്രയിക്കുന്നതുകൊണ്ട് ജീവനിലെ ബോധാംശത്തെയും ജഡമായിത്തന്നെ കരുതേണ്ടിയിരിക്കുന്നു. കണ്ണാടിയിലെ പ്രതിബിംബം ഭ്രമമായി കരുതപ്പെടുന്നതുപോലെ. ജലത്തിൽ അന്തർഭവിച്ചിരിക്കുന്ന അഗ്നിക്കു സ്വരൂപം നഷ്ടപ്പെടുന്നതുപോലെ ജീവനിലെ ബോധാംശത്തിനും സങ്കൽപ്പസമ്പർക്കം നിമിത്തം ശുദ്ധരൂപം നഷ്ടപ്പെട്ടിരിക്കുന്നു എന്നു കാണേണ്ടതാണ്. ഇപ്രകാരം ബോധരൂപനാണെങ്കിലും സങ്കൽപ്പാംശം കൂടിക്കലർന്നിരിക്കുന്നതുകൊണ്ട് ജീവനും ശൂന്യജഡരൂപനായി ഭവിച്ചിരിക്കുന്നു. എന്നാൽ ഈ ജീവനെ പിന്നിൽ നിന്നും പ്രചോദിപ്പിക്കാൻ ശുദ്ധബോധമല്ലാതെ മറ്റൊന്നുമില്ലെന്ന് തീർച്ചയാണല്ലോ. ശുദ്ധബോധം സങ്കൽപ്പത്തെ പ്രതിബിംബരൂപേണ കടന്നുപ്രവേശിച്ചാണ് ജീവഭ്രമമുളവാക്കുന്നത്. ആശ്ചര്യം, ഇപ്പോൾ കാര്യം വ്യക്തമായി തെളിയുന്നു. ശുദ്ധബോധമാണ് ജീവന്റെ തോന്നലുളവാക്കിയിരിക്കുന്ന സത്യം. ചിരകാലം കൊണ്ട് ഒരു കളങ്കവുമില്ലാത്ത അറിയപ്പെടേണ്ട സത്യം അറിയപ്പെട്ടിരിക്കുന്നു. ജീവൻവരെയുള്ള എല്ലാം, മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ, ദേഹം തുടങ്ങിയവ യഥാർഥത്തിൽ ഇല്ലാത്തവയാണ്. വെറും ബോധവിലാസങ്ങൾ മാത്രം; മറവി നിമിത്തം വന്നുചേർന്നവ.

292. മഹാചിദേകൈവാസ്തീഹ മഹാസത്തേതിയോച്യതേ
നിഷ്കളങ്കാ സമാശുദ്ധാ നിരഹങ്കാരരൂപിണീ

അനന്തമായ ഒരഖണ്ഡബോധം മാത്രമേ ഇവിടെയുള്ളൂ. അതുതന്നെ

digitized by www.sreyas.in

യാണ് അനന്തമായ ഉണ്മയെന്നു പറയപ്പെടുന്നതും. ഒരു കളങ്കവും പറ്റാത്തത്, സർവത്ര സമരൂപം, ശുദ്ധം അഹങ്കാരത്തിന്റെ നിഴൽപോലും ഏശാത്തത്.

293. സകൃദ്വിഭാതിവിമലാനിത്യോദയവതീസമാ
സാബ്രഹ്മപരമാത്മേതിനാമഭിഃപരിഗീയതേ

ആ മഹാചിത്ത് സദാ പ്രകാശിച്ചു വിളങ്ങുന്നു. പരമപരിശുദ്ധമായ അത് എപ്പോഴും ഉദയം ചെയ്തു നിൽക്കുന്നു; എവിടേയും തുല്യരൂപത്തിൽ. ബ്രഹ്മം, പരമാത്മാവ് എന്നിങ്ങനെ പലപേരുകളിൽ അറിയപ്പെടുന്നതൊക്കെ ആ അഖണ്ഡബോധം തന്നെയാണ്'.

വസിഷ്ഠൻ തുടർന്നു: 'ചൂഡാല എല്ലാദിവസവും ഈ ചിന്തയിൽ തന്നെ സമയം കഴിച്ചു. അവർ സ്വയം ആത്മാരാമയായി ഭവിച്ചു. അന്തർമുഖത നിമിത്തം സദാ അക്ഷോഭ്യയായി വർത്തിച്ചു. ഒന്നിനോടും പ്രത്യേകമായ ഇഷ്ടമില്ല; ഒന്നിലും എന്റേതെന്ന ഭാവമില്ല; ഭേദചിന്തയില്ല; ഒരാഗ്രഹവും അവശേഷിച്ചില്ല. ഒന്നുമുപേക്ഷിക്കുന്നില്ല; ഒന്നും സ്വീകരിക്കുന്നുമില്ല. പ്രകൃതമനുസരിച്ചു വന്നുചേരുന്ന കാര്യങ്ങളെല്ലാം വേണ്ടപോലെ നിർവഹിക്കുന്നു. പരമാത്മമഹാലാഭം നിമിത്തം അന്തരംഗം പൂർണതൃപ്തി കൈവരിച്ചു. അങ്ങനെ അങ്ങേയറ്റം ഉത്തമമായതിനേക്കാൾ ഉത്തമമായി ഭവിച്ചതു കൊണ്ട് ചൂഡാല വാക്കുകൾകൊണ്ട് പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരനുഭവാവസ്ഥയിൽ എത്തിനിന്നു. വിവേകപൂർണമായ ദൃഢാഭ്യാസംകൊണ്ട് ആത്മാനുഭവം അനുദിനം പ്രൗഢമായി വന്നു. പുതുതായി പൂത്തുതഴച്ച ഒരു പുഷ്പലതയെപോലെ അവർ ശോഭിച്ചു. അതിസുന്ദരിയായ ചൂഡാലയിൽ അപൂർവമായ ഒരു പ്രത്യേക ശോഭകണ്ടു വിസ്മയാവിഷ്ടനായ ശിഖിധ്വജൻ ഒരു ദിവസം ഇങ്ങനെ ചോദിച്ചു: 'പ്രിയതമേ, എന്താണു നീ വീണ്ടും യൗവനം പ്രാപിച്ചപോലെ കാണപ്പെടുന്നുണ്ടല്ലോ. വീണ്ടും വീണ്ടും നീ അലംകൃതമായിത്തീരുന്നതു പോലെ കാണപ്പെടുന്നു. നിഷ്കളങ്കമായ സൗന്ദര്യപൂരം കൊണ്ടു നീ പണ്ടത്തേക്കാളധികം തേജോമയിയായി കാണപ്പെടുന്നു. അമൃതസാരം പാനം ചെയ്തവളെപ്പോല; കിട്ടാൻ കഴിയാത്തതെന്തോ കിട്ടിയവളെപ്പോലെ. പ്രിയേ, നീ ആനന്ദാമൃതം കൊണ്ട് അത്യന്തം നിറഞ്ഞവളെപ്പോലെ ശോഭിക്കുന്നു. രാജഭോഗങ്ങളിൽ താൽപ്പര്യമില്ലാതെ തന്നെ ശാന്തയും ഊർജസ്വലയും സമചിത്തയുമായി നീ വിളങ്ങുന്നു. നിന്റെ ചിത്തം ഗംഭീരവും പ്രസന്നവുമായി വിരാജിക്കുന്നു.

ചൂഡാല പറഞ്ഞു: 'ഹേ പ്രാണപ്രിയതമാ, എന്തെന്നു വിവരിക്കാൻ കഴിയാത്ത ഈ ജഗത്തിനെയും എന്റെ ദേഹത്തെയും വെടിഞ്ഞിട്ടു ഞാൻ എന്തെന്നു പറഞ്ഞറിയിക്കാൻ കഴിയാത്ത എന്തോ ഒരു രൂപം പ്രാപിച്ചിരിക്കുന്നു; അതുകൊണ്ടാണിത്ര തേജോമയിയായി വിലസുന്നത്.

294. ഇദം സർവം പരിത്യജ്യസർവമന്യന്മയാശ്രിതം
യത്തത് സത്യമസത്യം ച തേനാസ്മി ശ്രീമതിസ്ഥിതാ

ഇദം സർവം പരിത്യജ്യ-പ്രപഞ്ചമായി കാണപ്പെടുന്ന എല്ലാം ഉപേക്ഷിച്ചിട്ട്; മയാ-എന്നാൽ; സർവം അന്യത് ആശ്രിതം-എല്ലാം മറ്റൊരു വസ്തുവായി അംഗീകരിക്കപ്പെട്ടു; യത്തത് സത്യം അസത്യം ച-അതുതന്നെയാണു സത്യവും അസത്യവും; തേനശ്രീമതീസ്ഥിതാ അസ്മി-അതുകൊ

digitized by www.sreyas.in

ണ്ടാണു ഞാൻ ഇത്ര തേജോമയിയായി വിലസുന്നത്.

പ്രപഞ്ചമായി കാണപ്പെടുന്ന എല്ലാം ഉപേക്ഷിച്ചിട്ട് എന്നാൽ എല്ലാം മറ്റൊരു വസ്തുവായി അംഗീകരിക്കപ്പെട്ടു. അതുതന്നെയാണു സത്യവും അസത്യവും. അതുകൊണ്ടാണു ഞാൻ ഇത്ര തേജോമയിയായി വിലസുന്നത്.

**തേനാസ്മി ശ്രീമതീസ്ഥിതാ**

പ്രപഞ്ചത്തെ ഉപേക്ഷിച്ചു. എങ്ങനെ? പ്രപഞ്ചത്തെ ഞാൻ മറ്റൊരു വസ്തുവായി കണ്ടു. അതുതന്നെയാണു പ്രപഞ്ച ത്യാഗം. നാനാത്വം കളിയാടുന്ന ദൃശ്യഭ്രമമാണു പ്രപഞ്ചം. ഉണ്ടായിമറയുന്ന നാനാത്വത്തിന്റെ പരമകാരണമാണ് ആനന്ദ സ്വരൂപമായ ബ്രഹ്മം. ബ്രഹ്മത്തെ വിചാരം ചെയ്തറിഞ്ഞതോടെ താനുൾപ്പെടെയുള്ള നാനാത്വം ആ ഏകത്വത്തിന്റെ പ്രകടഭാവമാണെന്നറിഞ്ഞു. നാനാത്വഭാവം പോകുന്നതു പ്രപഞ്ച ത്യാഗം; ഏകത്വഭാവം ഉറയ്ക്കുന്നതു മറ്റൊന്നിന്റെ സ്വീകാരം. നാനാത്വം ജഡദർശനം; ഏകത്വം ബോധദർശനം. ജഡദർശനം കൈവെടിയുന്നതു പ്രപഞ്ചത്യാഗം. ബോധദർശനം നേടുന്നതു മറ്റൊന്നിന്റെ അംഗീകാരം. നാനാത്വദർശനം ദുഃഖം; ഏകത്വദർശനം സുഖം, ദുഃഖം കൈവിടുന്നതു പ്രപഞ്ചത്യാഗം; സുഖം അംഗീകരിക്കുന്നതു മറ്റൊന്നിന്റെ സ്വീകാരം. ദുഃഖംപോയി നിരന്തര സുഖം അനുഭവമായാൽ ഒരു വ്യക്തിയിൽ ശ്രീമത്വം ഇടതിങ്ങി പ്രകാശിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

ചൂഡാല തുടർന്നു: 'ഞാനിക്കാണുന്ന ഒന്നുമല്ല; എന്നാൽ ഞാൻ എന്തോ ഒന്നാണ്. ഈ വസ്തുത ഉള്ളതുപോലെ ഞാനറിയുന്നു. അതിലെ ഉണ്ടാകലും നശിക്കലും ഒക്കെ എനിക്കു വ്യക്തമായി തെളിയുന്നു. അതുകൊണ്ടാണു ഞാൻ തേജോമയിയായി വർത്തിക്കുന്നത്. അനുഭവിച്ച ഭോഗങ്ങളിലെന്നപോലെ അനുഭവിക്കാത്തവയും അകന്നു നിൽക്കുന്നവയുമായ ഭോഗങ്ങളിലും ഞാൻ സന്തോഷിക്കുന്നു. വിശേഷിച്ചു ഞാൻ സന്തോഷിക്കുന്നില്ല; കോപിക്കുന്നുമില്ല. അതുകൊണ്ടു ഞാൻ തേജോമയിയായി വിലസുന്നു. ആകാശംപോലെ നിർമലമായ ഹൃദയത്തിൽ ഞാൻ ഒറ്റയ്ക്കു രമിക്കുന്നു. രാജലീലകളിൽ ഞാൻ രമിക്കുന്നില്ല. അതുകൊണ്ടു ഞാൻ തേജോമയിയായി വിലസുന്നു.

295. ജഗതാം പ്രഭുരേവാസ്മിന കിഞ്ചിന്മാത്രരൂപിണീ
ഇത്യാത്മന്യേവ തുഷ്യാമിതേനാഹം ശ്രീമതീസ്ഥിതാ

ഇക്കാണുന്ന ഒന്നുമല്ലാത്ത രൂപത്തോടുകൂടിയ ഞാൻ ഈ ജഗത്തിന്റെ മുഴുവൻ പ്രഭുവാണ്. അതുകൊണ്ടു ഞാൻ എന്നിൽത്തന്നെ സദാ ആനന്ദം കണ്ടെത്തുന്നു. അതുകൊണ്ടാണു ഞാൻ തോജോമയിയായി വർത്തിക്കുന്നത്. ശാസ്ത്രദൃഷ്ടിയവലംബിച്ച് സർവം ബ്രഹ്മമയമെന്ന ഭാവനയോടെ രാഗദ്വേഷങ്ങളില്ലാതെ ഞാൻ സഖിമാരുമായി രമിക്കുന്നു. അതുകൊണ്ടു ഞാൻ തേജോമയിയായി വിലസുന്നു. മഹാരാജാവേ, ഞാൻ കണ്ണുകൊണ്ടോ മറ്റിന്ദ്രിയങ്ങൾകൊണ്ടോ മനസ്സുകൊണ്ടോ എന്തൊക്കെ അനുഭവിക്കുന്നുണ്ടോ, അതൊക്കെ വെറും ശൂന്യം. അതിൽനിന്നൊക്കെ വ്യത്യസ്തമായ ഒന്നിനെ ഞാൻ ഉള്ളുകൊണ്ടനുഭവിക്കുന്നു; നല്ലപോലെ വ്യക്തമായി അനുഭവിക്കുന്നു. നാഥാ, അങ്ങനെ ഞാൻ ആനന്ദമയിയായി കഴിയുന്നു.'

digitized by www.sreyas.in

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ ആത്മാരാമയായിക്കഴിയുന്ന വിശിഷ്ട വനിതയായ ചൂഡാലയുടെ വാക്കുകൾ വേണ്ടപോലെ ഗ്രഹിക്കാൻ രാജാവിനു കഴിഞ്ഞില്ല. പൊട്ടിച്ചിരിച്ചുകൊണ്ടു ഭൂപാലൻ പ്രതിവചിച്ചു.'

ശിഖിധ്വജൻ പറഞ്ഞു: 'ഹേ സുന്ദരീ, എന്തസംബന്ധമാണു നീയീ പറയുന്നത്. എനിക്കിന്നും നീ ഒരു കുട്ടിയാണ്. നീയെന്നോടു രാജകേളികൾ കാട്ടി കളിക്കുന്നു. പ്രത്യക്ഷമായി മുൻപിലുള്ള പദാർഥങ്ങളെ ഉപേക്ഷിച്ചിട്ട് അപ്രത്യക്ഷമായ എന്തോ ഒന്നിനെ പ്രാപിച്ചയാൾക്ക് എങ്ങനെ തേജോമയത്വം കൈവരും? അനുഭവിക്കാത്ത ഭോഗങ്ങളെക്കൊണ്ടു സന്തോഷിക്കുന്നു എന്നു പറഞ്ഞ് ഭോഗങ്ങളെ വെടിയുന്നയാൾ ഒരു ദരിദ്രനെപ്പോലെ ഭാഗ്യഹീനനാണ്. അയാൾക്കെങ്ങനെ തേജോമയത്വം വരും? ഞാൻ കാണുന്നതു കാണുന്നില്ല; ഞാൻ കാണുന്നതു മറ്റൊന്നാണ്; ഇതുവെറും അസത്യപ്രലപനമല്ലേ. ഇങ്ങനെ പ്രലപിക്കുന്ന വ്യക്തിക്കു തേജോമയത്വം എങ്ങനെ കൈവരും? പ്രിയേ, നീ കുട്ടിയാണ്, അറിവില്ലാത്തവളാണ്, ചപലയാണ്. പല നേരമ്പോക്കുകളും പറഞ്ഞു നീ എന്നോടു കളിക്കുകയാണ്; ഇഷ്ടംപോലെ കളിച്ചോളൂ.'

വസിഷ്ഠൻ പറഞ്ഞു: 'ശിഖിധ്വജൻ ഇങ്ങനെ പറഞ്ഞു പ്രിയതമയെ നോക്കി പൊട്ടിച്ചിരിച്ചു. ഭാര്യാഗൃഹത്തിൽ നിന്നു മധ്യാഹനസ്നാനത്തിനായി ഇറങ്ങിപ്പോവുകയും ചെയ്തു. 'കഷ്ടം, ആത്മാവിൽ മനസ്സുചെന്നെത്താത്ത അദ്ദേഹം എന്റെ വാക്കുകളെ വിശ്വസിക്കുന്നില്ല' എന്നിങ്ങനെ അൽപ്പം ഖിന്നതയോടെ ചൂഡാല സ്വകർത്തവ്യങ്ങളിൽ നിരതയാവുകയും ചെയ്തു. അല്ലയോ രാമാ, ഇങ്ങനെയിവിടെ ആവിധം കഴിഞ്ഞുകൂടിയ അവർക്ക് പലതരം രാജലീലകളിൽ കൂടി കാലം പിന്നെയും കുറെ കടന്നുപോയി. ചൂഡാല നിത്യതൃപ്തയാണ്; വിശേഷിച്ചാഗ്രഹമൊന്നും ഇല്ലാത്തവളാണ്; എങ്കിലും ഒരിക്കൽ വെറും കൗതുകം കൊണ്ടുമാത്രം ആകാശഗമന സിദ്ധിനേടിയാൽ കൊള്ളാമെന്നൊരു തോന്നലുണ്ടായി. ആകാശഗമനസിദ്ധി നേടാനായി ആ നൃപകന്യക രാജഭോഗങ്ങളെല്ലാം അനാദരിച്ചുകൊണ്ടു ഒരേകാന്തസ്ഥാനത്തെത്തി അതിനായുള്ള സാധനാനുഷ്ഠാനത്തിലേർപ്പെട്ടു. തനിയേ ഏകാന്തസ്ഥാനത്ത് ആസനസ്ഥിരത ഉറപ്പാക്കി. ഊർധ്വഗാമിയായ പ്രാണനെ വശത്താക്കാനുള്ള ഒരു നീണ്ട അഭ്യാസം ആരംഭിച്ചു.'

രാമൻ ചോദിച്ചു: 'ബ്രഹ്മൻ, പ്രാണസ്പന്ദനഗതിയെ ഏതുവിധം അഭ്യസിച്ചു വശത്താക്കിയാലാണ് ഒരു ചിരാഭ്യാസിക്ക് ആകാശഗമനസിദ്ധി വന്നു ചേരുന്നത്?

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ശിഖിധ്വജ കഥാപ്രസംഗത്തിൽ യാദൃച്ഛികമായി വന്നുചേർന്നതാണല്ലോ ആകാശഗമനസിദ്ധിക്രമം; അതുപറയാം കേട്ടോളൂ. സാധിക്കേണ്ട കാര്യത്തെക്കുറിച്ചുള്ള വാസനയൊഴിച്ചു മറ്റെല്ലാ വാസനകളും ഉള്ളിൽ നിന്നു പുറംതള്ളണം. മഹാമുദ്ര തുടങ്ങിയ സംസ്ഥാപന വിശേഷങ്ങൾ കൊണ്ടും യമനിയമാദി ഉപായങ്ങൾകൊണ്ടും പ്രാണപ്രസരദ്വാരങ്ങളെ നിരോധിക്കണം. മൂലബന്ധക്രിയകൊണ്ടു ഗുദദ്വാരത്തെയും ഖേചരീമുദ്രകൊണ്ട് ഉപരിദ്വാരത്തെയും രോധിക്കണം. പ്രാണാദി വായുക്കളെ അഭ്യാസംകൊണ്ടു ചൊൽപ്പടിക്കു നിറുത്തിയാണ് ഏതു സിദ്ധിയും സാധിക്കേണ്ടത്. ഭക്ഷണകാര്യങ്ങളിലും ആസനശുദ്ധിയിലും ശ്രദ്ധവേണം. യോഗശാസ്ത്രനിയമങ്ങൾ വേണ്ടപോലെ പാലിക്കണം. ആചാ

digitized by www.sreyas.in

രാനുഷ്ഠാനം, സജ്ജനസമ്പർക്കം, എല്ലാം ത്യജിച്ചുകൊണ്ടുള്ള സുഖാസനസ്ഥിരത ഇവയിലൊക്കെ ശ്രദ്ധവേണം. പ്രാണായാമപ്രക്രിയ അഭ്യസിച്ചു നല്ലപോലെ ഉറപ്പാക്കണം. ക്രോധലോഭാദി മനോമാലിന്യങ്ങൾ വെടിയണം. ലോകഭോഗങ്ങളിൽ ആസക്തി ഉപേക്ഷിക്കണം. ത്യാഗാദാനങ്ങളിൽ താൽപ്പര്യമില്ലാതാകണം. ഇത്രയുമൊക്കെ സാധിച്ചാൽ പ്രാണരഹസ്യം അറിയുന്ന സാധകനു പ്രാണന്മാർ ഒരു പ്രഭുവിനു ഭൃത്യരെന്നപോലെ വശത്തായിക്കിട്ടും.

296. രാജ്യാദിമോക്ഷപര്യന്താഃ സമസ്താ ഏവ സംപദഃ
ദേഹാനിലവിധേയത്വാത് സാധ്യാഃസർവസ്യ രാഘവ.

അല്ലയോ രാഘവാ, രാജ്യലാഭം മുതൽ മോക്ഷംവരെയുള്ള എല്ലാനേട്ടങ്ങളും ദേഹത്തിലെ പ്രാണചലനങ്ങളെ നിയന്ത്രിച്ചു വശത്താക്കുന്നതുകൊണ്ട് ആർക്കും സാധ്യമാക്കാവുന്നതാണ്. നൂറുകണക്കിന് ഉപനാഡികളുമായി ബന്ധിച്ച് വളഞ്ഞുചുറ്റി ആന്ത്രവേഷ്ടനിക എന്ന നാഡി നാഭിസ്ഥാനമായ മർമസ്ഥാനങ്ങളെ സമാശ്രയിച്ച് എല്ലാജീവികളിലും സ്ഥിതിചെയ്യുന്നു. വീണയുടെ അഗ്രഭാഗത്തു വളഞ്ഞു ചുറ്റിയിരിക്കുന്ന കമ്പി പോലെയും വെള്ളത്തിലെ ചുഴിപോലെയും ഈ നാഡീകൃമികീടങ്ങളുൾപ്പെടെ എല്ലാ ജീവികളിലും കാണ്മാനുണ്ട്. അതിയായ തണുപ്പുകൊണ്ടു ചുറ്റിവളഞ്ഞു കിടക്കുന്ന ഒരു സർപ്പശരീരംപോലെ ഈ നാഡി സദാ പ്രാണസ്പന്ദനത്തോടുകൂടി വർത്തിക്കുന്നു. വാഴത്തണ്ടിന്റെ അകവശം പോലെ മൃദുവായ ആ നാഡിയുടെ അന്തർഭാഗത്ത് സർവശക്തി സമന്വിതയായ ഒരു പരമപാവന ശക്തി സ്ഥിതിചെയ്യുന്നു. അതിന്റെ പേരാണു കുണ്ഡലിനി. കോപാകുലയായ ഒരു സർപ്പിണിയെപ്പോലെ അതു സദാ നിശ്വസിച്ചു കൊണ്ടിരിക്കുന്നു. മുകളിലേക്കു സ്പന്ദിച്ചുയരാൻ അതു സദാ കാത്തുകാത്തിരിക്കുകയാണ്. ഹൃദയത്തിൽ നിന്നുള്ള എല്ലാ നാഡികളും ഈ കുണ്ഡലിനിയുമായി ബന്ധിച്ചിരിക്കുന്നു. കുണ്ഡലിനി സ്പന്ദസ്പർശത്തോടുകൂടിയ ബോധാംശം തന്നെയാണെന്നറിയേണ്ടതാണ്. ബന്ധഹേതുവായ സൃഷ്ടി പ്രക്രിയയുടെ തുടക്കമായതുകൊണ്ട് ഇതിനെ 'കല' എന്നുപറയുന്നു. ജ്ഞാനത്തെയുളവാക്കുന്ന ശക്തിയായതുകൊണ്ട് ഇതിനെ 'ചിദ്രൂപിണി'യെന്നും പറയുന്നു. പ്രാണന്റെ ശ്വാസോച്ഛ്വാസങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ടിതു ജീവനായി കണക്കാക്കപ്പെടുന്നു. മനനശക്തിയുള്ളതു കൊണ്ടു മനസ്സെന്നറിയപ്പെടുന്നു. സംകൽപിക്കുന്നതുകൊണ്ടു ഇതു സങ്കൽപ്പമാകുന്നു. നിശ്ചയിക്കാൻ കഴിവുള്ളതുകൊണ്ടു ബുദ്ധിയെന്നറിയപ്പെടുന്നു. അഹങ്കാരത്തെ അംഗീകരിച്ചു കുണ്ഡലിനി തന്നെ പുര്യഷ്ടകരൂപം കൈക്കൊള്ളുന്നു. എന്തിന്, ദേഹത്തിൽ ജീവശക്തിയായി സ്ഥിതിചെയ്യുന്നത് ഈ കുണ്ഡലിനി തന്നെയാണ്. ഇവൾ പ്രാണാപാനസ്വരൂപിണിയായതുകൊണ്ടു ദേഹത്തിൽ സദാ മുകളിലോട്ടും കീഴോട്ടും സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. ഈ പ്രാണശക്തി ചിലപ്പോൾ മുഴുവനേ മുകളിലോട്ടു പൊന്തുന്നു; ചിലപ്പോൾ മുഴുവനേ കീഴോട്ടു താഴുന്നു. പ്രാണഗതി അസ്ഥിരമായതുകൊണ്ടു ചിലപ്പോൾ അതു ദേഹം വിട്ടുപോകുന്നു; അങ്ങനെയാണു മനുഷ്യൻ മരിക്കാനിടയാകുന്നത്. മുകളിലേക്കും താഴേക്കുമുള്ള ഗതികൾ അടങ്ങി ഈ പ്രാണശക്തി ഉള്ളിൽ തന്നെ തങ്ങി നിൽക്കുമെങ്കിൽ ജീവികളുടെ എല്ലാ വ്യാധികളും ഉള്ളിലെ പ്രാണനിരോധംകൊണ്ട് ശമിച്ചുകിട്ടുന്നതാണ്!

digitized by www.sreyas.in

രാമൻ ചോദിച്ചു: അല്ലയോ മുനീശ്വരാ, ഈ ദേഹത്തിൽ ആധികളും വ്യാധികളും എന്തുകൊണ്ടാണുണ്ടാകുന്നത്? എങ്ങനെയാണവ ശമിച്ചു കിട്ടുന്നത്? ഇതിന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തിത്തന്നാലും?

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ദേഹദുഃഖമാണു വ്യാധി; വാസനാമയമാണ് ആധി. വിദ്യാമൂലമായ തത്ത്വജ്ഞാനമില്ലാതാകുമ്പോൾ വന്നുചേരുന്ന മൂഢതയാണു രണ്ടിനും കാരണം. തത്ത്വജ്ഞാനം നേടി ഇന്ദ്രിയങ്ങളുടെ പ്രലോഭനങ്ങളിൽ നിന്നും രക്ഷപ്പെടണം. അങ്ങനെ ഉള്ളിൽ രാഗദ്വേഷവാസനകൾ കുറയണം. ഇതുകിട്ടി, ഇതുകിട്ടിയില്ല എന്നീ ജഡമോഹം കൊണ്ടുണ്ടാകുന്ന ലാഭാലാഭങ്ങളാണു വർഷകാലത്തു മൂടൽമഞ്ഞുപോലെ ആധികളെ പ്രവർത്തിപ്പിക്കുന്നത്. ബലാൽ ഇച്ഛകൾ വന്നുചേരുന്നു; ഇച്ഛ ശക്തിപ്രാപിക്കുന്തോറും മോഹം കട്ടിപിടിക്കുന്നു. അതോടെ വ്യവഹാരം ദുഃഖ കാരണമാകും, ദേശം കാലം ഇവയൊക്കെ വിപരീതമായി ഭവിക്കും, ദുഷ്ടകർമങ്ങൾ രൂപം കൊള്ളും. ദുർജനങ്ങളുമായി സമ്പർക്കത്തിനിടയാകും, ദുഷ്ടഭാവങ്ങൾ ഉള്ളിലുദയം ചെയ്യും. അതോടെ പ്രാണസഞ്ചാരമാർഗങ്ങളായ നാഡികൾ ക്ഷീണിക്കുകയും തടിച്ചുവീർക്കുകയും ചെയ്യും. അവയിലൂടെയുള്ള പ്രാണപ്രസരം ദുഷ്ക്കരമായിത്തീരും. അങ്ങനെ ദേഹം വികലമാകും. ദേഹത്തിന്റെ ഈ ദുഃസ്ഥിതിദോഷം നിമിത്തമാണു വ്യാധികൾ പ്രവർത്തനമാരംഭിക്കുന്നത്. വർഷകാലത്തും വേനൽകാലത്തും നദികൾക്ക് ആകാരഭേദം വന്നുചേരുന്നതുപോലെ ദേഹത്തിനു ആകാരഭേദങ്ങൾ വന്നുകൊണ്ടേയിരിക്കും. പൂർവജന്മങ്ങളിലും ഈ ജന്മത്തിലുമുള്ള വാസനാഗതിയും ശക്തിപ്രാപിച്ച് വ്യാധികളുമായി ഒത്തുചേരും. ഇങ്ങനെ പഞ്ചഭൂതജഡമായ ദേഹത്തെ ആധിയും വ്യാധിയും കടന്നുപിടികൂടുന്നു. അല്ലയോ രാമാ, ഇവ ഇനി എങ്ങനെ ശമിക്കുന്നു എന്നു പറയാം; കേട്ടോളൂ. ആധി രണ്ടുതരമാണ്; സാമാന്യമെന്നും സാരമെന്നും തൽക്കാലജീവിത വ്യവഹാരത്തിനുപയോഗപ്പെടുന്ന ശുദ്ധവാസനാരൂപമായ ആധിയാണു സാമാന്യം. ജന്മാന്തരങ്ങളിൽ തുടർന്നു നിലനിൽക്കാനിടവരുന്ന മലിനവാസനാരൂപത്തിലുള്ള ആധിയാണ് സാരമെന്നറിയപ്പെടുന്നത്. അഭിമതം സാധിക്കുന്നതോടുകൂടി വ്യവഹാരത്തിനു മാത്രമായുള്ള ആധി സ്വയം കെട്ടടങ്ങുന്നു. ആ ആധിമൂലമുണ്ടാകുന്ന വ്യാധികളും അതോടെ ക്ഷയിക്കുന്നു. ജന്മാന്തരങ്ങളിൽ തുടരാനിടയുള്ള സാരഭൂതമായ ആധി ആത്മജ്ഞാനം കൊണ്ടു മാത്രമേ ശമിക്കൂ. കയറിലുണ്ടാകുന്ന സർപ്പഭ്രമം കയറിന്റെ ജ്ഞാനം കൊണ്ടല്ലാതെ എങ്ങനെ ശമിക്കും. ആധികൊണ്ടല്ലാതെ ഉണ്ടാകുന്ന വ്യാധികൾ ദ്രവ്യശക്തികൊണ്ടും മന്ത്രശക്തികൊണ്ടും ശുഭകർമങ്ങൾ കൊണ്ടും ശാസ്ത്രനിർദേശമനുസരിച്ചുള്ള ചികിത്സകൊണ്ടും മാറികിട്ടുന്നതാണ്!

രാമൻ ചോദിച്ചു: 'ഭഗവൻ, ആധി എങ്ങനെയാണു വ്യാധിയാകുന്നത്? ആ വ്യാധി എങ്ങനെയായാൽ ക്ഷയിക്കും. വ്യക്തമായി പറഞ്ഞുതരാനപേക്ഷ.'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ചിത്തമിളകിയാൽ ദേഹമിളകും. കോപവും മറ്റും വരുമ്പോഴുള്ള അവസ്ഥ കണ്ടിട്ടില്ലേ? ഒരു ക്രുദ്ധൻ തന്റെ മുൻപിലുള്ള വസ്തുവിനെപ്പോലും കാണാൻ കരുത്തനാകുന്നില്ല. കോപം ബാധിച്ചവൻ അങ്ങനെ കാര്യമായതു ചെയ്യാതെ അകാര്യം ചെയ്യാൻ മുതിരുന്നു. പാഞ്ഞു

digitized by www.sreyas.in

വരുന്ന അമ്പിനു മുൻപിൽ നേർമാർഗം വിട്ടോടുന്ന മാനിനെപ്പോലെ അയാൾ പരിഭ്രാന്തനായി വേണ്ടാത്തതൊക്കെ ചെയ്തു വയ്ക്കുന്നു. ചിത്തക്ഷോഭം നിമിത്തം പ്രാണഗതി സമഭാവം വിട്ട് ഇളകി ചലിക്കാനിടവരുന്നു. പ്രാണൻ ഇളകിച്ചലിക്കുന്നതോടെ നാഡികൾ വിഷമസ്ഥിതിയെ പ്രാപിക്കുന്നു. രാജാവ് മാർഗഭ്രംശിയായാൽ രാജ്യത്തു വർണാശ്രമധർമങ്ങളൊക്കെ തകരാറിലാവില്ലേ? അതുപോലെ നാഡികൾ കുജീർണങ്ങളും അജീർണങ്ങളും അതിജീർണങ്ങളുമായി ഭവിക്കുന്നു. നാഡീപ്രാണവിപര്യാസം നിമിത്തം കഴിക്കുന്ന ഭക്ഷണം ഗുണത്തിനു പകരം ദോഷത്തിനു കാരണമായിത്തീരുന്നു. ശരീരപോഷണത്തിനുതകാതെ വിരുദ്ധപ്രവർത്തനവുമായി ഭക്ഷണം ഉള്ളിൽ തങ്ങാനിടവരുന്നു. അവതന്നെ പരിണാമസ്വഭാവമനുസരിച്ച് വ്യാധിരൂപം കൈക്കൊണ്ടു പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെയാണ് ആധി വ്യാധി ആകുന്നത്. ഈ ആധി നശിച്ചാൽ അതോടെ വ്യാധിയും നശിക്കും. രാമാ, മന്ത്രശക്തികൊണ്ടു വ്യാധികൾ നശിക്കുന്നതെങ്ങനെയെന്നു പറയാം; കേട്ടോളൂ. കടുക്കയും മറ്റും അവയുടെ സ്വഭാവശക്തികൊണ്ടു തന്നെ വിരേചനം നടത്തുന്നു. അതുപോലെ 'യരലവാ'ദി മന്ത്രവർണങ്ങൾ ഭാവനയ്ക്കനുസരിച്ചു കാര്യം നിർവഹിക്കുന്നു. ഉരച്ചു ശുദ്ധിയാക്കുമ്പോൾ സ്വർണം തിളങ്ങുന്നില്ലേ; അതുപോലെ പരിശുദ്ധമായ പുണ്യകർമം കൊണ്ടും സജ്ജനസേവകൊണ്ടും ചിത്തം നിർമലമായി ഭവിക്കുന്നു. ചിത്തം ശുദ്ധമായാൽ ദേഹത്തിൽ ആനന്ദം വളരുന്നു; പൂർണചന്ദ്രൻ ഉദിച്ചാൽ ലോകത്തു പൂനിലാവു പരക്കുന്നതുപോലെ. ചിത്തവും ദേഹവും പ്രസന്നമായാൽ പ്രാണഗതി സമനില പ്രാപിക്കും. ആഹാരം വേണ്ടപോലെ ദഹിച്ചു പാകപ്പെടും; അങ്ങനെ വ്യാധിയും ഇല്ലാതാകും.

രാമാ, ആധിവ്യാധികളുടെ ഉൽപ്പത്തിനാശ ക്രമം നീ ചോദിച്ചതനുസരിച്ചു ഞാൻ വിവരിച്ചു. ഇനി കുണ്ഡലിനീയോഗമെന്ന പ്രകൃതം പിൻതുടരാം; കേട്ടോളൂ. പുര്യഷ്ടകമെന്നറിയപ്പെടുന്ന ജീവന്റെ ഉള്ളിൽ പൂവിനുള്ളിൽ മണമെന്നപോലെ സ്ഥിതിചെയ്യുന്ന പ്രാണശക്തിയാണു കുണ്ഡലിനി.. ഈ പ്രാണശക്തിയെ പൂരകാഭ്യാസംകൊണ്ട് ഉള്ളിൽ നിറച്ചുനിർവികാരമായി സ്ഥിതിചെയ്യുകയാണെങ്കിൽ ദേഹത്തിനു മേരുപർവതം പോലെ സ്ഥിരതയും സ്ഥൗല്യവും വന്നുചേരും. പൂരകാഭ്യാസം കൊണ്ടു നിറഞ്ഞു പരക്കുന്ന പ്രാണവായുവിനെ ചിലർധർമാനുഷ്ഠാനശ്രമം തീർക്കാനായി ഭാവനകൊണ്ട് ദേഹത്തിന്റെ മുകൾഭാഗത്തുള്ള ആകാശത്തേയ്ക്കുയർത്തി നിറുത്തുന്ന കുംഭകം ശീലിക്കാറുണ്ട്. അതുപോലെ കുണ്ഡലിനീയോഗം വശമാക്കിയിട്ടുള്ളവർ ഏകാഗ്രഭാവനകൊണ്ടു കുണ്ഡലിനീ പ്രാണനെ ദേഹത്തിന്റെ മുകൾഭാഗത്ത് നയിക്കുന്നു. തുടർന്നു കുണ്ഡലിനി വള്ളികൾപോലെ ചുറ്റിപ്പിണഞ്ഞു ദേഹത്തിൽ വ്യാപിച്ചു നിൽക്കുന്ന എല്ലാനാഡികളിലും കൂടി ഒരു സർപ്പിണിയെപ്പോലെ ഇഴഞ്ഞു വടിപോലെ വ്യക്തമായി മുകളിലേക്ക് വ്യാപിക്കുന്നു. അതോടെ ദേഹം മുഴുവൻ ഒരുമിച്ച് ആകാശത്തേക്കു പൊങ്ങുന്നു. കാറ്റുനിറച്ചു വെള്ളത്തിലിടുന്ന വലിയതോൽസഞ്ചി മനുഷ്യനെ വെള്ളത്തിൽ താണുപോകാതെ ഉയർത്തിനിർത്തുന്നതുപോലെ ഊർധ്വഗപ്രാണൻ സാധകനെ ആകാശത്തുതന്നെ ഉയർത്തി നിറുത്തുന്നു. ഇങ്ങനെ അഭ്യാസം കൊണ്ടു യോഗം ദൃഢപ്പെടുന്നതോടെ യോഗി, ദരിദ്രൻ ഇന്ദ്രപദവിയിലേക്കുയരുന്നതുപോലെ ആകാശഗമനസിദ്ധിക്കർഹനായിത്തീ

digitized by www.sreyas.in

രുന്നു. ഈ കുണ്ഡലിനി ബ്രഹ്മനാഡിയായ സുഷുമ്നയിൽകൂടി പ്രവഹിച്ച് ബ്രഹ്മരന്ധ്രത്തിനുപരി പന്ത്രണ്ടംഗുലമുയർന്ന് രേചകപ്രയോഗംകൊണ്ട് നാഡികളെ സ്തംഭിപ്പിച്ചു നിശ്ചലമായി അൽപ്പനേരം നിൽക്കുമെങ്കിൽ വ്യോമ ഗാമികളായ സിദ്ധവിദ്യാധരാദിദേവന്മാരുടെ ദർശനം സാധ്യമായിത്തീരുന്നു. സ്വരൂപബോധാനുഭവത്തോട് ഏതാണ്ടു തൊട്ടുനിൽക്കുന്ന ബുദ്ധിനേത്രം കൊണ്ടാണ് സ്വപ്നത്തിലെന്നപോലെ ഈ സിദ്ധന്മാരെ കാണാനിടയാകുന്നത്. അപേക്ഷിച്ചാലവർ അണിമാദിസിദ്ധികൾപോലും തന്നനുഗ്രഹിക്കുകയും ചെയ്യും. രേചകാഭ്യാസപാടവംകൊണ്ടു മുഖത്തിൽ നിന്ന് പന്ത്രണ്ടംഗുലം അകലെ പ്രാണനെ സ്തംഭിപ്പിച്ചു നിറുത്താമെങ്കിൽ പരകായപ്രവേശം സാധ്യമാകുന്നതാണ്;

രാമൻ വീണ്ടും ചോദിച്ചു: 'സൂക്ഷ്മദ്വാരങ്ങളിൽ കടന്നുചെല്ലുന്നതിനും ആകാശത്തിൽ പെരുകിനിറഞ്ഞുനിൽക്കുന്നതിനും ശരീരത്തിന് അണുത്വം മഹത്ത്വം എന്നിവനേടുന്നതിനുമുള്ള സിദ്ധികൾ എങ്ങനെയാണു സാധ്യമാക്കുക?

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഇവിടെ ശുദ്ധവും സമവും കളങ്കം പറ്റാത്തതുമായ ബോധമൊന്നുമാത്രമേ നിലവിലുള്ളൂ. ഈ ജഗത്തോജഗത്തിനുള്ളിലുള്ള മറ്റെന്തെങ്കിലുമോ ഇവിടെയില്ലെന്നുള്ളതാണു സത്യം. ഈ ബോധം സങ്കൽപ്പോന്മുഖമായി സ്വയം പെരുകുന്നു. അങ്ങനെ അൽപ്പം കളങ്കപ്പെട്ടു ജീവനനെന്നറിയപ്പെടുന്നു. തുടർന്നു സങ്കൽപ്പഭ്രമം പെരുകി ദേഹം രൂപം കൊള്ളുന്നു. ഒരു കുട്ടി പിശാചുണ്ടെന്നു കരുതി ഭ്രമിക്കുന്നതുപോലെ ജീവൻ ദേഹമാണു താനെന്നു ഭ്രമിക്കാൻ ഇടയാകുന്നു. ഇതേരീതിയിൽ ആത്മാവിനെ അറിഞ്ഞവർ ദൃഢമായി എന്തുഭാവന ചെയ്യുന്നുവോ അവർക്കതനുഭവമായി ഭവിക്കുന്നു.

297. ദൃഢഭാവാനുസന്ധാനാദ്വിമൂഢാ അപി രാഘവ
വിഷംനയന്ത്യമൃതതാമമൃതം വിഷതാമപി.

രാഘവാ, വിമൂഢന്മാർപോലും ദൃഢമായ ഭാവനാനുസന്ധാനത്തിലൂടെ വിഷത്തെ അമൃതമാക്കുന്നു അമൃതത്തെ വിഷമാക്കുന്നു. ഇതാണലംഘനീയമായ ജീവിതനിയമം. ഈ നിയമമനുസരിച്ചും ദൃഢഭാവനയിലൂടെ ഒരാൾ എന്തിനെ പിൻതുടരുന്നുവോ വീണ്ടും വീണ്ടും മനസാ അതിനെത്തന്നെ ധ്യാനിക്കുന്നതുകൊണ്ട് അയാൾ സ്വയം അതായിത്തീരുന്നു. ബോധസ്വരൂപമായി ഭാവന ചെയ്തുറപ്പിക്കുമെങ്കിൽ ദേഹം ബോധമായി മാറും. ദേഹം അസത്യമാണെന്നു ഭാവനചെയ്തുറപ്പിച്ചാൽ അതു ശൂന്യമായ ആകാശരൂപം കൈക്കൊള്ളും. അണിമാദിസിദ്ധികൾ നേടുന്നതിന്റെയും യുക്തി ഈ ഭാവനാദാർഢ്യം തന്നെയാണ്. അണുത്വം ഭാവന ചെയ്തുറപ്പിച്ചാൽ അണുത്വം; മഹത്ത്വം ഭാവന ചെയ്തുറപ്പിച്ചാൽ മഹത്ത്വം. സങ്കൽപ്പദാർഢ്യം ഉറപ്പുവന്നവർക്ക് ഇത്തരം സിദ്ധികൾ സുലഭങ്ങളാണ്.

രാജ്ഞിയായ ചൂഡാല അഭ്യാസം നല്ലപോലെ ദൃഢപ്പെടുത്തി അണിമാദി ഐശ്വര്യസിദ്ധികൾ അനായാസമായി നേടിയെടുത്തു. ആകാശമാർഗത്തിലൂടെ കടന്നുചെന്നു സമുദ്രാന്തർഭാഗത്തു തങ്ങിനിന്നു. ഗംഗയെപ്പോലെ അമൃതശീതളയായി ഭൂമിയിൽ എവിടെയും ഒഴുകിനടക്കാനും അവർക്കു പ്രയാസമുണ്ടായില്ല. ഭർത്താവിനെ എങ്ങനെയും ആത്മജ്ഞാനാമൃതം കുടി

digitized by www.sreyas.in

പ്പിച്ചു പ്രബുദ്ധനാക്കണമെന്നായിരുന്നു ചൂഡാലയുടെ ആഗ്രഹം. ആലിംഗനബദ്ധയാകുമ്പോഴൊക്കെ ഒരച്ഛൻ മകനെയെന്നപോലെ ഭർത്താവിനെ ജ്ഞാനചർച്ചയിലൂടെ ബോധവാനാക്കാൻ യത്നിക്കുമായിരുന്നു. എന്നാൽ അതുകൊണ്ടൊന്നും രാജാവിന് ആത്മാവിൽ വിശ്രാന്തി കണ്ടെത്താൻ കഴിഞ്ഞില്ല. മുത്തുകൾ എത്ര ഞെരുക്കികോർത്തിണക്കിയാലും അവ ചഞ്ചലമായി വർത്തിക്കുന്നതുപോലെ രാജമനസ്സും അവിശ്രാന്തമായിത്തന്നെ വർത്തിച്ചു. ആത്മജ്ഞാനം നേടി പ്രബുദ്ധയായിത്തീർന്ന പ്രിയതമയെ കാലം കുറേയെറെ കടന്നുപോയിട്ടും ഒരു കുട്ടിക്കു വിദ്യയെയെന്നപോലെ രാജാവിനു ഗ്രഹിക്കാൻ കഴിഞ്ഞില്ല. ആത്മവിശ്രാന്തി ലഭിക്കാത്ത പ്രിയതമനെ തന്റെ സിദ്ധിവൈഭവങ്ങളൊന്നും ഗ്രഹിപ്പിക്കാൻ ചൂഡാലയും ശ്രമിച്ചില്ല; യാഗക്രിയയുടെ മഹത്വം അനർഹനെ ഗ്രഹിപ്പിച്ചിട്ടെന്തു പ്രയോജനം?

രാമൻ ചോദിച്ചു: 'മഹതിയും സിദ്ധയോഗിയുമായ ചൂഡാല ശ്രമിച്ചിട്ട് ബുദ്ധിമാനായ ശിഖിധ്വജനുപോലും ആത്മജ്ഞാനലാഭം സാധ്യമായില്ല. ഈ നിലയ്ക്ക് സാധാരണക്കാരുടെ സ്ഥിതിയെന്ത്?'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഉപദേശക്രമമൊക്കെ ഒരാചാരാനുഷ്ഠാനം മാത്രം. ജ്ഞാനലാഭം ശിഷ്യന്റെ ശുദ്ധബുദ്ധിയെ മാത്രമാശ്രയിച്ചാണു സംഭവിക്കുന്നത്.

## കിരാടോപാഖ്യാനം

രാമൻ ചോദിച്ചു: 'മഹാമുനേ, ഇതാണീജഗത്തിലെ വസ്തുസ്ഥിതിയെങ്കിൽ ആത്മജ്ഞാനത്തിനു ഗുരൂപദേശമാണു കാരണമെന്ന പ്രസിദ്ധിയുടെ താൽപ്പര്യമെന്താണ്?'

വസിഷ്ഠൻ പറഞ്ഞു: 'അത്യന്തലുബ്ധനും സമ്പത്സമൃദ്ധനുമായ ഒരു കിരാടൻ (വ്യവസായി) പണ്ടു വിന്ധ്യവനപ്രദേശത്തു ജീവിച്ചിരുന്നു. ഒരിക്കലയാൾ വനപ്രദേശത്തുകൂടി നടന്നുപോകുമ്പോൾ ചെടികളും പുൽക്കൂട്ടവും നിറഞ്ഞ ഒരു സ്ഥലത്ത് അയാളുടെ കൈയിലുണ്ടായിരുന്ന ഒരു ചെറുനാണയം കളഞ്ഞുപോകാനിടയായി. മഹാലുബ്ധനായിരുന്ന അയാൾ ആ നിസ്സാരമായ ചെറുനാണയം കണ്ടെടുക്കാനായി മൂന്നുദിവസത്തോളം കഠിനയത്നം ചെയ്ത് അവിടെയുണ്ടായിരുന്ന ചെടികളും പുല്ലും മുഴുവൻ പറിച്ചുമാറ്റി. തുടർന്നു മൂന്നാംദിവസം കഴിയാറായപ്പോൾ ആ കുറ്റിക്കാട്ടിൽനിന്നും പൂർണചന്ദ്രപ്രഭവിതറുന്ന ചിന്താമണിരത്നം ലഭിക്കാനിടയായി. വെറുമൊരു നിസ്സാരമായ നാണയം കണ്ടെടുക്കാനായിരുന്നു അയാളുടെ പ്രയത്നം. എന്നാൽ അഹോരാത്രം തളരാതെ പ്രയത്നിച്ചതിന്റെ ഫലമായി വിലമതിക്കാനാവാത്ത ചിന്താമണിരത്നം അയാൾക്കു ലഭിച്ചു. ഇതുപോലെയാണു ഗുരൂപദേശത്തിലൂടെ ആത്മജ്ഞാനം ലഭ്യമാകുന്നത്. ഗുരൂപദേശക്രമം കൊണ്ടന്വേഷിക്കുന്നതൊന്ന്; കിട്ടുന്നതു മറ്റൊന്ന്. ആത്മാവു അവനവന്റെ വിലമതിക്കാനാവാത്ത സ്വരൂപമാണ്. അതു മറ്റൊരാളിൽനിന്നും കിട്ടേണ്ടതല്ല. ഗുരൂപദേശം വെറുമൊരു നിമിത്തം മാത്രം. അമൂല്യമായ ആത്മതത്ത്വലാഭത്തിന് കാരണമല്ലാത്ത ഗുരൂപദേശം കാരണമായി ഭവിക്കുന്നു; നാണയാന്വേഷണം രത്നലാഭത്തിനു കാരണമാകുന്നതുപോലെ.

തത്ത്വജ്ഞാനം ലഭിക്കാതെ ശിഖിധ്വജൻ ജനങ്ങൾ ഇരുട്ടിൽ അന്ധരായിത്തീരുന്നതുപോലെ മോഹബദ്ധനായി ഭവിച്ചു. അദ്ദേഹത്തിന്റെ ഹൃദയം

digitized by www.sreyas.in

സംസാരതാപത്തിൽ എരിപൊരി കൊണ്ടു. അഗ്നിജ്വാലയിലെന്നപോലെ രാജഭോഗങ്ങളിൽ മനസ്സ് അൽപ്പംപോലും രമിച്ചില്ല. വേണ്ടതിലധികം പലതും ദാനം ചെയ്തുനോക്കി. ധാരാളമായി തീർഥയാത്രകൾ നടത്തി. കഠിനവ്രതങ്ങളനുഷ്ഠിച്ചു. നാലുദിക്കിലും ചുറ്റിയലഞ്ഞു. എന്തുചെയ്തിട്ടും അൽപ്പംപോലും ചിത്തശാന്തി കൈവന്നില്ല. ചിന്താപരവശനായി ദീനനായ അദ്ദേഹത്തിനു രാജ്യം വിഷംപോലെ അനുഭവപ്പെട്ടു. അങ്ങനെയിരിക്കെ ഒരു ദിവസം പ്രിയതമയായ ചൂഡാലയെ തലോടിക്കൊണ്ടു ശിഖിധ്വജൻ മധുരസ്വരത്തിൽ ഇങ്ങനെ പറഞ്ഞു: 'പ്രിയേ, ചിരകാലമായി രാജ്യം അനുഭവിക്കുന്നു. രാജവിഭവങ്ങളൊക്കെ വേണ്ടുവോളം കണ്ടുകഴിഞ്ഞു. എന്റെ മനസ്സിൽ ഇപ്പോൾ എല്ലാറ്റിനോടും വിരക്തി തോന്നുന്നു. ഞാൻ വനവാസത്തിനു തീരുമാനിച്ചിരിക്കുകയാണ്. സുഖങ്ങളോ ദുഃഖങ്ങളോ ആപത്തുകളോ സമ്പത്തുകളോ വനവാസിയായ മുനിയെ പിടികൂടാനെത്തുന്നില്ല. രാജ്യം നഷ്ടമായിപ്പോകുമെന്ന ഭയവും അവിടെയില്ല. യുദ്ധത്തിൽ ജനങ്ങൾ ചത്തൊടുങ്ങുന്ന പ്രശ്നവും ഉദിക്കുന്നില്ല. രാജസുഖത്തേക്കാൾ എത്രയോ വലുതാണു വനവാസിയായ മുനിയുടെ സുഖമെന്നു ഞാൻ കരുതുന്നു. ജനകോലാഹലമില്ലാത്ത ഏകാന്തസ്ഥലത്ത് മനസ്സുശുദ്ധമായി ഭവിക്കുന്നു. അതുപോലെ ചന്ദ്രലോകത്തോ ബ്രഹ്മലോകത്തോ ശിവലോകത്തോ മനസ്സു ശുദ്ധമാകുമെന്നു തോന്നുന്നില്ല. പ്രിയേ, എന്റെ ഈ ആഗ്രഹത്തിൽ നീ തടസമായി നിൽക്കരുത്. കുലാംഗനകൾ ഭർത്താവിന്റെ ആഗ്രഹത്തെ സ്വപ്നത്തിൽ പോലും എതിർക്കാറില്ല!

ചൂഡാല പറഞ്ഞു: 'നാഥാ, വനവാസവും മറ്റും അതിനുള്ള കാലമാകുമ്പോൾ അനുഷ്ഠിക്കുന്നതല്ലേ നല്ലത്. വസന്തകാലത്തു പൂവ്, ശരത്കാലത്തുകായ് ഇതല്ലേ നിയമം. വാർധക്യംവന്നു ജരാനര ബാധിച്ചവർക്കല്ലേ വനവാസം. അങ്ങയെപോലെ യൗവ്വനം കഴിഞ്ഞിട്ടില്ലാത്തവർ എന്തിനു കാട്ടിൽ പോകുന്നു? അതുകൊണ്ട് അങ്ങയുടെ ഈ അഭിപ്രായത്തോട് എനിക്കു യോജിക്കാൻ കഴിയുന്നില്ല!

ശിഖിധ്വജൻ പറഞ്ഞു: ഹേ സുന്ദരീ, എനിക്കിഷ്ടമായ ഇക്കാര്യത്തിൽ തടസ്സമുന്നയിക്കേണ്ട. ഞാൻ ഏകാന്തകാനനത്തിലേക്കു പൊയ്ക്കഴിഞ്ഞതായി തന്നെ കരുതിക്കോളൂ. നീ ചെറുപ്പമാണ്, മൃദുഗാത്രിയാണ്. അതുകൊണ്ട് എന്നോടൊപ്പം കാട്ടിലേക്കുവരാൻ യോഗ്യയല്ല. വനവാസം കരുത്തുള്ള പുരുഷന്മാർക്കു തന്നെ ക്ലേശകരമാണ്. അതുകൊണ്ടു പ്രിയേ, ഉത്തമയായ നീ രാജ്യം ഭരിച്ച് ഇവിടെത്തന്നെ കഴിയൂ. പതിയുടെ അഭാവത്തിൽ കുടുംബകാര്യം നോക്കേണ്ടതു സ്ത്രീകളുടെ ചുമതലയാണ്.

വസിഷ്ഠൻ പറഞ്ഞു: 'സുന്ദരിയായ ഭാര്യയോട് ഇങ്ങനെ പറഞ്ഞിട്ടു രാജാവ് സ്നാനത്തിനായി പുറപ്പെട്ടു. കുളികഴിഞ്ഞ് ദിനകൃത്യങ്ങളെല്ലാം നിർവഹിച്ചു. തന്റെ അന്നത്തെ കൃത്യം നിർവഹിച്ച ശേഷം സൂര്യഭഗവാനും അസ്താചലത്തിലെത്തി. സരോജമുകുളസ്തനിയായ രജനി യൗവ്വനത്തിലേക്കു കടന്നു. സന്ധ്യാവന്ദനാദിക്രിയകളൊക്കെക്കഴിഞ്ഞു രാജാവു പ്രിയയായ ചൂഡാലയോടൊപ്പം മൈനാകം സമുദ്രത്തിലെന്നപോലെ ശയനശായിയായി ഭവിച്ചു. സമയം അർധരാത്രി കഴിഞ്ഞു. നാടെങ്ങും നിശബ്ദത. നിദ്രാശിലയ്ക്കുള്ളിൽ സകലജനങ്ങളും ലയിച്ചിരിക്കുന്നു. രാജാവ് ഉറക്കത്തിലായിരുന്ന പ്രിയതമയായ ചൂഡാലയെ ആലിംഗനബന്ധത്തിൽ നിന്നും

digitized by www.sreyas.in

വേർപെടുത്തി; കൊട്ടാരത്തിൽ നിന്നും പുറത്തിറങ്ങി. താൻ രാത്രിയിൽ വീരചര്യയ്ക്കു പുറപ്പെടുകയാണെന്നു അവിടെയുണ്ടായിരുന്ന അനുചരനെ അറിയിച്ചു. പൂർണമനസ്സോടെ എല്ലാം വിട്ടു യാത്രയായി: 'ജഡയായ അല്ലയോ രാജലക്ഷ്മീ, നിനക്കു നമസ്കാരം' എന്നു പറഞ്ഞ് രാജ്യം വിട്ടു. ഒരു നദി സമുദ്രത്തിൽ കടക്കുന്നതുപോലെ ഒരു കൊടുങ്കാട്ടിനുള്ളിലേക്കു കടന്നു. വീണ്ടും നേരം വെളുത്തു, വീണ്ടും രാത്രി വന്നു. അങ്ങനെ പത്തു രാത്രികൾ കടന്നുപോയി. രാജാവ് രാജ്യങ്ങളും പർവതങ്ങളും നദികളും കടന്നു നീങ്ങി, മന്ദരപർവതത്തിന്റെ വിജനമായ താഴ്വരയിലെത്തി. തന്റെ രാജനഗരത്തിൽ നിന്നും അത്യന്തം ദൂരെ ജനങ്ങൾക്ക് വന്നെത്താൻ കഴിയാത്ത ഒരു വനപ്രദേശത്തെത്തിച്ചേർന്നു. ഒഴുകിയലയ്ക്കുന്ന ചെറുതോടുകളായും വലിയതടാകങ്ങളാലും ചുറ്റപ്പെട്ടു വൃക്ഷങ്ങൾ കൊണ്ടു നിറഞ്ഞതായിരുന്നു ആ വനപ്രദേശം. ഇടിഞ്ഞുപൊളിഞ്ഞ തിട്ടകളും മറ്റും അവിടെ മുൻപ് ബ്രാഹ്മണാശ്രമങ്ങളുണ്ടായിരുന്നു എന്നു വിളിച്ചറിയിച്ചു. ക്ഷുദ്രജീവികളുടെ ശല്യം ഒഴിഞ്ഞ സ്ഥലം, സിദ്ധന്മാരുടെ സങ്കേതങ്ങളായ വള്ളിക്കുടിലുകൾ കൊണ്ട് നിറഞ്ഞ ഇടം. അവിടെ നല്ല നിരപ്പുള്ള ഒരിടത്ത് രാജാവു തനിക്കായി ഒരാശ്രമം കെട്ടിയുണ്ടാക്കി. താപസകർമം നിർവിഘ്നം തുടരാനുള്ള സാമഗ്രികളൊക്കെ ശേഖരിച്ചു. മുളകൊണ്ടുള്ള മൃദുവായ ഒരുദണ്ഡം, ഫലമൂലങ്ങളിട്ടു ഭക്ഷിക്കാനുള്ള ഒരു പാത്രം, പൂജാപാത്രം, പൂക്കൂട, രുദ്രാക്ഷമാല, കമണ്ഡലു, തണുപ്പിൽ നിന്നു രക്ഷപ്പെടാനുള്ള ഒരു പുതപ്പ്, മൃഗത്തോൽ കൊണ്ടുള്ള ഒരിരിപ്പിടം എല്ലാം ശേഖരിച്ചു തരപ്പെടുത്തി. മണ്ണു കൊണ്ടുകെട്ടിയുണ്ടാക്കിയ ആ കുടിലിൽ തന്റെ തപസ്സുതുടരാനും തീരുമാനിച്ചു. സന്ധ്യാനിയമങ്ങളോടൊപ്പം വെളുപ്പിന് ഒന്നാം യാമത്തിൽ ജപം കൃത്യമായി നിർവഹിച്ചു. രണ്ടാംയാമത്തിൽ പുഷ്പങ്ങൾ പറിച്ചുശേഖരിച്ചു. തുടർന്ന് കുളി, ദേവാർച്ചനം. ദേവാർച്ചനം കഴിഞ്ഞ് അൽപ്പം ഫലമൂലഭക്ഷണം. അതുകഴിഞ്ഞ് മിക്കവാറും ജപധ്യാനങ്ങൾ. ഇങ്ങനെ ഒരു രാത്രികഴിഞ്ഞുപോയി. മിക്കവാറും ഇതേദിനചര്യതന്നെ തുടർന്നു. ശിഖിധ്വജന്റെ തപസ്സ് അങ്ങനെ മുന്നോട്ടുനീങ്ങി.

രാമാ, ഇനി ചൂഡാല എന്തുചെയ്തു എന്ന് നോക്കാം. അർധരാത്രി ശിഖിധ്വജൻ വീടുവിട്ടിറങ്ങി കുറെ കഴിഞ്ഞു ഗ്രാമത്തിൽ ഉറങ്ങിക്കിടന്ന ഒരു മാൻപേടയെപ്പോലെ വ്യാകുലചിത്തയായി പെട്ടെന്നുണർന്നു. ഭർത്താവില്ലാതെ ശൂന്യമായിക്കിടക്കുന്ന കിടക്ക ദൃഷ്ടിയിൽപ്പെട്ടു. അൽപ്പം മ്ലാനവദനയായി ഖേദത്തോടെയെഴുന്നേറ്റു ശരീരാവയവങ്ങളാകുന്ന തളിരുകൾ വാടിത്തളർന്നു. ഒരു മഹാലതപോലെ താൻ ചുറ്റിപ്പടർന്നിരുന്ന വൃക്ഷം തന്നെ കൈവെടിഞ്ഞു എന്ന് കണ്ട് ഖിന്നതയോടെ കിടക്കയിൽത്തന്നെ അൽപ്പനേരമിരുന്നു ചിന്തിച്ചു: 'കഷ്ടം, നാഥൻ വീടുവിട്ടു കാട്ടിലേക്കു പോയി. ഇനി ഞാനിവിടെ തങ്ങിയിട്ടെന്തുകാര്യം; അദ്ദേഹത്തിന്റെ അടുക്കലേക്കു പോവുക തന്നെ. വിധിസ്ത്രീകൾക്കു ഗതി ഭർത്താവാണെന്നല്ലേ വിധിച്ചിരിക്കുന്നത്. ഇങ്ങനെ ചിന്തിച്ച് ഭർത്താവിനെ അനുഗമിക്കാൻതന്നെ തീരുമാനിച്ചെഴുന്നേറ്റു. ചൂഡാല ജനാലവഴി പുറത്തെത്തി ആകാശഗമനത്തിനൊരുമ്പെട്ടു. സിദ്ധസംഘങ്ങൾക്ക് ആകാശത്തിൽ മറ്റൊരു ചന്ദ്രനുദിച്ചിരിക്കുകയാണോ എന്ന ഭ്രമമുണ്ടായി. രാത്രിയിൽ വാളുമേന്തി നടന്നുപോകുന്ന ഭർത്താവിനെ

digitized by www.sreyas.in

അങ്ങകലത്തായി അവൾ കണ്ടു. ആകാശമധ്യത്തിലിരുന്നുകൊണ്ട് ആ നിലയിൽ ഭർത്താവിനെ കണ്ടിട്ട് അദ്ദേഹത്തിന്റെ ഭാവി എന്തായിരിക്കുമെന്ന് സംശയമില്ലാതെ ധ്യാനിച്ചറിഞ്ഞു. സംഭവിക്കേണ്ടത് സംഭവിച്ചേ തീരൂ എന്ന് മനസ്സിലാക്കി. ആ ഭാവിയെ അനുവർത്തിക്കാനേ തനിക്കും കഴിയൂ എന്നുറച്ചുകൊണ്ട് അവർ വീണ്ടും കൊട്ടാരത്തിലേക്കു മടങ്ങി. 'എന്റെ ഇപ്പോഴത്തെ യാത്ര ഇവിടെ നിൽക്കട്ടെ. കുറേക്കാലം കഴിഞ്ഞ് എനിക്ക് ഭർതൃസമീപം പോകേണ്ടിവരും. അന്നുപോകാം. അതാണു നിയതിയുടെ നിശ്ചയം' ഇങ്ങനെ ചിന്തിച്ചു ചൂഡാല അന്തഃപുരത്തിലേക്കു കടന്നു. ആകാശത്തിൽ ചന്ദ്രക്കലയെന്നോണം ശയ്യയിൽ കിടന്നുറക്കമായി. നേരം പ്രഭാതമായതോടെ രാജാവെന്തോ ഒരു പ്രത്യേക കാര്യം പ്രമാണിച്ചു ദൂരെ ഒരിടത്തുപോയിരിക്കുകയാണെന്നു പറഞ്ഞു പൗരജനങ്ങളെ ആശ്വസിപ്പിച്ചു. സമദർശിനിയായി ഭർത്താവിന്റെ രാജ്യം ഭംഗിയായി ഭരിച്ചു. ദിവസങ്ങളും പക്ഷങ്ങളും മാസങ്ങളും സംവത്സരങ്ങളും കടന്നുപോയി. എന്തിനധികം; വർഷം പതിനെട്ടങ്ങനെ കടന്നുപോയി. ഭർത്താവുപോയശേഷം അത്രയുംകാലം ചൂഡാല തന്നെ രാജ്യഭാരം ഭംഗിയായി നിറവേറ്റി. ഭർതൃസമീപം എത്താനുള്ള സമയമായി എന്നു ചൂഡാല മനസ്സിലാക്കി. ആലോചിച്ചു മന്ദരപർവതപ്രാന്തത്തിലെത്താൻ തീരുമാനിച്ചു. ഒരു ദിവസം രാത്രി അന്തഃപുരത്തിൽനിന്നും ചലിച്ച് ആകാശമാർഗത്തിലെത്തിനിന്നു. വായുമാർഗം മന്ദരപർവതത്തിൽ എത്തിച്ചേർന്നു. ആരുംകാണാതെ ആകാശംവഴി തന്നെ വനാന്തരത്തിൽ കടന്നു. യോഗശക്തികൊണ്ടു രാജാവിനെ പുതിയൊരു ദേഹമംഗീകരിച്ചയാളെപ്പോലെ കണ്ടെത്തി. ഹാരമില്ല, കേയൂരമില്ല, കടകമില്ല, കുണ്ഡലമില്ല; രാജചിഹ്നങ്ങളൊന്നുമില്ല. ദേഹംമെലിഞ്ഞ് കറുത്ത് ജീർണിച്ച നിലയിൽ ഭർത്താവിനെ കണ്ടെത്തി. പീവര സ്തനിയായ ചൂഡാല ആ നിലയിൽ പതിയെക്കണ്ട് അൽപ്പം വിഷാദത്തോടെ ഇങ്ങനെ സ്വയം ചിന്തിച്ചു.

298. അഹോനുവിഷമം മൗർഖ്യം സർവശാസ്ത്രാർഥദർശിനഃ
ഏവം വിധാഃ സമായാന്തി ദുർദശായത്പ്രമാദതഃ

അഹോനു-കഷ്ടം കഷ്ടം; സർവശാസ്ത്രാർഥ ദർശിന-എല്ലാ ശാസ്ത്രതത്ത്വവും പഠിച്ചു വശമാക്കിയയാളിനു വന്നുചേരുന്ന; മൗർഖ്യം വിഷമം-അജ്ഞാന മോഹം വളരെ ദുഃഖപ്രദം തന്നെ; യത് പ്രമാദത-സത്യാനുഭവത്തെക്കുറിച്ചറിവില്ലാതെ വന്നുചേരുന്ന; ദുർദശാ: ദുഃഖാനുഭവങ്ങൾ; ഏവം വിധാഃ സമായാന്തി-ഈ വിധമാണു മനുഷ്യനെ പിടികൂടുന്നത്.

കഷ്ടം കഷ്ടം എല്ലാ ശാസ്ത്രതത്ത്വവും പഠിച്ചു വശമാക്കിയയാളിനു വന്നു ചേരുന്ന അജ്ഞാനമോഹം വളരെ ദുഃഖപ്രദം തന്നെ. സത്യാനുഭവത്തെക്കുറിച്ചറിവില്ലാതെ വന്നു ചേരുന്ന ദുഃഖാനുഭവങ്ങൾ ഈ വിധമാണു മനുഷ്യനെ പിടികൂടുന്നത്.

### മൗർഖ്യം സർവശാസ്ത്രാർഥ ദർശിനഃ

അജ്ഞതയാണു ദുഃഖത്തിനു കാരണം. സ്വതേ അജ്ഞരായവർ ദുഃഖപരമ്പര വരുത്തിവയ്ക്കുന്നതിൽ അതിശയിക്കാനില്ല. എന്നാൽ ശാസ്ത്രാർഥം നല്ലപോലെ ഗ്രഹിച്ചവർ തന്നെ ദുഃഖപരമ്പര സ്വയം സൃഷ്ടിച്ചനുഭവിക്കാനിടയായാലോ. വസ്തുസത്യം അവനവന്റെ തന്നെ സ്വരൂപമായ ആനന്ദബോധമാണ്. അതിൽ അജ്ഞതകൊണ്ടാരോപിതമാകുന്ന ഭ്രമമാണു കർമം.

digitized by www.sreyas.in

അപ്പോൾ കർമം കൊണ്ടൊരിക്കലും സ്വരൂപത്തെ നേടേണ്ട കാര്യമേഇല്ല. സ്വരൂപം തെളിയാനുള്ള ഒരേ ഒരു മാർഗം അതു വിചാരം ചെയ്തുറപ്പിക്കുകയാണ്. അതിന് ഒരു കർമവും തടസമല്ല. രാജവൃത്തിയും താപസവൃത്തിയും കർമമാണ്. ഇതിലേതിൽ വർത്തിച്ചാലും സത്യവിചാരം ചെയ്ത് ഉള്ളിൽ രാഗദ്വേഷങ്ങളൊഴിവാക്കുമെങ്കിൽ ഒരാൾക്കാത്മാനുഭവമുണ്ടാകും. ചൂഡാല അങ്ങനെയാണാത്മാനുഭവം നേടിയത്. ശിഖിധ്വജനാകട്ടെ ഈ രഹസ്യം പിടികിട്ടാതെ രാജകർമം വിട്ടു താപസകർമം അംഗീകരിച്ചു. രാജകർമങ്ങളിലുണ്ടായിരുന്ന രാഗദ്വേഷ വൈഷമ്യം താപസകർമങ്ങളിലേയ്ക്കു മാറ്റി. കൂടുതൽ കഠിനമായ ദുഃഖപരമ്പരയെ അഭിമുഖീകരിക്കേണ്ടതായും വന്നു. ശരീരം ക്ഷീണിച്ചു; മനസ്സു ക്ഷീണിച്ചു. പുതുതായി ഒന്നും നേടാനും കഴിഞ്ഞില്ല. ഇതാണു സർവശാസ്ത്രാർഥദർശിയുടെ വിഷമകരമായ മൗർഖ്യം. അനുഭവം നേടാനുള്ള സുലളിതമായ മാർഗം അന്ധമായ കർമബഹുലത കൊണ്ട് അത്യന്തം വിഷമകരമാക്കിത്തീർക്കുക. ഈശ്വരാന്വേഷണ മാർഗത്തിൽ മിക്കവാറും സംഭവിച്ചു കൊണ്ടിരിക്കുന്നതു വിഷമകരമായ ഈ മൗർഖ്യമാണ്.

ചൂഡാല തുടർന്നു: 'അതുകൊണ്ടു ഞാൻ ഇന്നു തന്നെ പ്രിയതമനെ അറിയേണ്ടതറിഞ്ഞവനാക്കിത്തീർക്കുന്നുണ്ട്. ഭോഗമോക്ഷ സ്ഥിതിയെ ന്തെന്നു സന്ദേഹമില്ലാതെ ഞാൻ അദ്ദേഹത്തെ ധരിപ്പിക്കുന്നുണ്ട്. ഞാനീ ചൂഡാലാ രൂപം വിട്ട മറ്റൊരു വേഷത്തിൽ മുൻപിലെത്തി അദ്ദേഹത്തെ ഉണർത്തും. ഈ വേഷത്തിൽ ചെന്നാൽ ഇവൾ ബാല, എന്റെ പ്രിയതമ എന്നു പറഞ്ഞെന്നെ തള്ളിക്കളയും; ഞാൻ പറയുന്നതനുസരിക്കില്ല. അതുകൊണ്ട് താപസവേഷമംഗീകരിച്ചദ്ദേഹത്തെ ഉപദേശിക്കാം. ഭർത്താവ് അൽപ്പം ആശയക്കുഴപ്പമുണ്ടെങ്കിലും ഇപ്പോൾ ആത്മജ്ഞാനത്തിനു പാകമായ ചിത്തത്തോടു കൂടിയവനാണ്. ശുദ്ധമായ അദ്ദേഹത്തിന്റെ മനസ്സിൽ ആത്മതത്ത്വം ഇനി വേഗം തെളിയും.

ഇങ്ങനെ ചിന്തിച്ച് ചൂഡാല ഒരു ബ്രാഹ്മണ ബ്രഹ്മചാരിയുടെ രൂപം കൈക്കൊണ്ടു. അൽപ്പനേരത്തെ ഏകാഗ്രധ്യാനം കൊണ്ടുതന്നെ അതുസാധിച്ചു. എന്നിട്ടു ഭർത്താവിന്റെ മുൻപിൽ എത്തി നിന്നു. ശിഖിധ്വജൻ തന്റെ മുൻപിൽ വന്നു നിൽക്കുന്ന ബ്രാഹ്മണ കുമാരനെ കണ്ടു. ഉരുകി ഒഴുകുന്ന സൗവർണ ശോഭയോടുകൂടിയ ശരീരം; മുത്തുഹാരങ്ങളണിഞ്ഞു മനോഹരം. വെളുത്ത പൂണുനൂൽ ധരിച്ചിട്ടുണ്ട്; നല്ല വെണ്മയുള്ള രണ്ടു വസ്ത്രങ്ങൾ കൊണ്ടലംകൃതൻ. കാലു തറയിൽ തൊട്ടിട്ടില്ല; അൽപ്പം ഉയർന്നു നിലകൊള്ളുന്നു. ആ ബ്രാഹ്മണ ബ്രഹ്മചാരിയെ കണ്ടു ശിഖിധ്വജൻ ചാടി എണീറ്റു. ദൈവപുത്രനെത്തിയിരിക്കുന്നു എന്നു കരുതി പാദുകമുപേക്ഷിച്ചടുത്തേയ്ക്കു ചെന്നു. 'ദേവപുത്രാ, നമസ്കാരം; ഇതാ ഇരിപ്പിടം; ഇരുന്നരുളിയാലും;' എന്നു പറഞ്ഞിരിപ്പിടം ചൂണ്ടിക്കാണിച്ചു. 'രാജർഷേ, അങ്ങേയ്ക്കു നമസ്കാരം' എന്നുപറഞ്ഞു ബ്രഹ്മചാരി ആസനസ്ഥനായി, രാജാവർപ്പിച്ച പുഷ്പവൃഷ്ടി അംഗീകരിച്ചിരിപ്പായി.

ശിഖിധ്വജൻ പറഞ്ഞു: 'സുകൃതിയായ ദേവപുത്രാ, അങ്ങിപ്പോൾ എവിടെനിന്നു വരുന്നു? അങ്ങയെകണ്ടതുകൊണ്ട് ഇന്നത്തെ എന്റെ ദിവസം സഫലമായതായി ഞാൻ കരുതുന്നു; ഇങ്ങനെ പറഞ്ഞു അർഘ്യപാദ്യങ്ങളും മാലാപുഷ്പങ്ങളും ഈ ഇഷ്ടദേവനായിക്കൊണ്ട് യഥാക്രമം സമർപ്പിച്ചു.'

digitized by www.sreyas.in

ബ്രാഹ്മണൻ പറഞ്ഞു: 'പുണ്യാത്മൻ, മൃദുവും യോഗ്യവും വിനയാന്വിതവുമായ ഈ പെരുമാറ്റംകൊണ്ട് അങ്ങ് അത്യന്തം ചിരംജീവിയായി ഭവിക്കുമെന്ന് ഞാൻ കാണുന്നു. ശാന്തമായ മനസ്സോടെ ലോകസങ്കൽപ്പങ്ങളൊക്കെ വെടിഞ്ഞ് നിർവാണലാഭത്തിനായുള്ള അങ്ങയുടെ ഈ ഉദാരതപസ്സ് ദിനംപ്രതി ശക്തിപ്രാപിക്കുന്നുണ്ടല്ലോ. അങ്ങയുടെ ശാന്തമായ ഈ തപസ്സ് വാൾത്തലയിൽകൂടിയുള്ള സഞ്ചാരമാണ്. ഐശ്വര്യസമൃദ്ധമായ രാജ്യമുപേക്ഷിച്ചിട്ടല്ലേ അങ്ങീ കൊടുകാട്ടിലെത്തിച്ചേർന്നിരിക്കുന്നത്.

ശിഖിധ്വജൻ പറഞ്ഞു. 'ഭഗവൻ, ദേവനായ അങ്ങ് എല്ലാം അറിയുന്നുണ്ടല്ലോ. ഇതിലെന്താണാശ്ചര്യം. അങ്ങയുടെ സർവോത്തമമായ മുഖശ്രീ തന്നെ ഇക്കാര്യം വിളിച്ചറിയിക്കുന്നു. അങ്ങാരാണ്? ആരുടെ പുത്രനാണ്? എന്നെ അനുഗ്രഹിക്കാനായി ഇവിടം വരെ എഴുന്നള്ളിയതിന്റെ ഉദ്ദേശമെന്താണ്? ചുറ്റും പൂനിലാവ് വിതറുന്ന ശോഭയോടുകൂടിയ ദേവപുത്രാ എന്റെയീ സംശയങ്ങൾക്കു നിവാരണമുണ്ടാക്കിയാലും;

ബ്രാഹ്മണൻ പറഞ്ഞു: 'രാജൻ, അങ്ങയുടെ സംശയങ്ങൾ ഞാനകറ്റാം കേട്ടോളൂ. വിനയപൂർവം ഒരാൾ ചോദിക്കുന്ന കാര്യങ്ങൾ ആർക്കൊഴിവാക്കാൻ കഴിയും. ഈ ജഗത്തിനുള്ളിൽ നാരദനെന്ന ശുദ്ധാത്മാവായ ഒരു മുനിയുണ്ട്. പുണ്യലക്ഷ്മിയുടെ തേജോമയമായ മുഖത്ത് കർപ്പൂരതിലകം പോലെ അദ്ദേഹം വിളങ്ങുന്നു.

ഒരിക്കലദ്ദേഹം തന്റെ ഗുഹയിൽ ധ്യാനമഗ്നനായി കഴിയുകയായിരുന്നു. ആ ഹേമതടത്തിൽ ഗംഗ കല്ലോല കളകളത്തോടെ ഒഴുകുന്നുണ്ടായിരുന്നു. ഒരു ദിവസം നാരദമുനി ധ്യാനംവിട്ടുണർന്ന് ഗംഗാതീരത്തേയ്ക്ക് ദൃഷ്ടി പതിപ്പിച്ചു. ചിലമ്പൊലി ശബ്ദത്തോടു കൂടിയ ലീലാകളകളാരവം അവിടെനിന്നും ഉയർന്നുവന്നു. എന്താണിതെന്നു ചിന്തിച്ചദ്ദേഹത്തിന്റെ മനസ്സിൽ കൗതുകമുണർന്നു. നേരമ്പോക്കായി ഒന്നങ്ങോട്ടു നോക്കിയപ്പോൾ ഒരു പറ്റം സുന്ദരിമാരെ കാണാനിടയായി. രംഭാതിലോത്തമമാരെപ്പോലെ മനോഹാരിണിമാർ. പുരുഷൻമാരാരുമില്ലാത്ത ആ സ്ഥലത്ത് അവർ വസ്ത്രം എല്ലാം വെടിഞ്ഞ് ജലക്രീഡയിൽ ഏർപ്പെട്ടിരിക്കുകയാണ്. തികച്ചും നഗ്നരായി അവയവങ്ങളെല്ലാം പുറത്തുകാട്ടി നിൽക്കുന്നവർ. അന്യോന്യം പ്രതിബിംബങ്ങൾ പ്രദർശിപ്പിച്ചു ശുദ്ധദർപ്പണങ്ങളെപ്പോലെ വിലസുന്നവർ. ആ സുന്ദരീസമൂഹത്തെകണ്ട് മുനിയുടെ മനസ്സ് വിവേകം വെടിഞ്ഞു കാമസ്ഫുരണത്തോടെ ആനന്ദിതമായി. ആനന്ദം സ്ഫുരിച്ച ഹൃദയം അൽപ്പമൊന്നിളകി പ്രാണഗതിക്ക് വേഗതകൂടി. അതോടെ സന്തുഷ്ടനായ അദ്ദേഹത്തിന് രേതഃസ്ഖലനം സംഭവിച്ചു;

രാജാവു ചോദിച്ചു: ഭഗവൻ ജ്ഞാനിയായ നാരദമുനി ജീവന്മുക്തനല്ലേ? അദ്ദേഹത്തിനീ കാമപരവശത എങ്ങനെ വന്നുചേർന്നു? ഒന്നു വിശദമാക്കിയാലും.

ബ്രാഹ്മണൻ പറഞ്ഞു:

299. സ്വരൂപേനിർമ്മലേ സത്യേനിമേഷമപിവിസ്മൃതേ
ദൃശ്യമുല്ലാസമായാതിപ്രാവൃഷീവ പയോധരഃ

രാജാവേ, ശുദ്ധവും സ്വരൂപവുമായ ബോധസത്യം ഒരു നിമിഷമെങ്കിലും വിസ്മരിക്കാനിടയായാൽ മഴക്കാലത്ത് മേഘമെന്നപോലെ ദൃശ്യം പൊന്തിവന്നനുഭവിക്കാനിടയാകും.

digitized by www.sreyas.in

300. അനാരതാനുസന്ധാനാദപ്യുന്മേഷവിസ്മൃതേ
സ്വരൂപേനോല്ലസത്യേഷചിതിദൃശ്യപിശാചകഃ

അനാരതാനുസന്ധാനാത്-ചിരകാലത്തെ നിരന്തരമായ ശുദ്ധബോധാനുസന്ധാനംകൊണ്ട്; ഉന്മേഷം അപിഅവിസ്മൃതേ-ഒരു നിമിഷംപോലും ബോധവിസ്മൃതി വരാതിരിക്കുമെങ്കിൽ; സ്വരൂപേചിതി-ആത്മാവായ ബോധത്തിൽ; ഏഷദൃശ്യപിശാചകഃ-ഈ ദൃശ്യപിശാച്; ന ഉല്ലസതി - പൊന്തിവന്നനുഭവപ്പെടുകയില്ല.

ചിരകാലത്തെ നിരന്തരമായ ശുദ്ധബോധാനുസന്ധാനം കൊണ്ട് ഒരു നിമിഷംപോലും ബോധവിസ്മൃതി വരാതിരിക്കുമെങ്കിൽ ആത്മാവായ ബോധത്തിൽ ഈ ദൃശ്യ പിശാച് പൊന്തിവന്നനുഭവപ്പെടുകയില്ല.

**സ്വരൂപേനോല്ലസത്യേഷഃ**

ശുദ്ധബോധസ്വരൂപമായ ആത്മാവിൽ നാമരൂപദൃശ്യാവിർഭാവമാണു സംസാരബന്ധം. ആത്മാവിൽ ദൃശ്യം രൂപംകൊള്ളുന്നില്ലയോ മോക്ഷം. ഈ മോക്ഷം നേടാനെന്താണുപായം? ഏതു ദൃശ്യത്തിലും ശുദ്ധബോധമായ പരമകാരണത്തെ അനുസന്ധാനം ചെയ്തുറപ്പിക്കണം. എത്രകാലം ഈ അനുസന്ധാനം തുടരണം? ഏതു ദൃശ്യം കണ്ടാലും നാമരൂപങ്ങളെ മാറ്റിനിറുത്തി ശുദ്ധബോധത്തെ അനുഭവിക്കാൻ കഴിവുവരുന്നതുവരെ അനുസന്ധാനം തുടരണം. എത്രയാഭരണങ്ങൾ എവിടെക്കണ്ടാലും ആഭരണനാമരൂപങ്ങളെ മാറ്റിനിറുത്തി ഒരാൾ കനകൈക മഹാബുദ്ധി അഭ്യസിച്ചുറപ്പിക്കുന്നതുപോലെ. ക്രമേണ അഭ്യാസം ദൃഢപ്പെടും. അതോടെ എന്തെവിടെക്കണ്ടാലും ബോധൈകമഹാബുദ്ധി അഥവാ ബ്രഹ്മൈക മഹാബുദ്ധി ഉറപ്പുവരും ബ്രഹ്മൈകമഹാബുദ്ധി വിസ്മരിക്കപ്പെടുന്നില്ലെങ്കിൽ ദുർബലങ്ങളായ നാമരൂപ സങ്കൽപ്പങ്ങൾ അൽപ്പമൊക്കെ പൊന്തി മറഞ്ഞാലും പേടിക്കാനില്ല. എത്ര സുന്ദരമായ സ്ത്രീരൂപമോ പുരുഷരൂപമോ കണ്ടാലും പുരുഷനോ സ്ത്രീയ്ക്കോ അതു ബ്രഹ്മമാണെന്നോർമിക്കാൻ കഴിഞ്ഞാൽ നാരദനുണ്ടായതായി പറയപ്പെടുന്നതുപോലുള്ള ചിത്തവിക്ഷോഭം ഉണ്ടാകാൻ ഇടവരില്ല. ബ്രഹ്മഭാവം മറന്നാൽ ദൃശ്യം ചിത്തത്തെ ക്ഷോഭിപ്പിക്കും. ചിത്തം ക്ഷോഭിച്ചാൽ സുഖദുഃഖാനുഭവം. ഇതാണുനിയമം. ബ്രാഹ്മണൻ തുടർന്നു.

301. സുഖദുഃഖകലാസ്പന്ദോബന്ധോ ജീവസ്യനേതരഃ
തദഭാവോഹിമോക്ഷഃസ്യാദിതിദ്വേധാ വ്യവസ്ഥിതിഃ

ചിത്തത്തിൽ സുഖദുഃഖങ്ങൾ സ്പന്ദിച്ചനുഭവിക്കാനിട വരുന്നതാണു ജീവന്റെ ബന്ധം. ജീവനു വേറെ ബന്ധമൊന്നുമില്ല. സുഖദുഃഖദ്വന്ദ്വാനുഭവങ്ങൾ വിട്ടുപോകുന്നതാണു മോക്ഷം. ഇതാണു ബന്ധമോക്ഷനിയമം. ശുദ്ധമായ ബോധാനുഭവത്തിലൂടെ ആത്മജ്ഞാനം ഉറപ്പുവന്ന ജ്ഞാനിക്കു സാപേക്ഷ സുഖദുഃഖങ്ങളില്ല. അദ്ദേഹം മനസ്സിന്റെ സമനിലയിലെത്തി സദാ സുഖിക്കുന്നു.

302. സർവമേവ ചിദാകാശം ബ്രഹ്മേതിഘനനിശ്ചയേ
സ്ഥിതിംയാതേ സമം യാതി ജീവോനിസ്നേഹദീപവത്.

ഇക്കാണുന്നതൊക്കെ ചിദാകാശ രൂപമായ ബ്രഹ്മം തന്നെയാണെന്ന നിശ്ചയം ഉറപ്പുവരണം. ആ സ്ഥിതി ഉറപ്പുവന്നാൽ ജീവൻ എണ്ണവറ്റിയ ദീപം

digitized by www.sreyas.in

പോലെ സ്വയം ലയിച്ചു ബ്രഹ്മഭാവം കൈക്കൊള്ളും. ആത്മസ്വഭാവമനുസരിച്ചാണു വാസനനിമിത്തം ഈ ജഗത്ഭ്രമം സംഭവിക്കുന്നത്. അതോടെ ധർമാധർമചിന്തയും മറ്റു ദ്വന്ദ്വഭാവങ്ങളും മനസ്സിനെ അലട്ടാൻ തുടങ്ങുന്നു. വാസനപോയാൽ ധർമാധർമങ്ങൾ ഗ്രഹിക്കപ്പെടുകയില്ല. പിന്നെ സർവം ബ്രഹ്മമയം. അതോടെ ജനനമരണഭ്രമം മാറിക്കിട്ടും, മുനേ, ഇതാണു നമ്മുടെ കാഴ്ചപ്പാട്?

ശിഖിധ്വജൻ പറഞ്ഞു: 'അല്ലയോ വാഗ്മിൻ, അങ്ങയുടെ വാക്ക് അത്യുദാരവും ആശ്ചര്യകരവും ആയിരിക്കുന്നു. അനുഭവരസം നിറഞ്ഞു തുളുമ്പുന്ന ആ വാക്ക് പരമാർഥമാണെന്നു സ്വയം ബോധ്യപ്പെടുത്തുന്നു. ഹേ, തേജോമയ, അങ്ങയുടെ വാഗ്വിഭവം ആസ്വദിച്ച് അമൃതപാനം ചെയ്താലെന്ന പോലെ എന്റെ മനസ്സുകുളിർത്തിരിക്കുന്നു. അതുകൊണ്ടു വിശദമായും ചുരുക്കമായും അങ്ങയുടെ ജന്മകഥ കേൾക്കട്ടെ. അതുകഴിഞ്ഞ് അങ്ങയുടെ ജ്ഞാനനിർഭരമായവാക്കുകേൾക്കാൻ എന്റെ മനസ്സുവെമ്പുന്നു. ബ്രഹ്മപുത്രനായ നാരദമുനി തന്റെ സ്രവിച്ച ബീജത്തെ പിന്നെയെന്തുചെയ്തു? നടന്നതുപോലെ പറയൂ, കേൾക്കട്ടെ!

ബ്രാഹ്മണൻ പറഞ്ഞു: തുടർന്നു മഹാമുനി തന്റെ മനോമത്തവാരണത്തെ സത്യബുദ്ധിയാകുന്ന ചങ്ങലകൊണ്ടുകെട്ടി വിവേകമാകുന്ന ഗജസ്തംഭത്തിൽ തളച്ചു. അടുത്തുണ്ടായിരുന്ന ഒരു സ്ഫടികകുടത്തിൽ തന്റെ ബീജം അദ്ദേഹം സൂക്ഷിച്ചു. സങ്കൽപ്പിച്ചുണ്ടാക്കിയ പാലുകൊണ്ടാകുംഭം നിറച്ചു. പർവതഗർഭത്തിൽ ചന്ദ്രനെന്നപോലെ ആ ബീജം കുംഭത്തിൽ കിടന്ന് അവയവങ്ങളെല്ലാം പൂർണത പ്രാപിച്ചു വളർന്നു. കുഞ്ഞു കുംഭത്തിൽനിന്നും പുറത്തുവന്നു. സംസ്കാരസമ്പന്നനായ ആ കുട്ടിയിൽ നാരദമുനി ഒരു ഭാണ്ഡത്തിൽ നിന്നു മറ്റൊരു ഭാണ്ഡത്തിലെന്നപോലെ വിദ്യകളെല്ലാം നിറച്ചു. ഒരു ദിവസം പുത്രനെയും കൂട്ടി ബ്രഹ്മാവിന്റെയടുക്കലെത്തി. ബ്രഹ്മാവ് ആ ചെറുമകനെ പൂർണമായും ജ്ഞാനപാരഗനാക്കിത്തീർത്തു. രാജാവേ, ആ നാരദപുത്രനാണു ഞാൻ. കുംഭത്തിൽ നിന്നും ജനിച്ചതുകൊണ്ട് എന്റെ പേരു കുംഭനെന്നാണ്. ലീലാവിലാസിയായ എനിക്കു നാലുവേദങ്ങളും ഉറ്റസുഹൃത്തുക്കളാണ്. എന്റെ അമ്മയുടെ സഹോദരിയാണു ഗായത്രി; അമ്മ സരസ്വതിയും. ഇഷ്ടം പോലെ ലോകത്തെവിടെയും ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

ശിഖിധ്വജൻ പറഞ്ഞു: 'സാധോ, ഞാനിന്നു ധന്യരിൽ ധന്യരായിതീർന്നിരിക്കുന്നു. അമൃത നിഷ്യന്ദിയായ അങ്ങയുടെ വാക്ക് എനിക്കത്യന്തം ആശ്വാസമരുളുന്നു. ഇതുപോലെ ഇന്നുവരെ മറ്റൊന്നും എന്റെ മനസ്സിനെ കുളിർപ്പിച്ചിട്ടില്ല. രാജ്യലാഭം പോലും ഒരിക്കലും സാധു സമാഗമത്തിനു തുല്യമല്ല.'

കുംഭൻ പറഞ്ഞു: 'ഈ സംഭാഷണം ഇവിടെ നിൽക്കട്ടെ. ഞാനെല്ലാം അങ്ങയോടു പറഞ്ഞുകഴിഞ്ഞു. ഇനി അങ്ങയുടെ കഥ കേൾക്കട്ടെ. അങ്ങാരാണ്; ഈ പർവതത്തിൽ അങ്ങ് എന്തു ചെയ്യുന്നു?

ശിഖിധ്വജൻ പറഞ്ഞു: 'ഹേ ദേവപുത്രാ, അങ്ങെല്ലാം അറിയുന്നു. എങ്കിലും ചോദിച്ചതുകൊണ്ടു പറയാം. സംസാരത്തെ ഭയന്നാണു ഞാനീ കാട്ടിൽ താമസിക്കുന്നത്. ഞാൻ ശിഖിധ്വജനെന്ന രാജാവാണ്. രാജ്യം ഉപേക്ഷിച്ചിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. ഈ സംസാര ദുഃഖത്തെ ഞാൻ വല്ലാതെ ഭയക്കുന്നു; ഇനി ഞാൻ ജനിക്കാൻ ആഗ്രഹിക്കുന്നില്ല. ഞാൻ പൂജാ

digitized by www.sreyas.in

ക്രിയാദികളെല്ലാം വേണ്ടപോലെ അനുഷ്ഠിക്കുന്നുണ്ട്; പക്ഷെ ദുഃഖം കൂടി വരുന്നതേയുള്ളൂ. അമൃതം വിഷം പോലെയാണനുഭവപ്പെടുന്നത്.'

കുംഭൻ പറഞ്ഞു:

303. ജ്ഞാനംഹി പരമം ശ്രേയഃ കൈവല്യംതേന വേത്ത്യലം
കാലാതിവാഹനായൈവ വിനോദായ ക്രിയോദിതാ.

രാജാവേ, ജ്ഞാനമാണു പരമമായ ശ്രേയസ്. കേവലബോധസത്യം ജ്ഞാനത്തിലൂടെ മാത്രമേ വെളിപ്പെടൂ. കാലം കഴിച്ചുകൂട്ടാനും വിനോദത്തിനും മാത്രമേ ക്രിയ പ്രയോജനപ്പെടൂ. ജ്ഞാനദാർഢ്യം വന്നിട്ടില്ലാത്തവർക്കു പൂജാദിക്രിയകൾ കൊണ്ടു കിട്ടുന്ന സുഖം അത്തരം ക്രിയാവാസന ശക്തിപ്പെടുത്താനേ ഉപകരിക്കൂ; അജ്ഞനു ക്ഷണികഫലമുളവാക്കുന്നവയാണത്തരം ക്രിയകൾ. വാസന ക്ഷയിച്ചു കിട്ടിയ ജ്ഞാനിക്ക് ക്രിയകൾ കൊണ്ടൊന്നും ഒരു ഫലവും കിട്ടാനില്ല. ജ്ഞാനം ലക്ഷ്യമാക്കുന്നവൻ ക്രിയകളനുഷ്ഠിക്കുന്നതു ക്രിയാവാസന മാറിക്കിട്ടാനാണ്. ഒരു ഋതുഅടുത്ത ഋതുവിൽ വിലയം പ്രാപിക്കുന്നതുപോലെ വാസന നശിക്കുന്നതോടുകൂടി ക്രിയാഫലവും നശിക്കുന്നു. ശരപ്പുല്ലു പൂക്കുന്നതല്ലാതെ കായ്ക്കാറില്ല. അതുപോലെ നിർവാസനമായ കർമാനുഷ്ഠാനം പരലോകഫലത്തെ ഉളവാക്കുന്നില്ല.

304. യസ്യമൗർഖ്യം ക്ഷയം യാതി സർവം ബ്രഹ്മേതിഭാവനാത്
നോദേതിവാസനാതസ്യ പ്രാജ്ഞ സ്യേ വാംബുധിർമരൗ

സർവം ബ്രഹ്മമയം എന്ന ഭാവനകൊണ്ട് ആർക്കാണോ അജ്ഞാനം നീങ്ങിയിട്ടുള്ളത് ആ ജ്ഞാനിക്കു കർമവാസന ഉദയം ചെയ്യുന്നില്ല. അറിവുള്ളയാളിനു മരുഭൂമിയിൽ ഒരിക്കലും ജലാശയമുള്ളതായി അനുഭവപ്പെടാറില്ലല്ലോ. വാസനമാത്രം വിട്ടുപോകുമെങ്കിൽ ജരാമരണവർജിതമായ ബ്രഹ്മപദത്തിൽ എത്തിച്ചേരുന്നതാണ്. ഉള്ളിൽ പിന്നെ ജനനമരണ ഭ്രമമേ അവശേഷിക്കയില്ല. രാഗദ്വേഷവാസനാബദ്ധമായ മനസ്സാണു മനസ്സ്. രാഗദ്വേഷവാസന വിട്ടുപോയ മനസ്സുതന്നെയാണു ബ്രഹ്മം. മനസ്സുകൊണ്ടു മനസ്സിനെ വാസനാ വിമുക്തമാക്കിയാൽ പിന്നെ ജനിക്കേണ്ടിവരുന്നില്ല. രാജാവേ, ജ്ഞാനമാണു പരമശ്രേയസ്സെന്നു ത്രിമൂർത്തികൾപോലും പ്രഖ്യാപിക്കുന്നു. സംസാരസമുദ്രത്തെ കടത്തുന്ന കപ്പൽ ജ്ഞാനമാണ്. പിന്നെയെന്താണങ്ങതംഗീകരിക്കാതെ ഇങ്ങനെ അജ്ഞാനിയായി കഴിഞ്ഞുകൂടുന്നത്. ഞാനാരാണ്, ഈ ജഗത്തെവിടെനിന്നു വന്നു, ഇതെങ്ങനെ ശമിച്ചു കിട്ടും എന്നിവയൊക്കെ വിചാരം ചെയ്തറിയാതെ ഒരജ്ഞനെപ്പോലെ അങ്ങു കഴിഞ്ഞു കൂടുന്നതെന്ത്? ബന്ധം എങ്ങനെ വന്നു ചേർന്നു. മോക്ഷം എങ്ങനെ നേടാം? എന്നീ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടു രാജാവേ, അങ്ങെന്തുകൊണ്ടു ബ്രഹ്മജ്ഞാനികളെ സമീപിക്കുന്നില്ല; അവരുടെ പാദങ്ങളിൽ വണങ്ങി ചോദ്യമുന്നയിക്കുന്നില്ല. ജ്ഞാനികളായ സജ്ജനങ്ങളെ, സമദർശികളെ സമീപിച്ചു ചോദ്യം ചോദിച്ചാൽ മാത്രമേ ഈ വക സംശയങ്ങൾ മാറിക്കിട്ടൂ. സജ്ജനസംഗമം കൊണ്ടു സംസാരതരണത്തിനുള്ള യുക്തി തെളിയും; അനായാസമായി മോചിക്കാനും കഴിയും.'

വസിഷ്ഠൻ പറഞ്ഞു: 'ഇതുകേട്ടു ശിഖിധ്വജൻ ചിന്തിച്ചു. 'പ്രിയതമയായ ചൂഡാല ഇതൊക്കെത്തന്നെയാണു പറഞ്ഞിട്ടുള്ളത്; എന്തുകൊണ്ടു ഞാൻ

digitized by www.sreyas.in

ശ്രദ്ധിച്ചില്ല' ഇങ്ങനെ ചിന്തിച്ചു കണ്ണുനീർ വാർത്തുകൊണ്ട് ബ്രാഹ്മണനോടു പറഞ്ഞു!

ശിഖിധ്വജൻ പറഞ്ഞു: 'ഹേ മുനിപുത്രാ, താമസിച്ചാണെങ്കിലും ഞാൻ അങ്ങയാൽ ഉണർത്തപ്പെട്ടിരിക്കുന്നു. അജ്ഞതനിമിത്തം ഞാൻ സജ്ജന സംഗം വെടിഞ്ഞ് ഈ കാട്ടിൽ താമസിക്കാനിടയായി. ആശ്ചര്യം, എന്റെ പാപമെല്ലാം ഒഴിഞ്ഞുപോയതായി ഞാൻ കരുതുന്നു. അങ്ങിവിടെ വന്ന് എന്നെ ഉപദേശിക്കാൻ ഇടയായതുതന്നെയാണിതിനു തെളിവ്, പുണ്യാത്മൻ, അങ്ങെന്റെ ഗുരുവാണ്, അച്ഛനാണ്, സുഹൃത്താണ്, എല്ലാമാണ്. ശിഷ്യൻ അങ്ങയുടെ കാൽക്കൽ നമസ്കരിക്കുന്നു. ഇവനിൽ കരുണകാണിക്കൂ. എന്താണോ ഏറ്റവും ഉദാരമായിട്ടുള്ളത്, ഏതറിഞ്ഞാൽ പിന്നെ ദുഃഖിക്കേണ്ടിവരില്ലയോ, ഏതിനാൽ എനിക്കു തികഞ്ഞ നിർവൃതി അനുഭവിക്കാൻ കഴിയുമോ ആ ബ്രഹ്മത്തെ എനിക്കുപദേശിച്ചാലും!'

കുംഭൻ പറഞ്ഞു: 'രാജാവേ, എന്റെ വാക്ക് അങ്ങേക്ക് സ്വീകാര്യമാകുമോ? എങ്കിൽ ഞാൻ പറയാം. അല്ലെങ്കിൽ എത്ര പറഞ്ഞാലും അതു വിഫലമാവുകയേയുള്ളു. വക്താവിന്റെ വാക്ക് സ്വീകാര്യമല്ലെന്നു തീരുമാനിച്ചുകൊണ്ട് നേരമ്പോക്കിനുവേണ്ടി ചോദ്യം ചോദിക്കുന്നവരോട് പറയുന്ന വാക്ക് ഇരുട്ടിൽ കണ്ണിന്റെ ശക്തിയെന്നപോലെ നിഷ്ഫലമാവുകയേയുള്ളൂ.'

ശിഖിധ്വജൻ പറഞ്ഞു: 'ബ്രാഹ്മണകുമാരാ, അങ്ങെന്തു പറയുന്നുവോ വേദ വിധിപോലെ ഞാനതനുഷ്ഠിക്കും. അത് നല്ലതോ ചീത്തയോ എന്നൊന്നും ഞാൻ ചിന്തിക്കയില്ല. ഞാനീ പറയുന്നതു സത്യം!'

## ചിന്താമണ്യുപാഖ്യാനം

കുംഭൻ പറഞ്ഞു: 'രാജാവേ, ഒരു കുട്ടി അച്ഛന്റെ വാക്കനുസരിക്കുന്നതു പോലെ അങ്ങു മുക്തിഹേതുവായ എന്റെ വാക്ക് ശ്രദ്ധിച്ചുകേൾക്കുക. ആദ്യം ഞാൻ പറയുന്ന അത്ഭുതകരമായ ഒരു കഥകേൾക്കൂ. പിന്നെ ഞാൻ സത്യസ്ഥിതി വിവരിച്ചു കേൾപ്പിക്കാം. സർവഗുണൈശ്വര്യങ്ങളുടെയും വിളനിലമായ ഒരു പുരുഷൻ ജീവിച്ചിരിപ്പുണ്ട്. എല്ലാ ശാസ്ത്രങ്ങളും നല്ലപോലെ പഠിച്ചുവശമാക്കിയയാൾ. എന്നാൽ ജനനമരണരഹിതമായ സത്യംമാത്രം പിടികിട്ടിയിട്ടില്ല. കഠിനപരിശ്രമം കൊണ്ടുനേടേണ്ട ചിന്താമണി രത്നം നേടിയെടുക്കാൻ അദ്ദേഹം ശ്രമമാരംഭിച്ചു; ബഡവാഗ്നി സമുദ്രം വറ്റിക്കാൻ ശ്രമമാരംഭിക്കുന്നതുപോലെ, സ്ഥിരനിശ്ചയത്തോടുകൂടി പ്രയത്നം തുടർന്നു.

നിർബന്ധശാലിയായ അദ്ദേഹം കാലം വളരെ കടന്നുപോയിട്ടും തന്റെ നിശ്ചയത്തിൽ നിന്നും ചലിച്ചില്ല. നിശ്ചയദാർഢ്യത്തോടെ തുടർന്നു യത്നിക്കുന്നവർക്ക് ചിന്താമണിയെന്നല്ല മറ്റെന്തു സിദ്ധിയാണു സാധ്യമാകാത്തത്. ഒടുവിൽ ചിന്താമണി രത്നം അദ്ദേഹത്തിന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. കൈനീട്ടിയെടുക്കാവുന്നത്ര ദൂരത്തിൽ സ്ഥിതിചെയ്തു. മേരുപർവതത്തിന്റെ കൊടുമുടിയിലെത്തിനിന്ന മുനിക്ക് ചന്ദ്രനെപ്പോലെ മുന്നിൽ ഉദിച്ചുനിൽക്കുന്ന ചിന്താമണി ദൃശ്യമായി. എന്നാൽ ആ മണിരാജനിൽ അദ്ദേഹത്തിനു പൂർണ വിശ്വാസം വന്നില്ല. ദരിദ്രനായ ഒരു മന്ദബുദ്ധിക്കു യാദൃച്ഛികമായി വന്ന രാജത്വത്തിൽ വിശ്വസിക്കാൻ കഴിയാത്തതുപോലെ. ആശ്ചര്യത്തോടെ അദ്ദേഹം മനസ്സുകൊണ്ടിങ്ങനെ ചിന്തിച്ചു: 'ഈ മണി ഞാനാഗ്രഹിക്കുന്ന മണിയല്ല; ഇത് അതാകാൻ പറ്റുകയില്ല. ഞാൻ കാണുന്നുണ്ട്, പക്ഷേ ഞാൻ തൊടില്ല. തൊട്ടാൽ പെട്ടെന്നത് മറഞ്ഞുകളഞ്ഞെങ്കിലോ. ഇത്രയു കാലംകൊണ്ട് മണി

digitized by www.sreyas.in

രാജനായ ചിന്താമണി കിട്ടുമോ? ജീവിതാന്ത്യംവരെ യത്നിച്ചാൽ ചിലപ്പോൾ കിട്ടിയെന്നുവരാമെന്നാണു ശാസ്ത്രം പറയുന്നത്. ലുബ്ധനായ ഞാൻ സങ്കുചിതമായ ദൃഷ്ടിയോടുകൂടി ഇതു ചിന്താമണിയെന്നു ഭ്രമിക്കുകയാണ്; തീക്കൊള്ളിയിലെ മിന്നൽപോലെ എന്തോ കാണുന്നു. ദൃഷ്ടി ദോഷമുള്ളവർ ഒരു ചന്ദ്രനെ രണ്ടായി കാണും പോലെ ഇതൊരു ഭ്രമമാണ്. ഇത്ര വലിയ ഭാഗ്യസമ്പത്ത് എവിടെനിന്നു വരാനാണ്? സർവസിദ്ധികളുമടങ്ങുന്ന ചിന്താമണി ഇത്രവേഗം ലഭ്യമാകുമോ? അൽപ്പകാലം കൊണ്ടുതന്നെ അനന്തമായ ഐശ്വര്യം വന്നുചേരുന്നവർ അപൂർവ ഭാഗ്യവാന്മാരാണ്. ഞാനൊരൽപ്പ പുണ്യൻ, നിസാരൻ, സാധുമനുഷ്യൻ. ചിന്താമണിപോലുള്ള മഹാസിദ്ധികൾ എന്നെപ്പോലെ ഭാഗ്യഹീനന്മാർക്കെങ്ങനെ കിട്ടാൻ! ഇപ്രകാരമുള്ള നിരവധി സംശയസങ്കൽപ്പങ്ങളുടെ ഫലമായി അദ്ദേഹം മണി കൈക്കലാക്കാൻ ശ്രമിച്ചതേയില്ല. അജ്ഞാനമോഹം നിമിത്തം കൈയിലെത്തിയ അനന്തസിദ്ധി അദ്ദേഹം ഉപേക്ഷിച്ചു. ഇങ്ങനെ ശങ്കിച്ചു നിന്നതു നിമിത്തം കുറെകഴിഞ്ഞു മണി അവിടെനിന്നും പറന്നു മറഞ്ഞു. ഞാൺവിട്ട അമ്പെന്നപോലെ അവമതിക്കുന്നവരെ വിട്ടു സിദ്ധികൾ ഓടിമറയുന്നു. ആ മനുഷ്യൻ വീണ്ടും രത്നപ്രാപ്തിക്കായി തപസ്സുതുടർന്നു. സ്ഥിരനിശ്ചയമുള്ളവർ കാര്യസിദ്ധിയിൽ മടുത്തുപോകാറില്ല. ഒരിക്കൽ തിളക്കമുള്ള ഒരു കാക്കപ്പൊന്ന് അദ്ദേഹത്തിന്റെ മുമ്പിൽ ദൃശ്യമായി. വഞ്ചകന്മാരായ ഏതോ സിദ്ധന്മാർ അദ്ദേഹത്തിന്റെ മുൻപിൽ പ്രദർശിപ്പിച്ചതായിരുന്നു അത്. ഇതാണ് ചിന്താമണിയെന്നദ്ദേഹം കരുതി. അജ്ഞൻ ചിലപ്പോൾ മണ്ണിനെ സ്വർണമായി കരുതുന്നു. ആ കാക്കപ്പൊന്നു കൈയിലെടുത്തു. നേരത്തെവന്ന ഐശ്വര്യത്തെ ഉപേക്ഷിച്ചു. ഇപ്പോഴത്തെ ചിന്താമണികൊണ്ട് എല്ലാസമ്പത്തും കിട്ടുമെന്നദ്ദേഹം കരുതി, ഈ ദേശം പാപികളെക്കൊണ്ടു നിറഞ്ഞതാണ്; ഇവിടെ താമസിക്കാൻ കൊള്ളുകയില്ല. അതുകൊണ്ടു ദൂരെ എവിടെയെങ്കിലും പോയി സുഖമായി സമ്പത്തോടുകൂടി കാലം കഴിക്കുകതന്നെ. എന്നു ചിന്തിച്ചു കാക്കപ്പൊന്നും കയ്യിലെടുത്ത് ഒരു ശൂന്യകാനനത്തിൽ എത്തിച്ചേർന്നു. അവിടെ ആ കാക്കപ്പൊന്നു നിമിത്തം അദ്ദേഹത്തിനു വലിയ ആപത്തിനെ നേരിടേണ്ടതായും വന്നു.

### ഗജേന്ദ്രോപാഖ്യാനം

രാജാവേ, മനോഹരമായ മറ്റൊരു കഥകൂടി കേൾക്കൂ; ബുദ്ധിക്ക് ഉണർവുണ്ടാകാൻ പറ്റിയ കഥ; അങ്ങയുടെ കഥയ്ക്കു തുല്യമായ കഥ. വിന്ധ്യവനത്തിൽ ആനക്കൂട്ടങ്ങളുടെ നാഥനായ ഒരു കൊമ്പനാനയുണ്ട്. വജ്റാസ്ഥികൾ പോലെ കഠിനങ്ങളായ രണ്ടുകൊമ്പുകളും അതിനുണ്ട്. ഒരിക്കൽ ഒരാനക്കാരൻ അതിനെ ഇരുമ്പു ചങ്ങലകൊണ്ട് വരിഞ്ഞുകെട്ടി. കടുത്ത ചങ്ങലക്കെട്ട് ആനയെ വല്ലാതെ വിഷമിപ്പിച്ചു. വിഷമം സഹിയാതെ പണിപ്പെട്ട് ആനചങ്ങലക്കെട്ടു പൊട്ടിച്ചു. വജ്രതുല്യങ്ങളായ തന്റെ കൊമ്പുകൾകൊണ്ട് അക്കാര്യം അനായാസം സാധിച്ചു. ചങ്ങലപൊട്ടിച്ചതുകണ്ട് അതിനെ വീണ്ടും പിടിച്ചുകെട്ടാൻ തന്നെ ആനക്കാരൻ നേരേ ആനയുടെ മസ്തകത്തിൽ എടുത്തുചാടി. എന്നാൽ മസ്തകത്തിൽ പിടികിട്ടാതെ അയാൾ നിലംപതിച്ചു. അയാൾ തറയിൽ വീണതുകണ്ടു ഗജേന്ദ്രനു കരുണതോന്നി. മൃഗങ്ങളിൽപോലും ചിലവ അത്യന്ത ഗുണശാലികളായി കാണാറുണ്ട്. വീണുകിടക്കുന്നവനെ ചവിട്ടിമെതിക്കുന്നതിൽ എന്തുപൗരുഷമാണുള്ളത് എന്നു കരുതി

digitized by www.sreyas.in

ആന ആനക്കാരനെ കൊല്ലാതെ വിട്ടയച്ചു. അങ്ങനെ അയാളെ വിട്ടിട്ട് ആന കാട്ടിലേയ്ക്കു മടങ്ങി. ആന പൊയ്ക്കഴിഞ്ഞപ്പോൾ ആനക്കാരൻ പതുക്കെ സ്വസ്ഥനായി എഴുന്നേറ്റു. അയാൾ കുറ്റിക്കാടുകൾക്കിടയിൽ ആനയെ തിരഞ്ഞു. കുറേദിവസം കഴിഞ്ഞ് കാനനമധ്യത്തൊരിടത്ത് ആന നിൽക്കുന്നതായി കണ്ടു. അയാൾ ആനയുടെ വഴിയിൽ വലിയൊരു കുഴിയുണ്ടാക്കി. ആ ശഠൻ കുഴിയുടെ മുഖം പുല്ലുകൊണ്ടും ഇലകൾകൊണ്ടും മൂടിയിട്ടു. ആന കാട്ടിൽ ചുറ്റിനടന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ ഉണങ്ങിയ സമുദ്രത്തിൽ പർവതം വീഴുംപോലെ ആ കുഴിയിൽ വീണു. ആനക്കാരൻ വരിഞ്ഞുകെട്ടി വീണ്ടും അതിനെ പാട്ടിലാക്കി. ബലി പാതാളത്തിൽ കഴിയുന്നതുപോലെ ഇന്നും അതവിടെത്തന്നെ ആനക്കാരന്റെ ചൊൽപ്പടിക്കു കഴിഞ്ഞുകൂടുന്നു. തന്റെ മുൻപിൽ വന്നുവീണ ആനക്കാരനെ തുമ്പിക്കൈകൊണ്ടു കൊന്നിരുന്നെങ്കിൽ വീണ്ടും കുഴിയിൽവീണ് ആനയ്ക്കീ ദുഃഖം അനുഭവിക്കേണ്ടിവരുമായിരുന്നില്ല. അജ്ഞത നിമിത്തം മനുഷ്യൻ വരാൻപോകുന്ന ദുഃഖമൊഴിവാക്കാനായി പല കർമപരിപാടികളും നടപ്പാക്കി ക്ലേശിച്ചു കൊണ്ടേയിരിക്കുന്നു; വിന്ധ്യവനത്തിലെ ആനയെപ്പോലെ. തത്ത്വജ്ഞാനം കൊണ്ടു മനസ്സിനെ പ്രബുദ്ധമാക്കാൻ യത്നിക്കുന്നതേയില്ലാ!

## ചിന്താമണ്യുപാഖ്യാനവിവരണം

ശിഖിധ്വജൻ പറഞ്ഞു: 'അല്ലയോ ദേവപുത്രാ, ചിന്താമണിസാധകന്റെയും ഗജേന്ദ്രന്റെയും കഥകളിലൂടെ ധ്വനിപ്പിച്ച വസ്തുതകൾ ഒന്നുകൂടി വ്യക്തമായി എനിക്കു വിവരിച്ചുതരൂ!

കുംഭൻ തുടർന്നു: 'ആ ചിന്താമണിസാധകൻ; ശാസ്ത്രാർഥങ്ങൾ നല്ലപോലെ പഠിച്ചു മനസ്സിലാക്കിയവൻ; എന്നാൽ തത്ത്വാനുഭവത്തിനു കഴിയാത്തവൻ; അതങ്ങുതന്നെയാണ്. അങ്ങേയ്ക്കു ശാസ്ത്രമൊക്കെ നല്ലപോലെ അറിയാം. പക്ഷെ തത്ത്വം അനുഭവിക്കാൻ കഴിയുന്നില്ല. അകൃത്രിമമായ സർവ ത്യാഗമാണു ചിന്താമണിരത്നം എന്നറിയൂ. എല്ലാദുഃഖങ്ങളും ഒഴിച്ചുമാറ്റാൻ കഴിവുള്ള ആ ചിന്താമണി കരസ്ഥമാക്കാനാണങ്ങയുടെ ശ്രമം. അതിനുവേണ്ടി അങ്ങ് രാജ്യമുപേക്ഷിച്ചു; കളത്രപുത്ര ബന്ധുക്കളെയെല്ലാം വെടിഞ്ഞു. ദേശം വെടിഞ്ഞ് അതിദൂരെ ഈ ആശ്രമത്തിൽ എത്തിച്ചേരുകയും ചെയ്തു. ഈ സർവത്യാഗ മഹായത്നത്തിൽ അഹങ്കാരത്തെമാത്രം അങ്ങവശേഷിപ്പിച്ചു. അതുകൊണ്ട് അങ്ങയുടെ സർവത്യാഗം പൂർണമാകാതെ വന്നു. അതുകൊണ്ട് 'ഞാൻ സർവവും ത്യജിച്ചു' എന്ന സങ്കൽപ്പം ആകാശത്തെ മേഘമെന്ന പോലെ അങ്ങയെ ആവരണം ചെയ്തു. മഹോദയാ സർവത്യാഗപരമാനന്ദം പ്രാപിക്കാൻ അതുകൊണ്ടങ്ങേക്കു കഴിയുന്നില്ല. ഇനിയുമെന്തൊക്കെയോ ക്രിയാകലാപങ്ങൾകൊണ്ടു നേടേണ്ട ഒരു മഹാകാര്യമാണ് സർവത്യാഗമെന്നിപ്പോഴും അങ്ങു കരുതുന്നു. ഈ സംശയം കൊണ്ട് അങ്ങയുടെ ഉള്ളിൽ സർവത്യാഗത്തെക്കുറിച്ചുള്ള ചിന്ത പെരുകിവരുന്നു. കൊടുംകാറ്റുകൊണ്ട് കാടിളകുമ്പോൾ പക്ഷി മറ്റൊരിടത്തേക്ക് പറന്നുപോകുന്നതുപോലെ സർവത്യാഗം അങ്ങയുടെ മുൻപിൽനിന്നു പറന്നു മറയുകയും ചെയ്തു. സുന്ദരനായ രാജാവേ, സർവത്യാഗചിന്താമണി പറന്നു മറഞ്ഞതോടെ അങ്ങ് സങ്കൽപ്പത്തിലൂടെ തപസ്സെന്ന കാക്കപ്പൊന്നുകണ്ടെത്തി.

digitized by www.sreyas.in

305. അമിതാനന്ദമുത്സൃജ്യ സുസാധ്യംയഃ പ്രവർതതേ
മിതേവസ്തുനിദുഃസാധ്യേ സ്വാത്മഹാസശഠഃ സ്മൃതഃ

യ–ആരാണോ; സുസാധ്യം–അഹങ്കാരവും സങ്കൽപ്പവുമുപേക്ഷിച്ച് എളുപ്പം നേടാവുന്ന; അമിതാനന്ദം ഉത്സൃജ്യ–തന്നിൽതന്നെയുള്ള അനന്തമായ ആത്മാനന്ദം കൈവെടിഞ്ഞ്; ദുഃസാധ്യേ–ക്ലേശിച്ചു മാത്രം നേടാൻപറ്റുന്ന; മിതേ വസ്തുനി പ്രവർതതേ–ചെറിയ കാര്യത്തിൽ വ്യാപൃതനായി വർത്തിക്കുന്നത്; സ്വഃആത്മഹാ–അവൻ ആത്മാവിനെ ഹനിക്കുന്ന; ശഠഃ സ്മൃതഃ–ശഠനായികണക്കാക്കപ്പെടുന്നു.

ആരാണോ അഹങ്കാരവും സങ്കൽപ്പവുമുപേക്ഷിച്ച് എളുപ്പം നേടാവുന്ന തന്നിൽതന്നെയുള്ള അനന്തമായ ആത്മാനന്ദം കൈവെടിഞ്ഞ് ക്ലേശിച്ചു മാത്രം നേടാൻ പറ്റുന്ന ചെറിയ കാര്യത്തിൽ വ്യാപൃതനായി വർത്തിക്കുന്നത് അവൻ ആത്മാവിനെ ഹനിക്കുന്ന ശഠനായി കണക്കാക്കപ്പെടുന്നു.

**സ്വാത്മഹാ സ ശഠഃ സ്മൃതഃ**

തന്നിൽ തന്നെയുള്ള അനന്തമായ ആത്മാനന്ദത്തെ കൈവെടിയുന്നവൻ ആത്മാവിനെഹനിക്കുന്ന ശഠനാണ്. ആത്മാനന്ദം നേടാനുള്ള ഉപായമെന്താണ്. സർവത്യാഗ ചിന്താമണി. അഹങ്കാരവും സങ്കൽപ്പവും വെടിഞ്ഞാൽ ഈ ചിന്താമണി കരസ്ഥമാകും. അഹങ്കാരവും സങ്കൽപ്പവും വെടിയുക സുസാധ്യം. സർവം ബ്രഹ്മമയമെന്ന വസ്തുസ്ഥിതി സദാമനസ്സിനെ ഓർമിപ്പിച്ചാൽ മതി. എല്ലാം ബ്രഹ്മമാണെങ്കിൽ അഹങ്കാരത്തിനും രാഗദ്വേഷസങ്കൽപ്പങ്ങൾക്കും പിന്നെ പ്രസക്തി എവിടെ? ശിഖിധ്വജനു ചൂഡാലയെപ്പോലെ തന്നെ കൊട്ടാരത്തിലിരുന്നിതു സാധിക്കാമായിരുന്നു. പ്രിയതമയുടെ വാക്കുകളിൽകൂടി ആ സർവത്യാഗ ചിന്താമണി അദ്ദേഹത്തിന്റെ അടുത്തെത്തിയതാണ്. സംശയാലുവായ രാജാവതുകൈക്കൊള്ളാൻ വിസമ്മതിച്ചു. എന്നിട്ട് സ്വസങ്കൽപ്പംകൊണ്ട് കണ്ടെത്തിയ തപസ്സെന്ന കാക്കപ്പൊന്നും കൈയിലെടുത്തു കൊട്ടാരം വിട്ടുപോയി. അതിന്റെ ഫലമോ ദുഃഖം മാത്രം. ഇങ്ങനെയാണ് സുസാധ്യമായ ആത്മജ്ഞാനമുപേക്ഷിച്ചു അജ്ഞലോകം ഈശ്വരാന്വേഷണമെന്നു പറഞ്ഞു തീരാദുഃഖത്തിൽ പെട്ടുഴലാൻ ഇടവരുന്നത്. ഇക്കൂട്ടരെ ആത്മാവിനെ ഹനിക്കുന്ന ശഠന്മാരെന്നല്ലാതെ മറ്റെന്തു പറയാൻ.

കുംഭൻ തുടർന്നു: സാധോ, ചിന്താമണി കിട്ടിയെന്നങ്ങു കരുതി. ഒരു സ്ഫടികത്തുണ്ടുപോലും കിട്ടിയില്ല എന്നതാണു വസ്തുത.

**ഗജേന്ദ്രോപാഖ്യാന വിവരണം**

ഇനിയും വിന്ധ്യവനത്തിലെ ഗജേന്ദ്രനെക്കുറിച്ച് കേട്ടോളൂ. ഭൂമണ്ഡലത്തിൽ ആ ഗജേന്ദ്രൻ അങ്ങുതന്നെയാണ്. ആനക്ക് ബലമുള്ള രണ്ടുകൊമ്പുകളുണ്ടായിരുന്നതുപോലെ കരുത്തുറ്റ വിവേകവൈരാഗ്യങ്ങൾ അങ്ങേയ്ക്കുമുണ്ടായിരുന്നു. ഈ ആനയെ പിടിച്ചുകെട്ടാൻ കൂടെനടന്ന ആനക്കാരനാരാണ്? അതുതന്നെയാണങ്ങയുടെ അജ്ഞാനം. അങ്ങയെ കീഴടക്കി ദുഃഖിപ്പിക്കാൻ അതു സദാപിൻതുടർന്നു. അതിശക്തൻപോലും പലപ്പോഴും അശക്തനാൽ ദുഃഖത്തിൽ നിന്നു ദുഃഖത്തിലേക്കും ഭയത്തിൽ നിന്നു ഭയത്തിലേക്കും നയിക്കപ്പെടാൻ ഇടയാകുന്നു; ആന ആനക്കാരനാൽ നയിക്കപ്പെടുന്നതുപോലെ. ആദ്യം ഇരുമ്പു ചങ്ങലകൊണ്ട് ആന ബന്ധിക്കപ്പെട്ടിരുന്നു. അതുപോലെ രാജാവേ, അങ്ങും ആശാപാശങ്ങളാൽ ബദ്ധനായി

digitized by www.sreyas.in

രുന്നു.

306. ആശാഹിലോഹരജ്ജുഭ്യോ വിഷമാവിപുലാദൃഢാ
കാലേനക്ഷീയതേലോഹം തൃഷ്ണാതുപരിവർധതേ.

ഇരുമ്പു ചങ്ങലയെക്കാൾ വിഷമിപ്പിക്കുന്നതും നീണ്ടതും ദൃഢവുമാണ് ആശാപാശം. ഇരുമ്പുചങ്ങലകാലം കൊണ്ടു ജീർണിക്കും. തൃഷ്ണയാകട്ടെ കാലംകൊണ്ടു പെരുകും. ആന ശത്രുവിന്റെ ചങ്ങലക്കെട്ടു പൊട്ടിച്ചു. അതുപോലെ അങ്ങ് ആശാപാശങ്ങളെ മുറിച്ച് രാജഭോഗങ്ങളിൽ വിരക്തനായി സമൃദ്ധമായ രാജ്യം ഉപേക്ഷിച്ചു. പനമരത്തിന്റെ മുകളിൽ നിന്നും ആനക്കാരൻ ആനയുടെ മുൻപിൽ പതിച്ചു. രാജ്യമുപേക്ഷിക്കാൻ തീരുമാനിച്ചതോടെ അജ്ഞാനം അങ്ങയുടെ മുൻപിൽ മലർന്നു വീണു.

307. യദാവിരക്തഃപുരുഷോഭോഗാശാംത്യക്തുമിച്ഛതി
തദാപ്രകമ്പതേ/ജ്ഞാനംഛേദ്യേവൃക്ഷേപിശാചവത്.

വിരക്തപുരുഷൻ ഭോഗചിന്ത വെടിയാൻ തുടങ്ങുമ്പോൾ അജ്ഞാനം വെട്ടിവീഴ്ത്തുന്ന വൃക്ഷത്തിലെ പിശാചിനെപോലെ പേടിച്ചു വിറയ്ക്കാൻ തുടങ്ങുന്നു. വിരക്തൻ ഭോഗങ്ങളെ കൈവെടിയുന്നതോടെ അജ്ഞാനം നിലംപതിക്കുന്നു. വിവേകിയായ പുരുഷൻ ഭോഗങ്ങളെ ത്യജിച്ചു നിർഭയനായി നിവർന്നു നിൽക്കുമ്പോൾ വെട്ടിവീഴ്ത്തിയ വൃക്ഷത്തിലെ പിശാചിനെപോലെ അജ്ഞാനം ഓടിയൊളിക്കുന്നു. അങ്ങു കാട്ടിലേക്കു യാത്ര തിരിച്ചതോടെ അജ്ഞാനം അങ്ങയുടെ മുൻപിൽ വീണു മുറിപ്പെട്ടതായി ഭവിച്ചു. എന്നാൽ സർവത്യാഗമാകുന്ന മൂർച്ചയേറിയ വാളുകൊണ്ട് അങ്ങേയ്ക്കതിനെ കൊല്ലാൻ കഴിഞ്ഞില്ല. അതുവീണ്ടും ചാടിയെഴുന്നേറ്റ് തന്റെ പരിഭവത്തിനു പകരം വീട്ടാനൊരുങ്ങി. അങ്ങനെ ഈ പ്രപഞ്ചത്തിൽ അജ്ഞാനമാകുന്ന ആനക്കാരൻ കുഴിച്ച തപോവനമാകുന്ന കുഴിയിൽ ഗജേന്ദ്രനാകുന്ന അങ്ങു വീണ്ടും പതിച്ചു. നേരേ മറിച്ച് കൊട്ടാരവും മറ്റും ഉപേക്ഷിക്കാൻ ഭാവിച്ചപ്പോൾ മുൻപിൽ വീണ അജ്ഞാനത്തെ അവിടെ വച്ച് അപ്പോൾ തന്നെ കൊന്നിരുന്നെങ്കിൽ അങ്ങേക്കീസ്ഥിതി വരുമായിരുന്നില്ല. ശത്രുവായ ആനക്കാരൻ കുഴിയിൽ തള്ളിയിട്ട് ആനയെ ദുഃഖിപ്പിച്ചതുപോലെ അങ്ങിന്ന് അജ്ഞാനത്താൽ അതിരറ്റ ദുഃഖത്തിനു പാത്രമാക്കപ്പെട്ടിരിക്കുകയാണ്. രാജാവേ, ശത്രുവായ ആനക്കാരന്റെ പരിവാരങ്ങളെപ്പോലെ പരന്നു പടരുന്ന ചിത്തവൃത്തികൾ അങ്ങയെ സദാ അജ്ഞാനപരിവാരങ്ങളായി ദുഃഖിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ആനയെപ്പിടിക്കാനുള്ള കുഴി ഇലകളും പുല്ലും കൊണ്ട് മൂടപ്പെട്ടിരുന്നതുപോലെ അങ്ങയുടെ തപോദുഃഖവും അൽപ്പം ചില സജ്ജനസങ്കൽപ്പങ്ങൾ കൊണ്ടു മൂടപ്പെട്ടിരിക്കുന്നു. അങ്ങിപ്പോഴും ഇതാ തപസ്സാകുന്ന കുഴിയിൽ ദാരുണദുഃഖം അനുഭവിച്ചുകൊണ്ട് പാതാളലോകത്തു ബദ്ധനായിവസിക്കുന്ന ബലിചക്രവർത്തിയെപ്പോലെ കഴിയുകയല്ലേ. സത്യബുദ്ധി ഉറപ്പുവന്നവളും സമദർശിനിയുമായ പ്രിയതമ ചൂഡാല അങ്ങേയ്ക്കു ജ്ഞാനം ഉപദേശിച്ചതല്ലേ. അങ്ങതെന്തുകൊണ്ടംഗീകരിച്ചില്ല. അങ്ങയുടെ പ്രിയതമതത്ത്വനിഷ്ഠ ഉറപ്പുവന്ന വ്യക്തിയാണ്. അവർ പറയുന്നതും ചെയ്യുന്നതും ഒക്കെ സത്യം. ആദരവോടു കൂടി അതനുസരിക്കേണ്ടതാണ്. ഇനിയും അങ്ങവരെ അനുസരിച്ചില്ലെന്നതുപോട്ടെ. ഈ സർവത്യാഗത്തെ അങ്ങെന്തു കൊണ്ടു സത്യാനുഭവയോഗ്യമാകുംവണ്ണം നിപുണമാക്കിത്തീർത്തില്ല.

ശിഖിധ്വജൻ പറഞ്ഞു: 'ഞാനിനി എങ്ങനെയാണിതു നിപുണമാക്കേ

digitized by www.sreyas.in

ണ്ടത്? ഞാൻ രാജ്യമുപേക്ഷിച്ചു; വീടുപേക്ഷിച്ചു; ഐശ്വര്യസമ്പന്നമായ ചുറ്റുപാടുപേക്ഷിച്ചു. ഭാര്യയെ ഉപേക്ഷിച്ചു; മക്കളെ ഉപേക്ഷിച്ചു. എന്താ സർവത്യാഗം പൂർണമായില്ലേ?

കുംഭൻ ചോദിച്ചു: 'രാജാവേ, ധനം, ഭാര്യ, ഗൃഹം, രാജ്യം, ഭൂമി, വെൺകൊറ്റക്കുട, ബന്ധുക്കൾ ഇതൊന്നും തന്നെ അങ്ങയുടേതല്ലല്ലോ; പിന്നെയവയെ എങ്ങനെയാണുപേക്ഷിച്ചത്? സ്വന്തമല്ലാത്തതെങ്ങനെ ഉപേക്ഷിക്കാൻ പറ്റും. ഏതു നിമിഷവും പരസ്പരം വിട്ടുപോകാവുന്നവ എങ്ങനെ സ്വന്തമാകും? ഇതൊക്കെ എന്റേതാണെന്നുള്ള അങ്ങയുടെ അന്ധമായ മമതാഭാവമാണു സ്വന്തമായുള്ളത്. അതങ്ങുപേക്ഷിച്ചോ? അതുപേക്ഷിക്കാൻ കഴിയുമെങ്കിൽ എവിടെയിരുന്നാലും അങ്ങു പൂർണമായും ശോകവിമുക്തനാകും!

ശിഖിധ്വജൻ പറഞ്ഞു: 'ഹേ ബ്രഹ്മചാരിൻ, രാജ്യമെന്റേതല്ലെങ്കിൽ പിന്നെ ഈ വനമായിരിക്കാം എന്റേത്. പർവതവും വൃക്ഷങ്ങളും കുറ്റിച്ചെടികളും നിറഞ്ഞവനമാണെന്റേതെങ്കിൽ അതും മുഴുവൻ ഞാനുപേക്ഷിക്കാം;

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഇങ്ങനെ പറഞ്ഞ് കുംഭവാക്യത്താൽ പ്രചോദിതനായ ധീരനും വശിയുമായ ശിഖിധ്വജൻ ദൃഢനിശ്ചയത്തോടെ നിമിഷനേരം കൊണ്ട് ഉള്ളിൽ നിന്നും വനപ്രേമത്തെ തുടച്ചുമാറ്റി; മഴക്കാലത്തെ വെള്ളപ്പൊക്കം നദീതടത്തിലെ പൊടിപടലത്തെ കഴുകിമാറ്റുന്നതുപോലെ. എന്നിട്ടു ശിഖിധ്വജൻ കുംഭനോടിങ്ങനെ പറഞ്ഞു: ഞാനിതാ നദികളും വൃക്ഷങ്ങളും, കാടുകളും, കുഴികളും കൊണ്ടുനിറഞ്ഞ വനത്തിനോടുള്ള എന്റെ മമത ഉള്ളിൽ നിന്നും തുടച്ചുമാറ്റിയിരിക്കുന്നു. എന്താ സർവത്യാഗം പൂർണമായോ?

കുംഭൻ പറഞ്ഞു: രാജാവേ, പർവതം, താഴ്വര, വനം, കുഴി, വെള്ളം, വൃക്ഷങ്ങൾ, പ്രദേശം ഇവയൊന്നും തന്നെ അങ്ങയുടേതല്ലല്ലോ. പിന്നെ അവയെ അങ്ങെങ്ങനെ ത്യജിക്കും. എല്ലാറ്റിനെക്കുറിച്ചുമുള്ള അങ്ങയുടെ ഹൃദയരാഗം ഉപേക്ഷിക്കൂ. അപ്പോൾ മാത്രമേ സർവത്യാഗമാവൂ'

ശിഖിധ്വജൻ പറഞ്ഞു: 'ഇതൊന്നുമെന്റേതല്ലെങ്കിൽ പിന്നെ ഈ ആശ്രമവും പാത്രങ്ങളുമൊക്കെയായിരിക്കാമെന്റേത്. അവയുമൊക്കെ ഞാനിതാ ഉപേക്ഷിക്കുന്നു.

കുംഭൻ പറഞ്ഞു: 'ആശ്രമവും അങ്ങയുടേതല്ല; അതുപേക്ഷിച്ചതുകൊണ്ടും സർവത്യാഗമാവില്ല. അങ്ങിനിയും അങ്ങയുടെ ഉള്ളിലുള്ള രാഗം ഉപേക്ഷിച്ചിട്ടില്ല.

ശിഖിധ്വജൻ പറഞ്ഞു: 'ആശ്രമം എന്റേതല്ലെങ്കിൽ പിന്നെ ഈ ഫലപാത്രവും, പൂക്കൂടയും, തോലും, തിട്ടയുമൊക്കെയായിരിക്കാം എന്റേത്. ഞാനിതാ അവയുമൊക്കെ ഉപേക്ഷിക്കുന്നു!

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ പറഞ്ഞെണീറ്റ് ശിഖിധ്വജൻ രുദ്രാക്ഷമാല, മൃഗത്തോൽ, പൂക്കൂട തുടങ്ങിയവയെല്ലാം ഒരുമിച്ചുകൂട്ടി ത്യജിക്കുന്നു എന്ന ഭാവേന അവയെ തീയിലിട്ടു ചുട്ടുകരിച്ചു. ഉണങ്ങിയ വിറകിനോടൊപ്പം ആ സാധനഭാണ്ഡം എരിഞ്ഞു ചാമ്പലായി. താൻ മാത്രമായ രാജാവ് നിസ്നേഹനായി സന്തോഷത്തോടെ ഇങ്ങനെ പറഞ്ഞു: ദേവപുത്ര, ഇതാ വാസനയെല്ലാമുപേക്ഷിച്ചു ഞാൻ സർവത്യാഗിയായി ഭവിച്ചിരിക്കുന്നു. ആശ്ചര്യം; അൽപ്പം താമസിച്ചാണെങ്കിലും അങ്ങെന്നെ ഉണർത്തിവിട്ടു. ഇന്നിതാ ഞാൻ കേവലൻ, ശുദ്ധൻ, സമ്പന്നൻ. സന്തുഷ്ടനായി ഉണർന്നവ

digitized by www.sreyas.in

നായി ഭവിച്ചിരിക്കുന്നു. ഈ സംസാരത്തിൽ സങ്കൽപ്പിച്ചുണ്ടാക്കുന്ന പദാർഥ ങ്ങൾക്കെന്തു വില. ഭാണ്ഡം, പാത്രം, ഗൃഹോപകരണം, വാസസ്ഥാനം, വീട് ഇവയൊക്കെ ദുഃഖകാരണം തന്നെ. ബന്ധഹേതുക്കളായ ഇവയൊക്കെ എത്രമാത്രം വിട്ടു പോകുമോ അത്രയും സുഖം; വിട്ടുപോകുന്തോറും നിർവൃതി. ഞാൻ ശാന്തനായി, നിർവാണം പ്രാപിച്ചവനായി, സുഖിയായി, ജയിച്ചവനായി. ബന്ധങ്ങളെല്ലാം വിട്ടുപോയി. ഞാൻ സർവത്യാഗിയായി. തുറന്നദിഗന്തങ്ങൾ പോലെ ഞാൻ ദിഗംബരനായി ഭവിക്കുന്നുണ്ട്. ദേവപുത്ര, മഹാത്യാഗത്തിനു ഇനി എന്തവശേഷിക്കുന്നു; വല്ലതുമുണ്ടെങ്കിൽ പറയൂ!

കുഭൻ പറഞ്ഞു: 'അല്ലയോ ശിഖിധ്വജമഹാരാജാവേ, അങ്ങെല്ലാം ഉപേ ക്ഷിച്ചിട്ടില്ല. ഞാനെല്ലാം ഉപേക്ഷിച്ചു എന്നു വെറുതേ നടിച്ചതുകൊണ്ടായില്ല.

വസിഷ്ഠൻ പറഞ്ഞു: 'കുംഭൻ ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ രാജാവ് അൽപ്പനേരം ഒന്നുംമിണ്ടാതെ ആലോചിച്ചുനിന്നു. രാജകുമാരനായ അല്ലയോ രാമാ, എന്നിട്ടദ്ദേഹം ഇങ്ങനെ പറഞ്ഞു: 'അല്ലയോ ദേവപുത്രാ, എനിക്കു മനസ്സിലായി. സർവത്യാഗത്തിനു ഇനി ഒന്നവശേഷിക്കുന്നുണ്ട്. ഇന്ദ്രിയസർപ്പ ങ്ങൾ ചുറ്റിപ്പിണഞ്ഞുകിടക്കുന്ന രക്തമാംസമയമായ എന്റെ ഈ ദേഹം. അതുസാരമില്ല; അതിനെ ഇപ്പോൾ തന്നെ നാശഗർത്തത്തിലേക്കു വലിച്ചെ റിഞ്ഞിട്ട് ഞാൻ സർവത്യാഗം പൂർത്തിയാക്കുന്നുണ്ട്! ഇത്രയും പറഞ്ഞു രാജാവ് മുൻപിലുള്ള വലിയൊരു കുഴിയിൽ തന്റെ ദേഹത്തെ വലിച്ചെറി യാനായി അതിവേഗം മുന്നോട്ടു നീങ്ങി. കുംഭൻ അദ്ദേഹത്തെ പെട്ടെന്നു തടഞ്ഞു നിറുത്തി ഇങ്ങനെ പറഞ്ഞു: 'രാജാവേ, അപരാധം ഒന്നും ചെയ്യാത്ത ഈ ദേഹത്തെ എന്തിനങ്ങു കുഴിയിൽ നിക്ഷേപിക്കാനൊരുമ്പെടുന്നു; കോപിച്ച കാള ഭക്ഷണപാത്രം ഉടയ്ക്കാൻ ഒരുമ്പെടുന്നതുപോലെ. ഹേ നൃപതേ, ദേഹം ഉപേക്ഷിച്ചാൽ പോലും അങ്ങു സർവത്യാഗിയായി ഭവിക്ക യില്ല. വെറും ബാഹ്യാഭിനയങ്ങൾകൊണ്ടൊന്നും സർവത്യാഗം ലഭ്യമാവു കയില്ല.

308. യേനായം ക്ഷോഭ്യതേ ദേഹോയദ് ബീജം ജന്മകർമണാം
തത് സംത്യജസിചേത് ത്യാജ്യം തന്മഹാത്യാഗവാൻ ഭവാൻ.

അയം ദേഹഃ മാംസാസ്ഥിമയമായ ഈ ദേഹം; യേനക്ഷോഭ്യതേ- അജ്ഞാന രൂപമായ ഏതൊരു ചിത്തത്താൽ ചലിപ്പിക്കപ്പെടുന്നുവോ; ജന്മ കർമണാം യദ് ബീജം-ജനനത്തിനും കർമത്തിനും വിത്തായതേതാണോ; ത്യാജ്യംതത്-ഉപേക്ഷിക്കപ്പെടേണ്ട ആ ചിത്തത്തെ; ത്യജസിചേത്-അങ്ങു ത്യജിക്കുമെങ്കിൽ; തത്ഭവാൻ മഹാത്യാഗവാൻ-അതോടെ മഹാത്യാഗവാ നായി ഭവിക്കും.

മാംസാസ്ഥിമയമായ ഈ ദേഹം അജ്ഞാനരൂപമായ ഏതൊരു ചിത്ത ത്താൽ ചലിപ്പിക്കപ്പെടുന്നുവോ ജന്മത്തിനും കർമത്തിനും വിത്തായതേ താണോ, ഉപേക്ഷിക്കപ്പെടേണ്ട ആ ചിത്തത്തെ അങ്ങു ത്യജിക്കുമെങ്കിൽ അതോടെ മഹാത്യാഗവാനായി ഭവിക്കും.

### തന്മഹാത്യാഗവാൻ ഭവാൻ

പുറമേ എന്തു ത്യജിച്ചാലും ത്യാഗമാവുകയില്ല. പിന്നെ എന്താണു ത്യാഗം? അജ്ഞാന രൂപമായ ചിത്തത്തെ ത്യജിക്കണം; അതാണു ത്യാഗം. മുൻപിൻ വിചാരംകൂടാതെ ജഡനാമരൂപങ്ങളെ സത്യമെന്നു ഭാവന ചെയ്തു

digitized by www.sreyas.in

റപ്പിക്കുന്നതാണ് അജ്ഞാനം അഥവാ വാസന. വാസനയുടെ പ്രകടരൂപമാണ് രാഗദ്വേഷമയമായ ചിത്തം. വാസന അഥവാ അജ്ഞാനം രാഗദ്വേഷങ്ങളായി രൂപം കൊള്ളുന്നതോടെ ഇഷ്ടമുള്ളതു നേടാനും അനിഷ്ടമായതൊഴിവാക്കാനും കർമചലനങ്ങളാരംഭിക്കുന്നു. ഇങ്ങനെയാണു ചിത്തം ദേഹത്തെ ക്ഷോഭിപ്പിക്കുന്നത്. ജീവിതാന്ത്യത്തിലും രാഗദ്വേഷങ്ങളവസാനിക്കുന്നില്ലെങ്കിൽ പഴയദേഹമുപേക്ഷിച്ചിട്ട് കർമചലനത്തിനായി പുതിയ ദേഹം സ്വീകരിക്കേണ്ടിവരും; ഇതാണു ജനനം. വീണ്ടും കർമം. ഇങ്ങനെ ചിത്തം, കർമം, ജനനം എന്ന ചക്രം സദാ കറങ്ങിക്കൊണ്ടേയിരിക്കും. ഈ കറക്കം അവസാനിപ്പിക്കാനുള്ള ചിന്താമണിയാണു സർവത്യാഗം. ചിത്തം ക്ഷയിക്കുന്നതാണു സർവത്യാഗം. അജ്ഞാനരൂപമായ വാസന ക്ഷയിച്ചാലേ ചിത്തം ക്ഷയിക്കൂ. 'സർവം ബ്രഹ്മമയം' എന്ന സത്യം ശാസ്ത്രീയമായി ഉറപ്പുവരുത്തുക മാത്രമാണിതിനുള്ള ഉപായം. ഈ ശാസ്ത്രീയമായ സത്യബോധം ബുദ്ധിയ്ക്കുറപ്പുവരുത്താൻ കൊട്ടാരമോ കുടിലോ നാടോ കാടോ ഒന്നും തടസ്സമല്ല; അനുകൂലവുമല്ല, ബാഹ്യമായ ത്യജിക്കലോ ത്യജിക്കാതിരിക്കലോ അതിനു തടസ്സമല്ല; അനുകൂലവുമല്ല. കർമരംഗത്ത് എവിടെ എങ്ങനെ വർത്തിച്ചാലും ശാസ്ത്രീയമായ സത്യവിചാരംകൊണ്ടു രാഗദ്വേഷവാസന ക്ഷയിച്ചു ചിത്തമുപശമിക്കുമെങ്കിൽ സർവത്യാഗവും ബ്രഹ്മപ്രാപ്തിയും അനായാസം ആർക്കും കൈവരിക്കാം. അദ്വൈതബോധം ഉറപ്പുവരുന്നതാണു സർവത്യാഗം. വസ്തു ഒന്നേയുള്ളുവെങ്കിൽ ആരു ത്യജിക്കാൻ; ആരെ ത്യജിക്കാൻ. ചൂഡാലകൊട്ടാരത്തിലിരുന്നു കൊണ്ടതു സാധിച്ചു; ശിഖിധ്വജൻ തപോവനത്തിലെത്തിയിട്ടും അതു സാധിച്ചില്ല.

ശിഖിധ്വജൻ ചോദിച്ചു: ബ്രഹ്മൻ, ഈ ദേഹത്തെ ചലിപ്പിക്കുന്നതെന്താണ്? ജന്മത്തിനും കർമത്തിനും എന്താണു വിത്ത്? എന്തിനെ ത്യജിച്ചാൽ സർവത്യാഗം കൈവരും?

കുംഭൻ പറഞ്ഞു: 'രാജാവേ, ഈ ജഗത്തിൽ എല്ലാമായിക്കാണപ്പെടുന്നതും ജീവനെന്നപേരിൽ അറിയപ്പെടുന്നതും ജഡമെന്നോ അജഡമെന്നോ വേർതിരിക്കാൻ വയ്യാത്തതും ഭ്രമാത്മകവുമായ ചിത്തമാണ് എല്ലാം എല്ലാം. ചിത്തമാണു ജഗജ്ജാലം; ചിത്തമാണു ബന്ധം; അതിനെ ത്യജിച്ചാൽ അതോടെ സർവത്യാഗം വന്നു ചേരും. ജന്മങ്ങൾക്കും കർമങ്ങൾക്കുമെല്ലാം വിത്തു ചിത്തം തന്നെ. കാറ്റുകൊണ്ടു വൃക്ഷം ചലിക്കുന്നതുപോലെ ചിത്തം നിമിത്തം ദേഹം സദാ ചലിച്ചുകൊണ്ടിരിക്കുന്നു.

309. ചിത്തത്യാഗം വിദുഃ സർവത്യാഗം ത്യാഗവിദോജനാഃ
ചിത്തേത്യക്തേ ലയംയാതി ദ്വൈതമൈക്യം ച സർവതഃ

ത്യാഗമെന്തെന്നറിയുന്നവർ ചിത്തത്യാഗമാണു സർവത്യാഗമെന്നു വെളിപ്പെടുത്തിയിട്ടുണ്ട്. ചിത്തം ത്യജിക്കപ്പെടുന്നതോടുകൂടി ദ്വൈതം അസ്തമിക്കുന്നു. സർവത്ര വസ്തുവൊന്നാണെന്ന ഐക്യാനുഭവം വന്നുചേരുകയും ചെയ്യുന്നു. രാജാവേ, ചിത്തത്യാഗ രൂപമായ സർവത്യാഗം സാധ്യമായാൽ ശാന്തവും ഏകവും ശുദ്ധവും അനാമയവുമായ പരമകാരണ സത്യം അവശേഷിക്കുന്നു. ഇതാണു പരമാനന്ദരൂപമായ സർവത്യാഗം. മറ്റൊക്കെ ദാരുണമായ ദുഃഖമുളവാക്കും. ഇതുവേണ്ടപോലെ മനസ്സിലാക്കി പിന്നെ അങ്ങയുടെ ഇഷ്ടംപോലെ ആചരിക്കൂ. സർവത്യാഗം നടപ്പാക്കി സ്വസ്ഥനും ആകാശതുല്യനും ശാന്തനുമായി ഭവിച്ചിട്ട് പിന്നെ അങ്ങെന്തായി നിൽക്കുമോ

digitized by www.sreyas.in

അതായി നിൽക്കൂ!

ശിഖിധ്വജൻ പറഞ്ഞു: 'ഭഗവൻ, ചിത്തത്തിന്റെ സ്വരൂപം എനിക്കൊന്നു കൂടി വിശദമാക്കിത്തരൂ; എന്നിട്ട് ചിത്തപരിത്യാഗം എങ്ങനെ സാധിക്കാമെന്നകാര്യവും പറഞ്ഞുതരൂ!

കുംഭൻ പറഞ്ഞു: 'രാജാവേ, എപ്പോഴും വാസനയാണു ചിത്തത്തിന്റെ സ്വരൂപം. മുൻപിൻ വിചാരം കൂടാതെ നാമരൂപങ്ങളെ സത്യമെന്നു കരുതുന്നതാണു വാസന. വാസനയുടെ പ്രകടരൂപമാണു രാഗദ്വേഷമയമായ ചിത്തം. വാസനയും ചിത്തവും പര്യായപദങ്ങളാണ്. 'ഞാൻ' എന്ന ഭാവം തലപൊക്കുന്നതാണ് എല്ലാ അനർഥങ്ങൾക്കും കാരണം. ഈ അഹങ്കാരമാണു ചിത്തവൃക്ഷത്തിന്റെ വിത്ത്. ശുദ്ധബോധത്തിൽ നിന്നും അനുഭവരൂപത്തിൽ ആദ്യം പൊന്തുന്ന മുളപ്പാണല്ലോ ഈ അഹങ്കാരം. തുടർന്നു നിരാകാരമായ ഈ അനുഭവം ചിലതു നിശ്ചയിച്ചുറയ്ക്കുന്നതോടെ ബുദ്ധിയെന്നറിയപ്പെടുന്നു. ഈ ബുദ്ധിസങ്കൽപ്പങ്ങളുൾക്കൊണ്ടു കുറച്ചുകൂടി പെരുകിയാൽ അതിന്റെ പേരുകളാണ് ചിത്തം, ചേതസ്സ്, മനസ്സ് എന്നൊക്കെ പറയപ്പെടുന്നത്. രാജാവേ, ഈ ചിത്തവൃക്ഷത്തെ ആദ്യമാദ്യം അതിന്റെ കൊമ്പുകളും കവരങ്ങളും ഒക്കെ വെട്ടിക്കളഞ്ഞിട്ട് തുടർന്നു നാരായവേരുതന്നെ പിഴുതുകളയാൻ യത്നിക്കേണ്ടതാണ്. ചിത്തത്തിന്റെ വേരുപിഴുതുകളയുന്നതാണു സർവത്യാഗം. ഇതിന്റെ വിവിധശാഖകളാകുന്ന വാസനകൾ വിവിധഫലങ്ങളെയുളവാക്കുന്നു. ബോധാനുഭവമുറപ്പിച്ചു ഭാവനകൾ ഒഴിവാക്കാമെങ്കിൽ ഈ ശാഖകളെല്ലാം ഉള്ളിൽനിന്നു മുറിച്ചുതള്ളപ്പെടും. മനസ്സ് ഒന്നിലും സംഗപ്പെടാതെ മൗനിയായി വാദകോലാഹലങ്ങളിലൊന്നും ചെന്നുവീഴാതെ അപ്പോഴപ്പോൾ വന്നുചേരുന്ന കാര്യങ്ങൾ വേണ്ടപോലെ ചെയ്തു കഴിഞ്ഞുകൂടിയാൽ ഈ ചിത്തലതയെ പിഴുതെറിയാൻ കഴിയും. ശാഖകളെ മുറിച്ചെറിയുന്നത് അപ്രധാനമാണ്. വേരുപിഴുതെറിയുന്നതാണു പ്രധാനം. അതുകൊണ്ട് അങ്ങ് വേരുപിഴുതെറിയാൻ ശ്രമം തുടരൂ. മുഖ്യമതായതുകൊണ്ടു വേരിനെത്തന്നെ ചുട്ടെരിക്കൂ. ചിത്തമാകുന്ന മുൾക്കൂട്ടം അതോടെ മുൾക്കൂട്ടമല്ലാതാകും.

ശിഖിധ്വജൻ ചോദിച്ചു: 'ഹേ മുനേ, അഹംഭാവമാണല്ലോ ചിത്തവൃക്ഷത്തിന്റെ വിത്ത്. എന്തു തീകൊണ്ടാണീ വിത്തിനെ എരിച്ചു ചാമ്പലാക്കേണ്ടത്? ഈ കർമത്തിനുപകരിക്കുന്ന അഗ്നിയേത്?

കുംഭൻ പറഞ്ഞു: 'രാജാവേ, 'ഞാനാര്' എന്ന ചോദ്യവുമായി ആത്മവിചാരം ആരംഭിക്കുക. ഈ ആത്മവിചാരമാണു ചിത്തവൃക്ഷത്തിന്റെ വേരായ അഹംഭാവത്തെ എരിച്ചുകളയാനുള്ള അഗ്നി!

ശിഖിധ്വജൻ ചോദിച്ചു: മുനേ, എന്റെ ബുദ്ധിയിൽ ഇതു ഞാൻ സ്വയം പലപ്പോഴും വിചാരം ചെയ്തു നോക്കിയിട്ടുള്ളതാണ്. ഞാനീ ജഗത്തല്ല, ഞാൻ മാംസാസ്ഥിരക്തങ്ങൾകൊണ്ടു നിറഞ്ഞ ദേഹമല്ല; കർമേന്ദ്രിയങ്ങളല്ല; ജ്ഞാനേന്ദ്രിയങ്ങളല്ല; മനസ്സല്ല, ബുദ്ധിയല്ല, അഹങ്കാരമല്ല; ഇവയൊക്കെ ജഡങ്ങളാണ്. സ്വർണത്തിൽ വളപോലെ ബോധാത്മാവിൽ പ്രകടമാകുന്ന ഒരു ഭ്രമം മാത്രമാണു ഞാൻ; ഇക്കാര്യങ്ങളൊക്കെ ഞാൻ വിചാരം ചെയ്തിട്ടുണ്ട്.

കുംഭൻ പറഞ്ഞു: 'രാജാവേ, ജഡങ്ങളായതുകൊണ്ടു മേൽപറഞ്ഞ

digitized by www.sreyas.in

ജഗത്തു തുടങ്ങി ഒന്നും അങ്ങല്ലെങ്കിൽ പിന്നെ അങ്ങാരാണ്? പറയൂ.

ശിഖിധ്വജൻ പറഞ്ഞു: ഹേ വിദ്വൻ, അജവും ശുദ്ധവും അനുഭവരൂപവുമായ ബോധമാണു ഞാൻ. അതിലാണെല്ലാ ഭാവങ്ങളും പൊന്തിവരുന്നത്, വേർതിരിയുന്നത്. അങ്ങനെയുള്ള എന്നിൽ അകാരണമായ ഒരു കളങ്കം വന്നു ചേർന്നു; ചിത്തവൃക്ഷത്തിന്റെ വിത്തായ അഹംഭാവം. അതിനെ എനിക്കുപേക്ഷിക്കാൻ കഴിയുന്നില്ല ; ഉപേക്ഷിക്കുന്തോറും അതു തിരിച്ചുകയറിവരുന്നു. മുനേ, എനിക്കതിനെ ഉപേക്ഷിക്കാൻ പറ്റുന്നില്ലെന്നുള്ളതാണ് എന്റെ ദാരുണമായ ദുഃഖം!

കുംഭൻ പറഞ്ഞു: 'മഹാത്മൻ, കാരണത്തിൽ നിന്നല്ലേ കാര്യമുണ്ടാകുന്നത്. ഈ അഹംഭാവത്തിന്റെ കാരണം എന്താണ്. ഇപ്പോൾ തന്നെ കണ്ടുപിടിച്ചെന്നോടു പറയൂ'.

ശിഖിധ്വജൻ പറഞ്ഞു: 'മുനേ, ഞാൻ' ഉണ്ടെന്ന സങ്കൽപ്പമാണ് അഹംബോധത്തിന്റെ കാരണം. ഈ സങ്കൽപ്പത്തെ എങ്ങനെ ശമിപ്പിക്കാൻ പറ്റും;

അതെനിക്കു പറഞ്ഞുതരൂ. ബോധം സങ്കൽപ്പോന്മുഖമായതാണ് 'ഞാൻ' എന്ന ദുഃഖത്തിനു ഹേതു. ദുഃഖം തീരാനായി സങ്കൽപ്പത്തെ എങ്ങനെ ശമിപ്പിക്കാമെന്നു കാട്ടിത്തരൂ'.

കുംഭൻ പറഞ്ഞു: 'ഞാൻ' എന്ന സങ്കൽപ്പത്തിനെന്താണു കാരണം; എന്നോടു പറയൂ. അതുകേട്ടിട്ട് കാരണത്തിന്റെ കാരണമില്ലായ്മയുടെ രഹസ്യം ഞാൻ വെളിപ്പെടുത്തിത്തരാം?

ശിഖിധ്വജൻ പറഞ്ഞു: 'സങ്കൽപ്പം കാറ്റിലെ സ്പന്ദനം പോലെ ദേഹാദി പല രൂപത്തിലും ഭ്രമരൂപേണ പ്രത്യക്ഷപ്പെടുന്നു. ഈ ഭ്രമദൃശ്യങ്ങൾ ഇല്ലാത്തവയാണെന്നു എത്ര ശ്രമിച്ചിട്ടും എനിക്കനുഭവിക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് അഹംഭാവം എന്നിൽ നിന്നും വിട്ടുമാറാത്തത്.'

കുംഭൻ പറഞ്ഞു: 'ദേഹാദി പദാർഥങ്ങൾ ഉള്ളവയാണെങ്കിലല്ലേ അങ്ങേയ്ക്കുള്ളവയാവൂ. വാസ്തവത്തിലവ ഉള്ളവയല്ലല്ലോ. അപ്പോൾ അവയുണ്ടെന്നുള്ള അങ്ങയുടെ അനുഭവത്തിനു കാരണമെന്ത്?

ശിഖിധ്വജൻ പറഞ്ഞു: 'കൈയും കാലുമൊക്കെയുള്ളതും കർമം ചെയ്തു ഫലങ്ങളനുഭവിക്കുന്നതുമായ ഈ ദേഹം എപ്പോഴും ഉള്ളതായി അനുഭവപ്പെടുന്ന സ്ഥിതിയ്ക്ക് മുനേ, ഇല്ലെന്നെങ്ങനെ കരുതാൻ പറ്റും?

കുംഭൻ പറഞ്ഞു: 'അല്ലയോ ഭൂമിപാല, ഏതുകാര്യത്തിനാണോ കാരണം ഇല്ലാത്തത് ആ കാര്യം ഇല്ലാത്തതാണെന്നറിയൂ; അതുണ്ടെന്നു തോന്നുന്നതു വെറും ഭ്രമം. അതുകൊണ്ടു ദേഹാദി കാണപ്പെടുന്നതൊക്കെ ഇല്ലാതിരിക്കെ ഭ്രമം കൊണ്ടുണ്ടെന്നു തോന്നുന്നവയാണെന്നറിയൂ. കാരണമില്ലാത്ത ഏതു കാഴ്ചയും കയറിലെ സർപ്പംപോലെ മിഥ്യയാണ്'.

ശിഖിധ്വജൻ ചോദിച്ചു: 'ആദ്യമുണ്ടായ ബ്രഹ്മാവാണല്ലോ ഈ ജഗത്തിനെ സൃഷ്ടിച്ചത്. അപ്പോൾ ബ്രഹ്മാവാണു ജഗത്തിനു കാരണം; അങ്ങനെയാണെങ്കിൽ കാരണമില്ലെന്നെങ്ങനെ പറയാൻ കഴിയും?

കുംഭൻ പറഞ്ഞു : 'രാജാവേ, സൃഷ്ടിക്കു മുൻപ് അജവും ശാന്തവും അഖണ്ഡബോധസ്വരൂപവുമായ ബ്രഹ്മം മാത്രമേയുണ്ടായിരുന്നുള്ളൂ. മറ്റൊരു സൃഷ്ടിയുമുണ്ടായിരുന്നില്ല. അതുകൊണ്ടു ബ്രഹ്മാവിനു കാരണമില്ല'. ശിഖിധ്വജൻ ചോദിച്ചു: 'ഹേ മുനേ, പരമകാരണമായ ബ്രഹ്മം തന്നെയാണു ബ്രഹ്മാവിനു കാരണം എന്നു പറഞ്ഞുകൂടേ? അപ്പോൾ ബ്രഹ്മാവിനു കാരണമി

digitized by www.sreyas.in

ല്ലെന്നു പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല.

കുംഭൻ പറഞ്ഞു: 'ആദ്യസത്ത അനന്തവും അജവും അവ്യക്തവുമാണ്. ഊഹിക്കാൻ വയ്യാത്തതും മാറിനിന്നറിയാൻ കഴിയാത്തതും നാശമില്ലാത്തതും ശാന്തവും ഒരിക്കലും സ്വരൂപച്യുതി സംഭവിക്കാത്തതുമാണ്. രണ്ടില്ലാത്തത്, ആദ്യന്ത രഹിതം, മംഗളരൂപം, ശാന്തം, ഒരഴിവുമില്ലാത്തത്. അങ്ങനെയുള്ള ആദ്യസത്ത എന്തിന് എപ്പോൾ എന്തുകാരണത്താൽ കർതൃഭോക്തൃഭാവം കൈക്കൊള്ളണം? എന്തെങ്കിലും വികാരം വന്നാൽ അതാദ്യസത്തയല്ലാതാകും. അതുകൊണ്ട് വാസ്തവത്തിൽ ഒന്നുമുണ്ടായിട്ടില്ല. ഈ ജഗത്ത് യഥാർഥത്തിൽ നിലവില്ല. ബോധത്തിൽ ബ്രഹ്മാവുണ്ടെന്നു തോന്നുന്നെങ്കിൽ അതു ബോധം തന്നെയാണ്. ആദ്യസത്ത ഏകമായതുകൊണ്ട് അതിൽ മറ്റൊന്നുണ്ടാവുകവയ്യ. ചിന്മാത്രത്തിൽ നിന്നും ഉണ്ടെന്നു തോന്നുന്ന സൃഷ്ടി ചിത്തുതന്നെയാണ്.

310. നകർതാസ്മിനഭോക്താസ്മി സർവംശാന്തമജംശിവം
ഇതിനിശ്ചയവാനന്തരജ്ഞാനം തനുതാം നയ.

നകർതാ അസ്മി-ഞാൻ കർതാവല്ല; നഭോക്താ അസ്മി-ഞാൻ ഭോക്താവല്ല; സർവം ശാന്തം അജംശിവം-എല്ലാംശാന്തവും ജനിക്കാത്തതും മംഗളസ്വരൂപവുമാണ്; അന്തഃഇതിനിശ്ചയവാൻ-ഉള്ളിൽ ഇക്കാര്യം നല്ലപോലെ വിചാരം ചെയ്തുറപ്പിച്ചു; അജ്ഞാനം തനൂതാംനയ-പലതുണ്ട് എന്ന ഭ്രമരൂപമായ അജ്ഞാനത്തെ ഒഴിച്ചുമാറ്റൂ.

ഞാൻ കർത്താവല്ല, ഞാൻ ഭോക്താവല്ല. എല്ലാം ശാന്തവും ജനിക്കാത്തതും മംഗളസ്വരൂപവുമാണ്. ഉള്ളിൽ ഇക്കാര്യം നല്ലപോലെ വിചാരം ചെയ്തുറപ്പിച്ചു പലതുണ്ട് എന്ന ഭ്രമരൂപമായ അജ്ഞാനത്തെ ഒഴിച്ചുമാററൂ.

**അജ്ഞാനംതനുതാംനയ**

പ്രപഞ്ചത്തിന് ഒരു പരമകാരണം ഉണ്ടായേ പറ്റൂ. പരമകാരണം അനാദിയും അനന്തവും നിർവികാരവും സർവവ്യാപിയും ആയേ പറ്റൂ. അനന്തമായ ഒരു സത്തയുണ്ടെന്നു വന്നാൽ അതിൽ പിന്നെ മറ്റൊരു പുതിയ വസ്തു യഥാർഥത്തിൽ ഉണ്ടാകാനേ പറ്റില്ല. അനന്തമായ വസ്തു ഇല്ലാത്ത ഇടമുണ്ടായിട്ടുവേണ്ടേ പിന്നെ പുതിയൊരു വസ്തു ഉണ്ടാകാൻ. അപ്പോൾ പലതുണ്ടെന്നു തോന്നുന്നതോ? ഒരു വസ്തുവിൽ രണ്ടുതരം അനുഭവമാകാം വസ്ത്വനുഭവവും ഭ്രമാനുഭവവും, മരുഭൂമിയിൽ കാനൽജലത്തിന്റെ അനുഭവംപോലെ. മരുഭൂമിയെ മരുഭൂമിയായറിയുന്നത് വസ്ത്വനുഭവം. കാനൽജലമായി അറിയുന്നത് ഭ്രമാനുഭവം. പരമകാരണമായ ശുദ്ധബോധത്തിലെ ഭ്രമാനുഭവമാണ് ജഗത്ത്. ബോധത്തെ ബോധമായറിയുന്നത് വസ്ത്വനുഭവം. ബോധത്തെ ജഗത്തായറിയുന്നത് ഭ്രമാനുഭവം. ബോധം പരമകാരണമാണ്. അതിൽ പുതുതായി ഒന്നും ഉണ്ടാവുകവയ്യ. അതുകൊണ്ടാണ് ബോധത്തിലെ വിവർതഭ്രമമാണു ജഗത്തെന്നു വേദാന്തം സിദ്ധാന്തിക്കുന്നത്. കാരണത്തിനു ഒരു മാറ്റവും സംഭവിക്കാതെ അതിൽ വെറുതേ ഉണ്ടെന്നു തോന്നുന്ന കാര്യരൂപമാണു വിവർതം. മരുഭൂമിയിൽ കാനൽജലം തോന്നുംപോലെ. അന്തിമ വിശകലനത്തിൽ ഭ്രമവും വസ്തുതന്നെയാണ്. മരുഭൂമിയിലെ കാനൽ ജലം യഥാർഥത്തിൽ മരുഭൂമിതന്നെയാണ്. വസ്തുവിനെ അറിയാതെ ഭ്രമത്തെ സത്യമെന്നു കരുതുന്നതാണ് അജ്ഞാനം. ഭ്രമത്തേയും വസ്തുവായി ഉറപ്പുവരുത്തുന്നതാണു ജ്ഞാനം. ശിഖിധ്വജൻ അഹങ്കാരം മുതലുള്ള ഭ്രമ

digitized by www.sreyas.in

ങ്ങളെ ഉള്ളതെന്നു കരുതിയതുകൊണ്ടാണു അവയെ ഒഴിച്ചുമാറ്റാൻ കഴിയുന്നില്ലല്ലോ എന്ന ദുഃഖമുണ്ടായത്. ഭ്രമത്തെ വസ്തുവായി അറിയുന്നതാണു ഭ്രമത്തെ ഒഴിച്ചുമാറ്റൽ. അഹങ്കാരം മുതലുള്ള ഭ്രമത്തെ വിചാരം ചെയ്തു ബ്രഹ്മമായി അറിയുന്നതാണവയെ ഒഴിച്ചുമാറ്റൽ. അക്കാര്യമാണു കുംഭൻ ശിഖിധ്വജനോടു നിർദേശിക്കുന്നത്.

കുംഭൻ തുടർന്നു : 'ഈ നിലയിൽ വസ്തുബോധം ഉറപ്പുവന്നാൽ അജ്ഞാനം നഷ്ടമായതായി കരുതാം. യഥാർഥസത്യം വിസ്മരിച്ചുപോയതാണു അജ്ഞാനഭ്രമത്തിനു കാരണമായിത്തീർന്നത്. അജ്ഞാനം കുറഞ്ഞു കുറഞ്ഞു വരുമെങ്കിൽ അതൊടുവിൽ പൂർണമായും ഇല്ലാതാകുമെന്നും തീർച്ചയാണല്ലോ. അതുകൊണ്ടു ബോധരൂപത്തിൽ തന്നെയാണ് ആത്മാവിൽ ചിത്തവും പ്രപഞ്ചവും ഒക്കെ പെരുകുന്നത്. അങ്ങനെ ആത്മാവുതന്നെ ആത്മാവിനെ ഭ്രമമാക്കിക്കാണിക്കുന്നു അത്രയേ ഉള്ളൂ. അൽപ്പംപോലും മറ്റൊന്നുമില്ല. ഇക്കാണുന്നതെല്ലാം ശാന്തമായ സ്വരൂപം തന്നെയാണ്. ഇതുറപ്പുവരുത്തുന്നതാണു സർവത്യാഗം. ശിഖിധ്വജൻ പറഞ്ഞു: 'ഭഗവൻ, ഞാൻ ഉണർന്നുകഴിഞ്ഞിരിക്കുന്നു. അങ്ങയുടെ വാക്കുകൾ അത്യന്തം യുക്തിയുക്തമാണ്. സൃഷ്ടികർത്താവില്ലാത്തതുകൊണ്ടു ജഗത്തില്ല; അതുകൊണ്ടു പദാർഥത്തെ കാണുന്നയാളുമില്ല. ഈ നിലയിൽ ഞാൻ വിബുദ്ധനാണ്, പ്രബുദ്ധനാണ്, മംഗളസ്വരൂപിയാണ്. ഞാൻ എന്നെ വണങ്ങുന്നു. എന്നിൽ നിന്നും ഭിന്നമായി ഒരു ദൃശ്യവും ഇല്ലെന്നു തെളിഞ്ഞിരിക്കുന്നു. വേറേ പദാർഥമുണ്ടെന്നു ഭ്രമിച്ചുപോയതുകൊണ്ടു ഇല്ലാത്തതുണ്ടെന്നു തോന്നാനിടയായി. എനിക്കെല്ലാം ബോധ്യമായി. ആകാശമധ്യം പോലെ ഞാൻ ശാന്തി കൈവരിച്ചിരിക്കുന്നു. ഈ ജഗത്തിൽ ദേശകാല ക്രിയാരൂപത്തിൽ പലതുണ്ടെന്ന തോന്നൽ, അഹോ, കാലംകൊണ്ട് ശമിച്ചുകഴിഞ്ഞിരിക്കുന്നു. ഒരഴിവുമില്ലാത്ത ശാന്തമായ ബ്രഹ്മം മാത്രം അവശേഷിച്ചിരിക്കുന്നു'.

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ കുംഭന്റെ ഉപദേശം രാജാവിനെ സത്യോന്മുഖനാക്കി ഉണർത്തിവിട്ടു. മഹാമോഹക്കുഴിയിൽ നിന്നും കരകയറി അദ്ദേഹം. പ്രകാശമയനായി ഭവിച്ചു. കുംഭനിർദേശം അകൃത്രിമമായി ഭാവന ചെയ്തനുഭവിക്കാൻ തുടങ്ങി. സ്വസ്വരൂപമായ ആത്മസ്ഥിതിയിൽ കുറേശ്ശെ ഉറപ്പുവന്നു. മനസ്സു ചുരുങ്ങി, വാക്കുകൾ ശമിച്ചു മുനിയായിത്തീർന്നു. പാറപ്പുറത്തു കൊത്തിവച്ച രൂപം പോലെ നിശ്ചലനായി ഭവിച്ചു. അൽപ്പനേരം കഴിഞ്ഞുണർന്നു കണ്ണുകൾ മിഴിച്ചു. അതു കണ്ടു കുംഭവേഷം ധരിച്ചിരുന്ന ചൂഡാല അദ്ദേഹത്തോടിങ്ങനെ പറഞ്ഞു.

കുംഭൻ പറഞ്ഞു: 'രാജാവേ, അനന്തവും ശുദ്ധവും മൃദുവും കളങ്കം പുരളാത്തതുമായ നിർവികൽപ്പ സുഖാനുഭവത്തിൽ പട്ടുമെത്തയിലെന്നപോലെ അങ്ങു വിശ്രമം കണ്ടെത്തിയോ? അങ്ങയുടെ ഉള്ളുണർന്നോ? ഭ്രമം അകന്നോ? അറിയേണ്ടതറിഞ്ഞോ; കാണേണ്ടതുകണ്ടോ?

ശിഖിധ്വജൻ പറഞ്ഞു: 'ഭഗവൻ, അങ്ങയുടെ അനുഗ്രഹംകൊണ്ട് എല്ലാ വിഭവങ്ങളും തികഞ്ഞ മഹത്തായ സത്യസ്ഥാനം ഞാൻ കണ്ടെത്തിയിരിക്കുന്നു. ഞാൻ എല്ലാം കടന്നു നിൽക്കുന്ന ഉന്നതസ്ഥാനത്തെത്തിയിരിക്കുന്നു. അറിയേണ്ടതറിഞ്ഞ മഹാത്മാക്കളുമായുള്ള സംഗം ജീവിതസാരം കാട്ടിത്തരുന്ന അമൃതമയമായ അപൂർവഭാഗ്യം തന്നെയാണ്. രാജജനനം കൊണ്ടുപോലും എനിക്കുകൈവരാത്ത ദിവ്യാമൃതം ഇന്നങ്ങയുടെ സമ്പർക്കം കൊണ്ട്

digitized by www.sreyas.in

എനിക്കു കൈവന്നിരിക്കുന്നു. അനന്തവും ആദ്യവും അമൃതരൂപവുമായ ഈ അനുഭവം, ഹേ മഹാത്മൻ, എന്തു കൊണ്ടാണെനിക്കു നേരത്തേ ലഭിക്കാതിരുന്നത്?

കുംഭൻ പറഞ്ഞു: 'രാജാവേ, മനസ്സുപശമിക്കണം, ലൗകികസുഖവാഞ്ഛ ഇല്ലാതാകണം; ഇങ്ങനെ ഇന്ദ്രിയങ്ങളും അന്തഃകരണവും ശുദ്ധമാകണം. അപ്പോൾ മാത്രമേ വെള്ളപ്പട്ടിൽ കുങ്കുമരസമെന്നപോലെ ഗുരുവചനങ്ങൾ ഉള്ളിൽ തങ്ങുകയുള്ളൂ. കാലം കൊണ്ടു ദേഹത്തിൽ നിന്ന് എല്ലാ അഴുക്കുകളും വൃക്ഷത്തിൽ നിന്നു പഴുത്ത ഫലങ്ങളെന്നപോലെ പൊഴിഞ്ഞുപോകുന്നു. രണ്ട് ഒന്ന് എന്ന സാപേക്ഷ ഭാവനകളിൽ ചലിച്ചു മാറാനിടവരുന്ന ചിത്തമാണ് അജ്ഞാനം. ഈ ദൃഷ്ടി ലയിച്ചില്ലാതാകുന്നതാണു ജ്ഞാനം. അതുതന്നെ സത്യാനുഭവം. രാജാവേ, അങ്ങുണർന്നു മുക്തനായിരിക്കുന്നു. അങ്ങയാൽ ചിത്തം ത്യജിക്കപ്പെട്ടിരിക്കുന്നു. പരമ സത്യാനുഭവത്തിലെത്തി മുനിയായി ശുദ്ധമായ സ്വരൂപത്തിൽ വിശ്രമിക്കൂ.

ശിഖിധ്വജൻ ചോദിച്ചു: 'പ്രഭോ, പ്രബുദ്ധനായ ജ്ഞാനിക്കു ചിത്തമില്ലെന്നോ. പിന്നെ ജീവന്മുക്തരായ മഹാത്മാക്കൾ ഈ ലോകത്തു വിഹരിക്കുന്നതെങ്ങനെ?

കുംഭൻ പറഞ്ഞു: 'പുനർജന്മത്തിനിടയാക്കുന്ന കട്ടിപിടിച്ച വാസനയെയാണു ചിത്തമെന്നു പറയുന്നത്. സത്യം കണ്ട ജ്ഞാനിക്ക് ആ ചിത്തം ഇല്ല തന്നെ. ഏതു ശുദ്ധവാസന അംഗീകരിച്ചു കൊണ്ടാണോ ജീവന്മുക്തന്മാർ ലോകത്തു വിഹരിക്കുന്നത് അതിനെ സത്ത്വമെന്നാണു വിളിക്കുന്നത്, ചിത്തമെന്നല്ല. സത്യബുദ്ധി ഉറപ്പു വന്ന ചിത്തമാണു സത്ത്വം. അതുവറുത്ത വിത്തുപോലെ പുനർജന്മത്തിനു കാരണമായി ഭവിക്കുന്നില്ല. അജ്ഞതയുടെ മൂടുപടമുള്ള ചിത്തമാണു ചിത്തം. ജ്ഞാനത്തിന്റെ പ്രകാശമേന്തിയ ചിത്തമാണു സത്ത്വം. സത്യം കണ്ടുണർന്നവർ സത്ത്വസ്ഥിതരാണ്. സ്വർഗം, മോക്ഷം തുടങ്ങിയ ഫലങ്ങളെക്കുറിച്ചുള്ള ചിന്തകളൊക്കെ വിട്ടാൽ അങ്ങു പിന്നെയാരായിരിക്കുമോ ആസമരൂപിയായി വിളങ്ങി നിൽക്കൂ. പദാർഥ സമൂഹത്തെ സ്വീകരിക്കാതെ അചഞ്ചല ചിത്തനായി സ്ഥിതി ചെയ്യൂ. അചഞ്ചല ചിത്തനെ സംസാരം അടുക്കുന്നതേയില്ല. രാജാവേ, ഈ ജഗത്തിൽ എന്തെന്തൊക്കെ ദുഃഖങ്ങൾ കാണപ്പെടുന്നുണ്ടോ അവയൊക്കെ ചിത്തത്തിന്റെ ചഞ്ചലത നിമിത്തം സംഭവിക്കുന്നവയാണെന്നറിയൂ. ചിത്തത്തിന്റെ ചഞ്ചലത്വവും അചഞ്ചലത്വവും ഏകീഭവിപ്പിച്ച് ശാശ്വതമായ ഐക്യാനുഭവത്തോടുകൂടി ഇഷ്ടംപോലെ ലോകരംഗത്തു വിഹരിക്കൂ.

ശിഖിധ്വജൻ ചോദിച്ചു: 'വിഭോ, ചഞ്ചലത്വത്തെയും അചഞ്ചലത്വത്തെയും രണ്ടും ഏകീഭവിപ്പിക്കണമെന്നു പറഞ്ഞതെങ്ങനെയാണ്? സംശയം മുഴുവൻ തീരത്തക്കവണ്ണം അക്കാര്യം വിശദമാക്കിത്തന്നാലും'.

കുംഭൻ പറഞ്ഞു: 'സമുദ്രം വെള്ളം മാത്രമായിരിക്കുന്നതുപോലെ ഒരേ ബോധവസ്തു തന്നെയാണു സകല ജഗത്തായും കാണപ്പെടുന്നത്. ശുദ്ധജലം കല്ലോലങ്ങളായി ഇളകുന്നതുപോലെ ശുദ്ധചിത്ത് തന്നെയാണ് ചിത്തവൃത്തികളായി ചലിക്കുന്നത്. ബ്രഹ്മം, ശുദ്ധചിത്ത്, സത്യം എന്നിങ്ങനെ അതു പല പേരുകളിൽ അറിയപ്പെടുന്നു. മൂഢന്മാർ അതിനെ ജഗത്തായി കാണുന്നു. ചിത്തിന്റെ സ്പന്ദനം മാത്രമാണ് സൃഷ്ടി എന്നു തീരുമാനി

digitized by www.sreyas.in

ച്ചാൽ സൃഷ്ടി ലയം പ്രാപിക്കും; ഇതാണു സത്യനിഷ്ഠയായ സമ്യഗ്ദൃഷ്ടി. ഈ സമ്യഗ്ദൃഷ്ടി ഇല്ലെന്നു വന്നാൽ കയറിലെ സർപ്പം പോലെ സൃഷ്ടി വേറെയാണെന്നു ഭ്രമമുണ്ടാകും. ശാസ്ത്രവിചാരം കൊണ്ടും സജ്ജനസംസർഗം കൊണ്ടും നിരന്തരമായ ബ്രഹ്മഭാവനാഭ്യാസം കൊണ്ടും ചിത്തം ശുദ്ധമായി ചന്ദ്രോദയമെന്നപോലെ ഉള്ളിൽ സത്യം തെളിഞ്ഞാൽ ഈ ജഗത്തു പിന്നെ വെറുമൊരു തോന്നൽ. സ്വരൂപമായ ബോധാനുഭവം എവിടെയും നിറഞ്ഞു നിൽക്കും. മഹാത്മാക്കളിൽ ഈ അനുഭവം വിട്ടുപോകാതെ സദാസഹജമായി വിളങ്ങുന്നു. ഈ നിലയിലെത്തുമ്പോൾ അവരുടെ അനുഭവം ചിത്തത്തിന്റെ സ്പന്ദാസ്പന്ദങ്ങളെ രണ്ടിനെയും ഐക്യത്തിലെത്തിച്ചിരിക്കുന്നു എന്നു കാണേണ്ടതാണ്. ശിഖിധ്വജ മഹാരാജാവേ, ചിത്തമുൾപ്പെടെ ഈ കാണപ്പെടുന്നതെല്ലാം എങ്ങനെ പൊന്തിവന്നു എന്നും എങ്ങനെ വിലയിക്കുമെന്നും എല്ലാം ഞാനങ്ങയോട് വിവരിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ പറഞ്ഞതൊക്കെ നടപ്പാക്കി ചിന്തിച്ചറിഞ്ഞ്, ഹേ മുനിനായകാ, സത്യം സ്പഷ്ടമായി കണ്ടുകൊണ്ടു പിന്നെയെങ്ങനെയാണോ ഇഷ്ടം അങ്ങനെ ജീവിതം നയിക്കൂ. ഞാൻ സ്വർഗത്തേയ്ക്കു പോകുന്നു. ഇന്നു പൗർണമി ദിവസമാണ്. ദേവസഭയിൽ പങ്കുകൊള്ളാനായി നാരദമുനി ബ്രഹ്മലോകത്ത് നിന്നും അവിടെയെത്തിയിട്ടുണ്ട്. എന്നെ അവിടെ കണ്ടില്ലെങ്കിൽ അദ്ദേഹം കോപിക്കും. ഗുരുക്കന്മാരെ വിഷമിപ്പിക്കുന്നത് ഒരിക്കലും നല്ലതല്ലല്ലോ. സങ്കൽപ്പമെല്ലാം വെടിഞ്ഞ് ഒന്നുമഭിലഷിക്കാതെ അങ്ങു സദാ കഴിയണം; ഈ ദൃഷ്ടിയാണു പരിപാവനയായ സത്യദൃഷ്ടി.

വസിഷ്ഠൻ പറഞ്ഞു: 'ഇത്രയും പറഞ്ഞ് ഭഗവാൻ കുംഭൻ മറഞ്ഞു. കുംഭൻ മറഞ്ഞു കഴിഞ്ഞപ്പോൾ രാജാവിന് അതിയായ ആശ്ചര്യം തോന്നി!

ശിഖിധ്വജൻ ചിന്തിച്ചു: 'ആശ്ചര്യം; എത്ര ശീതളവും ശാന്തവും ശുദ്ധവുമായ അനുഭവസ്ഥിതി. അമൃതധാരയനുഭവിക്കുന്നതുപോലെ എന്റെ അന്തഃകരണം ശാന്തി അനുഭവിക്കുന്നു!'

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ ചിന്തിച്ച് ശിഖിധ്വജൻ വാസനാരഹിതനായി പർവതത്തിൽ നിന്ന് താഴെയിറങ്ങിയവനെപ്പോലെ മൗനിയായി നില കൊണ്ടു. സങ്കൽപ്പരഹിതവും നിരാശ്രയവുമായ ആ മൗനത്തിൽ അചഞ്ചലമായ ഉറപ്പുവന്നവനായി പർവതശൃംഗം പോലെ ഉല്ലസിച്ചു. നിർവികൽപ്പ സമാധിയിലൂടെ അദ്ദേഹം പലപ്പോഴും ഒരു തടിക്കഷണം പോലെയോ മൺതിട്ടപോലെയോ ഒക്കെ നിശ്ചലനായി സ്ഥിതിചെയ്യാറുണ്ട്. ശിഖിധ്വജൻ ഇങ്ങനെ നിൽക്കട്ടെ.

ഇനി ചൂഡാല എന്തു ചെയ്തു എന്ന് കേട്ടോളൂ. കുംഭരൂപമെടുത്തു ഭർത്താവായ ശിഖിധ്വജനെ ഉണർത്തി വിട്ടിട്ട് ചൂഡാല ആകാശത്തേയ്ക്കു ഉയർന്നു. വീണ്ടും മനോമോഹനമായ തന്റെ സ്ത്രീ രൂപം കൈക്കൊണ്ടു. കൊട്ടാരത്തിലെത്തി അന്തഃപുരത്തിൽ പ്രവേശിച്ചു. എല്ലാവരും അവരെ കണ്ടു;

രാജ്യകാര്യങ്ങൾ മുറയ്ക്കു നടന്നു. മൂന്നു ദിവസം കഴിഞ്ഞ് വീണ്ടും ആകാശഗമനത്തിനൊരുമ്പെട്ടു. യോഗബലം കൊണ്ടു കുംഭരൂപമെടുത്തു നേരെ ശിഖിധ്വജ വനത്തിലെത്തി. അവിടെത്തന്നെ ഭൂമിപാലനെ ദർശിച്ചു. നിർവികൽപ്പ സമാധിയിലാണ്ട് നിശ്ചലനായിരിക്കുന്നതായിട്ടാണു കണ്ടത്. ഈ പരമാനുഭവസ്ഥാനത്തു നിന്നും അദ്ദേഹത്തെ ഉണർത്താൻ തീരുമാ

digitized by www.sreyas.in

നിച്ചു. ഇങ്ങനെ ചിന്തിച്ച് ചൂഡാല സിംഹനാദം മുഴക്കി. വനേചരന്മാർക്കു ഭയം തോന്നുമാറുള്ള സിംഹഗർജനം ഭർത്താവിന്റെ മുൻപിൽ വീണ്ടും വീണ്ടും ആവർത്തിച്ചു. ആ ഗർജനം കൊണ്ടും രാജാവ് ഇരിപ്പിൽ നിന്നും അനങ്ങിയതേ ഇല്ല; എത്ര ആവർത്തിച്ചിട്ടും ഇളക്കമില്ല; പാറപോലെ ഉറച്ചിരുന്നു. പിടിച്ചു കുലുക്കി നോക്കി, മറിച്ചിട്ടുനോക്കി എന്നിട്ടും രാജാവുണർന്നില്ല. കുംഭരൂപിണിയായ ചൂഡാല അപ്പോൾ ഇങ്ങനെ ചിന്തിച്ചു: 'ആശ്ചര്യം, ഈ മഹാത്മാവ് സ്വരൂപാനുഭവത്തിൽ തികച്ചും ലയിച്ചു പോയിരിക്കുന്നു. എന്തായാലും ഇദ്ദേഹത്തിന്റെ ദേഹത്തെ പരിശോധിച്ചു നോക്കുക തന്നെ. ഉണർവിന്റെ വിത്തായ അന്തഃകരണം ഉള്ളിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ഞാനും ദേഹം നിലനിർത്താം. പ്രഭുവിന്റെ ദാമ്പത്യപ്രാരബ്ധം ക്ഷയിക്കുംവരെ കൂടെയുണ്ടായിരിക്കേണ്ടതു ഭാര്യയുടെ കടമയാണല്ലോ. അതല്ല ഇദ്ദേഹമിനി ഉണരാൻ ഇടയില്ലെങ്കിൽ ഞാനും എന്റെ സ്ത്രീദേഹം ഉപേക്ഷിച്ച് വീണ്ടും ജനിക്കാനിടയില്ലാത്തവിധം പരമാത്മാവുമായി ഏകീഭവിക്കുന്നുണ്ട്; ഞാനിനി ഇവിടെ നിന്നിട്ടെന്തുവേണം?.

വസിഷ്ഠൻ പറഞ്ഞു: "ഇങ്ങനെ ചിന്തിച്ചു ചൂഡാല സ്പർശംകൊണ്ടും കണ്ണുകൊണ്ടും ശിഖിധ്വജദേഹത്തെ പരിശോധിച്ചു. എന്നിട്ടാസുന്ദരി ആശങ്കയോടെ ഇങ്ങനെ ചിന്തിച്ചു: 'ഉണർന്നു വരാനാവശ്യമായ ജീവാംശം ഉള്ളിലിനിയും അവശേഷിക്കുന്നുണ്ട്; ഉപായം കൊണ്ടുണർത്താവുന്നതേയുള്ളൂ'.

ഇത്രയുമായപ്പോൾ രാമൻ ചോദിച്ചു: 'പ്രബോധകാരണമായി ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അതിസൂക്ഷ്മമായ ജീവാംശത്തെ എങ്ങനെ തിരിച്ചറിയാൻ കഴിയും?

വസിഷ്ഠൻ പറഞ്ഞു: 'നിർവികൽപ്പസമാധിയിലാണ്ടിരിക്കുന്ന ജ്ഞാനിയുടെ ഉള്ളിൽ ഉണർന്നുവരാനാവശ്യമായ ജീവാംശം അതിസൂക്ഷ്മമായി ഒളിഞ്ഞിരിക്കുന്നു; വിത്തിൽ പൂവും കായും ഒളിഞ്ഞിരിക്കുന്നതുപോലെ. ചിത്തസ്പന്ദം ഒഴിഞ്ഞുമാറി പർവതംപോലെ നിശ്ചലമായിരിക്കുന്ന അദ്ദേഹത്തിന്റെ ദേഹം വാടാതെയും തഴയ്ക്കാതെയും സദാ സമനിലയിൽ കാണപ്പെടും. കുറയുന്നില്ല; കൂടുന്നില്ല; സദാതുല്യമായി വർത്തിക്കുന്നു. രാമാ, നീ ചോദിച്ചതിനു ഞാനുത്തരം പറഞ്ഞു. ഇനി നമുക്കു പ്രകൃതം തുടരാം. ചൂഡാല ഇങ്ങനെ ചിന്തിച്ചുറച്ച് സ്വദേഹം വിട്ട് ആദ്യന്തരഹിതമായ ബോധതത്ത്വത്തിൽ നിലയുറപ്പിച്ചു. എന്നിട്ട് ഭർതൃഹൃദയത്തിൽ കടന്ന് ജീവാംശത്തെ ചലിപ്പിച്ചുണർത്തിവിട്ടു. തുടർന്ന് ഒരു പക്ഷി കൂട് വിട്ടു കൂടുമാറുന്നതുപോലെ ഭർതൃദേഹത്തിൽ നിന്നു സ്വന്തം ദേഹത്തിലേയ്ക്കു കടന്നു. ക്ഷണം കൊണ്ട് കുംഭാകൃതിකൈക്കൊണ്ട് ഇരിപ്പിടത്തിൽ ഉപവിഷ്ടനാവുകയും ചെയ്തു. എന്നിട്ട് വണ്ടിന്റെ മധുരമായ സ്വനത്തോടുകൂടി സാമമന്ത്രം ഗാനം ചെയ്യാനും തുടങ്ങി. ആ സാമഗാനസ്വനം കേട്ട് രാജാവിന്റെ ദേഹത്തിനുള്ളിൽ വസന്തത്തിൽ താമരയെന്നോണം ബോധജീവാംശം സാവകാശം ഉണർന്നുവരാൻ തുടങ്ങി. സൂര്യൻ താമരയെ വിടർത്തുന്നതുപോലെ ശിഖിധ്വജൻ കണ്ണുകളെ വികസിപ്പിച്ചു. സ്വസ്ഥചിത്തനായ ശിഖിധ്വജൻ തന്റെ മുൻപിൽ കുംഭനിരിക്കുന്നതായിക്കണ്ടു. 'സന്തോഷം, മുനീശ്വരാ, അങ്ങു വീണ്ടും എത്തിച്ചേർന്നു; ഞാൻ ധന്യനായിരിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു കുംഭനു പുഷ്പാഞ്ജലി അർപ്പിച്ചു. 'ഭഗവൻ, ഭാഗ്യം കൊണ്ടങ്ങയെ വീണ്ടും കണ്ടുമുട്ടി; അങ്ങു വീണ്ടും ഈ വനത്തിലെത്തിയല്ലോ; അങ്ങയുടെ വരവാണ് എന്നെ ഈനിലയിൽ ശുദ്ധീകരിച്ചത്'.

digitized by www.sreyas.in

കുംഭൻ പറഞ്ഞു: 'രാജാവേ, അങ്ങയുടെ അടുത്തുനിന്നു ഞാൻ പോയതിനുശേഷം എന്റെ മനസ്സ് വിട്ടുമാറാതെ അങ്ങയുടെ അടുക്കൽ തന്നെ വർത്തിക്കുകയായിരുന്നു. സ്വർഗലീലയിലൊന്നും എനിക്കൊരു സുഖവും തോന്നിയില്ല; ഞാനവിടെയും അങ്ങയോടൊപ്പമാണു കഴിഞ്ഞുകൂടിയത്. അങ്ങയെപ്പോലെ ബന്ധുവും പണ്ഡിതനും സുഹൃത്തും മിത്രവും സഖാവും വിശ്വസ്തനും ശിഷ്യനുമായ മറ്റൊരാൾ ഈ ലോകത്ത് എനിക്കുവേറെ ഇല്ല തന്നെ!

ശിഖിധ്വജൻ പറഞ്ഞു – 'ആശ്ചര്യം, ഞാൻ ചിരകാലമായി പരിചരിച്ചുവളർത്തിയ പുണ്യവൃക്ഷം ഇന്നു പൂത്തു കായ്ച്ചിരിക്കുന്നു. തികച്ചും അസംഗനായ അങ്ങുപോലും എന്റെ കൂട്ടുകെട്ട് ഇഷ്ടപ്പെടുന്നല്ലോ.

അങ്ങുവിതറിത്തന്ന യോഗയുക്തികൾ എന്നെ പൂർണ വിശ്രമത്തിൽ എത്തിച്ചിരിക്കുന്നു. ഈ ശാന്തി സ്വർഗത്തിൽപ്പോലും എവിടെ കിട്ടാൻ! ഇപ്രകാരമുള്ള നിർമലവും പ്രകാശമയവുമായ സ്വരൂപസ്ഥിതി നേടി ഞാനിതാ സ്വർഗത്തിലായാലും ഭൂമിയിലായാലും ഇച്ഛപോലെ വിഹരിക്കുന്നു.

കുംഭൻ പറഞ്ഞു: 'പരമപദമായ മഹാനന്ദത്തിൽ എത്തിനിന്ന് അങ്ങു പൂർണവിശ്രമം നേടി; അല്ലേ. ഇതുവേറെ അതുവേറെ, ഇതു ദുഃഖം അതു സുഖം എന്ന ഭേദചിന്തയെല്ലാംവിട്ടു മാറിയോ? രാജാവേ, തത്ത്വാർഥം ഉറപ്പുവന്ന അങ്ങേയ്ക്ക് ആരംഭത്തിൽ മാത്രം രമ്യങ്ങളെന്നു തോന്നുന്ന വിഷയസങ്കൽപ്പങ്ങളിൽ താൽപ്പര്യം പൂർണമായും ശമിച്ചോ? അങ്ങയുടെ മനസ്സ് തള്ളാനും കൊള്ളാനും ഒന്നുമില്ലാതെ ശാന്തസമഭാവം കൈക്കൊണ്ടു വന്നുചേരുന്ന കാര്യങ്ങളിൽ വ്യാകുലപ്പെടാതെ കഴിയുന്നുണ്ടോ?

ശിഖിധ്വജൻ പറഞ്ഞു: 'ഭഗവൻ, ബോധാനുഭവ മഹത്ത്വം കൊണ്ട് ദൃശ്യത്തെ കടന്നുനിൽക്കുന്ന സത്യം നല്ലപോലെ തെളിഞ്ഞിട്ടുണ്ട്. സംസാരത്തിന്റെ മറുകര കണ്ടെത്തി; കിട്ടേണ്ടതു കിട്ടി എന്നുറപ്പുവന്നു. ഇനി എനിക്കായി ഉപദേശിക്കാനൊന്നുമുണ്ടെന്നു തോന്നുന്നില്ല. എവിടെയും ഞാൻ അത്യന്തതൃപ്തൻ; ഒരു വല്ലായ്മയും എന്നെ ബാധിക്കുന്നില്ല. സംസാരബന്ധം എനിക്കിനി ഇല്ല; മോഹമെല്ലാം ഒഴിഞ്ഞുപോയി; രാഗമശേഷമില്ല; ശമഭൂഷിതമായ മനസ്സിൽ സർവസമത്വം സദാ കളിയാടിനിൽക്കുന്നു. സൃഷ്ടികളങ്കം പറ്റിച്ചേരാത്ത സർവാത്മകസത്ത ആകാശകോശവിശദമായി സദാ എന്നെത്തഴുകിനിൽക്കുന്നു'.

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ അറിയേണ്ടതറിഞ്ഞ ആ രണ്ടാളും വിചിത്രങ്ങളായ ആധ്യാത്മകാര്യങ്ങൾ അന്യോന്യം ചർച്ചചെയ്ത് ഏതാനും ദിവസം ആ കാട്ടിൽ സഞ്ചരിച്ചു കഴിഞ്ഞുകൂടി. ഒരേ തരത്തിലുള്ള വനങ്ങൾ കുറ്റിക്കാടുകൾ, താഴ്‌വരകൾ, നദികൾ, മൃഗങ്ങളെക്കൊണ്ടുനിറഞ്ഞ കാട്ടുപ്രദേശങ്ങൾ, ചെടിക്കൂട്ടങ്ങൾ എല്ലാം അവർ ഒരുമിച്ചുകണ്ടുരസിച്ചു നടന്നു. തുല്യ സ്നേഹനിധികൾ, കൂട്ടുപിരിയാത്തവർ, സമബുദ്ധികൾ, സമോത്സാഹന്മാർ; അങ്ങനെയാണവരൊരുമിച്ചു സമയം കഴിച്ചുകൂട്ടിയത്. പിതൃക്കളെയും ദേവന്മാരെയും അർച്ചിച്ചു; ഭുജിപ്പിച്ചു; ഇതു സ്വീകാര്യം ഇതസ്വീകാര്യം എന്ന സങ്കൽപ്പമേ അവരെ ബാധിച്ചില്ല. രാമാ, ചിലപ്പോഴൊക്കെ കൊടുങ്കാറ്റടിച്ചു പർവതം പൊടിപടലംകൊണ്ടു മൂടുന്നതുപോലെ ദേഹം മുഴുവൻ പൊടിയണിഞ്ഞും ആ സുഹൃത്തുക്കൾ അങ്ങനെ സഞ്ചരിച്ചു. ചിലപ്പോഴവർ ദേഹം മുഴുവൻ ചന്ദനം പൂശിക്കൊണ്ടായിരിക്കും സഞ്ചരിക്കുക;

digitized by www.sreyas.in

മറ്റുചിലപ്പോൾ ഭസ്മം പൂശിക്കൊണ്ട്. ഇങ്ങനെ ഏതാനുംദിവസം തികഞ്ഞ സമചിത്തതയോടെ അവർ സഞ്ചരിച്ചു. കുംഭനെപ്പോലെതന്നെ രാജാവിനും തികഞ്ഞ ഉദാരത വന്നുചേർന്നു. തികച്ചും ഒരു ദേവപുരുഷനായി മാറിയിരിക്കുന്ന സ്വഭർത്താവിനെക്കണ്ട് ചൂഡാല ഇങ്ങനെ ചിന്തിച്ചു. 'ഉദാരചിത്തനായ ഭർത്താവു പൂർണമായും ആധിവിമുക്തനായിത്തീർന്നിരിക്കുന്നു. പ്രായവും അധികമായിട്ടില്ല. പൂത്തുലഞ്ഞുനിൽക്കുന്ന വള്ളികളെപ്പോലെ സുന്ദരങ്ങളായ ഗൃഹസാഹചര്യങ്ങളിൽ ഉദാസീനയാകുന്ന കുടുംബിനി കുടുംബിനിയേയല്ല. അറിയേണ്ടതറിഞ്ഞവർപോലും കർമഗതിയിൽ വന്നുചേരുന്ന സുഖസന്ദർഭങ്ങളെ തള്ളിക്കളയുന്നതു ശരിയല്ല. അതുകൊണ്ട് ഞാൻ പ്രജ്ഞകൊണ്ടു പുതിയൊരു സംവിധാനം രൂപപ്പെടുത്തുന്നതാണ്. അങ്ങനെയായാൽ രാജാവായ ഭർത്താവ് എന്നോടൊപ്പം രമിച്ചു കഴിഞ്ഞുകൂടും'. ഇങ്ങനെ ചിന്തിച്ചു ചൂഡാല വനമധ്യത്തിൽ ആൺകുയിലിനോടു പെൺകുയിലെന്നവണ്ണം ഇങ്ങനെ പറഞ്ഞു.

കുംഭൻ പറഞ്ഞു: 'ചൈത്രമാസം ശുക്ലപക്ഷത്തിലെ ആദ്യദിവസമാണിന്ന്. ഇന്നു സ്വർഗത്തിൽ ഇന്ദ്രമഹാസഭ കാര്യഗൗരവത്തോടെ സമ്മേളിക്കുന്നുണ്ടാവും. അച്ഛനോടൊപ്പം ഞാനും അവിടെ ഉണ്ടായേപറ്റൂ.

നടക്കേണ്ടതു നടത്തുന്ന നിയതിയെ ലംഘിക്കുന്നതുചിതമല്ല. അങ്ങു സത്യബോധത്തോടെ ഇവിടെ തുടർന്നാലും. വ്യാകുലതയില്ലാതെ ധ്യാനപുഷ്പംകൊണ്ടു കളി നടത്തിയാലും. ഇന്നുതന്നെ വൈകുന്നേരം ഞാൻ ആകാശത്തുനിന്നും തിരിച്ചെത്തും സ്വർഗസുഖത്തേക്കാൾ കൂടുതൽ എന്നെ സുഖിപ്പിക്കുന്നത് അങ്ങയുമായുള്ള കൂട്ടുകെട്ടാണ്'. ഇങ്ങനെ പറഞ്ഞ് ഒരു പൂക്കുല കുംഭൻ സുഹൃത്തിനായി സമ്മാനിച്ചു. പ്രഭുവിനെ പ്രീതിപ്പെടുത്താനെന്നപോലെ കൽപ്പവൃക്ഷത്തിൽ നിന്നൊടിച്ചെടുത്ത ആ പൂക്കുല മിത്രത്തിനു നൽകി. 'പെട്ടെന്നുതന്നെ തിരിച്ചെത്തണം' എന്നിങ്ങനെ രാജാവരുളിചെയ്യുന്നതിനിടയിൽ കുംഭൻ ഒരു ശരത്കാലമേഘംപോലെ ആകാശത്തേയ്ക്കു കുതിച്ചുയർന്നു. ശിഖിധ്വജന്റെ ദൃഷ്ടിയെ അതിക്രമിച്ചു എന്നു തോന്നിയപ്പോൾ ചൂഡാല കുംഭരൂപം വെടിഞ്ഞു. ശാന്തമായ ചുഴി ജലശോഭ വീണ്ടെടുക്കുന്നതുപോലെ സുന്ദരമായ തന്റെ അംഗനാരൂപം വീണ്ടെടുത്തു. പൂങ്കുലകൾ കൊണ്ടുനിറഞ്ഞ കൽപ്പവൃക്ഷം പോലെ ശോഭിച്ചുനിൽക്കുന്ന തന്റെ കൊട്ടാരത്തിലെത്തി. ആരും കാണാതെതന്നെ സുന്ദരിമാരെക്കൊണ്ടു നിറഞ്ഞ അന്തഃപുരത്തിലേയ്ക്കു കടന്നു. താമസം കൂടാതെ രാജകാര്യങ്ങളൊക്കെ ചെയ്തു തീർത്തു. സന്ധ്യയായതോടെ വീണ്ടും കുംഭരൂപം ധരിച്ചു ശിഖിധ്വജന്റെ മുൻപിലെത്തി. ഖിന്ന ഭാവത്തിൽ മുഖം മ്ലാനമാക്കി സ്ഥിതിചെയ്തു; രാത്രി ചന്ദ്രനെ മൂടൽമഞ്ഞുകൊണ്ടു മ്ലാനമാക്കുന്നതുപോലെ അഥവാ താമരയെ മുകുളമാക്കുന്നതുപോലെ. കുംഭനെ മ്ലാനവദനനായിക്കണ്ടു ശിഖിധ്വജൻ എണീറ്റു ഖിന്നമനസ്സായി ഇങ്ങനെ ചോദിച്ചു : 'ദേവപുത്രാ, നമസ്കാരം, എന്തോ വല്ലായ്മയുള്ളതു പോലെ കാണപ്പെടുന്നുണ്ടല്ലോ? സുഹൃത്തേ, വ്യാകുലത ഉപേക്ഷിച്ച് ഈ ഇരിപ്പിടത്തിൽ ഉപവിഷ്ടനാവൂ'.

311. സന്തോവിദിതവേദ്യോയേതേഹിഹർഷവിഷാദജാം
നാശ്രയന്തിസ്ഥിതിംസ്വസ്ഥാഃ പദ്മാ ഇവജലാർദ്രതാം

വെള്ളത്തിൽ തന്നെ കിടക്കുന്ന താമര, വെള്ളം തട്ടി കുതിർന്നു പോകാ

digitized by www.sreyas.in

റില്ല. അതുപോലെ അറിയേണ്ടതറിഞ്ഞവർ ഹർഷ വിഷാദങ്ങൾക്കു വഴങ്ങി ഈ ലോകത്തു ഒരിക്കലും സ്വസ്ഥിതി നഷ്ടപ്പെടുത്താറില്ല.

വസിഷ്ഠൻ പറഞ്ഞു: 'രാജാവിത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ കുംഭൻ ഇരിപ്പിടത്തിൽനിന്നും ചലിക്കാതെ വിഷണ്ണഭാവത്തോടെ ഉണങ്ങിയ മുള യിൽനിന്നും പുറപ്പെടുന്നതുപോലുള്ള ശബ്ദത്തിൽ ഇങ്ങനെ മറുപടി നൽകി.

കുംഭൻ പറഞ്ഞു: 'സമചിത്തത നഷ്ടപ്പെടാതെ തന്നെ കർമേന്ദ്രിയ ങ്ങൾകൊണ്ട് അവസ്ഥാമാറ്റങ്ങൾക്ക് ആരുവഴങ്ങുന്നില്ലയോ അവർ തത്ത്വം അറിഞ്ഞവരല്ല; ശഠന്മാരാണ്. രാജാവേ, തത്ത്വമറിയാത്ത മൂഢന്മാർ കുട്ടിക ളെപ്പോലെ അപ്പോഴപ്പോൾ വന്നു ചേരുന്ന അവസ്ഥാഭേദങ്ങളിൽ നിന്നും ഓടിയൊളിക്കാൻ ശ്രമിക്കുന്നു; തത്ത്വമറിഞ്ഞവർ ധീരമായി അവയെ നേരി ടുന്നു.

312. യാവത്തിലംയഥാതൈലം യാവദ്ദേഹം തഥാദശാ
യോനദേഹദശാമേതിസച്ഛിനത്ത്യസിനാംബരം.

യഥായാവത് തിലംതൈലം-എപ്രകാരമാണോ എള്ള് എള്ളായിരിക്കുന്നിട ത്തോളം അതിൽ തൈലം ഉണ്ടായിരിക്കുന്നത്; തഥായാവദ്ദേഹം തഥാ ദശാ-അതുപോലെ ദേഹമുണ്ടായിരിക്കുന്നിടത്തോളം അവസ്ഥാഭേദങ്ങളും വന്നുചേരും; യഃ ദേഹദശാം ന ഏതി-ദേഹത്തിന്റെ അവസ്ഥാഭേദങ്ങൾക്കു വഴങ്ങാത്തവൻ; അസിനാ അംബരാച്ഛിനത്തി-വാളുകൊണ്ട് ആകാശം മുറി ക്കുന്നവനാണ്.

എപ്രകാരമാണോ എള്ള് എള്ളായിരിക്കുന്നിടത്തോളം അതിൽ തൈലം ഉണ്ടായിരിക്കുന്നത്, അതുപോലെ ദേഹം ഉണ്ടായിരിക്കുന്നിടത്തോളം അവ സ്ഥാഭേദങ്ങളും വന്നുചേരും. ദേഹത്തിന്റെ അവസ്ഥാഭേദങ്ങൾക്കു വഴങ്ങാ ത്തവൻ വാളുകൊണ്ട് ആകാശം മുറിക്കുന്നവനാണ്.

**സച്ഛിനത്ത്യസിനാംബരം**

ദേഹവും ജഗത്തും ജഡമാണ്; പരസ്പരബദ്ധമാണ്. ദേഹത്തിന്റെ അവ സ്ഥാഭേദം ജഗത്തിനെയും ജഗത്തിന്റെ അവസ്ഥാഭേദം ദേഹത്തെയും ബാധി ക്കുന്നതായി തോന്നും. ജഡം നിയമേന നിരന്തരവികാരിയാണ്. ജനിക്കുക, നിലനിൽക്കുക, വളരുക, രൂപം മാറുക, ക്ഷയിക്കുക, നശിക്കുക ഈ ആറു വികാരങ്ങളും ജഡസ്വഭാവങ്ങളായ അവസ്ഥാഭേദങ്ങളാണ്. എതു ജഡരൂപ ത്തിനും ഇവ സംഭവിച്ചേ പറ്റൂ. ദേഹം ജഡമായതുകൊണ്ട് ഏതു ജീവമു ക്തന്റെ ദേഹത്തിനും ഈ അവസ്ഥാഭേദങ്ങൾ ബാധകമാണ്. ദേഹത്തിന്റെ അവസ്ഥാഭേദങ്ങൾ മാറ്റിയെടുക്കുകയല്ല സത്യദർശനം. ഞാൻ ദേഹമല്ല; നിത്യമുക്തമായ ആത്മാവാണ് അഥവാ ശുദ്ധബോധമാണ് എന്നു വേർതി രിച്ചനുഭവിക്കുന്നതാണു സത്യദർശനം. അപ്പോൾ ഒരു ജീവന്മുക്തന് തന്റെ ദേഹത്തിന് എന്തു സംഭവിച്ചാലും ഒന്നുമില്ല. ദേഹം ഇരുന്നാലും നിന്നാലും തറയിൽ കിടന്നുപിടഞ്ഞാലും ചീഞ്ഞളിഞ്ഞാലും താൻ ദേഹമാണെന്നുള്ള ഭ്രമം അദ്ദേഹത്തിനില്ല. ചിലപ്പോൾ അവസ്ഥാഭേദങ്ങൾക്കനുസരണമായി കര ച്ചിലോ കണ്ണുനീരോ പിടച്ചിലോ ഒക്കെ സംഭവിച്ചു എന്നും വരാം. അപ്പോ ഴൊക്കെ ഇവ ദേഹ ജഡത്തിന്റെ വൈകൃതങ്ങൾ; നിത്യമുക്തനായ എനിക്ക് ഇതുകൊണ്ടൊന്നും ഒരുകേടുമില്ലെന്ന് അദ്ദേഹം ഉള്ളിൽ വ്യക്തമായി അനു

digitized by www.sreyas.in

ഭവിക്കുന്നുണ്ടാവും. ഇതാണു തത്ത്വസ്ഥിതി.

കുംഭൻ തുടർന്നു: 'അപ്പോൾ ജഡത്തിന്റെ അവസ്ഥാവിശേഷങ്ങളിൽനിന്നും മുക്തനാകുന്നതെങ്ങനെയാണ്. മനസ്സിന്റെ സമനിലയാണ് മുക്തി അല്ലാതെ ദേഹത്തിന്റേയോ കർമേന്ദ്രിയങ്ങളുടെയോ സമസ്ഥിതിയല്ല. മനസ്സിന്റെ സമസ്ഥിതി ഉറച്ചസത്യബോധം കൊണ്ടുവന്നു ചേരേണ്ടതുമാണ്. ഞാൻ ജഡദേഹമല്ല; ആനന്ദഘനമായ ബോധമാണ് എന്ന അനുഭവമാണ് സത്യബോധം. ഒരു സത്യനിഷ്ഠൻ ആചാരമനുസരിച്ച് മാറിവരുന്ന ദേഹദശകളെ കർമേന്ദ്രിയങ്ങൾ കൊണ്ടനുസരിക്കുന്നു; ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ടല്ല. ബ്രഹ്മാവു മുതൽ സത്യമറിഞ്ഞിട്ടുള്ള എല്ലാവരും ദേഹദശകളെ പിന്തുടർന്നു തന്നെ വ്യവഹരിക്കുന്നു. ഇതു നിയതിയുടെ നിയമമാണ്. അതിനുവഴങ്ങാതെ ഒഴിഞ്ഞുമാറാൻ ആർക്കും സാധ്യമല്ല.

313. അജ്ഞതത്ത്വജ്ഞഭൂതാനി ദൃശ്യജാതമിദംഹിയത്
തത്സർവമേവനിയതിം ധാവത്യംബുയഥാംബുധിം

അജ്ഞന്മാരും തത്വജ്ഞന്മാരും അടങ്ങുന്നതാണ് ദൃശ്യപ്രപഞ്ചം. അതു മുഴുവൻ സദാ ജലം സമുദ്രത്തെ അനുഗമിക്കുന്നതുപോലെ നിയതിയെ അനുഗമിക്കുന്നു. വ്യക്തമായ ജഡബോധ നിയമമുൾപ്പെട്ടതാണ് നിയതി. ആറു വികാരങ്ങളോടുകൂടിയ നിരന്തരപരിണാമിയാണു ജഡം എന്നതാണ് ജഡനിയമം. ആനന്ദഘനവും നിത്യനിർവികാരവുമാണ് ബോധം എന്നതാണ് ബോധനിയമം. ഈ രണ്ടുനിയമങ്ങളുമുൾപ്പെട്ടനിയതിയെ വേർതിരിച്ചറിയുന്നയാളാണ് ജ്ഞാനി. വേർതിരിച്ചറിയാത്തയാൾ അജ്ഞൻ. ദേഹമുള്ളിടത്തോളം ജ്ഞാനി അലംഘനീയയായ ഈ നിയതിയെ മനസ്സിന്റെ സമനിലകൊണ്ടും കൈ തുടങ്ങിയ കർമേന്ദ്രിയങ്ങളുടെ ചലനം കൊണ്ടും അനുസരിക്കുന്നു. അജ്ഞന്മാരാകട്ടെ സുഖദുഃഖങ്ങളിൽ സദാക്ഷോഭിച്ചിളകി തളർന്നവശരായി അലംഘനീയയായ ഈ നിയതിയെ ലക്ഷക്കണക്കിന് ദേഹങ്ങൾ മാറിമാറിയംഗീകരിച്ച് അനുസരിക്കുന്നു ഇതാണ് ജ്ഞാനിയും അജ്ഞനും തമ്മിലുള്ള ഭേദം.

ശിഖിധ്വജൻ ചോദിച്ചു: 'വസ്തുത ഇതാണെങ്കിൽ ഭാഗ്യശാലിയായ അങ്ങേയ്ക്കീവ്യാകുലത എങ്ങനെ വന്നുചേർന്നു? അറിയേണ്ടതറിഞ്ഞ ദേവനല്ലെ അങ്ങ്; എന്നോടുപറയൂ'

കുംഭൻ പറഞ്ഞു: 'സ്വർഗത്തിൽവച്ചുണ്ടായ ഒരു സംഭവം വ്യക്തമായി ഞാനങ്ങയെ കേൾപ്പിക്കാം. സുഹൃത്തുമായി പങ്കുവയ്ക്കുന്ന ദുഃഖം കുറഞ്ഞുകിട്ടുമെന്നു തീർച്ച. അച്ഛനോടൊപ്പം ഞാനും ദേവസദസിൽ പങ്കുകൊണ്ട് സഭപിരിഞ്ഞപ്പോൾ പിതാവെന്നെ പൊയ്ക്കൊള്ളാൻ അനുവദിച്ചു. ഇവിടെ എത്തിച്ചേരാനുള്ള തിടുക്കത്തിൽ സ്വർഗം വിട്ടു ഞാൻ ആകാശത്തേയ്ക്കുയർന്നു. സൂര്യന്റെ കതിരുകളോടൊപ്പം ഞാനും വായുമാർഗത്തെ അനുഗമിച്ചു. ഒരിടത്തെത്തിയപ്പോൾ സൂര്യൻ മറ്റൊരു വഴിക്കു തിരിഞ്ഞുപോയി. ഞാൻ സമുദ്രത്തെ ലക്ഷ്യമാക്കി താഴോട്ടിറങ്ങിവന്ന് കുറെ കാർമേഘപടലങ്ങളുടെ ഇടയ്ക്കകപ്പെട്ടു. അവിടെ വച്ച് എന്റെ നേർക്കുവരുന്ന ദുർവാസാവുമുനിയെ കാണാനിടയായി. ദിഗംബരനായിട്ടായിരുന്നു അദ്ദേഹത്തിന്റെ വരവ്. ആകാശത്തിൽ യാത്രതുടർന്നുകൊണ്ടുതന്നെ ഞാനിങ്ങനെ ചോദിച്ചു: നമസ്കരിച്ചാണ് ചോദിച്ചത്. 'മുനേ, ദിഗംബരനായ അങ്ങ് ഒരഭിസാരികയെ

digitized by www.sreyas.in

പ്പോലെ കാണപ്പെടുന്നല്ലോ! ഇതുകേട്ട ഉടൻതന്നെ കോപാകുലനായി അദ്ദേഹം എന്നെ ശപിച്ചു. ഈ വേണ്ടാത്തതുപറഞ്ഞതുകൊണ്ട് നീ രാത്രി തോറും സ്തനകേശങ്ങളോടുകൂടി ഹാവഭാവവികാരങ്ങളോടുകൂടി ഒരു സ്ത്രീയായി ഭവിക്കും! ആ വൃദ്ധതാപസനിൽനിന്നും ഉതിർന്ന അശുഭമായ ശാപവചസ്സുകേട്ട് ഞാനതിനെക്കുറിച്ചാലോചിക്കുന്നതിന് മുൻപുതന്നെ എന്റെ കണ്ണിൽനിന്നദ്ദേഹം മറയുകയും ചെയ്തു. ഇങ്ങനെ വ്യാകുലഹൃദയനായിട്ടാണ് ഞാൻ സ്വർഗത്തുനിന്നും അങ്ങയുടെ അടുത്തെത്തിയിരിക്കുന്നത്. രാത്രി കാലങ്ങളിൽ സ്ത്രീരൂപം ധരിച്ച് ഞാൻ എങ്ങനെ കഴിച്ചുകൂട്ടും? ഗുരുക്കന്മാർ, ദേവന്മാർ, ബ്രാഹ്മണർ ഇവരുടെയൊക്കെ മുമ്പിൽ സ്ത്രീരൂപം പൂണ്ട് ലജ്ജാപരവശയായി രാത്രികാലങ്ങളിൽ വർത്തിക്കുന്നതെങ്ങനെ?

ശിഖിധ്വജൻ പറഞ്ഞു: 'ദേവപുത്രാ, വിലപിച്ചതുകൊണ്ടെന്തു പ്രയോജനം? വരേണ്ടതുവന്നുപോട്ടെ. ആത്മാവിനു ദേഹവുമായി ബന്ധമില്ലല്ലോ. വേദാന്തസത്യമറിയുന്ന അല്ലയോ മഹാത്മാവേ, ഒരിക്കലും ദുഃഖിക്കാൻ പാടില്ലാത്ത വിദ്വാനായ അങ്ങുപോലും ഇപ്രകാരം ദുഃഖവിധേയനാകുന്നുവെങ്കിൽ സാധാരണക്കാരായ മറ്റുള്ളവരുടെ കഥയെന്തായിരിക്കും?

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ പലതും പറഞ്ഞവർ അന്യോന്യം ആശ്വസിപ്പിച്ചു. ദുഃഖിതരായ രണ്ടുറ്റ സുഹൃത്തുക്കളെപ്പോലെ അവരാക്കാട്ടിൽ കഴിഞ്ഞു. തുടർന്നു ലോകത്തിന്റെ മുഴുവൻ വിളക്കായ സൂര്യഭഗവാൻ എണ്ണവറ്റിയ ദീപം പോലെ കുംഭനു സ്ത്രീത്വം നൽകാനാണോ എന്നു തോന്നുമാറ് അസ്തമന പർവതത്തെ പ്രാപിച്ചു. രണ്ടു സുഹൃത്തുക്കളുമെണീറ്റ് സന്ധ്യാനിയമങ്ങളനുഷ്ഠിച്ച് ഉദിച്ചുയരുന്ന ചന്ദ്രഭഗവാനെ വണങ്ങി; എന്നിട്ട് ഒരു വള്ളിക്കുടിലിനകത്തിരുന്നു ജപമാരംഭിച്ചു. ക്രമേണ കുംഭന്റെ ദേഹം സ്ത്രീരൂപം കൈക്കൊള്ളാൻ തുടങ്ങി. കുംഭൻ മുൻപിലിരുന്ന ശിഖിധ്വജനോട് തൊണ്ടയിടറി ഇങ്ങനെ പറഞ്ഞു: 'രാജാവേ, എന്റെ ദേഹം വീഴുന്നതുപോലെ തോന്നുന്നു; ദേഹം മുഴുവൻ വല്ലാതെ തരിയ്ക്കുന്നു; ഉരുകുന്നു. ലജ്ജയോടുകൂടി ഈ വനത്തിൽ ഞാനിതാ സ്ത്രീത്വം പ്രാപിക്കുന്നു. ഇതാ നോക്കൂ, എനിക്കു തലമുടി വളരുന്നു; മാർവിടത്തിൽ ഇതാ സ്തനങ്ങൾ മുളയ്ക്കുന്നു. ഉപ്പൂറ്റിവരെ നീണ്ടു കിടക്കുന്ന വസ്ത്രങ്ങൾ വന്നു ചേരുന്നു. അനുഭവത്തിൽ നിതംബവും ജഘനവും ഉണ്ടായതായി തോന്നുന്നു!

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ പറഞ്ഞു കുംഭൻ കാട്ടുമധ്യത്തിൽ ഖിന്നനായി ഭവിച്ചു. രാജാവും കുംഭന്റെ സ്ത്രീരൂപം കണ്ടു ഖിന്നനായി ഇങ്ങനെ അരുളിച്ചെയ്തു. 'മഹാത്മൻ, അറിയേണ്ടതറിഞ്ഞയാളല്ലേ അങ്ങ്. നിയതി അലംഘനീയയാണെന്നറിഞ്ഞുകൂടേ? സംഭവിച്ചേ പറ്റൂ എന്നുള്ള കാര്യത്തിൽ ഖേദമുപേക്ഷിക്കൂ; പരിഹരിക്കാൻ കഴിയാത്ത കാര്യത്തിൽ ദുഃഖിച്ചിട്ടെന്തു ഫലം!

കുംഭൻ പറഞ്ഞു: 'രാജാവേ, അങ്ങു പറഞ്ഞതു വാസ്തവം. സ്ത്രീത്വം ഞാൻ ദുഃഖമില്ലാതെ അംഗീകരിക്കുന്നു. നിയതിയെ ലംഘിക്കാൻ ആർക്കു കഴിയും?

ഇങ്ങനെ തീരുമാനിച്ച് അവർ രണ്ടുപേരും ദുഃഖം വെടിഞ്ഞു. രാത്രി മുഴുവൻ നിർവികാരതയോടെ ഒരേ കിടക്കയിൽ തന്നെ കഴിച്ചുകൂട്ടി. പ്രഭാതമായതോടെ കുംഭൻ യൗവ്വനംനിറഞ്ഞു നിന്ന സ്ത്രീരൂപം വെടിഞ്ഞു; സ്തനങ്ങളെല്ലാം പോയ്മറഞ്ഞ പഴയ കുംഭനായി ഭവിച്ചു. ഇപ്രകാരം കുലാംഗന

digitized by www.sreyas.in

യായ ചൂഡാല ഭർത്താവിനോടൊപ്പം പകൽ കുംഭനായും രാത്രി യൗവ്വന യുക്തയായ സ്ത്രീയായും ദിവസങ്ങൾ നയിച്ചു. രാത്രി കുമാരീ രൂപം ധരിച്ചു രാജാവുമായി കഴിച്ചു; പകൽ ഭർത്താവായ സുഹൃത്തിനോടൊപ്പം കുംഭരൂപധരനായി വിഹരിച്ചു. ഇങ്ങനെ കുറെ ദിവസം കഴിഞ്ഞപ്പോൾ കുംഭരൂപം ധരിച്ച ചൂഡാല ഒരു ദിവസം ഭർത്താവിനോടിങ്ങനെ പറഞ്ഞു: 'അല്ലയോ സുന്ദരമൂർത്തിയായ രാജാവേ ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കൂ. ഓരോ ദിവസവും രാത്രിതോറും ഞാനൊരംഗനയായിമാറുകയാണ്. ആ നിലയ്ക്ക് എന്റെ അംഗനാരൂപം സഫലമാക്കാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഒരു ഭർത്താവിന് എന്നെ വിവാഹം കഴിച്ചുനൽകാൻ ഞാൻ തീരുമാനിച്ചു. മൂന്നുലോകത്തും എനിക്ക് ഇഷ്ടപ്പെട്ടഭർത്താവങ്ങാണ്. എന്നെ വിവാഹം കഴിക്കൂ; രാത്രിതോറും ഞാൻ അങ്ങയുടെ ഭാര്യയാണ്.

ശിഖിധ്വജൻ പറഞ്ഞു: മഹാബുദ്ധേ, അങ്ങയുടെ ഇഷ്ടം നടന്നതായി കരുതിക്കോളൂ. സഖേ, എനിക്കൊന്നിലും ശുഭമെന്നോ അശുഭമെന്നോ വേർതിരിവില്ല. അങ്ങെന്താഗ്രഹിക്കുന്നോ അതു നടത്തൂ!

കുംഭൻ പറഞ്ഞു: മഹീപതേ, അങ്ങനെയാണെങ്കിൽ ഇപ്പോൾ തന്നെയാണു പറ്റിയ മുഹൂർത്തം. ശ്രാവണമാസത്തിലെ പൂർണിമയുടെ തലേദിവസമാണിന്ന്. ഇന്നലെതന്നെ ഞാനെല്ലാം ഗണിച്ചുവന്നു. രാത്രി പൂർണകലാനിധിയായ ചന്ദ്രൻ ഉദിച്ചുയരും. നമ്മുടെ രണ്ടുപേരുടെയും വിവാഹം ഇന്നു തന്നെ നടക്കും. വിവാഹത്തിനായി തയ്യാറാവൂ; എഴുന്നേൽക്കൂ. രത്നങ്ങളോടൊപ്പം ചന്ദനം പുഷ്പം തുടങ്ങിയവയെല്ലാം ശേഖരിക്കണം!

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ പറഞ്ഞു കുംഭൻ രാജാവിനോടൊപ്പം എഴുന്നേറ്റു. പൂക്കളും രത്നങ്ങളും മറ്റും ശേഖരിക്കാൻ തുടങ്ങി. സ്വർണമയമായ ഒരു കൂടയിൽ വിവാഹത്തിനുവേണ്ട എല്ലാ സാധനങ്ങളും ശേഖരിച്ചു. രണ്ടു സുഹൃത്തുക്കളും ഗംഗയിൽ കുളിക്കാനായി പോയി. കുളികഴിഞ്ഞു ദേവന്മാരെയും പിതൃക്കളെയും മുനിമാരെയും പൂജിച്ചു. ക്രിയാഫലത്തിൽ താൽപ്പര്യമില്ലാത്തതു പോലെതന്നെ അവർക്കു ക്രിയാത്യാഗത്തിലും താൽപ്പര്യമില്ല. കൽപ്പവൃക്ഷത്തിൽ നിന്നു കിട്ടിയ വെളുത്ത പട്ടുകൾ ധരിച്ചു കായ്കനികളും ഭക്ഷിച്ച് വിവാഹത്തിനായി നിശ്ചയിച്ച സ്ഥാനത്ത് അവർ എത്തിച്ചേർന്നു. അപ്പോഴേക്കും സൂര്യനും അസ്താചലം പ്രാപിച്ചു.സന്ധ്യാവന്ദനം കഴിഞ്ഞതോടെ കുംഭൻ വധുവായി മാറി. ശിഖിധ്വജനോടവൾ പറഞ്ഞു. നാഥാ, എന്നെ ആഭരണങ്ങളണിയിക്കൂ. അതുകഴിഞ്ഞ് അഗ്നിജ്വലിപ്പിച്ച് അഗ്നിദേവനെ സാക്ഷിയാക്കി എന്റെ പാണി ഗ്രഹിക്കൂ. സുന്ദരനായ രാജാവേ, ഇന്നു മുതൽ മദനിക എന്ന പേരിൽ ഞാൻ അങ്ങയുടെ പ്രിയതമയാണ്. ഇങ്ങനെ മദനിക പറഞ്ഞതെല്ലാം രാജാവ് നിർവഹിച്ചു. മഹേന്ദ്രപർവത ഗുഹയിൽ കുംഭനും ശിഖിധ്വജനും സ്വയം വിവാഹിതരായി ഇഷ്ടദമ്പതികളായി ഭവിച്ചു. വനരാജിയിൽ അവർ ദിവസവും ഉല്ലാസമായി കഴിഞ്ഞു. വിചിത്രവും കായ്കളെക്കൊണ്ട് നിറഞ്ഞതും പൂക്കളും തളിരുകളും കൊണ്ടു ശോഭിക്കുന്നതുമായ സുന്ദര വനപ്രദേശം. മൂന്നു ദിവസത്തിലൊരിക്കൽ ശിഖിധ്വജൻ നിദ്രയിലാണ്ടു കിടക്കുമ്പോൾ ചൂഡാല കൊട്ടാരത്തിൽ രാജ്യകാര്യങ്ങൾ ശരിപ്പെടുത്തിയിട്ടു തിരിച്ചുവരും. അങ്ങനെ ഏതാനും മാസങ്ങൾ കഴിഞ്ഞുപോയി. അപ്പോഴേക്കും കുംഭരൂപിണിയായ

digitized by www.sreyas.in

ചൂഡാല ചിന്തിച്ചു: 'അതിരറ്റ ഭോഗസാമഗ്രികളിലൂടെ ഞാൻ ഭർത്താവിനെ പരീക്ഷിച്ചു നോക്കുന്നുണ്ട്. ലോകഭോഗങ്ങളിൽ എപ്പോഴെങ്കിലും അദ്ദേഹത്തിന്റെ മനസ്സു പറ്റിക്കൂടുന്നുണ്ടോ എന്നറിയണമല്ലോ?

വസിഷ്ഠൻ പറഞ്ഞു : "ഇങ്ങനെ ചിന്തിച്ചു ചൂഡാല ഭർത്താവുമൊരുമിച്ചു വനപ്രദേശത്തൊരിടത്തെത്തി. ദേവന്മാരോടും അപ്സരസ്സുകളോടും കൂടി അവിടെവന്നു നിൽക്കുന്ന ദേവേന്ദ്രനെ രാജാവിനു കാണിച്ചുകൊടുത്തു. പരിവാരസമേതനായി ഇന്ദ്രൻ വന്നു നിൽക്കുന്നതു കണ്ടു ശിഖിധ്വജൻ അവരെ വേണ്ടപോലെ പൂജിച്ചു. എന്നിട്ടിങ്ങനെ ചോദിച്ചു: 'ഹേ ദേവരാജാ, ഞങ്ങളെ കാണാൻ ഇത്രദൂരം വരെ ഇങ്ങോട്ടു വന്നു ക്ലേശിച്ചതെന്തിനാണ്? അതു വെളിപ്പെടുത്താൻ കാരുണ്യമുണ്ടാവണം.'

ഇന്ദ്രൻ പറഞ്ഞു: 'രാജാവേ, അങ്ങയുടെ ഗുണാതിശയം കേട്ടറിഞ്ഞാണു ഞങ്ങളിവിടെ എത്തിയത്. കാട്ടിലുള്ള പക്ഷികൾ ദേഹത്തു കെട്ടിയിരിക്കുന്ന നൂലിൽ കൂടി പിടിച്ചടുപ്പിക്കപ്പെടുന്നതു പോലെ. എണീക്കൂ. സ്വർഗത്തേക്കു വരൂ. അവിടെ എല്ലാവരും അങ്ങേയെക്കാണാൻ കാത്തിരിക്കുന്നു. ദേവസുന്ദരിമാരെല്ലാം അങ്ങയുടെ ഗുണഗണങ്ങളെക്കുറിച്ചു കേട്ട് ആശ്ചര്യപ്പെട്ടു കഴിയുകയാണ്. ജീവന്മുക്തനായ അങ്ങ് കൽപ്പാവസാനം വരെ സ്വർലോക സുഖങ്ങൾ യഥേഷ്ടം അനുഭവിച്ചവിടെ വസിച്ചാലും. അങ്ങയെ അങ്ങോട്ടു ക്ഷണിക്കാനാണ് ഞാനെത്തിയിരിക്കുന്നത്.'

ശിഖിധ്വജൻ പറഞ്ഞു: 'ഹേ ദേവാധിനായക, സ്വർഗസുഖങ്ങളെക്കുറിച്ചൊക്കെ എനിക്കു നല്ലപോലെ അറിയാം. എന്നാൽ എനിക്കെല്ലായിടത്തും സ്വർഗമാണ്. എന്റെ സ്വർഗം ഒരു പ്രത്യേക സ്ഥലത്തു നിയതമല്ല. പ്രഭോ, ഞാൻ സർവത്ര സന്തോഷിക്കുന്നു; സർവത്ര രമിക്കുന്നു. പ്രത്യേകം ഒരാഗ്രഹവുമില്ലാത്തതു കൊണ്ട് എനിക്കെല്ലായിടത്തും ആനന്ദം മാത്രമേയുള്ളൂ ഒരു പ്രത്യേക സ്ഥലത്തു പ്രത്യേകമായി ഏർപ്പെടുത്തിയിരിക്കുന്ന സുഖമൊന്നും എനിക്കാവശ്യമില്ല; അതുകൊണ്ടവിടെ വരാൻ ഞാനാഗ്രഹിക്കുന്നില്ല. തൽക്കാലം അങ്ങയുടെ ആജ്ഞ അനുസരിക്കാൻ എനിക്കു നിവൃത്തിയില്ല!

വസിഷ്ഠൻ പറഞ്ഞു: 'ശിഖിധ്വജൻ ഇപ്രകാരം പറഞ്ഞു കഴിഞ്ഞതോടെ ദേവസമൂഹം മുഴുവൻ 'അങ്ങേക്കു മംഗളം ഭവിക്കട്ടെ' എന്നാശംസിച്ചു കൊണ്ട് അവിടെ നിന്നും മറഞ്ഞു. ആ മായയെ ശമിപ്പിച്ചിട്ടു ചൂഡാല ചിന്തിച്ചു: 'ഭാഗ്യം കൊണ്ടു ഭർത്താവു ഭോഗേച്ഛയാൽ അൽപ്പംപോലും പ്രലോഭിതനാകുന്നില്ല. ശാന്തനും സമചിത്തനുമാണദ്ദേഹം. ഇങ്ങനെ ഇന്ദ്രൻ അടുത്തു വന്നിട്ടും ഒരു സംഭ്രമവും കൂടാതെ ലീലയായി അദ്ദേഹത്തോടു പെരുമാറി. ഇനിയും ഇദ്ദേഹത്തെ ചില പ്രപഞ്ചനങ്ങളിൽ കൂടി പരീക്ഷിച്ചു നോക്കുന്നുണ്ട്; ബുദ്ധിയെ പ്രക്ഷുബ്ധമാക്കാവുന്ന ചിലരാഗദ്വേഷ സന്ദർഭങ്ങളിൽകൂടി!

ചൂഡാല ഇങ്ങനെ ചിന്തിച്ചുറച്ചു. നേരം സന്ധ്യയായി. വനത്തിൽ ചന്ദ്രനുദിച്ചുയർന്നു. ശിഖിധ്വജൻ നദിയുടെ കരയിൽ സന്ധ്യാവന്ദനം കഴിഞ്ഞു ജപത്തിൽ മുഴുകിയിരിക്കുകയാണ്. ചൂഡാല തീരുമാനിച്ചുറച്ചുകൊണ്ട് പൂങ്കുലകളെക്കൊണ്ട് ഇടതിങ്ങി മറയ്ക്കപ്പെട്ടിരുന്നതും വനദേവതമാരുടെ ആവാസസ്ഥാനവുമായ ഒരന്തഃപുരത്തിലേയ്ക്കുകടന്നു. അവിടെ പൂമാലകൾകൊണ്ടലങ്കരിച്ച ഒരു പൂമെത്ത സങ്കൽപ്പിച്ചുണ്ടാക്കി. സങ്കൽപ്പിച്ചുണ്ടെന്നു

digitized by www.sreyas.in

തോന്നിച്ച ഒരു പ്രിയതമനെ ആലിംഗനം ചെയ്തുകൊണ്ടതിൽ ശയിച്ചു. ശിഖിധ്വജൻ ജപം കഴിഞ്ഞു തിരിച്ചുവന്നു ഭാര്യയെ അന്വേഷിച്ചു. വള്ളിക്കുടിലിനകത്തു ചെന്നു നോക്കി. പുഞ്ചിരിതൂകിക്കൊണ്ട് ആലിംഗബദ്ധരായിക്കിടക്കുന്ന ഇണകളെയാണദ്ദേഹം കണ്ടത്. ഒരു വികാരവും കൂടാതെ മനസ്സുകൊണ്ടദ്ദേഹം സന്തോഷിച്ചു. കുട്ടികൾ അതിയായ സുഖമനുഭവിക്കുന്നു. 'കുട്ടികളെ, ഇഷ്ടംപോലെ സുഖിക്കുവിൻ; ഒട്ടും പരിഭ്രമിക്കേണ്ട, സുഖാനുഭവത്തിനു വിഘ്നം വരുത്തുകയും വേണ്ട' എന്നുപറഞ്ഞദ്ദേഹം സ്ഥലം വിട്ടു. അൽപ്പംകഴിഞ്ഞു ചൂഡാല അദ്ദേഹത്തിന്റെ അടുത്തെത്തി. രതിക്രീഡയിൽ ആകുലമായദേഹം പ്രദർശിപ്പിച്ചുകൊണ്ടാണു ചെന്നത്. ഹേമശിലാതലത്തിൽ ശാന്തനായി വിരാജിക്കുന്ന ഭർത്താവിനെക്കണ്ടു. കണ്ണൽപ്പം തുറന്നു സമാധിയിലാണ്ടിരിക്കുകയാണദ്ദേഹം. മദനിക അവിടെയെത്തി ലജ്ജകൊണ്ടു മുഖംകുനിച്ചു നിലയായി. കുറച്ചുനേരം ദുഃഖിതയായി മ്ലാനവദനയായി അവിടെ അങ്ങനെനിന്നു. അൽപ്പം കഴിഞ്ഞു ധ്യാനത്തിൽ നിന്നും ഉണർന്നു കണ്ണുതുറന്ന ശിഖിധ്വജൻ മദനികയോടുപറഞ്ഞു; ക്ഷോഭമശേഷമില്ലാത്ത പ്രസന്നമധുരസ്വരത്തിലാണദ്ദേഹം സംസാരിച്ചത്: 'ഹേ സുന്ദരി, ആനന്ദമനുഭവിച്ചുകൊണ്ടിരുന്ന നിനക്കു പെട്ടെന്നെന്നിൽ നിന്നു തടസ്സം വല്ലതുമുണ്ടായോ? പ്രേമവിലാസങ്ങൾകൊണ്ടു കാമുകനെ വീണ്ടും പോയി സന്തോഷിപ്പിക്കൂ. ഈ ലോകത്ത് പരസ്പരം ഇഷ്ടപ്പെട്ടു സ്നേഹിക്കാൻ കഴിയുന്നത് അപൂർവമാണ്!

മദനികപറഞ്ഞു: 'മഹാത്മൻ, ഇതിങ്ങനെയാണ്; സ്ത്രീസ്വഭാവം അത്യന്തചഞ്ചലമാണ്. സ്ത്രീകളിൽ കാമം പുരുഷന്മാരെക്കാൾ എട്ടിരട്ടിയാണ്. അതുകൊണ്ട് ദയവായി എന്നോടു കോപിക്കരുത്. അബലയും ബാലയും മൂഢനുമായ ഞാൻ അപരാധിനിതന്നെ. നാഥാ, എന്നോടു ക്ഷമിക്കണം; സജ്ജനങ്ങൾ ക്ഷമാശീലരാണല്ലോ!

ശിഖിധ്വജൻ പറഞ്ഞു: "കുട്ടീ, ആകാശത്തിൽ വൃക്ഷമെന്നപോലെ കോപം എനിക്കില്ലേ, ഇല്ല. എന്നാൽ നിന്റെ കർമം സജ്ജനനിന്ദ്യമായതുകൊണ്ടു നിന്നെ ഞാനിനി ഭാര്യാപദത്തിൽ അംഗീകരിക്കുന്നില്ല!

വസിഷ്ഠൻ പറഞ്ഞു: 'ഇത്രയുമായതോടെ ശിഖിധ്വജമനസ്സിന്റെ പൂർണമായ സമസ്ഥിതിയിൽ ചൂഡാല തികച്ചും സംതൃപ്തയായി. തികച്ചും സന്തുഷ്ടയായ അവൾ ഇങ്ങനെ ചിന്തിച്ചു: 'ആശ്ചര്യം, ഭഗവാൻ തികച്ചും സമനിലപ്രാപിച്ചിരിക്കുന്നു. ഭോഗാശയൊന്നും അദ്ദേഹത്തെ പ്രലോഭിപ്പിക്കുന്നില്ല; സ്വർഗസമ്പത്തിൽപോലും മനസ്സു ചഞ്ചലമാകുന്നില്ല. ഇനി സ്വന്തം കഥകളെല്ലാം അദ്ദേഹത്തെ ഓർമിപ്പിക്കാം. മദനികാരൂപം വെടിഞ്ഞു ചൂഡാലയായി മുൻപിൽ നിൽക്കാം.

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ ചിന്തിച്ചു ചൂഡാല ചൂഡാലയായി ഭവിച്ചു. പ്രണയപേശലയായ അവരെ രാജാവു മുൻപിൽ കണ്ടു. പ്രിയതമയെ മുൻപിൽകണ്ടു രാജാവിന്റെ കണ്ണുകൾ വിസ്മയത്താൽ വികസിതങ്ങളായി ആശ്ചര്യാകുലമായ സ്വരത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ഹേ, വരാംഗനേ, നീയാരാണ്? നീ എവിടെനിന്നുവരുന്നു? ഇവിടെ എന്തിനു വന്നു; എത്രകാലമായി വന്നിട്ട്; എന്തിനിവിടെ നിൽക്കുന്നു? ദേഹംകൊണ്ടും പെരുമാറ്റംകൊണ്ടും പുഞ്ചിരികൊണ്ടും അനുനയംകൊണ്ടും മായാവിലാസംകൊണ്ടും നീ എന്റെ ചൂഡാലയെപ്പോലെ കാണപ്പെടുന്നുണ്ടല്ലോ.

digitized by www.sreyas.in

ചൂഡാല പറഞ്ഞു: "പ്രഭോ, അതൊക്കെ അങ്ങനെതന്നെയാണ്. ഇതു ചൂഡാലതന്നെ; സംശയമേവേണ്ട. സ്വതേയുള്ള അകൃത്രിമമായ ദേഹവുമായി അങ്ങയുടെ പ്രിയതമ ഇതാനിൽക്കുന്നു. കുംഭാദികൃത്രിമ ദേഹങ്ങൾ അംഗീകരിച്ചതൊക്കെ അങ്ങയെ ഉദ്ബുദ്ധനാക്കാൻ വേണ്ടി. അങ്ങനെ അനേക പ്രപഞ്ചനങ്ങൾ ഇവിടെ നടന്നു. ഇന്നങ്ങ് അറിയേണ്ടതറിഞ്ഞവനായി. ധ്യാനംകൊണ്ട് സംശയരഹിതമായി എല്ലാം അങ്ങേക്കറിയാൻ കഴിയും. മനസ്സ് ധ്യാനനിഷ്ഠമാക്കി എല്ലാം കണ്ടറിയൂ'.

വസിഷ്ഠൻ പറഞ്ഞു: 'ചൂഡാല ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ രാജാവ് നിശ്ചയബുദ്ധിയോടെ ധ്യാനനിഷ്ഠനായി. തന്റെ കഴിഞ്ഞ കഥ മുഴുവൻ അദ്ദേഹത്തിനു നേരിൽ ബോധ്യമായി. രാജ്യപരിത്യാഗം മുതൽ ചൂഡാലാദർശനം വരെ എല്ലാം വ്യക്തമായി കണ്ടറിഞ്ഞശേഷം രാജാവ് സമാധിയിൽനിന്നും ഉണർന്നു. സമാധിവിട്ടുണർന്ന അദ്ദേഹം രോമാഞ്ചമണിഞ്ഞ രണ്ടു കൈകളും മുൻപോട്ടുനീട്ടി തന്റെ പ്രിയതമയെ ഗാഢമായി ആലിംഗനം ചെയ്തു. ഇടതിങ്ങിയ ആനന്ദമനുഭവിച്ചൽപ്പനേരം മൗനമായി നിന്നശേഷം കാന്തയെ ചേർത്തുപിടിച്ചുകൊണ്ടദ്ദേഹം ഇങ്ങനെ പറഞ്ഞു: 'പ്രിയേ, ദുസ്തരമായ ഈ സംസാരസമുദ്രത്തിൽനിന്നും എന്നെ കരക്കടുപ്പിക്കാൻ നീ പ്രയോഗിച്ച തന്ത്രങ്ങൾ എന്തിനോടാണുപമിക്കപ്പെടുക! അനാദിയും അഗാധവും അനന്തവിഷമകരവുമായ മോഹത്തിൽ നിന്നുപോലും കുലാംഗനകൾ ഭർത്താവിനെ സമുദ്ധരിക്കുന്നു. സംസാരത്തിന്റെ മറുകരയിലെത്തിയാതൊരിച്ഛയുമില്ലാതെ പരിലസിക്കുന്ന നിന്നോട് ഈ ഉപകാരത്തിനെങ്ങനെയാണു പ്രത്യുപകാരം നിർവഹിക്കേണ്ടത്?

ചൂഡാല പറഞ്ഞു: 'ദേവ, ശുഷ്കമായ ക്രിയാപരമ്പരയിൽപ്പെട്ടു നട്ടംതിരിയുന്ന അങ്ങയെ കണ്ട് വീണ്ടും വീണ്ടും ഞാൻ അത്യധികം ദുഃഖിതയായിത്തീർന്നു. അതുകൊണ്ട് അങ്ങയെ പ്രബുദ്ധനാക്കിയതിൽ കൂടി ഞാനൊരു വലിയ സ്വാർഥമാണു നേടിയെടുത്തത്. ഇക്കാര്യത്തിൽ ഞാൻ ലേശംപോലും സ്വയം ഗൗരവമുൾക്കൊള്ളുന്നില്ല. നിസ്സാരങ്ങളായ ആ തൃഷ്ണാചേഷ്ടകൾ, തെറ്റായ ആ സങ്കൽപ്പജാലങ്ങൾ അവയൊന്നും ആകാശത്തിൽ പർവതങ്ങളെന്നപോലെ ഇന്നങ്ങയിൽ കാണപ്പെടുന്നില്ല!'

ശിഖിധ്വജൻ പറഞ്ഞു: 'ഇന്നുഞാൻ ആശകളൊഴിഞ്ഞവനാണ്; നിരാശനാണ്; ആകാശംപോലെ നിർമലനാണ്; ഒന്നിലും ഒരു കൗതുകവും ഇല്ലാത്തവനാണ്. അഹംഭാവം ശമിച്ചവനാണ്; താമസിച്ചാണെങ്കിലും ഇന്നു ഞാൻ ഞാനാണ്. മറ്റൊന്നുമില്ലാത്ത ശുദ്ധബോധസ്വരൂപനാണു ഞാൻ. ഇന്നു ഞാൻ തികച്ചും സ്വസ്ഥനാണ്. ഞാൻ തുഷ്ടനല്ല; ഖിന്നനുമല്ല. ഞാൻ ഇതല്ല; അതുമല്ല. തേജോബിംബത്തിൽനിന്നും പുറപ്പെട്ടതും ചുവരിൽ പതിഞ്ഞു കാണപ്പെടുന്നതുമായ ക്ഷയമോ അഭിവൃദ്ധിയോ ഇല്ലാത്ത പ്രകാശത്തിനു തുല്യമാണെന്റെ സ്ഥിതി. എന്തുണ്ടോ അതാണ് ഞാൻ. അതു പറഞ്ഞറിയിക്കാൻ പ്രയാസം. കല്ലോലംപോലെ കളിയാടുന്ന കടക്കണ്ണുകളുള്ള പ്രിയതമേ, നീയാണെന്റെ ഗുരു; നിനക്കു നമസ്കാരം. പ്രിയതമയുടെ കാരുണ്യം കൊണ്ടു ഞാൻ സംസാരസമുദ്രം തരണം ചെയ്തിരിക്കുന്നു. ആകാശംപോലെ ഞാനിന്നു സർവവ്യാപിയും സർവത്തേയും കടന്നുനിൽക്കുന്നവനും ആണ്'.

digitized by www.sreyas.in

ചൂഡാല പറഞ്ഞു: 'അതിരിക്കട്ടെ മഹാധീരനും പ്രാണപ്രിയനുമായ അങ്ങേക്കെന്താണിപ്പോൾ പ്രിയമായിട്ടുള്ളത്, എങ്ങനെ കഴിയാനാണിഷ്ടം; ബുദ്ധിമാനായ അങ്ങ് അരുളിച്ചെയ്താലും'.

ശിഖിധ്വജൻ പറഞ്ഞു: 'എനിക്കു തള്ളിക്കളയാനൊന്നുമില്ല; ആഗ്രഹിക്കാനും ഒന്നുമില്ല. സുന്ദരീ, നീ എന്തുചെയ്യുന്നുവോ അതു ഞാൻ അനുസരിക്കുന്നു. നിനക്കെന്താണോ തോന്നുന്നത് അത് ചെയ്തോളൂ. ഒരു രത്നത്തെ അതിന്റെ പ്രതിച്ഛായ എന്നപോലെ ഞാൻ നിന്നെ അനുസരിക്കും. ഞാനൊന്നിനേയും അഭിനന്ദിക്കുന്നില്ല; ഒന്നിനേയും അഭിനിന്ദിക്കുന്നുമില്ല. എന്താണോ ഇച്ഛ അതു ചെയ്തോളൂ'.

ചൂഡാല പറഞ്ഞു: 'മഹാരാജാവേ, അങ്ങനെയാണെങ്കിൽ എന്റെ അഭിപ്രായമെന്താണെന്നു കേട്ടാലും. അല്ലയോ ജീവന്മുക്താ, കേട്ടതനുസരിച്ച് വേണ്ടതു ചെയ്താലും. സർവത്ര സമഭാവം നമുക്കുറപ്പായി. മൗർഖ്യവും ഭയവും നമ്മെ വിട്ടുമാറി. ആകാശംപോലെ ആശകളൊന്നുമില്ലാതെ നാം സ്ഥിതിചെയ്യുന്നു. അതുകൊണ്ട് ഹേ പുരുഷോത്തമ, അജ്ഞാനം പൂർണമായി ഉപേക്ഷിച്ച് ആദ്യന്തമധ്യങ്ങളിൽ ശുദ്ധബോധസ്വരൂപികളായിത്തന്നെ നിന്നുകൊണ്ട് നാം വീണ്ടും രാജ്യഭാരം തുടരും. അങ്ങനെ കുറച്ചുകാലം കഴിഞ്ഞ് നാം ദേഹമുപേക്ഷിക്കും. സ്വന്തം രാജ്യത്തിൽ തന്നെ അങ്ങു രാജാവായി സിംഹാസനാരോഹണം നടത്തണം. അങ്ങയുടെ ഇഷ്ടങ്ങളെ പിൻതുടർന്ന് ഞാൻ പട്ടമഹിഷിയായി വിരാജിക്കും. ഇതു സുഖം ഇതു ദുഃഖം എന്ന ദ്വന്ദ്വഭാവമുപേക്ഷിച്ചു പൂർണസമസ്ഥിതിയിൽ ശാന്തനായി ഏഷണകളൊക്കെ വെടിഞ്ഞു രാജാവായി വാഴൂ!.

ശിഖിധ്വജൻ പറഞ്ഞു: 'സുന്ദരീ, സമബുദ്ധിയോടുകൂടി നീ പറഞ്ഞതത്യന്തം യുക്തം. രാജ്യം സ്വീകരിച്ചാലെന്ത്; ഉപേക്ഷിച്ചാലെന്ത്? വിശേഷിച്ചൊന്നും വരാനില്ല. സുഖദുഃഖചിന്തകളൊക്കെ വിട്ട് മാത്സര്യമൊഴിവാക്കി നിർമലചിത്തത്തോടെ നമ്മൾ രണ്ടുപേരും എങ്ങനെനിൽക്കുന്നോ അങ്ങനെ തന്നെ നിൽക്കും!

വസിഷ്ഠൻ പറഞ്ഞു: 'തുടർന്നു ചൂഡാല എഴുന്നേറ്റ് ഏഴുസമുദ്രങ്ങളിൽ നിന്നുമുള്ള ജലം നിറച്ച മനോഹരമായ രത്നകുംഭം സങ്കൽപ്പം കൊണ്ട് മുൻപിൽവരുത്തി. ശിഖിധ്വജൻ കിഴക്കോട്ടഭിമുഖമായി ഇരിപ്പുറപ്പിച്ചു. മംഗളകുംഭത്തിൽ നിറഞ്ഞിരുന്ന ജലംകൊണ്ട് ഏകാന്തത്തിൽ പ്രിയതമയായ ചൂഡാല ഭർത്താവിനെ മഹാരാജാവായി അഭിഷേകം ചെയ്തു. തുടർന്നു സിംഹാസനത്തിൽ പിടിച്ചിരുത്തി രാജാവ് ചൂഡാലയെ പട്ടമഹിഷിയായും അഭിഷേകം കഴിച്ചു. എന്നിട്ട് രാജാവിങ്ങനെ പറഞ്ഞു: 'പ്രിയേ, സകലസാമഗ്രികളോടും കൂടി ഒരു മഹാസൈന്യത്തെ സങ്കൽപ്പംകൊണ്ട് തയ്യാറാക്കി നിറുത്തു'.

വസിഷ്ഠൻ പറഞ്ഞു: 'പ്രിയതമവാക്യംശ്രവിച്ച സുന്ദരിയായ ചൂഡാല കാടുമുഴുവൻ നിറഞ്ഞുകവിയുന്ന വലിയൊരു സൈന്യത്തെ സങ്കൽപ്പിച്ചുണ്ടാക്കി നിറുത്തി. അവിടെ രാജ്യോചിതമായി അലങ്കരിച്ചുനിറുത്തിയതും സാമന്തന്മാരാൽ പരിരക്ഷിതവുമായ ഒരു മദയാനയുടെ പുറത്തു രാജാവും മഹിഷിയും ആരുഢരായി. അനന്തരം ശിഖിധ്വജരാജാവ് പ്രിയപ്പെട്ട മഹിഷിയുമൊരുമിച്ച് വലിയൊരു കാലാൾപ്പടയെ നയിച്ചുകൊണ്ടു മുന്നോട്ടു നീങ്ങി. മഹേന്ദ്രശൈലത്തിൽനിന്നു സ്വന്തം രാജധാനിയെ ലക്ഷ്യമാക്കി പുറ

digitized by www.sreyas.in

പ്പെട്ടു. കുറച്ചു സമയംകൊണ്ടുതന്നെ സ്വർഗസമാനമായ സ്വപുരിയിലെത്തി. അദ്ദേഹത്തിന്റെ വരവു പ്രതീക്ഷിച്ചു സാമന്തരാജാക്കന്മാർ കാത്തുനിൽക്കുകയായിരുന്നു. അവരാദരവോടുകൂടി രാജാവിനെ എതിരേറ്റു. ജയജയഘോഷംമുഴക്കി അദ്ദേഹത്തെ ഉത്സാഹത്തോടെ സ്വാഗതം ചെയ്തു. പലതരം വാദ്യഘോഷങ്ങൾ ഏകശബ്ദത്തിൽ മുഴങ്ങി. എതിരേറ്റുചെന്ന സാമന്തന്മാരോടും ചുറ്റിനിന്ന സൈന്യബലത്തോടുമൊപ്പം അദ്ദേഹം നഗരത്തിൽ പ്രവേശിച്ചു. പതിനായിരം വർഷം അവരിങ്ങനെ രാജ്യം ഭരിച്ചു. ഒടുവിൽ രണ്ടുപേരും ദേഹയാത്ര അവസാനിപ്പിച്ചു. എണ്ണവറ്റിയ ദീപംപോലെ അവർ ദേഹം വെടിഞ്ഞ് നിർവാണംപൂകി. അവർക്കു ജനനമരണചക്രഭ്രമം അങ്ങനെ അവസാനിച്ചു. മഹാരാജപദവിയിൽ വിരാജിച്ചുകൊണ്ടു ശിഖിധ്വജൻ ന്യായമായ എല്ലാസുഖഭോഗങ്ങളും അനുഭവിച്ചു. ദീർഘകാലം അങ്ങനെ അമൃതവും അനന്തവുമായ അനുഭവദശയിൽ കഴിഞ്ഞുകൂടിയിട്ട് എല്ലാം വെടിഞ്ഞു ബോധസ്വരൂപം പ്രാപിച്ചു. ശിഖിധ്വജൻ വന്നുചേരുന്നകാര്യങ്ങൾ സമബുദ്ധിയോടെ നിർവഹിച്ചു. ശോകം വെടിഞ്ഞ് ഭോഗമോക്ഷസുഖമെല്ലാം സമമായികണ്ടു ജീവിതം നയിച്ചു.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണപ്രകരണേ*
*ശിഖിധ്വജോപാഖ്യാനം നാമ*
*നവമഃസർഗഃ*

### സർഗം. 10

## കചോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ശിഖിധ്വജകഥ ഞാൻ നിന്നെ മുഴുവൻ കേൾപ്പിച്ചുവല്ലോ. ആ മാർഗമവലംബിച്ചു മുന്നോട്ടു നീങ്ങൂ. ഒരിക്കലും നിനക്കു ദുഃഖിക്കേണ്ടിവരില്ല, ശിഖിധ്വജൻ എങ്ങനെയാണോ ക്രമേണബോധവാനായിതീർന്നത് അതുപോലെയാണു ബൃഹസ്പതിയുടെ മകനായ കചനും ബോധോദയമുണ്ടായത്!

രാമൻ പറഞ്ഞു: 'ഭഗവൻ, ദേവഗുരുവായ ബൃഹസ്പതിയുടെ മകൻ ഭഗവാൻ കചൻ എങ്ങനെയാണു ജ്ഞാനിയായിത്തീർന്നത്. ചുരുക്കമായും വ്യക്തമായും അതരുളിച്ചെയ്താലും!'

വസിഷ്ഠൻ പറഞ്ഞു: 'ബൃഹസ്പതിസുതനായ കചനു ബാല്യകാലം കഴിഞ്ഞപ്പോൾ തന്നെ സംസാരക്ലേശം ശമിപ്പിക്കാനുള്ള വഴിയെന്തെന്നാലോചനയായി. ഉപനിഷത്തുകളിലെ മഹാവാക്യങ്ങളെക്കുറിച്ചൊക്കെ ചർച്ച നടത്തിയിട്ടുള്ള ആളായിരുന്നു കചൻ. ഒരു ദിവസം പിതാവിനെ സമീപിച്ചു ചോദിച്ചു: 'സർവധർമവുമറിയാവുന്ന പിതാവേ, പ്രാണതന്തുവായി കഴിയുന്ന ഈ ജീവനു സംസാരപഞ്ജരത്തിൽ നിന്നും രക്ഷപ്പെടാൻ എന്താണൊരു മാർഗം?'

ബൃഹസ്പതി പറഞ്ഞു: 'മകനേ, അനർഥങ്ങളാകുന്ന മകരമത്സ്യങ്ങളെക്കൊണ്ടു നിറഞ്ഞ ഈ സംസാരസമുദ്രത്തിൽ നിന്നു അനായാസമായി രക്ഷ

digitized by www.sreyas.in

പ്പെടാനുള്ള മാർഗമാണു സർവത്യാഗം.

വസിഷ്ഠൻ പറഞ്ഞു: 'പരമപവിത്രമായ പിതൃവാക്യം കേട്ടു കചൻ നിശ്ച യിച്ചുറച്ച് എല്ലാം ഉപേക്ഷിച്ചിട്ടു ഏകാന്തകാനനത്തെ ശരണം പ്രാപിച്ചു. ബൃഹസ്പതി വ്യാകുലപ്പെട്ടില്ല; പുത്രനെ തടഞ്ഞതുമില്ല. മഹാശയന്മാരായ സത്യദർശികൾ സംയോഗത്തിലോ വിയോഗത്തിലോ പരിഭ്രാന്തരാകാറില്ല. രാമാ, നാലഞ്ചുവർഷങ്ങൾ അങ്ങനെ കടന്നുപോയി. ഒരിക്കൽ യാദൃശ്ചിക മായി മഹാവനത്തിൽ വച്ച് കചൻ പിതാവിനെ കണ്ടുമുട്ടി. മകൻ അച്ഛനെ പൂജിച്ചഭിവാദനം ചെയ്തു; അച്ഛൻ മകനെ മാറോടണച്ചു പുൽകി. കചൻ പ്രസന്നനായി അച്ഛനോടു വീണ്ടുമിങ്ങനെ ചോദിച്ചു: 'പിതാവേ, ഞാൻ എല്ലാ മുപേക്ഷിച്ചു കാട്ടിലെത്തിയിട്ട് ഇന്നെട്ടുവർഷമായി. എന്നിട്ടും മനസ്സിനു ധന്യത നൽകുന്ന വിശ്രമം എനിക്കു ലഭിക്കുന്നില്ല!'

വസിഷ്ഠൻ പറഞ്ഞു: 'കാട്ടിൽ വച്ചു മകന്റെ വ്യാകുലതനിറഞ്ഞ ഈ വാക്കുകേട്ടിട്ട് 'മകനേ, എല്ലാം ഉപേക്ഷിക്കൂ' എന്നുമാത്രം മറുപടി പറഞ്ഞിട്ടു ബൃഹസ്പതി സ്വർഗത്തേക്കു മടങ്ങിപ്പോയി. പിതാവു പോയിക്കഴിഞ്ഞപ്പോൾ കചൻ ദേഹത്തിൽനിന്നു വൽക്കലം മുതലായവയും പരിത്യജിച്ചു. മേഘ ങ്ങളോ നക്ഷത്രങ്ങളോ ഒന്നുമില്ലാത്ത ശരത്കാലാകാശംപോലെ ദിഗംബര നായി വിളങ്ങി. മൂന്നുകൊല്ലം അങ്ങനെ കടന്നുപോയി. ഖിന്നമാനസനായ കചൻ കാട്ടിൽ ഒരിടത്തുവച്ചു ഗുരുവായ അതേ പിതാവിനെ വീണ്ടും കണ്ടു. പൂജാനമസ്കാരമൊക്കെ കഴിഞ്ഞു പിതാവു മകനെ മുൻപെന്നപോലെ ആലിംഗനം കൊണ്ടനുഗ്രഹിച്ചു. ദുഃഖംകൊണ്ട് ഇടറുന്ന കണ്ഠത്തോടെ കചൻ ചോദിച്ചു: 'പിതാവേ, ഞാൻ ഉടുവസ്ത്രം, പൂണുനൂൽ തുടങ്ങി എല്ലാം പരിത്യജിച്ചു. എന്നിട്ടും എനിക്കെന്തുകൊണ്ടാണ് ആത്മവിശ്രാന്തി സാധ്യ മാകാത്തത്? ബൃഹസ്പതി പറഞ്ഞു:

314. ചിത്തം സർവമിതി പ്രാഹുസ്തത് ത്യക്ത്വാ പുത്രരാജസേ
ചിത്തത്യാഗം വിദുഃസർവത്യാഗം സർവവിദോജനാഃ

മകനേ, എല്ലാമെന്നു പറയപ്പെടുന്നതു ചിത്തമാണ്. അതിനെ ഉപേക്ഷി ച്ചാലേ സ്വരൂപസ്ഥിതി സാധ്യമാവൂ. ചിത്തത്യാഗമാണു സർവത്യാഗം; അല്ലാതെ പുറമേയുള്ള പദാർഥങ്ങളെ ത്യജിക്കലല്ല ത്യാഗം. ഇതാണു സത്യ ദർശികളുടെ പ്രഖ്യാപനം'.

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ബൃഹസ്പതി പുത്രനോടിങ്ങനെ പറഞ്ഞു ആകാശത്തേയ്ക്കുയർന്നു മറഞ്ഞു. കചൻ നിരാശനാകാതെ ശ്രമം തുടർന്നു. ഉപേക്ഷിക്കാനായി ചിത്തത്തെ കണ്ടെത്താൻ ശ്രമം തുടങ്ങി. എത്ര ചിന്തി ച്ചിട്ടും കാട്ടിൽവച്ച് ഉപേക്ഷിക്കാവുന്ന ചിത്തത്തെ കണ്ടറിയാൻ കചനു കഴി ഞ്ഞില്ല. നിരാശനാകാതെ ബുദ്ധികൊണ്ടയാൾ ഇങ്ങനെ ചിന്ത തുടർന്നു: 'പുറമേ കാണപ്പെടുന്ന ദേഹാദിപദാർഥങ്ങളൊന്നും ചിത്തമല്ലെന്നാണല്ലോ പറയപ്പെടുന്നത്. അപ്പോൾ ഒരപരാധവും ചെയ്യാത്ത അവയെ ഞാനെന്തി നുപേക്ഷിക്കണം? എന്റെ പരമശത്രുവായ ചിത്തത്തെ കണ്ടെത്താനായി അച്ഛ നെത്തന്നെ വീണ്ടും ശരണം പ്രാപിക്കേണ്ടിയിരിക്കുന്നു. അറിഞ്ഞു ഞാൻ ചിത്തത്തെ കൈവെടിഞ്ഞു സന്തുഷ്ടനായി നിലകൊള്ളും!

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ ചിന്തിച്ചുറച്ചു കചൻ അച്ഛന്റെ അടുക്ക

digitized by www.sreyas.in

ലെത്തി. വിനായാന്വിതനായി അച്ഛനോടു ചോദിച്ചു:' 'പിതാവേ എന്താണു ചിത്തം? ഉപേക്ഷിക്കപ്പെടേണ്ട ചിത്തമെന്താണെന്നു വ്യക്തമായി പറഞ്ഞു തരൂ?'

ബൃഹസ്പതി പറഞ്ഞു:

315. ചിത്തം നിജമഹംകാരം വിദുശ്ചിത്തവിദോജനാഃ
അന്തർയോയമഹംഭാവോ ജന്തോസ്തച്ചിത്തമുച്യതേ.

ചിത്തവിദഃജനാഃ-ചിത്തമെന്തെന്നറിയുന്നവർ; നിജം അഹങ്കാരം-അവന വന്റെ അഹങ്കാരത്തെയാണ്; ചിത്തംപ്രാഹുഃ- ചിത്തമെന്നുപറയുന്നത്; ജന്തോ അന്തഃ-ജീവിയുടെ ഉള്ളിൽ; അയം അഹംഭാവഃയഃ-ഈ 'ഞാൻ' എന്ന ഭാവം ഏതാണോ; തത്ചിത്തം ഉച്യതേ-അതാണ് ചിത്തമെന്നു പറ യപ്പെടുന്നത്.

ചിത്തമെന്തെന്നറിയുന്നവർ അവനവന്റെ അഹങ്കാരത്തെയാണ് ചിത്ത മെന്നു പറയുന്നത്. ജീവിയുടെ ഉള്ളിൽ ഈ 'ഞാൻ' എന്ന ഭാവം ഏതാണോ അതാണു ചിത്തമെന്നു പറയപ്പെടുന്നത്.

**ചിത്തം നിജമഹങ്കാരം**

വികാരവിചാരങ്ങളുടെ ആകെത്തുകയാണ് ചിത്തം. ഈ വികാരവിചാര വലയം ഏതു കേന്ദ്രത്തെ ആശ്രയിച്ചു നിലകൊള്ളുന്നുവോ അതാണഹ ങ്കാരം. എല്ലാ ജീവികളുടെ ഉള്ളിലും 'ഞാൻ, ഞാൻ' എന്നിങ്ങനെ വേർതി രിഞ്ഞു പ്രകാശിക്കുന്ന അനുഭവമാണ് അഹംഭാവം. ജഗത്ത് എത്ര വലുതു മാകട്ടെ വികാരവിചാരങ്ങൾ എത്രവേണോ അസംഖ്യങ്ങളുമാകട്ടെ; എല്ലാം 'ഞാൻ' എന്ന കേന്ദ്രത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നതെന്ന വസ്തുത ആർക്കു നിഷേധിക്കാൻ പറ്റും? ഞാനുണ്ടോ എല്ലാമുണ്ട്; ഞാനില്ലയോ പിന്നെ ഒന്നുമില്ല. ഈ നിലയിൽ 'അഹങ്കാര' ത്യാഗമാണുചിത്തത്യാഗം; അതുത ന്നെയാണു സർവത്യാഗം.

കചൻ പറഞ്ഞു: 'പിതാവേ, അഹംഭാവത്തെ ത്യജിക്കുക എളുപ്പമല്ല; ഈ ത്യാഗം സാധ്യമാക്കാൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല. അല്ലയോ യോഗിവര്യാ, എങ്ങനെയാണഹങ്കാരത്തെ ത്യജിക്കുക? ഉപദേശിച്ചാലും!

ബൃഹസ്പതി പറഞ്ഞു:

316. അപി പുഷ്പാവദലനാദപിലോചനമീലനാത്
സുകരോഽഹംകൃതേസ്ത്യാഗോനക്ലേശോഽത്രമനാഗപി

പുഷ്പാവദലനാത്അപി-ഒരു പൂവുപറിച്ചെടുക്കുന്നതിനെക്കാളും; ലോച നമീലനാത്അപി-കണ്ണൊന്നിമവെട്ടുന്നതിനെക്കാളും; സുകരഃ അഹംകൃതേഃ ത്യാഗഃ എളുപ്പമാണു അഹങ്കാരത്യാഗം; അത്രമനാക്അപിനക്ലേശഃ-ഇക്കാ ര്യത്തിൽ ലേശം പോലും ക്ലേശമില്ല.

ഒരു പൂവു പറിച്ചെടുക്കുന്നതിനെക്കാളും, കണ്ണൊന്നിമവെട്ടുന്നതിനെ ക്കാളും എളുപ്പമാണ് അഹങ്കാരത്യാഗം. ഇക്കാര്യത്തിൽ ലേശം പോലും ക്ലേശമില്ല.

**നക്ലേശോഽത്രമനാഗപി**

അഹങ്കാരത്തെ ത്യജിക്കാൻ ഒരു വിഷമവുമില്ല. ആദ്യമായി അഹങ്കാര മെന്താണെന്നു വിചാരംചെയ്തറിയണം. കയറിൽ പാമ്പിനെക്കാണുന്നതു

digitized by www.sreyas.in

പോലെ അഖണ്ഡബോധവസ്തുവിൽ ഉണ്ടെന്നു തോന്നുന്ന ഒരു ഭ്രമമാണ ഹങ്കാരം. കയറിലെ പാമ്പിനെ ഉപേക്ഷിക്കാനെന്താണുപായം? കയറിനെ കണ്ടിട്ട് പാമ്പില്ലാത്തതാണെന്നറിയുക തന്നെയാണുപായം. ഭ്രമത്തെ ഉപേക്ഷിക്കാനുള്ള ഉപായം ഭ്രമമാണെന്ന അറിവുതന്നെയാണ്. 'ഞാനാരെ'ന്ന ചോദ്യവുമായി ഉള്ളിലേക്കു തിരിയുന്ന ഒരാൾക്കു 'ഞാൻ' സർവവ്യാപിയായ ബോധത്തിലെ ഒരു നിഴൽ മാത്രമാണെന്നനായാസം ഉറപ്പുവരും. പിന്നെ ശ്രുതി യുക്തികളിൽകൂടി നമ്മുടെ ഋഷിമാരക്കാര്യം സംശയമെന്യേ വെളിപ്പെടുത്തിയിട്ടുമുണ്ട്. അഹങ്കാരം ഭ്രമമാണെന്നറിയുന്നതോടെ അതിനു ശക്തി കുറഞ്ഞു അഖണ്ഡസത്യവുമായി ഏകീഭവിക്കും. ഈ നിലയിൽ 'അഹം'ഭാവമുണ്ടെന്നു തോന്നിയാൽ പോലും അതു ത്യജിക്കപ്പെട്ടിരിക്കുകയാണെന്നറിയേണ്ടതാണ്.

ബൃഹസ്പതി തുടർന്നു: 'മകനേ, ആദ്യന്തരഹിതവും സാക്ഷിയായി നിന്നു സകലതിനേയും പ്രകാശിപ്പിക്കുന്നതും ആകാശത്തെക്കാളത്യന്തം നിർമലവും കളങ്കംപുരളാത്തതും സർവ്വവ്യാപിയുമായ ഒരേ ഒരു ശുദ്ധബോധതത്ത്വമേ ഇവിടെ നിലവിലുള്ളൂ എന്നുനല്ലപോലെ അറിയൂ. അതിനെ സദാ സർവ്വത്ര ഭാവന ചെയ്തു ശാന്തനായി നിലകൊള്ളൂ; ദുഃഖം വെടിയൂ. ഈ തത്ത്വം ഭാവന ചെയ്തുറപ്പിക്കുന്നതോടെ ഭ്രമരൂപമായ അഹങ്കാരം സ്വയം ലയിച്ചു കൊള്ളും. ശുദ്ധബോധതത്ത്വത്തിൽ ഈ അഹംഭാവമാരാണ്; എങ്ങനെ പൊന്തിവന്നു; വെള്ളത്തിൽ പൊടിയെങ്ങനെയുണ്ടായി; തീയിൽ വെള്ളമെങ്ങനെയുണ്ടായി? ഇതൊന്നും യാഥാർത്ഥ്യമല്ല. നിശ്ചലവും നിർവികാരവുമായ അഖണ്ഡബോധതത്ത്വത്തിൽ ചഞ്ചലവും വികാരിയും അൽപ്പവുമായ അഹങ്കാരം എങ്ങനെയുണ്ടാവും? അതുകൊണ്ട് ഈ അഹങ്കാരമെന്നതു വെറും ഭ്രമം; ഇതു ഭ്രമമാണെന്നറിഞ്ഞതിനെ ത്യജിക്കൂ. തുച്ഛവും അല്പരൂപവും ദിക്കാലങ്ങൾക്കടിമപ്പെട്ടതുമായ നിസ്സാരവസ്തുവല്ല നീ. ദിക്കാലങ്ങൾക്കതീതവും നിർമലവും സദാ ഉണ്മയായി ഉദിച്ചുനിൽക്കുന്നതും ഈ എല്ലാമായിക്കാണപ്പെടുന്നതുമായ ശുദ്ധബോധവസ്തുവാണു നീ!

വസിഷ്ഠൻ പറഞ്ഞു: 'ഇപ്രകാരം പരമമായ സത്യസ്വരൂപം പിതാവിൽ നിന്നറിഞ്ഞു ദേവഗുരുവിന്റെ മകൻ അഹങ്കാരമുപേക്ഷിച്ചു സർവത്യാഗത്തിലൂടെ ജീവന്മുക്തനായി ഭവിച്ചു. ഒന്നിനോടും മമതയില്ല; അഹങ്കാരമില്ല; സംഗമില്ല; അങ്ങനെ കചൻ ശാന്തബുദ്ധിയായി സ്ഥിതിചെയ്തു. രാമാ, നീയും അതുപോലെ സമബുദ്ധിയായി നിലകൊള്ളൂ.

317. അഹം കാരമസദ്വിദ്ധി മൈനമാശ്രയ മാത്യജ
അസതഃ ശശശൃംഗസ്യ കില ത്യാഗഗ്രഹൗ കുതഃ

അഹങ്കാരം ഇല്ലാത്തതാണെന്നറിയൂ. അതിനെ ആശ്രയിക്കുകയും വേണ്ട ത്യജിക്കുകയും വേണ്ട. ഇല്ലാത്ത മുയൽകൊമ്പിനെ ത്യജിക്കുകയോ ഗ്രഹിക്കുകയോ സാധ്യമാണോ?

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണ പ്രകരണേ*
*കചോപാഖ്യാനം നാമ*
*ദശമഃ സർഗഃ*

digitized by www.sreyas.in

സർഗം. 11

# മിഥ്യാപുരുഷോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, രണ്ടെന്നും ഒന്നെന്നുമുള്ള സാപേക്ഷഭാവങ്ങൾ അസത്യമാണ്. രണ്ടുമുപേക്ഷിച്ചാൽ പിന്നെയെന്തുശേഷിക്കുമോ അതായിഭവിച്ചു സുഖമായി നിലകൊള്ളൂ. മിഥ്യാപുരുഷനെപ്പോലെ നീ വെറുതേ ദുഃഖിതനായിത്തീരരുത്.

രാമൻ ചോദിച്ചു: 'ഗുരോ അവിടുന്നു പകർന്നുതന്ന ജ്ഞാനാമൃതം പാനം ചെയ്തു ഞാൻ ഉള്ളിൽ പൂർണതൃപ്തി അനുഭവിക്കുന്നു. പൂർണതൃപ്തനാണെങ്കിലും ഈശ്വരസ്വരൂപനായ അങ്ങയോടു ഞാൻ വീണ്ടും ചോദിക്കുന്നു. മുനിവരാ, ഈ മിഥ്യാപുരുഷനെന്നുപറഞ്ഞതെന്താണ്? വസ്തുവിനെ അവസ്തുവായിക്കാണുന്ന ഈ ജഗത്തുതന്നെയാണോ മിഥ്യാപുരുഷൻ?'

വസിഷ്ഠൻ പറഞ്ഞു: 'രാഘവാ, ഞാൻ നല്ല നേരംപോക്കുള്ള ഒരു കഥ പറയാം; അതുകേട്ടാൽ മിഥ്യാപുരുഷനാരെന്നു വ്യക്തമാകും. വീരനായ രാമാ, ഒരിടത്തു മായായന്ത്രമയനായ ഒരു പുരുഷനുണ്ട്. കുട്ടിയെപ്പോലെ മൃദുവായ മൂഢബുദ്ധി; അറിവില്ലായ്മകൊണ്ടുമാത്രം അഭിമാനി. അവൻ ഒരേകാന്തസ്ഥലത്തു ജനിച്ചു; ആ ശൂന്യസ്ഥാനത്തുതന്നെ നിൽക്കുന്നു. ആകാശത്തിലെ പരിവേഷം പോലെ, മരുഭൂമിയിലെ കാനൽജലം പോലെ. അവനല്ലാതെ അവിടെ മറ്റൊന്നുമില്ല. അവൻ നിൽക്കുന്നിടത്ത് എന്തൊക്കെയുണ്ടോ അതെല്ലാം അവൻതന്നെ. ഉണ്ടെന്നു തോന്നുന്നതൊക്കെ അവൻ തന്നെങ്കിലും ആ ദുർമതി അതു മനസിലാക്കുന്നില്ല. അവനു സങ്കൽപ്പം ഉദയം ചെയ്തു; അവൻ നിശ്ചയിച്ചു. ഞാൻ എന്നെ ഇവിടെ ഉറപ്പിച്ചിട്ട് എനിക്കിഷ്ടമുള്ളതൊക്കെ ആദരവോടെ കാത്തുസൂക്ഷിക്കുന്നുണ്ട് ഇങ്ങനെ ചിന്തിച്ച് താൻ നിൽക്കുന്ന ശൂന്യാകാശത്തെ രക്ഷിക്കാനായി വീടുണ്ടാക്കി. ഈ വീട്ടിനുള്ളിൽ ഞാൻ ആകാശത്തെ രക്ഷിച്ചു എന്നഭിമാനിച്ചു. കുറെക്കാലം കഴിഞ്ഞതോടെ അവന്റെ ആ വീട് നശിച്ചു; ഒരു ഋതുമാറി വരുമ്പോൾ മുമ്പുണ്ടായിരുന്ന ഋതു നശിക്കുന്നതുപോലെ; കാറ്റിൽ കല്ലോലം നശിക്കുന്നതുപോലെ. 'അല്ലയോ ഗൃഹാകാശാ, കഷ്ടം നീ നഷ്ടമായിപ്പോയല്ലോ; ക്ഷണംകൊണ്ടില്ലാതായല്ലോ' എന്നിങ്ങനെ ആ മിഥ്യാപുരുഷൻ ദുഃഖാർത്തനായി. ആ ദുർബുദ്ധി നിലവിളിച്ചുകരഞ്ഞിട്ട് ആകാശരക്ഷയ്ക്കായി കിണറുണ്ടാക്കി അതിലെ ആകാശത്തോടുബദ്ധനായി ഭവിച്ചു. അവന്റെ ആ കൂപവും കാലംകൊണ്ടു നഷ്ടമായി; കൂപാകാശം നഷ്ടമായപ്പോൾ അവൻ വീണ്ടും ശോകാതുരനായി. തുടർന്ന് ഒരു കുടമുണ്ടാക്കി അതിലെ ആകാശവുമായ ബന്ധിച്ചു നിർവൃതനായി. കുംഭാകാശം കാലംകൊണ്ടു നശിച്ചപ്പോൾ വീണ്ടും ദുഃഖിതനായി. അവനേതെല്ലാം എവിടെയൊക്കെ രക്ഷിക്കാനാഗ്രഹിക്കുന്നുവോ എല്ലാം നാശത്തിൽ കലാശിക്കുന്നു. കുംഭാകാശം നഷ്ടമായതോടെ വലിയൊരു കുഴിയുണ്ടാക്കി കുണ്ഡാകാശപരനായി ഭവിച്ചു. വെളിച്ചത്തിൽ ഇരുട്ടുനഷ്ടമാകുന്നതുപോലെ അവനെ ദുഃഖിപ്പിച്ചുകൊണ്ടു കാലാന്തരത്തിൽ കുണ്ഡാകാശവും അപ്രത്യക്ഷമായി. തുടർന്നു വിശാലങ്ങളായ മുറികളോടു കൂടിയ ഒരു നാലുകെട്ടുപുര പണിത് അതിൽ തൽപ്പരനായി, പ്രപ

digitized by www.sreyas.in

ഞ്ചത്തെ മുഴുവൻ വിഴുങ്ങുന്ന കാലം അതിനെയും അപഹരിച്ചു; ഉണങ്ങിയ ഇലയെ കാറ്റടിച്ചു പറത്തുന്നതുപോലെ. മിഥ്യാപുരുഷൻ അതിദുഃഖാർത്ത നായി, എങ്കിലും തന്റെ പ്രയത്നമുപേക്ഷിച്ചില്ല. നാലുകെട്ടു പൊളിഞ്ഞ തോടെ അവൻ ഒരു പത്തായം പണിത് അതു രക്ഷിക്കാൻ നോക്കി. കാറ്റു മേഘത്തെ അടിച്ചു പറത്തുംപോലെ കാലം അതിനെയും വിഴുങ്ങി. കുശൂ ലാകാശത്തെ കുറിച്ചുള്ള ദുഃഖം അയാളെ വല്ലാതെ പീഡിപ്പിച്ചു. ഇങ്ങനെ വീട്, നാലുകെട്ട്, കുടം, കുഴി, പത്തായം ഇവയൊക്കെ തുടർന്നു നിർമ്മിച്ചു നഷ്ടപ്പെട്ട് അവന്റെ ജീവിതം ദുഃഖമയമായിത്തന്നെ കഴിഞ്ഞുകൂടുന്നു. ആ കുമതി ഇന്നും ആ ശൂന്യാകാശമധ്യത്തുതന്നെ നിൽക്കുന്നു; ശൂന്യഗൃഹ മാണു താനെന്നു ഭ്രമിക്കുന്നു; ദുഃഖത്തിൽ നിന്നും കടുത്ത ദുഃഖത്തിലേയ്ക്കു തന്നെ വഴുതി വീണുകൊണ്ടിരിക്കുന്നു. അവൻ വന്നും പോയുമിരിക്കുന്ന ഭ്രമങ്ങളിൽ സംഗബദ്ധനായി ക്ലേശിക്കുന്നു.'

രാമൻ പറഞ്ഞു: 'പ്രഭോ, മിഥ്യാപുരുഷവ്യാജേന ഏതുമായാപുരുഷനെ ക്കുറിച്ചാണങ്ങു പ്രതിപാദിച്ചത്? അങ്ങ് ആകാശരക്ഷണം എന്നുവിവരിച്ച തെന്തിനെയാണ്?'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഞാൻ മായായന്ത്രമയനായ മിഥ്യാപുരുഷ നെന്നു വിവരിച്ചത് ശൂന്യാകാശത്തിൽ നിന്നും പൊന്തിക്കാണപ്പെടുന്ന അഹ ങ്കാരത്തെത്തന്നെയാണെന്നറിയൂ. ബുദ്ധിമാനായ രാമാ, ഏതൊരാകാശമധ്യ ത്തിലാണോ ഈ ജഗത്ത് സ്ഥിതി ചെയ്യുന്നത് അത് സൃഷ്ടിക്കുമുൻപുള്ളതും യഥാർഥത്തിൽ ഇല്ലാത്തതും ശൂന്യവുമായ ആകാശം തന്നെയാണെന്നറിയൂ. ശുദ്ധബോധസ്വരൂപമായ സത്യത്തിൽ അവ്യക്തരൂപമായ ശൂന്യാകാശ ത്തിന്റെ തോന്നലോടെയാണു സൃഷ്ടിയാരംഭിക്കുന്നത്. അഹങ്കാരം മുതൽ പിന്നെ ഇങ്ങോട്ടുള്ളതെല്ലാം ആ ശൂന്യാകാശത്തിൽ ഉണ്ടെന്നു തോന്നുന്ന മിഥ്യാ പ്രതിഭാസങ്ങളാണ്. ശൂന്യാകാശത്തിലെ ആദ്യത്തെ മിഥ്യാപുരുഷ നാണ് അഹങ്കാരം. അഖണ്ഡവും നിശ്ചലവുമായ ബോധത്തിൽ നിന്നും യഥാർഥമായി ശൂന്യാകാശമോ അഹങ്കാരമോ ഒന്നും ഉണ്ടാകാൻ സാധ്യ മല്ല. അതുകൊണ്ടാണു ശൂന്യാകാശം മുതലെല്ലാം മിഥ്യാഭ്രമങ്ങളായി വിവ രിക്കപ്പെട്ടിരിക്കുന്നത്. ആത്മാവല്ലാത്ത ശൂന്യജഡങ്ങളെ രക്ഷിക്കാനായി മാറി മാറി അഹങ്കാരം പലതരം ദേഹങ്ങൾ അംഗീകരിക്കുന്നു. അവ ഓരോന്നും നശിച്ചാലും വീണ്ടും വീണ്ടും അംഗീകരിച്ചുകൊണ്ടേയിരിക്കുന്നു. കൂപം, കുണ്ഡം, ചതുഃശാലം, കുംഭം, കുശൂലം ഇവയൊക്കെ ദേഹങ്ങളുടെ പ്രതീ കങ്ങളാണ്. ഈ ദേഹങ്ങളെ രക്ഷിക്കുന്നതു തന്റെ രക്ഷയാണെന്നു ശൂന്യ തയിൽ ഭാവനചെയ്തു കഴിയുന്നു. ഈ ഭ്രമം നിമിത്തം ദുഃഖത്തിൽ നിന്നു ദുഃഖത്തിലേയ്ക്കു വഴുതിവീഴാനും ഇടവരുന്നു. രാമാ, ഈ നിലയിലൊരി ക്കലും ക്ലേശിക്കാനിടയാകരുത്. ആകാശത്തെയും കവിഞ്ഞുനിൽക്കുന്ന ശുദ്ധവും സൂക്ഷ്മവും മംഗളസ്വരൂപവുമായ ബോധാത്മാവിനെ ഗ്രഹിക്കാനും രക്ഷിക്കാനും ആർക്കാണ് കഴിയുക? ചിത്തത്തിന്റെ ശൂന്യഭ്രമരൂപമായ ദേഹം ക്ഷയിക്കുമ്പോൾ ആത്മാവു നഷ്ടപ്പെട്ടു എന്നുകരുതി വേറുതെ ജീവികൾ ദുഃഖിക്കുന്നു.

318. ഘടാദിഷുപ്രണഷ്ടേഷു യഥാകാശോഹ്യഖണ്ഡിതഃ
തഥാദേഹേഷുനഷ്ടേഷു ദേഹീനിത്യമലേപകഃ.

digitized by www.sreyas.in

യഥാഘടാദിഷുപ്രണഷ്ടേഷു-എപ്രകാരമാണോ കുടം മുതലായ പാത്രങ്ങൾ നശിച്ചാലും; ആകാശഃ അഖണ്ഡിതഃ-ആകാശം ഒരു മാറ്റവുമില്ലാതെ അഖണ്ഡമായി തുടരുന്നത്; തഥാദേഹേഷുനഷ്ടേഷു- അതുപോലെ ദേഹങ്ങൾ നശിച്ചാലും; അലേപകഃ ദേഹീനിത്യഃ- അവയൊന്നുമായും പറ്റിപ്പിടിക്കാതെ നിൽക്കുന്ന ആത്മാവു നിത്യനാണെന്നറിയേണ്ടതാണ്.

എപ്രകാരമാണോ കുടം മുതലായ പാത്രങ്ങൾ നശിച്ചാലും ആകാശം ഒരു മാറ്റവുമില്ലാതെ അഖണ്ഡമായി തുടരുന്നത് അതുപോലെ ദേഹങ്ങൾ നശിച്ചാലും അവയൊന്നുമായും പറ്റിപ്പിടിക്കാതെ നിൽക്കുന്ന ആത്മാവു നിത്യനാണെന്നറിയേണ്ടതാണ്.

**ദേഹീനിത്യമലേപകഃ**

ആകാശത്തെയും കവിഞ്ഞു ശൂന്യാകാശത്തിന്റെ തോന്നലിനുപോലും കാരണമായി വർത്തിക്കുന്ന സത്യമാണ് അഖണ്ഡബോധം. ആ സത്യത്തിലെ ആദ്യപ്രതിഭാസമായ ശൂന്യാകാശംപോലും നിർവികാരവും അഖണ്ഡവുമാണ്. ജഗത്തായി കാണപ്പെടുന്ന എല്ലാ കാഴ്ചകളും ഉണ്ടാകുന്നതും നിലനിൽക്കുന്നതും ലയിക്കുന്നതും ആകാശത്തിലാണ്. എന്നിട്ടും അതിന്റെ നിർവികാരതയ്ക്കോ അഖണ്ഡതയ്ക്കോ ഒരു കേടും വരുന്നതായി കാണുന്നില്ല. പാത്രങ്ങളും വീടുകളും മറ്റും ഉണ്ടാകുമ്പോൾ ആകാശം ഘടാകാശം, മഠാകാശം എന്നിങ്ങനെ വേർതിരിയുന്നതായി തോന്നുന്നു. പക്ഷേ യാതൊരു വേർതിരിവും യഥാർഥത്തിൽ സംഭവിക്കുന്നില്ല. പാത്രങ്ങളും മറ്റും ദൂരെ കൊണ്ടുപോകുമ്പോൾ അവയിൽക്കൂടി ആകാശം സഞ്ചരിക്കുന്നതായി തോന്നാറുണ്ട്. എന്നാൽ അപ്പോഴും ആകാശത്തിനൊരു ചലനവും സംഭവിക്കുന്നില്ലെന്നുള്ളതാണു വാസ്തവം. ജഡശൂന്യാകാശത്തിനുപോലും ഈ അഖണ്ഡതയും നിർവികാരത്വവുമുണ്ടെങ്കിൽ അതിനു ഹേതുവായി വർത്തിക്കുന്ന അഖണ്ഡബോധത്തിന്റെ കഥ പറയേണ്ടതില്ലല്ലോ. അതുകൊണ്ട് അഹങ്കാരമുൾപ്പെടെ എല്ലാം വെറും ഭ്രമമാണെന്നറിഞ്ഞു ജഡദേഹത്തിന്റെ നാശത്തിൽ ആത്മാവു നശിക്കുന്നു എന്നു തെറ്റിദ്ധരിച്ചു ദുഃഖിക്കരുതെന്നാണു വസിഷ്ഠൻ രാമനോടാവശ്യപ്പെടുന്നത്.

വസിഷ്ഠൻ തുടർന്നു: 'രാമാ, ശുദ്ധബോധസ്വരൂപനായ ആത്മാവ് ആകാശത്തേക്കാൾ സൂക്ഷ്മമാണ്. സ്വയം അനുഭവരൂപമാണ്; അതുകൊണ്ട് ആകാശമെന്നപോലെ അതൊരിക്കലും നശിക്കുന്നില്ല. വാസ്തവത്തിൽ ഒന്നും ഒരിടത്തും ഒരിക്കലും ജനിക്കുന്നില്ല; നശിക്കുന്നുമില്ല. ഒരേ ബ്രഹ്മവസ്തു വിവർത്തമായി ജഗത്തിനെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. മരുഭൂമിയിലെ കാനൽജലം പോലെ കാരണത്തിനൊരുമാറ്റവും വരാതെ അതിലുണ്ടെന്നു തോന്നുന്ന കാര്യഭ്രമമാണു വിവർത്തം. വാസ്തവത്തിൽ,

319. സർവമേകമിദം ശാന്തമാദിമധ്യാന്തവർജിതം
ഭാവാഭാവവിനിർമുക്തമിതിമത്വാ സുഖീഭവ

ഇക്കാണുന്നതെല്ലാം ശാന്തവും ആദിമദ്ധ്യാന്തരഹിതവുമായ ഒരേ ഒരു അഖണ്ഡബോധം. ഭാവമോ അഭാവമോ ഒന്നും അതിലില്ല. ഇക്കാര്യം വിചാരം ചെയ്തറിഞ്ഞ് സുഖമായിക്കഴിയൂ എല്ലാ ആപത്തുകൾക്കും ആസ്പദം അവിവേകമാണ്. അത് അസത്യത്തെ സത്യമെന്നു ഭ്രമിപ്പിക്കുന്നു. ആത്മാവിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു. ജീവിതത്തെ പതിപ്പിക്കുന്നു. ദുരഭിമാനം വളർത്തുന്നു. അഹങ്കാരത്തെ പെരുക്കുന്നു. രാമാ, ഈ അവിവേകത്തെ ഒഴി

digitized by www.sreyas.in

വാക്കി ബാക്കി നിൽക്കുന്ന ശുദ്ധബോധാനുഭവത്തിലെത്തി പരമധന്യതയ നുഭവിക്കൂ.'

*ഇതി ശ്രീ വാല്മീകീയെ മോക്ഷോപായേ നിർവാണപ്രകരണേ*
*മിഥ്യാപുരുഷോപാഖ്യാനം നാമഃ*
*ഏകാദശഃ സർഗഃ*

## സർഗം 12

# ഭൃംഗീശോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു

320. തസ്യാദൃശ്യാത്മതത്ത്വസ്യ വിസ്മൃത്യൈവ സ്ഥിതിംഗതം
നാന്യസ്മാദാഗതം രാമ ജഗദ്രജ്ജുഭുജംഗവത്.

തസ്യ അദൃശ്യാത്മ തത്ത്വസ്യ-ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത ആത്മ തത്ത്വത്തിന്റെ; വിസ്മൃത്യാ ഏവ-മറവി ഒന്നു കൊണ്ടുമാത്രമാണ്; രജ്ജു ഭുജംഗവത്-കയറിലെ സർപത്തെപ്പോലെ; ജഗത് സ്ഥിതിംഗതം-ഈ ജഗത്ത് ഉണ്ടെന്നു തോന്നാനിടയായത്; അന്യസ്മാത്ന ആഗതം-മറ്റൊരു കാരണ ത്താലുമല്ല.

ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത ആത്മതത്ത്വത്തിന്റെ മറവി ഒന്നു കൊണ്ടു മാത്രമാണു കയറിലെ സർപ്പത്തെപ്പോലെ ഈ ജഗത്ത് ഉണ്ടെന്നു തോന്നാനിടയായത്; മറ്റൊരു കാരണത്താലുമല്ല.

### വിസ്മൃത്യൈവസ്ഥിതിംഗതം

ബോധസത്യം സ്വയം അനുഭവസ്വരൂപമാണ്; അതുകൊണ്ടതിനെ ഇന്ദ്രി യങ്ങൾക്കു ഗ്രഹിക്കാൻ പറ്റുകയില്ല; അതാണതിന്റെ അദൃശ്യത്വം. ബോധം എങ്ങനെയോ തന്റെ അനുഭവരൂപം മറക്കാനിടയായി. അങ്ങനെയാണു തന്നിൽ ജഡജഗത്തുണ്ടെന്നു തോന്നാനിടയായത്. ഒരു വസ്തു അനുഭവ ത്തിൽ പെടുകയും അതിന്റെ യഥാർഥ സ്വരൂപം അറിയപ്പെടാതിരിക്കുകയും ചെയ്താൽ പിന്നെ അതു പല രൂപങ്ങളിൽ തോന്നാനിടവരും. ഇതാണു വസ്തുവിലെ ഭ്രമാനുഭവം. മങ്ങിയ വെളിച്ചത്തിൽ കയറ് അനുഭവത്തിൽ പെടുന്നു. എന്നാൽ കയറാണെന്നറിയാൻ കഴിയുന്നില്ല. അപ്പോൾ പിന്നെ അതു പാമ്പായോ വടിയായോ ജലധാരയായോ ഒക്കെ തോന്നാനിടവരാം. അതുപോലെ ആത്മാവിനു താൻ ബോധമാണെന്ന സ്വരൂപാനുഭവം മറഞ്ഞു പോയതോടെ ഞാൻ ജഡമാണെന്ന തോന്നലുളവായി. ഇങ്ങനെയാണു ജഡ മയമായ ജഗത്തു നിലവിൽ വന്നത്. ബോധത്തോടു ചേർന്നല്ലാതെ ജഡ ജഗത്തിനു ഉള്ളതായി പ്രകാശിക്കാൻ കഴിവില്ലെന്നുള്ളതു തന്നെ ഇതിനു തെളിവാണ്. ഈ മറവി മാറ്റാൻ ഒരേ ഒരു പോംവഴി ജഡത്തിൽ പോലും ബോധം സ്വസ്വരൂപം വിചാരം ചെയ്തുറപ്പിക്കുക മാത്രമാണ്.

വസിഷ്ഠൻ തുടർന്നു: 'രാമാ, ആദിത്യനെ അറിയാതെ വന്നാൽ ആദിത്യ രശ്മികളെ പ്രത്യേകം പ്രത്യേകം ആദിത്യ ഭിന്നങ്ങളായി കാണേണ്ടിവരും. സ്വർണത്തെ അറിയാതെ വന്നാൽ സ്വർണാഭരണങ്ങളെ പ്രത്യേകം

digitized by www.sreyas.in

പ്രത്യേകം സ്വർണഭിന്നങ്ങളായി കാണേണ്ടിവരും.

321. ആദിത്യാവ്യതിരേകേണ രശ്മയോ യേന ഭാവിതാഃ
ആദിത്യാഏവതേ തസ്യനിർവികൽപ്പഃ സഉച്യതേ.

യേന-ഏതൊരുവനാൽ; ആദിത്യാവ്യതിരേകേണ-ആദിത്യനിൽ നിന്നും വേർതിരിക്കാതെ; രശ്മയ: ഭാവിതാ- രശ്മികൾ ഭാവന ചെയ്യപ്പെടുന്നുവോ; തസ്യ-അവന്; തേ ആദിത്യാഃ ഏവ-ആ രശ്മികൾ ഓരോന്നും ആദിത്യൻ തന്നെയാണ്; സഃനിർവികൽപ്പഃ ഉച്യതേ-ആ അനുഭവം തന്നെയാണുനിർവികൽപ്പാനുഭവം.

ഏതൊരുവനാൽ ആദിത്യനിൽ നിന്നും വേർതിരിക്കപ്പെടാതെ രശ്മികൾ ഭാവന ചെയ്യപ്പെടുന്നുവോ അവന് ആ രശ്മികൾ ഓരോന്നും ആദിത്യൻ തന്നെയാണ്; ആ അനുഭവം തന്നെയാണ് നിർവികൽപ്പാനുഭവം.

## നിർവികൽപ്പ: സഉച്യതേ

ആന്തര നിർവികൽപ്പസമാധി ബാഹ്യ നിർവികൽപ്പ സമാധി എന്നു നിർവികൽപ്പസമാധി രണ്ടു വിധമുണ്ട്. മനസ്സിനെ ഉള്ളിൽ പൂർണമായി നിരോധിച്ചു ദേഹത്തെ നിശ്ചലമാക്കി ശുദ്ധബോധസ്വരൂപമായിത്തീരുന്നതാണ് 'ആന്തരനിർവികൽപ്പസമാധി.' വ്യവഹാരവേളയിൽ തന്നെ 'സർവംബ്രഹ്മമയ'മെന്നു സംശയരഹിതമായി ഉറപ്പു വന്ന. ബ്രഹ്മൈക ബുദ്ധി സഹജമായി അനുഭവിക്കാൻ കഴിയുന്നതാണ് ബാഹ്യനിർവികൽപ്പസമാധി. കിരണങ്ങളെ സൂര്യനിൽ നിന്നു ഭിന്നമല്ലാതെ കാണുന്ന ഒരാൾക്ക് സൂര്യപ്രകാശം എവിടെക്കണ്ടാലും സൂര്യൈകമഹാബുദ്ധി സഹജമായി അനുഭവിക്കാൻ കഴിയും. ഇതുപോലെ 'സർവം ബ്രഹ്മമയ'മെന്നുറപ്പു വന്ന ജ്ഞാനിക്കു ഇവിടെയെന്തു തന്നെ എപ്പോൾ കണ്ടാലും ബ്രഹ്മൈകമഹാബുദ്ധി സഹജമായി അനുഭവിക്കാൻ കഴിയുന്നു. ഈ ബുദ്ധി തന്നെ ഗീത രണ്ടാമധ്യായത്തിൽ ഭഗവാൻ പറയുന്ന നിശ്ചയം വന്ന ബുദ്ധി അഥവാ 'വ്യവസായാത്മികാബുദ്ധി.' ബ്രഹ്മനിഷ്ഠയുടെ പരമകാഷ്ഠ ഈ ബാഹ്യനിർവികൽപ്പ സമാധ്യനുഭവമാണെന്നത്രേ ശാസ്ത്രസിദ്ധാന്തം. ഇതിന്റെ മറ്റൊരു പേരാണ് 'സർവത്രസമദർശനം!' ഗീത ആറാം അധ്യായത്തിൽ ഭഗവാൻ സവികൽപ്പസമാധിയും ആന്തരനിർവികൽപ്പസമാധിയും വിവരിച്ച ശേഷം സർവത്ര സമദർശനമെന്ന ഈ ബാഹ്യനിർവികൽപ്പാനുഭവത്തെ ഏതാനും ശ്ലോകങ്ങളിൽ വാഴ്ത്തി വിവരിച്ചിരിക്കുന്നതു ശ്രദ്ധിക്കുക.

വസിഷ്ഠൻ തുടർന്നു.

322. കനകാവ്യതിരേകേണ കേയൂരം യേന ഭാവിതം
കനകൈകമഹാബുദ്ധിർ നിർവികൽപ്പഃ സഉച്യതേ

ആരാൽ കനകത്തിൽ നിന്നു വേർതിരിക്കപ്പെടാതെ ആഭരണം ഭാവന ചെയ്യപ്പെടുന്നുവോ അയാൾ കനകൈക മഹാബുദ്ധിയായി ഭവിക്കുന്നു. അതു തന്നെയാണു നിർവികൽപ്പാനുഭവം. അതുപോലെ ബോധത്തിൽ നിന്നും വേർതിരിക്കപ്പെടാതെ പ്രപഞ്ചദൃശ്യങ്ങൾ ആരാൽ ഭാവന ചെയ്യപ്പെടുന്നുവോ അയാൾ ബ്രഹ്മൈകമഹാബുദ്ധി അഥവാ ബോധൈകമഹാബുദ്ധിയായി ഭവിക്കുന്നു. അതുതന്നെയാണു സർവത്ര സമദർശനമെന്ന നിർവികൽപ്പാനുഭവം. രാമാ, നാനാത്വബുദ്ധിപൂർണമായും കൈവെടിയൂ. ശുദ്ധബോധസ്വരൂപത്തിൽ

digitized by www.sreyas.in

സ്വയം അതായി ഭവിച്ചു ദൃശ്യസങ്കൽപ്പം മുഴുവൻ വെടിഞ്ഞ് ഉറച്ചുനിൽക്കൂ. ആത്മാവു തന്നെ സ്വയം വായുവിനെപ്പോലെ സ്പന്ദനശക്തിയെ സങ്കൽപ്പിച്ചുണ്ടാക്കുമ്പോഴാണു ശക്തി പ്രകടമാകുന്നത്. തുടർന്നു ഭിന്നമെന്നു തോന്നുന്നപോലെ സൃഷ്ടി ദൃശ്യങ്ങൾ ആവിർഭവിക്കുന്നു. സ്വയം ഭാവന ചെയ്തു ബോധസത്യം മനസ്സിന്റെ ആകൃതി കൈക്കൊള്ളുന്നു. ഇങ്ങനെ നിറഞ്ഞു കാണുന്ന പ്രപഞ്ചം ബോധത്തിൽ സങ്കൽപ്പമാത്രമാണെന്നറിയൂ. സ്വപ്നം പോലെ പൊന്തിക്കാണപ്പെടുന്ന ഇതിനെ ഉള്ളതെന്നോ ഇല്ലാത്തതെന്നോ കരുതിയിട്ടു കാര്യമില്ല. കണ്ടും കേട്ടും തൊട്ടും മണത്തും പറഞ്ഞും ഇവിടെ വ്യവഹരിക്കുമ്പോൾ ഒന്നും അപൂർവമായില്ല ; എല്ലാം ബോധം തന്നെയെന്നു ഭാവന ചെയ്യണം. എന്തൊക്കെ ചെയ്യുന്നോ അതെല്ലാം ശുദ്ധമായ ബോധം. ഒരേ ബ്രഹ്മം ഇങ്ങനെ പെരുകിക്കാണപ്പെടുന്നു; ഭിന്നമായി മറ്റൊന്നുമില്ല. ബോധത്തോടു ചേർന്നല്ലാതെ ഒരു പ്രപഞ്ചപദാർഥത്തിനും നിലനിൽപ്പില്ല; അതുകൊണ്ടെല്ലാം ബോധം തന്നെ. ഒരു പുതിയ കൽപ്പനയും അന്യമായില്ല. ഒരേ ഒരു ബോധം പല രൂപം കൈക്കൊണ്ടു കാണപ്പെടുന്നതിൽ അറിയപ്പെടുന്നതായി ഒന്നും അതിൽനിന്നു വേറിട്ടില്ല. സ്ഥിതിയിതാണെങ്കിൽ ബന്ധമോക്ഷങ്ങൾക്കൊന്നും പ്രസക്തിയില്ല. ഇതു മോക്ഷം ഇതു ബന്ധം എന്നിങ്ങനെ നിർബന്ധപൂർവമുള്ള ചിന്ത ഉപേക്ഷിച്ച് അഭിമാനകളങ്കം ദൂരെ മാറ്റൂ. മാനമദങ്ങൾ വെടിഞ്ഞു മൗനിയായും സ്വതന്ത്രനായും മഹാത്മാവായും കഴിയൂ. അഹങ്കാരമില്ലാതെ ചെയ്യേണ്ടതൊക്കെ ചെയ്തു കഴിയൂ. മഹാകർത്താവും മഹാഭോക്താവും മഹാത്യാഗിയുമായി ഭവിക്കൂ. സംശയമെല്ലാമകറ്റി ധൈര്യമവലംബിച്ചു നിലകൊള്ളൂ.

രാമൻ ചോദിച്ചു: 'ഭഗവൻ, ആരാണു മഹാകർത്താ; ആരാണു മഹാത്യാഗി; ആരാണു മഹാഭോക്താ? വിശദമായി അരുളി ചെയ്താലും.'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഈ മൂന്നു വ്രതങ്ങളും പണ്ടു പരമശിവൻ ഭൃംഗീശനു വിവരിച്ചു കൊടുത്തവയാണ്. അവയെക്കുറിച്ചു കേട്ടതോടെ ഭൃംഗീശനു പരിഭ്രമമെല്ലാമകന്നു. മുൻപൊരിക്കൽ മേരു പർവതത്തിന്റെ കൊടുമുടിയിൽ പരമശിവൻ പരിവാരസമേതനായി അഗ്നിതുല്യതേജസ്സോടെ വസിക്കുകയായിരുന്നു. ദേവഭൃത്യനും മഹാതേജസ്വിയും ജിജ്ഞാസുവുമായ ഭൃംഗീശൻ ഭഗവാനെ വണങ്ങി കൈകൂപ്പി ഇങ്ങനെ ചോദിച്ചു: 'ഭഗവൻ, സമുദ്രത്തിന്റെ തിരകൾ പോലെ ഇളകിമറിയുന്ന ഈ സംസാരഗതികണ്ട് എന്റെ മനസ്സു വല്ലാതെ മോഹിക്കുന്നു. തത്ത്വം പിടികിട്ടാത്തതുകൊണ്ട് ഒരു ശാന്തിയും ലഭിക്കുന്നില്ല. ഉള്ളിൽ സുസ്ഥിരമായി എങ്ങനെ നിശ്ചയിച്ചുറപ്പിച്ചാൽ ഈ ജഗത്തെന്ന ജീർണഗൃഹത്തിൽ പരിഭ്രമമില്ലാതെ കഴിയാൻ പറ്റും?'

ഈശ്വരൻ അരുൾ ചെയ്തു: 'ഹേ ശുദ്ധബുദ്ധേ, സകല സംശയങ്ങളും വെടിഞ്ഞ് ഉറപ്പുറ്റ ധൈര്യമവലംബിച്ചു മഹാകർത്താവും മഹാഭോക്താവും മഹാത്യാഗിയുമായി നിലകൊള്ളൂ.'

ഭൃംഗീശൻ ചോദിച്ചു: 'മഹാകർത്താവെന്നാലെന്ത്; മഹാഭോക്താവെന്നാലെന്ത്; മഹാത്യാഗിയെന്നാലെന്ത്? ഭഗവൻ, വ്യക്തമായി അരുളിചെയ്താലും!' ഈശ്വരനരുളി:

323. രാഗദ്വേഷൗ സുഖം ദുഃഖം ധർമാധർമൗഫലാഫലേ
യഃ കരോത്യനപേക്ഷൈവ മഹാകർതാ സ ഉച്യതേ

digitized by www.sreyas.in

ആരാണോ രാഗദ്വേഷങ്ങൾ, സുഖദുഃഖങ്ങൾ, ധർമാധർമങ്ങൾ, ലാഭനഷ്ടങ്ങൾ എന്നീ ദ്വന്ദ്വസങ്കൽപ്പങ്ങൾ വെടിഞ്ഞു കർമം ചെയ്യുന്നത് അയാളാണു മഹാകർത്താവ്. അധികം സംഭാഷണമില്ല; അഹംഭാവമില്ല; അഭിമാനമില്ല; മത്സരമില്ല; ഈ നിലയിൽ വ്യാകുലതയുമില്ലാതെ ആരാണോ കർമരംഗത്തു വർത്തിക്കുന്നത് അയാളാണു മഹാകർത്താവ്. ഒന്നിനോടും പ്രത്യേകിച്ചു മമതയില്ല; സദാസാക്ഷിഭാവത്തിൽ നിലകൊള്ളുന്നു; ഫലേച്ഛയില്ലാതെ കർമരംഗത്തു വർത്തിക്കുന്നു; അങ്ങനെയുള്ളയാളാണു മഹാകർത്താവ്. വ്യാകുലതയോ വിശേഷിച്ചു സന്തോഷമോ ഇല്ല; സദാ നിർമലമായ സമബുദ്ധി; ദുഃഖിക്കുന്നില്ല, സുഖിക്കുന്നില്ല; അങ്ങനെയുള്ളയാളാണു മഹാകർത്താവ്.

324. നകിഞ്ചനദ്വേഷ്ടി തഥാ നകിഞ്ചിദഭികാംക്ഷതി
ഭുങ്ക്തേ ച പ്രകൃതം സർവം മഹാഭോക്താ സ ഉച്യതേ.

ഒന്നിനോടും വെറുപ്പില്ല; ഒന്നും ഒരിടത്തു നിന്നും ആഗ്രഹിക്കുന്നില്ല; കർമഗതിയനുസരിച്ചു എന്തുതന്നെ വന്നാലും സന്തോഷത്തോടെ അനുഭവിക്കുന്നു; ഇപ്രകാരമുള്ളയാളാണു മഹാഭോക്താവ്, ഭ്രമകാര്യങ്ങളായ സുഖദുഃഖങ്ങളും കർമകാര്യങ്ങളും ഭാവാഭാവങ്ങളും അനുഭവിക്കുമ്പോൾ ആർക്കാണോ ഒരു ക്ഷോഭവുമില്ലാത്തത് അയാളാണു മഹാഭോക്താവ്. ജരാമരണങ്ങളോ ആപത്തോ രാജ്യമോ ദാരിദ്ര്യമോ എന്തായാലും നല്ലതുതന്നെ എന്ന മനോഭാവത്തോടെ ആരനുഭവിക്കുന്നുവോ അയാളാണ് മഹാഭോക്താവ്. ആരാണോ കടുരസം, പുളിരസം, ഉപ്പുരസം, കൈപ്പുരസം, പാകമായത്, പാകമാകാത്തത് എന്നിങ്ങനെയുള്ള എന്തും വേണ്ടിവന്നാൽ സമബുദ്ധിയോടെ ഭക്ഷിക്കുന്നതു അയാളാണു മഹാഭോക്താവ്. രസമുള്ളതോ രസമില്ലാത്തതോ രമിപ്പിക്കുന്നതോ രമിപ്പിക്കാത്തതോ എന്തായാലും ആരുതികഞ്ഞ സമബുദ്ധിയോടെ നോക്കിക്കാണുമോ അയാളാണു മഹാഭോക്താവ്. പാലിലും മദ്യത്തിലും ശുഭത്തിലും അശുഭത്തിലും ആർക്കാണോ തുല്യഭാവം നിലനിർത്താൻ കഴിയുന്നത് അയാളാണു മഹാഭോക്താവ്. ഇതനുഭവിക്കാവുന്നതാണ്; അതനുഭവിക്കാൻ കൊള്ളാത്തതാണ് എന്ന ഭേദഭാവം വിട്ട് ആരെല്ലാം തുല്യമായി അനുഭവിക്കുന്നുവോ അയാളാണു മഹാഭോക്താവ്. ആപത്തെന്നോ സമ്പത്തെന്നോ മോഹമെന്നോ ആനന്ദമെന്നോ എന്റേതെന്നോ നിന്റേതെന്നോ ഒരു ഭേദവുമില്ലാതെ സമബുദ്ധിയോടെ ആരനുഭവിക്കുന്നുവോ അയാളാണു മഹാഭോക്താവ്.

325. ധർമാധർമൗസുഖം ദുഃഖംതഥാമരണജന്മനീ
ധിയായേനേതിസംത്യക്തം മഹാത്യാഗീ സ ഉച്യതേ

ധർമമെന്നോ അധർമമെന്നോ സുഖമെന്നോ ദുഃഖമെന്നോ മരണമെന്നോ ജന്മമെന്നോ ഭേദഭാവനയില്ലാതെ ബുദ്ധികൊണ്ട് ആരെല്ലാം ത്യജിച്ചിരിക്കുന്നുവോ അയാളാണു മഹാത്യാഗി. ആരു ധർമാധർമങ്ങളും മനസ്സും മനനവും ആഗ്രഹവും ഉള്ളുകൊണ്ടു പരിത്യജിച്ചു കഴിഞ്ഞുകൂടുന്നുവോ അയാളാണു മഹാത്യാഗി എന്തുമാത്രം സൃഷ്ടിദൃശ്യങ്ങൾ ഇവിടെ കാണപ്പെടുന്നുണ്ടോ ആരാണോ വേണ്ടപോലെ അവയൊക്കെ ഉപേക്ഷിച്ചത് അയാ

digitized by www.sreyas.in

ളാണു മഹാത്യാഗി. സർവം ബ്രഹ്മമയമെന്നുറപ്പുവന്നയാൾക്കു മാത്രമേ ഈ മൂന്നു വ്രതങ്ങളും സുസാധ്യങ്ങളാവൂ!

വസിഷ്ഠൻ പറഞ്ഞു: 'ഇങ്ങനെ ദേവദേവനായ ശിവൻ ഭൃംഗീശനെ ഉപദേശിച്ചു. രാമാ ഈ കാഴ്ച്ചപ്പാടംഗീകരിച്ചു സുഖമായി കഴിയൂ. സദാ ഉണ്മ അനുഭവിച്ചു കഴിയുന്ന ആദ്യന്തരഹിതമായ ശുദ്ധബ്രഹ്മം മാത്രമേ ഇവിടെ നിലവിലുള്ളു. വേറേ ഒരു സൃഷ്ടിയും അൽപ്പംപോലും ഇവിടെയില്ല. ഉള്ളിലെ രാഗദ്വേഷകളങ്കമെല്ലാം വിട്ട് ഇങ്ങനെ തന്നെ ഭാവനചെയ്യൂ. ശാന്തചിത്തനായി നിർവാണം അനുഭവിക്കൂ. ദുഃഖ സ്പർശമില്ലാത്തതാണു ബ്രഹ്മം. ഇക്കാണപ്പെടുന്ന കാര്യരൂപങ്ങൾക്കെല്ലാം വിത്താണു പരമാത്മാവ്. ഈ പെരുകി കാണുന്നതെല്ലാം അതായതുകൊണ്ടു ബ്രഹ്മം ബൃഹത്താണ്. കുഞ്ഞേ, സുഖിക്കുന്നു, ഉണ്ട്, പ്രകാശിക്കുന്നു എന്ന് തോന്നുന്നതൊക്കെ ആ ബ്രഹ്മം തന്നെ. അതിനു വേറായി ഒരിടത്തും ഒന്നും ഒരിക്കലുമില്ല. സത്തോ അസത്തോ ആയി മറ്റൊന്നും സംഭവിക്കാനേ സാധ്യമല്ല. ഉള്ളിൽ ഇത് പൂർണമായും നിശ്ചയിച്ചുറപ്പിക്കൂ. സകലശങ്കയും വെടിഞ്ഞ് സുഖമാസ്വദിക്കൂ. സദാ അന്തർമുഖനായിത്തീരൂ. വന്നുചേരുന്ന കർമങ്ങളൊക്കെ ചെയ്യൂ. ഒരിക്കലും ദുഃഖം സമീപിക്കുകയേ ഇല്ല. അഹങ്കാര സ്പർശമില്ലാത്ത സത്യത്തിൽ സദാ എത്തി നിൽക്കൂ.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണ പ്രകരണേ*
*ഭൃംഗീശോപാഖ്യാനം നാമ*
*ദ്വാദശഃ സർഗഃ*

**സർഗം. 13**

# ഇക്ഷ്വാകൂപാഖ്യാനം

രാമൻ ചോദിച്ചു: 'സർവതത്വജ്ഞനായ ഭഗവൻ, ചിത്തത്തിൽ അഹങ്കാരം പോയിക്കഴിഞ്ഞാൽ അഥവാ കുറഞ്ഞുകുറഞ്ഞുവരുമ്പോൾ അന്തഃകരണരൂപമായ സൂക്ഷ്മശരീരത്തിന് എന്തു സംഭവിക്കും?

വസിഷ്ഠൻ പറഞ്ഞു:

326. ബലാദപിഹി സംജാതാ ന ലിംപന്ത്യാശയംസിതം
ലോഭമോഹാദയോ ദോഷാ പയാംസീവ സരോരുഹം.

രാമാ, അഹങ്കാരം പോയി ചിത്തം ശുദ്ധമായി എന്നു കരുതുക ശുദ്ധമായ ചിത്തത്തെ ബലാൽവന്നു ചേരുന്നവയായാൽപോലും ലോഭമോഹാദി ദോഷങ്ങൾ ബാധിക്കുകയേയില്ല; വെള്ളത്തിൽകിടക്കുന്ന താമരയെ വെള്ളം നനച്ചുകുതിർക്കാതിരിക്കുന്നതുപോലെ. മുഖപ്രസാദം ഒരിക്കലും അദ്ദേഹത്തെ വിട്ടുമാറുന്നില്ല. ദുഷ്കൃതസ്വരൂപിയായ അഹങ്കാരം വിട്ടുപോകുമ്പോൾ രാഗദ്വേഷവാസനയുടെ കെട്ടുകൾ അതോടെ അറ്റുപോകുന്നു; ക്രമേണ ഗ്രന്ഥികൾ പൂർണമായും അറ്റുപോകും. കോപം ക്രമേണ കുറഞ്ഞ് ഇല്ലാതാകും. മോഹം മന്ദമന്ദം ക്ഷയിച്ചില്ലാതാകും. കാമം മങ്ങിമങ്ങി നശിക്കും. ലോഭം എങ്ങോ ഓടിഒളിക്കും. ഇന്ദ്രിയങ്ങൾ തലപൊക്കാതാകും.

digitized by www.sreyas.in

ഖേദമൊരിക്കലും സ്ഫുരിക്കുകയില്ല. ദുഃഖങ്ങൾ പെരുകുകയില്ല. സുഖചിന്തകൾ ചുറ്റി നടക്കുകയില്ല. ഹൃദയത്തെ അത്യന്തം ശീതളമാക്കുന്ന സമത വന്നുചേരും.

327. സുഖദുഃഖാദയസ്ത്വേതേ - ദൃശ്യന്തേയദിവാമുഖേ
ദൃശ്യന്ത ഏവ തുച്ഛത്വാന്നതു ലിംപന്തിതേ മനഃ

മേൽ വിവരിച്ച സുഖദുഃഖങ്ങളൊക്കെ മുഖത്തൽപ്പമൊക്കെ പ്രകടമാകുന്നു എന്നുതന്നെയിരിക്കട്ടെ. അവ പ്രകടമാകുന്നു എന്നല്ലാതെ അതീവ തുച്ഛങ്ങളായതുകൊണ്ട് ശുദ്ധചിത്തന്റെ ഉള്ളിൽ അവ തങ്ങുന്നതേയില്ല. ചിത്തം ഉപശമിച്ചുവരുന്നതോടെ ഒരുസത്യദർശി ദേവന്മാർക്കുപോലും ആദരണീയനായി ഭവിക്കുന്നു. സമതയാകുന്ന ശീതചന്ദ്രിക ആ ചിത്തത്തിൽ സദാ പ്രകാശം പരത്തിനിൽക്കുന്നു. അദ്ദേഹത്തിന്റെ ദേഹം ശാന്തവും കാന്തിമയവും ആരെയും സന്തോഷിപ്പിക്കുന്നതും ഒരു പ്രലോഭനത്തിനും വഴങ്ങാത്തതും സ്വസ്ഥവും നിർമലവും ഉത്സാഹപൂർണവും ആയി വിളങ്ങുന്നു. ഭാവാഭാവങ്ങളായ സൃഷ്ടികാര്യങ്ങൾ നേരിടേണ്ടിവന്നാലും വിചിത്രനും മഹാനുമായ സത്യദർശിക്കു ഈ സംസാരവിഭ്രമം സുഖത്തിനോ ദുഃഖത്തിനോ കാരണമായി ഭവിക്കുന്നില്ല

328. ബുദ്ധ്യാലോകനസാദ്ധ്യേ/സ്മിൻവസ്തുന്യസ്തമിതാപദി
പ്രവർതതേനയോമോഹാത്തംധിഗസ്തുനരാധമം.

ബുദ്ധ്യാലോകനസാധ്യേ-ബുദ്ധികൊണ്ട് അൽപ്പം ചിന്തിച്ചു കണ്ടെത്താവുന്നതും; അസ്തമിതാപദി-ആപത്തിന്റെ നിഴൽപോലും ഏശാത്തതുമായ; അസ്മിൻവസ്തുനി-ഈ ബോധസത്യത്തിൽ; യഃമോഹാത്നപ്രവർതതേ-ആരാണോ ജഡത്തിലുള്ള മോഹംനിമിത്തം തിരിഞ്ഞുനോക്കാതിരിക്കുന്നത്; തംനരാധമംധിക്അസ്തു-ആ മനുഷ്യാധമൻ ദൂരെ ഉപേക്ഷിക്കപ്പെടേണ്ടവനാണ്.

ബുദ്ധി കൊണ്ട് അൽപ്പം ചിന്തിച്ചുകണ്ടെത്താവുന്നതും ആപത്തിന്റെ നിഴൽപോലും ഏശാത്തതുമായ ഈ ബോധസത്യത്തിൽ ആരാണോ ജഡത്തിലുള്ള മോഹംനിമിത്തം തിരിഞ്ഞുനോക്കാതിരിക്കുന്നത് ആ മനുഷ്യാധമൻ ദൂരെ ഉപേക്ഷിക്കപ്പെടേണ്ടവനാണ്.

**തംധിഗസ്തുനരാധമം**

ബോധസത്യത്തെ തിരിഞ്ഞുനോക്കാത്തവൻ നരാധമനാണ്; അവനെ അടുപ്പിക്കാനേ പാടില്ല. മനുഷ്യനു ബുദ്ധിനൽകിയതു ബോധസത്യം അനുഭവിച്ചറിയാനാണ്. ബുദ്ധികൊണ്ടൽപ്പമൊന്നാലോചിച്ചാൽ അവനവന്റെ സ്വരൂപമായ ആ സത്യം ആർക്കും പിടികിട്ടും. അങ്ങനെയിരിക്കെ തന്നെതന്നെ ഒന്നുതിരിഞ്ഞുനോക്കാൻ കൂട്ടാക്കാതെ ജഡത്തിൽ മോഹിച്ച് അവനവനു തന്നെ അനന്തദുഃഖത്തിന്റെ വഴിതെളിക്കുന്നവൻ നരാധമനല്ലെങ്കിൽ പിന്നെ ആരാണ്. അവനോടടുത്താൽ അടുക്കുന്നവനും ദുഃഖത്തിലാണ്ടുപോകും. അതുകൊണ്ടവനെ സദാ അകറ്റി നിറുത്തേണ്ടതാണ്. അതിരിക്കട്ടെ, ബുദ്ധികൊണ്ടൽപ്പമാലോചിച്ചാൽ ബോധസത്യം തെളിയുമെന്നു പറഞ്ഞല്ലോ; അതെങ്ങനെ? ബ്രഹ്മാവിതേ ചോദ്യം ചോദിച്ചപ്പോൾ വിഷ്ണുഭഗവാൻ ഭാഗവതത്തിൽ ഉത്തരം പറയുന്നുണ്ട്. ബോധരൂപനായ ആത്മാവിനെ കണ്ടെ

digitized by www.sreyas.in

ത്താൻ എന്താണ് പ്രയാസം? അന്വയവ്യതിരേക യുക്തിയുപയോഗിച്ചു ബുദ്ധികൊണ്ടൽപ്പമൊന്നാലോചിക്കൂ. ഏതുണ്ടെങ്കിൽ ജഗത്തുണ്ട്; ഇതാണ ന്വയ യുക്തി. ഏതില്ലെങ്കിൽ ജഗത്തില്ല; ഇതാണു വ്യതിരേകയുക്തി ബോധ മുണ്ടെങ്കിൽ ജഗത്തുണ്ട്; ബോധമില്ലെങ്കിൽ ജഗത്തില്ല; അതുകൊണ്ട് ജഗത്ത് ബോധമയമാണ്. കഴിയുമെങ്കിൽ ഈ യുക്തിയെ യുക്തിപൂർവം ആരെങ്കിലും നിഷേധിക്കട്ടെ. നിഷേധിക്കാൻ കഴിയുന്നില്ലെങ്കിൽ എത്രയുംവേഗം ഇതം ഗീകരിച്ചനുഭവിച്ചു മനുഷ്യജന്മം സഫലമാക്കേണ്ടതാണ്.

വസിഷ്ഠൻ തുടർന്നു: രാമാ, തുടർന്നുകൊണ്ടിരിക്കുന്ന ഒരു ദുഃഖരത്നാ കരമാണു ഈ സംസാരസാഗരം. ഇത് എന്നെന്നേയ്ക്കുമായി കടക്കാൻ ഒരൊറ്റ ഉപായമേയുള്ളു. ഞാനാര്, ഈ ജഗത്തെന്ത്, പരനാരാണ്, ഈ ലൗകിക സുഖങ്ങൾക്കെന്തുവിലയുണ്ട്; എന്നീ ചോദ്യങ്ങൾക്കു ബുദ്ധികൊ ണ്ടാലോചിച്ചുത്തരം കണ്ടെത്തുകയെന്നതാണാ ഉപായം.

രാഘവാ, നിന്റെ വംശത്തിലെ ആദിപുരുഷനായിരുന്നു ഇക്ഷ്വാകുചക്ര വർത്തി. അദ്ദേഹം മുക്തനായിത്തീർന്നതെങ്ങനെ എന്നു ഞാൻ പറയാം; കേട്ടോളൂ. ചക്രവർത്തി രാജ്യഭരണം തുടർന്നുകൊണ്ടിരുന്നു. അങ്ങനെ കഴി യവേ ഒരു ദിവസം ഏകാന്തതയിൽ അദ്ദേഹം ഇങ്ങനെ ചിന്തിച്ചു: 'ജരാമര ണസംക്ഷോഭങ്ങളും സുഖദുഃഖഭ്രമങ്ങളും കൊണ്ടുനിറഞ്ഞ ഈ ദൃശ്യപ്ര പഞ്ചത്തിന് എന്തായിരിക്കും ഹേതു?' എത്ര ചിന്തിച്ചിട്ടും ജഗത്തിന്റെ കാരണം സ്വയം കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അങ്ങനെയി രിക്കേ ഒരു ദിവസം അദ്ദേഹത്തിന്റെ പിതാവായ മനു ബ്രഹ്മലോകത്തുനിന്നും ചക്രവർത്തിയുടെ കൊട്ടാരത്തിലെത്തി.

ആസ്ഥാനമണ്ഡപത്തിൽ അദ്ദേഹത്തെ പൂജിച്ചിരുത്തിയശേഷം ഭഗവാൻ പ്രജാപതിയോടു ഇക്ഷ്വാകു ഇങ്ങനെ ചോദിച്ചു: 'കരുണാനിധിയായ ഭഗ വൻ, ഞാൻ ധൈര്യമവലംബിച്ചങ്ങയോടു ചോദിക്കുന്നു; അങ്ങയുടെ അനു ഗ്രഹമാണെന്നെക്കൊണ്ടിതു ചോദിപ്പിക്കുന്നത്. ഈ സൃഷ്ടി എവിടെ നിന്നു തുടങ്ങുന്നു; ഇതിന്റെ സ്വരൂപമെന്താണ്? ഈ ജഗത്ത് എന്തുമാത്രമുണ്ട്; ഇതെപ്പോൾ ആരാലുണ്ടാക്കപ്പെട്ടു? അത്യന്തം വിഷമകരമായ ഈ സംസാ രഭ്രമത്തിൽ നിന്നെനിക്കെങ്ങനെ മോചിക്കാൻ കഴിയും; ഇടതിങ്ങി നിറഞ്ഞു കിടക്കുന്ന വലയിൽനിന്നും ഒരു പക്ഷിയെന്നപോലെ.'

മനു പറഞ്ഞു: 'സന്തോഷം, കാലമൽപ്പം കഴിഞ്ഞതാണെങ്കിലും വിവേകം നിന്നിൽ വികാസം പ്രാപിച്ചിരിക്കുന്നു. അനന്തമായ സത്യത്തെ വ്യക്തമായും വേർതിരിക്കുന്ന സാരവത്തായ പ്രശ്നമാണുന്നയിക്കപ്പെട്ടി രിക്കുന്നത്. രാജാവേ, നീ ഉണ്ടെന്നു കാണുന്ന ഈ പ്രപഞ്ചം യഥാർഥത്തിൽ ഇല്ലാത്തതാണ്; അൽപ്പംപോലുമില്ല. ഒരിന്ദ്രജാലനഗരംപോലെയോ മരുഭൂ മിയിലെ കാനൽ ജലം പോലെയോ ആണീ ജഗത്ത്. മനസ്സിനും അഞ്ചിന്ദ്രി യങ്ങൾക്കുമപ്പുറം ഇന്നതാണെന്നു ചൂണ്ടിക്കാണിക്കാൻ വയ്യാത്തവിധം എന്തുണ്ടോ അതുമാത്രമാണുള്ളത്; അതാണു നാശരഹിതമായ ആത്മാ വെന്നു പറയപ്പെടുന്നത്. രാജാവേ, എല്ലാ ദൃശ്യങ്ങളുമുൾപ്പെട്ട ഈ സൃഷ്ടി പരമ്പര ആ ഒരേ ഒരു വലിയ കണ്ണാടിയിൽ പ്രതിബിംബംപോലെ കാണ പ്പെടുന്നതാണ്. ബ്രഹ്മത്തിൽ നിന്നും സ്വാഭാവികമായി പുറപ്പെടുന്ന പ്രകാ ശകിരണങ്ങളിൽ ചിലതു ബ്രഹ്മാണ്ഡങ്ങളായി കാണപ്പെടുന്നു; ചിലതു ജീവ ജാലങ്ങളായി കാണപ്പെടുന്നു; വാസ്തവത്തിൽ ബന്ധമില്ല; മോക്ഷമില്ല; ഒരു

digitized by www.sreyas.in

കേടുമില്ലാത്ത ബ്രഹ്മം മാത്രമേയുള്ളു. ഏകത്വമില്ല; ദ്വിത്വമില്ല ബോധസാര മാണെല്ലാമായി കാണപ്പെടുന്നത്. ഒരേ വെള്ളം കല്ലോലജാലങ്ങളായി പ്രകാ ശിക്കുന്നു; അതുപോല ഒരേ ബോധം പലതായി കാണപ്പെടുന്നു; മറ്റൊന്നും തന്നെയില്ല. മകനേ, നീ ബന്ധമോക്ഷഭ്രമമെല്ലാം ദൂരെ വെടിഞ്ഞു സ്വസ്ഥ നാവൂ; ഒരേ അഭയവസ്തുവിലെ വെറും ഭ്രമമാണു ജനനമരണഭയമെല്ലാം. രാജാവേ, സത്യങ്ങളായ ബോധാനുഭവങ്ങൾ സങ്കൽപ്പങ്ങൾക്കുരൂപം നൽകു ന്നതോടെ ജീവനെന്ന ഭ്രമം ഉളവാകുന്നു. ഈ ജീവന്മാർ അവയ്ക്കു മുൻപേ തന്നെ ഉള്ളതായി കരുതപ്പെടുന്ന സംസാരത്തിൽ ബദ്ധരായിത്തീരുന്നു. സുഖദുഃഖദശാഭേദങ്ങളൊക്കെ വെറും മനഃകൽപ്പനകൾ; ആത്മാവിൽ അവ യൊന്നും തന്നെയില്ല. കാണാനില്ലാത്ത രാഹു ചന്ദ്രന്റെ സമ്പർക്കത്തോടെ കാഴ്ചയിൽപ്പെടുന്നു; അതുപോലെ ഇല്ലാത്ത ജഡദൃശ്യം ബോധത്തോടു ചേർന്നുള്ളതുപോലെ പ്രകാശിക്കുന്നു. ശാസ്ത്രത്തിൽകൂടിയോ ഗുരുവിൽകൂ ടിയോ പരമേശ്വരനെ കണ്ടെത്താൻ സാധ്യമല്ല. സൂക്ഷ്മബുദ്ധിയിലൂടെ ആത്മാവുതന്നെ ആത്മാവിനെ കണ്ടെത്തുന്നു. വഴിയാത്രക്കാർ യാത്രാമധ്യ ത്തിൽ രാഗദ്വേഷങ്ങളില്ലാതെ പലതും കണ്ടെത്തുന്നു. അതുപോലെ ഇന്ദ്രിയ ശത്രുക്കളേയും ജീവിതയാത്രയിൽ രാഗദ്വേഷങ്ങളില്ലാതെ കണ്ടെത്തേണ്ട താണ്. ഇന്ദ്രിയങ്ങളിലും ഇന്ദ്രിയവിഷയങ്ങളിലും ഒരു സത്യാന്വേഷി ആദരവു കാണിക്കാൻ പാടില്ല; അവയെ നിന്ദിക്കാനും പാടില്ല. വെറും പദാർഥങ്ങൾ എന്ന നിലയിൽ അവയുടെ സ്ഥാനങ്ങളിൽ അവ നിന്നുകൊള്ളട്ടെ. പദാർഥ സമൂഹം ജഡമെന്നു കണ്ടു അവയെ മനസാ ദൂരെ വെടിഞ്ഞു ആത്മമയ നായി ശീതളചിത്തനായി നിലകൊള്ളൂ. ഞാൻ ദേഹമാണെന്ന ബുദ്ധിയാണു സംസാരബന്ധത്തിനു കാരണം. മുമുക്ഷുക്കൾ ഒരിക്കലും ഈ ബുദ്ധി അംഗീ കരിക്കാൻ പാടില്ല. ആകാശത്തേക്കാൾ സൂക്ഷ്മമായ ഒന്നുമല്ലാത്ത ബോധ മാത്രസ്വരൂപനാണു ഞാൻ എന്ന ശാശ്വതമായ ബുദ്ധി സംസാരബന്ധത്തെ പാടെ അകറ്റുന്നതാണ്. നിർമല ജലത്തിൽ അകവും പുറവും നിറഞ്ഞു സൂര്യപ്രകാശം കുടികൊള്ളുന്നു. അതുപോലെ എല്ലാ വസ്തുക്കളിലും അകവും പുറവും നിറഞ്ഞു ആത്മാവു കുടികൊള്ളുന്നു. ആഭരണങ്ങളിൽ സ്വർണത്തിനു രൂപവൈഷമ്യം മാത്രമേയുള്ളു. വസ്തുഭേദമില്ല; അതുപോലെ പ്രപഞ്ച ദൃശ്യങ്ങളിൽ ആത്മാവിനും രൂപവൈഷമ്യമല്ലാതെ വസ്തുഭേദമി ല്ലെന്നറിയൂ. ജീവജാലങ്ങളാകുന്ന കല്ലോലങ്ങളോടുകൂടിയ ബ്രഹ്മാണ്ഡങ്ങ ളാകുന്ന നദികൾ വിനാശബഡവാഗ്നിയേറ്റു വറ്റിവരളുന്ന പ്രളയകാലമെന്ന സമുദ്രത്തെ ലക്ഷ്യമാക്കി ഒഴുകിക്കൊണ്ടിരിക്കുകയാണ്. എന്തുമാത്രം നദി കൾ ഒഴുകി വീണിട്ടും ഇന്നും അപൂർണമായി സ്ഥിതി ചെയ്യുന്ന ആ കാല സമുദ്രത്തെ കുടിച്ചു വറ്റിക്കുന്ന അഗസ്ത്യനായ ആത്മാവിനെ സർവദാ ഭാവന ചെയ്യൂ. ദേഹം തുടങ്ങിയ ആത്മാവല്ലാത്ത ജഡദൃശ്യ സമൂഹത്തിൽ ആത്മാവെന്നുള്ള ഭ്രമം ഉപേക്ഷിച്ചു ബോധസ്വരൂപമായ ഉണ്മയെ ആശ്രയിച്ചു രഹസ്യമയനായി യഥാസുഖം കാലയാപനം ചെയ്യൂ!

329. കുചകോടരസംസുപ്തം വിസ്മൃത്യ ജനനീസുതം
യഥാരോദിതിപുത്രാർഥം തഥാത്മാർഥമയംജനഃ

ജനനീ-അമ്മ; കുചകോടരസംസുപ്തം-മാർവിടത്തിൽ ഉറങ്ങിക്കിടക്കുന്ന; സുതംവിസ്മൃത്യ-മകനെ മറന്നിട്ട്; യഥാപുത്രാർഥംരോദിതി- എപ്രകാര

digitized by www.sreyas.in

മാണോ മകനുവേണ്ടി നിലവിളിക്കുന്നത്; തഥാ അയം ജനഃ ആത്മാർഥം രോദിതി-അതുപോലെ ഈ ജനങ്ങൾ ആത്മാവിനു വേണ്ടി നിലവിളികൂട്ടുന്നു.

അമ്മ മാർവിടത്തിൽ ഉറങ്ങിക്കിടക്കുന്ന മകനെ മറന്നിട്ട് എപ്രകാരമാണോ മകനുവേണ്ടി നിലവിളിക്കുന്നത് അതുപോലെ ഈ ജനങ്ങൾ ആത്മാവിനു വേണ്ടി നിലവിളികൂട്ടുന്നു.

**തഥാത്മാർഥമയം ജനഃ**

മാർവിടത്തിൽ ഉറങ്ങിക്കിടക്കുന്ന കുഞ്ഞിനെ മറന്നിട്ട് കുഞ്ഞിനെ കാണാനില്ലെന്നു പറഞ്ഞു അമ്മ നെഞ്ചത്തടിച്ചു നിലവിളിച്ചു കരയുകയാണ്. നെഞ്ചത്തടിക്കുമ്പോൾ അടി കൊള്ളുന്നതു കുഞ്ഞിന്റെ മുതുകിലാണ്. ഇതുപോലെയാണു ജനങ്ങളുടെ ആത്മാന്വേഷണം. എല്ലാവരും അറിഞ്ഞോ അറിയാതെയോ അന്വേഷിക്കുന്നത് ആത്മാവിനെയാണ്. സുഖമാണല്ലോ എല്ലാവരും അന്വേഷിക്കുന്നത്. ആത്മാവു മാത്രമാണു സുഖസ്വരൂപം. അതിനെത്തേടി ജഡങ്ങളുടെ പിന്നാലേ പോയി കഠിന ദുഃഖമനുഭവിക്കാൻ ഇടവരുന്നു. ഈ ദുഃഖത്തിന്റെ അടിവന്നുകൊള്ളുന്നതോ തന്റെ ഹൃദയത്തിലിരിക്കുന്ന ആത്മാവിൽ. എല്ലാവരുടെയും ഉള്ളിൽ അമ്മയുടെ മാറിൽ മകനെന്നപോലെ 'ഞാൻ ഞാൻ, എന്നിങ്ങനെ സുഖസ്വരൂപനായ ആത്മാവു സദാ പ്രകാശിച്ചു കൊണ്ടിരിക്കുന്നു. രാഗദ്വേഷമറയിലകപ്പെട്ട് ആത്മസൂനു ഉറങ്ങിയതുപോലെയായിത്തീർന്നിരിക്കുന്നു. മാറിലുറങ്ങുന്ന കുഞ്ഞിനെ തട്ടിയുണർത്തുന്നതുപോലെ രാഗദ്വേഷമറ ഒന്നുമാറ്റി ഉണർത്താമെങ്കിൽ ആത്മാവ് സുഖസ്വരൂപനായി ലോകം മുഴുവൻ നിറഞ്ഞു തിങ്ങി അനുഭവപ്പെടും. അതു ചെയ്യാതെ സുഖം തേടി ജഡങ്ങളുടെ പിന്നാലേ പോയി രാഗദ്വേഷമറയ്ക്കു ശക്തി കൂട്ടി ആത്മാവിനെ പീഡിപ്പിക്കുകയാണ് അജ്ഞരായ ജനങ്ങൾ.'

മനു തുടർന്നു: 'ജരാമരണങ്ങളില്ലാത്ത നിത്യമായ ആത്മാവിനെ അറിയാതെ ജനങ്ങൾ നിലവിളിച്ചുകരയുന്നു. ജഡശരീരം നഷ്ടമാകുമ്പോൾ ഹാ! എനിക്കെല്ലാം നഷ്ടപ്പെട്ടു. ഞാൻ അനാഥനായി, ഞാൻ നശിച്ചു എന്നിങ്ങനെ നിലവിളിക്കാൻ തുടങ്ങുന്നു. വെള്ളം ഇളകുമ്പോൾ കുമിള, തിര എന്നിങ്ങനെ പല രൂപത്തിൽ കാണപ്പെടുന്നു. അതുപോലെ സങ്കൽപ്പഭേദം കൊണ്ട് ബോധരൂപമായ ഒരേ ബ്രഹ്മം പെരുകിക്കാണുന്നതാണീ ജഗത്ത്. രാജൻ, ചിത്തത്തെ സങ്കൽപ്പകളങ്കമകറ്റി ബോധഭാവനയിൽ ഉറപ്പിച്ചുനിറുത്തൂ. സംശയമെല്ലാം വെടിഞ്ഞു ദേഹം കൊണ്ടു ചലിക്കുന്നുണ്ടെങ്കിലും ഉള്ളിൽ ചലനരഹിതമായ ഈശ്വരസ്വരൂപം കൈക്കൊണ്ട് സ്വസ്ഥനും സുഖിയുമായി രാജ്യഭരണം നടത്തൂ.

മനു പറഞ്ഞു: 'രാജാവേ, ശക്തിസ്പന്ദനരൂപമായ സൃഷ്ടികർമത്തിലൂടെ ബോധസ്വരൂപനായ ഈശ്വരൻ ഒരു കുട്ടിയെപ്പോലെ കളിക്കുന്നു. ശക്തിസ്പന്ദന രൂപമായ സംഹാരകർമത്തിലൂടെ എല്ലാം സംഹരിച്ച് സ്വരൂപസ്ഥിതനായി വർത്തിക്കുന്നു. ബോധശക്തി സ്വയം ഉദയം ചെയ്തു ബന്ധിക്കുന്നു; അതുപോലെ സ്വയം ഉദയം ചെയ്തു മോചിപ്പിക്കുന്നു. ചന്ദ്രസൂര്യന്മാരുടെയും അഗ്നിയുടെയും ചുട്ടുപഴുത്ത ഇരുമ്പിന്റെയും രത്നങ്ങളുടെയും പ്രകാശകിരണങ്ങൾ സ്വയം ഉദിച്ചു പ്രകാശിക്കുകയും സ്വയം അസ്തമിക്കുകയും ചെയ്യുന്നതുപോലെ; അഥവാ വൃക്ഷങ്ങളിൽ ഇലകളും അരുവികളിൽ ജലബിന്ദുക്കളും സ്വയം ഉണ്ടായി നശിക്കുന്നതുപോലെ; ഈ ബ്രഹ്മത്തിലും പ്രപഞ്ച

digitized by www.sreyas.in

ബുദ്ധി വെറും കൽപ്പിതം. ബ്രഹ്മത്തെ അറിയാത്തവർക്കു ദുഃഖപ്രദം. ഇതാണു വസ്തുസ്ഥിതി. മകനേ, വിശ്വവിമോഹിനിയായ ഈ മായ വിചിത്രയാണ്. സർവത്ര നിറഞ്ഞുനിൽക്കുന്ന ആത്മാവിനെ അതു നിമിത്തമല്ലേ കാണാൻ പറ്റാതിരിക്കുന്നത്.

330. ചിദാകാശമയം സർവം ജഗദിത്യേവഭാവയൻ
യസ്തിഷ്ഠത്യുപശാന്തോ$f$ന്തഃസബ്രഹ്മകവചഃസുഖീ.

ഈ ജഗത്ത് ഒരു രണാങ്കണം പോലെയാണ്. പക്ഷെ ഇവിടെ ജഗത്തുമുഴുവൻ ബോധാകാശമയമാണെന്നു ഭാവന ചെയ്തുകൊണ്ടാരു വർത്തിക്കുന്നുവോ അവൻ ബ്രഹ്മകവചമണിഞ്ഞ പടയാളിയാണ്. ഇവിടത്തെ ആയുധങ്ങളൊന്നും അവനിൽ ഏൽക്കുകയില്ല. അവൻ ശാന്തനായും സുഖിയായും ഈ പടക്കളത്തിൽ വിജയം വരിക്കുന്നു. അഹംഭാവം വെടിഞ്ഞ് അന്യമായൊന്നുമില്ലാത്ത ബോധഭാവം കൈക്കൊള്ളുക. മറ്റൊന്നുമില്ലാത്തതുകൊണ്ടു ശൂന്യം പോലെ വിലസുന്ന നിരാശ്രയമായ ബോധത്തെ സർവത്ര ഭാവന ചെയ്തുറപ്പിക്കുക. ഇതു രമ്യം, ഇത് അരമ്യം എന്ന ഭേദഭാവനയാണു ദുഃഖത്തിന്റെ മുഴുവൻ വിത്ത്. സമഭാവനയിൽ ഈ ഭേദബുദ്ധി ദഹിച്ചു ചാമ്പലായാൽ പിന്നെ ദുഃഖത്തിനവസരമെവിടെ? രാജാവേ, രമ്യാരമ്യഭേദമുൾക്കൊള്ളുന്ന ഭാവനയെ ഉപേക്ഷിച്ച് ഉറച്ച പൗരുഷത്തോടെ ചിത്തത്തെ പിഴുതെറിയൂ. കാടുപോലെ വളരുന്ന സങ്കൽപ്പങ്ങളെ സങ്കൽപ്പിക്കായ്കയിൽകൂടി മാറ്റുക. അങ്ങനെ ചിത്തത്തെ ഉപശമിപ്പിച്ചു ശോകമില്ലാത്തവനായി കഴിഞ്ഞുകൂടൂ. ഭുവനം മുഴുവൻ നിറഞ്ഞു തിങ്ങുന്ന ബോധരൂപനായി എല്ലാ വിഭാഗചിന്തകളും വെടിഞ്ഞു നിലകൊള്ളൂ. വിവേകവെളിച്ചമേന്തി സൃഷ്ടിഭ്രമമെല്ലാം കൈവെടിയൂ. നിരന്തരമായ പരമാനന്ദാനുഭവം നേടി ദുഃഖമൊഴിവാക്കൂ. അഭയമായ ചിദ്വപുസ്സു കൈക്കൊണ്ട് മനസ്സടങ്ങി സമനിലയെന്ന വെളിച്ചം പരത്തി നിർമല സുഖാനുഭവത്തിൽ മുഴുകൂ.

**യോഗഭൂമികകൾ**

മനു തുടർന്നു: 'ശാസ്ത്ര ചർച്ചയിലൂടെയും സജ്ജനസമ്പർക്കത്തിലൂടെയും ആരംഭത്തിൽ സത്യോന്മുഖമായ അറിവു വർദ്ധിപ്പിക്കണം' ഒരു സത്യജിജ്ഞാസു ആദ്യം എത്തിനിൽക്കേണ്ട ഭൂമിക ഇതാണ്. ഈ ഭൂമികയ്ക്കു ശുഭേച്ഛയെന്നു പേരിടാം. വിചാരണയാണു രണ്ടാമത്തെ ഭൂമിക അഥവാ ഘട്ടം. മൂന്നാമത് അസംഗഭാവന. നാലാമതു വിലാപിനി; വാസന വിലയിക്കുന്ന ഇടമാണിത്. ശുദ്ധ ബോധാനന്ദാനുഭവമാണ് അഞ്ചാമത്തേത്. പകുതി സുഷുപ്തിയിലെന്നപോലെ ജീവൻമുക്തൻ ഇവിടെ വർത്തിക്കുന്നു. സത്ത്വാപത്തിയെന്നാണീ ഭൂമികയുടെ പേര്. അസംവേദനരൂപയാണ് ആറാമത്തെ ഭൂമിക പദാർഥാഭാവന എന്നും ഇതിനു പേരുണ്ട്. സുഷുപ്തി തുല്യമായ ഈ ഭൂമികയിൽ കട്ടിപിടിച്ച ആനന്ദാനുഭവമാണുള്ളത്. തുര്യയാണ് ഏഴാമത്തെ ഭൂമിക. എല്ലാം ഉപശമിക്കുന്ന മുക്തിസ്ഥാനമാണിത്. ഭൂമികകൾക്കുള്ള പേരുകളിൽ അൽപ്പാൽപ്പം വ്യത്യാസങ്ങളുണ്ടെങ്കിലും അനുഭവക്രമം എല്ലാറ്റിലും തുല്യമാണ്. സമത്വം, നൈർമല്യം, സൗമ്യഭാവം ഇതൊക്കെ ഉച്ചകോടിയിലെത്തി നിൽക്കുന്ന ഭൂമികയാണേഴാമത്തേത്. ജഡബോധം പാടേ ഒഴിഞ്ഞുമാറുന്ന തുര്യാതീത സ്ഥിതി പരമനിർവാണം തന്നെയാണ്. ഏഴാമത്തെ ഭൂമികയുടെ പ്രൗഢരൂപമാണത്. ദേഹബോധം ഇവിടെ പാടെ വിട്ടൊഴിയുന്നു;

digitized by www.sreyas.in

അതുകൊണ്ടിതു തന്നെയാണു വിദേഹമുക്തി. ആദ്യത്തെ മൂന്നു ഭൂമികകളെ ജാഗ്രത്തെന്നു പറയാം. നാലാമത്തേതു സ്വപ്നം; എന്തുകൊണ്ടെന്നാൽ അവിടെ ജഗത്ത് ഒരു സ്വപ്നം പോലെ അനുഭവപ്പെടും. ആനന്ദം മാത്രമനുഭവപ്പെടുന്ന അഞ്ചാമത്തെ ഭൂമികയെ സുഷുപ്തമെന്നു വിളിക്കാം. പദാർഥബോധം ഒഴിഞ്ഞുമാറുന്ന ഇടമാണാറാമത്തേത്. പ്രപഞ്ചാതീതമായ വസ്തുസ്ഥിതി കൈവരിക്കുന്ന ഭൂമികയാണ് ഏഴാമത്തേത്. മനസ്സിനും വാക്കിനും വിവരിക്കാൻ കഴിയാത്ത അനുഭവസ്ഥിതി; സ്വയം ഉണ്മ അനുഭവിച്ചു നിൽക്കുന്ന ഇടം; മനസ്സു പൂർണമായും പ്രത്യാഹരിക്കപ്പെടുന്നതു കൊണ്ടു ദൃശ്യാനുഭവം ഒഴിഞ്ഞു മാറിയ ഘട്ടം; അതിരില്ലാത്ത സമത്വം, ഇവിടെ എത്തിയയാൾ പൂർണമായും മുക്തൻ തന്നെ; മകനേ നീയും ഇവിടെ എത്തി മുക്തനാകൂ. ലോകാനുഭവങ്ങളായ സുഖദുഃഖങ്ങളൊന്നും സ്പർശിക്കുക പോലും ചെയ്യാതെ പൂർണബുദ്ധിയായി ആത്മാരാമനായി മനുഷ്യൻ സ്ഥിതി ചെയ്താൽ അതു തന്നെയാണു മുക്തി.

331. വ്യവഹാര്യുപശാന്തോ വാ ഗൃഹസ്ഥാവാഥവായതിഃ
സശരീരോ ऽ ശരീരോവാ ഭവത്യേവം മതിഃ പുമാൻ.

വ്യവഹാരീ-സദാകർമരംഗത്തു കഴിയുന്നവനാകട്ടെ; ഉപശാന്തഃവാ- കർമമൊന്നും ചെയ്യാതെ ശാന്തനായി ഒരിടത്തിരിക്കുന്നവനാകട്ടെ; ഗൃഹസ്ഥഃവാ അഥവാ യതിഃ-ഗൃഹസ്ഥനാകട്ടെ അഥവാ സന്യാസിയാവട്ടെ: സശരീരം അശരീരഃവാ-ദേഹമുള്ളവനാകട്ടെ ദേഹമില്ലാത്തവനാകട്ടെ; പുമാൻ ഏവം മതിഃ ഭവതി-മനുഷ്യന് ഈ തുരീയാനുഭവത്തിൽ എത്തി നിൽക്കാൻ കഴിയുന്നു.

സദാകർമരംഗത്തുകഴിയുന്നവനാകട്ടെ, കർമമൊന്നും ചെയ്യാതെ ശാന്തനായി ഒരിടത്തിരിക്കുന്നവനാകട്ടെ ഗൃഹസ്ഥനാകട്ടെ അഥവാ സംന്യാസിയാകട്ടെ ദേഹമുള്ളവനാകട്ടെ ദേഹമില്ലാത്തവനാകട്ടെ മനുഷ്യന് ഈ തുരീയാനുഭവത്തിൽ എത്തി നിൽക്കാൻ കഴിയുന്നു.

### ഭവത്യേവംമതിഃ പുമാൻ

മോക്ഷാനുഭവത്തിന്റെ അതിനിഗൂഢമായ രഹസ്യമാണിവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. സ്ഥൂലശരീര ചലനങ്ങളുമായി മുക്തിക്കൊരു ബന്ധവുമില്ല. 'സർവം ബ്രഹ്മമയ'മെന്ന ബുദ്ധിയുടെ ഉറപ്പാണു തുരീയാനുഭവരൂപമായ മുക്തി. സ്വദേഹവും അതിന്റെ ചലനങ്ങളുംപോലും ബ്രഹ്മമാണെന്നുറപ്പുണ്ടെങ്കിൽ ദേഹം ചലിക്കുമ്പോഴും ദേഹമില്ലെന്നനുഭവിക്കാൻ കഴിയും. കുറച്ചുകാലത്തെ അഭ്യാസം കൊണ്ട് ബുദ്ധിക്കീ ഏകത്വാനുഭവം ഉറപ്പാക്കണം. പിന്നെ ദേഹം എങ്ങനെ വർത്തിച്ചാലും ദേഹമില്ലാതെ വർത്തിക്കാൻ തുരീയാനുഭവം നേടിയയോഗിക്കു കഴിയും. ഒരു മുക്തന്റെ ഈ തുരീയാനുഭവസ്ഥിതി പുറമേ നിന്നു നോക്കുന്നവർക്കു പിടികിട്ടുകയില്ല. ദേഹം കർമം ചെയ്യട്ടെ കർമം ചെയ്യാതിരിക്കട്ടെ, ദേഹം ഗൃഹസ്ഥധർമത്തിലോ സംന്യാസിധർമത്തിലോ വർത്തിക്കട്ടെ, ദേഹം അരോഗദൃഢമാവട്ടെ രോഗം കൊണ്ടു ചീഞ്ഞളിയട്ടെ. ദേഹമില്ലെന്നനുഭവിക്കുന്ന തുരീയ യോഗിക്ക് എന്തു നഷ്ടമാണുവരാനുള്ളത്? ഉപനിഷദ്ഗോക്കളിൽ നിന്നും ഗീതാമൃതം കറന്നെടുത്ത ഗോപാലനന്ദനന്റെ ജീവിതം തന്നെ ഇതിനുദൃഷ്ടാന്തം.

മനു തുടർന്നു: 'ഞാൻ മരിക്കുന്നില്ല, ജീവിക്കുന്നില്ല; ഞാൻ ഉള്ളതല്ല,

digitized by www.sreyas.in

ഇല്ലാത്തതുമല്ല; ഞാൻ മറ്റൊന്നുമല്ല, ബോധം മാത്രം; ഇതുറപ്പുള്ളയാൾ ജീവിതത്തിൽ ദുഃഖിക്കാനിടവരുന്നില്ല. എനിക്കൊന്നിനോടും പറ്റലില്ല; എനിക്കു ജീർണതയില്ല; രാഗമില്ല; വാസനകളില്ല; ഞാൻ അംശരഹിതമായ ബോധാകാശമാണ്; ഈ ഉറപ്പുള്ളയാൾ ദുഃഖത്തിനുപാത്രമാകുന്നില്ല, അഹ ങ്കാരമില്ലാത്ത ശുദ്ധബുദ്ധാജരാമര സ്വരൂപനാണു ഞാൻ; ശാന്തനും സർവത്ര സമരൂപനും; ഈ ഉറപ്പുള്ളയാളിനെ ദുഃഖം സമീപിക്കുന്നില്ല, പുൽക്കൊടി യിലും സൂര്യനിലും മനുഷ്യരിലും സർവദേവാദികളിലും എന്തുണ്ടോ അതു മാത്രമേയുള്ളു; എന്നുറപ്പുവന്നാൽ പിന്നെ ദുഃഖമില്ല. മുൻപിലും മുകളിലും താഴെയും എല്ലാം നിറഞ്ഞുനിൽക്കുന്ന മഹത്തായ സത്യമാണു ബോധം. അതിന്റെ അനന്തവിലാസമാണെല്ലാമെന്നറിഞ്ഞാൽ പിന്നെ ഇവിടെ നഷ്ട പ്പെടാനെന്താണുള്ളത്. ഒന്നിനോടു ഗാഢസംഗം പുലർത്തി അതനുഭവിച്ചാൽ സുഖമെന്നു തോന്നുന്നു. എന്നാൽ നാശമടുക്കുമ്പോൾ ആ സുഖിപ്പിച്ച വസ്തു തന്നെ അതിരറ്റ ദുഃഖത്തിനും കാരണമായി ഭവിക്കുന്നു. സുഖത്തോ ടുകൂടിയല്ലാതെ ദുഃഖമോ ദുഃഖത്തോടുകൂടിയല്ലാതെ സുഖമോ ഇല്ലെന്നു പ്രസിദ്ധമല്ലേ. ഈ സാപേക്ഷ വലയത്തെ ഭേദിച്ചു നിത്യസുഖം പ്രദാനം ചെയ്യുന്നതാണാത്മജ്ഞാനം. രാഗദ്വേഷവാസനയില്ലാതെ സത്യബോധ ത്തോടെ പദാർഥങ്ങളെ അനുഭവിച്ചാൽ അവിടെ സാപേക്ഷസുഖമില്ല; അതി നാൽ അതിന്റെ നാശത്തിൽ ദുഃഖവുമില്ല. മകനേ, രാഗദ്വേഷവാസനകൾക്കു വഴങ്ങാതെ കർമം ചെയ്താൽ ആ കർമം വറുത്ത വിത്തുപോലെ പിന്നെ ജന്മാങ്കുരത്തിനു ഹേതുവായി ഭവിക്കുന്നില്ല. ദേഹം ഇന്ദ്രിയങ്ങൾ തുടങ്ങി കരണങ്ങളല്ലേ കർമം ചെയ്യുന്നത്; ഇവയിലൊന്നിനെ കർത്താവായോ ഭോക്താവായോ കൽപ്പിക്കുന്നതിലർഥമുണ്ടോ? ഈ കരണ കർമഭാവ ങ്ങൾക്കൊക്കെയപ്പുറം ശശാങ്കശീതളനായി പൂർണനായി സൂര്യനെപ്പോലെ സാക്ഷിരൂപത്തിൽ വിളങ്ങുന്ന സത്യമല്ലേ ബോധരൂപനായ ആത്മാവ്. ഈ ആത്മാവിനു കർതൃഭാവമോ ഭോക്തൃഭാവമോ ചേരുമോ? ഈ അറിവുണ്ടെ ങ്കിൽ ദേഹമാകുന്ന ഇലവുവൃക്ഷത്തിലെ കർമമാകുന്ന പഞ്ഞി ജ്ഞാനമാ കുന്ന കാറ്റുതട്ടി പറന്നെങ്ങോമറഞ്ഞു കൊള്ളും. മറ്റേതു വിദ്യയും അഭ്യാ സമില്ലെങ്കിൽ നശിച്ചു പോകും. എന്നാൽ ആത്മജ്ഞാനമാകട്ടെ ഒരിക്കൽ പ്രകാശിക്കാൻ തുടങ്ങിയാൽ പിന്നെ നിമിഷംപ്രതി വർധിച്ചുകൊണ്ടേയി രിക്കും. വിശ്വരൂപം കൈക്കൊണ്ടുനിൽക്കുന്ന ഒരേ വസ്തുതന്നെയാണെ ല്ലാമായി പ്രകാശിക്കുന്നത്. കുളങ്ങളിലും നദികളിലും സമുദ്രത്തിലും ഒരേ വെള്ളം നിറഞ്ഞുനിൽക്കുംപോലെ. സങ്കൽപ്പസൃഷ്ടിഭ്രമങ്ങളെയൊക്കെ ശമി പ്പിച്ച് ഉണ്മ അനുഭവമായുള്ള ആ ഏകവസ്തുവിനെ ജഗത്തിലെവിടെയും അറിഞ്ഞനുഭവിക്കൂ.

മകനേ, വിഷയഭോഗാശ നിലവിലുള്ളിടത്തോളം ജീവത്വം നിലനിൽക്കും. വിഷയഭോഗാശ സ്വതേ ഉണ്ടായതല്ല; അവിവേകം കൊണ്ടുണ്ടായതാണ്. വിവേകം കൊണ്ട് ഈ വിഷയാശ നശിക്കുമെങ്കിൽ അതോടെ ജീവത്വം പോയി അനാമയമായ ബ്രഹ്മത്വം കൈവരും. പലതരം ദേഹങ്ങൾ അംഗീക രിച്ച് ഉയർന്നും താണും ഒരു കിണറിലെ റാട്ടുപോലെ കറങ്ങിക്കൊണ്ടിരി ക്കുന്നതാണീ സംസാരചക്രം. ചിന്തയാകുന്ന കയറിൽ ഒരു ജലപാത്രമായി ബന്ധിക്കപ്പെട്ടു സംസാരമാകുന്ന റാട്ടിൽ ഉയർന്നും താഴ്ന്നും കറങ്ങാനിടവ രാതെ സൂക്ഷിക്കൂ. ഇതെന്റേത്, ഞാനിവന്റേത് എന്നും മറ്റുമുള്ള ലോകവ്യ

digitized by www.sreyas.in

വഹാരം കട്ടിപിടിച്ച ഭ്രമമാണ്. മോഹം നിമിത്തം ഇതിനു വഴങ്ങുന്നവർ പതിച്ചു താഴോട്ടു പോകാനിടവരുന്ന ശഠന്മാരാണ്. ഞാൻ അവന്റേതാണ്, അവൻ എന്റേതാണ് എന്നീ വിധമുള്ള മോഹം ആർക്ക് ഉപേക്ഷിക്കുവാൻ കഴിവുണ്ടോ അയാൾ ജീവിതത്തിൽ ഉയർന്നു സത്യത്തോടടുത്തു കൊണ്ടേയിരിക്കും. രാജാവേ, ഞാനുണ്ട്, ഞാനുണ്ട് എന്നിങ്ങനെ സ്വയം പ്രകാശിച്ചു കൊണ്ടിരിക്കുന്ന ബോധരൂപനായ ആത്മാവിനെ ഇനി ഒട്ടും താമസിക്കാതെ സമാശ്രയിക്കൂ. എന്നിട്ട് ആ ചിദാകാശം ജഗത്തിൽ മുഴുവൻ നിറഞ്ഞു നിൽക്കുന്നു എന്നുകാണൂ. ഏതുനിമിഷം ഇപ്രകാരം അഖണ്ഡമായ ബോധത്തെ നോക്കിക്കാണുമോ ആ നിമിഷം സംസാരം തരണം ചെയ്ത് ഈശ്വരരൂപം പ്രാപിക്കാനിടവരും. ബ്രഹ്മാവ്, ഇന്ദ്രൻ, വിഷ്ണു, വരുണൻ ഇവരൊക്കെ എന്തൊക്കെ ചെയ്യുന്നുണ്ടോ അതൊക്കെ ചിദ്രൂപനായ ഞാൻ തന്നെയാണ് ചെയ്യുന്നതെന്നു ഭാവന ചെയ്യൂ. ഈ നിലയിൽ ബുദ്ധിക്ക് ഉറപ്പു വന്നാൽ ഏതെല്ലാം രൂപത്തിൽ എന്തൊക്കെ കാണപ്പെടുന്നുണ്ടോ അതൊക്കെ ബോധമെന്ന നിലയിൽ സത്യം തന്നെയായി ഭവിക്കുന്നു; കുഞ്ഞേ; ബോധപ്രകാശം ഇടതടവില്ലാത്തതാണ്.

332. ചിന്മാത്രത്വം പ്രയാതസ്യതീർണമൃത്യോരചേതസഃ
യോഭവേത് പരമാനന്ദഃ കേനാസാവുപമീയതേ.

മരണത്തെക്കടന്നു ചിത്തമുപശമിച്ചു ബോധമാത്രരൂപനായി ഭവിച്ച സത്യ ദർശിയുടെ പരമാനന്ദം ആർക്കു വർണിക്കാൻ കഴിയും; ഈ ലോകത്തിൽ അതിനുപമാനം ഇല്ലതന്നെ. അത് അശൂന്യമല്ല, ശൂന്യവുമല്ല. അത് അചിന്മയവുമല്ല, ചിന്മയവുമല്ല. ഞാനുമല്ല, മറ്റൊന്നുമല്ല; ഭുവനത്തെ മുഴുവൻ ഈ നിലയിൽ അനുഭവിച്ചു കഴിഞ്ഞുകൂടൂ. ഈ സ്വരൂപത്തിലെത്തിയാൽ അവിടെ പ്രകൃതി പൂർണമായും വഴിമാറുന്നു. മോക്ഷമെന്ന പേരിൽ ഒരു പ്രത്യേക ദേശമോ കാലമോ ഒരിടത്തുമില്ല.

333. അഹം കൃതേർവിമോഹസ്യക്ഷയേണായംവിലീയതേ
പ്രകൃതിർഭാവനാനാമ്നീമോക്ഷഃ സ്യാദേഷഏവസഃ

അഹങ്കാരമെന്ന മോഹം ക്ഷയിക്കുന്നതോടെ ഭാവനാമയിയായ പ്രകൃതിയും വിലയം പ്രാപിക്കുന്നു. ഇതുതന്നെയാണ് മോക്ഷം. ശാസ്ത്രാർഥവിചാരചാപല്യം അവിടെ അവസാനിക്കുന്നു. നാനാരസ കാവ്യരസാസ്വാദന കൗതുകം അവിടെ ഒടുങ്ങുന്നു. സംശയത്തിന്റെ വിപ്ലവമെല്ലാം അവിടെ കെട്ടടങ്ങുന്നു. ഒരഴിവുമില്ലാത്ത ബോധരൂപം കൈക്കൊണ്ട് സുഖമാത്രനായി വിചരിക്കുന്നു.

ദേഹം മറയ്ക്കാൻ എന്തുകിട്ടിയാലും മതി. വിശപ്പടക്കാൻ എന്താണോ കിട്ടുന്നതതുമതി. എവിടെയാണോ തങ്ങാൻ പറ്റുന്നതവിടെതങ്ങും. അങ്ങനെ ഏതുചക്രവർത്തിയെയും കവിഞ്ഞു സുഖസമ്പന്നനായി വിരാജിക്കും. വർണാശ്രമാചാരശാസ്ത്രവിധികളൊന്നും അവിടെ ബാധകമല്ല. കൂട്ടിൽ നിന്നും സിംഹം പുറത്തിറങ്ങുന്നതുപോലെ ജഗത്തിൽ നിന്നും പുറത്തു ചാടിയിരിക്കുന്നു. വാക്കുകൾക്കാസ്ഥിതി വർണിക്കാനാവില്ല. വിഷയാശാ ദൃഷ്ടി ലേശവുമില്ല. ഒരവർണനീയശോഭ; ശരത്കാലത്തെ നഭഃ സ്ഥലം പോലെ. ഗംഭീരനുമാണ് പ്രസന്നനുമാണ്; പർവതത്തിലെ വലിയ തടാകം പോലെ. പരമാനന്ദരസസരിത്തിൽ മുഴുകി തന്നിൽ താൻ അക്ഷോഭ്യനായി

digitized by www.sreyas.in

വിലസുന്നു. കർമഫലങ്ങളെല്ലാം കൈവിട്ടിരിക്കുന്നു; ഒന്നിനെയും ആശ്രയിക്കാതെ നിത്യതൃപ്തൻ. പുണ്യകർമമോ പാപകർമമോ മിശ്രകർമമോ ഒന്നും അവിടെ സ്പർശിക്കുന്നതേയില്ല. പ്രതിബിംബം കൊണ്ടു സ്ഫടികം ഒരിക്കലും നിറം മാറാറില്ലല്ലോ; അതുപോലെ ജ്ഞാനി കർമഫലംകൊണ്ടൊന്നും കളങ്കപ്പെടുന്നതേയില്ല. ജനതാമധ്യത്തിൽ ചിലർ അടിച്ചുവീഴ്ത്തട്ടെ, ചിലർ പൂജിച്ചാദരിക്കട്ടെ; ഖേദത്തിനോ ആഹ്ലാദത്തിനോ വഴങ്ങുന്നില്ല; നിഴലിനെ അടിച്ചാലും പൂജിച്ചാലും അതിനുകേടുപറ്റാറുണ്ടോ. നിസ്തോത്രൻ, നിർവികാരൻ, പൂജാവിവർജിതൻ; എല്ലാ ആചാരക്രമങ്ങളിലുംപെട്ട് ഒന്നുചേരുന്നു, വേർപെടുന്നു; ഒരുഭാവഭേദവുമില്ല. ജ്ഞാനിയിൽനിന്നു ലോകത്തിനു വ്യാകുലതയില്ല; ലോകത്തിൽനിന്നു ജ്ഞാനിക്കും വ്യാകുലതയില്ല. രാഗദ്വേഷഭയാനന്ദങ്ങളോടു ചേരുന്നുമുണ്ട്; അകലുന്നുമുണ്ട്. ജ്ഞാനിയായ മഹാശയൻ ഒരു ലൗകികകാര്യത്തിലും നിർബദ്ധനല്ല; എന്നാൽ ഒരു കുട്ടിയോടുപോലും ചേർന്ന് ആ ഉദാരാശയൻ ഏതു കാര്യത്തിലും ഏർപ്പെടും. ദേഹം ചണ്ഡാലക്കുടിലിലോ തീർഥസ്ഥാനത്തോ പതിക്കട്ടെ; ഇപ്പോഴോ എപ്പോഴോ പതിക്കട്ടെ; ഒരു കുണ്ഠിതവുമില്ല. ജ്ഞാനമുറപ്പുവന്ന നിമിഷം മുതൽ അദ്ദേഹം മുക്തനാണ്; പിന്നെ ദേഹത്തെക്കുറിച്ചൊരുചിന്തയുമില്ല. ഞാൻ വേറെയെന്ന ഭ്രമമാണു ബന്ധം; ജ്ഞാനം കൊണ്ടതു ക്ഷയിക്കുന്നതാണു മോക്ഷം. ഈ മോക്ഷത്തിൽ ആരെത്തിനിൽക്കുന്നോ അദ്ദേഹം ജനങ്ങളാൽ പൂജിക്കപ്പെടേണ്ടയാളാണ് അദ്ദേഹത്തെ പൂജിക്കണം, സ്തുതിക്കണം, നമസ്ക്കരിക്കണം. ജീവിതവിഭവങ്ങളും സുഖവും ആഗ്രഹിക്കുന്നവർ അദ്ദേഹത്തെ കാണണം അഭിവാദ്യം ചെയ്യണം. ആത്മസത്യം അനുഭവിക്കുന്നവരുടെ ഈ നില യജ്ഞങ്ങൾകൊണ്ടോ തീർഥങ്ങൾ കൊണ്ടോ തപസ്സുകൊണ്ടോ ദാനംകൊണ്ടോ ഒന്നും ലഭ്യമാകുകയില്ല. പരമപാവനമായ ഈ നില സത്യത്തോടുള്ള പരമപ്രേമരൂപമായ ഭക്തികൊണ്ടു സംസാരരോഗഭയം മാറിക്കിട്ടിയവർക്കേ കരഗതമാവൂ!

വസിഷ്ഠൻ പറഞ്ഞു: 'ഇത്രയും പറഞ്ഞു ഭഗവാൻ മനു ബ്രഹ്മലോകത്തുള്ള തന്റെ ആസ്ഥാനത്തേയ്ക്കു മടങ്ങിപ്പോയി. ഇക്ഷ്വാകു മനു പറഞ്ഞതുപോലെ സത്യദൃഷ്ടി ഉറപ്പിച്ചു അചഞ്ചലനായി രാജ്യം ഭരിച്ചു'.

*ഇതി ശ്രീ വാല്മീകിയേ മോക്ഷോപായേ നിർവാണപ്രകരണേ*
*ഇക്ഷ്വാകൂപാഖ്യാനം നാമ*
*ത്രയോദശഃ സർഗഃ*

**സർഗം 14**

# മുനിവ്യാധോപാഖ്യാനം

രാമൻ ചോദിച്ചു: ആത്മജ്ഞാനികളിൽ അഗ്രഗണ്യനായ മഹാമുനേ, സത്യബുദ്ധി ഉറപ്പുവന്ന ഒരു ജീവന്മുക്തന്റെ അപൂർവമായ പ്രത്യേകത എന്താണ്? ദയവായി അരുളിച്ചെയ്താലും?

digitized by www.sreyas.in

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ജ്ഞാനിക്ക് അതിശയകരമായ ഒരു പ്രത്യേകബുദ്ധി രൂപംകൊള്ളുന്നു. അദ്ദേഹം നിത്യതൃപ്തനായി പ്രശാന്ത ചിത്തനായി തന്നിൽതന്നെ നിലകൊള്ളുന്നു. ആകാശഗമനം തുടങ്ങിയ സിദ്ധികൾ മന്ത്രസിദ്ധന്മാർ, തപഃസിദ്ധന്മാർ, തന്ത്രസിദ്ധന്മാർ എന്നിവർക്കൊക്കെ നേടാവുന്നതേയുള്ളൂ. ഇതിൽ അപൂർവതയൊന്നുമില്ല. അണിമാദി അഷ്ടൈശ്വര്യ സിദ്ധികളും മിക്കവാറും അത്തരക്കാരാണു നേടുന്നത്. ഇതൊക്കെ യത്നം കൊണ്ടാർക്കും നേടാവുന്നവയാണ്. ജ്ഞാനം കൊണ്ടു നേടേണ്ടതാണാത്മദർശനം. ഏതിലെങ്കിലും ആഗ്രഹം വച്ചു പുലർത്തുന്നവർ മൂഢബുദ്ധികളാണ്. നിർമലമായ ജ്ഞാനിയുടെ മനസ്സിൽ ഒന്നിലും ആഗ്രഹമുദിക്കുന്നില്ലെന്നുള്ളതാണദ്ദേഹത്തിന്റെ അപൂർവത. മനസ്സുപശമിച്ച് ചിരകാലമായുണ്ടായിരുന്ന സംസാരഭ്രമം ഒഴിഞ്ഞു പോയ ജ്ഞാനിയുടെ അപൂർവാതിശയമെന്താണെന്നോ; പറയാം. അദ്ദേഹത്തിനു കാമം, കോപം, വിഷാദം, മോഹം, ലോഭം തുടങ്ങിയ ആപത്തുകൾ അനുദിനം കുറഞ്ഞുവരുന്നു; ഒടുവിൽ നിശ്ശേഷം ഇല്ലാതാകുന്നു.

രാമാ, ഒരു ബ്രാഹ്മണൻ തന്റെ ബ്രാഹ്മണചിത്തമുപേക്ഷിച്ചു ക്രമേണ ദുരാഗ്രഹം നിമിത്തം ശൂദ്രചിത്തം അംഗീകരിക്കുന്നു എന്നു കരുതുക. അതുപോലെയാണീശ്വരൻ സങ്കൽപ്പത്തിലൂടെ ജീവത്വം അംഗീകരിക്കുന്നത്. ഓരോ സൃഷ്ടിയുടെയും ആരംഭത്തിൽ രണ്ടുതരം ജീവന്മാർ രൂപംകൊള്ളുന്നു. അവയിൽ ചിത്തിൽനിന്നും ആദ്യമായി സ്പന്ദിക്കുന്ന ജീവന്മാർ ഒരു കാരണവുമില്ലാതെ സ്വയം പൊന്തുന്നവരാണ്. ഇങ്ങനെ ഈശ്വരനിൽ നിന്നും അകാരണമായി പൊന്തുന്ന ജീവന്മാർ സ്വയം സങ്കൽപ്പിച്ചുണ്ടാക്കുന്ന കർമങ്ങളിൽക്കൂടി ജന്മാന്തരങ്ങളുണ്ടാക്കി പലതരം ദേഹങ്ങൾ സ്വീകരിച്ചു സംസാരഭ്രമത്തിൽ തുടരാൻ ഇടവരുന്നു. ഇങ്ങനെയാണു ജന്മകർമങ്ങൾക്കു കാര്യകാരണഭാവം വന്നുചേരുന്നത്.

334. അകാരണമുപായാന്തി സർവേ ജീവാഃപരാസ്പദാത്
പശ്ചാത്തേഷാം സ്വകർമാണി കാരണം സുഖദുഃഖയോഃ

സർവേ ജീവാഃ-എല്ലാ ജീവന്മാരും ആദ്യം; പരാസ്പദാത്-പരമകാരണമായ ബോധത്തിൽനിന്നും; അകാരണം ഉപായാന്തി-കാരണമൊന്നുംകൂടാതെ പൊന്തിവരുന്നു; പശ്ചാത്-അനന്തരം; തേഷാം സുഖദുഃഖയോഃ - അവയുടെ സുഖദുഃഖങ്ങൾക്ക്; സ്വകർമാണികാരണം-സ്വയമുണ്ടാക്കുന്ന കർമങ്ങളാണു കാരണം.

എല്ലാ ജീവന്മാരും ആദ്യം പരമകാരണമായ ബോധത്തിൽ നിന്നും കാരണമൊന്നും കൂടാതെ പൊന്തിവരുന്നു. അനന്തരം അവയുടെ സുഖ ദുഃഖങ്ങൾക്ക് സ്വയമുണ്ടാക്കുന്ന കർമങ്ങളാണു കാരണം.

**അകാരണമുപായാന്തി**

ചിത്തിൽനിന്നും ആദ്യം സ്പന്ദിക്കുന്ന ജീവന്മാർ, സ്വകർമവശരായി കറങ്ങുന്ന ജീവൻമാർ ഇങ്ങനെ ജീവൻമാർ രണ്ടുവിധം. ഇവരിൽ ചിത്തിൽനിന്നും ആദ്യം സ്പന്ദിക്കുന്ന ജീവന്മാരാണു കാരണമില്ലാതെ സ്വയം പൊന്തുന്ന ജീവൻമാർ. ആദ്യചിത്സ്പന്ദനമാണ് ഞാൻ, ഞാൻ എന്നനുഭവപ്പെടുന്ന ജീവഭാഗം. ജീവനെ ചുറ്റിനിൽക്കുന്ന സങ്കൽപ്പവലയമാണ് അതു

digitized by www.sreyas.in

സ്വയമുണ്ടാക്കുന്ന കർമങ്ങൾ. ഒരു ജീവനെ ജനനമരണചക്രത്തിൽ കറക്കുന്നത് ഈ സങ്കൽപ്പവലയമാണ്. സൂക്ഷ്മ ശരീരം, ചിത്തം എന്നൊക്കെ പറയുന്നത് ഈ സങ്കൽപ്പവലയത്തെയാണ്. 'ഞാൻ' സ്വയമുണ്ടാക്കുന്നതാണീ സങ്കൽപ്പവലയം. 'ഞാനിനു' വേണമെങ്കിൽ സ്വയം ഇതിനെ ഉപേക്ഷിക്കാൻ കഴിയും; സങ്കൽപ്പവലയം ഉപേക്ഷിക്കപ്പെടുന്നതോടെ 'ഞാൻ' അഖണ്ഡബോധത്തിൽ വെള്ളത്തിൽ കുമിളപോലെ സ്വയം പൊന്തിനിൽക്കുന്ന ഒരു പ്രതിഭാസമാണെന്നു 'ഞാനി'നുതന്നെ നേരിട്ടു തെളിയുന്നു. അങ്ങനെ കാരണം കൂടാതെ ബോധത്തിൽ ആദ്യം സ്പന്ദിച്ചതാണ് 'ഞാൻ'; എന്നും അറിയാൻ കഴിയുന്നു. അതോടെ താൻ അഖണ്ഡബോധസ്വരൂപമായ ബ്രഹ്മമാണെന്നറിഞ്ഞു അതിൽ ലയിക്കുന്നതാണു മോക്ഷം. കുമിള വെള്ളത്തിൽ ലയിക്കുന്നതുപോലെ. ചുരുക്കത്തിൽ ജീവന്റെ ബന്ധമോക്ഷങ്ങൾ അതിന്റെ തന്നെ സ്വകൃതകർമസങ്കൽപ്പങ്ങൾ നിമിത്തം വന്നുചേരുന്നതാണെന്നു താൽപ്പര്യം. വസിഷ്ഠൻ തുടർന്നു 'കർമത്തിന്റെ സൂക്ഷ്മരൂപമാണു സങ്കൽപ്പം. ആത്മാവിനെക്കുറിച്ചുള്ള അജ്ഞത നിമിത്തം ഉണ്ടാകാവുന്നതാണീ കർമ സങ്കൽപ്പം. കർമത്തിനു കാരണമായിത്തീരുന്നതീ സങ്കൽപ്പമാണ്. ബന്ധത്തിനുകാരണം സങ്കൽപ്പമാണ്. സങ്കൽപ്പമില്ലാതിരിക്കലാണു മോക്ഷകാരണം. ബുദ്ധികൊണ്ടു നിസ്സങ്കൽപ്പത്വം ആവർത്തിച്ചഭ്യസിക്കണം. ഇതു ഗ്രാഹ്യം, ഞാൻ ഗ്രാഹകൻ എന്ന നിലയിൽ ബന്ധം രൂപംകൊള്ളാനിടയാകാതെ ശ്രദ്ധിക്കണം. എല്ലാം ഒന്നെന്നുറപ്പിച്ച് ഗ്രാഹ്യഗ്രാഹകഭേദസങ്കൽപ്പം പരിഹരിക്കണം. ഗ്രാഹ്യാത്മാവായോ ഗ്രാഹകാത്മാവായോ സങ്കൽപ്പിക്കരുത്. ഭേദഭാവനയൊക്കെവിട്ട് പിന്നെ എന്തുശേഷിക്കുമോ അതായിത്തീരണം. രാമാ, എന്തെല്ലാം കാര്യങ്ങൾ ഇന്ദ്രിയങ്ങൾ ഗ്രഹിക്കുന്നുവോ അവയിൽ മാനസികമായി രാഗംവന്നാൽ ബന്ധം; രാഗമില്ലെന്നുവന്നാൽ മോക്ഷം; ഇതാണു ബന്ധമോക്ഷനിയമം. ചിത്തത്തിൽ എന്തിനോടെങ്കിലും ഇഷ്ടം വന്നുചേർന്നാൽ ഈ സംസാരത്തിൽ ബദ്ധനായിത്തീരുന്നു. ഒന്നിനോടും ഇഷ്ടമില്ലെന്നു വന്നാൽ ഈ സംസാരത്തിൽ മുക്തനായിത്തീരുന്നു. അതുകൊണ്ടു രാമാ, പദാർഥസമൂഹങ്ങളിൽ പുൽക്കൊടി മുതൽ ദേവന്മാർവരെ ഒന്നിലും ഇഷ്ടം ഉണ്ടാകരുത്. സ്ഥാവരമെന്നോ ജംഗമമെന്നോ ഭേദം കാണാതെ ഈ നിസ്സംഗത്വം ഉള്ളുകൊണ്ടു ശീലിക്കണം. രാഗമില്ലാതെ എന്തു ഭക്ഷിച്ചാലും എന്തുചെയ്താലും എന്തുപേക്ഷിച്ചാലും നീ കർത്താവുമല്ല, ഭോക്താവുമല്ല; മനസ്സടങ്ങിയ മുക്തനാണെന്നറിയൂ. സത്യമറിഞ്ഞവർ കഴിഞ്ഞതിനെക്കുറിച്ചു ദുഃഖിക്കുന്നില്ല; വരാനിരിക്കുന്നതിനെക്കുറിച്ചു ചിന്തിക്കുന്നില്ല; ക്രമമനുസരിച്ചു വന്നുചേരുന്ന വർത്തമാനത്തിൽ പറ്റിപ്പിടിക്കുന്നുമില്ല. മനസ്സിനെ കോർത്തുപിടിക്കുന്ന തൃഷ്ണാമോഹമദാദികളായ പാശങ്ങളെ അറിവുള്ളയാൾ മനസ്സുകൊണ്ടുതന്നെ ഛേദിച്ചു ദൂരെ കളയണം. മൂർച്ചയുള്ള ഇരുമ്പുകൊണ്ടു ഇരുമ്പുവലയവും മറ്റും അറുക്കുന്നതുപോലെ ഉറപ്പുറ്റ വിവേകംകൊണ്ട് പാകമായ മനസ്സിൽ മനസ്സിനെ മുറിച്ചുതള്ളിയിട്ട് സംസാരഭ്രമത്തെ ശമിപ്പിക്കേണ്ടതാണ്. ശുചീകരണ വിദഗ്ധന്മാർ അഴുക്കുപയോഗിച്ച് അഴുക്കിനെ കഴുകിക്കളയുന്നു. യുദ്ധവീരന്മാർ അസ്ത്രം കൊണ്ട് അസ്ത്രത്തെ ഛേദിക്കുന്നു; ചികിത്സകന്മാർ വിഷംകൊണ്ട് വിഷത്തെ ശമിപ്പിക്കുന്നു. ജീവനുസ്ഥൂലമെന്നും സൂക്ഷ്മമെന്നും പരമെന്നും മൂന്നുരൂപങ്ങൾ. ഇവയിൽ സ്ഥൂലസൂക്ഷ്മങ്ങളെ പുറംതള്ളി പരരൂപത്തെ

digitized by www.sreyas.in

സമാശ്രയിക്കണം. ലൗകിക സുഖാനുഭവങ്ങൾക്കായി രൂപം കൊള്ളുന്ന മാംസാസ്ഥിമയമായ ദേഹമാണു ജീവന്റെ സ്ഥൂലരൂപം. സങ്കൽപ്പമയവും സംസാരഗതിതീരുന്നതുവരെ നിലനിൽക്കുന്നതും ഒരുസ്ഥൂലദേഹം വിട്ടു മറ്റൊരു സ്ഥൂലദേഹത്തെ പ്രാപിക്കുന്നതുമായ ചിത്തമാണു ജീവന്റെ സൂക്ഷ്മരൂപം അഥവാ ആതിവാഹികരൂപം.

335. ആദ്യന്തരഹിതംസത്യം ചിന്മാത്രം നിർവികൽപ്പകം
യത്തദ്വിദ്ധിപരംരൂപം ജീവസ്യാദ്യംതൃതീയകം

ആദ്യന്തരഹിതമായ കേവലബോധമാണു ജീവന്റെ പരരൂപം. അതഴിവില്ലാത്ത സത്യമാണ്; അതു സങ്കൽപ്പരഹിതമാണ്. ജീവന്റെ ആദ്യരൂപമാണ്. സ്ഥൂലസൂക്ഷ്മരൂപങ്ങളെ അപേക്ഷിച്ചതു മൂന്നാമത്തേതാണ്. ജീവന്റെ ഈ പരരൂപമാണു തുരീയമെന്നറിയപ്പെടുന്നത്. ആദ്യത്തെ രണ്ടുരൂപവുമുപേക്ഷിച്ചു ശുദ്ധമായ തുരീയരൂപത്തിൽ ഉറച്ചുനിൽക്കണം. സ്ഥൂലസൂക്ഷ്മ രൂപങ്ങളാണു ഞാനെന്നൊരിക്കലും ധരിക്കരുത്.

രാമൻ ചോദിച്ചു: 'അല്ലയോമുനിനായകാ, ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകൾക്കപ്പുറം തുരീയാവസ്ഥയ്ക്കുള്ള വിശേഷം ഒന്നു വ്യക്തമായി വേർതിരിച്ചു കാണിച്ചുതന്നാലും'.

വസിഷ്ഠൻ പറഞ്ഞു: 'ഞാനില്ല, ഞാനില്ലാതയുമില്ല; സത്തല്ല, അസത്തുമല്ല. ഭേദഭാവങ്ങളൊക്കെപ്പോയി ഒന്നിനോടും പറ്റലില്ലാത്ത ബോധാനുഭവമാണു തുരീയാനുഭവം. നിർമലം, സമം, ശാന്തം, ജീവന്മുക്തസ്ഥിതി, വ്യവഹാരത്തിൽ കേവലംസാക്ഷിഭാവം ഇതാണു തുരീയാനുഭവം. സങ്കൽപ്പമില്ലാത്തതുകൊണ്ട് ഇതു ജാഗ്രത്തല്ല; സ്വപ്നവുമല്ല. സുഷുപ്തി ഒന്നുമില്ലാത്ത ജഡാനുഭവമായതുകൊണ്ട് ഇതു സുഷ്പ്തവുമല്ല. തുരീയാനുഭവത്തിലെത്തി വസ്തുബോധമുറച്ച ശാന്തന്മാർക്ക് ഈ ജഗത്തിങ്ങനെയിരിക്കവേതന്നെ വിലയം പ്രാപിക്കുന്നു. അജ്ഞന്മാർക്കു ജഗത്തു സ്ഥിരമാണ്.

336. അഹംകാരകലാത്യാഗേ സമതായാഃ സമുദ്ഗമേ
വിശരാരൗകൃതേ ചിത്തേ തുര്യാവസ്ഥോപതിഷ്ഠതേ

അഹംകാരംപോയി, സമത ഉദയംചെയ്തു, ചിത്തം ചിന്നിച്ചിതറി നശിച്ചു. ഇത്രയുമായാൽ തുരീയാനുഭവം വന്നു ചേരുന്നു.

രാമാ, ഇക്കാര്യത്തിൽ ഞാനിപ്പോൾ ഒരുദൃഷ്ടാന്തം പറയാം; കേട്ടോളൂ പ്രബുദ്ധനാണെങ്കിലും ബോധമുറപ്പിക്കാൻ ഇതു പ്രയോജനപ്പെടും. ഒരു വനപ്രദേശത്ത് മഹാമൗനത്തിൽ ആണ്ടിരിക്കുന്ന മുനിയെ കണ്ടിട്ട് ഒരു നായാടി ഇങ്ങനെ ചോദിച്ചു: 'അമ്പു പുറകേ വരുന്നതുകണ്ടിട്ടു ഒരു മാൻ ഓടിപ്പോയി. മുനേ, എന്റെ ബാണമേറ്റു മുറിപ്പെട്ട ആ മൃഗം ഇതിലെ പോകുന്നതങ്ങു കണ്ടോ? മൃഗം എങ്ങോട്ടുപോയി? സാധോ, ഞങ്ങൾ വനവാസികളും സമശീലന്മാരുമായ മുനിമാരാണ്. വ്യവഹാരകാര്യങ്ങളിൽ ഏർപ്പെടാൻ തക്ക അഹംകാരം ഞങ്ങൾക്കില്ല. കൂട്ടുകാരാ, ഇന്ദ്രിയകർമ്മങ്ങളൊക്കെ അനുഷ്ഠിക്കുന്നതു മനസ്സാണ്. അഹംകാരമയമാണു മനസ്സ്; ഞങ്ങൾക്കതു പൊയ്പ്പോയിരിക്കുന്നു. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളും എനിക്കില്ല. ഞാനിപ്പോൾ നാലാമത്തെ തുരീയാവസ്ഥയിലാണ്. അവിടെ ദൃശ്യം എന്നൊന്നില്ല. എന്നിങ്ങനെ മുനി മറുപടി നൽകി.

രാമാ, മുനിയുടെ ഈ വാക്കുകേട്ടു നായാടിക്കു കാര്യമെന്തെന്നു മനസ്സി

digitized by www.sreyas.in

ലാകാതെ അയാൾ വന്നവഴിക്കുപോയി. രാമാ, അതുകൊണ്ടു ഞാൻ പറയുന്നു തുരീയാനുഭവത്തിൽ കവിഞ്ഞൊരനുഭവമില്ല. പ്രൗഢമായതുരീയം തന്നെയാണു തുരീയാതീതം. സങ്കൽപ്പരഹിതമായ ചിത്താണു തുരീയം. അതിനപ്പുറം ഒന്നുമില്ല. ജാഗ്രത് സ്വപ്നം, സുഷുപ്തി ഇവ മൂന്നും മനസ്സിന്റെ അനുഭവഭേദങ്ങളാണ്. ശാന്തം, ഘോരം, മൂഢം എന്ന മൂന്നവസ്ഥകളിൽ ചിത്തം മാറി മാറി വർത്തിക്കുമ്പോഴാണു മേൽ പറഞ്ഞ മൂന്നവസ്ഥകൾ. ചിത്തത്തിന്റെ ഘോരാനുഭവമാണു ജാഗ്രത്ത്; ശാന്താനുഭവമാണ് സ്വപ്നം; മൂഢാനുഭവം സുഷുപ്തി. ഈ മൂന്നവസ്ഥയും ഇല്ലെന്നു വന്നാൽ ലൗകികൻ മരിച്ചു എന്നർഥം. മോഹാലസ്യം സുഷുപ്തിയുടെ വകഭേദമാണ്. എവിടെയാണോ ചിത്തം മൃതമായി; സമമായ ഏകവസ്തു സൂര്യതുല്യം തെളിയുന്നത്; അതാണു തുരീയം. അതാണു യോഗിമാർ പ്രയത്നപൂർവ്വം നേടിയെടുക്കുന്നത്. എല്ലാ സങ്കൽപ്പവിലാസങ്ങളും ഒഴിഞ്ഞുമാറിയ തുരീയാനുഭവത്തിൽ നിരാമയനായി എത്തിനിൽക്കൂ. വേണ്ടപോലെ അവിടെയെത്തുന്നവർ എന്നെന്നേയ്ക്കുമായി മുക്തരായി ഭവിക്കുന്നു; ഭേദചിന്തകളെല്ലാം വിട്ട മഹാത്മാരായ മുനിമാർ!

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണപ്രകരണേ*
*മുനിവ്യാധോപാഖ്യാനം നാമ*
*ചതുർദശഃ സർഗഃ*

**സർഗം 15**

# യോഗസപ്ത ഭൂമികോപാഖ്യാനം

വസിഷ്ഠൻ പറഞ്ഞു:

337. സിദ്ധാന്തോ$f$ധ്യാത്മശാസ്ത്രാണാം സർവ്വാപഹ്നവ ഏവഹി
നാവിദ്യാസ്തീഹ നോമായാ ശാന്തം ബ്രഹ്മേദമഗ്രിമം.

അധ്യാത്മശാസ്ത്രാണാം സിദ്ധാന്തഃ-വേദാന്ത ശാസ്ത്രങ്ങളുടെ അന്തിമമായ തീരുമാനം; സർവാപഹ്നവഃ ഏവഹി-എല്ലാം ഇല്ലെന്നു പറഞ്ഞു തള്ളിക്കളയുക എന്നതാണ്; ഇഹ ന അവിദ്യാ അസ്തി-ഇവിടെ അവിദ്യ ഇല്ല; നോമായാ-മായയില്ല; സർവം ഇദം-ഇക്കാണപ്പെടുന്ന എല്ലാം; അഗ്രിമം ബ്രഹ്മ-പണ്ടേയുള്ള പരമകാരണമായ ബ്രഹ്മംതന്നെയാണ്.

വേദാന്തശാസ്ത്രങ്ങളുടെ അന്തിമമായ തീരുമാനം എല്ലാം ഇല്ലെന്നു പറഞ്ഞു തള്ളിക്കളയുക എന്നതാണ്. ഇവിടെ അവിദ്യയില്ല; മായയില്ല. ഇക്കാണപ്പെടുന്നതെല്ലാം പണ്ടേയുള്ള പരമകാരണമായ ബ്രഹ്മം തന്നെയാണ്.

**സർവം ബ്രഹ്മേദമഗ്രിമം**

ഉണ്ടായിമറയുന്ന ജഗത്തിന്റെ പരമകാരണമാണു വേദാന്തശാസ്ത്രം അന്വേഷിച്ചത്. ശുദ്ധബോധസ്വരൂപമായ ആ പരമകാരണം കണ്ടെത്തുകയും ചെയ്തു. പരമകാരണം അഖണ്ഡവും നിശ്ചലവും നിർവികാരവുമാണെന്നും തെളിഞ്ഞു. അങ്ങനെയുള്ള ഒരു പരമകാരണത്തിൽ നിന്നും യഥാർഥത്തിൽ

digitized by www.sreyas.in

എന്തെങ്കിലും ഉണ്ടാകാൻ പറ്റുമോ? ഒരിക്കലും സാദ്ധ്യമല്ല. അതുകൊണ്ട് ഉണ്ടായിമറയുന്ന പലതിന്റെ കാഴ്ച വെറും ഭ്രമമാണ്. ഭ്രമമൊന്നും ഒരിക്കലും അധിഷ്ഠാനമായ വസ്തുവിൽ നിന്നും ഭിന്നമല്ല. മരുഭൂമിയിലെ കാനൽ ജലം മരുഭൂമി തന്നെയാണ്. അപ്പോൾ എന്തു തീരുമാനിക്കാം. കാണപ്പെടുന്നതൊക്കെ പണ്ടേയുള്ള ബോധരൂപമായ ബ്രഹ്മം മാത്രം. ഈ അദ്വയ വസ്തു സ്ഥിതിക്കു മാത്രമേ യുക്തിയുള്ളൂ. അവിദ്യ, മായ ഇവയൊന്നും ഉണ്ടെന്നുള്ളതിനു യുക്തിയില്ല. പിന്നെ ഇവയെക്കുറിച്ചൊക്കെ ചർച്ച ചെയ്തിരിക്കുന്നതോ? എല്ലാ ചർച്ചകളും അദ്വൈതവസ്തുബോധത്തിൽ കൊണ്ടെത്തിക്കാനുള്ള ഉപായങ്ങൾ മാത്രം. ലക്ഷ്യത്തിലെത്തിയാൽ ഉപായങ്ങളൊക്കെ ഒഴിഞ്ഞുപോകും. ആത്മാർഥതയുള്ള സത്യജിജ്ഞാസുവിന് ഇതു തന്നിൽതന്നെ പരീക്ഷിച്ചു നോക്കാം. ഒരു സത്യാന്വേഷി സങ്കൽപ്പങ്ങളെ എല്ലാം പുറംതള്ളി നോക്കട്ടെ. സങ്കൽപ്പങ്ങളോടൊപ്പം അവിദ്യയും മായയും ജഗത്തുമെല്ലാം എങ്ങോട്ടുപോയി എന്നറിയാൻ കഴിയാത്തവിധം ഒഴിഞ്ഞു പോകും. ഒടുവിൽ അവയെ പുറംതള്ളിയ ശുദ്ധബോധസ്വരൂപം മാത്രം അവശേഷിക്കും. രണ്ടിന്റെ കണിക പോലുമില്ലാത്ത പൂർണാനുഭവരൂപമായ ബോധം; അതുതന്നെയാണ് ബ്രഹ്മം. ധൈര്യമുണ്ടെങ്കിൽ ഇതാർക്കും പരീക്ഷിച്ചു നോക്കി ബോധ്യപ്പെടാവുന്നതാണ്.

വസിഷ്ഠൻ തുടർന്നു: 'ശാന്തമായ ചിദാകാശം; സർവത്ര സമമായി തന്നിൽ തന്നെ നിലകൊള്ളുന്ന സത്യം; എല്ലാ ശക്തിയും ഉൾക്കൊള്ളുന്ന ഉണ്മ; അതിന്റെ പേരാണു ബ്രഹ്മം. അതിനു പലരും പല പേരു പറയുന്നു. ചിലർ ശൂന്യമെന്നു പറയുന്നു. മറ്റു ചിലർ വിജ്ഞാനമെന്നു പറയുന്നു. വേറെ ചിലർ ഈശ്വരൻ എന്നുപറയുന്നു. പേരുകളുടെ പേരിൽ അന്യോന്യം കലഹിക്കുന്നു. രാമാ, എല്ലാം പുറംതള്ളി മഹാമൗനിയായി ഭവിക്കൂ. എല്ലാം പുറംതള്ളുന്ന നിനക്കു നിന്നെ സ്വയം പുറംതള്ളാൻ പറ്റുകയില്ലല്ലോ. മനനമില്ലാതെ, ചിത്തമില്ലാതെ, ശാന്തബുദ്ധിയായി നിർവാണമനുഭവിക്കൂ. ആത്മാവിൽ ആത്മശാന്തി കണ്ടെത്തി മൂകനെപ്പോലെയോ അന്ധനെപ്പോലെയോ ബധിരനെപ്പോലെയോ നിലകൊള്ളൂ. സദാ അന്തർമുഖനായി പൂർണബുദ്ധിയായി കഴിയൂ. ഉണർന്നിരിക്കവേ ഉറങ്ങുന്നവനെപ്പോലെ കർമങ്ങളിലേർപ്പെടൂ. ഉള്ളിൽ എല്ലാം വെടിഞ്ഞിട്ടു പുറമേ ഒരു നടനെപ്പോലെ അപ്പോഴപ്പോൾ വന്നുചേരുന്നതു ചെയ്യൂ. ചിത്തമുണ്ടായിരിക്കുന്നതാണ് പരമ ദുഃഖം. ചിത്തമില്ലാതാകുന്നതു പരമസുഖം. പുറത്തുനിന്നൊന്നിനെയും പ്രത്യേകമംഗീകരിക്കാതെ ചിത്തത്തെ ചിന്മയമാക്കി മാറ്റൂ. രമ്യം കണ്ടാലും അരമ്യം കണ്ടാലും പാഷാണം പോലെ നിശ്ചലത പുലർത്തൂ. സ്വയത്നം കൊണ്ടിത്രയും നേടാമെങ്കിൽ ഈ സംസാരം ജയിക്കപ്പെട്ടു. സുഖമോ ദുഃഖമോ മധ്യസ്ഥിതിയോ ഉള്ളുകൊണ്ടംഗീകരിക്കരുത്. ഇതു പ്രയത്നം കൊണ്ടു സാധിക്കുമെങ്കിൽ എന്നെന്നേക്കുമായി ദുഃഖമൊഴിഞ്ഞുമാറുന്ന അനന്താനുഭവസ്ഥാനം കണ്ടെത്താൻ കഴിയും. സത്യം കണ്ട ധന്യാത്മാവ് പൂനിലാവു വിതറുന്ന പൂർണചന്ദ്രനെപ്പോലെ ഉള്ളിൽ രസായനമയമായ ആനന്ദം അനുഭവിക്കുന്നു. മൂന്നു ലോകത്തിന്റെയും സത്തായസത്യം അദ്ദേഹത്തിനറിയപ്പെട്ടതായി ഭവിക്കുന്നു. പരമപദത്തിലെത്തിയ അദ്ദേഹം കർമം ചെയ്താലും ഒന്നും ചെയ്യുന്നില്ല.'

രാമൻ ചോദിച്ചു: 'ഭഗവൻ, യോഗഭൂമികകൾ ഏഴുണ്ടല്ലോ; അവ ക്രമേണ

digitized by www.sreyas.in

എങ്ങനെയാണു പരിശീലിക്കേണ്ടത്? ഓരോ യോഗ ഭൂമികയിലും എത്തി എന്നതിന്റെ ലക്ഷണങ്ങളെന്തൊക്കെയാണ്?'

വസിഷ്ഠൻ പറഞ്ഞു:

338. പ്രവൃത്തശ്ച നിവൃത്തശ്ച ഭവതി ദ്വിവിധഃ പുമാൻ
സ്വർഗാപവർഗോൻമുഖയോഃ ശൃണുലക്ഷണമേതയോഃ

സ്വർഗാപവർഗോൻമുഖയോഃ-കർമം കൊണ്ടു നേടാവുന്ന ഭൗതിക സുഖം ലക്ഷ്യമാക്കുന്നവനായും ജ്ഞാനം കൊണ്ടു നേടാവുന്ന മോക്ഷസുഖം ലക്ഷ്യമാക്കുന്നവനായും; പുമാൻ-മനുഷ്യൻ; പ്രവൃത്തഃ ച നിവൃത്തഃ ച-പ്രവൃത്തനെന്നും നിവൃത്തനെന്നും; ദ്വിവിധഃ ഭവതി-രണ്ടു പ്രകാരം ഭവിക്കുന്നു; ഏതയോഃ-ഈരണ്ടു കൂട്ടരുടെയും; ലക്ഷണം ശൃണു- ലക്ഷണം കേട്ടോളൂ;

കർമം കൊണ്ടുനേടാവുന്ന ഭൗതികസുഖം ലക്ഷ്യമാക്കുന്നവനായും ജ്ഞാനംകൊണ്ടു നേടാവുന്ന മോക്ഷസുഖം ലക്ഷ്യമാക്കുന്നവനായും മനുഷ്യൻ പ്രവൃത്തനെന്നും നിവൃത്തനെന്നും രണ്ടു പ്രകാരം ഭവിക്കുന്നു. ഈ രണ്ടുകൂട്ടരുടെയും ലക്ഷണം കേട്ടോളൂ.

**പ്രവൃത്തശ്ച നിവൃത്തശ്ച**

ദേഹമെടുത്തിവിടെ എത്തുന്ന മനുഷ്യനു സുഖാനുഭവത്തിനായി രണ്ടു മാർഗങ്ങളാണുള്ളത്; പ്രവൃത്തിയെന്നും നിവൃത്തിയെന്നും. പ്രവൃത്തി മാർഗത്തെ പ്രേയോമാർഗമെന്നും നിവൃത്തിമാർഗത്തെ ശ്രേയോ മാർഗമെന്നും കഠോപനിഷത്തു വേർതിരിക്കുന്നു. പ്രവൃത്തിമാർഗത്തിൽ സഞ്ചരിക്കുന്നവൻ പ്രവൃത്തൻ; നിവൃത്തിമാർഗത്തിൽ സഞ്ചരിക്കുന്നവൻ നിവൃത്തൻ. പ്രവൃത്തി മാർഗത്തെ സ്വർഗമാർഗമെന്നും നിവൃത്തിമാർഗത്തെ അപവർഗമാർഗമെന്നും വേർതിരിക്കാം. കർമം ചെയ്തു പടിപടിയായി കൂടുതൽ കൂടുതൽ ഭൗതിക സുഖം നേടുന്ന മാർഗമാണ് പ്രവൃത്തിമാർഗം. ഭൗതികസുഖത്തിന്റെ പാരമ്യമാണു സ്വർഗം. അതുകൊണ്ടാമാർഗത്തെ സ്വർഗമാർഗമെന്നും പറയുന്നു. ജ്ഞാനം നേടി ക്രമേണ പരമസത്യത്തെ സമീപിച്ചു സുഖിക്കുന്ന മാർഗമാണു നിവൃത്തിമാർഗം. സത്യാനുഭവസുഖത്തിന്റെ പാരമ്യമാണ് അപവർഗം അഥവാ മോക്ഷം. അതുകൊണ്ടാമാർഗത്തെ അപവർഗമാർഗമെന്നും പറയുന്നു. പ്രവൃത്തിമാർഗം കർമമാർഗവും നിവൃത്തിമാർഗം ജ്ഞാനമാർഗവുമാണ്. ഒരു യാത്രക്കാരൻ വീട്ടിൽ നിന്നിറങ്ങിത്തിരിച്ചു എന്നു കരുതുക. കുറേ ദൂരം സഞ്ചരിച്ചു. ഇനി അയാളുടെ മുൻപിൽ രണ്ടു ഗതികളാണുള്ളത്. ഒന്നുകിൽ വീണ്ടും സഞ്ചാരം തുടർന്നു വീട്ടിൽ നിന്നും അകന്നകന്നു പോകാം. ഇതാണു പ്രവൃത്തിമാർഗം. അല്ലെങ്കിൽ തിരിച്ചു നടന്നു വീട്ടിലെത്താം. ഇതാണു നിവൃത്തിമാർഗം. അഖണ്ഡബോധസ്വരൂപമായ ബ്രഹ്മത്തിൽ രൂപം കൊണ്ടവരാണെല്ലാ ജീവന്മാരുമെന്നുനാം നേരത്തെകണ്ടുവല്ലോ. അപ്പോൾ ജീവന്മാരുടെ വീടാണു ബ്രഹ്മം. അവിടെ നിന്നുമിറങ്ങിത്തിരിച്ചു കർമത്തിലൂടെ യാത്ര ചെയ്തു മനുഷ്യജന്മത്തിലെത്തിചേർന്നു. ഇനി മനുഷ്യന്റെ മുൻപിൽ രണ്ടു മാർഗങ്ങളേ ഉള്ളൂ. ഒന്നുകിൽ കൂടുതൽ കൂടുതൽ കർമം ചെയ്തു ജന്മങ്ങൾ നേടി ബ്രഹ്മത്തിൽ നിന്നും അകലാം. ഈ കർമ മാർഗത്തിൽ എല്ലാം നശ്വരങ്ങളായതു കൊണ്ട് അൽപ്പ സുഖങ്ങളോടൊപ്പം അനന്ത ദുഃഖങ്ങളും അനുഭവിക്കേണ്ടിവരും. ആനന്ദഘനമായ ബ്രഹ്മത്തെ

digitized by www.sreyas.in

തന്റെ വീടാണെന്നറിയുന്ന ജ്ഞാനത്തിലൂടെ കർമത്തെ കുറച്ചു കുറച്ചു തിരിച്ചുനടക്കുന്ന മാർഗമാണ് നിവൃത്തി മാർഗം. ഈ മാർഗം അംഗീകരിക്കുന്നയാൾ ക്രമേണ കർമമാർഗത്തിലെ ജനനമരണ ചക്രത്തിൽ നിന്നുമകന്നു അനന്താനന്ദ സ്വരൂപമായ ബ്രഹ്മത്തിലെത്തി സുഖിക്കുന്നു; ഇതാണു നിയമം.

വസിഷ്ഠൻ തുടർന്നു: 'ഈ നിർവാണമെന്നുപറയുന്നത് ഒന്നുമില്ല; നമുക്കു നല്ലത് സംസാരയാത്ര തന്നെ; എന്നിങ്ങനെ തീരുമാനിച്ചുകൊണ്ടു കർതൃഭാവത്തോടെ കർമരംഗത്തു വർത്തിക്കുന്നവനാണു പ്രവൃത്തൻ. ഈ പ്രവൃത്തന്റെ ജീവിതഗതി ഇളകിമറിയുന്ന രണ്ടു സമുദ്രങ്ങളുടെ ഇടയ്ക്കുള്ള അൽപ്പമായ കരയിലെ പൊത്തിൽ കഴുത്തുനീട്ടി കയറാൻ ശ്രമിക്കുന്ന ആമയുടെ സ്ഥിതിപോലെ വിഷമകരമാണ്. മുന്നോട്ടു നീങ്ങിയാലും തിരയടി; പിന്നോട്ടു നീങ്ങിയാലും തിരയടി; ഇടയ്ക്കുള്ള അൽപ്പമായ കരയിലും ഭയദുഃഖം. അതുപോലെ പ്രവൃത്തൻ തല്ക്കാലജീവിതത്തിലും ജരാമരണാദി ദുഃഖം അനുഭവിക്കണം; അനന്തരജീവിതത്തിലും അതു തുടരണം. മധ്യമഘട്ടത്തിൽ ഗർഭാദി ക്ലേശങ്ങളിൽപെട്ടു ഞെരിയണം. ഇങ്ങനെ അനേകം ജന്മദുഃഖങ്ങൾ അനുഭവിച്ചു തളരുമ്പോൾ പ്രവൃത്തനു വിവേകം സംജാതമായി എന്നുവരാം. ഈ സംസാരവ്യവസ്ഥ അത്യന്തം അസാരമാണ്; എനിക്കിതുകൊണ്ടെന്തു പ്രയോജനം? ആവർത്തിക്കപ്പെടുന്ന കർമങ്ങൾ എന്തിന്; എല്ലാ ദിവസവും കർമാവർത്തനം; ഇതുകൊണ്ടെന്തു നേടാൻ? ഈ കർമങ്ങൾക്കൊക്കെയപ്പുറം പൂർണവിശ്രമം പ്രദാനം ചെയ്യുന്ന വല്ല ഇടവുമുണ്ടോ? ഈ നിശ്ചയത്തോടെ അന്വേഷണം തുടരുന്നവനാണു നിവൃത്തൻ. നശ്വരങ്ങളായ ജഡവിഷയങ്ങളിൽ വിരക്തനായി എങ്ങനെ എനിക്കീ സംസാരസമുദ്രത്തെ കടക്കാൻ കഴിയും? എപ്പോഴാണോ ഒരു സത്യാന്വേഷി ഇങ്ങനെ വിചാരപരനായി ഭവിക്കുന്നത് അപ്പോൾ മുതൽ രാഗദ്വേഷവാസനകൾ ഉള്ളിൽ കുറയാൻ തുടങ്ങുന്നു. ഉദാരങ്ങളായ കർമങ്ങളിൽ സന്തോഷം നഷ്ടപ്പെടാതെ വ്യവഹരിക്കുന്നു. പ്രാകൃതങ്ങളായ ജഡചേഷ്ടകളിൽ മനസ്സറച്ചുനിൽക്കാൻ തുടങ്ങുന്നു. മറ്റുള്ളവരിൽ ഒരിക്കലും കുറ്റം കാണുന്നില്ല. പുണ്യകർമങ്ങളിൽ തൽപ്പരനായി വർത്തിക്കുന്നു. തന്റെ പ്രവൃത്തികൊണ്ട് മറ്റൊരാൾക്കു വ്യാകുലതവരാതെ സൂക്ഷിക്കുന്നു. പാപകർമങ്ങളിൽ നിന്നകന്നു നിൽക്കുന്നു. സ്വാർഥമായ ലൗകിക സുഖം കൊതിക്കുന്നതേയില്ല. സ്നേഹം നിറഞ്ഞവയും മൃദുവായവയും ദേശകാലോചിതങ്ങളുമായ വാക്കുകൾ ഉച്ചരിക്കുന്നു. രാമാ, ഇത്രയുമൊക്കെയായാൽ അയാൾ ഒന്നാമത്തെ യോഗഭൂമികയിലെത്തിയെന്നുകരുതാം. ശുഭേച്ഛയെന്ന ഈ ഒന്നാമത്തെ ഭൂമികയിലെത്തിയയാൾ മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമം കൊണ്ടും സദാ സജ്ജനസമ്പർക്കത്തിലേർപ്പെടുന്നു. എവിടെനിന്നെങ്കിലുമൊക്കെ ജ്ഞാന ശാസ്ത്ര ഗ്രന്ഥങ്ങൾ അന്വേഷിച്ചുകണ്ടെത്തി പഠിക്കാൻ തുടങ്ങുന്നു. എന്തായാലും സംസാരതരണത്തിൽ ഈ ആരംഭം കുറിക്കുന്നയാൾ യോഗഭൂമികയിലേയ്ക്കു കടന്നയാളാണ്. ഇനി അയാൾക്കു പേടിക്കാനില്ല. വെറും സദാചാരങ്ങളനുഷ്ഠിച്ചു മാത്രം കഴിയുന്ന ആര്യപദവിയെ അയാൾ കടന്നിരിക്കുന്നു എന്നു കാണേണ്ടതാണ്.

ശുഭേച്ഛയെന്ന ഒന്നാമത്തെ ഭൂമിക കടന്നാൽ അടുത്തതാണു വിചാരണാ. ഈ ഭൂമികയിലെത്തിയയാൾ ശ്രുതി സ്മൃതി സദാചാരധാരണാ ധ്യാനകർമങ്ങൾ വേണ്ടപോലെ ധരിച്ചുപദേശിക്കാൻ കഴിവുള്ള പ്രശസ്തരായ ശ്രേഷ്ഠ

digitized by www.sreyas.in

പണ്ഡിതന്മാരെ സമീപിക്കുന്നു. ജഡബോധ പദാർഥവിഭാവം വ്യക്തമായി വേർതിരിച്ചറിയുന്നു. കാര്യാകാര്യങ്ങൾ ദൃഢമായി നിശ്ചയിക്കുന്നു; സമർഥനായ ഒരു ഗൃഹസ്ഥൻ ഗൃഹകാര്യങ്ങൾ നിർണയിക്കുന്നതുപോലെ. ഒരു പാമ്പുചട്ട കഴറ്റിക്കളയുന്നതുപോലെ മദം, അഭിമാനം, മാത്സര്യം, ദംഭം, മോഹം, അർഥിത ഇവയുടെ അതിപ്രസരത്തെ ദൂരെ ത്യജിക്കുന്നു. ഇങ്ങനെയുള്ളയാൾ ഗുരുസജ്ജനസേവയിലൂടെയുള്ള ശാസ്ത്രചർച്ച കൊണ്ടു നിലനിൽപ്പിന്റെ രഹസ്യം ഉള്ളതുപോലെ മനസ്സിലാക്കുന്നു.

ഇനി മൂന്നാമത്തെ യോഗഭൂമികയാണ് അസംഗാ. മൃദുവും ശോഭയുള്ളതും ശുദ്ധവുമായ ഒരു പൂമെത്തപോലെ ഈ ഭൂമിക വന്നുചേരുന്നു. ഈ ഭൂമികയിൽ ശാസ്ത്രവാക്യാർഥം വേണ്ടപോലെ ധരിച്ചു ബുദ്ധി നിശ്ചലയായി വർത്തിക്കുന്നു. താപസാശ്രമങ്ങളിലും മറ്റുമെത്തി അധ്യാത്മ ചർച്ച ഗാഢതരമായി ഭവിക്കുന്നു. സംസാര ദോഷങ്ങളെടുത്തുകാട്ടി വൈരാഗ്യം വളർത്തുന്ന ചർച്ചകൾ കൂടുതൽ രുചികരങ്ങളായിത്തീരുന്നു. പാറപ്പുറത്തും മറ്റും കിടന്നുമിരുന്നും സമയം കഴിച്ചുകൂട്ടുന്നു. ചിത്തോപശമം ഉറപ്പു വരുത്താൻ വനങ്ങളിലും ഉപവനങ്ങളിലും സഞ്ചരിക്കുന്നു. നീതിമാനായി സത്യാന്വേഷി നിസ്സംഗസുഖമനുഭവിച്ചു കാലം നയിക്കുന്നു. സജ്ജന സമ്പർക്കം കൊണ്ടും ശാസ്ത്ര പരിചയം കൊണ്ടും പുണ്യ കർമങ്ങൾ കൊണ്ടും വസ്തു ദൃഷ്ടിക്കുറപ്പു വരുന്നതോടെ പ്രസന്നത പെരുകുന്നു. ഈ മൂന്നാമത്തെ ഭൂമികയിലെത്തി ഉണരുന്ന സാധകൻ രണ്ടുതരത്തിലുള്ള നിസ്സംഗത്വം അനുഭവിക്കുന്നു. അവയുടെ ഭേദം കേട്ടോളൂ. സാമാന്യമെന്നും ശ്രേഷ്ഠമെന്നുമുള്ള രണ്ടുതരം നിസ്സംഗമാണനുഭവപ്പെടുക. ഞാൻ ഭോക്താവല്ല; കർത്താവല്ല; ബാധ്യനല്ല; ബാധകനല്ല എന്നിങ്ങനെ ബാഹ്യ വിഷയങ്ങളിലുള്ള നിസ്സംഗമാണു സാമാന്യം. മുൻ ജന്മത്തിലെ കർമം കൊണ്ടു വന്നു ചേർന്നതാണെല്ലാം; അഥവാ എല്ലാം ഈശ്വരാധീനം; സുഖമാകട്ടെ ദുഃഖമാകട്ടെ എല്ലാം അതേയുള്ളൂ. ഇക്കാര്യത്തിൽ ഞാൻ എന്തുചെയ്യാനാണ്? ലോക ഭോഗങ്ങൾ മഹാരോഗങ്ങളാണ്; സമ്പത്തുകൾ വലിയ ആപത്തുകളാണ്. വേർപിരിയലാണു കൂടിചേരൽ; ബുദ്ധിയുടെ രോഗങ്ങളാണു ആധികൾ. എല്ലാം വിഴുങ്ങി അവസാനിപ്പിക്കാൻ കാലം ഒരുങ്ങി നിൽക്കുന്നു. ഈ വിചാരങ്ങൾക്കുറപ്പു വരുന്നതാണു സാമാന്യമായ നിസ്സംഗം. സാമാന്യമായ ഈ നിസ്സംഗം ഉറപ്പു വന്നു. സജ്ജന സമ്പർക്കം നിരന്തരമായി; ദുർജന സമ്പർക്കം തീരെ വിട്ടുപോയി. ആത്മബോധം കൂടിവന്നു; പൗരുഷത്തോടെ യത്നിച്ചു അഭ്യാസത്തിനു ശക്തി കൂട്ടി. കൈയിലെ നെല്ലിക്കപോലെ വസ്തു സ്പഷ്ടമായി തെളിഞ്ഞു. ഞാൻ കർത്താവല്ല; ഈശ്വരനാണു കർത്താവ്, മുൻ ജന്മ കർമമാണു കാരണം എന്നിത്യാദി ഭാവനകളൊക്കെ ദൂരെ ഒഴിഞ്ഞുമാറി. സംസാര സമുദ്രത്തിന്റെ മറുകരയായ പരമകാരണത്തിൽ മൗനമായി ശാന്തമായി ഇരിപ്പുറപ്പിച്ചു. ഇതാണു ശ്രേഷ്ഠമായ നിസ്സംഗം. അകത്തോ പുറത്തോ താഴെയോ ആകാശത്തോ പദാർഥത്തിലോ അപദാർഥത്തിലോ ജഡത്തിലോ ചേതനത്തിലോ എന്നിങ്ങനെ അതിനെ പരിച്ഛേദിക്കാനേ സാദ്ധ്യമല്ല. മറ്റൊന്നിനാൽ പ്രകാശിപ്പിക്കപ്പെടാത്തതും മറ്റൊന്നിനാൽ അറിയപ്പെടാത്തതും അനാദ്യന്തവും ശോഭാമയവുമാണു ശ്രേഷ്ഠമായ നിസ്സംഗം. തൃപ്തിയുടെ മോദം കൊണ്ടു മധുരമാണീ മൂന്നാമത്തെ അസംഗ ഭൂമിക. നല്ല കർമങ്ങളാ

digitized by www.sreyas.in

കുന്ന ശുദ്ധ പല്ലവം കൊണ്ടു നിറഞ്ഞതാണ്, ചിത്തനാളത്തിൽ ഒളിഞ്ഞിരിക്കുന്നതാണ്, വിഘ്നങ്ങളാകുന്ന മുള്ളുകൾ കൊണ്ടു സങ്കീർണമാണ്. വിവേക സൂര്യൻ വിടർത്തിയ താമരയാണ്; ഉള്ളിൽ ഉറച്ചിരിക്കുന്ന വേരോടുകൂടിയതാണ്. രാമാ, സജ്ജനങ്ങളുമായുള്ള ചേർച്ച കൊണ്ടും പുണ്യകർമ ഫലം കൊണ്ടും യാദൃച്ഛികമായി ഉദയം ചെയ്യുന്നതാണ് ഒന്നാമത്തെ ഭൂമിക. അമൃതത്വത്തിന്റെ മുളപ്പു പോലെ ഇങ്ങനെ ഉള്ളിൽ ഉദയം ചെയ്യുന്ന ഒന്നാം ഭൂമികയെ വിവേകമാകുന്ന വെള്ളം തളിച്ചു പ്രയത്നപൂർവം പരിരക്ഷിക്കേണ്ടതാണ്. ഈ മുളപ്പിനെ വിചാരം കൊണ്ടു തഴപ്പിക്കണം; ഒരു കൃഷീവലൻ ധാന്യത്തെ വളർത്തുന്നതുപോലെ. മറ്റു ഭൂമികകൾക്കെല്ലാം പ്രവേശനമരുളുന്നതീ ഒന്നാമത്തെ ഭൂമികയാണ്. ക്രമേണ രണ്ടും മൂന്നും ഭൂമികകൾ കടന്നുവരും. ശ്രേഷ്ഠയായ അസംസംഗ എന്ന മൂന്നാമത്തെ ഭൂമികയിൽ മനുഷ്യൻ സങ്കൽപ്പ കളങ്കങ്ങളൊക്കെ പോയി ശുദ്ധനായി ഭവിക്കുന്നു.

രാമൻ ചോദിച്ചു: 'മൂഢനും ഹീനകുലജാതനുമായി പ്രവൃത്തിമാർഗത്തിൽ യോഗിസംഗഭാഗ്യം ലഭിക്കാതെ കഴിയുന്ന ഒരധമനു സംസാര സമുദ്രതരണം എങ്ങനെ സാധ്യമാകും? ഒന്നാമത്തെയോ രണ്ടാമത്തെയോ മൂന്നാമത്തെയോ അഥവാ മറ്റേതെങ്കിലുമോ ഭൂമികയിലെത്തി മരണം വരിക്കുന്ന സാധകന്റെ ഗതിയെന്ത്?'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, വാസനാബദ്ധനായി മൂഢനായിക്കഴിയുന്നവനു നൂറുകണക്കിനു വന്നുചേരുന്ന ജന്മാന്തരങ്ങളിലെപ്പോഴെങ്കിലും ആദ്യത്തെ ഭൂമിക ഉദയം ചെയ്യുന്നില്ലെങ്കിൽ സംസാരഗതി നീണ്ടുനീണ്ടു പോകാനിടവരും. അല്ലെങ്കിൽ ചിലപ്പോൾ യാദൃച്ഛികമായി സജ്ജനസംസർഗം നിമിത്തം സംസാര ചർച്ചയ്ക്കിടയിൽ വൈരാഗ്യം ഉദയം ചെയ്തു എന്നും വരാം.

339. വൈരാഗ്യേ/ഭ്യുദിതേ ജന്തോരവശ്യം ഭൂമികോദയഃ
തേനനശ്യതി സംസാര ഇതിശാസ്ത്രാർഥസംഗ്രഹഃ

വൈരാഗ്യം ഉദയം ചെയ്താൽ തുടർന്നു നിശ്ചയമായും ഭൂമിക ആരംഭിക്കും; അതോടെ സംസാരവും നശിക്കും; ഇതാണു ശാസ്ത്ര നിർണയം. യോഗ ഭൂമികകൾ ഓരോന്നായി കടന്നു മുന്നേറുന്ന ജീവന് ഭൂമികാ ക്രമമനുസരിച്ചു പൂർവജന്മ ദുഷ്കൃതം കുറഞ്ഞുവരും. തുടർന്നു ദേവ ലോകഗൃഹങ്ങളിലും ലോകപാലപുരങ്ങളിലും മേരുപർവ്വത കുഞ്ജങ്ങളിലും രമണീസഖനായി രമിച്ചു കഴിയാനിടവരുന്നു. തുടർന്നു സുകൃതഫലവും പൂർവദുഷ്കൃതവും ഒക്കെ ഫലഭോഗം കൊണ്ടു ക്ഷയിച്ച് ഭൂമിയിൽ യോഗിമാരുടെ കുലത്തിൽ വന്നു ജനിക്കുന്നു. ശുചികളാലും ഐശ്വര്യസമ്പന്നരാലും ഗുണവാൻമാരാലും രക്ഷിക്കപ്പെടുന്ന ഗൃഹത്തിൽ വന്നു ജനിക്കുന്നു. ജനനാനന്തരം പൂർവജന്മത്തിലെ യോഗവാസന നിമിത്തം യോഗമാർഗത്തിൽ തന്നെ സഞ്ചരിക്കാനും ഇടവരുന്നു. അവിടെ മുൻപ് അഭ്യാസം കൊണ്ടെത്തിച്ചേർന്നിരുന്ന യോഗഭൂമികയെ തിരിച്ചറിഞ്ഞിട്ട് ജിജ്ഞാസു ഭൂമികാ ക്രമമനുസരിച്ച് മുന്നോട്ടു നീങ്ങുന്നു.

രാമാ, ഈ മൂന്നു ഭൂമികകളെയും ഒരുമിച്ചു ചേർത്ത് ജാഗ്രത്തെന്നു വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ ജാഗ്രത്തിലെന്നപോലെ ഇവയിൽ ഭേദബുദ്ധി സ്പഷ്ടമായി നിലനിൽക്കുന്നു. ഈ ഭൂമികകളിൽ സ്ഥിതി ചെയ്യുന്നവർക്കു

digitized by www.sreyas.in

പ്രധാനമായും ആര്യത വന്നുചേരുന്നു. ഇതു കാണുമ്പോൾ മൂഢബുദ്ധികളിൽപോലും മുമുക്ഷുത്വം അങ്കുരിക്കാം. ആരാണാര്യൻ. ചെയ്യേണ്ടതു ചെയ്യും; ചെയ്യാൻ പാടില്ലാത്തതു ചെയ്യുകില്ല; നിലവിലുള്ള ആചാരക്രമമൊക്കെ യഥായോഗ്യം അനുസരിക്കും; ഇങ്ങനെയുള്ളയാളാണ് ആര്യൻ. ആചാരത്തിനു യോജിച്ചവണ്ണവും ശാസ്ത്രത്തിനുചിതമായ രീതിയിലും തല്കാലസ്ഥിതിയനുസരിച്ച് കർമരംഗത്തു വ്യവഹരിക്കുന്നയാളാണ് ആര്യൻ. ആദ്യ ഭൂമികയിൽ മുളച്ചു രണ്ടും മൂന്നും ഭൂമികകളിൽ കിളിർത്തു തഴയ്ക്കുന്നതാണാര്യത്വം. ആര്യത്വം നിലനിൽക്കവേ മരണമടയുന്ന യോഗി നല്ല സങ്കൽപ്പങ്ങളിൽ കൂടി സഞ്ചയിച്ച ലോകസുഖങ്ങൾ അനുഭവിച്ച ശേഷം യോഗമാർഗചാരിയായിത്തന്നെ വീണ്ടും ജനിക്കുന്നു. മൂന്നു ഭൂമികകളിലെ അഭ്യാസം കൊണ്ടു തന്നെ അജ്ഞാനം ക്ഷയിക്കും. പൂർണ ചന്ദ്രപ്രഭയോടെ ചിത്തത്തിൽ ജ്ഞാനം ഉദയം ചെയ്യും.

തുടർന്നു നാലാമത്തെ ഭൂമികയിലേക്കു കടക്കുന്നതോടെ സത്യം തെളിഞ്ഞ യോഗിക്കു ഭേദചിന്തകൾപോയി എല്ലാം സമമായി കാണാനുള്ള കഴിവു വന്നുചേരും. ദ്വൈതാനുഭവം പോയി അദ്വൈതാനുഭവം സ്ഥിരത പ്രാപിക്കും. അതുനിമിത്തം ഈ നാലാം ഭൂമികയിൽ ലോകം സ്വപ്നം പോലെ അനുഭവപ്പെടും. അതുകൊണ്ടിതിനെ സ്വപ്നഭൂമികയെന്നു വിളിക്കുന്നു. ചിത്തം ശരത്കാല മേഘഖണ്ഡം പോലെ വിലയം പ്രാപിക്കുന്നു.

അഞ്ചാം ഭൂമികയിലേക്കു കടക്കുന്നതോടെ യോഗി സത്താമാത്രാവശേഷനായി ഭവിക്കുന്നു. ഇവിടെ ചിത്തം ലയിച്ചു പോകുന്നതുകൊണ്ടു പ്രപഞ്ചവികൽപ്പം സംഭവിക്കുന്നതേയില്ല. അതുകൊണ്ടീ ഭൂമികയ്ക്കു സുഷുപ്തമെന്നു പേരിട്ടിരിക്കുന്നു. വിഭാഗഭേദങ്ങളൊക്കെ അസ്തമിച്ച് അദ്വൈതാനുഭവത്തിൽ ഉറപ്പു വരുന്നു. ദ്വൈതം പോയി ഉള്ളിൽ വസ്തുബോധം ഉറപ്പുവന്ന് സുഷുപ്തിയിലെന്ന പോലെ ആനന്ദഘനാനുഭവത്തിൽ യോഗി എത്തിനിൽക്കുന്നു. പുറമേ കർമപരനാണെങ്കിലും സദാ അന്തർമുഖനായി വർത്തിക്കുന്നു. ചിത്തം ഉപശമിച്ചതുകൊണ്ടു നിദ്രാലുവിനെപ്പോലെ കഴിയുന്നു.

അഞ്ചാം ഭൂമികയിലെ അഭ്യാസം ഉറപ്പുവന്നു വാസന നിശ്ശേഷം അകലുന്നതോടെ തുര്യമെന്നു പേരുള്ള ആറാം ഭൂമികയിലേയ്ക്കു കടക്കുന്നു. ഇവിടെ യോഗി അസദ്രൂപനല്ല; സദ്രൂപനുമല്ല. ഞാനില്ല; ഞാനില്ലാതെയുമല്ല. ദ്വൈതമോ ഐക്യമോ ഇല്ലാതെ സങ്കൽപ്പം വെടിഞ്ഞു യോഗി കേവലനായി നിലകൊള്ളുന്നു. ആശാഗ്രന്ഥികളൊന്നുമില്ല; സന്ദേഹം ലേശവുമില്ല; ഭാവനയൊന്നുമില്ല; പൂർണജീവന്മുക്തൻ. അനിർവാണനാണെങ്കിലും നിർവാണം പ്രാപിച്ചവൻ. ചിത്രത്തിലെ ദീപം പോലെ നിലകൊള്ളുന്നവൻ. അന്തഃശൂന്യൻ, ബഹിഃശൂന്യൻ, ആകാശത്തിൽ ശൂന്യകുംഭം പോലെ സ്ഥിതി ചെയ്യുന്നവൻ. അന്തഃപൂർണൻ, ബഹിഃപൂർണൻ, അർണവത്തിൽ പൂർണ കുംഭം പോലെ സ്ഥിതിചെയ്യുന്നവൻ, എന്തോ ആയിത്തീർന്നു; എന്നാൽ ഒന്നുമായിത്തീർന്നുമില്ല.

ഇങ്ങനെ ആറാം ഭൂമികയിൽ കഴിഞ്ഞുകൂടിയിട്ടു ക്രമേണ ഏഴാം ഭൂമികയിലെത്തിച്ചേരുന്നു. ഏഴാമത്തെ ഈ ഭൂമികയാണു വിദേഹമുക്തിയെന്നറിയപ്പെടുന്നത്. ഈ ഭൂമിക വാക്കുകൾ കൊണ്ടു വിവരിക്കാവുന്നതല്ല. സംസാ

digitized by www.sreyas.in

രത്തിന്റെ മറുകര. ചിലരിതിനെ ശിവനെന്നു പറയുന്നു; മറ്റു ചിലർ ബ്രഹ്മമെന്ന്, വേറെ ചിലർ വിഷ്ണുവെന്നു പറയുന്നു; ചിലർ ശൂന്യമെന്നും. ചിലരിതിനെ വസ്തുവെന്നു പറയുന്നു; ചിലർ കാലമെന്നു പറയുന്നു. ചിലർ പ്രകൃതിയെന്നും പുരുഷനെന്നും വേർതിരിച്ചുകാണിക്കുന്നു. ഇങ്ങനെ പലരും അവരവരുടെ കൽപ്പനകൾക്കനുസരിച്ചു പല പേരുകൾ നൽകിയിരിക്കുന്നു. വാക്കുകൾക്കതീതമാണെങ്കിലും വാക്കുകളിലടക്കാൻ ശ്രമിച്ചിരിക്കുന്നു. രാമാ, ഇങ്ങനെ ഏഴുയോഗഭൂമികകൾ ഞാൻ നിനക്കു വിവരിച്ചു തന്നിരിക്കുന്നു. ഈയോഗഭൂമികകളിൽ അഭ്യാസമുറപ്പിച്ചാൽ പിന്നെ ദുഃഖമേയുണ്ടാവുകയില്ല.

(ഇവിടെ പ്രധാനമായും യോഗഭൂമികകളുടെ ലക്ഷണങ്ങളാണു വിവരിച്ചിരിക്കുന്നത്. യോഗഭൂമികകളുടെ നിഷ്കൃഷ്ടങ്ങളായ പേരുകൾ ഉൽപ്പത്തി പ്രകരണത്തിലെ ലവണോപാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളതു നോക്കി മനസ്സിലാക്കേണ്ടതാണ്.)

വസിഷ്ഠൻ തുടർന്നു: 'രാമാ, ശംഖം പോലുള്ള കൊമ്പുകളുള്ള ഒരു പിടിയാനയുണ്ട്; മൃദുവായും മന്ദമായുമാണവളുടെ നടത്ത. അതിരറ്റ മദം കൊണ്ടുന്മത്ത; സദാ ഇടഞ്ഞുനിൽക്കുന്നവൾ. സർവത്ര അനർഥകാരിണിയായ ഇവളെ പിടിച്ചുകെട്ടുന്നില്ലെങ്കിൽ ഈ ഭൂമികകളിൽ മനുഷ്യനുജയം അസാധ്യമാണ്. മദമത്തയായ ഈ പിടിയാന ഏതുവരെ ജയിക്കപ്പെടുന്നില്ലയോ അതുവരെ ഒരു ഭടനും സമ്പന്നമായ സമരഭൂമി കീഴടക്കാൻ കഴിയില്ല;'

രാമൻ ചോദിച്ചു: 'ഭഗവൻ, ഏതാണീ പിടിയാന? രണഭൂമികൾ ഏതൊക്കെയാണ്? എങ്ങനെയാണിവളെ ജയിക്കുക? എവിടെയാണിവൾ രമിച്ചു കഴിയുന്നത്?'

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ഇച്ഛയെന്നാണീ പിടിയാനയുടെ പേര്'. 'എനിക്കിതു വേണം' എന്നതാണിവളുടെ സ്വരൂപം. ദേഹമാകുന്ന കാട്ടിലാണിവൾ മദിച്ചിളകി പലതരം പ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ദ്രിയങ്ങളാണിവളുടെ കൊച്ചാനക്കുട്ടികൾ. മധുരഭാഷണചതുരയാണു രസന. മനസ്സാകുന്ന രഹസ്യസങ്കേതത്തിലാണിവൾ ഒളിഞ്ഞു കഴിഞ്ഞു കൂടുന്നത്. പുണ്യ പാപകർമങ്ങളാണിവളുടെ കൊമ്പുകൾ. വാസനാ സമൂഹമാണു നാലു വശത്തേയ്ക്കും പൊട്ടിയൊഴുകുന്ന മദജലം. അജ്ഞരായ ജനസഞ്ചയത്തെ ഇച്ഛയാകുന്ന ഈ പിടിയാന സദാ ചവിട്ടിമെതിച്ചുകൊണ്ടിരിക്കുന്നു. സംസാരസങ്കൽപ്പങ്ങളാണിവളുടെ രണഭൂമികൾ. ഇവിടെയാണല്ലോ മനുഷ്യൻ മാറിമാറി ജയപരാജയങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഹൃദയകോശത്തിലൊളിഞ്ഞിരിക്കുന്ന വാസന, ഈഹ, മനസ്സ്, ചിത്തം, സങ്കൽപ്പം, ഭാവനം, സ്പൃഹ ഇവയെല്ലാം ഈ കരിണിയുടെ പേരുകളാണ്. മറ്റെല്ലാ ആയുധങ്ങളെയും അവഹേളിച്ചുകൊണ്ടു ചുറ്റി നടക്കുന്ന ഇവളെ ധൈര്യമെന്ന കടുത്ത ആയുധം കൊണ്ടേ നിയന്ത്രിക്കാൻ പറ്റൂ; ധൈര്യം കൊണ്ടിവളെ പൂർണമായും അടക്കണം. 'ഇതെനിക്കു വേണം വേണ'മെന്നിങ്ങനെ എത്രകാലം ഈ കരിണി ഉള്ളിൽ പെരുകിക്കൊണ്ടിരിക്കുമോ അത്രയും കാലം സംസാരമാകുന്ന ഉഗ്രമഹാവിഷൂചിക പടർന്നു കൊണ്ടുതന്നെയിരിക്കും.

digitized by www.sreyas.in

340. ഏതാവാനേവസംസാര ഇദമസ്ത്വിതിയന്മനഃ
അസ്യതൂപശമോമോക്ഷ ഇത്യേവം ജ്ഞാനസംഗ്രഹഃ

'എനിക്കിതുവേണം' എന്ന ഇച്ഛ; ഇത്രമാത്രമാണു സംസാരം. ഇതുമാറിക്കിട്ടുന്നതാണു മോക്ഷം. ജ്ഞാനം ചുരുക്കത്തിലിത്രേയുള്ളൂ. ഇച്ഛപോയി കളങ്കമറ്റു പരിശുദ്ധമായി പ്രസന്നത കൈവരിക്കുന്ന ചിത്തത്തിൽ കണ്ണാടിയിൽ തൈലബിന്ദുവെന്നപോലെ ഉപദേശവാക്കുപറ്റിനിൽക്കും. വിഷയത്തിന്റെ മുളപ്പുകളെന്നപോലെ അനർഥകാരിണിയായ ഇച്ഛ അൽപ്പമെങ്കിലും പൊന്തിക്കണ്ടാൽ അപ്പോൾതന്നെ അതു ഛേദിച്ചുകളയണം; സങ്കൽപ്പിക്കാതിരിക്കൽ എന്ന മൂർച്ചയുള്ള കത്തികൊണ്ടുവേണം മുറിച്ചുകളയേണ്ടത്. ഇച്ഛകൊണ്ടു കീറിമുറിക്കപ്പെടുന്ന ജീവൻ സദാ ദൈന്യത്തിനുപാത്രമാകേണ്ടിവരും. സങ്കൽപ്പിക്കുന്നില്ലയോ ഇച്ഛമുളയ്ക്കുകയേ ഇല്ല. ചിത്തം നിശ്ശബ്ദമായി സ്ഥിതിചെയ്യുന്നതാണ് അസംവേദനം അഥവാ സങ്കൽപ്പിക്കാതിരിക്കൽ. ഇതാണു പ്രത്യാഹാരമെന്നറിയപ്പെടുന്നത്. ഇതുകൊണ്ട് ഇച്ഛ ഒഴിഞ്ഞുപോകും. 'എനിക്കിതുവേണം' എന്ന തോന്നലാണു കൽപ്പനം. സത്യബോധം ഉറപ്പുവരുത്തി വിഷയങ്ങളില്ലെന്നു തീരുമാനിച്ചാൽ കൽപ്പനാത്യാഗം എളുപ്പമാകും. വിഷയങ്ങളെ സ്മരിക്കുന്നതാണു സങ്കൽപ്പം; വിഷയങ്ങളെ മറക്കുന്നതാണു ശിവം അഥവാ സത്യം. ഇവിടെ നേരത്തെ അനുഭവിച്ചതും ഇതുവരെ അനുഭവിച്ചിട്ടില്ലാത്തതുമായ എല്ലാ വിഷയങ്ങളും വിസമരിക്കപ്പെടണം. രാമാ, അനുഭവിച്ചതും അനുഭവിക്കാത്തതുമായ എല്ലാകാര്യങ്ങളും മറക്കൂ. എല്ലാം മറന്നു മഹാസത്യത്തെ അവലംബിച്ച് ഒരു തടിക്കഷണം പോലെ പുറമേ മൂഢനായി സ്ഥിതിചെയ്യൂ:

341. ഊർധ്വബോഹുർവിരൗമ്യേഷ ന ചകശ്ചിച്ഛൃണോതിതത്
അസംകൽപ്പഃ പരംശ്രേയഃ സ കിമന്തർന ഭാവ്യതേ.

ഞാനിതാ രണ്ടു കയ്യും പൊക്കി നിലവിളിച്ചു പറയുന്നു; പക്ഷേ ആരുമതു കേൾക്കുന്നില്ല. സങ്കൽപ്പിക്കാതിരിക്കലാണ് അങ്ങേയറ്റത്തെ മോക്ഷം. ഇക്കാര്യം മുമുക്ഷുക്കൾ എന്തു കൊണ്ടുറപ്പിക്കുന്നില്ല?

342. കിലതൂഷ്ണീംസ്ഥിതേനൈവ തൽപ്പദം പ്രാപ്യതേപരം
പരമംയത്ര സാമ്രാജ്യമപി രാമ തൃണായതേ.

ഒരാൾ ഉള്ളിൽ നിശബ്ദമായി സ്ഥിതിചെയ്യുമെങ്കിൽ അതുകൊണ്ടുതന്നെ അങ്ങേയറ്റത്തെ മോക്ഷപദത്തിലെത്തിച്ചേരുന്നു. ആ അനുഭവത്തിൽ വലിയൊരു സാമ്രാജ്യം പോലും ചെറിയൊരു പുൽക്കൊടിപോലെ നിസ്സാരമായിത്തീരുകയും ചെയ്യുന്നു; രാമാ, ഇതോർമിച്ചോളൂ. മനോഹരമായ ഒരു ദേശത്തിൽ കൂടി കടന്നുപോകുന്ന ഒരു വഴിയാത്രക്കാരൻ എങ്ങനെയാണോ ഒന്നിലും പറ്റിപ്പിടിക്കാതെ തന്റെ പാദങ്ങളെ ചലിപ്പിക്കുന്നത് മുമുക്ഷു സ്വകർമങ്ങളിൽ അതുപോലെ നിസംഗനായി വ്യാപരിക്കണം.

343. ബഹുനാത്രകിമുക്തേന സംക്ഷേപാദിദമുച്യതേ
സങ്കൽപ്പനം പരോബന്ധസ്തദഭാവോ വിമുക്തതാ.

ഇക്കാര്യത്തിൽക്കൂടുതലെന്തിനു പറയണം. ചുരുക്കിപ്പറഞ്ഞേയ്ക്കാം. സങ്കൽപ്പമാണു ബന്ധം, സങ്കൽപ്പമില്ലായ്മയാണ് മോക്ഷം. ഈ ജഗത്തിനെ

digitized by www.sreyas.in

മുഴുവൻ ശാന്തവും അനന്തവും സ്ഥിരവും അഴിവില്ലാത്തതുമായ ബോധരൂപമായിക്കണ്ടു ശാന്തനായി സുഖമായി കഴിഞ്ഞുകൂടൂ. സങ്കൽപ്പിക്കാതിരിക്കലാണു യോഗം. യോഗം അഭ്യസിച്ചു കൊണ്ട് കർമം ചെയ്യൂ; വിരുദ്ധകർമങ്ങൾ ചെയ്യാതിരിക്കൂ. സങ്കൽപ്പിക്കാതിരിക്കലാണ് യോഗം; അതുതന്നെയാണ് അകൃത്രിമമായ ചിത്തശമം. ബോധസത്യവുമായി തികച്ചും തന്മയീഭവിച്ചിട്ട് എന്തുചെയ്യണമോ അതു ചെയ്തു കഴിയൂ രാമാ; ഞാൻ, എന്റേത് എന്ന ചിന്തയുള്ളിടത്തോളം ദുഃഖമോചനം സാധ്യമല്ല. ഈ ചിന്തവിട്ടാൽ ദുഃഖമോചനം, എന്താണോ ഇഷ്ടം അതുപോലെ ചെയ്യൂ. മംഗളസ്വരൂപവും, സൃഷ്ടിയിൽ നിറഞ്ഞു നിൽക്കുന്നതും ശാന്തവും അജവുമായ വസ്തുമാത്രം ഭാവനചെയ്യുന്നതാണു കർമത്യാഗം; അതുതന്നെ മോക്ഷം!

*ഇതി ശ്രീ വാല്മീകിയേ മോക്ഷോപായേ നിർവാണപ്രകരണേ*
*യോഗസപ്തഭൂമികോപാഖ്യാനം നാമ*
*പഞ്ചദശഃ സർഗഃ*

സർഗം. 16

# ശാസ്ത്രഗ്രഹണ ഫലനിർദേശം

വസിഷ്ഠൻ പറഞ്ഞു: 'രാമാ, ബ്രഹ്മാവിന്റെ സൃഷ്ടിരൂപത്തിലുള്ള മറയായ ഈ കൺമഷിയെ തുടച്ചു കളഞ്ഞിട്ട് സത്യം ലക്ഷ്യമാക്കി വാദിയായോ വാഗ്മിയായോ കവിയായോ ജീവിക്കുന്നവൻ കീർത്തിമാനായി ഭവിക്കുന്നു. വിഷ്ണു, ശിവൻ തുടങ്ങിയ സത്യനിഷ്ഠന്മാർ വെളിപ്പെടുത്തിയ ഈ ജ്ഞാനാമൃത സമുദ്രത്തെ നിന്ദിച്ചു തള്ളിയിട്ട് ആരൊക്കെയാണോ ഇച്ഛ നിറവേറ്റാനായി സ്വച്ഛന്ദചരണം നടത്തുന്നത് അവർ കുളിക്കാനായി സമുദ്രക്കരയിലെത്തിയിട്ടു സമുദ്രത്തെ നിന്ദിച്ചു തിരക്കൈകളിൽ പിടിച്ചു വലിച്ചു ദൂരെയെറിയാൻ ശ്രമിക്കുന്നവരാണ്. ദ്വിജ രാജനായ ചന്ദ്രൻ ദിവസേന സമുദ്രത്തിൽ മുങ്ങിക്കുളിച്ചിട്ടും സമുദ്രം ഇന്നുവരെ അദ്ദേഹത്തിന്റെ കളങ്കത്തെ ശുദ്ധീകരിച്ചിട്ടില്ല. നേരേമറിച്ച് ഹരിഹരാര്യ കൃപാമൃത സമുദ്രമായ ജ്ഞാനകലശാബ്ധി ഒന്നു സ്പർശിച്ചാൽ മതി രാമാ, നിന്റെ എത്ര വലിയകളങ്കം പോലുമതുടൻ കഴുകിക്കളയും; മുമുക്ഷുക്കളുടെയൊക്കെയും കളങ്കമതു കഴുകിക്കളയും. ഹരിഹരാര്യഗുരോ, അങ്ങയുടെ വാക്കാകുന്ന അമൃത സമുദ്രത്തെത്തന്നെ ഞങ്ങൾ അത്യന്തം ശ്രേഷ്ഠമായി അംഗീകരിക്കുന്നു. ആനന്ദത്തളിരുകൾ വിടർത്തി നിൽക്കുന്ന നന്ദന വനത്തിലെ കൽപ്പവൃക്ഷങ്ങളിൽ നിന്നും ഒഴുകിത്തുളുമ്പി നിൽക്കുന്ന ഒരു കുറവുമില്ലാത്ത തേൻ സമുദ്രമാണത്.

വാല്മീകി പറഞ്ഞു: വസിഷ്ഠൻ ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ പകലസ്തമിച്ചു. പതിനെട്ടു ദിവസം നീണ്ടുനിന്ന ഉപദേശം അവസാനിച്ചു. മുനിമാരാൽ വന്ദിതനായി വസിഷ്ഠൻ സന്ധ്യാ സ്നാനത്തിനായി അവിടെ നിന്നും പോയി സന്ധ്യ കഴിഞ്ഞതോടെ സൂര്യകിരണങ്ങളോടൊപ്പം സദസ്യരും പിരിഞ്ഞുപോയി. രാമൻ ഇങ്ങനെ പതിനെട്ടു ദിവസം വസിഷ്ഠ മുനിയോടൊപ്പം

digitized by www.sreyas.in

ദിവ്യമായ ജ്ഞാന ചർച്ച നടത്തി. സംസാരജന്യമായ മോഹമെല്ലാം ഓടിയൊളിച്ചു. കാറ്റുതട്ടി അലകളില്ലാത്ത സമുദ്രം പോലെ ബോധാനുഭവ പൂർണതയിൽ രാമൻ നിശ്ചലനായി നിലകൊണ്ടു. അപ്പോഴേക്കും ആനന്ദപുളകിതരായ ദേവൻമാർ ആകാശം നിറഞ്ഞു ചൊരിയുന്ന മുത്തുമണികൾ പോലെ കൽപ്പവൃക്ഷപ്പുതുമലർ നിരകൊണ്ടു പുഷ്പവൃഷ്ടി ചൊരിഞ്ഞു. സ്വയം സാക്ഷാത് വിഷ്ണു ഭഗവാൻ രാമനായി അവതരിച്ച് സംസാരക്ലേശങ്ങളിൽ ഖിന്നനായി ഭവിച്ചപ്പോൾ യോഗജ്ഞാനോപദേശം കൊണ്ടു പ്രബുദ്ധനാക്കപ്പെട്ടു. പ്രബുദ്ധനായ രാമൻ സന്ധ്യാവന്ദനം കഴിഞ്ഞെത്തിയ മുനിയെ വാഴ്ത്തി സ്തുതിച്ചു; പിതൃഭ്രാതൃ സമേതനായി വീണുവണങ്ങി. എന്നിട്ടിങ്ങനെ പറഞ്ഞു: 'ഭഗവൻ, അങ്ങയുടെ അനുഗ്രഹം കൊണ്ട് എന്റെ മനസ്സിന്റെ സംശയമെല്ലാം തീർന്നു. ശോകം മാറി ശീതളവും ശാന്തവും സമവുമായി ഭവിച്ചു. അങ്ങു സൂര്യനെപ്പോലെ എന്റെ മോഹാന്ധകാരം മുഴുവൻ ഒഴിച്ചു മാറ്റിയിരിക്കുന്നു. സകല ആർത്തിയും ഹരിച്ച സർവജ്ഞനും സർവാശ്രയനുമായ ഗുരുവാണങ്ങ്. ഉടൻതന്നെ മുനി രാമവസിഷ്ഠ സംഭാഷണം കേൾക്കാനായി ആകാശത്തു വന്നു നിറഞ്ഞു നിന്നിരുന്ന ദേവൻമാരെ സഭാമധ്യത്തിലേയ്ക്കു വിളിച്ചു വരുത്തി രാമനു കാണിച്ചു കൊടുത്തു. യക്ഷൻമാർ, ഗന്ധർവന്മാർ, സിദ്ധൻമാർ, ഋഷിമാർ, വിദ്യാധരൻമാർ, മഹാനാഗന്മാർ ഇവരൊക്കെ ഉൾപ്പെട്ടതായിരുന്നു ആ സമൂഹം. രാമൻ അവരെയൊക്കെ തലകുനിച്ചു വണങ്ങി. ആനന്ദം നിറഞ്ഞു തിങ്ങിയ അവർ ഇങ്ങനെ പറഞ്ഞു: 'പരമസത്യത്തിലെത്തിക്കുന്ന ജ്ഞാനാമൃതം ഞങ്ങളും വേണ്ടുവോളം നുകർന്നു. ത്രൈലോക്യ മോഹം ഹരിക്കുന്ന നിങ്ങളെ രണ്ടു പേരെയും ഞങ്ങൾ വണങ്ങുന്നു. അങ്ങയുടെ ഗുരുവായ വസിഷ്ഠന്റെയും അങ്ങയുടെയും സംവാദം മനുഷ്യമനസ്സിനെ നേരിട്ടു സത്യത്തിൽ കൊണ്ടെത്തിക്കുന്ന ജ്ഞാനമാണ്! സിദ്ധൻമാർ അവിടെയങ്ങനെ സ്തുതി ഗീതം മുഴക്കിയിട്ട് ജീവാനുകമ്പ നിമിത്തം ആ ജ്ഞാനസാരത്തെ കാശ്മീരമണ്ഡലത്തിലെത്തിച്ചു. രാമൻ ജ്ഞാനസാരം ഗ്രഹിച്ചു ദുഃഖം വെടിഞ്ഞു. എല്ലാ കർമങ്ങളും ജനകനെപ്പോലെ നിർമലനും നിഷ്കാമനുമായി നിർവഹിച്ചു. വെള്ളത്തിൽ കിടക്കുന്ന താമര നനഞ്ഞു കുതിർന്നു പോകാത്തതുപോലെ രാജഭോഗങ്ങൾ രാമമനസ്സിനെ അൽപ്പം പോലും സംഗബദ്ധമാക്കിയില്ല.

സത്സംഗമുള്ളവരും സത്കർമ പരന്മാരും വിരക്തരുമായ ധർമാത്മാക്കൾക്കു മാത്രമേ ഈ ജ്ഞാനം ഉപദേശിക്കാനാവൂ. എല്ലാം എല്ലാവരുടേയും നന്മക്കായിരിക്കണമെന്ന ബുദ്ധിയുള്ളവർക്ക് സർവഥാ മഹാഫലമായ ഈ വിദ്യാദാനം നൽകാവുന്നതാണ്. ദുരാഗ്രഹികളും ദുർജനങ്ങളും പ്രമാദികളും നിന്ദകൻമാരുമായവർക്ക് രഹസ്യമായ ഈ ശാസ്ത്രം പ്രകാശിപ്പിച്ചിട്ടു പ്രയോജനമില്ല. നേരത്തെ ശിവനേയും വിഷ്ണുവിനെയും ബ്രഹ്മാവിനെയും സൂര്യനെയുമൊന്നും ആരാധിച്ചിട്ടില്ലാത്തവർക്കും ഈ ശാസ്ത്രം ഫലിക്കുകയില്ല. മഹേശ്വരനും ദേവിക്കും വിഷ്ണുവിനും നാരദാദിമുനിമാർക്കുമുപദേശിച്ചിട്ടുള്ളതാണീജ്ഞാനശാസ്ത്രം. മോക്ഷോപായമെന്നുകൂടിപേരുള്ള മഹാരാമായണമെന്ന പാലാഴിയിൽനിന്നു കടഞ്ഞെടുത്തതാണീ അമൃതം. ഇതുസാമാന്യമായി വിചാരം ചെയ്താൽ തന്നെ ദുഷ്കൃതമൊടുങ്ങും. വേണ്ടവണ്ണം വിചാരം ചെയ്താൽ ആരാണ് പരമപദത്തിലെത്താത്തത്. ഒരു പ്രാവശ്യമിത് വായിക്കുമെങ്കിൽ പാപമെല്ലാം പോയി ബോധോദയമുണ്ടാകും. പ്രബുദ്ധനല്ലെങ്കിൽപോലും ഇതു ഭക്തിപൂർവം വായിക്കുമെങ്കിൽ ചിത്തശുദ്ധി വരും;

digitized by www.sreyas.in

സംശയമേയില്ല. മൂഢന്മാരായാലും മുമുക്ഷുക്കളായാലും മനസ്സടങ്ങിയവരായാലും അല്ലെങ്കിലും ദുർലഭമായ ബ്രഹ്മദർശനം നേടിത്തരുന്ന ഈ സത്യശാസ്ത്രം വിചാരം ചെയ്യപ്പെടേണ്ടതാണ്. ബുദ്ധി അൽപ്പം സംസ്കാരസമ്പന്നമായവർക്ക് അജ്ഞാനത്തെ ഒഴിച്ചുമാറ്റാൻ ഇതുപോലെ ഉപകരിക്കുന്ന മറ്റൊരു ശാസ്ത്രം ഇല്ലതന്നെ. ഇതുലൗകികസുഖവും മോക്ഷവും ഒരുപോലെ പ്രദാനം ചെയ്യും. യോഗിമാർക്കത്യന്തം പ്രിയപ്പെട്ടതാണീ ശാസ്ത്രം. ബോധസ്വരൂപം ഉള്ളം കൈയിലിരിക്കുന്നു; എങ്കിലും പൂർവപുണ്യം കൊണ്ടേ അതു ലഭിക്കൂ. സർവശാസ്ത്ര വേദപണ്ഡിതനായ ഗുരുവാണു വസിഷ്ഠൻ. ഇതു മോക്ഷോപായ സാരമാണെന്നു സർവത്ര പ്രകീർത്തിക്കപ്പെടുന്നു. ഇഷ്ടവസ്തു നഷ്ടപ്പെടുമെന്നുകരുതി സദാ ദുഃഖാർത്തനായി കഴിയുന്ന മനുഷ്യനു സന്താപമകറ്റാൻ ശാസ്ത്ര പഠനമല്ലാതെ മറ്റെന്താണു വഴി. ഈ പൂർണ ശാസ്ത്രം ചിദംബരത്തിൽ നിന്നു തന്നെ ഉദയം ചെയ്തതാണ്. നല്ല ഉറപ്പുള്ള ആനന്ദനിധിയാണിത്. കാവ്യരസശോഭയോടുകൂടിയ ശുദ്ധമായ അമൃതാണിത്. അന്ധകാരത്തെയകറ്റുന്ന ശുദ്ധപ്രകാശമാണിത്.

344. സ്നാതം തേന സമസ്തതീർഥ സലിലൈഃ
സർവാപി ദത്താവനി-
ർയ്യജ്ഞാനാം ചകൃതം സഹസ്രമഖിലാ
ദേവാശ്ച സംപൂജിതാഃ

സംസാരാച്ച് സമുദ്ധൃതാഃ സ്വപിതര-
സ്ത്രൈലോക്യ പൂജ്യോപ്യസൗ
യസ്യ ബ്രഹ്മവിചാരണേ ക്ഷണമപി
സ്ഥൈര്യം മനഃ പ്രാപ്നുയാത്.

ബ്രഹ്മവിചാരത്തിൽ ക്ഷണനേരമെങ്കിലും മനസ്സുപറ്റി നിൽക്കാനിടയാകുന്ന വ്യക്തിയുടെ മഹത്വമെന്താണ്? ആ മഹാത്മാവ് എല്ലാ തീർഥങ്ങളിലും സ്നാനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഭൂമി മുഴുവൻ ദാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. ആയിരമായിരം യജ്ഞങ്ങൾ നടത്തിക്കഴിഞ്ഞിരിക്കുന്നു. എല്ലാ ദേവന്മാരെയും വേണ്ടപോലെ പൂജിച്ചു കഴിഞ്ഞിരിക്കുന്നു. തന്റെ പിതൃക്കളെ മുഴുവൻ സംസാരത്തിൽനിന്നു ഉദ്ധരിച്ചു കഴിഞ്ഞിരിക്കുന്നു. മൂന്നു ലോകത്തും അയാൾ പൂജ്യനായി ഭവിച്ചിരിക്കുന്നു!

***ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണപ്രകരണേ***
***ശാസ്ത്രാർഥഗ്രഹണ ഫലനിർദേശോ നാമ***
***ഷോഡശഃ സർഗഃ***

**സർഗം 17**

# ഭരദ്വാജാനുശാസനം

വാല്മീകി പറഞ്ഞു: 'ഇപ്രകാരം മഹാമുനി ഉപദേശിച്ച ജ്ഞാനസാരം മുഴുവൻ കേട്ടിട്ടു രഘുകുലാവതംസമായ രാമൻ ചിലതൊക്കെ സ്വയം തീരുമാനിച്ചു. അങ്ങനെ ശമസുഖപരിപൂർണനായി പൂർണബോധം നേടി വിരാ

digitized by www.sreyas.in

ജിച്ചു. അദ്ദേഹം പരമയോഗിയും ലോകവന്ദ്യനായ ദേവനുമായി മാറി. ശുദ്ധ ബോധസ്വരൂപമവലംബിച്ചു. ജനനമരണങ്ങളെ കടന്നുനിന്നു. സ്വയം സകലഗുണങ്ങൾക്കുമിരിപ്പിടമായി. ജഗത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കെല്ലാം കാരണവും ലക്ഷ്മീദേവിയുടെ നിവാസ സ്ഥാനവുമായി വിളങ്ങി. ജ്ഞാനശക്തി വശംവദനായി രൂപം കൊണ്ട പ്രകടമായ ശുദ്ധചിത്ഘനഭാവം പേറി നിന്നു. അൽപ്പനേരത്തേയ്ക്കു ഉണർന്നു ചൈതന്യാനന്ദ സമുദ്രത്തിൽ മുഴുകി. പ്രശ്നമെന്നോ ഉത്തരമെന്നോ ഉള്ള വിചാരവിഭാഗങ്ങളെല്ലാം വിട്ടുപോയി. ആനന്ദാമൃതാശ്രുക്കൾ കണ്ണുകളിൽ ഒഴുകി. ദേഹം രോമാഞ്ചം കൊണ്ടു കഞ്ചുകിതമായി. മഹാസാമാന്യസത്താരൂപം കൈക്കൊണ്ടു വ്യാപകമായി ചിത്തായി പ്രകാശിച്ചു. അഷ്ടഗുണൈശ്വര്യം പോലും തൃണപ്രായമാണെന്നു തോന്നുന്ന ഇടത്തെത്തി. ശിവപദത്തിൽ ഐക്യംപ്രാപിച്ച രാമൻ പിന്നെ ഒന്നുംതന്നെ മിണ്ടിയില്ല!

ഭരദ്വാജൻ ചോദിച്ചു: ‘രാമന്റെ സത്യപദപ്രാപ്തി അത്യന്തം ആശ്ചര്യകരം തന്നെ. മുനീശ്വരാ, ഞങ്ങൾക്കും ഈ അനുഭവസ്ഥിതി എങ്ങനെ വന്നുചേരും? എന്നെപ്പോലുള്ള മൂർഖന്മാർ, ശോച്യന്മാർ, അൽപ്പജ്ഞന്മാർ, പാപികൾ എവിടെ; ബ്രഹ്മാവുപോലും കാംക്ഷിക്കുന്ന രാമന്റെ അനുഭവസ്ഥിതി എവിടെ? എന്റെ ഗുരുവായ മുനീശ്വരാ, എനിക്കെങ്ങനെയായാൽ വിശ്രമം കിട്ടും? മറുകര കാണാനില്ലാത്ത ഈ സംസാരസമുദ്രത്തെ എനിക്കെങ്ങനെ കടക്കാൻ കഴിയും?

വാല്മീകി പറഞ്ഞു: ഭരദ്വാജാ, ശ്രീരാമചരിതം ആദ്യം മുതൽ വസിഷ്ഠ വാക്യങ്ങളെ പിൻതുടർന്നു ഞാൻ നിന്നെ വിശദമായി കേൾപ്പിച്ചുവല്ലോ. ബുദ്ധികൊണ്ടാലോചിച്ചു വിമർശിക്കൂ. ഞാനും അറിയേണ്ട ചിലതു നിന്നോടുപറയാം.

അവിദ്യ കൊണ്ടീ പ്രപഞ്ചം ഉണ്ടെന്നു തോന്നുന്നു. പ്രപഞ്ചം അൽപ്പം പോലും സത്യമല്ല. അറിവുള്ളവർ ബോധജഡങ്ങളെ വേർതിരിച്ചിക്കാര്യം ഗ്രഹിക്കുന്നു. അവിവേകികൾ തമ്മിൽ തമ്മിൽ വാദിച്ചു കഴിഞ്ഞു കൂടുന്നു. ചിത്തിൽ നിന്നും ഭിന്നമായി ഒന്നുമില്ല. പ്രപഞ്ചമെന്ന പേരിൽ ഭിന്നമായി എന്താണുള്ളത്; പറയൂ. സ്നേഹിതാ, ബോധസ്വരൂപം അഭ്യസിച്ചുറപ്പിച്ചു തെളിവുള്ളവനായി ഭവിക്കൂ. പ്രപഞ്ചമുണ്ടെന്ന സങ്കൽപ്പം ഒരു തരം ഉറക്കമാണ്. ഉണർന്നയാളിന്റെ ഉള്ളിൽ കളങ്കമില്ലാത്ത ബോധദീപം പ്രകാശിക്കുന്നു. ശൂന്യത്തിൽ ഉണ്ടെന്നുതോന്നുന്ന പ്രപഞ്ചം ശുദ്ധശൂന്യമാണ്. ശൂന്യസാരമായതുകൊണ്ടു ഉണ്ടെന്നു തോന്നിക്കൊണ്ടിരിക്കുമ്പോഴും അറിവുള്ളവർ അതുമായി പറ്റിച്ചേരാറില്ല. അനാദിവാസനാദോഷം കൊണ്ടാണിതുള്ളതെന്നു തോന്നുന്നത്. ഈ സംസാരകോലാഹലം ഐന്ദ്രജാലികന്റെ ഗന്ധർവനഗരംപോലെ ഇല്ലാത്തതാണ്.

345. ചിത്തേ$\mathcal{f}$നഭ്യസ്യ കല്യാണീം ചൈതന്യാമൃതകന്ദളീം
സംമുഹ്യസി കിമധ്യാസ്യ വാസനാവിഷവീരുധഃ

**ചിത്തേ-ചിത്തത്തിൽ; കല്യാണീം ചൈതന്യാമൃതകന്ദളീം- മംഗളസ്വരൂപമായ ബോധാമൃതത്തിന്റെ മുളപ്പിനെ; അനഭ്യസ്യ-അഭ്യസിച്ചു വികസിപ്പിക്കാതെ; വാസനാ വിഷവീരുധഃ-വാസനരൂപത്തിൽ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന വിഷയ വിഷച്ചെടികളെ; അധ്യാസ്യ-ബോധത്തിൽ വെറുതേ ആരോപിച്ച്; കിം സംമുഹ്യസി-എന്തിനാണു നീ മോഹബദ്ധനായിത്തീരുന്നത്.**

digitized by www.sreyas.in

മംഗളസ്വരൂപമായ ബോധാമൃതത്തിന്റെ മൂളപ്പിനെ അഭ്യസിച്ചു വികസിപ്പിക്കാതെ വാസനാ രൂപത്തിൽ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന വിഷയവിഷച്ചെടികളെ ബോധത്തിൽ വെറുതെ ആരോപിച്ച് എന്തിനാണു നീ മോഹബദ്ധനായിത്തീരുന്നത്?

## സംമുഹ്യസി കിമധ്യാസ്യ

ശുദ്ധബോധസത്യത്തിലെ പ്രപഞ്ചഭ്രമത്തെയും ഭ്രമം ഒഴിച്ചു മാറ്റിയിട്ടുള്ള സത്യാനുഭവത്തെയും അധ്യാരോപാപവാദങ്ങളിൽ കൂടിയാണു വേദാന്ത ശാസ്ത്രം വിവരിക്കുന്നത്. വാസനാരൂപത്തിൽ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന പ്രപഞ്ചഭ്രമത്തിനു സങ്കൽപ്പങ്ങളിൽക്കൂടി രൂപം നൽകി ബോധത്തിൽ വെറുതെ ആരോപിക്കുന്നതാണ് അധ്യാരോപം അഥവാ അധ്യാസം. 'അധ്യാസ്യവാസനാ വിഷവീരുധഃ' എന്നു പറഞ്ഞിരിക്കുന്നത് ഈ അധ്യാരോപത്തെക്കുറിച്ചാണ്. ബോധാഭ്യാസം ശക്തിപ്പെടുത്തി പ്രപഞ്ചഭ്രമത്തെ പുറം തള്ളി ശുദ്ധബോധാനുഭവം നേടുന്ന വിധമാണ് അപവാദം. ഈ അപവാദ പ്രക്രിയ അഭ്യസിക്കാതിരിക്കുന്ന സ്ഥിതിയെയാണ്. 'അനഭ്യസ്യകല്യാണീം ചൈതന്യാമൃതകന്ദളീം,' എന്നും വിവരിച്ചിരിക്കുന്നത്.

ഉള്ളതിൽ ഇല്ലാത്തതിനെ ആരോപിച്ചനുഭവിക്കുന്നതാണ് അധ്യാരോപ പ്രക്രിയ. ആത്മാവിലെ പ്രപഞ്ചാധ്യാരോപത്തെ ഒരു നടൻ തന്റെ മേൽ കഥാപാത്രത്തെ അധ്യാരോപിച്ചനുഭവിക്കുന്നതിനോടുപമിക്കാം. വാസന, സങ്കൽപ്പം, ബാഹ്യദൃശ്യം ഇതാണധ്യാരോപക്രമം. വേഷം കെട്ടണമെന്ന ആഗ്രഹമാണ് നടനിലെ വാസന. തുടർന്നു വേഷത്തെയും കഥാപാത്രത്തെയും കുറിച്ചുള്ള സങ്കൽപ്പങ്ങൾ. അവ നടപ്പാക്കുന്നതോടെ നടനിൽ കഥാപാത്രത്തിന്റെ തോന്നൽ. അഖണ്ഡബോധസ്വരൂപമായ ബ്രഹ്മമാണ് പ്രപഞ്ച നാടകത്തിലെ നടൻ. ഒരു നാടകത്തിലെ നടനിലെന്നപോലെ വാസനാതലവും സങ്കൽപ്പതലവും ബാഹ്യദൃശ്യതലവും ബ്രഹ്മത്തിൽ ആരോപിക്കുന്നതോടെയാണു ജഗത്തിന്റെ തോന്നലുളവാക്കുന്നത്. പൂർവജന്മത്തിലെ ആഗ്രഹങ്ങളാണു ബോധത്തിൽ ഒളിഞ്ഞുകിടക്കുന്ന വാസനകൾ. തുടർന്ന് അവ നടപ്പാക്കാനുള്ള സങ്കൽപ്പങ്ങൾ; അതോടെ പുറമേ ദൃശ്യപ്രപഞ്ചത്തിന്റെ ആവിർഭാവം; ഇതാണ് അധ്യാരോപക്രമം. ഇനി നടൻ വേഷമഴിച്ചു മാറ്റുന്നതുപോലെ ബോധാഭ്യാസത്തിലൂടെ മുൻപറഞ്ഞ തലങ്ങളെ അഴിച്ചുമാറ്റിയാൽ ജഗത്തില്ലാതാകും. അഖണ്ഡ ബോധസത്യം ബാക്കി നിൽക്കും ഇങ്ങനെ ആരോപിത തലങ്ങളെ അഴിച്ചുമാറ്റുന്ന പ്രക്രിയയാണ് 'അപവാദം.' അധ്യാരോപം പൂർണമായാൽ ജഗത്പ്രതീതി. അപവാദം പൂർണമായാൽ അഖണ്ഡബോധസ്ഥിതി. നടന്റെ വേഷമണിയൽ പൂർത്തിയായാൽ കഥാപാത്രത്തിന്റെ തോന്നൽ. വേഷമഴിച്ചുമാറ്റൽ പൂർത്തിയായാൽ നടന്റെ സ്വരൂപസ്ഥിതി. നട്ടുച്ചക്ക് മരുഭൂമിയെയോ സന്ധ്യാസമയത്തു കയറിനെയോ ദൂരെ നിന്ന് അവ്യക്തമായി കാണുന്നയാൾ മരുഭൂമിയിൽ ജലപ്പരപ്പിനേയും കയറിൽ സർപ്പത്തേയും അനുഭവിക്കുന്നു. ഇവ അധ്യാരോപിതങ്ങളായ ഭ്രമാനുഭവങ്ങളാണ്. വസ്തുവിന്റെ സമീപത്തെത്തി ജലപ്പരപ്പും പാമ്പും ഇല്ലെന്നറിഞ്ഞ് അനുഭവത്തിൽനിന്നും പുറം തള്ളിയാൽ മരുഭൂമി, കയറ് എന്ന വസ്തു സ്വരൂപങ്ങൾ അവശേഷിക്കും. ഇങ്ങനെ വസ്തുവിനെ സമീപിച്ച് അതിന്റെ അധ്യാരോപിതങ്ങളായ ഭ്രമദർശനങ്ങളെ വസ്തുവല്ലെന്നു കണ്ട് പുറം തള്ളുന്നതാണ് 'അപവാദം' ഇതു വസ്തുവല്ല; ഇതു വസ്തുവല്ല എന്ന

digitized by www.sreyas.in

പവദിച്ചു നിഷേധിക്കുന്നതുകൊണ്ടാണ് 'അപവാദം' എന്ന പദം അന്വർഥമായിത്തീരുന്നത്. ഉപനിഷത്തുകളിൽ പ്രസിദ്ധമായിത്തീർന്നിട്ടുള്ള 'നേതി, നേതി' (ഇതല്ല, ഇതല്ല) പ്രക്രിയ ഈ അപവാദം തന്നെയാണ്. ഒരു സത്യജിജ്ഞാസുബാഹ്യദൃശ്യതലത്തെയും സങ്കൽപ്പതലത്തെയും വാസനാതലത്തേയും ഇതു വസ്തുവല്ല; ഇതു വസ്തുവല്ല; എന്നപവദിച്ചു പുറംതള്ളിക്കൊണ്ട് അഖണ്ഡബോധമായ വസ്തുവിനെ സമീപിക്കുന്ന പ്രവൃത്തിതന്നെയാണ് നേതി, നേതിപ്രക്രിയ. ബോധാഭ്യാസം ശക്തിപ്പെടുത്തി അപവാദപ്രക്രിയയിലൂടെ അധ്യാരോപത്തെ പുറംതള്ളി സത്യസ്വരൂപം പ്രാപിക്കാനാണ് വാല്മീകി ഭരദ്വാജനോടാവശ്യപ്പെടുന്നത്.

വാത്മീകി തുടർന്നു: 'ജ്ഞാനസ്വരൂപത്തെ ആശ്രയിക്കാതെ താഴോട്ടിറങ്ങിയതുകൊണ്ടാണ് ഈ ജാഗ്രത് പ്രപഞ്ചത്തിലേക്കു പതിക്കാനിടയായത്. എല്ലാ പ്രപഞ്ച ദൃശ്യങ്ങൾക്കുമുപരി നിരാശ്രയമായി നിൽക്കുന്ന സത്യമാണ് ശുദ്ധബോധം. നിപുണമായി ആത്മസ്വരൂപാനുഭവത്തിൽ എല്ലാ ജഡദൃശ്യങ്ങളെയും അലിയിച്ചു ചേർക്കുമ്പോൾ മാത്രമേ വിദ്യാനദി വ്യക്തമായി പരന്നൊഴുകിനിറയൂ. ഭരദ്വാജാ; ആദിയില്ല; അന്തമില്ല; ഇക്കാണപ്പെടുന്നതൊന്നുമില്ല; മധ്യവുമില്ല; ഈ ജഗത്ത് വെറും സ്വപ്നതുല്യം. വെള്ളത്തിലെ കുമിളകൾ പോലെ എല്ലാ ഭേദഭാവങ്ങളും വെറും അജ്ഞാന സൃഷ്ടികൾ, ബോധസമുദ്രത്തിൽ ക്ഷണംകൊണ്ടു പൊന്തിമറയുന്ന ആരോപിതദൃശ്യങ്ങൾ.

346. സുശീതളോദകനദീം വിദിത്വാ പ്രവിഗാഹ്യതാം
ബഹിർഭ്രാന്തിനിദാഘാസ്തേനിർയാന്തു കലിതാഃശുചാ

ഉള്ളിൽ ഒഴുകി നിറയുന്ന അഖണ്ഡ ബോധമാകുന്ന ശീതളജലം കൊണ്ടു നിറഞ്ഞ ജ്ഞാനനദിയെ അറിഞ്ഞ് വെറുതേ ആരോപിക്കപ്പെട്ട വേനൽഭ്രാന്തിനിന്നിൽനിന്നും അകന്നുപോകട്ടെ. വെറും അജ്ഞാന സമുദ്രമാണ് പ്രപഞ്ചമായി ഇളകിമറിഞ്ഞ് മുന്നിൽ നിൽക്കുന്നത്. അവിദ്യയുടെ കാറ്റിൽ പൊന്തി വന്ന 'ഞാൻ' എന്ന തിരയാണിതിലെ ആദ്യഘടകം. തുടർന്ന് മമതാരൂപത്തിൽ പ്രകടമായ ചുഴി സ്വൈരമായി പ്രവർത്തിക്കുകയാണ്. അതോടെ ഈ സമുദ്രത്തിൽ രാഗദ്വേഷങ്ങളെന്ന മുതലകളും സ്വൈരസഞ്ചാരമാരംഭിച്ചു. ഇത്രയുമായാൽപ്പിന്നെ അനർഥമാകുന്ന പാതാളത്തിലേക്കുള്ള പ്രവേശം ആർക്കു തടയാൻ പറ്റും?

347. പ്രശാന്താമൃത കല്ലോലകേവലാമൃതവാരിധൗ
മത്ത മജ്ജസികിം ദ്വൈതഗ്രഹക്ഷാരാബ്ധിവീചിഷു

പ്രശാന്തങ്ങളായ അമൃതകല്ലോലങ്ങൾ കൊണ്ടുനിറഞ്ഞ കേവലാനന്ദസമുദ്രമുള്ളപ്പോൾ ദ്വൈതചീങ്കണ്ണികളോടുകൂടി ഇളകിമറിയുന്ന ഉപ്പുസമുദ്രത്തിലെ തിരകളിൽ നീ എന്തിനു മുങ്ങി മറയുന്നു? ആരുണ്ട്, ആരുപോയി, ആർക്ക് എവിടെ നിന്നെന്തുകിട്ടി? എന്നൊക്കെ ആലോചിക്കൂ. എന്തിനീ മായാമോഹത്തിൽ നിരന്തരം മുങ്ങിക്കഴിയുന്നു? ഇവിടെ ഒരേ ഒരു ബോധതത്ത്വമേ നിലവിലുള്ളൂ. ജഗത്ത് അതുതന്നെയാണ്. അതിൽ നിന്നു ഭിന്നമായി എന്തുണ്ടെന്നു വിചാരം ചെയ്യൂ. കുഞ്ഞേ, എന്തിനിങ്ങനെ ദുഃഖിക്കുന്നു? ബ്രഹ്മത്തിലെ വിവർത്തമായ ഈ ജഗത്ത് വിചാരം ചെയ്യാൻ കഴിയാത്ത കുട്ടികൾക്കുള്ളതല്ലേ. ഒരു മാറ്റവുമില്ലാത്ത ആനന്ദത്തെ സമാശ്രയിക്കുന്നവരല്ലേ ധന്യർ. സത്യമറിയാത്തവർ പെട്ടെന്നു ദുഃഖിക്കുന്നു; പെട്ടെന്നു സന്തോഷി

digitized by www.sreyas.in

ക്കുന്നു. സത്യമറിയുന്നയാൾ എല്ലാം കണ്ടു പുഞ്ചിരിച്ചു നിൽക്കുന്നു. അദ്ദേഹത്തിനീ മോഹം ഒരു ഭ്രമം മാത്രം. ഈ സൂക്ഷ്മ തത്ത്വം അവിദ്യകൊണ്ടു മറയ്ക്കപ്പെട്ടുപോയി. മനുഷ്യനു ചിലപ്പോഴൊക്കെ സ്ഥലജലഭ്രാന്തി സംഭവിക്കാറില്ലേ; അതുപോലെ. ഭൂമി മുതലുള്ള പഞ്ചഭൂതമയമായ ജഗത്തുപോലും പരമാണു രൂപത്തിലോ പ്രാണരൂപത്തിലോ നശിക്കാതെ നിൽക്കുന്നുവെന്നല്ലേ കരുതപ്പെടുന്നത്; അപ്പോൾ ഒന്നും നഷ്ടമാകുന്നില്ലല്ലോ; പിന്നെന്തിനീ ദുഃഖം.

348. അസതഃസംഭവോനാസ്തി നാസ്ത്യഭാവഃ സതഃ സഖേ
ആവിർഭാവതിരോഭാവസംസ്ഥാ നാനാമയീപരേ

അസതഃ സംഭവഃ നാസ്തി-ഇല്ലാത്തത് ഒരിക്കലും ഉണ്ടാവുകയില്ല; സഖേ, സതഃ അഭാവഃ നാസ്തി-സഖേ, ഉള്ളതൊരിക്കലും ഇല്ലാതാവുകയുമില്ല; നാനാമയീ ആവിർഭാവ തിരോഭാവസംസ്ഥാ-പലതുണ്ടെന്നു തോന്നിക്കുന്ന ഉണ്ടായി മറയൽ പ്രക്രിയ; പരേ-സനാതനമായ ഏതോ ഉള്ളതിൽ സംഭവിക്കുന്ന ഒരു കളിമാത്രം.

ഇല്ലാത്തത് ഒരിക്കലും ഉണ്ടാവുകയില്ല. സഖേ ഉള്ളതൊരിക്കലും ഇല്ലാതാവുകയുമില്ല. പലതുണ്ടെന്നു തോന്നിക്കുന്ന ഉണ്ടായിമറയൽ പ്രക്രിയ സനാതനമായ ഏതോ ഉള്ളതിൽ സംഭവിക്കുന്ന ഒരു കളിമാത്രം.

**നാനാമയീ പരേ**

ഒരു സനാതന സത്യത്തിലെ വെറും കളിയാണ് ഈ സൃഷ്ടി സ്ഥിതി സംഹാര പ്രക്രിയ. ഏകത്വത്തിലെ കളിയാണു നാനാത്വം. ബോധദ്വൈതത്തിലെ ഭ്രമമാണ് ജഡദ്വൈതം. എന്തുകൊണ്ട്? ഉണ്മ, ഇല്ലായ്മ ഇവ രണ്ടും വെളിച്ചവും ഇരുട്ടും പോലെ പരസ്പരവിരുദ്ധങ്ങളാണ്. അതുകൊണ്ട് ഉള്ള വെളിച്ചവും ഇരുട്ടുംപോലെ പരസ്പരവിരുദ്ധങ്ങളാണ്. അതുകൊണ്ട് ഉള്ളതില്ലാതാകില്ല; ഇല്ലാത്തതുണ്ടാവുകയുമില്ല. ചുരുക്കത്തിൽ ഒന്നും പുതുതായി ഉണ്ടാകുന്നില്ല; ഒന്നും നശിക്കുന്നുമില്ല. അപ്പോൾ ഉണ്ടാകുന്നതായും നശിക്കുന്നതായും കാണുന്നതോ? ഒരു നാശവുമില്ലാതെ സനാതനമായി നിലവിലുള്ള ബോധസത്യത്തിലെ വെറും നാമരൂപ വിവർത്തം. ചുരുക്കത്തിൽ നാനാത്വത്തിന്റെ ഉദയാസ്തമനങ്ങൾ അഖണ്ഡ ബോധത്തിലെ വെറുമൊരു കളി. ഇവിടെ ദുഃഖത്തിനെന്തു പ്രസക്തി?

വാല്മീകി തുടർന്നു: എന്നാൽ അനേകം ശരീരങ്ങൾ പൊന്തിക്കാണപ്പെടുമ്പോൾ രാഗദ്വേഷങ്ങൾ ഉദയം ചെയ്യുന്നു. അതിനു പരിഹാരമായി അവയിൽ നിറഞ്ഞു നിൽക്കുന്ന ജഗത്ഗുരുവായ ബോധസത്യത്തെ കണ്ടറിയൂ. ദുരിതങ്ങൾ ഇപ്പോഴും വിട്ടുമാറുന്നില്ലെങ്കിൽ സത്യനിഷ്ഠനായ ഗുരുവിനെ ശരണം പ്രാപിക്കൂ.

349. സാകാരംഭജതാവത്ത്വംയാവത് സത്ത്വം പ്രസീദതി
നിരാകാരേപരേതത്ത്വേ തതഃ സ്ഥിതിരകൃത്രിമാ.

തൽക്കാലം മനസ്സ് അത്യന്തചഞ്ചലമാണെങ്കിൽ ഈശ്വരന് ഏതെങ്കിലും ഒരു രൂപം സങ്കൽപ്പിച്ച് ധ്യാനം ശീലിക്കണം. സാകാരധ്യാനം കൊണ്ട് ഏകാഗ്രപ്പെടുന്ന മനസ്സ് ശുദ്ധമായി പ്രസന്നമാകും. തുടർന്നു നിരാകാര സത്യത്തിൽ സ്വതേ ഉറച്ചുനിൽക്കാൻ അതു കരുത്തുള്ളതാകും. ഈശ്വരന്റെ സാകാരരൂപങ്ങളെല്ലാം ധ്യാനമുറയ്ക്കാനുള്ള ഉപാധികൾ മാത്രം. ഈ അജ്ഞാന തമസ്സെന്ന ശത്രുവിനെ ജയിച്ച് മനസ്സിനെ ഏകാഗ്രമാക്കാനായി

digitized by www.sreyas.in

ഇന്ദ്രിയങ്ങളെ പാട്ടിലാക്കി വിശ്വാസപൂർവം ധ്യാനം ശീലിക്കണം. ഉള്ളിൽ ഏകാഗ്രപ്പെട്ട ബുദ്ധികൊണ്ട് അവിടെ നിറഞ്ഞുനിൽക്കുന്ന ബോധരൂപനായ ആത്മാവിനെ കണ്ടെത്തണം. ഈ ധ്യാനദൃഷ്ടി സുവ്യക്തമായി നിനക്കു തെളിയാനിടവരട്ടെ. വെറും പൗരുഷവും കർമ്മവും കൊണ്ടിതു സാധ്യമല്ല. മഹേശ്വരാനുഗ്രഹം കൂടിച്ചേരുമെങ്കിൽ മനുഷ്യനെല്ലാം നേടാൻ കഴിയും. ആഭിജാത്യമോ ചാരിത്ര്യമോ നയമോ പരാക്രമോ ഒന്നുമല്ല പ്രധാനം. സഖേ, പൂർവജന്മ കർമ്മങ്ങളാണു ബലമായി പിൻതുടരുന്നത്. പ്രതിവിധി നിശ്ചയിക്കാൻ കഴിയാത്ത പൂർവകർമാനുഭവങ്ങളിൽ ദുഃഖിച്ചിട്ടെന്തു പ്രയോജനം. പ്രാരബ്ധ കർമാനുഭവമൊഴിവാക്കാൻ ഈശ്വരന്മാർക്കുപോലും സാദ്ധ്യമല്ല. സത്യത്തെക്കുറിച്ചു പ്രസംഗിച്ചു നടന്നതുകൊണ്ടോ സാമർഥ്യം കാണിച്ചതുകൊണ്ടോ സംസാരമോഹം മാറിക്കിട്ടുന്നതല്ല. ദ്വൈതചിന്തയിൽ മോഹിക്കുന്നിടത്തോളം അചിന്തനീയമായ നിയതി ദുഃഖിപ്പിച്ചുകൊണ്ടേയിരിക്കും. ഹേ, ഭരദ്വാജാ, വിവേകം കൊണ്ടു മോഹത്തെ ജയിക്കൂ. അസാമാന്യമായ ജ്ഞാനനിഷ്ഠ നിന്നെ അനുഗ്രഹിക്കും; സംശയമേ വേണ്ട. ധീരനായ ചക്രവർത്തി രാജ്യം നഷ്ടപ്പെട്ടാലും തളരുന്നില്ല. അൽപ്പബുദ്ധിയായവൻ നിസ്സാരമായ നഷ്ടത്തിലും പരിക്ഷീണനായി ഭവിക്കുന്നു. പുണ്യസഞ്ചയം കൊണ്ടു ബഹുജന്മങ്ങളിലൂടെ നേടേണ്ടതാണ് ജ്ഞാനം. ജീവന്മുക്തന്മാരെക്കൊണ്ട് അവരുടെ ജീവിതം നോക്കി ജ്ഞാനനിഷ്ഠ ഊഹിക്കാവുന്നതാണ്. ജീവികളെ ദ്വേഷിക്കുന്നതാണ് കർമബന്ധം; നിഷ്കളങ്കമായി സ്നേഹിക്കുന്നതാണ് മോക്ഷം. സജ്ജനങ്ങളുടെ സത്കർമം പൂർവപാപങ്ങളെ ഇല്ലാതാക്കുന്നു; വർഷധാര കാട്ടുതീയെ നശിപ്പിക്കുന്നതു പോലെ. ഭരദ്വാജാ, മനസ്സുകൊണ്ടു കർമസംഗമുപേക്ഷിച്ചു ബ്രഹ്മഭാവനയിൽ മുഴുകൂ; അങ്ങനെയായാൽ ഈ സംസാരപ്രവാഹത്തിലെ ചുഴികളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കും. പുറമേയുള്ള വിഷയങ്ങളിൽ സത്യമെന്നുകരുതി സംഗം പുലർത്തുന്നിടത്തോളം ഈ വികൽപ്പഭ്രമം തുടരും; സമുദ്രത്തിലെ തിരകളടങ്ങിയാൽ ജലം നിശ്ചലമായി നിൽക്കും. നിന്നെ അന്ധനാക്കി തീർക്കുന്ന ഈ ശോകത്തിനൊരിക്കലും വഴങ്ങരുത്. ഈ കൂരിരുട്ടിൽ ജ്ഞാനമാകുന്ന വടി നിനക്കു സദാ സഹായമായി ഭവിക്കട്ടെ. ഗുണങ്ങളുടെ ഗരിമയെ നീ ഒരിക്കലും വിഗണിക്കരുത്. ഹർഷശോകതരംഗങ്ങൾ അവിടെ പുൽക്കൊടികൾപോലെ പിൻവാങ്ങിക്കൊള്ളും. ഊഞ്ഞാൽ പോലെ അഹോരാത്രം ആടിക്കൊണ്ടിരിക്കുന്ന ഈ ജഗത്ത് ജനനമരണവികാരങ്ങളിൽ പെട്ടുലയുകയാണ്; ഇതിൽ ദുഃഖിക്കുവാനെന്തുള്ളു. ജനിക്കുന്നു, മരിക്കുന്നു; വീണ്ടും ജനിക്കുന്നു മരിക്കുന്നു.അനവരതം തുടരുന്ന ഈ കാലഗതിയിൽ ആശ്ചര്യം തോന്നാനെന്തിരിക്കുന്നു. കാലസർപ്പത്തിന്റെ ഈ കളിയിൽ വിശേഷമായിട്ടാരുമില്ല; ഒന്നുമില്ല. ദേവശരീരങ്ങൾ പോലും കാലാന്തരത്തിൽ നശിക്കുന്നവയാണ്. അപ്പോൾ അൽപ്പകാലം മാത്രം നിലനിൽക്കുന്ന മർത്യപിണ്ഡങ്ങളുടെ കഥ പറയാനെന്തിരിക്കുന്നു. ദേഹത്തിനൽപ്പം സുഖം വന്നാൽ ഇന്ദ്രിയവശഗനായ മനുഷ്യൻ തുള്ളിച്ചാടി രസിക്കുന്നു; അൽപ്പം ദുഃഖം വന്നാൽ കണ്ണുനീർ വാർത്തു കരയുന്നു; സംസാരനാടകത്തിന്റെ വൈചിത്ര്യം നോക്കൂ;

350. ത്യജശോകമമംഗല്യം മംഗളാനി വിചിന്തയ
ചിദാനന്ദഘനസ്വച്ഛമാത്മാനംചവിഭാവായ

ഭരദ്വാജാ, ശോകം വെടിയൂ; അതമംഗളമാണ്. മംഗളങ്ങൾ ചിന്തിച്ചുറ

digitized by www.sreyas.in

പ്പിക്കൂ. ബോധാനന്ദ ഘനനിർമലമായ ആത്മാവിനെ സദാ സർവത്ര ഭാവന ചെയ്യൂ. സുഖ ദുഃഖകല്ലോലങ്ങളിൽ ഇളകിമറിയുന്ന ഈ ക്ഷണഭംഗുരമായ സംസാരത്തെച്ചിന്തിച്ച് അറിവുള്ളവൻ ഒരിക്കലും ദുഃഖിക്കുന്നില്ല; ഭരദ്വാജ, നീയും ദുഃഖം പൂർണമായും വെടിയൂ. ശ്രുതിപ്രസിദ്ധമായ സത്യത്തിൽ ഉറപ്പുവന്ന ദേവന്മാർ, ദ്വിജന്മാർ, ഗുരുക്കന്മാർ, സജ്ജനങ്ങൾ എന്നിവരെ സമാരാധിക്കുന്നവർക്കു നിശ്ചയമായും മഹേശന്റെ അനുഗ്രഹമുണ്ടാകും.

*ഇതിശ്രീ വാല്മീകിയേ മോക്ഷോപായേ നിർവാണ പ്രകരണേ*
*ഭരദ്വാജാനുശാസനം നാമ*
*സപ്തദശഃ സർഗഃ*

സർഗം 18

# വസിഷ്ഠരാമചന്ദ്ര സംവാദഃ

ഭരദ്വാജൻ ചോദിച്ചു : 'ഭഗവൻ, അങ്ങയുടെ കാരുണ്യത്താൽ എല്ലാം പിടികിട്ടി. വൈരാഗ്യത്തെ കവിഞ്ഞൊരു ഭാഗ്യം വരാനില്ല; സംസാരത്തെക്കാൾ വലിയൊരു ശത്രുവും ഉണ്ടാകാനില്ല. വസിഷ്ഠൻ രാമനുപദേശിച്ച ജ്ഞാനസാരം അങ്ങയിൽക്കൂടി ചുരുക്കിപ്പറഞ്ഞു കേൾക്കാൻ ഞാനാഗ്രഹിക്കുന്നു'.

വാല്മീകി പറഞ്ഞു : ഭരദ്വാജാ, മോക്ഷപ്രാപ്തിക്കുതകുന്ന മഹാജ്ഞാനം ഞാൻ പറയാം; കേട്ടോളൂ ഇതു കേട്ടാൽ തന്നെ സംസാരസമുദ്രത്തിലെ മുങ്ങിപ്പൊങ്ങൽ അവസാനിക്കും.

351. സംഹൃതി സ്ഥിതി സംഭൂതഭേദൈർയോ*ƒ*നേകധാസ്ഥിതഃ
ഏകോ*ƒ*പിസന്നമസ്തസ്മൈ സച്ചിദാനന്ദമൂർതയേ

ഒരേ ഒരു സത്യമാണെങ്കിലും സംഹാരം, സ്ഥിതി, സൃഷ്ടി എന്നിവയിൽകൂടി നാനാത്വം പ്രകടമാക്കി വർത്തിക്കുന്ന സച്ചിദാനന്ദഘനമൂർത്തിയായ ഭഗവാനു നമസ്കാരം. പ്രപഞ്ച വിലയം നേടി തത്ത്വം അനുഭവിക്കാൻ ഉതകുന്ന ഉപായം ഉപനിഷത്തുകളെ ആസ്പദമാക്കി പറയാം. ഇന്ദ്രിയങ്ങളെയും മനസ്സിനെയും അടക്കി അന്തർമുഖനായി പാപകർമങ്ങളിൽ നിന്നു വിരമിക്കണം. ശാസ്ത്ര ഗുരു വാക്യങ്ങളിൽ ശ്രദ്ധയോടുകൂടി വിഷയേന്ദ്രിയ സംയോഗം കൊണ്ടുണ്ടാകുന്ന ലൗകിക സുഖങ്ങളിൽ വിരക്തനാകണം. ചിത്തത്തെയും ഇന്ദ്രിയങ്ങളെയും വശത്താക്കി സുഖകരമായ ആസനത്തിൽ ഇരിപ്പുറപ്പിച്ച് 'ഓം' കാരമുച്ചരിച്ചു പ്രണവോപാസനയിലേർപ്പെടണം; തുടർന്ന് ചിത്തം പ്രസന്നമാകും. കൂടുതൽ അന്തഃകരണ ശുദ്ധിക്കായി ലഘു പ്രാണായാമം അഭ്യസിക്കാം. വിഷയങ്ങളിൽ നിന്നും ഇന്ദ്രിയങ്ങളെ പ്രത്യാഹരിക്കണം. ദേഹത്തെ ഇന്ദ്രിയങ്ങളിലും ഇന്ദ്രിയങ്ങളെ മനസ്സിലും മനസ്സിനെ ബുദ്ധിയിലും ബുദ്ധിയെ ക്ഷേത്രജ്ഞനായ ജീവനിലും ഉത്തരോത്തര ഭാവങ്ങൾക്ക് ഉണർവു നൽകി വിലയിപ്പിക്കണം. തുടർന്നു വിരാട് പുരുഷനായ പ്രാണനിൽ എത്തിനിൽക്കണം. അതും കടന്ന് മായയുടെ മൂടുപടമായ അവ്യാകൃതം അഥവാ അവ്യക്തം എന്ന ഇടത്തിലെത്തണം. അതിനപ്പുറം

digitized by www.sreyas.in

പരമകാരണമായ അഖണ്ഡബോധത്തിൽ സ്ഥിതി ഉറപ്പിക്കണം. ദേഹം മുതൽ പരമകാരണമായ അഖണ്ഡബോധം വരെയുള്ള കാര്യകാരണ പരമ്പരയെ പുറകോട്ടു പുറകോട്ടനുസന്ധാനം ചെയ്തു പരമകാരണത്തിൽ ബുദ്ധിയെ ഉറപ്പിക്കണമെന്നു താൽപ്പര്യം.

ഇനിയും ഭാവനയിൽ കൂടി ദേഹഭാഗങ്ങളെ അതാതിന്റെ കാരണങ്ങളിൽ വിലയിപ്പിച്ച് അനുസന്ധാനം തുടരണം. മാംസം അസ്ഥി മുതലായ ദേഹഭാഗങ്ങളെ അവയുടെ കാരണമായ പൃഥിവിയിൽ വിലയിപ്പിക്കണം. രക്തം തുടങ്ങിയവയെ ജലത്തിൽ വിലയിപ്പിക്കണം. തേജോമയമായ അന്തഃകരണത്തെ തേജസ്സിൽ വിലയിപ്പിക്കണം. പ്രാണനെ വായുവിലും ദേഹാകാശത്തെ ആകാശത്തിലും വിലയിപ്പിക്കണം. ഈ പഞ്ചഭൂത ജഡാംശങ്ങളൊന്നും ആത്മാവല്ലെന്നുറപ്പിക്കണമെന്നു താൽപ്പര്യം. ഇങ്ങനെ പൃഥിവ്യാദി പഞ്ചഭൂതങ്ങളെ അതാതിന്റെ രൂപത്തിൽ വേർപെടുത്തിക്കണ്ട് അതാതിന്റെ സമഷ്ടി ഭാഗങ്ങളായി കാണണം. ഇനിയും ഇന്ദ്രിയങ്ങളെ അതാതിന്റെ കാരണങ്ങളിൽ വിലയിപ്പിക്കണം. ഓരോ ഇന്ദ്രിയത്തിന്റെയും അധിഷ്ഠാന ദേവതയാണതാതിന്ദ്രിയത്തിന്റെ കാരണം. ഇന്ദ്രിയങ്ങളും ആത്മാവല്ലെന്നുറപ്പിക്കാനാണീ ഭാവന. ശ്രോത്രേന്ദ്രിയത്തെ ദിഗ്ദേവതയിൽ വിലയിപ്പിക്കണം. ത്വഗിന്ദ്രിയത്തെ വിദ്യുദ്ദേവതയിൽ ലയിപ്പിക്കണം. ആദിത്യനിൽ നേത്രത്തെ, രസനയെ ജലദേവതയിൽ. പ്രാണനെ വായുദേവനിലും വാക്കിനെ അഗ്നിദേവനിലും. കൈ ഇന്ദ്രനിൽ, പാദങ്ങളെ വിഷ്ണുവിൽ. വിസർജനേന്ദ്രിയത്തെ മിത്ര ദേവനിൽ ജനനേന്ദ്രിയത്തെ കശ്യപനിൽ. അതുപോലെ മനസ്സിനെ ചന്ദ്രനിൽ ലയിപ്പിക്കണം. ബുദ്ധിയെ ബ്രഹ്മദേവനിൽ. ഇവരൊക്കെ കരണങ്ങളിലെ അധിഷ്ഠാന ദേവതമാരാണ്. ഇന്ദ്രിയ രൂപത്തിൽ പറയപ്പെടുന്നതൊക്കെ ദേവൻമാരാണ്. ശ്രുതി വാക്യങ്ങളാണിക്കാര്യത്തിൽ പ്രമാണം. ഇങ്ങനെ ഭാവന ചെയ്തു ദേഹത്തെ തന്നിൽ നിന്നു മാറ്റി നിർത്തിയിട്ടു താൻ വിരാഡ് പുരുഷനായ പ്രാണനാണെന്നു ഭാവനചെയ്യണം. ബ്രഹ്മാണ്ഡ ശരീരിയായി സ്ഥിതി ചെയ്യുന്ന അർധനാരീശ്വരനാണു വിരാഡ് പുരുഷൻ. എല്ലാ പ്രപഞ്ച ഘടകങ്ങൾക്കും ആശ്രയം വിരാഡ് പുരുഷനാണ്. യജ്ഞരൂപനായ വിരാഡ് പുരുഷൻ സദാ ജാഗ്രദ്വൃത്തിയിൽ ഉണർന്നു വർത്തിക്കുന്ന ദേവനാണ്. അണ്ഡത്തെക്കാൾ ഭൂമിക്കു രണ്ടിരട്ടി വലിപ്പം കൂടും. ഭൂമിയെക്കാൾ രണ്ടിരട്ടി വലിപ്പം ജലത്തിനുണ്ട്. ജലത്തേക്കാൾ രണ്ടിരട്ടി തേജസ്സിന്; തേജസ്സിനേക്കാൾ രണ്ടിരട്ടി വായുവിന്. ആകാശത്തിനു വായുവിനേക്കാൾ രണ്ടിരട്ടി വലിപ്പംകൂടും. ഇങ്ങനെ വേറിട്ടും ഒരുമിച്ചും ഈ ജഗത്തു കോർത്തിണക്കപ്പെട്ടിരിക്കുന്നു. ഇനിയും ഭാവനയിൽക്കൂടി മഹത്തായ ഈ ജഗത്തിന്റെ പൂർണവിലയം സാധിക്കേണ്ടതെങ്ങനെയെന്നു പറയാം. കാര്യകാരണക്രമം ഭാവന ചെയ്തു ബ്രഹ്മത്തിലെത്തുന്ന വിലയ പ്രക്രിയയാണിത്. ഭൂമിയെ വെള്ളത്തിൽ വിലയിപ്പിക്കണം. വെള്ളത്തെ അഗ്നിയിൽ; അഗ്നിയെ കാറ്റിൽ; വായുവിനെ ആകാശത്തിൽ വിലയിപ്പിക്കണം. ആകാശത്തെ എല്ലാറ്റിന്റെയും പരമകാരണമായ ചിദാകാശത്തിൽ ലയിപ്പിക്കണം. ഇവിടെയെത്തി യോഗിലിംഗശരീരമെന്നറിയപ്പെടുന്ന സൂക്ഷ്മ ശരീരത്തിൽ നിലകൊള്ളണം. ശബ്ദസ്പർശ രൂപരസഗന്ധങ്ങളെന്ന സൂക്ഷ്മതന്മാത്രകൾ, ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും ചേർന്നു പത്തിന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി,

digitized by www.sreyas.in

അവിദ്യാ, കർമം എന്നിങ്ങനെ പത്തൊൻപതു തത്ത്വങ്ങൾ കൂടി ചേർന്ന താണു ലിംഗശരീരം. എന്നിട്ട് അണ്ഡത്തിനുപുറത്ത് താൻ പ്രപഞ്ചത്തെ മുഴു വൻ സൂക്ഷ്മമായി ഉൾക്കൊള്ളുന്ന സൂത്രാത്മാവാണെന്നു ഭാവനചെയ്യണം. നാലുവശത്തും പടർന്നു പ്രസരിക്കുന്ന പ്രാണനിൽ സൂക്ഷ്മഭൂത വർഗത്തോ ടുകൂടി സ്ഥിതിചെയ്യുന്ന സൂക്ഷ്മ ശരീരത്തെ നാമരൂപങ്ങൾ വേർതിരിഞ്ഞി ട്ടില്ലാത്ത അവ്യക്തത്തിൽ വിലയിപ്പിക്കണം. നാമരൂപങ്ങൾ വേർതിരിയാതെ കാരണ രൂപത്തിൽ ജഗത്ത് സ്ഥിതിചെയ്യുന്നത് ഈ അവ്യക്തത്തിലാണ്. ഇതിനെ ചിലർ പ്രകൃതിയെന്നു വിളിക്കുന്നു. ചിലർ മായയെന്നു വിളിക്കുന്നു. മറ്റുചിലർ അണുക്കളെന്നു പറയുന്നു. വേറെ ചിലർ ഇതിനെ അവിദ്യയെന്നു വിളിക്കുന്നു. പ്രപഞ്ചം മുഴുവൻ അവിടെ ലയം പ്രാപിച്ച് അവ്യക്തരൂപത്തിൽ സ്ഥിതിചെയ്യുന്നു. വ്യക്തികളിൽ ഗാഢനിദ്രയിൽ അനുഭവപ്പെടുന്ന ഇരുണ്ട മറ ഈ അവ്യക്തത്തിനു ദൃഷ്ടാന്തമാണ്. ഈ അവ്യക്തത്തിൽ നിന്നു സത്യം കണ്ടുണരാതെ യഥാർഥ സുഖമറിയാതെ പ്രപഞ്ച ഘടകങ്ങൾ വീണ്ടും പൊന്തിവരുന്നു. സൃഷ്ടി ഉള്ളിടത്തോളം ലയവും പൊന്തിവരലും ഇങ്ങനെ ആവർത്തിക്കുന്നു. പൊന്തിവരുന്ന ക്രമമനുസരിച്ചു സൃഷ്ടി; ലയിക്കുന്ന ക്രമ മനുസരിച്ചു സംഹാരം.

352. അതഃ സ്ഥാനത്രയം ത്യക്ത്വാതുരീയം പദമവ്യയം
ധ്യായേത് തത് പ്രാപ്തയേ ലിംഗം പ്രവിലാപ്യപരം വിശേത്.

അതഃ സ്ഥാനത്രയം ത്യക്ത്വാ-ഈ അവ്യക്തം കഴിഞ്ഞു ജാഗ്രത്സ്വപ്ന സുഷുപ്തികൾക്കപ്പുറം അഥവാ സൃഷ്ടിസ്ഥിതി പ്രളയസ്ഥാനങ്ങൾക്ക പ്പുറമാണ്; അവ്യയം തുരീയം പദം-ഒരു നാശവുമില്ലാത്ത തുരീയമെന്ന നാലാമത്തെ അനുഭവസ്ഥാനം; തത് പ്രാപ്തയേ-ആ സ്ഥാനത്തെത്താ നായി, ലിംഗം പ്രാവിലാപ്യ-സൂക്ഷ്മ ശരീരത്തെ ബോധപൂർവം അകറ്റി; ധ്യായേത്-ധ്യാനിക്കണം; പരംവിശേത്-എന്നിട്ട് ജീവബ്രഹ്മൈക്യരൂപമായ പരമാത്മപ്രാപ്തി നേടണം.

ഈ അവ്യക്തം കഴിഞ്ഞ് ജാഗ്രത്സ്വപ്ന സുഷുപ്തികൾക്കപ്പുറം അഥവാ സൃഷ്ടിസ്ഥിതിപ്രളയസ്ഥാനങ്ങൾക്കപ്പുറമാണ് ഒരഴിവുമില്ലാത്ത തുരീയ മെന്ന നാലാമത്തെ അനുഭവസ്ഥാനം. ആ സ്ഥാനത്തെത്താനായി സൂക്ഷ്മ ശരീരത്തെ ബോധപൂർവമകറ്റി ധ്യാനിക്കണം. എന്നിട്ടു ജീവബ്രഹ്മൈക്യരൂ പമായ പരമാത്മ പ്രാപ്തി നേടണം.

## ലിംഗംപ്രവില്യാപ്യപരം വിശേത്

ജീവബ്രഹ്മൈക്യ രൂപമായ അദ്വൈതാനുഭവമാണു ജീവിതലക്ഷ്യം. സ്വശ രീരമുൾപ്പെടെയുള്ള ജഡപ്രപഞ്ചത്തെ ബോധത്തിൽ ലയിപ്പിച്ചു ചേർത്തു വേണം ഇതു സാധിക്കാൻ. ജഡം മുഴുവൻ ബോധത്തിലെ ഭ്രമദൃശ്യമാണ് ഇതിനെ എങ്ങനെയാണു ബോധത്തിൽ ലയിപ്പിക്കുക? മരുഭൂമിയിലെ കാനൽ ജലത്തെ എങ്ങനെയാണു മരുഭൂമിയിൽ ലയിപ്പിക്കുക? ആദ്യം മരു ഭൂമിയെയും വെള്ളത്തെയും വേർതിരിച്ചു കാണുക. എന്നിട്ടു വിചാരം ചെയ്തു വെള്ളത്തിന്റെ കാഴ്ച വെറും ഭ്രമമാണെന്നു തീരുമാനിക്കുക. അവ സാനം ഭ്രമമെല്ലാം അധിഷ്ഠാനം തന്നെയായതുകൊണ്ട് ജലവും മരുഭൂമി തന്നെന്നു തീരുമാനിക്കുക. ജഡത്തെ ബോധത്തിൽ ലയിപ്പിക്കുന്ന ക്രമവും ഇതുതന്നെയാണ്. ആദ്യം ബോധവും ജഡവും രണ്ടായിക്കാണുക. തുടർന്നു

digitized by www.sreyas.in

വിചാരം ചെയ്തു ജഡം ബോധത്തിലെ ഭ്രമദൃശ്യമാണെന്നു കണ്ടെത്തുക. അവസാനമായി ബോധം അധിഷ്ഠാനമായതുകൊണ്ട് അതിലെ ഭ്രമമായ ജഡവും ബോധം തന്നെയെന്നനുഭവിക്കുക. ഈ ക്രമം സാധ്യമാക്കാനുള്ള മാനസികമായ ഒരു വ്യാപാരമാണു നേരത്തെ ചർച്ച ചെയ്ത ലയഭാവനക ളെല്ലാം. ആദ്യം ശരീരാംശങ്ങളായ ജഡഭാഗങ്ങളെ ബോധത്തിൽനിന്നും വേർതിരിച്ചുകാണുക. തുടർന്നു കാര്യകാരണ പരമ്പരയിലൂടെ ജഗത്തായി കാണപ്പെടുന്ന ജഡത്തെ ബോധത്തിൽ നിന്നും വേർതിരിക്കുക. ദേഹംമു തൽ അവ്യക്തം വരെ ജഡമാണെന്നതോടെ ബോധ്യമാകും. അതോടൊപ്പം ബോധത്തോടുചേർത്തല്ലാതെ അവയ്ക്കു നിലനിൽപ്പില്ലാത്തതുകൊണ്ട് അവ്യക്തംവരെ ബോധത്തിലെ ഭ്രമദൃശ്യമാണെന്നു കണ്ടെത്തുക. ബോധ ത്തിലെ ഭ്രമദൃശ്യമായതുകൊണ്ട് അവയെല്ലാം മരുഭൂമിയിലെ വെള്ളം മരു ഭൂമി തന്നെയായിരിക്കുന്നതുപോലെ ബോധം തന്നെയാണെന്നനുഭവിക്കുക. ഈ അദ്വൈതാനുഭവം ഉറപ്പുവരുത്തുന്നതോടെ ലിംഗശരീരം അഥവാ സൂക്ഷ്മശരീരം അഖണ്ഡബോധവുമായി ഏകീഭവിച്ചനുഭവപ്പെടും. ഇതുത ന്നെയാണ് ജീവബ്രഹ്മൈക്യരൂപമായ പരമാത്മപ്രാപ്തി. വിചാരം ചെയ്തുള്ള ഈ വിലയിപ്പിക്കലും ഐക്യപ്രാപ്തിയും വീതഹവ്യോപാഖ്യാനവും മറ്റും വായിച്ച് ഒന്നുകൂടി ഉറപ്പിക്കുക.

വാല്മീകി തുടർന്നു. 'ഐക്യബോധാനുഭവത്തോടെ അവ്യക്തമായ കാരണ ശരീരം അഥവാ അജ്ഞാനം മാറും. അവ്യക്തം നിലവിലുള്ളിട ത്തോളം ഭൂതേന്ദ്രിയമനോബുദ്ധിവാസനാകർമ്മമയമായ സൂക്ഷ്മ ശരീരവും ശേഷിക്കാനിടവരും. അദ്വൈതഭാവന ഉറപ്പുവരുന്നതോടെ ലിംഗശരീരമാകുന്ന ചങ്ങലക്കെട്ടിൽ നിന്നും 'ഞാൻ' പൂർണ മോചനം തേടുന്നു. തുടർന്നു 'ഞാൻ' ബോധാംശം തന്നെയായതുകൊണ്ട് അഖണ്ഡബോധാനന്ദസാഗര ത്തിൽ അലിഞ്ഞു ചേരുകയും ചെയ്യുന്നു.

353. അഭേദപരമാത്മാസ്മി സർവോപാധിവിവർജിതഃ
കൂടസ്ഥഃ കേവലോവ്യാപീചിദചിച്ഛക്തിമാനഹം.

ഭേദമില്ലാത്തതുകൊണ്ട് ഞാൻ പരമാത്മാവുതന്നെ. ഒരുപാധിയും എന്നെ പരിമിതപ്പെടുത്തുന്നില്ല. ഞാൻ നിർവികാരനാണ്, കേവലനാണ്, സർവവ്യാ പിയാണ്, ജീവജഡശക്തികളെ ഉൾക്കൊള്ളുന്നവനാണ്. കുടമില്ലെങ്കിൽ കുട ത്തിലെ ആകാശം മഹാകാശമാകുന്നതുപോലെ ദേഹത്തെ മാറ്റിനിറുത്തി യാൽ ഞാൻ അഖണ്ഡബോധം. ഈ സ്ഥിതിയെയാണുപനിഷത്തുകൾ ജീവ ബ്രഹ്മൈക്യമെന്നു വിളംബരം ചെയ്യുന്നത്. തീക്കുണ്ഠത്തിൽ പതിച്ച തീപ്പൊരി വലിയ തീയായി ഭവിക്കുന്നതുപോലെ. ജഡം ബോധവുമായി തന്മ യീഭവിച്ചാൽ ബോധമായി മാറുന്നു. ഉപ്പളത്തിലിടുന്ന പുല്ലും മറ്റും ഉപ്പായി ത്തന്നെ ഭവിക്കുന്നു.

354. അചേതനം ജഗന്ന്യസ്തം ചൈതന്യേ ചേതനീഭവേത്
യഥാ വൈ ലവണഗ്രന്ഥിഃ സമുദ്രേ സൈന്ധവോയഥാ.

ജഡമായ ജഗത്ത് ചൈതന്യത്തിൽ വിലയം പ്രാപിക്കുന്നതോടെ ചൈത ന്യമായി ഭവിക്കുന്നു. ഉപ്പു പാവ കടലിൽ നിക്ഷേപിക്കപ്പെട്ടാൽ കടലുപ്പായി മാറുന്നതുപോലെ. സമുദ്രത്തിൽ ഒഴുകിവീഴുന്ന നദികൾ നാമരൂപങ്ങൾ വെടിഞ്ഞു സമുദ്രമായിത്തീരുന്നതുപോലെ; വെള്ളവുമായിച്ചേരുന്ന വെള്ളം

digitized by www.sreyas.in

പോലെ, പാലുമായിച്ചേരുന്ന പാലുപോലെ; നെയ്യുമായി ചേരുന്ന നെയ്യു പോലെ. ഇവ ഒരിക്കലും നഷ്ടമാവുകയല്ല; വിശേഷതകൾ വിട്ടു ലയിക്കുകയാണ്. അതുപോലെ 'ഞാനും' വിശേഷതകൾ വിട്ടു ചേതനനിൽ പ്രവേശിക്കുന്നു. നിത്യാനന്ദസ്വരൂപനും സർവജ്ഞനും പരമകാരണവും ശാന്തനും സർവഗതനും നിഷ്കളങ്കനും ശുദ്ധനുമായ ചേതനനായി 'ഞാൻ' മാറുന്നു. നിഷ്കളൻ, നിഷ്ക്രിയൻ, ശുദ്ധൻ, പരമാത്മാവ്; അതാണു ഞാൻ. കേവലനും സത്യസങ്കൽപ്പനും ശുദ്ധനുമായ പരബ്രഹ്മമാണു ഞാൻ.

355. പുണ്യപാപവിനിർമുക്തം കാരണം ജഗതഃ പരം
അദ്വിതീയം പരം ജ്യോതിർ ബ്രഹ്മാസ്മ്യാനന്ദമദ്വയം

ജഗത്തിന്റെ പുണ്യപാപങ്ങൾ സ്പർശിക്കാത്ത ആദികാരണമാണു ഞാൻ. രണ്ടില്ലാത്ത അദ്വയബോധവസ്തുവാണു ,ഞാൻ; വെളിച്ചങ്ങളുടെയൊക്കെ വെളിച്ചം; അദ്വയാനന്ദരൂപമായ ബ്രഹ്മം. ഒരാൾ കർമത്തിലേർപ്പെട്ടിരിക്കവേ തന്നെ ഈ ഗുണങ്ങളൊക്കെയുള്ളതും മായാഗുണരഹിതവുമായ ബ്രഹ്മത്തെ ഭാവന ചെയ്തുറപ്പിക്കേണ്ടതാണ്; സർവം ബ്രഹ്മമയമായി ഇപ്രകാരം ഭാവന ചെയ്തുറപ്പിക്കുമെങ്കിൽ നാനാത്വ ചഞ്ചലമായ മനസ്സ് അതോടെ അസ്തമിക്കും. മനസ്സ് അചഞ്ചലമായാൽ അതോടെ ആത്മാവു സ്വയം തെളിയും; ചിത്തം പ്രസന്നമാകും.

356. പ്രസാദേസർവദുഃഖാനാം ഹാനിഃസ്യാത്സുഖമാത്മനി
സ്വയമാത്മാത്മനാത്മാനമാനന്ദം പ്രതിപദ്യതേ.

ചിത്തം പ്രസന്നമായാൽ അതോടെ എല്ലാ ദുഃഖങ്ങളും വിട്ടകലുന്നു. ആത്മാവ് സ്വയം ആത്മാവിൽ ആനന്ദരൂപമായ ആത്മാവിനെ കണ്ടെത്തുന്നു.

ഭരദ്വാജാ, വസിഷ്ഠോപദേശ സാരമിതാ ഞാൻ നിന്നെ കേൾപ്പിച്ചിരിക്കുന്നു. ഈ യോഗമാർഗവും ജ്ഞാനമാർഗവും കുഞ്ഞേ, അംഗീകരിക്കൂ. മഹാപ്രാജ്ഞനായി നീ എല്ലാം അറിഞ്ഞവനായിത്തീരും. ശാസ്ത്രപാഠവും ഗുരുവാക്യാർഥവും നല്ലപോല വിചാരം ചെയ്തറിയണം. തുടർന്നവയെ ജീവിതത്തിൽ ആവർത്തിച്ചഭ്യസിച്ചനുഭവിക്കണം. അതുകൊണ്ടു നിരന്തരമായ ബ്രഹ്മഭാവനാഭ്യാസത്തിനു പ്രയത്നമാരംഭിക്കൂ.

357. അഭ്യാസാത്സർവസിദ്ധിഃസ്യാദിതിവേദാനുശാസനം
തസ്മാത്ത്വം സർവമുത്സൃജ്യകുർവഭ്യാസേസ്ഥിരംമതിഃ

അഭ്യാസം കൊണ്ടെല്ലാം നേടാൻ കഴിയുമെന്നാണു വേദവിധി. അതുകൊണ്ട് മറ്റെല്ലാം വിട്ടിട്ടു നിരന്തരമഭ്യാസത്തിനു തയ്യാറാവൂ!

ഇത്രയുമായപ്പോൾ ഭരദ്വാജൻ ചോദിച്ചു: 'രാമൻ, സ്വയം ആത്മയോഗം കൈവരിച്ചല്ലോ. അതുകഴിഞ്ഞു വസിഷ്ഠനുമായി അദ്ദേഹം എങ്ങനെ വ്യവഹരിച്ചു. അതറിഞ്ഞാൽ അഭ്യാസത്തിനായി എനിക്കും അതുപോലെ യത്നിക്കാമല്ലോ. സമാധിയിലും വ്യുത്ഥാനത്തിലും എനിക്കും ആ മാർഗം പിൻതുടരാമല്ലോ!'

വാല്മീകി പറഞ്ഞു: 'രാമൻ തികച്ചും സ്വരൂപാനുഭവം നേടിയവനായി. തുടർന്നു വിശ്വാമിത്രൻ വസിഷ്ഠനോടിങ്ങനെ അരുളിച്ചെയ്തു!'

വിശ്വാമിത്രൻ പറഞ്ഞു: 'അല്ലയോ വസിഷ്ഠമഹാമുനേ, അങ്ങു മഹാപുണ്യശാലിയും മഹാനുമായ ബ്രഹ്മപുത്രനാണ്. അങ്ങയുടെ ഗുരുത്വശക്തി

digitized by www.sreyas.in

വേണ്ടപോലെ വേണ്ടിടത്തു പ്രകടമായിരിക്കുന്നു. ദർശനംകൊണ്ടും സ്പർശനംകൊണ്ടും ഉപദേശ വാക്കുകൊണ്ടും കാരുണ്യപൂർവം ശിഷ്യദേഹത്തിൽ ഈശ്വരശക്തികടത്തിവിട്ടു പ്രകടമാക്കുന്നയാളാണ് യഥാർഥ ഗുരു. ഈ രാമനോ, വിശുദ്ധനും സ്വതേവിരക്തനും. സ്വയം വിശ്രാന്തിമാത്രം കൊതിച്ച് പരമപദത്തിലെത്തിച്ചേർന്നിരിക്കുന്നു.'

358. ശിഷ്യപ്രജ്ഞൈവബോധസ്യകാരണം ഗുരുവാക്യതഃ
മലത്രയമപക്വം ചേത്കഥം ബുദ്ധ്യതി പക്വവത്.

ഗുരൂപദേശത്തിലൂടെ സത്യബോധമുൾക്കൊള്ളാൻ പ്രധാന കാരണം ശിഷ്യബുദ്ധിയുടെ പാകതയാണ്. സത്ത്വരജസ്തമസ്സുകളെന്ന മലത്രയം വേണ്ടപോലെ പാകപ്പെട്ടിട്ടില്ലെങ്കിൽ പാകപ്പെട്ട ബുദ്ധി ഗ്രഹിക്കുന്നതുപോലെ സത്യത്തെ എങ്ങനെ ഗ്രഹിക്കാൻ കഴിയും? ഗുരുശിഷ്യന്മാർ വേണ്ടപോലെ സംയോജിക്കുന്നിടത്തു ജ്ഞാനം പ്രത്യക്ഷാനുഭവമായിത്തീരുന്നു.

എന്നെപ്പോലുള്ളവർക്കു ആ ഗുരുവും ശിഷ്യനും ഒരുപോലെ ജ്ഞാനികളായിത്തീരുന്നു. രാമനെ ഇനി കർമരംഗത്തേയ്ക്കുണർത്തിവിടേണ്ടിയിരിക്കുന്നു. ലോകകാര്യത്തിനായി രാമൻ കർമരംഗത്തു വർത്തിച്ചേ തീരൂ. പ്രഭോ, ഞാനെന്തുദ്ദേശിച്ചിവിടെ വന്നുവോ ആ മഹത്കാര്യംതന്നെ അങ്ങോന്നോർമിക്കൂ. വളരെ ക്ലേശിച്ചു ദശരഥമഹാരാജാവിനെത്തന്നെ ഞാൻ സമ്മതിപ്പിച്ചുവച്ചിരിക്കുകയാണ്. ശുദ്ധമായ മനസ്സുകൊണ്ടു ആ കാര്യം വൃഥാവിലാക്കിത്തീർക്കരുതേ. അവതാരകാര്യവും വേറെ രാമനു നിർവഹിക്കാനുണ്ട്. എന്നോടു കൂടി രാമൻ സിദ്ധാശ്രമത്തിലെത്തിയാൽ രാക്ഷസന്മാരെ വധിച്ചു യാഗവിഘ്നമൊഴിവാക്കും. തുടർന്നു ഗൗതമപത്നിയായ അഹല്യയ്ക്കു ശാപമോചനം നൽകും. നിശ്ചയദാർഢ്യമുള്ള രാമൻ ശിവചാപം ഖണ്ഡിച്ചു ജനകാത്മജയായ സീതയെ പരിണയിക്കും. വനമധ്യത്തിൽ ജമദഗ്നീപുത്രനായ രാമന്റെ തപസ്സ് ഏറ്റുവാങ്ങും. ഇവിടെ തിരിച്ചെത്തി പരമ്പരാപ്രാപ്തമായ രാജ്യം ഉപേക്ഷിക്കും; നിസ്പൃഹനാണു രാമൻ. വനവാസവ്യാജേന കാട്ടിലെത്തി വനവാസികളെ സമുദ്ധരിക്കും. സീതയെ രാവണനിൽ നിന്നും വീണ്ടെടുക്കാനുള്ള യാത്രയുടെ മധ്യത്തിൽ സംസാര ദുഃഖത്തിൽ പെട്ടുഴലുന്നവർക്കായി തീർഥസ്ഥാനങ്ങൾ ഏർപ്പെടുത്തും. രാവണാദിരാക്ഷസരെ വധിച്ചു ലോകത്തെ രക്ഷിക്കും. സാധാരണ മനുഷ്യനെ അനുകരിച്ചുകൊണ്ടു ബാലി വധത്തിലൂടെയും രാവണവധത്തിലൂടെയും സ്ത്രീസംഗം വരുത്തിവയ്ക്കുന്ന ദോഷം ലോകത്തെ ബോധ്യപ്പെടുത്തും. വാനരന്മാരെ സമാശ്രയിക്കും; സീതയുടെ ചാരിത്രശുദ്ധി തെളിയിക്കാൻ നിർബന്ധിക്കും. നിസ്പൃഹനാണ്, ജീവന്മുക്തനാണ്; എങ്കിലും ക്രിയാകാണ്ഡപരനായി ജ്ഞാനകർമ സമുച്ചയം ലോകത്തിനു വെളിവാക്കിക്കൊടുക്കും. രാമനെ ആരൊക്കെ കണ്ടുവോ ആരൊക്കെ സ്മരിച്ചുവോ ആരൊക്കെ അറിഞ്ഞുവോ ആരൊക്കെ കേട്ടുവോ അങ്ങനെ ഏതവസ്ഥയിൽ കഴിയുന്നവർക്കും ജീവന്മുക്തി സാധ്യമാക്കും. ഇങ്ങനെ മുനി ലോകത്തിന്റെയും കാര്യങ്ങൾ മഹാനായ രാമനു നിറവേറ്റണ്ടതായുണ്ട്. രാമനു നമസ്കാരം; ഈ സഭാവാസികളെല്ലാം ഭാഗ്യശാലികളാണ്; ആരാണിത്തരമൊരു മഹാത്മാവിനെ കണ്ടെത്തുക? വസിഷ്ഠമഹാമുനേ, അനന്തരകാര്യങ്ങൾക്കായി മനസ്സുവച്ചാലും!

digitized by www.sreyas.in

വാല്മീകി പറഞ്ഞു: വിശ്വാമിത്രമുനി ഇത്രയും പറഞ്ഞുനിറുത്തി. മഹാതേജസ്വിയായ വസിഷ്ഠൻ രാമനോടരുളിച്ചെയ്തു.

വസിഷ്ഠൻ പറഞ്ഞു: രാമാ മഹാപുരുഷനായ രാമാ, ചിന്മയനായ രാമാ, ഇപ്പോൾ വിശ്രമിക്കാൻ സമയമായില്ല; ലോക സംഗ്രഹത്തിലൂടെ ലോകത്തെ ആനന്ദിപ്പിക്കാൻ ഒരുമ്പെടൂ. ഒരു യോഗിക്ക് തന്റെ ലോക സംഗ്രഹകാര്യങ്ങൾ പൂർത്തിയാക്കുന്നതുവരെ നിർമലമായ പൂർണ സമാധി ഉറപ്പുവരുന്നതല്ല. അതുകൊണ്ടു നശ്വരങ്ങളാണെങ്കിലും രാജ്യാദികാര്യങ്ങൾ വേണ്ടപോലെ ആലോചിച്ചു നിറവേറ്റി ദേവകാര്യങ്ങളും പൂർത്തിയാക്കിയിട്ടു സുഖവാനായി ഭവിക്കൂ!

വാല്മീകി പറഞ്ഞു: രാമൻ സമാധിയിലാണ്ടിരിക്കുകയായിരുന്നു. വസിഷ്ഠൻ ഇപ്രകാരം പറഞ്ഞെങ്കിലും രാമൻ അനങ്ങിയില്ല. തുടർന്നു വസിഷ്ഠൻ സുഷുമ്നാ നാഡിവഴി രാമഹൃദയത്തിൽ പ്രവേശിച്ചു രാമന്റെ ജീവബോധത്തെയുണർത്തി. രാമൻ ഇന്ദ്രിയങ്ങളും പ്രാണനും മനസ്സുമെല്ലാം പ്രശാന്തമാക്കി സുഷുപ്തിയിലെന്നപോലെയിരിക്കുകയായിരുന്നെങ്കിലും വസിഷ്ഠൻ ഹൃദയത്തിലെത്തിയതോടെ പതുക്കെ കണ്ണുകൾ തുറന്നു. അതിരറ്റു സന്തോഷിച്ചിരിക്കുന്ന വസിഷ്ഠ മുഖ്യരായ മഹാമതികളുടെ മുമ്പിൽ എല്ലാ ആശയങ്ങളും വെടിഞ്ഞവനായി കൃത്യാകൃത്യവിചാരമൊന്നും തന്നെയില്ലാതെ എല്ലാവരെയും നോക്കി ഇങ്ങനെ പറഞ്ഞു!

രാമൻ പറഞ്ഞു: ഗുരോ, അങ്ങയുടെ ഉപദേശാനുഗ്രഹം നേടിയ എനിയ്ക്കിന്നു വിധിയില്ല; നിഷേധമില്ല. എങ്കിലും അങ്ങയുടെ വാക്കു ഞാൻ അനുസരിക്കുന്നു. വേദാഗമപുരാണങ്ങളിലും സ്മൃതികളിലും ഗുരുവാക്യമാണു വിധിയെന്നു കീർത്തിക്കപ്പെടുന്നു; അതു നിഷേധിക്കുന്നതു നിഷേധവും!

വാല്മീകി പറഞ്ഞു: ഇങ്ങനെ പറഞ്ഞു കൃപാനിധിയായരാമൻ വസിഷ്ഠപാദങ്ങളിൽ നമസ്കരിച്ചിട്ടു ചുറ്റും നിന്നവരെ നോക്കി ഇപ്രകാരം പറഞ്ഞു:

359. സർവേ ശൃണുത ഭദ്രംവോ നിശ്ചയേന സുനിശ്ചിതം
ആത്മജ്ഞാനാൽപ്പരംനാസ്തി ഗുരോരപിചതദ്വിദഃ

സർവേ വഃ ഭദ്രംശ്രൃണുത-എല്ലാവരും നിങ്ങളുടെ നന്മകേട്ടുകൊൾവിൻ; നിശ്ചയേനസുനിശ്ചിതം-എല്ലാം നല്ലപോലെ വിചാരം ചെയ്തുകണ്ടെത്തിയ അങ്ങേയറ്റത്തെ നിശ്ചയം; ആത്മജ്ഞാനാൽപ്പരംനാസ്തി - ആത്മജ്ഞാനത്തിനപ്പുറം ഇവിടെ ഒന്നും നേടാനില്ല; തദ്വിദഃഗുരോഃഅപി - അതു പറഞ്ഞുതരുന്ന ഗുരുവിനുമപ്പുറം അഭിവന്ദ്യനായി ആരുമില്ല.

എല്ലാവരും നിങ്ങളുടെ നന്മ കേട്ടുകൊൾവിൻ. എല്ലാം നല്ലപോലെ വിചാരം ചെയ്തുകണ്ടെത്തിയ അങ്ങേയറ്റത്തെ നിശ്ചയം. ആത്മജ്ഞാനത്തിനപ്പുറം ഇവിടെയൊന്നും നേടാനില്ല. അത് പറഞ്ഞുതരുന്ന ഗുരുവിനുമപ്പുറം അഭിവന്ദ്യനായി ആരുമില്ല.

### ആത്മജ്ഞാനാൽപ്പരം നാസ്തി

ആത്മജ്ഞാനത്തിനപ്പുറം ഈ ലോകത്തിലൊന്നും നേടാനില്ല. എന്താണാത്മജ്ഞാനം. അവനവനെക്കുറിച്ചുള്ള ജ്ഞാനമാണ് ആത്മജ്ഞാനം. 'ഞാനാര്' എന്ന ചോദ്യത്തിനു വ്യക്തമായൊരു ഉത്തരം കണ്ടെത്തുന്നതാ

digitized by www.sreyas.in

ണാത്മജ്ഞാനം. എല്ലാവരും തന്നെ മാറ്റി നിർത്തിയിട്ട് മറ്റുള്ളവരെക്കുറിച്ച റിവു നേടാനാണുയത്നിക്കുന്നത്. ഫലമോ? എന്തൊക്കെയറിഞ്ഞിട്ടും ജീവി തരഹസ്യം തെളിയാതിരിക്കൽ. തന്നെക്കുറിച്ചറിഞ്ഞുകൂടാ; ഈ യത്നം തന്നെ എന്തപഹാസ്യം. ആത്മാവിനെ അറിഞ്ഞവർ ഉച്ചൈസ്തരം പെരുമ്പ റകൊട്ടിഘോഷിക്കുന്നു; ആത്മാവിനെ അറിയൂ; അതോടെ എല്ലാം അറിയ പ്പെട്ടതായിത്തീരും. ഇനിയും എന്തിനാണറിവ്? ദുഃഖശമനത്തിനല്ലേ? പുറമേ എന്തൊക്കെയറിഞ്ഞിട്ടും ജീവിതത്തിൽ ദുഃഖം ശമിക്കുന്നുണ്ടോ? ശമിക്കു ന്നില്ലെന്നു മാത്രമല്ല; ദുഃഖം കൂടിക്കൂടി വരുന്നതായിട്ടാണ് കാണുന്നത്. ഇക്കാ ര്യത്തിലും ആത്മജ്ഞാനികൾ പെരുമ്പറമുഴക്കിഘോഷിക്കുന്നു. ആത്മാവ് ആനന്ദസ്വരൂപമാണ്; അതിനെ വേണ്ടപോലെ അറിയൂ; ജീവിതത്തിലെ എല്ലാ ദുഃഖവും അതോടെ അവസാനിക്കും. ഈ ആത്മാവിനെ അകലെയെങ്ങാനും പോയി അറിയേണ്ടതുണ്ടോ? അതുമില്ല, എല്ലാവരുടേയും ഉള്ളിൽ 'ഞാൻ, ഞാൻ' എന്നിങ്ങനെ ആത്മാവു പ്രത്യക്ഷമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. പിന്നെയിനി എന്താണറിയാനുള്ളത്? 'ഞാനി'ന്റെ പൂർണരൂപമാണറിയാനു ള്ളത്. 'ഞാൻ' ബോധമാണ്; എന്നിലെ ഈ ബോധം തന്നെയാണു പ്രപഞ്ച ത്തെയാകെ പ്രകാശിപ്പിക്കുന്നത് എന്നാണറിയേണ്ടത്. അതെങ്ങനെ അനു ഭവിച്ചറിയാൻ പറ്റും? അൽപ്പമൊന്നു യുക്തിവിചാരം ചെയ്താൽ ബോധമാണു പ്രപഞ്ചമായി കാണപ്പെടുന്നതാർക്കും തെളിയും. തുടർന്ന് എല്ലാം ബോധമ യമെന്നു ഭാവന ചെയ്തുകൊണ്ടു കർമമാർഗത്തിൽ ചലിക്കണം. അപ്പോൾ ഉള്ളിലെ രാഗദ്വേഷങ്ങൾ കുറയും. അതോടെ ഞാനെന്ന ബോധം അനന്ത തയിലേയ്ക്കു വികസിച്ചു പൂർണരൂപം കാട്ടിത്തരും. എല്ലാ സംശയങ്ങളും തീരും; എല്ലാ ഭയങ്ങളും തീരും. ഇതു കണ്ടെത്താനും അനുഭവപ്പെടുത്താനും എളുപ്പം. അദ്വൈതഭാവന പുലർത്തുന്നതിന് ഒരു വ്യവസ്ഥയുമില്ല; കാലമോ ദേശമോ ജാതിയോ മതമോ ഒന്നും തടസ്സമല്ല. ഇത്രയും വിശിഷ്ടമായ ഒരു ജ്ഞാനമുണ്ടെങ്കിൽ മനുഷ്യനതിലപ്പുറം എന്താണുനേടാനുള്ളത്? പൂർണ മായ ഈ ഉറപ്പിന്റെ പശ്ചാത്തലത്തിലാണു രാമന്റെ പ്രഖ്യാപനം എന്നോർക്കണം.

സിദ്ധന്മാർ പറഞ്ഞു: 'രാമാ, ഞങ്ങൾക്കെല്ലാം ഇക്കാര്യം ഉറപ്പുവന്നിരി ക്കുന്നു. അങ്ങയുടെ അനുഗ്രഹം കൊണ്ട് ഈ സംഭാഷണം കേൾക്കാനിട വന്നതിനാൽ നല്ലപോലെ ദൃഢപ്പെട്ടു. മഹാരാജാവായ രാമാ, അങ്ങേക്കു ഞങ്ങളുടെ പ്രണാമം. വസിഷ്ഠ മഹാമുനിയോടും അനുവാദം വാങ്ങി ഞങ്ങൾ മടങ്ങുന്നു.' ഇങ്ങനെ പറഞ്ഞു രാമനെ സ്തുതിച്ചു കൊണ്ടവരെല്ലാം വിടവാങ്ങി. രാമന്റെ ശിരസ്സിൽ ദേവന്മാർ പുഷ്പവൃഷ്ടി ചൊരിഞ്ഞു!

വാല്മീകി തുടർന്നു: 'ഭരദ്വാജാ, രാമകഥ ഇങ്ങനെ മുഴുവൻ ഞാൻ നിന്നെ കേൾപ്പിച്ചു കഴിഞ്ഞു. ഈ ക്രമം പിൻതുടർന്നു സത്യാനുഭവം നേടി സുഖിച്ചു കഴിയൂ. രാമൻ ബ്രഹ്മാനുഭവം നേടിയ സന്ദർഭമാണു ഞാൻ നിനക്കു വിവ രിച്ചു തന്നത്. വസിഷ്ഠമഹാമുനിയുടെ വചനരത്നങ്ങൾ കോർത്തിണക്കിയ വിചിത്രമായ ഒരു ഹാരമാണിത്. കവികൾക്കും യോഗിമാർക്കും ഒരുപോലെ മാറിലണിയാവുന്നത്. പരമഗുരു കാരുണ്യത്താൽ ഇതു മുക്തി മാർഗം വ്യക്ത മായി തെളിയിക്കുന്നു.

digitized by www.sreyas.in

360. യ ഇദംശൃണുയാന്നിത്യം വിധിം രാമവസിഷ്ഠയോഃ
സർവാവസ്ഥോഽപിശ്രവണാന്മുക്തിമാർഗം നിഗച്ഛതി

രാമന്റെയും വസിഷ്ഠന്റെയും നിശ്ചയരൂപമായ ഈ സംഭാഷണം ദിവസവും ആരു കേൾക്കുന്നുവോ അയാൾക്ക് ഏതവസ്ഥയിലും മുക്തിമാർഗം തെളിഞ്ഞുകിട്ടുന്നതാണ്.

*ഇതി ശ്രീ വാല്മീകീയേ മോക്ഷോപായേ നിർവാണപ്രകരണേ*
*വസിഷ്ഠരാമചന്ദ്ര സംവാദോനാമ അഷ്ടാദശഃസർഗഃ*
*നിർവാണപ്രകരണം സമാപ്തം*
*വാസിഷ്ഠ സുധ സംപൂർണം*

**ശാന്തിമന്ത്രം**

ഓം
പൂർണമദഃപൂർണമിദം
പൂർണാൽപ്പൂർണമുദച്യതേ
പൂർണസ്യപൂർണമാദായ
പൂർണമേവാവശിഷ്യതേ.

അതു പൂർണം, ഇതു പൂർണം. പൂർണത്തിൽ നിന്നു പൂർണം പൊന്തിവരുന്നു. പൂർണത്തിന്റെ പൂർണം തിരിച്ചു സംഹരിച്ചുകൊണ്ട് പൂർണം തന്നെ അവശേഷിക്കുന്നു.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

digitized by www.sreyas.in




# വാസിഷ്ഠസുധ

## യോഗവാസിഷ്ഠസാരം

പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ

വേദം, ഉപനിഷത്തുകൾ, ഭഗവദ്ഗീത എന്നീ മൂലഗ്രന്ഥങ്ങളെ മാറ്റി നിറുത്തിയാൽ ഭാരതീയചിന്തകന്മാർ രചിച്ച വേദാന്ത പ്രതിപാദകങ്ങളായ തത്വശാസ്ത്രഗ്രന്ഥങ്ങളിൽ എന്തുകൊണ്ടും അഗ്ര്യസ്ഥാനത്തിന് അർഹമായ കൃതിയാണ് 'യോഗവാസിഷ്ഠം'. സംസ്കൃതത്തിൽ എഴുതിയ ഏറ്റവും നല്ല കൃതികളിൽ ഒന്ന് എന്നുവരെ ഡി. എൽ. ആത്രേയ ഇതിനെക്കുറിച്ച് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഈ കൃതി തന്റേതാക്കാൻ മലയാളം പ്രയത്നിച്ചുതുടങ്ങി. പല തർജമകളും സംക്ഷേപങ്ങളും പുറത്തുവന്നു. ഈ 'വാസിഷ്ഠസുധ' വാസിഷ്ഠത്തിന്റെ സമ്പൂർണമായ ഗദ്യവിവർത്തനവും സമഗ്രമായ വ്യാഖ്യാനവുമാണ്. പാണ്ഡിത്യവും ഭക്തിയും ഒത്തുചേർന്ന ഈ വ്യാഖ്യാനം ജ്ഞാനവും അനുഭവവും പ്രാപ്തമാക്കാൻ പര്യാപ്തമാണ്. അയത്ന സുന്ദരമായ ഭാഷ, ഗാംഭീര്യം നിറഞ്ഞ വിവരണം, ചിന്തയുടെ പ്രസന്നത എന്നിവ ഈ വ്യാഖ്യാനത്തിന്റെ സവിശേഷതകളാണ്.

യോഗവാസിഷ്ഠത്തിന്റെ ഹൃദയം അറിയാനുള്ള ദൈവയോഗം ഇപ്പോഴാണ് കൈരളിക്കു ലഭിച്ചത്. വ്യാഖ്യാതാവിനെയും പ്രസാധകരെയും അനുമോദിച്ചുകൊള്ളുന്നു.

ഡോ. സുകുമാർ അഴീക്കോട്

digitized by www.sreyas.in